# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

## പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

## പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

## അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

## നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

## കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

## വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

## നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

## വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

## കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

## ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

## വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

**കോയിപ്രം ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

**ഇലന്തൂർ ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

**റാന്നി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

**കോന്നി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

**പന്തളം ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

**പറക്കോട് ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

**കുളനട ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

**തൈക്കാട്ടുശ്ശേരി ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

**പട്ടണക്കാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

**കഞ്ഞിക്കുഴി ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

**ആര്യാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

**അമ്പലപ്പുഴ ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

**ചമ്പക്കുളം ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

**വെളിയനാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

**ചെങ്ങന്നൂർ ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

| വാല്യം 57 |
|---|

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

| വാല്യം 58 |
|---|

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

| വാല്യം 59 |
|---|

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

| വാല്യം 60 |
|---|

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

| വാല്യം 61 |
|---|

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

| വാല്യം 62 |
|---|

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

| വാല്യം 63 |
|---|

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

| വാല്യം 64 |
|---|

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

| വാല്യം 65 |
|---|

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

| വാല്യം 66 |
|---|

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

| വാല്യം 67 |
|---|

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

| വാല്യം 68 |
|---|

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

| വാല്യം 69 |
|---|

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

| വാല്യം 70 |
|---|

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

| വാല്യം 71 |
|---|

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

8

## വാല്യം 72

### വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

## വാല്യം 73

### പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

## വാല്യം 74

### വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

## വാല്യം 75

### മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

## വാല്യം 76

### വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

## വാല്യം 77

### കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

## വാല്യം 78

### പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

## വാല്യം 79

### പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

## വാല്യം 80

### മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

## വാല്യം 81

### ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

## വാല്യം 82

### ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

## വാല്യം 83

### വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

## വാല്യം 84

### പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മററത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുററി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിററക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

**ഒറ്റപ്പാലം ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

**ശ്രീകൃഷ്ണപുരം ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

**മണ്ണാർക്കാട് ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

**അട്ടപ്പാടി ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

**പാലക്കാട് ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

**കുഴൽമന്ദം ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തനൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

**ചിറ്റൂർ ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

**കൊല്ലങ്കോട് ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

**നെന്മാറ ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

**ആലത്തൂർ ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

**മലമ്പുഴ ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

**നിലമ്പൂർ ബ്ലോക്ക്**

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

**കൊണ്ടോട്ടി ബ്ലോക്ക്**

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

**വണ്ടൂർ ബ്ലോക്ക്**

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

### ...ന്നൂർ ബ്ലോക്ക്

*(...ക്കോട് ജില്ല)*

...യഞ്ചേരി
...ല്യാപ്പള്ളി
...നിയൂർ
...രുവള്ളൂർ

വാല്യം 129

### ...ടി ബ്ലോക്ക്

*(...ക്കോട് ജില്ല)*

...റയൂർ
...ഴരിയൂർ
...ക്കോടി
...യ്യോളി
...പ്പയൂർ

വാല്യം 130

### ...മ്പ്ര ബ്ലോക്ക്

*(...ക്കോട് ജില്ല)*

...റുവണ്ണൂർ
...ാച്ചാട്
...ങ്ങരോത്ത്
...യണ്ണ
...ത്താളി
...രാമ്പ്ര
...ളിട്ടപ്പാറ

വാല്യം 131

### ...ുശ്ശേരി ബ്ലോക്ക്

*(...ക്കോട് ജില്ല)*

...ലുശ്ശേരി
...ുവണ്ണൂർ
...ത്തോളി
...ളിയേരി
...ാട്ടൂർ
...ണ്ണിക്കുളം
...നങ്ങാട്
...രാച്ചുണ്ട്

വാല്യം 132

### ...ലായിനി ബ്ലോക്ക്

*(...ക്കോട് ജില്ല)*

...മഞ്ചേരി
...രിക്കുളം
...ാടി
...ങ്ങോട്ടുകാവ്

വാല്യം 133

### ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

### കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

### കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

### കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

### മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

### സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

### കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

### പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

## വാല്യം 141

### തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

## വാല്യം 142

### ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

## വാല്യം 143

### കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

## വാല്യം 144

### എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

## വാല്യം 145

### തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

## വാല്യം 146

### കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

## വാല്യം 147

### ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

## വാല്യം 148

### പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

## വാല്യം 149

### മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എൻമകജെ
11. ബദിയടുക്ക

## വാല്യം 150

### കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

## വാല്യം 151

### കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

## വാല്യം 152

### നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

**ുവനന്തപുരം ജില്ല**

ിരുവനന്തപുരം
നയ്യാറ്റിൻകര
നടുമങ്ങാട്
ൃറ്റിങ്ങൽ
ർക്കല

വാല്യം 154

**ല്ലം ജില്ല**

കാല്ലം
ുനലൂർ
രവൂർ

വാല്യം 155

**തനതിട്ട ജില്ല**

ത്തനംതിട്ട
ിരുവല്ല
അടൂർ

വാല്യം 156

**ലപ്പുഴ ജില്ല**

ആലപ്പുഴ
കായംകുളം
ചേർത്തല
ാവേലിക്കര
ചെങ്ങന്നൂർ

വാല്യം 157

**ാട്ടയം ജില്ല**

കോട്ടയം
ചങ്ങനാശ്ശേരി
വൈക്കം
പാല

വാല്യം 158

**ുക്കി ജില്ല**

തൊടുപുഴ

വാല്യം 159

**എറണാകുളം ജില്ല**

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

**തൃശ്ശൂർ ജില്ല**

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

**പാലക്കാട് ജില്ല**

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

**മലപ്പുറം ജില്ല**

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

**കോഴിക്കോട് ജില്ല**

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

**വയനാട് ജില്ല**

1. കൽപ്പറ്റ

വാല്യം 165


**കണ്ണൂർ ജില്ല**

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

**കാസർഗോഡ് ജില്ല**

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്



മുളവുകാട് ഗ്രാമപഞ്ചായത്ത്
വികസന സെമിനാർ

# റിപ്പോർട്ട്

1996 ഡിസം. 15 ഞായർ

എച്ച്.ഐ.എച്ച്. സ്കൂൾ ഹാൾ

ഒൻപതാം പദ്ധതി - ജനകീയ പദ്ധതി


16

അധികാരം ജനങ്ങളിലേക്ക്

# മുളവുകാട് ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

17



# സന്ദേശം

ഗോശ്രീ പദ്ധതി പ്രാവർത്തികമാകുമെന്നിരിക്കെ, കേരളത്തിലെ മറ്റ് ഏതൊരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെക്കാളുമേറെ, വികസന പ്രാധാന്യമുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിന് ദീർഘവീക്ഷണത്തോടെയുള്ള തയ്യാറെടുപ്പ് ആവശ്യമാണ്.

ഇരു ദ്വീപുകളിലേയും പ്രധാന റോഡുകൾ വാഹന സഞ്ചാര യോഗ്യമാക്കുന്ന കാര്യത്തിലും നിലവിലുള്ള റോഡുകളും, നടപ്പാതകളും വീതി വർദ്ധിപ്പിക്കുന്ന കാര്യത്തിലും യുവജനങ്ങളുടെയും, സന്നദ്ധസംഘടനകളുടേയും നിർലോഭമായ സഹകരണം ഉണ്ടാകേണ്ടതുണ്ട്. ആത്മാർത്ഥമായും, സത്യസന്ധതയും ത്യാഗമനോഭാവവും ഉള്ളവർക്കു മാത്രമെ നിർഭയമായി പ്രവർത്തിക്കുവാൻ കഴിയുകയുള്ളുവെന്നതതാണ് യാഥാർത്ഥ്യം.

നാടിന്റെ വികസനം, നേതൃത്വം നൽകുന്ന വ്യക്തിയുടേയോ, രാഷ്ട്രീയ പാർട്ടിയുടേയോ നേട്ടമായി കൊട്ടിഘോഷിക്കുവാൻ തയ്യാറാകാതെ, നമ്മുടെ ഗ്രാമവാസികളുടെ പങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടെയും പരിണിത ഫലമാണെന്ന് തെളിയിക്കുകയാണ് പരമമായ ലക്ഷ്യം.


ശുദ്ധജലക്ഷാമത്തിന്റെ കാര്യത്തിലും വോൾട്ടേജ് ക്ഷാമത്തിന്റെ പിടിയിലും അമർന്നിരിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിന് ഏറെ ശ്രമകരമായ കാര്യങ്ങളാണ് നിർവഹിക്കുവാനുള്ളതത്. പഞ്ചായതത്ത് പ്രദേശങ്ങളിലുള്ള അവശ്യസർവ്വീസുകളുടെ സംരക്ഷണ ചുമതലയും, കേടുപാടുകൾ തീർക്കുന്ന ചുമതലയും പഞ്ചായത്തുകൾക്ക് വിട്ടുതരുവാൻ സംസ്ഥാനസർക്കാർ നടപടിക്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഏറെപ്രതീക്ഷകൾക്ക് സാദ്ധ്യതയുള്ള ജനകീയ ആസൂത്രണ പ്രക്രിയകൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക സഹായം ലഭ്യമായില്ലെങ്കിൽ പഞ്ചായത്ത് ഭരണ സമിതികൾ നിർജ്ജീവവും അതോടൊപ്പം അപഹാസ്യരുമായി തീർന്നേക്കും.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ നാനാവിധങ്ങളായ വികസനം ലക്ഷ്യമാക്കിയുള്ള പ്രയാണത്തിൽ, കേന്ദ്ര-സംസ്ഥാന സർക്കാരിൽനിന്നും വ്യത്യസ്ഥ രാഷ്ട്രീയ, സാമൂഹ്യ സാംസ്കാരിക സന്നദ്ധ സംഘടനകളിൽനിന്നും, സർവോപരി പൊതുജനങ്ങളിൽ നിന്നും അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളട്ടെ.

ഭാവുകങ്ങളോടെ,

കെ.പി. ഹരിദാസ്
പ്രസിഡന്റ്, മുളവുകാട് ഗ്രാമപഞ്ചായത്ത്



19

# മുളവുകാട് ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

## ആമുഖം

യശഃശരീരനായ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി കൊണ്ടുവന്ന 73-ഉം 74-ഉം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ത്രിതല പഞ്ചായത്ത് സംവിധാനത്തിന് ഇന്ത്യയൊട്ടുക്കും, ഭരണഘടനാപരമായ അംഗീകാരത്തിന് വഴിയൊരുക്കിയത്. ഭരണഘടന ഭേദഗതിയനുസരിച്ച്, ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശാനുസരണം 9-ാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണത്തിൽ പഞ്ചായത്ത് രാജ്/നഗരപാലികാ സംവിധാനത്തിൽ ജനപങ്കാളിത്തം ഉറപ്പുനല്കുന്നു. കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിൽ ഈ ചുമതലകളെ വ്യക്തമായി നിർവ്വചിക്കുകയും ചെയ്തിരിക്കുന്നു. 1-4-1997 മുതൽ ആരംഭിക്കുന്ന 9-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിൽ ചുമതലകൾ നിർവ്വഹിക്കുവാൻ വളരെയധികം പ്രായോഗിക തടസ്സങ്ങളും പ്രയാസങ്ങളും അനുഭവപ്പെടുന്നുണ്ട്.

ആസൂത്രണം താഴെ തട്ടിൽനിന്നും തന്നെ തുടങ്ങാതിരുന്നതുകൊണ്ടുള്ള പോരായ്മ, വികസനം സംബന്ധിച്ച വികലമായ കാഴ്ചപ്പാട്, ഉചിതമായ ചട്ടങ്ങളോ വേണ്ടത്ര അധികാരങ്ങളോ ഇല്ലായ്മ, വേണ്ടത്ര

20

ിദഗ്ധരുടേയോ ഉദ്യോഗസ്ഥന്മാരുടേയോ അഭാവം, യാത്രാ സൗകര്യങ്ങളുടെയും വാർത്താവിനിമയ ബന്ധ ങ്ങളുടെയും അപര്യാപ്തത തുടങ്ങിയവയെല്ലാം വളരെ ഗൗരവമായ പ്രശ്നങ്ങളാകുന്നു.

മേൽപ്രസ്താവിച്ച എല്ലാവിധ പ്രതിബന്ധങ്ങളേയും അതിജീവിച്ച് സമയബന്ധിതമായി തങ്ങളിൽ ർപ്പിതവും നിയമാനുസൃതമായ ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങളെ പ്രാപ്തരാക്കുക എന്നലക്ഷ്യം കൈവരിക്കുവാനാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം ല്കിയിട്ടുള്ളത്. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകക്കുള്ള പദ്ധതികൾ ഞ്ചായത്തു സമിതികൾ വഴി രൂപപ്പെടുത്തുക മാത്രമല്ല ഉദ്ദേശം, ഇതുമായി ബന്ധപ്പെടുത്തി നടത്തുന്ന പരി ശീലനം, പ്രചരണം, സന്നദ്ധ സേവനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ പഞ്ചായത്തിലും - സംസ്ഥാനത്തിലും പുതിയ ഒരു വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ജനകീയ ആസൂത്രണത്തിന്, പരിശീലനം സിദ്ധിച്ച അനേകം സന്നദ്ധ പ്രവർത്തകരുടെ നിസ്തുല ും ആത്മാർത്ഥവുമായ സേവനം ആവശ്യമാണ്. ഇതിനുവേണ്ടി ആദ്യമായി കണയന്നൂർ താലൂക്ക് കേന്ദ്രീ രിച്ചുള്ള ജില്ലാതല പരിശീലന ശില്പശാല 1996 സെപ്തംബർ 12,13,14 തീയതികളിൽ പാലാരിവട്ടം മരിയ ാർക്കിൽ വച്ചു നടന്നു. ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ച പ്രകാരം 13 പേർ പഞ്ചായത്തിൽനിന്നും പ ങ്കെടുത്തു.

ജില്ലാ തല പരിശീലകർ (ഡി.ആർ.പി.) താഴെ പറയുന്നവരാണ്.

അഡ്വ. കെ.പി. ഹരിദാസ്.
കെ.ജി. എഡ്വിൻ

6. നിക്സൻ, തച്ചപ്പിള്ളി
7. ടി.പി. സിബി.

| വാർഡ് നമ്പർ | ഗ്രാമസഭാ യോഗം തീയതി | പങ്കെടുത്തവർ | | |
|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | പട്ടികജാതി വിഭാഗക്കാർ |
| I | 29.9.96 | 64 | 14 | 2 |
| II | 29.9.96 | 66 | 6 | 14 |
| III | 29.9.96 | 66 | 28 | 16 |
| IV | 13.10.96 | 105 | 24 | 11 |
| V | 2.10.96 | 61 | 5 | 17 |
| VI | 2.10.96 | 61 | 64 | 15 |
| VII | 13.10.96 | 78 | 20 | 37 |
| VIII | 6.10.96 | 86 | 30 | 94 |
| IX | 6.10.96 | 60 | 14 | 25 |
| X | 13.10.96 | 86 | 15 | 15 |
| ആകെ | | 220 | 733 | 243 |

3. ലിസ്സി അസുവസ്
4. അഡ്വ. പി.വി. ഉദയൻ
5. കെ.കെ. സാത്മജാനന്ദൻ
11. പി.എസ്. ബാബു
8. റോബിൻ പീറ്റർ
9. രാജീവ് എം.ആർ.
10. കെ.കെ. മാലതി
12. ലെൻസൺ
13. തോമസ് പി.എ.

ജില്ലാതല പരിശീലനത്തിനുശേഷം പഞ്ചായത്തിലെ 10 വാർഡുകളിലും പ്രത്യേക ഗ്രാമസഭകൾ ചേരുകയുണ്ടായി. ഗ്രാമസഭകളിൽ വാർഡുകളിലെ അംഗങ്ങളുടെ പ്രാതിനിധ്യം താഴെ ചേർക്കുന്നു.

പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിനു മുമ്പായി പ്രാദേശിക വിവര ശേഖരണക്കാർ (എൽ.ആർ.പി.) ആയി 22-9-96 ന് 64 പേർക്ക് പഞ്ചായത്തു തലത്തിൽ പരിശീലനം നല്കുകയുണ്ടായി. ഗ്രാമസഭകൾക്കുശേഷം കൂടിയ L.R.P, D.R.P. - മാരുടെ യോഗത്തിൽ വച്ച് ദ്വിതീയ വിവര ശേഖരണത്തിന് തീരുമാനിക്കുകയും ശ്രീ. സയൻ, ശ്രീ. രാജീവ് എന്നിവരെ കൺവീനർമാരായി നിശ്ചയിച്ച് ചെറിയ ചെറിയ സ്ക്വാഡുകൾ നിശ്ചയിച്ചു.

ഇതോടനുബന്ധിച്ച് രണ്ടാംഘട്ട വൈപ്പിൻ ബ്ലോക്ക് തല പരിശീലനം 1996 ഒക്ടോബർ 24,25,26 തീയതികളിൽ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ കർത്തേടം ബാങ്ക് ഹാളിൽ നടന്നു. അതിനുശേഷം 5.11.96-ന് പനമ്പുകാട് പൊതുമന്ദിരത്തിൽ വച്ചു ചേർന്ന D.R.P, L.R.P.-മാരുടെ യോഗത്തിൽ വച്ച് ദ്വിതീയ വിവരശേഖരണത്തെ സംബന്ധിച്ച് വിലയിരുത്തുകയും കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 1996 ഒക്ടോബർ 9,10 തീയതികളിൽ രണ്ടുദ്വീപുകളിലും പ്രത്യേകം പ്രത്യേകം പഠനപര്യടനം നടത്തുകയുണ്ടായി.

വാർഡുതല റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും ഒത്തുചേരലുകളും ചർച്ചകളും നടത്തുകയുണ്ടായി. വാർഡുതല റിപ്പോർട്ടുകൾ ക്രോഡീകരിച്ചു കൊണ്ടും D.R.P, L.R.P. മുഖേന ശേഖരിച്ച വിവരങ്ങളുടെയും വിവിധ ഓഫീസുകളിൽനിന്നും ലഭിച്ച സ്ഥിതി വിവര കണക്കുകളുടെയും അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടിനുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ധാരാളം സന്നദ്ധപ്രവർത്തകരുടേയും D.R.P, L.R.P. മാരുടെയും ആത്മാർത്ഥമായ സഹകരണം ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ലഭിച്ചിട്ടുണ്ട്. പ്രതിഫലം മോഹിക്കാതെ ജനകീയാസൂത്രണ പരിപാടികളിൽ സഹകരിച്ച മുഴുവൻ പ്രവർത്തകരേയും ഉദ്യോഗസ്ഥരേയും, ജീവനക്കാരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ജനകീയാസൂത്രണ പരിപാടിയുടെ മറ്റൊരു ദൗത്യം എന്ന നിലക്ക് 1996 നവംബർ 1 പുനരർപ്പണദിനമായി ആചരിച്ചു. സന്നദ്ധപ്രവർത്തകരുടെ സഹകരണത്തോടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

1996 നവംബർ 26, 27 തിയതികളിലായി കൂടിയ മുളവുകാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി വികസന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും 27-ാം തീയതി അംഗീകരിക്കുകയും ചെയ്തു.

തികച്ചും ഒറ്റപ്പെട്ട രണ്ടു ദ്വീപുകളായ മുളവുകാടിനും, വല്ലാർപാടത്തിനും ഇന്നും പരസ്പരം കാൽവഴിയുള്ള യാത്രാ ബന്ധമേയുള്ളൂ. വൻകരയുമായിട്ടോ - ദ്വീപുകൾ തമ്മിലോ ബന്ധിപ്പിക്കുന്ന പാലമോ റോഡോ ഇല്ലാത്തതുമൂലം ഇന്നും വികസനം ഇവിടെ ഒരു മരീചികയായി - നീണ്ടു നീണ്ടു പോകുന്നു.


പഞ്ചായത്തിനെ ഇരട്ടക്കുട്ടികളായി കാണേണ്ട അവസ്ഥയാണ്. ഏതു കാര്യത്തിലും ബുദ്ധിമുട്ടനുഭക്കുന്നത് ഭരണകർത്താക്കളാണ്. എന്തുവികസന പ്രവർത്തനം നടത്തിയാലും അതു ഇരു ദ്വീപുകളിലെ ജങ്ങൾക്കും ഒരുപോലെ ഗുണപ്രദമായി വരണമെങ്കിൽ രണ്ടുദ്വീപുകളിലും ആ പ്രവർത്തനം നടത്തണം - ദാഹരണമായി ഒരു റോഡോ, ആശുപത്രിയോ, പൊതുവിതരണ കേന്ദ്രമോ - അതല്ല മറ്റേതെങ്കിലും സ്ഥാനമോ - ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ - ഇരു ദ്വീപുകളിലും - ഓരോന്നു വീതം ആരംഭിച്ചാൽ മാത്രമേ - പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആ പദ്ധതികളുടെ ഗുണം അനുഭിക്കുവാൻ കഴിയുകയുള്ളൂ. കാരണം പരസ്പരം ബന്ധപ്പെടുവാൻ ഭൂപ്രകൃതി തടസ്സമാകുന്നു. അതിനാൽ രട്ടക്കുട്ടികളെ പോറ്റുന്നതുപോലെ എല്ലാ പ്രവർത്തനങ്ങളും ഏതാണ്ട് ഒരുപോലെ ഇരുദ്വീപുകളിലും നടത്താൻ ബന്ധപ്പെട്ട ഭരണകർത്താക്കൾ നന്നേ ബുദ്ധിമുട്ടനുഭവിക്കുന്നു.

സർക്കാർ ഫണ്ടിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിക്കുന്ന ഫണ്ട് ഉപയോച്ച് നിർമ്മാണപ്രവർത്തനം ഉദ്ദേശിക്കുന്ന അളവിലോ, രീതിയിലോ നടത്തുവാൻ, യാത്രാസൗകര്യമോ, വേഭത്ര വാഹനസൗകര്യമോ ഇല്ലാത്ത ദ്വീപുകളിൽ വളരെ ബുദ്ധിമുട്ടാണ്. ഉദാഹരണമായി പ്രധാനകരയുമാി റോഡുഗതാഗത ബന്ധമുള്ള പഞ്ചായത്തിൽ ഒരുകിലോമീറ്റർ റോഡുനിർമ്മാണത്തിന് സർക്കാർ അനുവക്കുന്ന തുകകൊണ്ട് നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപിൽ $^1/_2$ കിലോമീറ്റർ റോഡുപോലും നിർമ്മിക്കുവാൻ സാധിക്കില്ല. കാരണം - മെയിൻ ലാൻഡിൽനിന്നും നിർമ്മാണ സാമഗ്രികളും, യന്ത്രസംവിധാനങ്ങളും ദ്വീപിൽ എത്തിക്കുവാൻ ഭാരിച്ചകൂലിയും, സമയവും, അതിലേറെ മനുഷ്യപ്രയത്നവും വേണ്ടിവരുന്നു. അതുപോലെ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കരാറുകാരും, ഈ അധികചെലവുകൾ താങ്ങാനാവാതെ ഏറ്റെടുത്ത ജോലികൾ ഇടയ്ക്കുവച്ചു നിറുത്തിപ്പോവുകയോ, പണികൾ - "ഒപ്പിച്ചുകൂട്ടി" തീർക്കുകയോ ചെയ്യുന്നു. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണേണ്ടത് സർക്കാരുതലത്തിലാണ്. വിവിധവകുപ്പുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും ആസൂത്രണവിഭാഗത്തിലെ ഉദ്യോഗസ്ഥരും, സർക്കാരും ഒരുപോലെ - യുക്തമായ തീരുമാനം എടുക്കുകയും, നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്താലേ ദ്വീപുകളുടെ പുരോഗതിക്കാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉദ്ദേശലക്ഷ്യം കൈവരിക്കാനാകൂ. ജനങ്ങളിലേക്ക് അധികാരം എത്തിച്ചേരുന്ന ഈ കാലഘട്ടത്തിൽ - വികസനത്തിൽ പങ്കാളികളാവുന്ന - ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും - ഉയർന്നുവന്ന മുഖ്യമായ അഭിപ്രായവും - ഇതുതന്നെയായിരുന്നു. വ്യക്തമായി പറഞ്ഞാൽ വികസനത്തിൽ ദ്വീപുകൾക്ക് പ്രത്യേകപരിഗണനയും നടത്തിപ്പിൽ കൂടുതൽ ഉദാരവുമായ സമീപനവും ഉണ്ടാകേണ്ടിയിരിക്കുന്നു.


# മുളവുകാട് പഞ്ചായത്ത് മുൻ പ്രസിഡന്റുമാർ


ശ്രീ. ടി.എസ്. രാമൻ


ശ്രീ. ഡാനിയൽ ഡി. വേലിയാത്ത്


ശ്രീ. മേത്തശ്ശേരി റാഫേൽ


ശ്രീ. രാമൻകുട്ടി അച്ചൻ


ശ്രീ. കെ.എം. ശരത്ചന്ദ്രൻ


24




**അഡ്വ. കെ.പി. ഹരിദാസ്**
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്



**ശ്രീമതി ലിസ്സി അസ്സുവസ്**
1-ാം വാർഡ് മെമ്പർ



**അഡ്വ. പി.വി. ഉദയൻ**
2-ാം വാർഡ് മെമ്പർ



**ശ്രീ. ടോമി മെൻഡസ്**
3-ാം വാർഡ് മെമ്പർ




**ശ്രീ. സി.സി. ബേബി**
5-ാം വാർഡ് മെമ്പർ



**ശ്രീമതി ഉഷ രാജു**
6-ാം വാർഡ് മെമ്പർ



**ശ്രീ. കെ.ജി. എഡ്വിൻ**
7-ാം വാർഡ് മെമ്പർ




**ശ്രീ. വി.വി. നാണപ്പൻ**
8-ാം വാർഡ് മെമ്പർ



**ശ്രീമതി അനസൂയ ഹരിഹരൻ**
10-ാം വാർഡ് മെമ്പർ



**ശ്രീമതി ലൈല സ്റ്റീഫൻ**
9-ാം വാർഡ് മെമ്പർ


Asset & Landuse Map
m50 0 50 100 150 200 m
BOLGATTY PALACE
INDEX
Untarred road
Foot path
Thodu
Well
Public tube well
Ponds
Sluice
Culvert / Bridge
Boat Jetty
Post Office
Public Telephone
Church
Mosque
Temple
Scared grove
Cemetry
Hospital - Allopathic
Hospital - Prmary health centre
Veterinary Hospital
Integrated cattle development centre
ASSET
Nursery School
Primary School
Upper primary school
High school
Type writing institute
Parallel College
Play ground
Helipad
Anganwadi
Lakh house colony
Village Office
Panchayat Office
Theatre
Park / Garden
Kiosk: Radio / Television
Library
Reading room
Market
Ration shop
Bank
Extra high-tension electric line
High-tension transformer
Electricity office
Police station
Water tank
Water tap
Paultry farm
Soda factory
Flower mill
SHEET INDEX
1
2
LANDUSE
ACU - Acuaculture farming
PI + ACU - Paddy(single crop) + Acuaculture farming
MT - Mixed Trees
MC - Mixed Crops
CO - Coconut
WL - Waste Land

# ഭൂപ്രകൃതി

| | | |
|---|---|---|
| ജില്ല | : | എറണാകുളം |
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | : | ശ്രീ. പി.കെ. ഇബ്രാഹിംകുട്ടി |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ശ്രീ. കെ.ആർ. സുഭാഷ് |
| റവന്യൂ ജില്ലയുടെ പേര് | : | ഫോർട്ടുകൊച്ചി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | VII, VIII (മുളവുകാട്, വല്ലാർപാടം) |
| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | : | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | : | ശ്രീമതി സരസ്വതി നാരായണൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | ശ്രീ. കെ.കെ. സാത്മജാനന്ദൻ, മുളവുകാട് ഡിവിഷൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | ശ്രീ. ജോൺ പാപ്പച്ചൻ, വല്ലാർപാടം ഡിവിഷൻ |
| പഞ്ചായത്തിന്റെ ഗ്രേഡ് | : | സ്പെഷ്യൽ ഗ്രേഡ് |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | മുളവുകാട് |
| അസംബ്ലി മണ്ഡലം | : | എറണാകുളം |
| വിസ്തീർണ്ണം | : | 7.3 ചതുരശ്ര മൈൽ |
| ജനസംഖ്യ | : | 22525 |
| വാർഡുകളുടെ എണ്ണം | : | 10 |
| അതിരുകൾ | : | വടക്ക് : പെരിയാർ കൈവഴി |
| | | കിഴക്ക് : പെരിയാർ കായൽ |
| | | തെക്ക് : കൊച്ചി കായൽ |
| | | പടിഞ്ഞാറ് : കൊച്ചി-കൊടുങ്ങല്ലൂർ കായൽ |

### അനുബന്ധം – 2

**മുളവുകാട് ഗ്രാമപഞ്ചായത്ത്**


**2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. A രജിസ്റ്റർ, BT രജിസ്റ്റർ)**

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിന് മുകളിൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| മുളവുകാട് | 571.78.00 | 1001-65 | 3308.82 | | 4882.25 | 2000 | 1500 | 1000 | 450 | 250 | 70 | 30 |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| ആകെ | 571.78.00 | 1001-65 | 3308.82 | | 4882.25 | 2000 | 1500 | 1000 | 450 | 250 | 70 | 30 |

27

## മുളവുകാട് ഗ്രാമപഞ്ചായത്ത്
### 2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. പുറമ്പോക്ക് രജിസ്റ്റർ)

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽവെ | റവന്യൂ | വനം | | | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| മുളവുകാട് | റോഡ് + = 3675 | തോട് + | കുളം | 3235.90 | Nil | Nil | Nil | | | 3272.65 |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| ആകെ | റോഡ് + = 3675 | തോട് + | കുളം | 3235.90 | Nil | Nil | Nil | | | 3272.65 |



കെ.ആർ. സുഭാഷ്
ജില്ല പഞ്ചായത്ത് മെമ്പർ



.കെ. സാത്മജാനന്ദൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
മുളവുകാട് ഡിവിഷൻ



ശ്രീ. ജോൺ പാപ്പച്ചൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
വല്ലാർപാടം ഡിവിഷൻ

കൊച്ചി മഹാനഗരത്തിൽ എറണാകുളം മറൈൻഡ്രൈവിൽനിന്നും ഒരു വിളിപ്പാടകലെ, നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട മുളവുകാട്, വല്ലാർപാടം എന്നീ ദ്വീപുകൾ ഉൾപ്പെടുന്ന മുളവുകാട് വില്ലേജിലെ ഏക പഞ്ചായത്താണ് മുളവുകാട് ഗ്രാമപഞ്ചായത്ത്. സുമാർ 7.3 ചതുരശ്ര മൈലാണ് ഇതിന്റെ വിസ്തീർണ്ണം.

സ്വതവേ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് രണ്ട് ദ്വീപുകളുടേയും കിടപ്പ്. വല്ലാർപാടം ദ്വീപ് 80%-ഉം കാർഷിക പ്രദേശമാണ്. എന്നാൽ 2%-ന് താഴെ മാത്രമേ മുളവുകാട് ദ്വീപിൽ നെൽകൃഷി പ്രദേശമുള്ളൂ. എറണാകുളം പട്ടണത്തോട് ഏറ്റവും അടുത്തായി സ്ഥിതിചെയ്യുന്ന ദ്വീപാണ് മുളവുകാട്. നെല്ക്കൃഷി കൂടാതെ തെങ്ങ് കൃഷിയും ഉണ്ട്. വല്ലാർപാടം ദ്വീപിൽ 6 ഏക്കറോളം ചതുപ്പ് പ്രദേശവും മുളവുകാട് ദ്വീപിൽ 10 ഏക്കറോളം ചതുപ്പു പ്രദേശങ്ങളുമുണ്ട്. രണ്ട് ദ്വീപ് പ്രദേശങ്ങളും പുഴയോര സമതലപ്രദേശങ്ങളാണ്. പെരിയാർ നദിയുടെ കൈവഴിയാലും കൊച്ചികായലുമായും ചുറ്റപ്പെട്ടുകിടക്കുന്ന ഭൂപ്രദേശമാണ് മുളവുകാട് ഗ്രാമപഞ്ചായത്ത്. I മുതൽ IV-വരെയുള്ള വാർഡുകൾ മുളവുകാട് ദ്വീപും VII മുതൽ X വരെയുള്ള വാർഡുകൾ വല്ലാർപാടം ദ്വീപിലും സ്ഥിതിചെയ്യുന്നു. നെല്ല്, തെങ്ങ് മുതലായ കൃഷിക്ക് അനുയോജ്യമായ മണ്ണാണ്. കൃഷിനിലങ്ങൾ കുറഞ്ഞു കുറഞ്ഞുവരുന്നതായി കാണുന്നു.

കൃഷിയിടങ്ങൾ വളരെ കുറവാണെങ്കിലും നിലവിലുള്ള കൃഷിനിലങ്ങളിൽ കൃഷിയിറക്കുവാനും സംരക്ഷിച്ചു കൊണ്ടുവരാനുള്ള പ്രവണത കുറഞ്ഞു വരുകയാണ്.

ഉപ്പ് വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതിനാൽ ഓരുവെള്ളത്തിന്റെ തീവ്രത ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ഒരു ജനവിഭാഗമാണ് ദ്വീപുനിവാസികൾ എന്നിരുന്നാൽ കുടിവെള്ള പ്രശ്നം ഗുരുതരമാണ്. മുഖ്യമായും ആലുവ ശുദ്ധജല പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. കുളങ്ങളിൽനിന്നും കിണറുകളിൽനിന്നും ശുദ്ധജലം ലഭിക്കുന്നില്ലയെന്നുള്ളതു തന്നെയാണ് പൈപ്പ് വെള്ളത്തെ ആശ്രയിക്കേണ്ടിവരുന്നതിന്റെ മുഖ്യകാരണം.

രണ്ട് ദ്വീപുകളിലും നിരവധി തോടുകളുണ്ട്. വേലിയേറ്റസമയത്ത് പുഴയിൽനിന്നും ഓരുവെള്ളം ക്രമാതീതമായി തോടുകളിലൂടെ തള്ളിക്കയറി വീട്ടുമുറ്റംവരെ വെള്ളപ്പൊക്കം ഉണ്ടാകുന്നത് നിത്യസംഭവമാണ്. വർഷകാലത്തെ വെള്ളപ്പൊക്ക കെടുതി ഭയാനകവുമാണ്. ഉപ്പുവെള്ളക്കെടുതിയിൽനിന്നും രക്ഷിക്കുന്നതിനായി പഞ്ചായത്ത് ധനം ഉപയോഗിച്ച് പരിമിതമായ തോതിൽ താല്ക്കാലിക ബണ്ട് നിർമ്മിച്ച് തടയുന്നുണ്ട്. ഇത് ഒരു പരിധിവരെ ആശ്വാസജനകമാണ്. വല്ലാർപാടം - പനമ്പുകാട് പ്രദേശത്തായി കിടക്കുന്ന പള്ളിത്തോട്, കുനംചാൽ തോട്, നടത്തോട്, പൂഴിത്തോട്, ഇല്ലിക്കൽ തോട് എന്നീ പുറമ്പോക്ക് തോടുകൾ ആഴംവർദ്ധിപ്പിച്ച് ഇരുഭാഗങ്ങളും കല്ലുകെട്ടി സംരക്ഷിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ തോട് തുടങ്ങുന്ന ഭാഗത്ത് തൂമ്പുകൾ നിർമ്മിച്ച് മത്സ്യബന്ധനത്തിന് കൊടുക്കാവുന്നതുമാണ്.

പഞ്ചായത്ത് പ്രദേശത്തുള്ള പൊതുകിണറുകൾ കൂടുതൽ കാര്യക്ഷമമായി സൂക്ഷിക്കുന്ന പക്ഷം വലിയൊരളവോളം പൈപ്പ് വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്താൻ കഴിയുന്നതാണ്.

FACT യിലേക്കും അവിടെ നിന്നും തിരിച്ചും

29

മാർഗ്ഗമുള്ള വലിയ ബാർജ്ജുകൾ പോകുന്നതു വും യാത്രാബോട്ടുകൾ, ടൂറിസ്റ്റ് ബോട്ടുകൾ എ വയുടെ പോക്കുവരവു മൂലമുണ്ടാകുന്ന പുഴയി വെള്ളത്തിന്റെ ശക്തിയായ തിരയടിമൂലയവും യോരപ്രദേശത്ത് താമസിക്കുന്നവരുടെ പുരയി ൾക്കും, മണ്ണൊലിപ്പുമൂലം വീടുകൾക്കും നാശ ഷ്ടം സംഭവിക്കുന്നു. ഇതിൽനിന്നും മോചനത്തി യി പുഴതീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കേണ്ടതാ മുളവുകാട് ദ്വീപിലെ ജനങ്ങളുടെ ജീവനും സ്വ നും മാരകമായി അപകടഭീഷണി ഉയർത്തിക്കൊ നിത്യേന കൊച്ചി തുറമുഖത്തുനിന്നും എഫ്.എ. ടിയിലേക്ക് അമോണിയ വാതകവുമായി പോകു ബാർജുകൾ ഈ ദ്വീപിന്റെ നിലനില്പിനു ത ഭീഷണിയാണ്. യാതൊരു സുരക്ഷാസംവിധാ വും ഇല്ലാതെ അനുസ്യൂതം കായലിലൂടെ യാത്ര യ്യുന്ന ഈ വിഷവാതക വാഹനങ്ങൾ ഉയർത്തി ക്കാവുന്ന ഗ്യാസ് ലീക്കിൽനിന്നും മോചനം ടുന്നതിന് ഗ്യസ് ന്യൂട്രലൈസേഷൻ പോയിന്റു ൾ ഈ ദ്വീപിൽ പലയിടത്തും സ്ഥാപിക്കേണ്ടതു . ഇല്ലെങ്കിൽ - നിത്യഹരിത മനോഹരമായ ഈ പ് നിമിഷങ്ങൾക്കകം ചുടലക്കളമായി മാറും.

കാലക്രമത്തിൽ മണ്ണിടിച്ചിലും മറ്റു പ്രകൃതി ഷാഭവും മൂലം പലതോടുകളും ഇന്നു മണ്ണു ണ് മൂടപ്പെട്ടുകഴിഞ്ഞു. കണിയാമ്പുറത്തെ പ്പത്തോട് എന്നപേരിൽ അറിയപ്പെട്ടിരുന്ന ഒരു തോ ലൂടെ പണ്ട്കാലത്ത് പത്തേമാരികളും പായ്ക്കപ്പ കളും കടന്നുവന്നിട്ടുള്ളതായി ചരിത്ര രേഖകൾ യുന്നു. അവിടെ അറ്റകുറ്റ പണികൾക്കായി പത്തേ രികളും, പായ്ക്കപ്പലുകളും വന്നുപോകുന്ന ഒരു ഡ്രഡോക്ക് മുമ്പ് ഉണ്ടായിരുന്നു.

തോടുകൾ വീതികൂട്ടി സഞ്ചാര യോഗ്യമാ ുമ്പോൾ - വെള്ളക്കെട്ടുകൾ മൂലമുള്ള ദുരിതങ്ങൾ കുറയുകയും, ചരക്കുഗതാഗതം കൂടുതൽ സുഗമമാ വുകയും ചെയ്യും. മാത്രമല്ല ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് നടത്താവുന്ന ഹൗസ്ബോട്ടുകൾ, ഫ്ളോട്ടിംഗ് റസ്റ്റോ റണ്ടുകൾ എന്നിവയിലൂടെ തൊഴിൽസാദ്ധ്യതയും വർദ്ധിപ്പിക്കാം.

പ്രകൃതി രമണീയമായ ഈ ദ്വീപുകൾ വി നോദസഞ്ചാരികളുടെ പറുദീസയാണ്. നിത്യേന ഈ ദ്വീപുകളിൽ വന്നുപോകുന്ന വിദേശസഞ്ചാരികളട ക്കമുള്ള വിനോദ സഞ്ചാരികൾക്ക് എത്രകണ്ടാലും മതിവരാത്ത ഇവിടത്തെ മനോഹാരിത എന്നും പ്ര കീർത്തിക്കപ്പെടുന്നു. കൊച്ചിക്കായലിലെ ജലപ്പര പ്പിൽ - അണിഞ്ഞൊരുങ്ങിയ പവിഴ ദ്വീപുപോലെ പ്രകൃതി രമണീയമായിത്തീർന്നിട്ടുള്ള ദ്വീപുകളുടെ സൗന്ദര്യവൽക്കരണം ടൂറിസം വ്യവസായത്തിന് ക നത്ത് സംഭാവന നൽകും. ഗോശ്രീ പദ്ധതിയിലൂടെ നിർമ്മിക്കുന്ന മനോഹരമായ പാലങ്ങളും, രമ്യഹർമ്മ ങ്ങളും മറ്റു സഞ്ചാര മാർഗ്ഗങ്ങളും ഈ ദ്വീപിന്റെ മാ റുന്ന മുഖഛായയ്ക്ക് കൂടുതൽ ആകർഷണീയത നല്കും. തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ദ്വീ പിന്റെ തെക്കുഭാഗത്തായി നിർമ്മിക്കാൻ ഉദ്ദേശിക്കു ന്ന കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് തുറമുഖം പ്രാ വർത്തികതയിലെത്തുമ്പോൾ ഇവിടെയും ഉണ്ടാകാ വുന്ന മാറ്റങ്ങൾ വർണ്ണനാതീതമായിരിക്കും. ചരക്കു ഗതാഗതത്തിന് മുൻതൂക്കം നൽകുന്ന ഈ തുറമു ഖം സാക്ഷാത്കരിക്കുന്നതിലൂടെ - തീവണ്ടി ഗതാ ഗതമുൾപ്പടെ - എല്ലാവിധ സൗകര്യങ്ങളുമുള്ള നഗ രപ്രദേശമായി ഈ സ്ഥലം മാറാനിടയുണ്ട്. അതോ ടൊപ്പം ജനങ്ങളുടെ ജീവിതശൈലിയും, നിലവാര വും കൂടുതൽ മെച്ചപ്പെടുകയും ചെയ്യും.

### കാലാവസ്ഥ

പൊതുവേ പറഞ്ഞാൽ വളരെ സുഖകരമാ യ കാലാവസ്ഥയാണ് ഗ്രാമപഞ്ചായത്തിൽ. കാല

വർഷക്കാലത്തെ ബുദ്ധിമുട്ടുകൾ ഒഴിച്ചാൽ മറ്റ് കാലങ്ങളിൽ പൊതുവേ ശാന്തവും, കായൽക്കാറ്റിന്റെ തലോടലും ഏറ്റുകിടക്കുന്ന ഈ പ്രദേശത്ത് മഞ്ഞു കാലങ്ങളിൽ - ഏലൂർ വ്യവസായ മേഖലയിലെ വിഷവാതകപ്പുകയും പുകമഞ്ഞും പ്രശ്നമാകാറുണ്ട്. കായൽപ്പരപ്പിൽ എണ്ണയൊഴുക്കിവിടുന്ന എണ്ണക്കപ്പലുകൾ - ദ്വീപുകൾക്ക് ചിലയവസരങ്ങളിൽ ഭീഷണിയാകാറുണ്ട്. ഇത് മത്സ്യബന്ധനത്തെയും ദോഷകരമായി ബാധിക്കുന്നു. കായലോരങ്ങളിലെ മണ്ണൊലിപ്പു മൂലം വീടുകൾക്കു കനത്ത നഷ്ടം ഉണ്ടാകുന്നു. സമുദ്രനിരപ്പിൽനിന്നും താഴ്ന്ന പ്രദേശമാകയാൽ വേലിയേറ്റ ഭീഷണിയും ഒട്ടുംകുറവല്ല. മണ്ണൊലിപ്പു തടയാൻ കണ്ടൽക്കാടുകൾ പോലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ദ്വീപിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന കൊച്ചി തുറമുഖ ചാലുകൾ ഇവിടെ ഭൂപ്രകൃതിയിലും, നീരൊഴുക്കിലും കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുന്നു. കൊച്ചി തുറമുഖത്തെ കപ്പൽ ചാലുകളുടെ സംരക്ഷണത്തിന് പ്രകൃതി തന്നെ കനിഞ്ഞുനല്കിയ ദ്വീപുകൾ ഇല്ലായിരുന്നെങ്കിൽ പെരിയാറിൽനിന്നും ഒഴുകിവരുന്ന എക്കലുകൾ തുറമുഖത്തിന് എന്നും ഭീഷണിയാകുമായിരുന്നു.

കൊല്ലം - കോട്ടപ്പുറം ദേശീയജലപാത വല്ലാർപാടം ദ്വീപിന് പടിഞ്ഞാറുവശം കൂടിയും, ഏലൂർ ചമ്പക്കര ദേശീയ ജലപാത മുളവുകാട് ദ്വീപിന് കിഴക്കുഭാഗത്തുകൂടിയും കടന്നുപോകുന്നു.

മൊത്തം ജനസംഖ്യയിൽ 7158 പേരാണ് ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. സ്ത്രീകളിൽ കൂടുതലും നിർമ്മാണ പ്രവർത്തികളിലും പട്ടണത്തിൽ തുണിക്കടകളിലും വീട്ടുജോലിയിലും ഏർപ്പെട്ടിരിക്കുന്നു. നിശ്ചിത വരുമാനക്കാരുടെ എണ്ണം വളരെ കുറവാണ്.

പട്ടിക 2.

തൊഴിലെടുക്കുന്നവരുടെ എണ്ണം

| | സ്ത്രീകൾ | പുരുഷൻമാർ | ആകെ |
|---|---|---|---|
| മുഖ്യ തൊഴിലാളികൾ | 2890 | 4268 | 7158 |
| ഭാഗിക തൊഴിലാളികൾ | 3980 | 6015 | 9995 |
| ആകെ | 6870 | 10283 | 17153 |

പട്ടിക 3

തൊഴിലാളികളുടെ എണ്ണം വിവിധമേഖലകളിൽ

മുഖ്യതൊഴിലാളികൾ

| തൊഴിൽ | പുരുഷൻമാർ | സ്ത്രീകൾ | മൊത്തം |
|---|---|---|---|
| കൃഷിക്കാർ | 80 | 20 | 100 |
| കർഷക തൊഴിലാളികൾ | 1875 | 3250 | 5125 |
| മത്സ്യബന്ധനം, മൃഗപരിപാലനം | 1000 | 2500 | 3500 |
| കെട്ടിട, റോഡ് നിർമ്മാണം | 3000 | 2500 | 5500 |
| വാണിജ്യം | 1200 | 675 | 1875 |
| ഗതാഗതം, വാർത്താവിനമയം | 125 | 75 | 200 |
| മറ്റ് തൊഴിൽ | 400 | 100 | 500 |

പ്രത്യക്ഷ വരുമാനം ലഭിക്കുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ് എന്നുള്ളത് വളരെ ഗൗരവമുള്ള പ്രശ്നമായി കാണേണ്ടതാണ്.

കാർഷിക മേഖല വളരെ പിന്നോക്കം നില്ക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. തൊഴിൽ മേഖലയിൽ താരതമ്യേന കൂടിയ പങ്കാളിത്തവുമുണ്ട്. അതുപോലെ തന്നെ സേവനമേഖലയിലും തീരെ കുറവല്ലാത്ത പങ്കാളിത്തവും ഇവിടെയുണ്ട്.

മൊത്തം തൊഴിലാളികളുടെ എണ്ണത്തിൽ
തീ തൊഴിലാളികൾ 51% ആണ്. കാർഷിക മേഖ
ിൽ സ്ത്രീ പുരുഷ തൊഴിൽ പങ്കാളിത്തം നാമ
തമാണ്. ഈ പ്രദേശത്തെ കാർഷിക മേഖലയി
പ്രവർത്തികളിൽ കൂടുതലും മറ്റ് സ്ഥലങ്ങളിൽ
നുള്ളവരാണ്. ഇതിൽനിന്നും കാർഷിക മേഖല
ൽ പഞ്ചായത്ത് നിവാസികളുടെ പങ്കാളിത്തം ഇ
താകുന്നു. ഇത് പ്രത്യേകം ശ്രദ്ധ പതിക്കേണ്ട വി
യമാകുന്നു.

തൊഴിലില്ലായ്മ സ്ത്രീകളിലാണ് ഏറ്റവും
ക്ഷം. തൊഴിലെടുക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീ
ളിൽ 60%ത്തിലേറെ പേർക്കും തൊഴിലില്ലയെന്നു
താണ് വസ്തുത. ഇതിൽ ഏറിയ പങ്കും ഉയർന്ന
ഖലയേയും സ്ഥിര ജോലി മേഖലയേയും ആഗ്ര
ിക്കുന്നവരാണെന്നാണ് നിഗമനം.

പട്ടികജാതി കുടുംബങ്ങളുടെ എണ്ണം മൊ
ം വീടുകളുടെ 15 ശതമാനത്തിൽ താഴെയാണ്.
ട്ടികജാതി വിഭാഗത്തെ മാറ്റിനിർത്തിയൽ മറ്റു ജാ
ിക്കാരിൽ പാവപ്പെട്ടവരെയും സാമ്പത്തികമായി
യർന്നവരേയും കാണാം. മൂന്ന് സെന്റ് മുതൽ 10
സന്റ് വരെ ഭൂമിയുള്ളവരാണ് ഏറ്റവും കൂടുതലു
ള്ളത്. ദ്വീപ് നിവാസികളിൽ ഏറിയപങ്കും കൂലിപ്പ
ിയും മാസശമ്പള പണിയും എടുക്കുന്നവരാണ്.
കൊച്ചിൻ പോർട്ട്, നേവൽ ബേസ്, കളമശ്ശേരി, ഏ
ൂർ തുടങ്ങിയ വ്യവസായ മേഖലയിലും, കൊച്ചിൻ
കോർപ്പറേഷനിൽ കെട്ടിട നിർമ്മാണം, പട്ടണത്തിൽ
ടുക്കളപണി എന്നീ പ്രവർത്തി മേഖലകളിൽ
ർപ്പെട്ടിരിക്കുന്നവരാണ് ഭൂരിഭാഗം തൊഴിലാളിക
ും.

ഒരു ചെറുകിടവ്യവസായം പോലും ഇല്ലാ
ത്ത ഒരു പ്രദേശമാണ് മുളവുകാട് ഗ്രാമ പഞ്ചായ
ത്ത്. അതിനാൽ തന്നെ വ്യവസായികമായി വളരെ
പിന്നോക്കാവസ്ഥയുമാണ്.

സ്ത്രീകളും പുരുഷൻമാരും മത്സ്യബന്ധന
- വിപണന മേഖലയിലും ജോലി ചെയ്തുവരുന്നുണ്ട്.

## തൊഴിലുകൾ

ആദ്യകാലങ്ങളിൽ 6-7 ദശകങ്ങൾക്കു മുമ്പ്
കരിച്ചോറു തിന്നുന്ന തൊഴിലാളികൾ - (കരിക്കപ്പ
ലിൽ ജോലി ചെയ്യവ്വേ സമയക്കുറവു മൂലം കൈ ക
ഴുകാതെ ചോറുണ്ണുന്ന അവസ്ഥ) പിന്നീട് ട്രേഡ്
യൂണിയനുകൾ വഴിയും, ഡോക്ക് ലേബർ ബോർഡി
ലെ രജിസ്ട്രേഷനിലൂടെയും സ്ഥിര ശമ്പളക്കാരും
മെച്ചപ്പെട്ട ജീവിത നിലവാരക്കാരുമായതിന്റെ നേട്ട
ങ്ങളും കോട്ടങ്ങളും ഗ്രാമത്തിനുണ്ടായി.

ഒരു കയർ തൊഴിലാളി പാരമ്പര്യം തന്നെ
ഇവിടെ ഉണ്ടായിരുന്നു. മൂക്ക് കയർ ഉപയോഗിച്ച് ച
വിട്ടി നെയ്യുന്ന കുടുംബങ്ങളും ഇവിടെ ഉണ്ടായിരു
ന്നു. വില്യം ഗുഡേക്കർ കമ്പനിയുടെ ഒരു തടുക്കു
പായ നെയ്ത്തുശാല ആഫീസ് പറമ്പിൽ പ്രവർത്തി
ച്ചിരുന്നു. കൂടാതെ ലോപ്പസ് & കമ്പനിയും, ശ്രീ.
അന്തോണിക്കുട്ടിയും ഈ അടുത്തകാലം വരെ ത
ടുക്കു നെയ്ത്ത് നടത്തിക്കൊണ്ടുപോന്നിരുന്നു.
അർക്കതുരുത്ത് എന്നുപറയുന്ന സ്ഥലത്ത് നെയ്ത്തു
ശാല സ്ഥിതി ചെയ്യുകയും അവിടത്തേക്ക് ഈ ഗ്രാ
മത്തിൽ നിന്ന് ധാരാളം തൊഴിലാളികളും നെയ്ത്തു
ജോലിക്ക് പോയ്ക്കൊണ്ടിരുന്നു.

കൊച്ചിൻ പോർട്ടിൽ വിവിധ മേഖലകളിലും

*ുളവുകാട് ദ്വീപിൽ ഇപ്പോഴത്തെ മുളവുകാട് നോർത്ത് ജട്ടി പരിസരത്ത് വ്യവസായിയായിരുന്ന കെ.കെ. രാ ൻകൊച്ചിലാട്ട് നടത്തിവന്നിരുന്ന റാട്ട കയർ, ചകിരി, ചെമ്മീപ്പരിപ്പ്, നാളികേര വാപാരങ്ങൾ ഏറെ തൊഴിലാളി ൾക്ക് തൊഴിൽ നൽകിവന്നിരുന്നത് 1966 ആയപ്പോഴേക്കും നിലച്ചു പോകുകയുണ്ടായി.*

വിവിധ കമ്പനികളിലും കൂടാതെ ടാറ്റ ബർമ്മാഷെൽ തുടങ്ങിയ സമീപ പ്രദേശങ്ങളിലെ തൊഴിൽ സ്ഥാപനങ്ങളിലും ഭൂരിപക്ഷവും കീഴ്തസ്ഥികകളിൽ ഗ്രാമത്തിൽനിന്നുള്ള വളരെയധികം പേർ ജോലി ചെയ്തിരുന്നു.

പറമ്പുകളേക്കാൾ ഏറെ വിസ്തൃതിയിൽ പാടങ്ങൾ ഉള്ള ഇവിടെ പൊക്കാളി - വിരിപ്പ് കൃഷികൾ നടത്തുകയും അതുവഴി കർഷക തൊഴിലാളികളുടെ സംഘടിത ശക്തി ഉയരുകയും ചെയ്തു.

നെൽപാടങ്ങളിലെ കൃഷിക്കു പുറമേ പുരയിടങ്ങളും ചിറവരമ്പുകളും അടക്കം മണ്ണിൽ ഒരിടം പോലും തരിശിടാതെ പച്ചക്കറി കൃഷിയും ഇവർ നടത്തിപോന്നു.

## വിദ്യാഭ്യാസം

നിലത്തെഴുത്തിന്റെ കാലം മുതൽ വിദ്യാഭ്യാസം ഉണ്ട്. പുളിത്തറ കണ്ടത്തറ എന്നിവിടങ്ങളിൽ നിലത്തെഴുത്തു ക്ലാസ്സുകൾ പാവപ്പെട്ടവർക്കായി നടത്തിയിരുന്നു. അതിനപ്പുറം വല്ലാർപാടം പുളിത്തറ സ്കൂൾ (ഇന്ന് സെന്റ് മേരീസ് ഹൈസ്കൂൾ), സെന്റ് ജോസഫ് സ്കൂൾ, പനമ്പുകാട് ഫിഷറീസ് സ്കൂൾ ഇങ്ങിനെ പോകുന്നു പഴയതും ഇന്നു നിലനിൽക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

## ഗതാഗതം

വല്ലാർപാടം പള്ളിക്കു കിഴക്കുവശത്ത് പഴയ ബോട്ടുജട്ടിയിൽ നിന്നു തുടങ്ങി പള്ളിക്കു വടക്കുവശത്തുകൂടെ ആംഗ്ലോ ഇന്ത്യൻ ഏരിയ കടന്ന് പാലമുറ്റം വഴി വടക്കോട്ട് ചെന്ന് പള്ളിയിൽ തോട് ക്രോസ് ചെയ്ത് വീണ്ടും വടക്കോട്ടു നീണ്ട് നടത്തോടു പടിഞ്ഞാറെ അറ്റം തൊട്ടുരുമ്മി കിഴക്കോട്ടു കേറി മുക്കത്തു ജട്ടിയിൽ ചെല്ലുകയും പടിഞ്ഞാറെ ഷാപ്പുവഴി വടക്കോട്ട് പോകുകയും കോഴിക്കമൂലയിലെത്തുന്നതുമായ പഴയ പഞ്ചായത്തുവഴി - ഇന്ന് നാടിന്റെ ജനസാന്ദ്രതയുള്ള ഭാഗത്ത് മദ്ധ്യത്തിലൂടെ തെക്കു വടക്കായി കിടക്കുന്ന PWD റോഡ് ഇന്ന് എം.എൽ.എ. റോഡായി മാറ്റിയിരിക്കുന്നു.

ഗ്രാമത്തിന്റെ കിഴക്കു ഭാഗത്തേക്കുള്ള ഗതാഗതം പടിഞ്ഞാറു ഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്നും വളരെ പരിതാപകരമാണ്. പ്രധാനപ്പെട്ട രണ്ടുതോടുകൾ വികസിപ്പിച്ചെടുത്താൽ ഗതാഗതവും ഒപ്പം സാമ്പത്തിക ഉറവിടവും വർദ്ധിപ്പിക്കാവുന്നതാണ്.

ബോട്ടിനെ ആശ്രയിച്ചുമാത്രം പുറത്തേക്കുള്ള ഗതാഗതം നിലനിൽക്കുന്നു.

## രാഷ്ട്രീയ-സാംസ്കാരിക നേതാക്കൾ

**എൻ. രാമൻകുട്ടി അച്ചൻ** (Ex. പ്രസിഡന്റ്, കൊച്ചി ദേവസ്വം ബോർഡ്)

**എം.എം. ലോറൻസ്** Ex. M.P.

**ഗാസ്പർ ഡിസിൽവ** Ex. MLA

**ദാക്ഷായണി വേലായുധൻ** Ex. MLA

**മാധവൻ മാസ്റ്റർ** Ex. MLA

**വി.കെ. ബാബു** Ex. MLA

**പി.സി. ചാഞ്ചൻ മാസ്റ്റർ** Ex. MLC

**കെ.പി. വള്ളുവൻ മാസ്റ്റർ** Ex. MLC

**ഏബ്രഹാം മാടമാക്കൽ**

**പോഞ്ഞിക്കര റാഫി**

**സബീനാ റാഫി**

33

# കൃഷിയും ജലസേചനവും

## ഷിനിലം

മുളവുകാട് ഗ്രാമപഞ്ചായത്തിൽ 68 ഹെ ർ. കൃഷിയോഗ്യ തരിശ് നിലം 147 ഹെക്ടർ. ൽകൃഷി യോഗ്യമല്ലാത്ത് തരിശ് 1348 ഹെക്ടർ. മ്പോക്ക്. ആകെ 1977 ഹെക്ടർ.

## ള വിസ്തീർണ്ണവും ഉത്പാദനവും

| | | |
|---|---|---|
| ല്ല് ഒന്നാംവിള | | |
| ാക്കാളി 68 ഹെക്ടർ | 122400 | Kg. |
| ്പാദന ക്ഷമത | 1800 | Kg / Hctr |
| ല്ല് 2-ാം വിള | | |
| ല്ല് 3-ാം വിള | | |
| ള്ള് | 2.5 | Hctr |
| ാത്തം ഉത്പാദനം | 62.5 | Kg. |
| ത്പാദനക്ഷമത | 25 | Kg/Hctr |
| ച്ചക്കറികൾ | 5 | Hctr |
| ത്പാദനം | 200 | Kg. |
| ത്പാദനക്ഷമത | 40 | Kg./Hctr |
| തെങ്ങ് | | |
| ക്കറിൽ 75 തെങ്ങ് പ്രകാരം | 77625 | തെങ്ങ് |
| ത്പാദനക്ഷമത | 46,57,500 | തേങ്ങ |
| ഹെക്ടറിൽ | 1800 | തേങ്ങ |

## ൃഷി

മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ ഇരുദ്വീപു ളായ വല്ലാർപാടം - മുളവുകാട് - എന്നീ പ്രദേശ ങ്ങൾ ഉൾപ്പെടുന്ന മുളവുകാട് ദ്വീപും പനമ്പുകാട് വല്ലാർപാടം പ്രദേശങ്ങൾ ഉൾപ്പെടുന്ന വല്ലാർപാ ം ദ്വീപും ആദികാലം മുതലേ പണ്ടാരവക വെറും ാട്ടവും, പാലിയം പാട്ടവും, കാണം അവകാശത്തിൽ പട്ട കൃഷിസ്ഥലങ്ങളും ആയിരുന്നു. ഏതെങ്കിലും പ്രത്യേകവിളക്ക് ഊന്നൽ കൊടുത്തുള്ള കൃഷി സമ്പ്രദായം ഇവിടെ ഉണ്ടായരുന്നില്ല. നെൽകൃഷിയും, തെങ്ങുകൃഷിയും, കവുങ്ങ് കൃഷിയും ആണ് മുഖ്യ വിളകൾ. ഇപ്പോൾ നെൽകൃഷിനിലം ഭാഗികമായും ചിലയിടങ്ങളിൽ മുഴുവനായും ചെമ്മീൻ കൃഷിക്ക് ഉപയുക്തമാക്കി വരികയാണ്. പുരയിടങ്ങളിൽ വാഴ, പച്ചക്കറികൾ, പ്ലാവ്, മാവ്, പൂപ്പരത്തി, ആഞ്ഞിലി തുടങ്ങിയവയും നട്ടുവളർത്തിപ്പോരുന്നു. എന്നാൽ ഇന്ന് മിക്ക ഭാഗങ്ങളിലും പ്ലാവ് മാവ്, പൂപ്പരത്തി എന്നിവ ധൃതഗതിയിൽ വീട്ടാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിവരുന്നു.

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ നെൽകൃഷി പാടങ്ങളിൽ ബഹുഭൂരിഭാഗവും പാർപ്പിട ആവശ്യങ്ങൾക്ക് നികത്തിക്കൊണ്ടിരിക്കയാണ്. വല്ലാർപാടം ദ്വീപിൽ മാത്രമാണ് കൃഷിനിലങ്ങൾ നികത്താതെ തരിശിട്ട് ചെമ്മീൻ കൃഷിക്കായി ഉപയോഗിച്ചു വരുന്നത്.

ഭൂപരിഷ്ക്കരണ നിയമം പ്രാവർത്തികമായതോടെ കുടിയായ്മ സമ്പ്രദായം അവസാനിച്ച് ഓരോ കുടുംബത്തിനും പരമാവധി 10 സെന്റ് സ്ഥലം വീതം നിലങ്ങളും പുരയിടങ്ങളും വിഭജിക്കപ്പെട്ടതോടെ പാർപ്പിട സൗകര്യങ്ങൾക്ക് ഊന്നൽ നൽകി കൃഷിയെ അവഗണിച്ചുകൊണ്ടുള്ള പ്രയാണത്തിലാണ് ദ്വീപ് നിവാസികൾ. നെൽകൃഷി ഏറെ ലാഭകരമല്ലാത്തതിനാലും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ദൗർലഭ്യവും ചെമ്മീൻകെട്ട് സീസൺ കാലങ്ങളിൽ ലേലം ചെയ്തു നൽകുകയോ കോൺട്രാക്ട് നൽകുകയോ ചെയ്യുന്നതുവഴിയുള്ള വരുമാനമാണ് നില ഉടമകളുടെ പ്രധാന വരുമാനം.

യാതൊരുവിധ ഇടവിളകളും സ്ഥിരമായി

ഇവിടെ പ്രയോഗിച്ചു വരുന്നില്ല.

കാർഷിക രംഗത്തെ ബുദ്ധിമുട്ടുകൾ: ചെറുകിട ഭൂവുടമസ്ഥന്മാരെ വിഷമവൃത്തത്തിൽ ആക്കിയിരിക്കുകയാണ്.

ഹരിജൻ സംഘടനയായ ശക്തിധരസഹായ സംഘത്തിനാണ് ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷിഭൂമിയുള്ളത്. ഒരു ഹെക്ടറിനു മീതെ സ്വന്തമായി നിലമുള്ളവർ നാമമാത്രമാണ്. മറ്റുള്ളവരെല്ലാം സ്വന്തമായി ഒരേക്കറിൽ താഴെ കൃഷി നിലങ്ങൾ ഉള്ളവരാണ്.

കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ലാത്തതുകൊണ്ട് കൃഷിസ്ഥലങ്ങൾ സ്വന്തമാക്കുവാൻ താത്പര്യം കുറഞ്ഞുവരുന്നതായി കാണുന്നു. ഉള്ളവരാകട്ടെ - വില്ക്കുകയോ, നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നു. ഇവിടെ പ്രധാനമായും ഒരുപ്പൂ പൊക്കാളി കൃഷിയാണ് നടന്നുവരുന്നത്. തെങ്ങു കൃഷിയിൽ ഉതപാദനക്ഷമത വളരെ കുറയുവാനുള്ള കാരണം മഞ്ഞളിപ്പു രോഗവും വേരുചീയൽ രോഗവും ആണ്. ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങുകളും രോഗബാധിതമാണ്. തെങ്ങുകൾക്ക് ആവശ്യമായ പരിചരണം നൽകാതെ കൃഷിയിടങ്ങളിൽ യഥാകാലം കിള നടത്താതെ ഒരു വർഷത്തിൽ 5-ഓ 8-ഓ പ്രാവശ്യം നാളികേരം ശേഖരിക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.

മുളവുകാട് ഗ്രാമപഞ്ചായത്തിൽ 414 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. 68 ഹെക്ടർ സ്ഥലം നെൽകൃഷിക്ക് ഉപയോഗിക്കുന്നു. മുളവുകാട് ഗ്രാമപഞ്ചായത്തിലെ മറ്റു വിളകളായ വാഴ - കവുങ്ങ് മുതലായവ ഉദ്ദേശം 10 ഹെക്ടർ സ്ഥലത്ത് നടത്തി വരുന്നതായി കാണുന്നു. പുരയിടങ്ങളിൽ ഉദ്ദേശം 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും മറ്റുവിളകളും കൃഷി ചെയ്തുവരുന്നു.

വേലിയേറ്റവും വേലിയിറക്കവും ഉള്ള നിരവധി തോടുകളുടെയും ചാലുകളുടെയും ശൃംഖല തന്നെ ഇരു ദ്വീപുകളിലുമുണ്ട്. വല്ലാർപാടം പനമ്പുകാട് ദ്വീപിന് ഉപ്പുവെള്ള കെടുതിയിൽനിന്ന് സംരക്ഷണം നേടുന്നതിന് ഔട്ടർ ബണ്ട് സ്ഥാപിച്ചിട്ടുണ്ട്. എങ്കിൽ തന്നെ അത് പൂർണ്ണമായും കെട്ടി സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. പനമ്പുകാട് ഭാഗത്ത് ചുറ്റും പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. വളരെ പരിമിതമായ വിപണന സൗകര്യമുള്ള ഇരുദ്വീപുകളും കാർഷികവിളകൾക്ക് എറണാകുളം ആലുവ വരാപ്പുഴ മേഖലകളിലെ വ്യവസായികളെ ആശ്രയിച്ചാണ് നീങ്ങുന്നത്. മുൻകാലങ്ങളിലേതുപോലെ ജൈവവളം ഇപ്പോൾ നിലവിലില്ലാത്തതിനാൽ രാസവളങ്ങളെയാണ് പൂർണ്ണമായും ആശ്രയിക്കുന്നത്. ഈ പ്രദേശത്ത് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നിലവിലില്ല. പ്രൊട്ടക്ഷൻ വാളിന്റെ സംരക്ഷണത്തിനായി റിംഗ് ബണ്ട് റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കാവുന്നതാണ്. അതുപോലെതന്നെ മുളവുകാട് ദ്വീപിന്റെ തെക്കെ അറ്റത്ത് ഏലൂർ - ചമ്പക്കര ദേശീയ പാതക്കായി ഡ്രഡ്ജ് ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള വെള്ളചാലിന് സമാന്തരമായി മുളവുകട് വടക്കേ അറ്റം വരെ പ്രൊട്ടക്ഷൻ വാൾ നിർമ്മിച്ച് ബോട്ടു സഞ്ചാരം ഏറെയുള്ള ഈ പ്രദേശത്തേയും മണ്ണൊലിപ്പിൽനിന്നും ഉപ്പുവെള്ള കെടുതിയിൽനിന്നും സംരക്ഷിക്കാവുന്നതാണ്.

പൊതുവായ ജലസേചന പദ്ധതികളൊന്നും ഈ പ്രദേശത്തില്ല. ഗ്രാമവാസികൾ അവരവരുടെ ഭൂമിയിൽ പമ്പുകൾ സ്ഥാപിച്ചും കിണറുകളിൽനിന്നോ, കുളങ്ങളിൽനിന്നോ ആണ് ജലസേചനം നടത്തുന്നത്. മോട്ടോർ പമ്പ് ഉപയോഗിച്ച് ജലസേചനം നടത്തുന്നവർ 1%-ന് താഴെയാണ്.

മെച്ചപ്പെട്ട വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ തിരഞ്ഞെടുക്കുന്നതിന് യാതൊരു പദ്ധതിയും പഞ്ചായത്തിലില്ല. കൃഷിഭവനിൽനിന്നും ലഭി

ന്ന തെങ്ങിൻ തൈകളും മറ്റു വിത്തുകളും വള അപര്യാപ്തമാണ്. ഈ പഞ്ചായത്തിന് യാതൊ ിധ രാസവള കേന്ദ്രങ്ങളും ഇല്ല. മുളവുകാട് പ യത്ത് സർവ്വീസ് സഹകരണ സംഘത്തിന് ഈ ്യത്തിൽ സ്ഥലപരിമിതികൾ മൂലം ഗ്രാമവാസി ള സഹായിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേ യുടെ തകർച്ചയ്ക്ക് പ്രധാനകാരണം കർഷക ാഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞതു ാണ്ടാണ്. ജീവിതത്തിന്റെ നിലവാരവും കാർഷി തൊഴിലിനോടുള്ള പുച്ഛമായ മനോഭാവവും ഈ ത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തേങ്ങ ുന്നതിനും പറമ്പും നിലവും കിളക്കുന്നതിനും ന്നതിനും പണിക്കാരെ യഥാസമയത്ത് കിട്ടാത്ത വസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഒരു തെങ്ങു റുന്നതിന് ശരാശരി 3 മുതൽ 5 രൂപവരെ ചില വരുന്നു.

**മസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശ ളും അഭിപ്രായങ്ങളും**

മഴയെ ആശ്രയിച്ചു മാത്രം കൃഷിചെയ്തുവരുന്ന പ്രദേശമായതിനാൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് പ്രത്യേകിച്ച് നെൽകൃഷിക്ക് പ്രതികൂലമായി ബാധിക്കുന്നതിനാൽ നീർചാലുകൾ നിർമ്മിക്കേണ്ടതാണ്.

ഉത്പാദന ക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതും ആയ തെങ്ങുകൾ വെട്ടിമാറ്റി പ്രത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ നൽകുക.

കാലാകാലങ്ങളിൽ തെങ്ങിനും നെല്ലിനും മറ്റു കൃഷികൾക്കും ആവശ്യമായ രോഗപ്രതിരോധ നടപടികൾ നടപ്പിലാക്കുക.

തരിശ് - ചതുപ്പ് നിലങ്ങളിലെ മണ്ണ് രാസപരിശോധനക്ക് വിധേയമാക്കി കൃഷിക്ക് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുക.

6. കൃഷിയുടെ ആവശ്യകതയെ കുറിച്ചും അതിന്റെ സാദ്ധ്യതകളെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിന് സെമിനാറുകളും മറ്റും നടത്തുക.
7. വീട്ടമ്മമാർക്കായി അടുക്കള തോട്ടവും ആധുനീക പൂന്തോട്ടകൃഷിയും സംബന്ധിച്ച് ബോധവൽക്കരണം നടത്തി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി ഉത്പാദനവും വിപണന സാദ്ധ്യകളുള്ള പൂക്കളുടെ ഉത്പാദനവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക.
8. കാർഷികാവശ്യങ്ങൾക്കുള്ള വിത്തുകൾ, കീടനാശിനികൾ, വളങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
9. ജലസേചനത്തിനാവശ്യായ പമ്പ് സെറ്റുകൾ, കുഴൽ കിണറുകൾ എന്നിവ സ്ഥാപിക്കുന്നതിന് സബ്സിഡി നിരക്കിൽ വായ്പ അനുവദിക്കുക.
10. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ വിദേശ നാണ്യം നേടാൻ സാദ്ധ്യതയുള്ള പൂക്കൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനു ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെ സാങ്കേതിക - സാമ്പത്തിക സഹായം ലഭ്യമാക്കുക.
11. ഉപയോഗ ശൂന്യമായ് കിടക്കുന്ന കിണറുകളും, കുളങ്ങളും, ഉപയോഗ പ്രദമാക്കുക.
12. കർഷകർക്കു പഞ്ചായത്തടിസ്ഥാനത്തിൽ ക്ഷേമനിധിയും, ഇൻസന്റീവും ഏർപ്പെടുത്തുക.
13. കൃഷിവികസനത്തിനായി അൺടൈഡ് ഫണ്ടുകൾ വിനിയോഗിക്കുവാൻ സർക്കാരിൽനിന്നും അനുവാദം നൽകുക.
14. നല്ലയിനം വിത്തുകൾ ലഭ്യമാക്കുന്നതിന് നേഴ്സറികൾ സ്ഥാപിച്ച് സന്നദ്ധസംഘടനകൾ

വഴി വിതരണം ചെയ്യുക.

15. മണ്ണൊലിപ്പ് തടയുന്നതിന് മണ്ണുസംരക്ഷണ വകുപ്പിൽനിന്നും തോടുകൾക്കും കായലിനും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി എടുക്കുക.

നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഇരു ദ്വീപുകളിലും സഞ്ചാരയോഗ്യമായ തോടുകൾക്ക് ആഴം വർദ്ധിപ്പിച്ച് കൃഷിക്കുപയോഗപ്രദമായ സാധനസാമഗ്രികൾ കൂടുതൽ ഉൾപ്രദേശങ്ങളിലേക്ക് എത്തിക്കുവാൻ നടപടി എടുക്കുക. കൃഷിക്കു ജലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽ കിണറുകൾ ഓരോ വാർഡിൽ ഈരണ്ടു വീതം സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ഫലഭൂയിഷ്ഠിയിൽ പിന്നോക്കമല്ലാത്ത ഈ പ്രദേശത്തെ മണ്ണ് രാസവളങ്ങളും ജൈവവളങ്ങളും ഉപയോഗപ്പെടുത്തി വ്യത്യസ്ത രീതിയിലുള്ള കൃഷിസംരംഭങ്ങൾക്ക് അവസരം നൽകാവുന്നതാണ്. കൃഷിഭവന്റെ ഉദ്യോഗസ്ഥൻമാർ വാർഡു മെമ്പർമാരുടെ സഹകരണത്തോടെ കാർഷികമേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹകരണം ഉറപ്പാക്കുകയും അവയുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. അങ്ങിനെ വന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഉല്പാദനത്തിന്റെ തോത് ഗണ്യമായ് വർദ്ധിപ്പിക്കുവാൻ സാധിക്കും.

തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിചെയ്യാൻ സാധിക്കുന്നില്ല. ജൈവവളങ്ങളുടെ ഉപയോഗം നാമമാത്രമാണ്. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല. കൊപ്ര വിപണനത്തിൽ പ്രാദേശിക സൗകര്യങ്ങൾ ഇല്ല.

കുറിപ്പ്: ഡോ. ഹരീശ്വർ പ്രതിപാദിച്ചിട്ടുള്ള വിധം പൊക്കാളി മാത്രമാണ് പ്രകൃതിജന്യമായ വളങ്ങൾ ഉപയോഗിച്ചു മാത്രം കൃഷിചെയ്യുന്ന ഏക വിത്തിനം. ചെമ്മീൻ ഉൽപാദനവും പൊക്കാളി കൃഷിയും പരസ്പര പൂരകങ്ങളാണെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്.

**ജലസേചനം**

കുടിക്കുന്നതിനും, മറ്റു ഗൃഹാവശ്യങ്ങൾക്കും പൂർണ്ണമായും ശുദ്ധജലവിതരണ പദ്ധതിയെ ആണ് ഇവിടുത്തെ ജനങ്ങൾ ആശ്രയിക്കുന്നത്. കുളങ്ങളും കിണറുകളും ധാരാളമായി ഉണ്ടെങ്കലും ഓരുജല ഭീഷണിയുള്ളതിനാൽ കൃഷിക്കോ കാർഷികാവശ്യത്തിനോ ഗാർഹികാവശ്യത്തിനോ ഇവയിലെ ജലം അനുയോജ്യമല്ല.

ഈ ഗ്രാമപഞ്ചായത്തിൽ 225 പൊതുടാപ്പുകളും, ഗാർഹികാവശ്യങ്ങൾക്കുള്ള രണ്ടായിരത്തിനുമേൽ ഹൗസ് കണക്ഷനുകളും ഉണ്ട്. ഇവയിലൂടെയുള്ള ശുദ്ധജല വിതരണം തീരെ അപര്യപ്തമാണ്. ഉപയോഗയോഗ്യമല്ലാത്ത കുളങ്ങളും, കിണറുകളും - അറ്റകുറ്റപ്പണികൾചെയ്ത് - കൃഷിക്കും, മറ്റു ഗാർഹികേതരാവശ്യങ്ങൾക്കും ഉപയോഗിച്ചാൽ ഇന്നനുഭവപ്പെടുന്ന ജലദൗർലഭ്യത്തിന് ഒരുപരിധിവരെ പരിഹാരമാകും. അതുപോലെ എറണാകുളം നഗരത്തിലെ പച്ചാളത്തുനിന്നും ദ്വീപുകളിലേക്കുള്ള പൈപ്പുലൈനു പകരം ആലുവയിൽനിന്നും നേരിട്ട് ദ്വീപുകൾക്കുമാത്രമായി കൂടുതൽ വ്യാസമുള്ള പൈപ്പു ലൈനുകൾ സ്ഥാപിക്കണം. നിർദ്ദിഷ്ടമായ മഞ്ഞുമ്മൽ മാളവന പദ്ധതികൾ ഈയവസരത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പണിതീർത്തില്ലെങ്കിൽ കുടിവെള്ളക്ഷാമം മൂലം ഈ ദ്വീപിലെ ജനങ്ങൾ കൂടുതലായി വലയും. കുടിനീരിനായി വിഷമിക്കുന്ന ദ്വീപുനിവാസികൾക്ക് ഏറ്റവും അടിയന്തിരമായി കുടിവെള്ളമെത്തിക്കുവാനുള്ള പരിപാടികൾ നടത്തേണ്ടിയിരിക്കുന്നു. നഗരത്തിന്റെ വിവിധഭാഗങ്ങളിൽ പടുത്തുയർത്തുന്ന ഫ്ളാറ്റുകൾക്കും, ഹൗസിംഗ് കോളനികൾക്കും അശാസ്ത്രീയമായി കണക്ഷൻ നല്കുന്നതുകൊണ്ടാണ് ദ്വീപുകളിൽ കുടവെള്ളക്ഷാമം രൂക്ഷമാകുന്നത്.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാലാകാലങ്ങളിലായി ജീവിതോപാധിയാ
ആടുമാടുകളെ വളർത്തിയിരുന്നു. ആട്, പശു,
യൽ, പന്നി, താറാവ്, കോഴി എന്നിവയാണ് ഈ
ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. എ
ാൽ കന്നുകാലി വളർത്തൽകൊണ്ട് മുഖ്യ ഉപജീ
മായി കഴിഞ്ഞു കൂടിയിരുന്നവരുടെ എണ്ണം വള
കുറഞ്ഞുവരുന്നു. കന്നുകാലികളെ മേയ്ക്കുന്ന
ന് അനുയോജ്യമായ മേച്ചിൽ സ്ഥലങ്ങൾ കുറ
ുവരുന്നതിനാലും പട്ടണത്തോട് തൊട്ടുകിടക്കു
പ്രദേശങ്ങളായതിനാലും അവനവന്റെ വാസഗൃ
ത്തിനോടനുബന്ധിച്ചു സ്ഥലപരിമിതിമൂലം തൊ
ത്തുകൾ സ്ഥാപിക്കുക അപ്രായോഗികമായതിനാ
ആടുമാടുകളെ വളർത്തുന്നതിൽ നിന്നും ഗ്രാമ
സികൾ പിന്തിരിയുകയാണ്. സ്ഥലസൗകര്യമുള്ള
ടുകളിൽ ഒരു താത്കാലിക തൊഴിലായിട്ടാണ്
ലരും കന്നുകാലികളെ വളർത്തുന്നത്. പുത്തൻ
ലമുറയിലെ വീട്ടമ്മമാർക്ക് ആർക്കുംതന്നെ ആടു
ടുകളെ വളർത്തുന്നതിൽ താത്പര്യമില്ല. മേച്ചിൽ
ഥലങ്ങൾ കുറവായതിനാൽ വൈക്കോൽ തീറ്റയാ
മുഖ്യാഹാരമായി കാണുന്നത്. നെൽകൃഷി കു
ത്തു വരുന്നതിനാൽ വൈക്കോൽ ലഭ്യമല്ലാതായി
ുന്നു. കാലിതീറ്റക്ക് കൂടുതൽ വിലനൽകി വാഹ
ങ്ങളിൽകൊണ്ടുവന്ന് ജട്ടികളിൽ ഇറക്കി അവിടെ
ന്നും വഞ്ചികളിലോ, കൈവണ്ടികളിലോ കയറ്റി
പിലെത്തിച്ചു കഴിഞ്ഞാൽ വീടുകളിൽ എത്തിക്കു
ത് ദുഷ്കരവും ചിലവേറിയതുമായതിനാലും
ല്ലാവരുംതന്നെ മൃഗപരിപാലനത്തിൽനിന്നും പി
ിരിയുകയാണ്.

മുളവുകാട് ഗ്രാമപഞ്ചായത്തിൽ മുളവുകാ
പ്രദേശത്ത് ഒരു മൃഗാശുപത്രിയുണ്ട്. വല്ലാർപാടം
നമ്പുകാട് ദ്വീപ് നിവാസികൾക്ക് ഈ മൃഗാശുപ
ത്രി ഉപയോഗപ്പെടുത്തുന്നതിനേക്കാൾ എളുപ്പം എ
റണാകുളത്തുള്ള ജില്ലാ മൃഗസംരക്ഷണ കേന്ദ്രവു
മായി ബന്ധപ്പെടുന്നതായിരിക്കും ഏറെ സൗകര്യം.

വല്ലാർപാടം ദ്വീപിലും മൃഗാശുപത്രിക്കായി മുറവിളിയുണ്ട്. കുറഞ്ഞപക്ഷം ഒരു സബ്സെന്ററെങ്കിലും ഇവിടെ പ്രവർത്തിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ക്ഷീരവികസന രംഗത്ത് സംഘടിതമായ ശ്രമങ്ങളില്ല. ക്ഷീരവികസന സഹകരണ സംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. ചില ഭാഗങ്ങളിൽ ഇറച്ചികോഴികളെ വളർത്തിവരുന്നു. എങ്കിലും കോഴി വളർത്തൽ ഒരു പ്രധാന വരുമാനമാർഗ്ഗമായി ആരും കാണുന്നില്ല. മുട്ടകോഴിവളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന ഒരു യൂണിറ്റുപോലും ഇല്ല. വീടുകളിൽ അപൂർവ്വമായി നാടൻ കോഴികളെ വളർത്താറുണ്ട്.

കൃഷിനിലങ്ങൾ തരിശായി ഇല്ലാത്തതുകൊണ്ടും, ബഹുഭൂരിഭാഗം കൃഷിയിടങ്ങൾ നികത്തിയതുകൊണ്ടും, താറാവു കൃഷി അന്യമായിക്കൊണ്ടിരിക്കുന്നു. ആവശ്യാനുസരണം മുട്ടകൾ പട്ടണപ്രദേശങ്ങളിൽ നിന്നും ലഭിക്കുന്നതിനാൽ ജനങ്ങൾ കമ്പോള സംസ്കാരത്തിനടിമകളായിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ
വളർത്തു മൃഗങ്ങളും പക്ഷികളും (1995)

| ഇനം | എണ്ണം |
|---|---|
| പശു | 216 |
| എരുമ | 10 |
| കാള | 4 |
| ആട് | 302 |
| കോഴി | 6281 |
| താറാവ് | 2431 |
| നായകൾ (പട്ടി) | 2439 |

## പ്രധാനപ്രശ്നങ്ങൾ

1. മൃഗസംരക്ഷണത്തിനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.
2. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റകൾ ലഭ്യമാക്കാൻ സൊസൈറ്റി അടിസ്ഥാനത്തിൽ സംഘടനകൾ രൂപം കൊള്ളേണ്ടതായിട്ടുണ്ട്.
3. ക്ഷീരവിപണന രംഗത്ത് സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.
4. കൃഷിആവശ്യത്തിന് ആവശ്യമായ ജൈവവളങ്ങൾ സംഭരിച്ച് വിപണനം നടത്തുവാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്.
5. പന്നിവളർത്തലിന് സൗകര്യപ്രദമായ വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
6. ക്ഷീരവിപണനത്തിനും ക്ഷീരസംസ്കരണത്തിനും ഏറെ സാദ്ധ്യതകളുള്ള ഈ പ്രദേശത്ത് തത്സംബന്ധമായ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
7. കാലിത്തീറ്റ - കോഴിത്തീറ്റ ഉത്പാദന കേന്ദ്രങ്ങൾ ഇരു ദ്വീപുകളിലും സ്ഥാപിക്കേണ്ടതാണ്.
8. മുയൽ, പന്നി, കാട തുടങ്ങിയവ ലാഭകരമായി വളർത്തുന്നതിന് സഹകരണാടിസ്ഥാനത്തിലോ വ്യക്തികൾക്കോ സബ്സിഡിയടക്കമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക സഹായം നടപ്പാക്കുകയും ചെയ്യണം.

### മത്സ്യബന്ധനം

ഈ പഞ്ചായത്ത് പ്രദേശത്ത് മത്സ്യബന്ധനം മഖ്യതൊഴിലായി മാറികഴിഞ്ഞിട്ടുണ്ട്. പുറമ്പോക്ക് കായലുകളും, കൃഷിയിടങ്ങളിലും ഏറെ ലാഭകരമായിട്ടുള്ളത് ചെമ്മീൻ വ്യവസായമാണ്. ചെമ്മീൻ കെട്ടുകളും, തോടുകളും, ബണ്ടുകളും, ചെമ്മീൻ ഉത്പാദന കേന്ദ്രങ്ങളായി വളർന്നു പന്തലിച്ചിരിക്കുന്നു. ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ ചെമ്മീൻ വ്യവസായവുമായി ബന്ധപ്പെടാത്ത കുടുംബങ്ങൾ കുറവാണ്. മുളവുകാട് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം തന്നെ മത്സ്യബന്ധനത്തിൽ ബന്ധപ്പെട്ടുകിടക്കുന്നു. വല്ലാർപാടം പനമ്പുകാട് പ്രദേശങ്ങളിലെ മുഴുവൻ നെൽപാടങ്ങളും പുറമ്പോക്ക് തോടുകളും മത്സ്യബന്ധന കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. മത്സ്യബന്ധനത്തിലും വിപണനത്തിലും വ്യാപൃതരായ വളരെയധികം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. വഞ്ചിയിലും വീശുവല, ചീനവല, ഊന്നിവല, വട്ടവല, കുടം, നൊരുമ്പ്, ചൂണ്ട, വടിവല എന്നിവയിലൂടെയെല്ലാം മത്സ്യബന്ധനം നടത്തുന്നവരാണ് ഈ പ്രദേശത്തുകാർ. പ്രായോഗികമായി മറ്റു തൊഴിൽ രംഗങ്ങളേക്കാൾ വിലകുറഞ്ഞ ഉപകരണങ്ങളാണ് മത്സ്യബന്ധനത്തിന് ഉപയോഗിച്ചുവരുന്നത്. അതിപുരാതനമായ ഈ ഉപകരണങ്ങളിൽനിന്നും വ്യത്യസ്തമായി മരംകൊണ്ട് നിർമ്മിച്ച തൂമ്പുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് മറ്റൊരു മാർഗ്ഗമാണ്.

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. മുളവുകാട് 1,2,5,6 വാർഡുകളിലും വല്ലാർപാടം പമ്പുകാട് പ്രദേശത്തും മത്സ്യത്തൊഴിലാളികൾ ഏറെ അധിവസിച്ചുവരുന്നു. ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളും സംസ്ക്കരണശാലകളും വിപണന കേന്ദ്രങ്ങളും വിവിധമേഖലകളിൽ സ്ഥാപിക്കണം.
2. മുളവുകാട് ദ്വീപിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ചതുപ്പുനിലത്തിൽ 45 ഏക്കറോളം വരുന്ന ഭാഗം കരിങ്കൽ ബണ്ട് നിർമ്മിച്ച് പഞ്ചായത്ത് ഉടമസ്ഥതയിൽ മത്സ്യബന്ധന ബണ്ടാക്കി മാറ്റിയാൽ പ്രതിവർഷം പഞ്ചായത്തിന് ഗണ്യമായ വരുമാനം ഉണ്ടാവുന്നതാണ്. ഊന്നിവലകൾക്കും ചീനവലകൾക്കും ലൈസൻസു നൽകുമ്പോൾ പഞ്ചായത്തിന്റെ അഭിപ്രായം

കൂടി ആരായേണ്ടതാണ്.

എം.പി.ഇ.ഡി.എ.യുടെ ഒരു ഹാച്ചറിംഗ് സെന്റർ വല്ലാർപാടത്ത് സ്ഥാപിച്ചു പ്രവർത്തിക്കുന്നുണ്ട് എങ്കിലും പഞ്ചായത്ത് പ്രദേശത്തെ പൊതുജനങ്ങൾക്ക് ഇതിൽനിന്നും യാതൊരുവിധ പ്രയോജനവും ലഭ്യമല്ലാത്തതാണ്. ഇതിന്റെ പ്രയോജനം ദ്വീപുനിവാസികൾക്കും ലഭ്യമാക്കണം.

പഞ്ചായത്ത് പ്രദേശത്ത് ഞണ്ട്, കല്ലുമ്മക്കായ്, കൊഞ്ച്, ചെമ്മീൻ എന്നിവയുടെ വളർത്തുകേന്ദ്രങ്ങൾ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

എം.പി.ഇ.ഡി.എ-യുടെ ഹാച്ചറിയും ട്രെയിനിംഗ് സെന്ററും പഞ്ചായത്തിലെ മത്സ്യകൃഷിക്കാർക്കുവേണ്ട കൂടുതൽ പ്രയോജനപ്രദങ്ങളായി കോഴ്സുകൾ നടത്തുകയും ചെമ്മീൻ കർഷകർക്കാവശ്യമായ വിത്തുത്പാദനം നടത്തി വേണ്ടസമയത്ത് ചെമ്മീൻ വിത്തുകൾ ലഭ്യമാക്കുകയും വേണം. പട്ടികജാതി വിഭാഗത്തിലെ ചെമ്മീൻ കൃഷിക്കാർക്ക് പ്രത്യേക പദ്ധതിപ്രകാരം കൂടുതൽ സാമ്പത്തിക സാങ്കേതിക സഹായ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

ലഭ്യമാകുന്ന മത്സ്യം കേടുവരാതെ സൂക്ഷിക്കുവാനും, വിപണനത്തിനും ഇരുദ്വീപുകളിലും ഓരോ ഫ്രീസിംഗ് പ്ലാന്റുകൾ സ്ഥാപിക്കണം. മത്സ്യഫെഡിന്റെ സാമ്പത്തിക സാങ്കേതിക സഹായസഹകരണത്തോടെ ഇരുദ്വീപുകളിലും ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.

ഫിഷറീസ് വകുപ്പിൽനിന്നുള്ള ഫിഷർമെൻ വെൽഫയർ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കുകയും, മത്സ്യതൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽപ്പെടുന്ന വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും വേണം.

9. മുളവുകാട് ഗ്രാമപഞ്ചായത്തിനെ ഫിഷറീസ് വകുപ്പ് ദത്തെടുത്ത് മത്സ്യത്തൊഴിലാളി ഗ്രാമമായി പ്രഖ്യാപിക്കുക.
10. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനും, ജീവിത നിലവാരം ഉയർത്തുന്നതിനും ഉള്ള സൗജന്യസഹായ പദ്ധതികൾ നടപ്പിലാക്കുക.
11. വള്ളം, വല, യമഹ എൻജിൻ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായധനവും സബ്സിഡിയും നല്കുക.
12. യമഹ എൻജിൻ ഘടിപ്പിച്ച മത്സ്യ വഞ്ചികൾക്ക് സൗജന്യനിരക്കിൽ മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുക.
13. ജീവനുള്ള മത്സ്യങ്ങളെ എല്ലാക്കാലത്തും ലഭ്യമാക്കുന്നതിന് വളർത്തു മത്സ്യപോണ്ടുകൾ സ്ഥാപിക്കുക.
14. മത്സ്യബന്ധനത്തിനു പോകുന്നവർക്ക് ലാൻഡിംഗ് പ്ലേസ് പണിതുനല്കുക.
15. വീടുതോറും തലച്ചുമടായ് മത്സ്യവിപണനം നടത്തുന്ന സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് കേന്ദ്രീകൃത വിപണന കേന്ദ്രം സൗകര്യപ്പെടുത്തുക.
16. മത്സ്യമേഖലയിലെ എല്ലാ തൊഴിലാളികളെയും ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരിക.
17. മത്സ്യബന്ധന വിപണന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പഞ്ചായത്ത് അധികൃതരുടെ മേൽനോട്ടത്തിൽ കൊണ്ടുവരാനാവശ്യമായ നിയമഭേദഗതി കൊണ്ടുവരിക.
18. പഞ്ഞമാസങ്ങളിൽ സൗജന്യ റേഷൻ നടപ്പിലാക്കുക.
19. ഇരുദ്വീപുകളിലും മത്സ്യതൊഴിലാളികളെ കേന്ദ്രീകരിച്ച് മത്സ്യ മാവേലി സ്റ്റോർ സ്ഥാപിക്കുക.

4

# വ്യവസായം

വ്യവസായ മേഖല വിശകലനം ചെയ്യുമ്പോൾ വ്യാവസായികമായി ഒരു സ്ഥാപനം പോലും ഇല്ലാത്ത ഒരു പ്രദേശമാണ് മുളവുകാട് ഗ്രാമ പഞ്ചായത്ത്. ഏലൂർ - കളമശ്ശേരി എന്നീ വ്യാവസായിക മേഖലയുമായി അടുത്ത പ്രദേശമാണെങ്കിലും മുളവുകാട് വ്യാവസായികമായി വളരെയധികം പിന്നോക്കം നില്ക്കുന്നു. എന്നാൽ വ്യവസായികമേഖലയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവരിൽ നല്ലൊരു വിഭാഗം ആളുകളെങ്കിലും ഈ പഞ്ചായത്ത് നിവാസികളായിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ ഒന്നുപോലും ഈ പഞ്ചായത്തിൽ ഇപ്പോൾ ആവശ്യമായ പുരോഗതി കൈവരിച്ചിട്ടില്ലയെന്നുള്ളതു തന്നെ ഈ മേഖലയുടെ തികഞ്ഞ പരാജയവും കൂടിയാണ്. കുടിൽ വ്യവസായങ്ങൾ നാമമാത്രമാണ്. ചെറുകിട വ്യവസായങ്ങളോ ഫാക്ടറികളോ ഒന്നും തന്നെയില്ല. മറ്റുസ്ഥലത്തുപോയി തൊഴിലെടുക്കുന്നവരുടെ എണ്ണം താരതമ്യേന കൂടുതലാണ്. തൊഴിൽ ശാലകൾ സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തതയും സ്ഥലസൗകര്യക്കുറവുമാണ് വ്യവസായ പിന്നോക്കാവസ്ഥക്കുള്ള പ്രധാനകാരണം. വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കൾ യാതൊന്നും തന്നെ ഇവിടെ ലഭ്യമല്ല.

കേരളത്തിലെ ആദ്യത്തെ കയർഫാക്ടറി ശ്രീ. വില്യം ഗുഡേക്കർ സ്ഥാപിച്ചത് പനമ്പുകാട് ആപ്പീസ് പറമ്പിലായിരുന്നു. നിലവിൽ, പുരോഗതി ഉണ്ടാകാവുന്ന വ്യവസായങ്ങൾ മത്സ്യബന്ധന-വിപണന സംസ്കരണ മേഖലയും, വിനോദസഞ്ചാര മേഖലയുമാണ്. ഈ പഞ്ചായത്തിലെ മത്സ്യ സമ്പത്തുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കായി പഞ്ചായത്തിൽ ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം സ്ഥാപിക്കാവുന്നതും അതിലൂടെ ആ മേഖലയിൽ പുരോഗതി കൈവരിക്കാവുന്നതാണ്. ആഗോളാടിസ്ഥാനത്തിൽ പ്രമുഖ സ്ഥാപനമായി മാറിയിട്ടുള്ള ബോൾഗാട്ടി പാലസിനോട് ചേർന്ന് ഒരു പുതിയ വിനോദ സഞ്ചാര ആകർഷണ പദ്ധതിക്ക് രൂപം നല്കാവുന്നതും വിനോദസഞ്ചാരം വ്യാവസായികാടിസ്ഥാനത്തിൽ പുരോഗമിപ്പിക്കാവുന്നതുമാണ്. ചെറുകിട പലചരക്ക് വ്യാപാര കടകളും ചെറിയതരം ചായക്കടകളും മാത്രമാണ് ഉള്ളത്. ഈയിനത്തിൽ മൊത്തം 246 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിവുള്ള സംരംഭകർ വ്യവസായം തുടങ്ങുവാൻ മുന്നോട്ടുവരുന്നില്ല എന്നുള്ളതും യാഥാർത്ഥ്യം തന്നെ.

വ്യവസായ സാദ്ധ്യതകൾ വിലയിരുത്തുമ്പോൾ ടൂറിസ്റ്റ് ബോട്ടുനിർമ്മാണം, ഫിഷിംഗ് ബോട്ട് നിർമ്മാണം എന്നിവ ഏറ്റവും തൊഴിൽ സാദ്ധ്യതയുള്ള വ്യവസായമാണ്. മത്സ്യബന്ധനവും വിനോദസഞ്ചാരവും വ്യാവസായികാടിസ്ഥാനത്തിൽ മുൻഗണന നല്കി നടപ്പിലാക്കാവുന്ന പദ്ധതികളാണ്. ചെറിയ ചെറിയ സംഘങ്ങളായി റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും കരകൗശല വസ്തുക്കളുടെ നിർമ്മാണവും, ചെരുപ്പ് നിർമ്മാ

41

വും പരിപോഷിപ്പിക്കാവുന്നതാണ്. അതോടൊപ്പംതന്നെ വിറ്റഴിക്കുന്നതിനുള്ള സംവിധാനവും കൂടി ഏർപ്പെടുത്തുന്നതോടൊപ്പം നല്ലൊരു വ്യവസായ ശൃംഖല സ്ഥാപിക്കാൻ കഴിയുന്നതാണ്.

## സഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

ലഭ്യമാകുന്ന മത്സ്യം കേടുവരാതിരിക്കുവാൻ വല്ലാർപാടം-പനമ്പുകാട് പ്രദേശത്ത് ഒരു ശീതീകരണ ശാല (Freezing Plant) സ്ഥാപിക്കുക.

മത്സ്യഫെഡിന്റെ കീഴിൽ മത്സ്യവിതരണ കേന്ദ്രം സ്ഥാപിക്കുക.

മത്സ്യത്തൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക.

എം.പി.ഇ.ഡി.എ-യുടെ വിദഗ്ദ്ധ ഉപദേശത്താൽ ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

ടൂറിസ്റ്റ് /ഫിഷിംഗ് ബോട്ട് നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ വിപുലപ്പെടുത്തുക.

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒന്നാംവാർഡിൽ ബോൾഗാട്ടി പാലസിന് വടക്ക് റോഡിന് പടിഞ്ഞാറു ഭാഗത്തായി ചെറിയതും വലുതുമായ ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിക്കുക.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിനോദ സഞ്ചാരികൾക്കായി ഒരു ഉദ്യാനം സ്ഥാപിക്കുക. (ആവശ്യമായ ആധുനിക സാധനസാമഗ്രികൾ സ്ഥാപിക്കുന്നതിന് പുറമെനിന്നുള്ള സ്വകാര്യ വ്യക്തികളിൽനിന്നും, മുതലാളിമാരിൽനിന്നും വ്യവസായികളിൽനിന്നും വിനോദസഞ്ചാര വകുപ്പിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കണം.) വിനോദസഞ്ചാരത്തിനായി ചെറിയ ലോഞ്ചുകൾ ഏർപ്പെടുത്തണം.

സഹകരണാടിസ്ഥാനത്തിൽ ചെറിയ ചെറിയ യൂണിറ്റുകൾ ഉണ്ടാക്കി വസ്ത്രനിർമ്മാണ മേഖല സൃഷ്ടിക്കുകയും അവിടെ ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്യുക.

ചെരുപ്പ് നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ പുഷ്ടിപ്പെടുത്തുക.

വീട്ടമ്മമാരിൽ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നല്കുക.

മുളവുകാട് ദ്വീപ് നിവാസികളുടെ പരമ്പരാഗത വ്യവസായമായ ബോട്ടുനിർമ്മാണവും, മരപ്പണി പോലുള്ള കുടിൽ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമായ ഗ്രാന്റ് അനുവദിക്കേണ്ടതുമാണ്.

ഹോളോ ബ്ലോക്ക് നിർമ്മാണം വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ വികസനത്തിനായി ഇൻഡസ്ട്രിയൽ മേഖലകൾ സ്ഥാപിക്കണം.

13. മലിനീകരണം - അന്തരീക്ഷ മലിനീകരണവും പരിസ്ഥിതി മലിനീകരണവും തുലോം കുറവായ ഇലക്ട്രോണിക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

14. ഏഴാം വാർഡിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഖാദിബോർഡിന്റെ കെട്ടിടം പഞ്ചായത്തിലേക്ക് വിട്ടുതരികയും പ്രവർത്തം ശക്തമാക്കുകയും ചെയ്യുക.

15. വല്ലാർപാടം ബോട്ടുജെട്ടിക്ക് സമീപം കിടക്കുന്ന ഉദ്ദേശം 48 സെന്റ് ഭൂമി പഞ്ചായത്തിന് ലഭ്യമാക്കുകയും അതിനെ വല്ലാർപാടം പള്ളിയിലേക്ക് വരുന്ന തീർത്ഥാടകർക്ക് ഗുണകരമാകുന്നവിധത്തിൽ തീർത്ഥാടക വിശ്രമ കേന്ദ്രം നിർമ്മിക്കുക.

16. ബോട്ടു ലാസ്ക്കർമാർ, ഡ്രൈവർമാർ, സ്രാങ്ക്മാർ എന്നീ തൊഴിൽ മേഖലകളിൽ പരിശീലനം നല്കുന്നതിനുള്ള കേന്ദ്രം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

17. ഇലക്ട്രോണിക് രംഗത്തെ കുതിച്ചുചാട്ടം കണക്കിലെടുത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണത്തിലും, റിപ്പയറിങ്ങിലും, ആവശ്യമായ പരിശീലനം നല്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുവാൻ ഐ.ടി.സി. / ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

18. വിദേശനാണ്യം നേടാൻ ഏറെ സാദ്ധ്യതയുള്ള പുഷ്പകൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന സംസ്ഥാന ഹോർട്ടികൾച്ചറിന്റെ സഹായത്തോടെ - ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പകൃഷി വ്യവസായികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് ധനസഹായവും, സാങ്കേതിക പരിശീലനവും ലഭ്യമാക്കുക.

19. ക്ഷയോന്മുഖമായ ബോട്ടുനിർമ്മാണം പരിപോഷിപ്പിക്കുന്നതിന് - തടിയും മറ്റു അനുബന്ധഘടകങ്ങളും കുറഞ്ഞ ചിലവിൽ ലഭ്യമാക്കുകയും ഈ രംഗത്ത് കൂടുതൽ തൊഴിലാളികളെ പരിശീലിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ കേന്ദ്രീകൃത ബോട്ടുനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

20. നിലവിലുള്ള ബോട്ടുയാർഡുകൾ പുനർജീവിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വ്യവസായ വകുപ്പിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുക.

21. വ്യവസായ വകുപ്പിന്റെ ഒരു ഓഫീസും, ഉദ്യോഗസ്ഥരും - പഞ്ചായത്തടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുവാൻ നിയോഗിക്കുകയും വ്യവസായികമായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ടി ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

22. സ്വയംതൊഴിൽ പദ്ധതി ഉദാരവൽക്കരിക്കുകയും കൂടുതൽ ചെറുകിട വ്യവസായസംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുകയും ചെയ്യുക.

43

# ഊർജ്ജം

ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗ
ം സംബന്ധിച്ച് പ്രതിപാദിക്കുമ്പോൾ ഗാർഹിക
വശ്യങ്ങൾ വ്യാപാര ആവശ്യങ്ങൾ, കാർഷിക
വശ്യങ്ങൾ, വാണിജ്യാവശ്യങ്ങൾ എന്നിങ്ങനെ
തിരിക്കാം. കൂടുതൽ ഉപഭോഗം ഗാർഹിക ആ
ത്യത്തിനു തന്നെയാണ്. ഷോപ്പുകളിലുംകടകളി
ആയി ഉപയോഗിക്കുന്ന ഊർജ്ജമാണ് രണ്ടാം
ാനത്ത് നിൽക്കുന്നത്. വ്യവസായ സ്ഥാപനങ്ങൾ
രെ കുറവായ പ്രദേശമായതിനാൽ ലഭ്യമാകുന്ന
ദ്യുച്ഛക്തിയുടെ ബഹുഭൂരിഭാഗവും വീടുകളിലെ
യോഗത്തനായി വിനിയോഗിക്കുന്നു. രാത്രിയിലാ
പൊതുവെ വോൾട്ടേജ് ക്ഷാമം ഇരു ദ്വീപുകളി
രൂക്ഷമായി അനുഭവപ്പെടുന്നത്.

ഭക്ഷണം പാകം ചെയ്യുന്നതിന് പൊതുവെ
, മടൽ, കൊതുമ്പ്, കരിയില, പാഴ്മരങ്ങൾ, ചി
വിറക് എന്നിവയാണ് സാധാരണയായി ഉപയോ
ച്ചുവരുന്നത്. 400-ഓളം വീടുകളിൽ പാചകവാത
ഉപയോഗിച്ചുവരുന്നുണ്ട്.

വൈദ്യുതി ക്ഷാമം ഓരോവർഷവും വർദ്ധി
വരുന്നതിനാൽ കൂടുതൽ ജാഗ്രതയോടുകൂടി വൈ
തി ഉപയോഗം പരിമിതപ്പെടുത്തുവാൻ ഓരോ
രനും ബാദ്ധ്യസ്ഥരാണ്. 65 വർഷം മുമ്പ് വൈ
കേന്ദ്രീകരിച്ച് പ്രവർത്തിച്ചരുന്ന സ്വകാര്യസ്ഥാ
മായ ചന്ദ്രിക ഇലക്ട്രിക് കോർപ്പറേഷനിൽനി
ണ് മുൻകാലങ്ങളിൽ വൈദ്യുതി ലഭിച്ചിരുന്നത്.
് ഭരണകാലത്ത് ബോൾഗാട്ടി പാലസ് വരെ വൈ
തി എത്തിയിരുന്നു. ബോൾഗാട്ടി പാലസ് ഒഴിച്ചാൽ
ന്റ് സെബാസ്റ്റ്യൻ പള്ളിയിലാണ് 1-ാം നമ്പർ
ർസ്യൂമറായി വൈദ്യുതി ലഭിച്ചത്. എന്നാൽ ദ്വീ
പിന്റെ മറ്റുഭാഗങ്ങളിലേക്ക് വൈദ്യുതി എത്തിക്കുവാൻ ശ്രമമാരംഭിച്ചത് 1954-ൽ പാലാരിവട്ടം പവ്വർഹൗസിൽ നിന്നാണ്. തുടർന്ന് 1957-ൽ വല്ലാർപാടം പനമ്പുകാട് പ്രദേശത്തും വൈദ്യുതി എത്തിച്ചേർന്നു. വിദേശനിർമ്മിതമായ മറൈൻ കേബിൾവഴിയാണ് ഇരുദ്വീപുകളിലേക്കും വൈദ്യുതി എത്തിച്ചിരുന്നത്. ഇപ്പോൾ മുളവുകാട് ഗ്രാമപഞ്ചായത്ത് നിവാസികൾ മാലിപ്പുറം സബ്സ്റ്റേഷനിലെ ഉപഭോക്താക്കളായി മാറിയിരിക്കുന്നു. 4 എം.വി.എ. ഉത്പാദനശേഷിയുള്ള മാലിപ്പുറം സബ്സ്റ്റേഷനിൽനിന്നും 4200ൽ അധികം പേർക്ക് വൈദ്യുതിവിതരണം ലഭിച്ചുകൊണ്ടിരിക്കുന്നു. അതിനായി 30 കി.മീ. 11 കെ.വി. ലൈനുകളും 269 കി.മീ. ലോടെൻഷൻ ലൈനുകളും 1008 ഓളം പോസ്റ്റുകളും ബോർഡ് ഉപയോഗിച്ചുവരുന്നു. മുളവുകാട് ദ്വീപിൽ മാത്രം 6 ട്രാൻസ്ഫോർമറിൽ നിന്നും 960 കെ.ഡബ്ലിയു.എ. വൈദ്യുതിയും വല്ലാർപാടം ദ്വീപിൽ 5 ട്രാൻസ്ഫോർമറുകളിൽനിന്നായി 680 കെ.ഡബ്ലിയു.എ. വൈദ്യുതിയും വിതരണം ചെയ്തുവരുന്നു. മേൽപറഞ്ഞ വസ്തുതകളിൽ ആമ്പിയറിന്റെ കൃത്യതയുടെ കാര്യത്തിൽ ജനങ്ങൾക്ക് സംശയമുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന വഴിവിളക്കുകളിൽ 60% വിളക്കുകളും പ്രവർത്തനയോഗ്യമാണ് എന്നാണ് അധികാരികൾ അവകാശപ്പെടുന്നത്. പക്ഷേ പഞ്ചായത്ത് മെമ്പർമാർക്ക് നിരന്തരമായി വഴി വിളക്കുകൾ കത്താത്തതു സംബന്ധിച്ച് പരാതികൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. 100% വഴിവിളക്കുകളും ഉപയോഗപ്പെടുത്തുവാൻ വിദ്യുച്ഛക്തി ബോർഡിൽനിന്നും അംഗീകരിച്ചിട്ടുള്ള ലൈസൻസുള്ളവരെക്കൊണ്ട് പഞ്ചായ

ത്ത് മേൽനോട്ടത്തിൽ സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കുവാനും റിപ്പയർ ചെയ്യുന്നതിനും അനുമതി ഉണ്ടാകേണ്ടിയിരിക്കുന്നു.

ഏകദേശം 50ഓളം അപേക്ഷകർ ഇരുദ്വീപുകളിലുമായി ഇലക്ട്രിക് കണക്ഷനുവേണ്ടി അപേക്ഷസമർപ്പിച്ച് കാത്തിരിക്കുകയാണ്. പോസ്റ്റ്ലൈൻ ആവശ്യമുള്ളവർ 4 വർഷം വേറെയും കാത്തിരിക്കേണ്ടിവരും എന്നാണ് ബോർഡ് അധികൃതരിൽനിന്നും അറിയുവാൻ സാധിച്ചത്. അടിയന്തിരമായി കണക്ഷൻ ലഭിക്കാൻ 1996 ജനുവരിവരെയും പണം അടച്ചവർക്ക് കണക്ഷനുകൾ നല്കിക്കഴിഞ്ഞതായി കെ.എസ്.ഇ.ബി. അധികൃതർ അറിയിച്ചു.

മുളവുകാട് ദ്വീപിൽ എറണാകുളത്ത് നിന്നും ലഭ്യമായിരുന്ന ഫീഡർലൈൻ 1980–ഓടെ നിശേഷം നിലച്ച് പോയി. (പുതുതായി മറൈൻ കേബിൾ ലഭ്യമല്ലാത്തതിനാൽ നാളിതുവരെ) നിലവിലുള്ള മാലിപ്പുറം ലൈൻ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ്. പകരം പുതിയ മറൈൻ കേബിൾ ഇടുന്നതിന് ബോർഡ് അധികൃതർ വിമുഖത കാണിക്കുന്നതോടൊപ്പം പുതിയ ഓവർഹെഡ് ലൈൻ വലിക്കുന്നതിനുള്ള നടപടികളും പ്രാവർത്തികമാക്കുന്നില്ല. മാലിപ്പുറത്തുനിന്നുള്ള ലൈൻ നിലക്കുന്ന ദിവസങ്ങളിൽ ഗ്രാമപ്രദേശം ദിവസങ്ങളോളം ഇരുട്ടിലാകുന്നുണ്ട്. 2 മാസത്തിനുമുമ്പ് വടുതല സബ്സ്റ്റേഷനിൽനിന്നും ഓവർഹെഡ് ലൈൻ താന്തോന്നി തുരുത്തിൽ കൂടി വലിച്ച് പൊന്നാരിമംഗലം ഭാഗത്ത് എത്തിച്ചു നിർത്തിയിരിക്കയാണ്. ബോർഡിന്റെ ചില സാങ്കേതിക തടസ്സങ്ങൾ മാറിയാൽ സത്വരമായി വടുതല ഫീഡർ ലൈൻ ഉപയോഗപ്പെടുത്തുവാൻ കഴിയും എന്നാണ് ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുള്ളത്.

മുളവുകാട് ദ്വീപിന്റെ വടക്കുവശത്തായി അരീപറമ്പ് പ്രദേശം കിഴക്കുപടിഞ്ഞാറായി ക്രോസ് ചെയ്ത് കടന്നുപോകുന്ന ഹൈടെങ്ങ്ഷൻ ലൈനിൽനിന്നും 4 എം.വി.എ. കപ്പാസിറ്റിയുള്ള ബൂസ്റ്റർ ട്രാൻസ്ഫോർമർ ടാപ്പ് ചെയ്ത് മിനി സബ്സ്റ്റേഷൻ സ്ഥാപിക്കുവാനും നടപടി ആയിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ 1 ഏക്കർ ഭൂമി പഞ്ചായത്ത് സ്വന്തം ചിലവിൽ കണ്ടെത്തികൊടുക്കണമെന്ന നിബന്ധന നിലനിൽക്കുന്നു.

മുളവുകാട് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക പരാധീനതകളേറെയുള്ളതിനാൽ ഈ ലക്ഷ്യം നിറവേറ്റാൻ ഏറെ കടമ്പകൾ കടക്കേണ്ടതുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പട്ടികജാതി കോളനികൾ ഉള്ളതും ആയതു മുഴവൻ വൈദ്യുതീകരിച്ചു കഴിഞ്ഞിട്ടുള്ളതും ആണ്.

നിത്യേന പ്രഖ്യാപിത പവ്വർകട്ടും അപ്രഖ്യാപിത ലോഡ്ഷെഡിംഗും അനുഭവിക്കുന്ന പൊതുജനങ്ങൾ യാഥാർത്ഥ്യം മനസ്സിലാക്കാതെ പഞ്ചായത്തിനെ കുറ്റപ്പെടുത്തുകയാണ്.

പ്രതിമാസം മുളവുകാട് ഗ്രാമപഞ്ചായത്തിൽനിന്നും 4283 രൂപ വഴിവിളക്ക് പ്രകാശിപ്പിക്കുന്നതിന് അടച്ചുവരുന്നു. മറ്റുവിഭാഗങ്ങളിലായി പൊതുജനങ്ങളിൽ നിന്നായി പ്രതിമാസം 1,16,620 രൂപയും ബോർഡിലേക്ക് നൽകുന്നുണ്ട്. ഈ പഞ്ചായത്ത് പ്രദേശത്ത് നോൺ പേയിംഗ് ഗ്രൂപ്പിൽ (പണമടയ്ക്കാത്ത വിഭാഗം) 204 പേർ ഉണ്ട്. ഇൻഡസ്ട്രിയൽ വിഭാഗത്തിൽ 32 പേരും കോമേഴ്സ്യൽ വിഭാഗത്തിൽ 199 സ്ഥാപനങ്ങളും ഒരു സിനിമാ തീയറ്ററും ഇവിടെ പ്രവർത്തിക്കുന്നു.

ഈ ഗ്രാമപഞ്ചോയത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ധാരാളമുണ്ട്. പലരും വയറിംഗ് നടത്തി കഴിഞ്ഞിട്ടും കണക്ഷൻ കിട്ടാതെ കാത്തിരിക്കു

തായി നിരവധി പരാതികൾ പഞ്ചായത്തിനു കിയിട്ടുണ്ട്. ഔദ്യോഗിക കണക്കുകൾക്കുപരിയായി ളരെയധികം അപേക്ഷകർ നിലവിലുണ്ടെന്നാണ് ഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകൾക്കായി ഉപയോഗിക്കുന്ന ബൾബുകൾ ല്ലനിലവാരമില്ലാത്തവയാകയാൽ സ്ഥാപിക്കുന്ന വസങ്ങളിൽതന്നെ ഫ്യൂസായി പോകുന്ന അവസ്ഥ ാണുള്ളത്. വൈദ്യുതി വിളക്കുകൾക്ക് ഷെയ്ഡുൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് ഹോൾഡറുകളിൽ വെള്ളമിറങ്ങി ഫ്യൂസായി പോകുന്ന അവസ്ഥയും ഉണ്ട്.

വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥിരം സംവിധാനം ആവശ്യമാണ്. കടത്തു കടവുകളിലും ബോട്ടുജെട്ടികളിലും സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിക്കാത്തതിനാൽ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

ഇരുദ്വീപുകളിലും റോഡിന്റെ മദ്ധ്യഭാഗത്തായി നിൽക്കുന്ന പോസ്റ്റുകൾ അരികിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. ജീർണ്ണിച്ച് വീഴാറായി നിൽക്കുന്ന മരപോസ്റ്റുകളും ഏതവസരത്തിലും പൊട്ടിവീഴാവുന്ന അലുമിനിയം ലൈനുകളും ഉടൻ മാറ്റിസ്ഥാപിച്ച് അപകടങ്ങൾ ഒഴിവാക്കേണ്ടതുമാണ്. മാലിപ്പുറം മറൈൻ ലൈൻ ഒഴിവാക്കി ഓവർ ഹെഡ് ലൈൻ സ്ഥാപിച്ച് വല്ലാർപാടം പോഞ്ഞിക്കര വൈദ്യുതി ലൈൻ സത്വരമായി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുക.

## ഗ്രാമസഭകളിൽനിന്നുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും.

1. ഓരോ വാർഡിലും നടപ്പാതകൾക്കരികിലായി ഏറ്റവും ചുരുങ്ങിയത് 80 സ്ട്രീറ്റ് ലൈറ്റുകൾ എങ്കിലും സ്ഥാപിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഉൾപ്രദേശങ്ങളിലേക്ക് 3 ഫേസ് ലൈൻ സ്ഥാപിക്കുക. ഗ്രാമപ്രദേശങ്ങളിൽ വൈകുന്നേരം 6-മണിക്കുശേഷം മോട്ടോറുകൾ ഉപയോഗിക്കുന്നതും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതും കർശനമായി തടയുക.
3. പരീക്ഷണാടിസ്ഥാനത്തിൽ ഇരുദ്വീപുകളുടെയും പടിഞ്ഞാറും കിഴക്കും കായലോരങ്ങളിൽ കാറ്റാടി യന്ത്രങ്ങളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാമ്പത്തിക സഹായവും, സോളാർ പാനൽ ഉപയോഗിച്ച് സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തീക സഹായവും കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ഈ പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ.
4. ഗോശ്രീപദ്ധതി പ്രകാരം ഏറെ വികസനപ്രവർത്തനങ്ങൾ നടത്തേണ്ടിവരുന്ന ഈ പ്രദേശത്ത് ദീർഘവീക്ഷണത്തോടുകൂടിയും ആസൂത്രിതവും ആയ വൈദ്യുതി വിതരണ ശംഖല ആവിഷ്കരിക്കുക.
5. വൈദ്യുതി എത്താത്ത ഭവനങ്ങളെ നോൺ-പേയിംഗ് വിഭാഗത്തിൽപ്പെടുത്തി വൈദ്യുതി നൽകുവാൻ വേണ്ട നടപടികൾ ജനകീയ പങ്കാളിത്തത്തോടെയും സർക്കാരിന്റെ സഹായത്തോടെയും നടപ്പിലാക്കുക.
6. പ്രസാരണ നഷ്ടം ഒഴിവാക്കാൻ വൈദ്യുതി ലൈനിൽ മൂടി നില്ക്കുന്ന മരച്ചില്ലകൾ സമയബന്ധിതമായി മാസംതോറും വെട്ടിമാറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
7. അപകടം ക്ഷണിച്ചുവരുത്തുന്ന ഓപ്പൺ ഫ്യൂസ് കാരിയർ എല്ലാ പോസ്റ്റിലും കാണുന്നു. ഒ

രു കമ്പിയോ വയറോ ഉപയോഗിച്ച് ഫ്യൂസ്കാരിയർ വഴി സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്ന സമ്പ്രദായം അപകടകരമാണ്. ശരിയായ ഫ്യൂസ് കാരിയർ സ്ഥാപിച്ച് – വഴിവിളക്കുകൾ തെളിക്കുന്നതിന് ബോർഡധികൃതർ നടപടി സ്വീകരിക്കുക.

8. ചില ഇടവഴികളിൽ സാമൂഹ്യ വിരുദ്ധരായ ഒരു സംഘമാളുകൾ സ്ട്രീറ്റ് ലൈറ്റുകൾ മനഃപൂർവ്വം കേടുവരുത്തുന്നതായി പരാതിയുണ്ട്. സാമൂഹ്യദ്രോഹപരമായ ഈ പ്രവർത്തികൾ നടത്തുന്നവരെ കയ്യോടെ പിടിച്ച് മാതൃകാപരമായി ശിക്ഷിക്കുവാൻ പോലീസും ജനങ്ങളും സഹകരിച്ച് പ്രവർത്തിക്കണം.

9. ഗോബർ ഗ്യാസ്, ബയോഗ്യാസ് തുടങ്ങിയ ചെലവുകുറഞ്ഞ ഗ്യാസ് ശ്രോതസ്സുകൾ വികസിപ്പിക്കുകയും ആവശ്യക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുക.

10. കറണ്ട് ബിൽ അടക്കുന്നതിന് – നിലവിലുള്ള സൗകര്യം അപര്യാപ്തമായതിനാൽ (10 മണി മുതൽ 3 മണിവരെ സമയങ്ങളിൽ) സ്ഥിരസംവിധാനമെന്ന നിലയിൽ രണ്ടുദ്വീപുകളിലും ഓരോ എക്സ്റ്റൻഷൻ കൗണ്ടർ സ്ഥിരമായി പ്രവർത്തിപ്പിക്കുക.

11. വൈദ്യുത തകരാറുകൾ അപ്പോഴപ്പോൾ പരിഹരിക്കുന്നതിന് ഫലപ്രദമായ സംവിധാനമെന്ന നിലയിൽ ഓരോ സബ് ഓഫീസ് ഇരു ദ്വീപുകളിലും പ്രവർത്തനം ആരംഭിക്കുക.

12. വൈദ്യുത ബോർഡിലെ ഉദ്യോഗസ്ഥൻമാർ കൃത്യനിഷ്ഠയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

13. വൈദ്യുതി ക്ഷാമമുള്ള മേഖലകളിൽ – ഓരോ അഡീഷണൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

14. നിലവിലുള്ള ട്രാൻസ്ഫോർമറുകൾക്കുപകരം – ഉപഭോക്താക്കളുടെ എണ്ണം അനുസരിച്ച് കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

15. ഗാർഹിക ഉപയോഗത്തിന് അനർട്ട് /ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള ക്ഷമതകൂടിയ അടുപ്പുകൾ പ്രഷർ കുക്കർ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും അതിന് പ്രചരണം നടത്തുകയും ചെയ്യുക.

16. 4MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ മുളവുകാട് വടക്കേ ഭാഗത്ത് ഹൈടെൻഷൻ ലൈനിന് സമീപമായി പഞ്ചായത്തിന് 1 ഏക്കർ സ്ഥലം വാങ്ങുവാൻ കേരള സർക്കാർ 20 ലക്ഷം രൂപ അനുവദിക്കേണ്ടതാണ്.

# ഗതാഗതം

ഗ്രാമീണ ജീവിതത്തിന്റെ സമഗ്ര പുരോഗ ക്ക് അത്യന്താപേക്ഷിതമാണ് ഗതാഗതസൗകര്യം.

മുളവുകാട് ഗ്രാമപഞ്ചായത്തിൽ ഇരുദ്വീപു ളിലായി ഓരോ പ്രധാന റോഡുകൾ മാത്രമാണ് ലവിലുള്ളത്. മുളവുകാട് ദ്വീപിലെ റോഡിന് 5 3/4 .മീ. നിളമുണ്ടെങ്കിലും വീതി പലയിടങ്ങളിലും 4 റ്ററിന് താഴെ മാത്രമാണ്. റോഡിന്റെ വീതിവർദ്ധി ക്കാൻ നിരന്തരമായി പഞ്ചായത്തും സാമൂഹ്യ സം ടനകളും ശ്രമിച്ചിട്ടുണ്ടെങ്കിൽ തന്നെ കാര്യമായ തൊരു പുരോഗതിയും ഈ കാര്യത്തിൽ ഉണ്ടാ ട്ടില്ല.

പോഞ്ഞിക്കര മുളവുകാട് റോഡ് മെറ്റൽവി ച്ച് ടാർ ചെയ്യുവാൻ നടപടികൾ ഏറെ നടത്തിയെ ലും കേവലം 1 കി.മീ. മാത്രമാണ് ടാർ റോഡായി പാന്തരപ്പെടുത്തിയിരിക്കുന്നത്. വല്ലാർപാടം പന ുകാട് ദ്വീപിൽ 3 3/4 കിമീ. ദൈർഘ്യമുള്ള പി.ഡ ്യു.ഡി. റോഡ് എം.എൽ.എ. റോഡ് സ്കീമിൽ ർപ്പെടുത്തി ടാർ ചെയ്യാൻ പരിപാടി ഇട്ടിരുന്നു എ ിലും മെറ്റൽപോലും വിരിക്കൻ കഴിയാത്ത അവ ഥയിലാണ്. ട്രാൻസ്പോർട്ടിംഗ് സൗകര്യത്തിന്റെ തികൂല സാഹചര്യങ്ങൾ കൊണ്ടും, ചില സാങ്കേ ിക തടസങ്ങൾ കൊണ്ടും നീണ്ടുപോകുകയാണ്. ഴക്കാലത്ത് ഇരുദ്വീപുകളിലേയും റോഡുകൾ വെ ള്ളക്കെട്ടുകൾ മൂലം കുണ്ടുംകുഴിയുമായിത്തീരുന്ന സർവ്വസാധാരണമാണ്. ഇരുദ്വീപുകളുടെയും ജീ നാഡിയായ റോഡുകൾ ടാർ ചെയ്ത് വാഹനങ്ങൾ ാടിക്കുവാൻ സൗകര്യപ്രദമായവിധം സജ്ജീകരിക്കു . എന്നുള്ളതിന് ഏറെ പ്രാധാന്യം കൊടുത്തിട്ടു ്.

ദ്വീപുകളിലെ ഉൾപ്രദേശങ്ങളിലേക്ക് നിരവ ി നടപ്പാതകൾ ഉണ്ടെങ്കിൽതന്നെയും പലയിടങ്ങ ിലും പൊട്ടിപ്പൊളിഞ്ഞ് മണ്ണൊലിച്ച് സഞ്ചാരയോ ്യമല്ലാത്ത അവസ്ഥയിലാണ് കാണപ്പെടുന്നത്.

പ്രധാനറോഡുകളിലും ഉൾറോഡുകളിലും ലക്ഷകണക്കിനു രൂപയുടെ ഗ്രാവൽ റോഡുകൾ നിർമ്മിച്ചിരുന്നെങ്കിലും ഓരോ കാലവർഷം കഴിയു ന്തോറും ഗ്രാവൽ മുഴുവൻ ഒഴുകിപ്പോയി സഞ്ചാര യോഗ്യമല്ലാതായി തീരുന്നു. ആയതിനാൽ ഉൾപ്രദേ ശങ്ങളിലേക്കുള്ള റോഡുകൾ എല്ലാം തന്നെ കോൺക്രീറ്റ് റോഡുകളാക്കി മാറ്റുവാനാണ് തീരു മാനിച്ചിട്ടുള്ളത്.

ദ്വീപിനു ചുറ്റുമായി പുറമ്പോക്ക് കായൽ നികത്തി മുളവുകാട്, റിംഗ് ബണ്ട് റോഡുകൾ സ്ഥാ പിക്കുന്നത് കൂടുതൽ പ്രയോജനപ്രദമാണ്. അതു പോലെതന്നെ ഉപ്പുവെള്ള കെടുതിയിൽനിന്നും വ ല്ലാർപാടം പനമ്പുകാട് ദ്വീപിനെ രക്ഷപ്പെടുത്തുവാൻ പ്രൊട്ടക്ഷൻ വാളും റിംഗ് ബണ്ട് റോഡും ശുപാർശ ചെയ്തിട്ടുണ്ട്.

ടാറിംഗ് പൂർണ്ണമായി നടത്തുവാൻ കഴിയാ ത്തതിനാൽ മുളവുകാട് റോഡ് കോൺക്രീറ്റ് ചെയ്ത് ഉപയോഗപ്പെടുത്തുവാനും ശ്രമങ്ങൾ നടക്കുന്നുണ്ട്.

വല്ലാർപാടം പനമ്പുകാട് ദ്വീപിലെ റോഡു കളുടെ ഇന്നത്തെ അവസ്ഥ ഏറെ ശോചനീയമാ ണ്. ബോട്ട് ജട്ടികളിൽനിന്ന് സാധനങ്ങൾ ദീർഘദൂ രം ഭാരവണ്ടികളിലോ, തലച്ചുമടായോ കൊണ്ടുപോ കേണ്ട അവസ്ഥയിൽനിന്നും ഇന്നും മോചനം ലഭി ച്ചിട്ടില്ല. പൊതുവെ സാധനസാമഗ്രികളുടെ ഇരട്ടിയോ ളം സംഖ്യ ട്രാൻസ്പോർട്ടിംഗ് ആവശ്യത്തിലേക്ക് ചിലവഴിക്കേണ്ടിവരുന്നുണ്ട്. ഉപ്പുവെള്ളം കയറാത്ത വിധം ഇരുവശങ്ങളിലും കരിങ്കൽ ചിറകെട്ടി നിലവി ലുള്ള തോടുകൾ ആഴം വർദ്ധിപ്പിച്ച് ഇക്കാര്യത്തിന് പരിഹാരം കാണാവുന്നതാണ്. മുളവുകാട് ദ്വീപിലും ഉപയോഗശൂന്യമായി കിടക്കുന്ന തോടുകൾ ആഴം വർദ്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്.

മുളവുകാട് ദ്വീപിൽ 12 കിലോമീറ്റർ ഉൾതോ ടുകൾ ആഴം വർദ്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കേണ്ട തും വല്ലാർപാടം പനമ്പുകാട് ദ്വീപിൽ 8 കിലോമീ റ്റർ ദൈർഘ്യത്തിൽ ആഴം വർദ്ധിപ്പിച്ച് ഗതാഗത

സൗകര്യം മെച്ചപ്പെടുത്തേണ്ടതുമാണ്. വല്ലാർപാടം പള്ളിക്ക് പടിഞ്ഞാറ്വശമായി കണ്ടെയ്നർ ടെർമിനലിനായി നികത്തിയെടുത്തിട്ടുള്ള സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള തോട് ഭാഗികമായി മാത്രം എത്തിനിൽക്കുന്നതിനാൽ സഞ്ചാരികൾക്കും തീർത്ഥാടകർക്കും യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. വല്ലാർപാടം ദ്വീപിനും കണ്ടെയ്നർ ടെർമിനൽ പ്രദേശത്തിനും ഇടയ്ക്കായി ബോട്ടുകൾക്ക് കൂടി യാത്ര ചെയ്യുവാൻ പര്യാപ്തമായ വിധം ഒരു തോട് നിർമ്മിക്കുക എന്ന പൊതുജനങ്ങളുടെ ആവശ്യം ഇന്നും പരിഹാരം കാണാതെ അവശേഷിക്കുന്നു.

ഗോശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി തന്നെ പോഞ്ഞിക്കരയിൽനിന്നും മുളവുകാട് ദ്വീപിന്റെ പടിഞ്ഞാറ് വശത്തുകൂടി വടക്കോട്ട് വലിയ കടമക്കുടി - പിഴല - ചരിയംതുരുത്ത് ഭാഗങ്ങൾ പിന്നിട്ട് ചാത്തനാട് വഴി എൻ.എച്ച്-17ൽ എത്തിച്ചേരുന്ന റോഡ് നിർമ്മാണം പൂർത്തിയാക്കേണ്ടത് ഏറെ അനിവാര്യമാണ്. ചതുപ്പ് നിലങ്ങൾ നികത്തിയെടുത്ത് വളരെ ചിലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കാവുന്ന ഈ റോഡ് പ്രാവർത്തികമാക്കിയാൽ വികസനം തൊട്ട് തീണ്ടിയിട്ടില്ലാത്ത ഈ ദ്വീപുകൾക്ക് വിസ്മയകരമായ പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്. അതുപോലെ തന്നെ മുളവുകാട് 6-ാം വാർഡിന്റെ കിഴക്ക് ഭാഗം മൂലംപിള്ളിയുമായി ബന്ധിപ്പിക്കുന്ന ഒരു ചെറിയ കൽവെർട്ട് കൊണ്ട് റോഡുമാർഗ്ഗം ബന്ധപ്പെടുത്തിയാൽ കടമക്കുടി പഞ്ചായത്തിൽപെടുന്ന മൂലംപിള്ളി, പിഴല പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് എറണാകുളവുമായി ബന്ധപ്പെടുവാൻ ചെലവുകുറവും സമയലാഭവും ഉള്ളതുമായ സഞ്ചാരമാർഗ്ഗം തുറന്നുകിട്ടും.

**മുളവുകാട് ദ്വീപിന്റെ സമഗ്രമായ വികസനത്തിന് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1. ബോൾഗാട്ടി പാലസിന് വടക്കുവശം മുതൽ വടക്കോട്ട് സെന്റ് ആന്റണീസ് കോൺവെന്റ് വരെ പ്രധാന റോഡിന് സമാന്തരമായി ദ്വീപിന്റെ പടിഞ്ഞാറുവശത്തുകൂടെ ഒരു സമാന്തര റോഡ് നിർമ്മിച്ച് നിലവിലുള്ള റോഡുമായി ബന്ധിപ്പിക്കുക. 2. നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ പ്രൊട്ടക്ഷൻ വാൾ റിപ്പയർ ചെയ്ത് ബലപ്പെടുത്തി (ടാർ ചെയ്ത ഭാഗം കഴിഞ്ഞുള്ള) മുളവുകാട് അറ്റംവരെ ടാർ റോഡ് ആയി സൗകര്യപ്പെടുത്തുകയോ കോൺക്രീറ്റ് റോഡായോ സൗകര്യപ്പെടുത്തുകയോ ചെയ്യുക. 3. പഞ്ചായത്തിലെ എല്ലാ ഇടവഴികളും കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക. 4. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ ഇടവഴികളിലും മെയിൻ റോഡിലും കാനകൾ സ്ഥാപിക്കുക. 5. പോഞ്ഞിക്കര ഭാഗത്ത് ഉണ്ടാകുന്ന ഗതാഗതതിരക്ക് കണക്കിലെടുത്ത് റോഡുകളുടെ വീതി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുക. 6. എറണാകുളത്ത് നിന്നും ഇരുദ്വീപുകളിലേക്കുള്ള ബോട്ടുകളുടെ യാത്രാസമയം പുനർക്രമീകരിക്കുകയും കൂടുതൽ ബോട്ടുകൾ ഓടിക്കുവാൻ സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. 7. വടുതല ഭാഗത്തുനിന്നും പടിഞ്ഞാറോട്ട് കൊറുങ്കോട്ട ദ്വീപിലൂടെ, ചതുപ്പുനിലങ്ങൾ നികത്തി ചെറിയപാലംകൊണ്ടോ ചങ്ങാടം കൊണ്ടോ മുളവുകാട് ദ്വീപിനെ പട്ടണവുമായി ബന്ധപ്പെടുത്തുക. 8. അഞ്ചാം വാർഡിൽ കളിസ്ഥലത്തിൽ നിന്നും പോൾ അമ്പ്രോയുടെ ചെമ്മീൻ കെട്ട് സ്ഥലത്തിന് പരിസരത്തുകൂടി പനമ്പുകാടുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുകയും ഇരുദ്വീപുമായി റോഡ്-പാലം വഴി സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുക.

9. നിലവിൽ എറണാകുളത്ത് നിന്നും ആരംഭിക്കുന്ന കിൻകോ ബോട്ട് പനമ്പുകാട് വടക്കേ അറ്റംവരെ നീട്ടി യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം ബോട്ടു സർവ്വീസുകളുടെ എണ്ണവും വർദ്ധിപ്പിക്കുക. 10. ബോൾഗാട്ടി പാലസിന്റെ വടക്കു പടിഞ്ഞാറ് വശത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ബോട്ട് ജെട്ടി പുനരുദ്ധരിച്ച് ചങ്ങാടത്തോട് കൂടിയ ബോട്ട് അടുക്കാവുന്ന ബോട്ടുജെട്ടിയായി രൂപാന്തരപ്പെടുത്തുക. 11. എറണാകുളം പോഞ്ഞിക്കര വല്ലാർപാടം ചങ്ങാടം സർവ്വീസ് ആരംഭിക്കത്തക്കവി

വല്ലാർപാടത്തും ചങ്ങാടം ജെട്ടി പണിയുക. കിൻകോയുടെ എറണാകുളം വൈപ്പിൻ ജങ്കാർ ർവ്വീസ് വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്ര ശത്ത് ടച്ച് ചെയ്യുവാൻ ജട്ടി സംവിധാനം ഉണ്ടാ ുക. 13. കൊച്ചിൻ പോർട്ടിന്റെ അധീനതയിലുള്ള സ്തുത ഭാഗത്തുനിന്നും വല്ലാർപാടം പഴയജെട്ടി ലേക്ക് റോഡ് നിർമ്മിക്കുവാൻ ആവശ്യമായ നട ി സ്വീകരിക്കുക. 14. എസ്.ഡബ്ലിയു.ടി.ഡി. ബോ കളിൽ നൽകുന്ന രീതിയിൽ വിദ്യാർത്ഥികൾക്ക് ൻസെഷൻ കിൻകോ ബോട്ടിലും നൽകുവാൻ ടിയന്തിര നടപടികൾ സ്വീകരിക്കുക. 15. കാലാ ലങ്ങളിൽ വരാപ്പുഴ – എറണാകുളം ബോട്ട് റൂട്ടി ം ചാത്തനാട് – എറണാകുളം ബോട്ട് റൂട്ടിലും റി ഷൻ നടപ്പിലാക്കുക. 16. രാത്രികാലങ്ങളിൽ 10 മ ിക്ക് ശേഷവും പോഞ്ഞിക്കര – എറണാകുളം ഫെറിബോട്ട് സർവ്വീസുകൾ ഓടിക്കുവാൻ നടപടി ൾ സ്വീകരിക്കുക. 17. മച്ചുവ കൂലി നിശ്ചയിച്ച് പര ്യം ചെയ്യുക. 18. അമിത കൂലി ഈടാക്കുന്നത് ർത്തലാക്കുക. 19. ഒഴിവ് ദിവസങ്ങളിൽ ബോട്ടു ൾ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ട്രിപ്പ് മുടക്കുന്നത് വസാനിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

20. തുലാം, വൃശ്ചികം, ധനു, മകരം മാസ ളിൽ ഈ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കരകവി ത്തൊഴുകി വീടുകളിൽ വരെ ഉപ്പുവെള്ളം കയറു വസ്തുത കണക്കിലെടുത്ത് പ്രൊട്ടക്ഷൻ വാൾ ർമ്മാണം ഉടനെ ആരംഭിക്കുക. 21. വൈപ്പിൻ എ ണാകുളം പാലങ്ങൾ പണിത് മുളവുകാട് ഗ്രാമപ ്ചായത്തിലെ ഗതാഗത പ്രശ്നം സത്വരമായി പരി രിക്കേണ്ടതാണ്.

22. ഫെറിസമയത്തിനു ശേഷം മച്ചുവായിൽ ാത്രചെയ്യുന്നവരുടെ സുരക്ഷിതത്വം കണക്കിലെ ത്ത് ബോട്ട് ഓണേഴ്സ് അസോസിയേഷനുമായി ൂലോചിച്ച് ഉചിതമായ നിരക്കിൽ രാത്രി സർവ്വീ ് ആരംഭിക്കാൻ നടപടി സ്വികരിക്കുക. 23. രാത്രി ാലങ്ങളിൽ മച്ചുവാ യാത്ര അപകടകരമായ രീതി ിൽ ഓവർലോഡു കയറ്റുന്നത് നിയന്ത്രിക്കുവാൻ ടപടി സ്വീകരിക്കുക. 24. രാത്രികാലങ്ങളിൽ ഓടു ന്ന മച്ചുവാ കൃത്യമായി ഓടുന്നു എന്ന് ഉറപ്പുവരു ത്തുക.

25. ഗോശ്രീപദ്ധതിപ്രകാരം പാലങ്ങളുടെ പണി ഉടൻ ആരംഭിക്കുവാൻ അധികാരികളോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു.

26. നിർദ്ദിഷ്ടമായ കണ്ടെയ്നർ ടെർമിനലി ന്റെ പണി ആരംഭിക്കുന്നതിന് കൊച്ചിൻ പോർട്ട് അ ധികാരികളോടും, തുറമുഖ വകുപ്പിനോടും ഉപരിത ല ഗതാഗതവകുപ്പിനോടും അഭ്യർത്ഥിക്കുന്നു.

27. ജലോത്സവം പ്രമാണിച്ച് ദ്വീപു നിവാ സികളുടെ യാത്രമുടക്കുന്ന സ്ഥിരം പതിവിൽ ജന ങ്ങൾക്ക് ശക്തിയായ അമർഷവും എതിർപ്പും ഉണ്ട്. ഫെറി സർവ്വീസിന്റെ നടത്തിപ്പിനെ ബാധിക്കാത്ത വിധം ജലമേള സൗകര്യപ്രദമായ സ്ഥലത്തേക്ക് മാ റ്റി നടത്തുക.

28. ദ്വീപുനിവാസികളുടെ പ്രധാന യാത്രാ സൗകര്യമായ ബോട്ടുസർവ്വീസ് കൃത്യമായും കാര്യക്ഷമമായും നടത്തുന്നു എന്ന് ഉറപ്പാക്കുക. 29. പ്രത്യേക ആവശ്യങ്ങൾക്കായി സർവ്വീസ് ബോട്ട് ഉപയോഗിക്കുന്നതുമൂലം ട്രിപ്പുകൾ ക്യാൻസൽ ചെ യ്യുന്ന ബോട്ടുടമകളുടെ നടപടി അവസാനിപ്പിക്കുക. 30. ബന്ദു ദിനങ്ങളിൽ അത്യവശ്യ കാര്യങ്ങൾക്കുപോ ലും മറ്റുപ്രദേശങ്ങളിലെ ജനങ്ങളെപ്പോലെ കാൽന ടയായിട്ടെങ്കിലും പോകാൻ കഴിയാത്ത ദ്വീപുനിവാ സികളുടെ ഏക സഞ്ചാരമാർഗ്ഗമായ ഫെറി സർവ്വീ സ് സ്തംഭിപ്പിക്കുന്ന നടപടികൾ ഒഴിവാക്കാൻ എ ല്ലാ കക്ഷി രാഷ്ട്രീയക്കാരുടേയും സഹകരണവും ഉറപ്പും പരസ്യപ്രസ്താവന വഴി ജനങ്ങളെ അറിയി ക്കുക.

31. പോഞ്ഞിക്കര – പൊന്നാരിമംഗലം മേ ഖലയിൽ നിലവിലുള്ള റോഡിന്റെ ഇരുവശവും അ നധികൃതമായി കയ്യേറിയതുമൂലം വീതികുറഞ്ഞ് വാ ഹനസഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്. ഇതിന് പരിഹാ രം ഇപ്രകാരം കയ്യേറ്റം നടത്തിയവർ സ്വമേധയാ സ്ഥലം വിട്ടുകൊടുത്ത് പഞ്ചായത്തുമായി സഹക രിക്കുക.

# കുടിവെള്ളവും - പൊതുജനാരോഗ്യവും

ആരോഗ്യ പരിപാലന കാര്യങ്ങളിൽ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാൾ കേരളം മുൻപന്തിയിൽ എത്തിനിൽക്കയാണ്. അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ പ്രധാന വൈദ്യശാസ്ത്ര വിഭാഗങ്ങളിൽ വിവരണാതീതമായ പുരോഗതി കേരളത്തിന് കൈവരിക്കൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ പഞ്ചായത്തിലും ഇവയിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ എല്ലാ വിഭാഗത്തിലുമുള്ള ഡിസ്പൻസറിയോ, ആശുപത്രിയോ കാണാവുന്നതാണ്. പ്രാഥമീക ആരോഗ്യ കേന്ദ്രങ്ങളിലൂടെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് സംസ്ഥാനത്തിന്റെ ബജറ്റിൽ 17%-ൽ അധികം ചിലവഴിക്കപ്പെടുന്നുണ്ട്. കുടുംബാസൂത്രണ കേന്ദ്രങ്ങളിലൂടെ അനിയന്ത്രിതമായിരുന്ന ജനപ്പെരുപ്പം തടയുവാനും കുടുംബക്ഷേമം ഉറപ്പുവരുത്തുവാനും അതുവഴി ശിശുമരണനിരക്ക് വളരെ കുറയുവാനും ഇടവന്നിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ഏറെ ശ്രദ്ധിച്ചുവരുന്നുണ്ട്. മുളവുകാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മുളവുകാട് ദ്വീപിൽ ഒരു മാതൃശിശു സംരക്ഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ കുഞ്ഞുകുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഏറെ സഹായ പരിചരണമാണ് ലഭിച്ചുവരുന്നത്. ഈ ദ്വീപിൽ ഒരു ഹെൽത്ത് സെന്റർ, പഞ്ചായത്തിൽനിന്നും പണിതു നല്കിയ കെട്ടിടത്തിൽ 1992 മുതൽ പ്രവർത്തനം ആരംഭിച്ചു. അതിനുമുമ്പ് വാടക കെട്ടിടത്തിലാണ് ഇവിടെ ഹെൽത്ത് സെന്റർ പ്രവർത്തിച്ചിരുന്നത്. മുളവുകാട് പ്രൈമറി ഹെൽത്ത് സെന്റർ സംസ്ഥാന സർക്കാരിന്റെ തീരദേശ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്പോൾ ഇവിടെ ഒ.പി. മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ഒരുദിവസം ശരാശരി 100-നും 150-നും ഇടയ്ക്ക് രോഗികൾ ചികിത്സയ്ക്കായി എത്താറുണ്ട്. വിദഗ്ദ്ധ ചികിത്സ ആവശ്യമായിവരുന്നവരെ റഫർ ചെയ്തുവരുന്നു. ചാർജ്ജുള്ള മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിൽ ഒരു മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, ക്ലാർക്ക്, പ്യൂൺ, ഹോസ്പിറ്റൽ അറ്റൻഡർ, നേഴ്സിംഗ് അസിസ്റ്റന്റ്, സ്വീപ്പർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥർ ജോലിചെയ്തുവരുന്നു. എല്ലാ ബുധനാഴ്ചകളിലും കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പ്പ്, ഗർഭിണികൾക്കുള്ള കുത്തിവയ്പ്പ് എന്നിവ നടത്തുന്നു. ക്ഷയം, ഡിഫ്ത്തീരിയ, വില്ലൻചുമ, ടെറ്റനസ്, പിള്ളവാതം, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരെയാണ് കുത്തിവയ്പ് നടത്തുന്നത്. കുട്ടികൾക്കുണ്ടാകുന്ന വിളർച്ച തടയുവാൻ അയേൺ ആന്റ് ഫോളിക് ആസിഡ് ഗുളികകൾ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ കുട്ടികൾക്ക് കാഴ്ച വൈകല്യവും - കാര എന്ന അസുഖവും ഉണ്ടാകാതിരിക്കാൻ വൈറ്റമിൻ-എ സൊല്യൂഷൻ വ്യത്യസ്ത സ്ഥലങ്ങളിൽ വച്ച് 6 മാസത്തിൽ ഒരിക്കൽ നൽകിവരുന്നു.

ഈ പരിപാടിയുടെ ശരിയായ നടത്തിപ്പിന് ഫീൽഡ് സ്റ്റാഫ് വീടുകളിൽ പോയി ഗർഭിണികളെയും കുട്ടികളെയും ബോധവൽക്കരിക്കുന്നുണ്ട്. കുത്തിവെയ്പിന് ആവശ്യമായ മരുന്നുകൾ എറണാകുളം ജില്ലാ മെഡിക്കൽ സ്റ്റോറിൽനിന്നും എടുത്ത് ഹെൽത്ത് സെന്ററിലെ ഐ.എൽ.ആർ(ഐസ് ലൈൻസ് റഫ്രിജറേറ്റർ)-ൽ സൂക്ഷിക്കുന്നു. പുറത്തേക്ക് കൊണ്ടുപോകേണ്ടിവരുമ്പോൾ ഐസ് പാക്ക് നിറച്ച പായ്ക്കിംഗ് കാരിയറിൽ കൊണ്ടുപോകുന്നു.

പകർച്ചവ്യാധികൾക്കുള്ള ലക്ഷണം കാണു

51

ാണെങ്കിൽ തത്സമയം ഡി.എം.ഒ.യ്ക്ക് റിപ്പോർട്ട് ർകുകയും ആവശ്യമായ മുൻകരുതൽ എടുക്കു ും ചെയ്യുന്നു. ജനങ്ങൾക്ക് ആവശ്യമായ ആരോ വിദ്യാഭ്യാസം പതിവായി ഇവിടെ നൽകിവരുന്നു. കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ഇവിടു െ എല്ലാ സ്കൂളിലെയും കുട്ടികളെ വൈദ്യപരി ാധനയ്ക്ക് വിധേയമാക്കിയും 5-ാം ക്ലാസിലേയും ാം ക്ലാസിലേയും കുട്ടികൾക്ക് പ്രത്യേകം കുത്തി പ്പ് നടത്തിവരുന്നു. ഈ ദ്വീപിലെ അംഗൻവാടി ലെ കുട്ടികളെ വൈദ്യപരിശോധനയ്ക്ക് വിധേയ ുന്നുണ്ട്. എല്ലാമാസവും ബന്ധപ്പെട്ടവർ കുട്ടി ുടെ ആരോഗ്യ കാരണങ്ങളെക്കുറിച്ച് അന്വേഷി നടപടി നടത്തിവരുന്നു.

കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമാ ഗർഭനിരോധന ഉറകളും ഗുളികകളും ആവശ്യ ാ നിർദ്ദേശങ്ങളും നൽകിവരുന്നു. താത്കാലിക ാ ഗർഭനിരോധന മാർഗമായ CUT ഇടുന്നതിനു സേവനം ലഭ്യമാക്കുന്നു. വന്ധീകരണത്തിനുള്ള ഗ്ഗനിർദ്ദേശങ്ങളും സേവനങ്ങളും നൽകിവരുന്നു

Permanent Acceptors of Family Planning hods of Mulavukad Panchayath.

**C MULAVUKAD**

| | | |
|---|---|---|
| actomy | - | 16 |
| roscopy | - | 306 |
| S | - | 636 |

**C VALLARPADAM**

| | | |
|---|---|---|
| actomy | - | 25 |
| roscopy | - | 292 |
| S | - | 185 |

കേരളത്തിനു പുറത്തുപോയിവരുന്ന ചില ൽ മലമ്പനിരോഗം ബാധിച്ചുവരുന്നതായി കാണു ണ്ട്. ഇങ്ങനെയുള്ള രോഗികളെയും കുടുംബാം ഗങ്ങളേയും പ്രത്യേകനിരീക്ഷണത്തിൽ രക്തപരി ശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഗുരുതരമായ സാ ഹചര്യങ്ങളിൽ പരിസരവാസികൾക്കും ചികിത്സ ന ടത്താറുണ്ട്. കൂടാതെ കൊതുകു നിവാരണത്തിന് ഫോളോ അപ്പ് ചികിത്സാ സർവീസ് നടത്തി വരു ന്നു. മഴക്കാലങ്ങളിൽ ഇവിടെ പ്രധാനമായും വയ റിളക്ക രോഗങ്ങൾ കണ്ടുവരുന്നു. അതിന് ഒ.ആർ. എസ്. (ഓറൽ റിഹൈഡ്രേഷൻ സോൾട്ട്) പാക്കറ്റു കൾ അംഗൻവാടികളിലും മറ്റുള്ളവർക്കും ലഭ്യമാക്കു ന്നു. കിണറുകൾ ക്ലോറിനേറ്റ് ചെയ്യുവാനും, തിളപ്പി ച്ച വെള്ളം മാത്രം കുടിക്കുവാനും പൊതുജനങ്ങ ളെ ഹെൽത്ത് സെന്ററിൽനിന്നും പ്രേരിപ്പിക്കുന്നുണ്ട്. വേനൽക്കാലത്ത് ചിക്കൻപോക്സ് കണ്ടുവരുന്നുണ്ട്. ചില കുട്ടികളിൽ അപൂർവ്വമായി അഞ്ചാംപനിയും മുണ്ടിനീരും കണ്ടുവരുന്നുണ്ട്. ചെങ്കണ്ണ് പടർന്നു പിടിക്കാറുണ്ട്.

ഇപ്പോൾ 10 കിടക്കകളോടുകൂടിയ ആശുപ ത്രി കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ആ വശ്യമായ സാധനസാമഗ്രികളും സ്റ്റാഫിനെയും ല ഭ്യമാക്കുവാനും കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷനും വാട്ടർ കണക്ഷനും ലഭ്യമാക്കുവാനും തീവ്രശ്രമങ്ങൾ നടത്തിവരുന്നു.

വല്ലാർപാടം ദ്വീപിൽ ഒരു അലോപതി ആ ശുപത്രി, ഒരു ഹോമിയോ ആശുപത്രി, ആയുർവ്വേ ദാശുപത്രി എന്നിവ വാടക കെട്ടിടത്തിൽ പ്രവർത്തി ച്ചുവരുന്നുണ്ട്. അതിൽ അലോപ്പതി ആശുപത്രിക്ക് 5 ലക്ഷം രൂപയും ആയുർവ്വേദാശുപത്രിക്ക് 3 ലക്ഷം രൂപയും പഞ്ചായത്തിന് സ്വന്തമായുള്ള 58 സെന്റ് സ്ഥലത്ത് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭി ച്ചിരിക്കുകയാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ 3 വി ഭാഗം ആശുപത്രികളും വല്ലാർപാടം ദ്വീപുനിവാസി കളുടെ ആരോഗ്യപരിപാലന കാര്യങ്ങളിൽ അതീ വ ശ്രദ്ധനൽകി പ്രവർത്തിച്ചുവരുന്നു. പാരമ്പര്യ വൈ ദ്യന്മാരുടെ ചികിത്സകൾ ഇരുദ്വീപുകളിലും ക്ഷയി

ച്ചു വരികയാണ്. അവരെ നിലനിർത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ സർക്കാരിൽനിന്നോ ത്രിതല പഞ്ചായത്തിൽനിന്നോ നൽകേണ്ടതാണ്.

## കുടിവെള്ളം

ഇരുദ്വീപുകളിലേയും കുടിവെള്ളത്തിന്റെ മുഖ്യ ശ്രോതസ്സ് ഇവിടെ ഉണ്ടായിരുന്ന കുളങ്ങളും കിണറുകളും ആയിരുന്നു. ഇതിൽ 80%വും ഇന്ന് ഉപയോഗശൂന്യമായ അവസ്ഥയിൽ ആണ്. ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ട ദ്വീപിൽ ഉപയോഗ പ്രദമായ ശുദ്ധജല ലഭ്യത കുറവാണ്. ജനങ്ങൾ കുടിവെള്ളത്തിനായി കൊച്ചിൻ കോർപ്പറേഷനിലേക്കും ചേരാനല്ലൂർ പഞ്ചായത്ത് പ്രദേശത്തേക്കും പരക്കം പായുന്നുണ്ട്. എറണാകുളത്തുനിന്ന് വൈപ്പിൻ ദ്വീപിലേക്ക് പോകുന്ന പ്രധാന പൈപ്പ്ലൈൻ ഇരു ദ്വീപുകളെയും കടന്നാണ് പോകുന്നതെങ്കിലും മുളവുകാട് ഗ്രാമനിവാസികൾക്ക് കാര്യമായ പ്രയോജനം ഇല്ലാത്ത അവസ്ഥയാണ്. മുളവുകാട് ഗ്രാമപഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ഉപഭോക്താക്കൾ കുറഞ്ഞ കാലഘട്ടത്തിൽ, സ്ഥാപിച്ചിരുന്ന പൈപ്പുകളല്ലാതെ കൂടുതലായി പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടില്ല. ആദ്യകാലത്തുണ്ടായിരുന്നതിന്റെ 60 ഇരട്ടിയിൽ അധികം ഉപഭോക്താക്കൾ വർദ്ധിച്ചു കഴിഞ്ഞിട്ടും വർദ്ധനവിനനുസൃതമായ വ്യാസം കൂടിയ ലൈനുകൾ സ്ഥാപിക്കാത്തതാണ് ജലദൗർലഭ്യത്തിന്റെ മുഖ്യകാരണം.

പഞ്ചായത്ത് പ്രദേശത്ത് 225 പൊതു ടാപ്പുകൾ ഉള്ളതും ആയതിന് ഒരു ടാപ്പിന് 875 രൂപ പ്രകാരം പ്രതിമാസം 16,406 രൂപ സർക്കാരിലേക്ക് അടച്ചുവരുന്നു.

## കക്കൂസ്

കാലാകാലങ്ങളായി കായലോരങ്ങളിൽ സ്ഥാപിച്ച കക്കൂസുകളും തുറസായ സ്ഥലങ്ങളും ആണ് മലവിസർജ്ജനത്തിന് ഉപയോഗിച്ചുവരുന്നത് കുഴി കക്കൂസുകളും ഉപയോഗിക്കുന്നുണ്ട്. സേഫ്ടി ടാങ്ക് ഉപയോഗിച്ചുള്ള കക്കൂസ് കേവലം 28% കുടുംബങ്ങളിൽ മാത്രമേയുള്ളൂ. പതിവായി തോടുകളിലും ചാലുകളിലും കക്കൂസുകൾ സ്ഥാപിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. ഇതുമൂലമുണ്ടാകുന്ന ജലമലിനീകരണം അതീവ ഗുരുതരാവസ്ഥയിലാണ്. ഉപ്പുവെള്ളം കയറാതിരിക്കാൻ ബണ്ടുകൾ കെട്ടിക്കഴിയുമ്പോഴേക്കും ഉൾപ്രദേശങ്ങളിൽ മുഴുവൻ മാലിന്യങ്ങൾ കെട്ടികിടന്ന് അസഹ്യമായ ദുർഗന്ധവും പരിസര മലിനീകരണവും സൃഷ്ടിക്കുന്നുണ്ട്. ഇതുമൂലം തന്നെ കൊതുകു ശല്യം വർദ്ധിക്കുന്നതായും നിരന്തര പരാതികൾ ഉണ്ടാവാറുണ്ട്. ഓരോ വാർഡിലും ശരാശരി 200 two pit കക്കൂസുകൾ എങ്കിലും സൗജന്യമായി നിർമ്മിച്ചുകൊടുത്താൽ മാത്രമെ ഇതിന് ഒരു താത്കാലിക പരിഹാരമെങ്കിലും ആകുകയുള്ളൂ. ഓരോ കക്കൂസ് നിർമ്മാണത്തിനും ഇവിടത്തെ ട്രാൻസ്പോർട്ടിംഗ് ചിലവുകൾ കണക്കാക്കി വരുമ്പോൾ ഏറ്റവും ചുരുങ്ങിയത് 5000 രൂപയെങ്കിലും ചിലവുവരുന്നതാണ്.

ദ്വീപുകളുടെ പ്രത്യേക സാദ്ധ്യതകൾ കണക്കിലെടുത്ത് 2 സ്ലോട്ടർ ഹൗസുകൾ സ്ഥാപിച്ച് റോഡരികിൽ മൃഗങ്ങളെ കശാപ്പു ചെയ്യുന്ന പ്രവണതയും അതുവഴിയുണ്ടാകുന്ന പരിസരമലിനീകരണവും ഒഴിവാക്കാവുന്നതാണ്.

## ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലേയും നിലവിലുള്ള പൊതു കുളങ്ങളും കിണറുകളും അറ്റകുറ്റ പണികൾ ചെയ്ത് ഉപയോഗപ്രദമാക്കുക.
2. സൗജന്യമായി സ്ഥലം ലഭിക്കുന്ന മുറക്ക് പൊതുകിണറുകൾ സ്ഥാപിക്കുക.
3. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കർശനമായ നടപടികൾ എടുത്ത് കൊതുകുനിവാരണം നടത്തുക.

കൊതുകുനിവാരണത്തിന് മരുന്നുതളി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുക.

കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ സൗജന്യ നിരക്കിൽ നിർമ്മിച്ചു നൽകുക.

വല്ലാർപാടം പനമ്പുകാട് ദ്വീപിൽ ഏറ്റവും ചുരുങ്ങിയത് 10 കിടക്കകളോടു കൂടിയ അലോപതി ആശുപത്രി സ്ഥാപിക്കുക.

മുളവുകാട് ദ്വീപിൽ നിലവിലുള്ള വാട്ടർ ടാങ്ക് കപ്പാസിറ്റി വർദ്ധിപ്പിച്ച് പ്രവർത്തന ക്ഷമമാക്കുക.

നിലവിലുള്ള പൈപ്പ് ലൈൻ ഉപഭോക്താക്കളുടെ വർദ്ധനവ് അനുസരിച്ച് വ്യാപ്തി കൂടിയ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല ദൗർലഭ്യം പരിഹരിക്കുക.

നിലവിലുള്ള ശുദ്ധജല വിതരണപദ്ധതി ഈ ദ്വീപുകൾക്ക് അപര്യാപ്തമായതിനാൽ ഈ ദ്വീപുകൾക്ക് മാത്രമായി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുക.

മുളവുകാട് ദ്വീപിൽ ശുദ്ധജല ശ്രോതസ്സുള്ള കുളങ്ങൾ ഉള്ളതിനാൽ ശുദ്ധജല സംഭരണത്തിനും വിതരണത്തിനുമായി ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും അനുവദിക്കുക.

വിതരണത്തിനുള്ള കാലതാമസവും അപാകതയും ഒഴിവാക്കാനായി വിതരണത്തിന്റെയും അറ്റകുറ്റ പണികളുടെയും ചുമതല പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

ആരോഗ്യ പരിപാലനത്തിനായി ഇരുദ്വീപുകളുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഓരോ ദ്വീപിലും ഓരോ മൊബൈൽ ആംബുലൻസ് സർവ്വീസ് ആരംഭിക്കുക.

24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ബോട്ടുകൾ ഇരുദ്വീപുകളിലും പ്രാവർത്തികമാക്കുക.

14. മുളവുകാട് ദ്വീപിലും ഹോമിയോ, ആയുർവ്വേദ ഡിസ്പൻസറികൾ സ്ഥാപിക്കുക.
15. പേവിഷ ബാധ തടയാനുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാ വർഷവും വളർത്തു നായ്ക്കൾക്ക് നൽകുക.
16. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന തെരുവു നായ്ക്കളെ നശിപ്പിക്കുക.
17. നിർദ്ദിഷ്ടമായ മഞ്ഞുമ്മൽ വെടിമറ പദ്ധതികൾ കാലതാമസംവിനാ പൂർത്തിയാക്കിയാൽ ഇന്നുള്ള ശുദ്ധജലവിതരണത്തിലെ അപര്യാപ്തത പരിഹരിക്കുവാൻ സാധിക്കും.
18. ഈ പദ്ധതികളിൽനിന്നുള്ള ശുദ്ധജലവിതരണ പൈപ്പുകളിൽനിന്നും - ഇരുദ്വീപുകളിലേക്കും പ്രത്യേകം - പ്രത്യേകം ഫീഡർ ലൈനുകൾ സ്ഥാപിക്കണം.
19. ഈ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകുമെന്നതിനാൽ പച്ചാളത്തുനിന്നും ഇന്നു വിതരണം നടത്തുന്ന വ്യാസം കുറഞ്ഞ പൈപ്പ്ലൈനിനു പകരം കൂടുതൽ വലിയ ഫീഡർലൈൻ യുദ്ധകാലാടിസ്ഥാനത്തിൽ പണിപൂർത്തിയാക്കുക.
20. സ്വകാര്യ വാട്ടർ ചാർജ്ജ് അടക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് കെ.ഡബ്ലിയു.എ.-യുടെ ഒരു കളക്ഷൻ സെന്റർ സ്ഥാപിക്കുക.
21. നിർദ്ദിഷ്ട വൈപ്പിൻകരയിലേക്കുള്ള 50 കോടി രൂപക്കുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിൽ ഇരുദ്വീപുകളിലും ഫീഡർ ലൈൻ സ്ഥാപിക്കുക.
22. ഉൾപ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. നിലവിലുള്ള ലൈനുകൾ കാര്യമായ മെയിന്റനൻസ് നടത്തുക.

●

54

# വിദ്യാഭ്യാസം

മുളവുകാട് ഗ്രാമപഞ്ചായത്തിൽ ഇരുദ്വീപുകളിലുമായി ഓരോ ഹൈസ്കൂൾ പ്രവർത്തിച്ച് വരുന്നു. മുളവുകാട് ദ്വീപിൽ ഹിദായത്തുൾ ഇസ്ലാം ഹൈസ്കൂൾ 1976-ൽ സ്ഥാപിതമായി. വല്ലാർപാടം ദ്വീപിൽ സെന്റ് മേരീസ് ഹൈസ്കൂളിൽ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകൾ നടത്തിവരുന്നു. വല്ലാർപാടത്തെ പ്രൈമറി സ്കൂളിന് 98 വർഷത്തെ പഴക്കം ഉണ്ട്. പോഞ്ഞിക്കരയിൽ യു.പി. സ്കൂൾ സ്ഥാപിതമായത് 1915-ലാണ്. തുടർന്ന് പൊന്നാരിമംഗലത്ത് സെന്റ് മേരീസ് എൽ.പി. സ്കൂളും സെന്റ് ജോസഫ് യു.പി. സ്കൂളും സ്ഥാപിതമായി. പൊന്നാരിമംഗലത്ത് തന്നെ ആംഗ്ലോ ഇന്ത്യൻ സ്കൂളും (ഇംഗ്ലീഷ്, മലയാളം, മീഡിയം) പ്രവർത്തിച്ചുവരുന്നുണ്ട്. മുളവുകാട് വടക്കേ അറ്റത്ത് ഒരു എയ്ഡഡ് എൽ.പി. സ്കൂളും പ്രവർത്തിച്ച് വരുന്നുണ്ട്.

വല്ലാർപാടം ദ്വീപിൽ ഹൈസ്കൂൾ കൂടാതെ സെന്റ് ആന്റണീസ് എൽ.പി. സ്കൂളും, സെന്റ് ജോസഫ് എൽ.പി. സ്കൂളും പ്രവർത്തിച്ചുവരുന്നു. ഇതിൽ സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആണ്.

പനമ്പുകാട് ഗവർമെന്റ് ഫിഷറീസ് എൽ.പി. സ്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.

### വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ എണ്ണവും

| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ഹരിജൻ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ |
|---|---|---|---|---|---|---|
| 1. സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ പോഞ്ഞിക്കര | 236 | 110 | 126 | 16 | 10 | 6 |
| 2. ഹിദായത്തുൾ ഇസ്ലാം ഹൈസ്കൂൾ പൊന്നാരിമംഗലം | 886 | 447 | 439 | 136 | 71 | 65 |
| 3. സെന്റ് ഫ്രാൻസിസ് ആംഗ്ലോ ഇൻഡ്യൻ സ്കൂൾ ബോൾഗാട്ടി, പൊന്നാരിമംഗലം | 232 | 127 | 105 | 16 | 9 | 7 |
| 4. സെന്റ് മേരീസ് എൽ.പി. സ്കൂൾ പൊന്നാരിമംഗലം | 182 | 90 | 92 | 26 | 15 | 11 |
| 5. സെന്റ് ജോസഫ് യു.പി. സ്കൂൾ മുളവുകാട് | 256 | 141 | 115 | 49 | 21 | 28 |
| 6. എ.എൽ.പി. സ്കൂൾ മുളവുകാട് | 142 | 77 | 65 | 20 | 12 | 8 |
| 7. ഗവ: ഫിഷറീസ് എൽ.പി. സ്കൂൾ പനമ്പുകാട് | 104 | 50 | 54 | 20 | 12 | 8 |
| 8. സെന്റ് ജോസഫ് എൽ.പി. സ്കൂൾ പനമ്പുകാട് | 86 | 42 | 44 | 9 | 5 | 4 |
| 9. സെന്റ് ആന്റണീസ് ഇ.പി. സ്കൂൾ പനമ്പുകാട് | 115 | 55 | 60 | 15 | 9 | 6 |
| 10. സെന്റ് മേരീസ് ഹൈസ്കൂൾ വല്ലാർപാടം | 617 | 338 | 279 | 172 | 98 | 74 |

55

ജീവിതത്തിന്റെ നാനാമേഖലകളിൽ എത്തിച്ചേർന്നിട്ടുള്ള പ്രഗത്ഭരും പ്രശസ്തരുമായ എം.പി., എം.ൽ.എ.മാർ ഉൾപ്പെടെയുള്ളവരെ വാർത്തെടുക്കുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപകട കർത്തവ്യബോധവും അർപ്പണ മനോഭാവവുമാണ് ഇതിന് നിദാനമായിട്ടുള്ളതെന്ന് രക്ഷിതാക്കളും മവാസികളും വിശ്വസിക്കുന്നു. പള്ളിക്ക് സമീപം പള്ളിക്കൂടങ്ങൾ ഉണ്ടാക്കി വിദ്യാഭ്യാസ രംഗത്ത് തനതാ വ്യക്തിമുദ്ര നേടിയിട്ടുള്ള ക്രിസ്ത്യൻ മിഷനറിമാരുടേയും പാതിരിമാരുടേയും സേവനം നന്ദിപൂർവ്വം ഈ മവാസികൾ സ്മരിക്കുന്നു.

ഈ ദ്വീപുകളിൽനിന്നും യു.പി. വിദ്യാഭ്യാസം കഴിഞ്ഞാൽ എറണാകുളത്ത് പോയി ഹൈസ്കൂൾ ദ്യാഭ്യാസം നടത്തി വന്നിരുന്നവരാണ് ഏറിയ പങ്കുമെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. കാൽനടയാം, വഞ്ചി, ബോട്ടുകളിലൂടെയും യാത്രചെയ്താണ് വിദ്യാഭ്യാസം നടത്തിവരുന്നത്. ദ്വീപുകളിൽ പ്രവർത്തി വരുന്ന പാരലൽ വിദ്യാഭ്യാസ സ്ഥപാനങ്ങളുടെ പ്രവർത്തനം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

പൊതുവെ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് ഇവിടുത്തെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല. സമീകാലത്തായി നേഴ്സറി വിദ്യാഭ്യാസം മുതൽ കുട്ടികളെ കൊച്ചി പട്ടണത്തിൽ കൊണ്ടുപോയി വിദ്യാഭ്യാം നടത്തുന്ന സമ്പ്രദായം ഈ പഞ്ചായത്തിലെ സാമൂഹ്യജീവിതത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുയാണ്. നല്ലൊരുവിഭാഗം അമ്മമാർ പിഞ്ചുകുഞ്ഞുങ്ങളുമായി രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും പനത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ യാത്ര ചെയ്യേണ്ട സാഹചര്യം ഏറി ഇരിക്കുന്നതിനാൽ കുടുംബങ്ങളിലെ ത്യജോലികൾ കൃത്യമായി നിർവ്വഹിക്കാൻ കഴിയാതെ വന്നിരിക്കുകയുമാണ്. കുട്ടികളെ ഇംഗ്ലീഷ് മീഡിയിൽ ആക്കുന്നതോടൊപ്പം അവരെ വീടുകളിൽ പഠിപ്പിക്കുവാൻ പ്രയാസപ്പെടുന്ന അമ്മമാരുടെ ദുരവസ്ഥ വരണാതീതമാണ്. അതുകൊണ്ട് തന്നെ ഇടക്കാലത്തുവെച്ച് വളരെ അധികം വിദ്യാർത്ഥികൾ മലയാളം ഡിയത്തിലേക്ക് ചേക്കേറുകയും അവരുടെ തുടർന്നുള്ള വിദ്യാഭ്യാസം കൂടുതൽ ശ്രമകരമാവുകയും, എ എസ്.എൽ.സി. എത്താറാകുമ്പോഴേക്കും പാഠ്യവിഷയങ്ങൾ ഹൃദിസ്ഥമാക്കുന്നതിൽ പാളിച്ച വരുന്നതു ാണ്ട് വിദ്യാഭ്യാസ നിലവാരം മോശപ്പെട്ട് വരുന്നതിന് കാരണമായി കാണുന്നു.

രക്ഷകർത്താക്കൾക്ക് ഈ കാര്യങ്ങളിൽ വ്യക്തമായ കാഴ്ചപ്പാട് ഇല്ലാത്തതുകൊണ്ടും വിദ്യാഭ്യാസ ര്യങ്ങളിൽ അദ്ധ്യാപകരുമായി നിരന്തരം ബന്ധപ്പെടാത്തതുകൊണ്ടും വിദ്യാഭ്യാസനിലവാരത്തിന് കോ തട്ടുന്നുണ്ട്. സ്കൂളിൽ നടത്തുന്ന സമ്മേളനങ്ങളിലും പരിപാടികളിലും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതി ്പുറം അവരവരുടെ മക്കളെകുറിച്ച് അവരുടെ പഠന കാര്യങ്ങളെ കുറിച്ചും സ്കൂളുകളിലെ അവരുടെ പെരു റ്റത്തെക്കുറിച്ചും മാതാപിതാക്കൾ തികച്ചും ബോധവാൻമാരല്ല. പി.ടി.എ .യ്ക്ക് വിദ്യാഭ്യാസ നിലവാരം ഉ ർത്തുന്ന കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. മാസത്തിലൊരിക്കലൊ, രണ്ടാഴ്ചയിലൊരി ലൊ വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ധ്യാപകരും സ്ഥാപനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും അതിന് ിഹാരമാർഗ്ഗം കണ്ടെത്തുന്ന ഉത്തരവാദിത്തങ്ങളും നീതിപൂർവ്വം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. അദ്ധ്യാപ ഒരു ജീവിതോപാധി എന്നതിലുപരി ആത്മാർത്ഥതയും, അർപ്പണബോധവും കാഴ്ചവയ്ക്കേണ്ട മേഖല ണെന്ന ചിന്ത അദ്ധ്യാപകരിലും ഉണ്ടാകേണ്ടതുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ

56

സ്ഥാപനങ്ങൾ യാതൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. വർഷങ്ങൾക്ക് മുമ്പ് അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവയൊന്നും പ്രവർത്തനക്ഷമമല്ല.

അംഗനവാടികളിൽ കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന കാര്യത്തിൽ തുലോം അപര്യാപ്തമാണ്. കൂടാതെ കുട്ടികൾക്ക് നൽകേണ്ട കളിപ്പാട്ടങ്ങളുടെ കാര്യത്തിലും വിപുലമായ സാദ്ധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ ആവശ്യകത വിലയിരുത്തി പാഠ്യവിഷയമാക്കേണ്ടതാണ്.

## ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

1. വിദ്യഭ്യാസ സ്ഥാപനങ്ങളിൽ കളിസ്ഥലങ്ങൾ കുറവുള്ള ഇടങ്ങളിൽ കളിസ്ഥലം നിർമ്മിക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം നൽകുക.
2. എല്ലാ സ്കൂളുകളിലും കുടിവെള്ളം എത്തിക്കുവാൻ സത്വര നടപടികൾ കൈക്കൊള്ളുക.
3. കിണറുകളില്ലാത്ത സ്കൂളുകളിൽ കിണറുകൾ സ്ഥാപിക്കുക.
4. പനമ്പുകാട് ഗവ: ഫിഷറീസ് സ്കൂളിന്റെ ജീർണത കണക്കിലെടുത്ത് പുനർനിർമ്മാണത്തിന് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.
5. ഹൈസ്കൂളുകളിൽ ലാബറട്ടറി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽനിന്നും സാമ്പത്തികസഹായം ലഭ്യമാക്കുക. 6. മുളവുകാട് എ.എൽ.പി. സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്ത് പുനർനിർമ്മാണം നടത്തി സ്ഥാപനം നല്ല നിലയിൽ പ്രവർത്തിപ്പിക്കുവാൻ അവസരം ഉണ്ടാക്കുക. 7. മുളവുകാട് ഗ്രാമപഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക. 8. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും പഞ്ചായത്ത് നിർമ്മിച്ച് കൊടുക്കുക. ദേശീയ ദിനാചരണ ദിനങ്ങളിൽ സമ്മാനങ്ങൾ നൽകി പരിപാടികൾ പരിപോഷിപ്പിക്കുക. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ പഞ്ചായത്തിൽനിന്നും നൽകുക. അംഗൻവാടികൾ കൂടുതൽ ആകർഷകവും കാര്യക്ഷമവുമായി ആക്കി എൽ.കെ.ജി., യു.കെ.ജി. വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലിന് അറുതി വരുത്തുക. കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് തൊട്ടടുത്ത വിദ്യാഭ്യാസ വർഷത്തെ മുഴുവൻ ചെലവുകളും പഞ്ചായത്തിൽനിന്നും നൽകുവാൻ നടപടി ഉണ്ടാക്കുക. 9. നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിലും പ്ലസ് ടു സമ്പ്രദായം നടപ്പിൽ വരുത്തുക. എല്ലാ അംഗൻവാടികളിലും ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ വിതരണം ചെയ്യണം.
10. തുടർവിദ്യാഭ്യാസം കൂടുതൽ ഫലപ്രദമായി നടത്തുവാൻ നടപടി സ്വീകരിക്കുക.
11. പി.ടി.എ. കമ്മിറ്റികളിൽ പഞ്ചായത്ത് പ്രദേശത്തിലെ ബിരുദധാരികളെ ഉൾക്കൊള്ളിക്കുകയും അവരുടെ സഹായത്തോടെ വിദ്യാഭ്യാസപുരോഗതി കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
12. പി.ടി.എ. കളിൽ നിർബന്ധമായും പഞ്ചായത്ത് മെമ്പർമാരെ അംഗങ്ങളാക്കി പ്രഖ്യാപിക്കുക.

57

# സാമൂഹ്യക്ഷേമം - പാർപ്പിടം

മുളവുകാട് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ഷമരംഗത്ത് ഏറെ പ്രവർത്തനങ്ങൾ നടത്തേണ്ട യുണ്ട്. ഇവിടുത്തെ ജനങ്ങളിൽ ബഹുഭൂരിഭാഗം ടുംബങ്ങളിലും, പ്രവൃത്തി എടുത്ത് ഉപജീവനം ത്തുവാൻ കഴിവില്ലാത്തവരുടെ എണ്ണം കൂടിവരി യാണ്. കൂലിപണിയിലും, നിർമ്മാണ പ്രവർത്തന ളിലും പട്ടണപ്രദേശങ്ങളിൽ പോയി ഉപജീവന ർഗ്ഗം കണ്ടെത്തിയിട്ടുള്ളവരാണ് ഏറിയപങ്കും. ഇ ടുത്തെ കാർഷിക വൃത്തിയും, പരമ്പരാഗത വ്യ സായങ്ങളും തകർന്നതുകൊണ്ടാണ് ഇങ്ങിനെ ംഭവിച്ചിട്ടുള്ളത്. യാതൊരുവിധ വ്യവസായ സ്ഥാ നങ്ങളോ വാണിജ്യസ്ഥാപനങ്ങളോ കാര്യമായി വിടെ പ്രവർത്തിക്കുന്നില്ല. ദാരിദ്ര്യരേഖയ്ക്കുതാ ജീവിക്കുന്നവരാണ് ഏറിയപങ്കും. കൽപണി, മ പണി, ബുക്ക് ബയിന്റിംഗ്, ചൂരൽപണി, കമ്പിപ ി, മത്സ്യബന്ധനം, എന്നിവയാണ് ഉപജീവന മാർഗ്ഗ ങൾ. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമാ ി സാമ്പത്തിക സഹായം നൽകിവരുന്നുണ്ടെങ്കി ും, അവയെല്ലാം സ്ഥായിയായ ഫലങ്ങൾ ഉളവാ ിയതായി കാണുന്നില്ല. അസംസ്കൃത വസ്തുക്ക ുടെ ദൗർലഭ്യവും, ഗ്രാമീണ കൈതൊഴിൽകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നതിലുള്ള പോ രായ്മയും, ക്ഷേമപ്രവർത്തനങ്ങൾക്ക് വിഘാതമായി ിൽക്കുന്നു. ഡി.ഡബ്ലിയു.സി.ആർ.എ. പദ്ധതി പ്ര ാരം പഞ്ചായത്തിലെ വനിതകൾക്കായുള്ള പ്ര വർത്തനങ്ങൾ മന്ദഗതിയിലാണ്. വിദ്യാഭ്യാസം ലഭി ച്ചവർ ഉണ്ടെങ്കിൽതന്നെ യാതൊരു വിധ ജോലിയും ഇല്ലാതെ സമയം ചിലവഴിക്കുന്നവർക്ക് ഈ പദ്ധതി ഏറെ പ്രയോജനകരമായിരിക്കും. വിദ്യാഭ്യാസ നി ലവാരം കുറഞ്ഞവരും നാട്ടിൽ കൂലിവേല ചെയ്തു ജീവിച്ചവരുന്നവരുമായ നല്ലൊരു വിഭാഗം സ്ത്രീകൾ എറണാകുളത്തെ ഫ്ളാറ്റുകളിലും, ബഹുനില മന്ദി രങ്ങളിലും പകലന്തിയോളം വീട്ടുജോലിചെയ്ത് ഉ പജീവനമാർഗ്ഗം കണ്ടെത്തുന്നു. കുട്ടികളെയും കുടുംബാംഗങ്ങളെയും പരിചരിക്കുവാൻ സമയമില്ലാതെ പലരും ബുദ്ധിമുട്ടുകയാണ്. വ്യത്യസ്ത വകുപ്പുക ളിലൂടെ വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയരോഗപെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ മുതലായവ പഞ്ചാ യത്തുവഴി വിതരണം ചെയ്യുവാൻ അംഗീകാരമായി ട്ടുണ്ടെങ്കിലും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല. നിരവധി അപേക്ഷകൾ കെട്ടികിടക്കു കയും യഥാസമയം അവ വിതരണം ചെയ്യുവാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകുന്നതും പഞ്ചായ ത്ത് ഭരണസമിതിയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കൂലിവേല ചെയ്യുന്ന പുരുഷൻമാർക്ക് വ്യത്യസ്ത മായ ക്ഷേമപദ്ധതികളിൽ അംഗത്വം നൽകി പെൻഷൻ ലഭിയ്ക്കാൻ അർഹതയുള്ളവർക്ക് അവ ലഭ്യമാക്കികൊടുക്കുന്നതിനും ഒരു പ്രത്യേക കമ്മി റ്റിതന്നെ രൂപീകരിക്കേണ്ടതായുണ്ട്. വയോജനവിദ്യാ ഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ബോധവൽക്ക രണ പരിപാടികൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

ഗോശ്രീപദ്ധതി പ്രഖ്യാപിച്ചതോടെ ഈ പ ഞ്ചായത്തിൽ ഭൂമിയുടെ വിലകുത്തനെ ഉയരുകയും, സാധാരണക്കാർക്ക് സ്ഥലംവാങ്ങി പുര നിർമ്മിക്കു വാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കു ന്നു. ആയിരവും, രണ്ടായിരവും രൂപ സെന്റിനുണ്ടാ യിരുന്ന അവസ്ഥയിൽനിന്ന് 20,000/-ഉം, 25,000/-ഉം ഉപരിയായി ഭൂമിയുടെ വില കുതിച്ചുയർന്നതോടെ കൂട്ടുകുടുംബങ്ങളില അതീവഗുരുതരമായ അവകാ ശതർക്കവും, രക്തബന്ധവും സ്നേഹബന്ധവും മ റന്ന് പരസ്പരം പൊരുതുന്ന അവസ്ഥ സംജാതമാ യിട്ടുണ്ട്. പുരോഗതിയ്ക്കായി വെമ്പുന്ന ഈ ഗ്രാമ പഞ്ചായത്തിൽ സ്ഥായിയായി ജീവിച്ചുവന്നവർ വി ടപറയാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഈ പ്രദേശമായോ ഇവിടുത്തെ സാഹചര്യമായോ പുലബന്ധമില്ലാത്ത സാമ്പത്തിക ശേഷിയുള്ളവർ ഓരോ കുടുംബവും വിലയ്ക്കെടുക്കുവാൻ വിലപേശിക്കൊണ്ടിരിക്കുന്നു.

മുളവുകാട് ഗ്രാമപഞ്ചായത്ത്

2.5 പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ (Ref: പെൻഷൻ രജിസ്റ്റർ)

| വില്ലേജിന്റെ പേര് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശ കലാകാര/ സാഹിത്യ പെൻഷൻ | അവശ കായിക താര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴി ലില്ലാ യ്മ വേ തനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| മുളവുകാട് | | 126 | 7 | 49 | - | - | 5 | - | 8 | - | - |
| | ആകെ | 126 | 7 | 49 | - | - | 5 | - | 8 | - | - |

## ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റ് വാർഡുതലത്തിൽ ക്രോഡീകരിച്ച് പരസ്യപ്പെടുത്തുകയും അർഹരായവർക്ക് പൂർണ്ണതോതിൽ ആനുകൂല്യം ലഭ്യമാക്കുകയും ആനുകൂല്യം കൃത്യമായി ഉപയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും മറ്റ് സർക്കാർ വകുപ്പികുളിൽ നിന്നുള്ള വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുക.
3. മഹിളാ സമാജങ്ങൾ, ബാലവാടികൾ, അംഗനവാടികൾ തുടങ്ങിയവ കേന്ദ്രീകരിച്ച് പോഷകാഹാരം - പ്രതിരോധ ചികിത്സാ സംവിധാനങ്ങളും നിരീക്ഷണവും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക.
4. വനിതകൾക്ക് മാത്രമായി സ്വയംതൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുക.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ മഹിളാ സമാജങ്ങളും, അംഗൻവാടികളും പ്രവർത്തിച്ചുവരുന്നുണ്ട്. മഹിളാസമാജങ്ങളുടെയും അംഗൻവാടികളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും കുട്ടികളെ ഇടക്കിടയ്ക്ക് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി സൗജന്യവൈദ്യസഹായം ലഭ്യമാക്കണം. കൂടാതെ കുട്ടികൾക്ക് ആധുനികരീതിയിലുള്ളതും അപകടരഹിതവുമായ കളിക്കോപ്പുകൾ വിതരണം ചെയ്യണം. പോഷകാഹാരമുള്ള ഭക്ഷണങ്ങൾ സൗജന്യമായി വിതരണം ചെയ്യണം.

5. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ കൂടുതൽപേർക്ക് പ്രയോജനം ലഭിക്കത്തക്കവിധം ഉദാരമാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

6. പുതുതായി സർവ്വേ നടത്തി പുതിയ ഐ.ആർ.ഡി.പി. ലിസ്റ്റ് ഉണ്ടാക്കുകയും അർഹരായവർക്ക് മുൻഗണന നൽകി ധനസഹായം ലഭ്യമാക്കുകയും അനർഹരെ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യുക.

## പാർപ്പിടം

ഭൂമിയുടെ വില കുതിച്ചുകയറുന്നതുകൊണ്ടുതന്നെ പാർപ്പിടങ്ങളുടെ കാര്യത്തിൽ അതീവഗുരുതരമായ സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങളിൽ നല്ലൊ

59

വിഭാഗം ആളുകൾ 10 സെന്റിനു താഴെമാത്രമു
ദ്ദവരാണ്. മക്കൾ വിവാഹിതരാവുന്നതോടൊപ്പം
ട്ടുകുടുംബങ്ങളിൽനിന്ന് അകന്നുപോകുന്ന വാസ
വർദ്ധിക്കുന്നു. ഓരോരുത്തരും പുതുതായി സ്ഥ
ം വാങ്ങിക്കാൻ കഴിയാതെ ചെറുപ്ലോട്ടുകളിലായി
കെട്ടിടങ്ങൾ നിർമ്മിച്ച് മാറി താമസിക്കുന്നു. വീടു
ിർമ്മാണത്തിനുള്ള സാധനസാമഗ്രികൾ സ്വരൂപി
ുന്നതിലും, സ്ഥലത്തെത്തിക്കുന്നതിലും ഏറെ കൂ
ി ചെലവുകൾ സഹിക്കേണ്ടിവരുന്നു. പട്ടണങ്ങളിൽ
കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ മൂന്നിരട്ടി ചിലവാ
ിയാൽ മാത്രമേ തതുല്യമായ കെട്ടിടങ്ങൾ ഈ പ
ചായത്തിൽ നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ.

സ്വന്തമായി വീടില്ലാത്തവർക്ക് സ്ഥലവും
ീടും നിർമ്മിച്ചു കൊടുക്കുവാൻ പദ്ധതിയുണ്ടെങ്കി
ും ഈ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ പ്ര
ാസകരമാണ്. ഗവർമെണ്ട് അംഗീകരിച്ചിരിക്കുന്ന
ൂമിയുടെ വിലയേക്കാൾ അഞ്ചിരട്ടിയോ അധിലധി
ംമോ വർദ്ധിച്ച വിലയ്ക്കു മാത്രമേ ഇവിടെ ഭൂമി ല
്യമാകൂ എന്നതുകൊണ്ട് ഇക്കാര്യത്തിൽ പകരം
ംവിധാനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായിരിക്കു
നു. ഇവിടെ അവശേഷിക്കുന്ന മിച്ചഭൂമിയും പുറമ്പോ
ക്കുഭൂമിയും നീതിപൂർവ്വം ദാരിദ്ര്യരേഖയ്ക്ക് താഴെ
യുള്ളവർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞാൽ, അ
ല്ലെങ്കിൽ പുറമ്പോക്കു സ്ഥലം നികത്തി ഫ്ളാറ്റുകൾ
നിർമ്മിച്ചാൽ ഒരു പരിധിവരെ പാർപ്പിട പ്രശ്നത്തി
ന് പരിഹാരം കാണാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്ഥലവും വീടും നൽകുക.
2. പഞ്ചായത്തിനാവശ്യമില്ലാത്ത പുറമ്പോക്ക് നികത്തി വീടു നിർമ്മിച്ചു കൊടുക്കുക.
3. ലക്ഷംവീട് കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ സത്വരമായി നടത്തുക.
4. ലക്ഷംവീട് പ്ലോട്ടുകളിലെ പൊട്ടിപ്പൊളിഞ്ഞ ഇരുവീടുകൾ പൊളിച്ചുമാറ്റി പകരം ഒറ്റയൊറ്റ വീടുകൾ നിർമ്മിച്ചു നൽകുക.
5. ലക്ഷംവീട് കോളനികളിലെ കയ്യേറ്റം അവസാനിപ്പിക്കുവാൻ ഓരോരുത്തർക്കും അവരവരുടെ ഭൂമി അളന്നു തിരിച്ചുനൽകുക.
6. താമസക്കാരോ, കൈവശക്കാരോ ഇല്ലാതെ ഒഴിഞ്ഞുകിടക്കുന്ന ലക്ഷംവീട് പ്ലോട്ടുകൾ ഉടനെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് അനുവദിച്ചുനൽകുക.
7. ഗോശ്രീ പദ്ധതി പ്രായോഗികമാകുമ്പോൾ നികത്തിയെടുക്കുന്ന സ്ഥലത്തിന്റെ ഇരുപതുശതമാനം സ്ഥലം ഇവിടെനിന്നും കുടിഒഴിയുന്നവർക്കും സ്വന്തമായി പുരയും പുരയിടവും ഇല്ലാത്തവർക്കും ചെറിയ ചെറിയ ഫ്ളാറ്റുകളായി നിർമ്മിച്ചു നൽകുക.
8. സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നത് പ്രായോഗികമായി വിജയിക്കുന്നില്ലയെന്നത് കൊണ്ട് വീട് നിർമ്മിച്ചുനൽകുന്ന സ്കീം നടപ്പിലാക്കേണ്ടതാണ്.

മുളവുകാട് പ്രദേശത്തെ മൊത്തം വീടുകൾ 5788 ആണ്. ഒരുവീട്ടിൽ ശരാശരി 3.89 അംഗങ്ങൾ വീതം അധിവസിച്ചുവരുന്നു.

## സ്ഥിതിവിവരങ്ങൾ

| | | |
|---|---|---|
| പുരുഷൻമാർ | - | 11167 |
| സ്ത്രീകൾ | - | 11358 |
| 1 മുതൽ 6 വയസ്സുവരെ പ്രായമുള്ളവർ | - | 2327 |
| ആൺകുട്ടികൾ | - | 1152 |
| പെൺകുട്ടികൾ | - | 1172 |
| പട്ടികജാതി പുരുഷൻമാർ | - | 1481 |
| സ്ത്രീകൾ | - | 1504 |
| പട്ടികവർഗ്ഗം പുരുഷൻമാർ | - | 6 |
| സ്ത്രീകൾ | - | 11 |

എസ്.എസ്.എൽ.സി.ക്കാർ 80%ൽ കൂടുതലുണ്ട്.

60

# പട്ടികജാതി – പട്ടികവർഗ്ഗം

ഇന്ത്യയിലെ പിന്നോക്ക അധഃസ്ഥിത വിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും, ഡോ. അംബേദ്കർ നൽകിയിട്ടുള്ള സേവനം നിസ്തുലമാണ്. ഇന്ത്യൻ ഭരണഘടനയിൽ അനാദികാലം മുതലെ ചവിട്ടി മെതിക്കപ്പെട്ടിരുന്ന ഒരു സമൂഹത്തിന്റെ ഉന്നതിക്കായി പ്രത്യേക വകുപ്പുകൾ നൽകി അവരെ പരിപാലിക്കുവാൻ രാഷ്ട്ര പിതാവിന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി യത്നിക്കാൻ അവസരം കിട്ടിയ ഒരു മഹാനായിട്ടാണ് ശ്രീ. അംബേദ്കറെ കാണുന്നത്. സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിലും, തുടർന്നുള്ള രാഷ്ട്രീയ മേഖലകളിലും ഗണ്യമായ നേട്ടങ്ങൾ ആർജ്ജിക്കൻ സാധിച്ചിട്ടുണ്ട്.

ഓരോ പത്തുവർഷം കൂടുന്തോറും, പിന്നോക്ക വിഭാഗങ്ങളുടെ സ്ഥിതി വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വീണ്ടും അവരുടെ ഉന്നതിക്കായുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് വരുന്നുണ്ടെങ്കിലും, ഉദ്ദേശിച്ചത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

ഹരിജനോദ്ധാരണത്തിന്റെ പ്രസക്തി ഇന്ത്യയിലെ ഓരോ മുക്കിലും മൂലയിലും പ്രചരിപ്പിക്കുവാനും, ഉച്ചനീചത്വങ്ങൾക്കെതിരെ പൊരുതുവാനും, തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും എതിരായി ഒരു മഹാപ്രസ്ഥാനം തന്നെ ഇന്ത്യയിൽ ഒട്ടുക്കും വളർത്തിയെടുക്കാനും കഴിഞ്ഞത് മഹാത്മാ ഗാന്ധിയുടെ പ്രവർത്തനഫലമായിട്ടായിരുന്നു.

ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് അവരുടെ പ്രത്യേക താല്പര്യത്തിൻമേൽ ഇവിടുത്തെ കേന്ദ്ര സർക്കാർ വകുപ്പുകളിൽ ഹരിജന ഗിരിജന വർഗ്ഗങ്ങൾക്ക് പ്രത്യേകം പ്രമോഷൻ കോട്ട നിശ്ചയിച്ചത് ശ്രദ്ധേയമാണ്. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കോട്ടകൾ യഥോചിതം പുനഃസ്ഥാപിക്കാൻ കഴിഞ്ഞത് വിസ്മരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ ശ്രീ. സീതാറാം കേസരി കൈക്കൊണ്ട കർക്കശമായ നിലപാട് സ്തുത്യർഹമാണ്. അതുപോലെ അധഃസ്ഥിതവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച മുൻ പ്രധാനമന്ത്രി ജഗ്ജീവൻ റാം, പ്രധാനമന്ത്രി വി.പി. സിംഗ് എന്നിവരുടെ മഹത്തായ സേവനങ്ങൾ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്.

കേരളത്തിലെ ഹരിജൻ ഗിരിജൻ വിഭാഗക്കാരുടെ സമുദ്ധാരണത്തിനായി ശ്രീ. അയ്യൻകാളി, ശ്രീ. കെ.പി. കറുപ്പൻ, ശ്രീ. സഹോദരൻ അയ്യപ്പൻ, ചാഞ്ചൻ എം.എൽ.സി., ജി. വള്ളോൻ എം.എൽ.സി. കൃഷ്ണാദി ആശാൻ മുതലായവരുടെ നിരന്തരമായ പ്രവർത്തനങ്ങളും സാമൂഹ്യ സാമുദായികപരമായ പ്രവർത്തനങ്ങളും അധഃകൃത വിഭാഗത്തിന്റെ ഉന്നമനത്തിന് അടിത്തറ പാകുവാൻ കഴിഞ്ഞു.

1935 കാലഘട്ടത്തിൽ രാജേന്ദ്ര മൈതാനിക്ക് മുന്നിലുള്ള കായലിൽ ചങ്ങാടംകെട്ടി പണ്ഡിറ്റ് കറുപ്പന്റെ നേതൃത്വത്തിൽ പട്ടികജാതിക്കാരെ സം

ലടിപ്പിച്ചുകൊണ്ട് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്ക പ്പട്ട അധഃസ്ഥിത വർഗ്ഗത്തിന്റെ പ്രശ്നങ്ങളിൽ കൊ ി മഹാരാജാവിന്റെ ശ്രദ്ധപിടിച്ചു പറ്റുവാൻ വേണ്ടി ടത്തിയ ഐതിഹാസികമായ സമരം പിന്നോക്ക ിഭാഗങ്ങൾക്ക് ആത്മവീര്യവും, ശക്തിയും ആർജ്ജി ുവാൻ സഹായിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് ക്രിസ്ത്യൻ മിഷനറി ാരുടെ പ്രവർത്തനഫലമായി വല്ലാർപാടം സെന്റ് മേ ീസ് പള്ളിയുടെ കീഴിൽ പനമ്പുകാട് കണ്ടത്തറ ാഗത്ത് ഹരിജൻ കുട്ടികൾക്ക് വിദ്യാഭ്യാസം നടത്തു വാൻ സ്കൂൾ സ്ഥാപിച്ചതും വിദ്യാർത്ഥികൾക്ക് സൗ ന്യമായി പഠനോപകരണങ്ങളും ഉച്ചഭക്ഷണവും ല്കി വന്നിരുന്നതും അവരുടെ വിദ്യാഭ്യാസപുരോ തിക്ക് സഹായകമായി.

കേരളത്തിൽ 1969–70 കാലഘട്ടത്തിൽ നട പ്പിലാക്കിയ ഭൂപരിഷ്കരണ നിയമം ജന്മി–കുടിയാൻ ബന്ധങ്ങളിൽ അടിസ്ഥാനപരമായ വ്യതിയാനങ്ങൾ വരുത്തുവാൻ ഇടയായിട്ടുണ്ട്. ഒരുതുണ്ട് ഭൂമി പോ ലും സ്വന്തമായി ഇല്ലാതിരുന്ന കുടിയാൻമാർക്ക് മേ ലാളൻമാരുടെ അടിമകളായി മാത്രം തലമുറകളായി വർത്തിച്ചിരുന്നവർക്ക് സ്വന്തമായി ഒരു കിടപ്പാടം ഉ ണ്ടാക്കുകയും വാരം, പാട്ടം, വ്യവസ്ഥകൾക്ക് അന്ത്യം കുറിച്ചുകൊണ്ട് നിലം ഉടമകളായി മാറുവാനും സ്വ ന്തമായി കൃഷി ചെയ്യുവാനും അതിന്റെ നേട്ടം കൊ യ്യുവാനും കൂടുതൽ അവസരം ഉണ്ടായത് ഭൂപരിഷ്ക രണനിയമം നടപ്പിലായതോടെയാണ്.

മുളവുകാട് പഞ്ചായത്തിലെ പുഴയോര സമതല പ്രദേശങ്ങളിൽ സ്ഥായിയായി കൃഷിപ്പണി ചെയ്ത് വന്നിട്ടുള്ള വിഭാഗത്തിൽപ്പെട്ടവരുടെ മൊത്തം അംഗസംഖ്യം ചുവടെ പറയും പ്രകാരമാ ണ്. പട്ടികജാതി പുരുഷൻമാർ 1481, സ്ത്രീകൾ 1504, പട്ടികവർഗ്ഗം പുരുഷൻമാർ 6, സ്ത്രീകൾ 11. മുളവു കാട് ദ്വീപിലുള്ള എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെ ട്ട 60% പേർ പൊതുമേഖലാസ്ഥാപനങ്ങളിലും ബാ ങ്കുകളിലും മറ്റുമായി ജോലി ചെയ്യുന്നു. വല്ലാർപാ ടം പനമ്പുകാട് ദ്വീപിൽ 75% അധികം പേർ തൊ ഴിൽ ചെയ്തുവരുന്നു. തൊഴിലില്ലാത്ത ചെറുപ്പക്കാ രിൽ നല്ലൊരു ഭാഗം പേർ നഗരപ്രാന്തങ്ങളിൽ കൂ ലിവേല ചെയ്ത് ഉപജീവനം നടത്തിവരുന്നു. മുള വുകാട് പഞ്ചായത്തിൽ പട്ടികജാതി കോളനികൾ താഴെ പറയും പ്രകാരമാണ്. 6–ാം വാർഡിൽ വലി യപറമ്പ് കോളനി, 5–ാം വാർഡിൽ വലിയതറ കോളനി, മറായിപ്പറമ്പ് പട്ടികജാതി ലക്ഷംവീട് കോളനി (അംബേദ്കർ ഗ്രാമം), 4–ാം വാർഡിൽ നെടുകാട് കോളനി, 2–ാം വാർഡിൽ കണിയാരുതറ കോളനി എന്നിവയാണ്. 8–ഉം 9–ഉം വാർഡുകളിലെ കോള നികളെ ഉൾപ്പെടുത്തി അംബേദ്കർ ഗ്രാമമായിപ്ര വർത്തിക്കുന്നു. വെള്ളം, വെളിച്ചം, സഞ്ചാരസൗക ര്യം എന്നിവ ഉണ്ടെങ്കിലും തൃപ്തികരമല്ല. വല്ലാർപാ ടം ദ്വീപിൽ 90% വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ടെ ങ്കിലും മുളവുകാട് ദ്വീപിൽ അത് 80%ൽ താഴെയാ ണ്.

ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ വ ഴി ഇതിന് ഊന്നൽ നൽകുന്നതിലൂടെ പരിഹാരം കാണാവുന്നതാണ്. കാർഷികരംഗത്ത് നിന്ന് ഈ വിഭാഗത്തിലെ തൊഴിലാളികൾ ഒഴിഞ്ഞ് മാറുന്നതു കൊണ്ട് കാർഷികരംഗത്തും മത്സ്യോത്പാദന രംഗ ത്തും സ്വയം പര്യാപ്തത കുറഞ്ഞുവരികയാണ്. കാർഷിക മേഖല അധപതിക്കുന്നതിന്റെ പ്രധാനകാ രണം കൃഷിയും കാർഷിക വൃത്തിയും പ്രധാന വ രുമാന മാർഗ്ഗമായി കണക്കിലെടുക്കാത്തതുകൊണ്ടാ

ണ്. പിന്നോക്ക വിഭാഗങ്ങളിൽ പെടുന്നവർക്ക് മത്സ്യബന്ധനത്തിലൂടെ സാമ്പത്തീക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നുണ്ട്. പിന്നോക്ക വിഭാഗത്തിൽ പെടുന്ന തെങ്ങുകയറ്റ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുപോയതിനാൽ നാളികേര വിളവെടുപ്പ് രംഗത്ത് ഗണ്യമായ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള തോടുകൾ രണ്ട് പട്ടികജാതി സംഘങ്ങൾക്ക് നെഗോഷ്യേറ്റ് ചെയ്തുകൊടുത്തുവരുന്നു.

## ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ.

1. തെങ്ങുകൃഷി സ്ഥലങ്ങളിൽ കാലാകാലങ്ങളിൽ കിള, മട്ടൽവെട്ട്, വരമ്പ് സംരക്ഷണം എന്നിവ ചെയ്ത് കൂടുതൽ കാർഷിക തൊഴിലും വിളയും വർദ്ധിപ്പിക്കാം.
2. മണ്ണ് സംരക്ഷണത്തിന് മുഖ്യ പ്രാധാന്യം നൽകി കൃഷിപ്പണികൾ യഥാസമയം നടത്തുക.
3. കാർഷികവൃത്തി മുഖ്യവരുമാനമാർഗ്ഗമാക്കുവാൻ എസ്.സി./എസ്.ടി. വിഭാഗത്തിൽ പെട്ടവർക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുക.
4. കൃഷിവകുപ്പിൽനിന്നും കൃഷിഭവനിൽനിന്നും വ്യക്തമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും ബോധവൽക്കരണവും നടത്തുക.
5. സെറ്റിൽമെന്റ് കോളനികളുടെ നടപ്പാതകളിലെ ഇരുവശവും കരിങ്കൽകെട്ടി സംരക്ഷിക്കുക.
6. ഉപ്പ് വെള്ള കെടുതിയിൽ ദുസ്സഹമായി കഴിഞ്ഞുകൂടുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ വീട് പുനർനിർമ്മാണത്തിനും സാമ്പത്തിക സഹായങ്ങൾ നൽകുക.
7. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ കൈവശഭൂമിക്ക് ഉടനെ പട്ടയം നൽകുക.
8. പട്ടികജാതി, പട്ടികവർഗ്ഗ വികസനത്തിനായി പ്രത്യേക സഹകരണസംഘം സ്ഥാപിക്കുക.
9. പട്ടികജാതിക്കാർക്ക് ഹോസ്റ്റലുകൾ നിർമ്മിച്ച് വിദ്യാഭ്യാസരംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ വഴിയൊരുക്കുക.
10. പട്ടികജാതി വെൽഫയർ ഡിപ്പാർട്ട്മെന്റിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമബോർഡിൽനിന്നും അനുവദിച്ചിട്ടുള്ള ഫണ്ടുകൾ യഥാവിധി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
11. കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ സാംസ്കാരിക സംഘങ്ങൾ രൂപീകരിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലാപ്രസ്ഥാനത്തിന് പുനർജീവൻ നൽകുകയും ചെയ്യുക. ഈ വിഭാഗക്കാരുടെ ശ്മശാനത്തിൽ ആധുനിക സജീകരണങ്ങളോടു കൂടിയ ഇരട്ട അറകളുള്ള ചിമ്മിനി സ്ഥാപിക്കുക.

# സ്ത്രീകളുടെ പദവി

സമൂഹത്തിലെ ഇന്നത്തെ അവസ്ഥയിൽ സ്ത്രീകളുടെ പദവിയേയും അസ്ഥിത്വത്തേയും നില ാരത്തേയും സംബന്ധിച്ച് ഒരു വിലയിരുത്തൽ നട ത്തുവാൻ ഈ ജനകീയാസൂത്രണപരിപാടിയിൽ കേ ന്ദ്രബിന്ദുവായി കണ്ടത് വളരെ സ്വാഗതാർഹവും അ ർത്ഥവുമാണ്. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളോടുള്ള അവഗണന ഒരു പ്രധാനവിഷയമാ ി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ലോകപ്ര ിദ്ധരായ വനിതകളേയും ഇന്ത്യയിലും, കേരളസം സ്ഥാനത്തിലെ പുരുഷൻമാരോടൊപ്പം പൊരുതിവിജ ിച്ച സ്ത്രീകളേയും വിസ്മരിക്കുവാൻ നിർവാഹമി ്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽനിർണ്ണായകമായ ങ്കുവഹിച്ച സ്ത്രീകൾ എന്തുകൊണ്ട് പിന്നീടുള്ള സാംസ്കാരിക സാമൂഹ്യ രംഗങ്ങളിൽനിന്ന് പിന്നോ ക്കം പോയി? സ്വാതന്ത്ര്യസമര കാലഘട്ടത്തിന് മുമ്പ് അകത്തളങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന സ്ത്രീകൾ പ്രേരണക്കനുസൃതമായി ഉയർന്നു പ്രവർത്തിക്കുകയും തുടർന്ന് വിദ്യാഭ്യാസമേഖലകളിലേയ്ക്ക് തിരിഞ്ഞ് അറിവ് നേടുന്നതിന് ശ്രമിച്ച്, അറിവും കരുത്തും ത ന്റേടവും ആത്മവിശ്വാസവും ആർജ്ജിച്ചുകൊണ്ട് സ മൂഹത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് അവർ കട ന്നുവരുവാൻ തുടങ്ങി. ഇന്ത്യയിലെ സാമൂഹ്യ രംഗ ങ്ങളിൽ സ്ത്രീകൾക്ക് പ്രഥമസ്ഥാനം നൽകുന്നതിന് ശ്രമിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇന്ത്യയിലെ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് നിയമം മൂലം പ്രാതിനിധ്യം നൽകിയതുപോലെ സ്ത്രീകൾക്കും, രാജീവ് ഗാന്ധി യുടെ ഭരണകാലഘട്ടത്തിൽ പഞ്ചായത്ത് രാജ് നിയ മം കൊണ്ടുവരുവാൻ ശ്രമിച്ചതോടെയാണ് മൂന്നിലൊ രുഭാഗമെങ്കിലും ത്രിതല പഞ്ചായത്തുകളിൽ പ്രാതി നിധ്യം ലഭിച്ചിട്ടുള്ളത്.

മുളവുകാട് ഗ്രാമപഞ്ചായത്തിൽ പുരുഷൻമാ രേക്കാൾ കൂടുതൽ സ്ത്രീകളാണ്. പുരുഷൻമാർ 11167പേരും സ്ത്രീകൾ 11358ഉം ആണ്. 15 വയസ്സ് പ്രായമുള്ളവരിൽ 80%-ൽ അധികം എസ്.എസ്.എൽ. സി. പാസായവരും അതിലും ഉയർന്ന വിദ്യാഭ്യാസ മുള്ളവരുമാണ് ഈ പഞ്ചായത്തിലുള്ളത്. വിദ്യാഭ്യാ സ യോഗ്യതയുടെ കാര്യത്തിൽ പുരുഷൻമാരേക്കാൾ സ്ത്രീകളാണ് മുന്നിൽ. പട്ടികജാതി പുരുഷൻമാർ 1481 പേരും സ്ത്രീകൾ 1504 പേരും പട്ടികവർഗ്ഗ പു രുഷൻമാർ 6 സ്ത്രീകൾ 11 പേരും ഉണ്ട്.

ജോലിചെയ്യുന്ന പുരുഷൻമാരും സ്ത്രീക ളും തമ്മിൽ ചുവടെ പറയുന്ന വ്യത്യാസം നില നിൽക്കുന്നു. പുരുഷൻമാർ പൊതുവെ നിർമ്മാണ പ്രവർത്തനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും ഗവൺമെന്റ് ഉദ്യോഗങ്ങളിലും വിദ്യാഭ്യാസസ്ഥാപ നങ്ങളിലും ജോലി ചെയ്യുന്നു. സ്ത്രീകളുടെ എണ്ണം ഈ രംഗത്ത് പക്ഷെ കുറവാണ്. വിദ്യാഭ്യാസം കുറ ഞ്ഞ വളരെയധികം സ്ത്രീകൾ കൊച്ചി സിറ്റിയിലു ള്ള വിവിധ ഫ്ളാറ്റുകളിലും വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരാണ്. ഒരുവി ഭാഗം സ്ത്രീകൾ മത്സ്യവിപണന മേഖലകളിലും കായലിൽനിന്നും, പുഴ, തോടുകൾ എന്നിവയിൽനി ന്നും ചെമ്മീൻ തപ്പിപിടിച്ച് ഉപജീവനം നടത്തുന്ന വരാണ്. പുരുഷൻമാരേക്കാൾ കുടുംബകാര്യങ്ങളിൽ ശ്രദ്ധകൂടുതലുള്ളവരും സ്വന്തം ഉപജീവനമാർഗ്ഗത്തി ലൂടെ വരുമാനം വീട്ടിലെത്തിക്കുന്നവർ സ്ത്രീകളാണ്.

കാർഷിക മേഖല വളരെ പിന്നോക്കം പോ യിക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് ഈ പഞ്ചാ യത്തിൽ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ

കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന സ്ത്രീതൊഴിലാളികൾക്ക് ജോലിയില്ലാതായിട്ടുണ്ട്. മൊത്തം സ്ത്രീകളുടെ എണ്ണത്തിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നവരുടെ എണ്ണം 55% ആണ്. കൊയ്ത്ത് കാലങ്ങളിൽ ഇരുദ്വീപുകളിലും പുറമേനിന്നുള്ള സ്ത്രീതൊഴിലാളികളെ കൊണ്ടുവന്നാണ് കൂടുതലായും തൊഴിൽ ചെയ്യിച്ചുവരുന്നത്. എൽ.കെ.ജി. മുതൽപഠിക്കാൻ പോകുന്ന കുട്ടികളുള്ള വീടുകളിൽ കുട്ടികളെ വൻകരയിൽ എത്തിക്കുന്നതും തിരിച്ചുകൊണ്ടുവരുന്നതും ബഹുഭൂരിഭാഗവും സ്ത്രീകളാണ്. DWCRA വഴി സ്ത്രീകൾക്ക് തൊഴിൽ അവസരം ഉണ്ടാക്കികൊടുക്കുവാൻ ഏറെ സാധ്യതകൾ ഇവിടെയുണ്ട്. വസ്ത്രനിർമ്മാണ രംഗത്ത് ഏറെ സാദ്ധ്യതകൾ ഉള്ള കൊച്ചി സിറ്റിയിൽ വിപണനം കണ്ടെത്തുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് വസ്ത്രനിർമ്മാണ യൂണിറ്റുകൾക്ക് അംഗീകാരം നൽകി സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്യുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. മുളവുകാട് ഗ്രാമപഞ്ചായത്തിൽ രണ്ടു DWCRA യൂണിറ്റുകൾ മാത്രമാണ് ഉള്ളത്. ഒരെണ്ണത്തിൽ വളരെ ലാഭകരമായ രീതിയിൽ വിദേശത്തേയ്ക്ക് കയറ്റി അയക്കുന്ന മല്ലിപ്പൊടി, മുളകുപൊടി മുതലായ ധാന്യങ്ങൾ ഉണ്ടാക്കി പാക്കറ്റുകളിലാക്കി വില്പന നടത്തുന്നുണ്ട്. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും അംഗൻവാടികളും പ്രവർത്തിക്കുന്നു. അവയിലൂടെ പോഷകാഹാര വിതരണവും രോഗപ്രതിരോധ ബോധവൽക്കരണവും നടത്തി വരുന്നു. വ്യവസായിക അടിസ്ഥാനത്തിൽ സ്ഥിരമായി സ്ത്രീ തൊഴിലാളികൾക്ക് ഇവിടെ അവസരം കുറവാണ്. മാറിവരുന്ന സാമൂഹ്യമാറ്റങ്ങളിൽ സ്ത്രീകൾക്കും ഉചിതമായ പങ്കുനൽകുവാനും അവ ഫലപ്രദമായി വിനിയോഗിക്കുവാനും കഴിയേണ്ടതുണ്ട്. അടുക്കളത്തോട്ടം, ക്ഷീരവ്യവസായം കോഴിവളർത്തൽ, ആടുമാടുകൾ വളർത്തൽ എന്നീ രംഗങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും.

സ്ത്രീ പീഠനം കേട്ടുകേൾവിയില്ലാത്ത പഞ്ചായത്ത് പ്രദേശമാണ്. മദ്യനിരോധനരംഗത്ത് ഈ പഞ്ചായത്തിലെ സ്ത്രീകൾ നിസ്തുലമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതിന്റെ പ്രതിഫലനം വളരെ ശക്തമായ രീതിയിൽ ഉണ്ടാവുകയും ഇവിടുത്തെ സാമൂഹ്യരംഗത്ത് പ്രകടമായ മാറ്റങ്ങൾക്ക് വഴിതെളിച്ചിട്ടുമുണ്ട്.

## ഗ്രാമസഭകളിൽനിന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. ട്രൈസം പരിപാടികളിൽ സ്ത്രീകളെ കൂടുതലായി പങ്കെടുപ്പിക്കുകയും തൊഴിൽ അവസരങ്ങൾ കണ്ടെത്തുവാൻ പഞ്ചായത്ത് നേതൃത്വം നൽകുക.
2. DWCRA യൂണിറ്റുകൾ ഓരോ വാർഡിലും സ്ഥാപിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപടികൾ ഉണ്ടാക്കുക.
3. മഹിളാസമാജങ്ങൾക്കും, അംഗൻവാടികൾക്കും പഞ്ചായത്തിൽനിന്നും സാമ്പത്തിക സഹായങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചുകൊടുക്കുക.
4. പോഷകാഹാര വിതരണരംഗങ്ങളിലും രോഗപ്രതിരോധ രംഗങ്ങളിലും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
5. കൊച്ചിൻ സിറ്റിയിൽ പോയി കടകളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ ദുരിതങ്ങൾക്ക് പരിഹാരം കണ്ടെത്തുക.
6. കടകളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ ജോലിസമയം കുറയ്ക്കുവാൻ ബന്ധപ്പെട്ട ലേബർ ഡിപ്പാർട്ട്മെന്റുമായി നടപടി സ്വീകരിച്ച് പരിഹാരം കണ്ടെത്തണം.
7. വനിത ക്ഷേമവികസന സൊസൈറ്റി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുക.

65

# സംസ്കാരം

സാംസ്കാരിക പ്രവർത്തനമണ്ഡലം വിശ ...നം ചെയ്യുമ്പോൾ മുളവുകാട് ഗ്രാമപഞ്ചായത്തി ...ഏറെ ചാരിതാർത്ഥ്യം നല്കുന്ന ഒട്ടനവധി ചരി ...സംഭവങ്ങളും അതിന് നേതൃത്വംനൽകിയ മഹാ ...ന്മാരും ഉൾക്കൊള്ളുന്ന ഒരു സാംസ്കാരികപൈ ...കം ഈ ഗ്രാമത്തിനുണ്ട്. മുളവുകാട് ദ്വീപിലെ ...ാംസ്കാരിക നായകൻമാരുടെ കൂട്ടത്തിൽ പ്രഥമ ...ഗണനീയനായിട്ടുള്ളത് സ്വാതന്ത്ര്യസമര സേനാനി ...ും സാഹിത്യകാരനുമായിരുന്ന ശ്രീ. എബ്രഹാം ...ടമാക്കൽ, കേരളത്തിന്റെ സാംസ്കാരിക നവോ ...ഥാനത്തിൽ നിർണ്ണായക പങ്കുവഹിച്ച ശ്രീ. പോ ...ഞ്ഞിക്കര റാഫി, അദ്ദേഹത്തിന്റെ സഹധർമ്മണിയും ...അന്തതസഹചാരിയുമായിരുന്ന ശ്രീമതി സെബിന ...റാഫി എന്നിവരാണ്. അവരെ സ്മരിക്കാതെ ഈ ...നാടിന്റെ സാംസ്കാരിക പശ്ചാത്തലം വിവരിക്കാൻ ...കഴിയുന്നതല്ല. ശ്രീ. പോഞ്ഞിക്കര റാഫിയുടെ കലി ...യുഗം എന്ന നോവലിന് സംസ്ഥാന സാഹിത്യ ...അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ...സഹധർമ്മണി ശ്രീമതി സെബീനാ റാഫി ക്രിസ്തീ ...യ സമുദായത്തിന്റെ തനതുകലയായ ചവിട്ടുനാടക ...ത്തെക്കുറിച്ച ആധികാരികമായ പഠനംനടത്തുകയും ...അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി അക്ഷീണം ...പ്രയത്നിക്കുകയും ചെയ്തു. സെബീനാ റാഫിക്ക് ...രാഷ്ട്രപതിയുടെ പ്രശംസ ലഭിച്ചിട്ടുണ്ട്.

### എബ്രഹാം മാടമാക്കൽ

കവിയും, വാഗ്മിയും, സ്വാതന്ത്ര്യസമര സേ ...നാനിയും ആയിരുന്ന എബ്രഹാം മടമാക്കലിന്റെ ക ...വിതകൾ സാംസ്കാരിക നവോത്ഥാനത്തിനും, ദേ ...ശീയ ഉദ്ഗ്രഥനത്തിനും മുതൽക്കൂട്ടായിരുന്നു.

മുളവുകാട് ഗ്രാമപഞ്ചായത്തിന് പ്രഗൽഭരാ യ രാഷ്ട്രീയ നേതാക്കൾക്ക് ജന്മംനൽകുവാൻ ക ഴിഞ്ഞിട്ടുണ്ട് എന്നതിൽ ഈ നാടിന് ഏറെ അഭിമാ നമുണ്ട്. കൊച്ചി നിയമസഭയിലെ ആംഗ്ലോ-ഇൻഡ്യൻ നോമിനി എം.എൽ.എ. ആയിരുന്ന ഗാ സ്പർ ഡിസിൽവ 1946-ലെ ഭരണഘടന നിർമ്മാണ സഭയിൽ അംഗമായിരുന്നു. ശ്രീമതി ദാക്ഷായണി വേലായുധന്റെ (Ex. MLA) സഹോദരൻ ശ്രീ. കെ.കെ. മാധവൻ മാസ്റ്റർ Ex. MLA, Ex. M.P. എന്നീ രംഗങ്ങ ളിൽ പ്രശോഭിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനി യും, ദീർഘകാലം മുളവുകാട് പഞ്ചായത്ത് പ്രസി ഡന്റും ആയിരുന്ന ശ്രീ. എൻ. രാമൻകുട്ടി അച്ചൻ, ഇടതുപക്ഷ ജനാധിപത്യമുന്നണി കൺവീനറും മുൻ എം.പി.യുമായ ശ്രീ. എം.എം. ലോറൻസ്, മുൻ എം. എൽ.എ. ശ്രീ. വി.കെ. ബാബു, എം.എൽ.സി. മാരാ യിരുന്ന ശ്രീ. പി.സി. ചാഞ്ചൻ, ശ്രീ. കെ.പി. വള്ളോൻ എന്നീ രാഷ്ട്രീയ നായകൻമാരുടെ ജന്മദേശമായ ഈ ഗ്രാമപഞ്ചായത്ത് രാഷ്ട്രീയ സാമൂഹ്യരംഗത്തും സാംസ്കാരിക രംഗത്തും പ്രഗത്ഭരെ സമ്മാനിച്ചിട്ടുണ്ട്.

മുമ്പ് ചേരാനെല്ലൂർ പഞ്ചായത്തിൽപ്പെട്ടിരു ന്ന മുളവുകാട്, വല്ലാർപാടം ദ്വീപുകൾ പണ്ഡിറ്റ് കെ.പി. കറുപ്പൻ മാഷിന്റെ പ്രവർത്തനമേഖലകളാ യിരുന്നു. അധഃസ്ഥിതവർഗ്ഗത്തിന്റെ നവോത്ഥാനത്തി നുവേണ്ടി പ്രവർത്തിച്ചിരുന്ന ശ്രീ. പി.സി. ചാഞ്ചനും, ശ്രീ. കെ.പി. വള്ളോനും, കൃഷ്ണാദി ആശാനും, പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി കഠിനാധ്വാനം ചെയ്ത് അധഃസ്ഥിതരിൽ സംഘടനാബോധവും, സാമൂഹ്യബോധവും അവരുടെ അവകാശങ്ങളെകു റിച്ചും, സ്വാതന്ത്ര്യത്തെക്കുറിച്ചും അവരിൽ അവബോ ധം സൃഷ്ടിച്ചു. കൊച്ചി സംസ്ഥാനത്ത് നിലവിലിരു

ന്ന കാലഘട്ടത്തിൽ ശ്രീ. പണ്ഡിറ്റ് കറുപ്പന്റെ പ്രയത്നഫലമായി അഞ്ചുഫിഷറീസ് സ്കൂളുകൾ അനുവദിച്ചതിൽ ഒന്ന് പനമ്പുകാട് ഗവഃഫിഷറീസ് എൽ.പി.സ്കൂൾ ആയിരുന്നു. മുളവുകാട് ഗ്രാമപഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്വന്തംകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പനമ്പുകാട് ദ്വീപിൽ ഒരു ഗ്രാമീണ വായനശാലയും, മുളവുകാട് ദ്വീപിലെ എബ്രഹാം മാടമാക്കൽ മെമ്മോറിയൽ ഗ്രന്ഥാലയം, പോഞ്ഞിക്കരയിലെ ഗ്രന്ഥാലയം, 'രചന' സാംസ്കാരിക കേന്ദ്രവും, മുളവുകാട് വടക്ക് ഭാഗത്തുള്ള എ.കെ.ജി. വായനശാലയും മറ്റ് നിരവധി സാംസ്കാരിക സമിതികളും ഇവിടെ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. സാംസ്കാരികനിലയത്തിൽ ഉള്ള ലൈബ്രറികൾ വിവിധങ്ങളായ പുസ്തക സമാഹരണത്തിലൂടെ ഈ നാടിന്റെ ഒരു മുതൽകൂട്ടാക്കി മാറ്റുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. ഇവിടെ വ്യത്യസ്ത മതവിഭാഗക്കാർ സാഹോദര്യത്തിലും മതസൗഹാർദ്ദത്തിലും ഒത്തൊരുമിച്ചു ജീവിച്ചുവരുന്നു. ക്രിസ്തുമത വിഭാഗത്തിൽപ്പെട്ടവരും, ഹിന്ദുക്കളും, മുസ്ലീമുകളും അവരുടെ അവാന്തര വിഭാഗങ്ങളും ഒത്തൊരുമയോടെ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ സവർണ്ണവിഭാഗത്തിൽപ്പെട്ടവർ വളരെ കുറവാണ്. വല്ലാർപാടം പള്ളിയിലെ തിരുനാൾ ആഘോഷങ്ങളും അടിക്കണ്ടം ക്ഷേത്രത്തിലെ മുടിയേറ്റ്, ശക്തിധര സഹായസംഘം സുബ്രഹ്മണ്യക്ഷേത്രത്തിലെ ഉത്സവവും വിവേകാനന്ദ ചന്ദ്രോദയ ക്ഷേത്രത്തിലെ ഉത്സവം, ആനന്ദചൂഡാമണി അയ്യപ്പക്ഷേത്രത്തിലെ ഉത്സവം, മറ്റു അനുബന്ധ ക്ഷേത്ര - പള്ളികളിലെ ഉത്സവ-പെരുനാൾ ആഘോഷപരിപാടികൾ എന്നിവകൊണ്ട് വല്ലാർപാടം ദ്വീപിനെ സംസ്കാരസമ്പന്നമാക്കുന്നു. മുളവുകാട് ദ്വീപിലെ കേരളേശ്വരപുരം ശിവക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവവും, ചേപ്പയിൽ ഭഗവതി ക്ഷേത്രത്തിലെ മീന ഭരണി മഹോത്സവവും, മുളവുകാട് വട്ടേക്കാട്ട് കണ്ഠാകർണക്ഷേത്രത്തിലെ പത്താമുദയ മഹോത്സവവും, സെന്റ് സെബാസ്റ്റ്യൻ പള്ളിയിലെ അമ്പുതിരുനാൾ മഹോത്സവവും, സെന്റ് മേരീസ് പള്ളിയിലെ കാരുണ്യ മാതാവിന്റെ തിരുനാൾ മഹോത്സവവും, പൊന്നാരിമംഗലം ശ്രീ സുബ്രഹ്മണ്യക്ഷേത്രത്തിലെ പൂയം മഹോത്സവവും, പൊന്നാരിമംഗലം തണ്ടാശ്ശേരി ശ്രീ ഭുവനേശ്വരി ക്ഷേത്രത്തിലെ ഉത്രം പ്രതിഷ്ഠാദിന മഹോത്സവവും, പോഞ്ഞിക്കര അയ്യപ്പക്ഷേത്രത്തിലെ മണ്ഡലമഹോത്സവവും, പോഞ്ഞിക്കര കോനാട് ക്ഷേത്രത്തിലെ കളമെഴുത്തും പാട്ടും, പൊന്നാരിമംഗലം ജുമാമസ്ജിദ് പള്ളിയിലെയും, സലഫി സെന്ററിലെയും നബിദിനാഘോഷവും മുളവുകാട് പ്രദേശത്തെ ജുമ-അത്ത് മുസ്ലിം പള്ളിയും, മുളവുകാട് ദ്വീപിലെ മറ്റു കുരിശുപള്ളികളും, കുടുംബക്ഷേത്രങ്ങളും ഇവിടത്തെ മതസൗഹാർദ്ദത്തിന് മാറ്റുകൂട്ടുന്നു.

വല്ലാർപാടം ദ്വീപിലെ സെന്റ് സെബാസ്റ്റ്യൻ കുരിശുപള്ളിയിലെ അമ്പെഴുന്നള്ളിപ്പ് പെരുന്നാളിലും, പനമ്പുകാട് സെന്റ് ജോസഫ് പള്ളിയിലെ തിരുനാളിലും, പോഞ്ഞിക്കര ദ്വീപിലെ സെന്റ് ജോസഫ് കപ്പേളയിലെ മെയ്ദിന തിരുനാളിലും സെന്റ് സെബാസ്റ്റ്യന്റെ അമ്പെഴുന്നള്ളിപ്പ് തിരുനാളിലും ജാതിമതഭേദമന്യേ എല്ലാവിഭാഗം ജനങ്ങളും വർദ്ധിച്ച സഹകരണത്തോടെ പങ്കെടുത്ത് ഉത്സവമാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വരുത്തുവാൻ എല്ലാ വിദ്യാലയങ്ങളിലേയും അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ സ്കൂൾ ലൈബ്രറികൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽനിന്നും പനമ്പുകാട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രാമീണ വായനശാലക്കും, മുളവുകാട് പ്രവർത്തിക്കുന്ന എ.കെ.ജി. വാ

# മുളവുകാട് പഞ്ചായത്തിലെ പ്രമുഖ വ്യക്തികൾ




ഗാസ്പർ ഡിസിൽവ X-MLA
ചെട്ടിവളപ്പിൽ വീട്



എം.എം. ലോറൻസ്
CPI(M) കേന്ദ്രകമ്മിറ്റിയംഗം




ഷെവലിയാർ ജോസഫ്
വേലിയാത്ത്



പോഞ്ഞിക്കര റാഫി
നടുവത്തേഴത്ത്



സബീന റാഫി
നടുവത്തേഴത്ത്




എബ്രഹാം മാടമാക്കൽ
സാഹിത്യകാരൻ



പി.സി. ചാഞ്ചൻ MLC
മുളവുകാട്




കെ.കെ. കണ്ടൻകോരൻ മാസ്റ്റർ
66-67-ലെ മികച്ച അദ്ധ്യാപകൻ




ജോസഫ് തോമസ്
ഫൽഗുന അവാർഡ് - '95



ശ്രീ. പി.പി. തോബിയാസ്
ഇന്ത്യൻ ഫുട്ബോൾ താരം



പി.പി. സുരേഷ് ബാബു
ജീവൻരക്ഷാപതക്കിന് അർഹനായി



കെ.പി. ജീവൻ (സജീവ്)
എം.എ. ഒന്നാം റാങ്ക്-1989

68

# സഹകരണ പ്രസ്ഥാനം

ലോകം മുഴുവൻ വ്യാപിച്ചിട്ടുള്ള ഒരു ജനകീയ പ്രസ്ഥാനമാണ് സഹകരണസംഘങ്ങൾ. 1828-ൽ ബ്രിട്ടണിൽ ഒരു ചണമില്ലിലെ 25 തൊഴിലാളികൾ ചേർന്ന് രൂപം നല്കിയതോടെ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. കാലക്രമത്തിൽ ജർമ്മനിയിലേക്കും പടർന്നുകയറിയ ഈ പ്രസ്ഥാനം ജനങ്ങളുടെ സാമ്പത്തിക - സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു എന്നു മനസ്സിലാക്കിയപ്പോൾ പല സമ്പന്ന രാജ്യങ്ങളും ഈ പ്രസ്ഥാനത്തിന് പ്രചോദനം കൊടുക്കുവാൻ തുടങ്ങി. അല്പം വൈകിയിട്ടാണെങ്കിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ സഹകരണ പ്രസ്ഥാനത്തിന്റെ വേരുകൾ ഇൻഡ്യയിലും ഓടിത്തുടങ്ങി.

ഇന്ന് എൺപത്തൊന്നായിരം കോടിരൂപ മൂലധനമുള്ള 17 ലക്ഷം സഹകരണസംഘങ്ങൾ ഇൻഡ്യയിൽ നിലവിലുണ്ട് എന്നതിൽനിന്ന് സഹകരണ പ്രസ്ഥാനത്തിന് ജനങ്ങളുടെ ഇടയിലുള്ള സ്വാധീനവും, അതുകൊണ്ട് ജനങ്ങൾക്കുള്ള നേട്ടവും നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. കേരളത്തിലാവട്ടെ 1600 കോടി രൂപ മൂലധനമുള്ള 1580 സഹകരണ സംഘങ്ങൾ ഭംഗിയായി പ്രവർത്തിക്കുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

സഹകരണ സംഘങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രാഥമിക സഹകരണ സംഘങ്ങൾ തന്നെയാണ്. ഇവക്കു പുറമേ ജില്ലാതല സംഘങ്ങളും, താലൂക്ക് തല സഹകരണ സംഘങ്ങളും, സംസ്ഥാനതല സഹകരണ സംഘവും പ്രവർത്തിക്കുന്നു. പട്ടണപ്രദേശങ്ങളിൽ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിക്കുന്നു.

വായ്പാവിതരണം, ഉല്പാദനം, മാർക്കറ്റിംഗ്, ക്ഷീരോല്പാദനം, മത്സ്യബന്ധന വിപണനം, കാർഷിക വികസനം, കയർ, കൈത്തറി, കരകൗശലം, ചെറുകിട വ്യവസായം എന്നീ വിവിധ മേഖലകളിൽ ആണ് മുഖ്യമായും സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

മുളവുകാട് പഞ്ചായത്തിൽ മുളവുകാട് വില്ലേജ് പരസ്പരസഹായസഹകരണസംഘം 1976 വരെ പ്രവർത്തിച്ചിരുന്നു. തൊണ്ടുല്പാദന - കയർ വിപണനരംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത സൊസൈറ്റി പ്രവർത്തനം മെച്ചപ്പെട്ട് മൂന്നു റേഷൻ കടകളും ലാഭകരമായി നടത്തിയിരുന്നു. സെക്രട്ടറിയടക്കം ഏഴു ജീവനക്കാർ ഈ സംഘത്തിൽ ഉണ്ടായിരുന്നു. കയർ വ്യവസായം മുളവുകാട് ദ്വീപിൽനിന്നും അപ്രത്യക്ഷമായതോടെ ഖാദി & വില്ലേജ് ഇൻഡസ്ട്രീസിൽനിന്നും സാമ്പത്തിക സഹായം നേടി നവീന രീതിയിലുള്ള ഒരു കുമ്മായ ചൂള ആരംഭിച്ചതോടെ പ്രവർത്തനം മറ്റൊരു മേഖലയിലേക്ക് വ്യാപിച്ചു. മറ്റു വൻകിട കുമ്മായ നിർമ്മാണ വ്യാപാരികളുമായി മത്സരിച്ച് ടി.സി.സി.-യിലെ കോൺട്രാക്ട് ലഭിച്ച സൊസൈറ്റി ഓർഡർ അനുസരിച്ചുള്ള കുമ്മായം നൽകിവന്നു. എന്നാൽ മറ്റു വൻകിട വ്യാപാരികളുമായുള്ള മത്സരത്തിൽ പിടിച്ചുനിൽക്കാൻ കഴിയാതെവരികയുണ്ടായി. ടി.സി.സി.യുടെ നിർദ്ദിഷ്ടമായ ഗുണമേന്മ നിലനിർത്താൻ നമ്മുടെ കുമ്മായ ചൂളയിലൂടെ നിർമ്മിതമായ ഉൽപ്പന്നത്തിന് കഴിയാതെ വന്നതിനാൽ തുടർച്ചയായി കുമ്മായം തിരിച്ചയയ്ക്കുകയും ടി.സി.സി. കോൺട്രാക്ട് ക്യാൻസൽ ചെയ്യുകയും ചെയ്തു. ഏറെ പ്രതീക്ഷയോടെ ഉൽപ്പാദനം മെച്ചപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെടുകയും, തുടർച്ചയായ റിജക്ഷൻ സൊസൈറ്റിക്ക് കൂടുതൽ ബാദ്ധ്യത വരുത്തുകയും ചെയ്തു. സൊസൈറ്റി ലിക്വിഡേഷനിലാകുകയും ചെയ്തു.

മുളവുകാട് പഞ്ചായത്തിന്റെ നിർഭാഗ്യമെന്നു പറയട്ടെ! നാളിതുവരെ ഒരു പ്രാഥമിക സഹകരണസംഘം മാത്രമേ രൂപീകൃതമായിട്ടുള്ളൂ. 1991-ൽ മുളവുകാട് പഞ്ചായത്ത് കമ്മിറ്റിയുടെ നേ

ന്യത്വത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചീഫ് പ്രൊമോട്ടറായും പഞ്ചായത്തിലെ 9 മെമ്പർമാർ പ്രൊമോർമാരും ആയി രൂപീകൃതമായിട്ടുള്ള സൊസൈറ്റിയാണിത്. 1992-94 കാലഘട്ടത്തിൽ 3918 അംഗസംഖ്യകളോടെ ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 317 അംഗങ്ങളുണ്ട്. 20-8-92-ൽ പുതിയ ഭരണസമിതി അധികാരത്തിൽ വരികയും 20-9-92-ൽ ശ്രീ. ജോസഫ് കോന്നുള്ളി പ്രസിഡന്റായും മറ്റ് 11 അംഗങ്ങളുള്ള ഭരണസമിതി അധികാരം ഏൽക്കുകയും ചെയ്തു. 3,26,935 രൂപ സ്ഥിരം നിക്ഷേപം ഉള്ള ഈ സംഘം 1-11-93 മുതൽ സ്വർണ്ണ പണയം ഇടപാട് ആരംഭിക്കുകയും 10-5-94 മുതൽ കുറി ഇടപാട് ആരംഭിച്ച് സുഗമമായ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നു.

1991-ൽ സ്ഥാപിതമായ ഈ സംഘം ശൈശവദശയിലെ ബാലാരിഷ്ടതകൾ പിന്നിട്ടിട്ടില്ല എന്നതാണ് സത്യം. ജനങ്ങളുടെ കലവറയില്ലാത്ത സഹകരണവും പിൻബലവും ആവശ്യമുള്ള സഹകരണ സംഘങ്ങൾക്ക് അർപ്പണ ബോധവും കഠിനപ്രയത്നവും കൈമുതലായുള്ള ഭരണസമിതിയും ഉണ്ടെങ്കിലേ ഏതൊരു സഹകരണ പ്രസ്ഥാനവും നിലനിൽക്കുകയുള്ളൂ. സഹകരണ പ്രസ്ഥാനത്തിന്റെ ഗുണവശങ്ങളെ പറ്റിയും പ്രസ്തുത പ്രസ്ഥാനങ്ങൾ നൽകുന്ന വായ്പയും ഇതര സേവനങ്ങളും കൊണ്ട് സാമൂഹ്യ സാമ്പത്തിക രംഗത്ത് കൈവരിക്കാവുന്ന നേട്ടങ്ങളെകുറിച്ചും സാധാരണ ജനങ്ങൾക്ക് വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നാം ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

സഹകരണ സംഘത്തിന്റെ നിലനിൽപ്പിനാവശ്യമായ മറ്റൊരു പ്രധാനഘടകമാണ് മൂലധന സ്വരൂപണം. മൂലധന സമാഹരണത്തിലും വായ്പാ വിതരണത്തിലും ഉണ്ടായിട്ടുള്ള വളർച്ചയുടെ അനുപാതം സഹകരണ സംഘത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായകരമായിരിക്കും. അധികാരം ജനങ്ങളിലേയ്ക്ക് എന്ന നൂതനാശയം പ്രാവർത്തികമാക്കുന്ന ജനകീയാസൂത്രണ പദ്ധതികളുടെ വിജയത്തിന് സഹകരണ പ്രസ്ഥാനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്.

നിലവിലുള്ള ഏക സഹകരണ സംഘത്തിനുപുറമെ കൃഷി, മത്സ്യബന്ധനം, പൊതുവിതരണം, കൈത്തൊഴിൽ, ക്ഷീരോത്പാദനം, വിപണനം എന്നീ മേഖലകളിൽക്കൂടി സഹകരണ സംഘങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഗ്രാമസഭകളിൽനിന്നും ആശാവഹമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുള്ളത് ഈ രംഗത്ത് നമ്മുടെ പഞ്ചായത്ത് ഒരു കുതിച്ചു ചാട്ടത്തിന് തയ്യാറെടുക്കുന്നു എന്നതിന്റെ സൂചനയാണ്.

## നിർദ്ദേശങ്ങൾ

1. മുളവുകാട് ദ്വീപിൽ സ്ഥിതിചെയ്യുന്ന മുളവുകാട് പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം കൊണ്ട് വല്ലാർപാടം പനമ്പുകാട് പ്രദേശത്തെ അംഗങ്ങൾക്ക് പ്രതീക്ഷക്കൊത്ത ഗുണങ്ങൾ ലഭിക്കുന്നില്ല. ആയതിനാൽ വല്ലാർപാടം ദ്വീപിൽ സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് സത്വരമായി ആരംഭിക്കേണ്ടതാണ്.
2. ക്ഷീര - മത്സ്യ മേഖലകളിൽ പുതിയ സൊസൈറ്റി പ്രവർത്തനം ആരംഭിക്കുക.
3. കൂടുതൽ നിക്ഷേപ സമാഹരണത്തിനായി ജനങ്ങളുടെ സഹകരണം തേടുക (50 ലക്ഷം രൂപയെങ്കിലും നിക്ഷേപം)
4. കൂടുതൽ സല. യോടെ കൂടുതൽ കുറി ഇടപാടുകൾ ആരംഭിക്കുക.
5. പഞ്ചായത്തിൽ നിന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പരമാവധി സാമ്പത്തിക സഹായം നൽകുക.
6. കാലാകാലങ്ങളിൽ സർക്കാരിൽനിന്നും ലഭിക്കുന്ന വായ്പകൾ അംഗങ്ങൾക്ക് ലഭ്യമാകത്തക്കവിധം സൊസൈറ്റി വിവിധ സർക്കാർ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവർത്തനം വിപുലീകരിക്കുക.
7. ഭവനനിർമ്മാണ വായ്പ വിതരണത്തിനായി ഒരു ഭവനനിർമ്മാണ വായ്പ സഹകരണസംഘം സ്ഥാപിക്കുക.

യനശാലക്കും, പോഞ്ഞിക്കരയിലുള്ള ഗ്രന്ഥാലയത്തിനും പത്രമാസികകൾ സൗജന്യമായി നൽകിവരുന്നു.

കായികരംഗത്ത് ഇന്ത്യൻ ഫുട്ബോൾ താരമായ ശ്രീ. തോബിയാസ്, വനിതാ ഫുട്ബോളിൽ ഇന്ത്യൻ ക്യാപ്റ്റനായിരുന്ന മെറ്റിൽഡ ഡിക്കോത്ത, വനിതാ ഫുട്ബോൾ സ്റ്റേറ്റ് താരമായ ബിന്ദു ജോൺ എന്നിവർ വളരെ പ്രശസ്തമായ രീതിയിൽ ശ്രദ്ധപിടിച്ചുപറ്റിയവരാണ്.

കായികരംഗത്ത് പ്രോത്സാഹനം നല്കുന്നതിനായി മുളവുകാട് ദ്വീപിലും, വല്ലാർപാടം ദ്വീപിലും കളിസ്ഥലം നിർമ്മാണം പുരോഗമിച്ചുവരികയാണ്.

## രാഷ്ട്രപതിയുടെ ജീവൻരക്ഷാപതകിന് അർഹനായ വ്യക്തി:

ശ്രീ. കെ.എസ്. സുരേഷ് തൊരുവിപ്പറമ്പിൽ വീട്, മുളവുകാട്.

## രാഷ്ട്രപതിയുടെഫൽഗ്ഗു അവാർഡിന് അർഹനായ വ്യക്തി:

ശ്രീ. ജോസഫ് തോമസ്, പുത്തൻ പുരയ്ക്കൽ.

## ഉന്നതശ്രേണിയരായ പഞ്ചായത്ത് നിവാസികൾ

1 ശ്രീ. കെ.കെ. വിജയകുമാർ ഐ.ഏ.എസ്., പനമ്പുകാട്

2. ശ്രീ. കെ. രാമൻമാസ്റ്റർ പി.എച്ച്ഡി, രാമാട്ടുവീട്, മുളവുകാട്

3. ഡോ. കെ.എസ്. രാധാകൃഷ്ണൻ പ്രൊഫസർ, മഹാരാജാസ് കോളേജ്, എറണാകുളം

4. ശ്രീമതി. ബ്രിജിറ്റ് ജോസഫ്, കുരിശിങ്കൽ പി.എച്ച്ഡി നേടിയ ആദ്യവനിത

5. കെ.പി. ജീവൻ (സജീവ്) എം.എ. ഒന്നാം റാങ്ക്

6. ശ്രീമതി. വാലന്റീന ഡിക്രൂസ് എം.എസ്.സി. ഒന്നാംറാങ്ക്

7. ശ്രീ. ബാബു മാത്യു, ബി.എ., എൽഎൽ.ബി. ജില്ലാ ജഡ്ജി.

8. ശ്രീ. എം.എം. മാത്യു, മാടമാക്കൽ കേരള അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് പ്രൊസിക്യൂഷൻ

കൂടാതെ ഡോക്ടർമാർ, എഞ്ചിനീയർമാർ, കോളേജ്-സ്കൂൾ അദ്ധ്യാപകർ, അഭിഭാഷകർ ഉൾപ്പടെ നിരവധിപേർ ഈ പഞ്ചായത്ത് നിവാസികളായിട്ടുണ്ട്.

## അദ്ധ്യാപകവൃത്തിയിൽ സംസ്ഥാനതല അവാർഡ് ലഭിച്ചവർ

1 ശ്രീ. കെ.കെ. കണ്ടങ്കോരൻ മാസ്റ്റർ, പനമ്പുകാട്

2. ശ്രീ. വിശ്വവീരൻ മാസ്റ്റർ, മുളവുകാട്

## ലോക്കൽഫണ്ട് ചീഫ് എക്സാമിനർ

1 ശ്രീ. പി.കെ. വിജയൻ മുളവുകാട്

## പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗം

1 ശ്രീ. കെ.വി. കുമാരൻ, കൊലോട്ട് വീട്, മുളവുകാട്

## മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

1 ശ്രീ. വി.കെ. കുട്ടി സാഹിബ്, ചേരാനെല്ലൂർ

2. ശ്രീ. ടി.എസ്. രാമൻ, പനമ്പുകാട്

3. ശ്രീ. ഡാനിയൽ ഡി. വേലിയത്ത്, പോഞ്ഞിക്കര

4. ശ്രീ. റാഫേൽ മേത്തശ്ശേരി, പൊന്നാരിമംഗലം

5. ശ്രീ. എൻ. രാമൻകുട്ടി അച്ചൻ, നായ്ക്കര വീട്, പനമ്പുകാട്

6. ശ്രീ. കെ.എം. ശരത്ചന്ദ്രൻ, കളത്തിൽ വീട്, പനമ്പുകാട്.

7. അഡ്വ. കെ.പി. ഹരിദാസ്, കൊച്ചിലാട്ട് ഹൗസ്, മുളവുകാട്.

1963 മുതൽ 79 വരെയുള്ള നീണ്ട 16 വർഷം ശ്രീ. എൻ. രാമൻകുട്ടി അച്ചൻ ദീർഘകാല പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ഈ കാലയളവിൽ പഞ്ചായത്ത് പൊതുതെരഞ്ഞെടുപ്പ് നടത്തിയിരുന്നില്ല.

## സ്റേറ്റ് വനിതാ പ്രാതിനിധ്യം

1. സീന രാഘവൻ, വല്ലാർപാടം - ഫുട്ബോൾ
2. ജെസി " "
3. ആനി പത്രോസ് " "
4. ബന്റില ഡിക്കോത്ത് " "

## ക്ലബ്ബ്

1. കൾച്ചറൽ ഫൈൻ ആർട്സ്
2. പ്രചോദന സാംസ്കാരിക വേദി
3. ഫെനിക്കസ് ആർട്ട്സ്, പനമ്പുകാട്
4. പുഞ്ചിരി ആർട്ട്സ്
5. ഡാസ്‌ലിംഗ് യൂത്ത്
6. സാവിയോ സ്പോർട്സ് ക്ലബ്
7. ബി.എഫ്.എ. ബോൾഗാട്ടി
8. ഫൈറ്റേഴ്സ്, പനമ്പുകാട്
9. റിലയൻസ് ബോൾഗാട്ടി.

## ബോൾഗാട്ടി വെൽഫയർ അസ്സോസിയേഷൻ

കലാ-കായിക-സാംസ്കാരിക രംഗത്തും രാഷ്ട്രീയരംഗത്തും നിരവധി വ്യക്തികൾക്ക് ജന്മം നൽകിയ ഈ പഞ്ചായത്തിൽ ഭാവിയുടെ വാഗ്ദാനങ്ങളായി ഉയർന്നുവരേണ്ട യുവപ്രതിഭകളെ കണ്ടെത്തുവാനും അവരുടെ പ്രവർത്തനമേഖലകളിൽ വിജയം കൊയ്യുവാൻ എല്ലാവിധ പ്രോത്സാഹനങ്ങളും സഹകരണവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യുവാൻ സന്നദ്ധമാണ്.

ദിവംഗതനായ മുൻ എം.പി. ടി.കെ.സി. വടുതല മുളവുകാട് പഞ്ചായത്തിന് നൽകിയിട്ടുള്ള സേവനങ്ങളെ അനുസ്മരിക്കും വിധം അദ്ദേഹത്തിന്റെ പേരിൽ ഒരു കൾച്ചറൽ ചാരിറ്റബിൾ സൊസൈറ്റി പനമ്പുകാട് ആസ്ഥാനമായി പ്രവർത്തന നിരതമായിട്ടുണ്ട്.

അന്താരാഷ്ട്ര നിലവാരമുള്ള കേരളത്തിലെ അപൂർവ്വം ഗോൾഫ് ക്ലബ്ബുകളിൽ ഒന്നായ ബോൾഗാട്ടി ഗോൾഫ് ക്ലബ്ബ് - നമ്മുടെ പഞ്ചായത്തിലാണ്.

ടൂറിസം വാരാഘോഷങ്ങളിലും അതിനോടനുബന്ധിച്ചു നടക്കുന്ന അന്താരാഷ്ട്ര ജലോത്സവ പരിപാടികളിലും ഈ പഞ്ചായത്തിന് അർഹമായ പരിഗണന ലഭ്യമായിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന ഇത്തരം കലാകായികസാംസ്കാരിക പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ ഭരണ കർത്താക്കളെയും ജനങ്ങളെയും ഒഴിച്ചു നിർത്തുന്ന പ്രവണത ഇനിയും മാറ്റേണ്ടിയിരിക്കുന്നു. ടൂറിസം ഡിപ്പാർട്ട്മെന്റും ജില്ലാഭരണാധികരികളടക്കമുള്ള ആഘോഷ കമ്മിറ്റികളും നടത്തുന്ന ഈ അവഗണന പഞ്ചായത്തിൽ മുഴുവൻ ജനവിഭാഗങ്ങളുടേയും ശക്തമായ പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. വരുംനാളുകളിൽ ഇത്തരം നടപടികൾ ഉണ്ടാവുകയില്ലെന്ന് നമുക്ക് പ്രത്യാശിക്കാം.

## ഗ്രാമസഭയിൽനിന്നുള്ള നിർദ്ദേശങ്ങൾ

1. മുളവുകാട് പഞ്ചായത്തിലെ ഇരുദ്വീപുകളിലും നിർമ്മിച്ചുവരുന്ന കളിസ്ഥലം നവീനരീതിയിലുള്ള സൗകര്യങ്ങളോടുകൂടി പ്രവർത്തനക്ഷമമാക്കുവാനും പഞ്ചായത്ത് തലത്തിൽ കലാകായികരംഗത്തിൽ മത്സരം സംഘടിപ്പിച്ച് പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ഏർപ്പെടുത്തുക.
2. സാംസ്കാരിക നിലയത്തിൽ വിവിധങ്ങളായ പുസ്തകങ്ങൾ സമാഹരിച്ച് പ്രവർത്തനസമയം മെച്ചപ്പെടുത്തുകയും ചർച്ചാ ക്ലാസ്സുകൾ ബോധവൽക്കരണ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക.
3. സാംസ്കാരിക നിലയം കൂടുതൽ സൗകര്യപ്രദമായ വിധം മാറ്റി സ്ഥാപിക്കുകയോ നിലവിലുള്ള കെട്ടിടത്തിലേയ്ക്കുള്ള സഞ്ചാരസൗകര്യം മെച്ചപ്പെടുത്തുകയോ ചെയ്യുക.

# വിഭവസമാഹരണം

വിഭവസമാഹരണം വിശകലനം ചെയ്യുമ്പോൾ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ തനതായ വരുമാനങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, അധിക വിനോദനികുതി, വസ്തുകൈമാറ്റ നികുതിയുടെ 75% വിഹിതം, കാഴ്ച നികുതി, ലൈസൻസ് ഫീസ്, മത്സ്യബന്ധന ലേലാവകാശം, കടത്തിറക്ക് ഫീസ് സർക്കാരിൽനിന്നുള്ള ഗ്രാന്റുകൾ മുതലായവയാകുന്നു.

## പട്ടിക 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995–96)

| | ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി. |
|---|---|---|---|---|
| 1. | കെട്ടിടനികുതി | 1,80,610.00 | 1,80,610.00 | – |
| 2. | തൊഴിൽ നികുതി | 1,01,820.00 | 1,01,820 | – |
| 3. | വാഹന നികുതി | 1072.00 | 1072.00 | – |
| 4. | വിനോദ നികുതി | 6436.59 | 6436.59 | – |
| 5. | അധിക വിനോദ നികുതി | 3942.09 | 3942.09 | – |
| 6. | പ്രദർശന നികുതി | 1406.00 | 1406.00 | – |
| 7. | ലൈസൻസ് ഫീസ് (ഡി & ഒ കച്ചവടം) | 3744.50 | 3744.50 | – |
| 8. | പ്രദർശന നികുതി സർചാർജ്ജ് | 351.50 | 351.50 | – |
| 9. | കെട്ടിടനികുതി സർചാർജ്ജ് | 10,767.50 | 10,767.50 | – |
| 10. | വസ്തുകൈമാറ്റ നികുതി 75% | 5,00,322.00 | 5,00,322.00 | – |
| 11. | " " 25% | 2,40,000.00 | 2,40,000.00 | – |
| 12. | സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ | 7,31,502.87 | 7,31,502.87 | – |
| 13. | സംഭാവന | 200.00 | 200.00 | – |
| 14. | ഡെപ്പോസിറ്റ് | 1,63,161.75 | 1,63,161.75 | – |
| 15. | മറ്റുള്ളവ | 9,72,491.70 | 9,72,491.70 | – |
| | ആകെ | 29,17,828.50 | 29,17,828.50 | – |

73

## പട്ടിക 1.24ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995–96)

| ഇനം | തുക |
|---|---|
| ഭരണം | 6,45,337.00 |
| പൊതുമരാമത്ത് | 15,62,218.00 |
| വിദ്യാഭ്യാസം | 36,554.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 3,06,312.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 1,03,815.00 |
| മറ്റുള്ളവ | 1,11,296.00 |
| **ആകെ** | **27,65,532.00** |

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ തനതു വരുമാനം കൂടുകയാണ് ചെയ്യുന്നത്. ഓരോ ഇന ിലും കഴിഞ്ഞ 10 വർഷത്തെ അപേക്ഷിച്ച് 100 ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്. എന്നാൽ മൊത്തം ചെ ്യുമായി തുലനം ചെയ്യുമ്പോൾ പഞ്ചായത്ത് കമ്മിയാണ്. നിയമപ്രകാരം വാർഷിക വരുമാനത്തിന്റെ 5% ക നീക്കിയിരിപ്പായി കാണിക്കണമെന്നുള്ള നിർദ്ദേശം പാലിക്കുന്നതുകൊണ്ട് കണക്കിൽ നീക്കിയിരിപ്പ് ാരംഭ ബാക്കിയായി കാണും. കൂടാതെ പഞ്ചായത്ത് രാജ് നിലവിൽ വന്നശേഷം കൃഷിവകുപ്പ്, ആരോഗ്യ കുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ വകുപ്പുകളിൽനിന്നും അതാതുസ്ഥാപനത്തിലെ ആവശ്യങ്ങൾക്കാ ചെലവ് ചെയ്യുന്നതിന് ഫണ്ട് പഞ്ചായത്തിനെ ഏല്പിച്ചുവരുന്നു.

പഞ്ചായത്തിന്റെ ഭരണചെലവിലേക്കായി 6,45,337 രൂപയും, പൊതുമരാമത്ത് പണികൾക്കായി 15,62,218 പയും, വിദ്യാഭ്യാസത്തനായി 36,554 രൂപയും, ജലിവിതരണത്തിനായി 1,96,824 രൂപയും, ഓടകൾക്കായും ്തിയവ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും പൊതുജനാരോഗ്യത്തിനുമായി 3,06,312 രൂപയും, തെ ്വ് വിളക്കുകൾ കത്തിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിലേക്ക് 1,03,815 രൂപയും മറ്റുള്ളവയക്കായി 1,11,296 പയും ഉൾപ്പെടെ പ്രതിവർഷം പഞ്ചായത്തിൽനിന്നും 27,65,532 രൂപയും ചെലവഴിക്കുന്നു. കൂടാതെ ജെ. ര്.വൈ. പദ്ധതിയിൽപ്പെടുത്തി 4,81,100 രൂപ പൊതുപദ്ധതികളിലും, 2,74,054 രൂപ പട്ടികജാതി വിഭാഗ ാർക്കും ഈ വർഷം ചെലവഴിക്കുന്നുണ്ട്.

## പട്ടിക 1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിരങ്ങൾ (1995–96)

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| മൃഗസംരക്ഷണം | – | 100– | 100– |
| ആരോഗ്യം | – | 3,19,676 | 3,19,676 |
| കൃഷി | 35,500 | – | 35,500 |
| പി.ഡബ്ല്യു.ഡി. | – | – | – |
| ഹരിജനക്ഷേമം | 2,000 | – | 2,000 |
| മറ്റുള്ളവ | – | – | – |
| **ആകെ** | **37,500** | **3,19,776** | **3,57,276** |

74

മറ്റ് വകുപ്പുകൾ വഴി 3,57,276 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ (കാർഷിക) വിവിധ പദ്ധതികൾക്കായി 35,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

മൊത്തം വരുമാനത്തിന്റെ 23.33 ശതമാനം തുക ഭരണകാര്യങ്ങൾക്കായി വിനിയോഗിക്കുന്നു. പൊതുമരാമത്ത് പണികൾക്കായി മൊത്തം വരുമാനത്തിന്റെ 56.48 ശതമാനം തുക ചെലവഴിക്കുന്നു. ഈ തുക പൂർണ്ണമായും നിലവിലുള്ള റോഡുകളുടേയും ഇടവഴികളുടേയും നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും വേണ്ടി ചെലവഴിക്കുന്നവയാണ്. നിർമ്മാണപ്രവർത്തനങ്ങളിലും പുനരുദ്ധാരണ പ്രവർത്തനങ്ങളിലും സന്നദ്ധപ്രവർത്തന സേവനം ലഭിക്കുന്നില്ലായെന്നുള്ളത് ഖേദകരമാണ്. ഏതൊരാവശ്യവും പഞ്ചായത്ത് ഫണ്ട് ചെലവുചെയ്ത് പഞ്ചായത്ത് ഏറ്റെടുത്ത് ചെയ്യണമെന്നുള്ള മനോഭാവം മാറ്റിയെടുക്കണം. മരാമത്ത് പണികൾ കോൺട്രാക്ടർ നോമിനി, എന്നീ മാർഗ്ഗങ്ങളിലൂടെയാണ് ഇപ്പോൾ പഞ്ചായത്ത് നടത്തിവരുന്നത്. അതുകൊണ്ട് തന്നെ പദ്ധതിക്കാവശ്യമായി നീക്കിവെച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയുന്നില്ല. ഇതിനൊരു മാറ്റം ഉണ്ടാകേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമായി പരിഗണിക്കണം. ഇതിനായി വികസനപ്രവർത്തനങ്ങളും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും പൂർണ്ണമായ ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടത്തുവാൻ കഴിയണം.

ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം, വിധവ - വാർദ്ധക്യ പെൻഷനുകളും വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായങ്ങളും മറ്റും പഞ്ചായത്തിൽനിന്നും വിതരണം ചെയ്യുന്നു.

ഈ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ സംഘവും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരുശാഖയും മുളവുകാട് ദ്വീപിൽ പ്രവർത്തിച്ചുവരുന്നു. വല്ലാർപാടം - പനമ്പുകാട് പ്രദേശത്ത് ഇത്തരം ഒരു സ്ഥാപനവും പ്രവർത്തിക്കുന്നുമില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുളവുകാട് ശാഖവഴിയും എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മറൈൻ ഡ്രൈവ് ശാഖവഴിയും മുളവുകാട് ദ്വീപ് നിവാസികൾക്ക് ചെറിയതോതിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓച്ചംതുരുത്ത് ശാഖവഴി വല്ലാർപാടം പനമ്പുകാട് ദ്വീപുനിവാസികൾക്ക് ചെറിയതോതിലും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. കൂടാതെ ധാരാളം ചെറുകിട പ്രാദേശിക ചിട്ടികളും നടന്നുവരുന്നുണ്ട്.

സംസ്ഥാന ഫിനാൻസ് കമ്മീഷന്റേയും സെൻ കമ്മിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാന ഖജനാവിൽനിന്നും പഞ്ചായത്തുകളിലേക്ക് കൂടുതൽ ധനം അനുവദിക്കുന്നതോടൊപ്പംതന്നെ ആയത് ചെലവു ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും കാലോചിതമായ മറ്റം വരുത്തുകയും ലഘൂകരിക്കുകയും വേണം.

ഗൾഫ്-വിദേശ പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ കുറവല്ല. ഉപകാരപ്രദമായ പുനർനിർമ്മാണ പ്രക്രിയയിൽ വിനിയോഗിക്കാൻ സന്മനസ്സുണ്ടാകണം.

അൺടൈഡ് ഫണ്ട് പദ്ധതിയിൽ നാളിതുവരെ ലഭിച്ച 7,55,154 രൂപയിൽ 4,81,100 രൂപ ജനറൽ സെക്ടറിലും 2,74,054 രൂപ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനതതിനായി പലപദ്ധതികളിലൂടെ ചിലവഴിച്ചിട്ടുണ്ട്.

മുളവുകാട് പഞ്ചായത്ത് ഒരു സ്വാശ്രയ വില്ലേജായി പ്രഖ്യാപിച്ചിട്ടുണ്ട്. G.O. (MS) 12/92/PLG ഈ തിയിൽപ്പെടുത്തി 1995-96 വർഷം വരെ ലഭിച്ച 11 ലക്ഷം രൂപ ഉപയോഗിച്ച് ക്രിയാത്മക വികസന പ്ര ത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനുപുറമെ 1996-97 വർഷത്തെ പദ്ധതിയിൽപ്പെടുത്തി 15 ലക്ഷം രൂപ ന്റും 15 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് മൊത്തം 30 ലക്ഷം രൂപ ചെലവുചെയ്ത് താഴെപ ന്ന വികസന പ്രവർത്തികൾ ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

-96 ഔട്ട് റൈറ്റ് ഗ്രാന്റ് - 2,00,000 രൂപ

ഷോപ്പിംഗ് കോംപ്ലക്സിനുമുകളിൽ പഞ്ചായത്ത് ആഫീസ് കെട്ടിടം നിർമ്മിക്കൽ

| | | |
|---|---|---|
| | മാച്ചിംഗ് ഗ്രാന്റ് - 15,00,000 രൂപ | പഞ്ചായത്ത് ഫണ്ട് 15,00,000 രൂപ |
| | വല്ലാർപാടം പി.എച്ച്. സെന്ററിനു കെട്ടിടം | 5,00,000 രൂപ |
| | മൂന്നാം വാർഡിൽ തണ്ടാശ്ശേരി അമ്പലത്തിനു സമീപം ലാന്റിംഗ് പ്ലെയ്സ് രൂപീകരിക്കൽ | 1,00,000 രൂപ |
| | 8-ാം വാർഡിൽ കളിസ്ഥലം പുനരുദ്ധാരണവും രൂപീകരണവും (3-ാംഘട്ടം) | 3,00,000 രൂപ |
| | 6-ാം വാർഡിൽ വടക്കെ അറ്റത്ത് ലാന്റിംഗ് പ്ലെയ്സ് രൂപീകരണം | 1,50,000 രൂപ |
| . | വാർഡ് 5ൽ കാട്ടത്തുകടവിൽ കളിസ്ഥലം പുനരുദ്ധാരണവും രൂപീകരണവും | 3,00,000 രൂപ |
| . | വല്ലാർപാടം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിക്ക് കെട്ടിടം നിർമ്മാണം | 3,00,000 രൂപ |
| . | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 50 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകൽ @ Rs.5000/ ഉൾപ്പടെ SC/ST | 2,50,000 രൂപ |
| . | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 50 വ്യക്തികൾക്ക് തയ്യൽമിഷ്യൻ വിതരണം @ Rs.5000/ SC/ST ഉൾപ്പടെ | 1,50,000 രൂപ |
| . | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 10 കുടുംബത്തിന് 20,000 രൂപ അടങ്കലിൽ വീടുകൾ നിർമ്മിച്ചു നൽകൽ | 2,00,000 രൂപ |
| 10. | വാർഡ് 4ൽ ഷോപ്പിംഗ് കം കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം | 5,00,000 രൂപ |
| 11. | വലിയപറമ്പ് ശ്മശാനത്തിലേക്ക് അപ്രോച്ച് റോഡും ശ്മശാനത്തിന് ചിമ്മിനിയും ഷെഡ്ഡും നിർമ്മിക്കൽ | 2,50,000 രൂപ |

## പട്ടിക 1.27 JRY പണി സംബന്ധിച്ച വിരങ്ങൾ -Ref. JRY ആക്ഷൻ പ്ലാൻ

| പണിയുടെ പേര് | ജനറൽ സെക്ടർ | SC/ST വിഭാഗം തുക രൂ. | ആകെ തുക രൂ. |
|---|---|---|---|
| 1. ഹരിജനങ്ങൾക്ക് ഭവന നിർമ്മാണം | | 1,82,800 | 1,82,800 |
| 2. 5-ാം വാർഡിൽ കാട്ടാത്തു കടവ് കെട്ടി സംരക്ഷിക്കലും രണ്ടേക്കർ സ്ഥലം നികത്തലും | 1,00,000 | - | 1,00,000 |
| 3. പി.ഡബ്ല്യു.ഡി. റോഡിൽനിന്നും വാഴത്തപറമ്പുവരെ ബണ്ട്-കൾവർട്ട് നിർമ്മിക്കൽ | 44,500 | - | 44,500 |
| 4. 6-ാം വാർഡിൽ ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കൽ | 1,59,000 | - | 1,59,000 |
| 5. 9-ാം വാർഡിൽ ആഫീസ് പറമ്പ് റോഡ് രൂപീകരണം | 45,000 | - | 45,000 |
| 6. ഏഴാം വാർഡിൽ വല്ലാർപാടം ബോട്ട് ജെട്ടിക്ക് സമീപം കംഫർട്ട് സ്റ്റേഷൻ | 45,000 | - | 45,000 |
| 7. ഒന്നാം വാർഡിൽ രാജീവ് കൾച്ചറൽ ഫോറത്തിന്റെ പുറകിലുള്ള കപ്പത്തോട് നികത്തൽ | 45,000 | - | 45,000 |
| 8. പത്താം വാർഡിൽ മുക്കം ജെട്ടിൽനിന്നും വടക്കോട്ട് ഇല്ലിക്കത്തോട് വരെ റോഡ് ഫോർമേഷനും, ഇല്ലിക്കൽ തോട്ടിൽ കലുങ്കും Sluice അറ്റകുറ്റ പണികളും സൈഡ് സംരക്ഷിക്കലും | 2,15,892 | - | 2,15,892 |
| 9. അഞ്ചാം വാർഡിൽ വലിയതറ ഹരിജൻ കോളനിയിൽ കാന നിർമ്മിക്കൽ | | 45,000 | 45,000 |
| 10. പനമ്പുകാട് അംബേദ്കർ വാർഡിൽ (7) കാന നിർമ്മിക്കൽ | | 27,065 | 27,065 |

### പട്ടിക 1.28 ഏറ്റെടുത്ത JRYപണികൾ സംബന്ധിച്ച വിരങ്ങൾ Ref. JRY work Reg.

| പണിയുടെ പേര് | ജനറൽ | | SC/ST | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| 1. ഹരിജനങ്ങൾക്ക് ഭവന നിർമ്മാണം | | | 1,82,800 | 1,02,800 |
| 2. 5-ാം വാർഡിൽ കാട്ടാത്തു കടവ് കെട്ടി സംരക്ഷിക്കലും രണ്ടേക്കർ സ്ഥലം നികത്തലും | 1,00,000 | 19,500 | | |
| 3. പി.ഡബ്ല്യു.ഡി. റോഡിൽനിന്നും വാഴത്തപറമ്പുവരെ ബണ്ടുകൾ നിർമ്മിക്കൽ | 44,500 | 8,900 | | |
| 4. 6-ാം വാർഡിൽ ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കൽ | 1,59,000 | 1,53,740 | | |
| 5. 9-ാം വാർഡിൽ ആഫീസ് പറമ്പ് റോഡ് രൂപീകരണം | 45,000 | 9,000 | | |
| 6. ഏഴാം വാർഡിൽ വല്ലാർപാടം ബോട്ട് ജെട്ടിക്ക് സമീപം കംഫർട്ട് സ്റ്റേഷൻ | 45,000 | | | |
| 7. ഒന്നാം വാർഡിൽ രാജീവ് കൾച്ചറൽ ഫോറത്തിന്റെ പുറകിലുള്ള കപ്പത്തോട് നികത്തൽ | 45,000 | | | |
| 8. പത്താം വാർഡിൽ മുക്കം ജെട്ടിൽനിന്നും വടക്കോട്ട് ഇല്ലിക്കത്തോട് വരെ റോഡ് ഫോർമേഷനും, ഇല്ലിക്കൽ തോട്ടിൽ കലുങ്കും Sluice അറ്റകുറ്റ പണികളും സൈഡ് സംരക്ഷിക്കലും | 2,15,892 | | | |
| 9. അഞ്ചാം വാർഡിൽ വലിയതറ പട്ടികജാതി കോളനിയിൽ കാന നിർമ്മിക്കൽ | | 45,000 | | |
| 10. പനമ്പുകാട് പട്ടികജാതി അംബേദ്കർ വാർഡിൽ (7) കാന നിർമ്മിക്കൽ | | 27,065 | | |

നിർദ്ദേശങ്ങൾ:

1. പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള പൊതു തോടുകളുടെ ആഴം വർദ്ധിപ്പിച്ച് ഇരുസൈഡുകളും കല്ലുകെട്ടി ലാന്റിംഗ് പ്ലേയ്സ് ആക്കി മാറ്റി ചരക്ക് ഇറക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുകയും അതിൽനിന്നും ഫീസ് പിരിക്കുകയും ചെയ്യുക.
2. രണ്ടു ദ്വീപുകളിലും ഓരോ സ്ലോട്ടർ ഹൗസോടുകൂടിയ പൊതു മാർക്കറ്റ് സ്ഥാപിക്കുകയും ഫീസ് പിരിവും നടത്തുക.
3. മുളവുകാട് അഞ്ചാംവാർഡിൽ പഞ്ചായത്ത് നേരിട്ട് വാങ്ങിയിട്ടുള്ള സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ പണിത് പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് പിരിവു നടത്തുക.
4. ബോൾഗാട്ടി പാലസിനടുത്ത് പുറമ്പോക്ക് ഭൂമിയിൽ ടൂറിസ്റ്റ് റിസോർട്ടുകൾ പണിത് വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുക.
6. ബോൾഗാട്ടി - എറണാകുളം ബോട്ടു ഫെറിയിൽ ചങ്ങാടമോ ജങ്കാറോ ഉപയോഗിച്ച് വാഹനങ്ങൾ ദ്വീപിലേക്ക് കടന്നുവരുവാൻ അവസരം ഉണ്ടാക്കുകയും അതിൽനിന്ന് നിരക്ക് നിശ്ചയിച്ച് പിരിച്ച് വരുമാനം ഉണ്ടാക്കാവുന്നതുമാണ്.
7. പഞ്ചായത്ത് വടക്കുഭാഗത്ത് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 45 ഏക്കർ പുറമ്പോക്ക് സ്ഥലം കല്ലുകെട്ടി ഫിഷ് ഫാം നടത്തുക.
8. കേജ് ഫിഷ്ഫാം പ്രോത്സാഹിപ്പിക്കുക.
9. രണ്ടാം വാർഡിൽ കണിയാമ്പുറത്തിന് സമീപമുള്ള പുറമ്പോക്ക് ഭൂമിയിൽ മാർക്കറ്റ് സ്റ്റാൾ പണിത് വരുമാനം വർദ്ധിപ്പിക്കുക.

79

# ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക് എന്ന മഹത്തായ ആശയം പ്രവർത്തിപഥത്തിൽ വരുത്തുന്നതിനുവേണ്ടി ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ പഞ്ചായത്തു വിവിധ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച സ്ഥിതി വിവരങ്ങളെ ആസ്പദമാക്കിയും, പഴയ പ്രമാണങ്ങൾ, പ്രായംചെന്ന നിരവധി കാരണവരോട് ചോദിച്ചറിഞ്ഞും സുവനീറുകളിൽനിന്ന് ശേഖരിച്ചും തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടാണിത്. ജനകീയ ആസൂത്രണ പരിപാടിയുടെ മുഖ്യലക്ഷ്യം തന്നെ ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുക എന്നുള്ളതാണ്. ജനങ്ങളുടെ സർവ്വതോൻമുഖമായ വികസന പ്രാപ്തിയാണ് നാടിന്റെ വളർച്ചക്കാധാരം. ആ നിലക്കുള്ള വികസനത്തിൽ പങ്കാളികളാകുവാനും പഞ്ചായത്തുമായി സഹകരിക്കുവാനും ഈ അവസരത്തിൽ മുഴുവൻ പഞ്ചായത്ത് നിവാസികളോടും അഭ്യർത്ഥിക്കുന്നു.

**റിപ്പോർട്ട് തയ്യാറാക്കിയവർ:**

1. സോളമൻ ജോസഫ്
2. ടി.ജി. ചിതംബരൻ
3. ടി.പി. സന്തോഷ്
4. കെ.കെ. ജോഷി
5. പ്രഫ. കെ.കെ. വിജയലക്ഷ്മി
6. എം.ആർ രാജീവ്
7. പി.വി. ജോസഫ്
8. നിക്സൺ തച്ചപ്പിള്ളി
9. റോബിൻ പീറ്റർ
10. പഞ്ചായത്ത് സമിതി അംഗങ്ങൾ.

**സഹായിച്ചവർ:**

• സയൻ • അജയൻ • ജയരാജ് • സിബി • നെൽസൺ • പി.എ. തോമസ് • കെ.കെ. ചന്ദ്രൻ • വി.സി. ഷൺമുഖൻ • പവനേഷ് കുമാർ • ജീവനക്കാർ

**നിർദ്ദേശങ്ങൾ നൽകിയവർ:**

- ശ്രീ. എം.കെ. ദേവരാജൻ മാസ്റ്റർ (കെ.ആർ.പി. ആന്റ് ബ്ലോക്ക് കൺവീനർ)
- ശ്രീ. പി.ആർ. വിലാസൻ. (കെ.ആർ.പി.)

അഡ്വ. കെ.പി. ഹരിദാസ്
പ്രസിഡന്റ്
മുളവുകാട് ഗ്രാമപഞ്ചായത്ത്.

*മുളവുകാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി പ്രസിഡന്റ് അഡ്വ. കെ.പി. ഹരിദാസ് 15-12-1996-ന് പൊന്നാരിമംഗലം എച്ച്.ഐ.എച്ച്. സ്കൂളിൽ നടക്കുന്ന പഞ്ചായത്ത് വികസന സെമിനാറിനുവേണ്ടി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.*

80

# മുളവുകാട് ഗ്രാമപഞ്ചായത്ത് ചരിത്രപശ്ചാത്തലം

ദ്വീപുകളുടെ ഉത്ഭവത്തെപ്പറ്റി വളരെ ആധികാരികമായി പറയുന്ന ചരിത്രകാരൻമാർ ഇങ്ങനെ പറയുന്നു. 1341-ൽ ഏതാണ്ട് 655 വർഷം മുമ്പ് പെരിയാർ കരകവിഞ്ഞൊഴുകുകയും കായലിൽ ദ്വീപുകൾ പ്രത്യക്ഷമാവുകയും ചെയ്തു എന്ന്! ശ്രീ. വി. വി.കെ. വാലത്ത്, എ. ശ്രീധര മേനോൻ, പത്മനാഭ മേനോൻ തുടങ്ങിയ ചരിത്രകാരൻമാരുടെ കൃതികളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. എന്നാൽ കേരളേശ്വരപുരം പോലുള്ള പുരാതന ക്ഷേത്രങ്ങളുടെ പ്രസിദ്ധീകരിച്ചിട്ടുള്ള രേഖകളിൽനിന്നും മനസ്സിലാകുന്നത് ആ പുണ്യക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് 1500ലെറെ വർഷം പഴക്കം ഉണ്ടെന്നാണ്. ഏതായാലും നൂറ്റാണ്ടുകൾ തന്നെ പഴക്കമുള്ള ഈ ദ്വീപുകൾ - ഇന്നും തികച്ചും ഒറ്റപ്പെട്ട ദ്വീപുകളായി തന്നെ നിലനിൽക്കുന്നു.

പല ചരിത്ര സംഭവങ്ങൾക്കും, യുദ്ധസന്നാഹങ്ങൾക്കും സാക്ഷ്യവഹിച്ചിട്ടുള്ള ഒന്നാണ് മുളവുകാട് ദ്വീപ്. അതുപോലെതന്നെ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച ഐതിഹാസിക സമരനേതാക്കളും, അധഃസ്ഥിതരുടെ ഉന്നമനത്തിനായി അഹോരാത്രം യത്നിച്ച പ്രതിഭകൾക്കും ഈ ദ്വീപ് ജന്മം നൽകിയിട്ടുണ്ട്.

കലാ സാംസ്കാരിക രംഗത്തും, രാഷ്ട്രീയ രംഗത്തും അതിപ്രഗത്ഭരെ സംഭാവന ചെയ്തിട്ടുള്ള ഈ ദ്വീപിന്റെ തെക്കേഅറ്റത്തു സ്ഥിതി ചെയ്യുന്ന ബോൾഗാട്ടിപ്പാലസ് എന്ന-കൊട്ടാരം-അന്താരാഷ്ട്ര പ്രശസ്തി നേടിയ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്.

1744ൽ ഡച്ചുകാർ നിർമ്മിച്ച ഈ കൊട്ടാരം ഡച്ചു ശില്പകലയുടെ നിത്യസ്മാരകമാണ്. കൊല്ലവർഷം 1005 മീനം 7-ാം തീയതി ഉദ്ദേശം 167 കൊല്ലം മുമ്പ് - ഈ കെട്ടിടം പുതുക്കിപ്പണിയുകയും (1829 - മാർച്ച്) ബ്രിട്ടീഷ് ഭരണാധികാരി മേജർ കാൻഡഗോൻ സായ്പിന് - താമസിക്കാനായി (റസിഡൻസി ബംഗ്ലാവ്) - കൊച്ചി മഹാരാജാവ് കല്പിച്ചു നല്കിയതായും (1105-ാമാണ്ട് ദോറാഗീന്റെ പേർക്ക് ദിവാൻജി അവർകൾക്ക് എഴുതിയിരിക്കുന്ന കത്തുകൾ - പേജ് 337) ചരിത്ര രേഖകളിൽ കാണുന്നു.

## പാലിയത്തച്ചനും, വേലുത്തമ്പിയും, ഇടപ്പള്ളി രാജാവും (1808 ഡിസം. 18ന്) ബോൾഗാട്ടിയിൽ

ബ്രിട്ടീഷു ഭരണകാലത്ത് രാജ്യസ്നേഹികളായ വേലുത്തമ്പിദളവയും, പാലിയത്തച്ചനും, ഇടപ്പള്ളി രാജാവുമായി ബ്രിട്ടീഷുകാർക്കെതിരേ ശക്ത

81

ം പടനീക്കം നടത്തുകയുണ്ടായി. ചേരാനല്ലൂർനി കായൽ വഴി - ബോൾഗാട്ടിപ്പാലസ് വളഞ്ഞ് ന്നൽ മെക്കാളേ സായ്പിനെയും, അദ്ദേഹത്തി സുഹൃത്തും, പാലിയത്തച്ചന്റെ ശത്രുവുമായ ത്തികൃഷ്ണമേനോനേയും വധിക്കാൻ ശ്രമിച്ചു. നാൽ ബോൾഗാട്ടി കൊട്ടാരം ആക്രമിക്കാൻ പോ ന വിവരം മുൻകൂട്ടിയറിഞ്ഞ മെക്കാളേ സായ്പും, നോനും വേഷം മാറി ഒരു വഞ്ചിയിൽ കൊച്ചിക്ക് ന്നുകളയുകയും ചെയ്തു. ശത്രുക്കൾ കടന്നുക ത്തതായി മനസ്സിലാക്കിയ തമ്പിയും, പാലിയത്ത ും ഇടപ്പള്ളി രാജാവും 1808 ഡിസംബർ 18–ാം യതി ബ്രിട്ടീഷുകാരുടെ ബോൾഗാട്ടി പാലസിലു വസ്തുക്കൾ നശിപ്പിക്കുകയും, അതൊന്നും കൊ അരിശം തീരാത്ത ഇടപ്പള്ളി രാജാവ് തന്റെ ൾകൊണ്ട് ബോൾഗാട്ടിപ്പാലസിന്റെ കിഴക്കേനട ലെ "വലിയമണി"യുടെ ചങ്ങലവെട്ടിമുറിച്ചതായും ിത്രകാരനായ ഡോക്ടർ എസ്സ്.ബി. ചൗധരിയു "സിവിൽ ഡിസ്റ്റർബൻസ് ഇൻ ഇൻഡ്യാ" എന്ന ന്ഥത്തിൽ പറയുന്നു. അങ്ങനെ ഡച്ചുകാരുടെ ലം മുതൽ വളരെ ചരിത്ര സംഭവങ്ങൾക്ക് സാ ്യം വഹിച്ച ബോൾഗാട്ടിപ്പാലസ് ഗവ: ഗസ്റ്റ് ഹൗ ായും, ഇപ്പോൾ കെ.ടി.ഡി.സി.യുടെ ടൂറിസ്റ്റ് കേ മായും മാറി. വർഷം തോറും ലക്ഷക്കണക്കിന് ിസ്റ്റുകളെ ആകർഷിക്കുന്ന ഈ കൊട്ടാരം മുള ുകാട് പഞ്ചായത്തിലെ സുപ്രധാനമായ ഒരു ചരി ് സ്മാരകമാണ്.

കൊച്ചി വില്ലേജ് പഞ്ചായത്ത് റഗുലേഷൻ കാരം 27-12-1914ൽ പഞ്ചായത്ത് ഭരണം കേരള ത്തിൽ ആരംഭിച്ചു. ഇൻഡ്യയുടെ വടക്കൻ സംസ്ഥാ ങ്ങളിൽ നിലനിന്നുവന്നിരുന്ന പഞ്ചായത്തുകോട തി കൊച്ചി സംസ്ഥാനത്തിലും 30.9.1921 മുതൽ നട പ്പിലാക്കിയിരുന്നു.

തൃശ്ശൂവപേരൂർ ജില്ലയിൽ, ചേരാനെല്ലൂർ വി ല്ലേജ് പഞ്ചായത്തിൽപ്പെട്ട ദ്വീപുകളായിരുന്നു മുള വുകാട് ദ്വീപും വല്ലാർപാടം ദ്വീപും. ഒരു വില്ലേജ് പ ഞ്ചായത്തിൽ 5 അംഗങ്ങൾ ഉണ്ടായിരുന്നതിനാലാ ണ് പഞ്ചായത്ത് എന്ന് നാമകരണം ചെയ്തിരുന്ന ത്. ഒരു വില്ലേജ് പഞ്ചായത്തിൽ ഒരാൾ പ്രസിഡന്റാ കേണ്ടതായിരുന്നു. വില്ലേജ് ഓഫീസർ അഥവാ പാർവ്വത്തീക്കാരൻ വില്ലേജ് പഞ്ചായത്ത് അംഗമായി രുന്നു.

കൽപനപ്രകാരം ദിവാൻ അതിനുവേണ്ടി നിശ്ചയിക്കുന്നതായ ചട്ടങ്ങൾ അനുസരിച്ച് പ്രസി ഡന്റിനെയും മെമ്പർമാരെയും നിശ്ചയിക്കുകയും അവരുടെ കാലാവധി 2 വർഷമായി തീരുമാനിച്ച് ഗ സറ്റിൽ പരസ്യപ്പെടുത്തുകയുമായിരുന്നു.

വില്ലേജ് പഞ്ചായത്ത് മെമ്പർമാരെ, വില്ലേ ജ് പഞ്ചായത്ത് കോടതിയായി കൂടുന്നതിനും സി വിൽ കേസിൽ തീർപ്പ് കൽപ്പിക്കുന്നതിനും അധി കാരം നൽകിയിരുന്നു. 2/3ൽ കുറയാത്ത അംഗസം ഖ്യയോടുകൂടി മാത്രമെ വിധി നടത്തുവാൻ അനു വാദം ഉണ്ടായിരുന്നുള്ളൂ. 30 രൂപയിൽ അധികരിക്കാ തെ വരുന്ന സിവിൽ കേസുകളിൽ തീരുമാനം എടു ക്കുവാൻ അധികാരം ഉണ്ടായിരുന്നു. എന്നാൽ ഇരു കക്ഷികളും തമ്മിൽ ഒപ്പിട്ടു നൽകിയാൽ 200 രൂപ വരെയുള്ള തർക്കങ്ങളിലും തീരുമാനം എടുക്കുവാൻ വില്ലേജ് പഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായി രുന്നു. വില്ലേജ് കോടതി വിധിക്കെതിരെ അപ്പീൽ ജില്ലാക്കോടതിയിലാണ് നൽകേണ്ടിയിരുന്നത്. മല

*63-ൽ ഇൻഡ്യാ പാക്കിസ്ഥാൻ യുദ്ധസമയത്ത് മുളവുകാട് ദ്വീപിനെയും നാട്ടുകാരെയും നടുക്കം കൊള്ളി ് ഒരു ഷെൽ വീണതും പരിസരവാസികൾ ഭയന്നു പരവശരായതും ഓർമ്മയിൽ അവശേഷിക്കുന്നു.*

യാളമാസം 1118 മേടമാസം 15-ാം നു (1943 ഏപ്രിൽ മാസത്തിൽ) ആയിരുന്നു ചേരാനെല്ലൂർ വില്ലേജ് കോടതി രൂപീകൃതമായത്. അതിന്റെ പ്രസിഡന്റ് ചേരാനെല്ലൂർ വില്ലേജ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. കെ. കുട്ടിസാഹിബ്ബ് ഇടപ്പള്ളി ആയിരുന്നു. മുളവുകാട് ദ്വീപിൽനിന്നും ശ്രീ. കെ.കെ. രാമൻ കൊച്ചിലാട്ട് (കരിപ്പയിൽ കണ്ടൻ രാമൻ) വല്ലാർപാടം ദ്വീപിൽനിന്നും ശ്രീ. ടി.എസ്. രാമൻ തൈക്കൂടത്തിൽ പനമ്പുകാട് എന്നിവർ ജഡ്ജിമാരായിരുന്നിട്ടുണ്ട്. ശ്രീ. കെ.കെ. രാമൻ 1954-ൽ മരിക്കുന്നതുവരെയും ശ്രീ. ടി.എസ്. രാമൻ 1960 വരെയും ചേരാനെല്ലൂർ വില്ലേജ് കോടതി ജഡ്ജിയായി സേവനമനുഷ്ഠിച്ചിരുന്നു. ശ്രീ. ടി.എസ്. രാമന്റെ ഒഴിവിൽ 19-2-1960ൽ ഡോ. സ്വായനന്ദൻ കൊച്ചിലാട്ട് മുളവുകാട് ജഡ്ജിയായി നിയോഗിക്കപ്പെടുകയും 1970-ൽ വില്ലേജ് കോടതി നിർത്തലാക്കുന്നതുവരെ തൽസ്ഥാനം തുടരുകയും ചെയ്തിരുന്നു. ജഡ്ജിമാരുടെ സിറ്റിംഗ് ഫീസ് ഒരു രൂപയായിരുന്നു. ചേരാനെല്ലൂർ വില്ലേജ് കോടതി സ്ഥിതി ചെയ്തിരുന്നത് സൗത്ത് ചിറ്റൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ കിഴക്കുവശത്തായിരുന്നു.

ചേരാനെല്ലൂർ പഞ്ചായത്തിൽനിന്നും മുളവുകാട് പഞ്ചായത്ത് വേർപിരിഞ്ഞ് രൂപീകൃതമായപ്പോൾ ആദ്യ പ്രസിഡന്റായി ശ്രീ. ടി.എസ്. രാമനാണ് നിയോഗിക്കപ്പെട്ടിരുന്നത്. മുളവുകാട് പഞ്ചായത്തിന്റെ രണ്ടാമത്തെ പ്രസിഡന്റായി ശ്രീ. ഡാനിയൽ ഡി. വേലിയത്ത് വളരെ കുറഞ്ഞകാലഘട്ടം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് മുളവുകാട് പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചത് ശ്രീ. മേത്തശ്ശേരി റാഫേൽ പൊന്നാരിമംഗലമായിരുന്നു. 4-ാമത്തെ പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചത് പനമ്പുകാട് നായ്ക്കര വീട്ടിൽ ശ്രീ. രാമൻകുട്ടി അച്ചനായിരുന്നു. തുടർന്ന് ഏറെക്കാലം തിരഞ്ഞെടുപ്പ് നടക്കാതെവരികയും അദ്ദേഹം നീണ്ട 16 വർഷം മുളവുകാട് പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. 1979 മുതൽ ശ്രീ. കെ.എം. ശരത്ചന്ദ്രൻ, കളത്തിൽവീട് പനമ്പുകാട്, പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ~~ശ്രീ. പി.വി. രാമചന്ദ്രൻ പണ്ടാരപറമ്പിൽ പോഞ്ഞിക്കര $2\frac{1}{2}$ മാസം പ്രസിഡന്റാവുകയും തുടർന്നു~~ ഹൈക്കോടതി ഇടപെടലിലൂടെ സ്റ്റേ വരികയും ഉടനെ പഞ്ചായത്ത് കമ്മിറ്റി പിരിച്ചുവിടുകയുമുണ്ടായി. 1988ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിലൂടെ ശ്രീ. കെ.എം. ശരത്ചന്ദ്രൻ വീണ്ടും പ്രസിഡന്റാവുകയുണ്ടായി.

വൈസ് പ്രസിഡന്റുമാരായി ശ്രീമാൻമാർ ലോപ്പസ് മാസ്റ്റർ വേലിയാത്ത് മുളവുകാട്, ശ്രീ. ഫ്രാൻസിസ് ഗൊൺസാൽവസ് പള്ളിപ്പറമ്പിൽ, മുളവുകാട്, ശ്രീ. പി.വി. രാമചന്ദ്രൻ പണ്ടാരപ്പറമ്പ് പോഞ്ഞിക്കര, ശ്രീമതി മേരി മാർഗരറ്റ് ലോപ്പസ് എന്നിവർ വിവിധ കാലങ്ങളിൽ സേവനം അനുഷ്ഠിച്ചു പോന്നിട്ടുണ്ട്.

ഇൻഡ്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അതിശക്തമായ പ്രയാണത്തിൽ കേരളത്തിൽ ദേശീയ നവോത്ഥാന പ്രസ്ഥാനവും രൂപം പ്രാപിച്ചു. വൈക്കം ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ജാഥാ ക്യാപ്റ്റനായി രംഗത്തെത്തിയ ശ്രീ. എൻ. രാമൻകുട്ടി അച്ചൻ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിലെ കരുത്തനായ

*രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷ് പട്ടാള ക്യാമ്പായി ഉപയോഗിച്ചിരുന്ന ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ബഹുനില കെട്ടിടം പ്രവർത്തിച്ചിരുന്നതാണ്. യുദ്ധാവസാനം അവയൊക്കെ ഇടിച്ചു പൊളിച്ച് പോകുകയുണ്ടായെങ്കിലും കെട്ടിടത്തിന്റെ ഉള്ളറകൾ പരിപൂർണ്ണായി മൂടിക്കളഞ്ഞ അവസ്ഥയിൽ ഇപ്പോഴും ഭൂമിക്കടിയിൽ സ്ഥിതിചെയ്യുന്നുണ്ട്.*

ദേശിക നേതാവായിതീരുകയും ക്വിറ്റ് ഇൻഡ്യ രത്തിൽ പങ്കെടുത്ത് സമരകാഹളത്തിന് ആക്കം ഡിപ്പിക്കുകയുമുണ്ടായി പനമ്പുകാട് ഗ്രാമീണ മനശാലയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. കൃ നൻകുട്ടി അച്ചനും, രാമൻകുട്ടി അച്ചനും യുവാ ളിൽ ദേശീയബോധം വളർത്തുന്നതിൽ നിർണ്ണാ മായ പങ്കുവഹിച്ചിട്ടുണ്ട്. അതുപോലെ തന്നെ . ടി.കെ. നാരായണൻ തൈക്കൂട്ടത്തിൽ (മാസപ്പ ദേശസ്നേഹം വളർത്തിയിരുന്ന ദീനബന്ധു പ ഗ്രാമീണർക്ക് ഉറക്കെ വായിച്ചുകേൾപ്പിച്ച് ജന ളിൽ ബോധവൽക്കരണം നടത്തിയിരുന്നത് ഏ പ്രകോപനങ്ങൾക്ക് വഴി വച്ചിട്ടുള്ളതാണ്.

പോഞ്ഞിക്കരയിലെ റസിഡൻസി ബംഗ്ലാവ് വാൾഗാട്ടി പാലസ്)ന്റെ കൊടിമരത്തിൽ നാട്ടിയി ന ബ്രിട്ടീഷ് പതാക വലിച്ചുകീറി തൽസ്ഥാനത്ത് ൻഡ്യൻ പതാക നാട്ടുവാൻ ധീരതകാണിച്ച ധീര ശാഭിമാനിയായ ശ്രീ. രാമൻകുട്ടി അച്ചനെ നിയമ ഘന നടപടികളിൽ ഏർപ്പെട്ടതിനും ബ്രിട്ടീഷ് ർക്കാരിനെതിരെ പ്രസംഗം നടത്തിയതിനും അറ ചെയ്യുകയും ജയിൽവാസത്തിന് വിധേയനാക്കു യും ചെയ്തിട്ടുണ്ട്.

സ്വാതന്ത്ര്യസമര നായകന്മാരിൽ രാമൻകു അച്ചനെ പോലെതന്നെ പ്രവർത്തിച്ചുപോന്ന ശ്രീ. ബ്രഹാം മാടമാക്കൽ പൊന്നാരിമംഗലം, കവിയും, ാഹിത്യകാരനും പത്രപ്രവർത്തകനുമായിരുന്നു. ദ്ദേഹത്തിന്റെ സഹോദരൻ ശ്രീ. എം.എം. ലോ ർസും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് തിക്താ ുഭവങ്ങൾക്ക് വിധേയനായിട്ടുണ്ട്.

## ോഞ്ഞിക്കര ഫെറി

ോഞ്ഞിക്കര എറണാകുളം കടത്തിനെ പറ്റി മല ാളം ഡയറി വാല്യം II- ൽ ഇങ്ങനെ കാണുന്നു

"എറണാകുളം ഹാജൂർ കച്ചേരിയിൽനിന്നും പോഞ്ഞിക്കരക്കു പോക്കുവരവുക്ക് കടത്തെറക്കുന്ന തിന് 7 പേർ വാലന്മാരെ ആക്കി പേർ 1ക്ക് മാസം 1 ക്ക് മൂന്നു രൂപവീതം കൊടുവിച്ച് വരികക്കൊണ്ട് അപ്പീൽ കോർട്ടുകാര് പോഞ്ഞിക്കരക്ക് പോക്കുവര വ് വകക്ക് കടെത്തെറക്കുന്നതിന് വാലന്മാരെ വച്ചി ട്ടില്ലാത്തതുകൊണ്ട് ആ സംഗതി സമ്പ്രതി അവർക ളെ ബോധിപ്പിച്ചാറെ കർക്കിടെകമാസം ഒന്നാംതീ യതി മുതൽ 4 പേരെ വാലൻമാരെ ആക്കി അവർക്ക് 1 പേർക്ക് മാസം 1ക്ക് - 3 രൂപവീതം ശമ്പളം കൊടു ക്കത്തക്കവണ്ണം ഉത്തരവ്" 1810-ാമാണ്ടിൽ ഇറക്കിയ തെന്നുകരുതുന്ന ഈ ഉത്തരവ് മുതൽ കടത്ത് പ്രാ ബല്യത്തിൽ ഉണ്ടായിരുന്നതായി നമുക്ക് മനസ്സിലാ ക്കാം. കായൽ തുരുത്തുകളെ തമ്മിൽ ബന്ധിപ്പിച്ചി രുന്നത് ഈ കടത്തുവള്ളങ്ങൾ - അഥവാ വലിയ വ ഞ്ചികളായിരുന്നു. ഇരുതലയും പൊങ്ങി നില്ക്കുന്ന "മാളവഞ്ചികൾ" നന്നേ ചെറിയ കൊതുമ്പു വഞ്ചി, ചുണ്ട വഞ്ചി, വളമര വഞ്ചി, പണക്കാർ യാത്രചെ യ്തിരുന്ന കൂടാര വഞ്ചി, പ്രഭുക്കൻമാരും, രാജാ ക്കൻമാരും യാത്രചെയ്തിരുന്ന "വലി ബോട്ട്" എ ന്നിവ അന്നത്തെ ജലവാഹനങ്ങളിൽ പെടുന്നു.

19-ാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ കൊ ച്ചി - എറണാകുളം "ഫെറി സർവ്വീസ്" എന്നപേ രിൽ "തീ ബോട്ടുകൾ" എന്നറിയപ്പെട്ടിരുന്ന ആവി യന്ത്രം പ്രവർത്തിപ്പിച്ച് ഓടുന്ന ബോട്ടുകൾ - ഓടി ത്തുടങ്ങി. കാലക്രമത്തിൽ പോഞ്ഞിക്കരയ്ക്കും ഇ പ്രകാരം തീ ബോട്ടുകൾ ഓടിയതായി ചരിത്ര രേഖ കൾ പറയുന്നു. തുടർന്ന് പ്രൈവറ്റ് ബോട്ടുടമകൾ കടത്ത് നടത്തിയിരുന്നു. അതിനുശേഷം കേരള സ്റ്റേ റ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ വക ബോ ട്ടുകൾ ഓടിയിരുന്നു, പോഞ്ഞിക്കര എറണാകുളം ബോട്ട് ചങ്ങാടം കെട്ടി ഓടിച്ചിരുന്നു. മുളവുകാട് ദ്വീപിൽ പോഞ്ഞിക്കര ജെട്ടി, പൊന്നാരിമംഗലത്ത് പാലക്കടവ് ജെട്ടി, മുളവുകാട് ഭാഗത്ത് പാഷുഞ്ഞി

കടവ് ജെട്ടി, കുരിശിങ്കൽ ഭാഗത്ത് മൂക്കട കടവ് ജെട്ടി എന്നീ 4 ജട്ടികളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ പോഞ്ഞിക്കര ജെട്ടി, പോഞ്ഞിക്കര നോർത്ത് ജെട്ടി, പൊന്നാരിമംഗലം ജെട്ടി, ഹോസ്പിറ്റൽ ജട്ടി, സെന്റർ ജട്ടി, പഞ്ചായത്തു ജട്ടി, മുളവുകാട് നോർത്ത് ജട്ടി എന്നിങ്ങനെ 7 ജട്ടികൾ ദ്വീപിന് കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്നുണ്ട്.

മുളവുകാട് ദ്വീപിന്റെ വടക്കെ അറ്റത്തുനിന്ന് ഉദ്ദേശം 2 $^{1}/_{2}$ കിലോമീറ്റർ അകലമുള്ള എളങ്കുന്നപ്പുഴയിലേക്ക് വഞ്ചിക്കടത്ത് ഉണ്ടായിരുന്നത് ഇന്നും നിലനിൽക്കുന്നു. മുളവുകാട് ദ്വീപിന്റെ വടക്ക് കിഴക്ക് കോട്ട്യാവ് കടത്ത് കടവിൽനിന്നും ഉദ്ദേശം 1 1/2 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന സൗത്ത് ചിറ്റൂർ ബോട്ടു ജെട്ടിയിലേക്ക് വഞ്ചിക്കടത്ത് ഉണ്ടായിരുന്നത് ഇപ്പോൾ നിലച്ചിരിക്കയാണ്. പൊന്നാരിമംഗലത്ത് നിന്നും പച്ചാളത്തുള്ള ചാത്യാത്ത് പള്ളിക്കു സമീപത്തേക്ക് ഉദ്ദേശം 2 കിലോമീറ്റർ ദൂരത്തേക്ക് വഞ്ചികടവ് നടത്തിയിരുന്നത് ഇപ്പോൾ നിലവിലില്ല. മുളവുകാട് ദ്വീപിന്റെ പടിഞ്ഞാറുവശം പൊന്നാരിമംഗലം കാട്ടാത്ത് കടത്തു കടവിൽനിന്നും ഉദ്ദേശം 1 1/2 കിലോമീറ്റർ അകലത്തിലുള്ള വഞ്ചിക്കടവ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

വല്ലാർപാടം ദ്വീപിന്റെ വടക്കേ അറ്റം പനമ്പുകാട് കോഴിക്ക മൂലയിൽനിന്നും ഓച്ചംതുരുത്ത് പഞ്ചായത്ത് ജട്ടിയിലേക്ക് ഉദ്ദേശം അരകിലോമീറ്റർ ദൂരത്തിൽ ഉണ്ടായിരുന്ന വഞ്ചിക്കടത്ത് ഇപ്പോൾ പ്രവർത്തനമില്ലാതായിരിക്കുന്നു. പനമ്പുകാട് ഷാപ്പ് കടവിൽനിന്നും ഓച്ചംതുരുത്ത് കൊട്ടാരം പാപ്പുട്ടി ക്കടവിലേക്ക് അരകിലോമീറ്റർ അകലത്തിൽ ഉണ്ടായിരുന്ന വഞ്ചിക്കടവ് ഇപ്പോഴും നിലനിന്നുവരുന്നു. വല്ലാർപാടം - ഷാപ്പുകടവിൽനിന്നും മുരിക്കും പാടത്തേക്ക് ഉദ്ദേശം 1 കിലോമീറ്ററകലെയുള്ള വഞ്ചിക്കടവ് നിലനിന്നുവരുന്നു.

വല്ലാർപാടം ദ്വീപിന്റെ തെക്കുവശത്തായി കൊച്ചിൻപോർട്ട് ട്രസ്റ്റ് നികത്തി എടുത്തിട്ടുള്ളതും നിർദ്ദിഷ്ട കണ്ടെയിനർ ടെർമിനൽ സ്ഥലം ഉദ്ദേശം 380 ഏക്കർ കായൽ നികത്തിയത് വിമല വനമെന്ന പേരിൽ അറിയപ്പെടുന്നു. യഥാസമയം സ്ഥലപരിപാലനം നടത്താത്തതിനാൽ വെള്ളക്കെട്ട് ഉണ്ടായി വിമലവനം ചതുപ്പ് നിലമായി കിടക്കുകയാണ്. അനിയന്ത്രിതമായ കൊതുകുശല്യത്തിനും വിഷലിപ്തമായ പാമ്പുകളെക്കൊണ്ടും വല്ലാർപാടത്തും പരിസരവാസികളുമായവർ നിത്യദുരിതം അനുഭവിച്ചുവരുന്നു. പാമ്പുകടിയേറ്റ് ധാരാളം വ്യക്തികൾ മരണമടഞ്ഞിട്ടുണ്ട്.

## സെന്റ് സെബാസ്റ്റ്യൻസ് പള്ളി

1842-ൽ സ്ഥാപിതമായി. ബോൾഗാട്ടി, പൊന്നാരിമംഗലം, മുളവുകാട് എന്നീ പ്രദേശങ്ങളിലെ ക്രിസ്ത്യാനികളുടെ ആരാധനാ കേന്ദ്രം ആദ്യം വല്ലാർപാടമായിരുന്നു. കായൽയാത്ര ദുഷ്കരമായതിനാൽ മലബാർ വികാരിയത്തിൽപ്പെട്ട ലൂഡിക്കോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം പരുത്തിക്കുന്നത്തുകാരുടെ സ്ഥലം തീറുവാങ്ങി 1842-ൽ ഒരു കുരിശുപള്ളി പണിതു. ക്രിസ്തുരാജന്റെ തിരുനാൾ സാഘോഷം കൊണ്ടാടിയിരുന്ന ഈ പള്ളിയാണ് പിന്നീട് ഇന്നത്തെ നിലയിൽ പുതുക്കിപ്പണി തീർത്തത്. ഇവിടെ 1915ൽ സെന്റ് സെബാസ്റ്റ്യൻസ് പ്രൈമറി സ്കൂൾ ആരംഭിച്ചു. 1945ൽ ഇത് അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തി.

ഏറെ വിശ്വാസികളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഈ ആരാധനാലയം അതിന്റെ 150 വർഷാഘോഷം സമംഗളം നടത്തിക്കഴിഞ്ഞിരിക്കുകയാണ്.

## കേരള്ളേശ്വരപുരം ക്ഷേത്രം

ഹിന്ദുമത വിശ്വാസ പ്രമാണങ്ങൾ ത്രിമൂർത്തികളിൽ അധിഷ്ഠിതമാണ്. ത്രിമൂർത്തികളിൽ

സർവ്വ ഭൗമത്വം നേടി മഹാദേവനായി പരിലസിക്കുന്ന ദേവനാണ് ശിവൻ. ശിവൻ തന്റെ ക്ഷിപ്രസാന്നിദ്ധ്യത്തിൽ പലർക്കും പല രൂപത്തിലും ദർശനം നൽകിയതായി പറയപ്പെടുന്നുണ്ട്. ഉഗ്രമൂർത്തിയായിട്ടാണെങ്കിലും കരുണാനിധിയായി അർജ്ജുനന്റെ മുമ്പിൽ സർവ്വശക്തിയും പ്രദാനം ചെയ്യുന്ന പശുപതാസ്ത്രം സമ്മാനിച്ച കിരാതമൂർത്തിയുടെ പ്രതിഷ്ഠയാണ് കേരളേശ്വരൻ. ഇവിടുത്തെ ശിവബിംബത്തിന് 1500 വർഷത്തിലധികം പഴക്കം ഗണിച്ചിട്ടുണ്ട്. ഈ ബിംബപ്രതിഷ്ഠ നടത്തിയത് സാക്ഷാൽ പരശുരാമനാണെന്നുള്ളതാണ് ഐതിഹ്യം.

## ചർച്ച് ഓഫ് അവർ ലേഡി ഓഫ് റാൻസം


വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം പള്ളിയിൽ വിമോചകനാഥയുടെ ദേവാലയം വളരെ പ്രസിദ്ധമായ ഒരു തീർത്ഥാടന കേന്ദ്രമാണ്. നാനാജാതി മതസ്ഥരായ ഭക്തജനങ്ങൾ വല്ലാർപാടത്തമ്മ എന്ന പേരിൽ പ്രസിദ്ധമായ പരിശുദ്ധ കന്യാമറിയത്തിന്റെ മദ്ധ്യസ്ഥസഹായം തേടി ഈ ദ്വീപിലേക്ക് വരുന്നു.

1947ൽ ഇൻഡ്യ സ്വതന്ത്രയാകുന്നതുവരെ പാലിയത്തച്ചന്മാരുടെ ആസ്ഥാനമായ ചേന്ദമംഗലത്ത് നിന്ന് വല്ലാർപാടം പള്ളിക്ക് സൗജന്യമായി എണ്ണ നൽകിയിരുന്നു. നാട്ടുരാജാക്കൻമാരുടെ ഭരണം ഇൻഡ്യ ഗവൺമെന്റ് ഏറ്റെടുത്തതോടുകൂടി അത് നിലച്ചു. 1676-ൽ കോമി അച്ചൻ നൽകിയ കെടാവിളക്കിൽ അവർ എണ്ണ ഒഴിച്ചു ദീപം തെളിച്ചുകൊണ്ട് പാലിയം കുടുംബവും വല്ലാർപാടം പള്ളിയും തമ്മിലുള്ള ബന്ധം പുതുക്കി തൽസംബന്ധമായി വല്ലാർപാടം പള്ളിയും പാലിയം കുടുംബവും എന്ന ചെറുഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മീനാക്ഷിഅമ്മയും കുഞ്ഞും അത്ഭുതകരമായി രക്ഷപ്പെട്ടത് ഇന്നും വിശ്വാസികൾക്ക് ആത്മപ്രചോദനം നൽകിവരുന്നുണ്ട്.

1524ൽ പെന്തക്കോസ്തു ദിനത്തിൽ വല്ലാർപാടം ദ്വീപിലെ നൂറുകണക്കിന് ആളുകൾ ക്രൈസ്തവ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. ഈ സംഭവത്തിന്റെ സ്മരണക്കായി പോർട്ടുഗീസുകാർ വല്ലാർപാടത്ത് ഒരു ദേവാലയം സ്ഥാപിച്ചതാണ് പുനർനിർമ്മാണം നടത്തിക്കഴിഞ്ഞ ഇപ്പോഴത്തെ വല്ലാർപാടം പള്ളി.


1888 സെപ്തംബർ 24-ാം നു ലിയോ പതിമൂന്നാമൻ മാർപ്പാപ്പ വല്ലാർപാടം പള്ളിയെ ALTARE PRIVILEGIATUM IN PERPETUUM CONCESSUM എന്ന പ്രത്യേക പദവി നൽകി ആദരിക്കുകയും ദേവാലയത്തിൽവന്ന് ദിവ്യബലി അർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നവർക്ക് പ്രത്യേക ദൈവാനുഗ്രഹം ഉണ്ടായിരിക്കുമെന്ന് കൽപ്പിക്കുകയും ഉണ്ടായി. പരിശുദ്ധരൂപിയുടെ നാമത്തിൽ ഏഷ്യയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട ദേവാലയമാണ് വല്ലാർപാടത്തെ പള്ളി. എല്ലാ വർഷവും സെപ്തംബർ 24-ാം നു വല്ലാർപാടത്തമ്മയുടെ തിരുനാൾ മഹോത്സവം കൊണ്ടാടി വരുന്നു. മതസൗഹാർദ്ദതയ്ക്കും, ദേശീയോൽഗ്രഥനത്തിനും എന്നും കീർത്തികേട്ട ഒരു ദേവാലയമായി വല്ലാർപാടം പള്ളി പണ്ടുമുതലേ പ്രസിദ്ധമാണ്. ദക്ഷിണേന്ത്യയിലെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രങ്ങളുടെ പട്ടികയിൽപ്പെടുത്തി 1951ൽ വല്ലാർപാടം പള്ളിയെ ഭാരതസർക്കാർ അംഗീകൃത തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ടൂറിസം വകുപ്പുകളും തങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ ഈ പുരാതന ദേവാലയത്തിന്റെ ചിത്രവും, ചരിത്ര പശ്ചാത്തലവും വളരെ പ്രാധാന്യത്തോടെ വരച്ചു കാട്ടിയിട്ടുണ്ട്.

## Manjummel Project





# MAP OF NARAKKAL PANCHAYATH






# ഞാറക്കൽ
# ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

**വികസന സെമിനാർ 7.12.1996.**

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ

7–12–1996 ശനിയാഴ്ച

ഞാറക്കൽ സെൻറ് മേരീസ് യു. പി. സ്കൂളിൽവച്ച്

# വികസന റിപ്പോർട്ട്

**സ്നേഹമുള്ള ഗ്രാമവാസികളെ-**

ഞാറക്കൽ ഗ്രാമ പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് ജനകീയാസൂത്രണ പ്രവർത്തനംവഴി പ്രതീക്ഷകളോടെ നാം തുടക്കംകുറിച്ചിരിക്കുകയാണല്ലോ. നമ്മുടെ സംസ്ഥാനത്തു നടക്കുന്ന ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി പഞ്ചായത്തുതല സെമിനാറുകളും, ശിൽപശാലകളും, അതോടനുബന്ധമായി വിശേഷാൽ ഗ്രാമസഭകൾ, പഠന പര്യടനം, ദ്വിതീയ വിവര ശേഖരണം, ചരിത്ര പഠനം മുതലായ എല്ലാ പ്രവർത്തനങ്ങളും നാം പൂർത്തീകരിച്ചുകഴിഞ്ഞു. കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളേയും, ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാരേയും, സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽപ്പെട്ടവരേയും എല്ലാവിധമായ കൂട്ടായ്മയും ഇക്കാര്യത്തിൽ ഉറപ്പുവരുത്തുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇനിയങ്ങോട്ടുള്ള ജനകീയാസൂത്രണ പരിപാടിയുടെ വിവിധ ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിന് നാം ഓരോരുത്തരും മുന്നിട്ടിറങ്ങിയാലേ മതിയാകൂ.

ഓരോ വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭകളിൽനിന്നും ഉയർന്ന ആവശ്യങ്ങൾ, പഞ്ചായത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ, പഠന പര്യടനത്തിലൂടെ നടത്തിയ ഭൂപ്രകൃതി വിവരങ്ങൾ, പ്രായമായവരിൽനിന്നും ശേഖരിച്ച നാട്ടറിവ്, ഡിപ്പാർട്ടുമെൻറുകളിലെ റിവ്യൂറിപ്പോർട്ടുകൾ എന്നിവയാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകമായിട്ടുള്ളത്. പഞ്ചായത്തിന്റെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിലുപരി നമ്മുടെ പഞ്ചായത്തിനെക്കുറിച്ച് ഒരു ഏകദേശ ധാരണ എല്ലാ ജനങ്ങളിലും ഉണ്ടാക്കുവാനുംകൂടി ഇതുപകരിക്കുമെന്നതിൽ സംശയമില്ല.

ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾക്ക് അനുവദിക്കുമെന്ന് പറയപ്പെടുന്ന 30_40 ശതമാനം വരുന്ന പദ്ധതിവിഹിതം ഉപയോഗിച്ച് പഞ്ചായത്തിലെ ഏററവും കൂടുതൽ ജനങ്ങൾക്ക് ഉപകരിക്കാവുന്ന വികസന പദ്ധതികൾ ജനങ്ങളുടെതന്നെ പങ്കാളിത്തത്തോടെ പൂർത്തിയാക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. നമ്മുടെ ഗ്രാമവാസികൾ ഗ്രാമസഭകളിലൂടെ ആവശ്യപ്പെട്ടതും നിർദ്ദേശിച്ചതുമായ കാര്യങ്ങൾ നടപ്പിലാക്കുവാൻ അവരുടെതന്നെ പങ്കാളിത്തത്തോടുകൂടി പദ്ധതി തയ്യാറാക്കുന്നതിന് നാം ഒരുങ്ങിയിരിക്കുകയാണ്. ജനപ്രതിനിധികളും, ഉദ്യോഗസ്ഥൻമാരും, വിദഗ്ധരും, സന്നദ്ധ പ്രവർത്തകരുമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നെടുംതൂണുകൾ. ഇതു മറക്കാതെ ഈ മനോഹര സൗധം നമുക്ക് പടുത്തുയർത്താം.

എന്ന്,

**കെ. കെ. തമ്പി** കൺവീനർ
പഞ്ചാ: ജനകീയാസൂത്രണ സമിതി &
സ്ററാൻറിംഗ് കമ്മററി ചെയർമാൻ
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

**പൗലോസ് പി. വാളൂരാൻ**
പ്രസിഡൻറ്
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

## ...ക്കൽ നായരമ്പലം (1918-1946)
## ...പ്പ് പഞ്ചായത്ത് പ്രസിഡണ്ടുമാർ

...ീ. മാമ്പിള്ളി വറിയ പൗലോസ്
,, കൃഷ്ണൻ കർത്താവ്
,, മാമ്പിള്ളി ഔസേപ്പ് പൗലോ
,, പുല്ലൻ പൗലോ ഔസേപ്പ് (എം. പി ജോസഫ്)
,, എം. ഐ. പോരം
,, ജി. കുഞ്ഞുണ്ണി പണിക്കർ

## സ്വാതന്ത്ര്യാനന്തര
## ...ക്കൽ പഞ്ചായത്ത് ഭരണസമിതി

...ീ. മാമ്പിള്ളി ജോസഫ് ഉർമീസ് (പ്രസിഡൻറ്)
,, സി. കെ. വാസു മാസ്ററർ (വൈസ് പ്രസിഡൻറ്)
,, പി. എം. ചീക്കുണ്ണി (മെംബർ)
,, കെ കെ. നാരായണൻ ,,
,, എം. കെ. നാരായണൻ ,,

## ...തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഭരണ സമിതി (1953-1962)

...ീ. ദേവസി എ. വാളൂരാൻ (പ്രസിഡൻറ്)
,, കെ. കെ. രാഘവൻ (വൈസ് പ്രസിഡൻറ്)
,, പി. കെ. നാരായണൻ വൈദ്യർ (മെംബർ)
,, പി. വി കൊച്ചു തൊമ്മൻ ,,
,, എൻ. സി. വേലായുധൻ ,,
,, പൈലി കാട്ടിപ്പറമ്പിൽ ,,

## രണ്ടാമത്തെ ഭരണസമിതി (1962-1979)

ശ്രീ. ദേവസി എ. വാളൂരാൻ (പ്രസിഡൻറ് 1976 വരെ)
,, പി. വി. ഇട്ടിയച്ചൻ (പ്രസിഡൻറ് 76_79)
,, പി. കെ. നാരായണൻ വൈദ്യർ (വൈസ് പ്രസിഡററ്)
,, പി. ആർ ജോസഫ് (മെംബർ)
,, കെ. കെ. ശ്രീധരൻ ,,
,, സി. കെ വേലായുധൻ ,,
,, സി. എ. അയ്യപ്പ് ,,
,, ഇ. കെ. നാരായണൻ ,,
,, അന്നാ പോരം മാമ്പിള്ളി ,,

## മൂന്നാമത്തെ ഭരണ സമിതി (1979-1988)

1 ശ്രീ. കെ. ഡി. ബാബു (പ്രസിഡൻറ് 79_81)
2 ,, പോരം തോമസ് മാമ്പിള്ളി (പ്രസിഡൻറ് 89_88)
3 ,, കെ. പി. വർഗീസ് (വൈസ് പ്രസിഡൻറ്)
4 ,, കെ. പി. വർഗീസ് (മെമ്പർ)
5 ,, വി. പി. പൗപോസ് ,,
6 ,, പി. വി. ജോസഫ് ,,
7 ,, കെ. കെ. കൊച്ചയ്യപ്പൻ ,,
8 ,, ഏലീശ്വാ വാസു ,,
9 ,, എം. കെ. ബാബു ,,
10 ,, വി. വി. വർഗീസ് ,,

## നാലാമത്തെ ഭരണ സമിതി (1988-1995)

1 ശ്രീ. സി. കെ. വാസുമാസ്ർ (പ്രസിഡൻറ്)
2 ,, ജോസഫ് പോരം കൊണ്ടത്താപ്പിള്ളി (വൈസ് പ്രസിഡൻറ്)
3 ,, പി കെ. ഫ്രാൻസിസ് (മെംബർ)
4 ,, മേരി വർക്കി ,,
5 ,, കെ. കെ. ജെയിംസ് ,,
6 ശ്രീമതി സരോജിനി അമ്മ ,,
7 ശ്രീ. സി. എ. ജോർജ് ,,
8 ,, എം. കെ. രതീശൻ ,,
9 ,, എ. ആർ. ചന്ദ്രബോസ് ,,
10 ,, ,, വി. ടി. ജോർജ് ,,

# നിലവിലുള്ള ഭരണസമിതി

1 ശ്രീ. പൗലോസ് പി. വാളൂരാൻ - പ്രസിഡണ്ട്
2 ശ്രീമതി എ. ടി. അന്നമ്മ - വൈ: പ്രസിഡണ്ട്
3 ശ്രീ. കെ. കെ. തമ്പി - സ്ററാൻറിംഗ് കമ്മററി ചെയർമാൻ
4 ശ്രീമതി കെ. വി. ട്രീസ - മെംബർ
5 ,, ഫിലോമിന ആൻെറണി ,,
6 ശ്രീ കെ. പി. എസ്. മേനോൻ ,,
7 ,, പി. എം. രമേശൻ ,,
8 ,, പി. കെ. ഫ്രാൻസീസ് ,,
9 ,, എ. ആർ. ചന്ദ്രബോസ് ,,
10 ശ്രീമതി രാജമ്മാ ബോസ് ,,

# റിപ്പോർട്ടു തയ്യാറാക്കുന്നതിനു വേണ്ടി സഹായിച്ചവർ

## ജനപ്രതിനിധികൾ
## ഉദ്യോഗസ്ഥർ
## വിദഗ്ദ്ധർ
## സന്നദ്ധ പ്രവർത്തകർ

...ായത്ത് ഭരണ സമിതി അംഗങ്ങൾ എല്ലാവരും

...ശ്രീ. പി. എൻ. പുരുഷോത്തമൻ മാസ്ററർ (Teacher G V H S Narakkal)

,, സി. കെ. വാസുമാസ്ററർ (Ex. Panch: President)

Ad: പോൾ തോമസ് മാമ്പിള്ളി (President Service Co-op Bank, Ex. Panch: President)

,, പി. കെ. സുധാകരൻ (Rtd. Revenue Inspector)

,, കെ. കെ. കൃഷ്ണൻകുട്ടി (Rtd: Tahsildar)

,, കെ. പി. ശശിധരൻ (Health Inspector)

,, എം. കെ. പവിത്രൻ (Rtd: Teacher)

,, ഇ. വേണു (Health Inspector)

,, ട്രീസാ കുര്യൻ മേനാച്ചേരി (Rtd. Staff Nurse)

,, എ. കെ. ബാബു (A. E O. Office Vypin)

ശ്രീമതി ജി. ജി. എലിസബത്ത് (Agricultural Officer)

ശ്രീ. കുമാരപിള്ള (Rtd. K S E B)

,, കെ. ആർ. സുരേന്ദ്രൻ (CMFRI)

ശ്രീമതി രാധാ കെ. പിള്ള (Rtd. Superendent of Panch:)

ശ്രീ. എൻ. ജി. ജോസഫ് (Agri: Assist:)

,, ജേക്കബ് കിഴക്കേടൻ

,, കെ. കെ. യൂനസ് (V. E. O.)

,, ഫ്ളവിൻഷൻലാൽ (V. E. O.)

എം. സി. നാരായണൻ (Rtd. Post Master)

ശ്രീമതി പി. കെ. സുധാ ചന്ദ്രൻ (Health Nurse)

21 ശ്രീ. പി. കെ. പ്രഭാകരൻ (Rtd. KSRTC Employee)

22 ശ്രീമതി ലൂസി ഫെർണാണ്ടസ് (അംഗൻവാടി ടീച്ചർ)

23 ,, അന്നം ,,

24 ശ്രീ. സുരേഷ് ബാബു (Retd. KSRTC Empl:)

25 ,, കെ. സി. ഗോപി

26 ,, കെ. കെ. രാജു

27 ,, ഞാറക്കൽ ശ്രീനി

28 ,, ഞാറക്കൽ തങ്കപ്പൻ

29 ,, എം. എസ്. രാജൻ

30 ,, കെ. എം. രാധാകൃഷ്ണൻ

31 ,, എ. പി. ലാലു

32 ,, കെ. വി. കുമാരൻ

33 ,, ടി. കെ. സാജൻ

34 ,, പി. എസ്. പ്രകാശൻ

35 ,, സി. ജി. ചന്ദ്രൻ

36 ,, പോൾ മാമ്പിള്ളി

37 ,, സി. എൻ. ബോസ്

38 ശ്രീമതി ലതാ സുബ്രഹ്മണ്യൻ

39 ശ്രീ. മോഹൻ ഷാജി

40 ,, വി. പി. വി. നമ്പൂതിരി

41 ,, എം. ടി. ജോസഫ്

42 ,, കെ. പി. ആൻറണി

43 ,, ആൻഡ്രൂസ് റോഡ്രിക്സ്

44 ,, കെ. ടി. പാപ്പച്ചൻ

45 ,, ടി. ടി. ദേവസിക്കുട്ടി

46 ,, എം. കെ. ഉണ്ണികൃഷ്ണൻ

# ആമുഖം

## നകീയ ആസൂത്രണത്തിൻെറ പ്രസക്തി

രണ്ടര നൂററാണ്ട് ബ്രിട്ടീഷ് ഭരണത്തിൻ കീ
ിൽ തകർക്കപ്പെട്ട ഭാരതത്തിലെ ഗ്രാമീണ സമ്പദ്
്യവസ്ഥ പുന: സംഘടിപ്പിക്കുക കൂടിയായി
്നു ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ ഒരു ഭാഗ
ായി മഹാത്മജി കരുതിയത്. അതുകൊണ്ട്
ാമസ്വരാജാണ് നമ്മുടെ ലക്ഷ്യം എന്ന് അ
്ദേഹം പ്രഖ്യാപിച്ചു. ഓരോ വില്ലേജും എല്ല
ധികാരവുമുള്ള ചെറിയ റിപ്പബ്ലിക്കുകളായിരി
ണം എന്ന് അദ്ദേഹം പറഞ്ഞു.

എന്നാൽ സ്വാതന്ത്ര്യം കൈയ്യിൽ കിട്ടിയ
്പോം "സർവ്വോദയം" എന്ന ആശയം രാഷ്ട്ര
ുനർനിർമ്മാണത്തിന് ഭരണകൂടം ഉപയോഗി
ില്ല. റഷ്യയുടെ ആസൂത്രിത വികസനത്തിൻെറ
ും, പാശ്ചാത്യ രാജ്യങ്ങളിലെ ശാസ്ത്ര–സാ
തിക–വ്യാവസായിക വളർച്ചക്ക് ആവിഷ്ക്ക
്ച പദ്ധതികളുടെയും മധ്യത്തിൽ നിന്നുള്ള
ു ആസൂത്രണ പരിപാടിയാണ് സർക്കാർ ആ
ഷ്ക്കരിച്ചത്. 1951ൽ ഇന്ത്യയിൽ ആരംഭിച്ച
ആസൂത്രണ നയം കേന്ദ്രീകൃത ആസൂത്രണ
ിനാണ് ഊന്നൽ നൽകിയത്.

രാജ്യത്തെ ആസൂത്രണ പ്രക്രിയ പ്രതീക്ഷി
ത ഫലം ഉണ്ടാക്കിയില്ലന്ന് വർഷങ്ങളായി
്ലാ ഭാഗത്തുനിന്നും വിമർശനം ഉണ്ടായിട്ടുണ്ട്.
നാൽ പഞ്ചവൽസര പദ്ധതികൾ രാജ്യത്തിന്
തലായ നേട്ടങ്ങൾ ഉണ്ടാക്കി കൊടുത്തു എന്ന
എല്ലാവരും അംഗീകരിക്കുകയും ചെയ്യുന്നു
. പദ്ധതിയുടെ എല്ലാ ലക്ഷ്യങ്ങളും നേടാൻ
ിയാതിരുന്നെങ്കിൽ പദ്ധതി ആവിഷ്ക്കരിച്ച
ിലും നടപ്പാക്കിയതിലും അപാകത ഉണ്ടായിരു
രിക്കണം.

സാമ്പത്തിക വികസനത്തിന് ആവിഷ്ക്ക
്ച പദ്ധതികൾ വിജയിക്കാതിരുന്നതിനു കാര
കണ്ടെത്തിയത് അത് ജനപങ്കാളിത്തമുള്ള
ധതികൾ ആയിരുന്നില്ല എന്നതാണ്. ഉദ്യോ
്ഥ മേധാവിത്തവും കേന്ദ്രീകൃത ആസൂത്രണ
ായിരുന്നു കണ്ടെത്തിയ മററൊരു കാരണം.
്പണമനോഭാവമുള്ള ഒരു ജനതയെ വളർത്താൻ
ിച്ചില്ല എന്നതും ഒരു കാരണമായിരുന്നു.
ധതികൾക്ക് പണമുണ്ടായിരുന്നില്ല എന്നതും
ഷധിക്കാനാവില്ല.

വോട്ടവകാശംവഴി ജനങ്ങൾക്ക് ഭാരിച്ച ഉത്തരവാദിത്തം (രാജാധികാരം) നൽകിയിരുന്നു. ആരു ഭരിക്കണം എങ്ങനെ ഭരിക്കണം എന്നു നിശ്ചയിക്കാനുള്ള അവകാശം ഭരണഘടനാപരമായി ജനങ്ങൾക്കു ലഭിച്ചു. ജനങ്ങൾ ഗവ: കളെ തെരഞ്ഞെടുത്തു. പദ്ധതിയുണ്ടാക്കുന്നതോ? അത് ഉദ്യോഗസ്ഥൻമാരാണു താനും. ബ്രിട്ടീഷ് മനോഭാവം പൂണ്ട ഉദ്യോഗസ്ഥൻമാരുടെ പദ്ധതി ജനങ്ങളുടേതായിരുന്നില്ല. ജനാധിപത്യത്തിൻ കീഴിൽ ജനങ്ങൾ വോട്ടുചെയ്താൽ മാത്രം പോര, ആസൂത്രണത്തിലും പദ്ധതിയുണ്ടാക്കുന്നതിലും നടപ്പാക്കുന്നതിലും, ദൈനംദിന ഭരണത്തിലും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. അപ്പോഴാണ് ആ പദ്ധതി ജനങ്ങളുടേതാകുന്നത്. ഇത് പണ്ഡിററ്ജിക്ക് ബോധ്യപ്പെട്ടു. തൻെറ അവസാനകാലത്തു അദ്ദേഹം അതു തുറന്നു പറഞ്ഞു. 'വ്യവസായീകരണം, ഉല്പാദന വർദ്ധന, ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കൽ, തൊഴിലില്ലായ്മ പരിഹരിക്കൽ തുടങ്ങിയ പ്രശ്നങ്ങളുടെ പരിഹാരത്തിന് നമുക്ക് ഗാന്ധിജിയിലേക്ക് തിരികെ പോകേണ്ടത് ആവശ്യമായിരുന്നു. ഇപ്പോഴും നാം ആ മാർഗത്തിലേക്ക് തിരിയേണ്ടതുണ്ടെന്ന് എനിക്കു തോന്നുന്നു.'

രാജ്യം സങ്കീർണ്ണമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സന്ദർഭങ്ങളിൽ എടുത്തു പ്രയോഗിക്കാൻ കഴിയുന്ന ഒററ മൂലികകൾ ഒന്നും തന്നെ നമ്മുടെ പക്കൽ ഉണ്ടായിരുന്നില്ല. ഗാന്ധിയൻ തത്വശാസ്ത്രം ഒരു സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ സിദ്ധാന്തമായി എഴുതപ്പെട്ടിരുന്നില്ല. സ്വാതന്ത്ര്യശേഷമുള്ള ഭാരതത്തിൻെറ സമൂർത്ത സാഹചര്യങ്ങളിൽ പ്രായോഗികമായി ഒരു വികസന രാഷ്ട്രീയം നാം പിൻതുടർന്നില്ല.

ബ്രിട്ടീഷ് വികസന കാഴ്ചപ്പാടിൽനിന്നും മാററമുണ്ടാകാഞ്ഞതുകൊണ്ട് പട്ടണങ്ങൾ കേന്ദ്രീകരിച്ചായിരുന്നു എല്ലാ വികസനങ്ങളും. വിദ്യാഭ്യാസം നേടിയവർ ഗ്രാമത്തെ ഉപേക്ഷിച്ചു കൃഷി ചെയ്യാതിരുന്നു. ഗ്രാമങ്ങളിലെ ജനസംഖ്യാസ്ഫോടനം മററൊരു പ്രശ്നമായിരുന്നു. ഇതിനെല്ലാം ഉപരിയായി ഗ്രാമത്തിൽ അധിഷ്ഠിതമായ ശക്തമായ ഒരു ഭരണക്രമത്തിന് നിയമവ്യവസ്ഥയും ഉണ്ടായിരുന്നില്ല.

രാജ്യത്തെ പ്രശ്നങ്ങാം പരിഹരിക്കണമെ
ൽ നമ്മുടെ ഏററവും വലിയ ശക്തിയായ
ടാനുകോടി ജനങ്ങളുടെ അധ്വാനശേഷി പ്ര
ജനപ്പെടുത്തണമെന്ന ഗാന്ധിയൻ സങ്കല്പ
ിന് പരിപൂർണ്ണ അംഗീകാരം ലഭിക്കാൻ ഭര
ലഭിച്ച് അരനൂററാണ്ട് നമുക്ക് കാത്തിരി
ണ്ടി വന്നു. മഹാത്മജിയുടെ സ്വപ്നം സാ
ഷാത്കരിക്കാൻ ശ്രീ. രാജീവ് ഗാന്ധിയുടെ
തൃത്വം 64-ാം ഭരണഘടനാ ഭേദഗതിക്ക് രൂപം
കിയെങ്കിലും അത് അംഗീകരിക്കപ്പെട്ടില്ല.
74 ഭരണഘടനാ ഭേദഗതിയോടുകൂടി പഞ്ചാ
ത് രാജ് നിലവിൽ വരികയും ചെയ്തു.

കേരളത്തിലെ സ്ഥിതി മററു സംസ്ഥാന
ളിൽ നിന്നും എത്രയോ വ്യത്യസ്തമായിരു
. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും
സൂയാവഹമായ പുരോഗതി ഉണ്ടായി. ആദ്യ
ലത്ത് ലാഭേച്ഛ കൂടാതെ പ്രവർത്തിച്ച സ്വ
ര്യ മേഖലയുടെ സേവനമായിരുന്നു അതിനു
രണം. വ്യാപാര വ്യവസായങ്ങാം പട്ടണങ്ങ
ൽ കേന്ദ്രീകരിച്ചു വളർന്നതുകൊണ്ട് ജനങ്ങാം
മങ്ങളിൽ നിന്നും പട്ടണത്തിലേക്കു കുടിക
ി. ജോലിയില്ലാത്തവർ മററു സംസ്ഥാനങ്ങ
ലും വിദേശങ്ങളിലും ജോലിതേടി. ഉല്പാദ
സംസ്ക്കാരം ജനങ്ങളിൽ വളർന്നില്ല. ഉപഭോഗ
സ്ക്കാരമാണ് വളർന്നത്. അതുകൊണ്ട് ഹ
ത വിപ്ലവവും ധവള വിപ്ലവവും നടന്നതിൻെറ
യോജനങ്ങാം ഉാംക്കൊള്ളാൻ കഴിയാതെ മററു
സ്ഥാനങ്ങളെ ആശ്രയിക്കുകയാണു നാം.
രളത്തിലെ രാഷ്ട്രീയ കാലാവസ്ഥ ഇതിനെ
ം ഒരു കാരണമായിരുന്നുവെന്ന് ആത്മപരി
ാധനയിലൂടെ അംഗീകരിക്കുമ്പോാം മാത്രമാ
് എന്തുപരിഹാരമാണ് വേണ്ടതെന്ന് കണ്ടെ
ാൻ കഴിയുന്നത്.

സംസ്ഥാനത്തിൻെറ ധ്രുതഗതിയിലുള്ള
ാമ്പത്തിക വളർച്ചയിൽ താല്പര്യമുള്ളവർ, ന
ുടെ ജനങ്ങളുടെ ജീവിത ഗുണനിലവാരം ഉയ
നമെന്ന് ആഗ്രഹിക്കുന്നവർ, കേന്ദ്രീകൃതആസൂ
ണപ്രക്രിയ ഗൗരവമായി അപഗ്രഥിക്കാനും,
റങ്ങളും കുറവുകളും തിരിച്ചറിയാനും അവ
ിഹരിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചു. ആ
ൂത്രണത്തിലെ കുറവുകാം പരിഹരിക്കാനും
തിവിധി കണ്ടെത്താനും എല്ലാവരുടേയും കഴി
ുകാം വിനിയോഗിച്ചു നടത്തുന്ന ശ്രമമാണ്
നകീയ ആസൂത്രണമായി രൂപം പ്രാപിച്ചിരി
ുന്നത്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ രൂപംകൊ
ഗ്രന്ഥശാല പ്രസ്ഥാനം സാമ്രാജ്യത്വത്തിനെ
ിരെയുള്ള സമരത്തിന് പിൻബലമേകി. അത്
കരളീയരുടെ ഭൗതിക ശക്തിയെ സംപുഷ്ടമാ
ുകയും ചെയ്തു. സ്വാതന്ത്ര്യം ലഭിച്ച് ഒരു പ
ിററാണ്ടിനു ശേഷം കാർഷികോല്പാദന വർദ്

ധനവിനു കളമൊരുങ്ങി. 1980 ലെ ഉൽക്കൃഷ്ട
മായ ഒരു സംരംഭമായിരുന്നു സമ്പൂർണ്ണ സാക്
ഷരതാ പ്രവർത്തനം. ഇന്ത്യാരാജ്യത്തെ ആസൂത്രണ
സങ്കല്പത്തിൻെറ പുനർചിന്തനക്ക് ഒരു മുന്നോ
ടിയായിരിക്കും ജനകീയാസൂത്രണ പ്രസ്ഥാനം.
കേരള ജനത നേടിയട്ടുള്ള അവകാശ ബോധം വി
കസന പ്രക്രിയയ്ക്ക് തടസം സൃഷ്ടിക്കാതിരു
ന്നാൽ ജനകീയാസൂത്രണം ഭാരതത്തിലെ ഇതര
സംസ്ഥാനങ്ങാംക്കും ലോകത്തിലെ അവികസി
ത-വികസ്വര രാജ്യങ്ങാംക്കും ഒരു മാതൃകയായി
രിക്കും.

## ജനകീയാസൂത്രണവും-
## പഞ്ചായത്തുതല പ്രവർത്തനങ്ങളും

കേരളത്തിൻെറ ഒമ്പതാം പദ്ധതി രൂപീകര
ണം ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കു
വാനുള്ള സംസ്ഥാന ഗവൺമെൻറിൻേറയും,
സംസ്ഥാന ആസൂത്രണ ബോർഡിൻേറയും തീ
രുമാനപ്രകാരം പഞ്ചായത്തുതല ആസൂത്രണ
പരിപാടിക്കു തുടക്കം കുറിച്ചു.

## പഞ്ചായത്തുതല ഏകദിന സെമിനാർ

16-9-96ൽ കൂടിയ ഗ്രാമപഞ്ചായത്തു കമ്മ
ററിയുടെ തീരുമാനപ്രകാരം ജനകീയാസൂത്രണ
പ്രസ്ഥാനത്തിൻെറ പ്രാരംഭ പ്രവർത്തനങ്ങാംക്കു
വേണ്ടി '96 സെപ്തംബർ 20-ാം തീയതി വെള്ളി
യാഴ്ച ഞാറക്കൽ സർവീസ് സഹകരണ ബാങ്ക്
ഓഡിറേറാറിയത്തിൽ വച്ച് പഞ്ചായത്തുതല
റിസോഴ്സ് പേഴ്സൺമാരിനുവേണ്ടി നടത്തിയ
ക്യാമ്പിൽ 123 പേർ പങ്കെടുത്തു. ജനകീയാസൂ
ത്രണത്തിൻെറ ജില്ലാ റിസോഴ്സ് പേഴ്സൺമാ
രായി പങ്കെടുത്ത കെ. കെ. തമ്പി. എ. ആർ.
ചന്ദ്രബോസ്, എ ടി. അന്നമ്മ (പഞ്ചായത്തു
മെമ്പർമാർ) കീ റിസോഴ്സ് പേഴ്സൺ ആയ
കെ. ആർ സുഭാഷ് (ജില്ലാ പഞ്ചായത്തംഗം)
എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസെ
ടുത്തു.

വിശേഷാൽ ഗ്രാമസഭകാം സജീവമാക്കുന്നതി
നു വേണ്ടി വാർഡു മെമ്പറെ സഹായിക്കുവാൻ
എല്ലാ വാർഡിലും സ്വാഗതസംഘം രൂപീകരി
ക്കുന്നതിലേക്ക് സി കെ. വാസുമാസ്ററുടെ
നേതൃത്വത്തിൽ ഒരു സംഘത്തെ നിശ്ചയിക്കുക
യും ദ്വിതീയ വിവര ശേഖരണത്തിന് ജേക്കബ്
കിഴക്കേടൻെറ നേതൃത്വത്തിൽ മറെറാരു സംഘ
ത്തെ തെരഞ്ഞെടുക്കുകയും ചെയ്തു. മിക്കവാറും
എല്ലാ വാർഡുകളിലും സംഘാടക സമിതി രൂപീ
കരിക്കുകയും, സംഘാടക സമിതിയുടെ നിർദ്
ദേശാനുസരണം വിശേഷാൽ ഗ്രാമസഭകളിൽ രജി
സ്ട്രേഷനും, ഗ്രൂപ്പു തിരിഞ്ഞുള്ള ചർച്ചകളുമൊ
ക്കെ ഭംഗിയായി നടന്നു. മൊത്തത്തിൽ ഗ്രാമസഭ
കാം വലിയ വിജയമായിരുന്നു എന്നു പറയാം.

97

# വിശേഷാൽ ഗ്രാമസഭകൾ

1996 സെപ്തംബർ 29 മുതൽ ഒക്ടോബർ 13 വരെയുള്ള തീയതികളിലായി ഗ്രാമസഭാ യോഗങ്ങൾ നടന്നു. ആകെ 4870 കുടുംബങ്ങളിലായി 16906 വോട്ടർമാരിൽ 1419 പേർ മാത്രമാണ് ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുത്തത്. അതിൽ 924 പുരുഷൻമാരും, 495 സ്ത്രീകളുമാകുന്നു. ഗ്രാമസഭായോഗങ്ങളുടെ വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| വാർഡ് | സ്ഥലം | തീയതി | സമയം | ആകെ കുടുംബങ്ങൾ | ആകെ വോട്ടർമാർ | പങ്കെടുത്തവർ | സ്ത്രീകൾ | പുരുഷൻമാർ | % |
|---|---|---|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്ക്കൂൾ ഞാറക്കൽ | 2-10-96 | 2.00 | 354 | 1354 | 84 | 16 | 68 | 6.20 |
| 2 | സെൻറ് മേരീസ് യു. പി സ്ക്കൂൾ | 12-10-96 | 2.00 | 391 | 1594 | 109 | 18 | 91 | 6.83 |
| 3 | എൽ എഫ് എച്ച് എസ് | 2-10-96 | 10 00 | 348 | 1264 | 180 | 82 | 98 | 14.24 |
| 4 | സെൻറ് സേവ്യേഴ്സ് ഹാൾ | 29-9-96 | 2.00 | 531 | 1707 | 201 | 107 | 94 | 11.78 |
| 5 | മറെല്ലോ ഐ ടി സി | 12-10-96 | 2.00 | 513 | 1637 | 159 | 60 | 99 | 9.71 |
| 6 | പെരുമ്പിള്ളി പാരിഷ്ഹാൾ | 6-10-96 | 2.00 | 554 | 1890 | 146 | 39 | 107 | 7.72 |
| 7 | എസ്. കെ. വി. എ എൽ. പി. സ്ക്കൂൾ | 13-10-96 | 2.00 | 540 | 1806 | 104 | 24 | 80 | 5.76 |
| 8 | മേരിമാതാ കോളേജ് | 2-10-96 | 2 00 | 545 | 1853 | 164 | 59 | 105 | 8.85 |
| 9 | ഫിഷറീസ് യു. പി. സ്ക്കൂൾ | 2-10-96 | 2 00 | 724 | 2572 | 184 | 64 | 120 | 7.15 |
| 10 | ,, ,, | 13-10-96 | 2 00 | 370 | 1229 | 88 | 26 | 62 | 7.16 |

വിവിധ ഗ്രാമസഭായോഗങ്ങളിൽ സ്ഥലം എം. എൽ. എ, കൊച്ചിൻ കോർപ്പറേഷൻ മേയർ, പഞ്ചായത്ത് ഡയറക്ടർ, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ മുതലായവർ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങളുടെ നിലവിലുള്ള ധാരണയായ സ്വന്തം വാർഡിലെ കാര്യങ്ങളിൽ നിന്നും വിട്ട്, ഒമ്പതാം പദ്ധതിയുടെ വികസന പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടണമെന്നും, അങ്ങിനെ ജനപങ്കാളിത്തത്തോടെ അതതു വാർഡിലേയും, മൊത്തത്തിൽ പഞ്ചായത്തിലേ വികസന പ്രവർത്തനങ്ങളെക്കുറിച്ച് പുതിയൊരവബോധം ഗ്രാമസഭകളിലൂടെ ജനങ്ങളിൽ ഉണർത്തുകയും ചെയ്തു.

## ദ്വിതീയ വിവര ശേഖരണം

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ ഭാഗമായി വിവിധ വികസന സേവന മേഖലകളി ലെ ഓഫീസുകളിൽ നിന്ന് ദ്വിതീയ വിവരശേഖരണം (Secondary data collection) നടത്തുന്ന തിനുവേണ്ടി ഒരു സംഘത്തെ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നെങ്കിലും, പലവിധ കാരണങ്ങളാൽ ദിവസങ്ങൾ നീണ്ടുപോയി. എന്നിരുന്നാലും കുറേപേരുടെ നിർല്ലോഭമായ സഹകരണം കൊണ്ട് ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കുവാൻ നമുക്കു കഴിഞ്ഞു.

98

## നപര്യടനം

പഞ്ചായത്തിലെ ഭൂപ്രകൃതിയെക്കുറിച്ചു പ ുന്നതിനും, റിപ്പോർട്ടു തയ്യാറാക്കുന്നതിനും ണ്ടി നിയോഗിക്കപ്പെട്ട സംഘാംഗങ്ങൾക്ക് Pമാരും PRPമാരും പ്രത്യേക പരിശീലനങ്ങളും, ർദ്ദേശങ്ങളും നൽകിയതനുസരിച്ച് ആത്മാർ ഥമായി സംഘാംഗങ്ങൾ തലങ്ങും, വിലങ്ങും ക്കുകയും, അതിൽ നിന്നുകിട്ടിയ വിവരങ്ങൾ ച്ചുകൊണ്ട് പാനപര്യടനത്തെ സംബന്ധിക്കു ഒരു നല്ല മാപ്പും, ഒരു നല്ല റിപ്പോർട്ടും നമ്മു തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## കീയാസൂത്രണം രണ്ടാം ഘട്ട പ്രവർത്തനം

രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിൽ P മാരും, പഞ്ചായത്ത് മെമ്പർമാരും, പഞ്ചായ ് റിസോഴ്സ് പേഴ്സൺസും പങ്കെടുത്തു, വപ്പിൻ കരയിൽ വച്ചുതന്നെ ആകയാൽ കൂടു ൽ പേർക്ക് പരിശീലനത്തിൽ പങ്കെടുക്കുവാൻ ഴിഞ്ഞു.

## ൂടിയിരിപ്പുയോഗം

ജില്ലാതല രണ്ടംഘട്ട പരിശീലനത്തിനുശേ ം പഞ്ചായത്തിലെ കൂടിയിരിപ്പുയോഗം _10_96 നു ഞാറക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറേറാറിയത്തിൽ വച്ചു നടന്നു. ഈ യാഗത്തിൽ 76 പേർ പങ്കെടുത്തു. പഞ്ചായത്തി ല രണ്ടാം ഘട്ട ഏകദിന ശില്പശാല 4_11_96 ് ഞാറക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഓ ിറേറാറിയത്തിൽ വച്ചു തന്നെ നടത്തുവാൻ നി ്ചയിച്ചു.

## ുചീകരണവരാം, ഐക്യദാർഢ്യ പക്ഷാചരണം, പുനരർപ്പണദിനം

ശുചീകരണ വാരാഘോഷത്തോടു ബന്ധ പ്പട്ട് ഞാറക്കൽ ഗവ: ഹൈസ്ക്കൂളിലേയും, താറക്കൽ എൽ. എഫ്. എച്ച്. എസിലേയും ുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് പി. എൻ. പു ുഷോത്തമൻ മാസ്ററർ, കെ. വി. ആൻെറണി ാസ്ററർ എന്നിവരുടെ നേതൃത്വത്തിലും, പഞ്ചാ ത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സ് റാൻറിംഗ് കമ്മററി ചെയർമാൻ, പഞ്ചായത്ത് മംബർമാർ, സർവോദയം കുരിയൻ, സി. കെ. വാസുമാസ്ററർ. എന്നിവരുടെ നേതൃത്വത്തിലും ഞാറക്കൽ ഗവ: ആശുപത്രിയിൽ 5–10–96 ന് ശുചീകരണവാരം നടത്തി.

7_10_96 ന് പഞ്ചായത്താഫീസിൽവച്ച് വി വിധ മേഖലകളിലുള്ളവരേയും, സ്ക്കൂളിലെ ടീ ച്ചർമാരേയും, അംഗൻവാടി വർക്കേഴ്സിനേയും പങ്കെടുപ്പിച്ചുകൊണ്ട് ശുചീകരണ സെമിനാർ നടത്തി. സെമിനാറിൽ ഹെൽത്ത് ഇൻസ്പെക്ടർ കെ. പി. ശശിധരൻ ക്ലാസെടുത്തു. അന്നു തന്നെ ലോകപാർപ്പിട ദിനാചരണവും സമുചിതമായി നടത്തുകയുണ്ടായി.

15_10_96 ൽ പട്ടികജാതി പട്ടികവർഗ്ഗ വികസന ഐക്യദാർഢ്യപക്ഷാചരണം ഞാറക്കൽ മേരിമാതാ കോളേജിൽ വച്ചു നടത്തി. പട്ടിക ജാതി വികസന വകുപ്പിൻെറ കീഴിലുള്ള നഴ്സ റി സ്ക്കൂൾ ഔപചാരികമായി ഉത്ഘാടനം നട ത്തുകയും, മിശ്രവിവാഹിതർക്കുള്ള ധനസഹായം നൽകുകയും, മററു പിന്നോക്ക വിഭാഗക്കാർക്കു ള്ള ലംപ്സംഗ്രാൻറ് വിതരണവും നടത്തുകയു ണ്ടായി.

കേരളപിറവി ദിനമായ നവംബർ ഒന്ന് പു നരർപ്പണ ദിനമായി ആചരിക്കണമെന്ന സംസ് ഥാന ആസൂത്രണ സമിതിയുടെ നിർദ്ദേശപ്ര കാരം എട്ടാം വാർഡിൽ എം. കെ. ജി. റോഡിനു വേണ്ടിയുള്ള വഴിയും, ഒമ്പതാം വാർഡിൽ ചെറു പുഷ്പാലയം റോഡിനു വേണ്ടിയുള്ളവഴിയും ഒന്നാം വാർഡിൽ മാമ്പിള്ളി പോക്കററുറോഡും, തദ്ദേശവാസികളുടേയും, സന്നദ്ധ പ്രവർത്തക രുടേയും മേൽനോട്ടത്തിൽ പണി ആരംഭിച്ചു. കൂടാതെ ഒന്നാം വാർഡിൽ പഞ്ചായത്തിൻേറയും, കൃഷിഭവൻേറയും, ആഭിമുഖ്യത്തിൽ ഒരു ഫാം ഹൗസിൻെറ ഉത്ഘാടനവും നടന്നു.

## പഞ്ചായത്തുതല രണ്ടാംഘട്ട ഏകദിന ശില്പശാല

ജനകീയാസൂത്രണം രണ്ടാംഘട്ട പ്രവർത്തന ത്തിൻെറ ഭാഗമായി ഏകദിന ശില്പശാല 4–11–96നു ഞാറക്കൽ സർവ്വീസ് സഹകരണ ബാ ങ്ക് ഓഡിറേറാറിയത്തിൽ വച്ചു നടത്തി. ശില്പ ശാലയിൽ ഉച്ചവരെ വീഡിയോ പ്രദർശനമായി രുന്നു ഉച്ചക്കുശേഷം സമഗ്രപദ്ധതികളെക്കുറി ച്ച് പരിചയപ്പെടുത്തൽ ആയിരുന്നു.

എ. ടി. അന്നമ്മ, കെ. കെ. തമ്പി, എ. ആർ. ചന്ദ്ര ബോസ്, പി. എൻ. പുരുഷോത്തമൻ മാസ്ററർ, കെ കെ. യൂനസ് എന്നിവർ ഓരോ വിഷയങ്ങളെ ക്കുറിച്ചുസംസാരിച്ചു. വികസന സെമിനാർ വിജ യിപ്പിക്കുന്നതിലേക്കും ആയതിൻെറ നടത്തിപ്പി നുവേണ്ടി ഒരു സ്വാഗത സംഘത്തെ ഈ ശില്പ ശാലയിൽ വച്ച് തെരഞ്ഞെടുത്തു.

## വികസന റിപ്പോർട്ടു തയ്യാറാക്കൽ

ക്രോഡീകരിച്ച ഗ്രാമസഭാ റിപ്പോർട്ടുകളും, ദ്വിതീയ വിവര ശേഖരണവും പഠന പര്യടനവും സംഘം ശേഖരിച്ച വിവരങ്ങളും, പഞ്ചായ ത്തിലെ കാരണവൻമാരിൽ നിന്നും ശേഖരിച്ച വിവരങ്ങളും ഡിപ്പാർട്ടുമെൻറ് റിവ്യൂ റിപ്പോർ ട്ടുകളും സംയോജിപ്പിച്ചു കൊണ്ട് റിസോഴ്സ് പേഴ്സൺസിൻെറ ആഭിമുഖ്യത്തിൽ റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിന് പി. എൻ. പുരു ഷോത്തമൻ മാസ്ററെ ചുമതലപ്പെടുത്തി. (ശ്രീ. സി. കെ. വാസുമാസ്റററുടേയും, അഡ്വ. പോൾ തോമസ് മാമ്പിള്ളിയുടേയും നിർദ്ദേശ ങ്ങളും, സഹകരണങ്ങളും റിപ്പോർട്ടു തയ്യാറാക്കു ന്നതിനുണ്ടായിട്ടുണ്ട്.) ഇതുപ്രകാരമാണ് ഈ വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കിയിട്ടു ള്ളത്.

# പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | ഞാറക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ഞാറക്കൽ, അപ്പങ്ങാട് |
| താലൂക്ക് | : | കൊച്ചി |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | ഞാറക്കൽ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | എളങ്കുന്നപ്പുഴ |
| വിസ്തീർണ്ണം | : | 8.60 ചതുരശ്ര കിലോ മീററർ |
| ജനസംഖ്യ | : | 24183 |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | നായരമ്പലം പഞ്ചായത്ത് |
| കിഴക്ക് | : | കൊച്ചിക്കായൽ (മഞ്ഞനക്കാട്പുഴ) |
| തെക്ക് | : | എളങ്കുന്നപ്പുഴ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | അറബിക്കടൽ |

---

| | | |
|---|---|---|
| വാർഡുകളുടെ എണ്ണം | : | പത്ത് |
| വനിതാ സംവരണവാർഡുകൾ | : | മൂന്ന് |
| പട്ടികജാതി/പട്ടികവർഗ വനിതാ സംവരണം | : | ഒന്ന് |
| പട്ടികജാതി/പട്ടികവർഗ സംവരണം | : | ഒന്ന് |
| പ്രസിഡണ്ടിൻെറ പേര് | : | ശ്രീ. പൗലോസ്. പി. വാളൂരാൻ |
| വൈസ് പ്രസിഡണ്ടിൻെറ പേര് | : | ശ്രീമതി എ. ടി. അന്നമ്മ |

# ഞാറക്കൽ ഗ്രാമ പഞ്ചായത്ത്

## സംക്ഷിപ്ത ചരിത്രാവലോകനം

"മുസരീസ്" തുറമുഖം എന്ന പേരിൽ പു നകാലത്ത് പുറംലോകം അറിഞ്ഞിരുന്ന കൊ ങ്ങല്ലൂർ അഴിമുഖത്തിനു തെക്കുഭാഗത്ത് നീണ്ടു ന്നിരുന്ന കര ഇന്നത്തെ മട്ടാഞ്ചേരിയുമായി ാജിച്ചു കിടന്നിരുന്ന പ്രദേശമായിരുന്നു എന്നു യപ്പെടുന്നു. A. D 1341ൽ ഉണ്ടായ അധിവർ മൂലം പെരിയാറും ചാലക്കുടിപ്പുഴയും കര വിഞ്ഞു ഒഴുകിയ മലവെള്ളംകുത്തി ഒഴുകി ലിയ ഒരു പ്രളയമായി വരികയും താഴ്ന്ന പ്ര ശമായ ഇപ്പോഴത്തെ കൊച്ചിതുറമുഖഭാഗത്ത് ഴി" മുറിഞ്ഞ് കടലിലേക്ക് പ്രവഹിക്കുക ം ചെയ്തു. പ്രസ്തുത അഴിയെ "കൊച്ച് ഴി" എന്നു വിളിച്ചുവരുകയും, പിന്നീട് ലോ ിച്ച് "കൊച്ചി" എന്നറിയപ്പെടുകയും ചെയ്തു. പ്രളയത്തിനു മുമ്പുതന്നെ നെടുങ്ങാട്, മഞ്ഞ ക്കാട്, പുക്കാട്, എളങ്കുന്നപ്പുഴ, ഓച്ചന്തുരുത്ത്, നമ്പുകാട് എന്നീ ദേശങ്ങൾ ഉണ്ടായിരുന്നതായി ളിവുകൾ ഉണ്ട്. അതിൽ മഞ്ഞനക്കാട് ഇന്ന ത്ത ഞാറക്കൽ പഞ്ചായത്തിന്റെ ഭാഗമാകുന്നു. ദേശം നൂറ് വർഷങ്ങൾക്കു മുമ്പുവരെ കടൽ ്ഥിതി ചെയ്തിരുന്നത് ജെയ്ഹിന്ദ് മൈതാ ിയോടു ചേർന്നായിരുന്നു. മൽസ്യം സംഭരിക്കു ചാപ്പകൾ ഉണ്ടായിരുന്നതിനാൽ ചാപ്പ മൈതാ ി എന്നറിയപ്പെട്ടിരുന്ന മൈതാനം 1947 ആഗ ്ററ് 15ന് ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ ഓർമ്മ ായി ജെയ്ഹിന്ദ് മൈതാനം എന്ന പേര് നൽ ുകയായിരുന്നു ഞാറക്കൽ എന്ന പേര് രൂപം ൊണ്ടതിനെ സംബന്ധിച്ച് പല അഭിപ്രായ ങ്ങൾ ഉണ്ടെങ്കിലും ഞാറ പക്ഷികൾ ഇരിക്കുന്ന ക്ക് എന്ന അർത്ഥം വരുന്ന "ഞാറക്കൽ" എന്ന പേരുണ്ടായി എന്നാണ് വിശ്വസിക്കപ്പെടുന്നത്. ിദേശ ദേശാടനപ്പക്ഷിയായ "ഞാറ" എന്ന ലിയ ഇനം കൊക്ക് ധാരാളമായി ഈ പ്രദേശത്ത് ന്നിരുന്നു.

വില്ലേജ് ഓഫീസിനു സമീപം സ്ഥിതി ചെയ്യുന്ന പുതിയേടത്ത് ഭഗവതി ക്ഷേത്രമാണ് ഇപ്പോൾ ശിവക്ഷേത്രമെന്നു പ്രചരിച്ചിരിക്കു ന്നു.) ഞാറക്കലെ ഏററവും പുരാതനമായ ക്ഷേ ത്രം. കൊച്ചി രാജ്യത്തെ (കൊച്ചി സംസ്ഥാനം) ഒരു പ്രധാന പ്രദേശമായ ഞാറക്കലെ ഈ ക്ഷേത്രത്തിൽ കൊച്ചി രാജകുടുംബത്തിലെ തമ്പുരാട്ടിമാർ തൊഴാൻ വന്നിരുന്നതായി പറയപ്പെടുന്നു. മററു പ്രധാന ക്ഷേത്രങ്ങൾ കോതകുളങ്ങര ക്ഷേത്രം, ഊടാറക്കൽ ക്ഷേത്രം, ബാലഭദ്ര ക്ഷേത്രം, ശക്തീധര ക്ഷേത്രം, പുല്ലൂററ് ഭഗവതി ക്ഷേത്രം, ഭയ്യക്കര ഭഗവതി ക്ഷേത്രം, എന്നിവയാകുന്നു.

അഞ്ഞൂറു വർഷങ്ങൾക്കു മുമ്പാണ് സുറിയാനി ക്രിസ്ത്യാനി കുടുംബങ്ങൾ ഞാറക്കൽ താമസം തുടങ്ങിയത്. ഇപ്പോൾ സെൻറ് മേരീസ് ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് ഇടപ്പള്ളി പള്ളിയുടെ അധീനതയിൽ ഒരു കുരിശുപള്ളി നിർമ്മിക്കുകയും, അതിനോടനുബന്ധിച്ച് അഞ്ചു അങ്ങാടികൾ സ്ഥാപിച്ച് അവിടെ താമസം ഉറപ്പിക്കുകയുമാണുണ്ടായത്. കുരിശുപള്ളി പലതവണകളിൽ നവീകരിക്കുകയും, പിന്നീട് AD 1824ൽ ഇന്നു നിലവിലുള്ള പള്ളി പണിയുകയും ചെയ്തു. കൊച്ചി രാജാക്കൻമാ പള്ളിക്ക് പ്രത്യേക പരിഗണനകൾ നൽകുകയും ഒരു രാജാവ് പള്ളി സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഞാറക്കൽ പ്രദേശത്തിനുണ്ടായ വളർച്ചക്ക് ഈ സമൂഹം പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നു. പെരുമ്പിള്ളിയിൽ സ്ഥിതി ചെയ്യുന്ന ലത്തീൻ ക്രിസ്ത്യാനികളുടെ പള്ളിയാണ് ഞാറക്കലുള്ള മറെറാരു ക്രിസ്ത്യൻ ദേവാലയം.

റോഡുകളേക്കാൾ ജലഗതാഗതത്തിനായിരുന്നു ഇവിടെ പ്രാധാന്യം. ഞാറക്കലെ പ്രധാന റോഡുകളായ "ബന്തർ കനാലും" അപ്പങ്ങാട് തോടു", പിന്നീട് നിർമ്മിച്ചതാണ്. "വേലൻ തോട്" എന്ന പേരിൽ അറിയപ്പെടുന്നതും, ഇപ്പോൾ വീതിയും ആഴവും കുറഞ്ഞും, പല ഭാഗത്തും നികത്തപ്പെട്ടതുമായ ഈ തോട് മുൻകാലങ്ങളിൽ ഗതാഗതത്തിനും, വെള്ളമൊഴുക്കിനും ഉപയോഗിച്ചിരുന്നതാകുന്നു. ബന്തർ കനാലിൽനിന്നും എറണാകുളത്തേക്ക് 15മിനിററ് ഇടവിട്ട് ബോട്ടു സർവ്വീസ് ഉണ്ടായിരുന്നതാണ്. കൂട്ടത്തിൽ പിൽക്കാലത്ത് ഏലൂർ വ്യവസായ മേഖലയിലേക്കും ബോട്ടു സർവ്വീസ് ഉണ്ടായിരുന്നു. ബസ് സർവ്വീസ് നിലവിൽ വരികയും. മുരുക്കുംപാടം, വൈപ്പിന്

ഫറികരം തുടങ്ങുകയും ചെയ്തപ്പോരം
ാറക്കൽ നിന്നു എറണാകുളത്തേക്കുളള ബോട്ട്
ർവ്വീസുകരം കാലക്രമേണ നിലച്ചുപോവുകയു
ായിരുന്നു.

കൊച്ചി തുറമുഖം വികസിക്കുന്നതിനുമുമ്പ്
ാറക്കൽ ആയിരുന്നു കൊച്ചി രാജ്യത്തെ പ്രധാന
ുറമുഖം. ഇവിടെ കപ്പലുകളിൽ നിന്ന് ചരക്കു
ം കയററി ഇറക്കിയിരുന്നതും, വ്യാപാര കേന്ദ്ര
യി പ്രവർത്തിച്ചിരുന്നതുമാകുന്നു. ഒരു വലിയ
ച്ച് (ലന്ത) സൈന്യം ഞാറക്കൽ വന്നിറങ്ങിയ
യി കൊച്ചി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടു
്. ഞാറക്കൽ തുറമുഖത്തിൻെറ "ലൈററു ഹൗ
" ഇപ്പോഴത്തെ ലൈററു ഹൗസ് പാലത്തിനടു
് ഉണ്ടായിരുന്നതും, അവിടെ ഉപയോഗിച്ചിരു
"മാർഗ്ഗ ദീപം" ഇപ്പോരം തൃശൂർ മ്യൂസിയ
ിൽ കാഴ്ച വസ്തുവും ആകുന്നു.

പഞ്ചായത്ത് സംവിധാനം നിലവിൽ വരുന്ന
നു മുമ്പ് മഹാരാജാവിൻെറ അനുവാദത്തോടെ
ു പ്രമാണികരം ആയിരുന്നു നാട്ടിൽ ഭരണം
ത്തിയിരുന്നത്. ഉദ്ദേശം 150 വർഷങ്ങരംക്കു
വ് ഞാറക്കൽ പ്രദേശം കൊച്ചി രാജാവിനു
ണ്ടി കൈകാര്യം ചെയ്തിരുന്നത് ശ്രീ. കൊ
ചറീത് മാമ്പിള്ളി എന്ന പ്രധാന വ്യക്തിയാ
ുന്നു. ഞാറക്കൽ-നായരമ്പലം വില്ലേജുകരം ഉ
പ്പടുത്തി കൊച്ചി സർക്കാരിൻെറ ഉത്തരവു പ്ര
ം 1918 മെയ് 14-ാം തീയതി (1093 എടവം 1)
ക്കൽ-നായരമ്പലം ഗ്രൂപ്പു പഞ്ചായത്ത് നില
ൽ വന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ
ിഡൻറ് ശ്രീ കൊച്ചുവറീത് മാമ്പിള്ളിയുടെ
ായ ശ്രീ. പോരം മാമ്പിള്ളി ആയിരുന്നു.
ബജററ് 3326 രൂപക്കുളളതായിരുന്നു.

ആദ്യ വില്ലേജ് പഞ്ചായത്ത് ഓഫീസായും,
തിയായും ഞാറക്കൽ കിരിയാന്തൻ വറിയ
ലായുടെ വാടകക്കെട്ടിടത്തിലാണു പ്രവർ
ച്ചിരുന്നത്. (ഗവ: ഹൈസ്കൂളിൻെറ
ുതെക്കുഭാഗം) ശ്രീ പോരം മാമ്പിള്ളി പി
കൊച്ചി നിയമ സഭയിലെ എം. എൽ.
ായി തെരഞ്ഞെടുക്കപ്പെട്ടുപോയപ്പോരം, അ
റത്തിനു ശേഷം ശ്രീമാൻമാർ കൃഷ്ണൻ
ാവ്, ഡോ: പോരം. ജെ മാമ്പിള്ളി,
ൻ പൗലോ ഔസേപ്പ് (എം പി. ജോസഫ്)
എ. പാരം, ജി. കുഞ്ഞുണ്ണിപ്പണിക്കർ എന്നി
ാറക്കൽ-നായരമ്പലം ഗ്രൂപ്പ് പഞ്ചായത്തി
പസിഡണ്ടുമാരായി. ഇവരിൽ ശ്രീ. എം.ഐ
പിന്നീട് എം. എൽ. സി യായി തെരഞ്ഞെ
ടുക്കപ്പെട്ടു. ശ്രീ. ഉണ്ണിപ്പണിക്കർ പ്രസിഡണ്ട്
ആയിരിക്കുമ്പോഴാണ് നായരമ്പലം 1, 2, 3
വാർഡുകളായും, ഞാറക്കൽ 4, 5, 6 വാർഡുകളാ
യും വിഭജിച്ചത്. അന്ന് ഞാറക്കലെ ജനസംഖ്യ
8400 ആയിരുന്നു.

പഞ്ചായത്തുകരം വേർതിരിച്ച് രൂപീകരിച്ച
തിനു ശേഷം ഞാറക്കൽ പഞ്ചായത്തിൻെറ ആദ്യ
പ്രസിഡണ്ടായി 29-4-1948ൽ ശ്രീ. എം. ജെ.
ഉർമീസ് മാമ്പിള്ളി തെരഞ്ഞെടുക്കപ്പെട്ടു പി
ന്നീട് 1953ൽ ശ്രീ. ദേവസി വാളൂരാൻ പ്രസിഡ
ണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ദീർഘ
കാലം പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംസ്ഥാന
ത്ത് ഉണ്ടായില്ല. ഏതാണ്ട് 23 വർഷക്കാലം
അദ്ദേഹം പ്രസിഡണ്ടായി തുടർന്നു. ഇന്ന്
പഞ്ചായത്ത് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം
അദ്ദേഹം സംഭാവനയായി നൽകിയതാണ്.
1976ൽ അദ്ദേഹം മരിക്കുന്നതുവരെ ഞാറക്കൽ
പഞ്ചായത്തിൻേറയും, വൈപ്പിൻകരയുടേയും
വികസനത്തിനു വേണ്ടി നേതൃത്വം നൽകിയ
മഹൽ വ്യക്തിയാണ്. അദ്ദേഹത്തെ തുടർന്ന്
ശ്രീ. ഇട്ടിയച്ചൻ പാറക്കൽ, അഡ്വ: കെ ഡി.
ബാബു, അഡ്വ. പോരം തോമസ് മാമ്പിള്ളി,
ശ്രീ. സി. കെ. വാസുമാസ്ററർ എന്നിവർ പ്ര
സിഡണ്ടുമാരായി.

ഞാറക്കൽ ഗവ: ഹൈസ്കൂളും, എൽ. പി.
ജി. എസും, ഞാറക്കൽ സെൻറ് മേരീസ് പള്ളി
യിൽ നിന്നും പണി കഴിപ്പിച്ച് കൊച്ചി സർക്കാ
രിനെ ഏൽപ്പിച്ചു എന്നാണ് നാട്ടറിവ്. ഞാറക്കൽ
ഹൈസ്ക്കൂളിൽ നിന്നും വിദ്യാഭ്യാസം നേടിയ
വരിൽ നിരവധി പേർ പിന്നീട് പ്രശസ്ത പദ
വികരം അലങ്കരിച്ചിട്ടുണ്ട്. പരേതനായ പോരം
പി. മാമ്പിള്ളി കൊച്ചി നിയമസഭയിൽ എം.
എൽ. സിയായി തെരഞ്ഞെടുക്കപ്പെടുകയും
അഡ്വക്കേററ് ജനറലായി നിയമിക്കപ്പെടുകയും
കൊച്ചി ഹൈക്കോടതിയിൽ ജഡ്ജിയായി റിട്ടയർ
ചെയ്യുകയുമാണുണ്ടായത്. അദ്ദേഹത്തിൻെറ സ
ഹോദരൻ ശ്രീ. എം. പി. ജോർജ് മാമ്പിള്ളി കേ
രളാസ്റേററ് ഇലക്ട്രിക്കൽ ചീഫ് എഞ്ചിനിയ
റായി റിട്ടയർ ചെയ്ത് വിശ്രമ ജീവിതം നയിക്കു
ന്നു. ഞാറക്കൽ കേന്ദ്രമായി സർവ്വോദയം കുരിയൻ
ചേട്ടൻ (പി. സി കുരിയൻ) നടത്തിയ സാമൂഹ്യ
പ്രവർത്തനം പല സാമൂഹ്യ സംഘടനകരംക്കും
നടത്താൻ അസാദ്ധ്യമായ ഒന്നാണ്. പൊതുജനാ
രോഗ്യ പ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനം,
സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനം എന്നി

102

ിൽ കുരിയൻ ചേട്ടൻെറ റിക്കാർഡ് ഭേദിക്കു ൻ കഴിയാത്ത അത്രയ്ക്ക് ഉയരത്തിലാണ്. റാൽഗവ:ആശുപത്രിയിലെ 4 വാർഡുകളിൽ വാർഡും കുരിയൻചേട്ടൻ പണിതു സംഭാവന യി നൽകിയതാണ്. കറുകുററിയിൽ ക്യാൻ ൻ സെൻറർ നടത്തുന്ന ഡോ: പോൾ മാമ്പിള്ളി ണ് ഞാറക്കലിൻെറ മററൊരു സംഭാവന. ഇവി നിന്നും നിരവധി ഡോക്ടർമാർ, അഭിഭാഷ , എഞ്ചിനിയർമാർ, ഉന്നതവിദ്യാഭ്യാസം ലഭി വർ കേരളത്തിലും, ഇൻഡ്യയിലും, വിദേശ ും പ്രവർത്തിച്ചു വരുന്നു.

കലാ_സാംസ്ക്കാരിക_കായിക രംഗങ്ങളിൽ ക്തിമുദ്ര പതിപ്പിച്ച നിരവധി പേർ ഞാറക്ക ണ്ട്. ഷെവലിയാർ പി. ജെ. ചെറിയാൻ ാച്ചി മഹാരാജാവിൻെറ ഔദ്യോഗിക ചിത്രകാ ും, ഫോട്ടോഗ്രാഫറും ആയിരുന്നു. എറണാ ളത്തെ ആദ്യത്തെ ഫോട്ടോ സ്ററുഡിയോ ആയ യൽ സ്ററുഡിയോ അദ്ദേഹം സ്ഥാപിച്ച ണ്. കലാരംഗത്തെ പ്രവർത്തനത്തിന് അംഗീ രമായിട്ടാണ് മാർപ്പാപ്പ അദ്ദേഹത്തിന് ഷവലിയാർ സ്ഥാനം നൽകിയത്. പാരമ്പര്യം ലനിർത്തിക്കൊണ്ട് നാടക_സിനിമാ രംഗങ്ങ ൽ പ്രവർത്തിച്ചുവരുന്ന നിരവധി കലാകാരൻ ും ഇന്നു ഞാറക്കൽ ഉണ്ട്. പരേതനായ ശ്രീ. ി. എ. തോമസ് നാടക_സിനിമാ നടനും, സി മാ നിർമ്മാതാവുമായിരുന്നു. വിദ്യാഭ്യാസ ഘട്ടത്തിൽ കായിക രംഗത്ത് അദ്ദേഹം ൂണിവേഴ്സിററി ചാമ്പ്യനായിരുന്നു. 1955 ൽ ്ഥാപിതമായ ഞാറക്കൽ ഐലൻറ് ക്ലബിലെ ംഗമായിരുന്നതും. പരേതനായ ശ്രീ. വർക്കി . പുല്ലൻ ടെന്നീസിൽ കേരള ജൂനിയർ ാമ്പ്യൻപദവി നേടുകയുണ്ടായിട്ടുണ്ട്.

ആദ്യകാല രാഷ്ട്രീയത്തിലെ സ്വാതന്ത്ര്യ മര പ്രസ്ഥാനത്തോട് അനുബന്ധിച്ചു പ്രവർ തിച്ചിരുന്ന 'പ്രജാമണ്ഡലം' പാർട്ടിയുടെ ഞാ ലെ നേതാവായിരുന്നു ശ്രീ. എം. ഐ. ാൾ. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരു യുവപ്രവർത്തകനാണ് ഇന്നും രാഷ്ട്രീയ രം ത്ത് സജീവമായി പ്രവർത്തിക്കുന്ന എൺപത്തി ണ്ടുകാരനായ മുൻപഞ്ചായത്ത് പ്രസിഡണ്ട് ീ. സി. കെ. വാസുമാസ്ററർ. 1940 മുതൽ 953 വരെ അദ്ദേഹം പഞ്ചായത്തു മെമ്പറും, 940 മുതൽ വില്ലേജ് കോടതി നിലവിലിരിക്കു തുവരെ അദ്ദേഹം വില്ലേജ് കോടതി ജഡ്ജി ുമായിരുന്നു.

1941 മുതൽ പ്രജാമണ്ഡലം പ്രവർത്തനം ആരംഭിച്ചെങ്കിലും, സജീവമായിരുന്നില്ല. എന്നാൽ 1942 ലെ ക്വിററിന്ത്യാ സമരവുമായി ബന്ധ പ്പെട്ട് പണ്ഡിററ്ജിയെ കാശ്മീരിൽ വച്ച് ബ യണററ് ചാർജ് ചെയ്തതിനെതിരെ ഞാറക്കൽ ഹൈസ്ക്കൂളിലെ ചില വിദ്യാർത്ഥികൾ പഠി പ്പുമുടക്കിയതോടെയാണ്, നാം ദേശീയ സമര ത്തിൽ ഭാഗഭാക്കാകുന്നത്.

1947 ഡിസംബർ മുതൽ 1948 മാർച്ച് വരെ നടന്ന പാലിയം സത്യാഗ്രഹത്തിൽ ഞാറക്കൽ നിന്ന് പലരും പങ്കെടുത്തു. ഞാറക്കൽ ജെയ്ഹി ന്ദ് മൈതാനിയിൽ നിന്നും പാലിയം സത്യാഗ്ര ഹത്തിന് ജാഥ പുറപ്പെടുകയുണ്ടായിട്ടുണ്ട്. സമ രത്തിൽ പോലീസ് മർദ്ദനമേററ ഞാറക്കൽ നി വാസി തുലാപറമ്പിൽ മാധവനായിരുന്നു.

1941 ൽ ആരംഭിച്ച പ്രജാമണ്ഡലം പ്രവർത്ത നത്തോടൊപ്പം ബീഡി തൊഴിലാളികളുടേയും അടിസ്ഥാന തൊഴിലാളി വർഗത്തിൻേറയും ഒളി ഞ്ഞും തെളിഞ്ഞുമുള്ള പ്രവർത്തനങ്ങളും ഇവിടെ നടന്നു. ബീഡി തൊഴിലാളികളുടെ ചെറുമുറ ത്തിനു ചുററും, ആനുകാലിക രാഷ്ട്രീയം ചർ ച്ചചെയ്യപ്പെട്ടു. കർഷക തൊഴിലാളി, ചെത്തുതൊ ഴിലാളി, തെങ്ങുകയററ തൊഴിലാളി, മ[illegible] ഴിലാളി എന്നീ മേഖലകളിൽ അവകാശബോധം വളർത്തുന്ന നിരവധി സമരങ്ങൾക്ക് ഞാറക്കൽ സാക്ഷിയായി. വ്യത്യസ്ഥ രാഷ്ട്രീയ കാഴ്ച പ്പാടുകൾ പുലർത്തുമ്പോഴും, വിഭിന്ന മതസമു ദായങ്ങളിൽ, സ്വന്തം ജീവിത രീതികളിൽ അടി യുറച്ചു വിശ്വസിക്കുമ്പോഴും ഞാറക്കലെ ജനത മതസൗഹാർദ്ദവും, പ്രതിപക്ഷ ബഹുമാനവും പുലർത്തി.

1967ൽ ഭൂപരിഷ്ക്കരണ സമരം നടക്കുന്ന കാലത്താണ് നാടേററവും കൂടുതൽ സമരത്തിനു കാതോർത്തത്. 1947 മുതൽ ഇന്നു വരെയുള്ള ഇൻഡ്യൻ രാഷ്ട്രീയത്തിലെ സങ്കീർണ്ണ പ്രശ്ന ങ്ങൾ ഗ്രാമത്തിലെ ചായക്കടകളിൽ പോലും ചർ ച്ച ചെയ്യപ്പെട്ടു. സൂര്യനുദിക്കുന്നതിനുമുമ്പ് വി തരണം ചെയ്യാനുള്ള പത്രക്കെട്ടുകൾക്കു ചുററും തുടങ്ങുന്ന ഇത്തരം ചർച്ചകൾ, ആനുകാലിക രാ ഷ്ട്രീയ സംഭവ വികാസങ്ങൾ, എന്നിവ വൈക ട്ട് ഞാറക്കൽ ലേബർ കോർണറിൽ കെട്ടിയ മൈ ക്കിലൂടെ വിശദീകരണം നടത്തിയ മൺമറഞ്ഞ വരുടെ ശബ്ദം ഇപ്പോഴും കാതോർക്കുമെങ്കിൽ നമുക്കു കേൾക്കാം.

വൈപ്പിൻകരയിലെ രാഷ്ട്രീയം തന്നെയായി
ന്നു എറണാകുളം ജില്ലയിലേയും, സംസ്ഥാന
ഷ്ട്രീയത്തിൻേറയും അളവുകോൽ. വൈപ്പിൻ
രയിലെ രാഷ്ട്രീയക്കളരിയായിരുന്നു ഞാറ
ൽ.

ഞാറക്കൽ ഫിഷ് പോണ്ട് ആണ് ലോക
ിൽ ആദ്യമായി പ്രകൃതിയുടെ സ്വാഭാവിക
റ്റുപാടിൽ സ്ഥാപിക്കപ്പെട്ട മൽസ്യ വളർ
ൽ കേന്ദ്രം. ഇവിടത്തെ പ്രത്യേകതകൾ പഠി
ുന്നതിന് ലോകത്തിൻെറ നാനാഭാഗങ്ങളിൽ
ന്നും ശാസ്ത്രജ്ഞൻമാർ സന്ദർശനം നടത്തി
ട്ടുണ്ട്. ഇതിൽ വളർത്തിയിരുന്ന തിരുത,
നമ്പ്, പൂമീൻ, കരിമീൻ തുടങ്ങിയ മൽസ്യ
ം വിരുന്നു സൽക്കാരങ്ങളിൽ വിളമ്പുന്നതി
കേരളത്തിൻെറ നാനാഭാഗത്തു നിന്നും ആവ
ക്കാർ എത്തിയിരുന്നു. കടൽക്ഷോഭത്തിൽ
ളളം അടിച്ചുകയറി പഴയ ഫിഷ്പോണ്ട് ന
ച്ചുവെങ്കിലും, ഇതിൻെറ പ്രാധാന്യം മനസി
ക്കിയാണ് കേന്ദ്രഗവൺമെൻറ് പ്രസ്തുത പ്ര
ം ഏറെറടുത്ത് ഇപ്പോൾ മൽസ്യഗവേഷണ
ലകൾ പ്രവർത്തിക്കുന്നതായ റിസർച്ച്
ൻെറർ, (I C. A. R.) കൃഷി വിജ്ഞാനകേന്ദ്രം
നിവ സ്ഥാപിച്ചത്. മൽസ്യഫെഡിൻെറ
ഫിഷ്ഫാമുകളും ഇവിടെ പ്രവർത്തിക്കുന്നു.

പോർട്ട് ആഫീസ്, പോർട്ട് ബംഗ്ലാവ്, പോലീസ് സ്റേറഷൻ, അഞ്ചലാഫീസ്, ഗവ: ഹൈസ്ക്കൂൾ, സെൻറ് മേരീസ് സ്ക്കൂൾ, ലിററിൽ ഫ്ളവർ ഹൈസ്ക്കൂൾ, എൽ. പി. ജി. എസ് വില്ലേജാഫീസ്, ഗവ: ആശുപത്രി, കനാൽ ജെട്ടി ആഫീസ്, എന്നിവ സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പു തന്നെ ഞാറക്കൽ പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഒരു മത്സ്യതൊഴിലാളി ഗ്രാമമായിരുന്ന ഞാറക്കൽ ഇന്ന് വളർന്ന് ഒരു പട്ടണത്തിൻെറ സൗകര്യത്തിലേക്കു നീങ്ങുകയാണ്. പ്രശ്നങ്ങളും അതോടു ബന്ധപ്പെട്ടു കിടക്കുന്നു. ഞാറക്കൽ അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം കുടിവെളളമില്ലായ്മയാണ്. കാർഷിക മൽസ്യോല്പാദന രംഗത്തുളള ശോചനീയാവസ്ഥയാണ് മറെറാന്ന്. തൊഴിലില്ലായ്മയാണ് അടുത്ത പ്രശ്നം. വിദ്യാഭ്യാസ– ആരോഗ്യരംഗത്തെ ഗുണനിലവാരത്തകർച്ചയാണ് പ്രധാനമായ മറെറാരു പ്രശ്നം. സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ സ്ത്രീകളുടെ അദൃശ്യതയാണ് പരിഹരിക്കേണ്ട വിഷയങ്ങളിൽ ഇനി എടുത്തു പറയേണ്ടത്.

# ഭൂപ്രകൃതി

അവലംബം: റവന്യു രേഖകൾ, കൃഷിഭവൻ രേഖകൾ, പഠന പര്യടനം.

ഭൂപ്രകൃതിയനുസരിച്ച് ഞാറയ്ക്കലിനെ മുഖ്യമായി രണ്ടു മേഖലകളായി തിരിക്കാം.

*1 തീരസമതലം* *2 ചതുപ്പുനിലങ്ങൾ*

*തീരസമതലം:-*

വിസ്തൃതിയിൽ 75% വരുന്ന ഭൂവിഭാഗമാ
ത്. സമുദ്രനിരപ്പിൽ നിന്ന് 2–4 മീററർ ഉയ
ിൽ സ്ഥിതിചെയ്യുന്ന ഈ ഭാഗം രൂപമെടു
് വിവിധ ഘട്ടങ്ങളിലായാണെന്ന് വിദ
ൻമാർ അഭിപ്രായപ്പെടുന്നു. ഇടയ്ക്കിടെ
ുകളും പൊയിലുകളും അവയ്ക്കിടയിൽ
ലങ്ങളുമെന്നതാണ് ഈ പ്രദേശത്തിൻെറ
തുസ്വഭാവം. ഈ തിട്ടകളെ ചിറകൾ എന്നു
പ്പെടുന്നു. പഞ്ചായത്തിൻെറ കിഴക്കു ഭാഗ
1–ാം വാർഡിലും 4–ാം വാർഡിലും പുഴ
ു കിഴക്കു ഭാഗത്ത് തെക്കുവടക്കുനീളത്തിൽ
ഗമുണ്ട്.

ഞാറയ്ക്കൽ പഞ്ചായത്തിൻെറ തെക്കുവടക്കായി പോകുന്ന പ്രധാന റോഡാണ് വൈപ്പിൻ പളളിപ്പുറം റോഡ്. കിഴക്കു നിന്നും പടിഞ്ഞാറോട്ടൊഴുകുന്ന രണ്ടു തോടുകളും അതുമായി ബന്ധിച്ച് തെക്കുവടക്കൊഴുകുന്ന തോടുകളിലും കൈത്തോടുകളിലും കൂടിയാണ് മഴവെളളം, കടൽ ജലം എന്നിവ ഒഴിഞ്ഞു പോകുന്നത്. പഞ്ചായത്തിൻെറ കടൽത്തീരം 2 കിലോമീറററാണ്. കടലാക്രമണം ചെറുക്കാൻ ഇവിടെ കരിങ്കൽചിറ കെട്ടിയിട്ടുണ്ട്. ബന്തർ കനാലും, അപ്പങ്ങാട് തോടും, പടിഞ്ഞാറു ഭാഗത്ത് വെച്ച് തെക്കോട്ടും വടക്കോട്ടും തിരിഞ്ഞൊഴുകുന്നു. കടൽ വച്ച് വർഷങ്ങൾ ചതുപ്പായി കിടന്നശേഷം കരയായി തീർന്നതി

104

പും കൊച്ചിക്കായലിൻെറയും മററു ജലാശയ
ുടേയും സാമീപ്യം ഉള്ളതു കൊണ്ടും ചളി
ഞ്ഞ ഭാഗങ്ങാം ധാരാളമുണ്ട്.

കടലിനും വൈപ്പിൻ പള്ളിപ്പുറം റോഡിനും
യിലുള്ള 1½ കിലോമീററർ ഉള്ളിൽ പടിഞ്ഞാറു
ം ഏകദേശം 750 മീററർ പ്രദേശങ്ങളിൽ പൊ
വേ വെള്ളക്കെട്ടുണ്ട്. അതുപോലെ വി. പി.
ഡിനും മഞ്ഞനക്കാടു പുഴയ്ക്കും മദ്ധ്യേ
ക്കുഭാഗം 600 മീററർ ഭാഗങ്ങളിൽ നീർക്കെട്ടു
. ഇതു ഭൂപ്രകൃതിയുടെ ഭാഗമായി ഉള്ളതല്ല.
മ്പിൽ നിന്നും വെള്ളം ഒഴിഞ്ഞു പോകാത്തത്
രയിടാതിർത്തിയിൽ പലരും തടയുന്നതു കൊ
ണ്.

### ചതുപ്പുനിലം:-

പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും ഭാ
ങ്ങളിൽ ചതുപ്പുനിലങ്ങളുണ്ട്. വേലിയേററവും
ലിയിറക്കവും സ്ഥിരമായി അനുഭവപ്പെടുന്ന
്ഥലമാണിത്. ചതുപ്പുനിലങ്ങാം മിക്കവാറും
ൽപ്പാടങ്ങളായി മാററിയിരിക്കുന്നു. നെൽപ്പാട
ിലെ വരമ്പുകളിൽ തെങ്ങുകൃഷി ചെയ്യുന്നു
. ഉപ്പുപ്രദേശമായതുകൊണ്ട് ഒരു പൂപ്പു മാത്ര
ണ് നെൽകൃഷി ചെയ്യാൻ കഴിയുന്നത്. കൃഷി
ിഞ്ഞതിനുശേഷം അടുത്ത കൃഷി ഒരുക്കുന്നതു
രെ പാടങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നു.
ൽപ്പാടം ആക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ
മ്മീൻ കൃഷി ചെയ്യുന്നുണ്ട്. ചെമ്മീൻ കൃഷി
് അനുയോജ്യമായ സ്ഥലങ്ങാം പുറമ്പോക്കാ
കിടക്കുന്നുണ്ട്. ഇവയിൽ ഓരോന്നിൻേറയും
ിസ്തൃതി താഴെ കൊടുക്കുന്നു.

പട്ടിക 1

ഭൂവിസ്തൃതി

| തരം | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| തീരസമതലം | | |
| ഓരുകയറാമുള്ളത് | 647 | 75 |
| ഓരുകയറാത്തത് | 201 | 23.29 |
| ചതുപ്പുനിലം | 15 | 17.3 |

### രിസ്ഥിതി പ്രശ്നങ്ങൾ

വെള്ളക്കെട്ട് പഞ്ചായത്തിൻെറ കിഴക്കും പടി
ഞാറും ഭാഗങ്ങളിലും ചിലകോളണികളിലു
മുണ്ട്. ചില കൈത്തോടുകാം വെട്ടാതിരിക്കുന്ന
തുകൊണ്ട് അവിടേയും വെള്ളംകെട്ടികിടക്കുന്നു.
ഈ പ്രദേശങ്ങളിൽ കൊതുകു ധാരാളമായി വള
രുന്നു. പഞ്ചായത്തുകളോടു ബന്ധപ്പെട്ട മാർക്ക
ററ് തോടുകാം മലിനമായി കിടക്കുന്നു. അതു
പോലെ അംഗീകൃതമല്ലാത്ത മാർക്കററും പരിസര
വും പരിസ്ഥിതി ഭീക്ഷണി ഉയർത്തുന്നു.
പൊതുതോടുകളിലും ചെറിയ തോടുകളിലും
വെച്ചിരിക്കുന്ന കക്കൂസുകാം ഏററവും മലിനമായ
ജലത്തെ കൂടുതൽ മലിനമാക്കുന്നു. തോട്ടുവക്ക
ത്ത് വെച്ചിരിക്കുന്ന പീലിംഗ് ഷെഡുകളും
പരിസ്ഥിതി പ്രശ്നങ്ങാം സൃഷ്ടിക്കുന്നുണ്ട്.
പലതരം സാംക്രമിക രോഗങ്ങാം ഉണ്ടാകാനിട
യുള്ള പരിതസ്ഥിതിയാണ് പഞ്ചായത്തിൻെറ
പലഭാഗങ്ങളിലും ഉള്ളത്.

### സാമൂഹ്യ ആസ്തികൾ

ഞാറക്കൽ വില്ലേജ് ആഫീസ്, കൃഷിഭവൻ,
ഗവ: വൊക്കേഷണൽ ഹയർസെക്കൻററി സ്ക്കൂാം,
ഇൻഡസ്ട്രിയൽ സ്ക്കൂാം, പോലീസ് സർക്കിാം
ഇൻസ്പെക്ടർ ഓഫീസ്, കയർ ഇൻസ്പെക്
ടർ ഓഫീസ്, പോസ്ററാഫീസ്, ടെലകോ സെ
ൻറർ, എൽ. പി. ജി. സ്ക്കൂാം കെ. എസ്. ഇ.
ബി ഓഫീസ്, ടെലഫോൺ എക്സ്ചേഞ്ച് ഗവ:
ആശുപത്രി, കനാൻ ജെട്ടി ആഫീസ്, കേന്ദ്രഗന്
ഥശാല, കേന്ദ ഓരു ജലവികസന ഏജൻസി,
(CIBA) പഞ്ചായത്ത് ഓഫീസ്, ഗവ: ഹോമിയോ
ഡിസ്പെൻസറി, മൃഗസംരക്ഷണ സബ് സെ
ൻറർ, പോലീസ് സ്റേഷൻ, മത്സ്യഫെഡ് ഓ
ഫീസ്, ഗവ: ഫിഷറീസ് യു. പി. സ്ക്കൂാം,
സബ്രജിസ്ട്രാർ ഓഫീസ്, എക്സൈസ് ഓ
ഫീസർ, പി. ഡബ്ലിയു. ഡി. ഓഫീസ്, ചെറു
കിട ജലസേചന ഓഫീസ് എന്നിവയാണ് പഞ്ചാ
യത്തിലെ സർക്കാർ സ്ഥാപനങ്ങാം.

### ജനപ്രകൃതി

1996ലെ സ്ഥിതിവിവര കണക്കനുസരിച്ച്
ഞാറക്കൽ പഞ്ചായത്തിലെ ജനസംഖ്യ 2418
ആണ്. ഇതിൽ 13065 പുരുഷൻമാരും 1111
സ്ത്രീകളുമാണ്. സ്ത്രീകളുടെ എണ്ണം പുരു
ഷൻമാരുടെ എണ്ണം അനുസരിച്ച് കുറവാണെന്നു
കാണുന്നു. മൊത്ത ജനസംഖ്യയിൽ 66 59 അതാ
യത് 16105 പേർ ഏതെങ്കിലും തൊഴിലിൽ ഏർ
പ്പെട്ടിരിക്കുന്നു. ഇവരിൽ 1387 പേർ വർഷത്തിൽ
ഭൂരിഭാഗംദിവസങ്ങളിലും പണിയില്ലാത്ത ഭാഗിക

# പ്രാഥമിക മേഖല

SOT 105

തൊഴിലാളികളാണ്. തൊഴിൽ പങ്കാളിത്തത്തെ ക്കുറിച്ചുള്ള കണക്ക് പട്ടിക 2ൽ കൊടുത്തിരിക്കു ന്നു. ഇതിൽ നിന്നും വെളിവാകുന്നത് സ്ത്രീ കളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്തമാണ്. പു രുഷൻമാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 27.92 ശതമാനമായിരിക്കുമ്പോൾ സ്ത്രീകളുടേത് 5.78 ശതമാനമാണ്.

പട്ടിക 2

## തൊഴിൽ എടുക്കുന്നവരുടെ എണ്ണം

(1991 സെൻസസ്)

| | സ്ത്രീ | പു | മൊത്തം |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 1147 | 5259 | 6406 |
| ഭാഗികതൊഴിലുകൾ | 253 | 1134 | 1387 |
| മൊത്തം | 1400 | 6393 | 7793 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 5.78 | 27 82 | 33 91 |

തൊഴിലാളികളുടെ മേഖല വിതരണമെടു ത്താൽ 2702 നാമമാത്ര കർഷകരും 47 ചെറുകിട ർഷകരും ആണെന്ന് ഒരു പഠനം പറയുന്നു. 91 ലെ കാനേഷുമാരി കണക്കനുസരിച്ച പ ായത്തിൽ 22 കൃഷിക്കാർ മാത്രമേയുള്ളു. കർ ക തൊഴിലാളികൾ വെറും 168 മാത്രമാണ്. ത് തെളിയിക്കുന്നത് കാർഷിക മേഖലയിൽ ന്നും ജനങ്ങൾ മാറുന്നുവെന്നാണ്.

പട്ടിക 3.

## തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

മുഖ്യതൊഴിലുകൾ മാത്രം (1991)

| തൊഴിൽ | മൊത്തം | ശതമാനം |
|---|---|---|
| കൃഷിക്കാർ | 22 | 0.09 |
| കർഷകതൊഴിലാളികൾ | 168 | 0.73 |
| കുടിൽ വ്യവസായം | 119 | 0.51 |
| മററു സേവനങ്ങൾ | 11465 | 49.90 |
| മൊത്തം തൊഴിലെടുക്കുന്നവർ | 11774 | 51.25 |

ഭൂവുടമസ്ഥരിൽ ചെറിയ ശതമാനം മാത്ര മേ സ്വയം കൃഷിക്കാരായി കരുതുന്നുള്ളു. ന്യൂന പക്ഷമാണ് ഭൂമിയെ മുഖ്യ വരുമാനമായി കാ ണുന്നുള്ളു. കൊച്ചി തുറമുഖമായും എറണാകുളം പട്ടണവുമായും ബന്ധപ്പെട്ട് തൊഴിൽ അന്വേഷി ക്കുന്നവരാണ് കൂടുതൽ. ഗ്രാമത്തിൻെറ അന്തരീ ക്ഷത്തിൽ നിന്നും പട്ടണത്തിൻെറ ജീവിത രീതി യിലേക്ക് മാറാനാഗ്രഹിക്കുന്നവരാണ് ബഹു ഭൂരിപക്ഷവും.

### *ജലവിഭവങ്ങൾ*

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവ സ്ഥയാണ് ഞാറക്കൽ ഉള്ളത്. വർഷത്തിൽ ശരാശരി 3254 മി. മീ മഴ ലഭിക്കുന്നുണ്ട്.

പട്ടിക. 4.

***വർഷപാതം*** **മി. മീ.**

| ജില്ല. | ജനു: | ഫെ: | മാർച്ച് | ഏപ്രി: | മേയ് | ജൂൺ | ജൂലാ: | ആഗ: | സെപ്: | ഒക്: | നവ: | ഡി: | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| റണാകുളം (ഞാറക്കൽ) | 15 | 17 | 41 | 134 | 318 | 740 | 721 | 451 | 288 | 312 | 172 | 45 | 3254 |

ഇവിടെ ലഭിക്കുന്ന 68% മഴയും കാല വർഷത്തിൽ നിന്നാണെന്നു കാണാം. മഴ ഏററവും ുതൽ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. ഏററവും കുറവു മഴ ലഭിക്കുന്നത് ജനുവരി സത്തിലാണ്. ഇവിടത്തെ താഴ്ന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്നു. പഞ്ചായ ലെ 75% പ്രദേശത്തും എല്ലാ കാലങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. ഈ ഭാഗങ്ങളിലെ ങ്ങളിലും കിണറുകളിലും ഉപ്പുവെള്ളമാണ് ലഭിക്കുന്നത് വി. പി. റോഡിനു കിഴക്ക് 500 മീ പ്രദേശത്ത് ചില ഭാഗങ്ങളിൽ ശുദ്ധജലം ലഭിക്കുന്നുണ്ട്. മഞ്ഞനക്കാട് പുഴയിലേക്ക് (കൊച്ചി യൽ) ഒഴുകിയെത്തുന്ന ബന്തർകനാലും അപ്പങ്ങാടു തോടും ഈ തോടുകളോട് ബന്ധപ്പെട്ടു കിട ന്ന മൽസ്യ കൃഷിത്തോടുകളും ഉൾപ്പെടെ ഏകദേശം 9 കി. മീ. നീളത്തിൽ തോടുകളും, മൽസ്യ ഡ് മൽസ്യ കൃഷി നടത്തുന്ന ഏകദേശം 20 ഏക്കർ ജലാശയവും കേന്ദ്ര ഗവ: സ്ഥാപനങ്ങളായ ഷി വിജ്ഞാന കേന്ദ്രം, CIBA എന്നിവയുടെ കൈവശമുള്ള ജലാശയങ്ങളും പുറമ്പോക്കായി കിടക്കു ജലശയങ്ങളും ഏതാനും കുളങ്ങളും കിണറുകളുമാണ് ഞാറക്കലെ ഉപരിതല ജല സ്രോതസുകൾ.

# കൃഷി

ഞാറയ്ക്കൽ പഞ്ചായത്തിലെ 863 ഹെക്ടർ
വിസ്തീർണ്ണം സ്ഥലത്ത് വിവിധയിനം കൃഷി
ം ചെയ്തു വരുന്നത് ഏകദേശം 512 ഹെക്
ഭൂമിയിൽ മാത്രമാണ്. മൊത്തം വിസ്തീർ
ത്തിന്റെ 1.73% തരിശുഭൂമിയും കൃഷി ചെ
ാവുന്ന 5 ഹെക്ടർ തരിശുഭൂമിയുമാണ്.

ഈ നൂററാണ്ടിന്റെ ആരംഭത്തിൽതന്നെ വ്യാ
കമായി നെൽകൃഷി ചെയ്തിരുന്നു. ഈ പ
ായത്തിന് ഇപ്പോൾ 140 ഹെക്ടർ ഭൂമിയിൽ
ു പൂ പൊക്കാളി നെൽകൃഷി മാത്രമാണ് ചെ
തു വരുന്നത്. ഇതിനോടൊപ്പം നെൽകൃഷിക്കു
ഷം ചെമ്മീൻ കൃഷിയും നടത്തി വരുന്നു.
നുയോജ്യമായ കാലാവസ്ഥയും മററുഘടക
ളും ഒത്തിണങ്ങിയാൽ ഇന്ന് പൊക്കാളി പാട
ളിലെ ശരാശരി വിളവ് ഹെക്ടറിൽ 1.5 ടൺ
ണ്. എന്നിരുന്നാലും വർഷങ്ങൾ കഴിയുന്തോ
നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞു
ുന്നതിന്റെ പ്രധാന കാരണം പാടത്തെ പണി
രുടെ ദൗർലഭ്യവും ഉയർന്ന കൂലിയുമാണ്.
പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗ
വും നിലത്തിലെ അമ്ലത്വം നിയന്ത്രിക്കാത്ത
പരിഹരിക്കുകയാണെങ്കിൽ തന്നെ ഉല്പാദ
ഇരട്ടിപ്പിക്കാവുന്നതേയുള്ളു.

1970 ലെ ഭൂപരിഷ്കരണ നിയമം കൊണ്ട്
ൽകൃഷിയേക്കാൾ തെങ്ങ് കൃഷിയ്ക്ക് അഭി
ധിയുണ്ടായി. ഇതിന്റെ ഭാഗമായി തെങ്ങ്
ഷിയ്ക്ക് ഏററവും അനുയോജ്യമായ ഈ തീര
തല പ്രദേശങ്ങളിൽ തെങ്ങ് കൃഷി വ്യാപക
ി. എന്നാൽ ഇന്ന് 240 ഹെക്ടർ ഭൂമിയിൽ
ങ്ങുകൃഷി ചെയ്തിട്ടും കാര്യമായ നേട്ടം കൈ
ിക്കുവാൻ കഴിയുന്നില്ല. നമ്മുടെ പഞ്ചായ
ൽ തെങ്ങിന്റെ ഒരു വർഷത്തെ ശരാശരി വിള
25 നാളികേരം മാത്രമാണ്. എന്നാൽ മുൻകാ
ളിൽ 65 നാളികേരം ശരാശരി ലഭിച്ചിട്ടുണ്ട്.
പാദനക്ഷമത കുറയുവാനുള്ള കാരണങ്ങ
ഒന്ന് അശാസ്ത്രീയമായ കൃഷിരീതിയാണ്.
ിയ വൃക്ഷ സാന്ദ്രതയും പരിഹാരമില്ലാത്ത
ുവീഴ്ച രോഗത്തിന്റെ കാഠിന്യവും, കൂമ്പു
ൽ, ഓലചീയൽ എന്നീ രോഗങ്ങളുടേയും
വൻ ചെല്ലി, കൊമ്പൻ ചെല്ലി മുതലായ കീട
ുടേയും ആക്രമണം നിയന്ത്രിക്കാത്തതുമാണ്.
കൂടാതെ രോഗ വിമുക്തമായ അത്യുല്പാദന
ശേഷിയുള്ള തെങ്ങിൻ തൈകളുടെ ലഭ്യതകുറ
വും, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ
സന്തുലിത ജൈവ രാസവളങ്ങളുടെ ഉപയോഗ
ക്കുറവും പ്രധാന കാരണങ്ങളിലൊന്നാണ്. സമ
യാസമയങ്ങളിൽ ഭൂവുടമകൾ തെങ്ങിൻ തോപ്പുക
ളിൽ കാർഷികവൃത്തികൾ നടത്താതിരിക്കുന്നതും
ജലസേചനം സാധ്യമാകുന്ന സ്ഥലങ്ങളിൽ
പമ്പുസെററുകൾ ഉപയോഗിച്ച് നനയ്ക്കാതിരി

പട്ടിക 5

### ഭൂവിനിയോഗം

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് (ഒന്നാംവിള) | 140 |
| തെങ്ങ് | 240 |
| മിശ്രിത വിളകൾ | — |
| മിശ്രിത വൃക്ഷങ്ങൾ (പ്ലാവ്) | 6 |
| തരിശുകൃഷി ചെയ്യാവുന്നത് | 5 |
| തരിശു കൃഷി ചെയ്യാൻ പററാത്തത് | 10 |
| പയർ-പച്ചക്കറി | 10 |
| ജലാശയങ്ങൾ | 321 |
| ചതുപ്പ് | 15 |
| കുരുമുളക് | 6 |
| കവുങ്ങ് | 30 |
| കശുമാവ് | 1 |
| കപ്പ | 1 |
| വാഴ | 10 |
| മാവ് | 68 |

ക്കുന്നതും ഉല്പാദന ക്ഷമത കുറയ്ക്കുന്നു.
എല്ലാത്തിനുപരി പരിശീലനമുള്ള കർഷക തൊ
ഴിലാളികളുടെ ദൗർലഭ്യവും യന്ത്രോപകരണങ്ങ
ളുടെ ഉപയോഗക്കുറവും തെങ്ങിൽ നിന്നുള്ള
അനുഭവം കുറയുന്നതിന് കാരണമായിത്തീരുന്നു.

പുരയിട കൃഷിയിൽ തെങ്ങിനോടൊപ്പം ക
ദ്, ജാതി. കുരുമുളക്, വാഴ, ചേന, ചേ
മററു വിവിധയിനം പച്ചക്കറികൾ കൃഷി ചെ
ുന്ന അവസ്ഥയുണ്ടെങ്കിൽ കൂടി നമ്മുടെ
ായത്തിൽ മിക്കഭാഗത്തും അത് അശാസ്
മായ തെങ്ങുകൃഷിയിൽ മാത്രം ഒതുങ്ങി
ക്കുന്നു. തൻമൂലം ദൈനംദിനാവശ്യത്തിന്
ടിയുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എ
പയ്ക്കുവേണ്ടി മററു സംസ്ഥാനങ്ങളെ ഗണ്യ
ി ആശ്രയിക്കേണ്ടി വരുന്നു.

ഇത്തരത്തിൽ കാർഷികരംഗത്ത് മാന്ദ്യം സം
ക്കുവാനുള്ള പ്രധാന കാരണങ്ങൾ കഴിഞ്ഞ
വർഷം കൊണ്ട് മൂന്നിരട്ടിയായി ജനസംഖ്യ
്ധനവാണ്. 1991 മുതൽ 1996 വരെയുള്ള
ത്ത് ജനസാന്ദ്രത 2671ൽ നിന്നും 2812 ആയി
ർന്നു.

പഞ്ചായത്തിൽ ചതുരശ്ര മീററിൽ 581
ുകൾ ഉണ്ട്. തൻമൂലം ഭൂമി തുണ്ടം തുണ്ട
ി തീർന്നിരിക്കുകയാണ്. ഇന്ന് പഞ്ചായത്തി
80% ഭൂവുടമകളും 10 സെൻറും അതിനു
ഴയും ഭൂമിയുള്ളവരാണ്. ബാക്കി 20% വരു
ഭൂവുടമകൾ മാത്രമേ കർഷകരായി പരിഗണി
നുള്ളു. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ പ്രാ
ിക റോഡുകളുടെ എണ്ണം വർദ്ധിച്ചു. റോ
കൾ നിർമ്മിക്കുമ്പോൾ സ്വാഭാവികമായും
ർച്ചാലുകൾ തടസപ്പെടുത്താതെ കലുങ്കുകൾ
ർമ്മിക്കുവാൻ സാമ്പത്തിക പരിമിതിമൂലം
ിയാതെ പോകുന്നു. തൻമൂലമുണ്ടാകുന്ന നീർ
ട്ട് പരിസ്ഥിതി പ്രശ നത്തിനപ്പുറം കാർഷി
ിളകളുടെ ഉൽപാദനക്ഷമത കുറയുന്നതി
ള്ള പ്രധാന കാരണമായി തീരുന്നു. കഴിഞ്ഞ
വർഷത്തിനുള്ളിലുണ്ടായ വികസനവും പട്ടണ
മായുള്ള ഗതാഗത സൗകര്യങ്ങളുടെ വികസന
ം, ഗാംഹ്യ സ്വാധീനവും കൊണ്ട് ഭൂമിക്ക് 100
ട്ടിയിൽ കൂടുതൽ വില വർദ്ധിച്ചിട്ടുണ്ട്.
് വീണ്ടും കാർഷികവൃത്തിയിൽ നിന്നും കർ
കരെ കെട്ടിട നിർമ്മാണത്തിലേക്ക് പ്രേരിപ്പി
ുകൊണ്ടിരിക്കുന്നു.

ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ
ർഷക തൊഴിലാളികളുടെ പിൻമുറക്കാർ മററു
ൊഴിൽ മേഖലകളിലേക്ക് മാറിയത് കാർഷിക
ഗത്ത് മാന്ദ്യം ഉണ്ടാക്കിയ കാരണങ്ങളിലൊ
ാണ്. കർഷക തൊഴിലാളി കുടുംബങ്ങളിലെ
ുവതലമുറക്കാർ കൃഷിപണികളിൽ നിന്നും
ിൻമാറി കൂടുതൽ തൊഴിൽ സുരക്ഷിതത്വ
വും, മാന്യതയും വരുമാനവും കിട്ടുന്ന മററു മേഖലകളിലേക്ക് ചേക്കേറുന്നു. തൻമൂലം കാർഷിക തൊഴിലാളികളുടെ ലഭ്യത കുറയുന്നു. കിട്ടുന്ന തൊഴിലാളികളുടെ കൂലിയും ഗണ്യമായി വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള വിവിധ വിളകളുടെ ഉല്പാദനക്ഷമത കുറയുന്നതിനുള്ള മറെറാരു പ്രധാന കാരണം ജൈവ വളങ്ങളുടെ ഉപയോഗംപ്രചരിപ്പിക്കാത്തതാണ്. ജൈവവളങ്ങളിൽ ഏററവും പ്രധാനമായ ചാണകം നമ്മുടെ ദേശത്തു നിന്നും മററു കിഴക്കൻ മേഖലകളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കൂടാതെ വീട്ടുവളപ്പുകളിൽ ഉൽപാദിപ്പിക്കാവുന്ന കമ്പോസ്ററ് വളക്കുഴികളുടേയും, പച്ചിലവള വൃക്ഷങ്ങളുടേയും എണ്ണം കുറഞ്ഞു വരികയാണ്. മണ്ണിന്റെ ഘടന അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിനെ കാലാകാലങ്ങളിൽ സംരക്ഷിക്കുന്നതിനും കോരുമണ്ണും ചെളിയും ചേർക്കുന്ന പ്രവണതയും കുറഞ്ഞിരിക്കുകയാണ്. തോടുകൾ, നികത്തുന്നത് തടയാത്തതും വെള്ളക്കെട്ട് കൂടി വരുന്നതും കാർഷിക ഉല്പ്പാദനത്തെ ഗണ്യമായി ബാധിക്കുന്നുണ്ട്.

ഇതിനെല്ലാം ഏററവും ഉപരിയായി കാർഷികവൃത്തിയോടുള്ള താല്പര്യവും അഭിരുചിയും ഇന്നത്തെ കർഷക കുടുംബങ്ങളിൽ നിന്നും ചോർന്നൊലിച്ച് കൊണ്ടിരിക്കുന്നു. ഭൂരിഭാഗം കർഷകരുടേയും കൃഷിയിൽ നിന്നുള്ള വരുമാനം തുച്ഛമാണ്. കൃഷി മുഖ്യ വരുമാന മാർഗമല്ലാത്തതു കൊണ്ട് പല കൃഷിക്കാരും മററു തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നു. കൃഷി നടത്തുന്നതിന് സമയമോ താൽപ്പര്യമോ ഇല്ലാത്ത ഒരു തലമുറ ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇത് ഞാറക്കൽ പഞ്ചായത്തിലെ കാർഷിക അഭിവൃദ്ധിക്ക് തടസമായിരിക്കുകയാണ്.

## പ്രശ്നങ്ങൾ

1 നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുന്നു, ആദായകരമാകുന്നില്ല, തൊഴിലാളികളെ കിട്ടുന്നില്ല.

2 പഞ്ചായത്തിലെ മുഖ്യവിളയായ തെങ്ങിന് കാററുവീഴ്ച രോഗം, കൂമ്പുചീയൽ, ഓലചീയൽ മററു കീടങ്ങളുടെ ആക്രമണം എന്നിവ മൂലം ഉല്പാദനം കുറയുന്നു.

3 പച്ചക്കറിയുടെ ഉല്പാദനം കുറവാണ്. ല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമല്ല.

4 ഔഷധകൃഷി, ഉദ്യാനകൃഷി, ഇടവിള ഷി കുറവാണ്.

5 ജൈവവളത്തിൻെറ ലഭ്യതക്കുറവ്.

6 കൃഷിയിടങ്ങളിൽ 80% അമ്ലത്വം കൂടി നുമൂലമുണ്ടാകുന്ന ഉല്പാദനകുറവ്.

7 കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിച്ച് ന്ന റിപ്പോർട്ട് ലഭിക്കുന്നതിനുള്ള സംവിധാന ല്ല.

8 പഞ്ചായത്തിലെ പല ഭാഗങ്ങളിലും ള്ളക്കെട്ടുണ്ട്.

9 ജലാശയങ്ങൾ പലതും നികന്നു കിടക്കു . നീരൊഴുക്കിനു തടസം ഉണ്ടാകുന്നു

10 ഭൂവുടമകൾ തോടുകൾ വെട്ടിക്കുന്നില്ല.

11 ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്ന ് കിണർ, പമ്പുസെററ്, ഇവ സ്ഥാപി ന്നതിന് സർക്കാർ സബ്സിഡി ലഭിക്കണ ിൽ 30 സെൻററ് സ്ഥലം വേണമെന്നുള്ള ബന്ധന.

12 കാലാകാലങ്ങളിൽ ഭൂമിയിൽ വെട്ടും യും നടത്തുന്നില്ല.

13 സമഗ്ര സമ്പൂർണ്ണ കൃഷി നടത്തുന്നില്ല.

14 ചാണകം വളത്തിനായി ലഭിക്കുന്നില്ല.

## ്ധ്യതകൾ

1 നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതി ല്പാദന ബോണസ് നൽകുക. അത്യുൽപാ ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുക. ിയന്ത്രങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

2 കാററുവീഴ്ച ബാധിത തെങ്ങുകൾ വെട്ടി ുന്നതിനും നല്ലയിനം തൈകൾ വിതരണം ുന്നതിനും സഹായം അനുവദിക്കുക. രോഗ ങ്ങൾക്കെതിരായി സംഘടിത പ്രതിവിധി ി മരുന്നുതളി സൗജന്യ നിരക്കിൽ നടത്തുക

3 ഗുണനിലവാരമുള്ള പ്രാദേശിക പച്ച വിത്തുകൾ ലഭ്യമാക്കുക. കൃഷിയോഗ്യമായ തരിശു ഭൂമികൾ, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ, വീട്ടുവളപ്പുകൾ, ഇവിടങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമായി നടത്തുക.

4 ഔഷധകൃഷി, ഉദ്യാനകൃഷി, ഇടവിളകൃഷികൾക്ക് പ്രോൽസാഹനവും, സഹായവും നൽകുക.

5 ജൈവവളം ഉൽപ്പാദിപ്പിക്കുക. ചാണകം പഞ്ചായത്തതിർത്തിയിൽതന്നെ കൃഷിക്ക് ഉപയോഗിക്കുക. പച്ചിലവള വൃക്ഷങ്ങൾ, കമ്പോസ്ററ് കുഴികൾ, മണ്ണിര കമ്പോസ്ററ് ഇവ വ്യാപകമാക്കുക

6 മണ്ണിൻെറ അമ്ലത്വം കുറയ്ക്കുന്നതിനു വേണ്ടി സൗജന്യനിരക്കിൽ കുമ്മായം ലഭ്യമാക്കുക.

7 മണ്ണുപരിശോധിച്ച് ഫലം ഉടൻ നൽകുന്നതിന് സഞ്ചരിക്കുന്ന മണ്ണുപരിശോധന ലാബറട്ടറി സംവിധാനം ഏർപ്പെടുത്തുക.

8 തോടുവെട്ടിക്കുവാൻ ധനസഹായം നൽകുക.

9 നികന്നു കിടക്കുന്ന പൊതുതോടുകൾ തുറക്കുക. പുഴകളും തോടുകളും മണ്ണുമാന്തി ആഴം കൂട്ടുക, മണ്ണൊലിപ്പ് തടയുന്നതിന് തിട്ടകൾ കെട്ടുക.

10 വെള്ളം വററിച്ച് തോടുകൾ തേവുന്നതിന് മൊബൈൽ പമ്പ് സെററ് യൂണിററുകൾ സ്ഥാപിക്കുക.

11 ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണർ പമ്പ് സെററ് ഇവ സ്ഥാപിക്കുന്നതിന് സർക്കാർ സബ് സി ഡി ലഭിക്കുന്നതിനുള്ള നിബന്ധന 10 സെൻററായി കുറക്കുക.

12 കാലാകാലങ്ങളിൽ ഭൂമിയിൽ കൃഷിപണികൾ നടത്തുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുക.

13 കർഷകരും, കൃഷി ഉദ്യോഗസ്ഥൻമാരും കൂട്ടായിചർച്ചചെയ്ത്, സെമിനാറുകൾ സംഘടിപ്പിച്ച് സമഗ്ര സമ്പൂർണ്ണകൃഷി വ്യാപിപ്പിക്കുക.

14 ചാണകം സംഭരിച്ച് ജൈവവള നിർമ്മാണ യൂണിററുകൾ സ്ഥാപിക്കുക.

# മൽസ്യബന്ധനം

ഞാറക്കൽ ഒരു മൽസ്യതൊഴിലാളി ഗ്രാമ
ം. പഞ്ചായത്തിൻെറ കിഴക്ക് മഞ്ഞനക്കാട്
യും അതിന് കിഴക്ക് അതൃർത്തി പ്രദേശ
ം വലിയവട്ടം കായലും (കൊച്ചികായൽ)
ിധഭാഗങ്ങളിലൂടെ ഒഴുകുന്നു. ഒമ്പതു കി.മി
മുള്ള പ്രധാന തോടുകളും അതിൻെറ കൈ
ികളും മൽസ്യഫെഡ് മൽസ്യകൃഷിനടത്തുന്ന
ദേശം ഇരുപത് ഏക്കർ ജലാശയവും പഞ്ചായ
ിൻെറ വടക്കേ അതിർത്തിയിലുള്ള എട്ട് ഏക്കർ
ജലമൽസ്യകൃഷിയിടവും പഞ്ചായത്ത് പുറം
ാക്കായി കിടക്കുന്ന എട്ട് ഏക്കറോളം ജലാശയ
ഏതാനും കുളങ്ങളും രണ്ടുകിലോമീററർ വരു
അറബിക്കടൽ തീരവുമാണ് പഞ്ചായത്തിൻെറ
രിതലജലസ്രോതസുകൾ. ഒരുപൂപ്പ് പൊക്കാ
കൃഷികഴിഞ്ഞ് ഇടവിളയായി ചെമ്മീൻ കൃഷി
ത്തുന്ന 140 ഹെക്ടർ ജലാശയവും സ്വകാര്യ
ക്തികൾ ഓരുജലമൽസ്യകൃഷി നടത്തുന്ന 91
ക്ടർ ജലാശയവുമുണ്ട്. മൽസ്യബന്ധന സാ
ധ്യതകൾ ഈ ജലസ്രോതസുകളുമായി ബന്ധ
ട്ടുകിടക്കുന്നു.

മൽസ്യബന്ധനം മുഖ്യതൊഴിലാക്കിയ മൽ
സ്യത്തൊഴിലാളി 8 ക്ഷേമ സംഘങ്ങളിൽ പേര്
ിസ്ററർ ചെയ്തവർ 1197 ഉം രജിസ്ററർ ചെ
ാത്തവർ 1342ഉം ഉൾപ്പെടെ 2539 മത്സ്യ
ന്ധന തൊഴിലാളികളും 1716 അനുബന്ധ
ാഴിലാളികളുമാണ് പഞ്ചായത്തിലുള്ളതെന്ന്
ാമൂഹ്യ സാമ്പത്തിക സർവ്വേ വെളിപ്പെടുത്തു
ു. ഇവരിൽ സ്വന്തമായി മൽസ്യബന്ധന ഉപക
ണങ്ങളുള്ളവർ വളരെ കുറച്ചേയുള്ളു. മത്തി,
യില, ചെമ്മീനുകൾ, ആകോലി, കണവ, മററ്
ചറുമൽസ്യങ്ങളും, തിരുത, കണമ്പ്, കരിമീൻ,
ൂമീൻ, ആററ് ഞണ്ട്, ആററ് കൊഞ്ച്, മററ് ചെ
മ്മീനുകളുമാണ് കൂടുതലായി ലഭിക്കാറുള്ളത്.
ൽസ്യവിപണനം പ്രാദേശികമായിത്തന്നെ നടക്കു
ു. ഉൾനാടൻ മൽസ്യബന്ധനം ഏതാണ്ട് പൂർണ്ണ
ായി ഉപയോഗപ്പെടുത്തുന്നുണ്ട്. ശുദ്ധജല മൽ
സ്യകൃഷി നടത്തുന്നതിനുള്ള കുളങ്ങളില്ല. കേന്ദ്ര
വർമ്മെണ്ടുസ്ഥാപനങ്ങളായ (K. V K )കൃഷിവി
ിജ്ഞാനകേന്ദ്രവും (C I B A ) ഓരുജല മൽസ്യ
ികസനഗവേഷണ കേന്ദ്രവും രണ്ടു മൽസ്യത്തൊ
ിലാളി ക്ഷേമസഹകരണസംഘവും ഒരു മൽസ്യ
വ്യവസായ സംഘവും പന്ത്രണ്ട് പീലിംഗ് ഷെ
ഡുകളും നാല് ഐസ്പ്ലാൻറുകളും(A D A K)സം
സ്ഥാന ജലകൃഷിവികസന ഏജൻസിയുടെ ഒരു
ആഫീസും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.
മൽസ്യത്തൊഴിലാളി സഹകരണ സംഘത്തിൽ നി
ന്നും തൊഴിലുപകരണ വായ്പയായി 25 ആം
ഗ്രൂപ്പിന് മൂന്നു വള്ളവും അഞ്ചാം ഗ്രൂപ്പിന് 9
വള്ളവും രണ്ടാം ഗ്രൂപ്പിന് 3 വഞ്ചിയും, ഔട്ട്
ബോർഡ് എഞ്ചിൻ മാത്രമായിട്ട് ഏഴ് പേർക്കും
കൊടുത്തിട്ടുണ്ട് M P E D A ചില പീലിംഗ് ഷെ
ഡ്കൾക്കും A D A K ചില ചെമ്മീൻകർഷകർക്കും
ധനസഹായവും കൊടുത്തിട്ടുണ്ട്. ഏലൂർ വ്യവ
സായ മേഖലയിൽനിന്നും പുറംതള്ളുന്ന രാസ
വസ്തുക്കൾ ഈ പ്രദേശത്ത് ജലമലിനീകരണം
നടത്തുകയും മൽസ്യ വിഭവസാദ്ധ്യതകൾ അനി
ശ്ചിതാവസ്ഥയിലാക്കുകയും ചെയ്യുന്നു. മൽ
സ്യവിപണനത്തിനുള്ള പൊതു സാദ്ധ്യതകൾ
ഒന്നുംതന്നെയില്ല രണ്ടു അംഗീകൃത മൽസ്യമാർക്ക
ററുകളാണ് ഉള്ളതെങ്കിലും അഞ്ച് സ്ഥലത്ത്
വിപണനം നടക്കുന്നുണ്ട്. ചെമ്മീനുകൾക്കും,
മീനുകൾക്കും രോഗങ്ങൾകണ്ടുവരുന്നു. പലമീനു
കളും വംശനാശത്തിൻെറ ഭീക്ഷണിയെ നേരിടു
ന്നു. പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക്
മീൻ ലഭ്യത കുറഞ്ഞുവരുന്നു.

## പ്രശ്നങ്ങൾ

1 കായലും തോടും കൈവഴികളും മണ്ണും ചെളിയും വീണ് ആഴം കുറഞ്ഞുകൊണ്ടിരിക്കുന്നു.

2 ഏലൂർ വ്യവസായ മേഖലയിൽ നിന്നും പുറംതള്ളുന്ന രാസവസ്തുക്കൾ ഉൾനാടൻ മൽസ്യസമ്പത്ത് നശിപ്പിക്കുന്നു.

3 പുറംപോക്ക് പതിച്ചുകൊടുക്കുന്നതുകൊണ്ട് കായലുകൾ ചുരുങ്ങുന്നു.

4 പഞ്ചായത്ത് തോട്ടിൽ നിക്ഷേപിക്കുന്ന ആടുമാടുകളുടെ എല്ലും പീലിംഗ്ഷെഡിലെ കൂന്തലിൻെറ (സെപ്പിയ) മഷിയും വേസ്ററും മൽസ്യലഭ്യത കുറക്കുന്നു.

5 മൺസൂൺകാല ട്രോളിംഗും തീരദേശ ട്രോളിംഗും കടൽ മൽസ്യ സമ്പത്ത് നശിപ്പിക്കുന്നു.

6 ഫിഷ് ലാൻറിംഗ് സെൻററില്ല.

7 കായലോരത്ത് പൊതുകടവില്ല.

8 കടൽഭിത്തി ഇടിഞ്ഞ് കിടക്കുന്ന ഭാഗ ത്ത് വെള്ളം കയറുന്നു.

9 പഞ്ചായത്തിൻെറ 8_ാംവാർഡിൽ പ്രവർ ത്തിക്കുന്ന മൽസ്യഫെഡിൻെറ ഔട്ട്ബോഡ് എ ചിൻവർക്ക്ഷോപ്പ് കാര്യക്ഷമമല്ല.

10 മൽസ്യത്തൊഴിലാളികളുടെയും. കുടും ബാംഗങ്ങളുടെയും പൊതുആരോഗ്യം മോശമാ ്.

11 മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ ്ത്രീകൾക്ക് തൊഴിലവസരമില്ല.

12 മൽസ്യത്തൊഴിലാളികളുടെ കുട്ടികൾ ് ഉന്നത വിദ്യാഭ്യാസത്തിന് സീററ് റിസർവേ നില്ല

13 അസുഖം ബാധിച്ച് ജോലിക്ക് പോകു ാൻ പററാത്ത മൽസ്യത്തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്നും ധനസഹായമില്ല.

14 കെട്ടുകളിൽ വിഷം കലക്കി മീൻപിടി ുന്നത് ഉൾനാടൻ മൽസ്യസമ്പത്തിൻെറ വ്യാപ ായ നാശത്തിനു കാരണമാകുന്നു.

15 വിദേശ_സ്വദേശ ട്രോളറുകളുടെ അനി ന്ത്രിതമായ മൽസ്യബന്ധനം.

16 ചൂടവല ഉപയോഗിച്ചുള്ള നിരന്തര യ മൽസ്യബന്ധനം.

## ദ്ധ്യതകൾ

1 കാലാകാലങ്ങളിൽ കായലും തോടുക ഡ്രഡ്ജിംഗ് നടത്തുക

2 ഫാക്ടറികളിൽ നിന്ന് ഉൾനാടൻ ജലാ ങ്ങളിലേക്ക് തള്ളുന്ന രാസവസ്തുക്കൾ ർന്ന മലിനജലം ഒഴുക്കുന്നത് നിരോധിക്കുക.

3 കായലുകളും പുറംപോക്കും പതിച്ചു ടുക്കാതെ നിലനിർത്തുക.

4 തോടുകളിലെ മൽസ്യസമ്പത്ത് സംര ഷിക്കുന്നതിനുള്ള നിയമാധികാരം പഞ്ചായ നു നൽകുക.

5 തീരദേശ പെട്രോളിംഗ് ശക്തിപ്പെടു മൽസ്യ സമ്പത്ത് സംരക്ഷിക്കുക.

6 ടി പഞ്ചായത്തതൃത്തിയിൽ ഫിഷ്ലാ ംഗ് സെൻറർ സ്ഥാപിക്കുക.

7 പഞ്ചായത്തിൻെറ രണ്ടാം വാർഡ് കിഴ ക്കേയററം പുറംപോക്കിൽ പൊതുകടവ് സ്ഥാ പിക്കുക.

8 കടൽഭിത്തി റിപ്പയറിംഗ് നടത്തി ശ ക്തിപ്പെടുത്തി വെള്ളക്കയററം തടയുക.

9 ഔട്ട്ബോഡ് എഞ്ചിന് ആവശ്യമായ സ്പെയർപാർട്ട്സ് നൽകി വർക്ക്ഷോപ്പ് കാര്യക്ഷമമാക്കുക.

10 പഞ്ചായത്തിൻെറ കടലോര പ്രദേശങ്ങ ളിൽ ചികിൽസാ സൗകര്യം ഉണ്ടാക്കുക.

11 മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിലവസരത്തിനായി ഇറച്ചി കോഴിവളർത്തൽ, പലതരം അച്ചാറുകൾ ഉണ്ടാ ക്കൽ, മീനും ചെമ്മീനുമുണക്കി വിപണനം നട ത്തൽ മുതലായവയ്ക്ക് ധനസഹായം നൽകുക, മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് സഹകരണ സംഘം ഉണ്ടാക്കുക.

12 മൽസ്യത്തൊഴിലാളിക്കുട്ടികൾക്ക് ഉന്ന ത വിദ്യാഭ്യാസത്തിന് സീററ് സംവരണം ചെയ്യു ക, മൽസ്യബന്ധന രംഗത്തു നിലവിലുള്ള ആ ധുനിക സാങ്കേതികവിദ്യാപരിശീലന കേന്ദ്രം സ്ഥാപിക്കുക.

13 രോഗബാധിതരായി ജോലിക്കു പോകു വാൻ പററാത്ത അവസരങ്ങളിൽ മൽസ്യത്തൊഴി ലാളികൾക്ക് ധനസഹായം നൽകുക.

14 ചെമ്മീൻ കെട്ടുകളിൽ വിഷം കലക്കുന്ന തിനെതിരെ നടപടി സ്വീകരിക്കുക.

15 അക്വാ ഹാച്ചറി സ്ഥാപിക്കൽ

16 കോൾഡ്_സ്റേറാറേജ് സ്ഥാപിക്കൽ.

## മൃഗസംരക്ഷണം

ഞാറക്കൽ പഞ്ചായത്തിൽ കന്നുകാലി വളർ ത്തൽ പൊതുവേ കുറവാണ്. എന്നാൽ അടുത്തകാ ലത്ത് അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്തുവാൻ ചില കർഷക കുടുംബ ങ്ങളും, സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കു ന്നവരും മുന്നോട്ടുവന്നിട്ടുണ്ട്. ഈ പ്രദേശത്ത് കാ ലികളെ ഉപയോഗിച്ച് കൃഷിചെയ്യുന്ന പതിവില്ല. പശു, ആട്, എന്നീ മൃഗങ്ങളാണ് ഈ പഞ്ചായ ത്തിൽ വളർത്തുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളും താറാവുക ളുമാണ്.

പട്ടിക 6

## വളർത്തുമൃഗങ്ങളും പക്ഷികളും

| | 1987 | 1996 |
|---|---|---|
| ...ശു | 462 | 429 |
| ...കന്നുകുട്ടികൾ | 347 | 108 |
| എരുമ | 1 | — |
| കാള | 5 | 5 |
| ആട് | 477 | 632 |
| പട്ടി | 772 | 213 |
| പൂവൻ കോഴി | 762 | 1714 |
| പിടക്കോഴി | 13184 | 16571 |
| താറാവ് | 6268 | 2529 |

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷ ... സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ ...ഴിൽ പെരുമ്പിള്ളിയിൽ പ്രവർത്തിക്കുന്ന ...ഗസംരക്ഷണ സബ്സെൻററാണ്. നായരമ്പ... വെററിനറി ഡിസ്പൻസറിയുടെ കീഴിൽ ...വർത്തിക്കുന്ന ഈ സ്ഥാപനം ഗ്രാമത്തിലെ ...സവനത്തിന് പര്യാപ്തമല്ല. ഒരു ക്ഷീര ഉൽ...ാദന സഹകരണ സംഘം പഞ്ചായത്തിൽ തെ...െ അറാത്ത് പ്രവർത്തിക്കുന്നുണ്ട്. കാലിത്തീ...യുടെ ദൗർലഭ്യമാണ് കന്നുകാലി വളർത്തുകാർ ...രിടുന്ന ഒരു മുഖ്യ പ്രശ്നം. മേച്ചിൽ സ്ഥല...ല്ല. വൈക്കോലിനു ക്ഷാമമാണ്. വൈക്കോൽ ...ുറംപ്രദേശത്തുനിന്നു കൊണ്ടുവരികയാണ്.

ഇറച്ചിക്കോഴി വളർത്തൽ ലാഭകരമാണ്. ഇത്തരത്തിലുള്ള 8 യൂണിററുകൾ ഇവിടെ പ്രവർത്തിക്കുന്നു.

മുട്ടക്കോഴി വളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ഒരു യൂണിററുപോലുമില്ല. പേപ്പട്ടിശല്യം ചില അവസരങ്ങളിൽ ഉണ്ട്. പഞ്ചായത്തിൽ 213 നായ്ക്കൾ ഉണ്ടെങ്കിലും 15 എണ്ണത്തിനുമാത്രമേ ലൈസൻസുള്ളു.

## പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീററ കുറഞ്ഞവിലക്കു ലഭിക്കുന്നില്ല.

2 മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.

3 കോഴിതീററ കുറഞ്ഞവിലക്കു ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാകേരമായി വളർത്താൻ കഴിയുന്നില്ല.

4 ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

5 പേപ്പട്ടിശല്യം ഉണ്ട്.

## സാദ്ധ്യതകൾ

1 തീററപ്പുൽ കൃഷി ചെയ്യുക.

2 നിലവിലുള്ള സബ്സെൻറർ മൃഗാശുപത്രിയായി മധ്യഭാഗത്തു പ്രവർത്തിക്കണം.

3 കാലിതീററയും, കോഴിതീററയും ക്ഷീരോൽപ്പാദന സഹകരണസംഘംവഴി ലഭ്യമാക്കണം.

4 താറാവ് വളർത്താൻ സാദ്ധ്യതയുണ്ട.

5 ആട് വളർത്താൻ സാദ്ധ്യതയുണ്ട്.

6 മുട്ടക്കോഴിവളർത്തൽ യൂണിററുകൾക്ക സാദ്ധ്യതയുണ്ട്.

7 പന്നി വളർത്തുവാൻ സാദ്ധ്യതയുണ്ട്.

***********

# ദ്വിതീയ മേഖല

# വ്യവസായം

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി ഞാറക്കൽ പഞ്ചായത്തിന്റെ അവസ്ഥ വളരെ മോശമല്ല എന്ന് കാണാം. മൊത്തം തൊഴിൽ സേനയുടെ ആറിൽ ഒരുഭാഗം വ്യവസായ മേഖലയിലാണ് തൊഴിലെടുക്കുന്നത്. ഇതിൽ പകുതിയിൽ കൂടുതൽ പേർ ആധുനിക വ്യവസായങ്ങളിലും ബാക്കിയുള്ളവർ പരമ്പരാഗത വ്യവസായങ്ങളിലും തൊഴിൽ ചെയ്യുന്നു. വ്യവസായ തൊഴിലാളികളിൽ ഗണ്യമായൊരു ഭാഗം പഞ്ചായത്തിന് പുറത്തുള്ള വ്യവസായശാലകളിലാണ് പണിയെടുക്കുന്നത് പഞ്ചായത്തിൽ റെജിസ്റ്റർ ചെയ്തിട്ടുള്ള 170 വ്യവസായസ്ഥാപനങ്ങളിൽ 105 എണ്ണം മാത്രമേ വ്യവസായ വകുപ്പിൽ നിന്നും (S. S I. P M T) സ്ഥിര റെജിസ്ട്രേഷൻ നേടിയിട്ടുള്ളു. ഈ വ്യവസായശാലകളിൽ എല്ലാം കൂടി മൊത്തം 950 പേരോളം പണിയെടുക്കുന്നുണ്ട്. വ്യവസായ തൊഴിലാളികളുടെ ഇനംതിരിച്ചുള്ള കണക്കുകൾ പട്ടിക 7ലും, വ്യവസായ യൂണിററുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 8ലും കൊടുത്തിരിക്കുന്നു.

പട്ടിക_7

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|
| കൈത്തറി | 10 |
| കയർ | 18 |
| ബീഡി | 10 |
| മററു പരമ്പരാഗത വ്യവസായങ്ങൾ | 40 |
| കുടിൽ വ്യവസായങ്ങൾ | 90 |
| ചെറുകിട ഫാക്ടറികൾ | 175 |
| ഫാക്ടറികൾ | — |
| റിപ്പയർ ഷോപ്പുകൾ | 150 |
| മററു വ്യവസായങ്ങൾ | 457 |
| ആകെ | 950 |

115

പട്ടിക_8

## വ്യവസായ യൂണിററുകൾ സംബന്ധിച്ച വിവരങ്ങൾ

| ്യവസായത്തിൻെറ തരം | തൊഴിലാളികളുടെ എണ്ണം | | | മൊത്തം യൂണിററുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|
| | 20ൽ കുറവ് | 20_50 | 50നും മേൽ | | |
| ו | 15 | — | — | 15 | 60 |
| ണി | 18 | — | — | 18 | 90 |
| ്ഷ്യ വസ്തു സംസ്ക്കരണം | 4 | — | — | 4 | 20 |
| കയില | 2 | — | — | 2 | 8 |
| ർജിനീയറിംഗ് | 14 | — | — | 14 | 100 |
| ക്ട്രോണിക്സ് | 8 | — | — | 8 | 24 |
| ുള്ളവ | 109 | — | — | 109 | 648 |
| കെ | 170 | | | 170 | 950 |

പരമ്പരാഗത വ്യവസായമായ കൈത്തറിയും ...റും സംബന്ധമായ വ്യവസായങ്ങൾ ഈ മേഖ ...യിൽ കുറവാണ്. സഹകരണ സംഘടിസ്ഥാ ...ത്തിൽ ഈ യൂണിററുകൾ ഒന്നുംതന്നെ ഇല്ലെ ...ു പറയാം. ഞാറക്കലെ 2_ാം വാർഡിൽ പുരാ ...മായി ഉടമസ്ഥാവകാശ വ്യവസ്ഥയിൽ രണ്ട് ...നെയ്ത്തുശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവി ... നിർമ്മിക്കുന്ന ഞാറക്കൽ പുതുമുണ്ട് പ്രശ ...്തമാണ്. എന്നാൽ പൊതുവെ ഈ രംഗത്ത് ...ണ്ട് ഉണ്ടായിരുന്ന പ്രസരിപ്പ് ഇപ്പോൾ ഇല്ലെ ന്നുതന്നെ പറയാം. കയർ വ്യവസായം ഒന്നാം വാർഡിൽ ചെറിയ തോതിൽ നടത്തിവരുന്നു. ഈ വ്യവസായങ്ങൾ ഇല്ലാതാകുവാൻ പ്രധാന കാരണം വിദഗ്ധ തൊഴിലാളികളുടെ അഭാവവും, നൂലിൻെറ അപ്രതീക്ഷിതമായ വിലക്കയററവുമാണ്. സാധാരണ കുറഞ്ഞ കൂലിനിരക്കാണ് കൈത്തറി-കയർമേഖലയിലെ തൊഴിലാളികൾക്ക് ഇന്നും ലഭിക്കുന്നത്. അതുകൊണ്ടുതന്നെ പുതിയ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയുന്നില്ല.

പട്ടിക_9

## കൈത്തറി സഹകരണ സംഘങ്ങളുടെ വിവരങ്ങൾ (1996)

| പേര് | മെമ്പർമാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | മൊത്തം വിററുവരവ് | ലാഭം / നഷ്ടം |
|---|---|---|---|---|
| | | | ലക്ഷം രൂപ | |
| ഞാറക്കൽ നെയ്ത്തുശാല | ഉടമസ്ഥാവകാശം | 6 | 2.75 | ലാഭം |
| സ്ററാർ നെയ്ത്തുശാല | ഉടമസ്ഥാവകാശം | 4 | 2.25 | ലാഭം |
| ആകെ | 2 | 10 | 5 | |

പഞ്ചായത്തിൽ ആകെയുള്ള 15 തടി അധി
ഷ്ഠിത വ്യവസായ യൂണിററുകളിൽ 3 അറക്ക
മില്ലും ബാക്കി മരം കൊണ്ടുള്ള ഫർണിച്ചറുകളും,
ടച്ചിൽ വേലകളും, കട്ടിള, ജനൽ തുടങ്ങിയവ
നിർമ്മിക്കുന്നവയുമാണ്.

ആധുനിക വ്യവസായങ്ങളിൽ പ്രധാനം ഇല
ക്ട്രോണിക്സ് ചോക്ക്, ടി. വി. അസംബ്ലിങ്ങ്
ബൂസ്ററർ മുതലായ ഉല്പന്നങ്ങളാണ്. ഇലക്
ട്രാണിക്ക് രംഗത്ത് പുതിയ വ്യവസായങ്ങൾ ഈ
പഞ്ചായത്തിൽ 8 എണ്ണം പ്രവർത്തിക്കുന്നു. I. T. I.
കഴിഞ്ഞവരും, ഇലക്ട്രോണിക്സിൽ ബിരുദം
നേടിയവരും, സ്വയം തൊഴിൽ കണ്ടെത്തുന്ന ഈ
മേഖല പുരോഗതിയിലാണ് പ്രവർത്തിക്കുന്നത്.

വളരെ കാലമായി നല്ല രീതിയിൽ 20ൽ കൂടു
തൽ തൊഴിലാളികളെ വച്ച് നടത്തിയിരുന്ന പാ
ക്കിങ്ങ് കേസ്, കാർട്ടൻസ് നിർമ്മാണ യൂണിററു
കൾ 3 എണ്ണം (രണ്ടാം വാർഡിലും, മൂന്നാം വാർ
ഡിലും) നിശ്ചലമായി കിടക്കുകയാണ്. പ്രവർ
ത്തന രഹിതമാകുവാനുള്ള പ്രധാന കാരണം സാ
മ്പത്തീകവും, വിപണന രംഗത്തെ കടുത്ത മൽസര
വും പ്രവർത്തന മൂലധനത്തിൻെറ അഭാവവും
ആണ്. ഇതുമൂലം 60ൽ പരം തൊഴിലാളികൾ
ക്കും ഉടമസ്ഥർക്കും തൊഴിൽ നഷ്ടമായി.

ഈ പഞ്ചായത്തിൽ മിക്ക സ്ഥലത്തും തയ്യ
ലും, വസ്ത്ര നിർമ്മാണവും വനിതകൾ നടത്തി
വരുന്നു. എന്നാൽ സഹകരണ സംഘങ്ങൾ കുറവാ
ണ്. കൂടാതെ വനിത വ്യവസായമായി അച്ചാർ,
... ഉണ്ടാക്കുന്ന യൂണിററുകളും നിലവിലുണ്ട്.
പ്രിൻറിംങ്ങ് പ്രസുകൾ വനിതകളുടെ ഉടമ
സ്ഥതയിൽ പ്രവർത്തിക്കുന്നു കൂടാതെ ഫ്ളവർ
മില്ലും, റൈസ് മില്ലും. ഓയിൽ മില്ലും നന്നായി
നടന്നു വരുന്നു. ആറാം വാർഡിൽ കാർട്ടൻസ്_
പ്ലാസ്ററിക് ഷീററ് നിർമ്മാണ യൂണിററ് കൂടു
തൽ വനിതകൾക്ക് തൊഴിൽ നൽകി വനിതാ
വ്യവസായമായി വ്യവസായ വകുപ്പിൻെറ ആനു
കൂല്യങ്ങളോടെ നല്ല രീതിയിൽ നടന്നു വരുന്നു.
...ററിൽ ഫർണീച്ചർ, നിർമ്മാണ യൂണിററ്
...യാ ഇൻഡസ്ട്രീസ് എന്ന പേരിൽ 9_ാം വാർ
ഡിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകി നല്ല
രീതിയിൽ പ്രവർത്തിക്കുന്നു. 1_ാം വാർഡിൽ
...്തൂർബാ കരകൗശല വസ്തു നിർമ്മാണ യൂ
ണിററ് പ്രവർത്തിക്കുന്നു. വാർണീഷ്, ബാററി
കോമ്പൗണ്ട് നിർമ്മാണ യൂണിററ് പെരുമ്പിള്ളി
യിൽ പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാരിൻെറ
സ്വയം തൊഴിൽ പദ്ധതി വഴി വിവിധ യൂണി
ററുകൾ ഈ പഞ്ചായത്തിൽ നടക്കുന്നു. അതിൽ
എടുത്തു പറയാവുന്നത് 1986ൽ 3_ാം വാർഡിൽ
മഞ്ഞനക്കാട് റോഡിൽ ആരംഭിച്ച മാമ്പിള്ളി
എൻജിനീയറിംഗ് ഇൻഡസ്ട്രീസാണ്. ഗേററ്,
ഗ്രിൽ, ഭാരവണ്ടികൾ, തുടങ്ങിയവ നിർമ്മിക്കുന്ന
ഈ സ്ഥാപനത്തിൽ പത്തോളം തൊഴിലാളികൾ
പണിയെടുക്കുന്നു. ഞാറക്കലുള്ള ആദ്യത്തെ എ
ഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പാണ് ഇപ്പോൾ
നെട്ട്, ബോൾട്ട്, മറൈൻ സ്പെയർ പാർട്ട്സു
കൾ നിർമ്മിച്ച് വിപണനം നടത്തുന്ന എഡിസൺ
വർക്ക് ഷോപ്പ്. ഇതിന് പള്ളിപ്പുറം, മുരിക്കും
പാടം എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ ഉണ്ട്.
ഇവിടെ 20 ഓളം തൊഴിലാളികൾ ജോലി
ചെയ്യുന്നു. I.R.D.P. വഴിയും, മററ് പട്ടിക
ജാതി വികസന സ്കീം വഴിയും വിവിധ തൊ
ഴിൽ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തി
ച്ചുവരുന്നു.

## പ്രശ്നങ്ങൾ

1 വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പററിയ സ്ഥല സൗകര്യം പഞ്ചായത്തിൽ കുറവാണ്.

2 വൈദ്യുത കണക്ഷൻ ലഭിക്കുവാൻ ഏറെ താമസം നേരിടുന്നു

3 വ്യവസായ വകുപ്പ്, പഞ്ചായത്ത് എന്നിവയൊഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസുകൾ ലഭിക്കുവാൻ താമസം നേരിടുന്നു.

4 വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

5 പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാളികൾക്ക് അർഹമായ കൂലി നൽകുവാൻ കഴിയുന്നില്ല.

6 സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനുള്ള സംവിധാനമില്ല.

7 മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യവസായ രംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.

8 വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ താമസം നേരിടുന്നു.

9 മത്സ്യ മേഖലയിലെ വ്യവസായങ്ങൾ കുറഞ്ഞു വരുന്നു.

## ാദ്ധ്യതകൾ

ൃവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവ
ായ എസ്റ്റേററ് സ്ഥാപിക്കുക.

രമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതി
ുള്ള പരിപാടി തയ്യാറാക്കുക.

ംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.

ഹകരണമേഖലയിൽ പുതിയ വ്യവസായസംരം
ങ്ങൾ ആരംഭിക്കുക.

ഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തു
ളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസ
ത്തിന് ഒരു മാസ്ററർപ്ലാൻ തയ്യാറാക്കുക.

ഞ്ചായത്തിൽ എത്തുന്ന ഗ്രാൻറ് പണം വ്യവ
സായ രംഗത്ത് മുതൽ മുടക്കുവാൻ പ്രേരിപ്പി
ക്കുക.

ലൈസൻസ് ചട്ടങ്ങൾ ലഘൂകരിക്കുക.

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി,
I-R D P തുടങ്ങി സർക്കാർ ആവിഷ്ക്കരിച്ച സ്വ
യംതൊഴിൽ പദ്ധതികളെക്കുറിച്ച് തൊഴിൽ
രഹിതരെ ബോധവാൻമാരാക്കുക.

ഈ പദ്ധതികൾവഴി വ്യവസായവകുപ്പും, ബ്ലോ
ക്കും അനുവദിക്കുന്ന വായ്പ വിതരണം ചെയ്യു
ന്ന ബാങ്കുവ്യവസ്ഥ ലഘൂകരിക്കുക.

ചെമ്മീത്തല ഉപയോഗിച്ച് ജൈവവള നിർമ്മാണ
യൂണിററ് സ്ഥാപിക്കൽ.

മൽസ്യബന്ധനോപകരണ യൂണിററ് സ്ഥാപി
ക്കൽ.

# ഊർജ്ജം

ഈ ഗ്രാമപഞ്ചായത്തതിർത്തിയിൽ ആവശ്യ ായ വൈദ്യുതി ലഭിക്കുന്നത് മാലിപ്പുറത്തു സ്ഥിതി ചെയ്യുന്ന 66 KV സബ്സ്റ്റേഷനിൽ നിന്നാണ്. പഞ്ചായത്തതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമറിന്റെ ശേഷിയും ഉപഭോക്താക്ക ടെ എണ്ണവും താരതമ്യപഠനത്തിന് വിഷയമാ ുമ്പോൾ പല ട്രാൻസ്ഫോർമറുകളും അധിക ാരം വഹിക്കുന്നതായിക്കാണുന്നു. ഉപഭോക്താക്ക ടെ എണ്ണത്തിന് അനുസൃതമായി ട്രാൻസ്ഫോർ റുകൾ കൂടുതലായി സ്ഥാപിച്ചിട്ടില്ലെന്നു ാണാം.

ഗാർഹിക മേഖലയിൽ ഏതാണ്ട് 40% ഊർജ്ജം പയോഗിക്കുന്നു. മുൻപത്തേക്കാളുപരിയായി ാർഷിക മേഖലയിലും വൈദ്യുതി ഉപയോഗ ത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 35 എഞ്ചിനീയറിംഗ് ർക്ക്ഷോപ്പും, 160 ചെറുകിട ഫാക്ടറികളും ശതമാനത്തോളം വൈദ്യുതി ഉപയോഗിക്കുന്നു ദ്ദേശം 65% വീടുകൾ വൈദ്യുതീകരിച്ചതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ 8 കിലോമീറ്ററോളം KV ലൈനും, 87 കിലോമീറ്റർ ത്രീഫേസ് ലൈ ം 150കി. മീറ്ററോളം സിംഗിൾഫേസ് ലൈനും വിധ കപ്പാസിറ്റിയിലുള്ള 15 ട്രാൻസ്ഫോർ ുകളുമാണ് ഇന്നു നിലവിലുള്ളത്. 14000ത്തോളം ഭോക്താക്കൾ ഞാറക്കൽ ഇലക്ട്രിക്കൽ മേജർ ക്ഷന്റെ കീഴിലുണ്ട്.

342 ട്യൂബ് ലൈറ്റുകളും, 510 ഓർഡിനറി ംബുകളും ഉൾപ്പെടെ മൊത്തം 852 തെരുവു ളക്കുകളാണ് നമുക്കുള്ളത്. പ്രധാന ജംഗ്ഷനു ിൽ മെർക്കുറി ലാംബുകൾ സ്ഥാപിച്ചിട്ടുണ്ടെ ലും അവ ഒന്നുംതന്നെ ഇന്നു പ്രവർത്തനക്ഷമമല്ല. ധന സാമഗ്രികളുടെ ദൗർലഭ്യം ഉൾപ്പെടെ പല രണങ്ങളാലും 40ശതമാനത്തോളം തെരുവുവിളക്കു ഇന്നു കത്തുന്നില്ല.

നമ്മുടെ പഞ്ചായത്തതിർത്തിയിൽ വോൾട്ടേജ് ്മം അതിരൂക്ഷമാണ്. അതിനുപ്രധാനകാരണം, KV സബ്സ്റ്റേഷനിൽനിന്നും ലഭിക്കേണ്ടതിന്റെ ദ്ദേശം 75% വൈദ്യുതി മാത്രമാണു നമുക്കു ിക്കുന്നത്. അത് പീക്ക്ലോഡ് സമയത്ത് ആയി കുറയുന്നു. ഇടുക്കി ജനറേറ്റിംഗ് സ്റ്റേഷ ൽനിന്ന് കളമശേരി സബ്സ്റ്റേഷൻ വഴിയാ മാലിപ്പുറത്തുനിന്നും വൈദ്യുതി വിതരണം ുകൊണ്ടിരിക്കുന്നത്. വ്യവസായ മേഖലയായ ശേരി ലൈനിൽനിന്നും ദ്വിതീയ വിതരണ ശൃംഖലയായ മാലിപ്പുറത്തെത്തുമ്പോൾ പ്രശ്നം വീണ്ടും രൂക്ഷമാകുന്നു. പീക്ക്ലോഡ് സമയത്ത് സാധാരണഗതിയിൽ വോൾട്ടേജ് ഏകദേശം 150 വോൾട്ട്ആയികുറയുന്നു. വീടുകളിലെ കണക്റ്റഡ് ലോഡ് വൈദ്യുതി ബോർഡ് യഥാർത്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള റജിസ്ററിൽനിന്നും വളരെ കൂടുതലാണെന്നു ഒരു സാമ്പിൾ സർവ്വേ വ്യക്ത മാക്കുന്നു.

15 ശതമാനത്തോളം മീറ്ററുകളും ഇന്ന് പ്രവർത്തന രഹിതമാണെന്നുകാണാം. ആറുമാസത്തിലൊരിക്കൽ മീറ്റർപരിശോധിച്ച് ബിൽനിർണ്ണയിക്കുന്ന രീതിയാണിന്നും തുടരുന്നത്. വിതരണ സംവിധാനങ്ങളുടെ തകരാറുകാരണമാണ് പ്രധാനമായും വൈദ്യുതിനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ നഷ്ടത്തിന് സാങ്കേതിക കാരണങ്ങളിൽ പ്രധാനകാരണം ദൈർഘ്യമുള്ള വിതരണ ലൈനുകളും, ട്രാൻസ്ഫോർമറുകളുടെ അധികഭാരവുമാണ്. വൈദ്യുതി ലൈനിലുള്ള ടച്ചിംഗ്സ് വെട്ടിമാറ്റുകയും ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനർ ക്രമീകരിക്കുകയും ചെയ്താൽ വിതരണ സമ്പ്രദായത്തിലെ പ്രസരണ നഷ്ടത്തിൽ കുറവു വരുത്താവുന്നതാണ്.

## പ്രശ്നങ്ങൾ

1) സ്ട്രീറ്റ് ലൈറ്റുകൾ പലതും കത്തുന്നില്ല.
2) അംഗീകൃത ഉയരത്തിലും താഴ്ന്നാണ് പല ലൈനുകളും സ്ഥിതിചെയ്യുന്നത്.
3) മെർക്കുറി ലാംപുകൾ പ്രവർത്തനക്ഷമമല്ല.
4) തുടരെ തുടരെയുള്ള പവർകട്ടുകൾ.
5) ജീവനക്കാരുടെ സേവനരീതി തൃപ്തികരമല്ല.

## സാദ്ധ്യതകൾ

1) പഞ്ചായത്തുതലത്തിൽ സമഗ്രമായ ഊർജ്ജാസൂത്രണം നടത്തൽ.
2) കാറ്റ്, സൗരോർജ്ജം എന്നിവയാൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ നടപ്പാക്കൽ.
3) ദക്ഷത കൂടിയ അടുപ്പുകൾ വ്യാപിപ്പിക്കൽ.
4) വൈദ്യുതി ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള സന്നദ്ധപ്രവർത്തനം നടത്തൽ.

# ഗതാഗതം



ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ 42.473 കി. മീ. ...റാണ്‌ ആകെയുള്ളത്‌. ടാർ ചെയ്ത റോഡു...ടെ നീളം 12.030 കി. മീററാണ്‌. കോൺക്രീറ്റ് ...റോഡ്‌ 0.43കി. മീററും മെററൽ റോഡുകൾ ...കി. മീററുമാകുന്നു. 1.442 കി. മീ. കച്ചാ ...ഡുകളും 20.405 കി. മീ. പക്കാ റോഡുകളും ...ണ്‌. ഇവിടെ PWD ടാർ ചെയ്ത റോഡ്‌ 7 കി. ...ർ ആണ്‌.

...ിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഗ്രാമപഞ്ചായ...ല റോഡുകളുടെ നീളം അഞ്ച്‌ കി. മീററർ ...വർദ്ധിച്ചിട്ടുണ്ട്‌. എങ്കിലും ഗതാഗത സൗ...ത്തിൽ പിന്നിൽ നില്ക്കുന്നത്‌ വാഹനങ്ങൾക്കു ...ചെല്ലുവാൻ കഴിയാത്ത ഒന്നിലേയും, നാലി...ം തുരുത്തുകളിൽ മാത്രമാണ്‌. ഗതാഗത സൗ...ങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കഴിഞ്ഞ ...തികാലത്ത്‌ ഇവിടെ 40 ലക്ഷത്തോളം രൂപ ...വഴിച്ചിട്ടുണ്ട്‌.

...പുഴകളും തോടുകളും നിറഞ്ഞുകിടക്കുന്ന ...ക്കൽ ഭാഗത്തു വളരെ നാൾമുൻപുവരെ ജല...ഗതമാണ്‌ നിലവിൽ ഉണ്ടായിരുന്നത്‌ SWTC ...ഒ എന്നീ ബോട്ടുകൾ സർവീസ്‌ തുടങ്ങിയ...ം പ്രാദേശികമായി സർവീസ്‌ നടത്തിയിരുന്ന ...വവററ്പാർട്ടികൾ അവരുടെ സർവീസുകൾ ...ത്തിവയ്ക്കുകയാണുണ്ടായത്‌. എന്നിരുന്നാലും ...പ്രത്യേക സന്ദർഭങ്ങളിൽ ഈ ഭാഗത്ത്‌ ജല...ഗതം അത്യന്താപേക്ഷിതമായിവരാറുണ്ട്‌.

...ഏതാണ്ട്‌രണ്ട്‌കിലോമീററരോളം വരുന്നഭാഗം ...മാണ്‌ പൊതുമരാമത്തിന്റെ കീഴിലുള്ള വി. ...റോഡ്‌ ഞാറക്കലൂടെ കടന്നുപോകുന്നത്‌. വെള്ള...്‌ ഒഴിവാകുന്നതിനുള്ള ഓവുചാലുകളുടെ കുറവും, ...ത്തിയായിട്ടുള്ള ഓവുചാലുകളിൽ നിന്ന്‌ ...ളം ഒഴുകിപ്പോകാതെ കെട്ടിക്കിടക്കുന്നതും ...്യകിച്ച്‌ വർഷക്കാലത്ത്‌ റോഡിനിരുവശത്തു...യുള്ള കാൽ നടയാത്രക്കാരെ ഏറെവിഷമിപ്പി... എന്നുമാത്രമല്ല അപകടങ്ങൾക്കും അതു ...ന്നമാകുന്നു.

..., വാട്ടർഅതോറിററി, പി. ആൻറ്‌. ടി. എന്നീ ...പ്പാർട്ടുമെൻറുകളുടെ പണികൾ തമ്മിൽതമ്മിൽ ...ധാരണയില്ലാത്തതുമൂലം ഒന്നിനു പുറകേ ഒന്നാ...റോഡുകൾ എല്ലായ്പ്പോഴും വെട്ടിപ്പൊളിക്കേണ്ടി ...ന്നു. എന്നാൽ സമയാസമയങ്ങളിൽ അവയുടെ ...കുററപ്പണികൾ നടക്കുന്നില്ലെന്നു മാത്രമല്ല ...യ സാമ്പത്തിക ബാദ്ധ്യതയും വന്നുചേരുന്നു.

...വാർഡുകളിലും റോഡുകൾ പലതും ഉണ്ടാ...കിലും ഞാറക്കലിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ പലേടത്തും ഇന്നും അവഗണിക്കപ്പെട്ടു കിടക്കുന്നു. സാമൂഹ്യമായി പല മാററങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ ആവശ്യത്തിനനുസരിച്ച്‌ റോഡുകൾ ഇല്ല.

വൈപ്പിൻ മുനമ്പം റോഡിൽ നിന്ന്‌ തീരദേശവുമായി ബന്ധമുള്ള റോഡുകളിൽ ഏററവും വലിയ റോഡാണ്‌ ഞാറക്കൽ–ആറാട്ടുവഴി റോഡ്‌. ഈ റോഡിൽ ഒരു കലുങ്കും 3 പാലങ്ങളുമുണ്ട്‌. ഇന്നു ബസ്‌ വരെ ഓടുന്ന ഈ റോഡിൽ അററകുററപ്പണികൾ നടത്തുവാൻ ഫിഷറീസ്‌ വകുപ്പോ, PWD യോ തയ്യാറാകാതെ ഈ റോഡ്‌ അനാഥമായികിടക്കുന്നു.

വി. പി. റോഡിനു സമാന്തരമായി തീരദേശ റോഡുണ്ടാക്കുന്നതിന്‌ ഏതാനും വീട്ടുകാരെ മാററി ത്താമസിപ്പിക്കുന്നതിനുള്ളസൗകര്യക്കുറവ്‌ ഈ പഞ്ചായത്തിൽ ഗതാഗതത്തിന്റെ വികസനത്തിൽ ഏറെ വഴിമുട്ടിനില്ക്കുന്നു.

## പ്രശ്നങ്ങൾ

1) പലഭാഗങ്ങളിലും ആവശ്യത്തിനു റോഡുകൾ ഇല്ല.

2) വീതികുറവായിട്ടുള്ള റോഡുകളാണ്‌ മിക്കവാറും എല്ലാവാർഡുകളിലും ഉള്ളത്‌.

3) സമയാസമയങ്ങളിൽ റോഡുകളുടെ അററകുററപ്പണികൾ നടത്തുന്നില്ല.

4) മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ജലഗതാഗതമാർഗങ്ങൾ ഇന്ന്‌ ഉപയോഗിക്കുന്നില്ല.

5) റോഡരുകിലെ അനധികൃത കയ്യേററം.

## സാദ്ധ്യതകൾ

1) റോഡുണ്ടാക്കുന്നതിന്‌ ഭൂമി വിട്ടു തരുന്നതിന്‌ ജനങ്ങളുടെ സഹകരണം.

2) മരപ്പാലങ്ങൾ നീക്കി കോൺക്രീററുപാലം നിർമ്മിക്കൽ.

3) തീരദേശ റോഡിനുവേണ്ടി മാററി താമസിപ്പിക്കേണ്ട കുടുംബക്കാർക്കുവേണ്ടി പഞ്ചായത്തുവക പുറമ്പോക്കു ഭൂമി കണ്ടെത്തൽ.

4) ഓരോവാർഡുകൾക്കും ഒരു ഡ്രൈനേജ്‌ മാസ്ററർപ്ലാൻ.

5) റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കൽ

6) പുതിയ റോഡുകളുടെ നിർമ്മാണത്തിന്‌ ശ്രമദാനം.

7) ശ്രമദാനമായി റോഡുകളുടെ അററകുററപ്പണി.

# പാർപ്പിടം



പഞ്ചായത്തിൽ നിലവിലുള്ള കണക്കുകൾ അനുസരിച്ച് ഇപ്പോൾ 5829 കെട്ടിടങ്ങളാണ് ഉള്ളത്. അതിൽ 4591 വീടുകളാണ് ഉള്ളതെന്നാണ് കണക്ക്. നിലവിലുള്ള വീടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പട്ടിക 10**

**പാർപ്പിട വിവരം**

| നമ്പർ | ഇനം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | കോൺക്രീററ് | 1595 | 34.74 |
| 2 | ഓടുമേഞ്ഞത് | 2559 | 55.73 |
| 3 | ഓലമേഞ്ഞവ | 308 | 6.70 |
| 4 | കുടിൽ | 129 | 2.80 |
| | ആകെ | 4591 | |
| | കക്കൂസില്ലാത്ത വീടുകൾ | 1147 | 24.98 |

വീടുകളിൽ അധികവും ജീർണ്ണാവസ്ഥയിലാണ്. സർക്കാർ കൊടുക്കുന്ന ധനസഹായം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ജീർണ്ണാവസ്ഥയിൽ നില്ക്കുന്നവീടുകളിൽ അധികവും ഏറെയും ലക്ഷം വീടു കോളനികളിലും പട്ടികജാതി–പട്ടികവർഗ്ഗ കോളനികളിലുമാണ്. കടൽതീരത്തും കായൽതീരത്തുമുള്ള വീടുകളുടെ അവസ്ഥകളും ഒട്ടും മെച്ചമല്ല. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ 50% കൂടുതൽ കോൺക്രീററു വീടുകളാണ്. ഭവന നിർമ്മാണത്തിനു ധനസഹായംചെയ്യുന്ന ഹൗസിങ്ങ് സൊസൈററികൾ ഒന്നുംതന്നെ ഈപഞ്ചായത്തിൽ ഇല്ലെങ്കിലും ഇന്ദിര ആവാസ്യോജന, ജവഹർ റോസ്ഗാർ യോജന എന്നീ പദ്ധതികളിലൂടെ പ്രത്യേക ഭവനനിർമ്മാണ പദ്ധതിപ്രകാരം ധനസഹായം എല്ലാ ദുർബല വിഭാഗങ്ങൾക്കും ലഭിക്കുന്നുണ്ട്. എന്നാൽ ഈ ധനസഹായം നിർമ്മാണ ച്ചെലവുകളുടെ വർദ്ധന അനുസരിച്ച് അപര്യാപ്തമായിരിക്കുകയാണ്.

ഈ പഞ്ചായത്തിൽ 6–ാംവാർഡിലും, 7–ാം വാർഡിലും, 9–ാംവാർഡിലുമാണ് ലക്ഷംവീടു കോളനികൾ ഉള്ളത്. 5–ാംവാർഡിലും, 8–ാം വാർഡിലും പട്ടികജാതി–പട്ടികവർഗ്ഗ അംഗീകൃത കോളനികൾ ഉണ്ട്. പഞ്ചായത്തിൽ ശരാശരി 5 പേർക്ക് ഒരു വീട് ഉണ്ടെങ്കിലും ഭവന ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഒന്നാം വാർഡ്, നാലാം വാർഡ്, ആറാംവാർഡ് എന്നിവിടങ്ങളിലെ പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളിൽ പലരും ഭവന ദൗർലഭ്യം നിമിത്തം കൂട്ടുകുടുംബമായി താമസിക്കുകയാണ്. അതുപോലെ താഴ്ന്ന വരുമാനക്കാർ പല വാർഡുകളിലും ഭവന ദൗർലഭ്യത്താൽ കൂട്ടുകുടുംബമായി കഴിയുന്നുണ്ട്. ഇവരുടെ ഭവന ദാരിദ്ര്യത്തിനു പ്രധാനകാരണം സ്ഥല ദൗർലഭ്യതയാണ്.

കെട്ടിട നിർമ്മാണ സാമഗ്രികൾ എല്ലാം തന്നെ പുറമേ നിന്നും കൊണ്ടുവരേണ്ടസ്ഥിതിയാണ്. ഒന്നും തന്നെ പഞ്ചായത്ത് അതൃർത്തിയിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില സാധാരണക്കാരന് താങ്ങാൻ കഴിയാത്തതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി പുരുഷന്മാർക്ക് 125 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 80 രൂപയുമാണ് കൂലി.

## പ്രശ്നങ്ങൾ

1) തീരദേശ സംരക്ഷണ നിയമവും ജി. സി. ഡി. എ. നിയമവും കടലോര–കായലോരങ്ങളിൽ താമസിക്കുന്നവരുടെ ഭവന നിർമ്മാണത്തിന് തടസ്സം ഉണ്ടാക്കുന്നു.
2) ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്തിലില്ല.
3) പൊളിഞ്ഞവീടുകൾ പുതുക്കി പണിയുമ്പോഴും പുതിയ വീടുകൾ വയ്ക്കുമ്പോഴും KBR നിബന്ധനകൾ ഭവന രഹിതരെ വല്ലാതെ നട്ടം തിരിക്കുന്നു.
4) വീടിനു നമ്പറിടാൻ കാലതാമസം വരുന്നു.
5) പട്ടികജാതി കോളനികളിലും ലക്ഷംവീടു കോളനികളിലും പാശ്ചാത്തല സൗകര്യം ഇല്ല.
6) ചിലവുകുറഞ്ഞ വീടുകളുടെ ബോധവൽക്കരണ കുറവ്.
7) ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന വിദഗ്ദ്ധതൊഴിലാളികളുടെ ദൗർലഭ്യം.

121

8) ഹൗസിങ്ങ് സൊസൈററി ഇല്ല.

9) സാമ്പത്തിക ദൗർലഭ്യത്താൽ വീടുപണി പൂർത്തീകരിക്കാൻ കഴിയാത്ത ഭവന രഹിതർ ഉണ്ട്.

10) കുടികിടപ്പു പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുന്ന വീട്ടുകാർ ഉണ്ട്.

## സാദ്ധ്യതകൾ

1) ഭവന നിർമ്മാണത്തിനുള്ള സർക്കാർ സഹായ വർദ്ധന.

2) കോളനികാംക്കും, കോളനി സ്വഭാവമുള്ള പ്രദേശങ്ങളിലും, താഴ്ന്ന വരുമാനക്കാർക്കും ചെലവുകുറഞ്ഞ പുതിയ ഭവന നിർമ്മാണ പദ്ധതി.

3) വിദഗ്ദ്ധതൊഴിലാളികളുടെ സൊസൈററി.

4) ഭൂരഹിതർക്കും താഴ്ന്ന വരുമാനക്കാർക്കും പ്രത്യേകം ഭവന നിർമ്മാണ പദ്ധതി.

5) ജീർണ്ണാവസ്ഥയിലുള്ള വീടുകാം നവീകരിക്കുന്നതിനുള്ള പദ്ധതി.

6) ചെലവുകുറഞ്ഞ വീട്ട നിർമ്മാണ ബോധവൽക്കരണം.

7) പൂർത്തീകരിക്കാൻ കഴിയാത്ത വീടുകാംക്ക് ധനസഹായം.

8) കുടികിടപ്പു പ്രശ്നം തീരാത്തവരുടെ പ്രശ്നങ്ങാം തീർക്കാൻ പ്രത്യേകസം വിധാനം.

9) തീരദേശ റോഡ് നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ള വീടുകളുടെ പുനരധിവാസം. (അനുയോജ്യമായ പുറമ്പോക്ക് സ്ഥലം 7-ാം വാർഡിൽ ഉണ്ട്.)

10) പഞ്ചായത്തിൽ ഹൗസിങ്ങ് കോളനി.

11) സ്ഥിര താമസക്കാരിൽ പട്ടയം കിട്ടാത്തവർക്ക് പട്ടയവിതരണ സംവിധാനം.

12) V. E. O. മാർക്ക് ഓഫീസ്.

# സേവനങ്ങളും
# ക്ഷേമ പ്രവർത്തനങ്ങളും

# കുടിവെള്ളം

ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കണ്ടെത്തുവാൻ വേണ്ടിയുള്ള രാജഭരണകാലത്ത് തുടങ്ങിയ സമരം ഇന്നും തുടരുന്നു എന്നുള്ളത് ദുഃഖകരമായ ഒരു സത്യം മാത്രമാണ്. 25000-ൽ താഴെ ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രതിദിനം 2.3 MLD ശുദ്ധജലം ആവശ്യമാണെന്നിരിക്കെ ഈ ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണം 0.45 MLD മാത്രമാണ്. ഈ ശോചനീയാവസ്ഥയ്ക്കു പരിഹാരമാർഗ്ഗമായി വെടിമറപദ്ധതി, ചൊവ്വരയിൽനിന്ന് നോർത്ത് പറവൂർ വരെയുള്ള പൈപ്പ് ലൈൻ ഇടൽ, മഞ്ഞുമ്മൽപദ്ധതി എന്നിവ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഈ പദ്ധതികളിൽ ഏതെങ്കിലും ഒന്നു നടപ്പിലാക്കിയാൽ മാത്രമേ ജലവിതരണത്തിന് ശാശ്വത പരിഹാരമാകുകയുള്ളൂ.

251 പബ്ലിക് ടാപ്പുകളും, 897 ഹൗസ് കണക്ഷനുകളും ഇന്നു നിലവിലുണ്ട്. മേല്പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണത്തോടുകൂടി മാത്രമെ ഈ ടാപ്പുകളിൽ കൂടിയുള്ള ശുദ്ധജല വിതരണം സുഗമമാകുകയുള്ളൂ. 90 കി. മീററോളം ജലവിതരണപൈപ്പുകൾ ഈ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ഉണ്ടെങ്കിലും ഇവയിൽ പലതും ഏകദേശം 1967 കാലഘട്ടങ്ങളിൽ സ്ഥാപിച്ച ലൈനുകൾ ആണ്. കാലപ്പഴക്കംകൊണ്ട് പലഭാഗത്തും ലൈനിലെ പൈപ്പുകൾ പൊട്ടി ദ്രവിച്ചു പോയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള പൊതു കിണറുകൾ കാലാകാലങ്ങളിൽ ശുചീകരണവും, അററകുററപണികളും നടത്താത്തതുകൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല.

ഇല്ലത്തു വഴിയിൽ നിന്നുള്ള ഫീഡർലൈൻ ഞാറക്കൽ ജയ്ഹിന്ദ് മൈതാനിവരെ കൊണ്ടുവരികയും. അവിടെ ഒരു ഓവർ ഹെഡ് ടാങ്ക് പണിയേണ്ടതും ശുദ്ധജല വിതരണത്തിനു് ഒരു താല്ക്കാലിക പരിഹാരം മാത്രമായതുകൊണ്ട് മേൽപ്പറഞ്ഞ ഏതെങ്കിലും പദ്ധതികളുടെ സർക്കാർ തലത്തിലുള്ള അനുമതിയും, നടപ്പാക്കലും മാത്രമാണ് കുടിവെള്ളത്തിന്റെ കാര്യത്തിൽ ഞാറക്കൽ പഞ്ചായത്തിലും മൊത്തത്തിൽ വൈപ്പിൻ കരയിലും പൂർണ്ണമായ പരിഹാരം കണ്ടെത്തുവാനുള്ള ഏകമാർഗ്ഗം.

## പ്രശ്നങ്ങൾ

1) പഞ്ചായത്തിൽ 75% ഭാഗത്തും ശുദ്ധജലം ലഭ്യമല്ല.
2) ശുദ്ധജല വിതരണ പൈപ്പുകൾ പലതും പഴകി ദ്രവിച്ച്, പൊട്ടിക്കിടക്കുന്നതുമൂലം അതുവഴി മാലിന്യങ്ങളും ഉപ്പുജലവും കയറുന്നു.
3) പ്രാദേശികമായി ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടില്ല.
4) ആവശ്യത്തിനു ജലം പൈപ്പുകളിൽ എത്തുന്നില്ല.
5) ഒന്നിടവിട്ട ദിവസങ്ങളിലാണ് ടാപ്പുകളിൽ വെള്ളം കിട്ടുന്നത്.
6) കണ്ടെത്തിയ ഭൂഗർഭജലം പ്രയോജനപ്പെടുത്തിയിട്ടില്ല.

## സാദ്ധ്യതകൾ

1) പ്രാദേശികമായി പുതിയ ശുദ്ധ ജലസ്രോതസുകൾ കണ്ടെത്തൽ.
2) പ്രാദേശികമായി പുതിയ ഭൂഗർഭ ജലസ്രോതസുകൾ കണ്ടെത്തണം.
3) കുളങ്ങളും, കിണറുകളും നന്നാക്കുന്നതിന് ധനസഹായം ചെയ്യൽ.
4) ശുദ്ധജല വിതരണ ഫീഡർലൈൻ ഞാറക്കൽ വരെ നീട്ടി സ്ഥാപിക്കൽ.
5) ഓവർ ഹെഡ് ടാങ്ക് പണിയൽ.
6) എല്ലാ വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ പൈപ്പ് ലൈനുകളും, ടാപ്പുകളും സ്ഥാപിക്കൽ.

## പൊതുജനാരോഗ്യം

25000ത്തിൽതാഴെ ജനസംഖ്യവരുന്ന ഈ ഗ്രാമപഞ്ചായത്തിൽ ആരോഗ്യപരിപാലന രംഗത്ത്

ആവശ്യമായ വികസനം ഇന്നും ഉണ്ടായിട്ടില്ല. മുൻ കാലങ്ങളിൽ വൈദ്യൻമാരെ പലകാര്യങ്ങളിലും ആശ്രയിച്ചിരുന്നത് ഇന്നില്ല. എല്ലാവരും അലോപ്പതി, ആയുർവേദം, ഹോമിയോ മുതലായ രംഗങ്ങളിലേക്ക് മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. ആരോഗ്യ പരിപാലന രംഗത്ത് ഒരു ഗവ: ആശുപത്രിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും മാത്രമാണു നമുക്കുള്ളത്. കൂടാതെ രണ്ടു പ്രൈവറ്റ് അലോപതി ആശുപത്രികളും നാല് സ്വകാര്യ ഹോമിയോ ഡിസ്പെൻസറികളും സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും കായലോര–കടലോരങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ യാതൊരുവിധ ആരോഗ്യ പ്രവർത്തനങ്ങളും നടക്കുന്നില്ല. ഇവിടങ്ങളിൽ ഹെൽത്ത് സെൻററുകളോ, ഡിസ്പെൻസറികളോ തുടങ്ങേണ്ടതാണ്.

അലോപ്പതിക്കും ഹോമിയോപ്പതിക്കും തുല്യ പ്രാധാന്യം നല്കുന്ന ഈ കാലഘട്ടത്തിൽ ആയുർവേദ ചികിൽസാ സൗകര്യം കിട്ടുന്നതിനുവേണ്ടി ഒരു ആയുർവേദ ഡിസ്പെൻസറിയുടെ ആവശ്യകതയും വളരെ പ്രാധാന്യം ഏറിയതാണ്. എല്ലാവർക്കും ആവശ്യത്തിന് ശരിയായ രീതിയിലുള്ള കക്കൂസുകൾ ഇല്ലാത്തതിനാൽ സാംക്രമികരോഗങ്ങളും, പകർച്ചവ്യാധികളും ഉണ്ടാകുന്നു. കാനകളിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കംചെയ്യുവാനുള്ള സംവിധാനം ഇല്ലായ്കയാൽ അവ കൊതുകുകളുടെ താവളമായി മാറുകയും പലരോഗങ്ങളും പടർന്നു പിടിക്കുന്നതിന് ഇടയാകുന്നു.

## പ്രശ്നങ്ങൾ

1) കൊതുക് നിവാരണത്തിന് ശാശ്വതമായ പരിഹാരം കാണുന്നില്ല.
2) പരിസര ശുചീകരണത്തിന് ഊന്നൽ നൽകുന്നില്ല.
3) സ്കൂൾ ആരോഗ്യ പരിപാടികൾ കാര്യക്ഷമമല്ല.
4) ഡ്രൈനേജ് സൗകര്യം വർദ്ധിപ്പിച്ചിട്ടില്ല.
5) ജനസംഖ്യക്കനുസരിച്ച് സബ് സെൻററുകൾ ഇല്ല.
6) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന സ്റ്റാഫ് ഇല്ല.

## സാദ്ധ്യതകൾ

1) ഞാറക്കൽ ഗവ: ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തൽ.
2) ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കൽ.
3) ദാരിദ്ര്യരേഖക്കുതാഴെ ജീവിതം നയിക്കുന്ന എല്ലാ കുടുംബത്തിനും സൗജന്യമായി കക്കൂസ് വച്ചുകൊടുക്കൽ.
4) പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്ന വീടുകളുടേയും, കെട്ടിടങ്ങളുടേയും പ്ലാനുകളിൽ കക്കൂസുകൾ നിർബന്ധമാക്കൽ.
5) തോടുകളിലേക്കും ജലാശയങ്ങളിലേക്കും പണിതിട്ടുള്ള ഹൗസിംഗ് കക്കൂസുകളും കുഴലുകളും മാററിസ്ഥാപിക്കൽ
6) നിലവിലുള്ള പൊതു ശ്മശാനങ്ങൾ സംസ്ക്കാരത്തിന് അനുയോജ്യമായ രീതിയിൽ നവീകരിക്കൽ
7) വാഹനങ്ങൾക്ക കടന്നു ചെല്ലാവുന്ന തരത്തിൽ ആധുനിക രീതിയിൽ പൊതു ശ്മശാനത്തിലേക്ക പോകാനുതകുന്ന റോഡ് നിർമ്മാണവും കായലോരത്തു ഒരു പൊതു ശ്മശാനവും ഉണ്ടാക്കുക.
8) ജലമലിനീകരണം തടയുവാൻ പ്രായോഗിക പരിപാടികൾ തയ്യാറാക്കൽ.
9) വാർഡുകൾതോറും ആരോഗ്യ വിദ്യാഭ്യാസ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കൽ.
10) ദുർബലവിഭാഗങ്ങൾക്കവേണ്ടി വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ.
11) പൊതു ഒഴിവുതോടുകൾ വെട്ടി സാംക്രമിക രോഗങ്ങളും, പകർച്ചവ്യാധികളും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

# വിദ്യാഭ്യാസം

കൊച്ചി രാജ്യത്ത് നിലവിലുണ്ടായിരുന്ന കുടിപള്ളിക്കൂടങ്ങൾ (ആശാൻ കളരി) ക്കു പകരം ആധുനിക വിദ്യാലയങ്ങൾ സംഘടിപ്പിക്കുവാനും ബ്രിട്ടീഷ് ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ ഉയർന്ന സാക്ഷരത കൈവരിക്കാനുമുള്ള സർക്കാർ നയത്തിന്റെ ഭാഗമായി സർക്കാർ ഉടമയിൽ 1085 M. E. /1910 ൽ മലയാളം ഗേൾസ് സ്കൂൾ (പെൺപള്ളിക്കൂടം-ഇപ്പോഴത്തെ എൽ. പി. ജി.എസ്.) തുറന്നതോടെയാണ് ഞാറക്കൽ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചത്. 1913 ൽ സർക്കാർ ഉടമയിൽത്തന്നെയാണ്. ഹൈസ്കൂൾ ആരംഭിച്ചത് (അന്ന് സ്വകാര്യ സ്കൂളുകൾക്ക് സർക്കാർ ഗ്രാൻറ് ഉണ്ടായിരുന്നില്ല.) അക്കാലത്ത് കുരിശുംമുററത്ത് മാമ്പിള്ളി പൈലികുഞ്ഞിത്തോമ അവർകളുടെ വസതിയിൽ പ്രവർത്തിച്ചിരുന്ന ആംഗ്ലിക്കൻ വെർണാകുലർ സ്കൂൾ (കുടിപള്ളിക്കൂടം/ഇംഗ്ലീഷും) ഞാറക്കൽ ഹൈസ്കൂളുമായി ലയിപ്പിക്കുകയുണ്ടായി. 1916ൽ ഞാറക്കൽ സിറിയൻ കാത്തലിക്കുകൾ സ്വന്തം ചിലവിൽ പണികഴിപ്പിച്ച് സർക്കാരിനു കൊടുത്തതാണ് ഹൈസ്കൂൾ കെട്ടിടം. ഹൈസ്കൂളിലുണ്ടായിരുന്ന എൽ. പി. വിഭാഗം 1918 ൽ സെൻറ് മേരീസ് എൽ പി. സ്കൂളായി സർക്കാർ ഗ്രാൻേറാടെ ഇപ്പോഴത്തെ യു. പി. സ്കൂളിന്റെ സ്ഥാനത്തു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1917ൽ സ്ഥാപിച്ച പുലയാ സ്കൂൾ പിന്നീട് ഹൈസ്കൂൾ കോമ്പൗണ്ടിൽ രാവിലെ പ്രവർത്തിപ്പിക്കുകയും, 1941ൽ പെൺപള്ളിക്കൂടവുമായി ലയിപ്പിക്കുകയും ചെയ്തു.

ഞാറക്കൽ ഹൈസ്കൂളിലെ ആദ്യ സ്കൂൾ ഫൈനൽ ബാച്ച് 1924ൽ പരീക്ഷ എഴുതുകയും 20ൽ ആറു പേർ ജയിക്കുകയും ചെയ്തു. (മുപ്പതു ശതമാനം വിജയം) വൈപ്പിൻ കരയിൽ രണ്ടാമത് സ്ഥാപിച്ചത് ഞാറക്കൽ ഗവ: ഹൈസ്കൂളാകുന്നു. അന്നോളം ഞാറക്കൽ ഉണ്ടാക്കിയ എല്ലാ സ്ഥാപനങ്ങളുടേയും നേതൃത്വം വഹിച്ചത് കൊച്ചു വറീത് മാമ്പിള്ളി അവർകളാണ്. സഹോദരൻ അന്തോണി സൂപ്രണ്ടും, മകൻ പോൾ മാമ്പിള്ളി എം. എൽ. സി. യും എല്ലാ കാര്യങ്ങളിലും കലവറയില്ലാതെ അദ്ദേഹത്തെ സഹായിച്ചു പോന്നു. ഇവരെ കൂടാതെ മേനാച്ചേരി വറീത് ജോസഫ്, പുത്തനങ്ങാടി പൗലോ ജോസഫ്, മാമ്പിള്ളി ചാക്കോ ജോസഫ് എന്നീ മഹൽവ്യക്തികളുടെ കൂട്ടായ്മയും പ്രസ്താവ്യമാണ്.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിവിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക 11 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 11

## വിദ്യാലയ വിവരങ്ങൾ

| ക്രമ നം: | സ്കൂളിന്റെ പേര് | മേനേജ്മെൻറ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | അദ്ധ്യാപകരുടെ പരിശീലന യോഗ്യത | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | 88_89 | 91_92 | 95_96 | M | F | Total | B.Ed | T.T.C | Others |
| 1 | ജി. വി. എച്ച്. എസ്. ഞാറക്കൽ | ഗവ: | 980 | 1004 | 871 | 8 | 34 | 42 | 24 | 5 | 15 |
| 2 | എൽ.എഫ്.എച്ച്.എസ് ഞാറക്കൽ | എയ്ഡഡ് | 1007 | 974 | 1052 | 4 | 30 | 34 | 30 | — | 4 |
| 3 | ജി.എഫ്.യു പി.എസ് ഞാറക്കൽ | ഗവ: | 575 | 599 | 545 | 2 | 17 | 19 | 1 | 16 | 2 |
| 4 | സെൻറ് മേരീസ് യു.പി.എസ്. ഞാറക്കൽ | എയ്ഡഡ് | 1823 | 1787 | 1888 | 3 | 44 | 47 | 2 | 39 | 6 |
| 5 | എൽ.പി ജി എസ് ഞാറക്കൽ | ഗവ: | 104 | 73 | 79 | 1 | 3 | 4 | 1 | 2 | 1 |
| 6 | പി.സി.എൽ.പി എസ്. ഞാറക്കൽ | എയ്ഡഡ് | 264 | 254 | 218 | — | 7 | 7 | — | 7 | — |
| 7 | എസ്.കെ.വി എ എൽ പി.എസ് ഞാറക്കൽ | ,, | 267 | 216 | 131 | — | 4 | 4 | — | 4 | — |
| 8 | ഹിന്ദു എൽ.പി.എസ് ഞാറക്കൽ | ,, | 92 | 92 | 111 | — | 4 | 4 | — | 4 | — |
| | ആകെ | | 5112 | 4999 | 4895 | 18 | 143 | 161 | 58 | 75 | 28 |

126

പട്ടിക. 12

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം ഏ: സെ. | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബ്രട്ടറി | ലൈബ്ര: പുസ്ത: എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി.വി.എച്ച്.എസ്.എസ്. ഞാറക്കൽ | 1.48 | ഉണ്ട് | ഉണ്ട് | ഉണ്ട് | 10000 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 2 | എൽ.എഫ്.എച്ച്.എസ് ,, | 1.05 | ,, | ,, | ,, | 6395 | ,, | ,, | ഇല്ല | ,, | ,, | ,, |
| 3 | ജി.എഫ് യു.പി.എസ്. ,, | 1 — | ,, | ,, | ഇല്ല | 200 | ,, | ,, | ,, | ,, | ഉണ്ട് | ,, |
| 4 | സെന്റ് മേരീസ് യു. പി. എസ്. ,, | 1.50 | ,, | ,, | ,, | 1250 | ,, | ,, | ഉണ്ട് | ,, | ഇല്ല | ,, |
| 5 | എൽ പി ജി. എസ്. ,, | 0.46 | ,, | ,, | ,, | 100 | ,, | ,, | ,, | ,, | ,, | ,, |
| 6 | പി.സി.എൽ.പി.എസ്. ,, | 1 — | ,, | ,, | ,, | — | ,, | ,, | ,, | ,, | ,, | ,, |
| 7 | എസ്. കെ. വി. എ എൽ. പി. എസ്. ,, | 0.58 | ഇല്ല | ഇല്ല | ,, | — | ,, | ,, | ,, | ,, | ,, | ,, |
| 8 | ഹിന്ദു എൽ പി.എസ്. ,, | 0.14 | ,, | ,, | ,, | — | ,, | ,, | ,, | ഇല്ല | ,, | ഇല്ല |

നിലവിലുള്ള വിദ്യാലയങ്ങളിൽ ഗവ: ഫിഷറീസ് U P. സ്ക്കൂൾ ഒഴികെയുള്ള വിദ്യാലയങ്ങൾ സ്വാതന്ത്ര്യ പ്രാപ്തിക്കു മുൻപേ ആരംഭിച്ചവയാണ്. (ഗവ: ഫിഷറീസ് L P S 1942ൽ ആരംഭിച്ചിരുന്നു.) ഞാറക്കൽ ഗവ: ഹൈസ്ക്കൂൾ 1989ൽ വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂൾ ആയി ഉയർത്തയിത് ഗ്രാമത്തിലെ വിദ്യാഭ്യാസ രംഗത്തെ വലിയ പുരോഗതി ആയിരുന്നു. വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ അനുസരിച്ച് ഗവ: വിദ്യാലയങ്ങൾക്ക് ആവശ്യമുള്ള കെട്ടിടങ്ങളോ, സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. എൽ പി. ജി. എസിനും, ജി. എഫ്. യു. പി. എസിനും വൈപ്പിൻ ബ്ലോക്കിൽനിന്നും ജി. എച്ച് എസിന് വിദ്യാഭ്യാസ വകുപ്പിൽ (സർക്കാർ) നിന്നും കെട്ടിടങ്ങൾ ഉണ്ടാക്കിയെങ്കിലും ഗവ. വിദ്യാലയങ്ങളുടെ ആവശ്യത്തിന്റെ പട്ടിക വളരെ നീണ്ടതായിരുന്നു. അടിസ്ഥാന സൗകര്യങ്ങളും, അദ്ധ്യാപകരുടെ കുറവും ഗവ: സ്കൂളുകളെ അലട്ടിയപ്പോൾ സ്വകാര്യ സ്ക്കൂളുകൾക്ക് ആ പ്രശ്നമുണ്ടായില്ല. 1994ൽ 'സമ്പാദ്യം വിദ്യാഭ്യാസ വികസനത്തിന്' എന്ന പദ്ധതിയിൻകീഴിൽ ജി.വി എച്ച്.എസ്. എസിലേയും ജി. എഫ്. യു പി. എസിലേയും അദ്ധ്യാപകരും രക്ഷകർത്താക്കളും, (ഇന്ദിര വികാസ് പത്ര) വിൽപന നടത്തി ലഭിച്ച 25% കമ്മീഷൻ കൊണ്ട് സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ജി. വി. എച്ച്. എസ്. എസ് 25,69450 (ഇരുപത്തിയഞ്ചുലക്ഷത്തി അറുപത്തൊമ്പതിനായിരത്തി നാനൂററി അമ്പത്) രൂപയ്ക്കും, ജി. എഫ്. യു. പി. എസ് 1667000 (പതിനാറു ലക്ഷത്തി അറുപത്തേഴായിരം) രൂപയ്ക്കുമുള്ള ഇന്ദിര വികാസ് പത്ര വിൽപ്പന നടത്തുകയും അങ്ങിനെ ഞാറക്കൽ പഞ്ചായത്തിലെ രണ്ടു ഗവ: സ്ക്കൂളുകളും കൂടി 4236450 നാല്പത്തിരണ്ടു ലക്ഷത്തി മുപ്പത്താറായിരത്തി നാന്നൂററി അമ്പത്) രൂപ സമ്പാദിച്ച വിഹിതം കൊണ്ടാണ് സ്ക്കൂൾ വികസനം നടത്തിയത് വൈപ്പിൻകരയിലെ സഹകരണ പ്രസ്ഥാനങ്ങളുടേയും, അദ്ധ്യാപകരുടേയും ജനപങ്കാളിത്തത്തിന്റേയും കൂട്ടായ്മയുടെ ഏററവും വലിയ ഉദാഹരണമാണ്.

ഞാറക്കൽ ഒരു ഗവ: ടൈയ്ലറിംഗ് സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഔപചാരിക വിദ്യാലയങ്ങൾക്കുപുറമേ അഞ്ചു ട്യൂട്ടോറിയൽ കോളേജുകളും, മൂന്നു ടൈപ്പ് റൈററിംഗ് ഇൻസ്ററിററ്യൂട്ടുകളും, മൂന്ന് കംമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങളും

മൂന്നു സംഗീത വിദ്യാലയങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. ഇതിനു പുറമേ രണ്ട് ഐ. ടി. സി. കളും പ്രവർത്തിക്കുന്നുണ്ട്. ഞാറക്കൽ പള്ളിയുടെ കീഴിലുള്ള മേരിമാതാ കോളേജ് പാരലൽ കോളേജാണെങ്കിലും ഒരു ജൂനിയർ കോളേജിൻെറ നിലവാരത്തിൽ പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും എറണാകുളം കൊച്ചി ഭാഗത്തുള്ള കോളേജുകളിലേക്കും സാങ്കേതിക സ്ഥാപനങ്ങളിലേക്കുമാണ് ഗ്രാമത്തിലെ വിദ്യാർത്ഥികൾ പോകുന്നത്.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 11ൽ കൊടുത്തിരിക്കുന്നു. ഇതിനു പുറമേ നൂറോളം കുട്ടികൾ സമീപസ്ഥ പഞ്ചായത്തുകളിലെ എളങ്കുന്നപ്പുഴ ഹയർ സെക്കൻററി സ്കൂൾ, എടവനക്കാട് കെ. പി. എം. എച്ച്. എസ്. എന്നിവിടങ്ങളിൽ പഠിക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ 250 ഓളം കുട്ടികൾ നായരമ്പലത്തും, വൈപ്പിനിലുമുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പഠിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

കഴിഞ്ഞ ഏഴുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഭൂരിഭാഗം സ്കൂളുകളിലും കുട്ടികൾ കുറയുന്നതായി കാണാം. ജനന നിരക്കിലെ കുറവാണ് ഇതിനു കാരണം. പഞ്ചായത്തിലെ കുട്ടികളുടെ 80% ൽ കൂടുതലും സെൻറ് മേരീസിലും, എൽ. എഫ്. എച്ച്. എസിലും പഠിക്കുന്നതായി കാണാം. വിദ്യാർത്ഥികളുടെ എണ്ണം ഏററവും കുറഞ്ഞിരിക്കുന്നത് ഗ്രാമത്തിൽ ആദ്യം തുടങ്ങിയ എൽ. പി. ജി. എസിലാണ്. ഇത് അൺ ഇക്കണോമിക്സ് സ്കൂളായി പ്രഖ്യാപിച്ചിരിക്കുകയാണ്.

എൽ. എഫ്. എച്ച്. എസിലാണ് S. S. L. C ക്കു നല്ല വിജയ ശതമാനമുള്ളത്. 2000 ത്തിൽ താഴെ കുട്ടികൾ പഠിക്കുന്ന സെൻറ് മേരീസ് യു. പി. എസിലാണ് ഏററവും കൂടുതൽ കുട്ടികൾ പഠിക്കുന്നത്. എന്നാൽ 550 ൽ താഴെ കുട്ടികൾ പഠിക്കുന്ന ഗവ: ഫിഷറീസ് യു പി. എസ് ആണ് വൈപ്പിൻ സബ് ജില്ലയിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏററവും നല്ല നിലവാരം പുലർത്തുന്ന യു. പി. എസ്. എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ ഈ വർഷത്തെ സയൻസ് മൽസരങ്ങളിൽ പോലും ഈ സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

സർക്കാർ ഹൈസ്കൂൾ പഞ്ചായത്തിൻെറ വടക്കേഅററത്തും ലിററിൽഫ്ളവർ ഹൈസ്കൂൾ അവിടെ നിന്ന് 600 മീററർ തെക്കുമാണ്. നിലവിലുള്ള വിദ്യാലയങ്ങളുടെ ദൂരപട്ടിക 13ൽ കൊടുക്കുന്നു.

പട്ടിക 13

## സ്കൂളുകളിലേക്കുള്ള ശരാശരി ദൂരം

| തരം | ശരാശരിദൂരം കി. മീ. | പരമാവധി ദൂരം കി. മീ. |
|---|---|---|
| ലോവർ പ്രൈമറി സ്കൂൾ | 0.700 | 1.750 |
| അപ്പർ പ്രൈമറി സ്കൂൾ | 2.500 | 3.000 |
| ഹൈസ്കൂൾ | 2.600 | 3.200 |

വിദ്യാലയ സർവേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അദ്ധ്യാപകരിൽ 88.81% സ്ത്രീകളാണെന്നാണ്. അദ്ധ്യാപകർ മിക്കവാറും എല്ലാവരും തന്നെ ആവശ്യത്തിന് ഇൻ–സർവീസ് ട്രെയിനിംഗ് കഴിഞ്ഞവരാണ്. പാചകമുറിയില്ലാത്ത രണ്ടു സ്കൂളുകളും, വൈദ്യുതി കണക്ഷനില്ലാത്ത ഒരു സ്കൂളും മാത്രമേയുള്ളു. സ്കൂളുകളിലെ അടപ്പുകൾ ദക്ഷത കൂടിയവയല്ല. കളിസ്ഥലം, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ എല്ലാ വിദ്യാലയങ്ങളിലും ഇല്ല. എന്നാൽ ജയ്ഹിന്ദ് മൈതാനി പൊതു കളിസ്ഥലമായി ഉപയോഗിച്ചു വരുന്നു.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലെങ്കിലും 1996ലെ S S L C വിജയ ശതമാനം കാണിക്കുന്നത് L F H S ബഹുദൂരം മുന്നിലാണെന്നാണ്. സർക്കാർ ഹൈസ്കൂളിൽ 26 7%ഉം എൽ. എഫ്. എച്ച്. എസിൽ 85.03% വുമാണ്, ഈ വർഷത്തെ വിജയം. വി. എച്ച്. എസ് എസിലെ SSLC വിജയ ശതമാനം കുറവാണെങ്കിലും, V H S C ൻെറ വിജയ ശതമാനം തൃപ്തികരമാണ്. 1994ൽ ജില്ലയിലെ ഏററവും കൂടുതൽ റിസൽട്ട് (61%) ഈ സ്കൂളിനാകുന്നു. തുടർന്ന് 95ൽ 56% ഉം, 96ൽ 54% ഉം വിജയം കണ്ടെത്തി.

128

പട്ടിക 14

**ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ SSLC വിജയ ശതമാനം**

| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 1989 | 172 | 60 | 34.88 |
| 1990 | 193 | 64 | 33.16 |
| 1991 | 162 | 81 | 50 |
| 1992 | 222 | 124 | 55.85 |
| 1993 | 198 | 88 | 44.44 |
| 1994 | 212 | 91 | 42.92 |
| 1995 | 191 | 98 | 51.30 |
| 1996 | 213 | 57 | 26.76 |

പട്ടിക 15

**ലിററിൽ ഫ്ളവർ ഹൈസ്കൂളിലെ SSLC വിജയ ശതമാനം**

| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 1989 | 259 | 214 | 82.62 |
| 1990 | 299 | 265 | 81.06 |
| 1991 | 295 | 273 | 92.54 |
| 1992 | 260 | 229 | 88.07 |
| 1993 | 276 | 255 | 92.39 |
| 1994 | 301 | 274 | 91.02 |
| 1995 | 266 | 237 | 89.09 |
| 1996 | 294 | 250 | 85.03 |

സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിലുള്ള 14 അംഗൻവാടികളും, 4 നേഴ്സറി സ്കൂളുകളുമടക്കം മൊത്തം 18 ശിശു വിദ്യാലയങ്ങളാണ് ഇപ്പോൾ ഞാറക്കലുള്ളത്. പട്ടികജാതി വികസന വകുപ്പിൻെറ കീഴിൽ ഒരു നേഴ്സറി സ്കൂളും, ബാക്കി മൂന്ന് പ്രൈവററ് നേഴ്സറി സ്കൂളുമാണ്.

പട്ടിക 16

**അംഗൻവാടികളുടെ വിവരങ്ങൾ**

| ക്രമ നം: | അംഗൻവാടികളുടെ പേര് | നമ്പർ | വാർഡ് | കുട്ടികളുടെ എണ്ണം | വർക്കേഴ്സ് | | വർക്കറുടെ വിദ്യാഭ്യാസ യോഗ്യത | പരിശീലനം |
|---|---|---|---|---|---|---|---|---|
| | | | | | വർക്കർ | ഹെൽപ്പർ | | |
| 1 | സെൻറ് ആൻറണീസ് | 55 | 1 | 37 | 1 | 1 | SSLC | ,, |
| 2 | ഷൺമുഖ വിലാസം | 56 | 2 | 23 | 1 | 1 | ,, | ,, |
| 3 | സൂര്യ | 57 | 3 | 40 | 1 | 1 | ,, | ,, |
| 4 | ചിത്ര | 59 | 4 | 55 | 1 | 1 | ,, | ,, |
| 5 | സരിത | 60 | 5 | 69 | 1 | 1 | ,, | ,, |
| 6 | അനശ്വര | 58 | 6 | 47 | 1 | 1 | ,, | ,, |
| 7 | ഇന്ദിര | 61 | 6 | 29 | 1 | 1 | ,, | ,, |
| 8 | അമൃത | 62 | 7 | 56 | 1 | 1 | ,, | ,, |
| 9 | ദീപ്തി | 63 | 8 | 39 | 1 | 1 | ,, | ,, |
| 10 | ചൈതന്യ | 64 | 8 | 70 | 1 | 1 | ,, | ,, |
| 11 | പ്രതിഭ | 65 | 9 | 47 | 1 | 1 | ,, | ,, |
| 12 | നവോദയ | 66 | 9 | 65 | 1 | 1 | ,, | ,, |
| 13 | ഐശ്വര്യ | 67 | 10 | 59 | 1 | 1 | ,, | ,, |
| 14 | ഉദയാ മഹിളാസമാജം | 109 | 4 | 37 | 1 | 1 | ,, | ,, |

പട്ടിക_17

## അംഗൻവാടി സൗകര്യങ്ങൾ

| ക്രമ നമ്പർ | അംഗൻവാടികളുടെ പേര് | നമ്പർ | കെട്ടിടം | വിസ്തീർണ്ണം | കളിക്കോപ്പുകൾ | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കിണർ | കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|---|---|
| 1 | സെൻറ് ആൻറണീസ് | 55 | ഉണ്ട് | 4 സെൻറ് | — | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | — |
| 2 | ഷൺമുഖ വിലാസം | 56 | ഇല്ല | — | — | — | — | — | — | വാടകക്കെട്ടിടം |
| 3 | സൂര്യ | 57 | ,, | — | — | — | — | — | — | ,, |
| 4 | ചിത്ര | 59 | ,, | — | — | — | — | — | — | ,, |
| 5 | സരിത | 60 | ഉണ്ട് | 2 സെൻറ് | — | — | — | — | — | — |
| 6 | അനശ്വര | 58 | ഇല്ല | — | — | — | — | — | — | വാടകക്കെട്ടിടം |
| 7 | ഇന്ദിര | 61 | ,, | — | — | — | — | — | — | ,, |
| 8 | അമൃത | 62 | ഉണ്ട് | 4 സെൻറ് | — | — | — | — | — | — |
| 9 | ദീപ്തി | 63 | ഇല്ല | — | — | — | — | — | — | SKVALP സ്കൂളിൽ |
| 10 | ചൈതന്യ | 64 | ,, | 2 സെൻറ് | — | — | — | — | — | വാടകക്കെട്ടിടം |
| 11 | പ്രതിഭ | 65 | ഉണ്ട് | 4 സെൻറ് | — | — | — | — | — | — |
| 12 | നവോദയ | 66 | ,, | ,, | — | — | — | — | — | — |
| 13 | ഐശ്വര്യ | 67 | ഇല്ല | — | — | — | — | — | — | G.F.U.P. സ്കൂളിൽ |
| 14 | ഉദയാ മഹിളാ സമാജം | 109 | ഉണ്ട് | 6.6 സെ: | — | — | — | — | — | — |

## പ്രശ്നങ്ങൾ

1 ഞാറക്കൽ ഗവ: ഹൈസ്ക്കൂളിൽ S S L C വിജയ ശതമാനം കുറവാണ്. സ്ക്കൂളിൻെറ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുകയും, മെച്ചപ്പെട്ട അദ്ധ്യാപകരുണ്ടായിട്ടും റിസൽട്ട് കുറയുന്നു.

2 രണ്ട് എൽ പി. സ്ക്കൂളുകളുടെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.

3 രണ്ട് സ്ക്കൂളുകളിൽ കുട്ടികൾ വളരെ കുറവാണ്. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാദ്ധ്യത എല്ലാ സ്ക്കൂളുകളിലും നിലനിൽക്കുന്നു. എൽ. പി. ജി. എസ്, അൺ_ഇക്കണോമിക്സ് സ്ക്കൂളായി പ്രഖ്യാപിച്ചിരിക്കുകയാണ്.

4 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്നതിനുള്ള പ്രവണത വളരെ വർദ്ധിക്കുന്നുണ്ട്.

5 വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിന് സ്ഥിരം അദ്ധ്യാപകരില്ലാത്തത് ആ കോഴ്സിനെ ബാധിക്കുന്നു.

6 സ്ക്കൂൾ വിദ്യാർത്ഥികളുടെ നിരക്ഷരത കുറക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇപ്പോഴും ഗണ്യമായ അളവിൽ നിലനിൽക്കുന്നു. ഗവ: ഹൈസ്ക്കൂളിൽ SSLC ക്കു പഠിക്കുന്ന കുട്ടികളിൽ പോലും ഇതൊരു വലിയ പ്രശ്നമാണ്.

7 ശിശു വിദ്യാഭ്യാസത്തിന് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

8 നിലവിലുള്ള അംഗൻവാടികളിൽ 8 എണ്ണത്തിന് കെട്ടിടമില്ല.

9 സ്കൂളുകളിലും, അംഗൻവാടികളിലും ആവശ്യത്തിന് പാഠനോപകരണങ്ങളില്ല.

10 അനൗപചാരിക വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള പരിപാടികൾ ഏതാണ്ട് നിലച്ച മട്ടാണ്.

11 കലാകായിക അഭ്യാസത്തിനു വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

12 പഞ്ചായത്തിലുള്ള ഗവ: ടൈലറിംഗ് സ്കൂളും, I T C കളും, സാങ്കേതിക വിദ്യാഭ്യാസത്തിന് പര്യാപ്തമല്ല.

## സാദ്ധ്യതകൾ

1 പഞ്ചായത്ത് കമ്മററി അതാതു വർഷത്തെ വിദ്യാഭ്യാസ കരടു പദ്ധതി അംഗീകരിക്കുകയും ആയത് HM കോൺഫറൻസിൽ അംഗീകരിക്കപ്പെടുകയും ചെയ്യണം.

2 പഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ച് പദ്ധതി നടപ്പാക്കണം.

3 സർക്കാർ ഹൈസ്കൂളിലെ പഠന നിലവാരവും, SSLC വിജയ ശതമാനവും ഉയർത്തുന്നതിനുള്ള പ്രൊജക്ടിൻെറ ഭാഗമായി ക്യാമ്പ് പഠനം നടത്തുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണത്തിന് സാമ്പത്തിക സമ്പായം നൽകണം.

4 വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ ശില്പശാല നടത്തണം.

5 പ്രധാന ദിനാചരണങ്ങൾ ആസൂത്രണം ചെയ്യണം.

6 പഠനോപകരണങ്ങൾ ഉണ്ടാക്കുവാനുള്ള ശില്പശാല നാട്ടുകാരുടെ പങ്കാളിത്തത്തോടു കൂടി നടത്തണം.

7 പാഠ്യേതര വിഷയങ്ങൾക്കു വേണ്ടി സാമ്പത്തിക സഹായം ചെയ്യണം.

8 ഓഡിയോ വിഷൻ പരിപാടികൾ സിലബസിൻെറ അടിസ്ഥാനത്തിൽ ഉണ്ടാക്കി പഠനം സജീവമാക്കണം.

9 ഇൻേറണൽ മൂല്യനിർണ്ണയം പഞ്ചായത്തടിസ്ഥാനത്തിൽ നടത്തണം. മൂല്യനിർണ്ണയത്തെക്കുറിച്ച് ശരിയായ ധാരണ ഉണ്ടാക്കണം.

10 പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ കോംപ്ലക്സുകൾ സജീവമാക്കണം.

11 സ്കൂൾ കാർഷിക പരിപാടി സജീവമാക്കണം.

12 കൂടുതലായി പുതിയ അംഗനവാടികൾ സ്ഥാപിക്കണം.

# സാംസ്കാരം

പൗരാണിക കാലങ്ങളിൽ ഉയിരെടുത്ത വേദങ്ങളും പുരാണേതിഹാസങ്ങളും, കലാസാഹിത്യ രൂപങ്ങളും ഇവയെല്ലാം ആത്യന്തികമായി മാനവ സമൂഹത്തെ ലാക്കാക്കി സൃഷ്ടിക്കപ്പെട്ടവയാണ്. മനുഷ്യൻ സാമൂഹ്യജീവിയാണ്. സമൂഹജീവിതത്തിന് പ്രാപ്തരാക്കുന്നതോടൊപ്പം അവനിൽ നന്മയുടേയും സാത്വികാംശങ്ങളുടേയും ഭാവനിർമലതകളും പ്രസ്ഫുടമാക്കാൻ കഴിയുന്നതിനാലാണ് കലകളുടെയെല്ലാം മർമ്മവും ആന്തരീകമഹത്വവും വെളിവാകുന്നത്. ഇരുളടഞ്ഞ വിശ്വാസസംഹിതകളുടെ, കാലഹരണപ്പെട്ടുപോയ ആചാരവിചാരങ്ങളുടെ അഴുക്ക്ക്കൂട്ടിൽ കുടുങ്ങി സമൂഹത്തിന്റെ നൈരന്തര്യാവസ്ഥയ്ക്ക് തികച്ചും പ്രതികൂലമായി കിടക്കുന്ന ജനവിഭാഗങ്ങളെ ഉണർത്തേണ്ടതും വളർത്തേണ്ടതും അവരെ സാംസ്കാരികമായി അടുപ്പിക്കേണ്ടതും അത്യാവശ്യമാണ്. ഇവിടയേ സമൂഹത്തിന്റെ ഉൾക്കരുത്തും അഭ്യുന്നതിയും ഐക്യരൂപപ്പെടുകയുള്ളു.

കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഭിന്നമായി ഒന്നും നമ്മുടെ ഞാറക്കൽ ഗ്രാമപഞ്ചായത്തിനെക്കുറിച്ച് പറയാനില്ല. പഴയ കൊച്ചീരാജ്യത്തിന്റെ പ്രധാന ഗ്രാമങ്ങളിലൊന്നായിരുന്നു ഞാറക്കൽ. വിവിധ മത–ജാതി വിഭാഗങ്ങളും അധിവസിക്കുന്ന നമ്മുടെ ഈ ഗ്രാമം മത സൗഹാർദ്ദത്തിന് എന്നും മാതൃകയായിരുന്നു.

ഏതാണ്ട് മുക്കാൽ നൂററാണ്ടിന് മുൻപേ ഒരു ഗ്രന്ഥശാല നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. ആദ്യം ഹൈസ്കൂളിന്റെ ഭാഗത്തായി പ്രവർത്തിച്ചിരുന്ന ഈ ലൈബ്രറി ഗ്രാമസമൂഹത്തിന്കൂടി പ്രയോജനപ്പെടുന്ന രീതിയിൽ കൊച്ചീ രാജാവ് പ്രത്യേക തീട്ടുരപ്രകാരം പൊതുജനാവശ്യത്തിന് വേണ്ടി വിട്ടുകൊടുക്കുകയും വർഷങ്ങൾക്ക്ശേഷം ഒരു ജനകീയ സമിതിയെ ഏൽപ്പിക്കുകയുംചെയ്തു. ഞാറയ്ക്കൽ ഗ്രാമീണവായനശാല എന്ന് നാമകരണം ചെയ്തു. ഈ വായനശാലയുടെ ആദ്യ സെക്രട്ടറിയായ് ശ്രീ. C. K. വാസുമാസ്റ്റർ അവർകളും പ്രസിഡൻറായി ശ്രീ. വെട്ടുവേലി രാമൻമേനോനും, ലൈബ്രേറിയനായി ശ്രീ. കുമാരപിള്ളയുമാണ് പ്രവർത്തിച്ചിരുന്നത്. ഈ സമയത്ത് രജിസ്ട്രാഫീസ് കോമ്പൗണ്ടിലുള്ള P. W. D. വക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഇതിനുശേഷം ശ്രീ. ദേവസി എ. വാളൂരാൻ ഈ പഞ്ചായത്തിന്റെ പ്രസിഡൻറായിരിക്കേ 1961–ൽ ഈ ലൈബ്രറി പഞ്ചായത്തിന് വിട്ട്കൊടുക്കാൻ തീരുമാനം എടുത്തെങ്കിലും 1963 ലാണ് പഞ്ചായത്ത് ഏറെറടുത്തത്. പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ ഈ വായനശാല പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് ഏറെറടുക്കുമ്പോൾ ഏതാണ്ട് ആയിരത്തോളം പുസ്തകമുണ്ടായിരുന്ന ഈ ലൈബ്രറിയിൽ ഇന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ പൂർവോളിയവും, ഗാന്ധിയൻ സാഹിത്യ കൃതികളുടെ സമാഹാരം മുതലായ റഫറൻസ് ഗ്രന്ഥങ്ങളുൾപ്പെടെ ഏതാണ്ട് പതിനായിരത്തോളം പുസ്തകങ്ങളുണ്ട്. ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം സാമൂഹ്യ മാററത്തിനും സാംസ്കാരിക വളർച്ചക്കും വിലയേറിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

സാമൂഹ്യമാററത്തിനും ജാതിവ്യവസ്ഥക്കും എതിരെ പല പ്രസ്ഥാനങ്ങളും രൂപംകൊണ്ടിരുന്നു. ശ്രീനാരായണഗുരുവും ശ്രീനാരായണ പ്രസ്ഥാനവും ഇതിൽ മുഖ്യപങ്ക് വഹിച്ചിരുന്നു. "ജാതിഭേദമില്ലാതിരിക്കുക" എന്ന അദ്ദേഹത്തിന്റെ ദർശനസത്ത ഈ ഗ്രാമവാസികളേയും ആഴത്തിൽ സ്വാധീനിച്ചിരുന്നു. ശ്രീനാരായണഗുരുവിൽനിന്നെന്നപോലെ ബുദ്ധമതത്തിൽനിന്നും, വോൾട്ടയർ, മാർക്സ്, റസ്സൽ തുടങ്ങിയ ചിന്തകരിൽനിന്നും ആശയങ്ങൾ ഉൾക്കൊണ്ട ചെറായിയിൽ ജനിച്ച സഹോദരനയ്യപ്പൻ മനുഷ്യരെല്ലാം "സഹോദരന്മാരാ"ണെന്ന ആശയം പ്രചരിപ്പിച്ചത് നമ്മുടെ ഗ്രാമത്തിലും ചലനങ്ങളുണ്ടാക്കി.

അതികായമായ സാഹിത്യ വൃക്ഷത്തിന്റെ പല പ്രൗഢശാഖകളിൽ ജീവസ്സുറെറാരു ശാഖയാണ് നാടകം. അത് സാമൂഹ്യമാററത്തിന് മറേറതിനേക്കാളും നിർണ്ണായകമായ പങ്ക്വഹിച്ചിട്ടുണ്ട്.

1930 കളിൽ ശ്രീ. അമ്മുണ്ണിഭാഗവതരുടെ നേതൃത്വത്തിൽ ഗോശ്രീനടനസഭ, പ്രസിദ്ധ ചിത്രകാരനായ ഷെവലിയർ പി. ജെ. ചെറിയാൻമാസ്റ്ററുടെ നേതൃത്വത്തിൽ സന്മാർഗ്ഗവിലാസം നടനസഭ എന്നീ രണ്ട് നാടകസംഘങ്ങളും പ്രവർത്തിച്ചിരുന്നു. കേവലം മൂന്നോ നാലോ പ്രസിദ്ധമായ നാടക സംഘങ്ങളുണ്ടായിരുന്ന തിരു-കൊച്ചിപ്രദേശത്ത് സന്മാർഗ്ഗവിലാസം നടനസഭക്ക് പ്രമുഖ സ്ഥാനമുണ്ടായിരുന്നു. മിശിഹാചരിത്രം, St. സെബാസ്റ്റ്യൻ, സ്ഥാപകയോഹന്നാൻ, ഏദയബന്ധം, അന്ധൻ എന്നീ നാടകങ്ങളും രാജ്യത്തുടനീളം അവതരിപ്പിച്ച് ഖ്യാതിനേടി. അതിപ്രശസ്തരായ നടീനടന്മാരെ വാർത്തെടുക്കാൻ ഈ സമതിക്ക് കഴിഞ്ഞിട്ടുണ്ട്.

"കേരളകിട്ടപ്പ" എന്ന ബഹുമതിയിൽ അറിയപ്പെട്ട ഞാറക്കൽ ശ്രീധരൻ ഭാഗവതർ, ശ്രീ. അമ്മുണ്ണി ഭാഗവതർ ശ്രീനാരായണദാസ് എന്നിവർ ഞാറക്കൽ നിവാസികളായിരുന്നു.

1946-ൽമറെറാരു ചരിത്ര മുഹൂർത്തത്തിനുകൂടി ഞാറക്കൽ നിവാസികരം സാക്ഷികളായി, മലയാള സിനിമയുടെ ആദ്യത്തെ മലയാളി പ്രൊഡ്യൂസർ ഞാറക്കൽ സ്വദേശിയായ ശ്രീ. പി. ജെ ചെറിയാനായിരുന്നു. മാത്രമല്ല ഒന്നാമത്തെ സംസാരിക്കുന്ന സിനിമ നിർമ്മിച്ചയാരം എന്ന ബഹുമതികൂടി ശ്രീ. പി. ജെ ചെറിയാനുള്ളതാണ്. അദ്ദേഹം കേരള ടാക്കീസ് എന്ന ബാനറിൽ നിർമ്മിച്ച "നിർമ്മല" എന്ന ചിത്രത്തിൽ നായകനും നായികയും അദ്ദേഹത്തിന്റെ മകൻ ജോസഫ് ചെറിയാനും മരുമകരം ബേബി ചെറിയാനുമായിരുന്നു. കലാപ്രവർത്തനങ്ങളോട് പൊതുവേ വിമുഖത പുലർത്തിയിരുന്നയാളുകളുടെ വിമർശനങ്ങരം വകവയ്ക്കാതെ ശ്രീ. പി. ജെ. ചെറിയാൻ തന്റെ കലാപ്രവർത്തനം മുന്നോട്ട് കൊണ്ടുപോയി. അദ്ദേഹവും ബന്ധുക്കളും ചേർന്ന് ഞാറക്കൽ "ഹെർമ്മീസ്" തീയേററർ എന്ന പ്രദർശനശാല ഉണ്ടാക്കി. അവിടെ സിനിമകളും നാടകങ്ങളും അരങ്ങേറി "സ്നേഹസീമ" എന്ന സിനിമയിൽ ഒരു വൈദീകന്റെ വേഷം അവതരിപ്പിച്ച ശ്രീ. ചെറിയാൻ നല്ല നടനാണെന്നും തെളിയിച്ചു. മലയാള നാടകത്തിന്റേയും സിനിമയുടേയും വളർച്ചക്ക് ത്യാഗപൂർണ്ണമായ സേവനം അർപ്പിച്ച ചരിത്രപുരുഷനാണ് ആർട്ടിസ്ററ് പി. ജെ. ചെറിയാൻ.

ചെറിയാൻമാസ്റ്ററുടെ കുടുംബാംഗമായ ശ്രീ. പി എ. തോമാസിനെക്കുറിച്ചും ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. പ്രസിദ്ധ സിനിമാ നിർമ്മാതാവും സംവിധായകനും നടനുമായിരുന്ന ശ്രീ. പി. എ. തോമസ്. സിനിമാനിർമ്മാണം തുടങ്ങുന്നതിനു മുമ്പ് "ലളിതകലാസമിതി" എന്ന പേരിൽ ഒരു നാടക സംഘവുമുണ്ടായിരുന്നു. ശ്രീ. പി. എ. തോമസ് നിർമ്മിച്ച്, സംവിധാനം ചെയ്ത് അഭിനയിച്ച കുടുംബിനി, സ്റേറഷൻമാസ്ററർ, വനമാല, സെൻറ് തോമസ് എന്നീ ചിത്രങ്ങരം ശ്രദ്ധിക്കപ്പെട്ടു. ശ്രീ. പി. എ തോമാസിന്റെ ജ്യേഷ്ഠസഹോദരൻ പി. എ. ജോസഫ് പ്രധാന രംഗത്തും, പത്രപ്രവർത്തന രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച ഒരാളായിരുന്നു. ഗ്രീൻ പബ്ലിഷേഴ്സ് എന്ന പേരിൽ ഒരു സ്ഥാപനം അദ്ദേഹം നടത്തിയിരുന്നു. പെരുമ്പിള്ളി മന്ത്രഫ്രാൻസീസ് അക്കാലത്തെ പേരുകേട്ട വാസ്തുശില്പിയായിരുന്നു.

## ചവിട്ടുനാടകം

ക്ഷേത്രകലകളായ കൃഷ്ണനാട്ടത്തിനും കൂടിയാട്ടത്തിനും പകരമായി ക്രിസ്തീയ ദേവാലയങ്ങളിൽ അവതരിപ്പിക്കാനുള്ള ഉദ്ദേശത്തോടുകൂടി മെനഞ്ഞെടുത്ത കലാരൂപമാണ് ചവിട്ടുനാടകം. ആരംഭ ദശയിൽത്തന്നെ ഒന്നിലേറെ ചവിട്ടുനാടക സംഘങ്ങരം ഈ ഗ്രാമത്തിൽ സജീവമായിരുന്നു. അവതരിപ്പിച്ചിരുന്ന കാറൽസ്മാൻ, അൽഫോൺസ്, എന്നീ നാടകങ്ങരം ആയിരങ്ങളെ ആകർഷിച്ചിരുന്നു. നാഷ്ണൽ അവാർഡു ജേതാവായ ജി. അരവിന്ദർ സംവിധാനം ചെയ്ത കുമ്മാട്ടി എന്ന സിനിമയിൽ ശ്രീ. ജോസഫിന്റെ നേതൃത്വത്തിൽ ഞാറക്കലിൽനിന്നുള്ള സംഘം ചവിട്ടുനാടകം അവതരിപ്പിക്കുകയുണ്ടായി.

## പാവകളി

കണ്ണങ്ങനാട്ട് മാധവനാശാന്റെ ശിക്ഷണത്തിൽ ഒരു പാവകളി സംഘം കഴിഞ്ഞ കാലങ്ങളിൽ ഇവിടെ പ്രവർത്തിച്ചിരുന്നു. പലപ്രദേശങ്ങളിലും പാവകളി പ്രദർശനവുമായി പര്യടനം നടത്തിയിട്ടുണ്ട്.

## കോലുകളി

ഒന്നിലേറെ കോലുകളി സംഘങ്ങരം ഇവിടെയുണ്ടായിരുന്നു.

133

## ഓണക്കളി

ഓണക്കളിക്ക് വളരെനാരം മുമ്പേ നമ്മുടെ നാട്ടിൽ പ്രചാരണമുണ്ടായിരുന്നു. ഇതു് തികച്ചും ഒരു ജനകീയ കലാരൂപമായിരുന്നു. കുമാരനാശാൻേറയും, വള്ളത്തോളിൻേറയും, ചങ്ങമ്പുഴയുടേയും, കെടാമംഗലം പപ്പുക്കുട്ടിയുടേയും ഖണ്ഡകാവ്യങ്ങൾ ഓണക്കളിക്ക് പുതിയ ചൈതന്യം പകർന്നു.

ഐവർകളി, പരിചമുട്ടുകളി, ഉടുക്കുപാട്ട്, ചെണ്ടമേളം എന്നീ നാടൻ കലകളും, ശങ്കുണ്ണിപാപ്പ ആശാൻെറ കീഴിൽ പെൺകുട്ടികളുടെ പഞ്ചവാദ്യ സംഘവും ഇവിടെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നു.

## ഉൽസവങ്ങൾ

ക്ഷേത്രങ്ങളിലും പള്ളികളിലും വളരെ ഭംഗിയായ ഉത്സവങ്ങളും തിരുനാളാഘോഷങ്ങളും നടക്കാറുണ്ട്. ധാരാളം നാടകങ്ങളും, ഗാനമേളകളും, കഥാപ്രസംഗങ്ങളും, ബാലെകളും അവതരിപ്പിക്കപ്പെടാറുണ്ട്. ജാതിമതഭേദ ചിന്തകൾ മറന്ന് എല്ലാ വിഭാഗക്കാരും ആഘോഷങ്ങൾ ഗംഭീരമാക്കാൻ സഹകരിക്കുന്നുണ്ട്. സാമൂഹ്യ ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കാൻ സഹായകരമാണ് ഈ ആഘോഷങ്ങൾ. ഉത്സവങ്ങളോടനുബന്ധിച്ച് ചിലയിടങ്ങളിൽ സാംസ്ക്കാരിക സമ്മേളനങ്ങളും നടത്താറുണ്ട്.

സ്വാതന്ത്ര്യത്തിനുശേഷം പുതുതായി ചില സാംസ്ക്കാരിക സംഘങ്ങൾ രൂപംകൊണ്ടു. ഈ സംഘടനകൾ നിരന്തരമായി സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപ്പെടുകയും, വാർഷികാഘോഷങ്ങളോടനുബന്ധമായി സാംസ്ക്കാരിക സമ്മേളനങ്ങളും, കലാകായിക മത്സരങ്ങളും സംഘടിപ്പിക്കാറുണ്ടായിരുന്നു. കേരളാടിസ്ഥാനത്തിൽ തന്നെ ഏകാങ്കനാടക മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. സംഘടനയുടെ അംഗങ്ങൾ അവതരിപ്പിച്ചിരുന്ന അമേച്വർ നാടകങ്ങൾ വാർഷികാഘോഷങ്ങളുടെ അവസാനഇനമായിരുന്നു. ഈ കാലഘട്ടം സാംസ്ക്കാരിക വളർച്ചയുടെ സുവർണ്ണകാലം എന്ന് വിശേഷിപ്പിക്കാം. പുരോഗമന ചിന്തകളുടെ സ്ഫുലിംഗങ്ങൾ മനുഷ്യ മനസുകളിൽ ജ്വലിപ്പിക്കാൻ നാടകങ്ങൾക്ക് കഴിഞ്ഞിരുന്നു.

നമ്മുടെ നാട്ടിൽ മേല്പറഞ്ഞതരത്തിലുള്ള കലാസമിതികൾ ധാരാളമുണ്ടായിരുന്നെങ്കിലും ചില പേരുകൾ എടുത്തുപറയുന്നു. ശില്പശാല, പ്രോഗ്രസ്സീവ് ആർട്ട്സ്ക്ലബ്ബ്, കളിയരങ്ങ്, സീസ്ലിയൻ ആർട്ട്സ്ക്ലബ്ബ്, നോവൽ തീയറേഴ്സ്, വ്യാസ കലാകേന്ദ്രം, വാണിശ്രീ കലാമന്ദിർ, പ്രൊഫഷണൽ നാടക സംഘമായ രംഗശ്രീ, ശ്രീരാഗം തിയേറേഴ്സ്. വിവിധ കാരണങ്ങളാൽ ഇവയെല്ലാം നിഷ്ക്രിയമാണ്. ഈ കാലഘട്ടത്തിൽ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഓജസ്സ് പകർന്ന ചിലരുടെ പേരുകൾ സർവ്വശ്രീ ആർട്ടിസ്റ്റ് സി. ടി. റാഫേൽ, ആർട്ടിസ്റ്റ് ഡാനിയൽ, സംഗീതജ്ഞൻ മാസ്ററർ ജോസ് തുടങ്ങിയവർ. ശ്രീ. വി. വി. ഗിരി പ്രസിഡൻറായിരിക്കെ കേരള സന്ദർശനത്തിനെത്തിയപ്പോൾ, കന്യാകുമാരിമണലും, പശയും ചേർത്ത് റാഫേൽ മാസ്ററർ പ്രസിഡൻറിൻെറ ഛായാചിത്രമുണ്ടാക്കി അദ്ദേഹത്തിനു് സമ്മാനിച്ചതിൻെറ പാരിതോഷികമായി ഒരു പ്രശംസാപത്രവും സ്ഥാനവടിയും അദ്ദേഹത്തിനു് ലഭിച്ചു.

നവോത്ഥാന കാലഘട്ടത്തിൽ കേരളത്തിലെ സമരനായകനായ എ. കെ. ജി.യുടെകൂടെ കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് വിപ്ലവഗാനങ്ങൾപാടി ജനങ്ങളെ കോരിത്തരിപ്പിച്ച ശ്രീ. ഞാറക്കൽ തങ്കപ്പൻ നമ്മുടെ ഗ്രാമത്തിൻെറ സംഭാവനയാണ്.

## നിലവിലുള്ള സാംസ്ക്കാരിക സംഘടനകൾ

ലവേഴ്സ് ആർട്ട്സ് ക്ലബ്ബ് & റീഡിംഗ്റൂം, പ്രിയദർശിനി വായനശാല, കലിക, പർണ്ണശാല, സാഗരിക, ബോധി സാംസ്ക്കാരികവേദി, അഗാധസവിനയ, കർമ്മ കൗരവേഴ്സ്, സിററി ബ്രദേഴ്സ്, ഐലൻറ് ക്ലബ്ബ്, റോയൽ ക്ലബ്ബ് തുടങ്ങിയ സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. വൈപ്പിൻ കലാക്ഷേത്ര, ത്യാഗരാജ സംഗീതകലാലയം, നൃത്തസാഗർ എന്നീ കലാദ്ധ്യായന സ്ഥാപനങ്ങളുമുണ്ട്. പേരിനുമാത്രം പ്രവർത്തിക്കുന്നവയും ചിലതു് വാർഷികം കൊണ്ടാടുന്നവയുമാണ്. അതിനോടനുബന്ധിച്ച് സാംസ്ക്കാരിക സമ്മേളനങ്ങളും, കലാകായിക മൽസരങ്ങളും സംഘടിപ്പിക്കാറുണ്ട്. ഗ്രാമപഞ്ചായത്തു് തലത്തിൽ നടത്തിയ കേരളോൽസവ വേദിയിൽ പല പുതിയ പ്രതിഭകളേയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ രണ്ട് പ്രൊഫഷണൽ നാടക സംഘങ്ങളുണ്ട്. കൊച്ചിൻ സിദ്ധാർത്ഥ, കൊച്ചിൻ കീർത്തി.

അന്നുമിന്നുമുള്ള എല്ലാ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും ഉറവവകാത്ത പ്രോൽസാഹന ത്തിന്റെ സ്രോതസ്സായിനിന്ന ഒരു വലിയ മനുഷ്യ നെ നന്ദിപൂർവ്വം സ്മരിക്കേണ്ടതുണ്ട്. ഈ ഗ്രാമ ത്തിന്റെ പ്രിയപുത്രനായ ശ്രീ. സർവ്വോദയം കുര്യൻചേട്ടൻ.

കേരളത്തിൽ പേരെടുത്ത പല പ്രൊഫഷണൽ നാടകനടന്മാരുള്ള ഗ്രാമമാണ് ഞാറക്കൽ. പുരാതന കലാമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ഞാറക്കൽ ഗ്രാ മത്തിന്റെ അഭിമാനഭാജനമായ ഞാറക്കൽ ശ്രീനി പല നാടകങ്ങളിലും അഭിനയിച്ച് സംസ്ഥാന അവാർഡ് കരസ്ഥമാക്കിയതു് ഞാറക്കൽ ഗ്രാമ വാസികൾക്കും, പ്രത്യേകിച്ച് കലാകാരന്മാർക്കും അഭിമാനകരമാണ്. സിനിമാ നിർമ്മാതാക്കളും, പ്രൊഡക്ഷൻ എക്സിക്യൂട്ടീവുകളും, നല്ല പാട്ടു കാരും, വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്ന വരുമുണ്ട്.

നഗരങ്ങളിലെ തിയേററുകളുമായി കിടപിടി ക്കുന്ന രണ്ട് സിനിമാ തിയേററുകൾ ഈ ഗ്രാമത്തി ലുണ്ട്. മെജസ്റ്റിക്ക്, കാളിദാസ് ഉദ്ദേശം 10% ത്തോളം വീടുകളിൽ പത്രമാദ്ധ്യമങ്ങൾ വരുത്തു ന്നുണ്ട്. വിദ്യുച്ഛക്തിയുള്ള മിക്കവാറും വീടുകളിലും ടി. വി. ഉണ്ട്. ഞാറക്കൽ പഞ്ചായത്ത് കേന്ദ്രീ കരിച്ച് കേബിൾ ടി. ബി. സെൻറർ പ്രവർത്തി ക്കുന്നു. ജനങ്ങളിൽ ബഹുഭൂരിപക്ഷം പേരും, പ്ര ത്യേകിച്ച് സ്ത്രീകൾ ടി. വി. പ്രേക്ഷകരാണ്.

മുകളിൽ പറഞ്ഞ പലനേട്ടങ്ങളും നാം കൊയ് തെങ്കിലും ഉപഭോക്തൃ സംസ്ക്കാരം അതു് ജീവിത ചര്യയേയും, ശൈലികളേയും, മാനസികാവസ്ഥക ളേയും, സാമൂഹ്യ വ്യവസ്ഥയേയും തച്ചുടക്കുക യാണ്. മാത്രമല്ല പ്രാകൃതത്വം (പ്രമികവിററി) ശക്തിപ്പെടുകയാണ്. ഇവിടെ നാം ചവററ് കൊട്ട യിലെറിഞ്ഞ എല്ലാ ദുരാചാരങ്ങളും, അന്ധവിശ്വാ സങ്ങളും പുന:പ്രതിഷ്ഠിക്കാനുള്ള വെമ്പലാണ്. ജാതിയും മതവും ഉപവിഭാഗങ്ങളും വികലവും വികൃ തവുമായ സംഘടിത രൂപം കൈക്കൊണ്ടിരിക്കുന്നു. ഇവിടെ ഭൂതകാലത്തിന്റെ ചവററുകുട്ട നമ്മുടെ കല വറയായി തിരിച്ച് വരികയാണ്. ഭൂതകാലം നമ്മുടെ വർത്തമാനകാലമായിരിക്കുന്നു. ടി. വി. ക്കും ഇലക്ട്രോണിക്സിനും സാധിക്കാത്ത ചിന്താ വിപ്ലവം, സാംസ്ക്കാരിക വിപ്ലവം കൈവരു ത്താൻ എങ്ങനെ കഴിയും.

## പ്രശ്നങ്ങൾ

1. വായനശാലകളുടെ അപര്യാപ്തത,
2. ഞാറക്കൽ ഗ്രാമപഞ്ചായത്ത്വക കേന്ദ്ര ഗ്രന്ഥ ശാലയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
3. കായികവിനോദ സൗകര്യങ്ങളുടെ അപര്യാപ്തത
4. സെക്സ് സിനിമകളുടെ അതിപ്രസരം,
5. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ കടന്ന് കയററം
6. തനതു് കലകളുടെ നാശം
7. സ്ത്രീകളോടുള്ള സാംസ്ക്കാരിക സമീപനത്തിലെ അധ:പതനം
8. വിവാഹാദിചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം
9. യുവാക്കളിൽ പലരും മദ്യത്തിനും മയക്കുമരു ന്നിനും അടിപ്പെട്ട് ക്രിമിനൽ സ്വഭാവമുള്ളവ രായി മാറുന്നു.

## സാദ്ധ്യതകൾ

1. കേന്ദ്രഗ്രന്ഥശാലയിൽനിന്നും അംഗനവാടി കൾ വഴിയോ മററ് സാംസ്ക്കാരിക സ്ഥാപ നകൾ വഴിയോ പുസ്കവിതരണം വ്യാപി പ്പിക്കുക.
2. വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനു് സഹാ യകരമായ രീതിയിൽ ലൈബ്രറിയുടെ റഫറൻ സ് വിഭാഗം പ്രവർത്തനക്ഷമമാക്കുക.
3. ഓരോ വാർഡിലും കായിക വിനോദത്തി നായി കളിസ്ഥലം ഒരുക്കുക

4. യുവാക്കളെ വഴിതെററിക്കുന്ന സിനിമകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

5. കലാ സാംസ്ക്കാരിക സംഘടനകൾ വഴി നാടൻ കലകളെ പുനരുജ്ജീവിപ്പിക്കുക.

6. പ്രാദേശികമായി കേബിൾ ടി. വി. വഴി നാടൻകലാരൂപങ്ങൾ സംപ്രേക്ഷണംചെയ്യുക.

7. ടി. വി. സെററുകൾ ഇല്ലാത്ത പ്രദേശങ്ങൾ മനസിലാക്കി പൊതുസ്ഥലങ്ങളിൽ ടി. വി. സെററ് സ്ഥാപിക്കുക.

8. സാംസ്ക്കാരിക പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനു് ഓഡിറേറാറിയം

9. ജയ്ഹിന്ദ് മൈതാനത്തെ സ്റ്റേജ് ഗ്രൗണ്ടിനു് കോട്ടം വരാത്തരീതിയിൽ ഓപ്പൺ എയർ തിയേററർ സ്ഥാപിക്കുക.

10. ഓരോ വാർഡിലും കുട്ടികൾക്കുവേണ്ടിയുള്ള കളിസ്ഥലം നിർമ്മിച്ച് വിജ്ഞാനത്തിനും, വിനോദത്തിനുംവേണ്ടിയുള്ള സാധന സാമഗ്രികൾ ലഭ്യമാക്കുക.

11. സ്പോർട്ട്സ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

12. മതസൗഹാർദം വളർത്താനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

13. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും എതിരെ ബോധവൽക്കരണം.

14. കേരളോത്സവം ചടങ്ങാക്കി മാററാതെ എല്ലാ വാർഡുകളിലും പ്രാഥമിക മത്സരങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് പഞ്ചായത്തുതലത്തിൽ നടത്തുക.

## നാടൻ പന്തുകളി

ഇക്കാലത്തെ ജനകീയ കായിക വിനോദങ്ങളായ ഫുട്ബോൾ, ക്രിക്കററ് എന്നിവ പ്രചാരത്തിലില്ലായിരുന്ന കാലത്ത് നാടൻ പന്തുകളി (Native ball) യായിരുന്നു ഗ്രാമത്തിലെ ഏററവും പ്രിയങ്കരമായ കായിക വിനോദം. ഞാറക്കലെ പഴയ തലമുറയിൽ നാടൻ പന്തുകളിയിൽ വിദഗ്ധരായിരുന്നു വാളൂരാൻ പൗലൊ പൈലി (കണിയാത്തു പൈലി)ബ്ലാവത്ത് വേലുകൃഷ്ണൻ, വട്ടത്തറ കേശു, തട്ടാരശേരി ശങ്കരൻകുട്ടി എന്നിവർ. ഇവരെ സ്വർണ്ണമെഡൽ നൽകി അനുമോദിക്കുകവരെയുണ്ടായിട്ടുണ്ട്. ഞാറക്കൽ നായരമ്പലം ഗ്രൂപ്പ് പഞ്ചായത്ത് പ്രസിഡൻറായിരുന്ന പുല്ലൻ പൗലോ ഔസേപ്പ് (M. P. ജോസഫ്) മെമ്മോറിയൽ ആയി ''പുല്ലൻസ് ട്രോഫി''ക്കുവേണ്ടിയുള്ള നാടൻ പന്തുകളി മൽസരം 1954 മുതൽ 8 വർഷം ജയ്ഹിന്ദ് മൈതാനിയിൽ നടക്കുകയുണ്ടായി. 1961 മുതൽ 1966 വരെ ജയ്ഹിന്ദ് മൈതാനിയിൽ നടന്ന മറെറാരു മൽസരമായിരുന്നു കുരിയൻസ് ട്രോഫിക്കുവേണ്ടിയുള്ള ഫുട്ബോൾ മൽസരം.

ശ്രീ. പി. എ. തോമസിനുശേഷം കായിക രംഗത്ത് എറണാകുളം ജില്ലക്ക് പുറത്ത് അറിയപ്പെടുന്ന മാന്യ വ്യക്തിയാണ് ശ്രീ. എം. എൽ. പൗലോസ് മാസ്ററർ. F. A. C. T. ഹൈസ്ക്കൂളിലെ കായികാദ്ധ്യാപകനായി ജോലിനോക്കുന്ന അദ്ദേഹം 1982ൽ ഡൽഹിയിൽ വച്ചു നടന്ന ഏഷ്യാഡിൽ എറണാകുളം ജില്ലയിൽനിന്നും സംബന്ധിച്ച ഒരേ ഒരു ഒഫീഷ്യൽ ആണ്. കായിക രംഗത്ത് അർപ്പണ മനോഭാവവുമായി അദ്ദേഹം കേരളത്തിൽ അങ്ങോളമിങ്ങോളം കായികമേളകൾ (സർവ്വകലാശാല മീററ് അടക്കം) സംഘടിപ്പിക്കാൻ സജീവമായി പ്രവർത്തിക്കുന്നു. ഗ്രാമത്തിലെ ഒരു സ്പോട്സ്മാൻ ആയിരുന്നു ഞാറക്കൽ പഞ്ചായത്തിലെ പ്രസിഡൻറ് പൗലോസ് പി. വാളൂരാൻ.

136

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

ഞാറക്കൽ പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ ജനസംഖ്യ ഏകദേശം 3799 ഉം, പട്ടിക വർഗ്ഗക്കാരുടെ ജനസംഖ്യ 24 ആണ്. ഇവരിൽ ഭൂരിഭാഗവും കോളനികളിലായും, കൂട്ടമായും താമസിക്കുന്നു. ഭൂരിഭാഗം ആളുകളും കാർഷികജോലിയിലും, മത്സ്യബന്ധന ജോലിയിലും ഏർപ്പെട്ടു ജീവിക്കുന്നവരാണ്.

(പട്ടിക 18 പട്ടികജാതി/വർഗ്ഗ കോളനി വിവരങ്ങൾ)

| സി: നമ്പ്ര് | കോളനിയുടെ/സങ്കേത - പേര് | വാർഡ് നമ്പ്ര് | റോഡ് | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|---|
| 1 | വലിയവട്ടം ഹരിജൻ കോളനി | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 2 | പുലയാസ് റോഡിനു കിഴക്കുവശം സങ്കേതം | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 3 | ഹരിജൻ സങ്കേതം | 2 | ഉണ്ട് | ഉണ്ട് | ഇല്ല |
| 4 | ഹരിജൻ കോളനി | 4 | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | അപ്പങ്ങാട്ട് ന്യൂ കോളനി | 5 | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | ലക്ഷംവീട് സങ്കേതം | 6 | ഇല്ല | ഉണ്ട് | ഇല്ല |
| 7 | ലൈറ്റ്ഹൗസ് കോളനി | 8 | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | സീഷോർ കോളനി | 8 | ഉണ്ട് | ഉണ്ട് | ഇല്ല |

65 വയസിനു് കൂടുതൽ പ്രായമുള്ളവരിൽ സാക്ഷരത കുറവാണെങ്കിലും മററുള്ളവർക്ക് മൊത്തം ആവറേജ് പഞ്ചായത്ത് സാക്ഷരതയുണ്ട്. വിദ്യാഭ്യാസ ലഭ്യത എല്ലാവർക്കുമുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാമീപ്യവുമുണ്ട്. സാമൂഹ്യ പദവിയിൽ ശ്രദ്ധേയമായ മാററം വന്നിട്ടുണ്ട്. എല്ലാ വിഭാഗത്തിൽപ്പെട്ടവരും പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ വിവാഹം മുതലായ മററു ചടങ്ങുകളിലും സംബന്ധിയ്ക്കുന്നുണ്ട്. മററുജാതിക്കാരുമായുള്ള വിവാഹബന്ധങ്ങളും നിലവിലുണ്ട്. സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ ഉച്ചനീചത്വത്തിനു് ശമനമുണ്ടായിട്ടുണ്ട്. ഉച്ചനീചത്വത്തിനെതിരെ പ്രതികരിക്കുവാനുള്ള ശേഷിയും ആർജ്ജിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെ യാതൊരു സാമൂഹ്യ വിലക്കുകളും നിലവിൽ ഇല്ല. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും മററു വികസിത ജനസമൂഹങ്ങളോടൊപ്പം എത്താൻ കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ:-

1) സ്ഥിരമായി വരുമാനമില്ലാത്ത രക്ഷിതാക്കളുടെ കുട്ടികൾ വിദ്യാഭ്യാസം നിർത്തിപ്പോരുന്നുണ്ട്.

2) കുടിവെള്ളം എല്ലാ സങ്കേതങ്ങളിലും ലഭ്യമല്ല.

3) കൈവശ ഭൂമിയുള്ളവരും സർക്കാർ അനുവദിക്കുന്ന തുകകൊണ്ടു് വീടുവെയ്ക്കാൻ സന്നദ്ധരായവർക്ക് തുക ലഭിക്കുന്നില്ല.

4) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടു വെയ്ക്കുവാനുള്ള പദ്ധതി ഉണ്ടാക്കിയിട്ടില്ല.

5) നിലവിലുള്ള പഞ്ചായത്ത് പൊതു കക്കൂസുകൾ ഉപയോഗ്യമല്ല.

6) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അധിവാസകേന്ദ്രങ്ങൾ ഭൂരിഭാഗവും വെള്ളക്കെട്ടുള്ളതാണ്.

7) വൈദ്യുതീകരിക്കുന്നതിന് എല്ലാവീടുകൾക്കും ധനസഹായം നല്കിയിട്ടില്ല.

8) വയറിങ്ങ് നടത്തിയിട്ടുള്ള വീടുകൾക്ക് ഇലക്ട്രിസിററി സപ്ലൈ നല്കുന്നതിൽ വളരെ താമസമുണ്ട്.

9) ആവശ്യത്തിന് തെരുവു വിളക്കുകൾ ഇല്ല.

10) കർഷക തൊഴിലാളികൾക്ക് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന കാലാകാലങ്ങളിലുള്ള കാർഷിക ജോലി ഇല്ല.

11) കർഷകതൊഴിലാളി/മത്സ്യതൊഴിലാളി വിഭാഗങ്ങളുടെ പെൻഷൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല

12) റോഡ് സൗകര്യങ്ങൾ പര്യാപ്തമല്ല.

13) വിവിധ ഏജൻസിവഴി ധനസഹായം പററിപണിത വീടുകൾക്ക് പഞ്ചായത്തിൽ നിന്നും വീട് നമ്പർ നല്കിയിട്ടില്ല.

14) കോളനി പ്രദേശങ്ങളിൽ കൈവശ ഭൂമി അതിര്തിരിച്ച് അളന്ന് കല്ല് ഇട്ടിട്ടില്ല.

**സാദ്ധ്യതകൾ:-**

1) കാലാകാലങ്ങളിൽ കാർഷീകജോലികൾ നടത്തി ഈ മേഖലയിലുള്ളവരുടെ രൂക്ഷമായ തൊഴിൽ പ്രശ്നത്തിന് പരിഹാരം കാണണം.

2) പഞ്ചായത്തുവക പൊതുകിണറുകൾ പരമാവധി ഉപയോഗപ്പെടുത്തുക.

3) സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവർക്കും വീടുവെയ്ക്കുവാൻ പദ്ധതിയുണ്ടാക്കുക.

4) നിലവിലുള്ള പാർപ്പിട ധനസഹായം വദ്ധിപ്പിക്കുക.

5) ഉപയോഗ്യമല്ലാത്ത കക്കൂസുകൾ പുതുക്കി പ്പണിയുന്നതിന് ധനസഹായം ലഭ്യമാക്കുക. "2 – പിററ്" കക്കൂസുകൾ പ്രോത്സാഹിപ്പിക്കുക.

6) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സങ്കേതങ്ങളിൽ പൊതുതോടുകൾ മററുള്ളവർ മൂടിക്കളയുന്ന പ്രവണത കർശനമായി തടയുക.

7) സ്പെഷ്യൽ കമ്പോണൻറ് പദ്ധതി (S C P) പരമാവധി പ്രയോജനപ്പെടുത്തുക.

8) കർഷക തൊഴിലാളികൾക്ക് പണിആയുധങ്ങൾ വിതരണം ചെയ്യുക

9) ചെറുകിട വ്യവസായവും വിപണന സാദ്ധ്യതകളുള്ള പദ്ധതികൾ ആവിഷ്ക്കരിക്കക

10) സഹകരണ സംരംഭങ്ങൾ സജീവമാക്കുക.

11) സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി വ്യവസ്ഥകൾ ലഘൂകരിക്കുക.

12) ട്രൈബൽ സബ്ബ്പ്ലാൻ (T S P)അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

13) റോഡ് സൗകര്യങ്ങൾ ഇല്ലാത്ത കോളനി/ സങ്കേതങ്ങൾക്ക് റോഡുകൾ പണിയുക.

14) പണി പൂർത്തിയായ വീടുകൾക്ക് വീട്ടുനമ്പ്ര് നല്കണം.

15) ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കൽ അവസാനിപ്പിക്കുക.

16) കോളനികളിൽ/സങ്കേതങ്ങളിൽവായനശാലകളും T V യും സ്ഥാപിക്കണം.

17) കോളനികളുടെ പരിസരങ്ങളിൽ ശുചിത്വം നശിപ്പിക്കുന്ന മത്സ്യ മാംസ മാർക്കററുകൾ നിർത്തലാക്കണം.

18) ഒററപ്പെട്ടുതാമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗകാർക്ക് കോളനി സിസ്റ്റത്തിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണം

19) പട്ടികജാതി പട്ടിക വർഗ്ഗകാർക്ക് അനുവദിക്കുന്ന ഫണ്ട് കാലാകാലങ്ങളിൽ വിനിയോഗിക്കുകയും വക മാററി ചിലവുചെയ്യുന്ന സാഹചര്യം ഒഴിവാക്കുകയും വേണം.

20) ഭൂപരിഷ്കരണ നിയമമനുസരിച്ച് ഇതുവരെ പട്ടയം കിട്ടിയിട്ടില്ലാത്ത കുടികിടപ്പുകാരുടെ തർക്കം പരിഹരിക്കണം.

21) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ബാങ്കിൽ നിന്നും കിട്ടുന്ന ഇതര വായ്പകളേക്കുറിച്ച് ഗൈഡൻസ് കൊടുക്കണം.

22) പട്ടിക വർഗ്ഗക്കാരുകട ഔഷധ വനവിഭവ ശേഖരണം പ്രോത്സാഹിപ്പിക്കുകയും അതിലേക്ക് ധനസഹായം നല്കുകയും വേണം.

23) വൈപ്പിൻ കരയിൽ വിവിധ പഞ്ചായത്തുകളിൽപ്പെട്ട SC/ST വിഭാഗകാക്ക് ജനസംഖ്യാനുപാതികമായ I. T. C. യോ, ട്രേഡ് സ്കൂളോ അനുവദിക്കുക.

1989–ൽ പട്ടികജാതി പട്ടിക വർഗ്ഗകാർക്ക് വേണ്ടി പ്രത്യേകം അനുവദിച്ചിട്ടുള്ള നിയമം പ്രാവർത്തീകമാക്കാൻ നടപടികൾ സ്വീകരിക്കക

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നേരിടേണ്ടി വരുന്ന അതിക്രമങ്ങൾ തടയുന്നതിനുവേണ്ടിയുള്ള 3 (1) വകുപ്പ് നടപ്പിൽ വരുത്തുവാൻ ശ്രദ്ധിക്കുക

പീഡിതരെ പുനരധിവസിപ്പിക്കുക

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക കോടതി അനുവദിക്കക

138

# വനിതാ ക്ഷേമം

ഞാറക്കൽ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏകദേശം 45.97% സ്ത്രീകളാണ്. ജനസംഖ്യയിൽ ആയിരം പുരുഷൻമാർക്ക് 960 സ്ത്രീകൾ എന്ന നിരക്കാണ് ഈ പഞ്ചായത്തിലുള്ളത്. ഇത് സംസ്ഥാന ശരാശരിയേക്കാളും വളരെ കുറവാണ്. അയ്യായിരം കുടുംബങ്ങളിൽ ഏകദേശം മുന്നൂറോളം കുടുംബങ്ങളും സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. പുരുഷൻമാരേക്കാൾ വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം കൂടുതലാണെന്ന് കണക്കുകളിൽ കാണുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പട്ടിക 19ൽ നിന്നും മനസ്സിലാക്കാം.

പട്ടിക 19

**തൊഴിൽ പങ്കാളിത്തം**

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 22 | — |
| കർഷക തൊഴിലാളി | 99 | 69 |
| മൃഗസംരക്ഷണം | 15 | 10 |
| മൽസ്യബന്ധനം | 1340 | 60 |
| കുടിൽ വ്യവസായം | 78 | 41 |
| മററു വ്യവസായം | 395 | 205 |
| കെട്ടിട നിർമ്മാണം | 809 | 91 |
| വ്യാപാരം | 304 | 46 |
| ഗതാഗതം വാർത്താവിനിമയം | 159 | 1 |
| മററുള്ളവ | 7828 | 3913 |
| ആകെ | 11049 | 4436 |

അദ്ധ്യാപനം, വസ്ത്രനിർമ്മാണം (റെഡിമെയ്ഡ് ഗാർമെൻറ്സ്) എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് മുൻകൈയുള്ളത്.

സ്ത്രീകൾ മാത്രമായി ചെയ്യുന്ന തൊഴിലാണ് വലനിർമ്മാണം, മത്സ്യസംസ്കരണം, കയറുപിരിക്കൽ.

പൊതുപ്രവർത്തനത്തിൽ വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വിവിധ പഞ്ചായത്ത് തലത്തിലൊ, വില്ലേജ് തലത്തിലൊ പ്രവർത്തിക്കുന്ന വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളിൽ ആരുംതന്നെ വനിതകളായില്ല.

രണ്ടു വനിതാസഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ രഹിതരായ യുവജനങ്ങളിൽ കൂടുതലും വനിതകളാണ്.

## പ്രശ്നങ്ങൾ

1 സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിച്ചിട്ടില്ല

2 ദാരിദ്ര നിർമ്മാർജ്ജന പരിപാടിയിൽ സ്ത്രീയെ അവഗണിക്കുന്നുണ്ട്. പൊതുരംഗത്ത് സ്ത്രീകളുടെ നേതൃത്വം കുറവാണ്.

3 സ്ത്രീധനമില്ലാത്തതിൻെറ പേരിൽ വിവാഹം കഴിക്കുവാൻ സാധിക്കാത്ത സ്ത്രീകൾ ധാരാളമുണ്ട്.

4 സ്ത്രീപീഡനത്തിൻെറ ധാരാളം കേസുകൾ നിലവിലുണ്ട്

5 പൊതുസ്ഥലങ്ങളിൽ വനിതകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേററുന്നതിനുള്ള സൗകര്യമില്ല.

6 മദ്യവും, മയക്കമരുന്നും ഉപയോഗിക്കുന്നവർ കുടുംബത്തിലും, വഴിവക്കിലും ശല്യമുണ്ടാക്കുന്നു.

## സാദ്ധ്യതകൾ

1 പരമ്പരാഗത വ്യവസായങ്ങളിൽ പുരോഗതിയുണ്ടാകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന.

2 പുരയിടകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മുൻഗണന.

3 സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വം.

4 കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ

5 അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

6 പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

7 സ്ത്രീകൾനാഥരായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനയും മക്കൾക്ക് ജോലിസാദ്ധ്യതയും

8 ദരിദ്ര കുടുംബങ്ങളുടെ അയൽക്കൂട്ടങ്ങളുടെ സ്ത്രീസമാജങ്ങളിലൂന്നിയുള്ള ദാരിദ്ര നിർമ്മാജ്ജന പരിപാടി

9 സ്ത്രീ പുരുഷസമത്വം വളരുവാൻ ഉപകരിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ

10 കോഴി, ആട്, പശു മുതലായവ വളർത്താനുള്ള സാമ്പത്തിക സഹായവ്യവസ്ഥ ലഘൂകരിച്ച് സബ്സിഡിയോടുകൂടി അനുവദിക്കുക

11 വനിതാ ഹോസ്റ്റൽ, വനിതാ പോലീസ്സ്റ്റേഷൻ, വനിതാ ഡ്രൈവിംഗ് സ്ക്കൂൾ, ടെലിഫോൺ ബൂത്ത്, കമ്പ്യൂട്ടർ അസംബ്ളിംഗ് യൂണിററ് എന്നിവ സ്ഥാപിക്കൽ

12 വൃദ്ധഭവനം, ജോലിക്ക് പോകുന്ന സ്ത്രീകളുടെ കുട്ടികളെ പരിപാലിക്കുന്നതിന് Day care

13 രാവിലെയും വൈകീട്ടും തിരക്കേറിയ സമയങ്ങളിൽ ലേഡീസ് ഓൺലി ബസ് ഏർപ്പെടുത്തുക

14 സ്ത്രീകളെ അശ്ലീലമായി കാണിക്കുന്ന പോസ്റ്ററുകൾ, ടി, വി. പരമ്പരകൾ, സിനിമകൾ, പരസ്യങ്ങൾ നിയമപരമായി തടയുക

15 സ്ത്രീകൾക്കായി എല്ലാ തുറകളിലും 30% സംവരണം ഉറപ്പു വരുത്തണം

16 ദുർബല വിഭാഗങ്ങളിൽപ്പെട്ട വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സഹകരണ മേഖലയിൽ വനിതാ ബാങ്കിംങ് വ്യവസായം തുടങ്ങുക.

140

# സാമൂഹ്യ ക്ഷേമം

ഞാറക്കൽ പഞ്ചായത്തിലെ ജനങ്ങളിൽ എല്ലാവിഭാഗങ്ങളിലും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾ ഏറിയും കുറഞ്ഞും കാണപ്പെടുന്നു. I R D P പദ്ധതി പ്രകാരം നടന്ന കണക്കെടുപ്പനുസരിച്ച് 1525 കുടുംബങ്ങളെയാണ് അർഹതയുള്ളവരായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 103 പേർക്ക് ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ട്. I R D P അർഹതയുള്ള കുടുംബങ്ങളിൽ 76 SC/ST കുടുംബങ്ങളാണ്. അതിനാൽ 8-ാം പദ്ധതി കാലത്ത് 53 പേർക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ദാരിദ്രരേഖയ്ക്കു താഴെനില്ക്കുന്ന 1383 കുടുംബങ്ങളിൽ 77 കുടുംബങ്ങളെ ദാരിദ്രരേഖയ്ക്കു മുകളിലെത്തിച്ചിട്ടുണ്ട്.

I R D P സർവേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 223ഉം വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം 66 ഉം അതിൽ പൂർത്തീകരിച്ച വീടിന്റെ എണ്ണം 25 മാത്രമാണ്. ഇനിയും അനുവദിക്കേണ്ടതായി 157 വീടുകളുണ്ട്.

പഞ്ചായത്തിൽ സാനിററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം I R D P സർവേ പ്രകാരം 858 ആണ്. വിവിധ പദ്ധതികളിലായി ഇതുവരെ 1992നു ശേഷം 29 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ പൂർത്തീകരിച്ചവ 17 എണ്ണം മാത്രമാണ്. ഇനിയും കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം 829 ആണ്.

സർവേ പ്രകാരം 374 ഗ്രാമീണ കൈതൊഴിൽകാരെ കണ്ടെത്തിയെങ്കിലും 5 പേർ മാത്രമാണ് പരിശീലനം ലഭിച്ചവർ. അതിൽ 4 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തു.

D W C R A പദ്ധതി അനുസരിച്ച് യാതൊരു തൊഴിൽ സംരംഭവും പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. വിവിധ പെൻഷൻ പദ്ധതികളിലൂടെ ധനസഹായം കിട്ടുന്നവരുടെ ലഭ്യമായ വിവരം പട്ടിക 20ൽ കൊടുത്തിരിക്കുന്നു.

പട്ടിക 20

**പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ**

| സഹായത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| 1. വിധവാ പെൻഷൻ | 106 |
| 2. വാർദ്ധക്യകാല പെൻഷൻ | 33 |
| 3. അഗതി പെൻഷൻ | 10 |

ഗ്രാമസഭകളിൽ നിന്നും വന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെയധികം പേർക്ക് വിവിധ ക്ഷേമ പദ്ധതികളിലൂടെ ധനസഹായം കിട്ടേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 14 അംഗൻ വാടികളും പട്ടിക ജാതി വികസനവകുപ്പിന്റെ കീഴിൽ ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. ഇതിൽ 8 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. അവ വാടക കെട്ടിടത്തിലാണു പ്രവർത്തിക്കുന്നത്. ഉള്ള കെട്ടിടങ്ങൾക്ക തന്നെ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

### പ്രശ്നങ്ങൾ:-

1 ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ വളരെ കുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
2 I R D P ലിസ്ററിലുള്ള ഭൂരിഭാഗം ആളുകൾക്കും ആനുകൂല്യം ലഭിക്കുന്നില്ല.
3 കൈതൊഴിലുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ ഇല്ല.
4 ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസവും അഴിമതിയും

### സാദ്ധ്യതകൾ -

1 കൂടുതൽ അംഗൻവാടികൾ അനുവദിക്കൽ
2 കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടമുണ്ടാക്കൽ
3 അംഗൻവാടി പ്രവർത്തിക്കുന്ന വാടകകെട്ടിടങ്ങൾക്ക് വാടക വർദ്ധിപ്പിക്കൽ
4 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
5 അംഗൻവാടി കേന്ദ്രമാക്കി മററു ക്ഷേമ പ്രവർത്തനങ്ങൾ നടത്തൽ
6 ദാരിദ്ര നിർമ്മാർജ്ജന പരിപാടി ത്വരിതപ്പെടുത്തൽ
7 വൃദ്ധ സദനം ഉണ്ടാക്കൽ
8 വിധവകൾക്കും, ആശ്രിതർക്കും പ്രത്യേക പരിഗണന
9 തൊഴിലില്ലാത്തവർക്ക് തൊഴിൽ സംരംഭം
10 മഹിളാസമാജം, ബാലവാടി സജീവമാക്കൽ
11 പെൻഷനേഴ്സിന് സൗകര്യപ്രദമായ രീതിയിൽ പഞ്ചായത്തിൽ ഒരു പെൻഷൻ ട്രഷറി സ്ഥാപിക്കൽ

# സഹകരണം

ഞാറക്കൽ ഏറ്റവും ആദ്യത്തെ സഹകരണ സംഘം ഗവൺമെൻറ് സർവ്വൻറ്സ് കോ-ഓപ്പറേററീവ് സൊസൈറററിയാണ്. 1100 M. E. (1925) ആരംഭിച്ച ടി. സംഘത്തിൻെറ വ്യാപക അതിർത്തി വൈപ്പിൻകരയാണ്. 1113 M. E (1938) യിൽ ആരംഭിച്ച 406_നമ്പർ മത്സ്യ വ്യവസായ സഹകരണ സംഘമാണ് ഞാറക്കൽ ആരംഭിച്ച രണ്ടാമത്തെ സഹകരണ സംഘം. സ്വാതന്ത്ര്യ ലബ്ധിക്കു മുൻപുതന്നെ പ്രവർത്തനം ആരംഭിച്ചവയാണ് മേല്പറഞ്ഞ സംഘങ്ങൾ. എന്നാൽ 1962ൽ ഞാറക്കൽ സർവ്വീസ് കോ. ഓപ്പറേററീവ് ബാങ്ക് ഫാ: ജോസഫ് വളമംഗലത്തിൻെറ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ പോലും കേരളത്തിലെ സഹകരണ പ്രസ്ഥാനം വ്യാപകമായി കഴിഞ്ഞിരുന്നില്ല. ഇന്ന് 14232 അംഗങ്ങളുള്ള പ്രസ്തുത സംഘത്തിൻെറ ഓഹരി മൂലധനം (3000000/-) മുപ്പത് ലക്ഷം രൂപയാണ് സംഘം അമ്പത് ലക്ഷം രൂപ കാർഷിക വായ്പയായി കൊടുത്തിട്ടുണ്ട്. വ്യാപാരവായ്പ, പേഴ്സണൽ ലോൺ, ഗൃഹോപകരണ വായ്പ, ഐ. ആർ. ഡി. പി. വായ്പ, ഗോൾഡ് ലോൺ തുടങ്ങിയ ഇനങ്ങളിലായി ആറു കോടിയോളം രൂപ വായ്പയായി കൊടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിലെ മാതൃകാ സഹകരണ സ്ഥാപനമായി വളർന്നു വികസിച്ച ഈ ബാങ്ക് മികച്ച പ്രവർത്തനത്തിനുള്ള പല അവാർഡുകളും കരസ്ഥമാക്കിയിട്ടുണ്ട്. ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി മാവേലി സ്റോർ ഉൾപ്പെടെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ഓഫീസ് സൗകര്യം നൽകിയിട്ടുള്ളത് ഈ ബാങ്കാണ്. അഡ്വക്കേററ് പോൾ തോമസ് മാമ്പിള്ളിയുടെ നേതൃത്വമാണ് ബാങ്കിൻെറ വളർച്ചയുടെ പ്രധാന കാരണം. അദ്ദേഹം സംഘത്തിൻെറ പ്രസിഡണ്ടായി ഇപ്പോഴും തുടരുന്നു.

## പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

1. E. 91 ഞാറക്കൽ സർവ്വീസ് കോ: ഓപ്പറേററീവ് ബാങ്ക്
2. 396 പെരുമ്പിള്ളി കോ: ഓപ്പറേററീവ് സൊസൈററി.
3. E. 868 വൈപ്പിൻ വനിതാ സഹ: സംഘം
4. E. 739 പട്ടികജാതി പട്ടീകവർഗ സർവ്വീസ് സഹകരണ സംഘം
5. E. 120/92 മൽസ്യത്തൊഴിലാളി വികസന ക്ഷേമ സംഘം
6. 136 ഞാറക്കൽ ഗവ: സർവ്വൻറ്സ് സഹ: സംഘം.
7. 406 ഞാറക്കൽ മൽസ്യ വ്യവസായ സഹ: സംഘം.
8. 14/87 ഞാറക്കൽ_നായരമ്പലം F D W C S
9. E. 75 പെരുമ്പിള്ളി ക്ഷീരവ്യവസായ സഹ: സംഘം.
10. 4325 എറണാകുളം ജില്ലാ സഹ: സംഘം ഈവിനിംഗ് കൗണ്ടർ.
11. E. 396 പെരുമ്പിള്ളി എണ്ണ ഉല്പ്പാദന സഹകരണ സംഘം.

ഇതിൽ ഞാറക്കൽ സർവീസ് സഹകരണ ബാങ്ക്, പട്ടികജാതി_പട്ടികവർഗ സർവ്വീസ് സഹകരണസംഘം എന്നിവ മാത്രമാണ് ഞാറക്കൽ പഞ്ചായത്തിൻെറ പരിധിക്കുള്ളിൽ മാത്രം പ്രവർത്തിക്കുന്നത്. ബാക്കി സഹകരണ സംഘങ്ങൾ ഞാറക്കൽ പഞ്ചായത്തിനു പുറത്തും പ്രവർത്തന പരിധിയുള്ളവയാണ്.

## ക്രെഡിററ് സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ രണ്ടു ക്രെഡിററ് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. **E. 91** ഞാറക്കൽ സർവീസ് സഹകരണ സംഘവും, പട്ടികജാതി-പട്ടിക വർഗ്ഗ സർവീസ് സഹകരണ സംഘവും. ഞാറക്കലും പ്രവർത്തന പരിധിയുള്ള പെരുമ്പിള്ളി സഹകരണ സംഘം. മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘം (E. 120/92), ഗവ: സർവൻറ്സ് സഹകരണ സംഘം (136), 406_ാം നമ്പർ മത്സ്യവ്യവസായ സഹകരണ സംഘം, 14/87_ാം നമ്പർ ഞാറക്കൽ നായരമ്പലം ഫിഷർമെൻ ഡവലപ്പ്മെൻറ് വെൽഫെയർ കോ-ഓപ്പറേററീവ് സൊസൈററി എന്നിവയും ക്രെഡിററ്സംഘങ്ങളാണ്. ഈ സംഘങ്ങൾ വഴി പൊതുവായി വായ്പകൾ വിതരണം ചെയ്തുവരുന്നു.

142

## വ്യവസായ സഹകരണ സംഘങ്ങൾ

1 പെരുമ്പിള്ളി ക്ഷീരവ്യവസായ സഹകരണ സംഘം ഞാറക്കൽ E. 75

2 E 868 വൈപ്പിൻ വനിതാ സഹകരണ സംഘം ഞാറക്കൽ

പട്ടിക_21

### സഹകരണ സംഘങ്ങളുടെ വിവരണപട്ടിക

| സംഘത്തിലെ നമ്പർ | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ/ തൊഴിലാളികൾ | ഓഹരി മൂലധനം |
|---|---|---|---|---|
| | | | | രൂ. |
| E 91 | 1962 | 14232 | 16 | 3000000 |
| E 396 | 1939 | 2121 | 2 | 100000 |
| E 868 | 1990 | 575 | — | 25000 |
| E 739 | 1981 | 1319 | 1 | 89000 |
| E 120/92 | 1992 | 458 | 1 | 30000 |
| 136 | 1925 | 1310 | 3 | 100000 |
| 406 | 1938 | 484 | 1 | 25612 |
| 14/87 | 1988 | 1756 | 1 | 500000 |
| E/75 | 1961 | 730 | 1 | — |
| 4325 | 1988 | — | 6 | — |

## പ്രവർത്തനം നിലച്ച സംഘങ്ങൾ

1 ഞാറക്കൽ കയർ വ്യവസായ സഹകരണ സംഘം

2 വനിത ഖാദി ആൻറ് വില്ലേജ് ഇൻറസ്ട്രീസ് സഹകരണ സംഘം

3 പെരുമ്പിള്ളി എണ്ണ ഉല്പാദക സഹകരണ സംഘം.

## പ്രശ്നങ്ങൾ

1 വായ്പ നൽകുന്ന സ്ഥാപനങ്ങൾ മാത്രമാണ് സഹകരണ സംഘങ്ങൾ എന്ന തെററായ ധാരണ നിലനിൽക്കുന്നു.

2 സഹകരണ സംഘങ്ങൾ വളർന്നു വലുതായിട്ടും, അമിത പലിശ നിരക്കിലുള്ള സ്വകാര്യ പണമിടപാടുകൾ നിലനിൽക്കുന്നു

3 സഹകരണ സംഘങ്ങളുടെ ധനപരമായ വളർച്ച പഞ്ചായത്തിൻെറ പൊതുവായ വികസനത്തിന് ഉപയോഗപ്പെടുത്തുന്നില്ല.

4 സഹകരണ സംഘങ്ങൾ ധനകാര്യ സ്ഥാപനങ്ങളായി മാറിയിരിക്കുന്നു.

5 ഈവിനിംഗ് കൗണ്ടറുകളുടെ കുറവ് ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു.

6 അംഗങ്ങൾ വാർഷിക പൊതുയോഗങ്ങളിൽ സജീവമായി പങ്കെടുക്കുന്നില്ല.

7 ഡിപ്പാർട്ടുമെൻറിൻെറ അമിതമായ ഇടപെടൽ.

8 ഭവനനിർമ്മാണം, ഗ്രാമവ്യവസായം എന്നീ മേഖലകളിൽ സഹകരണ സംഘങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ

1 വനിതകളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കൽ.

2 ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പുതിയതായി സ്ഥാപിക്കൽ.

3 ഉല്പാദന രംഗത്തും സേവന രംഗത്തും പുതിയ പരീക്ഷണങ്ങൾ ഏറ്റെടുക്കൽ.

4 സഹകരണ സംഘങ്ങളെ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കൽ

5 സോഷ്യൽ ഓഡിററിംഗ് സമ്പ്രദായം പരീക്ഷിക്കൽ.

6 ക്രെഡിററു സഹകരണ സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കൽ

# ഡിപ്പാർട്ട്മെൻറ് റിവ്യൂ റിപ്പോർട്ട്

1 പ്രിൻസിപ്പാൾ, ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

2 സൂപ്രണ്ട് ഗവ: ആശുപത്രി ഞാറക്കൽ

3 കൃഷിഭവൻ ഞാറക്കൽ

4 പൊതുമരാമത്ത് (റോഡ്സ്) അസി: എഞ്ചിനീയർ, ഞാറക്കൽ

5 കേരളാ സ്റേററ് ഇലക്ട്രിസിററി ബോർഡ് അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഞാറക്കൽ.

6 കേരളാ വാട്ടർ അതോറിട്ടി അസി: എഞ്ചിനീയർ, ഞാറക്കൽ.

7 വി. ഇ. ഒ. ഞാറക്കൽ ഈസ്ററ്

8 ഐ. സി. ഡി. എസ്. ഓഫീസർ ഞാറക്കൽ.

9 സെക്രട്ടറി ഗ്രാമപഞ്ചായത്ത് ഞാറക്കൽ

എന്നീ ഓഫീസുകളിൽ നിന്നാണ് റിവ്യൂ റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളത്. എട്ടാം പദ്ധതിയിൽ ഉൾപ്പെടുത്തിയതും പല കാരണങ്ങളാൽ പൂർത്തിയാക്കിയിട്ടില്ലാത്തതുമായ പദ്ധതികളുണ്ടോ? എന്തുകൊണ്ട്അവപൂർത്തിയായില്ല? അതേപദ്ധതികൾ പൂർത്തിയാക്കാൻ പ്രായോഗികമായി എന്തു നിർദ്ദേശമാണ് അങ്ങയ്ക്ക് ഉള്ളത്? ഇത്യാദി കാര്യങ്ങളെക്കുറിച്ച് വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യാൻ ആവശ്യമായ ഒരു റിവ്യു അയച്ചുതരണമെന്നാണ് ഇവരെ വിളിച്ചു കൂട്ടിയ കോൺഫ്രൻസിൽ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ മിക്കവാറും ഓഫീസുകളിൽ നിന്ന് 96-97ൽ ചെയ്യേണ്ട ജോലികളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും എത്തികഴിഞ്ഞിട്ടുണ്ട്. എന്നാൽ ഞാറക്കൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും വന്നിട്ടുള്ള റിപ്പോർട്ടിൽ എട്ടാം പദ്ധതി കാലത്ത് പൂർത്തിയാക്കിയിട്ടില്ലാത്തതും അതു പരിഹരിക്കാൻ പ്രിൻസിപ്പാളിന്റെ നിർദ്ദേശവും ഉണ്ട്. റിപ്പോർട്ടിന്റെ പ്രസക്തഭാഗം താഴെ കൊടുക്കുന്നു.

"സമ്പാദ്യം വിദ്യാഭ്യാസ വികസനത്തിന്" എന്ന പദ്ധതിയിൽ ഈ സ്കൂളിൽ നിന്നും 2569450/-രൂപയ്ക്ക് (IVP) ഇന്ദിരാ വികാസ് പത്ര സമാഹരിച്ചതിൻ പ്രകാരം വിഹിതമായി 642362/-രൂപയും, എറണാകുളം ജില്ലാ ബാങ്ക് ഈ പദ്ധിതിയിൽ നിക്ഷേപിച്ച തുകയുടെ ഓഹരിയായി 43638/-രൂപ ഉൾപ്പെടെ സ്കൂൾ വികസനത്തിന് 686000 രൂപ അനുവദിച്ചിട്ടുള്ളതാണ്. ഈ ഫണ്ടിൽ നിന്ന് എറണാകുളം ജില്ലാ കൗൺസിൽ നിലവിലിരിക്കെ സ്ക്കൂളിലെ ഓല മേഞ്ഞ കെട്ടിടത്തിനുപകരം 80 അടി നീളത്തിൽ ലാറി ബേക്കർ മോഡൽ കെട്ടിടം പണിയുന്നതിന് 186000 രൂപയും, സ്ക്കൂളിലെ സ്റേറജ് പണിയുന്നതിന് 50000 രൂപയും അനുവദിക്കുകയും, ഞങ്ങൾ അതു പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ജില്ലാ കൗൺസിൽ അവസാനിക്കുകയും, ഞങ്ങളുടെ വിഹിതത്തിലുള്ള ബാക്കി 450000 രൂപ DRDA ക്ക് കൈമാറുകയും ചെയ്ത ശേഷമാണ് കോംപൗണ്ട് വാൾ, കിച്ചൺ, യൂറിനൽ, ഗ്രൗണ്ട് ലവലിംഗ്, ഫർണീച്ചർ എന്നിവയ്ക്കുവേണ്ടി എസ്ററിമേററുണ്ടാക്കി പ്രവർത്തനം ആരംഭിച്ചത്. ഒരു ലക്ഷം രൂപയുടെ ഫർണീച്ചർ ഇതിനകം തന്നെ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 350000 രൂപയിൽ 190000 രൂപ അഡ്വാൻസായി വാങ്ങിയിട്ടുണ്ട്. ബാക്കി 160000 രൂപ ഈ ഇനത്തിൽ കിട്ടാനുണ്ട്. ഇതിനിടയിൽ സാധന സാമഗ്രികളുടേയും, കൂലിയുടേയും വർധന ഉണ്ടായി. D R D A നോംസ് പ്രകാരം പണി തീരുകയില്ല. അതുകൊണ്ട് അൺടൈഡ് ഫണ്ട് നോംസിൽ ഈ ജോലി നടത്തി ബാക്കിയുള്ള രൂപ റിലീസ് ചെയ്ത് പണികൾ പൂർത്തിയാക്കി ഈ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. അതുപോലെ വൊക്കേഷണൽ ഹയർ സെക്കൻററിക്കുവേണ്ടി പണിതു പൂർത്തിയാക്കാത്ത കെട്ടിടവും പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# വിഭവസമാഹരണം

പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളാണ് നെല്ല്, തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, വാഴ, പയർ, കശുമാവ്, മരച്ചീനി, കടലിൽനിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നു ചെമ്മീൻ, കണവ, മൽസ്യം, ഞണ്ട്, ആറു കൊഞ്ച് എന്നിവയാണ് ലഭിക്കുന്ന പ്രധാനമൽസ്യ വിഭവങ്ങൾ. പശു, ആട് എന്നിവ വളർത്തുമൃഗങ്ങളും, കോഴി, താറാവ്, ഇവ വളർത്തു പക്ഷികളുമാണ്.

ഇവിടത്തെ ഏകദേശം 52800 തെങ്ങുകളിൽ നിന്നും വർഷത്തിൽ ഏകദേശം 13,20000 നാളികേരമാണ് ഇപ്പോൾ ലഭിക്കുന്നത്. നെല്ല് ഉൽപ്പാദനം വെറും 200 മെട്രിക്ക്ടൺ മാത്രമാണ്. ഏകദേശം 5027 മെട്രിക്ടൺ അരിയാണ് ഗ്രാമത്തിൽ ഒരു വർഷം വേണ്ടത്. ആകെ വേണ്ട അരിയുടെ 3.97 ശതമാനം മാത്രമാണ് നാം ഉൽപാദിപ്പിക്കുന്നത്.

429 കറവ പശുക്കൾ ഉള്ളതിൽ ക്ഷീരവ്യവസായ സംഘത്തിലൂടെ വിൽക്കുന്നത്. പ്രതിമാസം 6000 ലിററർ പാൽ ആണ്. ഇതിൽ 1500 ലിററർ പാൽ പഞ്ചായത്തിന് പുറത്താണ് വിൽക്കുന്നത്. ആവശ്യക്കാർക്ക് പാൽ തികയാതിരിക്കുമ്പോഴും പുറത്ത് പാൽ വിൽക്കേണ്ടിവരുന്നുണ്ട്. അതോടൊപ്പം ആവശ്യാനുസരണം മിൽമപാൽ പലരും ഉപയോഗിക്കുന്നുമുണ്ട്.

പഞ്ചായത്തിൽ ഉള്ള 632 ആടുകളിൽ നിന്നും ഏകദേശം പ്രതിമാസം 2800 ലിററർ പാൽ ലഭിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

വളർത്തു പക്ഷികളിൽ 18285 കോഴികളും 2529 താറാവുകളുമാണുള്ളത്. മുട്ട ഉല്പാദനത്തിൽ 16571 പിടക്കോഴികൾ മാത്രമാണുള്ളത്. പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ട ഭക്ഷണത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു എന്നാണ് ഈ കണക്കുകൾ വെളിപ്പെടുത്തുന്നത്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ നാളികേരം, നെല്ല് ഇവയുടെ ഉല്പാദനം ഇരട്ടിയാക്കുകയും 4591 വീടുകളിൽ ഇപ്പോൾ ഉള്ള 429 കറവപശുക്കളും 632 ആടുകളും എന്നത് അഞ്ചിരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്തും ഗ്രാമത്തിലെ വരുമാനം വർദ്ധിപ്പിക്കാം. കൃഷിയോഗ്യമായി 5 ഹെക്ടർ ഭൂമിയും കൃഷിയോഗ്യമല്ലാത്ത 10 ഹെക്ടർ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കി വരുമാനം വർദ്ധിപ്പിക്കാം. അതുപോലെ പുറമ്പോക്കു ജലാശയങ്ങളിൽ ശാസ്ത്രീയമായി മൽസ്യം വളർത്തലിലൂടെ കൂടാതൽ മൽസ്യ വിഭവം ഉല്പാദിപ്പിക്കാം. പുറമ്പോക്കു ജലാശയങ്ങൾ അളന്നു തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും പഞ്ചായത്തു പുറമ്പോക്കായി ഏകദേശം 8 ഏക്കർ ജലാശയം 7-ാം വാർഡിൽ ഉണ്ട്. സഹകരണാടിസ്ഥാനത്തിൽ അവിടെ ശാസ്ത്രീയ മൽസ്യക്കൃഷി നടത്തണമെന്ന ആവശ്യം ഗ്രാമസഭയിൽ നിന്നും ഉയർന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ സ്വന്ത വരുമാനം ഏകദേശം 25 ലക്ഷം രൂപയും തിരികെ കൊടുക്കേണ്ട ഡെപ്പോസിററ് ഇനത്തിൽ ഏകദേശം 2 ലക്ഷം രൂപയും ഗവ: ഗ്രാൻറ് ഇനത്തിൽ ഏകദേശം 3 ലക്ഷം രൂപയും കൂടി 30 ലക്ഷം രൂപ വരും. കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പ് 17 ലക്ഷം രൂപയാണ്. അങ്ങനെ 47 ലക്ഷം രൂപയാണ് വരവ് പ്രതീക്ഷിക്കുന്നത്. വിവിധയിനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ് 30 ലക്ഷം രൂപയാണ്. ബാക്കി ഏകദേശം 17 ലക്ഷംരൂപയാണ് വികസന പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ ബിൽഡിംഗ് ടാക്സായി ഏകദേശം 3 ലക്ഷം രൂപയും വിനോദ നികുതിയിനത്തിൽ 11 ലക്ഷം രൂപയുമാണ് ലഭിക്കുന്നത്. ഭരണ ചെലവ് 8 ലക്ഷം രൂപയിൽപരമാണ്. ഞാറക്കൽ പഞ്ചായത്തിലെ വരവ്-ചെലവ് പട്ടികകൾ (1995-96) താഴെ കൊടുക്കുന്നു.

145

പട്ടിക_22

## വരവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | | പിരിച്ചത് | | ബാക്കി |
|---|---|---|---|---|---|
| കെട്ടിട നികുതി | 283735 | 50 | 283735 | 50 | |
| സർവ്വീസ് ചാർജ്ജ് | — | — | — | — | |
| തൊഴിൽ നികുതി | 215633 | — | 215633 | — | |
| വാഹന നികുതി | — | — | — | — | |
| വിനോദ നികുതി | 665152 | 87 | 665152 | 87 | |
| അധിക വിനോദ നികുതി | 403181 | 07 | 403181 | 07 | |
| പ്രദർശന നികുതി | 4273 | 50 | 4273 | 50 | |
| പ്രദർശന നികുതിയിൻമേലുള്ള സർചാജ് | 1059 | — | 1059 | — | |
| ചന്തവരവ് | 122300 | — | 122300 | — | |
| ലാൻറ് സെസ് | — | — | — | — | |
| ലൈസൻസ് ഫീസ് | 12822 | — | 12822 | — | |
| കെട്ടിട നികുതി സർചാർജ് | — | — | — | — | |
| വസ്തു കൈമാററ നികുതി 75% | 130248 | — | 130248 | — | |
| വസ്തു കൈമാററ നികുതി 25% | 152718 | — | 152718 | — | |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററുവരവുകരം | 789192 | 81 | 789192 | 81 | |
| സംഭാവന | — | — | — | — | |
| മററുള്ളവ | 17419 | 15 | 17419 | 15 | |
| ഡെപ്പോസിററ് | 275970 | — | 275970 | — | |
| ആകെ | 3073704 | 90 | 3073704 | 90 | |

പട്ടിക_23

## ചെലവു സംബന്ധിച്ച വിവരം

| ഇനം | തുക | |
|---|---|---|
| ഭരണം | 803070 | — |
| പൊതു മരാമത്ത് | 1306360 | — |
| വിദ്യാഭ്യാസം | 65834 | — |
| ജലവിതരണം, ഓടകരം, പൊതുജനാരോഗ്യം | 223830 | — |
| തെരുവിളക്കുകരം കത്തിക്കുന്നത് | 221094 | — |
| മററുള്ളവ | 424605 | 55 |
| ആകെ | 3044793 | 55 |

പട്ടിക_24

## പഞ്ചായത്തിന്റെ തനതു വരുമാനം

| ഇനം | തുക | |
|---|---|---|
| ചന്ത | 122300 | — |
| ഫലവൃക്ഷങ്ങൾ | 6240 | — |
| മററുള്ളവ | 782953 | 81 |
| കെട്ടിട നികുതി | 283735 | 50 |
| തൊഴിൽ നികുതി | 215633 | — |
| വിനോദ നികുതി | 665152 | 87 |
| അധിക വിനോദ നികുതി | 403181 | 07 |
| പ്രദർശന നികുതി | 4273 | 50 |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ് | 1059 | — |
| ലൈസൻസ് ഫീസ് | 12822 | — |
| ആകെ | 2496290 | 75 |

ഈ കണക്കുകം പ്രകാരം പഞ്ചായത്തിന് 28911.40 രൂപയുടെ മികച്ച ബഡ്ജററാണ്. അതു് നാമമാത്രമാണുതാനും. അതുകൊണ്ട് സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നത്.

പട്ടിക_25

## പഞ്ചായത്തിനകത്തു പ്രർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ

| നമ്പർ | ധനകാര്യ സ്ഥാപനങ്ങൾ | പൊതു മേഖല | സ്വകാര്യ മേഖല |
|---|---|---|---|
| 1 | സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ | ഉണ്ട് | |
| 2 | ഫെഡറൽ ബാങ്ക് | | ഉണ്ട് |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | | .... |
| 4 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് (ഞാറക്കൽ ബ്രാഞ്ച്) | ഉണ്ട് | |
| 5 | കേരള സ്റേററ് ഫിനാൻഷ്യൽ എൻറർപ്രൈസസ് | .... | |
| 6 | ഞാറക്കൽ സർവ്വീസ് സഹകരണ ബാങ്ക് | .... | |
| 7 | പോസ്ററൽ സേവിങ്ങ്സ് | .... | |
| 8 | പെരുമ്പിള്ളി സർവ്വീസ് സഹകരണ സംഘം | .... | |
| 9 | ലേബർ ഡെവലപ്പ്മെൻറ് ട്രസ്ററ് | | ഉണ്ട് |
| 10 | ഹിമാചൽ സഞ്ചയിക | | .... |
| 11 | കിരിയാന്തൻ ചിട്ടി ഫണ്ട് | | .... |
| 12 | മാലിപ്പുറം പീപ്പിൾസ് ട്രസ്ററ് | | .... |
| 13 | ഗവ: സർവ്വൻറ്സ് കോ_ഓപ്പറേററീവ് സൊസൈററി | ഉണ്ട് | |
| 14 | കുറീസ് ആൻറ് ട്രേഡേഴ്സ് | | ഉണ്ട് |

147

ഞാറക്കൽ പഞ്ചായത്തിലെ ഈ വർഷത്തെ ജനസംഖ്യ 24183 ആണെന്നാണ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ഒരു സർവ്വേ തെളിയിക്കുന്നത്.

പട്ടിക_26

**ജനസംഖ്യാ വിവരണം**

| തരം | എണ്ണം |
|---|---|
| 6 വയസിൽ താഴെ പ്രായമുള്ള കുട്ടികാം | 2033 |
| 65 വയസിനു മുകളിൽ പ്രായമുള്ളവർ | 3000 |
| തൊഴിലുള്ളവർ | 16105 |
| തൊഴിൽ രഹിതർ | 3045 |
| ആകെ | 24183 |

തൊഴിൽ രഹിതരായി ഏകദേശം 3045 പേരാണ് പഞ്ചായത്തിൽ ഉള്ളത്. ഇത് ആകെ ജനസംഖ്യയുടെ 12.59% ആണ്. ഈ വിഭാഗത്തിന്റെ അദ്ധ്വാന ശേഷിയാണ് ഉല്പാദന വർദ്ധനവിന് ഉപയോഗിക്കാവുന്ന മാനവിക വിഭവം.

പഞ്ചായത്തിൽ ഗൾഫ് പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഏകദേശം 1200 പേരും. അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ഏകദേശം 400 പേരുമുണ്ട്. ഗൾഫിൽ നിന്നുള്ളവർ പ്രതിവർഷം 200 ലക്ഷം രൂപയും, അന്യസംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവർ ഏകദേശം 96 ലക്ഷം രൂപയും വീടുകളിലേക്ക് ബാങ്കു വഴിയും പോസ്റ്റ് ആഫീസ് വഴിയും അയച്ചു തരുന്നുണ്ട്.

N. R. E, NRNR നിക്ഷേപങ്ങാംവഴി പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളിൽ ഗൾഫ് മലയാളികളുടെ 832 ലക്ഷം രൂപ നിക്ഷേപം ഉണ്ട്.

പട്ടിക_27

**പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപ-വായ്പ വിവരങ്ങൾ**

| No. | ധനകാര്യസ്ഥാപനങ്ങളുടെ പേര് | നിക്ഷേപങ്ങാം | | | വായ്പ കാം ലക്ഷം | ശതമാനം |
|---|---|---|---|---|---|---|
| | | NRI ലക്ഷം | NRNR ലക്ഷം | മൊത്തം ലക്ഷം | | |
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 65 | 242 | 546 | 190 | 34.79 |
| 2 | ഫെഡറൽ ബാങ്ക് | 56 | 220 | 535 | 203 | 37.94 |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | 114 | 135 | 382 | 206 | 53.92 |
| 4 | 4325 എറണാകുളം ജില്ലാ സഹകരണ ബാങ്ക് (ഞാറക്കൽ ബ്രാഞ്ച്) | — | — | 300 | 300 | 100 |
| 5 | കേരളസ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് | — | — | 40 | 21 | 52.5 |
| 6 | ഞാറക്കൽ സർവ്വീസ് കോ_ഓപ്പറേറ്റീവ് ബാങ്ക് | — | — | 800 | 650 | 81.25 |
| 7 | പെരുമ്പിള്ളി കോ_ഓപ്പറേറ്റീവ് സൊസൈററി | — | — | 150 | 122 | 81.33 |

148

പഞ്ചായത്തിലെ ബാങ്കുകൾ I R D P ലോണുകൾ കൊടുക്കുന്നതിൽ വിമുഖത കാണിക്കുന്നതായി കണ്ടു. സ്വകാര്യ ബാങ്കുകൾ വളരെ കുറച്ച് I R D P ലോണുകളേ കൊടുക്കുന്നുള്ളു.

## സാദ്ധ്യതകൾ

1 പഞ്ചായത്തിലെ 1000 സ്ക്വെയർ ഫീററിനു മേലുള്ള എല്ലാ കെട്ടിടങ്ങൾക്കും 10% വർദ്ധന.

2 പഞ്ചായത്തിൻെറ 7-ാം വാർഡിൽ പഞ്ചായത്ത് പുറമ്പോക്കായി കിടക്കുന്ന ജലാശയത്തിൽ സഹകരണാടിസ്ഥാനത്തിൽ ശാസ്ത്രീയ മൽസ്യക്കൃഷി.

3 പഞ്ചായത്ത് വക സ്ഥലത്ത് ഓഡിറേറാറിയം പണിത് വരുമാനം കണ്ടെത്തൽ.

4 കേബിൾ ടി. വി. കണക്ഷന് നിശ്ചിത വാർഷിക ഫീസ് ഈടാക്കൽ.

5 ചെമ്മീൻകെട്ട് ലേലതുകയുടെ നിശ്ചിത തുക പഞ്ചായത്തിൽ സെസ്സ് ഏർപ്പെടുത്തൽ.

6 വിവാഹ രജിസ്ട്രേഷൻ ഫീ ഏർപ്പെടുത്തൽ.

7 പഞ്ചായത്ത് ഭരണച്ചിലവ് സംസ്ഥാന ഗവ: എസ്ററാബ്ലിഷ്മെൻറ് ചെലവിൽ ഉൾപ്പെടുത്തൽ. 9-ാം പദ്ധതിക്കാലത്ത് 40 ലക്ഷം രൂപ പഞ്ചായത്തിനു ലഭിക്കും.

8 പഞ്ചായത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾക്ക് സർവ്വീസ് കോ-ഓപ്പറേറീവ് ബാങ്കിൻെറ ധനസഹായം ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തൽ.

9 പഞ്ചായത്തിൽ നിന്നും വാഹന നികുതിയടക്കുന്ന വാഹന ഉടമകളുടെ നികുതിയുടെ നിശ്ചിത വിഹിതം പഞ്ചായത്തിനു ലഭ്യമാക്കൽ.

10 പഞ്ചായത്തിൽ മത്സ്യ ഫെഡ് നടത്തുന്ന മൽസ്യക്കൃഷിയുടെ ലാഭത്തിൻെറ നിശ്ചിത വിഹിതം പഞ്ചായത്തിനു ലഭ്യമാക്കൽ.

---

### ഞാറക്കൽ ഗ്രാമ പഞ്ചായത്ത്
### ചെലവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക | |
|---|---|---|
| ഭരണം | 803070 | — |
| പൊതു മരാമത്ത് | 1306360 | — |
| വിദ്യാഭ്യാസം | 65834 | 30 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 223830 | — |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 221094 | — |
| മററുള്ളവ | 424605 | 25 |
| ആകെ | 3044793 | 55 |

# ഉപസംഹാരം

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങളും അതു പരിഹരിക്കാനുള്ള നിർദ്ദേശങ്ങളുമാണ് നാം ഇതുവരെ പ്രതിപാദിച്ചത്. ആവശ്യങ്ങൾ അനവധിയാണ്. ഞാറക്കൽ ഗ്രാമവാസികളുടെ ഏററവും പ്രധാന ആവശ്യം കുടിവെള്ളമാണ്. വൈപ്പിൻകരയിലെ വാഹനഗതാഗതത്തിരക്ക് പരിഹരിക്കാൻ തീരദേശ റോഡുനിർമ്മാണമാണ് പ്രധാനമായ മറെറാരാവശ്യം. കാർഷിക വ്യാവസായിക മൽസ്യോൽപ്പാദന മേഖലകളിൽ ജീവസുററ പദ്ധതികൾക്ക് രൂപം നൽകുമ്പോൾ നമ്മുടെ യുവ തലമുറയുടെ തൊഴിലില്ലായ്മക്ക് ഒട്ടൊരു പരിഹാരവും കണ്ടെത്തിയേക്കാം. നമ്മുടെ ഗ്രാമത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നാം പ്രാപ്തരാകണം. നമുക്കതിനു കഴിയും ! അതിനു ജീവിച്ചിരിക്കുന്ന ഉദാഹരണമാണ് ശ്രീ. "സർവോദയം കുരിയൻ" അദ്ദേഹം ചെയ്തു തീർത്ത സേവനങ്ങളിൽ പത്തു ശതമാനമെങ്കിലും നമുക്കു ചെയ്യാൻ കഴിഞ്ഞെങ്കിൽ !

ഏററവും നല്ല പദ്ധതികൾ കണ്ടെത്താനും, പദ്ധതി വിഹിതമായി എത്തുന്ന പണത്തോടൊപ്പം നമ്മുടെ ഓരോ പിടി നെൽമണിയും, അദ്ധ്വാന ശേഷിയും കൂട്ടിചേർത്ത് ഈ മഹത്തായ സംരംഭത്തിൽ നമുക്കും പങ്കാളികളാകാം.

ഇനിയും വികസന റിപ്പോർട്ടിൽ വന്നിട്ടില്ലാത്ത കാര്യങ്ങൾ ഉണ്ടെങ്കിൽ അതും കൂടി ഉൾപ്പെടുത്തി, ചർച്ചകളിൽ എല്ലാവരും സജീവമായി പങ്കെടുത്ത് പദ്ധതികൾ രൂപീകരിക്കത്തക്ക മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ ഈ റിപ്പോർട്ട് ഉപസംഹരിച്ചു കൊള്ളുന്നു.

---

Printed at C. C. Press, Narakal Phone 492225

1 50

# കൃതജ്ഞത

ഞാറക്കൽ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം, ദ്വിതീയ വിവര ശേഖരണം, പഠന പര്യടനം, മാപ്പ് തയ്യാറാക്കൽ, ചരിത്രപഠനം, ഡിപ്പാർട്ടുമെൻറ് റിവ്യൂ റിപ്പോർട്ട് എന്നിവയ്ക്ക് സഹകരിച്ച എല്ലാ മാന്യ വ്യക്തികളോടും, ഞാറക്കൽ ഗ്രാമപഞ്ചായത്തിനുള്ള നന്ദി രേഖപ്പെടുത്തുകയാണ്. അതോടൊപ്പം ചരിത്ര പഠനത്തിനു വേണ്ടിയുള്ള കാരണവൻമാരുടെ ചർച്ചയിൽ പങ്കെടുത്ത വന്ദ്യവയോധികരായ ശ്രീ. എം. എ. ജോസഫ് മാസ്ററർ (കൊച്ചാപ്പു മാസ്ററർ) മുളേരിക്കൽ, ശ്രീ. കെ. എ. മാത്യു മാസ്ററർ കണ്ണമ്പുഴ, ശ്രീ. എം. സി. ജോർജ് മാമ്പിള്ളി (റിട്ട: ചീഫ് എഞ്ചിനീയർ,) ശ്രീ. കെ. സി. ജോസഫ് കണ്ണമ്പുഴ എന്നിവരോടുള്ള കൃതജ്ഞത സീമാതീതമാണ്. വികസന സെമിനാറിൻെറ വിജയത്തിന് സാമ്പത്തിക സഹായങ്ങളും, മററെല്ലാവിധ സഹകരണങ്ങളും നൽകിയ എല്ലാവരോടും, ഈ റിപ്പോർട്ട് കൃത്യസമയത്ത് അച്ചടിച്ചു തരുവാൻ തയ്യാറായ സി. സി. പ്രസ് മാനേജ്മെൻറിനോടുമുള്ള കൃതജ്ഞതയും ഇതോടൊപ്പം രേഖപ്പെടുത്തുന്നു.

എന്ന്,

**കെ. കെ. തമ്പി** കൺവീനർ
പഞ്ചാ: ജനകീയാസൂത്രണ സമിതി &
സ്ററാൻറിംഗ് കമ്മററി ചെയർമാൻ
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

**പൗലോസ് പി. വാളൂരാൻ**
പ്രസിഡൻറ്
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

ഞാറക്കൽ - ഗ്രാമപഞ്ചായത്ത്

ആരോഗ്യ സ്ഥിതിവിവരങ്ങൾ



1) ആകെ വീടുകൾ

a) കോൺക്രീറ്റ് 1595
b) ഓടിട്ടത് 2559
c) ഓലമേഞ്ഞത് 308
d) കുടിൽ 129

ആകെ 4591

2) കക്കൂസുള്ള വീടുകളുടെ എണ്ണം

a) സെപ്റ്റിക്ക് ടാങ്ക് 1430
b) ഇ. എസ്. പി 2014
c) മറ്റുള്ളവ 1147

ആകെ 4591

3) കുടിവെള്ള സ്രോതസ്

a) സാനിറ്ററി വെൽ
b) സാധാരണ കിണർ
c) കുളം
d) നദി
e) പൈപ്പ്
f) പൊതുവിതരണം

4) തൊഴുത്ത്

a) വീടിനോട് ചേർന്ന്
b) പ്രത്യേകിച്ച്

5) കമ്പോസ്റ്റ് കുഴി

a) ഉള്ളത് 100
b) ഇല്ലാത്തത്

6) വൈദ്യുതി

a) വൈദ്യുതീകരിച്ചവ 3315
b) അല്ലാത്തവ 1463

7) ജനസംഖ്യ

a) പുരുഷന്മാർ 13065
b) സ്ത്രീകൾ 11118
c) കുട്ടികൾ 2022 - including

8) പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ
(സ്ത്രീയുടെ പ്രായക്രമം)

a) 15-19- 12
b) 20-24- 519
c) 25-29-1040
d) 30-34-1028
e) 35-39- 671
f) 40-44- 267

ആകെ 3537

9) അമ്മമാരുടെ എണ്ണം
(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ
എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | |
|---|---|
| 0 | 371 |
| a) 1 കുട്ടി | 930 |
| b) 2 കുട്ടികൾ | 1448 |
| c) 2 ൽകൂടുതൽ കുട്ടികൾ | 738 |
| ആകെ | 3537 |

10) കുടുംബാസൂത്രണമാർഗം സ്വീകരിച്ച
അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ
അടിസ്ഥാനത്തിൽ)

| | |
|---|---|
| a) 1 കുട്ടി | 238 |
| b) 2 കുട്ടികൾ | 1338 |
| c) 2 ൽകൂടുതൽ കുട്ടികൾ | 731 |
| ആകെ | 2307 |

11) അംഗവൈകല്യമുള്ളവർ

| | |
|---|---|
| a) അന്ധർ | 11 |
| b) ബധിരർ | 14 |
| c) മൂകർ | 10 |
| d) ബധിര–മൂകർ | 9 |
| e) ചലന വൈകല്യങ്ങൾ | 115 |
| ആകെ | 159 |

12) മന്ദബുദ്ധികൾ എണ്ണം
പ്രായം

| | | | |
|---|---|---|---|
| a) 0-5 | 1 | a) 11–15 | 2 |
| b) 6–10 | 7 | a) 16ന് മേൽ | 13 |

13) സ്ഥായിയായ രോഗബാധിതർ

a) രക്തസമ്മർദ്ദം
b) പ്രമേഹം
c) കാൻസർ
d) കുഷ്ഠം
e) ക്ഷയം
f) ഹൃദ്രോഗം
ആകെ

14) a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 308
b) പ്രതിരോധകുത്തിവെയ്പ്പ് നടത്തിയവർ 292

15) ആകെ ഗർഭിണികൾ 146

അനുബന്ധം 7

ഞാറക്കൽ ഗ്രാമപഞ്ചായത്ത്

സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | ഗവ. ആസ്പത്രി ഞാറയ്ക്കൽ | അലോപ്പതി | സ്വന്തം | 26 | | 1) എല്ലാ കെട്ടിടങ്ങളുടേയും അററകുററപ്പണി നടത്തണം. 2) റീവയറിംഗ് ചെയ്യണം. 3) ഗ്രൗണ്ട് ലെവൽ വാട്ടർടാങ്ക് റിപ്പയർ ചെയ്യണം. 4) 3hp പമ്പുസെററ് സ്ഥാപിക്കണം. 5) 1000 ലിററർ സിന്തററിക്ക് ടാങ്ക് വേണം. 6) ഫർണിച്ചർ റിപ്പയർ ചെയ്യണം |
| 2 | കുടുംബ ക്ഷേമ ഉപ കേന്ദ്രം | Do | Do | 1 | | കെട്ടിടം പെയ്ൻറിംങ്ങ് നടത്തണം 4 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളാണ് വേണ്ടതു്. ഒരു ഉപകേന്ദ്രത്തിനുമാത്രമേ കെട്ടിടമുള്ളു. മൂന്നു ഉപകേന്ദ്രത്തിനു് പുതുതായി കെട്ടിടം പണിയേണ്ടതുണ്ട് മററു അനുബന്ധ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തണം. |
| 3 | ഗവ.ഹോമിയോ ഡിസ്പെൻസറി. | ഹോമിയോ | പഞ്ചായത്തു പണിതു കൊടുത്ത കെട്ടിടം | 4 | 1989 മാർച്ച്-30 | നടപ്പാത ശരിയാക്കൽ കുടിവെള്ളം ഏർപ്പെടുത്തൽ പരിസര മലിനീകരണംതടയൽ. |

ഞാറക്കൽ ഗ്രാമപഞ്ചായത്തു്

സാമൂഹ്യ വനവത്ക്കരണ പരിപാടിയിലൂടെ ഉല്പാദിപ്പിച്ച തൈകളുടെ വിവരം

| ഉൽപാദിപ്പിച്ച തൈയുടെ ഇനം | ആകെ ഉല്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിൻെറ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1991 | 1992 | 1993 | 1994 | 1995 | 1991 | 1992 | 1993 | 1994 | 1995 |
| തെങ്ങ്, ജാതി,മാവ് കവുങ്ങ് | 4300 | 632 | — | — | — | 4800 | 632 | .... | — | — |
| | 7500 | 1120 | — | — | — | 7500 | 1120 | — | — | — |
| മൊത്തം | 12300 | 1752 | | | | 12300 | 1752 | | | |

## ഞാറക്കൽ ഗ്രാമപഞ്ചായത്ത്

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1_ാം ഗ്രേഡ് | | 2_ാം ഗ്രേഡ് | | 3_ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 152 | 164 | 64 | 55 | 1 | 5 | — | — |
| 1_3 വയസ് | 272 | 252 | 183 | 145 | 37 | 41 | — | — |
| 3_6 വയസ് | 251 | 237 | 174 | 165 | 34 | 41 | — | — |

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | B. C. G. | D. T P. | | | | പോളിയോ | | | | ഡി. റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 D | 2 D | 3 D | B D | 1 D | 2 D | 3 D | B D | 1 D | 2 D | 3 D | B D | |
| 1 വയസിൽ താഴെ | 84 | 43 | 53 | 45 | 17 | 43 | 53 | 45 | 17 | | | | | 80 |
| 1_3 വയസ് | | | | | | | | | | 40 | 30 | | | |
| 3_6 വയസ് | | | | | | | | | | | | 28 | | |

## ടെററനസ് ടോക്സോയിസ് (TT)

| | 1 D | 2 D | B D |
|---|---|---|---|
| ഗർഭിണികൾ | 32 | 39 | |

## ഞാറക്കൽ ഗ്രാമ പഞ്ചായത്ത്

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ 1995-96

| ഏതു വിഭാഗം ചികിൽസാ സംവിധാനം | ആശുപത്രി സർക്കാർ | ആശുപത്രി സ്വകാര്യം | ഡിസ്പെൻസറി സർക്കാർ | ഡിസ്പെൻസറി സ്വകാര്യം | മാതൃ ശിശു സംരക്ഷണ കേന്ദ്രം സർക്കാർ | മാതൃ ശിശു സംരക്ഷണ കേന്ദ്രം സ്വകാര്യം | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| അലോപ്പതി | 1 | | | | | | 26 |
| ഹോമിയോ | | | 1 | | | | 4 |
| ആയുർവ്വേദം | | | | 4 | | | 8 |
| ഹോമിയോ | | | | 4 | | | 23 |
| മാതൃശിശു സംരക്ഷണ കേന്ദ്രം | | | | | 4 | | 9 |
| ESI | | | 1 | | | | 8 |
| അലോപ്പതി | | 2 | | | | | 3 |
| ആകെ | 1 | 2 | 2 | 8 | 4 | | 81 |

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം 1993_94 | എണ്ണം 1994_95 | എണ്ണം 1995_96 |
|---|---|---|---|
| തെങ്ങ് | 175 തൈ | 1240 തൈ | 1075 തൈ |
| തെങ്ങ് T × D | — | — | 16 Nos. |
| തെങ്ങ് D × T | — | — | 16 Nos. |
| കശുമാവ് | 100 തൈ | — | — |
| ചാമ്പ | — | — | 10 Nos. |
| കുരുമുളക് | 2000 വള്ളി | — | 2842 |
| ചെന്തെങ്ങ് | — | — | 5 Nos. |
| കവുങ്ങ് | 100 മംഗള | — | 1338 മംഗള |
| വാഴ | — | — | 1338 |
| പച്ചക്കറി വിത്ത് പാക്കററ് | 1290 | 1320 | 1738 |
| അരി നെല്ലി | — | — | 15 |
| ജാതിതൈ | 100 | — | — |
| മാവ് (ഗ്രാഫ്ററ്) | 60 | — | 30 |
| കരയാമ്പൂ | 100 | — | — |
| സപ്പോട്ട | 45 | — | — |
| പയർ | 92 Kg (C 152) | — | 40 Kg. (C 152) |
| പേര | — | — | 10 Nos. |
| മാദളം | — | — | 10 Nos. |

## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിൻെറ വിസ്തീർണ്ണം (ഹെക്ടർ) വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാററ് | ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993_94 | 3400 രൂപ | — | — | — | 4 | 3400 രൂപ |
| 1994_95 | — | — | — | — | — | — |
| 1995_96 | — | — | — | — | — | — |

## ഞാറക്കൽ ഗ്രാമപഞ്ചായത്ത്
## ഗവൺമെൻറ് ആശുപത്രി. ഞാറക്കൽ

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം |
|---|---|---|
| 1992_93 | 3570 | 58423 |
| 1993_94 | 3090 | 49628 |
| 1994_95 | 2298 | 56318 |
| 1995_96 | 3909 | 43094 |
| ആകെ | 12567 | 207463 |

## ഞാറക്കൽ ഗ്രാമ പഞ്ചായത്തിലെ
## സ്ക്കുൾ കുട്ടികളുടെ വിവരം

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | കുട്ടികളുടെഎണ്ണം SC/ST | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 201 | 204 | 405 | 33 | 28 | 61 |
| II | 199 | 190 | 389 | 29 | 26 | 55 |
| III | 206 | 161 | 367 | 26 | 25 | 51 |
| IV | 197 | 195 | 392 | 29 | 20 | 49 |
| V | 230 | 216 | 446 | 38 | 27 | 65 |
| VI | 266 | 271 | 537 | 32 | 30 | 62 |
| VII | 282 | 253 | 535 | 41 | 29 | 70 |
| VIII | 259 | 417 | 676 | 49 | 58 | 107 |
| IX | 242 | 379 | 621 | 45 | 62 | 107 |
| X | 198 | 292 | 490 | 31 | 47 | 78 |
| XI | 28 | 47 | 75 | 2 | 2 | 4 |
| XII | 9 | 59 | 68 | 2 | -- | 2 |
| ആകെ | 2317 | 2684 | 5001 | 357 | 354 | 711 |

## പൊതുസാമ്പത്തീകനില

| | പൊതുകണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 4478803 . 98 | 1308414 | 293352.60 |
| ചെലവ് | 1592136 . 30 | | 194243.25 |

## പൊതുമരാമത്ത് പണിസംബന്ധിച്ച വിവരങ്ങൾ

| പണ്ണിയുടെ സ്വഭാവം | എസ്റ്റിമേററ് തുക | യഥാർത്ഥ വില | | |
|---|---|---|---|---|
| | | ഗ്രാൻെറ് തുക | വഞ്ചി ഫണ്ട് | ആകെ |
| റോഡ് | 146000 | — | 114713 | 114713 |
| തോട് | 173000 | — | 170583 | 170583 |
| കെട്ടിടം | 10,50,000 | 3,40,000 | 564297 | 904297 |
| നടപ്പാലം | 18,000 | — | 16979 | 16979 |
| മററുള്ളവ | 30,000 | — | 27277 | 27277 |

അനുബന്ധം_8



ഞാറക്കൽ ഗ്രാമപഞ്ചായത്ത്

അംഗൻ വാടികളിൽ നിന്നു് ശേഖരിക്കേണ്ട വിവരം

| | | | |
|---|---|---|---|
| 1) | a) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 24183 |
| | b) | പുരുഷൻമാർ | 13065 |
| | c) | സ്ത്രീകൾ | 11118 |
| 2) | a) | പട്ടികജാതി ജനസംഖ്യ | 3589 |
| | b) | പട്ടികവർഗ ജനസംഖ്യ | 12 |
| 3) | | അംഗൻവാടികളുടെ എണ്ണം | 14 |
| 4) | a) | ഒരു വയസ്സിനു് താഴെ പ്രായമുള്ള കുട്ടികൾ | 352 |
| | b) | 1–2 വയസുവരെ പ്രായമുള്ള കുട്ടികൾ | 550 |
| | c) | 2–3 വയസുവരെ പ്രായമുള്ള കുട്ടികൾ | 394 |
| | d) | 3–5 വയസുവരെ പ്രായമുള്ള കുട്ടികൾ | 737 |
| 5) | a) | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | 231 |
| | b) | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | — |
| 6) | a) | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | 311 |
| 7) | a) | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 338 |
| | b) | ചാപ്പിള്ള ജനനങ്ങൾ | — |
| 8) | a) | ഒരു വയസ്സിനു് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95–96) | 2 |
| | b) | 1–3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | — |
| | c) | 3–6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | — |
| 9) | a) | ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | — |
| | b) | മററു മരണങ്ങളുടെ എണ്ണം | 74 |
| 10) | a) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 508 |
| | b) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 119 |
| | c) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 133 |

## ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ – ഞാറക്കൽ വില്ലേജ്

| | | H | A | SQM |
|---|---|---|---|---|
| 1) | ഒട്ടാകെ വിസ്തീർണ്ണം | 862 | 99 | 49 |
| | ഒട്ടാകെ നിലം | 222 | 65 | 79 |
| | ,, പറമ്പ് | 395 | 50 | 63 |
| | ,, പുറമ്പോക്ക് | 244 | 83 | 07 |
| 2) | മൊത്തം നികുതി | 31732.31രൂപ | | |
| 3) | a) സർക്കാർ വക ഭൂമി | H | A | SQM |
| | 1) സർക്കാർ കെട്ടിടം | 7 | 07 | 40 |
| | 2) സ്ഥലപാട്ടം | 2 | 44 | 53 |
| | 3) റോഡ് ഇടവഴി | 36 | 61 | 99 |
| | 4) താൽക്കാലിക കെട്ടിടം | 0 | 42 | 86 |
| | 5) തോട് പുഴ | 152 | 92 | 49 |
| | 6) ചന്ത സ്ഥലം | 0 | 7 | 64 |
| | 7) ക്ഷേത്രപറമ്പ്, കിണർ | 0 | 56 | 17 |
| | 8) ഫിഷ് ഫാം | 7 | 91 | 15 |
| | 9) കരം പതിഞ്ഞ തരിശ്ശ് | 0 | 58 | 28 |
| | 10) കോളനി സ്ഥലം | 7 | 08 | 80 |
| | 11) കടൽ വയ്പ്പ് | 27 | 29 | 64 |
| | 12) ചാപ്പ മൈതാനം | 0 | 74 | 50 |
| | 13) ശ്മശാനം | 0 | 21 | 85 |
| | 14) മററു പുറംബോക്ക് | 0 | 26 | 30 |
| | 15) പഞ്ചായത്താപ്പീസ് | 0 | 04 | 86 |
| | 16) പരേഡ് ഗ്രൗണ്ട് (പോലീസ്) | 0 | 01 | 72 |
| | 17) ക്വാർട്ടേഴ്സ് (പോലീസ്) | 0 | 20 | 33 |
| | ആകെ | 244 | 30 | 51 |
| | പുറമ്പോക്ക് (ലക്ഷം വീട്) | 0 | 52 | 56 |
| | ആകെ പുറമ്പോക്ക് | 244 | 83 | 07 |

ഞാറക്കൽ ഗ്രാമപഞ്ചായത്ത്

## *ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ*

**Ref.R**

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | ആകെ | |
| I | 2 | — | 15 | 11 | 28 | 1198 |
| II | 7 | 1 | 33 | 11 | 52 | 1942 |
| III | 4 | .... | 21 | 3 | 28 | 1040 |
| IV | 3 | — | 6 | 6 | 15 | 526 |
| V | 3 | — | 16 | 1 | 20 | 775 |
| VI | 13 | — | 23 | 4 | 40 | 1615 |
| VII | 6 | 1 | 6 | 6 | 19 | 655 |
| VIII | 6 | 1 | 13 | 4 | 24 | 615 |
| IX | 14 | 3 | 13 | 8 | 38 | 1945 |
| X | 6 | 1 | 20 | 5 | 32 | 1161 |
| ആകെ | 64 | 7 | 166 | 59 | 296 | |

## അനുബന്ധം-I

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

### 1.1 ഭരണം സംബന്ധിച്ച വിവരങ്ങൾ
Ref: A

| | | |
|---|---|---|
| 1 | പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | ഞാറക്കൽ |
| 2 | വിസ്തീർണ്ണം Sq Km.<br>ജനസംഖ്യ | 8.60<br>22978 (1991 സെൻസസ്സ്)<br>24183 (1996) |
| 3 | വാർഡുകൾ | 10 |
| | സംവരണ വാർഡുകൾ ഏതെല്ലാം<br>1. വനിത | 1, 5, 10 |
| | 2. പട്ടികജാതി/പട്ടികവർഗം | 7, 10, |
| 4 | പഞ്ചായത്ത്രാജ് നിയമ പ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ ഏവ (ജോയിൻറ് കമ്മററി മുതലായവ) | സ്ററാൻറിങ്ങ് കമ്മററി |
| 5 | പഞ്ചായത്ത് വികസന പരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മററു സമിതികൾ ഏവ? (പഞ്ചായത്ത് വികസനസമിതി, വാർഡ് വികസനസമിതികൾ, വിദ്യഭ്യാസസമിതി, ആരോഗ്യസമിതി etc.) | രൂപീകരിച്ചിട്ടില്ല<br>സാക്ഷരതാ സമിതി – 1 |
| 6 | സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ? ഇല്ലെങ്കിൽ പ്രതിമാസ വാടക എത്ര? | ഉണ്ട് |
| 7 | പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ<br>Ref : A annexure XXXIV | സെക്രട്ടറി – 1, ജൂനിയർ സൂപ്രണ്ട് – 1<br>U. D. ക്ലാർക്ക് – 4, L. D. ക്ലാർക്ക് – 4<br>ഓവർ സിയർ– 1, ഫുൾടൈം ലൈബ്രറേറി–1<br>സ്കാവഞ്ചർ – 1, സ്വീപ്പേഴ്സ് – 3<br>പ്യൂൺ – 2 |
| 8 | ഭരണ ചെലവ് എത്ര?<br>വരുമാനത്തിൻെറ എത്ര ശതമാനം | 803070<br>26.12% |

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

## 1.4. കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ

(പഞ്ചായത്ത് വക) Ref: A. II, J

| വാർഡ് | കുളങ്ങളുടെ എണ്ണം [വിസ്തീർണ്ണത്തിനനുസരിച്ച് – സെൻറിൽ] | | | | | | കിണറുകൾ |
|---|---|---|---|---|---|---|---|
| | 10സെൻറിന് താഴെ | 10–20 | 20–30 | 30–40 | 40–50 | 50ന് മുകളിൽ | |
| 1 | ഇല്ല | | | | | | വടക്കെ അങ്ങാടിയിൽ<br>വില്ലേജ് ഓഫീസ് റോഡിൽ |
| 2 | ,, | | | | | | വാലക്കടവ്<br>കിഴക്കെ കുരിശ് |
| 3 | ,, | | | | | | കംഫർട്ട് സ്റ്റേഷൻ W III<br>മഞ്ഞനക്കാട് |
| 4 | ,, | | | | | | കല്ലുമഠം പാലത്തിനുസമീപം |
| 5 | ,, | | | | | | അംഗൻവാടിക്കടുത്തുള്ളത്<br>ഊടാരക്കൽ റോഡിൽ |
| 6 | ആറാം വാർഡിൽ പെരുമ്പിള്ളി ലക്ഷം വീട് കോളനിയിൽ | | | | | | പെരുമ്പിള്ളി ഈസ്റ്റ് റോഡിൽ |
| 7 | ഇല്ല | | | | | | സഹോദരൻ D L H C |
| 8 | ,, | | | | | | |
| 9 | ,, | | | | | | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ<br>മെജസ്റ്റിക് D L H C |
| 10 | ,, | | | | | | ജയ്ഹിന്ദ് മൈതാനിക്കടുത്ത് |
| ആകെ എണ്ണം | 1 | | | | | | 14 |

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

## 1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മററുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

Ref: Q

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതിവിഹിതം | പദ്ധതിയേതരവിഹിതം | |
| മൃഗസംരക്ഷണം | | | |
| ആരോഗ്യം | | 172 | 172 |
| കൃഷി | 35195 | | 35195 |
| പി.ഡബ്ല്യൂ.ഡി. | | | ഇല്ല |
| ഹരിജനക്ഷേമം | 2000 | | 2000 |
| മററുള്ളവ | | 500 | 500 |
| ആകെ | 37195 | 672 | 37867 |

അനുബന്ധം-11

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

## 11.1 IRDP സർവ്വേപ്രകാരം-ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെകുടുംബങ്ങളും എണ്ണം | ഇതിൽ SC / ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായംലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്ക്മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 115 | 24 | 11 | 21 | 16 | 99 |
| 2 | 130 | 2 | 11 | 2 | 35 | 125 |
| 3 | 65 | 2 | 8 | 2 | 3 | 62 |
| 4 | 270 | 7 | 16 | 7 | 10 | 260 |
| 5 | 182 | 11 | 11 | 10 | 8 | 174 |
| 6 | 194 | 12 | 13 | 4 | 7 | 173 |
| 7 | 220 | 3 | 11 | 2 | 8 | 192 |
| 9 | 195 | 9 | 8 | 2 | 12 | 170 |
| 10 | 154 | 6 | 14 | 3 | 8 | 128 |
| | 1525 | 76 | 103 | 53 | 77 | 1383 |

## 1.21 സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

Ref: W

| ക്രമ നമ്പർ | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1 | ഞാറക്കൽ ഗ്രാമപഞ്ചായത്താഫീസ് | ഞാറക്കൽ | 230 Sm. |
| 2 | ലൈബ്രറി കം ഷോപ്പിംങ്ങ് കോംപ്ലക്സ് W III | ,, | 204-57 Sm. |
| 3 | കംഫർട്ട് സ്റ്റേഷൻ | ,, | 30 Sm. |
| 4 | III / 355 | ,, | 16 Sm. |
| 5 | ഞാറക്കൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ് W IX | ,, | 185-68 Sm. |

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

JRY പണി സംബന്ധിച്ച വിവരങ്ങൾ Ref. JRY ആക്ഷൻ പ്ലാൻ 1995-96

| പണിയുടെ പേര് | ജനറൽ സെക്ടർ തുക രൂ. | SC/ST വിഭാഗം തുക രൂ. | ആകെ തുക രൂ. |
|---|---|---|---|
| 1 | 2 | 3 | 4 |
| **SC/ST** | | | |
| പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽ ഭവനനിർമ്മാണം. | | 94,800/- | |
| **General** | | | |
| 1) ഒന്നാം വാർഡിൽ ഹൈസ്കൂൾ റോഡ് കാന നിർമ്മാണം | 45,000/- | | |
| 2) ഒന്നാം വാർഡിൽ നെൽസൺമണ്ടേല റോഡിൽ കൾവർട്ട് നിർമ്മാണവും ഇംപ്രൂവ്മെൻറും | 38,000/- | | |
| 3) അഞ്ചാം വാർഡിൽ അപ്പങ്ങാട്ട് കനാലിൻെറ വടക്കുഭാഗം പൈപ്പ് കൾവർട്ടും സൈഡ് സംരക്ഷണം | 30,000/- | | |
| 4) ഏഴാം വാർഡിൽ ബീച്ച്റോഡ് മെററലിംഗ് | 1,20,000/- | | |
| 5) ഏഴാം വാർഡിൽ പുതുവൽ റോഡ് മെററലിംഗ് | 77,000/- | | |
| 6) പത്താം വാർഡിൽ ജയ്ഹിന്ദ്റോഡ് ഇംപ്രൂവ്മെൻറ് | 45,000/- | | |
| 7) രണ്ടാം വാർഡിൽ മില്ലുവഴി സൈഡ് കെട്ട് | 45,000/- | | |
| 8) രണ്ടാം വാർഡിൽ ബോട്ട്ജെട്ടി റോഡ് സൈഡ് കെട്ടും ഫില്ലിംഗും | 45,000/- | | |
| 9) ഒമ്പതാം വാർഡിൽ തുലാപറമ്പ് വെസ്റ്റ് ഫുട്ട്പാത്ത് ഫോർമേഷനും പൈപ്പ് കൾവർട്ട് നിർമ്മാണവും | 1,10,000/- | | |
| | 5,55,000/- | 94,800/- | 6,49,800/- |

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്

ഏറ്റെടുത്ത JRY പണികരം സംബന്ധിച്ച വിവരങ്ങരം Ref. JRY work Reg.

| പണിയുടെ പേര് | ജനറൽ | | SC/ST | |
|---|---|---|---|---|
| | എസ്റ്റിമേററ് തുക | നല്കിയത് | എസ്റ്റിമേററ് തുക | നല്കിയത് |
| 1 | 2 | 3 | 4 | 5 |
| **I SC/ST** | | | | |
| പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഭവനനിർമ്മാണം. | | | 94,800/- | 11,900/- |
| **II General** | | | | |
| 1) രണ്ടാം വാർഡിൽ മില്ലുവഴി റോഡ് സൈഡ് കെട്ട് | 45,000/- | 44,809/- | | |
| 2) രണ്ടാം വാർഡിൽ ബോട്ടജെട്ടി റോഡുസൈഡ് കെട്ടും ഫില്ലിംഗും | 45,000/- | 45,000/- | | |
| 3) ഒമ്പതാം വാഡിൽ തുലാപ്പറമ്പ് വെസ്റ്റ് ഫുട്ട്പാത്ത് ഫോർമേഷനും പൈപ്പ് കരംവട്ട് നിർമ്മാണവും | 1,10,000/- | 22,000/- | | |
| 4) ജയ്ഹിന്ദ് റോഡ് ഇംപ്രൂവ്മെൻറ് | 45,000/- | 44,913/- | | |
| 5) ഒന്നാം വാർഡിൽ നെൽസൺമണ്ടേല റോഡിൽ കരംവർട്ട് നിർമ്മാണവും ഇംപ്രൂവ്മെൻറും | 38,000/- | 38,000/- | | |
| 6) അഞ്ചാം വാർഡിൽ അപ്പങ്ങാട് കനാലിൻെറ വടക്കഭാഗം പൈപ്പ് കരംവർട്ടും, സൈഡ് സംരക്ഷണം | 30,000/- | 30,000/- | | |
| 7) ഏഴാം വാർഡിൽ ബീച്ച് മെററലിംഗ് | 1,20,000/- | 1,12,464/- | | |

## ഞാറക്കൽ ഗ്രാമപഞ്ചായത്ത്
### ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 29 | 7 | 3 | 4 | 22 |
| II | 20 | 3 | 1 | 2 | 17 |
| III | 27 | 6 | 1 | 5 | 15 |
| IV | 26 | 11 | 5 | 6 | 15 |
| V | 24 | 5 | 2 | 3 | 19 |
| VI | 22 | 6 | 3 | 2 | 16 |
| VII | 21 | 8 | 3 | 1 | 11 |
| VIII | 19 | 7 | 2 | 2 | 12 |
| IX | 23 | 6 | 3 | 2 | 17 |
| X | 18 | 5 | 2 | 1 | 13 |
| ആകെ | 223 | 66 | 25 | 28 | 157 |

## ഞാറക്കൽ ഗ്രാമപഞ്ചായത്ത്
### കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 60 | 0 | 0 | 60 |
| II | 70 | 0 | 0 | 70 |
| III | 40 | 1 | 1 | 39 |
| IV | 140 | 1 | 1 | 139 |
| V | 95 | 6 | 6 | 89 |
| VI | 76 | 7 | 2 | 74 |
| VII | 92 | 3 | 2 | 89 |
| VIII | 107 | 7 | 3 | 100 |
| IX | 118 | 2 | 1 | 116 |
| X | 60 | 2 | 1 | 58 |
| ആകെ | 858 | 29 | 17 | 834 |

## ഞാറക്കൽ ഗ്രാമപഞ്ചായത്ത്
### സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മൽസ്യ തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മററുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | G. V. H. S School | ഇല്ല | 441+62 | 1 | 1 | ഇല്ല | ഇല്ല | 88+28 | 18+90 |
| 2 | S K V A L. P. S. | | 29 | ഇല്ല | 5 | | ഇല്ല | 7 | |
| 3 | Hindu L. P. S. Manjanakad | | 30 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | |
| 4 | St. Marys U. P. S. | 25 | 505 | 1 | 2 | ഇല്ല | ഇല്ല | 187 | |
| 5 | P C L, P, S, | | 36 | 1 | 1 | 1 | — | 6 | |
| 6 | L F H S. | | 182 | 1 | 1 | — | — | 75 | |
| 7 | L P. G S. | 22 | 44 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 1 |
| 8 | G F U. P. S. | | 262 | 2 | --- | — | — | 83 | 2 |

166

## 1.14 (a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96) Ref. E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം — ഒരുനിലയുള്ളകെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീററ് | ഓട് | ഓല | മററുള്ളവ |
| 1 | 454 | 27 | 132 | 296 | 18 | 8 |
| 2 | 616 | 11 | 200 | 397 | 12 | 7 |
| 3 | 438 | 19 | 154 | 263 | 9 | 12 |
| 4 | 549 | 1 | 82 | 446 | 25 | 1 |
| 5 | 574 | 14 | 164 | 386 | 15 | 9 |
| 6 | 704 | 5 | 194 | 436 | 15 | 2 |
| 7 | 575 | 7 | 106 | 375 | 86 | 8 |
| 8 | 578 | 1 | 121 | 392 | 62 | 3 |
| 9 | 866 | 15 | 172 | 634 | 39 | 21 |
| 10 | 475 | 5 | 94 | 359 | 25 | 5 |
| ആകെ | 5829 | 105 | 1419 | 4034 | 306 | 76 |

## 1.20 സേവനമേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ Ref. F

| എണ്ണം | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മററ് സേവനമേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണം | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ |
| സ്ഥാപനങ്ങൾ | 3 | | 5 | 8 | 3 | | 3 | 6 | 23 | 4 | 7 | 34 |
| ജീവനക്കാർ | 73 | | 83 | 156 | 39 | | 29 | 58 | 325 | 27 | 39 | 391 |

167

# നായരമ്പലം ഗ്രാമ പഞ്ചായത്ത്


★

## ജനകീയാസൂത്രണം

★

## സമഗ്ര വികസന രേഖ

*1996 നവംബർ 24*


ARABIAN SEA
BEACH ROAD
CHEMMEEN
FARM
TO VYPIN
TO PARUR
GRAMEENA VAYANASALA
VILLAGE OFFICE
B.V TEMPLE
GOVT. VETERINARY HOSPITAL
ST. JOSEPH'S L.P.S.
BANK OF INDIA
S.B.T.
SERVICE CO-OP. BANK
TEMPLE Rd.
HERBERT FERRY
HERBERT Rd.
UNION U.P.S. AND TEMPLE
CHEMMEEN FARM
CHEMMEEN FARM
NAYARAMBALAM GRAMA PANCHAYAT
N

# നായരമ്പലം ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

## ആമുഖം

ആസൂത്രണപ്രക്രിയ സാധാരണജനങ്ങൾക്ക് അന്യമായിരുന്ന അവസ്ഥയ്ക്ക് വിരാമമിട്ടുകൊണ്ട് ജനകീയാസൂത്രണ പരിപാടിയിലൂടെ നമ്മുടെ ഗ്രാമങ്ങളുടെ മുഖച്ഛായ മാററാൻ ഉതകുന്നരീതിയിൽ പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കാൻ ഒരുങ്ങുകയാണ് ഗ്രാമവാസികൾ. ചരിത്രത്തിൽ ഒരു സുപ്രധാനമായ സംഭവമായി മാറുകയാണ് കേരളത്തിന്റെ ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ രൂപകല്പന. കേന്ദ്രീകൃത ആസൂത്രണത്തിൽനിന്ന് വികേന്ദ്രീകൃതആസൂത്രണ രീതിയിലേക്ക് നീങ്ങുമ്പോൾ അതിൽ പങ്കാളികളാകേണ്ട സാധാരണക്കാർ ആദ്യം അമ്പരപ്പോടും ആശങ്കയോടും കൂടി കാഴ്ചക്കാരനെപ്പോലെ മാറിനിന്നെങ്കിലും പടിപടിയായി ഈ സുപ്രധാന യജ്ഞത്തിൽ ഉൽസാഹത്തോടെ പങ്കാളികളാകാൻ സന്നദ്ധരായത് ആവേശമുണർത്തുന്ന ഒരനുഭവമായിരുന്നു.

പദ്ധതികൾ ഏറെക്കഴിഞ്ഞിട്ടും ആശിച്ച പുരോഗതി നാടിനും നാട്ടാർക്കും ലഭിക്കാതെ പോയത് ആസൂത്രണത്തിന്റെ തകരാറുകൊണ്ടാണെന്ന തിരിച്ചറിവ് നമുക്കുണ്ടായതും വളരെ വൈകിയാണ്. കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശമാററം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ, സംരക്ഷിക്കുവാൻ കഴിയുമെന്ന ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. സാമൂഹ്യരംഗത്ത് ഉണ്ടായ പുരോഗതി ഉൽപാദന രംഗത്ത് നമുക്ക് കൈവരിക്കേണ്ടിയിരിക്കുന്നു. വിഭവപരിമിതി പരിഗണിക്കാതെ ഓരോ വകുപ്പും നിരവധി പദ്ധതികൾക്ക് രൂപംകൊടുക്കുകയും മിക്കതും തൃപ്തികരമായ പുരോഗതി കൈവരിക്കാനാവാതെ വഴിമുട്ടി നിൽക്കുകയും ചെയ്യുന്ന അവസ്ഥ മാറണം, മാററണം. അതിനുള്ള യജ്ഞത്തിൽ നമുക്കും പങ്കുചേരാം.

ജനകീയാസൂത്രണ പരിപാടിയുടെ പ്രത്യേകതകളെക്കുറിച്ച് അവബോധമുണ്ടാക്കുവാൻ ഓരോ പഞ്ചായത്തിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും പ്രതിനിധികൾക്കുമായി ഒരു ജില്ലാതല പരിശീലന പരിപാടി 1996 സെപ്തംബർ 11, 12, 13 തീയ്യതികളിൽ എറണാകുളത്ത് മറിയ പാർക്കിൽ സംഘടിപ്പിക്കുകയുണ്ടായി. അതിനെത്തുടർന്ന് ജില്ലാതല പരിശീലനം നേടിയവർ പഞ്ചായത്തുതലത്തിൽ ഏതാനും പേർക്ക് പരിശീലനം നൽകി. തദനന്തരം വിവിധ വാർഡുകളിൽ വിശേഷാൽ ഗ്രാമസഭകൾ കൂടി വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി. 1996 ഒക്ടോബർ 24, 25, 26 എന്നീ തീയതികളിൽ മാലിപ്പുറം കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ഓഡിറേറാറിയത്തിൽ വച്ച് ജില്ലാതല പരിശീലനം നേടിയവർക്ക് ഒരു രണ്ടാംഘട്ട പരിശീലന പരിപാടിയും സംഘടിപ്പിച്ചു. മതിയായ തയ്യാറെടുപ്പോടെ നടന്ന മേൽപ്പറഞ്ഞ പരിപാടികളിലൂടെ ജനകീയാസൂത്രണ പരിപാടിയെക്കുറിച്ച് സാമാന്യമായ ഒരു ബോധം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

1996 നവംബർ 2-ാം തീയതി പഞ്ചായത്തുതലത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. വിവിധ തലങ്ങളിൽ നിന്നും സ്ഥിതിവിവരകണക്കുകളും ഇതോടൊപ്പം തയ്യാറാക്കുന്ന പ്രക്രിയയും നടത്തുകയുണ്ടായി. വികസന റിപ്പോർട്ടിന്റെ കരടുരൂപം എഴുതിയുണ്ടാക്കാനും സംവിധാനം ഏർപ്പെടുത്തി.

171

# പ്രത്യേക ഗ്രാമസഭ - വിവരങ്ങൾ

| വാർഡ് | പങ്കെടുത്തവർ | | | പട്ടികജാതി/ പട്ടികവർഗം | | | കുടുംബങ്ങളുടെഎണ്ണം | | ഉദ്യോഗസ്ഥർ | എത്രഗ്രൂപ്പായിചർച്ചനടന്നു | വാർഡ് തല സ്വാഗതസംഘം ഉണ്ടായിരുന്നോ | പഞ്ചായത്ത് പരിശീലനത്തിൽഎത്രപേർ പങ്കെടുത്തു | യോഗം നടന്ന തീയതി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആകെ | പങ്കെടുത്ത | | | | | |
| 1 | 56 | — | 56 | — | 4 | 4 | 498 | 56 | 2 | 3 | ഇല്ല | 3 | 6-10-96 |
| 2 | 88 | 16 | 104 | 4 | 10 | 14 | 800 | 104 | 30 | 12 | ഉണ്ട് | 5 | 13-10-96 |
| 3 | 70 | 18 | 88 | 9 | 5 | 14 | 355 | 88 | 8 | 12 | ഇല്ല | 5 | 2-10-96 |
| 4 | 130 | 7 | 137 | 3 | 9 | 12 | 331 | 137 | 5 | 12 | ഉണ്ട് | 3 | 13-10-96 |
| 5 | 66 | 15 | 81 | 3 | 9 | 12 | 490 | 81 | 5 | 12 | ഉണ്ട് | 14 | 6-10-96 |
| 6 | 54 | 16 | 70 | — | 4 | 4 | 475 | 70 | 15 | 12 | ഉണ്ട് | 8 | 6-10-96 |
| 7 | 57 | 13 | 70 | 4 | 6 | 10 | 388 | 70 | 8 | 9 | — | 8 | 13-10-96 |
| 8 | 84 | 28 | 112 | 8 | 24 | 32 | 546 | 81 | 7 | 10 | ഇല്ല | 17 | 29-9-96 |
| 9 | 54 | 35 | 89 | 15 | 5 | 20 | 560 | 89 | 6 | 7 | ഉണ്ട് | 17 | 13-10-96 |
| 10 | 71 | 18 | 99 | 8 | 14 | 22 | 500 | 89 | 8 | 12 | ഉണ്ട് | 6 | 6-10-96 |
| | 730 | 166 | 896 | 54 | 90 | 144 | 4943 | 865 | 94 | 101 | — | 86 | |

## പഞ്ചായത്തിൻെറ പൊതുവിവരണവും ഭരണചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നായരമ്പലം |
| റവന്യൂ വില്ലേജ് | : | നായരമ്പലം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | നായരമ്പലം, ഞാറക്കൽ (5, 6, 8, 10 വാർഡുകൾ) |
| ബ്ലോക്ക് പഞ്ചായത്ത് | : | വൈപ്പിൻ |
| താലൂക്ക് | : | കൊച്ചി |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | ഞാറക്കൽ |
| വിസ്തീർണ്ണം | : | 12.30 ച. കി മീററർ |
| ജനസംഖ്യ | : | 25338 (1991ലെ സെൻസസ് പ്രകാരം) |
| വാർഡുകളുടെ എണ്ണം | : | 10 |
| പ്രസിഡണ്ട് | : | ശ്രീമതി ടാജി റോയി |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. സേവി താന്നിപ്പിള്ളി |
| സ്ററാൻറിംഗ് കമ്മിററി ചെയർമാൻ | : | ശ്രീ. കെ. വി. കണ്ടുകുഞ്ഞി |

# മുഖവുര

വികേന്ദ്രീകൃതാസൂത്രണവും വികസനവും എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി അധികാരം ജനങ്ങളിലേക്ക് കൈമാറുന്ന പ്രക്രിയയ്ക്ക് നമ്മുടെ സംസ്ഥാനത്ത് തുടക്കം കുറിച്ചുവല്ലൊ. 73–ാം ഭരണഘടന ഭേദഗതിയിലൂടെ നിയമ പ്രാബല്യം ലഭിച്ച മഹത്തായ ഈ സംരംഭത്തിന്റെ ജീവസുററ ഘടകമാണ് 1995 ഒക്ടോബർ 2ന് അധികാരം ഏറെറടുത്ത കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. ഇതിന്റെ സവിശേഷതകൾ ആസൂത്രണ പ്രക്രിയയിൽ സാധാരണ പൗരൻ നിർവ്വഹിക്കുന്ന പങ്കും ഗ്രാമസഭകളുടെ കൂട്ടായ പ്രവർത്തനവുമാണ്. ഗ്രാമത്തിലെ ജനങ്ങൾ ഒരുമിച്ചുകൂടി അവരുടെ ആവശ്യം കണ്ടറിഞ്ഞ് കൂലംകഷമായി ചർച്ച ചെയ്തെടുക്കുന്ന തീരുമാനങ്ങൾ ആസൂത്രിതമായി നടപ്പാക്കുന്നു. അങ്ങിനെ വികസനത്തിന്റെ നാനാതുറകളിലും സമഗ്രമായ പുരോഗതി എന്ന കാഴ്ചപ്പാടിലാണ് 9–ാം പദ്ധതി രൂപകൽപ്പന ചെയ്യുന്നത്.

ഗ്രാമത്തിലെ 10 വാർഡുകളിലും ചേർന്ന ഗ്രാമസഭകളിൽ പ്രകൃതിവിഭവത്തെക്കുറിച്ചുള്ള 12 വിഷയങ്ങളും ചർച്ചചെയ്യുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അപ്രകാരം വാർഡുതലത്തിൽ ഒരുക്കിയ റിപ്പോർട്ടുകളൊക്കെ വേണ്ടവിധം ക്രോഡീകരിക്കുകയും നിലവിലുള്ള ഭൗതീക സാഹചര്യങ്ങളുമായി കോർത്തിണക്കുകയും നമ്മുടെ ഗ്രാമത്തിന്റെ സമഗ്രമായ പുരോഗതിക്കുതകുന്ന ഒരു വികസന രേഖ തയ്യാറാക്കുകയും ചെയ്തു. ഗ്രാമതലത്തിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങളൊക്കെ ആവുന്നത്ര പരിഗണന നൽകികൊണ്ടാണ് വളരെ പ്രതീക്ഷയോടെ 9–ാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്യുന്നത്. ഗ്രാമീണ ജനതയുടെ മെച്ചപ്പെട്ടതും ഗുണപരവുമായ ജീവിതത്തിനും പുരോഗതിക്കും ഇണങ്ങുന്ന നല്ല കാര്യങ്ങൾ പദ്ധതിയിലുണ്ടെന്ന വിശ്വാസത്തോടെ ഈ വികസന രേഖ സമർപ്പിച്ചുകൊള്ളുന്നു,– കുററങ്ങൾക്കും കുറവുകൾക്കും പൂർണ്ണമായ ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ട്.

സജീവമായ ചർച്ചകൾക്കുശേഷം 9–ാം പദ്ധതിയുടെ ആസൂത്രണ വികസന റിപ്പോർട്ട് നാടിന് ഗുണകരമായ വിധത്തിൽ മിനുക്കിയെടുക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

വിനയപൂർവ്വം

**എ. എൻ. ഗോപാലൻ**
D. R. P. കൺവീനർ

**ടാജി റോയി**
പ്രസിഡണ്ട്, നായരമ്പലം ഗ്രാമ പഞ്ചായത്ത്

261

നായരമ്പലം ഗ്രാമം ആദ്യകാലത്ത് ഞാറക്കൽ നായരമ്പലം സംയുക്തപഞ്ചായത്തിന്റെ കീഴിലായിരുന്നു. 1946 ആഗസ്റ്റിലാണ് നായരമ്പലം ഒരു പുതിയ പഞ്ചായത്തായി മാറിയത്. സംയുക്തപഞ്ചായത്തിന്റെ പ്രസിഡന്റ് ശ്രീ ഗോപുരപ്പിള്ളിൽ കുഞ്ഞുണ്ണിപ്പണിക്കർ എന്ന ജി. കെ. പണിക്കരായിരുന്നു. അദ്ദേഹം തന്നെയായിരുന്നു പുതുതായി രൂപംകൊണ്ട നായരമ്പലം പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടും. ശ്രീ. എം. പി. ഗോപാലപിള്ള വൈസ്പ്രസിഡണ്ടും കമ്മിറ്റി അംഗങ്ങൾ ശ്രീ. പി. സി. വർഗീസ്, എം. വി. ജോർജ്, ശ്രീമതി. പി. സി. കാളി ശ്രീ. പടിഞ്ഞാറെകൂറ്റിൽ രാവുണ്ണിമാസ്റ്റർ എന്നിവരുമായിരുന്നു. മേൽപ്പറഞ്ഞ ശ്രീമതി കാളി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നയായ സ്ത്രീയായിരുന്നു എന്നത് സ്മരണീയമാണ്. ഈ ഭരണസമിതിയിൽ ഉണ്ടായിരുന്നവരിൽ ഇന്നു ജീവിച്ചിരിക്കുന്ന വ്യക്തിയാണ് ശ്രീ. എം. പി. ഗോപാലപിള്ള.

1953 മെയ് 20നാണ് പിന്നീട് പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്തിയത്. അന്ന് ആറു വാർഡുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നിരുന്നാലും 4-ാം വാർഡ് ഒരു ദ്വയാംഗമണ്ഡലമായിരുന്നു. ശ്രീ. കെ. എം. മാത്യു കണ്ണമ്പുഴയായിരുന്നു അന്നു പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടത്. ഇദ്ദേഹം പതിനൊന്നുവർഷക്കാലം പ്രസിഡണ്ടായിരുന്നു. തുടർന്ന് ശ്രീ. കെ. എം. അച്ചുതൻമാസ്റ്റർ ഏഴുവർഷം പ്രസിഡണ്ടായിരുന്നു. പിന്നീട് ശ്രീ. ചെറിയാൻ നരികുളം ദീർഘകാലം പഞ്ചായത്തു പ്രസിഡണ്ടായിരുന്നിട്ടുണ്ട്. 1989ൽ ഒരു വികസന സമിതി രൂപീകരിച്ച് വിപുലമായ വികസന പദ്ധതിക്ക് രൂപം നൽകിയെങ്കിലും ഒന്നും പ്രായോഗികമാക്കാൻ കഴിഞ്ഞില്ല. പിൽക്കാലത്ത് ശ്രീ. വി. കെ. കമലേശൻ, ശ്രീ. പി. കെ. ഗോപി, എന്നിവർ പഞ്ചായത്തു പ്രസിഡണ്ടുപദം അലങ്കരിച്ച പ്രശസ്ത വ്യക്തികളാണ്. ഇതിൽ ശ്രീ. വി. കെ. കമലേശൻ പട്ടികജാതിയിൽ നിന്നും തിരഞ്ഞെടുത്തുവന്ന പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡണ്ടാണ്.

നായരമ്പലം പഞ്ചായത്തിൽ ഉണ്ടായ ആദ്യത്തെ സർക്കാർ സ്ഥാപനം മൃഗാസ്പത്രിയാണ്. സബ്ട്രഷറി, കൃഷിഭവൻ, വി. ഇ. ഒ. ഓഫീസ്, വില്ലേജ് ഓഫീസ്, ആയുർവ്വേദ ആശുപത്രി, പ്രൈമറിഹെൽത്ത്സെന്റർ, ഹോമിയോഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ ഉണ്ട്. കൂടാതെ കേന്ദ്രഗവ. സ്ഥാപനമായ ഒരു പോസ്റ്റാഫീസും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

# ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം

എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് നായരമ്പലം. A.D. 1341ൽ രൂപംകൊണ്ടതാണ് വൈപ്പിൻകര എന്ന് പറയപ്പെടുന്നു. ഈ കരയ്ക്ക് നായരമ്പലം എന്ന പേര് ലഭിച്ചതിനെക്കുറിച്ച് പൂർവ്വീകരിൽ നിന്നും കിട്ടിയ വിവരം ഇപ്രകാരമാണ്. 'ഞായർ അമ്പലം' എന്നായിരുന്നു ഇതിന്റെ പേര്. ഇവിടെ പണ്ട് ഒരു 'സൂര്യക്ഷേത്രം' ഉണ്ടായിരുന്നു. ഞായർ എന്നു കൂടി സൂര്യന് പേരുണ്ട്. 'സൂര്യക്ഷേത്രം' എന്ന അർത്ഥത്തിൽ 'ഞായർഅമ്പലം' എന്ന പ്രയോഗം പരിണമിച്ച് നായരമ്പലം എന്നായി എന്നാണ് പറഞ്ഞുവരുന്നത്.

12-30 ച. കി. മീററർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് ഒരു തീരദേശ ഗ്രാമമാണ്. കായലും, തോടുകളും പൊക്കാളിപ്പാടങ്ങളും, തെങ്ങും, കവുങ്ങും എല്ലാം തിങ്ങിനിറഞ്ഞു നിൽക്കുന്ന പ്രകൃതി രമണീയമായ ഒരു പ്രദേശമാണ് നായരമ്പലം പഞ്ചായത്ത്. നെടുങ്ങാട്, നായരമ്പലം എന്നീ രണ്ട് ദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ ഗ്രാമം. ഇതിൽ നെടുങ്ങാട് ഭൂവിഭാഗമാണ് ആദ്യം രൂപം കൊണ്ടത്.

'കോകസന്ദേശ'ത്തിൽ ഈ കരയിലെ നെടുങ്ങാട് പ്രദേശത്തെക്കുറിച്ച് ഒരു പരാമർശം ഉണ്ട്. ഈ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള വലിയ കായലിലൂടെയുള്ള തോണി യാത്രയ്ക്കിടയിൽ തങ്ങാൻ പററിയ ഒരു വിശ്രമ സങ്കേതമായിരുന്നു നെടുങ്ങാട് എന്നാണ് സൂചന. നെടുങ്ങാട് കൊട്ടാരപ്പറമ്പ്, വെളിയത്താംപറമ്പിലുള്ള പുതിയേടം കോവിലകം ക്ഷേത്രസങ്കേതം എന്നിവ കൊച്ചി മഹാരാജാവിന്റെ വിശ്രമ സങ്കേതങ്ങളായിരുന്നു.

ഫ്യൂഡൽ വ്യവസ്ഥിതി നിലവിലിരുന്ന കാലത്ത് ഏതാനും ജൻമിമാരുടെ കയ്യിലായിരുന്നു ഈ പ്രദേശം മുഴുവനും. ഒരു കാലത്ത് നായരമ്പലം ഭഗവതി ക്ഷേത്രത്തിന്റെ തൊട്ട് പടിഞ്ഞാറ്ഭാഗം വരെ കടലായിരുന്നു. എളങ്കുന്നപ്പുഴ ദേവസ്വംവക, തൃപ്പൂണിത്തുറ വലിയമ്മ തമ്പുരാൻ കോവിലകം വക, പാലിയംവക ഭൂമിയായിരുന്നു ഈ കരയുടെ ഭൂരിഭാഗവും. അത് പാട്ടമായി വിവിധ പാട്ടകുടിയാൻമാർ അനുഭവിച്ചുവരികയായിരുന്നു. പാട്ടവ്യവസ്ഥ മാറിയ മുറയ്ക്ക് ഭൂമി സാധാരണ ചെറുകിട ഭൂവുടമകളുടെ അധീനതയിലായി. 1970ൽ കാർഷിക ഭൂപരിഷ്ക്കരണവ്യവസ്ഥ നടപ്പിലായതോടെയാണ് ഈ സ്ഥിതിക്ക് മാററമുണ്ടായത്.

സാമൂഹ്യ പിന്നോക്കാവസ്ഥ മാററിയെടുക്കാനുണ്ടായ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ശ്രമഫലമായി ഈ കരയിലും മാററങ്ങൾ ഉണ്ടായി. എടുത്തു പറയത്തക്ക പ്രസ്ഥാനങ്ങളോ, നേതാക്കൻമാരോ ഇവിടെ ഉണ്ടായിരുന്നതായി അറിവില്ല. ക്ഷേത്ര പ്രവേശന വിളംബരത്തിലൂടെ അവർണ്ണവർക്ക് ക്ഷേത്രപ്രവേശനം ലഭിച്ച അവസരത്തിൽ ഇവിടുത്തെ ഒരു പ്രധാന ക്ഷേത്രത്തിലെ പുരോഹിതൻ പിണങ്ങിപ്പോവുകയും പിന്നീട് സാമൂഹ്യസ്ഥിതി മനസിലാക്കി തിരികെ തൽസ്ഥാനത്ത് വന്നുചേർന്നതായും പറയപ്പെടുന്നു.

ഈ പ്രദേശത്ത് ആദ്യമായി ഒരു ഔപചാരിക വിദ്യാഭ്യാസസ്ഥാപനം നായരമ്പലം ക്ഷേത്രത്തിന് പടിഞ്ഞാറുഭാഗത്തായി ഒരു കൊപ്രാക്കളത്തിൽ കൊടക്കാട്ട് രാവുണ്ണിമേനോൻ ആരംഭിച്ച പ്രൈമറിസ്കൂളായിരുന്നു. ഈ സ്ഥാപനം കാലക്രമേണ ഒരു ഹൈസ്ക്കൂൾ ആയി മാറുകയും ചെയ്തു. അതാണ് ഇന്നത്തെ നായരമ്പലം ഭഗവതിവിലാസം ഹൈസ്ക്കൂൾ. ക്ഷേത്ര പരിസരത്ത് വഴിയോരത്തായി ഒരു സത്രവും വഴിയമ്പലവും സ്ഥിതിചെയ്തിരുന്നു. ഇതേ കാലയളവിൽ തന്നെ വാടേൽപള്ളിയോടനുബന്ധിച്ച് ഒരു പ്രൈമറിസ്ക്കൂളും നിലവിൽവന്നു. നായരമ്പലം നായർകരയോഗം വിദ്യാഭ്യാസ പുരോഗതിക്കായി നടത്തിയ സേവനങ്ങൾ സ്മരണീയമാണ്. പഞ്ചായത്തിന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ദേവിവിലാസം അപ്പർ പ്രൈമറിസ്കൂൾ പണ്ടുകാലങ്ങളിൽ ''പുന്നക്കസ്ക്കൂൾ'' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇന്ന് ഈ പഞ്ചായത്തിൽ മൂന്ന് പ്രൈമറിസ്ക്കൂളുകളും രണ്ട് അപ്പർ പ്രൈമറിസ്ക്കൂളുകളും രണ്ട് ഹൈസ്ക്കൂളുകളും ഒരു ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്ററ്റ്യൂട്ടും, സെൻറ് അഗസ്ററിൻസ് ഇൻസ്ററിട്യൂട്ടും പ്രവർത്തി

ക്കുന്നുണ്ട്. രണ്ട് പാരലൽ കോളേജുകൾ വേറെയും ഉണ്ട്. ഈ വിദ്യാലയങ്ങളെല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. തൊഴിൽ പരിശീലനത്തിനായി ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ഇൻസ്ററിട്യൂട്ട് പ്രവർത്തിക്കുന്നതുകൊണ്ട് യുവാക്കൾക്ക് സാങ്കേതിക വിദ്യ കൈവരിക്കുവാൻ സാദ്ധ്യതകൾ ഏറെയുണ്ട്.

1940 മുതൽ ട്രേഡ്‌യൂണിയൻ ബഹുജന സംഘടനകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ചെത്തുതൊഴിലാളി, കർഷകതൊഴിലാളി, കെട്ടിടനിർമ്മാണ തൊഴിലാളി, മത്സ്യതൊഴിലാളി സംഘടനകൾ എന്നിവ സജീവമായി പ്രവർത്തിച്ചുവരുന്നു.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായും, പിന്നീട് അദ്ധ്യാപകനായും പ്രവർത്തിച്ച ശ്രീ. പി. വി. ജോസഫ് എന്ന സ്ററാലിൻ ജോസഫ് ഈ നാടിന്റെ രാഷ്ട്രീയ രംഗത്ത് വിപ്ലവകരമായ മാററങ്ങൾ വരുത്തുവാൻ നിരന്തരം ഉൽസാഹിച്ച ഒരു മുന്നണിപ്പോരാളിയായിരുന്നു. അവിഭക്ത കമ്മ്യൂണിസ്ററ് പാർട്ടിയുടെ നായരമ്പലം ബ്രാഞ്ച് സെക്രട്ടറി, സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന് തുടക്കമിട്ട നേതാവ് എന്നീ നിലകളിൽ പ്രസിദ്ധനായിരുന്നു അദ്ദേഹം. പള്ളിവിലക്ക് ഉണ്ടായിരുന്നതുമൂലം അദ്ദേഹം അന്തരിച്ചപ്പോൾ ആരാധകർ അദ്ദേഹത്തിന്റെ ഭൗതീകശരീരം സ്വന്തം സ്ഥലത്ത് ശവക്കല്ലറതീർത്ത് മറവുചെയ്തു. എല്ലാവർഷവും ഒക്ടോബർ 13-ന് അദ്ദേഹത്തിന്റെ ചരമദിനം സമുചിതമായി ആചരിച്ചുവരുന്നു. ട്രേഡ് യൂണിയൻ രംഗത്ത് സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന ശ്രീ. K. M. സുധാകരൻ നായരമ്പലം സ്വദേശിയാണ്. കൊച്ചിരാജ്യ പ്രജാമണ്ഡലത്തിലും സ്റേററ്കോൺഗ്രസിലും പ്രവർത്തിച്ചിട്ടുള്ള ശ്രീ. ചെമ്പകശേരി സി. ജി. വാസുദേവഷേണായി. ശ്രീ. വലിയവീട്ടിൽ ചുമ്മാർ എന്നിവരുടെ സേവനങ്ങളും സ്മരണീയമാണ്. ശ്രീ. സി. ജി. വാസുദേവഷേണായിയും പടിഞ്ഞാറേകൂററ് രാവുണ്ണിമാസ്റററും പണ്ടത്തെ വില്ലേജ് കോടതിവക്കീലന്മാരായി പ്രവർത്തിച്ചിട്ടുള്ളതാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സംസ്ഥാനപ്രസിഡന്റും, മുൻ മന്ത്രിയുമായിരുന്ന ദിവംഗതനായ ശ്രീ. A. L. ജേക്കബ്ബ് ഈ നാടിന്റെ സംഭാവനയാണ്. ആദ്യകാലത്ത് ബീഡി തൊഴിലാളികളെ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുകയും യാതനകൾക്ക് ഇരയാവുകയും ചെയ്ത യശ:ശരീരനായ ശ്രീ. C. B. രാഘവനേയും ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതാണ്.

# ഗ്രാമത്തിലെ ബഹുമുഖ പ്രതിഭകൾ

പണ്ട് മുതലേ വിവിധ സമുദായത്തിൽപെട്ട വർ വളരെ സൗഹാർദമായി കഴിഞ്ഞുവരുന്ന ഒരു പ്രദേശമാണ് ഈ ഗ്രാമം. ഉത്സവ വേളകളിലാണ് ഈ സൗഹൃദത്തിന്റെ യഥാർത്ഥ ചിത്രം നമുക്ക് കാണാൻ കഴിയുന്നത്. വിവിധ മതവിഭാഗങ്ങളുടെ ഉത്സവങ്ങളും തിരുന്നാളുകളും ഒത്തൊരുമയോടെ ആഘോഷിച്ചു വരുന്നു. ഈ ഒരുമയുടെ നേട്ടങ്ങൾ നമ്മുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിലും ശാസ്ത്രസാങ്കേതിക രംഗങ്ങളിലും പ്രഗൽഭമതികളെ വളർത്തുന്നതിന് ഉപകരിച്ചിട്ടുണ്ട്. സാമൂഹ്യ–വിദ്യാഭ്യാസ–രാഷ്ട്രീയ–ട്രെയ്ഡ്യൂണിയൻ പൊതുരംഗങ്ങളിൽ പ്രവർത്തിച്ചു പ്രശസ്തരായ നിരവധി പേർ ഈ ഗ്രാമത്തിന്റെ സംഭാവനയാണ്. ഇത്തരത്തിലുള്ള ഏതാനും പേരുടെ വിവരങ്ങൾ ഇവിടെ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു.

## ഉന്നതബിരുദം നേടിയവർ

Dr. N. V. ഗോപിനാഥ് നരനാട്ട് MSc, Ph.D (ഇലക്ട്രോണിക്സ്)
Dr. K. S പുരുഷൻ MSc, Ph D (ഷ്റിംപ് അക്വാകൾച്ചർ)
Dr. A. I. ജോർജ് MA, Ph D (ഇക്കണോമിക്സ്)
Dr. ശാന്തിനായർ MA Ph.D (ഹിന്ദി)

## ഉന്നതപദവിയിൽ ഇരിക്കുന്നവർ

ശ്രീ. V J. പാപ്പു, പ്രൊ. വൈസ് ചാൻസിലർ കൊച്ചി സർവ്വകലാശാല
ശ്രീ. M A. രാഘവൻ ഡയറക്ടർ പബ്ലിക് ഇൻസ്ട്രക്ഷൻ (Retd)
ശ്രീ. P. K. ചന്ദ്രൻ ഡയറക്ടർ ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ് (Retd)
ശ്രീ. K. S. ഗോപാലകൃഷ്ണൻ ഡി. വൈ. എസ്. പി. CBI

## വൈദ്യശാസ്ത്ര രംഗത്ത് ശ്രദ്ധേയരായവർ (അലോപ്പതി)

ഡോ. വി. ദേവദാസ് M.B.B.S, E.N.T.
ഡോ. പി. എസ്. കമലം M.B.B.S, D.G.O.
ഡോ. പി. എസ്. വിമല M.B.B.S
ഡോ. വി. അപ്പുക്കുട്ടമേനോൻ (Late)
പ്രൊഫ: ശിവദാസമേനോൻ (വെററിനറി)
ഡോ. വനജാ രാമചന്ദ്രമേനോൻ M.B.B.S
ഡോ. തോമസ് മേനാച്ചേരി M.B.B.S, E.N.T.
ഡോ. വി. എം. രാജം M.B.B.S.
ഡോ. പി. എസ്. രാജലക്ഷ്മി M.B.B.S
ഡോ. ജഗദീശ്വരി ഗോപിനാഥ് MBBS
ഡോ. സി. വി. വാസു MBBS
ഡോ. കെ. ആർ. രാമചന്ദ്രമേനോൻ MBBS, DTMH
ഡോ. സുധീർ M.B.B.S
ഡോ. ശാന്താ തോമസ് M.B.B.S

## ഹോമിയോ

Dr. കെ. ഐ. കൊച്ചുഖാദർ (Late D M S Cal) ജില്ലാ മെഡിക്കൽ ഓഫീസർ
Dr. സി. ആർ. രാജൻ
Dr. ഹരിദാസ്
Dr. N. K. ഭാസ്കരൻ
Dr. എൻ. അരവിന്ദാക്ഷമേനോൻ
Dr. റസിയാശിവൻ
Dr. A. N. ഗോപാലൻ

## ആയുർവ്വേദരംഗത്ത് സ്മരണീയർ

അന്തോണിക്കുട്ടി വൈദ്യർ
എ. കേശവൻ വൈദ്യർ
കുഞ്ഞുണ്ണി വൈദ്യർ
വലിയവീട്ടിൽ പെരുമാറം (വിഷവൈദ്യം)
എ. നാരായണൻ വൈദ്യർ
കറുപ്പൻ വൈദ്യർ
എ റാഫേൽ (ഒററമൂലി)

## സ്കൂൾ വിദ്യാഭ്യാസം

മാസ്ററർ ഇ. വി. മുരുകേഷ് കുമാർ S. S. L. C. (1990) Vypeen Topper
മാസ്ററർ കെ. വി. സ്വരാജ് S. S. L. C. (1995) Vypeen Topper

## കലാസാഹിത്യരംഗം

ശ്രീ. V. S. രവീന്ദ്രനാഥ് (നാടകം) (AIR)
,, ബെന്നി പി. നായരമ്പലം (നാടകം, സിനിമ)
,, V. K. സെബാസ്ററ്യൻ (ഗ്രന്ഥകാരൻ, നാടകകൃത്ത്)
,, അനിയൻ നരികുളം (നാടകകൃത്ത്, സംഗീതസംവിധായകൻ)
,, സെബി നായരമ്പലം (സംഗീത സംവിധായകൻ)
,, ജോയി നായരമ്പലം (സാഹിത്യം)
,, നീലകണ്ഠഭാഗവതർ (നാദസ്വരം)
,, എം. എ. സുകുമാരൻ (തബല)
,, സെബാസ്ററ്യൻ ക്ലാർനററ് വിദഗ്ദ്ധൻ (AIR)
,, V. K. കമലേശൻ (ഓട്ടൻതുള്ളൽ)
,, ശിവരാമനാശാൻ (നാടകം)
,, പി. ബി. ദയാനന്ദൻ (നാടകം)
ശ്രീ. ഉണ്ണിദയാനന്ദൻ (ചെണ്ട)
,, നന്ദകുമാർ (എടക്ക, ചെണ്ട)

## കായികരംഗത്ത് മികവുററവർ

ശ്രീ. പി. സി. രാഘവൻ (വോളിബോറം കോച്ച്)
കുമാരി എം. എച്ച്. വിൻസി (ദേശീയ വോളിബോറം മൽസരവിജയി)
ശ്രീ. ഫാനി പീററർ (Late) (കായികരംഗം)

## രാജ്യരക്ഷ

ശ്രീ. വി. എൻ. ഭാസ് (Col. Retd.)
ശ്രീ. എൻ. സി. കണ്ണൻ (Cap. Retd.)

## നിയമം

അഡ്വ: കെ. കെ. ഗംഗാധരൻ
,, കെ. എസ്. മധുസൂദനൻ
,, ജോർജ് ജോസഫ് കിരിയാന്തൻ
അഡ്വ: എ. എക്സ്. വർഗീസ്
,, കെ.എം. സുധീന്ദ്രൻ
,, സിന്ത പി. നരനാട്ട്

# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിന്റെ വടക്ക് എടവനക്കാട് ഗ്രാമപഞ്ചായത്തും, തെക്ക് ഞാറക്കൽ ഗ്രാമപഞ്ചായത്ത്, കിഴക്ക് വീരൻപുഴ (ചാത്തനാട് പുഴ, വെമ്പനാട്ട് കായൽ) പടിഞ്ഞാറ് അറബിക്കടൽ ഏകദേശം 4 കി. മീററർ നീളവും അത്രയുംതന്നെ വീതിയും ഉണ്ട്. മദ്ധ്യഭാഗത്തായി തെക്കുനിന്ന് വടക്കോട്ട് വൈപ്പിൻ മുനമ്പം റോഡ് ഉണ്ട്. പ്രധാനമായി ഇവിടെ മൂന്നു മൺതരങ്ങൾ കാണുന്നുണ്ട്. ചെളിനിറഞ്ഞ പൊക്കാളി കൃഷിപ്പാടം, ചെളികലർന്നമണ്ണ്, മണൽമണ്ണ് എന്നിവ കാണുന്നു. പ്രധാനകൃഷി തെങ്ങുകൃഷിയാണ്. ഒരുപൂപ്പ് വിളയുന്ന പൊക്കാളി നെൽകൃഷി കാലവർഷത്തെ ആശ്രയിച്ചുകഴിയുന്നു. അതിനുശേഷം ഈ നിലങ്ങളിൽ ചെമ്മീൻ കൃഷി നടക്കുന്നുണ്ട്. വർഷത്തിൽ ശരാശരി 250 മി. മീ. മഴ ലഭിക്കുന്നു. കവുങ്ങ്, മാവ്, പ്ലാവ്, വാഴ തുടങ്ങിയ സസ്യങ്ങൾ ഇടതൂർന്നുവളരുന്നു. പഞ്ചായത്തിന്റെ കിഴക്കുഭാഗവും, പടിഞ്ഞാറുഭാഗവും മദ്ധ്യഭാഗത്തിനേക്കാൾ അല്പം താഴ്ന്ന പ്രദേശങ്ങളായതിനാൽ വൃശ്ചികമാസത്തിലും കാലവർഷക്കാലത്തും ഈ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം മൂലം ചില അസൗകര്യങ്ങൾ സംഭവിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് തെക്കുവടക്കായി കിടക്കുന്ന ഭൂവിഭാഗത്തിന് നെടുങ്ങാട് എന്നപേരിൽ അറിയപ്പെടുമ്പോൾ പടിഞ്ഞാറുഭാഗത്ത് തെക്കുവടക്കായി കിടക്കുന്നപ്രദേശത്തിന് പുത്തൻ കടപ്പുറം എന്നും അറിയപ്പെടുന്നു. കൊച്ചമ്പലം, കുടുങ്ങാശേരി, വെളിയത്താംപറമ്പ്, മാനാട്ടുപറമ്പ് എന്നീ പേരുകളിൽ അറിയപ്പെടുന്ന സ്ഥലങ്ങൾ ഉണ്ട്. പുരയിടവും, നിലവും, പുറമ്പോക്കും, ചതുപ്പും ഉൾപ്പെടെ 1342.3819 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം 6767 ആളുകളിൽ നിക്ഷിപ്തമായിരിക്കുന്നു. (പട്ടിക കാണുക) ഇതിൽ 10 സെൻറിൽ താഴെ ഭൂമിയുള്ള 2757 ഉടമകളും 25 സെൻറിൽ താഴെ വിസ്തീർണ്ണമുള്ള 2297 ഉടമകളും ഉണ്ട്.

പട്ടിക കാണുക.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 25338 ജനങ്ങൾ ഉള്ളതിൽ (ICDC 1995) 11616 പുരുഷൻമാരും, 13772 സ്ത്രീകളുമുണ്ട്. ഇതിൽ പട്ടികജാതി വിഭാഗക്കാർ 2426 പേരും പട്ടികവർഗ വിഭാഗത്തിൽ 18 പേരുമാണ് ഉള്ളത്. തൊഴിൽ മേഖലയിൽ മുഖ്യമായും പുരുഷൻമാരാണ് കാണുന്നത്. പുരുഷൻമാരുടെ 50 ശതമാനത്തോളം സ്ത്രീകൾ മാത്രമേ കണ്ടുവരുന്നുള്ളു. തൊഴിൽ ഇല്ലാത്തവർ മൊത്തം ജനസംഖ്യയുടെ $\frac{1}{5}$ ഭാഗം വരും.

**പട്ടിക**

## ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: A രജിസ്ററർ, BT രജിസ്ററർ)

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1–10 സെ: | 10–25 സെ: | 25–50 സെ: | 50–100 സെ: | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കർ മേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| നായരമ്പലം | 475. 2294 ഹെക്ടർ | 455. 0895 ഹെക്ടർ | 412. 0630 ഹെ: | | 1342. 3819 ഹെ: | 2757 | 2297 | 841 | 558 | 196 | 109 | 9 |

# കൃഷി

## 1. തെങ്ങുകൃഷി

വിവിധതരം ജീവിതയോധന മാർഗങ്ങൾ അവലംബിച്ചിട്ടുള്ള ജനങ്ങൾ ഉൾപ്പെട്ട ഒരു പ്രദേശമാണിത്. അതു കൊണ്ടുതന്നെ ഈ ഭൂപ്രദേശത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങളും വിവിധങ്ങളാണ്. മൊത്തം രണ്ടുസെൻറ് മുതൽ അഞ്ചേക്കർ വരെയുള്ള ഭൂവുടമകൾ ഈ പ്രദേശത്തുണ്ട്. ഇവരിൽ ഒരു തെങ്ങെങ്കിലും ഇല്ലാത്തവർ വിരളമാണ്. അക്കാരണം കൊണ്ടുതന്നെ തെങ്ങുകൃഷി ഇവിടെ കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

അടുത്തകാലത്തായി തെങ്ങുകൾക്ക് വന്നുചേർന്നിരിക്കുന്ന രോഗങ്ങൾ അതുമൂലം ഉണ്ടാകുന്ന ആദായക്കുറവ് എന്നിവ ജനങ്ങളെ വ്യാകുലരാക്കുന്ന ഒരു പ്രശ്നമാണ്. പരിഹാരമാർഗങ്ങൾ ഒരു ഭാഗത്തുനിന്നും കാണുന്നില്ല. ഓരോ ഭൂവുടമയും അവരവരുടെ ചികിൽസാരീതികൾ ഈ രോഗങ്ങൾക്ക് നൽകുന്നുണ്ടെങ്കിലും ശരിയായ ഒരു പരിഹാരമാർഗവും കണ്ടു കിട്ടിയിട്ടില്ല. ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, ചെമ്പൻചെല്ലിയുടെ ആക്രമണം, കാററുവീഴ്ച, ഓലപ്പുഴു എന്നിങ്ങനെ തെങ്ങുകൾക്ക് നാശം വരുത്തുന്ന പ്രശ്നങ്ങൾമൂലം ഈ പ്രദേശത്ത് ഒരേക്കറാൽ 5000 നാളികേരവും അതിൽ കൂടുതലും കിട്ടിയിരുന്ന സ്ഥാനത്ത് 500–1000 എന്ന തോതിൽ കുറവ് സംഭവിച്ചിരിക്കുന്നു.

ആദായക്കുറവ് ഭൂമിയിൽ അതതുകാലത്ത് നടത്തേണ്ടുന്ന പ്രയത്നത്തെ ബാധിക്കുന്നു. ആദായം കുറയുന്നതനുസരിച്ച് ഭൂമിയിൽ പ്രയത്നിക്കാതായി. പ്രയത്നക്കുറവ് ആദായം വീണ്ടും കുറയുവാനും കാരണമാകുന്നു. ചുരുക്കത്തിൽ ഈ കൃഷിയിൽ പൊതുവിൽ അലസത അനുഭവപ്പെട്ടുതുടങ്ങി. നാടിൻെറ സമ്പദ് വ്യവസ്ഥയിലെ മുഖ്യഘടകമായ ഈ കൃഷി രക്ഷിച്ചെടുക്കേണ്ടത് അടിയന്തിരാവശ്യമായി വന്നിരിക്കുന്നു. സാമ്പത്തികമായി ഭാരിച്ച ബാധ്യതയാണ് ഇതിനു വരുന്നത്.

കേടു ബാധിച്ച തെങ്ങുകൾ ഒന്നോടെ നശിപ്പിക്കുന്നത് അഭികാമ്യമല്ല. എന്നിരുന്നാലും എത്രയും ചുരുങ്ങിയ ഒരു കാലഘട്ടത്തിനകത്ത് കേടുബാധിച്ചതും അനുഭവം കുറഞ്ഞുപോയതും (വർഷത്തിൽ 25 നാളികേരമെങ്കിലും ലഭിക്കാത്തവ) ആയ വൃക്ഷങ്ങൾ വെട്ടിമാററി പുതിയ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കണം. ആയതിനാവശ്യമായ ചെലവ് ഗവൺമെൻറ് വഹിക്കേണ്ടതാണ്. കാരണം ഇത് നാടിൻെറ സമ്പദ്ഘടനയിലെ ഒരു സുപ്രധാന ഘടകമാണ്.

പ്രകൃത്യാ നിലവിലുണ്ടായിരുന്നതും പൂർവ്വികർ നിർമ്മിച്ചതുമായ ജലസേചന മാർഗങ്ങൾ– തോട്, കിണർ, കുളം എന്നിവ പലതും നികത്തപ്പെടുകയോ ഉപയോഗശൂന്യമാകുകയോ ചെയ്തിട്ടുണ്ട്. വർഷകാലത്ത് വെള്ളക്കെട്ട് തടയുവാനും വേനൽക്കാലത്ത് ജലവിതാനം നിലനിർത്തുവാനുമായി ഉണ്ടാക്കപ്പെട്ട മേൽപ്പറഞ്ഞ സംവിധാനങ്ങൾ വീണ്ടും ഉണ്ടാക്കിയെടുക്കുക പ്രയാസമാണ്. അതുകൊണ്ട് മേലിൽ ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുക എന്നതും നിലവിലുള്ളവ കേടുപാടുകൾ പോക്കിയും താഴ്ത്തിയും സംരക്ഷിക്കുക എന്നതും അടിയന്തിര ശ്രദ്ധയർഹിക്കുന്ന കാര്യമാണ്.

ഇതനുസരിച്ച് വാർഡുകളിൽനിന്ന് ലഭിച്ച റിപ്പോർട്ടുകളുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

### പട്ടിക

### ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: A രജിസ്ററർ, BT രജിസ്ററർ)

| വില്ലേജിൻെറ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1–10 സെ: | 10–25 സെ: | 25–50 സെ: | 50.100 സെ: | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കർ മേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| . | 475. 2294 ഹെക്ടർ | 455. 0895 ഹെക്ടർ | 412. 0630 ഹെ: | | 1342. 3819 ഹെ: | 2757 | 2297 | 841 | 558 | 196 | 109 | 9 |

180

## വിള - വിസ്തീർണ്ണവും ഉൽപാദനവും (റഫറൻസ് : അടിസ്ഥാന വിവര രജിസ്ററർ)

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (പൊക്കാളി) | 282 | 10000 ക്വിൻറൽ | 1500 കി. ഗ്രാം |
| പയർ | 10 | 5000 കി. ഗ്രാം | 750 ,, ,, |
| പച്ചക്കറി | 25 | 5 ടൺ | 7500 ,, ,, |
| തെങ്ങ് | 380 | 152000 എണ്ണം | 7500 എണ്ണം |
| വാഴ | 16 | 32000 | 3000 കി. ഗ്രാം |
| കുരുമുളക് | 2.5 | 750 കി. ഗ്രാം | 425 കി. ഗ്രാം |
| പ്ലാവ് | 750 എണ്ണം | 11250 ചക്ക | — |
| കശുമാവ് | 10 | 2500 കി. ഗ്രാം | 400 കി. ഗ്രാം |
| മാവ് | 5 | 22000 കി. ഗ്രാം | 4500 കി. ഗ്രാം |
| റബ്ബർ | ഇല്ല | — | — |
| കവുങ്ങ് | 12 | 240000 എണ്ണം | 20000 എണ്ണം |
| ജാതി | 1.5 | 600 കി. ഗ്രാം | 500 കി. ഗ്രാം |
| ഗ്രാമ്പു | 0.2 | — | — |
| മഞ്ഞൾ | 5 | 150 കി. ഗ്രാം | 125 കി. ഗ്രാം |
| ഇഞ്ചി | 5 | 150 കി. ഗ്രാം | 125 കി. ഗ്രാം |

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | | |
|---|---|---|---|---|
| | 1993.94 | 1994.95 | 95.95 | 1996.97 |
| തെങ്ങ് | 550 | 500 | 775 | 1056 |
| കശുമാവ് | | | | |
| കുരുമുളക് | 2000 | 8000 | 1855 | |
| കവുങ്ങ് | 50 | | 486 | |
| ജാതി | 50 | 50 | | |
| കരയാമ്പ് | 50 | :50 | | 110 |

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മററുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 10 വാർഡ് | 380 ഹെക്ടർ | 25600 | 38400 | 64000 | 60% | 10% | 10% | 5% | 5% | 90% |

181

# കൃഷിഭവൻ മുഖേന നായരമ്പലം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

## നായരമ്പലം കൃഷിഭവനിൽ നിന്നും ലഭിച്ച വിവരങ്ങൾ

## 1. സമഗ്ര കേരവികസനം

**കേടുവന്ന തെങ്ങ് വെട്ടിമാററുന്നതിന് ധനസഹായം** (C· D· B)

| വർഷം | തെങ്ങ് (എണ്ണം) |
|---|---|
| 93–94 | 450 |
| 94–95 | 500 |
| 95–96 | 500 |

## 2 തെങ്ങുവളം വിതരണം (കോക്കനട്ട് മിക്സ്ചർ)

| വർഷം | വളം പാക്കററ് എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1994-95 | 1930 | 1439 |
| 95_96 | 2500 | 183 |
| 96-97 | 479 | 214 |

## 3· വിളകൾ

വിള ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ ആകെ 131

| തെങ്ങ് എണ്ണം | കവുങ്ങ് | തെങ്ങിൻ തൈ | വാഴ | കവുങ്ങിൻ തൈ | കുരുമുളക് | ജാതി |
|---|---|---|---|---|---|---|
| 1441 | 91 | 239 | 10 | 71 | 15 | 5 |

## 4· പമ്പ്സെററ് വിതരണം

| വർഷം | കപ്പാസിററി | വിതരണം ചെയ്തത് |
|---|---|---|
| 1994-95 | 1 to 1.5 H· P· | 6 എണ്ണം |
| 1995-96 | 1 to 1.5 H· P· | 10 എണ്ണം |

## പരിഹാര നിർദ്ദേശങ്ങൾ

1. ഫലശൂന്യമായതും രോഗബാധിതമായതുമായ തെങ്ങുകൾ വെട്ടിമാററി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് വിപുലമായ ഒരുപദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. അങ്ങനെ വെട്ടിമാററുന്ന തെങ്ങുകൾക്ക് പകരം മികച്ച ഇനം തെങ്ങിൻതൈകൾ നൽകുകയും തെങ്ങൊന്നിന് 1000 രൂപവീതമെങ്കിലും സഹായധനം കൊടുക്കുകയും വേണം.
2. തെങ്ങുരോഗം തടയുന്നതിന് ഫലപ്രദമായ മരുന്നുകൾ തളിക്കുന്നതിനാവശ്യമായ ഏർപ്പാട് ചെയ്യണം.
3. തെങ്ങുകൾ നനയ്ക്കുവാനാവശ്യമായ പമ്പുസെററുകൾ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം വിതരണം ചെയ്യുവാൻ ഒരു പദ്ധതി ആവിഷ്ക്കരിക്കണം. ഇതിനുവേണ്ടുന്ന വൈദ്യുതി സൗജന്യമായി നൽകേണ്ടതാണ്.

4. തോടുകൾ ആഴപ്പെടുത്തി ഭൂമിയുടെ ജലവിതാനം നിലനിർത്തുവാൻ ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കണം. തോടുകളിൽ ഷട്ടർ സംവിധാനം ഏർപ്പെടുത്തി വെള്ളം ഒഴുക്ക് ക്രമീകരിക്കണം.
5. വർഷംതോറും ആവശ്യമായ രാസവളങ്ങൾ തുലാവർഷത്തിന് മുമ്പും കാലവർഷത്തിന് മുമ്പും സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
6. ഓരോ തോപ്പിലും കമ്പോസ്ററ് കുഴികൾ നിർമ്മിച്ചെടുക്കേണ്ടതും ആയതിന് ഇന്നത്തെ അപര്യാപ്തമായ തുകയ്ക്ക് പകരം ചുരുങ്ങിയത് 100 രൂപ വീതമെങ്കിലും സബ്സിഡി നൽകേണ്ടതുമാണ്.
7. വർഷത്തിൽ രണ്ടോ മൂന്നോ തവണ കേരകർഷകരുടെ യോഗം ചേർന്ന് അനുഭവജ്ഞാനങ്ങൾ കൈമാറാനും പുരോഗതിയെപററി വിലയിരുത്തുവാനും സംവിധാനം ഉണ്ടാകണം.
8. കാലാകാലങ്ങളിൽ മണ്ണ് പരിശോധന നടത്തുന്നതിന് സംവിധാനം ഉണ്ടാകണം.
9. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.
10 ഗ്രൂപ്പ് അടിസ്ഥാനത്തിൽ പമ്പുസെററ് വിതരണം കൃഷിഭവൻ വഴി ഏർപ്പെടുത്തുക.

## 2. നെൽകൃഷി

ജീവന്റെ ആധാരമാണ് അന്നം അന്നമില്ലെങ്കിൽ ജീവനു നിലനില്പില്ല.

''അന്നാൽ ഭവന്തി ഭൂതാനി
പാർജ്ജന്യാദന്ന സംഭവ''

—ഭഗവദ്ഗീത

നമ്മുടെ നാടിന്റെ അന്നം അരിയാണ്. അതു കൊണ്ട് തന്നെ അന്നം ഉല്പാദിപ്പിച്ചെടുക്കുവാനുള്ള വയലുകൾക്ക് പ്രാധാന്യമേറുന്നു. നെല്ലുല്പാദനം വെറും ധന സമ്പാദനമാർഗമായി മാററരുത്. പക്ഷെ എത്രയും ദയനീയമായൊരു സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. കൃഷിയിടങ്ങൾ തരിശിടുവാനുള്ള ഒരു പ്രവണത വർദ്ധിച്ചുവരുന്നു. കാരണം ഉല്പാദനചിലവും ഉല്പന്നത്തിന്റെ വിലയും ഒത്തുപോകുന്നില്ല എന്നതു തന്നെ. ഈ ന്യായം ശരിയാണെങ്കിൽ കൂടിയും കൃഷി നിലങ്ങൾ തരിശിടുവാൻ ഇതൊരു കാരണമായിക്കൂടാ. രണ്ടാം വിളയായ ചെമ്മീൻ കൃഷി വമ്പിച്ച ആദായം നേടിത്തരുമ്പോൾ നെല്ലുൽപ്പാദനരംഗത്ത് സ്വല്പം നഷ്ടം വന്നാലും സഹിക്കാവുന്നതേയുള്ളൂ. എന്നാൽ ഈ രംഗത്ത് ആരും തൃപ്തരല്ല എന്നതാണ് യാഥാർത്ഥ്യം.

വർദ്ധിച്ച കൃഷിച്ചിലവ്, വിളവു കൊയ്തെടുക്കുവാനുള്ള ബുദ്ധിമുട്ട് ഇതെല്ലാം കൃഷിക്കാരുയർത്തിപ്പിടിക്കുന്ന ന്യായങ്ങളാണ്. ജീവിതസൂചിക ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജീവിക്കുവാനാവശ്യമായ കൂലി വേണമെന്നുപറയുന്ന തൊഴിലാളിയും അവിവേകിയല്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് നെൽകൃഷി ആദായകരമല്ലാത്തതിന്റെ പേരിൽ ആദായകരമായ മററുകൃഷികൾ – ചെമ്മീൻകൃഷി നടത്തിയാൽ വിദേശനാണ്യം നേടിത്തരില്ലേ? ചെമ്മീനും ഭക്ഷ്യവസ്തുവല്ലേ? എന്ന ചിന്താഗതി ഉടലെടുത്തിട്ടുണ്ട്. സാമ്പത്തികാടിസ്ഥാനത്തിൽ ഇതു ശരിയാകാമെങ്കിലും നമ്മുടെ മുഖ്യാഹാരം അരിയാണെന്നിരിക്കെ ചെമ്മീൻ ഉപദംശമേയാകുന്നുള്ളൂ. അതുകൊണ്ടുതന്നെ നെൽകൃഷിക്കു പകരമായി മറെറന്തു ലാഭകരമായ പ്രവർത്തനം നടത്തുന്നതും ശ്ലാഘനീയമല്ല.

പാടശേഖരങ്ങൾ സമാജങ്ങളാക്കി കൃഷി ചെയ്യുന്നുവെങ്കിൽ ചിലവുകൾ കുറച്ചെല്ലാം ലഘൂകരിക്കാവുന്നതാണ്. അത്തരം സമാജങ്ങളുടെ പുറം ചിറകളുടെ സംരക്ഷണം പഞ്ചായത്ത് ഏറെറടുക്കേണ്ടതാണ്. അതോടൊപ്പം കൃഷി ചെലവിൽ കർഷകന് ആശ്വാസം നൽകേണ്ടതുമാണ്. അങ്ങനെ ഗ്രാമത്തിലെ മുഴുവൻ പാടശേഖരങ്ങളും സമാജങ്ങളായി മാററുവാൻ സാധിക്കണം. പഞ്ചായത്തു നിർമ്മിക്കുന്ന ചിറകൾക്കുള്ള ചിലവിൽ ചെറിയൊരു ഭാഗം (25%) കർഷകരിൽ നിന്നും ഗഡുക്കളായി വസൂലാക്കാവുന്നതാണ്. ആ സംഖ്യ പുതിയ പുതിയ കൃഷി സംരക്ഷണാവശ്യങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കും. ഈ പ്രക്രിയ കേരകർഷകരുടെ പുറംചിറകൾക്കും ബാധകമാണ്.

പാടശേഖരങ്ങളുടെ പുറം ചിറകൾ കരിങ്കല്ല കൊണ്ട് ഉറപ്പിക്കുവാൻ ഏർപ്പാടുണ്ടാകണം. ഈ പ്രവർത്തനത്തിൽ സമാജാടിസ്ഥാനത്തിലുള്ള പാടശേഖരങ്ങൾക്ക് മുൻഗണനനൽകണം. ഈ രീതി

യിൽ പുറമ്പോക്കു തോടുകളുടേയും രണ്ടു വശങ്ങരം സംരക്ഷിക്കുകയും, തോടുകരം താഴ്ത്തുകയും ചെയ്താൽ അത് തെങ്ങുകൃഷിക്കും സഹായകമാകും.

കൃഷിക്കുവരുന്ന മൊത്തം ചെലവിൻെറ 50% (പരമാവധി 1000 ക.) ഏക്കർ ഒന്നിന് സർക്കാർ സബ്സീഡിയായി വിലയിരുത്തണം. കൃഷിക്കാവശ്യമായ ധാന്യം കഴിച്ച് ബാക്കിവരുന്നവ സംഭരിക്കുവാൻ ഗ്രാമതലത്തിൽ പ്രത്യേക സംവിധാനമുണ്ടാകണം. അപ്രകാരം സംഭരിച്ചെടുത്ത നെല്ല് സംസ്കരിച്ചോ അല്ലാതെയോ ഈ ഗ്രാമത്തിലെ ഉപഭോക്താക്കരംക്ക് ലഭ്യമാകത്തക്കവിധത്തിൽ സ്റേറാറുകരം വഴി വിതരണം ചെയ്യാവുന്നതാണ്. ഇപ്രകാരം കർഷകന് ശരിയായ വിലകിട്ടുന്നതും, ഗ്രാമവാസികരംക്ക് പൊതുതാല്പര്യമുള്ളതും ആയൊരു പ്രസ്ഥാനമാക്കി കൃഷിയെ മാററാവുന്നതാണ്.

ഒക്ടോബർ മാസം ഗ്രാമത്തിൻെറ ഗ്രാമോത്സവം—അഥവാ കാർഷികോത്സവമായി കൊണ്ടാടേണ്ടതാണ്. അതിനോടനുബന്ധിച്ച് ഗ്രാമത്തിലെ കൊയ്യുവാനറിയാവുന്നവർ മുഴുവനും, പ്രവർത്തന രംഗത്തിറങ്ങുകയും, ലാഭനഷ്ടങ്ങരംക്കതീതമായി, നഷ്ടപ്പെടുന്ന ഓരോ മണി നെല്ലും നമ്മുടെ ഗ്രാമത്തിൻെറ നഷ്ടമായി കണക്കാക്കി പ്രവർത്തിക്കുകയും ചെയ്യണം. ഭൂവുടമകരം സ്വന്തം ലാഭേച്ഛ കണക്കാക്കാതെ ഈ പ്രസ്ഥാനത്തിൻെറ ട്രസ്ററികളായി നിലകൊള്ളണം.

## അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1 പൊക്കാളി നിലങ്ങരംക്ക് മൊത്തത്തിൽ പുറംചിറ കല്ലുകെട്ടി സംരക്ഷിക്കണം.

2 പൊക്കാളിനിലം തരിശിടുന്നതു തടയണം. പൊക്കാളി കർഷകർക്ക് അത്യുൽപാദനശേഷിയുള്ള വിത്തും കൃഷി ചെയ്യുന്നതിനാവശ്യമായ ഉപദേശങ്ങളും നൽകണം.

3 പുഴുക്കേട് തടയുന്നതിന് കീടനാശിനികരം ഉപയോഗിക്കുന്നതിനു സഹായിക്കണം.

4 പൊക്കാളി നിലത്തിനകത്ത് ഉള്ളതും അല്ലാത്തതുമായ പുറമ്പോക്കു തോടുകരം സമയാസമയങ്ങളിൽ വെട്ടി ഉപയോഗപ്രദമാക്കുവാൻ പഞ്ചായത്തു ചുമതലയിൽ ഏർപ്പാടുചെയ്യണം.

## 3· പച്ചക്കറി കൃഷി

എന്നും തമിഴ്നാടിനെ ആശ്രയിക്കേണ്ടുന്നതായ ഒരു മേഖലയായി മാറിയിരിക്കുകയാണ് പച്ചക്കറി ഉൽപ്പന്നങ്ങരം. ഇത് ഈ ഗ്രാമത്തിലെ ജനങ്ങളുടെ സാമ്പത്തികഭാരം വദ്ധിപ്പിക്കുന്നു. സ്വയം ഉൽപ്പാദിപ്പിക്കുവാൻ കഴിയുമായിരുന്ന പച്ചക്കറിക്കുവേണ്ടി അന്യനാടുകളെ ആശ്രയിക്കേണ്ടിവരുന്നത് ദയനീയമാണ്. ഇന്ന് അരിഭയക്കാരം ചിലവ് പച്ചക്കറിക്കായിരിക്കുന്നു. നൂറു രൂപ കൊണ്ടുപോയാൽ ഒരു കിററിൽ കൊള്ളാവുന്ന പച്ചക്കറിക്കേ മതിയാകൂ. ഈ നിലയ്ക്ക് മാററം വന്നേ തീരൂ. എല്ലാ വീടുകളിലും പച്ചക്കറി കൃഷി ചെയ്യുവാനുള്ള സാഹചര്യം സൃഷ്ടിക്കണം. ചുരുങ്ങിയത് രണ്ടിനം പച്ചക്കറിയെങ്കിലും ഗ്രാമത്തിലെ ഓരോ വീട്ടുവളപ്പിലും ഉണ്ടാവണം.

ചിങ്ങം ഒന്ന് കർഷകദിനമായി കൊണ്ടാടുന്ന പതിവ് നിലനിർത്തുന്നതോടൊപ്പം വിപുലമാക്കുകയും വേണം. പച്ചക്കറി ക്ലബുകരം രൂപീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇത്തരം പച്ചക്കറി ക്ലബുകരം മുഖാന്തിരം പച്ചക്കറി പ്രദർശനവും ഈ ദിവസം നടത്തേണ്ടതാണ്. ഈ ദിനത്തിൽ കൃഷിക്കാർക്ക് അവരവരുടെ ഉത്പ്പന്നങ്ങരം പ്രദർശിപ്പിക്കുവാനും വിപണനം ചെയ്യുവാനും അവസരമുണ്ടാക്കണം. ഇതിനുള്ള സഹായങ്ങളും നിർദ്ദേശങ്ങളും പ്രോൽസാഹനവും കൃഷിഭവൻ വഴി ഉണ്ടാവണം. തന്നെയുമല്ല നല്ലയിനം വിത്തുകരം വിതരണം ചെയ്യുവാനുള്ള സംവിധാനവും ഉണ്ടാകേണ്ടതാണ്. കൃഷിഭവൻെറ നേതൃത്വത്തിൽ ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രദർശനതോട്ടങ്ങരം സംഘടിപ്പിക്കണം. ഇത്തരം തോട്ടങ്ങളിൽ ശാസ്ത്രീയമായി സംഭരിക്കപ്പെടുന്ന വിത്തുകരംക്ക് ഈ ഗ്രാമത്തിന് പുറത്തും വില്പന സാധ്യത ആരായാവുന്നതാണ്. ചാക്കുകളിൽ പച്ചക്കറി കൃഷി ചെയ്യുന്ന രീതി ജനങ്ങരംക്ക് മനസിലാക്കി കൊടുക്കണം. അതുവഴി വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ പോലും പച്ചക്കറികൃഷി നടത്തുവാൻ സാധ്യതകളുണ്ടാവണം,

ഇവിടെ വാഴകൃഷിക്ക് സാധ്യത ഏറെയാണ്. കേടില്ലാത്ത വാഴക്കണ്ണുകരം കൃഷിഭവൻ വഴി വിതരണം ചെയ്യേണ്ടതാണ്. അതുപോലെ തന്നെ പൂച്ചെടികരം കൃഷിചെയ്ത് ആദായമുണ്ടാക്കുവാൻ അമ്മമാരെയും സ്ത്രീകളേയും കുട്ടികളേയും പ്രോൽസാഹിപ്പിക്കാവുന്നതാണ്. ഇത് അവരുടെ പ്രവർത്തനശേഷിയും സമ്പാദ്യശീലവും വളർത്തുവാൻ ഉപകരിക്കും. ഇതു സംബന്ധിച്ച് വാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രത്യേകം ചേർക്കുന്നു.

1. പച്ചക്കറി കൃഷിക്ക് അനുയോജ്യമായി പല വാർഡുകളിലും സ്ഥലങ്ങൾ കാണുന്നുണ്ട്. അതിനാൽ പച്ചക്കറി ക്ലബ്ബുകൾ തുടങ്ങി പച്ചക്കറി കൃഷി വികസിപ്പിക്കാവുന്നതാണ്.

2. ഇടവിളയായ പച്ചക്കറികൃഷിക്ക് വിത്തും വളവും എല്ലാവർഷവും മെയ് 15–ാം തീയതിക്കകം വിതരണം ചെയ്യണം,

3. പഞ്ചായത്തുതലത്തിൽ മാതൃകാ പച്ചക്കറി തോട്ടം ഉണ്ടാക്കേണ്ടതും കർഷകന് അതേക്കുറിച്ച് ബോധവൽക്കരണം നൽകേണ്ടതും വിത്ത്, വളം, കീടനാശിനികൾ എന്നിവ സൗജന്യമായി നൽകി കർഷകനെ വേണ്ട നിർദ്ദേശങ്ങളാൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

4. കമ്പോസ്ററുകുഴികൾ നിർമ്മിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നല്കണം.

5. നല്ലയിനം വാഴക്കണ്ണുകൾ കൃഷിഭവൻവഴി വിതരണം ചെയ്യണം.

6. പൂന്തോട്ട നിർമ്മാണത്തിനുവേണ്ടുന്ന പ്രോൽസാഹനവും സഹായവും നൽകണം.

7. പ്ലാവ്, മാവ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ജാതി, ഗ്രാമ്പു തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും, കുരുമുളക് മുതലായവയും കൃഷി ചെയ്യുവാനുള്ള പദ്ധതിയും സഹായങ്ങളും ലഭ്യമാക്കണം.

## 4. കവുങ്ങു കൃഷി

തെങ്ങും, നെല്ലും കഴിഞ്ഞാൽ ഈ പ്രദേശത്ത് കൃഷി ചെയ്യുന്ന മറെറാരു വിളയാണ് കവുങ്ങ്. ഉണങ്ങിയ ഒരു ക്വിൻറൽ അടയ്ക്കക്ക് 5000 മുതൽ 6000 രൂപ വരെ വില ലഭിക്കുമെന്നുള്ളതിനാൽ ഇത് നിസ്സാരമായി കണക്കാക്കേണ്ട മേഖലയല്ല. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 12 ഹെക്ടർ സ്ഥലത്ത് കവുങ്ങുകൃഷി ചെയ്തു വരുന്നു. ഇതിൽനിന്നും വർഷത്തിൽ ഏതാണ്ട് രണ്ടര ലക്ഷം അടയ്ക്ക ലഭിക്കുന്നതായി കണക്കാക്കുന്നു. വളരെ വികസന സാദ്ധ്യതയുള്ള ഒരു കൃഷിയാണിത്. ശരിയായ വളപ്രയോഗവും ജലസേചനവും നൽകുകയും 'മംഗള, മൊഹിൻനഗർ ഇനത്തിൽപ്പെട്ട മേൽത്തരം കവുങ്ങുകൾ നട്ടുപിടിപ്പിച്ചാൽ അടയ്ക്ക ഉൽപാദനം 10 ലക്ഷത്തിൽ മേലെ വരും. തെങ്ങുകൾക്കിടയിൽ വളർത്താവുന്ന ഈ ഫലവൃക്ഷത്തെ സംബന്ധിച്ച് കർഷകരുടെ ഇടയിൽ പ്രചരണം നടത്തുകയും ഇതിനനുസരിച്ച് രാസ–ജൈവവളങ്ങൾ സുലഭമാക്കുകയും ചെയ്യുവാൻ കൃഷിഭവൻ മുൻകയ്യെടുക്കണം. പുറമേ മേൽത്തരം കവുങ്ങ്തൈ സമയാസമയം വിതരണത്തിനുള്ള ഏർപ്പാട് ഉണ്ടാവുകയും വേണം.

### നിർദേശങ്ങൾ

1. മേൽത്തരം കവുങ്ങ്തൈ വിതരണം ചെയ്യുക.

2. രാസ ജൈവവളം ലഭ്യമാക്കുക.

3. ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

4. രോഗ ബാധിത കവുങ്ങുകൾ വെട്ടിമാററി തൈ നടുവാൻ സാമ്പത്തിക സഹായം, ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തുക.

5. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ തുടങ്ങിയ കൃഷികൾക്ക് വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

6. വാസനപാക്ക് നിർമ്മാണ സംവിധാനം ഉണ്ടാക്കുക.

ഈ ഭൂമി നമുക്ക് ജൻമം നൽകിയ മാതാവാണെന്ന് മനസിലാക്കി അതിനെ സംരക്ഷിക്കുവാനും ശുശ്രൂഷിക്കുവാനും സന്നദ്ധരായാൽ നാം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ദുഃസ്ഥിതിമാററി ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമം രൂപപ്പെടുത്തുവാൻ നമുക്കു കഴിയും. അതിനുള്ള സന്നദ്ധതയും അർപ്പണബുദ്ധിയും ഈ ഗ്രാമത്തിൻെറ മക്കളായ നാം പ്രദർശിപ്പിക്കുമെന്നും അതുവഴി ഒരു നല്ല നാളെയ്ക്ക് രൂപംകൊടുക്കുമെന്നും പ്രത്യാശിക്കുന്നു.

# മൽസ്യബന്ധനവും മൃഗസംരക്ഷണവും

## മൽസ്യബന്ധനം

ഭൂമിശാസ്ത്രപരമായ കിടപ്പും അറബിക്കടലിന്റെ സാമീപ്യവും വേമ്പനാട്ടുകായലുമായുള്ള സമ്പർക്കവുമൊക്കെക്കൊണ്ട് അനുഗൃഹീതമാണ് നമ്മുടെ തീരദേശഗ്രാമം. ഇതൊക്കെമത്സ്യോല്പാദനത്തിന് വളരെ അനുകൂലമായ സാഹചര്യം ഒരുക്കുന്നു. ഇക്കാരണത്താൽ കടലിൽനിന്നും കായലിൽനിന്നും പരമ്പരാഗത രീതിയിലുള്ള മൽസ്യബന്ധനം ഏറെ ശുഷ്ക്കാന്തിയോടു കൂടി നടന്നുവരുന്നുണ്ട്. കൂടാതെ ഈ ഗ്രാമത്തെ തഴുകുന്ന നിരവധി ഹെക്ടർ പൊക്കാളിപ്പാടങ്ങളും, പൊയീലുകളും തടാകങ്ങളും തോടുകളുമൊക്കെ കായൽ മൽസ്യോൽപ്പാദനത്തിൽ തനതായ സംഭാവനകളർപ്പിക്കുന്നുണ്ട്. സമ്പന്നമായ മൽസ്യമേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന അസംഖ്യം മൽസ്യത്തൊഴിലാളികൾ ഇവിടെയുണ്ട്. മൽസ്യബന്ധനതൊഴിലാളികളും ആശ്രിതരും അനുബന്ധമേഖലയിൽ പണിയെടുക്കുന്നവരുമുൾപ്പെടെ ഗ്രാമജനസംഖ്യയുടെ ഉദേശം പകുതിയോളം വരും. തീരദേശജനതയുടെ സാമൂഹിക–സാമ്പത്തിക–സാംസ്കാരികപശ്ചാത്തലവുമായി ബന്ധപ്പെട്ടുകിടക്കുന്ന മൽസ്യമേഖലയ്ക്ക് വികസിക്കാൻ എന്തെന്തു സാധ്യതകളുണ്ടെന്ന് പരിശോധിക്കാം.

ഉദ്ദേശം 3–4 കിലോമീററർ കടൽത്തീരവും അത്രയുംതന്നെ കായൽതീരവും നിരവധി ഹെക്ടര പുറമ്പോക്കു തോടുകൾ, തടാകങ്ങൾ, പൊയിലുകൾ, പശുവേക്കർ മററു വെള്ളക്കെട്ടുകൾ ഉൽപ്പാദന ക്ഷമതയുള്ള പൊക്കാളിപ്പാടങ്ങൾ എന്നീ ഓരുജല മേഖലകളും നമ്മുടെ സമ്പത്താണ്. മൽസ്യോൽപ്പാദന മേഖലയിൽ ഇവയൊക്കെ ഗണ്യമായി മുതൽക്കൂട്ടുന്നുണ്ട്. അതിന്റെ ഉൽക്കർഷം നമ്മുടെ ഗ്രാമത്തിന്റെ സമ്പദ്ഘടനയ്ക്ക് മാററുകൂട്ടുകയും ചെയ്യുന്നു. വിഭവസ്രോതസുകളും സാദ്ധ്യതകളും ഏറെ ഉണ്ടെങ്കിലും തദനുസരണമുള്ള ഉൽപാദന വർദ്ധനവ് ഇനിയും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. തൻമൂലം മൽസ്യബന്ധനരംഗവുമായി ബന്ധപ്പെടുന്ന ആളുകളുടെ തൊഴിലിന്റേയും ജീവിതത്തിന്റേയും അവസ്ഥക്ക് കാര്യമായ മാററം ദർശിക്കാൻ കഴിയുന്നില്ല.

ശാസ്ത്ര സാങ്കേതികവിദ്യകളുടെ നേട്ടങ്ങൾ ഏറെ ഉണ്ടായിട്ടുണ്ടെങ്കിലും പരമ്പരാഗതമൽസ്യബന്ധന രീതികളിൽ നിന്നും കാര്യമായ വ്യതിയാനം ഇവിടെ വന്നിട്ടില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളായി മൽസ്യോൽപാദനരംഗത്ത് അനുഭവപ്പെടുന്ന മുരടിപ്പും പ്രശ്നം സങ്കീർണ്ണമാക്കുന്നുണ്ട്. വിദേശകപ്പലുകളുടെ അമിതമായ മൽസ്യചൂഷണവും തീരക്കടലിലെ നിയന്ത്രണംവിട്ടതോതിലുള്ള ട്രോളിങ്ങും കായൽനികത്തിയെടുക്കുന്ന പ്രവണതയും സർവ്വോപരി ജലാശയത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മലിനീകരണവുമൊക്കെ വസ്തുതകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ കെടുതികളൊക്കെ മൽസ്യോൽപാദനത്തേയും മൽസ്യത്തൊഴിലാളികളുടെ ജീവിത ഭദ്രതയേയും നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഉള്ള തൊഴിലും, തൊഴിലുപകരണങ്ങളും നിലനിർത്തിക്കൊണ്ടുപോകാൻ അനുഭവിക്കുന്ന കഷ്ടപ്പാടുകളും വർണ്ണനാതീതമാണ്. നല്ല നാളെ സ്വപ്നം കണ്ടുകൊണ്ടു കഴിയുന്ന മൽസ്യത്തൊഴിലാളികളേയും മൽസ്യോൽപാദനത്തേയും പുരോഗതിയിലേക്കു നയിക്കാൻ ദീർഘവീക്ഷണത്തോടെയുള്ള കാൽവെപ്പുകൾ ആവശ്യമാണ്.

### സർക്കാരിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ട കാര്യങ്ങൾ:-

1. ആഴക്കടലിലും തീരക്കടലിലും നിന്ന് യഥേഷ്ടം മൽസ്യം പിടിക്കാനുള്ള ലൈസൻസ് വിദേശകപ്പലുകൾക്ക് നൽകാൻ പാടില്ല.

2. മൽസ്യങ്ങളുടെ പ്രജനനസമയമായ വർഷകാലത്ത് (ജൂൺ–ജൂലൈ–ആഗസ്ററ്) ട്രോളിംഗ് കർശനമായി നിരോധിക്കണം.

3. മൽസ്യബന്ധന മേഖലയിൽ അനർഹരുടെ കടന്നുകയററം പൂർണ്ണമായും തടയുകയും തൊഴിൽഭദ്രത ഉറപ്പാക്കുകയും വേണം.

4. സ്വകാര്യമേഖലയിലും പൊതുമേഖലയിലുമുള്ള ജലാശയങ്ങൾ നികത്തിയെടുക്കുന്നത് കർശനമായി നിരോധിക്കണം. നിയമലംഘകർക്ക് കഠിനമായ ശിക്ഷ നൽകുകയും വേണം.

5. ജലമലിനീകരണം വരുത്തുന്ന വ്യവസായ വിസർജ്യങ്ങൾ കടലിലേക്കോ മററു ജലാശയങ്ങളിലേക്കോ ഒഴുക്കാൻ അനുവദിക്കരുത്.

## 9–ാം പദ്ധതിയിലേക്ക് പരിഗണിക്കേണ്ട കാര്യങ്ങൾ

1. നായരമ്പലത്തെ മത്സ്യത്തൊഴിലാളി ഗ്രാമമായി പ്രഖ്യാപിക്കുകയും തീരദേശവികസന അതോറിററിയുടേയും NCDC യുടേയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം കുടിവെള്ളവും ഗതാഗത യോഗ്യമായ റോഡും വൈദ്യുതിയും ലഭ്യമാകുമ്പോൾ ആരോഗ്യപരമായ ജീവിതംനയിക്കാൻ തീരദേശ ജനതയ്ക്ക് കഴിയും.

2. ഉദ്ദേശം 3–4 കിലോമീററർ ദൈർഘ്യംവരുന്ന കടലോരത്തിൻെറ ഏററവും സൗകര്യപ്രദമായ ഇടത്ത് നല്ല രീതിയിലുള്ള ഒരു ഫിഷ്ലാൻറിംഗ് സെൻറർസ്ഥാപിക്കണം. വലയും മീൻപിടുത്ത സാമഗ്രികളും സൂക്ഷിക്കാനുള്ള സൗകര്യങ്ങളും വിശ്രമകേന്ദ്രവും ഇതോടനുബന്ധിച്ച് ഉണ്ടാവണം. ഇതൊക്കെ മീൻപിടുത്തത്തിൻെറ കാര്യക്ഷമതകൂട്ടുമെന്നതിനാൽ ഉല്പാദനവും ഗണ്യമായി വർദ്ധിക്കും.

3. ലാൻറിംഗ്സെൻററിനോടനുബന്ധിച്ച് ഒരു ഐസ്പ്ലാൻറ് (20 ടൺ) സ്ഥാപിക്കണം. പററുമെങ്കിൽ മററു ശീതീകരണ സൗകര്യങ്ങളും ഒരുക്കാം.

4. യഥാർത്ഥ മൽസ്യത്തൊഴിലാളികളുടെ പട്ടിക തയ്യാറാക്കുകയും ആശ്രിതരുൾപ്പെടെയുള്ളവരുടെ അംഗീകൃതലിസ്ററ് പ്രസിദ്ധീകരിക്കുകയും വേണം. ഒരു ഫിഷ്മാർക്കററിങ്ങ് സഹകരണസംഘവും പ്രവർത്തിക്കുന്നത് മൽസ്യ വിപണനത്തിൻെറ സാദ്ധ്യത കൂടുവാൻ ഉപകരിക്കും. മൽസ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ഓഫീസും മൽസ്യബന്ധനോപകരണങ്ങൾ വിൽക്കുന്ന 'വ്യാസ' സ്റേറാറും ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്നത് ഗുണകരമായിരിക്കും.

5. സഹകരണ സംഘത്തിൽ നിന്നും നോമിനേററു ചെയ്യുന്ന തൊഴിലാളികൾക്ക് നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനും പെഴ്സീൻ ബോട്ടുകളും ട്രോളറുകളുമൊക്കെയുപയോഗിച്ച് മൽസ്യം പിടിക്കാനും ഘട്ടംഘട്ടമായി പരിശീലനം കൊടുക്കണം.

6. പരിശീലനം സിദ്ധിച്ച ഗ്രൂപ്പിന് യന്ത്രവൽകൃത ബോട്ടുകളുടെ ഉടമസ്ഥാവകാശം കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. മീൻ പിടുത്ത വള്ളവും വലയും മററുപകരണങ്ങളും സ്വന്തമാക്കാൻ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സബ്സിഡിയും ഗ്രാൻറും നൽകി തൊഴിൽ രംഗം സജീവമാക്കണം.

7. നിലവിലുള്ള ജലാശയങ്ങളുടെ അതിർവരമ്പുകൾകരികൾ ചിറകെട്ടി ഭദ്രമാക്കണം. ആവശ്യമുള്ളിടത്തൊക്കെ കൽതൂമ്പുകൾ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കണം.

8. ജലാശയങ്ങളിലടിഞ്ഞുകിടക്കുന്ന എക്കലുകൾ കാലാകാലങ്ങളിൽ നീക്കം ചെയ്ത് ഉൽപ്പാദന ക്ഷമതകൂട്ടണം.

9. പററിയ ജലാശയങ്ങളിലും കുളങ്ങളിലും ആനുയോജ്യമായതരം ചെമ്മീൻ, ഞണ്ട്, മീൻ വളർത്തൽ പ്രോൽസാഹനവും സഹായവും കൊടുക്കണം. താൽപ്പര്യമുള്ളവർക്ക് ഒരു ചെറിയ പരിശീലനത്തിനുശേഷം അലങ്കാരമൽസ്യകൃഷി നടത്താനും സൗകര്യം ചെയ്തുകൊടുക്കണം. ആധുനികജീവിതത്തിൻെറ ഹരമായ അലങ്കാര മൽസ്യക്കുഞ്ഞുങ്ങളെ നഗരങ്ങളിലേയും പട്ടണങ്ങളിലേയും സമ്പന്നരായ മൽസ്യ പ്രേമികൾക്ക് വിററഴിക്കുമ്പോൾ മാനസികോല്ലാസത്തോടൊപ്പം ഉപതൊഴിലിലൂടെ നല്ല വരുമാനം ഉണ്ടാക്കാൻ കഴിയും.

10. പുറമ്പോക്കു ജലാശയങ്ങൾ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് പതിച്ചുകൊടുത്തും സാങ്കേതിക സാമ്പത്തിക സഹായംനൽകിയും കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കണം.

11. മാർക്കററിങ്ങ് സംഘത്തിൻെറ കീഴിൽ മത്സ്യതൊഴിലാളി വനിതകളെ സഹകരിപ്പിച്ച് മീൻപിടിത്തത്തിനുപയോഗിക്കുന്ന പലതരം വലയും മററു സാമഗ്രികളും നിർമ്മിച്ചുവിൽക്കുന്ന പദ്ധതികളാവിഷ്ക്കരിച്ച് അവരുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കണം.

12 ആധുനിക രീതിയിലുള്ള മൽസ്യ വിഭവങ്ങളുണ്ടാക്കാൻ മൽസ്യതൊഴിലാളി വനിതകൾക്ക് പരിശീലനം കൊടുക്കുകയും അവരുടെ കഴിവ് ഉപയോഗിച്ച് തയ്യാറാക്കുന്ന ഭക്ഷ്യവിഭവങ്ങൾ സഹകരണ സംഘത്തിലൂടെ വിററഴിച്ച് തൊഴിലും വരുമാനവും നേടാൻ സഹായിക്കണം.

13 മൽസ്യവിൽപ്പനയിൽ വ്യാപൃതരായിരിക്കു

ന്ന തൊഴിലാളികൾക്ക് മീൻ കൊണ്ടുപോകാനുള്ള പാത്രങ്ങൾ, സൈക്കിൾ, ചെറുകിട മോട്ടോർ വാഹനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് സബ്സിഡിയും ഗ്രാൻറും നൽകണം.

14 കാലവർഷ സമയത്തും പഞ്ഞമാസങ്ങളിലും വേണ്ടത്ര ആശ്വാസധനം കൊടുത്ത് പട്ടിണിയുടെ നീരാളിപിടുത്തത്തിൽ നിന്നും മൽസ്യതൊഴിലാളികളെ രക്ഷിക്കണം.

15 മീൻപിടുത്ത സമയത്ത് അപകടത്തിൽപെടുന്ന മൽസ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനം കൂടുതൽ സജീവവും ഫലവത്തുമാക്കണം.

16 മൽസ്യത്തൊഴിലാളികളെ ഒന്നടങ്കം ഇൻഷ്വർ ചെയ്യുകയും മൽസ്യബന്ധനത്തിനിടയിൽ മാരകമായി പരിക്കുപററി നരകതുല്യം ജീവിക്കുന്നവർക്ക് 50000 രൂപയും ജീവഹാനി സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപയും ആശ്വാസധനം നൽകണം.

17 ശുചിത്വമില്ലാതെയും തികഞ്ഞ അനാസ്ഥയോടെയും നായരമ്പലത്ത് പ്രവർത്തിച്ചുവരുന്ന മൽസ്യമാർക്കററ് ആധുനികരീതിയിൽ പുനഃസംവിധാനം ചെയ്യണം. മേൽത്തരം മൽസ്യവിഭവങ്ങളും മററും ശുചിത്വത്തോടെ ലഭ്യമാക്കാൻ കഴിയുന്ന നൂതന സങ്കേതങ്ങൾ ഇവിടെ ഒരുക്കണം.

18 നിലവിലുള്ള മാർക്കററ് നിയമം ഗ്രാമവാസികൾക്ക് ഗുണകരമായ വിധത്തിൽ പരിഷ്ക്കരിക്കുകയും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മൽസ്യോൽപാദകരെയും ഉപഭോക്താക്കളേയും മോചിപ്പിക്കുകയും വേണം.

19 മാർക്കററിൽനിന്ന് മലിനവസ്തുക്കളും കശാപ്പ്അവശിഷ്ടങ്ങളും എല്ലും രക്തവുമൊക്കെ യാതൊരു തത്വദീക്ഷയുമില്ലാതെ ഒഴുക്കിവിട്ട് തോടുകളും ജലാശയങ്ങളും നിരന്തരം മലിനമാക്കുന്നത് കർശനമായി നിരോധിക്കുകയും കുററക്കാരെ കഠിനമായി ശിക്ഷിക്കുകയും വേണം.

20 മൽസ്യത്തൊഴിലാളികളെ കൂടെക്കൂടെ സൗജന്യ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കുകയും ഫലപ്രദമായ ചികിൽസയ്ക്ക് ഏർപ്പാട് ചെയ്യുകയും വേണം. അതുപോലെതന്നെ മാർക്കററിൽ ഇടയ്ക്കിടയ്ക്ക് മിന്നൽ പരിശോധന നടത്തി ശുചിത്വ പരിപാലനങ്ങൾ ഉറപ്പാക്കണം.

ഇതിനകം പ്രതിപാദിച്ച കാര്യങ്ങളൊക്കെ മൽസ്യബന്ധനത്തിനും ഉൽപ്പാദനമികവിനും ഗണ്യമായി ഉപകരിക്കും. ഇതിനൊക്കെ പുറമെ വാസയോഗ്യമായ ഭവനങ്ങളുണ്ടാക്കി മൽസ്യത്തൊഴിലാളികളെ തീരദേശത്ത് പുനഃരധിവസിപ്പിക്കണം. അവരുടെ സാമൂഹിക–വിദ്യാഭ്യാസ–ആരോഗ്യ_സാംസ്ക്കാരിക നിലവാരം ഉയർത്തുന്നതിനാവശ്യമായ സ്ഥാപനങ്ങളും തീരദേശത്ത് സ്ഥാപിക്കണം. തീരദേശനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി മൽസ്യത്തൊഴിലാളികൾക്ക് കൂടുതൽ പരിരക്ഷ കൊടുക്കണം. കൂടാതെ തീരസംരക്ഷണ സേനയിലേക്ക് ആളെ എടുക്കുമ്പോൾ മൽസ്യത്തൊഴിലാളികൾക്ക് അർഹമായ സംവരണം ഏർപ്പെടുത്തുകയും വേണം.

## മൃഗസംരക്ഷണം

മനുഷ്യൻെറ ആരോഗ്യരക്ഷക്ക് കന്നുകാലികൾ നിസ്തുലമായ സേവനം അനുഷ്ഠിക്കുന്നുണ്ട്. എന്നാൽ അവയുടെ പരിപാലനത്തിനും സംരക്ഷണത്തിനും ഗ്രാമം ഏറെ പിന്നിലാണ്. ഉള്ള സൗകര്യം ഉപയോഗപ്പെടുത്തി നല്ലതരം കാലികളെ വളർത്താനോ പാഴായിപ്പോകുന്ന സമയം ഗുണകരമായ കാര്യത്തിന് വിനിയോഗിക്കാനോ ഉള്ള സന്നദ്ധത ആളുകളിൽ വളരെ കുറവാണ്. തൽഫലമായി നമുക്കാവശ്യമുള്ളതിൻെറ വളരെ തുച്ഛമായ വിഭവങ്ങളെ ഗ്രാമവാസികൾക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളു. അതേസമയം വളരെയധികം ത്യാഗംസഹിച്ച് പശുവിനേയും ആടിനേയും വളർത്തി ഉപജീവനം കണ്ടെത്താൻ ശ്രമിക്കുന്ന ഒരു ന്യൂനപക്ഷമുണ്ട്. ചെറിയതോതിൽ കോഴി, താറാവ് എന്നിവയെ വളർത്തി ആദായമെടുക്കുന്ന ഒററപ്പെട്ട ചില വീട്ടമ്മമാരേയും കാണാം. ഇറച്ചിക്കോഴി വളർത്തുന്ന നാമമാത്രമായ സംരംഭങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. എങ്കിൽ കൂടി കശാപ്പിനുവേണ്ടി ഉരുക്കളെ വളർത്തുന്ന ഏർപ്പാട് ഇല്ലെന്നുതന്നെ പറയാം.

188

## വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ വംശവർദ്ധനവ് | കാള നാടൻ മററുളളവ | കാള്സങ്കരം വംശവർദ്ധനവ് | കാള്സങ്കരം മററുളളവ | പശു നാടൻ കറവ ഉളളത് | പശു നാടൻ കറവ ഇല്ലാത്തത് | പശുസങ്കരം കറവ ഉളളത് | പശുസങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉളളത് | എരുമ കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | | | | | 2 | | 41 | 10 | | | | 60 | 8 |
| 2 | | | | | 1 | 1 | 39 | 9 | | | | 58 | 10 |
| 3 | | | | | 2 | | 45 | 13 | | | | 56 | 9 |
| 4 | | | | | 1 | | 53 | 10 | | | | 63 | 7 |
| 5 | | | | | 1 | 1 | 91 | 14 | | | | 71 | 11 |
| 6 | | | | | 1 | 1 | 56 | 9 | | | | 69 | 9 |
| 7 | | | | | 1 | | 42 | 15 | | | | 57 | 8 |
| 8 | | | | | 1 | 1 | 54 | 11 | | | | 73 | 7 |
| 9 | | | | | 1 | 1 | 71 | 18 | | | | 97 | 8 |
| 10 | | | | | 1 | | 49 | 14 | | | | 89 | 7 |

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി മുട്ട ഇടുന്നത് | പിടക്കോഴി മുട്ട ഇടാത്ത് | താറാവ് ആൺ | താറാവ് പെൺ | മററുളളവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 183 | 1070 | 692 | 30 | 252 | |
| 2 | 165 | 871 | 706 | 28 | 263 | 400 |
| 3 | 120 | 853 | 801 | 29 | 294 | |
| 4 | 231 | 1022 | 902 | 24 | 306 | |
| 5 | 272 | 1383 | 696 | 27 | 309 | 300 |
| 6 | 263 | 1071 | 790 | 27 | 299 | |
| 7 | 287 | 1514 | 821 | 24 | 303 | 300 |
| 8 | 254 | 1427 | 804 | 26 | 313 | |
| 9 | 299 | 989 | 801 | 35 | 290 | 500 |
| 10 | 289 | 983 | 798 | 34 | 299 | 500 |

മുൻപറഞ്ഞ ശ്രമങ്ങളൊക്കെ തികച്ചും പരമ്പരാഗതമായ രീതിയിലാണ് നടത്തുന്നത്. അതുകൊണ്ട് കർഷകന് വേണ്ടത്ര ഉൽപ്പാദനമോ സാമ്പത്തിക ഉൽക്കർഷമോ ഒരിക്കലും ലഭിക്കാറില്ല. ഈ രംഗങ്ങളിൽ വേലചെയ്യുന്നവക്ക് കാര്യമായ പ്രോത്സാഹനങ്ങളും ഇല്ല. നല്ലതരം കാലികളേയും പക്ഷികളേയും ശാസ്ത്രീയമായി വളത്തുന്നതിനെക്കുറിച്ചും അവയുടെ ആരോഗ്യ പരിപാലനരീതികളെക്കുറിച്ചുമൊക്കെ അറിവില്ലായ്മയും അജ്ഞതയും ഏറെയുണ്ട്. നൂതന ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകരം മനസിലാക്കി ഈ രംഗം കൈകാര്യംചെയ്താൽ വികസനരംഗത്ത് ഗണ്യമായ നേട്ടങ്ങരം ഉണ്ടാക്കാൻ കഴിയും. അതിനുള്ള ഒരുക്കം എന്ന നിലയിൽ ഒമ്പതാം പദ്ധതിയിൽ ഇനിപറയുന്ന കാര്യങ്ങരംക്ക് മുൻഗണന കൊടുക്കേണ്ടതാണ്.

1. കന്നുകാലികളുടേയും കർഷകരുടേയും പട്ടിക തിരിച്ചുള്ള സെൻസസ് എടുക്കണം.

2. പ്രധാനപ്പെട്ട ഇനങ്ങളായ പശു, എരുമ, ആട്

പന്നി, കോഴി, താറാവ്, മുയൽ, കാട എന്നിവയുടെ ജനസുകളെകുറിച്ചും ഇപ്പോഴത്തെ ഉത്പാദനത്തിൻെറ സ്ഥിതിയെക്കുറിച്ചും ശരിയായ വിവരം ശേഖരിക്കണം.

3. ഗ്രാമത്തിലെ ഡയറികളെകുറിച്ചും അവയിൽ നിന്ന് വിതരണം ചെയ്യുന്ന പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയെ ക്കുറിച്ചും കണക്ക് ശേഖരിക്കണം.

4. ഗ്രാമത്തിലെ ജനങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്ന പാലിൻേറയും പാലുല്പ്പന്നങ്ങളുടേയും അളവും അതിൽ ഇവിടത്തെ ഉൽപ്പാദനം വഹിക്കുന്നപങ്കും ശരിയായി തിട്ടപ്പെടുത്തുക.

5. ജനസംഖ്യയുടെ വർദ്ധനവ് അനുസരിച്ച് അടുത്ത അഞ്ചുവർഷത്തേക്ക് ആവശ്യമായിവന്നേക്കാവുന്ന പാൽ, പാലുൽപ്പന്നങ്ങൾ, ഇറച്ചി, മുട്ട എന്നിവ എത്രയെന്ന് കണക്കാക്കണം.

6. വർദ്ധിച്ചുവരുന്ന ആവശ്യം കണ്ടറിഞ്ഞു പശു ആട്, എരുമ എന്നിവയുടെ നല്ല ജനുസുകളെ ഉത്സുകരായ കർഷകർക്ക് പരമാവധി സബ്സീഡി നൽകി വിതരണം ചെയ്യണം.

7. നല്ലയിനം മുട്ടക്കോഴി, ഇറച്ചിക്കോഴി, താറാവ്, കാട, മുയൽ എന്നിവയെ ആവശ്യാനുസരണം നാമമാത്രമായ വിലക്ക് കർഷകർക്ക് ലഭ്യമാക്കണം.

8. ഉരുക്കളുടെ തൊഴുത്തും പക്ഷികളുടെ കൂടും നിർമ്മിക്കാൻ കർഷകർക്ക് സബ്സിഡിയും ഗ്രാൻറും നൽകണം.

9. സ്വയം തൊഴിൽ സംരംഭകർക്കും ആവശ്യക്കാരായ കർഷകർക്കും മൃഗസംരക്ഷണത്തിൻെറ നൂതന സങ്കേതങ്ങളെക്കുറിച്ച് വേണ്ടത്ര പരിശീലനം ഇടക്കിടക്കു കൊടുക്കണം.

10 പാലും പാലുൽപ്പന്നങ്ങളും മററു ഗുണമുള്ള ഭക്ഷ്യവിഭവങ്ങളും ഒരുക്കാനും കേടുകൂടാതെ സൂക്ഷിക്കാനും പര്യാപ്തമായ ശാസ്ത്രീയമായ പരിശീലനം തൽപരരായ കർഷകർക്ക് നൽകണം.

11 പാൽ, പാലുൽപ്പന്നങ്ങൾ, മുട്ട, ഇറച്ചി എന്നിവ വേണ്ട ഗുണമേൻമയോടുകൂടി സംഭരിക്കാനും സൂക്ഷിക്കാനും വിനിമയം ചെയ്യാനും ഉത്തരവാദിത്തപ്പെട്ട ഒരു സൊസൈററി ഗ്രാമത്തിൽ രജിസ്ററർ ചെയ്ത് പ്രവർത്തിക്കണം.

12 ഉൽപ്പാദകരായ കർഷകരുടെ യഥാർത്ഥ രജിസ്ററർ സൊസൈററിയിൽ സൂക്ഷിക്കുകയും ഉരുക്കൾക്കും പക്ഷികൾക്കും വേണ്ട നല്ലതരം തീററ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

13 മൃഗസംരക്ഷണ വകുപ്പിൻെറ സേവനങ്ങൾ ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനും പരിപാലനത്തിനും കുററമററരീതിയിൽ പ്രാവർത്തികമാക്കണം,

14 വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും രോഗപ്രതിരോധത്തിന് സൗകര്യപ്രദമായ സ്ഥലത്തുവച്ച് ഇടയ്ക്കിടയ്ക്ക് ക്യാമ്പ് നടത്തുകയും സൗജന്യമായ ചികിൽസ കൊടുക്കുകയും വേണം.

15 നല്ല വിത്തും വളവും കൊടുത്ത് സ്വന്തം പുരയിടത്തിലും പററിയ ഇതര പ്രദേശങ്ങളിലും കാലികൾക്കാവശ്യമുള്ള ഗുണമുള്ള പുല്ല് വളർത്തിയെടുക്കാൻ കർഷകർക്ക് പരിശീലനം കൊടുക്കണം.

16 കർഷകദിനത്തിൽ കാലിപ്രദർശനം നടത്തി നല്ല ഉരുക്കൾക്കും പക്ഷികൾക്കും സമ്മാനവും കർഷകന് അംഗീകാരവും പ്രോത്സാഹനവും കൊടുക്കണം.

17 മൃഗസംരക്ഷണ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുത്തൻ അറിവുകൾ കർഷകരുടെ ഇടയിലേക്ക് താമസംവിനാ എത്തിക്കുന്ന ബോധവൽക്കരണപരിപാടികൾ തുടരണം.

18 ചാണകവും കാഷ്ഠവും ഉപയോഗിച്ച് മേൽത്തരം ജൈവവളം ഉണ്ടാക്കാനുള്ള സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

19 ചാണകത്തിൽ നിന്നും കാഷ്ഠത്തിൽനിന്നും പാരമ്പര്യേതര ഊർജം എളുപ്പത്തിൽ ഉൽപ്പാദിപ്പിക്കാവുന്ന ഗോബർ ഗ്യാസ്, ബയോ ഗ്യാസ് പ്ലാൻറുകൾ ഗ്രാമത്തിൽ വേണ്ടിടത്തൊക്കെ സ്ഥാപിക്കണം. ഇതിന് കർഷകർക്ക് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കണം.

20 പേപ്പട്ടികളെയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളേയും ഉൻമൂലനം ചെയ്യണം. വളർത്തുനായ്ക്കൾക്ക് ലൈസൻസും പ്രതിരോധ കുത്തിവയ്പ്പും നിർബന്ധമാക്കണം.

മുൻപറഞ്ഞ രംഗങ്ങളിൽ കൈവരിച്ചേക്കാവുന്ന പുരോഗതി മൃഗസംരക്ഷണ രംഗത്ത് നമ്മുടെ ഗ്രാമത്തിൻെറ മുഖഛായ മാററാനും സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകാനും വിലപ്പെട്ട പങ്കുവഹിക്കും.

# വ്യവസായം

വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ അനുകൂലമായ സാഹചര്യങ്ങൾ – ഉയർന്ന സാക്ഷരത, ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം എന്നിവയെല്ലാമുണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ ഈ പഞ്ചായത്തിനായിട്ടില്ല.

നായരമ്പലം പഞ്ചായത്തിന്റെ വ്യവസായ സാദ്ധ്യതകൾ പരിശോധിക്കുമ്പോൾ പ്രധാനമായും ശ്രദ്ധയിൽപ്പെടേണ്ടരംഗം മൽസ്യവ്യവസായ സംരംഭങ്ങൾ തന്നെയാണ്. കാരണം ഈ പ്രദേശത്തുള്ള ഭൂരിപക്ഷം ആളുകളും മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. ചെമ്മീൻ വ്യവസായ സംരംഭത്തിന് മുൻതൂക്കം നൽകി വളർത്തുകേന്ദ്രങ്ങളും സംസ്ക്കരണ യൂണിററുകളും ആരംഭിക്കാനുള്ള സാധ്യത വളരെയേറെയാണ്. പടിഞ്ഞാറ് അറബിക്കടലിന്റെ സാമീപ്യം മററു മൽസ്യസംസ്ക്കരണ യൂണിററുകൾക്ക് പ്രാധാന്യം നൽകുന്നു.

മൽസ്യത്തിൻേറയും കശാപ്പുശാലകളിലെയും അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി ജൈവവള നിർമ്മാണത്തിന് ആവശ്യമായ സംരംഭങ്ങൾ ആരംഭിക്കണം ചെമ്മീൻ. ഞണ്ട്, മീൻ എന്നിവ ഉപയോഗിച്ച് ഗുണമേന്മയുള്ള ഉല്പ്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ സംരംഭങ്ങൾ തുടങ്ങണം. പീലിംഗ്ഷെഡുകളും മൽസ്യസംഭരണ കേന്ദ്രങ്ങളും നവീകരിച്ച് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ച് വിപണിയിലിറക്കാൻ സൗകര്യങ്ങളുണ്ടാക്കണം. മൽസ്യബന്ധനവലകളും മററുസാമഗ്രികളും കാര്യക്ഷമമായും ചെലവുകുറഞ്ഞ രീതിയിലും നിർമിക്കാനുള്ള ചെറുകിട വ്യവസായങ്ങൾ തുടങ്ങണം.

കേരവ്യവസായം ഇന്ന് ഒരു പ്രതിസന്ധിയിലാണ്. തെങ്ങുകളുടെ രോഗബാധ തന്നെ മുഖ്യകാരണം. കാലാകാലങ്ങളിൽ കൃഷിഭൂമിയിൽ വേണ്ട പരിചരണം ലഭ്യമാക്കിയാൽ നാളികേര ഉൽപ്പാദനം വർദ്ധിപ്പിച്ച് അനുബന്ധ വ്യവസായങ്ങൾ തുടങ്ങുവാൻ സാധിക്കും. വൈദ്യുതിയുടെ ലഭ്യത മെച്ചപ്പെടുത്തുകയും വേണം. തെങ്ങിന്റെ വിവിധ വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കാനാവശ്യമായ ചെറിയ യൂണിററുകൾ ആരംഭിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ നാലാം വാർഡിൽ ഒരു കയർ സൊസൈററി നിലവിലുണ്ട്. ഈ സ്ഥാപനത്തിലൂടെ പരമ്പരാഗത വ്യവസായമായ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും പററിയവിധത്തിൽ ആധുനികവൽക്കരണം ആവശ്യമാണ്. കയർവ്യവസായരംഗത്തുണ്ടായിട്ടുള്ള മാന്ദ്യം പരിഹരിക്കാനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. ചകിരിച്ചോർ ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് റബ്ബറൈസ്ഡ് ഉൽപ്പന്നങ്ങളും, ജൈവവളങ്ങളും ഉണ്ടാക്കാൻ വ്യവസായ സംരംഭകർക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്. ചകിരിയിൽ നിന്ന് കാർപെററ്, ബാഗ്, മാല, കൗതുകവസ്തുക്കൾ എന്നിവ നിർമ്മിക്കാനാവശ്യമായ ചെറുകിട വ്യവസായ യൂണിററുകൾ സ്ഥാപിക്കണം. നാളികേരത്തിൽ നിന്ന് ഗുണമേൻമയുള്ള മററു ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിനിമയം ചെയ്യാൻ പര്യാപ്തമായ ചെറുകിട വ്യവസായ യൂണിററുകൾ തുടങ്ങേണ്ടതാണ്.

പാലും പാലുല്പന്നങ്ങളും ഉപയോഗിച്ച് നൂതന വിഭവങ്ങൾ സംസ്ക്കരിച്ചെടുക്കാനുള്ള ചെറുകിട സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകണം.

വാഴനാര് ഉപയോഗിച്ചും ഉപയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കാവുന്നതാണ്.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ തയ്യൽ മെഷീൻ വ്യാപകമായരീതിയിൽ ലഭ്യമാക്കി വനിതാവ്യവസായ സംരംഭകർക്ക് പ്രോൽസാഹനം നൽകണം. ആയതിനു വായ്പാ സൗകര്യങ്ങളും ലഭ്യമാക്കണം. എംബ്രോയ്ഡറി വർക്ക്, നൂതന ഡിസൈനിങ്ങ് എന്നിവയിലൂടെ ആകർഷകമായ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

ഇലക്ട്രോണിക്സ് വ്യവസായം വളരെയേറെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ മേഖലയിലെ വൻ വ്യവസായങ്ങൾക്ക് ആവശ്യമായ കംപോണൻറ്സ് നിർമ്മിച്ചുകൊടുക്കുന്ന അനുബന്ധയൂണിററുകൾ പഞ്ചായത്തുതലത്തിൽസംഘടിപ്പിച്ച് ഒരു 'മിനി ഇൻഡസ്ട്രിയൽ എസ്റേററ്' സംവി

ധാനം ഉണ്ടാക്കിയാൽ ധാരാളം പേർക്ക് തൊഴിൽ സാധ്യതയുണ്ടാകും. ഇലക്ട്രിക്കൽഉപകരണങ്ങൾ സ്വിച്ച്, ചോക്ക് മററനുബന്ധവസ്തുക്കൾ എന്നിവ ഈ സംവിധാനത്തിൽ നിർമ്മിക്കാവുന്നതാണ്.

അച്ചാറുകൾ, കറിപൗഡറുകൾ, സ്കാഷ്, ജാം എന്നിവ നിർമ്മിക്കാനാവശ്യമായ സാങ്കേതിക ജ്ഞാനം ഉള്ളവരെ സംഘടിപ്പിച്ച് ചെറിയ യൂണിററുകളായി ഒരു പുതിയ വ്യവസായ സംരംഭം തുടങ്ങേണ്ടതാണ്. അതിനാവശ്യമായ വായ്പാ സൗകര്യങ്ങളും ലഭ്യമാക്കണം.

വിവിധ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടിയവരെ പഞ്ചായത്തുതലത്തിൽ സംഘടിപ്പിച്ച് അവരുടെ സാങ്കേതിക ജ്ഞാനം മററുള്ളവർക്ക് ലഭ്യമാക്കി പുതിയ തൊഴിൽ സംരംഭങ്ങൾക്ക് രൂപം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഇത്തരം വിദഗ്ദരുടെ ഒരു രജിസ്ററർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനാവശ്യമായ എൻറർപ്രെന്യൂർഷിപ്പ് പരിശീലനം ലഭ്യമാക്കി പുതിയ വ്യവസായ യൂണിററുകൾ സ്ഥാപിക്കുക.

ചെറിയ സാങ്കേതിക തടസങ്ങൾ ഉന്നയിച്ച് വ്യവസായ സംരംഭകരെ നിരുൽസാഹപ്പെടുത്തുന്ന പ്രവണത അവസാനിപ്പിക്കണം. ലൈസൻസിംഗ് സംവിധാനം ലളിതമാക്കണം. ബാങ്ക്വായ്പാ സൗകര്യങ്ങൾ വിപുലമാക്കണം. വൈദ്യുതി ലഭ്യത മെച്ചപ്പെടുത്തി എളുപ്പമാക്കുക.

# ഊർജ്ജം

വിദ്യുച്ഛക്തി മനുഷ്യ ജീവിതത്തിൻെറ മുന്നോട്ടുളള പ്രയാണത്തിന് ഏററവും വലിയ പ്രേരകശക്തിയാണ്. നമ്മുടെ ഗ്രാമത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ടെന്ന് പൊതുവെ തോന്നുമെങ്കിലും ചില ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ഉണ്ട്. ഗാർഹിക മേഖലയിലാണ് കൂടുതലും വൈദ്യുതി ഉപയോഗിക്കുന്നത്. വ്യവസായ രംഗത്തും മററും ഉപയോഗം തീരെ കുറവാണ്. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചക്ക് ആനുപാതികമായ പുരോഗതി ഊർജത്തിൻെറ കാര്യത്തിൽ ഇനിയും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പെരുകിക്കൊണ്ടിരിക്കുന്ന ജനസംഖ്യയുടെ ആവശ്യം പരിഗണിക്കുമ്പോൾ സ്ഥിതി കൂടുതൽ പരിതാപകരമാണ്. അതുപോലെ തന്നെ വളരെ സജീവമായ ഭവനനിർമ്മാണം, വ്യാപാര–വ്യവസായ സ്ഥാപനങ്ങളുടെ വളർച്ച എന്നീ രംഗങ്ങൾക്കാനുപാതികമായി വൈദ്യുതി ലഭ്യമാക്കാൻ നമുക്കു കഴിയുന്നില്ല. മററ് ഊർജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചക ഗ്യാസ് എന്നിവയും നമ്മുടെ ഗ്രാമത്തിൽ ആവശ്യത്തിന് ലഭിക്കുന്നില്ല.

## തെരുവുവിളക്കുകളുടെ വിവരം

| ബൾബ് | ട്യൂബ് | സോഡിയം വേപ്പർലാമ്പ് | ആകെ തെരുവു വിളക്ക് |
|---|---|---|---|
| 545 | 44 | 13 | 602 |

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1 ഗ്രാമ പ്രദേശത്തിൻെറ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് അടിയന്തിര പരിഗണന നൽകുക.

2 പഞ്ചായത്തിലെ മുഴുവൻ വഴികളിലും വഴിവിളക്ക് സ്ഥാപിക്കുക.

3 എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുക.

4 ശുദ്ധജല ടാപ്പുകൾക്ക് സമീപം Street Light സ്ഥാപിക്കുക.

5 വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്ത് അതിർത്തിക്കകത്ത് ചുരുങ്ങിയത് 6 ട്രാൻസ്ഫോർമർ എങ്കിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

6 സിങ്കിൾഫേസ് ലൈൻഉള്ള ഭാഗത്ത് 3 ഫേസ് ലൈൻ സ്ഥാപിക്കാൻ സത്വര നടപടി സ്വീകരിക്കുക.

7. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും നടപടികളും സ്വീകരിക്കുക.

8 ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക.

9 മണ്ണെണ്ണ ആവശ്യാനുസരണം കുറഞ്ഞ വിലയ്ക്ക് ലഭിക്കാൻ നടപടി സ്വീകരിക്കുക.

10 ബയോ ഗ്യാസ് വഴിയുള്ള ഊർജോൽപ്പാദനം പ്രചരിപ്പിക്കുക.

11 ഗ്രാമീണ മേഖലയിലെ വിറക് ക്ഷാമം പരിഹരിക്കാൻ തണൽ മരങ്ങളും മററും വച്ചുപിടിപ്പിക്കുക,

# ഗതാഗതം

ഗതാഗതത്തിന് നമ്മുടെ ഗ്രാമത്തിൽ വഴികൾ ഏറെ ഉണ്ടെങ്കിലും സഞ്ചാരയോഗ്യമായവ വളരെ കുറവാണ്. പഞ്ചായത്തിന്റെ തുച്ഛമായ വരുമാനംകൊണ്ട് ഈ വഴികൾ എല്ലാം ഉടനെതന്നെ സഞ്ചാരയോഗ്യമാക്കുക ബുദ്ധിമുട്ടാണ്. വിവിധ ഗ്രാമസഭകളിൽനിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ ഭീമമായ തുക ആവശ്യമായി വരുന്നു. ഈ രംഗത്തുള്ള ശോച്യാവസ്ഥ പരിഹരിക്കാൻ ബഹുജന പങ്കാളിത്തം അനിവാര്യമാണ്. മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ വികസന രംഗത്ത് അത്ഭുതാവഹങ്ങളായ മാററങ്ങൾക്ക് വഴിയൊരുക്കും. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾക്കാണ് പഞ്ചായത്ത് മുൻതൂക്കം നൽകുന്നത്. നമ്മുടെ ഗ്രാമത്തിലെ വഴികൾക്ക് വീതി കുറവാണ് എന്നത് എടുത്തുപറയേണ്ട സംഗതിയാണ്. ഇവ വാഹന ഗതാഗതത്തിന് പററിയവിധം സജ്ജീകരിക്കേണ്ടത് അടിയന്തിരപ്രാധാന്യം അരഹിക്കുന്നു.

### പഞ്ചായത്ത് അധീനതയിലുള്ള റോഡുകൾ

| PWD റോഡ് | പഞ്ചായത്ത് വഴികൾ | | | | |
|---|---|---|---|---|---|
| | ടാർ ചെയ്ത റോഡ് | മെററൽ ചെയ്ത റോഡ് | ഗ്രാവൽ വഴികൾ | മണ്ണ് റോഡ് | ആകെ റോഡ് |
| | 5.039 K.M. | 4.475 K.M. | 27.776 K.M. | 9.654 K.M. | 46.947 K.M. |

നിലവിൽ ടാർ ചെയ്തിട്ടുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുക, മെററൽ ചെയ്തിട്ടുള്ള റോഡുകൾ ടാർ ചെയ്യുക, ഗ്രാവൽ റോഡുകൾ മെററൽ ചെയ്യുക, മററു വഴികൾ ഗ്രാവൽ വിരിക്കുക എന്നീ മുൻഗണനാ ക്രമത്തിലാണ് ഗതാഗതം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തുന്നത്.

## പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ സാധ്യതകൾ

1 പഞ്ചായത്ത് അതിർത്തിയിലുള്ള P W D റോഡിലെ നായരമ്പലം പാലവും ഈയ്യാത്ത് പാലവും വീതികൂട്ടി പുതുക്കി പണിത് റോഡിന്റെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

2 തീരദേശത്തെ M L A റോഡ് തടസങ്ങൾ ഒഴിവാക്കി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുക.

3 നെടുങ്ങാട് ദ്വീപിലേക്കുള്ള ഗതാഗത സൗകര്യത്തിന് ഹെർബർട്ട് പാലം, പള്ളിപ്പാലം, കടേകുരിശിങ്കൽ പാലം എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുക.

4 V P റോഡിന് സമാന്തരമായി കിഴക്കു ഭാഗത്തുകൂടി കടന്നു പോകുന്ന വഴികൾ വീതികൂട്ടി പാലങ്ങൾ നിർമ്മിച്ച് ഒരു സമാന്തര ഗതാഗതമാർഗം ഒരുക്കുക.

5 നായരമ്പലം പാലത്തിന് തെക്കു ഭാഗത്തുകൂടി കടപ്പുറത്തേക്ക് പോകുന്ന വഴിക്ക് പാലം നിർമ്മിച്ച് റോഡ് ഗതാഗത സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക.

6 റിവർ റോഡിന്റെ നിർമ്മാണത്തിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുക.

7 തീരദേശ റോഡിനെയും വി പി റോഡിനെയും സമാന്തര വി പി റോഡിനെയും (കിഴക്ക് വശം) നെടുങ്ങാട് റോഡിനെയും പരസ്പരം ബന്ധിപ്പിക്കുന്ന ലിങ്ക്‌വഴികൾ വീതി കൂട്ടി വാഹനസഞ്ചാരത്തിന് യോഗ്യമാക്കുക.

8 പഞ്ചായത്തിൽ നിലവിലുള്ള എല്ലാ വഴികളും മുൻഗണനാക്രമത്തിൽ ഘട്ടംഘട്ടമായി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

9 ഗ്രാമത്തിലെ മുഴുവൻ കോളനികളിലെ വഴികളും ടാർ ചെയ്ത് സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുക. വഴിയില്ലാത്ത കോളനിയിൽ പുതിയ വ

ഴികൾ തുറക്കുക.

10 റോഡ് മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഭാഗങ്ങളിൽ സംരക്ഷിത ഭിത്തി കെട്ടുന്നതിന് നടപടി സ്വീകരിക്കുക.

11 റോഡിന് തടസമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും വഴിയരികിലേക്ക് മാററിസ്ഥാപിക്കുക.

12 ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ ഊർജ്ജിത നടപടി സ്വീകരിക്കുക.

13 ജനപങ്കാളിത്തത്തോടെ നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുക

14 വേണ്ടത്ര വീതി ഇല്ലാത്ത വഴികളിൽ സ്ഥലം സൗജന്യമായി പഞ്ചായത്തിലേക്ക് നൽകി അവ മെച്ചപ്പെടുത്തുന്നതിന് ഭൂവുടമകളിൽ സമ്മർദ്ദം ചെലിത്തുക,

15 ജല ഗതാഗതത്തിന് വളരെ അധികം സാധ്യതയുള്ള പഞ്ചായത്ത് ആയതിനാൽ കിൻകോയുടേയോ SWTD യുടെയോ ബോട്ട് സർവ്വീസ് നെടുങ്ങാട് കിഴക്കേ ജെട്ടി വരെ സർവ്വീസ് നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

16 ഞാറക്കൽ വരെ സർവ്വീസ് നടത്തുന്ന യാത്രാ ബോട്ടുകൾ നെടുങ്ങാട് ഹെർബർട്ട് പാലത്തിനടുത്ത് അടുപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

17 പഞ്ചായത്തിലെ നെടുങ്ങാട് പ്രദേശത്ത് സർക്യൂട്ട് ബസ് സർവ്വീസിന് ഉതകുംവിധം നടപടികൾ സ്വീകരിക്കുക.

18 കടപ്പുറം ഭാഗത്തേക്ക് ബസ് റൂട്ട് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുക.

# പാർപ്പിടം

പ്രകൃത സമൂഹത്തിന്റെ ജീവിതക്രമത്തി ലുണ്ടായ വികാസം മനുഷ്യനെ സാമൂഹ്യ ജീവി യായി മാററിയതിലൂടെയാണ് ഒഴിച്ചുകൂടാനാ വാത്ത മററു ആവശ്യങ്ങളോടൊപ്പം ''തലചായ് ക്കാൻ ഒരു ഇടം'' എന്ന ആശയം മുളപൊട്ടിയ ത്. വളരെലളിതമായി ഉയർന്നുവന്ന ഈ മോഹം കാട്ടുചെടികളുടെ തണ്ടുകളും, ഇലകളും, ചവി ട്ടി ചാലിച്ചെടുത്ത മണ്ണും ഒരുമിച്ചു ചേർത്തു മനുഷ്യസമൂഹം സാധിച്ചെടുത്തു. വീട് എന്ന സ്വപ്നത്തിന്റെ സാക്ഷാത്ക്കാരം പിന്നീട് മ നുഷ്യ ജീവിതത്തിൽ വന്നുകൂടിയ പൊലിമയേ യും കുടുംബജീവിതത്തിന്റെ താളാത്മകതയേ യും അതോടൊപ്പം സാമൂഹ്യ ജീവിതത്തിന്റെ കെ ട്ടുറപ്പിനേയും ഏറെക്കുറെ സ്വാധീനിച്ച് ഘടക ങ്ങളായിതീർന്നു. തലചായ്ക്കാനുള്ള കൂര എന്ന സങ്കല്പത്തിൽ നിന്നും ആധുനിക സമൂഹം വ ളരെയധികം മുന്നോട്ടുപോയിരിക്കുന്നു. വീടുകൊ ണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യത്തെക്കാറം ഏറെ പണ ക്കൊഴുപ്പ് പ്രദർശിപ്പിക്കുന്നതിനുള്ള മാർഗമാ യി സമ്പന്നർ ഈ രംഗത്ത് മൽസരിച്ചുകൊണ്ടി രിക്കുന്നു. കോടികറംമുടക്കി പണി തീർത്തകൊ ട്ടാര വിസ്മയത്തിന് സമീപം ചോർന്നൊലിക്കു ന്ന കുടിലുകളും, കൂരകളും നോക്കുകുത്തികറം പോലെ നമ്മുടെ ഗ്രാമങ്ങളിൽ എവിടെയും കാ ണാം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വൈ രുദ്ധ്യം മററു രംഗങ്ങളിലെന്നപോലെ പാർപ്പി ടരംഗത്തും അനുദിനം വളർന്നു വരുന്നു. കൂട്ടു കുടുംബ സമ്പ്രദായങ്ങളിൽ നിന്നുള്ള മനുഷ്യ ന്റെ കുതറിമാറൽ പാർപ്പിടത്തിന്റെ വർദ്ധി ച്ചആവശ്യങ്ങളിലേക്കാണ് അവനെ എത്തിച്ചത്.

തൊഴിലിൽ നിന്നും ലഭിക്കുന്ന പട്ടിണി കൂലി അത്താഴത്തിനുപോലും തികയാതെ വരുന്ന സാ ധാരണ മനുഷ്യന് പാർപ്പിടമെന്ന മാററിവയ് ക്കാൻ കഴിയാത്ത ആവശ്യത്തിനുമുന്നിൽ നിസ്സ ഹായതയോടെ കിതച്ചു നില്ക്കാനെ കഴിയുന്നു ള്ളു. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിത മായ വിലക്കയററവും ദൗർല്ലഭ്യവും ഈ രംഗത്തെ മുരടിപ്പിന് ഏററവും വലിയ കാരണങ്ങളാണ്: കോടികറം മുടക്കി പണിയുന്ന വീടിന് സാമ ഗ്രികറം എത്തിച്ചുകൊടുക്കുന്നതിന് ദല്ലാറംമാർ കാണിക്കുന്ന താൽപര്യം പാവപ്പെട്ടവന്റെ കൂര നിർമ്മാണത്തിന് കാണിക്കാറില്ല. വീടിനുചേർ ത്തുവച്ച് പണം മററ് ആവശ്യങ്ങറംക്ക് ചോർന്നു പോകുന്നത് യഥാസമയം കെട്ടിട നിർമ്മാണ സാ മഗ്രികറം ലഭിക്കാത്തതുമൂലമാണെന്നത് വളരെ സുതാര്യമായ യാഥാർത്ഥ്യമാണ്. വിലക്കയററ വും സാമഗ്രികളുടെ ദൗർല്ലഭ്യവും ഇരുതലവാളാ യി പാവപ്പെട്ടവന്റെ നേർക്കുയരുന്നു. ഈ പറ ഞ്ഞതൊക്കെ കേരളത്തിന്റെ വർത്തമാനകാല യാ ഥാർത്ഥ്യങ്ങളാണ്. ഇതിന്റെ ഒരു പരിഛേദമാ ണ് നായരമ്പലം ഗ്രാമ പഞ്ചായത്ത് പ്രദേശം.

കൂലിവേലക്കാർ, മൽസ്യത്തൊഴിലാളികറം, പട്ടികജാതി വിഭാഗങ്ങറം, കൈത്തൊഴിലുകാർ, പാരമ്പര്യ തൊഴിലാളികറം, ഇടത്തരക്കാർ എന്നീ ജനവിഭാഗങ്ങറം തിങ്ങിതാമസിക്കുന്ന വർദ്ധിച്ച ജനസാന്ദ്രതയുള്ള ഈ ഗ്രാമം പാർപ്പിടപ്രശ്നം രൂക്ഷമായി നേരിടുന്ന ഒരു പ്രദേശമാണ്. 1991-ലെ കാനേഷുമാരി കണക്ക് പ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുടെ സ്ഥിതി വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| ആകെ ജനസംഖ്യ | സ്ത്രീ | പുരുഷൻ | പട്ടികജാതി | പട്ടികവർഗം |
|---|---|---|---|---|
| 25338 | 13722 | 11616 | 2426 | 18 |

ഗ്രാമ പഞ്ചായത്തിൽ 5306 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ 507 ഭവനേതര കെട്ടിടങ്ങളും 4790 ഭവനങ്ങളുമുണ്ട്.

| | |
|---|---|
| കോൺക്രീററ് കെട്ടിടങ്ങറം | – 1128 |
| ഓട് മേഞ്ഞത് | – 3656 |
| ഓല മേഞ്ഞത് | – 522 |
| ആകെ | – 5306 |

സമീപകാലത്തെ സർവ്വേയിൽ സ്വന്തമായി വീടി ല്ലാത്ത 470 കുടുംബങ്ങളെ കണ്ടെത്താൻ കഴിഞ്ഞു ഇതിൽ 60% പേർ ഭവന നിർമ്മാണ വായ്പ പ്ര തീക്ഷിക്കുന്നവരും, 25% പേർ ഭവന നിർമ്മാ ണ ഗ്രാൻറ് പ്രതീക്ഷിക്കുന്നവരും, ബാക്കി 15% പേർ സ്വന്തമായി വീട് പണിയാൻ താത്പ ര്യമുള്ളവരുമാണ്.

നിലവിലുള്ള കോൺക്രീററ് കെട്ടിടങ്ങളെ താഴെ വിവരിക്കുന്ന പ്രകാരം തരംതിരിക്കാം.

| | | |
|---|---|---|
| 1) | ആഡംബരം | 10% |
| 2) | മികച്ചത് | 23% |
| 3) | ശരാശരി | 67% |
| | ആകെ | 100% |

നിലവിലുള്ള ഭൂപ്രകൃതിക്ക് യോജിക്കാത്ത കെട്ടിട നിർമ്മാണങ്ങളെ നിരുൽസാഹപ്പെടുത്തുന്നതിനുള്ള ശ്രമങ്ങരം ആരംഭിച്ചേ മതിയാകൂ. ഇത്തരം കെട്ടിടനിർമ്മാണങ്ങരംക്ക് നിയന്ത്രണം ഏർപ്പെടുത്തുകയോ സൂപ്പർടാക്സ് നിശ്ചയിക്കുകയോ വേണം. അപ്രകാരം ചുമത്തുന്ന ടാക്സ് പിരിച്ചെടുത്ത് പാർപ്പിടനിർമ്മാണനിധി രൂപീകരിച്ചാൽ ഈ രംഗത്ത് വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിയും. ആഡംബര ഭവനനിർമ്മാണത്തിൽ നിന്നും പിന്തിരിയുന്നതിനുള്ള ബോധവൽക്കരണശ്രമങ്ങളും ഉണ്ടായാൽ ''എല്ലാവർക്കും പാർപ്പിടം'' എന്ന ലക്ഷ്യപ്രാപ്തിക്ക് കാലവിളംബം ഉണ്ടാകാൻ ഇടയില്ല.

ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ജനങ്ങളെ പ്രാപ്തരാക്കിയെടുക്കേണ്ടത് അനിവാര്യമാണ്. ശാസ്ത്രസാങ്കേതിക ജ്ഞാനത്തിന്റെ അഭാവംമൂലം കെട്ടിട നിർമ്മാണത്തിന് പാഴ്ചിലവും, മററ് നഷ്ടങ്ങളും ഉണ്ടാകാറുണ്ട്. ലളിതവും സുന്ദരവുമായ വീടുകരം നിർമ്മിക്കുന്നതിന് വിഖ്യാതനായ ലാറി ബെക്കറിന്റെ നിർമ്മാണ ശൈലിയും, നിർമ്മിതികേന്ദ്രത്തിന്റെ ഉപദേശ നിർദേശങ്ങളും നമുക്ക് സ്വീകാര്യമാവണം. നിർമ്മിതികേന്ദ്രത്തിന്റെ യൂണിററ് ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച് എളുപ്പ നിർമ്മാണവിദ്യകരം പ്രചരിപ്പിക്കുന്നതിന് ഈ രംഗം പുഷ്ക്കലമാക്കാൻ ശ്രമിക്കുന്നവരുടെ ചുമതലയാണ്.

ഈ മേഖലയിലെ പ്രശ്നങ്ങളും സാദ്ധ്യതകളും താഴെ ചേർക്കുന്നു.

## ഭവനനിർമ്മാണം – പ്രശ്നങ്ങൾ സാദ്ധ്യതകൾ

1. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവക്ക് വീടുവയ്ക്കുന്നതിന് ആവശ്യമായ സഹായങ്ങരം ചെയ്തുകൊടുക്കണം. (ഗ്രൂപ്പ് ഹൗസിങ്ങ് പോലെ) (ലിസ്ററ് വേണം)

2. ഇന്ന് ലഭിക്കുന്ന ഭവനനിർമ്മാണവായ്പ തുക ഒന്നിനും പര്യാപ്തമല്ല. ഈ തുക വർദ്ധിപ്പിക്കുകയും ഗഡുവു തവണ വർദ്ധിപ്പിക്കുകയും വേണം.

3. പുതിയതായി നിർമ്മിക്കുന്ന വീടുകരംക്കൊപ്പം കുളിമുറി–കക്കൂസ് എന്നിവകൂടി ഉരംപ്പെടുത്തണം.

4. ലളിതവും ആകർഷകവുമായ ഭവനപദ്ധതികരം ആവിഷ്ക്കരിക്കുകയും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് 50%വരെ ഗ്രാൻററ് അനുവദിക്കുകയും വേണം.

5 സാരമായ കേടുപാടുകളുള്ള പഴയ വീടുകരംക്കും ധനസഹായം ലഭിച്ചിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത വീടുകരംക്കും സാമ്പത്തിക സഹായം നൽകി അവ ഉപയോഗയോഗ്യമാക്കണം.

6 ലക്ഷം വീടു കോളനികരംക്ക് ആവശ്യമായ അററകുററപ്പണികരം നടത്തുന്നതിന് സഹായം ചെയ്യണം.

7 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കൂട്ടു കുടുംബങ്ങളിലുള്ളവരെ മാററിത്താമസിപ്പിക്കാൻ ആവശ്യമായതുചെയ്യണം.

8 തീരദേശ പരിപാലന നിയമവും കെട്ടിട നിയമവും ഉചിതമായി ഭേദഗതി ചെയ്യണം.

9 ആഡംബര കെട്ടിടങ്ങരംക്ക് സൂപ്പർ ടാക്സ് നിശ്ചയിച്ച് ഗ്രാമ പഞ്ചായത്തുകളിൽ 'പാർപ്പിടനിധി' രൂപീകരിക്കുക

10 ഗ്രാമ പഞ്ചായത്തിൽ നിർമ്മിതികേന്ദ്രത്തിന്റെ യൂണിററ് ഓഫീസ് ആരംഭിക്കുക.

# ആരോഗ്യം, കുടിവെള്ളം

ശുദ്ധജലത്തിന്റെ അപര്യാപ്തതയും, ശുചീകരണം, ആരോഗ്യം എന്നീ വിഷയങ്ങളിലെ അശ്രദ്ധതയും പഞ്ചായത്തതൃത്തിയിലുള്ള പ്രദേശത്തെ ഏററവും രൂക്ഷമായി ബാധിച്ചിരിക്കുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ട് ഏററവും പ്രാധാന്യം നൽകി പരിഹരിക്കപ്പെടേണ്ടുന്ന മേഖലയും ഇതുതന്നെയാണ്. ഇവിടെ ജനങ്ങളുടെ ആരോഗ്യനില തൃപ്തികരമല്ല. വർഷക്കാലത്ത് വെള്ളക്കെട്ടും, വേനൽക്കാലത്ത് ശുദ്ധജലക്ഷാമവും ഇവിടുത്തെ പ്രത്യേകതകളാണ്.

ഗ്രാമത്തിൽ സാമാന്യമായി ബാധിച്ചുകാണുന്ന രോഗങ്ങളാണ് കൊക്കപ്പുഴുശല്യം, പോഷകാഹാരക്കുറവ്കൊണ്ടുള്ള രോഗങ്ങൾ, ഈസ്നോഫീലിയ. ശുചീകരണത്തിൽ കാണിക്കുന്ന അലംഭാവമാണ് ഇവയ്ക്ക് പ്രധാന കാരണം. വീടുകളുടെ മുററവും തുറന്ന സ്ഥലങ്ങളും കുട്ടികൾ മലവിസർജനത്തിന് ഉപയോഗിക്കുന്നത് ഇത്തരം രോഗങ്ങൾ പകരുവാൻ മതിയായ കാരണങ്ങളാണ്.

കൊതുകുശല്യം മറെറാരു വിനയാണ്. കെട്ടിക്കിടക്കുന്ന മലിനജലത്തിൽ നിന്നും ഇവ ഉത്ഭവിക്കുന്നു. അഴുക്കുജലം പുറത്തുകളയാനുള്ള സൗകര്യക്കുറവ്, കൊതുകു മൂലമുണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾക്ക് കാരണമാകുന്നു. ഈച്ചകളുടെ ശല്യവും ചില അവസരങ്ങളിൽ രൂക്ഷമാകാറുണ്ട്. ഇത്തരം രോഗവാഹികളായ പ്രാണികളെ ഉൻമൂലനം ചെയ്യാനുള്ള യാതൊരു പദ്ധതിയും നമുക്കില്ല.

ഗ്രാമത്തിൽ ഇപ്പോൾ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ആശുപത്രികളോ മററു വിദഗ്ധ ചികിൽസാ സൗകര്യങ്ങളോ ഇല്ല. കടൽത്തീരത്ത് (പുത്തൻകടപ്പുറം) ഒരു പ്രൈമറി ഹെൽത്ത് സെൻററും, വി. പി. റോഡിനോട് ചേർന്ന് ഒരു ആയുർവ്വേദ ആശുപത്രിയും, നെടുങ്ങാട് ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യവ്യക്തികളുടെ സംരംഭമായ രണ്ട് ചെറിയ ഡിസ്പെൻസറികളും ഉണ്ട്. 25000ത്തിൽപരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ആവശ്യമായ പ്രാഥമികശുശ്രൂഷകൾ ലഭിക്കുവാൻ ഈ സംവിധാനങ്ങൾ പര്യാപ്തമല്ല. മെച്ചപ്പെട്ട ചികിൽസ ലഭിക്കുന്നതിന് സ്വകാര്യ ആശുപത്രികളെ ശരണംപ്രാപിക്കേണ്ടി വരുന്നു. സാമ്പത്തികശേഷിയില്ലാത്ത ജനത്തിന് ഈ ചെലവ് അപ്രാപ്യമാണ്. എത്രയും അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു രംഗമാണിത്.

ശുദ്ധജലത്തിന് ജനങ്ങൾ പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. ചില പ്രദേശങ്ങളിൽ പൈപ്പുവെള്ളം കിട്ടുന്നേയില്ല. മററു സ്ഥലങ്ങളിൽ വല്ലപ്പോഴും മാത്രം ലഭിക്കുന്നു. രാത്രിയുടെ അന്തിമയാമങ്ങളിൽ പോലും ജലവിതരണ ടാപ്പുകളുടെ ചുററും കുടങ്ങളുമായി കാത്തുനിൽക്കുന്ന സ്ത്രീകളുടെ സ്ഥിതി ദയനീയമാണ്. ഇതിന് എത്രയും വേഗം പരിഹാരം കാണേണ്ടതാണ്. മുൻ കാലങ്ങളിൽ കുടിക്കുവാനും കുളിക്കുവാനും നനക്കുവാനും വേണ്ട വെള്ളം ലഭ്യമായിരുന്ന കിണറുകളും കുളങ്ങളും ഇന്ന് നാമമാത്രമാത്രമായിക്കഴിഞ്ഞു. ഭക്ഷണം പാകം ചെയ്യുവാനും കുടിക്കുവാനും മാത്രമായി പൈപ്പുജലത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തുകയും മററാവശ്യങ്ങൾക്ക് വേറെ സ്രോതസ്സുകളെ ആശ്രയിക്കുകയും ചെയ്യുന്നുവെങ്കിൽ ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാം. അതേ സമയം തന്നെ ശുദ്ധജലം ഇതുവരെ എത്തിക്കുവാൻ കഴിയാത്ത പ്രദേശങ്ങളിലേക്ക് പൈപ്പിട്ട് വെള്ളം എത്തിക്കുവാനുള്ള ഏർപ്പാടുകൾ എത്രയും വേഗം ചെയ്യേണ്ടതാണ്.

### പ്രശ്നങ്ങൾ

1. നിലവിലുള്ള പൊതുടാപ്പുകൾ ശുദ്ധജല വിതരണത്തിന് മതിയാകുന്നില്ല.
2. ആവശ്യത്തിന് കുളങ്ങളോ കിണറുകളോ നിലവിലില്ല.
3. മലവിസർജ്ജനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
4 ശുചീകരണത്തിലെ അപര്യാപ്തത.
5 കൊതുകുശല്യം
6 കെട്ടിക്കിടക്കുന്ന അഴുക്കുചാലുകൾ
7 ചികിൽസാകേന്ദ്രങ്ങളുടെ കുറവ്
8 ശരിയായ വൈദ്യപരിശോധനയുടെ അഭാവം
9 കുട്ടികൾക്ക് പൊതുകളിസ്ഥലമില്ല.

### പരിഹാരനിർദ്ദേശങ്ങൾ

1 എല്ലാ വാർഡുകളിലും വേണ്ടത്ര പബ്ലിക് ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുക.

2 പഞ്ചായത്തുകിണറുകൾ അടിയന്തിരമായി ശുചിയാക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

3 വീടുകളിൽ ചാമ്പു പൈപ്പുകൾ സ്ഥാപിക്കുക.

4 ചെറു കിണറുകൾ കുഴിക്കുക.

5 ശുചീകരണത്തെപ്പററി ബോധവൽക്കരണം നടത്തുന്നതിന് വേണ്ടത്ര ശ്രമം നടത്തുക.

6 പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും സുരക്ഷിത കക്കൂസുകൾ നിർമ്മിക്കാൻ വേണ്ട സാമ്പത്തിക സഹായം നൽകുക.

7 പ്രധാന കേന്ദ്രങ്ങളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുക.

8 കക്കൂസുകളോ, കക്കൂസുകളുടെ കുഴലുകളോ മററു മലിന വസ്തുക്കളോ തോടുകളിൽ സ്ഥാപിക്കുന്നത് പൂർണ്ണമായും നിരോധിക്കുക.

9 വേണ്ടത്ര സ്ഥലങ്ങളിൽ അഴുക്കുചാലുകൾ നിർമ്മിക്കുകയും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

10 കൊതുകു നിവാരണത്തിന് നിശ്ചിത സമയങ്ങളിൽ മരുന്നു തളിക്കുന്നതിനുള്ള ഏർപ്പാടുചെയ്യുക.

11 രോഗം വരാതിരിക്കുവാനും രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടനെ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും ആരോഗ്യ കേന്ദ്രത്തിൽ നിന്നും വിദഗ്ധരെ വരുത്തി ഇടയ്ക്കിടയ്ക്ക് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.

12 പഞ്ചായത്തിലെ ജനങ്ങൾക്ക് സൗകര്യപ്രദമായി എത്താവുന്ന തരത്തിൽ (V. P. റോഡിനടുത്ത്) എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു അലോപ്പതി ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.

13 ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ ചികിൽസയ്ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ (ഒരു മുറി, തൈലങ്ങൾ, ലേപനങ്ങൾ മററ് ആവശ്യവസ്തുക്കൾ) ഒരുക്കുക.

14 കളിസ്ഥലവും പാർക്കും നിർമ്മിക്കുക.

15 ആയുർവേദ ആശുപത്രി, പ്രൈമറി ഹെൽത്ത് സെൻറർ, ഹോമിയോ ഡിസ്പെൻസറി എന്നീ ആരോഗ്യകേന്ദ്രങ്ങളുടെ നിലവിലുള്ള കെട്ടിടത്തിൻെറ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുക.

16 ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറികൾക്ക് ചുററുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക.

17 ആയുർവേദ ആശുപത്രിയിൽ മരുന്ന് പാചകസൗകര്യം മെച്ചപ്പെടുത്തുക.

19 ആശുപത്രിയിലെ കക്കൂസ് സംവിധാനം മെച്ചപ്പെടുത്തുക.

## ഗ്രാമ പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

| No. | സ്ഥാപനം | സ്ഥാപിച്ച വർഷം | ജീവനരുടെ എണ്ണം | രോഗികളുടെ എണ്ണം 1994–95 | രോഗികളുടെ എണ്ണം 1995–96 |
|---|---|---|---|---|---|
| 1 | ഗവ. ആയുർവേദ ആശുപത്രി | 1991 | 11 | 47133 | 50968 |
| 2 | പ്രൈമറി ഹെൽത്ത് സെൻറർ | 1974 | 5 | 8092 | 6752 |
| 3 | ഗവ. ഹോമിയോ ഡിസ്പെൻസറി | 1984 | 3 | 26896 | 23581 |
| 4 | ശാരദ നേഴ്സിങ്ങ് ഹോം | 1985 | 9 | 13648 | 24638 |
| 5 | ട്രിനിററി ക്ലിനിക്ക് | 1990 | 4 | 1300 | 1400 |

# വിദ്യാഭ്യാസം



പരിമിതികളുണ്ടെങ്കിലും ഔപചാരിക–അനൗപചാരിക വിദ്യാഭ്യാസം വളരെ നാളുകളായി നടന്നുവരുന്ന പ്രദേശമാണ് നമ്മുടേത്. ഗ്രാമത്തിലെ മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇവിടെ സംഖ്യാപരമായ കുറവില്ല. അതേസമയം ഗുണപരമായ മേൻമകൾ എടുത്തു പറയാനും കഴിയില്ല. ഒരു TTI, രണ്ട് ഹൈസ്ക്കൂളുകൾ, രണ്ട് യു പി. സ്ക്കൂളുകൾ, അഞ്ച് എൽ. പി. സ്ക്കൂളുകൾ എന്നിങ്ങനെ വിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന നിലവാരത്തകർച്ച ഇവിടത്തെ സ്കൂളുകളേയും സാരമായി ബാധിച്ചിട്ടുണ്ട്. തൻമൂലം ഉന്നതനിലവാരം പുലർത്താൻ നിലവിലുള്ള വിദ്യാലയങ്ങൾക്ക് കഴിയുന്നില്ല. കഴിഞ്ഞ 10 വർഷത്തെ ഫലം പരിശോധിച്ചാൽ ഇക്കാര്യം പകൽപോലെ വ്യക്തമാവും. തികച്ചും അനാരോഗ്യകരമായ ഈ അവസ്ഥ ഇനിയും തുടരാൻ അനുവദിച്ചുകൂടാ. അപര്യാപ്തമായ ഭൗതികസാഹചര്യങ്ങളെ കുററപ്പെടുത്തിയിട്ടും അധ്യാപകരെ പഴി പറഞ്ഞിട്ടും ഇതിൽ നിന്നും രക്ഷപ്പെടുക സാധ്യമല്ല. അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനായി ആവുന്നത്ര കാര്യങ്ങൾ ചെയ്തേ തീരൂ.

താഴ്ന്ന ക്ലാസിൽ നിന്നുതന്നെ കിട്ടേണ്ട മെച്ചപ്പെട്ട ബോധനമാണല്ലോ വിദ്യാഭ്യാസത്തിന്റെ മേൻമക്കുതകുന്നത്. ഭാഗ്യവശാൽ പ്രൈമറി വിദ്യാഭ്യാസം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലായിത്തീരുന്നതിനാൽ വിദ്യാഭ്യാസത്തിന്റെ പ്രാരംഭംമുതൽ വേണ്ടത്ര ശ്രദ്ധചെലുത്താൻകഴിയും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുമ്പോൾ മികച്ച നിലവാരത്തിന് അത് മുതൽക്കൂട്ടാകും. സ്കൂളുകളുടെ ഭംഗിയായ നടത്തിപ്പിന്റെ ഉത്തരവാദിത്തവും മേൽനോട്ടവും വഹിക്കാൻ അധ്യാപകരക്ഷാകർത്തൃ സംഘടനകളുടെ സഹായം തേടാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ വിദ്യാലയങ്ങളിലും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുന്ന അധ്യാപക–രക്ഷകർത്തൃസംഘടനകൾ രൂപവൽക്കരിക്കേണ്ടതാണ്. ഗ്രാമത്തിലെ സ്കൂളുകളൊക്കെ ഒരു സ്കൂൾ കോംപ്ലക്സിന്റെ കീഴിലാക്കി പ്രവർത്തിക്കുന്നതും ദീർഘവീക്ഷണമുള്ള കാൽവെപ്പായിരിക്കും.

പ്രാരംഭത്തിൽത്തന്നെ വിദ്യാഭ്യാസ രംഗത്തു നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്തി പുനർ വിദ്യാഭ്യാസത്തിന് അവസരം കൊടുക്കുന്ന ചുമതല അദ്ധ്യാപക – രക്ഷാകർത്തൃ സംഘടനയുടെ ഉത്തരവാദിത്തമായി കണക്കാക്കേണ്ടതാണ്. അതുപോലെതന്നെ അതതു ക്ലാസിലെ പഠനനിലവാരം കുറഞ്ഞ കുട്ടികളെ കണ്ടെത്തി പഠിപ്പിൽ മികവുററവരാക്കാൻ പര്യാപ്തമായ കോച്ചിംഗ് ഒഴിവു സമയങ്ങളിൽ സ്ക്കൂളിൽ വച്ചുതന്നെ കൊടുക്കാൻ രക്ഷാകർത്തൃസമിതി മുൻകൈയ്യെടുക്കണം. യോഗ്യരായ രക്ഷാകർത്താക്കളുടേയും അഭ്യസ്തവിദ്യരായ മററു യുവതീയുവാക്കളുടേയും സേവനം ഇക്കാര്യത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയും. കുടുംബസർവ്വേ നടത്തി ഗ്രാമത്തിലെ വിദ്യാഭ്യാസ നിലവാരം എങ്ങിനെയെന്ന് തിട്ടപ്പെടുത്തുന്നത് കുറവുകൾ പരിഹരിക്കാൻ ഉപകരിക്കും.

രക്ഷാകർത്തൃസമിതിയുടേയും പൊതുജനങ്ങളുടേയും ഒത്താശയോടെയും മേൽനോട്ടത്തിലും നല്ലനിലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ആരുടേയും ശ്രദ്ധ പിടിച്ചുപററും. തങ്ങളുടെ നാട്ടിലെ വിദ്യാലയങ്ങൾ കൂടുതൽ ഉയർന്നമാനങ്ങളിലേക്ക് നീങ്ങുന്നു എന്ന ബോധം വിദ്യാർത്ഥികളേയും അധ്യാപകരേയും രക്ഷാകർത്താക്കളേയും ആവേശംകൊള്ളിക്കാതിരിക്കില്ല. അത്തരം സാഹചര്യങ്ങളിൽ കൂടുതൽ ഉയർന്ന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയും ഒഴിച്ചുകൂടാൻ വയ്യ. അതിന്റെ പ്രാരംഭം എന്ന നിലയിൽ ഒമ്പതാം പദ്ധതിയുടെ തുടക്കത്തിൽതന്നെ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഹൈസ്ക്കൂളുകളിൽ ശാസ്ത്ര–മാനവിക വിഷയങ്ങൾക്കു വേണ്ടിയുള്ള ഹയർസെക്കണ്ടറി കോഴ്സുകളും തൊഴിലധിഷ്ഠിത കോഴ്സുകളും തുടങ്ങണം. അതുപോലെതന്നെ സർവ്വകലാശാല വിദ്യാഭ്യാസത്തിന് പോകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കു വേണ്ടി പോളിടെക്നിക് ലവലിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പൊതുമേഖലയിൽ തുടങ്ങേണ്ടതും ആവശ്യമാണ്. വർത്തമാനകാലഘട്ടത്തിലും ഭാവിയിലും സുപ്രധാന മേഖലകളായി തീർന്നേക്കാവുന്ന ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം, പുകയില്ലാത്ത അടുപ്പ് നിർമ്മാണം, ഇൻറീരിയർ ഡെക്കറേഷൻ, ഹോട്ടൽ മാനേജ്മെൻറ്, കമ്പ്യൂട്ടർ ഇല

ക്ട്രോണിക്സ് ഇത്യാദി വിഷയങ്ങൾ ഇക്കാര്യത്തിന് തെരഞ്ഞെടുക്കാവുന്നതാണ്.

ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ തൊഴിൽ പരിചയത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിശീലനവും ആവശ്യമാണ്. ചുരുക്കം ചില സ്ക്കൂളുകളിൽ ഒരു വഴിപാടുപോലെ ഇപ്പോൾ നടന്നുവരുന്ന ശ്രമങ്ങൾ കാലഹരണപ്പെട്ടുകൊണ്ടിരിക്കയാണ്. അതിൽനിന്നും ഗുണപരമായ ഒരു മാററം അത്യന്താപേക്ഷിതമാണ്. ക്രാഫ്ററ്, ചൂരൽക്കസേര നെയ്ത്ത്, ബാഗ് നിർമ്മാണം, ടൈലറിങ്ങ്, എംബ്രോയ്ഡറി, ബുക്ക് ബയൻറിങ്ങ്, കളിപ്പാട്ടനിർമ്മാണം മുതലായ കാര്യങ്ങളിൽ പ്രാവീണ്യം കൊടുക്കുന്ന തൊഴിൽ പരിശീലന വിദ്യാഭ്യാസ രീതി കുട്ടികളുടെ തനത് വാസനകളും കഴിവുകളും പരിപോഷിപ്പിക്കാൻ ഉപകരിക്കും. ഇന്നത്തെ ജീർണ്ണാവസ്ഥയിൽനിന്നും കുററിയററു പോവുന്ന വൈഭവങ്ങളെ വീണ്ടെടുക്കാനും കഴിയും.

ക്ലാസുമുറിയിലെ പഠനം കൂടുതൽ രസകരവും ഗുണപരവുമാക്കുന്നതിനുള്ള ആരോഗ്യവും ഏകാഗ്രതയും നേടിക്കൊടുക്കുന്ന സ്പോർട്സിനും ഗെയിംസിനും പ്രമുഖസ്ഥാനം കൊടുക്കുകയും വേണം. നല്ല പരിശീലനവും ഡ്രില്ലും അഭ്യസിക്കാൻ പഞ്ചായത്ത് സൗകര്യം ചെയ്തുകൊടുക്കണം. സ്ക്കൂളുകളുടേയും പഞ്ചായത്തിൻേറയും നിലവിലുള്ള ഗ്രൗണ്ടുകൾ പരിശീലനക്കളരികളായി സജ്ജമാക്കിക്കൊടുക്കണം. പഞ്ചായത്തിൻെറ അധീനതയിലുള്ള ഗ്രൗണ്ടിൽ മിനി സ്റേറഡിയവും പലവിധ ഗെയിംസിനുള്ള കോർട്ടുകളും ട്രാക്കുകളും ഒരുക്കിക്കൊടുക്കേണ്ടതും, പ്രാവീണ്യമുള്ള പരിശീലകരുടെ സേവനം ഇക്കാര്യത്തിന് വിനിയോഗിക്കേണ്ടതും തികഞ്ഞ ആരോഗ്യമുള്ള പൗരൻമാരെ വാർത്തെടുക്കാൻ വളരെയധികം ഉപകരിക്കും.

കൂടാതെ, ഹൈസ്ക്കൂൾ ഘട്ടം പിന്നിടുമ്പോൾ ഓരോ കുട്ടിയുടേയും അഭിരുചിക്കനുസരിച്ച് തുടർവിദ്യാഭ്യാസത്തിന് ശരിയായ മാർഗനിർദ്ദേശം നൽകാൻ പററിയ ഒരു ഗൈഡൻസ് ബ്യൂറോ പഞ്ചായത്തിൽ പ്രവർത്തിക്കേണ്ടതാണ്. പ്രാപ്തരായ ആളുകളുടെ സേവനം ഇക്കാര്യത്തിൽ വിനിയോഗിക്കാം.

പ്രീ-പ്രൈമറി തലത്തിൽ കുട്ടികളെ നല്ലവണ്ണം പരിശീലിപ്പിച്ചെടുക്കുന്ന അംഗൻവാടികളും ബാലവാടികളും ഇപ്പോൾ തന്നെ ഓരോ വാർഡിലും പ്രവർത്തിച്ചുവരുന്നുണ്ട് കൂടുതൽ ഫലവത്തായും കാര്യക്ഷമമായും പ്രവർത്തിക്കാൻ പററിയ സ്ഥാപനങ്ങളായി അവയെ ഉയർത്തിയെടുക്കണം. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയും ഓർമ്മശക്തിയും ഉൽസാഹവും വർദ്ധിപ്പിക്കാൻ ഉതകുന്ന സാഹചര്യങ്ങൾ ഇവിടങ്ങളിൽ ഒരുക്കണം. വേണ്ടത്ര പ്രാവീണ്യം സിദ്ധിച്ച അധ്യാപികമാർ പരിശീലിപ്പിക്കുന്നു എന്നകാര്യം നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. വ്യക്തിപരമായ ശ്രദ്ധയും പരിചരണവും വേണ്ടപോലെ കൊടുത്ത് നല്ല ആരോഗ്യമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുവേണ്ടി പ്രീ-പ്രൈമറി ക്ലാസിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്ന ക്രമത്തിൽ നിശ്ചയിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ ഓരോ 250 വീടിനും ഒരു അംഗൻവാടി / ബാലവാടി എന്ന ക്രമത്തിൽ രണ്ടോ മൂന്നോ എണ്ണം ഓരോ വാർഡിലും കൂടുതലായി പ്രവർത്തിപ്പിക്കേണ്ടതായിവരും. ഇവയ്ക്കൊക്കെ കുററമററ രീതിയിൽ പ്രവർത്തിക്കാൻ പററിയ ഭൗതികസാഹചര്യങ്ങളും കളിപ്പാട്ടങ്ങളും നൽകുകയും വേണം. ഇവയുടെ നടത്തിപ്പ് അതത് പ്രദേശത്തെ പൊതുജന സമിതി ഗ്രാമപഞ്ചായത്തിൻെറ നിയന്ത്രണത്തിന് വിധേയമായി ഏറെറടുക്കേണ്ടതാണ്.

അനൗപചാരിക വിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്താനും കൂടുതൽ യത്നങ്ങൾ ആവശ്യമാണ്. സാക്ഷരതയുടെ നല്ല വശങ്ങൾ സ്വാംശീകരിച്ച് ആളുകളെ തുടർ വിദ്യാഭ്യാസത്തിലേക്കാനയിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വിദ്യാകേന്ദ്രങ്ങൾ തുറക്കണം. വയോജന വിദ്യാലയങ്ങളും നിശാക്ലാസുകളും ആവശ്യമുള്ളിടത്തൊക്കെ നടത്തി അറിവിൻെറ അമൃതം നുകരാൻ എല്ലാവർക്കും സൗകര്യം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് 9 ാം പദ്ധതിയുടെ തുടക്കത്തിൽത്തന്നെ ശ്രമിക്കണം. അതതുവാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിലും ജനകീയ സമിതിയുടെ നിയന്ത്രണത്തിലും ഇതിൻെറയൊക്കെ നടത്തിപ്പ് ഭംഗിയായി നിർവഹിക്കണം

ഉന്നത വിദ്യാഭ്യാസത്തിന് നമ്മുടെ ദ്വീപിൽ യാതൊരു സൗകര്യവും ഇപ്പോഴില്ലല്ലോ. എന്നാൽ ഏറെക്കാലമായി വൈപ്പിൻകരയിൽ ഒരു കോളേജ് സ്ഥാപിക്കാനുള്ള മുറവിളി നിലനിൽക്കുന്നുണ്ട്. അക്കാര്യം എത്രയുംവേഗം സാക്ഷാൽക്കരിക്കപ്പെടുന്നതിന് നായരമ്പലം ഗ്രാമപഞ്ചായത്ത് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

## സ്ക്കൂളുകളുടെ പൊതുവിവരം

| നമ്പർ | സ്ക്കൂളിന്റെ പേര് | H. S. / U. P. / L. P. Pre-Primary | സ്കൂളിന്റെ ഉടമസ്ഥത: സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം: ആകെ അനുവദിക്കപ്പെട്ട പോസ്റ്റ് | നിലവിലുള്ള: എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘ അവധി: വർ | സ്ക്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാത്ത സ്ഥലം: വിസ്തീർണ്ണം | മററു കുറിപ്പുകൾ ചുററുമതിൽ അററകുററ പണികൾ, ഫർണീച്ചർ, റിപ്പയർതുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭഗവതിവിലാസം ഹൈസ്ക്കൂൾ | H. S. | * | | | | 648 | 632 | 1280 | 47 | 47 | — | — | 3.19 ഏക്കർ | 1.5 ഏക്കർ | — | എല്ലാം ഉണ്ട് |
| 2 | ലൊബേലിയ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ | H. S. | | | * | | 915 | 743 | 1658 | | 64 | | 4 | 3 ഏക്കർ 36½ സെ: | 33018. 72 സ് ക. മീ. | | എല്ലാം ഉണ്ട് |
| 3 | ദേവിവിലാസം അപ്പർപ്രൈമറി സ്ക്കൂൾ | U. P. | * | | | | 173 | 159 | 332 | 16 | 16 | | | 31 സെ: | 31 സെ: | | എല്ലാം ഉണ്ട് |
| 4 | യൂണിയൻ അപ്പർപ്രൈമറി സ്കൂൾ നെടുങ്ങാട് | U. P. | * | | | | 67 | 53 | 120 | 9 | 9 | | | 1 ഏക്കർ | 50 സെ. | | ചുററുമതിൽ ഇല്ല |
| 5 | സെൻറ് ജോസഫ് L. P. S. വാടേൽ | L. P. | * | | | | 162 | 148 | 310 | 10 | 10 | | | 50 സെ: | 50 സെ: | | എല്ലാം ഉണ്ട് |
| 6 | സേക്രഡ് ഫാമിലി L. P. S. നെടുങ്ങാട് | L. P. | * | | | | 51 | 58 | 109 | 4 | 4 | | | 2 ഏക്കർ | 25 സെ: | | എല്ലാം ഉണ്ട് |
| 7 | സുധർമ്മബോധിനി സഭ L. P. S. പുത്തൻകടപ്പുറം | L. P. | * | | | | 36 | 35 | 71 | 3 | 3 | | | 60.75 ച.മീ. | 30 സെ: | | ചുററുമതിൽ ഇല്ല. കടൽതീരത്ത് ആണ് |
| 8 | ഭഗവതിവിലാസം ടീച്ചേഴ്സ് ട്രെയ്നിംഗ് ഇൻസ്റ്റിററ്യൂട്ട്, നായരമ്പലം | TTI | * | | | | — | — | — | 4 | 4 | | 1 | — | — | — | എല്ലാം ഉണ്ട് |

201

# സ്കൂൾ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ 96 – 97

| | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെഎണ്ണം | | | തോററു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മററുള്ളവർ | | | SC/ST കുട്ടികൾ | | | മററുള്ളവർ | | | |
| സ്റ്റാൻഡേഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | എണ്ണം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | |
| I | 257 | 250 | 507 | 37 | 34 | 71 | — | — | — | — | — | — | — | — | — | — | — | — | — |
| II | 248 | 233 | 481 | 39 | 26 | 65 | 3 | 2 | 5 | 11 | 1 | 12 | 1 | 0 | 1 | 4 | 1 | 5 | 6 |
| III | 211 | 199 | 410 | 33 | 32 | 65 | 1 | 3 | 4 | 12 | 6 | 18 | — | — | — | 1 | 0 | 1 | 1 |
| IV | 211 | 191 | 402 | 40 | 24 | 64 | 4 | 3 | 7 | 4 | 4 | 8 | 2 | 0 | 2 | 1 | 0 | 1 | 3 |
| V | 202 | 164 | 366 | 44 | 24 | 68 | 0 | 1 | 1 | 14 | 2 | 16 | — | — | — | — | — | — | — |
| VI | 162 | 147 | 309 | 34 | 26 | 60 | 4 | 2 | 6 | 9 | 1 | 10 | — | — | — | 1 | 3 | 4 | 4 |
| VII | 173 | 146 | 319 | 25 | 37 | 62 | 3 | 11 | 14 | 5 | 5 | 10 | 2 | 1 | 3 | 8 | 4 | 12 | 15 |
| VIII | 151 | 124 | 275 | 29 | 26 | 55 | 8 | 5 | 13 | 5 | 0 | 5 | — | — | — | 5 | 9 | 14 | 14 |
| IX | 125 | 109 | 234 | 17 | 23 | 40 | 3 | 4 | 7 | 23 | 6 | 29 | — | — | — | 11 | 5 | 16 | 16 |
| X | 102 | 93 | 195 | 20 | 5 | 25 | — | — | — | — | — | — | — | — | — | — | — | — | — |
| ആകെ | 1842 | 1656 | 3498 | 318 | 257 | 575 | 26 | 31 | 57 | 83 | 25 | 108 | 5 | 1 | 6 | 31 | 22 | 53 | 59 |

# സംസ്കാരം

ഒരു ജനതയുടെ സംസ്കാരത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ അവർ സ്വായത്തമാക്കിയിട്ടുള്ള ഉന്നതമായ ജീവിതമൂല്യങ്ങളിലേക്കാണ് എത്തിച്ചേരുക. അതുകൊണ്ടാണ് ഉൽകൃഷ്ടമായ ജീവിതം നയിക്കുന്നവരെ സാംസ്കാരിക ജനതയെന്ന് വിശേഷിപ്പിക്കുന്നത്. തീരദേശഗ്രാമമായ നമ്മുടെ പ്രദേശത്ത് അത്തരത്തിലുള്ള പടവുകളിലേക്കൊന്ന് എത്തിച്ചേരാനുള്ള സാഹചര്യങ്ങളും സൗഭാഗ്യങ്ങളും ജീവിതസൗകര്യങ്ങളുമൊക്കെ ആളുകൾക്ക് എന്നും അന്യമായിരുന്നു. എന്നിരുന്നാലും ഇതിനകം ആർജ്ജിക്കാൻ കഴിഞ്ഞ അറിവുകൊണ്ടും പരിജ്ഞാനംകൊണ്ടും ഏറെക്കുറെ സംതൃപ്തിയോടും സന്തോഷത്തോടും കൂടി ജീവിക്കാൻ ശ്രമിക്കുന്ന ഒരു ന്യൂനപക്ഷവും അതിനൊന്നും തരപ്പെടാതെ ജീവിതത്തിന്റെ ഹേമദണ്ഡങ്ങളിൽ ഉഴറുന്ന ഭൂരിപക്ഷവും ഒത്തൊരുമിച്ചു കഴിയുന്ന അവസ്ഥയാണ് ഇപ്പോഴത്തേത്. സ്വാശ്രയ ശീലവും സഹനശക്തിയും ക്ഷമയുമൊക്കെ കൈമുതലായുള്ള ജനവിഭാഗങ്ങൾ വളരെശാന്തരായി കഴിഞ്ഞുകൂടുന്നു എന്നത് സന്തോഷകരമാണ്. വിവിധ മതങ്ങളുടേയും മററും ഗുണപരമായ സ്വാധീനം ജനജീവിതത്തിന്റെ സദാചാരബോധത്തിനും ഉൽക്കർഷത്തിനും വഴിതെളിച്ചുകൊണ്ടിരിക്കുന്നു. ഈ നാട്ടിലുള്ള സാംസ്കാരിക ക്ഷേത്രങ്ങളും ദേവാലയങ്ങളുമൊക്കെ അക്കാര്യത്തിൽ ആവുന്നത്ര സംഭാവനകൾ നല്കുന്നുണ്ടെന്നതും ചാരിതാർത്ഥ്യജനകമാണ്. എങ്കിലും ധാർമ്മികതയ്ക്ക് ഇടക്കിടക്ക് ഏററുകൊണ്ടിരിക്കുന്നമങ്ങൽ ഒട്ടും വിസ്മരിക്കാവുന്നതല്ല. പലപ്പോഴും സംഘർഷഭരിതമായ ആധുനികലോകത്ത് കൂടുതൽ മെച്ചപ്പെട്ടതും മൂല്യാധിഷ്ഠിതവുമായ ജീവിതനിലവാരത്തിന് സാമാന്യ ജനതയെ പ്രാപ്തരാക്കുന്ന സംരംഭങ്ങൾ ഇനിയും ധാരാളം ഒരുക്കേണ്ടതായിട്ടുണ്ട്.

ഗുണപരമായ ജീവിതത്തിന് അറിവിന്റെ പങ്ക് മഹത്തരമാണ്. ജനമനസുകളിൽ നിന്ന് തിൻമയുടെ അംശങ്ങളേയും അജ്ഞതയേയും അകററുകയെന്നത് പരമപ്രാധാന്യമുള്ളകാര്യമാണ്. നിലവിലുള്ള ചുററുപാടുകളിൽ വകതിരിവും മര്യാദയും പുലർത്തി ജീവിക്കാനും മൂല്യബോധമുള്ള പൗരൻമാരായിത്തീരാനും ഗ്രാമജനതയ്ക്ക് കഴിയണം. അറിവുവർദ്ധിപ്പിക്കാൻ പ്രധാനമായും വായനാശീലം പ്രോൽസാഹിപ്പിക്കണം. നല്ല പുസ്തകങ്ങളും മാസികകളും മററു പ്രസിദ്ധീകരണങ്ങളും ജനതയ്ക്കു ലഭ്യമാക്കാൻ പര്യാപ്തമായ ഏർപ്പാടുകൾ ഉണ്ടാകണം. നമ്മുടെ നാട്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വായനശാലകളും ഗ്രന്ഥശാലകളും ഇക്കാര്യത്തിൽ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഓരോ വർഷവും ഗണ്യമായ തുക മുടക്കി ഗുണമുള്ള പുസ്തകങ്ങൾ കൂടുതൽ ശേഖരിച്ച് ഗ്രന്ഥശാല വികസിപ്പിക്കാൻ ശ്രദ്ധിക്കണം. ഒരോ വാർഡിലും നല്ലനിലയിൽ പ്രവർത്തിക്കുന്ന വായനശാലകൾ തുറക്കുകയും ആളുകളെ അവിടേയ്ക്ക് ആകർഷിക്കുകയും വേണം. അവിടെയൊക്കെ റേഡിയോ, ടെലിവിഷൻ സൗകര്യങ്ങൾ ഉണ്ടാവുന്നത് ജനങ്ങൾക്ക് പ്രയോജനം ചെയ്യും. വൃദ്ധൻമാരുടേയും, സ്ത്രീകളുടേയും, വീട്ടമ്മമാരുടേയും സൗകര്യാർത്ഥം സഞ്ചരിക്കുന്ന വായനശാലയുടെ പ്രവർത്തനവും സാംസ്കാരികരംഗം സജീവമാക്കാൻ ഉപകരിക്കും.

നല്ല മനസും ചിന്തയും പ്രവർത്തിയും ഗുണപരമായ ജീവിതത്തിന് ഉതകുമെന്ന് ചെറുപ്പത്തിലേതന്നെ നമ്മുടെ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തണം. സരസ്വതീക്ഷേത്രങ്ങളായ വിദ്യാലയങ്ങളിലൊക്കെ ദേശീയബോധവും സാംസ്കാരിക മൂല്യവും ഉണർത്തുന്ന ദൃഢപ്രതിജ്ഞകളും ദേശീയഗാനാലാപനവും ദൈനംദിന പരിപാടിയിൽപെടുത്തണം. ആഴ്ചയിലൊരിക്കലെങ്കിലും സ്കൂളുകളിൽ കലാ സാഹിത്യസമാജ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത് യുവഹൃദയങ്ങളുടെ സർഗവാസനകൾ ഉണർത്താനും സ്വഭാവമഹിമ കൂട്ടാനും നിശ്ചയമായും ഉപകരിക്കും. വായനയുടെ രസം നുകരുമ്പോൾ കഴിവും പ്രാപ്തിയും വ്യക്തിത്വവികസനവും ഉറപ്പാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സ്കൂൾ ലൈബ്രറിയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കണം.

ഗ്രാമത്തിലെ പെരുകിക്കൊണ്ടിരിക്കുന്ന ജനതയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് ഉതകുന്നവിധത്തിലുള്ളതും ദൃശ്യ–ശ്രവണ സൗകര്യങ്ങളോടുകൂടിയതുമായ സാംസ്കാരിക നിലയവും ഓഡിറേറാറിയവും പഞ്ചായത്തിന്റെ ഏററവും സൗകര്യപ്രദമായ ഇടത്ത് സ്ഥാപിക്കണം.

204

കാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചും ഗൗരവമുള്ള മററുകാര്യങ്ങളെക്കുറിച്ചുമൊക്കെ ഇവിടെവച്ച് ചർച്ചകൾ, പ്രഭാഷണങ്ങൾ, സെമിനാറുകൾ, സിംപോസിയങ്ങൾ മുതലായവ ഇടയ്ക്കിടയ്ക്കു സംഘടിപ്പിക്കുന്നത് ജനതയുടെ സാംസ്കാരിക നിലവാരം ഉയർത്താൻ ഉപകരിക്കും. കുട്ടികളിലും യുവജനങ്ങളിലുമുള്ള സുന്ദരകലകളും നൈപുണികളും പ്രോൽസാഹിപ്പിക്കുന്ന പരിശീലനക്ലാസുകളും പഠനകേന്ദ്രങ്ങളും സാംസ്കാരിക നിലയത്തിൽവച്ച് നടത്താനുള്ള സംവിധാനവും ഉണ്ടാക്കാൻ ശ്രമിക്കണം.

യുവാക്കളുടെ ആഭിമുഖ്യത്തിലുള്ള ഒട്ടനവധി ക്ലബ്ബുകളും കലാസമിതികളും മററു സാംസ്കാരിക സംഘടനകളും ഈ ഗ്രാമത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പലവിധ പരധീനതകൾ മൂലം വിനിയോഗിക്കപ്പെടുന്ന പ്രയത്നത്തിനനുസരിച്ചുള്ള പുരോഗതി ആർജ്ജിക്കുന്നതിനോ ലക്ഷ്യം നേടുന്നതിനോ പലതിനും കഴിയുന്നില്ല. പലപ്പോഴും അവയുടെ പ്രവർത്തനങ്ങളൊക്കെ കേവലം ഒരു വാർഷികചടങ്ങിൽ അവസാനിക്കുകയാണ്. ചെറുതെങ്കിലും ഇത്തരത്തിലുള്ള സാംസ്കാരിക പ്രസ്ഥാനങ്ങളൊക്കെ പഞ്ചായത്തിൽ രജിസ്ററർ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം. യൂത്ത്വെൽഫെയർ പദ്ധതിയിലൂടെ പ്രോൽസാഹനങ്ങളും സഹായങ്ങളും കൊടുത്ത് അവയുടെ നില മെച്ചപ്പെടുത്തണം. ഓരോന്നിൻേറയും നിലവാരമനുസരിച്ചുള്ള അംഗീകാരവും വാർഷിക ഗ്രാൻറും ലഭ്യമാക്കണം. ശ്രദ്ധിക്കാനും പരിശോധിക്കാനും പരിപോഷിപ്പിക്കാനും ഏർപ്പാടുകൾ ഉണ്ടെന്നുകാണുമ്പോൾ നല്ല പ്രവർത്തനത്തിലൂടെ ജനജീവിതത്തിന് മികച്ച സംഭാവനകൾ അർപ്പിക്കാൻ അവയ്ക്കുകഴിയും.

സാംസ്കാരിക ജീർണ്ണതയ്ക്ക് ഇടവരുത്തുന്നപരസ്യങ്ങളും പ്രസിദ്ധീകരണങ്ങളും നിരാകരിക്കാനുള്ള മുന്നറിയിപ്പ് ബഹുജനങ്ങൾക്ക് കൊടുക്കുന്നതു നന്നായിരിക്കും. സാംസ്കാരിക മുന്നേററത്തിനും സമ്പത്തിനും ഭീഷണിയുയർത്തുന്ന മദ്യ–മയക്കുമരുന്നു കേന്ദ്രങ്ങൾ ഗ്രാമത്തിൽ നിന്നും ഒഴിവാക്കുന്നത് ജനതയുടെ പുരോഗതിക്ക് നിശ്ചയമായും മുതൽ കൂട്ടും. പരസ്യകലയിലൂടെ സ്ത്രീകളെ വികലമായി ചിത്രീകരിക്കുന്നതും അവരുടെനേരെയുള്ള അക്രമവും തിരിച്ചറിയേണ്ടത് ആവശ്യമാണ്. അതിനെതിരെ ഫലപ്രദമായ പ്രചരണം സംഘടിപ്പിക്കുന്നത് സാംസ്കാരിക ബോധമുള്ളവരുടെ കടമയാണ്.

വർഷത്തിലൊരിക്കൽ കർഷകദിനത്തിനോ, കേരളപ്പിറവിക്കോ ഗ്രാമോൽസവം സംഘടിപ്പിക്കണം ആബാലവൃദ്ധം ജനങ്ങളും അവരുടെ മിടുക്കും വൈഭവവുമൊക്കെ കായിക കലാസാഹിത്യ മൽസരങ്ങളിലൂടെ കാഴ്ചവെയ്ക്കുന്ന പരിപാടികൾക്ക് പ്രോൽസാഹനവും സമ്മാനവും നൽകുമ്പോൾ പുതിയ സാംസ്കാരിക ഉണർവുണ്ടാക്കാൻ അത് വളരെയധികം പ്രയോജനപ്പെടും.

ജീവിതത്തിൻെറ സായന്തനങ്ങളിൽ എത്തിയിരിക്കുന്ന വൃദ്ധൻമാർക്ക് വൈകുന്നേരങ്ങളിൽ വിശ്രമിക്കാനും നടക്കാനും പററിയ പാർക്കുകളും പൂന്തോട്ടങ്ങളും സാംസ്കാരിക നിലയത്തിൻെറ പൂമുഖത്ത് ഒരുക്കാൻ കഴിയുമെങ്കിൽ അവരുടെ സന്തോഷകരമായ ജീവിതത്തിന് അത് വഴിയൊരുക്കും.

ഉന്നതശീർഷരായ വന്ദ്യ വയോധികരുടെ നേതൃത്വത്തിലുള്ള ഒരു സാംസ്കാരിക സമിതിക്കും വർത്തമാനകാലഘട്ടത്തിൽ ഗ്രാമത്തിൽ പ്രസക്തിയുണ്ടെന്നു തോന്നുന്നു. ആർജ്ജവംതികഞ്ഞ വ്യക്തിത്വവും ആദർശം വഴികാണിക്കുന്ന ജീവിതവും കാഴ്ചവെച്ചിട്ടുള്ളവരും സമാദരണീയരുമായ അഞ്ചു വ്യക്തികളടങ്ങുന്ന ഒരു സാംസ്കാരിക കമ്മററി പ്രവർത്തിക്കുന്നത് ഗ്രാമജീവിതത്തിൽ ഉണ്ടായേക്കാവുന്ന അസ്വസ്തതകൾ പരിഹരിക്കാനും ഉൽകൃഷ്ടമായ മാനങ്ങളിലേക്ക് ജനജീവിതത്തെ ഉയർത്താനും വിലപ്പെട്ട സംഭാവനനൽകും.

നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്ന നിരവധി സാമുദായിക സാമൂഹ്യ–സാംസ്കാരിക സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും നിലകൊള്ളുന്നുണ്ട്. വലുതും ചെറുതുമായ പതിനഞ്ചിൽ പരം ക്ഷേത്രങ്ങളും മൂന്നു ക്രിസ്തീയ ഇടവക ദേവാലയങ്ങളും ആറ് കപ്പേളകളും രണ്ട് ക്രിസ്ത്യൻ കോൺവെൻറ്കളും ഒരു ജുമ–മസ്ജിദ്ഉം ഈ കൂട്ടത്തിൽപ്പെടുന്നു. കൂടാതെ 5 വായനശാലകൾ, 3 ഗ്രന്ഥശാലകൾ, 20ൽ പരം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ, യുവജനസംഘടനകൾ എന്നിവ നമ്മുടെ ഗ്രാമത്തിൻെറ സാംസ്കാരിക പുരോഗതിക്കായി പ്രവർത്തികുന്നുണ്ട്.

★

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ഈ ഗ്രാമപഞ്ചായത്തിൽ 2426 പട്ടികജാതിക്കാരും 18 പട്ടികവർഗക്കാരും അധിവസിക്കുന്നു. 12 പട്ടികജാതി കോളനികളിലും 11 സെററിൽമെൻറ് കോളനികളിലും 6 ലക്ഷം വീടു കോളനികളിലും ഗ്രാമപഞ്ചായത്തിൻെറ ഇതരഭാഗങ്ങളിലുമായി ഇവർ കഴിഞ്ഞുകൂടുന്നു. വിദ്യാഭ്യാസപരമായും, സാമൂഹ്യമായും, സാംസ്കാരികമായും മററു വിഭാഗങ്ങളെ അപേക്ഷിച്ച് ഇവരുടെ നിലവാരം ശരാശരിയിൽ താഴെയാണ് ഇവരിൽ ഭൂരിപക്ഷവും കാർഷിക മേഖലയിലും, മൽസ്യബന്ധനമേഖലയിലും ജോലി ചെയ്ത് ഉപജീവനം നയിക്കുന്നു. പലരും ബഹുജനസംഘടനകളിൽ അംഗങ്ങളാണ്.

വൈപ്പിൻ ബ്ലോക്കിൽ ഏററവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഉള്ള ഏക പഞ്ചായത്താണ് നമ്മുടേത്. എന്നിരുന്നാലും ആനുപാതികമായ വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിനു നടത്താൻ കഴിഞ്ഞിട്ടില്ല.

ഒമ്പതാം പഞ്ചവൽസരപദ്ധതി നടപ്പിലാക്കുമ്പോൾ സമൂഹത്തിൽ പിന്നണിയിൽ നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൻെറ സമഗ്രമായ പുരോഗതിക്കാവശ്യമായ കാര്യങ്ങൾക്ക് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | സങ്കേതത്തിൻെറ നമ്പർ | സങ്കേതത്തിൻെറ പേര് | വാർഡ് നമ്പർ | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | | പുത്തൻകടപ്പുറം ഹരിജൻ സെററിൽമെൻറ് | 1 | 20 |
| 2 | | ഹരിജൻ-ഗിരിജൻ കോളനി, നായരമ്പലം | 1 | 10 |
| 3 | | ചെററക്കപ്പുതുവേലിൽ ഹരിജൻ സെററിൽമെൻറ് | 1 | 20 |
| 4 | 981 | ലക്ഷംവീട് 4 സെൻറ് നായരമ്പലം | 2 | 31 |
| 5 | 982 | അംബേദ്കർ കോളനി 3 സെൻറ് നായരമ്പലം | 2 | 29 |
| 6 | 983 | സെററിൽമെൻറ് കോളനി നായരമ്പലം | 9 | 39 |
| 7 | 984 | അംബേദ്കർ കോളനി നായരമ്പലം | 2 | 15 |
| 8 | 985 | വെസ്ററ് ഹരിജൻ സെററിൽമെൻറ് കോളനി നായരമ്പലം | 7 | 20 |
| 9 | 986 | അമ്മൻ കാട്ടുതറ നായരമ്പല | 5 | 13 |
| 10 | 987 | കാപ്പിൽചിറ ഹരിജൻ സെററിൽമെൻറ് നായരമ്പലം | 4 | 18 |
| 11 | 988 | ചാലുവാക്കത്തുരുത്ത് ഹരിജൻ സെററിൽമെൻറ് നായരമ്പലം | 4 | 14 |
| 12 | 989 | ചിററൂത്തറ മണിയൻതുരുത്ത് ഹരിജൻ സെററിൽമെൻറ് | 10 | 38 |
| 13 | 990 | ഇടയാളം നായരമ്പലം | 3 | 19 |
| 14 | 991 | പുഞ്ചയിൽ ഹരിജൻ സെററിൽമെൻറ് കോളനി നായരമ്പലം | 3 | 38 |
| 15 | 992 | കോലോത്തറ ഹരിജൻ സെററിൽമെൻറ് കോളനി നായരമ്പലം | 5 | 23 |
| 16 | 993 | 4 സെൻറ് കോളനി നായരമ്പലം | 2 | 28 |
| 17 | 994 | OLH അംബേദ്കർ ഹരിജൻ കോളനി നായരമ്പലം | 2 | 43 |
| 18 | 995 | തേങ്ങാത്തറ ഹരിജൻ കോൺസെൻട്രേഷൻ നായരമ്പലം | 8 | 27 |
| 19 | 996 | കോലോത്തറ സെററിൽമെൻറ് കോളനി | 8 | 25 |
| 20 | 997 | ടെംബിൾ വെസ്ററ് കോളനി നായരമ്പലം | 2 | 14 |
| 21 | 998 | OLH 4 സെൻറ് കോളനി നായരമ്പലം | 10 | 15 |
| 22 | 999 | നമ്പ്രാട്ടിത്തറ കോളനി നായരമ്പലം | 9 | 22 |

| | | | |
|---|---|---|---|
| 23 | 3 സെൻറ് കോളനി നായരമ്പലം | 2 | 44 |
| 24 | കുറിപ്പുറം സെററിൽമെൻറ് കോളനി നായരമ്പലം | 4 | 13 |
| 25 | വാഴത്തറ സെററിൽമെൻറ് കോളനി നായരമ്പലം | 4 | 11 |
| 26 | കൂട്ടത്തറ കോളനി (വട്ടത്തറ) നായരമ്പലം | 5 | 25 |
| 27 | പൊന്നാടിത്തറ കോളനി നായരമ്പലം | 8 | 16 |
| 28 | 9–ാം വാർഡ് സൗത്ത് സെററിൽമെൻറ് കോളനി | 9 | 15 |
| 29 | മണിയംതുരുത്ത് കോളനി നായരമ്പലം | 10 | 11 |

* പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ വസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ (കുടിവെള്ളം, വഴി, വൈദ്യുതി) വർധിപ്പിക്കാൻ മുൻകരുതൽ എടുക്കണം.

* സ്വന്തമായി സ്ഥലമോ മററു സൗകര്യങ്ങളോ ഇല്ലാത്തവർക്ക് സൗജന്യമായി പാർപ്പിടങ്ങൾ ലഭ്യമാക്കണം. വീടിനുളള സൗജന്യത്തുക 3500 രൂപയായി ഉയർത്തണം.

* ഭാഗികമായി മാത്രം തൊഴിലെടുത്ത് കഴിയുന്ന ഇവരെ അനുബന്ധ തൊഴിലുകളിലേക്ക് പരിശീലനം കൊടുത്ത് ജീവിതോപാധി കണ്ടെത്താൻ സഹായിക്കണം. ഇവർക്ക് തൊഴിൽ ഭദ്രത ഉറപ്പാക്കത്തക്ക കുടിൽ വ്യവസായ യൂണിററ് ആരംഭിക്കണം

* സർക്കാരിൽ നിന്ന് പ്രഖ്യാപിച്ചിട്ടുളള ധനസഹായങ്ങളും പെൻഷനും അർഹതപ്പെട്ട പട്ടികജാതി പട്ടികവർഗക്കാർക്ക് ഗ്രാമപഞ്ചായത്തുവഴി താമസം വിന വിതരണം ചെയ്യണം

* പട്ടികജാതി – പട്ടികവർഗക്കാരുടെ ഉന്നമനം പ്രത്യേക ലക്ഷ്യമിട്ടുകൊണ്ട് അംഗനവാടിയും വയോജനവിദ്യാഭ്യാസകേന്ദ്രവും തുറക്കണം.

0 പട്ടികജാതി വനിതകളുടെ ക്ഷേമത്തിന് ഉതകുന്ന പദ്ധതികളും സാമൂഹ്യക്ഷേമബോർഡിൽ നിന്നും പ്രഖ്യാപിച്ചിട്ടുളള ചികിൽസാസഹായവും പ്രസവാനുകൂല്യങ്ങളും കാലാകാലങ്ങളിൽ പുതുക്കിനിശ്ചയിച്ചു വിതരണം ചെയ്യണം.

* പറമ്പിലെ പണിയും, തെങ്ങുകയററവും മാത്രമായി ഉപജീവനം നടത്തുന്ന തൊഴിലാളികൾക്ക് തൊഴിലുപകരണമുണ്ടാക്കാൻ ഓരോവർഷവും 1000 രൂപ വീതം ഗ്രാമപഞ്ചായത്തിൽനിന്ന് ധനസഹായം നൽകണം.

* ഓലപ്പുരയിൽ കഴിയുന്ന പട്ടികജാതി/പട്ടികവർഗ കുടുംബത്തിന് പുരകെട്ടി മേയുന്നതിന് ഓരോവർഷവും 1000 രൂപ വീതം ധനസഹായം നൽകണം.

* കാലവർഷക്കെടുതിയിൽ പണിയെടുക്കാൻ കഴിയാത്ത തെങ്ങുകയററതൊഴിലാളികൾക്കും, അർഹതപ്പെട്ട കർഷക തൊഴിലാളികൾക്കും, ജൂൺ, ജൂലായ്, ആഗസ്ററ് മാസങ്ങളിൽ 500 രൂപ വീതം ക്ഷാമബത്ത കൊടുക്കാൻ ശ്രമിക്കണം.

* പട്ടികജാതി–വർഗ വിദ്യാർത്ഥികളുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വളരെക്കാലം ഇവിടെ പ്രവർത്തിക്കുകയും 15 വർഷം മുമ്പ് മൂവാററുപുഴയ്ക്ക് പറിച്ചുനടുകയും ചെയ്ത ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ ഇവിടെ പുനഃസ്ഥാപിച്ച് അവരുടെ വിദ്യാഭ്യാസപുരോഗതി ഉറപ്പാക്കേണ്ടതുമാണ്.

* പട്ടികജാതി–പട്ടികവർഗവികസന കോർപ്പറേഷനിൽനിന്നും വാഹനങ്ങൾ വാങ്ങുന്നതിന് ലഭിക്കുന്ന വായ്പ ഉദ്യോഗസ്ഥ ജാമ്യം ഒഴിവാക്കി വാഹനത്തിൻെറ ഈടിൻമേൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

* സാമൂഹിക – സാമ്പത്തിക – രാഷ്ട്രീയ–സാംസ്ക്കാരിക രംഗങ്ങളിൽ ജനജീവിതത്തിൻെറ മുഖ്യധാരയിലെത്താൻ പട്ടികജാതി – പട്ടികവർഗക്കാർക്ക് ആനുപാതികമായ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

* ദാരിദ്ര്യവും അജ്ഞതയും മൂലം പിൻതളളപ്പെട്ട് ജീവിതം ഹോമിക്കാൻ വിധിക്കപ്പെട്ട പട്ടികജാതി–വർഗ വിഭാഗത്തിലെ വനിതകളുടെ പുരോഗതിയും ക്ഷേമവും ഉറപ്പാക്കുന്ന പദ്ധതികൾക്ക് രൂപം നൽകുക.

* മൽസ്യബന്ധനം ഉപജീവനമാക്കിയിട്ടുളള പട്ടികജാതി–പട്ടികവർഗതൊഴിലാളികൾക്ക് മൽസ്യത്തൊഴിലാളികൾക്കുളള എല്ലാവിധ ക്ഷേമ പരിപാടികളും ഉറപ്പാക്കുക.

207

* അവശതയനുഭവിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം വാങ്ങാൻ 500 രൂപ ധനസഹായം നൽകണം.

* പഠന സൗകര്യം മെച്ചപ്പെടുത്താൻ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശ, കസേര മുതലായ ഉപാധികൾ സൗജന്യമായി വിതരണം ചെയ്യണം.

* പ്രാവീണ്യമനുസരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഈ വിഭാഗക്കാർക്ക് 25000രൂപവരെ ഗ്രാൻറ് അനുവദിക്കണം.

* എല്ലാ കർഷകതൊഴിലാളികളേയും ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും 55 വയസുതികയുന്ന ആളുകൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കുകയും വേണം.

* അവശതയനുഭവിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ തൊഴിലാളി കുടുംബത്തിന് വിവാഹാവശ്യങ്ങൾക്ക് 5000 രൂപയും മരണാനന്തര ചിലവുകൾക്ക് 2000 രൂപയും സാമ്പത്തിക സഹായം അനുവദിക്കണം.

* വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ നൽകുന്ന ലംസംഗ്രാൻറ് തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കണം.

* പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇടയ്ക്കിടയ്ക്ക് ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ ക്ഷേമം ഉറപ്പാക്കണം.

* സാമൂഹ്യനീതിയും, സാംസ്കാരിക മുന്നേററവും ഉറപ്പാക്കുന്ന നടപടികൾ സ്വീകരിക്കണം.

* പട്ടികജാതി / പട്ടികകർഗ്ഗങ്ങളിൽ പെട്ടവർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ ലഭിക്കുന്നതിന് ഗവർമെണ്ട് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി നീക്കം ചെയ്യാൻ സമ്മർദ്ദം ചെലുത്തണം.

* പട്ടികജാതി/പട്ടികവർഗ്ഗ വികസന ക്ഷേമത്തിനു സർക്കാർ അനുവദിക്കുന്ന തുക മുഴുവൻ അവരുടെ ക്ഷേമകാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നു എന്ന് നിർബന്ധമാക്കുക.

# വനിതക്ഷേമം

ആർഷഭാരത സങ്കൽപത്തിൽ സ്ത്രീക്ക് മഹനീയമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. ഭാരത സ്ത്രീയുടെ ഭാവശുദ്ധിയും സഹനശക്തിയുമൊക്കെ ഒട്ടേറെ പ്രകീർത്തിക്കപ്പെടുകയും ചെയ്തിരുന്നു. കാലാന്തരത്തിൽ സംസ്കാരത്തിന് മങ്ങലേൽക്കുകയും പരിഷ്കാരഭ്രമം ഏറുകയും ചെയ്തപ്പോൾ സ്ത്രീയുടെ ഗതകാലപ്രതാപത്തിന് എങ്ങനെയോ തളർച്ച ഉണ്ടായി. ക്രമേണ ഇത് സ്ത്രീയുടെ സുരക്ഷയ്ക്കുവരെ ഭീഷണി ഉയർത്തിയ സ്ഥിതിവിശേഷത്തിനു വരെ വഴിഒരുക്കി. ജനാധിപത്യരീതിയിലുള്ള ഭരണകൂടങ്ങൾ നിലവിൽ വന്നിട്ടും നമ്മുടെ രാജ്യത്ത് സ്ത്രീയുടെ കഷ്ടപ്പാടുകളും അവശതകളും കൂടുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വനിതാക്ഷേമത്തെക്കുറിച്ച് നാടെങ്ങും വാതോരാതെ പ്രസംഗം നടക്കുന്നുണ്ടെങ്കിലും പ്രവൃത്തിപഥത്തിൽ സംഗതികൾ വിരളമാണ്. ഇന്നും ഭരണകൂടത്തിലും സമൂഹത്തിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാനോ ആശാവഹമായ ക്ഷേമമോ പുരോഗതിയോ കൈവരിക്കാനോ കഴിഞ്ഞിട്ടില്ല. ഇതിലേക്കുള്ള സുദൃഢമായ കാൽവെയ്പ്പുകൾ 1993ലെ 73–74–ാം ഭരണഘടനാ ഭേദഗതികളിലൂടെയാണ് ഉണ്ടായത്. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിററി–കോർപ്പറേഷൻ ഭരണസമിതികളിലും സ്ത്രീകൾക്ക് 30% സംവരണം ഇത് ഉറപ്പാക്കിയിട്ടുണ്ട്. നിയമനിർമ്മാണ സഭകളിലും പാർലിമെൻറിലും ഉദ്യോഗങ്ങളിലും കൂടി ഇത് പ്രാബല്യത്തിലാക്കാൻ ശ്രമം നടന്നുവരുന്നുണ്ട്.

നിയമത്തിൻെറ പിൻബലംകൊണ്ടുമാത്രം ജനസംഖ്യയിലെ ഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ പുരോഗതിയും ക്ഷേമവും ഉറപ്പാക്കുക ദുഷ്കരമാണ്. സമൂഹത്തിൻെറ കാഴ്ചപ്പാടിൽ സമൂലമായ മാററംവരുത്തി സ്ഥിതിസമത്വവാദത്തിൻെറ സാക്ഷാത്ക്കാരത്തിലൂടെ മാത്രമേ ഇതിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയൂ. അതിനുള്ള ഒരു എളിയ സംരംഭം എന്ന നിലയിലാണ് നമ്മുടെ ഗ്രാമത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെന്ന് കണ്ടെത്തിയതും അതിനുള്ള പരിഹാരമാർഗങ്ങൾ ഈ പദ്ധതി നിർദേശങ്ങളിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുന്നതും.

## പ്രശ്നങ്ങൾ

1 സ്ത്രീപീഡനത്തിനെതിരെ ആരും പ്രതികരിക്കുന്നില്ല.

2 സുരക്ഷിതമായി സഞ്ചരിക്കുവാൻ ബുദ്ധിമുട്ട്

3 കുടുംബത്തിലെ സ്വൈര്യജീവിതം താറുമാറാകുന്നു.

4 മദ്യപാനം കുടുംബത്തിലെ സാമ്പത്തികാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു.

5 സ്ത്രീ തൊഴിൽരഹിതയായി കഴിയുന്നു.

6 അവരുടെ കലാവാസനകൾ പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല.

7 മാനസീകവും, ബുദ്ധിപരവുമായ കഴിവുകളെ വളർത്തുവാൻ സൗകര്യമില്ല.

8 ഇന്നത്തെ സ്ത്രീധന വ്യവസ്ഥ മൂലം പെൺകുട്ടികൾ സ്വന്തം വീടുകളിലും ഭർത്തൃ ഗൃഹത്തിലും പീഡിപ്പിക്കപ്പെടുകയും ഒററപ്പെടുകയും ചെയ്യുന്നു.

## പരിഹാരമാർഗങ്ങൾ

1 സ്ത്രീ പീഡനങ്ങൾക്കെതിരെ പൊതുജനങ്ങൾ പ്രതികരിക്കണം

2 മഹിളാസമാജങ്ങളും അവയുടെ ആഭിമുഖ്യത്തിലുള്ള തൊഴിൽ സംരംഭങ്ങളും മെച്ചപ്പെടുത്തുക.

3 പൂർണ്ണമായ മദ്യനിരോധനം

4 സ്ത്രീധന പീഡനത്തിനെതിരെ നടപടികൾ

5 സ്ത്രീകൾ മുൻകൈയെടുത്തുള്ള കോഴിവളർത്തൽ കേന്ദ്രം പശുവളർത്തൽ കേന്ദ്രം ആയതിന് ഗ്രാൻറ്–ലോൺ–സബ്സീഡി ആടു വളർത്തലിന് സഹായം.

6 തുന്നൽ അറിയാവുന്ന പെൺകുട്ടികളെ ഉൾപ്പെടുത്തി റെഡിമെയ്ഡ് ഉൽപന്നങ്ങൾ നിർമ്മിക്കുക

7 പച്ചക്കറിത്തോട്ടങ്ങൾ

8 ഉദ്യാനകൃഷി

9 കരകൗശല വസ്തുക്കളുടെ നിർമ്മാണം ചിരട്ട, ചകിരി, പേപ്പർ.

10 മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം

11 സ്ത്രീകൾക്ക് മാത്രമായി ഒരു കോ-ഓപ്പറേററീവ് സൊസൈററി.

12 സ്റേറഷനറികടകൾ, റേഷൻകടകൾ, നിത്യോപയോഗ സ്ധനങ്ങൾ കൈകാര്യം ചെയ്യുന്ന

കടകൾ എന്നിവ തുടങ്ങുവാൻ ആവശ്യമായ സഹായങ്ങൾ വായ്പ അടിസ്ഥാനത്തിൽ നൽകുകയും അത്തരം സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

13 സ്ക്വാഷ്, ജാം, മധുരപലഹാരങ്ങൾ, അച്ചാറുകൾ എന്നിങ്ങനെ വിവിധ ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണവും വിപണനവും.

14 അഭ്യസ്തവിദ്യരായവർ ചേർന്ന് ട്യൂഷൻ ക്ലാസുകൾ നടത്താവുന്നതാണ്.

15 സ്ത്രീകൾ നടത്തുന്ന സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക.

16 സാമൂഹ്യാവബോധം വളർത്താൻ പററിയ പരിപാടികൾ.

17 വൃദ്ധ സ്ത്രീകൾക്ക് അഭയകേന്ദ്രം.

18 സ്ത്രീകൾ കുടുംബനാഥകളായ കുടുംബങ്ങൾക്ക് ജീവിതമാർഗങ്ങളിൽ സഹായത്തിന് പ്രത്യേക പരിഗണന.

18 തുല്യ ജോലിക്ക് തുല്യവേതനം.

മുൻ പറഞ്ഞ രംഗങ്ങളിലൊക്കെ കൈവരിക്കുന്ന നേട്ടങ്ങൾ സ്ത്രീകളുടെ ക്ഷേമത്തിനും പുരോഗതിക്കും ആക്കം കൂട്ടും.

# സാമൂഹ്യക്ഷേമം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നല്ലൊരു ശതമാനം ജനങ്ങളും ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവരാണ്. അതുകൊണ്ടുതന്നെ അവർ ക്ഷേമ പ്രവർത്തനങ്ങൾക്ക് അർഹരാണ്. മിക്കവാറും ക്ഷേമ പ്രവർത്തനങ്ങൾ വികസന ബ്ലോക്കുകൾവഴിയാണ് സർക്കാർ നിർവഹിച്ചുവരുന്നത്. I R D P വഴിയുള്ള ഭവന നിർമ്മാണം, കക്കൂസ് നിഷ്മാണം, ട്രൈസം പദ്ധതി പ്രകാരമുള്ള യുവതീ യുവാക്കൾക്കുള്ള തൊഴിൽ പരിശീലനം, D W C R A വഴിയുള്ള വിവിധ പ്രവർത്തനങ്ങൾ, വിവിധ പെൻഷൻ പദ്ധതികൾ, വിധവകളുടെ മക്കൾക്കുള്ള വിവാഹ സഹായം മററു പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായി നടക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ. ഗ്രാമത്തിൽ രണ്ട് ഗ്രാമ സേവകർ ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നു. ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് നമ്മുടെ ഗ്രാമത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവക്ക് മൻഗണന കൊടുത്ത് 9-ാം പദ്ധതിയിൽ പരമാവധി ക്ഷേമ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതാണ്.

## 1.11 IRD? സർവ്വേ പ്രകാരം-ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 289 | 22 | 43 | 20 | 21 | 268 |
| 2 | 235 | 70 | 49 | 45 | 34 | 201 |
| 3 | 73 | 10 | 10 | 8 | 6 | 67 |
| 4 | 141 | 24 | 29 | 18 | 26 | 115 |
| 5 | 198 | 17 | 38 | 11 | 34 | 164 |
| 6 | 68 | 1 | 5 | 1 | 4 | 64 |
| 7 | 90 | 6 | 11 | 5 | 7 | 83 |
| 8 | 96 | 11 | 13 | 7 | 5 | 91 |
| 9 | 88 | 8 | 14 | 8 | 6 | 82 |
| 10 | 182 | 34 | 44 | 28 | 42 | 140 |
| | 1460 | 203 | 256 | 150 | 185 | 2055 |

## 11 5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേപ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 16 | — | — | — | 16 |
| 2 | 53 | 47 | 29 | 18 | 6 |
| 3 | 14 | 4 | 4 | 4 | 10 |
| 4 | 20 | 7 | 2 | 5 | 13 |
| 5 | 12 | 4 | 1 | 3 | 8 |
| 6 | 3 | 2 | — | 2 | 1 |
| 7 | 26 | — | — | — | 26 |
| 8 | 12 | 4 | — | 4 | 8 |
| 9 | 8 | — | — | — | 8 |
| 10 | 23 | 4 | 1 | 3 | 19 |
| | 177 | 70 | 37 | 39 | 115 |

## 11 6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 167 | — | — | 167 |
| 2 | 174 | 3 | 3 | 171 |
| 3 | 42 | — | — | 42 |
| 4 | 74 | 3 | 3 | 71 |
| 5 | 108 | 8 | 8 | 100 |
| 6 | 23 | 3 | 3 | 20 |
| 7 | 78 | 4 | 4 | 74 |
| 8 | 60 | — | — | 60 |
| 9 | 57 | — | — | 57 |
| 10 | 133 | 6 | 5 | 127 |
| | 916 | 27 | 26 | 889 |

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽസംരംഭങ്ങളുടെ എണ്ണം 212

| ഡ് | പേര് തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| | ഉദയ കാർപ്പെററ് (കയർ ഉൽപ്പന്നങ്ങൾ) | 1994 | 10 |
| | പ്രതീക്ഷ ചെമ്മീൻ തീററ ഉൽപ്പാദനം | 1995 | 10 |
| | മൽസ്യബന്ധന വല നിർമ്മാണം | 1996 | 10 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|
| ബുക്ക്ബൈൻറിംങ്, കമ്പോസിംഗ്, ഗാർഹിക വൈദ്യുതോപകരണങ്ങളുടെ റിപ്പെയർ തയ്യൽ റേഡിയോ, ടി വി റിപ്പയർ, കമ്പ്യൂട്ടർ കോഴ്സ് | 22 | 18 |

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്ര ത്തിക്കുന്ന 14 അംഗൻവാടികളിലായി 751 കു ം പോകുന്നു. നാട്ടിൽ നിരവധി വനിതാ ാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ നി ാർജന പദ്ധതികൾ വഴിയുള്ള സഹായം വ കുറച്ചു കുടുംബങ്ങൾ മാത്രമെ പ്രയോജന ടുത്തുന്നുള്ളൂ. I R D P ലിസ്ററിൽ അനർ കടന്നു കൂടിയിരിക്കുന്നത് ഒഴിവാക്കേണ്ടതു . ഉദ്യോഗസ്ഥൻമാരുടെ അഴിമതി ഇടത്തട്ടു ുടെ ചൂഷണം, പദ്ധതി വിവരം അറിവി യ്മ, ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാ സ്ഥിതി എന്നിവ 8-ാം പദ്ധതിയുടെ പോ യ്മയായി കരുതുന്നു.

നമ്മുടെ ഗ്രാമത്തിൽ 8 പൊതുവിതരണ കേ ങ്ങളും ഒരു മാവേലി സ്റേറാറും പ്രവർത്തി ന്നുണ്ട്.

### ശ്നങ്ങൾ സാധ്യതകൾ

ഇപ്പോൾ നൽകിവരുന്ന വിവിധ പെൻഷൻ ധതികളായ വിധവപെൻഷൻ. വാർദ്ധക്യകാ പെൻഷൻ, കർഷകതൊഴിലാളിപെൻഷൻ, വി കലാംഗപെൻഷൻ, മൽസ്യതൊഴിലാളിപെൻഷൻ, അവശ കലാകാരൻമാർക്കുള്ള പെൻഷൻ എന്നിവ സമയാസമയങ്ങളിൽ അർഹരായവർക്ക് ലഭ്യമാകു ന്ന നടപടികൾ ചെയ്യും.

* വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസ ഹായം മററു സഹായങ്ങൾ എന്നിവ കാലതാമസം കൂടാതെ കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

* മാതൃത്വസഹായം വൃദ്ധമന്ദിരവും, അഗതി മന്ദിരവും സ്ഥാപിക്കൽ തുടങ്ങിയ ക്ഷേമപ്രവ ർത്തനങ്ങൾക്കു മുൻതൂക്കം കൊടുക്കാൻ ശ്രമിക്കും.

* YMCA, YWCA തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ വനിതാ ഹോസ്റ്റലുകൾ സ്ഥാ പിക്കാനുള്ള സാധ്യതപരിഗണിക്കും.

* സാമൂഹ്യ ബോധവല്ക്കരണത്തിന് ആവശ്യമായ പഠനക്ലാസുകൾ ആരംഭിക്കണം.

* അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹ രിക്കാൻ ആവശ്യമായ നടപടികൾക്ക് മുൻതൂക്കം കൊടുക്കും.

★

# സഹകരണ മേഖല

ഭാരതം സ്വതന്ത്രയായതിനുശേഷം രാജ്യത്തൊട്ടാകെ സഹകരണരംഗം വിവിധ മേഖലകളിൽ പടർന്ന് പന്തലിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലും വിവിധ തുറകളിൽ സഹകരണ ശൃംഖല വ്യാപിച്ചു കിടക്കുകയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലാകട്ടെ ആശുപത്രി, ഭവനനിർമ്മാണം ഒഴികെയുള്ള ഒട്ടുമിക്ക സഹകരണ പ്രസ്ഥാനങ്ങളും മുളച്ചുവരികയും കാലക്രമേണ പലതും പ്രവർത്തനരഹിതമായിതീരുകയും ചെയ്തിട്ടുള്ളതായി കാണാം.

അഗ്ഗ് മാർക്കററിങ്ങ് സഹകരണസംഘം, ഖാദി ഉൽപ്പാദക സഹകരണസംഘം, മൽസ്യോല്പാദക സഹകരണസംഘം, ഫിഷ് മാർക്കററിങ്ങ് സഹകരണസംഘം, ക്ഷീര വ്യവസായ സഹകരണ സംഘം എന്നിവ പ്രവർത്തനരഹിതമായവയിൽപ്പെടുന്നു.

കയർ വ്യവസായ സഹകരണസംഘം, പട്ടികജാതി പട്ടികവർഗ സഹകരണ സംഘം, മൽസ്യത്തൊഴിലാളി ഗ്രാമ സഹകരണസംഘം, മോട്ടോർ വ്യവസായ സഹകരണ സംഘം. സ്ക്കൂൾ സഹകരണ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ ഈ പഞ്ചായത്ത് അതൃത്തിയിൽ പ്രവർത്തനോൻമുഖമാണ്. എന്നാൽ ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരേ ഒരു സഹകരണസ്ഥാപനം സർവ്വീസ് സഹകരണ ബാങ്ക് മാത്രമാണ്. ഈ ബാങ്ക് മുഖേന ഈ ഗ്രാമത്തിലെ വിവിധ തുറകളിൽപ്പെട്ടവരുടെ ബഹുമുഖമായ ആവശ്യങ്ങൾ നിറവേററുന്നതിനാവശ്യമായ വായ്പകൾ നൽകിവരുന്നുണ്ട്. എല്ലാ വർഷവും സഹകരണവാരാഘോഷകാലത്ത് സഹകരണബാങ്കിൽ കഴിയുന്നത്ര അംഗങ്ങളെ ചേർക്കുന്നതിനും, സഹകരണതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനും, വായ്പാ കുടിശിഖകകൾ പിരിച്ചെടുക്കുന്നതിനും വായ്പാ തിരിച്ചടവ് ഒരു ജീവിതചര്യയാക്കി മാററിയെടുക്കുന്നതിനും ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരാറുണ്ട്. അതോടൊപ്പം ഗ്രാമീണരുടെ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് വ്യാപകമായി പ്രചരണംനടത്തി മുഴുവൻ സമ്പാദ്യവും ഗ്രാമീണ സഹകരണ ബാങ്കുകളിൽ സ്വരൂപിക്കുന്നതിനുള്ള ഒരു തീവ്രയത്നപരിപാടി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിലൂടെ ഗ്രാമീണരുടെ എല്ലാ വായ്പാ ആവശ്യങ്ങളും ഈ ബാങ്കിലൂടെ കൊടുക്കാൻ കഴിയുന്ന ഒരു സ്ഥിതി സംജാതമാക്കേണ്ടിയിരിക്കുന്നു. മൊത്തത്തിൽ ഗ്രാമീണരിൽ സഹകരണ മനോഭാവം വളർത്തിയെടുക്കണം.

ഒരു വനിതാ സഹകരണസംഘം രജിസ്ററർ ചെയ്ത് വനിതകളുടെ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

മൊത്തത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഗ്രാമത്തിലെ സഹകരണ മേഖലയിലെ കാര്യങ്ങൾ ക്രോഡീകരിക്കാവുന്നതാണ്.

1 ക്ഷീരോൽപ്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനം പുനർ ആരംഭിക്കുക.

2 റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണത്തിന് വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്യുക.

3 നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ചെമ്മീൻ ഉപയോഗിച്ച് അച്ചാറുകളും മററും ഉണ്ടാക്കുന്നതിന് വനിതാസംഘങ്ങളെ ഏൽപ്പിക്കുക. കൂടാതെ മററു വിവിധയിനം അച്ചാറുകളും സ്ക്വാഷുകളും ഉണ്ടാക്കുക.

4 പഞ്ചായത്ത് / ബ്ലോക്ക് തല മേളകൾ നടത്തി വിതരണശൃംഖല മെച്ചപ്പെടുത്തുക.

5 സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വിപണത്തിന് സൗകര്യം ചെയ്യുക.

| സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിററ്/ നോൺ ക്രെഡിററ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയഓഹരി മൂലധനം | സർക്കാർ ഓഹരി യുണ്ടോ? | ഉണ്ടെങ്കിൽ ലഭിച്ച തുക | പരമാവധി കടം എടുക്കാവുന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| നായരമ്പലം സർവ്വീസ് സഹ:ബാങ്ക് ക്ലിപ്തം നമ്പർ E-92 | നായരമ്പലം വില്ലേജ് | ക്രെഡിററ് | 8-4-1962 | 16105 | Rs. 10/- | Rs. 100,00,000 | Rs. 57,08,445 | ഉണ്ട് | Rs. 57400 | 21 കോടി |
| നെടുങ്ങാട് കയർ വ്യവസായ സഹകരണ സംഘം E140 | നായരമ്പലം വില്ലേജ് | നോൺ ക്രെഡിററ് | 1955 | 401 അംഗ: 175 തൊഴിലാളികൾ | Rs. 10/- | Rs.50,00,00 | Rs. 224965-85 | ഉണ്ട് | Rs. 154310 | Rs.5000000 |
| നായരമ്പലം പട്ടികജാതി വർഗ സപ്ലൈ: സഹ: സം: ക്ലിപ്തം.E337 | നായരമ്പലം വില്ലേജ് | ക്രെഡിററ് (വിവിധോദ്ദേശ സഹ: സംഘം | 1974 | 1865-SC 7-ST 1872 അംഗ: | Rs. 10/- | Rs.30,00,00 | Rs. 1,23590 | ഉണ്ട് | Rs. 55000 | Rs. 3300000 |
| വൈപ്പിൻ ഹരിജൻ ഹാൻറ്ലൂം വിവേഴ്സ് ഇൻറ:സഹ: സം:Ltd.E87 | വൈപ്പിൻ ബ്ലോക്ക്(6 പഞ്ചായ:) | നോൺ ക്രെഡിററ് | 12-1-1983 | 173 | Rs 100/- | Rs.50,00,00 | Rs. 187100 | ഉണ്ട് | Rs. 222000 | — |
| മൽസ്യ തൊഴിലാളി വികസന ക്ഷേമ സഹ: സം: E94/92 | നായരമ്പലം വില്ലേജ് | ക്രെഡിററ് | 3-10-1992 | 782 | Rs. 10/- | Rs.50,00,00 | Rs. 10910 | ഉണ്ട് | Rs. 30000 | 2½ ലക്ഷം |
| വൈപ്പിൻ പറവൂർ SC/ ST മോട്ടോർ ട്രാൻ:തൊ: സഹ: സം: Ltd.N.E 942 | വൈപ്പിൻ ബ്ലോക്ക് പറവൂർ താലൂക്ക് | നോൺ ക്രെഡിററ് | 19-5-1994 | 32 | Rs. 100/- | Rs. 50,000 | Rs. 61,900 | ഇല്ല | — | അംഗീകൃത ഓഹരി മൂലധനത്തിന്റെ 40 ഇരട്ടി |

# വനം

തീരദേശമായ നമ്മുടെ ഗ്രാമത്തിൽ വനം എന്ന് വിശേഷിപ്പിക്കാവുന്നത് ഒന്നും തന്നെയില്ല. അതേ സമയം തുറസായിക്കിടക്കുന്ന പല സ്വകാര്യ ഭൂമികളും വെളിംപ്രദേശങ്ങളും പുറമ്പോക്കുകളും ഗ്രാമത്തിലുണ്ട്. ഇവിടങ്ങളിലൊക്കെ പ്രത്യേകിച്ച് കടൽത്തീരത്തും, കായൽതീരത്തും മററു തുറസായിടങ്ങളിലും തണൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നത് തീര സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയാനും വിറകു ക്ഷാമം പരിഹരിക്കാനും ഉപകരിക്കും. സാമൂഹ്യവനവൽക്കരണ വകുപ്പിന്റെ സഹായത്തോടെ അതിനുള്ള സമൂർത്തമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്.

# വിഭവ സമാഹരണം

216

ഈ ഗ്രാമത്തിൻെറ വികസനത്തിന് ആവശ്യമായ ധനാഗമമാർഗങ്ങളെപ്പററി ചിന്തിക്കുമ്പോൾ വൈപ്പിൻകരയിലെ പഞ്ചായത്തുകളിൽവച്ച് ധനാഗമമാർഗങ്ങൾ ഏററവും കുറവുള്ള പ്രദേശമാണ് നായരമ്പലം. വിനോദശാലകളോ സർക്കാർ ഓഫീസുകളോ വ്യവസായശാലകളോ മററു എടുത്തു പറയത്തക്ക സ്രോതസുകളോ ഇല്ലാത്തതാണ് ഇതിനു കാരണം. പ്രധാനമായും കെട്ടിടനികുതി, തൊഴിൽനികുതി. ചെറുകച്ചവടക്കാരിൽ നിന്നുമുള്ള നികുതി എന്നിങ്ങനെ ചുരുങ്ങിയ മേഖലകളിൽ നിന്നേ വരുമാനം ലഭിക്കുന്നുള്ളു. ഇതിനു പുറമെ ചെമ്മീൻകെട്ട് (കാപ്പ്) ലേലം, ചന്തലേലം എന്നീ ഇനങ്ങളിലും ഒരു നിശ്ചിത വരുമാനം ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ സമ്പൂർണ്ണ വികസനം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് മുന്നോട്ടുപോകുവാൻ പരിമിതമായ ഈ വരുമാനം തീരെ അപര്യാപ്തമാണ്.

പഞ്ചായത്തിന് വിവിധ തനത് വരുമാന മാർഗങ്ങളിൽ നിന്ന് ഒരു വർഷം ലഭിക്കുന്ന സംഖ്യ ഏതാണ്ട് 25 ലക്ഷം രൂപയാണ്. ഇതിനു പുറമേ സംസ്ഥാന ഗവർമ്മെണ്ട് ഗ്രാൻറുകളും വിവിധ പദ്ധതികളിലായി കേന്ദ്ര ഗവർമ്മെണ്ട് നൽകുന്ന തുകയും പഞ്ചായത്തിൻെറ വരുമാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ ഇനത്തിൽ ഒരു വർഷത്തിൽ പഞ്ചായത്തിന് പ്രതീക്ഷിക്കാവുന്നത് 4,50,000 രൂപയാണ്. അങ്ങിനെ ആകെ ഒരു വർഷത്തെ വരുമാനം 29,50000 രൂപയാണ്. ഇതിൽ നിന്നും ഭരണഭരമായ കാര്യങ്ങൾക്കും വാട്ടർ ചാർജിനും, ഇലക്ട്രിസിററി ചാർജ്ജിനും ഉദ്ദേശം ആയി 19 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്. ശേഷിക്കുന്ന സംഖ്യ മാത്രമെ മററു വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പഞ്ചായത്തിൽ നിന്നും ചെലവിടുവാൻ സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന അധികതുക സ്വരൂപിക്കുന്ന തിനുവേണ്ടി കൂടുതൽ ജനപങ്കാളിത്തവും മററുധനാഗമമാർഗങ്ങളും സ്വീകരിച്ചുകൊണ്ടേ മുന്നോട്ടു പോകാവാൻ ആകൂ.

1 നാശോന്മുഖമായി കൊണ്ടിരിക്കുന്ന കേരകൃഷി മെച്ചപ്പെടുത്തണതിനായി, ഹിമാചൽ പ്രദേശിൽ ആപ്പിൾകൃഷിയ്ക്കും, ബീഹാറിലും, യു. പിയിലും കരിമ്പുകൃഷിക്കും കേന്ദ്രഗവൺമെൻറ് പൂർണ്ണധനസഹായം നൽകിയതുപോലെ കേരളത്തിൽ കേരകൃഷി വികസനത്തിനും സമ്പൂർണ്ണ ഗ്രാൻറ് നൽകുക.

2 പഞ്ചായത്തിലെ പ്രധാന റോഡുകൾക്കും അനുബന്ധ വൻ പാലങ്ങൾക്കും സംസ്ഥാന ഗവൺമെൻറ് സഹായം നൽകി പണികൾ പൂർത്തിയാക്കുക.

3 പുതിയതായി നിർമ്മിക്കുന്ന 2,00,000 രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണ ചെലവിൻെറ ഒരു നിശ്ചിത ശതമാനം സംഖ്യ പഞ്ചായത്ത് വികസന ഫണ്ടിലേയ്ക്കായി വാങ്ങാവുന്നതാണ്.

4 പഞ്ചായത്തതിർത്തിക്കുള്ളിലുള്ള വിവിധ സ്ഥാപനങ്ങളും സംഘടനകളും നടത്തുന്ന കുറികളിൽ നിന്നും, ചിട്ടികളിൽ നിന്നും ''കുറി സെസ്സ്'' എന്ന പേരിൽ ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിലേക്ക് വാങ്ങാവുന്നതാണ്.

5 5 വർഷം കൂടുമ്പോൾ കെട്ടിട നികുതി 20% വച്ച് കൂട്ടുക.

6 ഉത്സുകരായ വ്യക്തികളുടേയും സന്നദ്ധ സംഘടനാ പ്രവർത്തകരുടേയും സേവനം, തൊഴിൽ ദാന പദ്ധതിയുടെ പുരോഗതിക്ക് പരമാവധി പ്രയോജനപ്പെടുത്തും.

7 സഹകരണ ബാങ്കിൻെറ ലാഭ വിഹിതത്തിൽ നിന്നും ഒരു നിശ്ചിത തുക ഗ്രാമ വികസന ഫണ്ടിലേയ്ക്കായി നീക്കി വെക്കുക.

8 മത, സമുദായ, ധർമ്മ സ്ഥാപനങ്ങളിൽ നിന്നും സംഭാവന വികസന ഫണ്ടിലേയ്ക്ക് സ്വീകരിക്കാവുന്നതാണ്.

9 നായ വളർത്തുന്നവരിൽ നിന്നുള്ള ലൈസൻസ് ഫീ 50 രൂപയായി ഉയർത്തി ഈടാക്കേണ്ടതാണ്.

10 ഇന്ദിരവികാസ്പത്ര, ദേശീയസമ്പാദ്യപദ്ധതി തുടങ്ങിയവ ജനശ്രദ്ധയിൽ കൊണ്ടുവന്ന് നിക്ഷേപം വർദ്ധിപ്പിക്കുക. ഇവയിൽനിന്നും ലഭിക്കുന്ന 25% കമ്മീഷൻതുക ഗ്രാമ വികസന ഫണ്ടിലേക്ക് സ്വരൂപിക്കുക. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു പ്രത്യേകസെൽ ഉണ്ടാക്കുക.

11 എൻഡോവ്മെൻറുകളും സ്പോൺസറിങ്ങും സ്വീകരിച്ച് വികസന–ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും.

12 വിദേശ ഏജൻസികളിൽ നിന്നും സഹായം തേടിയും വികസന പ്രവർത്തനത്തെ ത്വരിതപ്പെടുത്തും.

217

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 1,72,471.25 | 172471.25 | Nil |
| സർവീസ് ചാർജ്ജ് | — | — | — |
| തൊഴിൽ നികുതി | 93955 00 | 93955,00 | — |
| വാഹന നികുതി | — | — | — |
| വിനോദ നികുതി | — | — | — |
| അഡി. വിനോദ നികുതി | — | — | — |
| പ്രദർശന നികുതി | 30,00 | 30.00 | — |
| പ്രദർശന നികുതിയിൻ മേലുള്ള സർചാർജ്ജ് | 7 50 | 7.50 | — |
| ചന്ത വരവ് | 260801- | 240801- | 20000- |
| ലാൻറ് സെസ്സ് | — | — | — |
| ലൈസൻസ് ഫീസ് | 2512- | 2512- | — |
| കെട്ടിട നികുതി സർചാർജ്ജ് | — | — | — |
| വസ്തു കൈമാററ നികുതി 75% | 220973- | 220973- | — |
| വസ്തു കൈമാററ നികുതി 25% | 100000- | 100000- | — |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | 2224.25 | 2224.25 | — |
| സംഭാവന | — | — | — |
| ഡെപ്പോസിററ് | 28690- | 28690- | — |
| മററുള്ളവ | 1631843.20 | 1591843.20 | — |
| ആകെ | 2513532.20 | 2493532.20 | 20000- |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 603332.00 |
| പൊതുമരാമത്ത് | 250233.00 |
| വിദ്യാഭ്യാസം | 28194.35 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 268103.— |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 153256.00 |
| മററുള്ളവ | 1144890.00 |
| ആകെ | 2448008.35 |

## പൊതുസാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനകണക്ക് | കടംസംബന്ധിച്ചകണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 2089785.10 | 372345— | 30562— |
| ചെലവ് | 1674760.35 | 746390— | 26858— |

## പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാൻറ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | Rs. 200000/- | 14460/- | 185540/- | 200000/- |
| തോട് | Rs. 4000/- | | 4000/- | 4000/- |
| കെട്ടിടം | Rs. 6000/- | | 6000/- | [illegible]00/- |
| നടപ്പാലം | Rs. 43000/- | | 43000/- | 43000/- |
| മററുള്ളവ | Rs. 6000/- | | 6000/- | 6000/- |
| ആകെ | Rs. 259000/- | 14460/- | 244540/- | 259000/- |

# ഉപസംഹാരം



വികേന്ദ്രീകരണ ആസൂത്രണത്തിന്റെ മാർഗനിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചും ഗ്രാമസഭകളിൽ നിന്നും വികസനത്തെ സംബന്ധിച്ച് നിർദ്ദേശിച്ച കാര്യങ്ങളൊക്കെ ആവുന്നത്ര ക്രോഡീകരിച്ചും ആണ് 9-ാംപദ്ധതിയുടെ വികസന റിപ്പോർട്ട് തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്. നിലവിലുള്ള സാഹചര്യങ്ങളും, ഗ്രാമത്തിലെ വിഭവസ്രോതസുകളും, സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതവും, മററു സ്ഥാപനങ്ങളിൽ നിന്നും കിട്ടിയേക്കാവുന്ന സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട് നല്ലനാളേയ്ക്കുവേണ്ടി അവശ്യം വേണ്ടുന്ന കാര്യങ്ങളൊക്കെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. രാഷ്ട്രീയപ്രവർത്തകരും പല രംഗങ്ങളിലെ വിദഗ്ദ്ധരും അടങ്ങുന്ന ഗ്രാമആസൂത്രണ വികസന സമിതിയുടെ നേതൃത്വത്തിലാണ് ഗ്രാമത്തിന്റെ വികസന രേഖ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഗ്രാമതലത്തിൽ ചൂണ്ടിക്കാട്ടിയ ചെറുതും വലുതുമായ പ്രശ്നങ്ങൾക്കൊക്കെ വേണ്ടത്ര ശ്രദ്ധയും പരിഗണനയും നൽകുകയും പരിഹാരം തേടാൻ പര്യാപ്തമായ സമീപനങ്ങൾ വികസനരേഖയിൽ അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിജയം കുടികൊള്ളുന്നത് ജനങ്ങളുടെ മൊത്തത്തിലുള്ള പങ്കാളിത്തത്തിലും സഹകരണത്തിലുമാണെന്നകാര്യം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു,

ഇനിയും രൂപംകൊള്ളേണ്ട കർമ്മസമിതിയുനേതൃത്വത്തിൽ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് വികസനരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള പരിപാടികളൊക്കെ മുൻഗണനാക്രമത്തിലും ഘട്ടംഘട്ടമായും നടപ്പാക്കാൻ കഴിയുമെന്ന് കരുതുന്നു. അങ്ങനെ വിവിധ മേഖലകളിൽ ആർജ്ജിക്കാൻ കഴിയുന്ന പുരോഗതി ഗ്രാമജീവിതത്തിന് ഗുണകരമായി വർത്തിക്കുമെന്ന് പ്രത്യാശിക്കാം. ഗ്രാമീണസമ്പദ്ഘടന മെച്ചപ്പെടുത്താനും തദ്വാര സമഗ്രമായ വികസനത്തിനും അത് ഗണ്യമായി ഉപകരിക്കുമെന്നും ഉള്ള പ്രതീക്ഷയോടെ വികസന റിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളുന്നു,

220

# ഗ്രാമപഞ്ചായത്ത് ഭരണ സമിതി

| | | |
|---|---|---|
| **ശ്രീമതി ടാജി റോയി** | പ്രസിഡണ്ട് | 2–ാം വാർഡ് |
| **ശ്രീ. സേവി താന്നിപ്പിള്ളി** | വൈ. പ്രസിഡണ്ട് | 5–ാം ,, |
| ശ്രീ. കെ. വി. കണ്ടുകുഞ്ഞി | സ്ററാൻറിംഗ് കമ്മററി ചെയർമാൻ | 4–ാം ,, |
| ശ്രീ. പി. ആർ. മോഹനൻ | മെമ്പർ | 1–ാം വാർഡ് |
| ശ്രീ. ഗിരി നരനാട്ട് | ,, | 3–ാം ,, |
| ശ്രീമതി മേരി എബ്രഹാം | ,, | 6–ാം ,, |
| ശ്രീമതി ബേബി പരമേശ്വരൻ | ,, | 7–ാം ,, |
| ശ്രീമതി ഓമന സുകുമാരൻ | ,, | 8–ാം ,, |
| ശ്രീ. പി. എസ്. ഗോപാലകൃഷ്ണൻ | ,, | 9–ാം ,, |
| ശ്രീ. പി. എൻ കൊച്ചനയൻ | ,, | 10–ാം ,, |

## ഗ്രാമ പഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| 1. | ശ്രീമതി എം. ശങ്കരി | സെക്രട്ടറി |
| 2. | ശ്രീ. എം ആർ സത്യശീലൻ | ജൂനിയർ സൂപ്രണ്ട് |
| 3. | ശ്രീ. കെ. പി.ബാബു | യു. ഡി. ക്ലാർക്ക് |
| 4 | ശ്രീ. പി. ജി. മനോഹരൻ | ,, |
| 5 | ശ്രീമതി. വി. ജി. ആനന്ദവല്ലി | ,, |
| 6 | ശ്രീ. തോമസ് പി. ജോൺ | ഓവർസിയർ (2nd Grade) |
| 7 | ശ്രീ. കെ. കെ. പുരുഷോത്തമൻ | എൽ. ഡി. ക്ലാർക്ക് |
| 8 | ശ്രീ. പി. എസ്. നടരാജൻ | ,, |
| 9 | ശ്രീ. സി. എൻ. ലാലൻ | ,, |
| 10 | ശ്രീമതി. എൻ. കെ. സാവിത്രി | ,, |
| 11 | ശ്രീമതി. കെ. എ. ഹഫ്സ | പ്യൂൺ |
| 12 | ശ്രീ. എ. വി. ഗോപാലകൃഷ്ണൻ | ,, |
| 13 | ശ്രീമതി. എ. കെ. വനജ | എഫ്. ടി. സ്വീപ്പർ |
| 14 | ശ്രീമതി വി. കെ. സരോജിനി | ,, |

## റിപ്പോർട്ട് ക്രോഡീകരണം

ഡോക്ടർ കെ. എസ്. പുരുഷൻ
ശ്രീ. വി. എസ്. രവീന്ദ്രനാഥ് (DRP)
ശ്രീ. എ. കെ. ഹസൻമാസ്ററർ
ശ്രീ. വർഗീസ് മാത്തിപ്പറമ്പിൽ
ശ്രീ. വി. കെ. കമലേശൻ
ശ്രീ. പി. കെ. ഗോപി
ശ്രീ. എം. പി. അച്ചുതൻ (DRP)
ശ്രീ. കെ. ജി. നന്ദനകുമാരൻ (DRP)
ശ്രീ. എ. എൻ. ഗോപാലൻ (DRP)
ശ്രീ. കെ. നന്ദനമേനോൻ

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ



**എടവനക്കാട് ഗ്രാമപഞ്ചായത്ത്**


222

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## എടവനക്കാട്
## ഗ്രാമവികസന സെമിനാർ


സ്ഥലം:- എച്ച്.ഐ.എച്ച്.എസ്. എടവനക്കാട്

തീയതി:- 8-12-1996


VYPEEN ISLAND
AZEEKODE FISH CENTRE
CRANGANORE BAR
ARABIAN SEA
EROSION AFFECTED AREAS
BACKWATERS
MUNAMBAM
MUNAMBAM JETTY
PALLIPURAM JETTY
KOLOTUMKADAVU JETTY
PALLIPPURAM
TO PARUR
CHERAI JETTY
MAYNAPPILLI JETTY
AYYAMPILLY JETTY
CHERUVYPU JETTY
KUZUPPILLY
KUZUPPILLY JETTY
JETTY
EDAVANAKKAD
EDAVANAKKAD JETTY
NAYARAMBALAM
NARAKAL
MARSHY ACCRETION LANDS
ELANKUNNAPUZHA
KADAMAKUDY
CHERIAKADAMAKUDY
MOOLAMPILLY
CHERANALLUR
EDAKUNNAM
MULAVUKAD
PANABUKAD
GUNDU ISLAND
VYPEEN FERRY
FORT COCHIN
MATTANCHERI
WELLINGDON ISLAND
HIGH COURT JETTY
ERNAKULAM
PUBLIC JETTY
WATER PIPE LINE
TATA CO.
BURMA SHELL
PROPOSED BRIDGES & ROAD PROJECT UNDER III PLAN
VYPEEN-ERNAKULAM BRIDGES PROJECT PROPOSAL UNDER MASTER PLAN
VYPEEN-AZEEKODE BEACH ROAD PROPOSAL UNDER MASTER PLAN (FISHERIES)
VYPEEN-MUNAMBAM ROAD (EXISTING)
N
S

224

# EDAVANAKKAD PANCHAYAT



225

# അധികാരം ജനങ്ങളിലേക്ക്

- അധികാരവികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- ബഹുജന സഹകരണം അനിവാര്യം
- 35-40 ശതമാനം പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

## മുൻപഞ്ചായത്തു പ്രസിഡന്റുമാർ

| | | |
|---|---|---|
| 1. | ശ്രീ. ഇക്കണ്ടവാര്യർ | |
| 2. | ശ്രീ. ഡി.എൻ. പരമേശ്വര മേനോൻ | |
| 3. | ശ്രീ. വി.കെ. അബ്ദുല്ല | |
| 4. | ശ്രീ. വി.എ. അബ്ദുൾ കരീം | |
| 5. | ശ്രീ. പി.ആർ. നാരായണൻ | |
| 6. | ശ്രീ. കെ.പി. അംബ്രോസ് | |
| 7. | ശ്രീ. എം.കെ. കൃഷ്ണൻ | 16-8-1953 - 31-12-1962 |
| 8. | പഞ്ചായത്ത് ഇൻസ്പെക്ടർ | 1-1-1963 - 17-12-1963 |
| 9. | ശ്രീ. എം.വി. തോമസ് | 18-12-1963 - 31-8-1966 |
| 10. | ശ്രീ. കെ.കെ. ഇബ്രാഹിം | 19-10-1966 - 10-8-1979 |
| 11. | ശ്രീ. കെ.കെ. അബൂബക്കർ | 29-9-1979 - 31-10-1981 |
| 12. | ശ്രീ. കെ.കെ. സുരേന്ദ്രൻ | 11-11-1981 - 10-10-1983 |
| 13. | ശ്രീ.. കെ.എ. ജോസഫ് | 30-11-1983 - 28-9-1984 |
| 14. | ശ്രീ. താലൂക്ക് പഞ്ചായത്ത് ഓഫീസർ | 29-9-1984 - 8-2-1988 |
| 15. | ശ്രീ. എം.കെ. ശിവരാജൻ | 9-2-1988 - 30-9-1995 |
| | ഇപ്പോഴത്തെ പ്രസിഡന്റ് | |
| | ശ്രീമതി ആനന്ദവല്ലി ചെല്ലപ്പൻ | 4-10-1995 മുതൽ തുടരുന്നു |

## നിലവിലുള്ള ഭരണ സമിതി

| | | | |
|---|---|---|---|
| 1. | ആനന്ദവല്ലി ചെല്ലപ്പൻ | - | പ്രസിഡന്റ് |
| 2. | വി.കെ. ബീരാവുണ്ണി | - | വൈസ് പ്രസിഡന്റ് |
| 3. | വി.കെ. ഇക്ബാൽ | - | സ്റ്റാൻഡിംക് കമ്മറ്റി ചെയർമാൻ |
| 4. | സതിജിനേഷ് | - | മെമ്പർ |
| 5. | കെ.കെ. ബേബി | - | മെമ്പർ |
| 6. | എം.കെ. ശിവരാജൻ | - | മെമ്പർ |
| 7. | കെ.ജെ. ആൽബി | - | മെമ്പർ |
| 8. | സരള ബാബു | - | മെമ്പർ |
| 9. | ട്രീസാ വർഗ്ഗീസ് | - | മെമ്പർ |
| 10. | ഏ.കെ. സരസൻ | - | മെമ്പർ |

# വികസനരേഖ തയ്യാറാക്കിയവർ

| | | |
|---|---|---|
| 1. | ആനന്ദവല്ലി ചെല്ലപ്പൻ | പ്രസിഡന്റ് |
| 2. | വി.കെ. ബീരാവുണ്ണി | വൈസ് പ്രസിന്റ് |
| 3. | വി.കെ. ഇക്ബാൽ | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ |
| 4. | സതി ജിനേഷ് | 1–ാം വാർഡ് മെമ്പർ |
| 5. | കെ.കെ. ബേബി | 2–ാം വാർഡ് മെമ്പർ |
| 6. | എം.കെ. ശിവരാജൻ | 3–ാം വാർഡ് മെമ്പർ |
| 7. | കെ.ജെ. ആൽബി | 6–ാം വാർഡ് മെമ്പർ |
| 8. | സരള ബാബു | 7–ാം വാർഡ് മെമ്പർ |
| 9. | ട്രീസ വർഗ്ഗീസ് | 9–ാം വാർഡ് മെമ്പർ |
| 10. | ഏ.കെ. സരസൻ | 10–ാം വാർഡ് മെമ്പർ |
| 11. | കെ.കെ. ഇസഹാക്ക് | ബ്ലോക്ക് വൈസ് പ്രസിഡന്റ് |
| 12. | ടി.എ. അശോകൻ | D.R.P. |
| 13. | കെ.പി. കൃഷ്ണൻകുട്ടിമാസ്റ്റർ | D.R.P. |
| 14. | രാധാകൃഷ്ണൻ മാസ്റ്റർ | D.R.P. |
| 15. | എം.കെ. ഹനീഫ മാസ്റ്റർ | D.R.P. |
| 16. | എ.കെ. കണ്ടൻ കോരൻ മാസ്റ്റർ | P.R.P. |
| 17. | ടി.എം. ഗോവിന്ദൻ മാസ്റ്റർ | P.R.P. |

# സമർപ്പണം

*പ്രിയ ഗ്രാമ വാസികളെ,*

*എടവനക്കാട് ഗ്രാമ പഞ്ചായത്തിന്റെ വികസന ചരിത്രത്തിൽ "ജനകീയ ആസൂത്രണ പ്രക്രിയയിലൂടെ ഒരു നൂതനാദ്ധ്യായത്തിന് നാം തുടക്കം കുറിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാവിഭാഗം ജനങ്ങളുടെയും കൂട്ടായ സഹകരണം നേടുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.*

*കേരളത്തിലെമ്പാടും നടക്കുന്ന ഈ ജനകീയ പരിപാടിയടെ ഓരോ ഘട്ടത്തിന്റെയും വിജയത്തിന് നമ്മുടെ പഞ്ചായത്തിൽ നേതൃത്വം നൽകുന്ന വികസന സന്നദ്ധ പ്രവർത്തനകർക്ക് വിവിധ തലത്തിലുള്ള പരിശീലനം നല്കുകയുണ്ടായി. പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് കലവറയില്ലാത്ത പിന്തുണ പ്രതീക്ഷിക്കുന്നു.*

*ഗ്രാമ സഭകളിലൂടെ ഉയർന്നുവന്ന വികസന നിർദ്ദേശങ്ങൾ ഒമ്പതാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതവും, പഞ്ചായത്തുകൾക്ക് തനതായി ലഭിക്കാവുന്നതും, സന്നദ്ധ സംഘടനകളുടെയം കൂട്ടായ്മയും കൈമുതലാക്കി പ്രാവർത്തികമാക്കുക എന്നതാണ് ജനകീയാസൂത്രണം കൊണ്ട് ലക്ഷ്യമാക്കുന്നത്.*

*ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പഞ്ചായത്തിൽ തലങ്ങും വിലങ്ങും പര്യടനം നടത്തിയതിൽ നിന്നും ലഭിച്ച വിലപ്പെട്ട വിവരങ്ങളും വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ഗ്രാമത്തിലെ പ്രായമായവരിൽ നിന്നും ശേഖരിക്കാൻ കഴിഞ്ഞ വാമൊഴികളും, വിദ്യാഭ്യാസസ്ഥാനരങ്ങളിൽ നിന്നും, മറ്റു ഡിപ്പാർട്ട്മെന്റ് ആഫീസുകളിൽ നിന്നും ലഭിച്ച വിവരങ്ങളും ചരിത്ര രേഖകളും മറ്റുവരമൊഴികളും അടിസ്ഥാനമാക്കി തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ പ്രതിഫലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

*പ്രിയമുള്ളവരെ, ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹായിച്ച പഞ്ചായത്തിലെ കാരണവന്മാർ സാമൂഹ്യ സാസ്കാരിക, വിദ്യാഭ്യാസ, രാഷ്ട്രീയ പ്രവർത്തകർ ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ അംഗൻവാടി പ്രവർത്തകർ തുടങ്ങി ഒട്ടേറെപേരുടെ നിസ്വാർത്ഥ സേവനത്തെ നന്ദി പൂർവ്വം സ്മരിച്ചുകൊണ്ട് നിങ്ങളുടെ വിലയിരുത്തലിലൂടെ ഇത് സംപുഷ്ടമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എടവനക്കാട് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുമായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.*

**ടി.എ. അശോകൻ**
*കോ-ഓർഡിനേറ്റർ*

**ആനന്ദവല്ലി ചെല്ലപ്പൻ**
*ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്*
*എടവനക്കാട്*

# ജനകീയ ആസൂത്രണം രണ്ടാംഘട്ടം
## സെമിനാർ, കൈപുസ്തകം

## INDEX


1. ആമുഖം
2. ചരിത്രാവലോകനം
3. പ്രഥമിക മേഖല
   1. കൃഷിയും ജലസേചനവും
   2. മൃഗസംരക്ഷണം
   3. മത്സ്യബന്ധനം
4. ദ്വിതീയ മേഖല:
   1. വ്യവസായം
   2. ഊർജ്ജം
   3. ഗതാഗതം
   4. പാർപ്പിടം
5. സേവനങ്ങളും, ക്ഷേമ പ്രവർത്തനങ്ങളും:-
   1. ആരോഗ്യം
   2. കുടിവെള്ളം
   3. വിദ്യാഭ്യാസം
   4. സംസ്കാരം
   5. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
   6. വനിതക്ഷേമം
   7. സാമൂഹ്യക്ഷേമം
   8. വനം
   9. സഹകരണ മേഖല
6. വിഭവ സമാഹരണം

# ആമുഖം

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിൽ അധികാരത്തിൽ വന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾ വിവിധതരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, ഈ പദ്ധതികൾ ഓരോ പ്രദേശത്തിനും അനുയോജ്യമായ വിധത്തിലും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നവിധത്തിലും ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കാര്യത്തിൽ നമ്മുടെ ഭരണാധികാരികളും ആസൂത്രണ വിദഗ്ധരും വേണ്ടത്ര വിജയിച്ചില്ല. തന്മൂലം ഓരോ പഞ്ചവത്സര പദ്ധതി കഴിയുമ്പോഴും ലക്ഷ്യവും നേട്ടവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവന്നു. ജനങ്ങളിലേക്ക് ഇങ്ങിചെന്ന് അവരുടെ ആശയാഭിലാഷങ്ങൾ ആരാഞ്ഞ് പദ്ധതി നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനോ പദ്ധതികളുടെ നടത്തിപ്പിൽ ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാക്കുന്നതിനോ കഴിയാതിരുന്നതാണ് പദ്ധതികൾ വേണ്ടത്ര വിജയിക്കാതിരിക്കാൻ കാരണം.

"9-താം പദ്ധതി ജനകീയപദ്ധതി" എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് കേരള സർക്കാരും സംസ്ഥാന ആസൂത്രണബോർഡും 1997- ഏപ്രിൽ മാസം മുതൽ ആരംഭിക്കുന്ന അടുത്ത പഞ്ചവത്സരപദ്ധതിക്ക് രൂപംകൊടുക്കുന്നത്.

സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 30-40 ശതമാനം വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് ജനകീയ ആസൂത്രണ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന വികസന നിർദ്ദേശങ്ങൾ നടപ്പാക്കുക എന്നതാണ് ഉദ്ദേശിച്ചിരിക്കുന്നത്. പ്രാദേശിക വിഭവങ്ങൾകൂടി സമാഹരിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കി ജനപങ്കാളിത്തം ഉറപ്പാക്കി അഴിമതി മുക്തമായി വികസന പദ്ധതികൾ നടപ്പാക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്.

1995 ഒക്ടോബർ 4-ാം തീയതിയാണ് നിലവിലുള്ള പഞ്ചായത്ത് സമിതി അധികാരത്തിലേറിയത്. '96 ഫെബ്രുവരി മാസത്തിൽ പഞ്ചായത്തുരാജ് നിയമം അനുസരിച്ചുള്ള ഗ്രാമസഭകൾ എല്ലാ വാർഡുകളിലും കൂടുകയുണ്ടായി ഈ ഗ്രാമ ലഭകളിൽ നിന്നും ഉയർന്നുവന്ന വികസന നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ സാമ്പത്തികവും ഭരണപരവുമായ പരിധിക്കുള്ളിൽനിന്നുകൊണ്ട് പ്രാവർത്തികമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ജനകീയാസൂത്രണ പ്രക്രിയയിലൂടെ വികസനപദ്ധതികൾക്ക് രൂപം നല്കാൻ സർക്കാർ തീരുമാനിച്ചത്. ഈ പരിപാടികൾക്ക് പഞ്ചായത്തുതലത്തിൽ നേതൃത്വം നല്കുന്നതിനും പഞ്ചായത്തുതലപ്രവർത്തകർക്ക് പരിശീലനം നല്കുന്നതിനും വേണ്ടി സർവ്വശ്രീ. ടി.എ. അശോകൻ, കെ.പി. കൃഷ്ണൻകുട്ടി മാസ്റ്റർ, സി.കെ. രാധാകൃഷ്ണൻ മാസ്റ്റർ, എം.കെ. ഹനീഫ മാസ്റ്റർ എന്നിവരെ ജില്ലാതലപരിശീലനത്തിന് നിയോഗിക്കുകയുണ്ടായി. തുടർന്ന് 15-9-96-ന് പഞ്ചായത്തുതല പ്രവർത്തകർക്ക് ആദ്യഘട്ട പരിശീലനം നല്കി.

'96 സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ "ജനകീയ ആസൂത്രണ"ത്തിനു വേണ്ടിയുള്ള പ്രത്യേകഗ്രാമ സഭകൾ കൂടുകയുണ്ടായി. 29-9-96-ൽ 10-ാം വാർഡിൽ ഞാറക്കൽ എം.എൽ.എ. ഡോക്ടർ എം.എ. കുട്ടപ്പനും 2-ാം വാർഡിൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ അപ്പുട്ടി അവർകളും എല്ലാ വാർഡുകളിലും വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കെ.കെ. ഇസഹാക്കും പങ്കെടുക്കുകയുണ്ടായി. ഈ ഗ്രാമസഭകളിലെ വിവിധ ഗ്രൂപ്പുചർച്ചകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ടാക്കി അതതു ഗ്രാമസഭകളിൽ അവതരിപ്പിച്ച പാസ്സാക്കി. '96 ഒക്ടോബറിൽ 24, 25, 26 തീയതികളിൽ മാലിപ്പുറത്ത് കർത്തേടം സഹകരണ ഓഡിറ്റോറിയത്തിൽവെച്ച് ജില്ലാതല പരിശീലകർക്കും പഞ്ചായത്തു മെമ്പർമാർക്കും ഉദ്യോഗസ്ഥന്മാർക്കും രണ്ടാം ഘട്ടം പരിശീലനം ലഭിക്കുകയുണ്ടായി.

ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളപിറവി ദിനമായ നവംബർ 1 പുനരർപ്പണ ദിനമായി ആചരിക്കണമെന്ന സംസ്ഥാന ആസൂത്രണ സമിതിയുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ ഗ്രാമത്തിലെ 2-ാം വാർഡ് മിച്ചഭൂമി കോളനിറോഡ്, 8-ാം വാർഡ് ബാങ്ക് റോഡ്, സൗത്ത് വെസ്റ്റ് എക്സറ്റൻഷൻ 10-ാം

വാർഡ് മുരിപ്പാടം റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടെ ആരംഭിക്കുകയുണ്ടായി. പുനരർപ്പണ ദിനനിർമ്മാണ പ്രവർത്തനങ്ങൾ ബഹു: എം.എൽ.എ. ഡോ: എം.എ. കുട്ടപ്പൻ അവർകൾ 8–ാം വാർഡ് റോഡ് നിർമ്മാണം ഉദ്ഘാടനം ചെയ്തുകൊണ്ട് നിർവ്വഹിച്ചു.

5–11–96ൽ പഞ്ചായത്തു കോൺഫറൻസു ഹാളിൽ വെച്ച് പഞ്ചായത്തുതല പ്രവർത്തകർക്കുവേണ്ടി വികസനറിപ്പോർട്ട് തയ്യാറാക്കുന്നതു സംബന്ധിച്ച് ഒരു ശില്പശാല നടത്തുകയുണ്ടായി. വികസന സെമിനാർ നടത്തുന്നതിനുവേണ്ടി അന്നുതന്നെ പഞ്ചായത്തു പ്രസിഡണ്ട് ചെയർപേഴ്സൺ ആയി വിപുലമായ ഒരു സ്വാഗതസംഘം രൂപീകരിച്ചു. വിവിധ സബ്ബ് കമ്മറ്റികളും രൂപീകരിക്കുകയുണ്ടായി.

പഞ്ചായത്തു തലത്തിലുള്ള പ്രാഥമിക വിവര ശേഖരണത്തിനുവേണ്ടി പഞ്ചായത്തു മെമ്പർമാരുടെ നേതൃത്വത്തിൽ പഠനപര്യടനം നടത്തുകയുണ്ടായി. തുടർന്ന് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ദ്വിതീയ വിവര ശേഖരണം നടത്തി. പ്രസ്തുത വിവരങ്ങൾ എല്ലാം ക്രോഡീകരിച്ചുകൊണ്ടാണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഈ വികസന സെമിനാറിൽ നിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് വികസന പദ്ധതികൾക്ക് രൂപംകൊടുക്കുന്നതിനു വേണ്ടിയുള്ള വിദഗ്ധസമിതിയും പദ്ധതി നടത്തിപ്പിനുള്ള കർമ്മസമിതിയും കൂടി ഇനി രൂപീകരിക്കേണ്ടതുണ്ട്.

തുടർന്ന് ഉണ്ടാകേണ്ട പ്രവർത്തനങ്ങൾ ചിട്ടയായും സമയബന്ധിതമായും നീക്കേണ്ടതുണ്ട്. ഈ മഹത്തായ വികസനയജ്ഞത്തിൽ വികസന പ്രവർത്തകരുടെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെയും മുഴുവൻ ഗ്രാമവാസികളുടെയും സർവ്വാത്മനായുള്ള സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## വിശേഷാൽ ഗ്രാമസഭകളുടെ വിവരണം

| വാർഡ് നമ്പർ | യോഗസ്ഥലം | തീയതി | വോട്ടർമാർ | പങ്കെടുത്തവർ ആകെ ആകെ | പു. | സ്ത്രീ | scf st |
|---|---|---|---|---|---|---|---|
| 1. | S.N.S.S.S.S. സംഘം | 12–10–96 | 2152 | 176 | 148 | 28 | 23 |
| 2. | S.P. സഭാ L.P. School | 12–10–96 | 873 | 104 | 90 | 14 | 13 |
| 3. | ലാബേലിയ ക്ലബ് | 13–10–96 | 1666 | 167 | 136 | 31 | 93 |
| 4. | H.I.H.S | 29–9–96 | 1060 | 75 | 68 | 7 | 5 |
| 5. | S.P. സഭാ. L.P. School | 6–10–96 | 1093 | 95 | 86 | 9 | 48 |
| 6. | K.P.M.H.S. | 6–10–96 | 1959 | 148 | 1119 | 29 | 16 |
| 7. | നവോദയ വായനശാല | 12–10–96 | 973 | 141 | 91 | 50 | 91 |
| 8. | സെന്റ് അംബ്രോസ് എൽ.പി.സ്കൂൾ | 2–10–96 | 662 | 95 | 73 | 22 | 6 |
| 9. | ചക്കാട്ടിൽ സെബാസ്റ്റിന്റ് വീടിന് സമീപം | 13–10–96 | 1540 | 67 | 53 | 14 | 5 |
| 10. | ധീവരസഭ ഓഫീസ് | 29–9–96 | 2189 | 85 | 84 | 1 | 2 |
| | | | 14167 | 1153 | 948 | 205 | 302 |
| | | | | 8.14% | 82.22% | 17.78% | 26.19% |

# ചരിത്രാവലോകനം

## എടവനക്കാട് ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട് 1996

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | – | എടവനക്കാട് |
| ഉൾപ്പെടുന്ന വില്ലേജ് | – | എടവനക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – | എവനക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | – | വൈപ്പിൻ |
| താലൂക്ക് | – | കൊച്ചി |
| റവന്യു ജില്ല | – | എറണാകുളം |
| അസംബ്ലി നിയോജകമണ്ഡലം | – | ഞാറക്കൽ |
| പാർലിമെന്റ് നിയോജകമണ്ഡലം | – | എറണാകുളം |
| വിസ്തീർണ്ണം | – | 11.52 ച.കി.മീ. |
| അതിരുകൾ | – | വടക്ക് കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | – | കടക്കരക്കായൽ |
| തെക്ക് | – | നായരമ്പലം ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | – | അറബിക്കടൽ |
| ജനസംഖ്യ | – | 20546 (1996) |
| സ്ത്രീകൾ | – | 10544 |
| പുരുഷന്മാർ | – | 10002 |
| പട്ടികജാതിക്കാർ | – | 3797 |
| പട്ടികവർഗ്ഗക്കാർ | – | 7 |
| വാർഡുകൾ | – | 10 |
| പ്രസിഡന്റിന്റെ പേര് | – | ആനന്ദവല്ലി ചെല്ലപ്പൻ |
| വൈസ് പ്രസിഡന്റ് | – | വി.കെ. വീരാവുണ്ണി |

# എടവനക്കാട് ഗ്രാമപഞ്ചായത്തു

## ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

എറണാകുളം കായലിൽ ഏതാണ്ട് സമാന്തരമായി കിടക്കുന്ന പ്രധാന ദ്വീപുകളായ തന്തോന്നി, മുളവുകാട് (ബോൾഗാട്ടി) പനമ്പുകാട്, വൈപ്പിൻ എന്നിവയിൽ ഏറ്റവും പടിഞ്ഞാറായി കിടക്കുന്ന ദ്വീപാണ് വൈപ്പിൻകര. അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി തുറമുഖത്തിനും ഒരു കാലഘട്ടത്തിൽ ഇന്ത്യയുടെ പശ്ചിമ തീരത്തെ ഏറ്റവും പ്രധാനപ്പെട്ട വിദേശവാണിജ്യ കേന്ദ്രമായിരുന്ന മുസിരിസ് എന്ന കൊടുങ്ങല്ലൂരിനും ഇടയിലായി 25 കി.മീ. നീളത്തിലും ശരാശരി 2 കി.മീ. വീതിയിലും കിടക്കുന്ന ജനസാന്ദ്രമായ വൈപ്പിൻകരയുടെ ഏതാണ്ട് മദ്ധ്യത്തിലായിട്ടാണ് എടവനക്കാട് ഗ്രാമം സ്ഥിതിചെയ്യുന്നത്.

എടവനക്കാടിനെക്കുറിച്ച് പ്രതിപാദിക്കുന്നതിന് മുമ്പ് വൈപ്പിൻ കരയുടെ ഉൽപ്പത്തിവിശേഷം സൂചിപ്പിക്കട്ടെ.

പണ്ട് സമുദ്രം ഇപ്പോഴത്തെ കായലുകളുടെ കിഴക്കേക്കരവരെ വ്യാപിച്ചിരുന്നതായി ഊഹിക്കപ്പെടുന്നു. കായലിന്റെ കിഴക്കേക്കരക്ക് കടക്കര (കടൽക്കര) ഏഴിക്കര (ആഴിക്കര) എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്! ഇതിൽ നിന്ന് വൈപ്പിൻകര പ്രദേശങ്ങൾ സമുദ്രഭാഗമായിരുന്നുവെന്ന് സ്പഷ്ടമാണല്ലോ. കടൽ വെച്ചുണ്ടായ ഭൂമി എന്ന അർത്ഥത്തിൽ ഈ പ്രദേശം "വൈപ്പുകൾ" എന്നു വിളിക്കപ്പെട്ട് പോന്നിരിക്കണം. ഇംഗ്ലീഷുകാരുടെ വരവിനു ശേഷം "വൈപ്പിൻ" എന്നായിതീർന്നു. പിന്നീട് 'കര'കൂടിചേർന്നപ്പോൾ "വൈപ്പിൻകര" യായിമാറി. കേരള സ്റ്റേറ്റ് മാനുവൽ - കൊല്ലവർഷം 1086 Vol IV 1910 P.3)

എ.ഡി. 1341-ൽ പെരിയാറിൽ ഉണ്ടായ അതിശക്തമായ വെള്ളപ്പൊക്കത്തോട് കൂടിയാണ് വൈപ്പിൻകര ഉടലെടുത്തതെന്നാണ് കരുതപ്പെടുന്നത്! എന്നാൽ അതിന് മുമ്പ് തന്നെ ദീർഘകാലമായി നദി ഒഴുക്കികൊണ്ട് വന്നിട്ടുള്ള എക്കലും മണ്ണും ഈ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയിട്ടുണ്ടാകണം. ഇപ്രകാരം വൈപ്പിൻകര രൂപപ്പെട്ടുവരുന്നതിന് മുമ്പ്തന്നെ നെടുങ്ങാട്, പുക്കാട്, എളങ്കുന്നപ്പുഴ, മഞ്ഞനക്കാട്, ഓച്ചന്തുരുത്ത് തുടങ്ങിയ പ്രദേശങ്ങൾ ഉണ്ടായിരുന്നു എന്നാണ് നിഗമനം. വെള്ളപ്പൊക്കത്തോട് കൂടി ഈ പ്രദേശങ്ങളെല്ലാം പരസ്പരം ബന്ധിക്കപ്പെടുകയും, വിപുലീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടാകും. ക്രമേണ സമുദ്രം പിൻവാങ്ങുകയും കൂടിചെയ്തപ്പോൾ ഇപ്പോഴത്തെ വൈപ്പിൻകര രൂപപ്പെടുകയായിരുന്നു.

കടലിനും കായലിനും മധ്യേയുള്ള ഈ പ്രദേശം നാട്ടുരാജാക്കന്മാർ തമ്മിലും വിദേശികൾ തമ്മിലും നിരവധി യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

എ.ഡി. 1503-ൽ പോർട്ടുഗീസുകാർ സ്ഥാപിച്ച് ഒരു കോട്ട വൈപ്പിൻകരയുടെ വടക്കേ അറ്റത്തുള്ള പള്ളിപ്പുറത്ത് ഇന്നും വലിയ കേടുപാടുകളൊന്നുമില്ലാതെ നിലകൊള്ളുന്നു. 1663-ൽ പോർട്ടുഗീസുക്രാർ ഈ കോട്ട ഡച്ചുകാർക്ക് വിട്ടുകൊടുത്തു. പിന്നീട് 1789-ൽ തിരുവിതാംകൂറിലെ വലിയ ദിവാൻജി ആയിരുന്ന വേലുത്തമ്പി ദളവയുടെ സമർത്ഥമായ ഇടപെടലിനെ തുടർന്നു തിരുവിതാംകൂർ രാജാവ് ഡച്ചുകാരിൽ നിന്നും കോട്ട വിലക്കുവാങ്ങി പള്ളിപ്പുറം പള്ളിയുടെ തെക്കുഭാഗം മുതൽ വടക്കോട്ട് കൊടുങ്ങല്ലൂർ ആഴിവരെയുള്ള പ്രദേശം തിരുവിതാംകൂർ രാജാവിന്റെതായി കൊച്ചിയേയും തിരുവിതാംകൂറിനെയും വേർതിരിക്കുന്ന അതിർത്തിക്കല്ല് (കൊ.തി. കല്ല്) ഇന്നും അവിടെ കാണാം. രസകരമായ മറ്റൊരു കാര്യം പള്ളിപ്പുറത്ത് ലിറ്റിൽ ഫ്ളവർ കോൺവന്റ് സ്ഥിതിചെയ്യുന്ന സ്ഥലം ബ്രിട്ടീഷ് മലബാറിന്റെതായിട്ടുണ്ടായിരുന്നു എന്നതാണ്.

വൈപ്പിൻകരയുടെ മുഴുവൻ അവകാശങ്ങളും എ.ഡി. 1654-ാമാണ്ടിൽ (കൊല്ലവർഷം 829-ൽ) കൊച്ചി തമ്പുരാൻ തന്റെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ഛന് അട്ടിപ്പേറായി നൽകി എന്ന് ലോഗന്റെ മലബാർ മാനുവലിൽ പറയുന്നു. പിൽക്കാലത്ത് പാലിയത്തച്ഛൻ മറ്റുപല ഫ്യൂഡൽ പ്രമാണിമാർക്കും നൽകിയിരിക്കണം. ഈ ഫ്യൂഡൽ പ്രഭുക്കന്മാരിൽ നിന്നും ഇടപ്രഭുക്കന്മാരും കൃഷിക്കാരും ഭൂമി പാട്ടത്തിന് വാങ്ങി

കൃഷിചെയ്യുവാൻ തുടങ്ങി എന്ന് വിശ്വസിക്കപ്പെടുന്നു. എ.ഡി. 1860 മുതൽ 1879വരെ കൊച്ചിയിലെ ദിവാനായിരുന്നു തോട്ടക്കാട്ടു ശങ്കുണ്ണിമേനോൻ വൈപ്പിൻകരയിൽ ചിറകൾ കെട്ടിക്കുകയും വെള്ളം വാർന്നുപോകുന്നതിന് തോടുകൾ നിർമ്മിക്കുകയും ചെയ്തതു നിമിത്തം ഒട്ടേറെ പ്രദേശം നെൽകൃഷിയോഗ്യമായി ത്തീർന്നു. (കൊച്ചിൻ സ്റ്റേറ്റ് മാനുവൽ – പേജ് 308).

നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ പേരിൽ തന്നെ ഒരു വൈചിത്ര്യം ദൃശ്യമാണ് വനവും കാടും ഒരുമിച്ചു ചേരുന്നതിനാൽ അസ്വാഭാവികതയുണ്ട്. സ്ഥലനാമത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ "എടവനക്കാട്" എന്നത് കുടിയേറിയ നാമമാണെന്നാണ് മനസ്സിലാകുന്നത്! പള്ളിപ്പുറം വില്ലേജിൽ സർവ്വേ നമ്പർ 178 എന്ന നിലത്തിന്റെ (പള്ളിപ്പുറം S.S.R. 1901) ഉടമ ഒരു എടവന പറമ്പാടി കുഞ്ഞുണ്ണി മേനോൻ എന്ന് കാണുന്നത് കൊണ്ട് എടവന എന്ന തറവാട്ട് പേരിൽ നിന്നുണ്ടായതാണ് എടവനക്കാട് എന്ന് ഊഹിക്കാം. അദ്യകാലത്ത് ഇവിടെ കണ്ടൽക്കാടുകളും ഉപ്പുത്തക്കാടുകളും നിറഞ്ഞ പ്രദേശമായിരുന്നു. (കേരളത്തിലെ സ്ഥലനാമങ്ങൾ – എറണാകുളം ജില്ല – വി.വി.കെ. വാലത്ത്: പേജ് 263 Published in 1991)

## ഭൂപ്രകൃതി കാലാവസ്ഥ

1152 ച.കി.മീ.വിസ്തീർണ്ണമുള്ള എടവനക്കാട് ഗ്രാമപഞ്ചായത്ത് ഏതാണ്ട് സമചതുരത്തിൽ കിടക്കുന്നു. കിഴക്കുഭാഗത്തുള്ള കായലിനോട് ചേർന്നു നെൽപാടങ്ങൾ സ്ഥിതിചെയ്യുന്നു. ഫലപുഷ്ടമായ ഇവിടത്തെ പാടശേഖരങ്ങളിൽ വളപ്രയോഗം നടത്താതെ തന്നെയാണ് കർഷകർ കൃഷിചെയ്യുന്നത്. (വലിയൊരു ഭാഗം കർഷക തൊഴിലാളികളും നെൽപ്പാടങ്ങളോട് ചേർന്ന സ്ഥലങ്ങളിലാണ് താമസിക്കുന്നത്!)

ഈ പാടശേഖരങ്ങൾക്ക് പടിഞ്ഞാറായി വൈപ്പിൻ പള്ളിപ്പുറം റോഡിന് ഇരുവശങ്ങളിലുമായിട്ടാണ് ഭൂരിഭാഗം ജനങ്ങളും തിങ്ങിപ്പാർക്കുന്നത്! സമുദ്രതീരത്തോട് ചേർന്നുള്ള തീരപ്രദേശങ്ങളിൽ മത്സ്യബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾ അധിവസിക്കുന്നു. തീരത്തു നിന്നും ഉള്ളിലേക്ക് മാറിയുള്ള പ്രദേശത്ത് കുറച്ച് നെൽപാടങ്ങളുണ്ട്.

നെൽകൃഷി ചെയ്യുന്ന സ്ഥലം ചതുപ്പ് നിലങ്ങളായും ജനവാസകേന്ദ്രങ്ങളായും തെങ്ങിൻ തോപ്പുകളും സമുദ്രതീരപ്രദേശങ്ങളും സമതല ഭൂമിയായിട്ടും സ്ഥിതിചെയ്യുന്നു. ഇടവപ്പാതി എന്നു പറയപ്പെടുന്ന കാലവർഷം ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് ലഭിക്കുന്നത്. ജൂൺ, ജൂലൈ, മാസങ്ങളിൽ കാലവർഷം ശക്തമാണ്. ഒക്ടോബർ നവംബർ മാസങ്ങളിലായി അല്പം മഴകൂടി നമുക്ക് ലഭിക്കുന്നുണ്ട്. തുലാവർഷം എന്നാണ് നാം ഇതിനെ വിശേഷിപ്പിക്കുന്നതും. ശരാശരി വർഷപാതം 200–250 സെ.മീറ്ററാണ്. ഡിസംബർ, ജനുവരി, ഫെബ്രുവരി, മാസങ്ങളിൽ ചെറിയൊരു ശീതകാലവും ഇവിടെ അനുഭവപ്പെടുന്നു. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ കടത്ത ചൂടും വരൾച്ചയും അനുഭവപ്പെടുന്ന കാലവുമാണ്.

സാമാന്യം നല്ലവർഷപാതം ലഭിക്കുന്ന ഈ ഗ്രാമത്തിൽ നെല്ല്, തെങ്ങ് എന്നിവയാണ് മുഖ്യ കൃഷി. കൂടാതെ കവുങ്ങ്, വാഴ, കരുമുളക് എന്നിവയും ചെറിയതോതിൽ കൃഷിചെയ്യുന്നുണ്ട്. കാലവർഷാരംഭത്തോടെ നെൽകൃഷി ആരംഭിക്കുന്നു. വിളവെടുപ്പു കഴിഞ്ഞാൽ (നവംബർ മുതൽ ഏപ്രിൽവരെ) മത്സ്യബന്ധനം (ചെമ്മീൻ കെട്ട്) നടത്തുന്നതിനാൽ കർഷകർക്ക് സാമാന്യം നല്ല വരുമാനം ലഭിക്കുന്നു. കാർഷികചെലവ് വർദ്ധിക്കുകയും, കൃഷിയിൽ നിന്നുള്ള വരുമാനം കുറയുകയും ചെയ്തിട്ടുണ്ടെങ്കിലും ചെമ്മീൻ കെട്ടിൽനിന്നും വരുമാനം ലഭിക്കുന്നതുമൂലമാണ് പലരും നെൽകൃഷി തുടർന്ന് കൊണ്ടുപോകുന്നത്.

ഏതാണ്ട് 200 ഏക്കറോളം വരുന്ന പ്രസിദ്ധമായ കണ്ണപിള്ള കെട്ട് ഈ ഗ്രാമത്തിലാണ്. ഇത് കൂടാതെ മറ്റപ്രധാനപ്പെട്ട പലകെട്ടുകളും ഈ ഗ്രാമത്തിലുണ്ട്.

ഒരു കാലത്ത് ചെത്തു തൊഴിലാളികൾ ഇവിടെ ധാരാളമുണ്ടായിരുന്നു. നിരവധിയാളുകൾ കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചിരുന്നു. എന്നാൽ തെങ്ങുകൾക്ക് കാറ്റുവീഴ്ച രോഗം വ്യാപകമായതിനെ തുടർന്ന് ചെത്തുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഖ്യ ഗണ്യമായി ചുരുങ്ങി. കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും നിർമ്മാണവും നാമാവശേഷമായി.

എടവനക്കാട് ഗ്രാമപഞ്ചായത്തിൽ വൈപ്പിൻ – പള്ളിപ്പുറം റോഡ് മാത്രമാണ് സുഗമമായ ഗതാഗതത്തിനുള്ള ഏക അവലംബം നിരവധി പഞ്ചായത്ത് റോഡുകൾ ഉൾഭാഗങ്ങളിലേക്കും ചെന്നെത്തുവാൻ സഹായിക്കുന്നു. കിഴക്ക് പടിഞ്ഞാറായി വടക്കുനിന്നും തെക്കോട്ട് യഥാക്രമം ചാത്തങ്ങാട്ട് തോട്, പഴങ്ങാട് തോട്, അണിയിൽ തോട്, എന്നിവ കിഴക്കുഭാഗത്തുള്ള കായലുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ തോടുകൾക്ക് കുറുകേയുള്ള പാലങ്ങൾക്ക് വീതി കുറവായതുമൂലം ഗതാഗതത്തിന്റെ പ്രശ്നം അത്യന്തരം ഗുരുതരമാണ്.

## ഗതകാലത്തേക്കൊരു തിരിഞ്ഞുനോട്ടം:-

ഈ നൂറ്റാണ്ടാരംഭത്തിൽ പ്രത്യേകതകളേറെയൊന്നും അവകാശപ്പെടാനില്ലാത്ത ഒരു കുഗ്രാമമായിരുന്നിരിക്കണം എടവനക്കാട്. ഒട്ടേറെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളുമായി കഴിഞ്ഞുകൂടിയവരായിരുന്നു ഇവിടെ ജീവിച്ചവർ. ക്രിസ്ത്യാനികളും മുസ്ലീംങ്ങളും ഹിന്ദുക്കളോടൊപ്പം ഇവിടത്തെ ജനസഞ്ചയത്തിൽ ഉൾപ്പെട്ടിരുന്നു.

ഹിന്ദുക്കൾ നിരവധി ജാതികളിൽപ്പെടുന്നവർ ഇവിടെയുണ്ട്. ഭിന്നജാതിക്കാർക്കിടയിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അതിശക്തമായി നിലനിന്നിരുന്നു.

ശ്രീനാരായണ ഗുരുവിന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ സഹോദരൻ അയ്യപ്പന്റെയും പ്രവർത്തനങ്ങൾ ഇവിടെയും അലയടികൾ ഉളവാക്കി. ഇതോടൊപ്പം പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളും വളർന്നുവരാൻ ഇടയായി! ഇവയെല്ലാം സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതികരിക്കുവാൻ ചിലരെയെങ്കിലും പ്രേരിപ്പിച്ചു. സാമൂഹ്യമാറ്റത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസ വ്യാപനം സഹായിച്ചു.

വിവിധ മതക്കാരുടേയും ജാതിക്കാരുടെയും നിരവധി ആരാധനാലയങ്ങൾ ഇവിടെയുണ്ട്. ഇതിൽ ഹിന്ദുക്കളുടെ ഒരു പ്രധാന ആരാധാനാലയമാണ് അണിയിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്രം. വടക്കുംചേരി അച്ഛന്മാരുടെ കുടുംബത്തിൽ വിവാഹബന്ധമുണ്ടായിരുന്നു ഒരു രാജാവാണത്രെ ഈ ക്ഷേത്രം നിർമ്മിച്ചത്. വടക്കഞ്ചേരിക്കാരുടെ കുടുമ്പവകയായിരുന്ന ഈ ക്ഷേത്രം പിൽക്കാലത്ത് കൊച്ചി ദേവസ്വത്തിന് കൈമാറുകയാണുണ്ടായത്. ഇന്നു ഉത്സവത്തോടനുബന്ധിച്ചു ഈ കുടുമ്പത്തിന് ചില അവകാശങ്ങൾ ഉണ്ടെന്നുള്ളത് വടക്കുംചേരി കുടുംബവും ക്ഷേത്രവും തമ്മിലുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നു.

ആദ്യകാലത്ത് ഈ ക്ഷേത്രത്തിന് മുമ്പിലുള്ള വഴിയിലൂടെ നടക്കുവാനുള്ള അവകാശം അവർണ്ണർക്ക് നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ തിരുവിതാംകൂർ ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷം കൊച്ചിയിലും ക്ഷേത്ര പ്രവേശനത്തിനുവേണ്ടിയുള്ള സമരങ്ങൾ ഉണ്ടായി. ഈ പ്രദേശത്തു ചില ഉൽപ്പതിഷ്ണുക്കൾ സംഘടിച്ചു ക്ഷേത്ര വഴിയിൽ നടക്കാൻ ധൈര്യം കാണിച്ചു. എന്നാൽ അവർ പിഴശിക്ഷ കൊടുക്കുവാൻ നിർബന്ധിതരായി. പിന്നീട് തിരുവിതാംകൂറിന്റെ മാർഗ്ഗം സ്വീകരിച്ചു കൊച്ചിയിലും ക്ഷേത്ര പ്രവേശന വിളംബരം നടത്തപ്പെട്ടു. തുടർന്ന് കുറച്ചു കാലം, സവർണ്ണരിൽ ചിലർ ക്ഷേത്ര ദർശനത്തിന് പോകുവാൻ വൈമുഖ്യം പ്രകടിപ്പിക്കുകയുണ്ടായി. ഇപ്പോൾ കൊച്ചി ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ജനങ്ങളുടെ സഹായസഹകരണത്തോടെ ഭംഗിയായ നിലയിൽ വർഷംതോറും ഉത്സവം ആഘോഷിച്ചുവരുന്നു.

ഹിന്ദുക്കൾക്ക് പൊതുവായി ആരാധിക്കുവാൻ മറ്റൊരു ക്ഷേത്രവും ഈ ഗ്രാമത്തിലില്ല. എങ്കിലും ചില സമുദായങ്ങളുടെ പേരിൽ ക്ഷേത്രങ്ങൾ ഉണ്ട്. നായർ സമുദായത്തിന്റെ വകയായ പള്ളിയാരിക്കൽ ഭഗവതി ക്ഷേത്രം, 6-ാം വാർഡിൽ കൂട്ടുങ്ങൽചിറ റോഡിന് സമീപമുള്ള കുടുംബികളുടെ അംബികാ ഭഗവതി ക്ഷേത്രം. എന്നിവ ഈ കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ്. ഇവ കൂടാതെ നിരവധി കുടുംബക്ഷേത്രങ്ങളും ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. 7-ാം വാർഡിൽ പാലിയത്തു കുളത്തിന് സമീപം ഒരു ഭഗവതിത്തറ ഇപ്പോഴും ഉണ്ട്.

എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരു ഭാഗം വരുന്ന ലത്തീൻ ക്രിസ്ത്യാനികളുടെ പ്രധാന ആരാധനാലയമാണ് സെന്റ് അംബ്രോസ് പള്ളി. വിശുദ്ധ അംബ്രാസിന്റെ പേരിലുള്ള ഇന്ത്യയിലെ ഏക ദേവാലയമാണിത്. ക്രിസ്തുവർഷം 1856-ൽ ഈ

പള്ളിയുടെ ശിലാസ്ഥാപനം നടന്നതായിട്ടാണ് രേഖകൾ പറയുന്നത്. ആരംഭത്തിൽ ഇത് നായരമ്പലം വാടേൽ പള്ളിയുടെ ഒരു കപ്പേള മാത്രമായിരുന്നു. പിൽക്കാലത്ത് സ്വതന്ത്രമായ പള്ളിയായിതീർന്നു. 1962-ൽ ആണ് ഇന്നു കാണുന്ന ഈ പള്ളി പുതുക്കി പണിതത്! ഈ പള്ളിയുടെ കീഴിൽ 9-ാം വാർഡിലും 4-ാം വാർഡിലും ഓരോ കപ്പേളകൂടിയുണ്ട്. പളളി മനേജ്മെന്റിന്റെ മേൽനോട്ടത്തിൽ വനിതകൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്ന ഒരു ടൈലറിങ് സ്ഥാപനവും "വിദ്യാഭവൻ" എന്ന പേരിൽ ഒരു നെഴ്സറി സ്കൂളും പ്രവർത്തിച്ചുവരുന്നു.

വൈപ്പിൻ കരയിൽ മുസ്ലിംങ്ങൾ ധാരാളമായി താമസിക്കുന്ന പ്രദേശമാണ്. എടവനക്കാട് മുസ്ലിംങ്ങളുടെ ഇവിടെയുള്ള പ്രധാനപള്ളി ഗ്രാമപഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലായി 3-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഇവിടെ മുസ്ലിംങ്ങളുടെ ഒരു പുണ്യ പുരുഷനായ "കുഞ്ഞമ്മരക്കാർ ഔലിയ"യുടെ മൃതദേഹത്തിന്റെ ഒരംശം മറവുചെയ്തിട്ടുള്ള ജാറം ഉണ്ടെന്നു പറയപ്പെടുന്നു. എട്ടോളം നമസ്കാരം പള്ളികളും വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു.

എടവനക്കാട് ഗ്രാമത്തിന്റെ മുഖച്ഛായ അത്ഭുതകരമായ രീതിയിൽ മാറ്റുന്നതിന് സഹായിച്ച മുഖ്യഘടകം വിദ്യാഭ്യാസത്തിന്റെ വ്യാപനമാണ്. ഇന്ന് ഇവിടെ രണ്ട് ഹൈസ്കൂളികളും ഒരു യു.പി. സ്കൂളും രണ്ട് എൽ.പി. സ്കൂളുകളുമാണുള്ളത്.

ആദ്യമായി ഈ ഗ്രാമത്തിൽ നിലവിൽവന്ന വിദ്യാലയം സർക്കാർ ഇംഗ്ലീഷ് പ്രൈമറി സ്കൂൾ ആയിരുന്നു. കൊല്ലവർഷം 1084-ാമാണ്ടിൽ ഈ വിദ്യാലയം ആരംഭിച്ച് എന്നാണ് റെക്കോർഡുകളിൽ നിന്നും മനസ്സിലാകുന്നത്. ചാരോത്തുകാട്ടിൽ ഗോവിന്ദൻ ആയിരുന്നു ഈവിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥി.

1096-ൽ സന്മാർഗ്ഗ പ്രദീപിക സഭവക മറ്റൊരു പ്രൈമറി സ്കൂൾ ഈ ഗ്രാമത്തിൽ ആരംഭിച്ചു. ഇതോടെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം കൂടുതൽ വ്യാപിച്ചു.

എന്നാൽ ഈ പ്രദേശത്തു നിന്നും പ്രൈമറി സ്കൂൾ പാസ്സാകുന്ന കുട്ടികൾക്ക് തുടർന്നുപഠിക്കണമെങ്കിൽ ഞാറക്കൽ സർക്കാർവക ഹൈസ്കൂളിലോ, ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിലോ പോകേണ്ടിയിരുന്നു. അന്നത്തെ കാലഘട്ടത്തിൽ എല്ലാവർക്കും ഇത് സാദ്ധ്യമായിരുന്നില്ല. തന്മൂലം ബഹുഭൂരിപക്ഷവും പ്രൈമറി ക്ലാസ് പാസ്സാകുന്നതോടെ വിദ്യാഭ്യാസം അവസാനിപ്പിക്കുകയായിരുന്നു പതിവ്. ഇവിടത്തെ വിദ്യാർത്ഥികളുടെ സൗകര്യവും, ഞാറക്കലോ, ചെറായിലോവരെയുള്ള യാത്രക്ലേശത്തിൽ നിന്നുള്ള മോചനവും ലക്ഷ്യമാക്കി. Preparatory ക്ലാസ്സ് കൂടിയുള്ള ഒരു L.S.S. സ്ഥാപിതമായി. കൊല്ലവർഷം 1104 ഇടവമാസത്തിൽ പ്രിപ്പറേറ്ററിയും ഒന്നാംഫോറവുമായി (ഇന്നത്തെ 5-ാം ക്ലാസ്) ആരംഭിച്ച L.S.S. 1107-ൽ പൂർണ്ണതയിൽ എത്തി. ചെള്ളാമഠത്തിൽ കുമാരപ്പണിക്കർ ആയിരുന്നു പ്രധാന അദ്ധ്യാപകൻ. 1122-ഇടവമാസത്തിൽ 8-ാം ക്ലാസ്സിന്റെ തുടക്കം കുറിച്ചതോടെ വൈപ്പിൻ കരയിലെ 3-ാമത്തെ ഹൈസ്കൂൾ നിലവിൽ വന്നു. ഇതോടെ സമീപഗ്രാമങ്ങളിലെ വിജ്ഞാനദാഹികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം അനായാസേന ലഭ്യമാകുവാൻ ഇടയായി.

നമ്മുടെ ഗ്രാമത്തിലെ മറ്റൊര പ്രാഥമിക വിദ്യാലയമായിരുന്നു ഹിദായത്തുൽ ഇസ്ലാം പ്രൈമറി സ്കൂൾ. 1905- ഇടവമാസം 26-നാണ് ഇത് ആരംഭിച്ചത്. 1966 വർഷത്തിൽ ഈ സ്കൂൾ അപ്പർ പ്രൈമറി സ്കൂളായും 1979-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു.

സെന്റ് അബ്രോസ് പള്ളിയനുബന്ധിച്ച് മറ്റൊരു പ്രൈമറി സ്കൂൾ പള്ളിമനേജ്മെന്റിന്റെ നിയന്ത്രണത്തിൽ 1095 മിഥുനം 15-ന് നിലവിൽ വന്നു. ആദ്യകാലത്ത് 5-ാം ക്ലാസ് വരെയുള്ള ക്ലാസ്സുകൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ 4-ാം ക്ലാസ് വരെ മാത്രമേയുള്ളൂ.

ഏതാണ്ട് 3.5 കി.മീ. ദൈർഘ്യത്തിൽ കിടക്കുന്ന ഈ കൊച്ചുഗ്രാമം കൈവരിച്ച നേട്ടങ്ങൾക്ക് നിദാനം ഇവിടെ സ്ഥാപിക്കപ്പെട്ട 5 വിദ്യാലയങ്ങളാണ്

വൈപ്പിൻ കരയിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളെയും നിയന്ത്രിച്ചും, ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകിയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉപജില്ല വിദ്യാഭ്യാസ ഓഫീസ് എടവനക്കാട് ഗ്രാമപഞ്ചായത്തിലാണ്.

വൈപ്പിൻ കരയിലെ പഴക്കം ചെന്ന ഗ്രന്ഥശാലകളിലൊന്നായ് "ഇക്ബാൽ സ്മാരകവായനശാല" 9-ാം വാർഡിൽ അണിയിൽ ബസ്റ്റോപ്പിന് സമീപത്ത് സ്ഥിതിചെയ്യുന്നു. ആദ്യകാലത്ത് അണിയിൽ പാലത്തിന് വടക്ക് വശത്ത് വൈപ്പിൻ പള്ളിപ്പുറം റോഡിന് പടിഞ്ഞാറാഭാഗത്തായിട്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. ഗ്രന്ഥശാല സംഘത്തിന്റെ "ബി ഗ്രേഡ് ഗ്രാന്റിന് അർഹതനേടിയ ഈ ഗ്രന്ഥശാല ഏറെ കാലം എടവനക്കാട് ഗ്രാമത്തിലെ ഏറ്റവും വലിയ സാംസ്കാരിക കേന്ദ്രമെന്ന നിലയിൽ പ്രവർത്തിച്ചു. എന്നാൽ ഇന്ന് ഈ ഗ്രന്ഥശാല മിക്കവാറും നശിച്ചു കഴിഞ്ഞ നിലയിലാണ്.

എടവനക്കാട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലും ഉടമസ്ഥതയിലും ഏതാനും വർഷങ്ങൾക്കമുമ്പ് തന്നെ 3 ഗ്രന്ഥശാലകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് സന്തോഷത്തിന് വകനല്കുന്നുണ്ട്. (1) അംബേദ്കർ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയും വായനശാലയും (2) അണിയിൽ പാലത്തിന് സമീപമുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിന്റെ മുകളിലെത്തെ നിലയിൽ പ്രവർത്തിക്കുന്നു. പി.കെ. ബാലകൃഷ്ണൻ സ്മാരകഗ്രന്ഥശാല പഴങ്ങാട് പാലത്തിന് വടക്ക് ഭാഗത്ത് ജോതിസ് ലൈബ്രറി ആന്റ് റീഡിംഗ്റും എന്ന പേരിൽ മറ്റൊരു ഗ്രന്ഥശാലയും കൂടി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ഇന്ത്യയിലും കേരളത്തിലും ആഞ്ഞടിച്ച സ്വാതന്ത്ര്യ സമരത്തിന്റെ അലയടികൾ ചെറിയ തോതിലാണെങ്കിൽകൂടി, നമ്മുടെ ഗ്രാമത്തിലും എത്തകയുണ്ടായി. പ്രജാമണ്ഡലവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരിൽ പ്രധാനികളായിരുന്നു സർവ്വശ്രീ പി.കെ. ബാലകൃഷ്ണൻ, കെ.എ.ഭാസ്കരൻ, വി.എ. സെയ്തുമുഹമ്മദ്, എൻ.എ.കരിം, സി.കെ. കരിം, പി.കെ. മുഹമ്മദ് തുടങ്ങിയവർ തോപ്പിൽ മൊയ്തിൻ സാഹിബ് പ്രജാമണ്ഡലവുമായി ബന്ധപ്പെട്ട് പ്രവർത്തനം തുടങ്ങിയെങ്കിലും പിന്നീട് അദ്ദേഹം കമ്മ്യൂണിസ്റ്റ് പ്രവർത്തകനായി മാറി. ദേശീയ വിമോചന പോരാട്ടത്തിൽ ഗാന്ധിജി, നെഹുറു തുടങ്ങിയ പ്രമുഖനേതാക്കളെ അറസ്റ്റ് ചെയ്യപ്പെട്ടതിനെതുടർന്നു ഇവിടെയും പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയുണ്ടായി.

പോർട്ടുഗൂസികാരിൽ നിന്നും ഗോവ വിമോചിപ്പിക്കുന്നതിന് വേണ്ടി നടന്ന ധീരോദാത്തമായ സമരത്തിനൽ നമ്മുടെ ഗ്രാമക്കാരനനായ ശ്രീ. കെ.കെ. കണ്ണൻമാസ്റ്റർ (എക്സ്. എം.എൻ.എ) പെങ്കെടുക്കുകയുണ്ടായി

സ്വാതന്ത്ര്യ പ്രാപ്തിക്കശേഷം രാജ്യത്തെ ഇതര പ്രദേശങ്ങളിലുണ്ടായതപോലെതന്നെ നമ്മുടെ ഗ്രാമത്തിലേയും സാമൂഹ്യ രാഷ്ട്രീയ രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

എടവനക്കാട് ഗ്രാമത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ചില ജന്മിമാരുടെ കുടികിടപ്പുകാരായിരുന്നു. 1970-ൽ നിലവിൽ വന്നഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായിട്ടാണ് സ്വന്തമായി ഒരു തുണ്ടുഭൂമിപോലുമില്ലാതിരുന്ന ജനവിഭാഗങ്ങൾ ഭൂവുടമകളായി മാറിയത്. സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ ദൂരവ്യാപകങ്ങളായ പരിവർത്തനത്തിനു തുടക്കം കുറിക്കാൻ ഇത് ഇടയാക്കി.

പ്രശസ്തരും, പ്രഗത്ഭരുമായ നിരവധി സന്താനങ്ങളെ കേരളത്തിനും, ഭാരതത്തിനും സംഭാവനനല്കാൻ ഈ കൊച്ചുഗ്രാമത്തിന് കഴിഞ്ഞു എന്നത് ഇവിടത്തെ മുഴുവൻ ജനങ്ങൾക്കും അഭിമാനിക്കാനും സന്തോഷിക്കുവാനും വകനല്കുന്നു. കൊച്ചി രാജ്യത്തിലെ എം.എൽ.എ.യും ഗോവ വിമോചന സമരനേതാവും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീ. കെ.കെ.കണ്ണൻ, കേന്ദ്രമന്ത്രിയും, ലണ്ടനിലെ ഹൈക്കമ്മീഷണറുമായിരുന്ന ഡോ: വി.എ. സെയ്തു മുഹമ്മദ് എടവനക്കാട് പഞ്ചായത്തിലെ മുൻ പ്രസിഡന്റും, കേരള സംസ്ഥാന മന്ത്രിയും, എം.പി.യുമായിരുന്ന ശ്രീ. എം.കെ. കൃഷ്ണൻ, എം.എൽ.എ ആയിരുന്ന ശ്രീ. ടി.എ. പരമൻ, പ്രശസ്ത സാഹിത്യകാരനും നിരൂപണനുമായിരുന്ന ശ്രീ. പി.കെ. ബാലകൃഷ്ണൻ, കേരള സർവ്വകലാശാലാ പ്രൊഫസർ, കാലിക്കറ്റ് സർവ്വകലാശാല പ്രൊ. വൈസ് ചാൻസ്ലർ, എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ഡോ: എൻ.എ.കരിം പ്രസിദ്ധ ചരിത്രകാരനായ ഡോ: സി.കെ. കരിം കേരളത്തിലെ ഏറ്റവും ഉന്ന നീതിപീഠമായ ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂർ, പ്രശസ്ത സിനിമാനടനായിരുന്ന മുക്കത്ത് വിൻസന്റ്, സിനിമ

രംഗത്ത് ഒട്ടേറെ സംഭാവന നല്കിക്കൊണ്ടിരിക്കുന്ന ശ്രീ. സിദ്ധിഖ്, പ്രസിദ്ധ മേക്കപ്പമാൻ എന്ന നിലയിൽ നിരവധി അവാർഡുകൾക്ക് അർഹനായ ശ്രീ. പി.എൻ. മണി തുടങ്ങിയവരിൽ ചിലർ മാത്രം ജീവിതത്തിന്ഡറെ നാനാതുറകളിൽ അതി പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന ഒട്ടേറെ മഹത്‌വ്യക്തികൾക്ക് ജന്മം കൊടുത്ത നാടാണ് നമ്മുടേത്.

സാക്ഷരതയുടെ കാര്യത്തിൽ വമ്പിച്ച മുന്നേറ്റമുണ്ടായി. 1989-ൽ എറണാകുളം ജില്ല ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ജില്ലയായി പ്രഖ്യാപിച്ചപ്പോൾ, ആ മഹായജ്ഞത്തിൽ പങ്കാളികളായ നമ്മുടെ ഗ്രാമത്തിലെ നിരവധി പ്രവർത്തകർക്ക് അതു ആത്മസംതൃപ്തിയുടെ നിമിഷങ്ങളായിരുന്നു. 86% സാക്ഷരത കൈവരിച്ച എടവനക്കാട് ഗ്രാമം അതിന്റെ ഭാഗം ഭംഗിയായി നിർവ്വഹിച്ചു.

ആരോഗ്യരംഗത്തും നമ്മുടെ ഗ്രാമപഞ്ചായത്തിന് വമ്പിച്ച മുന്നേറ്റമുണ്ടായിട്ടുണ്ട്. അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ മുന്നിനം ചികിത്സാ സൗകര്യങ്ങളും ലഭ്യമായിട്ടുള്ള അപൂർവ്വം ഗ്രാമങ്ങളിലൊന്നാണ്. എടവനക്കാട്. സർക്കാർവക പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവ്വേദ ആശുപത്രി, ഹോമിയോ ഡിസ്പൻസറി, എന്നിവ കൂടാതെ, ഒരു സ്വകാര്യ അലോപ്പതി ആശുപത്രിയും, നിരവധി സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും ഏതാനും നാട്ടു വൈദ്യചികിത്സാ കേന്ദ്രങ്ങളും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. ആരോഗ്യ സംരക്ഷണത്തിൽ നാം അതീവ ശ്രദ്ധാലുക്കളാണെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

## ഇന്നിന്റെ വെല്ലുവിളികൾ:-

ഇന്നലെകളിലെ പലപ്രശ്നങ്ങളും മാറി. പുതിയ ഒട്ടേറെ പ്രശ്നങ്ങൾ കടന്നുവന്നിരിക്കുന്നു.

വികസനത്തിന്റെ എല്ലാ മേഖലകളിലും ഒരു തരം മുരടിപ്പു അനുഭവപ്പെടുകയാണ്.

പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ്, ശരിയായ രീതിയിൽ വിശകലനം ചെയ്തു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ ജനപിന്തുണയോടെ, തീവ്രമായ പരിശ്രമത്തിലാണ് നാം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്.

നമ്മുടെ ഗ്രാമം ഇന്നഭിമുഖീകരിക്കുന്ന ഗൗരവകരമായ പ്രശ്നങ്ങളിൽ പ്രഥമസ്ഥാനത്ത് നില്ക്കുന്നത് കാർഷികമേഖലയാണ്. കൃഷി ചെലവുകൂടുന്നു. ഉല്പാദനക്ഷമത കുറയുന്നു. മറ്റൊരു ഗരുതരമായ പ്രശ്നം തൊഴിലില്ലായ്മയുടെതാണ്. സാമാന്യ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും, സാങ്കേതിക വിദ്യാഭ്യാസവും ലഭിച്ചിട്ടുള്ള നിരവധി യുവാക്കൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതക്കനുസൃതമായതോ, ഉപജീവനത്തിനുതകുന്നതോ ആയ തൊഴിൽ ലഭിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ പൊതുജനക്ഷേമ സൗകര്യങ്ങളുടെ പരിമിതിയും ഗുണനിലവാര തകർച്ചയും വേറൊരു പ്രശ്നമാണ്. മത്സ്യബന്ധന വിപണന മേഖലയും പ്രതിസന്ധിയിലാണ് കയറും, കയറുല്പന്നങ്ങളുടേയും നിർമ്മാണം കൈത്തറി വസ്ത്രനിർമ്മാണം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങുടെ തകർച്ചയും വലിയൊരു പ്രശ്നമാണ്. പട്ടികജാതി\വർഗ്ഗക്കാരുടേയും, മറ്റു ദുർബ്ബല വിഭാഗക്കാരുടെയും പിന്നോക്കാവസ്ഥ ഗൗരവകരമായ പ്രശ്നമായി കാണേണ്ടതുണ്ട്. സാമ്പത്തിക സാമൂഹിക മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നുള്ള വസ്തുതയും അതീവപ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്.

നമ്മുടെ ഗ്രാമത്തിന്റെ സമഗ്രമായ വികസനത്തിന് പ്രതിബന്ധമായിട്ടുള്ള കാരണങ്ങൾ കണ്ടെത്തുകയും, പരിമിതമായ നമ്മുടെ സമ്പത്ത് പരമാവധി പ്രയോജനപ്രദമാകുവാൻ സഹായകമാകുംവിധം മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇന്നുള്ള വിഭവങ്ങൾ പൂർണ്ണമായും സ്വരൂപിച്ച് ലഭ്യമായ അമൂല്യ മനുഷ്യാദ്ധ്വാനം സമാഹരിച്ച്, ദിശാബോധത്തോടെ പദ്ധതികളും സ്കീമുകളും തയ്യാറാക്കുകയും വികസനം ഉറപ്പുവരുത്തുകയും വേണം. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിലായിരിക്കണമെന്ന കാര്യത്തിലും നിഷ്കർഷ ഉണ്ടായിരിക്കണം. എല്ലാ ജനങ്ങളും ഒത്തൊരുമയോടെ പ്രവൃത്തിച്ചാലേ ഇത് യാഥാർത്ഥ്യമാവുകയുള്ളൂ. അതിനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കുകയും തദനുസരണമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയും ചെയ്യുമെന്ന് നാം ഉറപ്പു വരുത്തണം.

# പ്രാഥമിക മേഖല

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

മത്സ്യബന്ധനം

# കൃഷി

## ഭൂവിനിയോഗം

ഗ്രാമത്തിലെ ഭൂവിനിയോഗം താഴെ കാണിച്ചിരിക്കുന്ന പ്രകാരം സംവിധാനപ്പെട്ടിരിക്കുന്നു.

ഗ്രാമത്തിലെ ഭൂമിയുടെ ആകെ വിസ്തീർണ്ണം 1016-96-36 ഹെക്ടർ (2511-95 ഏക്കർ)

| ഇനങ്ങൾ | വിസ്ത്രീർണ്ണം (ഹെക്ടർ) | വിസ്ത്രീർണ്ണം (ഏക്കർ) |
|---|---|---|
| പുരയിടം | 576.38.39 | 1423.67 |
| നിലം | 292.78.66 | 723.18 |
| പുറംപോക്ക് | 147.73.31 | 364.90 |
| ആകെ | 1016.90.36 | 2.511.75 |

(അവലംബം:- വില്ലേജ് രേഖകൾ)

## പുറംപോക്ക്

| ക്രമനമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|---|
| 1. | റോഡ് | 3.73.03 | 9.20 |
| 2. | തോട് | 27.05.96 | 66.88 |
| 3. | വഴി | 3.4533 | 8.53 |
| 4. | പുഴ | 102.30.00 | 252.68 |
| 5. | കിണർ | 0.03.38 | 0.08 |
| 6. | റവന്യു | 7.94.44 | 19.60 |
| 7. | മറ്റിനങ്ങൾ | 3.2117 | 7.93 |
| | ആകെ | 147.73.31 | 364.90 |

(അവലംബം വില്ലേജ് ഓഫീസ് രേഖകൾ)

## കർഷകരുടെ വിവരണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ) | ആകെ |
|---|---|---|---|---|
| 1. | 740 | 21 | – | 761 |
| 2. | 324 | 11 | – | 335 |
| 3. | 322 | 16 | – | 338 |
| 4. | 299 | 9 | – | 308 |
| 5. | 355 | 7 | – | 362 |
| 6. | 549 | ·11 | – | 560 |
| 7. | 357 | 8 | – | 365 |
| 8. | 180 | 6 | – | 186 |
| 9. | 393 | 7 | – | 400 |
| 10 | 740 | 29 | – | 769 |

## തെങ്ങ് എണ്ണം

| വാർഡ് നമ്പർ ഏക്കർ | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | കായുന്ന തെങ്ങുകളിൽനിന്ന് 94-95ൽ ലഭിച്ച നാളികേരഎണ്ണം |
|---|---|---|---|---|
| 1 | 16209 | 4934 | 10.202 | 15136 |
| 2 | 11.9.71 | 1483 | 9.526 | 11.009 |
| 3 | 83.85 | 976 | 6860 | 7836 |
| 4 | 89.07 | 6558 | 8.086 | 14.644 |
| 5 | 715.19 | 4,254 | 6110 | 10,344 |
| 6 | 113.57 | 2.256 | 9268 | 11524 |
| 7 | 55.40 | 2036 | 5741 | 7.777 |
| 8 | 47.17 | 1562 | 3823 | 5385 |
| 9 | 91.62 | 2690 | 7173 | 9863 |
| 10 | 11859 | 4049 | 21863 | 25912 |

## രോഗം ബാധിച്ച തെങ്ങുകൾ

| വാർഡ് | കട്ട്‌വീഴ്ച | ലീഫ്റോട്ട് | ബഡ്റോട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ള | ആകെ |
|---|---|---|---|---|---|---|
| 1 | 9291 | 29 | 14 | – | – | 9334 |
| 2 | 4,244 | 34 | 17 | – | – | 4295 |
| 3 | 4,588 | 16 | 8 | – | – | 4,612 |
| 4 | 11,525 | 16 | 8 | – | – | 11,549 |
| 5 | 5681 | 23 | 11 | – | – | 5715 |
| 6 | 7,889 | 37 | 15 | – | – | 7941 |
| 7 | 3120 | 13 | 6 | – | – | 3139 |
| 8 | 3879 | 7 | 3 | – | – | 3889 |
| 9 | 6713 | 16 | 7 | – | – | 6736 |
| 10 | 16342 | 48 | 24 | – | – | 14414 |
| | 73272 | 239 | 113 | – | – | 73624 |

അവലംബം കൃഷി ഭവൻ രേഖകൾ

## ജലസേചനം

| പൊ.ജല സേചന കിണർ | കുഴൽ (എണ്ണം) | കിണർ (Private എണ്ണം) | കുളം/കിണർ ഹെക്ടർ (Private എണ്ണം) | ക്രേൻബാർ | ആഴക്കെട്ട് |
|---|---|---|---|---|---|
| 1 | 2 | 25 | 56 | | |
| 2 | 1 | 18 | 62 | | |
| 3 | 1 | 27 | 71 | | |
| 4 | 2 | 30 | 42 | | |
| 5 | 2 | 32 | 58 | | |
| 6 | 2 | 40 | 69 | | |
| 7 | 2 | 25 | 41 | | |
| 8 | - | 18 | 77 | 1 | |
| 9 | 1 | 22 | 24 | 4 | |
| 10 | - | - | - | - | |
| ആകെ | 13 | 237 | 500 | 5 | |

(അവലംബം കൃഷിഭവൻ രേഖകൾ)

നെൽകൃഷി ചെയ്യുന്ന നിലത്തിന്റെ വിസ്തീർണ്ണം :– 437 ഏക്കർ

വിസ്തൃതി:– 286.18 ഏക്കർ

ആകെ:– 723.18 ഏക്കർ

1994–95–ൽ ഉല്പാദിപ്പിച്ച നെല്ല്

# നെൽകൃഷി

ഗ്രാമത്തിന്റെ കിഴക്കുള്ള കായൽ തീരത്തുള്ള പരന്നു കിടക്കുന്ന ചളിനിലങ്ങൾ ആദികാലത്ത് കണ്ടലും ചുള്ളിയും ഉപ്പൂത്തയും കാടുപിടിച്ച് കിടന്നിരുന്നു. അത് വെട്ടിത്തെളിച്ച് ആദ്യമായി കൃഷിയിറക്കിയത് പാലിയത്തച്ചനായിരുന്നത്രെ. കൊല്ലവർഷം 829-ൽ (1654 AD) വൈപ്പിൻകരയുടെ ദേശാധികാരം ഉൾപ്പെടെ സകല അവകാശങ്ങളും കൊച്ചി രാജാവ് പാലിയത്തച്ചനു 'അട്ടിപ്പേറായി' കൊടുത്തിരുന്നു എന്ന് വില്യം ലോഗൻ അദ്ദേഹത്തിന്റെ 'മലബാർ മാമ്പൽ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടലിന്റേയും ചുള്ളിയുടേയും ഉപ്പൂത്തയുടേയും വേരുകൾ നിലത്തിലെ വെള്ളം വറ്റുന്ന അവസരത്തിൽ ഇന്നും കാണാവുന്നതാണ്..

പാലിയത്തച്ചൻ വെട്ടിത്തെളിച്ച് കൃഷിയിറക്കിയ ആദ്യത്തെ നെൽപ്പാടങ്ങളായിരുന്നു എടവനക്കാട്ടെ 'താമരവട്ടം' പാടവും നെടുങ്ങാട്ടെ 'വലിയവട്ടം' പാടവും. അദ്ദേഹത്തിന്റെ താല്ക്കാലിക വാസസ്ഥലമായിരുന്നു നായരമ്പലം പഞ്ചായത്തിലെ വെളിയത്ത് പറമ്പ് കിഴക്കുള്ള 'മണിമണ്ഡപം' എന്നു പറയപ്പെടുന്നു. അദ്ദേഹം പണികഴിപ്പിച്ച ഒരു ക്ഷേത്രവും അവിടെ സ്ഥിതി ചെയ്യുന്നു.

ആദ്യകാലങ്ങളിൽ പാടങ്ങൾക്ക് ചിറയുണ്ടായിരുന്നില്ല; ചാൽ നിലങ്ങളിലാണ് കൃഷി ചെയ്തിരുന്നത് മേടമാസത്തിൽ വേലിയിറക്ക സമയത്ത് കിളച്ച് കണ്ണിക്കൂട്ടിവക്കും ഇടവപ്പാതി മഴയെ തുടർന്ന് കിഴക്കൻ മലകളിൽ നിന്നും നല്ലവെള്ളം പാഞ്ഞെത്തും. ഈ സമയത്ത് നിലങ്ങളിലെ ഉപ്പു മുഴുവൻ കഴുകിപ്പോകും. അപ്പോൾ കിളച്ചു വച്ചിരിക്കുന്ന പാടത്ത് കൊത്തി വിതയ്ക്കുകയാണ് ചെയ്തിരുന്നത്. പിൽക്കാലങ്ങളിൽ പാടം മുഴുവൻ ചിറകെട്ടി വെള്ളത്തിന്റെ ഏറ്റക്കുറച്ചിലിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്ന ഏർപ്പാടുകൾ ഉണ്ടായി. ചിറയുള്ളതുകൊണ്ട് നിലത്തിൽ കിളച്ചുവക്കുന്ന കണ്ണികളെ ഉണക്കുവാൻ കഴിയുന്നു. നിലം നല്ലവണ്ണം ഉണങ്ങിയാൽ വിളവ് കൂടുതൽ കിട്ടുന്നതാണ് പാത്ത് വെള്ളം വറ്റിക്കാതെ പച്ച ച്ചെളി കണ്ണികൂട്ടി വിതച്ചാൽ നല്ലപോലെ ഞാറു പിടിപ്പിക്കും. പക്ഷെ വിളവു കുറയുന്നതായി കണ്ടുവരുന്നു. മാത്രമല്ല കുറെക്കാലം ഉണങ്ങാതിരിക്കുന്നതു കൊണ്ട് നിലത്തിൽ നിരത്താനും കൊയ്യാനും ഇറങ്ങുന്നവർ ചെളിയിൽ കൂടുതൽ താണുപോകുന്നു. അതുകാരണം പണി നീങ്ങാനും താമസം നേരിടുന്നുണ്ട്. പൊക്കാളി ഞാറ് വേലിയേറ്റ സമയത്ത് തല ഉയർത്തിപ്പിടിക്കുന്ന ഇനമാണ്. വെള്ളം കുറയുമ്പോൾ മുട്ടു മടക്കി താഴുന്നു. പൊക്കാളി ഞാറിന് രണ്ടു മൂന്നു മുട്ടുകൾ ഉണ്ടാകാറുണ്ട്. വെള്ളം പൊങ്ങുമ്പോൾ തല ഉയർത്തിപ്പിടിക്കാനും താഴുന്നതിനനുസരിച്ച് താഴാനും ഈ മുട്ടുകൾ ഞാറിനെ സഹയിക്കുന്നു.

ഡച്ചുകാരുടെ കാലത്ത് (1658–1795) ഈ നെൽവിത്തുകൾ അഴിമുഖത്തെ ചളി നിലങ്ങളിൽ വിതയ്ക്കുന്നതിനായി ഗുജറാത്തിലെ തപതീനദീമുഖത്ത് സ്ഥിതിചെയ്യുന്ന സുറത്തിൽ നിന്നു കൊണ്ടുവന്ന താണത്രെ ഈ വിത്തുകൾ! എറണാകുളം, ആലങ്ങാട്, വരാപ്പുഴ, വെണ്ടുരത്തി എന്നിവിടങ്ങളിലെ വയലുകളിൽ വിതയ്ക്കാൻ ഉപയോഗിച്ചിരുന്നു. പൊക്കാളിയുടെ ഇനത്തിൽപ്പെട്ടതാണ് വിരിപ്പ്, മുണ്ടകൻ മുതലായവ. നമ്മുടെ നെൽകൃഷി ഒരു പൂവ് മാത്രമേ കൃഷിചെയ്യുവാൻ സാധിക്കുന്നുള്ളൂ. എന്നാലെന്ത്! വേനൽക്കാലമായാൽ ചെമ്മീൻ കെട്ടുകൾ ഭാരതത്തിന് ഡോളർ നേടിത്തരുന്നു. പടിഞ്ഞാറു ഭാഗത്തുള്ള നിലങ്ങൾ മിക്കവാറും മുഴുവൻ സമയവും ചെമ്മീൻ കെട്ടുകളാക്കി മാറ്റിയിരിക്കുകയാണ്. കണ്ണുപിളകെട്ട്, പത്തേക്കർ, കൊച്ചിക്കാരുടെ കെട്ട്, അലിയാർ ഹാജിയാരുടെ കെട്ട്, കോട്ടയ്ക്കൽ കെട്ട്, പള്ളത്തുശ്ശേരികെട്ട്, പുകലക്കാരുടെ കെട്ട്, തോപ്പിൽ കെട്ട്,

എന്നിവ പടിഞ്ഞാറ് ഭാഗത്തുള്ള കെട്ടകളാണ്. അവ എല്ലാംകൂടി 286 ഏക്കറോളം വരും. ഒരുപ്പുവിളയുന്ന കിഴക്കൻ പ്രദേശം ഏകദേശം 437 ഏക്കറോളം വരുന്നുണ്ട്!

നെൽകൃഷിയെ ഇന്നു നേരിടുന്ന പ്രധാന പ്രശ്നം കൊയ്യാൻ ആളെകിട്ടുന്നില്ല എന്നുള്ളതാണ്. മുൻകാലങ്ങളിൽ കൊയ്യാൻ "കരാളന്മാർ" (കരയിൽ താമസിക്കുന്നവർ) എത്തിരിയിരുന്നു. എന്നാൽ ഇന്ന് കൊയ്യാൻ കർഷകത്തൊഴിലാളികൾ മാത്രമാണ് എത്തുന്നത്! "താമരവട്ടം" "വലിയവട്ടം" മുതലായ സ്ഥലങ്ങളിൽ ആലപ്പുഴയിൽ

നിന്നുപോലും പണ്ട് ആളുകൾ കൊയ്യാൻ എത്തിയിരുന്നു. കെട്ട് വള്ളങ്ങളിൽ എത്തിയിരുന്ന അവർ ഇരുപതും മപ്പതും ദിവസം ഇവിടെ താമസിച്ച് കൊയ്തു മെതിയും കഴിഞ്ഞ് പതമ്പു കിട്ടുന്ന നെല്ലുമായിട്ടാണ് തിരിച്ചപോയിരുന്നത്. ഇന്നിപ്പോൾ കൂടുതൽ വിലകൊടുത്താലും പീടികയിൽ നിന്ന് അരികിട്ടും പിന്നെന്തിന് ചളിയിലും വെള്ളത്തിലും ഇറങ്ങിനിന്ന് കൊയ്യണം. നെൽകൃഷിയിലെ ഈ പ്രതിസന്ധി ഒഴിവാക്കാൻ കൊയ്ത്ത് യന്ത്രം പരീക്ഷിച്ചു നോക്കാവുന്നതാണ്. കൃഷിനിലങ്ങൾ മുഴുവൻ സമയവും ചെമ്മീൻ കെട്ടാക്കി മാറ്റാൻ ചെമ്മീൻ വ്യവസായികൾക്ക് ആഗ്രഹമുണ്ടാകാം. അവർക്ക് കൂടുതൽ ലാഭം സമ്പാദിക്കാൻ സാധിച്ചേക്കും. എന്നാൽ അത് നാടിന് ഭാവിയിൽ ഏറെ ദോഷം ചെയ്യാനിടയുണ്ട്. കലുഷതമായി കൊണ്ടിരിക്കുന്ന ഇന്നത്തെ അന്തരീക്ഷത്തിൽ നമുക്ക് മറുനാട്ടുകാർ കൃഷിചെയ്ത് ഉല്പാദിപ്പിച്ചുതരുന്ന അരിയുടെ വരവ് നിലച്ചുപോയാലോ! അന്ന് കൃഷിചെയ്യാമെന്ന് വിചാരിച്ചാൽ തന്നെ നമ്മുക്ക് വിത്തുപോലും ഉണ്ടാവുകയില്ല. കേരളത്തിൽ തന്നെ നെൽക്കൃഷിചെയ്യുന്ന നിലങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പാടങ്ങൾ നികത്തി പുരയിടങ്ങൾ ആകുന്നു. കായൽ നിലങ്ങൾ മുഴുവൻ സമയവും ചെമ്മീൻ കെട്ടുകളാകുന്നു. ഇത് കർശനയാമായി തടയേണ്ടതാണ്.

ചില കൊല്ലങ്ങളിൽ പൊക്കാളികൃഷിക്ക് പിഴവുകൾ, സംഭവിക്കാറുണ്ട്. മഴകുറഞ്ഞ് കൃഷി ഉണങ്ങുക, ചാഴിവീഴുക, തണ്ടുതുരപ്പൻ പുഴു ആക്രമമിക്കുക എന്നിവമൂലം കൃഷിനാശം സംഭവിക്കുന്നു. വിള ഇൻഷ്വറൻസ് ഏർപ്പെടുത്തി ഇതിന് പരിഹാരമാർഗ്ഗം കാണണം.

എടവനക്കാട് കിഴക്കൻ പ്രദേശത്ത് പാടങ്ങൾ കരിങ്കൽകൊണ്ടുള്ള പുറംചിറ (Outerband) കെട്ടി സംരക്ഷിക്കണം. മഴ കുറഞ്ഞ കാലങ്ങളിൽ പാടത്ത് ഓരുവെള്ളം കയറാതിരിക്കാൻ ഇതു വളരെയധികം വഹായിക്കും. കായൽതീരത്തുള്ള 3, 5, 7 എന്നീവാർഡുകളിൽ പാടത്തകൂടി കിഴക്ക് കായൽവരെ ഗതാഗതയോഗ്യമായ ഫാം റോഡുകൾ നിർമ്മിക്കേണ്ടതാണ്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പാടത്തുപോയി കൃഷിയിറക്കാനും കൊയ്ത് കൊണ്ടുവരാനും ഇത് പ്രയോജനപ്പെടും ചെമ്മീൻ കെട്ട് കാലത്ത് കെട്ടിൽ നിന്ന് ചെമ്മീൻ സംസ്കരിക്കാൻ കൊണ്ടുപോകുന്നതിനും ഈ ഫോം റോഡുകൾ ഏറെ ഉപകാരപ്രദമായിരിക്കും.

മഴ കൂടുതൽ ഉള്ള സമയത്ത് പാടങ്ങളിൽ ചിലപ്പോൾ വെള്ളക്കെട്ടുണ്ടാകാറുണ്ട്. ആ സന്ദർഭങ്ങളിൽ വെള്ളം തോട്ടിലേക്കോ കായലിലേക്കോ പമ്പുചെയ്തു കളയാൻ പമ്പുസെറ്റുകൾ സംഘടിപ്പിച്ചുവയ്ക്കേണ്ടതാണ്.

ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷിചെയ്യാൻ സാധിച്ചാൽ കൃഷിചെലവിൽ ഗണ്യമായ കുറവു വരുത്തുവാൻ കഴിയും. പമ്പുസെറ്റ്, കൊയ്ത്തുയന്ത്രം, മെതിയന്ത്രം എന്നിവ യഥാസമയങ്ങളിൽ ഏർപ്പെടുന്നതിന് ഒരു സൊസൈറ്റി (Co-operative/Charitable Society) സംഘടിപ്പിക്കുന്നത് നന്നായിരിക്കും. കൃഷിചെലവിനുള്ള പണം അഡ്വാൻസായി കൊടുക്കുന്നതിനും ഈ സൊസൈറ്റിയെ പ്രയോജനപ്പെടുത്താവുന്നതാണ്. കായലിൽ നിന്നുള്ള തോടുകൾക്ക് ആഴം കുറഞ്ഞപോയിരിക്കുന്നു. ആഴം കൂട്ടണം.

പാലങ്ങൾ ഉണ്ടാക്കുമ്പോൾ തല്ക്കാലം ചെലവ് കുറയ്ക്കുന്നതിനു വേണ്ടി തോടിന്റെ ഇരുകരകളിൽ നിന്നും അപ്രോച്ച് റോഡുകൾകെട്ടി തോടിന്റെ വീതി കുറയ്ക്കുന്ന പ്രവണത കണ്ടുവരുന്നു. അണിയിൽ നിന്നും നെടുങ്ങാട്ടേയ്ക്കുള്ള പാലം ഇതിന് ഉദാഹരണമാണ്. ഇത് മൂലം നെടുങ്ങാട് തോട്ടിൽ നിന്നും അണിയിൽ തോട്ടിയിലേക്കുള്ള ഒഴുക്ക് കുറഞ്ഞുപോവുകയും തന്മൂലം തച്ചങ്ങാട്ടു തോടിനെ ആശ്രയിക്കുന്ന ചെമ്മീൻ കെട്ടുകൾക്ക് അതു ദോഷകരമായിത്തീരുകയും ചെയ്തിട്ടുണ്ട്.

കൃഷിയുടെ അഭിവൃദ്ധിക്ക് കർഷകരും കർഷകത്തൊഴിലാളികളും തമ്മിലുള്ള യോജിപ്പാണ് ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം. ജനങ്ങളുടെ നിലനില്പിന്തന്നെ ആവശ്യമായ കൃഷിയുടെ കാര്യത്തിൽ ഇരുകൂട്ടരും എന്തുവിട്ടുവീഴ്ചചെയ്ത് സർവ്വാത്മനാ സഹകരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## തെങ്ങുകൃഷി:-

പോർട്ടുഗീസുകാർ കേരളത്തിൽ വന്നകാലത്താണ് (1498–1663) തെങ്ങ് കൃഷിയിൽ വലിയ മാറ്റങ്ങളുണ്ടായത്. അതിന് മുമ്പ് വീട്ടാവശ്യത്തി

നല്ലാതെ കച്ചവടത്തിന് വേണ്ടി തെങ്ങു വിപുലമായതോതിൽ കൃഷിചെയ്തിരുന്നില്ല. മരംകൊണ്ടുള്ള കപ്പലുകൾ ഉണ്ടാക്കുമ്പോൾ പലകകൾ അരികുതുളച്ചുകൂട്ടി കെട്ടുന്നതിന് ചകിരികൊണ്ടുള്ള കയർ ഉപയോഗിക്കാമെന്ന് മനസ്സിലാക്കിയത് അവർ കേരളത്തിൽ വന്നതിന് ശേഷമാണ്. ഉപ്പുവെള്ളത്തിൽ ചീയിച്ചെടുത്ത മടലിന്റെ ചകിരികൊണ്ടുള്ള കയർ വളരെ നാൾ ഈടുനില്കും. ഡച്ചുകാരാണത്രെ പുതിയതരം തെങ്ങിൻ തൈകൾ കേരളത്തിൽ പ്രചരിപ്പിച്ചത്. തെങ്ങു കൃഷി വർദ്ധിച്ചതോടുകൂടി കയറിന്റെയും വെളിച്ചണ്ണയുടെയും വ്യാപാരവും അഭിവൃദ്ധിപ്പെട്ടു.

വലിയ ഭൂവുടമകളും വിസ്തൃതമായ തെങ്ങിൻതോപ്പുകളും ഇവിടെ ഉണ്ടായിരുന്നു. എല്ലാകർഷകരും പാലിയം, പണ്ടാരവക, വലിയതമ്പുരാൻ–കോവിലകം ഇടാക്കുന്നവാരിയം, എന്നീ ജന്മിമാരുടെ പാട്ടക്കാരായിരുന്നു.

1970–ലെ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോട്കൂടി തെങ്ങിൻതോപ്പുകൾ എല്ലാംതന്നെ ചെറിയചെറിയ തുണ്ടുഭൂമികളായി മാറുകയാണുണ്ടായത്. കുടികിടപ്പുകാർക്ക് അഞ്ചും പത്തും സെന്റ് ഭൂമികൊടുത്തശേഷം തെങ്ങിൻതോപ്പുകളിലെ ബാക്കിയുണ്ടായിരുന്ന ഭൂമി തുണ്ട്തുണ്ടായി ക്രയവിക്രയം ചെയ്യപ്പെട്ടു. വൈപ്പിൻകരയിലെ ഗ്രാമങ്ങളിലേക്ക് കൊച്ചിനഗരത്തിൽ നിന്ന് വലിയ ഒരു തള്ളിക്കയറ്റം തന്നെ നടന്നു. കുറെപേർക്ക് പാർപ്പിട സൗകര്യം കിട്ടി. പക്ഷെ തെങ്ങുകൃഷി അധഃപതിച്ചു. നമ്മുടെ ഗ്രാമത്തിൽ ഇപ്പോൾ വൻകിട കർഷകർ ആരും തന്നെയില്ല. ചെറുകിട കർഷകരുടെ (കിട്ടിയ കണക്കനുസരിച്ച്) എണ്ണം വെറും നൂറ്റി ഇരുപത്തഞ്ച് മാത്രം. എന്നാൽ നാമമാത്രകർഷകരായ അഞ്ചും പത്തും സെന്റ് ഭൂമി ഉള്ളവർ 4259 ആണ്. ഇവരുടെ പുരയിടങ്ങളിലാണ് ഭൂരിപക്ഷം തെങ്ങുകളും ഇപ്പോൾ ഉള്ളത് ശാസ്ത്രീയമാകയ കൃഷിരീതി സ്വീകരിക്കുവാൻ വളരെ ചുരുക്കം പേർക്ക് മാത്രമേ കഴിയുകയുള്ളു. നിസ്സാര എണ്ണം തെങ്ങുകളുള്ള പുരയിടങ്ങളിൽ ആരാണ് പണിയെടുപ്പിക്കുന്നത്? അഞ്ചോപത്തോ തെങ്ങുകളിൽ കൂടുതൽ ഒരു പുരയിടത്തിൽ ഉണ്ടാവുകയില്ല. പണിയെടുത്താൽ തന്നെ പണിയെടുത്തവനും പണി എടുപ്പിക്കുന്നവനും മുതലാവുകയുമില്ല.

തന്മൂലം ഈ തൊഴിലിൽ പിടിച്ചുനില്ക്കാൻ തൊഴിലാളികളിൽ മിക്കവരും തയ്യാറാകുന്നില്ല. വല്ലപ്പോഴും വീണുകിട്ടുന്ന ഒരു പണിക്ക് വേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കാൻ ആർക്ക്കഴിയും. എങ്കിലും ആതൊഴിലിൽ പിടിച്ച് നില്ക്കാൻ കുറെപ്പേർ ശ്രമിക്കുന്നുണ്ട്. ഈ ഗ്രാമത്തിലെ വളരെ ചെറിയൊരു സംഖ്യവരുന്ന ചെറുകിടകർഷകരെ ആശ്രയിച്ച് മാത്രമാണവർ ജീവിക്കുന്നത്.

4259–ൽപരം വരുന്ന നാമമാത്ര കർഷകർ പുരയിടങ്ങളിൽ യാതൊരു പണിയും എടുപ്പിക്കാൻ കഴിയാത്തവരോ. അതിന് ശ്രമിക്കാത്തവരോ ആണ്. ഇവരാരും തന്നെ തെങ്ങ് കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരല്ല. സ്വന്തം പുരയിടത്തിൽ അവരവർ തന്നെ പണിയെടുക്കുന്നു. മറ്റു ചിലർ യാതാരു പണിയും നടത്താതെ പുരയിടത്തിൽ നില്കുന്ന തെങ്ങുകളെ അവഗണിക്കുന്നു. ക്രമേണ തെങ്ങുകൾ നാശമായിപോവുകയും ചെയ്യുന്നു. മിക്ക പുരയിടങ്ങളിലേയും തെങ്ങുകൾ പണിയെടുപ്പിക്കാത്തതിനാലും വളം ചെയ്യാത്തതിനാലുമാണ് പ്രധാനമായും രോഗബാധിതമായിത്തീർന്നിരിക്കുന്നത്! കുറെയധികം തെങ്ങുകൾ കാറ്റുവീഴ്ച രോഗം ബാധിച്ചിട്ടുണ്ട് എന്നിരുന്നാലും അവ കുറഞ്ഞതോതിലെങ്കിലും നാളികേരം തരുന്നു. നാമമാത്ര കർഷകരുടെ കൈവശമുള്ളതെങ്ങുകൾ വലിയൊരു സമ്പത്തു തന്നെയാണ്. പക്ഷെ അതുനാശോന്മുഖമായിക്കൊണ്ടിരിക്കുകയാണിപ്പോൾ.

**അവലംബം–**


1) സ്ഥലചരിത്രം – എറണാകുളം ജില്ല
V.V.K.
(സാഹിത്യ അക്കാദമി പ്രസിദ്ധീകരണം)

2) വിശ്വവിജ്ഞാന
കോശം – N.B.S. പ്രസിദ്ധീകരണം


## പച്ചക്കറികൃഷി

കോയമ്പത്തൂർ, പൊള്ളാച്ചി, നീലഗിരി, ബാംഗളൂർ മുതലായ സ്ഥലങ്ങളിലെ ആളുകൾ കൃഷിചെയ്തുണ്ടാക്കി നമ്മുക്കയച്ചതരുന്ന പച്ചക്കറികളാണ്. നാം തീവിലകൊടുത്തുവാങ്ങി ഭക്ഷിക്കുന്നത്. ദിവസങ്ങളോളം നീണ്ടുനിന്ന ലോറി സമരസമയത്തു പച്ചക്കറി കിട്ടാതെ നാം ഉഴറിയത് ഈ അടുത്ത കാലത്താണല്ലോ! ഇതി

നുള്ള പ്രതിവിധി നാം നേരത്തെതന്നെ കണ്ടെ ത്തേണ്ടിയിരിക്കുന്നു. പച്ചക്കറിയുടെ കാര്യത്തിൽ നാം സ്വയം പര്യാപ്തത നേടുകതന്നെവേണം.

തെക്കവടക്കുകിടക്കുന്ന V.P. റോഡിന് ഇരു വശത്തമുള്ള മണൽപ്രദേശത്ത് ഭൂഗർഭജലം സംഭരിച്ച് പച്ചക്കറി കൃഷി നടത്താൻ നമുക്ക് കഴിയു. കുളങ്ങളും കിണറുകളും ഇല്ലാത്ത പുര യിടങ്ങളിൽ കിണറുകളൊ ചാമ്പുപൈപ്പുകളൊ ഉപയോഗിച്ച് ജലസേചനം നടത്താനാവുന്ന താണ്. വിത്തും വളവും വിതരണം ചെയ്യേണ്ട തായിവരും.

പുരയിടങ്ങളിൽ പശുക്കളെ വളർത്തുകയാ ണെങ്കിൽ പാൽ ലഭിക്കുമെന്നു മാത്രമല്ല പശു വിന്റെ ചാണകവും മൂത്രവും തെങ്ങിനും പച്ച ക്കറി കൃഷിക്കും നല്ല വളമായി കിട്ടുകയും ചെയ്യും. കൃഷിയിറക്കുന്നതിന് വേറെ വളം അന്വേഷിക്കേണ്ടതായി വരികയുമില്ല. 5ഉം 10ഉം സെന്റ് വിസ്തീർണ്ണമുള്ള പുരയിടങ്ങളിൽ വൻ തോതിലുള്ള പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കാൻ കഴിയില്ല. ചെറിയ അടുക്കളത്തോട്ടങ്ങൾ ഉണ്ടാ ക്കാൻ സൗകര്യപ്പെടുന്നതാണ്. ചെടിച്ചട്ടികളിൽ വെണ്ട, പാവൽ മുതലായ പച്ചക്കറി ഇനങ്ങൾ വളർത്താവുന്നതാണ്.

കൈതച്ചക്ക (പൈനാപ്പിൾ) വൈപ്പിൻകര യിൽ ഏറ്റവും ഫലപ്രദമായി കൃഷിചെയ്യാവുന്ന ഒരിനമാണ്. മൂവാറ്റുപുഴ ഭാഗത്താണ് ഇന്ന് പൈനാപ്പിൾ കാര്യക്ഷമമായി കൃഷിചെയ്യുന്നത്.

## പപ്പായ (പപ്പങ്ങ):

എല്ലാപുരയിടങ്ങളിലും കൃഷിചെയ്യാവുന്ന ഒന്നാണ് പപ്പായ പോഷകാഹാരപ്രദവും ഔഷ ധഗുണവുമുള്ളതുമാണ് പപ്പായ.

## വാഴ:

ചെറിയ പുരടിയങ്ങളിൽപോലും ഒന്നോ രണ്ടോ വാഴയെങ്കിലും ഓണക്കാലത്ത് കായ്ച്ചു കിട്ടാവുന്നവിധം നട്ടുവളർത്തുകയാണെങ്കിൽ വളരെ നന്നായിരിക്കുകയില്ലെ?

## തീറ്റപ്പുൽകൃഷി:

നമ്മുടെ ഗ്രാമത്തിൽ മണ്ണിൽ പശുവിന് വേണ്ട തീറ്റപ്പുല്ല് നട്ടുവളർത്താൻ കഴിയുന്ന താണ്. അത്യുല്പാദനശേഷിയുള്ള തീറ്റപ്പുല്ലും ഇവടെ സമൃദ്ധമായി വളരും.

## പൂക്കൾ:

കുറ്റിമുല്ല, ഓർക്കിഡ്, പൂച്ചെടികൾ വളർത്തി ധാരാളം പൂക്കൾ ഇവിടെ ഉല്പാദിപ്പിക്കാൻ കഴി യുന്നതാണ്. വളരെ ക്ഷമയോട്കൂടി ചെയ്യേണ്ട കാര്യമാണ് കുറ്റിമുല്ലകൃഷി. കുറ്റിമുല്ലച്ചെടിക്ക് നല്ലസൂര്യപ്രകാശം ലഭിക്കണം. അഞ്ചുസെന്റ് സ്ഥലമെങ്കിലും വേണം. ആദായകരമായ ഒരു തൊഴിൽ എന്ന നിലയിൽ കുറ്റിമുല്ലകൃഷി നട ത്താൻ, നല്ല ശ്രദ്ധയോട്കൂടി വളമിട്ട് പരിചരി ച്ചാൽ എക്കാലത്തും പൂക്കൾ ലഭിക്കും. മുല്ലപ്പൂ വിന് നല്ല മാർക്കറ്റുണ്ട്. ഇപ്പോൾ മുല്ലപ്പൂക്കൾല ഭിക്കുന്നത് കർണ്ണാടകത്തിലെ ബാംഗളൂർ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ നിന്നും ആണ്.

## ഓർക്കിഡ് കൃഷി:

ഓർക്കിഡ് വളർത്തുന്നതിന് നല്ല പരിശീ ലനം വേണം. ധാരാളം പണം മുടക്കുള്ള കാര്യ മായതുകൊണ്ട് എല്ലാവർക്കും ഇത് കൃഷിചെ യ്യാൻ കഴിഞ്ഞെന്നുവരില്ല.

## കൃഷിഭവൻ:

നമ്മുടെ പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവൃത്തിച്ച് വരുന്നു. ഒരു കൃഷി ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരും ഉള്ള യൂണിറ്റാണ് കൃഷി ഭവൻ. നടീൽ വസ്തുവിതരണം, ദുരിതാശ്വാസ വിതരണം, കേടുവന്നു നശിച്ച്പോയ തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വിതരണം എന്നിവ കൃഷിഭവന്റെ പ്രവർത്തനങ്ങളാകുന്നു. വെട്ടിമാ റ്റുന്ന ഒരു തെങ്ങിന് 200രൂപ കൊടുക്കുമ്പോൾ പകരം തൈയ്യ് 10രൂപയാണ് വാങ്ങുന്നത്. നമ്മുടെ ഗ്രാമത്തിലെ കൃഷിയെക്കുറിച്ചുള്ള അടി സ്ഥാനരേഖ സൂക്ഷിക്കുന്നത് കൃഷിഭവനാണ്. ഓരോ ഇനം കൃഷിയേയും അവയുടെ ഉല്പാ ദന ശേഷിയേയും പറ്റിയുള്ള വിവരങ്ങൾ കൃഷി ഭവൻ ശേഖരിച്ച് രേഖപ്പെടുത്തി വയ്ക്കുന്നുണ്ട്.

## നെൽകൃഷി:

**പ്രശ്നങ്ങൾ:**

1) ഒരുപ്പുവിളയുന്ന പൊക്കാളി കൃഷി നില ങ്ങൾ മുഴുവൻ സമയ ചെമ്മീൻ കെട്ടുക ളാക്കി മാറ്റുന്നു.

2) കൃഷിപ്പണിക്ക് വേണ്ടത്ര ആളെ കിട്ടുന്നില്ല.

3) കൃഷിപ്പണിക്ക് താരതമ്യേന കൂലി കുറവാണ്.

4) പടിഞ്ഞാറൻ മേഖലയിലെ നെൽപ്പാടങ്ങളിൽ കൃഷിചെയ്യുന്നതിന് പമ്പുവെച്ച് വെള്ളം വറ്റിക്കേണ്ടതായിവരുന്നു. ചെലവ് കൂടുതലാണ്.

5) കിഴക്കൻ മേഖലയിലെ പ്രദേശങ്ങളുടെ വികസനത്തിന് അവിടെയും ഗതാഗതയോഗ്യമായ "ഫാം" റോഡുകളില്ല.

6) കർഷകത്തൊഴിലാളി ഐക്യമില്ലായ്മ ഒരു വലിയ പ്രശ്നമാണ് കർഷകത്തൊഴിലാളി ഐക്യം എന്തു വിട്ടുവീഴ്ച ചെയ്തും സാദ്ധ്യമാക്കണം.

7) തച്ചങ്ങാട്തോട് പഴങ്ങാട് തോടുവരെ ഉണ്ടായിരുന്നത് മൂടികളഞ്ഞിരിക്കുന്നു.

8) കൃഷി ചെലവ് കൂടുതൽ ആയതുകൊണ്ട് കർഷകർക്ക് സബ്സിഡി വർദ്ധനവ് ഇല്ല.

**സാദ്ധ്യതകൾ:**

1) കൃഷി നിലങ്ങൾ മുഴുവൻ ചെമ്മീൻ കെട്ടുകളാക്കുന്നത് തടയണം. കൃഷിചെയ്യാതെ തരിശിടുന്ന കൃഷിഭൂമി കൃഷിചെയ്യാവുന്നവരെ ഏല്പിച്ച് കൃഷിചെയ്യിക്കണം.

2) പടിഞ്ഞാറൻ മേഖലയിൽ കൃഷിയിറക്കാൻ വേണ്ടി പമ്പുചെയ്തു വെള്ളം വറ്റിക്കുന്നതിന്റെ ചെലവ് അവർക്ക് സബ്സിഡിയായി ഗവണ്മെന്റിൽ നിന്നും കൊടുക്കേണ്ടതാണ്.

3) ഗതാഗതയോഗ്യമായ 3, 5, 7 എന്നീ വാർഡുകളിൽ ഫാം റോഡുകൾ വേണം.

## തെങ്ങ്കൃഷി:

**പ്രശ്നങ്ങൾ:**

1) മിക്കവാറും കർഷകർ തെങ്ങുകൾ സംരക്ഷിക്കാൻ പ്രയത്നിക്കുന്നില്ല.

2) ജൈവവളവും രാസവളവും നാമമാത്ര കർഷകർക്ക് പ്രയോജനപ്പെടുത്തുന്നില്ല.

3) തെങ്ങിന് എല്ലാവർഷവും മരുന്ന് തളി നടത്തുന്നില്ല.

4) നാളികേരത്തിന് പൊതുവിപണന സൗകര്യമില്ല. കിട്ടുന്ന വിലക്ക് വില്ക്കേണ്ടി വരുന്നു.

5) മിക്ക നാമമാത്ര കർഷകരുടെയും കൈവശമുള്ള അഞ്ചും പത്തും സെന്റെ ഭൂമികൾ സഹകരണ സംഘങ്ങളിൽ പണത്തിലാണ്. അവർക്ക് വളം വാങ്ങാൻ പൈസയില്ല. നാളികേരം മുഴുവൻ സംഘങ്ങൾ അതാതു മാസം ഇട്ടുകൊണ്ട്പോകുന്നു എന്നാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒന്നും തന്നെ ചെയ്യുന്നില്ല.

**സാദ്ധ്യതകൾ:**

1) സഹകരണ സംഘങ്ങളിൽ ഭൂമി പണയം വച്ചിരിക്കുന്ന നാമമാത്ര കർഷകർക്കു സംഘങ്ങളിൽ നിന്ന് തന്നെ വളം വാങ്ങി നൽകേണ്ടതാണ്.

2) തെങ്ങിനുള്ള മരുന്നുതളി കൃഷിഭവൻ ഏറ്റെടുത്ത് സൗജന്യമായി ചെയ്തുകൊടുക്കണം.

3) നാളികേരം - സംസ്കരിച്ച് വിപണനം ചെയ്യാൻ പ്രത്യേക സൊസൈറ്റിയോ സംവിധാനമോ ഉണ്ടാകണം.

4) പുതിയതെങ്ങിൻ തൈകൾവയ്ക്കുമ്പോൾ അവ കായ്ക്കുന്നതുവരെ (7 വർഷംവരെ) കർഷകന് സബ്സിഡി നല്കേണ്ടതാണ്.

## പച്ചക്കറികൃഷി

**പ്രശ്നങ്ങൾ:**

1) അഞ്ചും പത്തും സെന്റു ഭൂമിയുടെ ഉടമകളായ 4259 നാമമാത്ര കർഷകർ ഈ ഗ്രാമത്തിൽ ഉണ്ട്. അവർക്ക് ശാസ്ത്രീയമായി വലിയ പച്ചക്കറി കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയില്ല.

2) പച്ചക്കറിവിത്ത്, വളം മുതലായവ കൃഷിക്കാർക്ക് ആവശ്യാനുസരണം കിട്ടുന്നില്ല.

3) പച്ചക്കറികൃഷി എങ്ങനെ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും എന്നാകാര്യം മിക്ക കർഷകർക്കും അറിയില്ല.

**സാദ്ധ്യതകൾ**

1) നാമമാത്ര കർഷകർ ചെറിയതോതിലെ ങ്കിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കി കായ്കറികൾ ഉല്പാദിപ്പിക്കാൻ ശ്രമി ക്കണം. അതിനായി അവരെ ബോധവൽക്ക രിക്കണം, കൃഷിഭവൻ മൻകൈ എടു ക്കണം.

2) കർഷകർക്ക് അടുക്കളത്തോട്ടങ്ങൾ ഉണ്ടാ ക്കാൻ വിത്ത്, വളം, എന്നിവ കൃഷിഭവൻ വിതരണം ചെയ്യമം.

3) കാർഷിക വികസന സമിതിയുടെ സഹക രണത്തോടെ പച്ചക്കറി ഉല്പാദനത്തെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സു കൾ, സെമിനാറികൾ സംഘടിപ്പിക്കണം.

4) റിംഗ് കിണറുകളും കുഴൽകിണറുകളും നിർമ്മിക്കാൻ സബ്സിഡി നൽകണം.

## ജലസേചനം

വേനൽക്കാലത്ത് മഴയില്ലാതെ വെള്ളമി ല്ലാതെ "കേരളം" വിഷമിക്കുകയാണെന്ന് പറ ഞ്ഞപ്പോൾ ഒരു മറുനാട്ടുകാരൻ ചോദിച്ചുവത്രെ! നിങ്ങൾക്ക് വർഷക്കാലത്ത് ഇത്രയധികം മഴകി ട്ടിയിട്ട് ആ വെള്ളമെല്ലാം നിങ്ങൾ എന്തു ചെയ്തു വെന്ന് "വെള്ളം കടലിലേക്ക് ഒഴുകിപ്പോകുന്നത് കൈയ്യും കെട്ടി നോക്കിനില്ക്കാനല്ലെ നമുക്ക് കഴിയൂ? പോരെങ്കിൽ ചാലുകൾ കീറിമഴവെ ള്ളത്തെ കഴിയുന്നതും വേഗം തോട്ടിലേക്കും പുഴയിലേക്കും അതുവഴി കടലിലേക്കും നമ്മൾ താമസംവിന ഒഴുക്കിക്കളയുകയും വേനൽ വരു മ്പോൾ കുടിവെള്ളമില്ല എന്ന് മുറവിളികൂട്ടുകയും ചെയ്യും. വെള്ളം ഭൂമിയലേക്ക് താഴുവാൻ ഒട്ടും സമ്മതിക്കുകയുമില്ല. ഭൂമിയുടെ അടിയിൽ നല്ല വെള്ളമുണ്ടായാൽ ടാങ്കിൽ കിടക്കുന്നതുപോലെ അതു സൂക്ഷിക്കപ്പെടും ശ്രദ്ധിച്ചു നോക്കിയാൽ കടലരുകിൽപ്പോലും കുടിക്കാൻ പറ്റിയ നല്ല വെള്ളം കിട്ടും. ശ്സ്ത്രീയ രീതിയിൽ ഉപ്പില്ലാത്ത വെള്ളം സംഭരിക്കാൻ നമുക്ക് കഴിയണം.

ആലുവപുഴയിൽ നിന്നും കുഴൽവഴി നമുക്ക് കിട്ടുന്നവെള്ളം കുടിക്കാനും ഭക്ഷണം പാകംചെ യ്യാനും മാത്രം ഉപയോഗിച്ച് മറ്റു നിത്യോപയോ ഗത്തിന് ഭൂഗർഭജലം ഉപയോഗിക്കാം. അങ്ങനെ നല്ലവെള്ളം സംരക്ഷിക്കപ്പെടണം. മഴ കുറവായി പുഴയിൽ വെള്ളമില്ലാതായാൽ ഒട്ടും വെള്ളം കിട്ടാതെ പൊരിയുന്നകാലം താമസിയാതെ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഏതായാലും ഉയർന്ന പ്രദേശങ്ങളിൽ അണകെട്ടികുറച്ചെ ങ്കിലും ജലം തടഞ്ഞുനിർത്തിയിട്ടുള്ളത് കേരള ത്തിലെ ജനങ്ങളുടെ ഭാഗ്യതന്നെയാണ്.

കൃഷിചെയ്യാൻ കടലോര പ്രദേശത്തുള്ള നമുക്ക് ഭൂഗർഭ ജലമല്ലാതെ കിട്ടകയില്ല. അതു കൊണ്ട് തന്നെയാണ് നമ്മുടെ നെൽകൃഷി ഒരു പ്പുമാത്രമായത്. മഴയുള്ള കാലത്തുമാത്രം, വേന ലായാൽ ചുറ്റും ഉപ്പുവെള്ളം മാത്രമുള്ള ഒരു ദ്വീപാണ് നമ്മുടെതെന്നു നാം ഓർക്കണം. എന്നെങ്കിലും പൈപ്പുവെള്ളം കിട്ടാതായാൽ നാമെന്ത് ചെയ്യും! കരുതിയിരിക്കുക.

എടവനക്കാട് പഞ്ചായത്തിൽ മൂന്ന് വലിയ പൊതുതോടുകളും (അണിയിൽ, പഴങ്ങാട്, ചത്തങ്ങാട്) ഏതാനും അനുബന്ധ തോടുകളും ഉണ്ട്. ഇവ വശങ്ങൾ ഇടിഞ്ഞു മണ്ണുവീണു. നീരൊഴുക്ക് വളരെ കുറഞ്ഞ സ്ഥിതിയിലാണ്. ഈ തോടുകളുടെ സൈഡുകെട്ടി ആഴം വർദ്ധി പ്പിക്കേണ്ടത് ജലഗതാഗതവികസനത്തിനും നെൽകൃഷിയും, മത്സ്യകൃഷിക്കും അത്യന്താപേ ക്ഷിതമാകുന്നു. മാത്രമല്ല ഏറ്റിറക്കം ഉണ്ടായി നീരൊഴുക്കു വർദ്ധിക്കുന്നതുമൂലം ജലമലിനീക രണത്തിന് പരിഹാരമാകുന്നു.

ഠാണതോട്, കോണത്തേഴത്ത് തോട്, മുക്കത്ത് എടപ്പുഴ, ഓലത്തോട്, ബാനർജിക നാൽ, ഫിഷറീസ്തോട്, കുട്ടുങ്ങൽ അടുപ്പ് എന്നി വയുടെയും ആഴം വർദ്ധിപ്പിച്ച് സൈഡുകെട്ടി സംരക്ഷിക്കേണ്ടതാണ്.

താഴെപ്പറയുന്ന ഇറിഗേഷൻ ബണ്ട് പണി കൾ തീർത്താൽ വിവിധ വാർഡുകളിലെ ഉൾപ്ര ദേശങ്ങളിൽ ഓരുവെള്ളം കയറി കൃഷിനശിക്കു ന്നത് ഒഴിവാക്കുകയും ആ പ്രദേശത്ത് വാഹന ങ്ങൾ ചെന്നെത്തുവാനും കഴിയും.

ഇപ്പോഴുള്ളത് സ്വകാര്യ വ്യക്തികളുടെ മൺചിറകളാണ് ഇതിൽകൂടി കാൽനടക്കാർക്ക് യാത്രചെയ്യുവാൻ തന്നെ ബുദ്ധിമുട്ടാണ്. ഇവ യിൽ പലതും റിപ്പയർ ചെയ്യാതെ ഓരുവെള്ളം കയറി കൃഷികൾ നശിച്ചുപോകാറുണ്ട്.

താഴെപ്പറയുന്ന റോഡുകൾ കടന്നുപോ കുന്ന നെൽപ്പാടങ്ങളുടെ സൈഡു പ്രൊട്ടക്ഷൻ ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്.

247

വാർഡ് 3:

1) കൈപ്പാട്ട്ചിറ ഇറിഗേഷൻ ബണ്ട് നിർമ്മാണം 600 മീറ്റർ
2) ലോവേനി. ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 1 കി.മീ.
3) ഇല്ലത്ത് നികത്തു ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 3 കി.മീ
4) 4 സെന്റ് കോളനി ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 300 മീ.
5) ഇല്ലത്ത് ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 300 മീ.
6) മുക്കത്ത് ഇടപ്പുഴ ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 1.5 കി.മീ.

വാർഡ് 5:

1) ഫിഷറിസ് ചിറ ഇറിഗേഷൻ ടഇജ : 1500 സ.ാ.
2) വച്ചാക്കൽ കടക്കര (എടവനക്കാട് അടുപ്പ്) ടഇജ 1500 സ.ാ.
3) കൂട്ടുങ്ങൽ അടുപ്പ് ബണ്ട് 1000 മീ. ടഇജ

വാർഡ് 7:

1) താമരവട്ടം ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 500 മീ.
2) പാലിയത്തുകളും പയ്യപ്പിള്ളി ഇറിഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 2.5 കി.മീ.
3) പള്ളിയേരിക്കൽ പയ്യപ്പിള്ളി ഇറിഗേഷൻ ബണ്ട് 2 കി.മീ.
4) തച്ചങ്ങാട് കനാൽ സൈഡ് പ്രോട്ടക്ഷൻ 2 കി.മീ.
5) കൊല്ലാട്ട് അടുപ്പ് കനാൽ സൈഡ് പ്രോട്ടക്ഷൻ 1 കി.മീ

വാർഡ് 8:

1) പള്ളത്തുശ്ശേരിക്കാരുടെ നിലത്തിന്റെ ഇറേഗേഷൻ ബണ്ട് സൈഡ് പ്രോട്ടക്ഷൻ 180 മീ.
2) കുരുഡപ്പറമ്പിൽ സത്താറിന്റെ നിലത്തിന്റെ സൈഡ് പ്രോട്ടക്ഷൻ 150 മീ.

വാർഡ് 9:

1) കോട്ടയ്ക്കൽ കെട്ടിന്റെയും തേക്കേവീട്ടിൽ ചാണ്ടിയുടേയും 250 മീ. കെട്ടിന്റെ സൈഡ് പ്രോട്ടക്ഷൻ.
2) മണപ്പുറത്ത് കുഞ്ഞുമുഹമ്മദിന്റെ സൈഡ് പ്രോട്ടക്ഷൻ 350 മീ.
3) കപ്പേളയ്ക്ക് തെക്കുവശം മിച്ചഭൂമി കോളനി സൈഡ് പ്രോട്ടക്ഷൻ 200 മീ.

വാർഡ് 10:

1) മുരിപ്പാടം ലൈൻ പുകലക്കാരന്റെ കെട്ടിന്റെ സൈഡ് പ്രോട്ടക്ഷൻ 600 മീ.
2) 10 ഏക്കർ കെട്ടിന്റെയും പുകലക്കാരന്റെ കെട്ടിന്റെയും സൈഡ് പ്രോട്ടക്ഷൻ 1000 മീ.
3) തോപ്പുകാരന്റെ കെട്ടിന്റെ സൈഡ് പ്രോട്ടക്ഷൻ 100 മീ.
4) മാമ്പിള്ളി രാജന്റെ കെട്ടിന്റെ സൈഡ് പ്രോട്ടക്ഷൻ 250 മീ.

## സ്ലൂയിംസ് കം ബ്രിഡ്ജ്

താഴെപ്പറയുന്ന സ്ലുയിംസ് ബ്രിഡ്ജുകളും പണിതീർക്കേണ്ടതായിട്ടുണ്ട്. ഈ ഭാഗങ്ങളിൽ കൃഷി ഒരു വെള്ളം കയറി നശിക്കാതിരിക്കുവാനും അതിനോടൊപ്പംതന്നെ വാഹനങ്ങൾ ഈ പ്രദേശങ്ങളിൽ എത്തിച്ചേരുവാനും സാധിക്കും

വാർഡ് 3:

1) ഇല്ലത്ത്നികത്ത് റോഡിൽ രണ്ട്
2) മുക്കത്ത് ഇടപ്പുഴ
3) സ്ലുയിംസ് കം ബ്രിഡ്ജ്
4) ചാത്തങ്ങാട് ഈസ്റ്റ്

5–ാം വാർഡ്:

1) ഫിഷറിസ് തോടിന് കുറുകെ
2) വാച്ചാക്കൽ കടക്കര 90–ന്റെ തോടിന്റെ കുറുകെ
3) കൂട്ടുങ്ങൾ അടുപ്പിന്റെ തുമ്പിന്റെ ഭാഗത്ത്

വാർഡ് 8:

1) പള്ളത്തുശേശരിക്കാരുടെ തുമ്പിന്റെ ഭാഗത്ത്

വാർഡ് 9:

1) ബാനർജി തോടിന്റെ കുറുകെ
2) ക്ലാര കാർലോസിന്റെ നിലത്തിന് സമീപം

248

**10-ാംവാർഡ്:**

1) കല്ല നാട്ടുകാരുടെ തുമ്പിന്റെ ഭാഗം

2) പുകലയ്ക്കാരുടെ തുമ്പിന്റെ ഭാഗം

3) അലിയർ ഹാജിയുടെ തുമ്പിന്റെ ഭാഗം

4) അലികുഞ്ഞിയുടെ തുമ്പിന്റെ ഭാഗം

5) റഊഫിന്റെ തുമ്പിന്റെ ഭാഗം

6) കുഴുപ്പുള്ളി കടപ്പുറം മുസ്ലിംപള്ളിയുടെ ഭാഗത്ത്

## മൃഗസംരക്ഷണം

വളർത്തു മൃഗങ്ങൾ മുഖ്യ ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ തുലോം വിരളമാണ്. കാലങ്ങളായി സ്വന്തം ആവശ്യത്തിനായി മൃഗങ്ങളെ വളർത്തുകയാണ് ചെയ്ത് വരുന്നത്. പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് മുതലായവയാണ്. എരുമ, കാള എന്നിവയെ സാധാരണ വളർത്തിയിരുന്നില്ല എന്നാൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിലായി ഏതാനും കുടുംബങ്ങൾ പശുക്കളെ മുഖ്യവരുമാനമായി വളർത്താൻ തുടങ്ങിയിട്ടുണ്ട്.

വളർത്തു പക്ഷികളായി കോഴി, താറാവ് എന്നിവയെ ആണ് വളർത്തി വരുന്നത്. വീട്ടമ്മമാരുടെ ഒരു ചെറിയ വരുമാനമാർഗ്ഗം എന്നത് മാത്രമാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ഒരിക്കലും ലാഭകരമായ ഒരു തൊഴിലായി ആരും ഇതിനെ കണ്ടിരുന്നില്ല.

### പ്രധാന പ്രശ്നങ്ങൾ

1. വളർത്തു മൃഗങ്ങളെയും പക്ഷികളെയും മുഖ്യവരുമാനമായി കണക്കാക്കാതിരിക്കൽ

2. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മതിയായ സംവിധാനമില്ലായ്മ.

3. കാലി, കോഴി തീറ്റകൾക്ക് വരുന്ന അമിതമായ ചെലവ്. പറമ്പുകൾ തുണ്ടു തുണ്ടായതുകൊണ്ട് മേയ്ക്കാൻ കഴിയാത്ത അവസ്ഥ.

4. താറാവിനെ വളർത്തുന്നവർക്ക് അവയെ തുറന്നിട്ട് തീറ്റാൻ കഴിയാത്ത പരിതസ്ഥിതിയാണുള്ളത്. ജലാശയങ്ങളും ഇടത്തോടുകളും മത്സ്യ വളർത്തു കേന്ദ്രങ്ങളായി മാറിയതും ജലാശയങ്ങളും തോടുകളും നികത്തിയതും ഒരു കാരണമാണ്.

5. മൃഗാശുപത്രി പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് പ്രവർത്തിക്കുന്നതുകൊണ്ട് പഞ്ചായത്തിൽ മൊത്തത്തിൽ പ്രയോജനം ലഭിക്കുന്നില്ല.

6. വളർത്ത പക്ഷികളിൽ പകർച്ചവ്യാധി തുടർച്ചയായി ഉണ്ടാകുന്നത് മൂലം മൊത്തത്തിൽ നശിച്ചു പോകുന്നു.

7. പേപ്പട്ടി ശല്യം, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കൾ.

8. പൊതുജന പ്രയോജനകരമായ അറവുശാല ഇല്ലാത്തത്.

9. ക്ഷീര വ്യവസായ എക്സ്റ്റൻഷൻ ഓഫീസ് ഇല്ലാത്തത്.

**സാദ്ധ്യതകൾ**

1. കാലി വളർത്തൽ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം. കാലി വളർത്തുന്നവരെ ഗ്രൂപ്പുകളായി തിരിച്ച് ശാസ്ത്രീയമായി കാലി വളർത്തുന്നതിൽ പരിശീലിനം നൽകണം.

2. പഞ്ചായത്തിൽ ഒരു ക്ഷീരവ്യവസായ സഹകരണ സംഘം തുടങ്ങണം. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കാലിത്തീറ്റ, അത്യുല്പ്പാദന ശേഷിയുള്ള മൃഗങ്ങളുടെ കിടാവുകൾ എന്നിവയെ വിതരണം നടത്തുന്നതിനും സംവിധാനം ഉണ്ടാകണം. ബ്ലോക്കടിസ്ഥാനത്തിൽ ക്ഷീരവ്യവസായ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കണം.

3. ദിനംപ്രതി വർദ്ധിച്ചുവരുന്ന കാലിത്തീറ്റയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനോടൊപ്പം കാലിത്തീറ്റ സബ്സിഡിയോട് കൂടി വിതരണം നടത്താനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

4. മൃഗാശുപത്രിയുടെ പ്രവർത്തനം സജീവമാക്കണം.

249

5. ചാണകം ഉപയോഗിച്ച് ഗോബർഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിന് പരിശീലനവും സാമ്പത്തിക സഹായം നൽകണം.

6. എല്ലാ മൃഗങ്ങളെയും സൗജന്യനിരക്കിൽ ഇൻഷ്യൂർ ചെയ്യുന്നതിനും രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നതിനും സംവിധാനം ഉണ്ടാക്കണം.

7. മുട്ടക്കോഴികളെ വരുമാനവർദ്ധന ഉദ്ദേശിച്ച് വളർത്തുന്നതിന് പരിശീലനം നൽകണം. ഓരോ വീട്ടിലും 10 കോഴികളെയും 10 താറാവുകളെയും വളർത്തുന്നതിന് പ്രേരണയും സാമ്പത്തിക സഹായവും നൽകണം.

8. വളർത്തുപക്ഷികളിൽ കണ്ടുവരുന്ന പകർച്ച വ്യാധികൾക്കെതിരെ മരുന്നു വിതരണവും കുത്തിവെയ്പും നടത്തണം.

9. മുയൽ വളർത്തലിന് പ്രേരണയും സാമ്പത്തിക സഹായവും നൽകണം.

10. എടവനക്കാട് അണിയിൽ മാർക്കറ്റിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അറവുശാല സ്ഥാപിക്കണം.

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ പടിഞ്ഞാറെ തീരം 4 കിലോമീറ്ററോളം നീളത്തിൽ അറബിക്കടലാണ്. കിഴക്കെ അതിർത്തി കായലുമാണ്. പഞ്ചായത്തിനെ മൂന്നായി ഭാഗിച്ചുകൊണ്ട് വീരൻ പുഴയുമായി ബന്ധിപ്പിക്കുന്ന മൂന്ന് പ്രാധാനതോടുകളാണുള്ളത്. അണിയിൽതോട്, പഴങ്ങാട് തോട്, ചാത്തങ്ങാട് തോട്. ചാത്തങ്ങാട് തോടിന്റെ പടിഞ്ഞാറ് ഭാഗത്ത് വിശാലമായ കായലുമുണ്ട്. വർഷം മുഴുവൻ ചെമ്മീൻ വാറ്റ് നടത്തുന്ന കണ്ണുപിള്ളക്കെട്ട്, പത്തേക്കർ, കൊച്ചീക്കാരുടെ കെട്ട്, പുകലക്കാരുടെ കെട്ട്, കല്ലനാട്ട് കെട്ട്, ഹാജിയാരുടെ കെട്ട് തുടങ്ങിയ പ്രധാനകെട്ടുകളും കൂടാതെ വർഷത്തിൽ 5 മാസം ചെമ്മീൻ വാറ്റ് നടത്തുന്ന പൊക്കാളി പാടങ്ങളും ഇടത്തോടുകളും ചെറിയ പാടങ്ങളുമുണ്ട്. പഞ്ചായത്തിൽ ഏകദേശം 400 ഏക്കറോളം ചെമ്മീൻ കെട്ടുകളും 750 ഏക്കറോളം പൊക്കാളി പാടങ്ങളുമുണ്ട്.

പഞ്ചായത്തിലെ ആളുകളുടെ മഖ്യതൊഴിൽ മത്സ്യവ്യവസായവുമായി ബന്ധപ്പെട്ടതാണ്. ഏകദേശം 3000 വ്യക്തികൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് ഇതിൽ തന്നെ 2000 വ്യക്തികൾ കടൽകൊണ്ട് ഉപജീവനം നടത്തുന്നവരും 1000 വ്യക്തികൾ ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് മത്സ്യബന്ധനം നടത്തുന്നവരുമാണ്.

കടലിൽ ചെറുവള്ളങ്ങളിൽപോയി മത്സ്യം പിടിക്കുന്ന പരമ്പരാഗത രീതിക്ക് കഴിഞ്ഞ 10 വർഷത്തിനിടയിൽ കാര്യമായ മാറ്റം വന്നു. ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങളാണ് ഇന്ന് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ഈ തരത്തിൽപ്പെട്ട 19 മുടു വെട്ടിയ വള്ളങ്ങളും 6 വലിയ വള്ളങ്ങളും കോരിയർ 37 ഔട്ട് ബോർഡ് എഞ്ചിനുകളുണ്ട്. കൂടാതെ കായലുകളിൽ കോരുവലകളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ചെറു വഞ്ചികളുമുണ്ട്. ചെമ്മീൻകെട്ടുകളിൽ അധികവും കൂട്ടുസമാജങ്ങളാണ്. ഈ കെട്ടുകളിൽ എല്ലാതന്നെ നിശ്ചിത കാലാവധിക്ക് ചെമ്മീൻ വാറ്റുന്നതിന് ലേലം ചെയ്തുകൊടുക്കുന്നവയാണ്. വീശുവലകളും ഒഴുക്ക് വലകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരും മുങ്ങിത്തപ്പി മത്സ്യബന്ധനം നടത്തുന്ന സ്ത്രീ തൊഴിലാളികളുമുണ്ട്.

കടലിൽ നിന്ന് ചെമ്മീൻ, മത്തി, അയല, സ്രാവ്, തെരണ്ടി, പാമ്പാട, കൂന്തൽ, അർക്ക്യ മറ്റു ചെറുമീനുകൾ എന്നിവയാണ് പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങൾ. കായൽ, ചെമ്മീൻ വാറ്റ് നിലങ്ങൾ എന്നിവയിൽ നിന്നും പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങളാണ് ചെമ്മീൻ, കരിമീൻ, തിലോപ്പിയ, തിരുത, കണമ്പ്, ഞണ്ട് മുതലായവ കാലവർഷം തുടങ്ങി തിരുവാതിര ഞാറ്റുവേല ആരംഭിച്ചു കഴിഞ്ഞാൽ കടലിൽ ചാകര രൂപപ്പെടുന്ന പതിവ് കാലങ്ങളായി ഉണ്ടാകാറില്ല. കാലാവസ്ഥയിലുയണ്ടായ മാറ്റങ്ങളും വലിയ ട്രോളറുകളുടെ കടന്നാക്രമണവും മൂലമാണ് എന്ന് കരുതപ്പെടുന്നു. ചാകര ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണങ്ങൾ വലിയ ട്രോളറുകൾ മത്സ്യബന്ധനത്തിന് എത്തിയതോടെ അവ തീരപ്രദേശങ്ങളിലും ആഴക്കടലിലും ഒരുപോലെ മത്സ്യബന്ധനം നടത്തുന്നു. പലപ്പോഴും തീരപ്രദേശങ്ങളിൽ ഇത് സംഘർഷത്തിന് കാരണമായിത്തീരാറുണ്ട്. മത്സ്യം പ്രധാനമായി മുട്ടയിട്ട് പെരുകുന്ന ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ട്രോളറുകൾ വൻതോതിൽ തീരക്കടലിൽ മത്സ്യ

ബന്ധനം നടത്തുന്നതുമൂലം പല മത്സ്യതരങ്ങളും വംശനാശം സംഭവിച്ച് പോയിട്ടുണ്ട്. ചെമ്മീൻ കെട്ട് കരാറെടക്കുന്നവരും മത്സ്യത്തൊഴിലാളികളും തമ്മിൽ നിലനിൽക്കുന്ന അവിശ്വാസം മൂലം ആ രംഗത്ത് സംഘർഷം ഉടലെടുക്കാറുണ്ട്. മത്സ്യസംസ്കരണത്തിന് ശേഷം ശേഷിക്കുന്ന അവശിഷ്ടങ്ങൾ തോടുകളിലേക്ക് തള്ളുന്നത്മൂലവും മറ്റു പല വിധത്തിലുള്ള ജലമലിനീകരണവും കൊണ്ട് ഉൾനാടൻ ജലാശയ കൃഷി നശിച്ച് കൊണ്ടിരിക്കുന്ന അഴിമുഖത്തും പ്രധാനതോടുകളുടെ ആരംഭസ്ഥാനത്തും ഊന്നികൾ കെട്ടി വേലിയേറ്റം കയറുന്ന സമയത്ത് മത്സ്യബന്ധനം നടത്തന്നതുകൊണ്ട് മത്സ്യക്കുഞ്ഞുങ്ങൾ ഉൾനാടൻ ജലാശയങ്ങളിൽ എത്തപ്പെടുന്നില്ല. കിഴക്കൻ കായലോര പ്രദേശങ്ങളിൽ ചീനവല പയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളുമുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1. മത്സ്യബന്ധന വള്ളങ്ങളുടെ ഔട്ട് ബോർഡ് എഞ്ചിനുകള്ഡക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാകുന്നില്ല.
2. ട്രോളറുകളടെ കടന്നുകയറ്റം മൂലം തീരപ്രദേശങ്ങളിൽ സംഘർഷം നിലനിൽക്കുന്നു.
3. പലതരത്തിലുള്ള മലിനീകരണങ്ങൾ പരിസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്.
4. ഐസിന്റെ വിലക്കയറ്റവും ദൗർലഭ്യവും അതോടൊപ്പം പ്രഖ്യാപിതവും അപ്രഖ്യാപിതവും ആയ പവർക്കട്ട് മൂലവും മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയാതെ വരുന്നു.
5. മത്സ്യസംസ്കരണത്തിന് ശേഷം ഉണ്ടാകുന്ന അവശിഷ്ടങ്ങൾ തോടുകളിലേക്ക് തള്ളുന്നു.
6. ഇടത്തട്ടുമാരുടെ ചൂഷണം മൂലം അർഹമായ വില ലഭിക്കുന്നില്ല.
7. നല്ലയിനം ചെമ്മീൻ കുഞ്ഞുങ്ങളെ കിട്ടാനില്ല.
8. മത്സ്യരോഗം വ്യാപകമായി കാണപ്പെടുന്നു.
9. മത്സ്യ സംസ്കരണ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾ അസംഘടിതരാണ്. അർഹമായ വേതനമോ ആരോഗ്യപരിരക്ഷയോ ലഭ്യമല്ല.
10. മത്സ്യതൊഴിൽ മേഖലയിൽ പണി ചെയ്യുന്ന തൊഴിലാളികൾക്ക് കിട്ടുന്ന വായ്പക്ക് അമിതപലിശ നിലവിലുള്ളതോ കൊണ്ട് തൊഴിലാളികൾ കടക്കെണിയിൽപെടുന്നു.

## സാദ്ധ്യതകൾ

1. ട്രോളറുകൾ തീരത്തോട ചേർന്ന് മത്സ്യബന്ധനം നടത്തുന്നത് പൂർണ്ണമായും തടയണം. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ട്രോളറുകളുടെ മത്സ്യബന്ധനം പൂർണ്ണമായും തടയണം.
2. ചെമ്മീൻകെട്ട് കരാറുകാരും മത്സ്യത്തൊഴിലാളികളും തമ്മിൽ സൗഹൃദബന്ധം ശക്തിപ്പെടത്തണം.
3. ഐസ് ആവശ്യത്തിന് ലഭിക്കുമെന്നതിന് വേണ്ട ക്രമീകരണങ്ങൾ വരത്തണം. കടപ്പുറം ഭാഗത്ത് പൊതു ഉടമയിൽ ഒരു ഐസ് ഫാക്ടറി സ്ഥാപിക്കണം.
4. മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യനിരക്കിൽ വിതരണം നടത്തണം
5. നിലവിലള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഒര മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കണം.
6. ചെമ്മീൻ, ഞണ്ട് ഹാച്ചറികൾ ഉണ്ടാകണം
7. മത്സ്യബന്ധന മേഖലയിൽ നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം
8. മത്സ്യം കേട്കൂടാതെ സൂക്ഷിക്കുന്നതിന് മൂന്നു പ്രദേശങ്ങളിൽ സൗകര്യങ്ങൾ ഉണ്ടാക്കണം.
9. മത്സ്യം ഉണക്കിക്കയറ്റി അയക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും പരിശീലനവും ലഭ്യമാക്കണം.
10. അർഹമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീടും കക്കൂസും സൗജന്യമായി ലഭ്യമാക്കണം.

251

11. മത്സ്യത്തൊഴിലാളി പെൻഷൻ തക യഥാ സമയം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തു കയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും വേണം.

12. ആദ്യമായി ചേരുന്ന മത്സ്യത്തൊഴിലാളി കൾക്ക് ക്ഷേമനിധിയിൽ ചേരുന്നതിനുള്ള വിഹിതം മുൻകാല പ്രാബല്യത്തിലുള്ള കുടിശിഖ ഒഴിവാക്കുക.

13. കടൽ ഭിത്തികെട്ടി കടൽതീരം സംരക്ഷിക്ക പ്പെടുന്നില്ല.

14. മത്സ്യവിപണനത്തിന് പൊതു സംവിധാന ങ്ങളോ ആധുനിക സൗകര്യങ്ങളോ ഇല്ല.

**മത്സ്യബന്ധനം**

1. ലാന്റിംഗ് സെന്റർ വെയിറ്റിംങ്ഷെഡ്, സ്ഥാപിക്കണം.

2. മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾക്ക് ട്രോളിങ്ങ് ബോട്ടുകളും പെഴ്സിൻ ബോട്ടു കളും വിതരണം നടത്തണം.

3. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി മത്സ്യ തീറ്റ നിർമ്മാണത്തിലും, ജൈവവള നിർമ്മാ ണത്തിലും പരിശീലനം നല്കുകയും ആവ ശ്യമായ ഫാക്ടറികൾ സ്ഥാപിക്കുകയും വേണം.

4. മത്സ്യബന്ധന വള്ളങ്ങൾക്ക് ആവശ്യമായ ഇന്ധനം ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകണം.

5. കടപ്പുറം ഭാഗത്ത് പൊതുഉടമയിൽ ഒരു ഫിഷറീസ് ഘ.ജ. സ്കൂൾ, ജ.ഒ. സെന്റെ റിന്റെ സബ് സെന്റർ രണ്ട് പൊതു വിത രണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കണം.

6. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് സംഖ്യ വർദ്ധി പ്പിക്കുകയും എല്ലാ കുട്ടികൾക്കും ലഭി ക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം.

7. മുഴുവൻ കടൽതീരവും കടൽഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്.

8. വല നിർമ്മാണയൂണിറ്റ് സ്ഥാപിക്കേണ്ട താണ്.

9. മത്സ്യരോഗങ്ങൾ സംബന്ധിച്ച് വ്യാപകമായ പഠനങ്ങൾ നടത്തുക.

# ദ്വിതീയ മേഖല

വ്യവസായം

ഊർജ്ജം

ഗതാഗതം

പാർപ്പിടം

# വ്യവസായം

എടവനക്കാട് ഗ്രാമ പഞ്ചായത്തിന്റെ മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ സ്ഥിതി തൃപ്തികരമല്ല എന്നു കാണാം. ലോകത്തിലെ ഏറ്റവും ജനസാന്ദ്രത ഏറിയ ഗ്രാമപ്രദേശങ്ങളാണ് വൈപ്പിൻ ബ്ലോക്കിലെ വിവിധ പഞ്ചായത്തുകൾ. അതുകൊണ്ട്തന്നെ വൻവ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി മിതമായ നിരക്കിൽ ലഭ്യമല്ല. ഭൂമിയുടെ ഘടനയും വൻ സംരംഭങ്ങൾക്ക് യോജിച്ച രീതിയിലല്ല.

ടാക്സി വാഹനങ്ങൾ ഓടിച്ച് ഉപജീവനം നടത്തുന്നവരുടെ സ്ഥിതിവിവരം

| | | |
|---|---|---|
| 1. | ടൂറിസ്റ്റ് ടാക്സികൾ | 20 |
| 2. | ടൂറിസ്റ്റ് ടെമ്പോ, ട്രക്കർ | 3 |
| 3. | ഗുഡ്സ് ടെമ്പോ | 12 |
| 4. | ഓട്ടോറിക്ഷ | 18 |

## പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങളും വ്യാപാരങ്ങളും

| | വ്യവസായത്തിന്റെ ഇനം | എണ്ണം | പ്രവർത്തനക്ഷമത |
|---|---|---|---|
| 1. | സോമിൽ | 3 | ഒന്ന് രോഗാതുരം |
| 2. | ഐസ് പ്ലാന്റ് | 7 | ഒന്ന് പ്രവർത്തിക്കുന്നില്ല |
| 3. | പീലിങ്ഷെഡ് | 15 | 10 എണ്ണവും വർഷത്തിൽ 4 മാസം മാത്രം പ്രവർത്തിക്കുന്നു. |
| 4. | ഫർണിച്ചർ നിർമ്മാണശാലകൾ | | |
| 5. | ബസ് സർവ്വീസ് | 10 | 6 എണ്ണം കൂട്ടുടമാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. |
| 6. | ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് | 5 | – |
| 7. | മരം കടച്ചീൽ യൂണിറ്റ് | 2 | – |
| 8. | ഗാർമെന്റ് മേക്കിങ് യൂണിറ്റ് | 1 | ബിസിനസ് ലക്ഷ്യത്തോടെ കരുപ്പിടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. |
| 9. | പ്രിന്റിംങ് പ്രസ് | 3 | ഒന്ന് രോഗാതുരം |
| 10. | ബ്രഡ് നിർമ്മാണ യൂനിറ്റ് | 1 | സ്വന്തമായി സൗകര്യമില്ല രോഗാതുരം |
| 11. | ഫ്ളവർമിൽ | 7 | ഉപഭോക്താക്കൾക്ക് ധാന്യങ്ങൾ പൊടിച്ചുകൊടുക്കൽ മാത്രം നടത്തുന്നു. |
| 12. | ചെറുകിട വ്യാപാര സ്ഥാപനങ്ങൾ | 350 | – |
| 13. | കൊപ്രയാട്ട് മിൽ | 2 | – |

പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കയർ, കക്കനീറ്റൽ, എണ്ണയാട്ട് എന്നിവ നാമാവശേഷമായിപോയി. മത്സ്യ സംസ്കരണം, തെങ്ങ്ചെത്ത് എന്നിവ രോഗാവസ്ഥയിലാണ്. ഈ മേഖലയിൽ നൂറ് ദിവസം പോലും തൊഴിൽ ലഭ്യമല്ല. സഹകരണ മേഖലയിലോ, മറ്റു കൂട്ടു സംരംഭങ്ങളായോ ഒരു വ്യവസായവും ഗ്രാമപഞ്ചായത്തിൽ ഇല്ല.

ഈ മേഖലയിൽ മൊത്തത്തിൽ 971 തൊഴിലാളികൾ പണിയെടുക്കുന്നു. കണ്ണജ സർവ്വെ പ്രകാരം 75 ഗ്രാമീണ കൈത്തൊഴിൽകാർ സഹായത്തിന് അർഹരായുണ്ട്. ഇതിൽ 11 പേർക്ക് സഹായധനം ലഭിച്ചിട്ടുണ്ട്. 6 പേർക്ക് ഇനിയും സഹായം ലഭിക്കേണ്ടതുണ്ട്. ട്രൈസം പ്രോഗ്രാമനുസരിച്ച് ബൈന്റിംഗ്, വെൽഡിങ്, വയർമാൻ, ടി.വി.&റേഡിയോ റിപ്പയറിങ്, നെയ്ത്ത്,

പെയിന്റിംഗ്, ട്രാക്ടർ ട്രെയിനിങ്, കംപ്യൂട്ടർ എന്നിമേഖലകളിലായി 19 പേർക്ക് പരിശീലനം വൈപ്പിൻ ബ്ലോക്കിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ പരിശീലനം ലഭിച്ചമേഖലയിൽ തൊഴിൽ കണ്ടെത്തിയത് ഒരാൾ മാത്രമാണ്.

കൊച്ചി നഗരത്തിലും സമീപപ്രദേശങ്ങളിലും തൊഴില് എടുക്കുന്ന വളരെ കുറച്ച് ആളുകൾ ഗ്രാമത്തിലുണ്ട്. പ്രധാന തൊഴിൽ മേഖല മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ടാണ് ഏകദേശം രണ്ടായിരത്തിൽ പരം ആളുകൾ മത്സ്യബന്ധന- സംസ്കരണ മേഖലകളിൽ തൊഴിൽ എടുക്കുന്നു.

ഉ.ണ.ഇ.ഞ.അ പദ്ധതി പ്രകാരം രണ്ട് ഗ്രൂപ്പുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പലഹാര നിർമ്മാണം, പാത്രങ്ങൾ കസേര, മേശ മുതലായവ വാടകക്ക് കൊടുക്കൽ ധാന്യങ്ങൾ പൊടിച്ചു പാക്കറ്റിലാക്കൽ കറിമസാല എന്നിവക്കായി 96-ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഇതുവരെ ബാങ്കുകൾ സാമ്പത്തിക സഹായം നല്കുന്നതിന് സന്നദ്ധമായിട്ടില്ല.

ഗ്രാമസഭകളിലെ ചർച്ചകളിൽ താളെ പറയുന്ന മേഖലകളിൽ കുടിൽ വ്യവസായ കൈത്തൊഴിൽ സംരംഭങ്ങൾക്ക് താല്പര്യവും സന്നദ്ധതയും ഉള്ള വ്യക്തികൾ ഉള്ളതായി കാണുന്നു.

1. ജൈവ വള നിർമ്മാണം 2. കാലിതീറ്റ, കോഴിതീറ്റ, മത്സ്യതീറ്റ നിർമ്മാണം 3. നാളികേര സംസ്കരണം 4. ലഘുപാനീയ നിർമ്മാണം 5. ചിരട്ട, തെങ്ങിൻതടി, മറ്റു പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തു നിർമ്മാണം 6. യന്ത്രവൽകൃത കയർ നിർമ്മാണം 7. പച്ചതൊണ്ട് ചകിരിയാക്കൽ 8. മെഴുകുതിരി, സോപ്പ്, ചന്ദനതിരി, കളിയടക്ക നിർമ്മാണം 9. പേപ്പർ കവർ നോട്ട്ബുക്ക്, സ്കീൻ പ്രിന്റിങ്, ബൈന്റിങ്, 10. ജ.ഡ.ഇ. പൈപ്പ് ബെന്റ് 11. കെട്ടിടനിർമ്മാണ വസ്തുക്കൾ 12. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് 13. മത്സ്യം സംസ്കരിച്ച് കയറ്റി അയക്കൽ 14. നൈലോൺ വല നിർമ്മാണം 15. ഭക്ഷണ സാധനങ്ങൾ പാക്കറ്റിലാക്കി വിതരണം ചെയ്യൽ 16. റെഡിമെയ്ഡ് ഗാർമെന്റ് മേക്കിങ്.

പ്രശ്നങ്ങൾ

1. വൈദ്യുതി, സ്ഥലം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്
2. വ്യവസായ കാര്യാലയങ്ങളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും നിസ്സംഗത
3. തൊഴിൽ മേഖലയെ ബന്ധപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും കുറവ്.
4. പുതിയ മേഖലകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടക്കുന്നില്ല.
5. ഉപഭോക്താക്കളുടെ വൻകിട കമ്പനി ബ്രാന്റിനോടുള്ള ആവേശം
7. വൻകിട വ്യവസായികളുടെ വൻ പരസ്യങ്ങൾ
8. മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തില്ല.
9. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നല്കാനുള്ള സാധ്യതയില്ല
10. വ്യവസായ മേഖലയുമായുള്ള സമ്പർക്കകുറവ്.

സാധ്യതകൾ

1. വ്യവസായ സംരംഭങ്ങൾക്ക് അതത് മേഖലകളിൽ പരിശീലനം
2. സഹകരണ മേഖലയിൽ വ്യവസായ സംരംഭങ്ങൾ
3. വ്യവസായ വികസനത്തിന് മാസ്റ്റർ പ്ലാൻ
4. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തൽ
5. വ്യവസായ സംരംഭകരെ സഹായിക്കാൻ മോണിറ്ററി കമ്മിറ്റി.
6. മത്സ്യ-മാംസ വിപണന രംഗത്ത് കൂടുതൽ ശ്രദ്ധ. ശീതീകരണികളും ഐസ് പ്ലാന്റുകളുടെയും നിർമ്മാണം.
7. നിലവിലുള്ള കൈത്തൊഴിലുകളെ വിപണന രംഗവുമായി പൊരുത്തപ്പെടുത്തൽ. നൂതനമാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കൽ.
8. ബാങ്ക് വായ്പ എളുപ്പത്തിൽ ലഭ്യമാക്കാൻ
9. വ്യവസായ രംഗത്ത് സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനം

പ്രധാനമന്ത്രിയുടെ പദ്ധതിപ്രകാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം നല്കുന്ന പദ്ധതി വിപുലമാക്കേണ്ടതാണ്.

## ഊർജ്ജം

പഞ്ചായത്തിലെ പ്രധാന ഊർജ്ജാവശ്യങ്ങളെ ഗാർഹികം, ഗാർഹികേതരം എന്നിങ്ങനെ രണ്ടായി തിരിക്കാം. 1970 കൾവരെ ഗാർഹികാവശ്യങ്ങളിൽ 75% വും തെങ്ങിൽ നിന്ന് ലഭിക്കുന്ന വിറകുകളെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. ഭൂമി തുണ്ടുതുണ്ടാക്കപ്പെടുകയും തെങ്ങുകൾ മോശമാവുകയും ചെയ്തതോടെ വിറകിന് ക്ഷാമമനുഭവപ്പെട്ടുതുടങ്ങി. പുറമെ നിന്ന് വിറകും കൊണ്ടവരുന്ന രീതി നിലവിൽ വന്നു. വിറകിന്റെ താങ്ങാനാവാത്ത വിലകയറ്റം പ്രയാസങ്ങൾ സൃഷ്ടിച്ചുതുടങ്ങി. 1986– ലാണ് ഈ പ്രദേശത്ത് പാചകവാതകം കടന്നു വന്നത്. ഇന്ന് 500ൽ പരം ഗ്യാസ് കണക്ഷനുകൾ പഞ്ചായത്തിൽ ഉണ്ട്. നിലവിലുള്ള പാചകരീതിയനുസരിച്ചു 50% വരെ ഊർജ്ജം അനാവശ്യമായി നഷ്ടപ്പെടുത്തുകയാണ്. വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പവും കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും പ്രധാന നഗരമായ കൊച്ചിയിൽ നിന്നുള്ള കുടിയേറ്റവും ഊർജ്ജ പ്രതിസന്ധി മൂർച്ചിക്കുന്നതിന് കാരണമായി തീർന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 3531 വീടുകളിൽ 2236 വീടുകൾ വൈദ്യുതീകരിച്ചതാണ്. എടവനക്കാട് പഞ്ചായത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ വൈദ്യുതി തീരെ എത്തിയിട്ടില്ല. ചെമ്മീൻ കെട്ടുകളിലൂടെയും തീരെ എത്തിയിട്ടില്ല. ചെമ്മീൻ കെട്ടുകളിലൂടെയും മറ്റും വൈദ്യുതി ലൈൻ കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടാണ് ഈ ഭാഗത്ത് വൈദ്യുതി എത്തിച്ചേരാൻ തടസ്സമായത്. മാലിപ്പുറം സബ്സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 15 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ട്രാൻസ്ഫോർമറുകളെല്ലാം അധികഭാരം ചുമക്കുന്നവയാണ് വൈദ്യുതി ഉപഭോഗത്തിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോഗമാണ് ഐസ് പ്ലാന്റുകളും സോമില്ലുകളും കൂടി മൊത്തം ഉപഭോഗത്തിന്റെ 20% ഉപയോഗപ്പെടുത്തുന്നു. കാർഷികാവശ്യത്തിന് 1%ത്തിൽ താഴെ മാത്രമാണ് ഉപയോഗപ്പെടുത്തുന്നത്. വൈദ്യുതി ബോർഡിന്റെ രജിസ്റ്റർ പ്രകാരമുള്ള ലോഡും കണക്റ്റഡ് ലോഡും തമ്മിൽ പ്രകടമായ അന്തരമുണ്ട്.

ട്രാൻസ്ഫോർമറുകൾ ഒരറ്റത്ത് സ്ഥാപിച്ച് അതിൽ നിന്ന് ലൈൻ വലിച്ചു കൊണ്ടുപോകുന്നതുമൂലം വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നതിന് കാരണമാകുന്നു. ലൈൻ ടച്ചിങ് മൂലം നല്ലൊരു ശതമാനം വൈദ്യുതി നഷ്ടമാകുന്നുണ്ട്.

പഞ്ചായത്തിൽ 600ലധികം വ്യക്തികൾക്ക് മണ്ണെണ്ണ പെർമിറ്റുകൾ ഉണ്ട്. ഇന്ധന ഉപയോഗത്തിന്റെ ഒരു ഭാഗം നിർവ്വഹിക്കപ്പെടുന്നത് മണ്ണെണ്ണ ഉപയോഗിച്ചാണ്.

വഴിവിളക്കുകൾക്ക് വേണ്ടി 47 ട്യൂബുകളും 450 ബൾബുകളും നിലവിലുണ്ട്. പഞ്ചായത്തിൽ നിന്നും ഈ ഇനത്തിൽ പ്രതിവർഷം 90828/രൂ ചെലവു ചെയ്യുന്നുണ്ട്. എന്നാൽ 20% വരെ ബൾബുകളെ കത്തുന്നുള്ളു. പഞ്ചായത്ത് വഴികളിലെല്ലാം വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഢ.ജ. റോഡിൽ 40 ഹാലജൻ ബൾബുകൾ സ്ഥാപിക്കണം. കൂടാതെ എല്ലാ പഞ്ചായത്ത് വഴികളിലൂടെയും ത്രീഫേസ് ലൈൻ വലിക്കുകയും ട്രാൻസ്ഫോർമറുകളിൽ നിന്ന് തുല്യ അകലത്തിൽ ഇരുവശങ്ങളിലേക്കും ലൈൻവലിക്കുന്ന രീതി ആവിഷ്ക്കരിക്കുകയും വേണ്ടതുണ്ട്. ലൈൻ ടച്ചിങ് നീക്കുന്നതിനും വഴിവിളക്കുകൾ കത്തുന്നുണ്ട്. എന്നുറപ്പ് വരുത്തുന്നതിനും വാർഡുകൾതോറും സന്നദ്ധപ്രവർത്തകരുടെ സഹായം ഉറപ്പുവരുത്തേണ്ടതുണ്ട്.

ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നവർ ഈ ഗ്രാമത്തിൽ വിരളമാണ്. കന്നുകാലി വളർത്തലിലൂടെ ലഭിക്കുന്ന ചാണകം ഉപയോഗിച്ച് ബയോഗ്യാസ് സ്ഥാപിക്കുകയും ബയോഗ്യാസ് ഉപയോഗിച്ച് പ്ലാന്റുകൾ പ്രവർത്തിക്കുന്ന അടുപ്പുകളും ഗ്യാസ്ലൈറ്റുകളും പമ്പുകളും ഉപയോഗപ്പെടുത്തിയും സൗരോർജ്ജ വിളക്കുകൾ പ്രചരിപ്പിച്ചും വൈദ്യുതോപയോഗം മിതപ്പെടുത്തേണ്ടതുണ്ട്. വൈദ്യുതി കുറച്ച് ഉപയോഗപ്പെടുത്തുന്ന ട്യൂബുകളും ബൾബുകളും പ്രചരിപ്പിച്ചും വൈദ്യുതി ഉപയോഗം കുറക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. വോൾട്ടത കുറവ്
2. ഇടക്കിടെയുണ്ടാകുന്ന അപ്രഖ്യാപിത പവർകട്ട്

3. വൈദ്യുതി ജീവനക്കാരുടെ സേവനം തൃപ്തികരമല്ല.

4. വിറകിന്റെ അമിതമായ വിലക്കയറ്റവും ലഭ്യതകുറവും

5. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ കുറിച്ചുള്ള അജ്ഞത.

6. പഞ്ചായത്ത് വാർഡുകളിൽ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

7. വൈദ്യുതി സബ്സെന്ററിന്റെ കുറവ്

8. പ്രേഷണ-വിതരണ രംഗങ്ങളിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ ശ്രദ്ധകുറവ് ഉദാ:- മരച്ചില്ലകൾമുട്ടി വൈദ്യുതി നഷ്ടം കൂടുതലായി ഉണ്ടാകുന്നു.

9. പട്ടികജാതി പട്ടികവർഗ്ഗ സാങ്കേതിങ്ങളിലും ലക്ഷം വീടും കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.

10. പഞ്ചായത്തിലെ എല്ലാ റോഡകളിലും സ്ട്രീറ്റ് ലൈറ്റ് എത്തിയിട്ടില്ല.

**സാധ്യതകൾ**

1. ദക്ഷത കൂടിയ അടുപ്പുകളുടെ വ്യാപനം

2. പ്രഷർ കുക്കർ തുടങ്ങിയ ദക്ഷത കൂടിയ പാചകോപകരണങ്ങളുടെ പ്രചരണം

3. ഊർജ്ജം ലാഭിക്കുന്ന വിളക്കുകളുടെ പ്രചരണം

4. പഞ്ചായത്തു തലത്തിൽ ഊർജ്ജ ഉപഭോഗ ബോധവൽക്കരണം.

5. സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന വിളക്കുകൾ, കുക്കറുകൾ എന്നിവയുടെ വ്യാപനം.

6. ബയോ ഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുക

7. വഴിവിളക്കുകൾ ഫ്യൂസാകുന്നത് സമയാസമയങ്ങളിൽ മാറ്റിയിടുന്ന ചുമതല പഞ്ചായത്തിനെ ഏല്പിക്കുകയും സംഖ്യ ബില്ലിൽ കുറവു ചെയ്യുകയും ചെയ്യേണ്ടതാണ്.

8. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് അടക്കാവുന്ന രൂപത്തിൽ വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാവുന്നതാണ്.

9. ഗാർഹിക ഉപയോക്താക്കൾക്ക് ഇപ്പോഴുള്ള സ്ലാബ് സമ്പ്രദായം അവസാനിപ്പിക്കുക മൂലം വൈദ്യുത ഉപഭോഗത്തിൽ കുറവുവരുത്താം.

## ഗതാഗതം

വൈപ്പിൻ കരയിലെ ഇതര പ്രദേശങ്ങളുമായി നോക്കുമ്പോൾ ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ വളരെയധികം പരാധീനതകൾ അനുഭവിക്കുന്ന ഒരു പഞ്ചായത്താണ് എടവനക്കാട് V.P. റോഡിന്റെ ഏകദേശം മൂന്നര കി.മീ. വരുന്ന ഭാഗം എടവനക്കാടു പഞ്ചായത്തിലൂടെ കടന്നു പോകുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 9.116 കി.മീ. ടാർ റോഡും .36 കി.മീ. മെറ്റൽ റോഡും 8.946 ഗ്രാവൽ കി.മീ. റോഡും 11.4000 കി.മീ. മൺറോഡും ഉണ്ട്. പഞ്ചായത്തു റോഡുകൾ മിക്കവയും തീരെ വീതികുറഞ്ഞവയായതിനാൽ വാഹന ഗതാഗതത്തിന് പരിമിതികൾ ഉണ്ട്.

എടവനക്കാട് ഗ്രാമപഞ്ചായത്തിൽ 5, 8, 10 വാർഡുകളാണ് ഗതാഗതത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്നത്.

ഗതാഗത സൗകര്യത്തിന്റെ അഭാവത്തിൽ ഗർഭിണികളെയും രോഗികളെയും മറ്റും അടിയന്തിരമായി ഒരു ആശുപത്രിയിൽ എത്തിക്കാൻ കഴിയാതെ വരുന്നുണ്ട്. യഥാസമയം വൈദ്യസഹായം എത്താതെ മരണംപോലും നടന്നിട്ടുണ്ട്.

നിർമ്മാണ സാമഗ്രികൾക്ക് തുലോം വിലകുറവായിരുന്ന ഒന്നര ദശാബ്ദത്തിനു മുമ്പ് നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഇപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് ചെലവു ചെയ്യാനുള്ള അധികാരം ഉള്ളു എന്നതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും പഞ്ചായത്തു റോഡുകൾ നല്ലരീതിയിൽ സംരക്ഷിക്കാൻ പ്രയാസപ്പെടുകയാണ്. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും അത്യാവശ്യമായ സംരക്ഷണ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്ത് ശ്രദ്ധിച്ചുപോരുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ചെലവു പരിധി ഉയർത്തേണ്ടതു വളരെ അത്യാവശ്യമാണ്.

ഒരു നഗര പ്രദേശത്തിന് തുല്യമായ വിധത്തിൽ തിരക്കേറിയതാണ് V.P. റോഡിലൂടെയുള്ള വാഹനഗതാഗതം ഓരോ മിനിട്ടിലും മൂന്നും നാലും വണ്ടികൾ V.P. റോഡിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നു. അതിനനുസരിച്ച് റോഡിന്റെ സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ല. മാത്രമല്ല റോഡരുകിലുള്ള വാഹനപാർക്കിംഗും നിർമ്മാണ വസ്തുക്കൾ കൂട്ടിയിരിക്കുന്നതും മൂലം വളരെയധികം അസൗകര്യങ്ങളും അപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പഞ്ചായത്ത് അതൃത്തിക്കുള്ളിലുള്ള V.P. റോഡിലെ 3 പാലങ്ങളും പതിറ്റാണ്ടുകൾക്കു മുമ്പുള്ള സാഹചര്യങ്ങൾക്കനുസരിച്ച് പണിതതാണ്. അടിയന്തിരമായി പ്രസ്തുത പാലങ്ങൾ വീതികൂട്ടി സൗകര്യപ്പെടുത്തിയില്ലെങ്കിൽ വലിയ അപകടങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടിവരും. V.P. റോഡിലുള്ള സമ്മർദ്ദം കുറക്കുന്നതിന് "തീരദേശ റോഡി"ന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതോടൊപ്പം ഒരു "കായലോര റോഡു"കൂടി നിർമ്മിക്കേണ്ടത് വൈപ്പിൻകരയുടെ പൊതു ആവശ്യമാണ്.

കിഴക്കേകായലിലൂടെ പണ്ടുണ്ടായിരുന്ന ബോട്ടുസർവ്വീസ് ക്രമേണ നിലച്ചുപോയി. കയ്യേറ്റവും പാഴ്‌വസ്തുക്കളുടെ നിക്ഷേപവും മൂലം ശുഷ്കിച്ചുപോയ കായൽ ഭാഗങ്ങൾ ഇനിയെങ്കിലും സംരക്ഷിച്ച് ആഴംകൂട്ടി എറണാകുളവുമായി ബന്ധപ്പെടുത്തി സ്പീഡ്ബോട്ട് സർവ്വീസുകൾ ആരംഭിച്ചാൽ കായലോരനിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും റോഡിലെ തിരക്ക് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും, ചരക്കുഗതാഗതത്തിനും മാത്രമല്ല കായലോരങ്ങളുടെ വൻവികസനത്തിനും ടൂറിസവികസനത്തിനും സഹായകരമായിരിക്കും. വൈപ്പിൻകരയുടെ മൊത്തത്തിലുള്ള ആവശ്യമായി ഇത് ഉയർന്നു വരണം.

എടവനക്കാടു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളിൽ ഏഴിക്കര ഭാഗത്തേക്ക് ധാരാളം ജനങ്ങൾ യാത്രചെയ്തിരുന്ന വാച്ചാക്കൽ കടക്കര റോഡ് വികസിപ്പിച്ച് കായലിൽ ജെട്ടി പണിയുന്നത് ഏഴിക്കരഭാഗത്തേക്കുള്ള യാത്ര സുഗമമാക്കും. ഭാവിയിൽ കടക്കര കായലിനു കുറുകെ പാലം വരുന്നത് ഗതാഗതസൗകര്യത്തിനു പുറമെ ഏഴിക്കര എടവനക്കാട് പഞ്ചായത്തുകളുടെയും സമീപ പ്രദേശങ്ങളുടെയും വൻവികസനത്തിനും വഴിതെളിക്കും.

10-ാം വാർഡിന്റെ വടക്കഭാഗത്തുള്ള കടലോര നിവാസികൾക്ക് V.P. റോഡുമായി ബന്ധപ്പെടാനുള്ള A.A. സെയ്തു മുഹമ്മദ് റോഡിന്റെ പണി P.W.D. അടിയന്തിരമായി ഏറ്റെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം. അതോടൊപ്പം തന്നെ പഞ്ചായത്തിന്റെ തെക്കെ അറ്റത്തുള്ള ഇക്ബാൽ റോഡിന്റെ ബാക്കിയുള്ള ഭാഗംകൂടി ടാർചെയ്ത് കടപ്പുറവുമായി ബന്ധപ്പെടുത്തുന്നത് എടവനക്കാടു കടലോര നിവാസികൾക്കു മാത്രമല്ല നായരമ്പലം പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ളവർക്കുകൂടി പ്രയോജനപ്രദമായിരിക്കും. കൂടാതെ നേതാജി റോഡ് പടിഞ്ഞാറെ അറ്റം കടപ്പുറവുമായി ബന്ധിപ്പിക്കുന്ന പണിയും 4-ാം വാർഡിലൂടെ കടപ്പുറത്ത് എത്തുന്ന റോഡിന്റെ പണിയും അണിയിൽ തോടിന് വടക്കേക്കരയിലൂടെ കടപ്പുറം വരെ എത്തുന്ന വഴിയും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഇതോടെ കടപ്പുറം നിവാസികളുടെ യാത്രാ ക്ലേശത്തിന് നല്ലൊരളവിൽ പരിഹാരമുവുന്നതോടൊപ്പം ഈ പ്രദേശത്തിന്റെ വികസനത്തിനും സഹായകമായിത്തീരും.

പഞ്ചായത്തിന്റെ കിഴക്കേ മേഖലയെ സംബന്ധിച്ചിടത്തോളം നേരത്തെ സൂചിപ്പിച്ച വാച്ചാക്കൽ കടക്കര റോഡിനുപുറമെ III-ാം വാർഡിൽ ചാത്തങ്ങാട്ടു തോടിനു വടക്കേക്കരയിലൂടെയുള്ള ഇല്ലത്തുനികത്തു റോഡിന്റെ നിർമ്മാണം ചെറുവൈപ്പ് തെക്കുഭാഗത്തുള്ളവർക്കും കൂടി പ്രയോജനംചെയ്യും. താണിയത്ത് ലെയിനിന്റെ തുടർച്ചയായ ലെവീനിയ ഇറിഗേഷൻ ബണ്ട് വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കണം അതേപോലെതന്നെ കമ്പിത്താഴം റോഡ് പുഴയോരം വരെ നീട്ടണം. 3-ാം വർഡിലെതന്നെ അംബേദ്കർ കോളനിയിലേക്കുള്ള കോപ്പാട്ടുലെയിനിന്റെ തുടർച്ചയായ ഇറിഗേഷൻ ബണ്ട് വികസിപ്പിച്ച് കിഴക്കേ അറ്റത്ത് സ്ലൂയിസ് കം ബ്രിഡ്ജ് പണിത് ഗതാഗത യോഗ്യമാക്കുന്നതുമൂലം കോളനി നിവാസികൾക്കു മാത്രമല്ല പ്രയോജനം ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതു ശ്മശാനം ഉപയോഗിക്കാൻ സൗകര്യമുണ്ടാകുകയും ചെയ്യും. 5-ാം വാർഡ് അബേദ്കർ കോളനിയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഫിഷറീസ് ചിറ റോഡിന്റെ നിർമ്മാണം കോളനിയെ സംബന്ധി

ച്ചിടത്തോളം അത്യധികം പ്രാധാന്യമർഹിക്കുന്നു. അതേ പോലെതന്നെ ശ്രോയസ്സ് റോഡിനു തുടർച്ചയായ കൂട്ടുങ്ങൽ അടുപ്പു റോഡിന്റെ നിർമ്മാണം അവികസിതമായ ആ മേഖലക്ക് അത്യാവശ്യമാണ്. 7-ാം വാർഡ് താമരവട്ടം റോഡിന്റെ കിഴക്കോട്ടുള്ള ഭാഗത്തിന്റെ നിർമ്മാണം, A.K.G. റോഡ് ബാക്കി ഭാഗത്തിന്റെ പൂർത്തീകരണം എന്നിവയും പ്രാധാന്യമർഹിക്കുന്നു. കൂടാതെ പ്രാധാന റോഡുകളുമായി ബന്ധപ്പെടുന്ന ഇട റോഡുകളുടെ പണിയും പൂർത്തിയാക്കേണ്ടതുണ്ട്.

പഞ്ചായത്തിന് ഗ്രാമവികസന വകുപ്പിൽ നിന്നും ലഭിക്കുന്ന ജെ.ആർ.വൈ ഫണ്ട് സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന അൺടൈഡ് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് ഈ പഞ്ചായത്തിൽ ഇന്നത്തെ രീതിയിലെങ്കിലും റോഡുകൾ പണിയാൻകഴിഞ്ഞത്. ജെ.ആർ.വൈ. ഫണ്ടുപയോഗിച്ച് ഇതുവരെ 476 കി.മീറ്റർ ടാർ റോഡുകൾ ചെയ്തിട്ടുണ്ട്. എന്നാൽ ജെ.ആർ.വൈ ഫണ്ടുപയോഗിച്ച് നിലവിൽ റോഡുകൾ നിർമ്മിക്കാൻ പറ്റാത്ത അവസ്ഥയാണ് ഉള്ളത്. പട്ടികജാതി പട്ടികവർഗ്ഗ കോളനി റോഡുകൾക്ക് പ്രത്യേകം അനുമതിയോടെ 4 മീറ്ററും മറ്റു റോഡുകൾക്ക് 6 മീറ്ററും ചുരുങ്ങിയ വീതി ഉണ്ടാക്കണം എന്ന നിബന്ധന കർശനമാക്കിയതോടെ ജെ.ആർ.വൈ ഫണ്ടുപയോഗിച്ച് ടാർ റോഡുകൾ നിർമ്മിക്കാൻ കഴിയാതെ വന്നിരിക്കുന്നു. ജനങ്ങൾ തിങ്ങി പാർക്കുന്ന ഈ പ്രദേശത്ത് ഇത്രയും വീതിയിൽ സ്ഥലം ലഭിക്കാൻ ബുദ്ധിമുട്ടാണ്. ആയതിനാൽ ഈ നിബന്ധനയിൽ ഇളവുവരുത്തി 3 മീറ്റർ വരെ വീതിയുള്ള റോഡുകൾ ജെ.ആർ.വൈയിൽപ്പെടുത്തി പണിയുന്നതിനുള്ള അനുവാദം ഉണ്ടാകണം.

അൺടൈഡു ഫണ്ട് ഉപയോഗിച്ച് ഈ പഞ്ചായത്തിൽ ഇതുവരെ 4.761/കി.മീ. ടാർ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ജെ.ആർ.വൈയിൽ റോഡു നിർമ്മാണത്തിന് കർശന നിബന്ധനകൾ വന്ന സാഹചര്യത്തിൽ അൺടൈഡ് ഫണ്ടു മാത്രമാണ് റോഡു നിർമ്മാണത്തിന് ആശ്രയം. ആയതിനാൽ അൺടൈഡ് ഫണ്ടായോ അൺടൈഡ് നോംസിനു വിധേയമായോ കൂടുതൽ തുക റോഡുനിർമ്മാണത്തിനായി അനുവദികേക്ണ്ടത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്.

കേരളപിറവിദിനമായ നവംബർ 1 പനരർണഅമണദിനമായി ആചരിക്കാനുള്ള സംസ്ഥാന ആസൂത്രണബോർഡിന്റെ നിർദ്ദേശ പ്രകാരം 2-ാംവാർഡ് മിച്ചഭൂമി കോളനി റോഡ് 8-ാം വാർഡ് ബാങ്ക്റോഡ് സൗത്ത് വെസ്റ്റ് എക്സ്റ്റൻഷൻ 10-ാംവാർഡ് മുരിപ്പാടം റോഡ് എന്നീ പണികൾ ജനപങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. 8-ാം വാർഡിൽ ബഹുമാനപ്പെട്ട MLA ഡോ. എം.എ. കുട്ടപ്പൻ ഉത്ഘാടനം നിർവഹിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലും സൗജന്യമായി സ്ഥലം വിട്ടുതന്ന് ശ്രമദാനമായി പണികൾ നടത്താൻ ജനങ്ങൾ മുന്നോട്ടുവരേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെയും ആവശ്യമുള്ള റോഡുകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് - 1

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | ഡോ. വി.എ. സെയ്തു മുഹമ്മദ് റോഡ് | 820 മീ. | - | - | - | 820 |
| 2. | എ.എ. സെയ്തു മുഹമ്മദ് റോഡ് | 900 മീ. | - | - | 150 | 1050 മീ. |
| 3. | സുധാകരന്റെ വീടിനു സമീത്തുകൂടി വടക്കോട്ട് | - | - | 300 | - | 300 |
| 4. | മായാബസാർ നോർത്ത് & സൗത്ത് | - | - | 850 | 100 | 950 |
| 5. | എസ്.എൻ. സംഘം റോഡ് | - | - | 250 | 400 | 650 |
| 6. | ഇല്ലത്ത് വഴി വെസ്റ്റ് തിലകന്റെ വീടുവരെ | - | - | - | 125 | 125 |
| 7. | ലക്ഷംവീട് കോളനി | - | - | - | 100 | 100 |
| | ആകെ | 1720 മീ. | - | 1400 | 875 | 3995 |

## വാർഡ് – 2

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റർ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | ഇല്ലത്ത് ലൈൻ റോഡ് | 440 | – | – | – | 440 |
| 2. | വാച്ചാക്കൽ വെസ്റ്റ് | 500 | – | – | – | 500 |
| 3. | വാച്ചാക്കൽ ഇല്ലത്ത് ലിംഗ് റോഡ് | 480 | – | – | – | 480 |
| 4. | മിച്ചഭൂമി റോഡ് | – | – | 530 | 130 | 660 |
| 5. | മിച്ചഭൂമി കോളനി വെസ്റ്റ് റോഡ് | – | – | – | 350 | 350 |
| 6. | കോച്ചേരി സുരേന്ദ്രന്റെ വീട് | – | – | – | 250 | 250 |
| 7. | കോച്ചേരി മുതൽ സൗത്ത് | – | – | – | – | – |
| 8. | പത്മനാഭന്റെ വീടിനു സമീപം | – | – | – | 200 | 200 |
| | ആകെ | 1420 | – | 530 | 930 | 2880 |

## വാർഡ് – 3

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റർ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | താണിയത്ത് | 430 | – | – | – | 430 |
| 2. | കോപ്പാട്ട് | 300 | – | – | – | 300 |
| 3. | കമ്പിത്താഴം | 195 | – | – | – | 195 |
| 4. | മുരിങ്ങോടിത്തറ | 245 | – | 400 | – | 645 |
| 5. | ലവെനീയ | – | – | 500 | – | 500 |
| 6. | മൂന്ന് സെന്റ് കോളനി | – | – | 200 | 110 | 310 |
| 7. | പൈനാട്ട്പറമ്പ് | – | – | – | 150 | 150 |
| 8. | മോസ്ക്റോഡ് നോർത്ത് | – | – | – | 250 | 250 |
| 9. | ഇറിഗേഷൻ കനാൽ റോഡ് | – | – | – | 410 | 410 |
| 10. | 3 സെന്റ് കോളനി അംഗൻവാടി | – | – | – | 120 | 120 |
| | ആകെ | 1170 | – | 1100 | 1040 | 3310 |

## വാർഡ് – 4

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റർ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | വില്ലേജ് ഓഫീസ് റോഡ് | 646 | – | – | – | 646 |
| 2. | കപ്പേള | – | – | 360 | – | 360 |
| 3. | വില്ലേജ് ലെയിൻ മതൽ കണ്ണുപിള്ളതെക്കെപാലം | – | – | – | 290 | 290 |
| 4. | ചെത്തിക്കുളത്ത് അബ്ദുള്ള യുടെ വീടുവരെ | – | – | – | 120 | 120 |
| 5. | 4 സെന്റ് കോളനി | – | – | – | 500 | 500 |
| | ആകെ | 646 | – | 360 | 910 | 1916 |

## വാർഡ് – 5

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | ശ്രേയസ് റോഡ് | 304 | – | – | – | 304 |
| 2. | വാച്ചാക്കൽ കടക്കര | 260 | – | 890 | 250 | 1400 |
| 3. | ഡിസ്പൻസറി | 210 | – | – | – | 210 |
| 4. | ഫിഷറീസ് ചിറ റോഡ് | – | – | 540 | 410 | 950 |
| 5. | വാച്ചാക്കൽ സൗത്ത് എക്സ്റ്റെൻഷൻ | – | – | – | 185 | 185 |
| | ആകെ | 774 | – | 1430 | 845 | 3049 |

## വാർഡ് 6

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | നേതാജി റോഡ് | 520 | – | – | – | 520 |
| 2. | എം.ജി. റോഡ് | 404 | – | – | – | 404 |
| 3. | ബാങ്ക് റോഡ് | 195 | – | – | – | 195 |
| 4. | ബേക്കറി | – | – | 200 | – | 200 |
| 5. | 6.8 ലിംഗ് റോഡ് | – | – | 200 | – | 200 |
| 6. | ആഷാ റോഡ് | – | – | – | 250 | 250 |
| 7. | 4 സെന്റ് കോളനി | – | – | – | 250 | 250 |
| 8. | K.P.M.H.S. വെസ്റ്റ് | – | – | – | 120 | 120 |
| 9. | ജി.സി. റോഡ് | – | – | – | 200 | 200 |
| | ആകെ | 1119 | – | 400 | 820 | 2339 |

## വാർഡ് – 7

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1.. | എ.കെ.ജി. റോഡ് | 270 | – | – | 630 | 900 |
| 2.. | താമരവട്ടം | 325 | – | 106 | – | 431 |
| 3.. | എ.കെ.ജി. സൗത്ത് | – | – | 300 | – | 300 |
| 4.. | പള്ളിയേരിക്കല് | – | – | 150 | – | 150 |
| 5.. | നവോദയ | – | – | 270 | – | 270 |
| 6. | പള്ളിയേരിക്കൽ നോർത്ത് | – | – | 150 | – | 150 |
| 7. | കോക്കളത്ത് ലൈൻ | – | 360 | – | – | 360 |
| | ആകെ | 595 | 360 | 976 | 630 | 2561 |

261

## വാർഡ് – 8

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റർ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | 8–10 കടപ്പുറം റോഡ് | – | – | 250 | 750 | 1000 |
| 2. | 6–8 ലിംഗ് റോഡ് | – | – | – | 400 | 400 |
| 3. | സെന്റ് അംബ്രോസ് ചർച്ച് റോഡ് | – | – | – | 220 | 220 |
| 4. | ബാങ്ക് റോഡ് സൗത്ത് വെസ്റ്റ് എക്സ്റ്റൻഷൻ | – | – | – | 1440 | 1440 |
| | ആകെ | – | – | 250 | 2810 | 3060 |

## വാർഡ് – 9

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റർ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | മാർക്കറ്റ് റോഡ് | 337 | – | – | – | 337 മീ. |
| 2. | ഇക്ബാൽ റോഡ് | 780 | – | 430 | – | 1210 |
| 3. | അണിയൽ | 430 | – | – | – | 430 |
| 4. | കുഞ്ഞുമഹമ്മദ് മാസ്റ്ററുടെ വീടിന് വടക്കോട്ട് അണിയൽ തോഡ് | – | – | 100 | – | 100 |
| 5. | അണിയിൽ – നായരമ്പലം | – | – | 150 | – | 150 |
| 6. | കപ്പേള മുതൽ വടക്കോട്ട് | – | – | 250 | – | 250 |
| 7. | റപ്പേലുകുട്ടിയുടെ വീട് മുതൽ തെക്കോട്ട് | – | – | 60 | – | 60 |
| 8. | മംഗലത്ത് മുഹമ്മദലിയു വീട് മുതൽ തെക്കോട്ട് | – | – | 120 | – | 120 |
| 9. | ഇക്ബാൽ റോഡ് സൗത്ത് നായരമ്പലം അറ്റംവരെ | – | – | – | 200 | 200 |
| 10. | ജവഹർ റോഡ് | – | – | – | 150 | 150 |
| | ആകെ | 1547 | – | 1110 | 350 | 3007 |

## വാർഡ് – 10

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർചെയ്തത് | മെറ്റർ | ഗ്രാവൽ | മണ്ണ് | നീളം |
|---|---|---|---|---|---|---|
| 1. | നേതാജി | 125 | – | – | – | 125 മീ. |
| 2. | കടപ്പുറം | – | – | 1000 | – | 1000 |
| 3. | ഇക്ബാൽ റോഡ് ബാക്കി | – | – | 390 | – | 390 |
| 4. | മുരിപ്പാടം റോഡ് | – | – | – | 1000 | 1000 |
| 5. | അണിയൽ വടക്കേക്കര 8–10 കടപ്പുറം റോഡ് | – | – | – | 390 | 390 |
| 6. | സെയ്തു മുഹമ്മദ് | – | – | – | 800 | 800 |
| | ആകെ | 125 | – | 1390 | 2190 | 3705 |

ഈ പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിന് പ്രധാന തടസ്സം തോടുകളും ചിറകളും നിറഞ്ഞ ഭൂപ്രകൃതിയാണ്. നെൽകൃഷിക്കും ചെമ്മീൻ കൃഷിക്കും സഹായകമായ വിധത്തിൽ സ്ലൂയിസ് കം ബ്രിഡ്ജുകൾ പണിതാൽ നിലവിലുള്ള റോഡുകളുടെ വികസനത്തിനു മാത്രമല്ല പുതിയ റോഡുകളുടെ നിർമ്മാണത്തിനും സഹായകമായിരിക്കും. കേന്ദ്ര-സംസ്ഥാന ഇറിഗേഷൻ വകുപ്പുകളിൽ നിന്നും ഈ പ്രദേശത്തിന് പറയത്തക്കയാതൊരു സഹായവും ലഭിക്കുന്നില്ല. ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള പണികൾ മിക്കവാറും തന്നെ കിഴക്കൻ പ്രദേശങ്ങളിൽ ഒതുങ്ങുന്നതായിട്ടാണ് കണ്ടുവരുന്നത്. ആ വകുപ്പിൽ നിന്നും കൂടുതൽ സഹായം ലഭ്യമാക്കണം.

പഞ്ചായത്തിൽ ഇപ്പോൾ 65 കൽവർട്ടുകൾ ഉണ്ട്. അത്യാവശ്യമായി നിരവധി കൽവർട്ടുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക പരാധീനതയും നിർമ്മാണപ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് തുക ചെലവു ചെയ്യുന്നതിനുള്ള നിയന്ത്രണവും മൂലം പുതിയ കൽവർട്ടുകൾ പണിയാനും കേടുവന്നവ പതുക്കി പണിയാനും പഞ്ചായത്തിന് കഴിയാതെയാണിരിക്കുന്നത്.

## കൽവർട്ടുകൾ

| വാർഡ് ക്രമ | നിലവിലുള്ള കൽവർട്ടുകൾ | പുതിയതായി വേണ്ട കൽവർട്ടുകൾ |
|---|---|---|
| I | 7 | 13 |
| II | 3 | 4 |
| III | 10 | 5 |
| IV | 5 | 10 |
| V | 5 | 7 |
| VI | 7 | 10 |
| VII | 9 | 8 |
| VIII | 7 | 11 |
| IX | 9 | 7 |
| X | 3 | 6 |
| Total | 65 | 81 |

ഇക്കാര്യത്തിൽ കൂടുതൽ സാമ്പത്തിക സഹായം ലഭിക്കുകയും നിയന്ത്രണങ്ങൾ കുറക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

## പാലങ്ങൾ

### ഓരോ വർഡിലും പണിതീർക്കേണ്ട പാലങ്ങളുടെ പേര് താഴെ ചേർക്കുന്നു.

**1-ാം വാർഡ്:**

1) ചാത്തങ്ങാട് തോടിന് കുറുകെയുള്ളപാലം
2) ഇക്ബാലിന്റെ കമ്പനി യുടെ അടുത്തുള്ളപാലം
3) കുഴുപ്പിള്ളി, എടവനക്കാട് പഞ്ചായത്തകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഠാണതോട്ടിലെ രണ്ട് ചെറിയ പാലങ്ങൾ

**3-ാം വാർഡ്:**

1) ചാത്തങ്ങാട് തോടിന് കുറുകെയുള്ള പാലം
2) അംഗനവാടിക്ക് സമീപമുള്ള ചെറിയ പാലം

**4-ാം വാർഡ്:**

1) പഴങ്ങാട് തോടിനു കുറുകെ 4ഉം 6ഉം തമ്മിൽ ബന്ധിപ്പിക്കുന്ന പാലം
2) കണ്ണു പിള്ളക്കെട്ടിന് കുറുകെ വടക്കും തെക്കും വശങ്ങളിലായി 4ഉം 10ഉം തമ്മിൽ ബന്ധിപ്പിക്കുന്ന 2 പാലങ്ങൾ.

**5-ാം വാർഡ്:**

1) വാച്ചാക്കൽ കടക്കര കായലിന് കുറുകെ ഏഴിക്കരയുമായി ബന്ധിപ്പിക്കുന്ന പാലം

| | | |
|---|---|---|
| | 2) | പഴങ്ങാട് തോടിന് കുറുകെ 5ഉം 7ഉം തമ്മിൽ ബന്ധിപ്പിക്കുന്ന പാലം |
| **6–ാം വാർഡ്:** | 1) | 6ഉം 8ഉം തമ്മിൽ ബന്ധിപ്പിക്കുന്ന പാലം |
| **7–ാം വാകർഡ്:** | 1) | വടക്കേ കൊല്ലാട്ട് അടുപ്പിന്റെ കുറുകെയുള്ള പാലം |
| | 2) | അബ്ദുൾ ഖാദർ മാഷിന്റെ കൃഷിയിടത്തിന് സമീപമുള്ള പാലം |
| **8–ാം വാർഡ്:** | 1) | അണിയിൽ തോടിന് കുറുകെ 8ഉം 9ഉം തമ്മിൽ ബന്ധിപ്പിക്കുന്ന പാലം |
| **9–ാംവാർഡ്:** | 1) | അണിയിൽ തോടിന് കുറുകെ 6ഉം 9ഉം തമ്മിൽ ബന്ധിപ്പിക്കുന്ന അണിയിൽ ബ്രിഡ്ജ് |
| **10–ാംവാർഡ്:** | 1) | ബാനർജി തോടിന് കുറുകെയുള്ള പാലം |
| | 2) | അലിയാർ ഹാജിയുടെ തോടിന് കുറുകെയുള്ള പാലം |
| | 3) | അമ്മ തമ്പുരാൻ പാലം |
| | 4) | ലങ്കാപാലം |

## പുതിയ റോഡുകൾ:

| | | |
|---|---|---|
| **1–ാം വാർഡ്:** | 1) | മായ ബസാറിൽ രാധാകൃഷ്ണന്റെ വീടിന്റെ വടക്കുഭാഗത്ത് 250 മീ. |
| | 2) | ഡോ. സെയ്തു മുഹമ്മദിന്റെ വീടിന്റെ സമീപത്തുകൂടി പടിഞ്ഞാറോട്ട് |
| | 3) | ഠാണ തോടിനരികിൽകൂടി പടിഞ്ഞാട്ട് |
| | 4) | ഇല്ലത്ത് ലൈൻ ഒ.ടി. പൈലിയുടെ വീടിന്റെ സമീപത്തുനിന്ന് വടക്കോട്ട് എ.എ. സെയ്തു മുഹമ്മദ് റോഡ് വരെ |
| | 5) | ഇക്ബാലിന്റെ വീടിന്റെ അടുത്തുകൂടി വടക്കോട്ട് ചാത്തങ്ങാട് തോട് വരെ |
| | 6) | വി.പി. റോഡിൽ നിന്ന് പടിഞ്ഞാട്ട് (തൈക്കാവ്) അബ്ദുൾ ഖാദറിന്റെ വീടിന്റെ സമീപം |
| | 7) | ചാത്തങ്ങാട് തോടിന് തെക്ക് ഭാഗത്തുകൂടി പടിഞ്ഞാട്ട്. |
| 2–ാം വാർഡ്: | 1) | കാവുങ്ങൽ ചന്ദ്രന്റെ പടിഞ്ഞാട്ടുള്ള റോഡ് പൂർത്തീകരിക്കണം 150 മീ. |

2) വാച്ചാക്കൽ കിഴക്കേവീട്ടിൽ അബ്ദുള്ളയുടെ വീടിന്റെ സമീപത്തു നിന്ന് ആരംഭിക്കുന്ന റോഡ് മിച്ചഭൂമി റോഡ് വരെ എത്തിക്കണം.

3) വാച്ചാക്കൽ ഇല്ലത്ത് ലൈൻ ലിങ്ക് റോഡ് പൂർത്തീകരിക്കുക.

4) സീന ഐസ് പ്ലാന്റിന്റെ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടുള്ള വഴി 250 മീ. പുതിയതായി പണി തീർക്കണം.

5) മുരിക്കൽ ഗോപിയുടെ തെക്കുഭാഗത്തുകൂടി പടിഞ്ഞാട്ട് പുതിയ ഒരു വഴിതുറന്ന് മിച്ചഭൂമി റോഡിൽ ബന്ധിപ്പിക്കണം.

6) വടക്കേ വീട്ടിൽ നസീറിന്റെ തെക്കു ഭാഗത്തുകൂടി പടിഞ്ഞാട്ട് ബാലന്റെ വീട് വരെ മെറ്റൽ ഇട്ട് ടാർ ചെയ്യണം.

7) വത്സന്റെ വീടിന്റെ സമീപത്തുനിന്ന് ആരംഭിച്ച് മിച്ചഭൂമി കോളനിവരെ മെറ്റൽ ഇട്ട് ടാർ ചെയ്യണം.

**3-ാം വാർഡ്:**

1) മോസ്ക് റോഡ് നോർത്ത് ഈസ്റ്റ് റീച്ച് ഫോർമേഷൻആന്റ് ടാറിംഗ് 250 മീ.

2) ഇല്ലത്ത് നികത്തുതറ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് 2 കി.മീ.

3) താന്നിയത്ത് ലൈൻ II റിച്ച് മെറ്റലിംഗ് ആന്റ് ടാറിംഗ് S.C.P. 1.5 കി.മീ.

4) കോപ്പാട്ട് ലൈൻ മെറ്റലിംഗ് & ടാറിംഗ് S.C.P. 300 മീ.

5) മുരിങ്ങോടിത്തറ റോഡ് മെറ്റലിംഗ് & ടാറിംഗ് S.C.P. 450 മീ.

6) ഡിസ്പൻസറി റോഡ് മെറ്റലിംഗ് & ടാറിംഗ് 200 മീ.

7) നായേസ് കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് 200 മീ.

**4-ാം വാർഡ്:**

1) വി.പി. റോഡിൽ നിന്നും അബ്ദുൾ റസാക്കിന്റെ വീടിന്റെ വടക്കുവശത്തുകൂടി പടിഞ്ഞാട്ട് ചെന്ന് ചാരോത്ത് റോഡ് സൗത്ത് എക്സറ്റൻഷൻ റോഡുമായി ബന്ധിപ്പിച്ച് മെറ്റൽ ചെയ്തു ടാർ ചെയ്യണം. 700 മീ.

2) വില്ലേജ് എക്സ്റ്റൻഷൻ റോഡിൽ നിന്ന് തോപ്പ് വളപ്പ് പടിഞ്ഞാട്ട് 350 മീറ്റർ മെറ്റർ ടാറിംഗ്

3) O.L.H. കോളനിയിലെ ട്രാൻസ്ഫോർമറിന് സമീപത്ത് നിന്ന് വടക്കോട്ട് 200 മീറ്റർ മെറ്റൽ, ടാറിംഗ്

4) കപ്പേള റോഡിൽനിന്ന് O.L.H. കോളനിയുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് 150 മീ. മെറ്റൽ, ടാറിംഗ്

5) ചാരോത്ത് കാട് വെസ്റ്റ് റോഡ് അബു മാസ്റ്ററുടെ ജംഗ്ഷനിൽ നിന്ന് കണ്ണുപിള്ളക്കെട്ടിന്റെ കളം വരെ മെറ്റൽ ചെയ്തു ടാർ ചെയ്യണം.

6) ചാരോത്ത് കാട് ലൈൻ സൗത്ത് എക്സ്റ്റൻഷൻ കെ.കെ. വാസുവിന്റെ വീടിന് മുൻലശത്തുകൂടി കണ്ണുപിള്ളകെട്ടിന് സമീപം വരെ മെറ്റൽ ചെയ്തു ടാർ ചെയ്യണം

7) വാച്ചാക്കൽ O.L.H. കോളനി റോഡ് കണ്ണുപിള്ള കെട്ട് നോർത്ത് പാലംവരെ മെറ്റൽ ചെയ്തു ടാർ ചെയ്യണം

8) കുമാരുട്ടിയുടെ വീടിന്റെ വശത്തള്ള വഴി പടിഞ്ഞാട്ട് കെ. രാമൻകുഞ്ഞി മാസ്റ്ററുടെ വീടിനടത്തുവരെ - Metaling and Taring - 600 മീറ്റർ

**5–ാം വാർഡ്:**

1) ഡിസ്പൻസറി റോഡിന്റെ എക്സറ്റൻഷൻ 300 മീ. മെറ്റലിംഗ് & ടാറിംഗ്

2) വാച്ചാക്കൽ ഫിഷറീസ് ചിറവഴി ശ്മശാനത്തിലേക്കുള്ള വഴി മെറ്റലിംഗ് & ടാറിംഗ് 1540മീ. SCP

3) വാച്ചാക്കൽ കടക്കരറോഡ് 1690 മീ. മെറ്റലിംഗ് & ടാറിംഗം SCP

4) ശ്രേയ്സ് റോഡ് കായൽക്കരവരെ (കൂട്ടുങ്ങൽ അടുപ്പ്) 1500 മീ. മെറ്റലിംഗ് & ടാറിംഗ് SCP

5) വാച്ചാക്കൽ കുറുമ്പയുടെ വീടിന് കിഴക്കുവശത്തുകൂടി 800 മീ. മെറ്റലിംഗ് & ടാറിംഗ് SCP

6) A.P. വിശ്വംഭരന്റെ വീടിന്റെ മുൻവശത്തുകൂടി പോകുന്നവഴി മെറ്റലിംഗ് & ടാറിംഗ് 600 മീ.

7) പഞ്ചായത്ത് ഓഫീസിന്റെ തെക്കുവശത്തുള്ള വഴി 200 മീ. മെറ്റലിംഗ് & ടാറിംഗ്

8) A.P. ദാസന്റെ വീടിന്റെ അടുത്തുള്ള വഴി 200 മീ. മെറ്റലിംഗ് ടാറിംഗ്

**6–ാം വാർഡ്:**

1) A.E. ഓഫീസിന് പിഞ്ഞാറ്ഭാഗം പനച്ചിക്കൽ

ബാലകൃഷ്ണന്റെ വീടിനു തെക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടുള്ള റോഡ് – 250 മീ. മെറ്റലിംഗ് ടാറിംഗ്

2) കൂട്ടുങ്ങൾ ചിറ റോഡിന് വടക്കുഭാഗം ഓലത്തോടിന് കിഴക്കുഭാഗം കെ.ജെ. ആൽബിയുടെ വീടിനു പടിഞ്ഞാറുഭാഗത്തുകൂടിയുള്ള വഴി – 200 മീ. മെറ്റിലം ടാറിംഗ്.

3) ആഷാ തിയറ്ററിന് കിഴക്കുഭാഗത്തുകൂടി പള്ളേരിക്കൽ റോഡുമായി ബന്ധിപ്പിക്കുന്ന വഴി 200 മീ. മെറ്റലിം ടാറിംഗ്

4) സെന്റ് അബ്രോസ് പള്ളിക്ക് കിഴക്കുഭാഗം വേലായുധൻ മാസ്റ്ററുടെ വീടിനു വടക്കുഭാഗത്തു കൂടിയുള്ള വഴി മെറ്റലിം ടാറിംഗ്

5) അണിയിൽ തോടിന് വടക്കുഭാഗം (വി.പി. റോഡിന് കിഴക്ക്) കോക്കളത്ത് റോഡുമായി ബന്ധിപ്പിക്കുന്ന വഴി മെറ്റലിംഗ് ടാറിംഗ്

6) K.P.M.H.S.-ന് പടിഞ്ഞാറുഭാഗത്തുള്ള റോഡ് 150 മീ. മെറ്റലിംഗ് ടാറിംഗ്

**7-ാം വാർഡ്:**

1) കെ.ജി. റോഡ് II റീച്ച് മെറ്റലിംഗ് ടാറിംഗ് 1200 മീ

2) അണിയൽ അമ്പലം റോഡ് മെറ്റലിംഗ് ടാറിംഗ് 500 മീ.

3) O.L.H കോളനി റോഡ് മെറ്റലിംഗ് ടാറിംഗ് 300 മീ.

4) പള്ളിയേരിക്കൽ റോഡ് II റീച്ച് മെറ്റലിംഗ് ടാറിംഗ് 300 മീ.

5) മഹാത്മാഗാന്ധി റോഡ് II റീച്ച് മെറ്റലിംഗ് ടാറിംഗ് 150 മീ.

6) കൊല്ലാട്ടുതറ പല്ലേത്ത് കളം പയ്യപ്പിള്ളി റോഡ് ഫോർമേഷൻ

7) പള്ളിയേരിക്കൽ പാല്ല്യത്തുകളം റോഡ് ഫോർമേഷൻ

8) കൊല്ലാട്ടുതറ റോഡ് ഫോർമേഷൻ 500 മീ. താമരവട്ടംറോഡ് 325 (ടാർ റോഡ്

9) ഓ.കെ. നടേശന്റെ വീടിനു പടിഞ്ഞാറുവശത്തു

267

നിന്നും വടക്കോട്ട് അന്തോണിയുടെ വീട് വരെയുള്ള റോഡ് 500 മീ.

**8–ാം വാർഡ്:**

1) 8, 10 കടപ്പുറം റോഡ് സൈഡ് കെട്ടി 1 കി.മീ. മെറ്റലിട്ട് ടാർ ചെയ്യണം.

2) സെന്റ അബ്രോസിസ് റോഡ് മെറ്റൽ ചെയ്തു ടാർ ചെയ്യണം

3) ബാങ്ക് റോഡ് സൗത്ത് വെസ്റ്റ് എക്സ്റ്റൻഷൻ 8, 10 കടപ്പുറം റോഡുമായി ബന്ധിപ്പിച്ചു 1.5 കി.മീ. മെറ്റലിംഗ് ടാറിംഗ്

4) 6, 8 ലിങ്ക് റോഡ് നികത്തുവാനുള്ള ഭാഗം നികത്തി മെറ്റലിംഗ് ടാറിംഗ്

5) കണ്ടൻ കോരൻ മാസ്റ്ററുടെ വീടിന്റെ മുൻവശ 150 മീ. ത്തുകൂടിയുള്ള വഴി മെറ്റൽ ടാറിംഗ്

6) 8–ാം വാർഡ് അംഗനവാടിയിലേക്കുള്ള കോളനിവഴി മെറ്റൽ ചെയ്തു ടാർചെയ്യണം 150 മീ.

7) ബാങ്ക് എക്സ്റ്റൻഷൻ റോഡിൽ നിന്നും ദത്തിന്റെ വീട്‌വരെയുള്ള വഴി മെറ്റലിംഗ് ടാറിംഗ്

8) ബീരാന്റെ വീട്ടിൽ മുൻവശത്ത് പടിഞ്ഞാറ് വന്നിട്ട് ബാങ്ക് യി ബന്ധിപ്പിച്ചു. 200 മീ. മെറ്റൽ ചെയ്തു ടാർ ചെയ്യണം.

**9–ാം വാർഡ്:**

1) ഇക്ബാൽ റോഡ് 750 മീറ്റർ മെറ്റലിംഗ് ടാറിംഗ്

2) അണിയിൽ ടെമ്പിൾ റോഡ് തെക്കോട്ട് നായരമ്പലം അതിർത്തിവരെ മെറ്റലിംഗ് ടാറിംഗ്

3) മാർക്കറ്റ് റോഡ് 100 മീ. മെറ്റലിംഗ് ടാറിംഗ്

4) ഇക്ബാൽ റോഡിൽ റപ്പേല്കുട്ടിയുടെ വീടിന്റെ കിഴക്കുവശത്തുകൂടി തെക്കോട്ടുള്ളവഴി നായരമ്പലം അതിർത്തിവരെ 200 മീറ്റർ നികത്തി മെറ്റലിംഗ് ടാറിംഗ്

5) കപ്പേളയുടെ പടിഞ്ഞാറ് ഭാഗത്ത് വടക്കോട്ടുള്ള വഴി 200 മീറ്റർ മെറ്റലിംഗ് ടാറിംഗ്

6) കപ്പേളയ്ക്ക് കിഴക്ക് വശം വടക്കോട്ടുള്ള വഴി നികത്തി മെറ്റലിംഗ് ടാറിംഗ്

7) കപ്പേളയ്ക്ക് തെക്കോട്ടുള്ള മിച്ചഭൂമിയിൽ കൂടി

200 മീ.യുള്ള വഴി നികത്തി മെറ്റലിംഗ് ടാറിംഗ്

8) കപ്പേളയുടെ തെക്കോട്ടുള്ളവഴി നായരമ്പലം 150 മീ. റോഡ് അതിർത്തിവരെ ഫോർമേഷൻ

9) 9-ാം വാർഡ് പടിഞ്ഞാറ് വേലായുധന്റെ വീടിന്റെ സമീപം വടക്കോട്ട് ചിറകെട്ടി വീതിപിടിപ്പിച്ച് മെറ്റലിംഗ് ടാറിംഗ്

10) മണ്ഡലം മുഹമ്മദ് റോഡ് മെറ്റലിംഗ് ടാറിംഗ്

11) അണിയിൽ ടെമ്പിൾ റോഡിൽ കുഞ്ഞുമുഹമ്മദിന്റെ വീടിന്റെ മുൻവശത്തകൂടി വടക്കോട്ടുള്ള റോഡ് 100 മീ. മെറ്റലിംഗ് ടാറിംഗ്

12) ലക്ഷം വീട്ടിലേക്കുള്ള റോഡ് 125 മീറ്റർ മെറ്റൽ ടാറിംഗ്

ഈ പഞ്ചായത്തിലുള്ള മൂന്നു വലിയ തോടുകളും മറ്റു അനുബന്ധ തോടുകളും വശങ്ങൾ ഇടിഞ്ഞ് മണ്ണവീണ് നീരൊഴുക്ക് വളരെ കുറഞ്ഞ സ്ഥിതിയിലാണ്. ഈ തോടുകളുടെ ആഴം വർദ്ധിപ്പിച്ച് സൈഡുകെട്ടി സംരക്ഷിക്കേണ്ടത് ജലഗതാഗത വികസനത്തിന് സഹായിക്കും. മാത്രമല്ല സംരക്ഷണ ഭിത്തി കെട്ടുന്നതോടുകൂടി തീരത്തുകൂടിയുള്ളയാത്രക്കും സഹായകമായിരിക്കും. ഇക്കാര്യത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സഹായം ഉണ്ടാവണം. മണ്ണു സംരക്ഷണ വകുപ്പിന്റെ സഹായവും തേടാവുന്നതാണ്.

## റോഡ്

**10-ാം വാർഡ്:**

1) അണിയിൽ പാലത്തിന് പടിഞ്ഞാറ് ഒന്നര കി.മീ ജോവറ്റിന്റെ വീടിന്റെ തെക്കുവശത്തുകൂടി കടപ്പുറം വരെ മെറ്റലിംഗ് ടാറിംഗ്

2) മുരിപ്പാടം അണിയിൽ തോടിന്റെ പക്കൽനിന്നും കൂട്ടുങ്ങൽചിറ റോഡുമായി 1 കി.മീ. ബന്ധിപ്പിക്കുന്ന റോഡ് - മെറ്റലിംഗ് ടാറിംഗ്

3) മുരുപ്പാടത്ത് നിന്നും നവംബർ 1-ന് "പുനരർപ്പണ"ദിനമായ 11/2 കി.മീ. ജനപങ്കാളിത്തത്തോടം നിർമ്മിച്ച റോഡ് കടപ്പുറംവരെ മെറ്റലിംഗ് ടാറിംഗ്

4) കണ്ണുപിള്ള കെട്ടിന്റെ തെക്കെ പാല ഒന്നര കി.മീത്തിന്റെ പടിഞ്ഞാറ് വശത്ത് നിന്ന് കടപ്പുറംവരെ മെറ്റലിംഗ് ടാറിംഗ്

5) സെയ്തു മുഹമ്മദ് റോഡ് കടപ്പുറം വരെ 11/4 കി.മീ. മെറ്റലിംഗ് ടാറിംഗ്

6) തീരദേശ റോഡ് മെറ്റലിംഗ് ടാറിംഗ് - 4 കി.മീ.

**പ്രശ്നങ്ങൾ**

1. വി.പി. റോഡിന്റെ പാലങ്ങളും റോഡുകളും വീതി ഇല്ലാത്തത്.
2. റോഡിന്റെ ഇരുവശത്തുമുള്ള ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും
3. ബസ്സ് സ്റ്റോപ്പുകളിൽ ബസ്സുകൾ രണ്ടുവശത്തും ഒരേ സ്ഥാനത്ത് നിർത്തുന്നത്!
4. ആവശ്യത്തിന് കൺസന്റ് ലഭിക്കാത്തത്!
5. ഇറിഗേഷന്റെ പ്രവർത്തനം ഈ ഭാഗത്ത് ലഭിക്കാത്തത്.
6. റോഡുകളുടെ വീതിസംബന്ധിച്ചു കർശനമായ നിർദ്ദേശം.
7. ഭൂപ്രകൃതി
8. സാമ്പത്തികമായ പരാധീനത

**സാദ്ധ്യതകൾ!**

1. വി.പി. റോഡിന്റെ പാലങ്ങളും റോഡുകളും വീതി വർദ്ധിപ്പിക്കണം.
2. റോഡിന്റെ ഇരുവശത്തുമുള്ള ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും 4 അടി വീതി ഇരുവശങ്ങളിലേക്കും മാറ്റി സ്ഥാപിക്കുക.
3. ബസ് സ്റ്റോപ്പുകൾ ഇരുവശത്തും 10 മീറ്റർ വീതം മാറ്റി സ്ഥാപിക്കുക.
4. ഇറിഗേഷന്റെ പ്രവർത്തനം വ്യാപിക്കൽ
5. റോഡുകളുടെ വീതിസംബന്ധിച്ചുള്ള നിബന്ധന ഇല്ലാതാക്കണം.
6. സർക്കാർ സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ.
7. പ്രധാന ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കൽ
8. കൽവർട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കൽ.
9. ആവശ്യമായ കൺസന്റ് ലഭ്യമാക്കൽ

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാസ്കാരികമായും മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്താണ് എടവനക്കാട് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൽ പരമ്പരാഗതമായി സാമ്പത്തിക സുസ്ഥിതിയുള്ളവരും പുതുതായി ബിസിനസ്സിലൂടെയും ഗൾഫ് തൊഴിലുകളിലൂടെയും സാമ്പത്തിക പുരോഗതി പ്രാപിച്ച വരും ദാരിദ്ര്യരേഖക്ക് താഴെ ജീവിതം തള്ളിനീക്കാൻ പ്രയാസപ്പെടുന്നവരുമുണ്ട്.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവും മത്സ്യത്തൊഴിലാളികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ് കൂടുതലും. അതുകൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ അധികവുമുള്ളത്. ഒന്ന്, മൂന്ന്, ഏഴ്, പത്ത് വാർഡുകളിലാണ് കുടിലുകളും ഇടത്തരം വീടുകളും അധികമുള്ളത്. വൈപ്പിൻ-മുമ്പം റോഡിൻഹരെ വശങ്ങളിലും പഞ്ചായത്തിലെ പ്രധാന റോഡുകളുടെയും സമീപത്താണ് സാമ്പത്തികമായി സൗകര്യമുള്ളവർ വീടുകൾ നിർമ്മിച്ചിട്ടുള്ളത്.

ആധുനിക കാഴ്ചപ്പാടുകളിൽ കൂട്ടുകുടുംബങ്ങൾ "ന്യൂക്ലിയസ്" ക്ടുംഹങ്ങളുമായി മാറിക്കൊണ്ടിരിക്കുന്നു. കുടുംബത്തിലെ അംഗസംഖ്യ അച്ഛൻ, അമ്മ, ഒന്നോ, രണ്ടോ കുട്ടികൾ എന്നിങ്ങനെ പരമിതമായിക്കഴിഞ്ഞു. മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ പാർപ്പിടം ഉണ്ടാക്കുന്നഎന്നത് വിഷമകരമായ സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഒരു പ്രദേശത്തിന്റെ സാംസ്കാരിക അവസ്ഥ പാർപ്പിട നിർമ്മാണ രീതിയിലും പ്രതിഫലിക്കുമല്ലോ. ചെങ്കല്ല്, കരിങ്കല്ല്, ചുടുകട്ട, മരം എന്നിവയാണ് പ്രധാനമായും നിർമാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾ. ഇപ്പോൾ സിമന്റ് കട്ടളും വർക്ക കട്ട്ള, ജനൽ എന്നിവയും ഉഉപയോഗിക്കപ്പെടുത്തിവരുന്നു. അടുത്തകാലം വരെ നീറ്റുകുമ്മായമാണ് നിർമ്മാണത്തിന് പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നത്. സിമന്റ് സുലഭമായതോടെ നീറ്റുകുമ്മായം ഉപയോഗിക്കേണ്ടിവരുന്ന രീതി ഇല്ലാതായി. ഇതോടെ ടെറസ് വീടുകളുടെ എണ്ണം വർദ്ധിക്കുകയും കൂട് കയറ്റി അടുമേയുന്ന രീതി ഇല്ലാതായിതീരുകയും ചെയ്തു. എടവനക്കാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പാർപ്പിട പ്രശ്നം രൂക്ഷമായി കഴിഞ്ഞിട്ടില്ല. എല്ലാ കുടും

ബങ്ങൾക്കും ആവശ്യമായ വീടുകളുണ്ട് എന്ന് അർത്ഥമാക്കുന്നില്ല.

**വീടുകളുടെ അവസ്ഥ - സ്ഥിതി വിവരപട്ടിക**

| ക്രമ നമ്പർ | വിവരണം | മൊത്തം സംഖ്യ | SC/ST എണ്ണം |
|---|---|---|---|
| 1. | ആകെ വീടുകൾ | 3531 | 735 |
| 2. | കുടിലുകൾ | 387 | 103 |
| 3. | വൈദ്യുതി കണക്ഷൻ ലഭിച്ചത് | 2236 | 466 |
| 4. | സാനിട്ടറി കക്കൂസുകൾ ഇല്ലാത്തത് | 1710 | ലഭ്യമല്ല |
| 5. | ജല ആവശ്യത്തിന് പൊതു ടാപ്പുകളെ ആശ്രയിക്കുന്നവർ | 2063 | 607 |

വീട് നിർമാണത്തിൽ അപകടകരമായ ആഡംബര പ്രവണത രൂപപ്പെട്ടിരിക്കുന്നു. നാലോ, അഞ്ചോ, അംഗങ്ങളുള്ള കുടുംബത്തിനു വേണ്ടി ലക്ഷങ്ങൾ ചിലവഴിച്ച് ടെറസ് വീടുകൾ നിർമ്മിക്കുന്ന പ്രവണത പർദ്ധിച്ചുവരികയാണ്. ആവശ്യത്തെക്കാൾ ആഡംബരത്തിനാണ് ഇന്ന് പവരും പ്രാധാന്യം കല്പിച്ചിട്ടുള്ളത്. ഇതുമൂലം കടക്കെണിയിൽപ്പെട്ട കുടുംബങ്ങളും ധാരാളമാണ്.

ചെലവു കുറഞ്ഞ വീടകളെ കുറിച്ച് പ്രചാരണങ്ങളുണ്ടെങ്കിലും അതുമായിബന്ധപ്പെട്ട് സാങ്കേതിക ജ്ഞാനം നേടിയവർ പഞ്ചായത്തിൽ വിരളമാണ്. ഈ രംഗത്ത് മതിയായ പരിശീലനം നേടിയ വ്യക്തികൾ ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും വീടുകളുടെ എണ്ണവും തമ്മിലുള്ള

അനുപാതം 5.82 ആണ്. പഞ്ചായത്തിൽ ഒന്ന്, രണ്ട്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത് വാർഡുകളിൽ ലക്ഷം വീട് കോളനികളും മൂന്ന്, അഞ്ച്, ആറ് വാർഡുകളിൽ നാല് സെന്റ് കോളനികളുമുണ്ട്. എല്ലാ വാർഡുകളിലുമായി പതിനൊന്ന് പട്ടിക ജാതിസങ്കേതങ്ങളുമുണ്ട്. ലക്ഷം വീടുകൾ എല്ലാം ജീർണ്ണാവസ്ഥയിലാണ്. ഇരട്ട വീടുകളായിട്ടാണ് ഇവ നിർമ്മിച്ചിട്ടുള്ളത്. ഇവ പൊളിച്ചുനീക്കി വെവ്വേറെ വീടുകളായി പണിയേണ്ടതുണ്ട്. സ്വന്തമായി വീട് വെക്കുന്നതിനു സ്ഥലമോ, സാമ്പത്തിക സൗകര്യമോ ഇല്ലാത്ത 459 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് നാല് സെന്റ് വീതം ഭൂമി നല്കുന്നതിന് ഉദ്ദേശം 20 ഏക്കർ ഭൂമി അവശ്യമാണ്. വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതുണ്ട്.

കെട്ടിടനിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം ക്രമാതീതമാണ്. സിമന്റ് 87- 88 കാലയളവിൽ 70 രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ ഒര ചാക്കിന് 190ദയായി ഉയർന്നിരിക്കുന്നു. കല്ല്, ഇഷ്ടിക, മരം എന്നിവയുടെ വിലയും ക്രമാതീതമായി ഉയർന്നിരിക്കുന്നു. കെട്ടി നിർമ്മാണ വസ്തുക്കൾ ഒന്നും പഞ്ചായത്തിൽ നിർമ്മിസക്കുന്നവയല്ല. അവസ്ഥലത്തെത്തിക്കുന്നതിനുള്ള കൂലിചെലവും നിർമാണതൊഴിലാളികളുടെ കൂലിയും വർദ്ധിച്ചതാണ്. നിർമ്മാണത്തൊഴിലാളികളുടെ കൂലി പുരുഷന് 125രൂപയും സ്ത്രീക്ക് 90.00 രൂപയുമാണ്. നിർമ്മാണ തൊഴിലാളിക്കു പഞ്ചായത്തിൽ ധാരാളമുണ്ടങ്കിലും അവർ മറ്റു സ്ഥലങ്ങളിൽ ജോലിക്ക് പോകുന്നതുകൊണ്ട് പഞ്ചായത്തിൽ നിമ്മാണ തൊഴിലാളികളുടെ ക്ഷആമം അനുഭവപ്പെടുന്നുണ്ട്.

വീട് നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ഇല്ല. എളങ്കുന്നപുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹൗസിങ് സൊസൈറ്റിയുടെ പരിധിയിലാണ് ഈ പഞ്ചായത്ത്. എടവനക്കാട് സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, നായരമ്പലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എടവനക്കാട് ഫെഡറൽബാങ്ക് എന്നിവയാണ് വീട് നിർമ്മാണത്തിന് സാമ്പത്തിക സഹായം നല്കുന്ന ധനകാര്യ സ്ഥാപനങ്ങൾ കൂടാതെ ഇന്ദിര ആവാസ് വയോജന, മീല്യൺവെൽ സ്കീം, പട്ടികജാതി-പട്ടികവർഗ്ഗ ഹൗസിംഗ് സ്കീം, പുനരധിവാസ ഭവനനിർമ്മാണ പദ്ധതി. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുള്ള മൈത്രി ഭവന പദ്ധതി എന്നിവകളിലൂടെയാണ് ഭവനനിർമ്മാണത്തിൽ സഹായം ലഭിക്കുന്നത്. വീട് നിർമ്മാണ വായ്പകളുടെ പലിശനിരക്ക് ഉയർന്നതാണ്.

ഭവനിരഹിതരടെ പ്രശ്നം പൂർണ്ണമായി പരിഹരിക്കണമെങ്കിൽ പ്രാഥമികമായി ഭൂമി ലഭ്യമാ

ക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ലഭ്യമായ മിച്ചഭൂമി, പുറമ്പോക്ക് ഭൂമി, എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

**പ്രശ്നങ്ങൾ**

നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലയും ദൗർലഭ്യവും

ഭവന നിർമാണ വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ

ചെലവു കുറഞ്ഞ കെട്ടിടനിർമ്മാണത്തെക്കുറിച്ചുള്ള അജ്ഞത.

ഹൗസിങ് സൊസൈറ്റി ഇല്ല.

ആവശ്യത്തേക്കാൾ ആഡംബരത്തിനു കൊടുക്കുന്ന പ്രാധാന്യം.

സ്ഥല ദൗർലഭ്യം

തീരദേശ സംരക്ഷണ നിയമം നടപ്പാക്കൽ

**സാദ്ധ്യതകൾ:**

കോളനികളിലെ വീട് നിർമ്മാണത്തിന് പ്രത്യേക പദ്ധതി

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിന് സിവിൽ സപ്ലൈസിന്റെ ഇടപെടൽ

വിവിധ ഹൗസിങ് സ്കീമുകളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകോപിപ്പിക്കൽ. വ്യക്തമായ രേഖകൾ സൂക്ഷിക്കൽ.

പഞ്ചായത്ത് തലത്തിൽ ഹൗസിങ് സൊസൈറ്റി - ബോധവൽക്കരണവും പരിശീലനവും

പലിശരഹിതമായും മിതമായ നിരക്കിലും വായ്പക് ലഭ്യമാക്കൽ

സാമൂഹ്യ സേവന രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളെ ഉപയോഗപ്പെടുത്തൽ.

അപേക്ഷകൾ പഞ്ചായത്തുവഴി വിതരണം നടത്തുക.

സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നല്കുക

ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

താമസിക്കാൻ ഭൂമിയില്ലാത്ത ഭവനരഹിതർക്ക് നാലുസെന്റ് ഭൂമി വീതം വിലക്ക് വാങ്ങി നല്കുക.

ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി സർക്കാർ നല്ലൊരു തുക നൽകേണ്ടതാണ്.

# സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

ആരോഗ്യം

കുടിവെള്ളം

വിദ്യാഭ്യാസം

സംസ്കാരം

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

വനിതാക്ഷേമം

സാമൂഹ്യക്ഷേമം

സഹകരണ മേഖല

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പടിഞ്ഞാറ് അറബിക്കടലിന്റെയും കിഴക്ക് വീരൻ പുഴയുടെയും ഇടക്ക് സ്ഥിതിചെയ്യുന്നതാണല്ലോ നമ്മുടെ ഗ്രാമം. രണ്ടും ഉപ്പുവെള്ള സമൃദ്ധമാണ്. കൂടാതെ പുഴയിൽ നിന്ന് ആരംഭിക്കുന്ന മൂന്ന് പ്രധാന തോടുകളും മറ്റു ചെറുതോടുകളും നമ്മുടെ ഗ്രാമത്തെ പലതുണ്ടുകളായി ഭാഗിക്കുന്നു. പൊക്കാളി പാടങ്ങളും ചെമ്മീൻ കെട്ടുകളും ഓരു വെള്ള സമൃദ്ധങ്ങളുമാണ്. ഇതിനിടയിലും നിരവധി ശുദ്ധജല സ്രോതസുകൾ നിലനിന്നിരുന്നു. കിണറുകളും കുളങ്ങളുമായിരുന്നു അവ. കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും ഗ്രാമത്തിലെ ജനങ്ങൾ ഈ ജലസ്രോതസ്സുകളെയാണ് ആശ്രയിച്ചിരുന്നത്. വൈപ്പിൻ മുനമ്പം റോഡിന്റെ ഇരു വശങ്ങളിലുമായിട്ടായിരുന്നു ഈ കുളങ്ങളും കിണറുകളും പ്രധാനമായും ഉണ്ടായിരുന്നത്.

1965 – ഡിസംബർ എട്ടിന് കടൽവെള്ളം അടിച്ചുകയറുകയും ഗ്രാമം മുഴുവൻ കടൽ വെള്ളത്തിൽ മുങ്ങിപ്പോവുകയം ചെയ്തു. ഇതോടെ കുളങ്ങളിലെയും കിണറുകളിലെയും ജലം ഉപ്പുരസമുള്ളതായിതീരുകയും കുടിവെള്ള ക്ഷാമം രൂക്ഷമാകുകയും ചെയ്തു. പെരിയാറിൽ അണക്കെട്ടുകൾ ഉണ്ടാകുന്നതുവരെ വർഷകാലങ്ങളിൽ മലവെള്ള പാച്ചിലിലൂടെ ശുദ്ധജലം ഒഴുകിയെത്തുകയും ഓരിനെ അകറ്റി നിർത്തുകയും ചെയ്തിരുന്നു.

കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണം ആരംഭിച്ചതോടെ നിലവിലുണ്ടായിരുന്ന കുളങ്ങളും കിണറുകളും വൃത്തിയാക്കി സൂക്ഷിക്കുന്ന രീതി ഇല്ലാതായിതീർന്നു. ക്രമേണ പല കുളങ്ങളും ചപ്പു ചവറുകൾ ഇട്ട് മൂടുന്ന അവസ്ഥ സംജാതമായി. മഴപെയ്തുണ്ടാകുന്ന ശുദ്ധജലം കുളം, കിണർ എന്നിവയിൽ ശേഖരിക്കപ്പെടുകയും മണ്ണിലേക്ക് ആഴ്ന്നിറങ്ങി ആവശ്യത്തിന് ലഭ്യമാകുകയും ചെയ്യുന്ന സ്ഥിതി ഇല്ലാതായി. പറമ്പുകളിൽ കണ്ണിവെപ്പ്, തടമെടക്കൽ എന്നീ കാർഷിക പ്രവൃത്തികൾ നിലച്ചതോടെ പെയ്ത്തുവെള്ളം മുഴുവൻ തോടുകളിലൂടെ കടലിലേക്ക് ഒഴുകിപോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. പതിമൂന്ന് പൊതുകിണറുകൾ പഞ്ചായത്തിൽ ഉള്ളതിൽ ഒന്നുപോലും സംരക്ഷിക്കപ്പെടുന്നരീതി നിലവില്ല.

കുടിവെള്ളത്തിനും, പാചകാവശ്യത്തിനും മാത്രമല്ല മുഴുവൻ ജലാവശ്യത്തിനും ഇന്ന് വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഈ സ്ഥിതിക്ക് മാറ്റം വരുത്താവുന്ന പരിതഃസ്ഥിതിയല്ല നിസവിലുള്ളത്. അതുകൊണ്ട് ജലഉപഭോഗത്തിൽ മിതത്വം പാലിക്കാൻ ബോധവൽക്കരണം അനിവാര്യമായിരിക്കുന്നു. നിലവിലുള്ള കുളങ്ങളും കിണറുകളും പരിരക്ഷിക്കപ്പെടുകയും സൗകര്യമുള്ള വ്യക്തികൾക്ക് പുതുതായി കിണറുകൾ ഉണ്ടാക്കുന്നതിന് പ്രേരണയും പ്രോത്സാഹനവും നല്കേണ്ടതുണ്ട്. നിലവിലുള്ള ശുദ്ധജല ഉപയോഗത്തിൽ 40% മാത്രമാണ് കുടിവെള്ളത്തിനും പാചക ആവശ്യത്തിനും ഉപയോഗപ്പെടുത്തുന്നത്. ഈ ആവശ്യങ്ങൾക്ക് മാത്രം വാട്ടർ അതോറിറ്റിയുടെ ശുദ്ധജല സംവിധാനത്തെ ആശ്രയിക്കുകയും മറ്റു ഗാർഹിക ഉപയോഗങ്ങൾ മറ്റു ജല സ്രോതസുകൾ മുഖാന്തിരം നിർവ്വഹിക്കുകയും ചെയ്യുന്ന അവസ്ഥ സൃഷ്ടിക്കേണ്ടതാണ്.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന വാട്ടർ ലൈനിൽ നിന്നാണ് പഞ്ചായത്തിലെ ആവശ്യത്തിനുള്ള ശുദ്ധജല വിതരണം വാട്ടർ അതോറിറ്റി നടത്തിക്കൊണ്ടിരിക്കുന്നത്. പാരലൽ ലൈൻ പഞ്ചായത്തിൽ ഇല്ലത്തു ലൈനിൽ വന്നു നില്ക്കുകയാണ്. ഇത് തെക്കോട്ട് നീട്ടുന്നതിനുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 187 പൊതു ടാപ്പുകൾ നിലവിലുണ്ട്. കൂടാതെ 500-ൽ പരം ഹൗസ് കണക്ഷനുകളും നല്കിയിട്ടുണ്ട്. ശുദ്ധജലവിതരണത്തിനുള്ള പൈപ്പുകൾ എത്തിപ്പെടാത്ത നിരവധി പ്രദേശങ്ങൾ വിവിധ വാർഡുകളിലായി ഇപ്പോഴുണ്ട്. പൊതുടാപ്പുകൾ അനിവാര്യമായ സ്ഥലങ്ങളും ഉണ്ട്. ഓരോ വാർഡിലെയും ശുദ്ധജല വിതരണ ടാപ്പുകളുടെയും പുതുതായി ഉണ്ടാകേണ്ടവയുടെയും പട്ടിക ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | നിലവിലുള്ള ടാപ്പുകളുടെ എണ്ണം | പുതുതായി സ്ഥാപി ക്കേണ്ട ടാപ്പുകളുടെ എണ്ണം | പുതുതായി ഇടേ ണ്ട പൈപ്പുക ളുടെ നീളം |
|---|---|---|---|
| വാർഡ് I | 20 | 14 | 2000 മീറ്റർ |
| വാർഡ് II | 9 | 10 | 1200 " |
| വാർഡ് III | 33 | 4 | 600 " |
| വാർഡ് IV | 10 | 8 | 1500 " |
| വാർഡ് V | 15 | 7 | 1700 " |
| വാർഡ് VI | 20 | 15 | 2000 " |
| വാർഡ് VII | 26 | 7 | 1000 " |
| വാർഡ് VIII | 7 | 7 | 800 " |
| വാർഡ് IX | 17 | 12 | 1200 " |
| വാർഡ് X | 30 | 10 | 1000 " |

വേനൽകാലത്ത് ആവശ്യത്തിന്റെ പകുതി പോലും ജലം പൊതുടാപ്പിൽ നിന്നും ലഭിക്കുന്നില്ല. പഞ്ചായത്തിലെ ഒട്ടേറെ ഉൾപ്രദേശങ്ങളിൽ പൊതുടാപ്പുകൾ ഇനിയും സ്ഥാപിക്കൽ അനിവാര്യമാണ്. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ശുദ്ധജല സംവിധാനം ലഭ്യമാക്കുന്നതിലേക്ക് 13000 മീറ്റർ പൈപ്പ് കൂടി സ്ഥാപിക്കേണ്ടതുണ്ട്. എടവനക്കാട് P.H. സെന്റർ കോമ്പൗണ്ടിൽ ഒരു ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തേണ്ടതുണ്ട്. വാട്ടർ ഹൗസ് കണക്ഷൻ എടുക്കാൻ സന്നദ്ധരായ എല്ലാ വീട്ടുകാർക്കും കണക്ഷൻ നല്കുന്നതിന് ഏർപ്പാടുണ്ടാകേണ്ടതും അത്യാവശ്യമാണ്. ഇപ്പോൾ ഒന്നിടവിട്ട ദിവസങ്ങളിലാണ് ശുദ്ധജല വിതരണ നടക്കുന്നത്. അത് ദിവസവും നടത്തുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകണം.

കേടായ പൊതുടാപ്പുകളും പൈപ്പ് ലൈനുകളും യഥാസമയം റിപ്പയർ ചെയ്യാത്തതുകൊണ്ട് ക്ഷാമകാലത്തുപോലും ധാരാളം ജലം പാഴായി പോകുന്നുണ്ട്. തോടുകളിലൂടെയും മറ്റും പോകുന്ന പൈപ്പുകൾ ദ്രവിച്ച് ശുദ്ധജലവും അശുദ്ധജലവും കലർന്ന് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

## പൊതു ജനാരോഗ്യം

നമ്മുടെ പഞ്ചായത്തിൽ ആദികാലം മുതൽ ആയുർവേദ ചികിത്സയും നാട്ടു ചികിത്സാരീതിയുമാണ് നിലവിലുണ്ടായിരുന്നത്. നാട്ടു ചികിത്സ രംഗത്ത് പ്രസിദ്ധമായിരുന്ന വാഴക്കാല അബ്ദുല്ല വൈദ്യൻ, നാരായണൻ കുട്ടി വൈദ്യൻ, കറപ്പൻകുട്ടി വൈദ്യർ, ഗോപാലൻ വൈദ്യൻ, വാസുദേവ വൈദ്യർ, കൊച്ചു കുഞ്ഞൻ വൈദ്യർ തുടങ്ങിയവർ. ആയുർവേദ ചികിത്സ രംഗത്ത് പ്രസിദ്ധിപിടിച്ചുപറ്റുകയും പ്രശംസനീയമായ സേവന മനഷ്ഠിച്ച് D.M.O. മാരായി റിട്ടയർചെയ്തവരാണ് ബാലപണിക്കരും, ഗോവിന്ദപണിക്കരും. അലോപ്പതി ചികിത്സാരംഗത്ത് അറിയപ്പെട്ടിടത്തോളം പഞ്ചായത്തിലെ ആദ്യത്തെ M.B.B.S. ഡോക്ടറായിരുന്നു തിരുനിലത്ത് പരമേശ്വര മേനോൻ. ഹോമിയോ ചികിത്സരംഗത്തും നമ്മുടെ പഞ്ചായത്ത് വളരെയധികം പുരോഗതി നേടിയിരുന്നു. ഈ രംഗത്തെ പ്രസിദ്ധ് ഡോക്ടർമാർമാരായിരുന്നു K.I. കൊച്ചുകാദർ, അലികുഞ്ഞി, പീതാംബര പണിക്കർ തുടങ്ങിയവർ.

എടവനക്കാട് ഇല്ലത്തു ലൈനിൽ 28-3-63-ൽ ഒരു അലോപ്പതി ഡിസ്പൻസറി പൊതുഉടമയിൽ ആരംഭിച്ചു. പിന്നീട് അത് P.H. സെന്ററായി ഉയർത്തുന്നതിനും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമേർപ്പെടുത്തുന്നതിനുമായി ബഹുജനസഹകരണത്തോടെ പഞ്ചായത്ത് കമ്മിറ്റി ശ്രമങ്ങൾ നടത്തി. ഒരു വാർഡ് പണിതീർത്തു.10 കിടക്കകൾ സ്ഥാപിച്ചു. 15-1-96-ൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാരംഭിച്ചു. എന്നാൽ നിലവിൽ ഡോക്ടർമാർക്ക് താമസിക്കാൻ ക്വോർട്ടേഴ്സ് ലഭ്യമല്ലാത്ത അവസ്ഥയിൽ രോഗികളെ കിടത്തി ചികിത്സ ഇല്ലാതായിരിക്കുകയാണ്. വളരെ മുമ്പ്മുതൽ തന്നെ ഒരു ആയുർവേദ ഡിസ്പൻസറിയും പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാത്തതുകാരണം ആയുർവ്വേദ ഡിസ്പൻസറി പ്രവർത്തനങ്ങൾ വളർച്ച മുരടിച്ച നില്ക്കുകയാണ് 30-3- 91ൽ അണിയൻ മാർക്കറ്റിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു ഹോമിയോ ഡിസ്പൻസറി പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ ഉടമയിൽ പ്രവർത്തിച്ചുവരുന്ന ഒരു അലോപ്പതി ആശുപത്രി പഴങ്ങാട് ഭാഗത്തുണ്ട്. കൂടാതെ 10 സ്വകാര്യ ഹോമിയോ ഡിസ്പൻസറികളും 8 സ്വകാര്യ ആയുർവ്വേദ ഡിസ്പൻസറികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എടവനക്കാട് അണിയൽ ഭാഗത്ത് ഇസ്ലാമിക് കൾച്ചറൽ അസോസിയേഷൻ എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ യുനാനി മെഡിക്കൽ റിസർച്ച് സെന്ററിന് ഡോക്ടർ ആഴ്ചതോറും വന്ന് രോഗികളെ പരിശോധിച്ച് ചികിത്സ നിർദ്ദേശിക്കുകയും സൗജന്യമരുന്ന് വിതരണം

നടത്തുന്ന ഒരു ക്ലിനിക്കും ഒരു സ്വകാര്യ യുനാനി ഡിസ്പൻസറിയും പ്രവർത്തിക്കുന്നു.

കഴിഞ്ഞവർഷത്തിൽ പഞ്ചായത്തിലെ ആകെ ജനനം 315 ഉം മരണം 132 ഉം ആണ്. റിപ്പോർട്ട് വർഷത്തിൽ

| | | |
|---|---|---|
| 1 | വയസിൽ താഴെയുള്ള കുട്ടികൾ | 291 |
| 2 | വയസ് വരെ പ്രായമുള്ള കുട്ടികൾ | 264 |
| 2-3 | വയസ് വരെ പ്രായമുള്ള കുട്ടികൾ | 258 |
| 3-6 | വയസ് പ്രായമുള്ള കുട്ടികൾ | 634 |

എന്നിങ്ങനെയാണ് കുട്ടികളുടെ പ്രായഘടന. വൃദ്ധജനസംഖ്യയുടെ അനുപാതം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ 118 ഗർഭിണികളും 155 മുലയൂട്ടുന്ന അമ്മമാരും റിപ്പോർട്ട് വർഷത്തിലുണ്ട്. ശിശു മരണങ്ങൾ വളരെ വിരളമാണ്. റിപ്പോർട്ട് വർഷത്തിൽ ഒരു വയസിൽ താഴെ പ്രായത്തിൽ രണ്ട് കുട്ടികളും 3-6 വയസ് പ്രായത്തിൽ ഒരു കുട്ടിയുമാണ് മരണപ്പെട്ടിട്ടുള്ളത്. ചാപിള്ള ജനനങ്ങൾ കഴിഞ്ഞ വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അനുപൂരക പോഷകാഹാരം ലഭ്യമാക്കുന്ന 441 കുട്ടികളും 51 ഗർഭിണികളും 56 മുലയൂട്ടുന്ന അമ്മമാരും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ പ്രധാന പ്രശ്നം തോടുകളിൽ സ്ഥാപിച്ചിട്ടുള്ളതും തോടുകളിലേക്ക് തുറക്കുന്നതുമായ കക്കൂസുകളാണ്. 75% കക്കൂസുകൾ ഈ ഇനത്തിൽ പെട്ടവയാണ്. സാമൂഹ്യക്ഷേമ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ശ്രമ ഫലമായി ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാത്ത പുതിയ കക്കൂസുകൾ ഉണ്ടാക്കുന്നതിന് സൗകര്യമുണ്ടാക്കേണ്ടതുണ്ട്. വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെട്ടിരുന്ന ഇടത്തോടുകൾ കാലക്രമത്തിൽ അടച്ചുകെട്ടിയതിന്റെയും നികത്തിയതിന്റെയും ഫലമായി വെള്ളക്കെട്ട് വർഷകാലങ്ങളിൽ രൂക്ഷമാണ്. മെയിൻ റോഡിനോട് ചേർന്ന് ഡ്രെയിനേജ് സംവിധാനമുണ്ടാക്കിയിട്ടുണ്ടെങ്കിലും ജനങ്ങൾ അശ്രദ്ധമായി ചപ്പു ചവറുകൾ വലിച്ചിട്ട് അവ ഉപയോഗരഹിതമാക്കിയിരിക്കുകയാണ്. കാനകളിൽ വെള്ളം കെട്ടികിടന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മത്സ്യസംസ്കരണത്തിലും മറ്റുമായി ഉണ്ടാകുന്ന അവശിഷ്ടങ്ങൾ പൊതുതോടുകളിലേക്കാണ് തള്ളുന്നത് തന്മൂലം പൊതുതോടുകൾ മലിനമായി കഴിഞ്ഞിരിക്കുന്നു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ മനുഷ്യ കരങ്ങളാൽ തകർക്കപ്പെട്ടതുമൂലം കൊതുക് ശല്യവും അതുമൂലമുള്ള രോഗങ്ങളും വർദ്ധിച്ചിരിക്കുകയാണ്.

പഞ്ചായത്തിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ ചിക്കൻ ബോക്സ്, വില്ലൻചുമ, ഛർദ്ദതിസാരം, പൊങ്ങൻ പനി തുടങ്ങിയവയാണ്. മലേറിയ, ഫൈലേറിയ, കുഷ്ഠം എന്നിവ അപൂർവ്വമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ സ്ഥിരമായി വീടുകൾ സന്ദർശിക്കുന്ന രീതി നിലവിലില്ല. കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്നതിൽ അമ്മമാർ ബോധവതികൾ ആണ്. P.H. സെന്ററിന്റെ സബ് സെന്റർ സർവ്വീസ് ബാങ്കിന്റെ പരിസരത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല. ആരോഗ്യ സ്ഥാപനങ്ങൾ അധികവും വി.പി. റോഡിന്റെ ഇരുവശങ്ങളിലുമായി പ്രവർത്തിക്കുന്നതുകൊണ്ടാണ് 3, 7, 10 വാർഡുകളിലെ ജനങ്ങൾക്ക് അത് കാര്യമായി പ്രയോജനപ്പെടുന്നില്ല. സ്കൂൾ ആരോഗ്യ പരിപാടിയിലൂടെ കുട്ടികളുടെ ആരോഗ്യ പരി

## (കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം: 96)

| പ്രായം | നോർമ്മൽ | | | ലഘുവായ പോഷണ കുറവുള്ളവർ | | | മിതമായ പോഷണ കുറവുള്ളവർ | | | ഗുരുതരമായ പോഷണക്കുറവുള്ളവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. 6മാസം മുതൽ ഒരു വയസുവരെ | 53 | 41 | 94 | 37 | 29 | 66 | 3 | 3 | 6 | - | - | - |
| 2. 1-3 വയസ് | 88 | 80 | 168 | 67 | 82 | 149 | 16 | 17 | 33 | - | - | - |
| 3. 3-6 വയസ് | 87 | 103 | 190 | 71 | 77 | 148 | 16 | 18 | 34 | - | - | - |

ശോധനയും ആവശ്യമായ പ്രതിരോധ കുത്തിവെപ്പുകളും യഥാസമയം നടത്തുന്നുണ്ട്.

**പ്രശ്നങ്ങൾ**

- കുളങ്ങളും കിണറുകളും സംരക്ഷിക്കപ്പെടുന്നില്ല.
- എല്ലാ ദിവസവും ശുദ്ധജല സംവിധാനത്തിൽ നിന്ന് വെള്ളം ലഭിക്കുന്നില്ല.
- ജല ഉപയോഗത്തിൽ മിതത്വം പാലിക്കുന്നില്ല.
- ടാപ്പുകളും ഭൂമിക്കടിയിലെ പൈപ്പുകളും തകരാറിലായി ധാരാളം ജലം നഷ്ടപ്പെടുന്നു.
- പൈപ്പു വെള്ളത്തിൽ മാലിന്യങ്ങൾ കാണപ്പെടുന്നു.
- രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമില്ല.
- പൊതു ആരോഗ്യ കേന്ദ്രങ്ങൾ ഏതെങ്കിലും അറ്റങ്ങളിൽ സ്ഥിതിചെയ്യുന്നു.
- സബ്സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.
- ആരോഗ്യ ശുചിത്വ ബോധവല്കരണത്തിന്റെ അഭാവം
- ഹെൽത്ത് വിസിറ്റർമാരുടെ സേവനം തൃപ്തികരമല്ല.
- കക്കൂസുകൾ പുറംതോടുകളിലേക്ക് തുറക്കുന്നു.
- മാലിന്യങ്ങളും ഉപയോഗരഹിതമായ പ്ലാസ്റ്റിക്, ഇരുമ്പ് വസ്തുക്കളും വഴിയരികിലും പൊതുകാനകളിലും തള്ളുന്നു മത്സ്യ സംസ്കരണത്തിലൂടെ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ പൊതു തോടുകളിലേക്ക് തള്ളുന്നു.
- അറവു ശാലകളില്ല.

**സാധ്യതകൾ**

1. കുളങ്ങളുടെയും കിണറുകളുടെയും സംരക്ഷണം, പുതിയ കിണറുകൾക്ക് സാമ്പത്തിക സഹായം.
2. പൊതു ടാപ്പുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിന് ഏർപ്പാടുകളുണ്ടാക്കുക. ജലവിതരണ പൈപ്പുകൾ യഥാസമയം അറ്റകുറ്റപണി നടത്തൽ
3. കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്താൻ സംവിധീനമുണ്ടാക്കുക.
4. ജലമലിനീകരണം തടയാൻ പ്രായോഗിക പരിപാടികൾ ആസൂത്രണം ചെയ്യുക.
5. കൊതുകു നിവാരണത്തിനായി നിലവിലുള്ള തോടുകൾ കയറ്റിറക്കുള്ളതാക്കുക. കെട്ടിനില്ക്കുന്ന ജലാശയങ്ങളിൽ മരുന്നു തളി നടത്തുക.
6. കക്കൂസുകളുടെ ശാസ്ത്രീയ നിർമ്മാണത്തിന് ധനസഹായം
7. ജ.ഒ. സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമേർപ്പെടുത്തൽ. പുതുതായി 10 കിടക്കകളുള്ള ഒരു വാർഡും 5 കിടക്കകളുള്ള ഒരു ചിൽഡ്രൻസ് വാർഡും നിർമ്മിക്കൽ ഗൈനക്കോളജി, ചിൽഡ്രൻ സ്പെഷ്യലിസ്റ്റുകളുടെ നിയമനം
8. പഞ്ചായത്തിൽ 4 പ്രദേശങ്ങളിൽ അറവുശാലകൾ സ്ഥാപിക്കൽ.
9. ഭക്ഷ്യ സംസ്കരണ കേന്ദ്രങ്ങളും ഭക്ഷണ വസ്തുക്കൾ വില്പന നടത്തുന്ന കേന്ദ്രങ്ങളും ശുചിയായിരിക്കുമെന്ന് ഉറപ്പ് വരുത്തുക.
10. പന്നിവളർത്തുകേന്ദ്രങ്ങൾ, ഇറച്ചിക്കോഴി സംസ്കരണ കേന്ദ്രങ്ങൾ, മത്സ്യ സംസ്കരണ കേന്ദ്രങ്ങൾ എന്നിവകളിൽ നിന്നും പുറന്തള്ളപ്പെടുന്ന അവശിഷ്ടങ്ങൾ പുറം തോടുകളിൽ തള്ളുന്ന സ്ഥിതി ഇല്ലാതാക്കുക.
11. മത്സ്യമാർക്കറ്റുകളിൽ പഴക്കം ചെന്നതും ഉപയോഗരഹിതവുമായ മത്സ്യങ്ങൾ വില്പന നടത്തുന്നത് തടയുക. രോഗബാധിതമായ മാടുകളെ അറക്കുന്നില്ലെന്ന് ഉറപ്പ് വരുത്തക.
12. ഉപയോഗ രഹിതമായ പ്ലാസ്റ്റിക് വസ്തുക്കൾ, മറ്റു ചപ്പുചവറുകൾ എന്നിവ നശിപ്പിക്കുന്നതിന് സംവിധാനമേർപ്പത്തുക.

13. ആയുർവേദ ഡിസ്പൻസറി ആശുപത്രിയായി ഉയർത്തുക.

14. ഹോമിയോ ഡിസ്പൻസറിയുടെ സബ്സെന്റർ ചാത്തങ്ങാട്ട് ബസാറിൽ സ്ഥാപിക്കുക.

15. ജ.ഒ. സെന്ററിന്റെ കീഴിൽ മൊബൈൽ ക്ലിനിക്

16. ആരോഗ്യ പ്രവർത്തകരുടുടെ സേവനം തൃപ്തികരമാക്കൽ

17. ബോഷ്യോ എക്കണോമിക് യൂണിറ്റിന്റെ സഹായം തേടൽ.

## വിദ്യാഭ്യാസം

സമ്പൂർണ്ണ സാക്ഷരയജ്ഞത്തിനശേഷം നമ്മുടെ ഗ്രാമത്തിൽ 85% അക്ഷരജ്ഞാനമുള്ളവരായിട്ടുണ്ട്. രണ്ട് .എൽ.പി. സ്കൂൾ, ഒരു യു.പി.സ്കൂൾ, രണ്ട് ഹൈസ്കൂൾ എന്നിങ്ങനെ അഞ്ചു സ്കൂളുകൾ നിലവിലുണ്ട്.

1. എസ്.പി. സഭാസ്കൂൾ
2. എച്ച്.ഐ.എച്ച് സ്കൂൾ
3. കെ.പി.എം. ഹൈസ്കൂൾ
4. ഗവ: യു.പി. സ്കൂൾ
5. സെന്റ് അംബ്രോസ് എൽ.പി. സ്കൂൾ

പിന്നോക്ക വിഭാഗക്കാരുടെ കുട്ടികളെ സവർണ്ണവിഭാഗം കുട്ടികളുമായി കൂട്ടിയിരുത്തി പഠിപ്പിക്കാൻ ആദ്യകാലങ്ങളിൽ അനുമതിയണ്ടായിരുന്നില്ല. തന്മൂലം എസ്സ്.എൻ.ഡി.പി. യോഗം ഭാരവാഹികൾ സ്വന്തം സ്കൂളുകൾ സ്ഥാപിച്ച് കുട്ടികളെ പഠിപ്പിക്കണമെന്ന് ആഹ്വാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിൽ ഈഴവരുടെ സഭകൾ സ്കൂളുകൾ സ്ഥാപിച്ച് കുട്ടികളെ പഠിപ്പിച്ചു തുടങ്ങി. (എസ്.എൻ.ഡി.പി. വാർഷിക യോഗങ്ങളിൽ സെക്രട്ടറിയായിരുന്ന മഹാകവി കുമാരനാശാൻ സമർപ്പിച്ച റിപ്പോർട്ടുകൾ കാണുക) കൊല്ലവർഷം 1096-ൽ (1921) പ്രവർത്തനം ആരംഭിച്ച എസ്.പി. സഭാ സ്കൂൾ ഇന്നും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. വെമ്മലശേരി കൊച്ചിറ്റാമൻ കണ്ടൻകുമാരൻ ആയിരുന്നു ആദ്യത്തെ മാനേജർ.

പഴങ്ങാട് ബസാറിനടുത്ത് സ്ഥിതിചെയ്യുന്ന ഹിദായത്തുൽ ഇസ്ലാം ഹൈസ്കൂൾ കൊല്ലവർഷം 1905-ൽ സ്ഥാപിതമായ എൽ.പി.സ്കൂൾ ക്രിസ്തുവർഷം 1966-ൽ യു.പി. സ്കൂളായും 1979-ൽ ഹൈസ്കൂൾ ആയും ഉയർന്നു. ഇന്ന് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

പഴങ്ങാട് തോടിന് തെക്കുമാറി റോഡരികിൽത്തന്നെ കെ.പി.എം. ഹൈസ്കൂൾ സ്ഥിതിചെയ്യുന്നു. ആദ്യകാലത്ത് ഇത് ഒരു ലോവർ സെക്കണ്ടറി സ്കൂൾ ആയിരുന്നു. പ്രിപ്പേരറ്ററി ക്ലാസ്, ഫോറം I (5-ാം സ്റ്റാൻഡേർഡ്) ഫോറം II (6-ാം സ്റ്റാൻഡേർഡ്) എന്നിങ്ങനെ നാലു ക്ലാസുകൾ ആണ് ഉണ്ടായിരുന്നുത്. ആദ്യത്തെ മാനേജർ തോപ്പിൽ മുഹമ്മദ് അവർകളായിരുന്നു. 1116-ലെ കൊടുംകാറ്റിൽ ഓലമേഞ്ഞതും പനമ്പുതട്ടികൾ കൊണ്ടുമറച്ചതുമായ കെട്ടിടം വീണുപോയി അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന സി.കെ. കുമാരപ്പണിക്കർ മാനേജർസ്ഥാനം ഏറ്റെടുക്കുകയും നാട്ടുകാരുടെ അകമഴിഞ്ഞ സഹായത്തോടുകൂടി പണിക്കരുടെ സ്വന്തം സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കുകയാണുണ്ടായത്. ക്രമേണ അത് ഹൈസ്കൂൾ ആയി ഉയർന്നു. അച്ചടക്കത്തിന്റെ കാര്യത്തിലും അദ്ധ്യാപനത്തിന്റെ കാര്യത്തിലും പണിക്കരുടെ സ്കൂൾ. അന്ന് മുൻപന്തിയിൽത്തന്നെ ആയിരുന്നു. ഇത് ഹൈസ്കൂൾ ആയി ഉയരുന്നതിനു മുമ്പ് എടവനക്കാട്ടുള്ള വിദ്യാർത്ഥികൾ ഞാറക്കൽ സർക്കാർ ഹൈസ്കൂളിലും ചെറായി രാമവർമ്മ ഹൈസ്കൂളിലും ആണ് പോയി പഠിച്ചിരുന്നത്.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലോ 20-ാം നൂറ്റാണ്ടിന്റെ ആദ്യമോ ആയിരിക്കണം ഗവ: യു.പി. സ്കൂൾ സ്ഥാപിതമായത്. (കൃത്യമായ വർഷം ലഭ്യമല്ല.) ആദ്യം ഇത് ഇ.എസ്. (ഇംഗ്ലീഷ് സ്കൂൾ) ആയിരുന്നു. കൊച്ചിരാജ്യത്തിലെ വിദ്യാഭ്യാസ ഡയരക്ടർ ആയിരുന്ന സി. മത്തായിയുടെ കാലത്താണ് അധഃകൃതവിദ്യാർത്ഥികൾക്ക് ടി. സ്കൂളിൽ പ്രവേശനം സിദ്ധിച്ചത്. ആയിരത്തി തൊള്ളായിരത്തി ഇരുപതുകളുടെ രണ്ടാം പകുതിയിൽ അധഃസ്ഥിത വിഭാഗത്തിലെ പ്രായമായവർക്കു അക്ഷരജ്ഞാനം ഉണ്ടാകുന്നതിനുവേണ്ടി അധഃകൃതവർഗ്ഗ സംരക്ഷണ ഡിപ്പാർട്ട്മെന്റിൽ നിന്ന് (S.C./S.T. ക്ഷേമ വകുപ്പ്) ഒരു നൈറ്റ് സ്കൂൾ (Night School) നട

ത്തിയിരുന്നു.

എടവനക്കാട് പള്ളിയുടെ അങ്കണത്തിൽ സ്ഥിതിചെയ്യുന്നു. സെന്റ് അംബ്രോസ് എൽ.പി. സ്കൂൾ കൊല്ലവർഷം 1095-മിഥുനമാസം 15-ാം തീയതി സ്ഥാപിതമായെന്ന് രേഖകളിൽ കാണുന്നു. വിദ്യാഭ്യാസ ഡയരക്ടർ സി. മത്തായി അവർകളുടെ പ്രേരണയാൽ മാളിയേക്കൽ തൊമ്മി റാഫേൽ സ്വന്തം ചെലവിൽ നിർമ്മിച്ച് പള്ളിക്കു വിട്ടുകൊടുത്തതാണത്രെ ഈ സ്ഥാപനം.

## വിദ്യാലയ വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം 95-96 ആണ് | പെണ്ണ് | ആകെ | അദ്ധ്യാപകരുടെ എണ്ണം ആണ് | പെണ്ണ് | ആകെ | അദ്ധ്യാപകരുടെ പരിശീലന യോഗ്യത B.Ed. | T.T.C |
|---|---|---|---|---|---|---|---|---|---|---|
| 1. | S.P. സഭസ്കൂൾ | എയ്ഡ്സ് | 128 | 119 | 247 | – | 9 | 9 | | |
| 2. | H.I.H.S | " | 1080 | 760 | 1840 | – | – | 73 | | |
| 3. | K.P.M.H.S. | " | 372 | 280 | 652 | 6 | 23 | 29 | | |
| 4. | G.U.P.S. | സർക്കാർ | 232 | 192 | 424 | 4 | 11 | 15 | | |
| 5. | St. Ambrose L.P. School | എയ്ഡ്സ് | 114 | 127 | 241 | – | 8 | 8 | | |
| | ആകെ | | 1026 | 1478 | 3404 | 10 | 51 | 134 | | |

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെപേര് | വിസ്തീർണ്ണം | ഓഫീസ് (സെന്റ്) | സ്റ്റാഫ് മുറി (സെന്റ്) | ലാബ മുറി | ലൈബ്രറി റ്ററി | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കളി സ്ഥലം | പാചക മുറി | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | S.P. സഭ | 45 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 25 | ഉണ്ട് | ഉണ്ട് |
| 2 | H.I.H.S. | 230 | " | " | ഉണ്ട് | ഉണ്ട് | " | ഉ | ണ്ട് | " | 125 | " ഇല്ല |
| 3. | K.P.M.H.S. | 112 | " | " | " | " | " | " | " | 400 ച.അ. | " | ഉണ്ട് |
| 4. | G.U.P.S. | 95 | " | " | " | " | " | " | " | 40 | ഇല്ല | " |
| 5. | St. അംബ്രോസ് | 105.5 | " | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 5.5 | ഉണ്ട് | ഇല്ല. |

## വിജയ ശതമാനം (S.S.L.C)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | വിജയ ശതമാനം |
|---|---|---|---|---|---|
| 1. | H.I.H.S. | 1992-93 | | | |
| | | 1993-94 | | | |
| | | 1994-95 | | | |
| | | 1995-96 | | | |
| 2. | K.P.M.H.S. | 1992-93 | | | |
| | | 1993-94 | | | |
| | | 1994-95 | | | |
| | | 1995-96 | | | |

വിദ്യാർത്ഥികളുടെ സ്വന്തം കഴിവുകൾ വികസിപ്പിക്കുവാൻ ഇന്നത്തെ വിദ്യാഭ്യാസരീചി ഉപകരിക്കുന്നില്ല. ത്രിഭാഷാ പദ്ധതി അനുസരിച്ച് സ്കൂളുകളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകൾ പഠിപ്പിക്കുന്നുണ്ട്. നിന്നാൽ പത്തുവർഷക്കാലത്തെ അദ്ധ്യയനത്തിനു ശേഷവും ഈ ഭാഷകളിൽ - മലയാളത്തിൽപ്പോലും - കുട്ടികൾക്ക് സ്വന്തമായി ആശയം പ്രകടിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണിന്നുള്ളത്. വിദ്യാലയങ്ങളിൽ ഭാഷ ശരിയായി പഠിപ്പിക്കാത്തതാണ് ഇതിന്റെ പ്രധാന കാരണം.

പുരാതനകാലത്ത് അക്ഷരമാലയും അതിന്റെ പെരുക്കങ്ങളും കൂട്ടക്ഷരങ്ങളും പഠിപ്പിച്ചുകഴിഞ്ഞാൽ ഏതു ഗ്രന്ഥവും വായിച്ചുമനസ്സിലാക്കാൻ ഒരു വിദ്യാർത്ഥിക്കു കഴിയുമായിരുന്നു. തെറ്റുകൂടാതെ എഴുതുവാനും കഴിഞ്ഞിരുന്നു. ഇന്ന് പാഠപുസ്തകങ്ങളിൽ ഓരോ പാഠത്തിന്റേയും ഒടുവിൽ കുറെ ചോദ്യങ്ങൾ കൊടുത്തിട്ടുണ്ട്. ആ ചോദ്യങ്ങൾക്ക് ഉത്തരം കുട്ടികളെക്കൊണ്ടുതന്നെ എഴുതിക്കുന്നതിന് പകരം മാർക്കറ്റിൽ കിട്ടുന്ന ഗൈഡുകൾ നോക്കി അദ്ധ്യാപകർ ബോർഡിൽ എഴുതി കൊടുക്കുന്ന ഉത്തരങ്ങൾ വിദ്യാർത്ഥികളെക്കൊണ്ട് പകർത്തി എഴുതിക്കുന്നു. അവർ അത് മനഃപ്പാഠമാക്കുന്നു. പരീക്ഷയ്ക്ക് ചോദ്യം മാറ്റി ചോദിക്കുകയോ ഉത്തരങ്ങൾ മനഃപ്പാഠമായി പഠിച്ചിട്ടുള്ള ചോദ്യങ്ങൾ വരാതിരിക്കുകയോ ചെയ്താൽ വിദ്യാർത്ഥികൾ കുഴങ്ങിയതുതന്നെ. അഥവാ മനഃപ്പാഠം പഠിച്ചത് എല്ലാം പരീക്ഷയ്ക്ക് വരുകയും നല്ല മാർക്കുവാങ്ങി പാസ്സായി കോളേജിൽ എത്തുകയും ചെയ്താൽ തന്നെ സ്വന്തമായി ഭാഷ കൈകാര്യം ചെയ്യാൻ കഴിവില്ലാത്തതുകാരണം പഠനത്തിൽ പിൻതള്ളപ്പെടുന്നു. ട്യൂഷൻ ഏർപ്പെടുത്തി വീടുകളിൽ ശ്രദ്ധിക്കുന്ന കുട്ടികൾക്കുമാത്രമേ ഇന്ന് പത്താംക്ലാസ് പരീക്ഷ പാസ്സാകാനെങ്കിലും സാധിക്കുന്നുള്ളു. ഒന്നും പഠിച്ചില്ലെങ്കിലും ക്ലാസ്കയറ്റം കൊടുത്ത് നിലവാരത്തകർച്ചയില്ല എന്നു കാണിക്കുന്ന ഇന്നത്തെ രീതി കുട്ടികളെ ബോധപൂർവ്വം നശിപ്പിക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ സ്റ്റാൻഡേർഡ് കറയുന്നു എന്ന് മുറവിളി കൂട്ടുന്നതിനുപകരം അവരെ താഴ്ന്ന ക്ലാസുകളിൽ വച്ചുതന്നെ രചനയും വ്യാകരണവും മനസ്സിൽ ഉറക്കുന്നതരത്തിൽ പഠിപ്പിക്കണം. കണക്കിലും ശാസ്ത്രവിഷയങ്ങളിലും അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നടത്തി അവരുടെ അറിവും കഴിവും വർദ്ധിപ്പിക്കേണ്ടതാണ്.

രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഒരു കാര്യം ഊന്നിപ്പറഞ്ഞിരുന്നു. നമ്മുടെ രാജ്യത്തെ ഉരുക്ക് ഉല്പാദനത്തിന്റെ അനുപാദം അനുസരിച്ചായിരിക്കും ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ വികസനം എന്ന്. കച്ചവടക്കമ്പനികളിലും ഗവർമ്മേണ്ട് ആപ്പീസുകളിലും കണക്കെഴുതാൻ ആവശ്യമായ ക്ലാർക്കുമാരെ സൃഷ്ടിക്കാനുള്ള സിലബസ്സാണ് പണ്ട് മെക്കോളെ സായിപ്പ് വിഭാവനം ചെയ്തിരുന്നതെങ്കിൽ ഇന്ന് വ്യവസായ വികസനത്തിനുള്ള സാങ്കേതിക വിദ്യാഭ്യാസമാണ് പ്രധാനമായും നമുക്കു വേണ്ടത്. വ്യവസായാഭിവൃദ്ധിക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത മെഷീനറികളും ഫാക്ടറികളും ഉണ്ടാക്കാനും അവ മെയന്റനൻസ് നടത്തുവാൻ ആവശ്യമായ സാങ്കേതിക പരിജ്ഞാനം നേടാനുള്ള താല്പര്യം ചെറുപ്പം മതലേ വിദ്യാർത്ഥികളിൽ ഉണ്ടാക്കണം. കൊല്ലപ്പണി, മരപ്പണി മുതലായവ കുട്ടിക്കാലത്തുതന്നെ പരിചയപ്പെടാൻ സൗകര്യമുണ്ടാകണം. കമ്പ്യൂട്ടറിനെപ്പറ്റിയുള്ള പ്രാഥമിക അറിവും അതിന്റെ പ്രവർത്തന രീതിയും മനസ്സിലാക്കാനുള്ള ഏർപ്പാടുകൾ വിദ്യാലയങ്ങളിൽത്തന്നെ ഉണ്ടാകണം.

**പ്രശ്നങ്ങൾ**

1. വിദ്യാർത്ഥികളുടെ പഠനനിലവാരം ഇന്നു നിലവിലുള്ള All promotion മൂലം താഴുന്നു.
2. മാതൃഭാഷയിൽ പോലും ആശയം സ്വന്തമായി എഴുതി പ്രകടിപ്പിക്കുവാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. അപ്പോൾ മറ്റുഭാഷകളായ ഇംഗ്ലീഷിന്റേയും ഹിന്ദിയുടേയും കാര്യം പറയേണ്ടതില്ലല്ലോ.
3. നമ്മുടെ ഗ്രാമത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല.
4. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം ഉയർത്തി നിശ്ചയിച്ചിരിക്കുന്നതു കാരണം അദ്ധ്യാപകർക്ക് വിദ്യാർത്ഥികളെ വ്യക്തിപരമായി ശ്രദ്ധിക്കാൻ കഴിയുന്നില്ല.
5. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ വൈപ്പിൻകരയിൽ ഇല്ലാത്തതുകാരണം എറണാകുളത്തും ആലുവായിലും മാല്യങ്ക

രയിലും കൊടുങ്ങല്ലൂരും മറ്റും പോയി പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിൽ ശ്രദ്ധിക്കാൻ വേണ്ടത്ര സമയം കിട്ടുന്നില്ല.

6. സ്കൂളുകളിൽ ലൈബ്രറിയും ലബോറട്ടറിയും നാമമാത്രമായിട്ടാണുള്ളത്. അതൊന്നും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നില്ല.

7. പഠനഭാരം സീമാതീതമായി ഉയർന്നിരിക്കുന്നു.

8. അദ്ധ്യാപകർക്ക് ഇൻസർവീസ്സ് കോഴ്സ് (Inservice Course) ഓറിയന്റേഷൻ ട്രെയനിനിംഗ് (Orientation training) എന്നിവ യഥാസമയങ്ങളിൽ ലഭിക്കാത്തതു കാരണം ഭാഷ, കണക്ക്, സയൻസ് മുതലായ വിഷയങ്ങളിൽ വിദ്യാർത്ഥികൾ വളരെയേറെ പിന്നോക്കം പോകുന്നു.

9. രക്ഷകർത്താക്കൾ മിക്കവാറും തന്നെ തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിലേക്കയച്ചാൽ അവരുടെ പഠനനിലവാരത്തെക്കുറിച്ച് വിദ്യാലയത്തിൽചെന്ന് അന്വേഷിക്കാറില്ല. കുട്ടി പത്താം ക്ലാസ് പാസ്സാകാതെ വരുമ്പോഴാണ് ഇക്കൂട്ടർ വിഷമിക്കുന്നത്.

10. നമ്മുടെ സ്കൂളുകളിൽ കളിസ്ഥലങ്ങൾ ഇല്ല.

11. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്.

12. ടെക്സ്റ്റുബുക്കുകൾ സമയത്ത് കിട്ടാതിരിക്കുക.

13. ഉച്ചക്കഞ്ഞിവിതരണം കാര്യക്ഷമമില്ലായ്മ

14. പി.ടി.എ.കളും എം.പി.ടി.എകളും സജീവമല്ല.

15. സർക്കാർ സ്കൂളുകളിൽ സമയത്തിന് അദ്ധ്യാപകരെ നിയമിക്കാത്തത്.

**സാദ്ധ്യതകൾ**

1. All promotion സമ്പ്രദായം നിർബന്ധമായും നിർത്തലാക്കണം.

2. കുട്ടികളെക്കൊണ്ട് സ്വന്തമായി രചനകൾ എഴുതിച്ച് അവരുടെ ഭാഷ മെച്ചപ്പെടുത്തണം.

3. ഒരു സാങ്കേതിക വിദ്യാലയം ഈ ഗ്രാമത്തിൽ സ്ഥാപിക്കണം.

4. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:25 ആയി കുറയ്ക്കണം. അതുവഴി വിദ്യാർത്ഥികളെ അദ്ധ്യാപകന് വ്യക്തിപരമായി ശ്രദ്ധിക്കാൻ കഴിയണം.

5. ഒരു ഉന്നതവിദ്യാലയം ഈ ഗ്രാമത്തിലൊ വൈപ്പിൻകരയിൽ മറ്റെവിടെയെങ്കിലുമോ സ്ഥാപിതമാകണം.

6. എല്ലാ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ സ്കൂളുകളിലെ ലൈബ്രറി, ലബോറട്ടറി എന്നിവ കാര്യക്ഷമമാക്കുകയും അദ്ധ്യാപകർ അവ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുകയും വേണം.

7. വിദ്യാർത്ഥികളുടെ പഠനഭാരം കുറയ്ക്കണം. സിലബസിൽ ശാസ്ത്രീയമായ മാറ്റം വരുത്തണം.

8. അദ്ധ്യാപകർക്ക് ഇൻസർവീസ് കോഴ്സ്, ഓറിയന്റേഷൻ ട്രെയിനിംഗ് എന്നിവ വെക്കേഷൻ കാലങ്ങളിൽ നടത്തണം.

9. രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളുടെ പഠിപ്പിനെപ്പറ്റി യഥാസമയം അന്വേഷിച്ചുകൊണ്ടിരിക്കണം.

10. സ്കൂളുകളിൽ കളിസ്ഥലം ഇല്ലാത്ത സ്ഥിതിക്ക് ഗ്രാമതലത്തിലെങ്കിലും ഒരു പൊതുകളിസ്ഥലം ഉണ്ടാകണം.

11. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയണം.

12. ടെക്സ്റ്റ്ബുക്കുക്കൾ യഥാസമയങ്ങളിൽ വിതരണം ചെയ്യണം.

13. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കണം.

14. പി.ടി.എ.കളും, എം.പി.ടി.എ. കളും സജീവമാക്കണം.

15. സർക്കാർസ്കൂളുകളിൽ സമയത്തിന് അദ്ധ്യാപകരെ നിയമിക്കണം.

## സംസ്ക്കാരം

എടവനക്കാട് ഗ്രാമപഞ്ചായത്ത് കല-സംസ്കാരിക രംഗത്ത് കഴിഞ്ഞകാലങ്ങളിൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രസിദ്ധ പത്രപ്രവർത്തകനും നിരൂപകനും സാഹിത്യകാരനും ചരിത്രകാരനമായിരുന്നു ശ്രീ. പി.കെ. ബാലകൃഷ്ണൻ, കൂടാതെ കേരള ഗസറ്റിയേഴ്സ് എഡിറ്ററും ചരിത്രകാരനുമായ ശ്രീ. സി.കെ. കെരിം കോഴിക്കോട് യൂണിവേഴ്സിറ്റി പ്രെ. വൈസ് ചാൻസലറായിരുന്ന ശ്രീ. എൻ.എ. കെരീമും ഈ ഗ്രാമത്തിന്റെ സന്തതികളാണ്. ഈ പ്രദേശത്തു നിന്നും വളർന്നുവന്ന സിനിമാരഗംത്ത് ശോഭിച്ച് പ്രസിദ്ധ നടന്മാരാണ് ശ്രീ. വിൻസെന്റും സിദ്ദിഖും കൂടാതെ സംസ്ഥാന അവാർഡു നേടിയ മേക്കപ്പ് ആർട്ടിസ്റ്റ്. ശ്രീ P.N. മണിയും എടവനക്കാടിന്റെ അഭിമാനമാണ്.

എടവനക്കാട് പഞ്ചായത്തിൽ ആദ്യം സ്ഥാപിതമായത് ഇക്ബാൽ സ്മാരക വായനശാലയാണ്. പഞ്ചായത്തിന്റെ കീഴിൽ മൂന്ന് ഗ്രന്ഥശാകളും കൂടാതെ പഴങ്ങാടുള്ള ജ്യോതിസ് ലൈബ്രറിയുമാണ് നിലവിലുള്ളത്. ഇക്ബാൽ സ്മാരക വായനശാല ഇപ്പോൾ ജീർണ്ണാവസ്ഥയിലാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതാണ് കാരണം. എടവനക്കാട് പഞ്ചായത്തിന്റെ സാംസ്കാരിക നവോഥാനത്തിന് ഒട്ടേറെ സംഭാവനകൾ നല്കിയ ഇക്ബാൽ സ്മാരക വായനശാലയെ പുനരുദ്ധരിക്കേണ്ടത് ആവശ്യമാണ്. വാച്ചാക്കൽ കിഴക്കുവശത്തുള്ള കോസ്മോപൊളിറ്റൻ ലൈബ്രറി ആന്റ് റീഡിംഗ് റും സ്വന്തമായയി സ്ഥലവും കെട്ടിടവും ഉള്ളതാണെങ്കിലും കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. പ്രവർത്തനരഹിതമായ ഈ സ്ഥാപനവും പുനരുദ്ധരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി എട്ടോളം (8) ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങളും ഏതാണ്ട് നിലച്ച മട്ടാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ കടന്നു കയറ്റമാണ് ഇന്നത്തെ ഈ സ്ഥിതിക്ക് കാരണമായി തീർന്നിട്ടുള്ളത്. പ്രൊഫഷണൽ നാടക ട്രൂപ്പുകളിൽ പ്രവർത്തിക്കുന്ന പലരും നമ്മുടെ ഈ കൊച്ചു ഗ്രാമത്തിലുണ്ട്. എന്നാൽ ഒരു പ്രൊഫഷണൽ നാടക ട്രൂപ്പ് സംഘടിപ്പിച്ചെടുക്കാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല.

എടവനക്കാട് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ-സാംസ്കാരീക രംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇതരസംഘടനകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. ഇസ്ലാമിക് കൾച്ചറൽ അസോസിയേഷൻ എടവനക്കാട്
2. എസ്.എൻ.ഡി.പി. ശാഖകൾ
3. കെ.സി.വൈ.എം
4. നായർ കരയോഗം
5. ധീവരസഭകൾ
6. കടുംബി സമാജം
7. പുലയ വംശോദ്ധാരണ സഭകൾ
8. വേട്ടുവ സമാജം
9. കസ്തൂർബ മെമ്മോറിയൽ ക്ഷേമസംഘം
10. സാമൂഹ്യ സേവാസംഘം

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദേവാലയമാണ് സെന്റ് അമ്പ്രോസ്സ് ചർച്ച്. അമ്പ്രോസ് പുണ്യവാളന്റെ നാമധേയത്തിൽ സ്ഥാപിതമായിട്ടുള്ള ഇന്ത്യയിലെ ഏകദേവാലയമാണ് ഇത്. ഓരോ വർഷവും ഡിസംബർ – 2 മുതൽ 7 വരെയാണ് ഇവിടെ തിരുനാൾ കൊണ്ടാടുന്നത്. ഈ പെരുന്നാളിന് ആയിരക്കണക്കിന് ഭക്തജനങ്ങൾ എത്തിചേരുന്നു. കൊച്ചി ദേവസ്വം ബോർഡിന്റെ അണിയിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും, കുഡുംബി സമാജംവക അംബികാ ഭഗവതി ക്ഷേത്രവും, നായർ കരയോഗം വക പള്ളിയേരിക്കൽ ക്ഷേത്രവും, മഹല്ല് ജുമാ മസ്ജിദും ഇവിടെ സ്ഥിതി ചെയ്യുന്നു. കൂടാതെ എട്ട് മുസ്ലിം പള്ളികളും സെന്റ് അമ്പ്രോസ് ചർച്ചിന്റെ കീഴിൽ രണ്ട് കപ്പേളകളും സ്വകാര്യ വ്യക്തികളുടെയോ കുടുംബങ്ങളുടെയോ വകയായി 40-ഓളം അമ്പലങ്ങളുമാണ് ഇവിടെയുള്ളത്. അണിയൽ ശ്രീകൃഷ്ണസ്വാമീ ക്ഷേത്രത്തിൽ മേടമാസത്തിലും

അംബികാഭഗവതി ക്ഷേത്രത്തിൽ മീനമാസത്തിലെ ഭരണി നക്ഷത്രത്തിലുമാണ് ഉത്സവം നടക്കുന്നത്. മൊത്തത്തിൽ എല്ലാ മതസ്ഥരും വളരെ സ്നേഹത്തിലും ഐക്യത്തിലുമാണ് ജീവിക്കു

ന്നത്.

ഭീമൻകളി, ചവിട്ടുനാടകം, കൈമുട്ട്, തിരുവാതിര പരിചമുട്ട്, ഓണക്കളി എന്നിവയായിരുന്ന പ്രധാനമായുണ്ടായിരുന്ന നാടൻ കലകൾ. ഇതിൽ ഭീമൻകളി, ചവിട്ടുനാടകം, പരിചമുട്ട് എന്നിവ നശിച്ചുകഴിഞ്ഞു.

പത്രമാസികകളുടെ ആദ്യപ്രചാര കേന്ദ്രം ഇക്ബാൽ സ്മാരക വായനശാലയായിരുന്നു. ഇപ്പോൾ രണ്ട് വായനശാലകൾ ഉണ്ട്. ഒന്ന് അംബേദ്കർ സാംസ്കാരിക കേന്ദ്രം. രണ്ട് ജ്യോതിസ് വായനശാല. ഈ രണ്ടു വായനശാലകളാണ് ഇപ്പോൾ നിലവിലുള്ളത്. ഇന്ത്യയിൽ പ്രചാരമുള്ള എല്ലാ പത്രങ്ങളും വാരികകളും മാസികകളും പഞ്ചായത്തിൽ ഏതാനും വീടുകളിലും എത്തുന്നുണ്ട്. വായനാശീലം മൊത്തത്തിൽ കുറഞ്ഞിട്ടുണ്ട്.

വാർത്താവിനിമയ രംഗത്തും പഞ്ചായത്തിൽ കാര്യമായ പരോഗതി ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 400-ൽ പരം ടെലഫോൺ കണക്ഷനുകൾ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ ഒരു ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിന് അനുവാദം ലഭിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം പ്രവർത്തന രഹിതമാണ്. വിനോദത്തിനായി ഒരു സിനിമാശാലയും പഞ്ചായത്തിൽ ഉണ്ട്. കേബിൾ ടി.വിയുടെ രണ്ട് യൂണിറ്റുകൾ 1996-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭൂരിപക്ഷം വീടുകളിലും റേഡിയോയും 20% വീടുകളിൽ ടി.വി.യും എത്തിക്കഴിഞ്ഞു. (ടെലിവിഷൻ പരിപാടികളുടെ നിലവാരതകർച്ച പലകുടുംബങ്ങളെയും വഴിതെറ്റിച്ചിട്ടുണ്ട്)

കായികരംഗത്ത് കാര്യമായ ഒരു പുരോഗതിയും നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പൊതു കളിസ്ഥലങ്ങൾ പഞ്ചായത്തിൽ ഇല്ല. കായിക പുരോഗതിക്ക് കളിസ്ഥലങ്ങൾ അനിവാര്യമാണല്ലോ.... കായികരംഗത്തെ നമ്മുടെ ദയനീയാവസ്ഥ നമുക്ക് മറ്റേണ്ടതുണ്ട്. രണ്ട് ഹൈസ്ക്കൂളുകളും ഒരു യു.പി.സ്കൂളും രണ്ട് എൽ.പി.സ്കൂളുകളും എടവനക്കാട് പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ മിക്കവാറും എല്ലാകുട്ടികളും ഈ സ്കൂളുകളിൽ പഠിക്കുന്നവരാണ്. ഇവരിൽനിന്നും കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനും കാര്യമായ ശ്രമങ്ങൾ നടന്നിട്ടില്ല.

**പ്രശ്നങ്ങൾ**

1. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം
2. വായനാശീലം വിദ്യാർത്ഥികളിൽ വളരുന്നില്ല.
3. കലാ-സാസ്കാരിക രംഗങ്ങളിലുള്ള അർപ്പണ ബോധത്തിന്റെ അഭാവം
4. രക്ഷാകർത്താക്കളുടെ അലസത.
5. പത്രങ്ങളുടെയം പുസ്തകങ്ങളുടെയും വില വർദ്ധന

**സാധ്യതകൾ**

1. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായ ബോധവൽക്കരണം.
2. പൊതു കളിസ്ഥലങ്ങളുടെ നിർമ്മാണം.
3. അണിയൽ മാർക്കറ്റിൽ ഓഡിറ്റോറിയവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനി ഓഡിറ്റോറിയങ്ങളുടെയും നിർമ്മാണം.
4. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് പ്രോത്സാഹനം.
5. ഗ്രന്ഥശാലാ പ്രവർത്തനങ്ങളുടെ നവീകരണം.
6. റഫറൻസ് ലൈബ്രറി

**വിവിധ കലാരംഗത്ത് അറിയപ്പെടുന്നവർ**

1. നാടകം

   പ്രദീപ് റോയ്  
   കെ.ടി. തങ്കച്ചൻ  
   പോൾ, കാനപ്പിള്ളി  
   കൊച്ചിൻ ഗോപിനാഥ്  
   വി.എൻ. വിനയൻ  
   മൊയ്തു മാസ്റ്റർ  
   എൻ.പി. ശ്രീനി

2. **സിനി. മേയ്ക്കപ്പ്**

   പി.എൻ. മണി

283

3. **നൃത്തം**

ശശി
ബേബി പൊന്നാത്തറ
സൂരജ ഭരതൻ
ഒ.സി. കീരൻ

4. **സംഗീത വിദഗ്ധൻ**

കുമം കഴൽ
ഗോപാലനാശാൻ

5. **ഉടുക്ക് കൊട്ട്**

ചോതി ആശാൻ
നാട്ടത്തറ കണ്ണഞ്ഞി
ശിവൻ പെരുമ്പടപ്പിൽ

6. **സംവിധാനം**

പ്രദീപ് റോയ്
വി.എം. അബ്ദുള്ള

7. **അറമനമുട്ട് ഒപ്പന**

മക്കാരാശാൻ, ജബ്ബാർ എടവനക്കാട്

8. **വായ്പ്പാട്ട്**

വി.വി. സദാനന്ദൻ
വി.എ. സുധൻ

9. **തബല മദ്ദളം**

തൈപ്പറപ്പിൻ നാരായണൻ
വി.വി. പത്മനാഭൻ

10. **നാദസ്വരം**

പഴമ്പിള്ളി രാമൻ കുഞ്ഞി

11. **പാശ്ചാത്യ സംഗീതം**

ബൈജു ധർമ്മജൻ

12. **ചവിട്ടു നാടകം**

അന്തോണി കണക്കശ്ശേരി

13. **ജൂഡോ**

നൈനാൻ
അംബ്രോസ് മക്കൾ ജോസ്, ആന്റി

14. **ഗിത്താർ**

ശിവൻ

15. **ഹാർമോണിയം**

തുമ്മി

16. **വയലിൻ**

സ്റ്റാറി

## പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

"1950 ജനുവരി 26–ാം തീയതി നമുക്ക് രാഷ്ട്രീയത്തിൽ സമത്വവും സാമൂഹ്യ സാമ്പത്തിക ജീവിതത്തിൽ അസമത്വവും കൈവരും. ഈ വൈരുദ്ധ്യം നാം മാറ്റണം. അല്ലെങ്കിൽ അസമത്വം അനുഭവിക്കുന്നവർ, രാഷ്ട്രീയ ജനാധിപത്യത്തിന്റെ ഘടനതകർക്കെറിയും" എന്നാണ് മഹാനായ ഡോ. അംബേദ്കർ പറഞ്ഞിരിക്കുന്നത്.

വൈപ്പിൻകരയിലെ ഇതരപഞ്ചായത്തുകളെ അപേക്ഷിച്ച് ഏറ്റവും കൂടതൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് എടവനക്കാട്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 20546 ആണ്. ഇതിൽ 3797 പട്ടികജാതിക്കാരും 7 പട്ടികവർഗ്ഗക്കാരാണ്.

സർവ്വശ്രീ കെ.പി. കേശവമേനോന്റേയും, കേളപ്പജിയുടേയും അയ്യങ്കാളിയുടേയും, സഹോദരനയ്യന്റേയും മറ്റും നവോത്ഥാന ആഹ്വാനം കൊണ്ടും ഭൂപരിഷ്കാരധാരയുടെ പിൻബലത്താലും പൊതു വേദിയിലെക്കു കടന്നുവന്ന ഒരു ജനവിഭാഗമാണിത്. ഇവരിൽ 95 ശതമാനവും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും തൊഴിലില്ലാത്തവരുമാണ്. ഇവരുടെ പരമ്പരാഗത തൊഴിൽ കൃഷിപ്പണിതന്നെ. ഈ തൊഴിൽ ഇന്ന് പൊതുവെ കുറഞ്ഞകൊണ്ടിരിക്കുന്നു. അപൂർവ്വമായി മാത്രമെ തെങ്ങിൻ തോപ്പുകളിൽ, പണിയെടുപ്പിക്കുന്നവരുള്ളു. അതുകൊണ്ടുതന്നെ ഈ ജനവിഭാഗം പ്രത്യേക പരിഗണന അർഹിക്കുന്നു. ഇരിൽ വിദ്യാഭ്യാസമുള്ള പലർക്കും ഇപ്പോഴും അർഹമായ തൊഴിൽ ലഭിച്ചിട്ടില്ല എന്ന വസ്തുത പരിതാപകരം തന്നെ. അതുകൊണ്ടു തന്നെ ഔദ്യോഗിക സംവരണവും, സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണവും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്.

ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും കൂട്ടു കുടുംബമായാണ് ഇപ്പോഴും കഴിയുന്നത്. 1920–കളിൽ, ഭൂമി കൈവശം വെച്ചിരുന്നവരിൽ ഒന്നായ പാലിയത്ത് കാരാണ് തങ്ങളുടെ കൃഷിപ്പണിക്കായി പുലയരെ തൃപ്പൂണിത്തുറ, കടവന്ത്ര ഭാഗങ്ങളിൽ നിന്നു ഈ പ്രദേശത്ത് കൊണ്ടുവന്ന് കുടിയിരുത്തിയത്. ആദികാലത്തു പട്ടികജാതിക്കാരെ കുടിയാന്മാർ എന്ന നിലക്ക് വസ്തുകൈമാറ്റം ചെയ്യപ്പെടുന്നതോടൊപ്പം കൈമാറ്റം

ചെയ്തിരുന്നതായികാണുന്നുണ്ട്.

കൗച്ചി രാജ്യത്ത് പ്രവർത്തിച്ചിരുന്ന പുലയ സഭയുടേയും, വേട്ടുവ സഭയുടേയും പ്രവർത്തന ഫലമായാണ് ഈ വിഭാഗത്തിന്ന് ഉണർവുണ്ടായത്. പണ്ഡിറ്റ് കെ.പി. കറുപ്പൻ, ശിഷ്യനായ കെ.പി. വള്ളോൻ, പി.കെ. ഡിവർ, ചാഞ്ചൻ എം.എൽ.സി. പി.കെ. ചാത്തൻ മാസ്റ്റർ, പി.കെ. കൊടിയൻ, ടി.എ. മണിയൻ മാസ്റ്റർ, കെ.പി. തുളുവൻ, സ്വാമി ആനന്ദതീർത്ഥൻ, എൻ.സി. തണങ്ങാടൻ, കെ.കെ. കണ്ണൻ മാസ്റ്റർ, സി.സി. അയ്യപ്പൻ, ടി.എ. പരമൻ, എം.കെ. കൃഷ്ണൻ തുടങ്ങി. മഹാരഥന്മാരുടെ നിസ്തുലമായ പ്രവർത്തനങ്ങളാണ് ഈ വിഭാഗങ്ങളുടെ വളർച്ചയ്ക്ക് ഒരു പരിധിവരെ കാരണമായി തീർന്നത്. തൊട്ടുകൂടായ്മയും ഉച്ചനീചത്വങ്ങളും ഒരു പരിധിവരെ ഇല്ലായ്മ ചെയ്യുന്നതിന്ന് രണ്ടാം ലോകമഹായുദ്ധവും കാരണമായിട്ടുണ്ട്.

1970-ലെ ഭൂപരിഷ്കരണത്തിന് ശേഷമാണ് ഈ വിഭാഗത്തിൽ ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും സ്വന്തമായി കിടപ്പാടം കൈവന്നത്. പട്ടികജാതി - പട്ടികവർഗ്ഗക്കാർ പ്രത്യേക സങ്കേതങ്ങളിലാണ് താമസിച്ചുപോരുന്നത്. കുടിയാന്മാരായിരുന്ന കാലത്ത് ചെറ്റക്കുടിലുകളിലാണ് അധികം പേരും താമസമാക്കിയിരുന്നത്. ഇപ്രകാരമുള്ള 11 പട്ടികജാതി സങ്കേതങ്ങൾ എടവനക്കാട് പഞ്ചായത്തിൽ ഉണ്ട്. സർക്കാരിന്റെ വിവിധ പദ്ധതികൾവഴി ലഭിച്ച ധനസഹായവും അദ്ധ്വാനശേഷിയും കൊണ്ട് ചെറുകുടിലുകൾ നീക്കി തൽസ്ഥാനത്ത് ചെറിയ വീടുകൾ നിർമ്മിക്കാൻ ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സർക്കാർ തലത്തിൽ ലഭിക്കുന്ന സാമ്പത്തിക സഹായം വളരെ തുച്ഛമായതുകൊണ്ട് ഈ വീടുകളൊന്നുംതന്നെ പൂർത്തികരിച്ചു എന്ന് പറയാനാവാത്ത അവസ്ഥയാണ് നിലവിലുള്ളത്. കേവലം 500 ക. വീതമാണ്. ആദ്യകാലത്ത് ഭവനനിർമ്മാണ സഹായധനമായി നൽകിവന്നിരുന്നത്. ആയത് 15800 ക. വരെയായിട്ടുണ്ട്.

ലക്ഷംവീട് കോളനികളിലും 4 സെന്റ് കോളനികളിലും ധാരാളം പട്ടികജാതിക്കാർ താമസിച്ചുവരുന്നു. ഇവരുടെ അവസ്ഥയും വളരെ ദയനീയമാണ്. ഒരു കെട്ടിടം തന്നെ നെടുകെ ഭിത്തി കെട്ടി രണ്ടായി ഭാഗിച്ച് ഓരോ ഭാഗം ഓരോവിട്ടുകാരായിട്ടാണ് ആ കാലങ്ങളിൽ നൽകിപ്പോന്നത്. കാലപ്പഴക്കം കൊണ്ട് ഈ വീടുകളിൽ പലതും ജീർണ്ണാവസ്ഥയിലാണ്. ഇത് പൊളിച്ചു നീക്കി പ്രത്യേകം വീടുകളാക്കാനുള്ള സാമ്പത്തിക സഹായം നൽകേണ്ടത് അനിവാര്യമായിരിക്കുന്നു.

1, 2, 3, 4, 5, 6, 7, 8, 9, വാർഡുകളിൽ ലക്ഷം വീട് കോളനികളുണ്ട് ഇവരുടെ അവസ്ഥയും മുൻപറഞ്ഞവയിൽ നിന്നും വിഭിന്നമല്ല. വെള്ളക്കെട്ടുള്ള സ്ഥലങ്ങളാണ് ഇവയിൽ മിക്കതും. ഒരു പരിധിവരെ പഞ്ചായത്തിന്ന് ചെയ്യാൻ കഴിയുന്ന സാമ്പത്തികസഹായങ്ങൾ ചെയ്യുന്നുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ പ്രത്യേകപരിഗണന ഇവർക്കാവശ്യമാണ്. ഈ പഞ്ചായത്തിൽ, 3, 5, 6 എന്നീ വാർഡുകളിലാണ് 4 സെന്റ് കോളനികളുള്ളത്.

പട്ടികജാതി സങ്കേതങ്ങളിലേക്ക് നടന്നുപോകുന്നതിന്ന് പോലും മതിയായ വഴികൾ ഇന്നില്ല. ചിറകളിലും, കായലുകളിടേയും, പുഴയുടേയും ഓരങ്ങളിലാണ് ഇവർ താമസിക്കുന്നത്. അതുകൊണ്ട് തന്നെ ഈ സങ്കേതകങ്ങളിലേക്ക് വഴികൾ എത്തിക്കുന്നതിന്ന് നല്ലൊരു തുക ആവശ്യമാണ്. പട്ടിക ജാതി പട്ടികവർഗ്ഗ ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കപ്പെടുന്ന പലപദ്ധതികളും ഇതുമൂലം വിചാരിച്ചത്ര ഫലപ്രാപ്തിയിലെത്തിക്കുവാൻ കഴിയുന്നില്ല.

അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ലക്ഷ്യം വെച്ച് ചെലവാക്കുന്നതുക വർദ്ധിപ്പിച്ച് അവരുടെ താമസസ്ഥലങ്ങളിലേക്കുള്ള വഴികൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

കൂട്ടുകുടുംബങ്ങളായി താമസിക്കുന്നതുമൂലം, കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധിക്കാൻ രക്ഷകർത്താക്കൾക്ക് കഴിയാതെ പോകുന്നു. കഠിനാദ്ധ്വാനം ചെയ്തു ജീവിക്കുന്ന ഇവരുടെ ജീവിത പശ്ചാത്തലം വളരെ പിന്നോക്കമാണ്. അതുകൊണ്ട് വിദ്യാഭ്യാസകാര്യത്തിൽ ഊന്നൽ കൊടുക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

ട്രൈസം പദ്ധതികൾപോലുള്ള പല പരിശീലന പരിപാടികളും ഈ വിഭാഗത്തിന്ന് പ്രയോജനകരമല്ല. അവരുടെ അഭിരുചിക്കനുസരിച്ച പരിശീലനമല്ല ലഭിക്കുന്നത്. മറിച്ച് അടിച്ചേല്പിക്കപ്പെടുന്ന ഒരു തൊഴിൽ പരിശീലന പദ്ധതിയാ

ണിതെന്നു വേണമെങ്കിൽ പറയാം. അതുകൊണ്ട് തൊഴിലനസരിച്ചുള്ള പരിശീലനം നൽകേണ്ട തുണ്ട്.

സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ ഇവയാണ്. 1. വിദ്യാഭ്യാസ സഹായം. 2. തൊഴിൽ പരിശീലനം 3. ഭവന നിർമ്മാണം 4. E.S.P. കക്കൂസ് നിർമ്മാണം 5. വൈദ്യുതീകരിക്കൽ 6. കിണർ നിർമ്മാണം മിശ്ര വിവാഹദമ്പതികൾക്കുള്ള സഹായം 8. വിധവ കളുടെ പെൺമക്കൾക്കായുള്ള സാമ്പത്തിക സഹായം 9. ഭൂമിവാങ്ങാൻ 10. വ്യവസായം തുട ങ്ങാൻ 11. ഓട്ടോറിക്ഷ,' കാർ, ബസ്സ്, ലോറി, ടെമ്പോ എന്നിവ വാങ്ങാൻ സഹായം 12. I.R.D.P. വായ്പ സഹായം തുടങ്ങിയവയാണ്. 13. ഭൂര ഹിത ഭവനരഹിതം 14. പെട്രോൾ ബങ്ക് 15. ഗ്യാസ് ഏജൻസി. അടിസ്ഥാനസൗകര്യങ്ങളായ വെള്ളം, വെളിച്ചം എന്നിവ എത്താത്ത സ്ഥലങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തില ഇവ എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുണ്ട്.

1920-കളിലാണ് ഈ വിഭാഗത്തിലെ കുട്ടി കൾക്ക് ആദ്യമായി പൊതുവിദ്യാഭ്യാസ സ്ഥാപ നങ്ങളിൽ പ്രവേശനം ലഭിച്ചത്. 1937-ലാണ് വൈപ്പിൻകരയിൽ ആദ്യമായി ശ്രീ. കെ.കെ. കണ്ണൻ മാസ്റ്റർ S.S.L.C. പാസ്സായത്. ഇദ്ദേഹമാണ് കൊച്ചിരാജ്യ നിയമനിർമ്മാണസഭയിൽ അംഗമാ യതും, ആദ്യമായി സർക്കാർജോലി ലഭിച്ച വ്യക്തിത്വത്തിന് ഉടമയായതും. 1914-ലെ, ഒരു വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടിലെ തീരുമാന പ്രകാരമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും, മറ്റു പിന്നോക്ക വിഭാഗക്കാർക്കും പൊതു വിദ്യാ ഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചു തുട ങ്ങിയത്. നിർഭാഗ്യകരമെന്നുതന്നെ പറയട്ടെ, പിന്നോക്കവിഭാഗങ്ങൾ വെളിച്ചത്തിന്റെ വേഗത യിൽ പുരോഗതിനേടിയപ്പോഴും പട്ടികജാതി വർഗ്ഗങ്ങൾ ഇന്നും വേഴാമ്പലിനെപ്പോലെ നാനാ തരം പുരോഗതിക്കായി ദാഹിച്ചു നിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

കൊച്ചിരാജ്യ പുലയമഹാസഭ, കൊച്ചിരാജ്യ വേട്ടുമഹാസഭാ പ്രവർത്തനങ്ങളിലൂടെയാണ് വിദ്യാഭ്യാസ നവോത്ഥാനത്തിനു തുടക്കം കുറി ച്ചത് കൊച്ചിരാജ്യ നിയമസഭയിൽ അംഗമായി രുന്ന ശ്രീ. സി.സി. അയ്യപ്പനാണ് വേട്ടുവസഭാ പ്രവർത്തകനങ്ങൾക്ക് നേതൃത്വം നൽകിയത്. കെ.പി. വള്ളോൻ, കെ.കെ. കണ്ണൻ, പി.കെ. ചാത്തൻ എന്നിവരാണ് പുലയമഹാസഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരു ന്നത്. ഇവർ ഓരോവീടുകളും കയറിയിറങ്ങി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് കൊച്ചിരാജ്യത്ത് രൂപംകൊണ്ട "ഹരിജൻ സ്റ്റുഡൻസ് ഫെടറേഷൻ" വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന്നു കഠിനാ ദ്ധ്വാനം ചെയ്തു. അതിന്റെയെല്ലാം ഫലമായി വിദ്യാഭ്യാസകാര്യത്തിൽ സ്വാധീനവും പുരോഗ തിയും ഉണ്ടായി. പഠിച്ചവരിൽ അധികം പേർക്കും വിവിധ മേഖലകളിലായി അന്ന് തൊഴിൽ ലഭി ക്കുകയും ചെയ്തു.

പുലയവംശോദ്ധാരണ പ്രവർത്തന ങ്ങൽക്കായി മുഴുവൻ സമയവും പ്രയോജനപ്പെ ടുത്തുന്നതിന്നായി സർക്കാർ ജോലി ഉപേക്ഷി ച്ചവരാണ് കെ.കെ. കണ്ണൻ, പി.കെ. ചാത്തൻ, ടി.എ. മണിയൻ എന്നിവർ.

നാട്ടിലുണ്ടായ സാമൂഹ്യപുരോഗതിയും, ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ നുഴഞ്ഞു കയ റ്റവും ഈ വിഭാഗത്തേയും ബാധിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിന്റെ തൊട്ടടുത്ത നാളുകളി ലുണ്ടായ പുരോഗതി നിലനിർത്തുവാൻ ഈ വിഭാഗത്തിന്നുകഴിയാതെ പോയി. മിനിമം മാർക്കോടെയാണ് ഈ വിഭാഗത്തിലെ കുട്ടികൾ പാസ്സാകുന്നത്. ഉദ്യോഗസ്ഥന്മാരുടെ അല്ലെങ്കിൽ സാമ്പത്തികമായി മുന്നിട്ടനിൽക്കുന്നവരുടെ കുട്ടി കളാണ് വിദ്യാഭ്യാസത്തിൽ അല്പമെങ്കിലും മിക ച്ചുനിൽക്കുന്നത്. ട്യൂഷൻ കൊടുക്കാനുള്ള സൗകര്യമില്ലായ്മയും, രക്ഷകർത്താക്കൾ കുട്ടി കളെ ശ്രദ്ധിക്കുന്നതിൽ വീഴ്ചവരുത്തുന്നതും, രാഷ്ട്രീയ പാർട്ടികളുടെ ഈ വിഭാഗത്തിന്റെ മേലുള്ള നുഴഞ്ഞുകയറ്റവും ആവഹനവും, വിദ്യാഭ്യാസ പുരോഗതിയും ഉദ്യോഗസ്ഥനേ ട്ടവും കൈവരിച്ചവരുടെ സങ്കുചിത മനഃസ്ഥിതി യോടു കൂടിയ പ്രതികരണവുമാണ് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഉണ്ടാകാൻ മറ്റൊരു കാരണം.

അയ്യമ്പിള്ളി കേന്ദ്രീകരിച്ചു രൂപംകൊണ്ട "റി നൈസാൻസ് ക്ലബ്" പ്രവർത്തകർ വിദ്യാഭ്യാസ, പുരോഗതിയുടെ കാര്യത്തിൽ കാര്യമായ ശ്രദ്ധ 1975വരെ നടത്തിയിരുന്നു. വിദ്യാഭ്യാസ ഡയറ ക്റ്ററായിരുന്ന ശ്രീ. കെ.വി. മദനൻ തുടങ്ങിയ ഒട്ടേറെ വ്യക്തികൾ അക്കാലങ്ങളിൽ ട്യൂഷനും

മറ്റും നൽകിയിരുന്നു. ഇതുപോലെ എടവനക്കാട് പഞ്ചായത്തിൽ, വാച്ചാക്കൽ കിഴക്കുവശം 1973–ൽ കോസ്മോ പോളിറ്റൻ ലൈബ്രറി ആന്റ് റീഡിംഗ് റൂമിനോടനുബന്ധിച്ചു തന്നെ ഒരുട്യൂഷൻ സെന്ററും സ്ഥാപിതമായി. അതിന്റെ ആദ്യകാല പ്രസിഡണ്ട് ശ്രീ. പി.കെ. ചെല്ലപ്പനും വൈസ് പ്രസിഡണ്ട് ശ്രീ. എൻ.കെ. കേശവനും സെക്രട്ടറി ശ്രീ. മാലോട്ടിത്തറ കൃഷ്ണനുമായിരുന്നു. അക്കാലത്ത് ഇതിന്നുവേണ്ടി പർത്തിച്ചവരിൽ ഒന്നോ, രണ്ടോ വ്യക്തികൾക്ക് മാത്രമേ ജോലി കിട്ടാതുള്ളു. നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന കുട്ടികളെല്ലാം അക്കാലത്ത് നല്ല മാർക്കോടെ പാസ്സായിട്ടുള്ളവരാണ്. കാലത്തിന്റെ അടിയൊഴുക്കുകളിൽപ്പെട്ട് ഇന്നത് നാവാവശേഷമായി എടവനക്കാട് VII–ാം വാർഡിൽ "നവോദയ വായനശാല" ദീർഘകാലമായി പ്രവർത്തിച്ചുപോന്നു. നിരന്തരമായി ട്യൂഷൻ സൗകര്യങ്ങൾ അവിടെ ഉണ്ടായിരുന്നു. പ്രസ്തുതവായനശാലാ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 1920കളിൽ എടവനക്കാട് സർക്കാർ സ്കൂളിൽ പട്ടികജാതി വിഭാഗത്തിലെ പ്രായപൂർത്തിയായവർക്കുവേണ്ടി ഒരി നിശാപഠനശാല പ്രവർത്തിച്ചിരുന്നു.

## സാമൂഹ്യാവസ്ഥ

നാടന്റെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് സാമൂഹ്യാവസ്ഥ തൃപ്തികരമാണെങ്കിലും, ഇടയ്ക്കും തലയ്ക്കും ഇതിന് മങ്ങലേല്പിക്കുന്നുണ്ട്. വിവാഹാദി അടിയന്തിരകർമ്മങ്ങളിലും, മരണം, മരണാനന്തര ക്രിയകളിലും മിക്കവാറും എല്ലാ വിഭാഗം ജനങ്ങളും സഹകരിച്ചവരുന്നുണ്ടെങ്കിലും ജാതീയമായ ഒരു വേർതിരിവ് ചിലരെങ്കിലും കാണിക്കുന്നുണ്ട്. തീണ്ടലും അയിത്തവും നിലനിന്ന കാലഘട്ടത്തിന്റെ അത്രയും തീവ്രത ഇന്നു കാണുന്നില്ല എന്നത് പരമാർത്ഥം തന്നെ. സ്ത്രീകളാണെങ്കിൽ പുരുഷന്മാരെ അപേക്ഷിച്ച് സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ഒട്ടുംതന്നെ ഉയർന്നുവന്നിട്ടില്ല.

അഖില വൈപ്പിൻ പുലയവംശോദ്ധാരണ സഭ, അഖിലവൈപ്പിൻ വേട്ടുവമഹാസഭ K.P.M.S. എന്നിവയുടെ ശാഖകളും പലപേരിലും അറിയപ്പെടുന്ന ചെറിയ ചെറിയ ശാഖകളും, വിവാഹം, മരണാവശ്യങ്ങൾ, സാസ്കാരിക പ്രവർത്തനങ്ങൾ പൊതുവേയുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയിൽ സജീവപങ്കാളിത്തം നൽകിവരുന്നു.

## തൊഴിൽ

പാരമ്പര്യമായി കൃഷിഭൂമിയിലെ പണികളും, തെങ്ങുകയറ്റവും മത്സ്യബന്ധനവും ആണ് ഈ വിഭാഗക്കാർക്ക് ഉള്ളത്. കൃഷിപാടങ്ങളും പറമ്പുകളും തുണ്ടുതുണ്ടായതോടെ കാർഷിക വേലകൾ കുറഞ്ഞു. ഇടത്തോടുകൾവരെ ചെമ്മീൻ വാറ്റു കേന്ദ്രങ്ങളായതോടെ, ആരംഗത്തും തൊഴിൽ നഷ്ടപ്പെട്ടു. തെങ്ങിന് കൂമ്പുചീയൽ മറ്റുരോഗങ്ങൾ എന്നിവ ബാധിച്ചതോടെ തെങ്ങുകയറ്റ തൊഴിലാളികളുടേയും തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരികയാണ്. പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്നും ഈ വിഭാഗം പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം നേടിയ കുട്ടികളാകട്ടെ മറ്റു കൈ തൊഴിലുകളിലേക്ക് തിരിയുന്നതിന്ന് വിമുഖത കാട്ടുകയും ചെയ്തു. ഈ വിഭാഗത്തിന്റെ ഏറ്റവും വലിയ ശാപം തൊഴിലില്ലായ്മയാണ്.

പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘം

ഈ ജനവിഭാഗത്തിന്റെ സാമ്പത്തിക ഉന്നമനം ലാക്കാക്കി രൂപം കൊടുത്തതാണ് പട്ടികജാതി – പട്ടികവർഗ്ഗ സഹകരണസംഘം. എന്നാൽ പ്രതീക്ഷിച്ച പുരോഗതിയിലേക്കെത്താൻ ഈ സംഘത്തിന്നു കഴിഞ്ഞിട്ടില്ല. ഇതിന്റെ കീഴിൽ ആരംഭിച്ച പ്രിന്റിംഗ് പ്രസ്സിൽ തൊഴിൽ പരിശീലനം നേടിയവർ വിവിധ മേഖലകളിൽ പർത്തിക്കുന്നുണ്ട്. പ്രസ്സ് ലാഭത്തിലല്ല് പ്രവർത്തിക്കുന്നത്. പുതിയ മേഖലകളിലേക്ക് കടന്നുചെന്ന് പ്രവർത്തനം ആധുനികരിക്കേണ്ടതുണ്ട്. (കോഴി, താറാവ്, പശുവളർത്തൽ, പ്ലാസ്റ്റിക് കവറുകളുടെ നിർമ്മാണം) ഇതിനെക്കാൾ ഉപരി സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ഉപയുക്തമാകുന്ന പ്രതിഭകളെ വാർത്തെടുക്കുന്നതിന്ന് അനുസൃതമായ സാങ്കേതിക വിദ്യ അഭ്യസിക്കാനള്ള മേഖലകൾ വ്യാപിപ്പിക്കുക. പട്ടികജാതിക്കാരുടെ മാത്രം മാനേജ്മെന്റിൽ കോളേജുകളും സ്കൂളുകളും I.T.I., I.T.C. തുടങ്ങിയ സ്ഥാപനങ്ങൾ അനുവദിക്കുക. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണ്.

ചിത്രരചന, കായിക രംഗങ്ങൾ വിവിധ കലകൾ, എന്നിവയിൽ ഏറെ വൈദഗ്ദ്ധ്യം ഉള്ളവരാണ് ഈ ജനവിഭാഗം. ഇവരെ പ്രോത്സാഹിപ്പി

ക്കുന്നതിനു സാമ്പത്തിക സഹായം നൽകേണ്ട താണ്.

പെൻഷന് അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് പെൻഷ്യൻ ലഭിക്കുന്നതിന്നുവേണ്ട സൗകര്യം ചെയ്തു കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

പ്രശ്നങ്ങൾ

1. പട്ടികജാതി സങ്കേതങ്ങളിലേക്ക് സ്വതന്ത്രമായ നടപാതകളില്ല.
2. സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
3. കർഷക തൊഴിലാളികളുടെ തൊഴിലിനനുസരിച്ച് സമൂഹത്തിൽ മാന്യതക്കുറവ്.
4. തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു.
5. പരമ്പരാഗത തൊഴിൽ രംഗങ്ങളിൽ നിന്നും പിൻതള്ളപ്പെടുന്നു.
6. Age over Bb SC/ST തൊഴിൽ രഹിതർക്ക് ട്ടാഫ്ഫ്യാലിേ വഴി തൊഴിലവസരങ്ങളിൽ മുൻഗണന നൽകുക.
7. പട്ടികജാതി – പട്ടികവർഗ്ഗത്തിൽ സാമ്പത്തികശേഷി കൈവന്നവരും.
8. വിദ്യാഭ്യാസ പുരോഗതി വൈകരിച്ചിട്ടില്ല.
9. കോളനികളിൽ നിരക്ഷത നിലനിൽക്കുന്നു.
10. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
11. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു.
12. എല്ലാവർക്കും സ്വന്തമായി വീടുവെയ്ക്കാൻ സ്ഥലമോ വീടോ ഇല്ല.
13. കോളനികളിൽ കുടിവെള്ളമോ, വൈദ്യുതിയോ ആവശ്യത്തിനില്ല.
14. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
15. പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ.
16. ഉദ്യോഗസ്ഥന്മാരും, വർഗ്ഗ ബോധമുള്ളവരും ഉദാരമതികളും ആകാത്തതിന്റെ അഭാവം.

സാദ്ധ്യതകൾ

1. തൊഴിൽ പരിശീലന മേഖലകളിൽ സമഗ്രമായ ആസൂത്രണം.
2. സമഗ്രമായ ക്ഷേമ പ്രവർത്തനങ്ങൾ
3. ക്ഷേമ പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണം.
4. വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനം.
5. പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ മേൽനോട്ടത്തിലുള്ള സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തൽ.
6. പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രത്യേക സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.
7. ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തുക.
8. പ്രൈവറ്റ് മേഖലകളിൽ സംവരണം ഏർപ്പെടുത്തുക.
9. നിശ്ചിത യോഗ്യത നേടിയ അഭ്യസ്ഥവിദ്യർക്ക് ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ജോലി സാധ്യമാക്കുക.
10. ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഗവണ്മെന്റ് നീക്കിവെയ്ക്കുന്നഫണ്ട് വകമാറ്റി വിനിയോഗം ചെയ്യാതിരിക്കുക.
11. മുൻകാല അനുഭവങ്ങളിൽ ഉണ്ടായിരുന്നതുപോലുള്ള പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് നീക്കിവെയ്ക്കപ്പെടുന്ന കോടിക്കണക്കിന് രൂപ ലാപ്സായി പോകുന്നത് നിയന്ത്രിക്കുക.
12. പട്ടികജാതി – പട്ടികവർഗ്ഗ ഉദ്യോഗസ്ഥന്മാർക്ക് നേരെയുള്ള അവഗണന അവസാനിപ്പിക്കുക.
13. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക.
14. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുക.

15. ലക്ഷം വീടു കോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.

16. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

17. കോളനികളിൽ T.V. സെറ്റുകൾ സ്ഥാപിക്കുക.

18. കൈവശഭൂമിയ്ക്ക് പട്ടയം നൽകുക.

19. കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ അടിയന്തിരമായി എത്തിക്കുക.

## വനിതാക്ഷേമം

എടവനക്കാട് ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 10544 സ്ത്രീകളും (10002 പരുഷന്മാരുമാണുള്ളത്. പട്ടികജാതിക്കാരായി 3797 പേരും പട്ടികവർഗ്ഗക്കാരായി 7 പേരുമാണുള്ളത്.) ജനസംഖ്യയുടെ 56% സ്ത്രീകളാണ്. എങ്കിലും വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. (അവർ അബലകളാണെന്നു കരുതുന്നതുകൊണ്ടും), പൊതുരംഗത്ത് പുരുഷന്മാർക്കൊപ്പം പ്രാതിനിധ്യം നൽകാത്തതുകൊണ്ടും എല്ലാരംഗത്തും വനിതകൾ പിൻതള്ളപ്പെടുന്നു.

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യക്ഷേമം, സാമ്പത്തീകം എന്നീ മേഖലകിളിൽ ഏറ്റവും പിന്നോക്കാവസ്ഥയിലാണ് സ്ത്രീകളുടെ പൊതുസ്ഥിതി. പുരുഷന്മാരെ അപേക്ഷിച്ച് വിദ്യാഭ്യാസം കുറവുള്ളവരാണ് സ്ത്രീകൾ. അവരുടെ വിദ്യാഭ്യാസത്തിനനുസരിച്ചുള്ള തൊഴിൽ മേഖലകളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും അജ്ഞതയുമാണ് കാരണങ്ങൾ. വനിതകളുടെ വരുമാനം ഉയർത്താനള്ള ഒരു മുന്നോടി എന്നനിലയിൽ ജോലിയിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക. ഉയർന്ന വിദ്യാഭ്യാസമുണ്ടായിട്ടും അത് വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിയാതെ അടുക്കളയിലും (അന്തഃപുരങ്ങളിലും) ഒതുങ്ങി കഴിയുന്ന ധാരാളം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. അവരെയെല്ലാം സംഘടിപ്പിച്ച് കഴിവുകളെ വേണ്ടവിധത്തിൽ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനുള്ള സംവിധാനമുണ്ടാക്കണം. എടവനക്കാട് ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ ശതമാനം 86%മാണ്. എറണാകുളം ജില്ലയെ "സമ്പൂർണ്ണ സാക്ഷരതജില്ല"യായി പ്രഖ്യാപിച്ചപ്പോഴും അതിന്റെ പിന്നിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത് കൂടുതലും സ്ത്രീകളാണ്! അവരുടെ അർപ്പണമനോഭാവവും, സേവനവും ഈയവസരത്തിൽ സ്മരണീയമാണ്. ഈ പഞ്ചായത്തിൽ നിന്നും സാക്ഷരതയുടെ കലാപരിപാടി എറണാകുളം ജില്ലയിൽ അവതരിപ്പിച്ചപ്പോൾ കുമാരി ഗീതാമണിയുടെ നേതൃത്വത്തിലുള്ള വാച്ചാക്കാത്തറ കുറുമ്പയുടെ ടീമിനാണ് തിരുവാതികകളിക്ക് ഒന്നാംസ്ഥാനം കിട്ടിയത്.

മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും തിങ്ങിപാർക്കുന്ന ഒരു ഗ്രാമമാണ് എടവനക്കാട്. ഇവിടത്തെ സ്ത്രീകൾ ആരോഗ്യകാര്യത്തിൽ പൊതുവെ പിന്നോക്കാവസ്ഥയിലാണ്, കുടുംബം പുലർത്തുന്നതിനവേണ്ടി പുരുഷന്മാരോടൊപ്പം ജോലി ചെയ്യുന്നു. ആരോഗ്യത്തിൽ ശ്രദ്ധിക്കാനുള്ള സാമ്പത്തികശേഷിയില്ല. പോഷകാഹാരകുറവു മൂലമുണ്ടാകുന്ന രോഗങ്ങളാണ് കൂടുതലും ഇവിടെയുള്ളത്. മരുന്നുകൾ കൃത്യസമയത്ത് സൗജന്യനിരക്കിൽ കിട്ടാനുള്ള സംവിധത്യനം ഉണ്ടാക്കണം. നല്ലൊരു ശതമാനം വനിതകൾ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ 118 ഗർഭിണികൾക്കും 6 മാസം വരെ പ്രായമുള്ള കുട്ടികളെ മുലയൂട്ടുന്ന 291 അമ്മമാരും ഉണ്ട്. അതിൽ അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ 51 ആണ്. അനുപൂരക പോഷകാഹാരം ലഭിക്കുന്ന 56 മുലയൂട്ടുന്ന അമ്മമാരും ഈ പഞ്ചായത്തിലുണ്ട്. (അവലംബം അംഗൻവാടി റിപ്പോർട്ട്)

വനിതകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കാനുതകുന്ന തൊഴിലുകൾക്ക് സാമ്പത്തീകസഹായവും സൗകര്യങ്ങളുമുണ്ടാക്കികൊടുക്കണം. പൊതുവെ 12മാസവും കൃത്യമായി വരുമാനമുണ്ടാകുന്ന രീതിയിലുള്ളതല്ല ഈ പഞ്ചായത്തിലെ തൊഴിൽമേഖല. കാർഷിക മേഖലയിലും മത്സ്യബന്ധന മേഖലയിലുമായി ബന്ധപ്പെട്ട ചെമ്മീൻ പീലിങ്ങ് എന്നിവയിലുമാണ് കൂടുതലും സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നും തുച്ഛമായ വരുമാനമാണ് കിട്ടുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കയറ്റവും തൊഴിലില്ലായ്മയും കുടുംബജീവിതത്തിന് വിഘാതമായിതീരുന്നു. വിലകയറ്റം തടയാനും പുരുഷന്മാർക്കൊപ്പം തുല്യജോ

ലിക്ക് തുല്യവേതനം കിട്ടാനുള്ള സംവിധാനം നിയമം മൂലം നടപ്പിലാക്കുക. വനിതാക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും വാർഡുതോറും DWCRAയുടെ യൂണിറ്റുകൾ സ്ഥാപിക്കുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള സംവിധാനം ഉണ്ടാക്കുക. ബാങ്കുകൾ വഴി കൊടുക്കുന്ന ലോണുകളുടെ നൂലാമാലകളിൽ നിന്നും വനിതകളെ മോചിപ്പിക്കണം. അവരുടെ ഉന്നമനമാണ് ലക്ഷ്യമെങ്കിൽ ചെറുകിട വ്യവസായം തുടങ്ങാനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നല്കുന്നതിനും അതിന്റെ മേൽനോട്ടം വനിതകൾ തന്നെ ഏറ്റെടുത്ത് നടത്തുന്നതിനുമള്ള സംവിധാനമുണ്ടാകണം. ഇതിനുവേണ്ടി വനിതകൾക്ക് സാങ്കേതിക പരിശീലനവും നൽകേണ്ടതാണ്.

വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ സഹകരണ വിപണന മേഖലകൾ അഭിവൃദ്ധിപ്പെടുത്തേണ്ടത് ആവശ്യമാണ്: അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ ഏർപ്പെടുത്തുകയും വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾക്ക് പ്രത്യേകഗ്രാന്റ് അനുവദിച്ച് അവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തണം. കാർഷികമേഖലയിൽ വികസനം നടപ്പിലാക്കി വനിതകൾക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുക യാത്രാ സൗകര്യങ്ങളിൽ സ്ത്രീകൾക്കുള്ള സംവരണം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുക. സ്ത്രീധന സമ്പ്രദായം മൂലം പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ മാതാപിതാക്കൾ വളരെ വിഷമിക്കുന്നു. ഈ സ്ത്രീധന സമ്പ്രദായത്തിന്റെ പേരിൽ വളരെയേറെ പെൺകുട്ടികൾ അവിവാഹിതരായി കഴിയുന്നു. സ്ത്രീധന നിരോധനനിയമം കർശനമാക്കുകയും വിവാഹചെലവ് നിയന്ത്രിക്കുന്നതിനും വേണ്ട നടപടികൾ നിയമം മൂലം പ്രാബല്യത്തിൽ വരുത്തുക.

ഈ പഞ്ചായത്തിലെ വലിയൊരു ശതമാനം വീട്ടമ്മമാർക്കും വീട്ടുപണികൾക്കിടയിലും ആടുമാടുകളെ വളർത്തുന്നതിനും, കൂൺകൃഷി വികസിപ്പിക്കുന്നതിനും, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്താൽ അവർക്ക് വരുമാനമുണ്ടാക്കാൻ സാധിക്കും. വിധവാ പെൻഷനർഹരായവരും, കർഷകത്തൊഴിലാളി പെൻഷനർഹരായവരും. വാർദ്ധക്യകാല പെൻഷനർഹരായവരും ധാരാളമുണ്ട്. കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം സമയാസമയങ്ങളിൽ എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക. പെൻഷനെ മാത്രം ആശ്രയിച്ചു കഴിയുന്ന ധാരാളം സ്ത്രീകളുണ്ട്.

സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉണ്ടെങ്കിലും വനിതകളാരും നേതൃത്വരംഗത്ത് വന്നിട്ടില്ല. അവർക്ക് വേണ്ടത്ര പ്രോത്സാഹനവും ബോധവൽക്കരണവും നടത്തി പൊതുരംഗത്ത് കൊണ്ടുവരണം. പഞ്ചായത്തുരാജ് നിയമം മൂലം 331/3% പ്രാതിനിധ്യം എല്ലാതലങ്ങളിലും സ്ത്രീകൾക്കുണ്ടെന്ന് ഉറപ്പുവരുത്തണം. സ്ത്രീകൾ നേതൃത്വം നല്കുന്നയാതൊരു തലത്തിലുള്ള വ്യവസായ യൂണിറ്റും ഈ പഞ്ചായത്തിലില്ല. അതിന്റെ കുറവ് നികത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

വിവിധരാഷ്ട്രീയ പാർട്ടികളുടെയും ജാതി സംഘടനകളുടെയുമെല്ലാം വനിത സമാജങ്ങളുണ്ടെങ്കിലും കാര്യമാത്ര പ്രസക്തമല്ല. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. വനിതകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും മാധ്യമങ്ങളും സിനിമകളും കർശനമായി നിരോധിക്കുക. അതോടൊപ്പം തന്നെ സ്ത്രീയെ കച്ചവടച്ചരക്കായി നാമമാത്ര വസ്ത്രങ്ങളിഞ്ഞ് "സൗന്ദര്യ മത്സരം" എന്നപേരിൽ കോടികൾ സമ്പാദിക്കുന്നവർക്ക് എതിരെ കർശനമായ ശിക്ഷനടപടികൾ നിയമംമൂലം ഏർപ്പെടുത്തണം. ഇതുപോലെയുള്ള പ്രവർത്തനങ്ങളാണ്. സ്ത്രീകളെ ആക്രമണത്തിനിരയാക്കുന്നത്.

എടവനക്കാട് പഞ്ചായത്തിൽ ആകെ 13 അംഗൻവാടികളുണ്ട്. അതിൽ 8 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. ബാക്കി അഞ്ച് അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടങ്ങളുമില്ല. പലതും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അമ്മമാരുടേയും 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെയും ആരോഗ്യകാ

ര്യങ്ങളിലും മറ്റും കൂടുതൽ കാര്യങ്ങൾ ചെയ്യുന്നത് അംഗൻവാടികളാണ്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഓരോ അംഗൻവാടികളിലും വെൽഫെയർ കമ്മറ്റികൾ രൂപീകരിച്ച വരികയാണ്. മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. വനിതകൾക്കായുള്ള തൊഴിൽയൂണിറ്റ് വേണം.
2. ബാങ്ക് വായ്പ വർദ്ധിപ്പിക്കണം.
3. മഹിളാ പ്രസ്ഥാനം സ്ഥാപിക്കണം
4. അശ്ലീല പോസ്റ്ററുകൾ നിരോധിക്കണം.
5. തുല്യജോലിക്ക് തുല്യവേതനം
6. സ്ത്രീധനം നിരോധിക്കണം
7. ചെറുകിട വ്യവസായം, വലനെയ്ത്ത്, ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരശീലനം, മത്സ്യസംസ്കരണം, കോഴിവളർത്തൽ, പച്ചക്കറി, പൂകൃഷി, കൂൺകൃഷി, പശു ആട്വളർത്തൽ എന്നിവയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.
8. സാമൂഹ്യമാറ്റത്തിന് പ്രത്യേക പരിഗണന വേണം.
9. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളേയും നിർമ്മാർജ്ജനം ചെയ്യണം.
10. വനിതാ സഹകരണസംഘം ഉണ്ടാക്കണം.
11. ഖാദി ബോർഡുമായി സഹകരിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, മെഴുകുതിരി നിർമ്മാണം തേനീച്ച വളർത്തൽ, എന്നിവയ്ക്ക് പരിശീലനവും സാമ്പത്തിക സഹായങ്ങളും വേണം.
12. തൊഴിൽ മേഖലകളിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
13. സാമൂഹ്യ സേവനരംഗത്ത് സ്ത്രീകൾ ധീരമായി മുന്നോട്ട് വരുന്നില്ല.
14. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
15. തൊഴിൽ നിയമങ്ങിൽ അറിവില്ലായ്മ.
16. അംഗനവാടി അധ്യാപകർക്ക് ന്യായമായ വേതനം കിട്ടുന്നില്ല.
17. അംഗനവാടികൾക്ക് പലതിനും സൗകര്യങ്ങളില്ല.

**സാധ്യതകൾ**

1. സമഗ്രവനിതാനയത്തിന് രൂപംകൊടുക്കുക.
2. ബ്ലോക്കടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും അതിന് പരിശീലനം നൽകുകകയും ചെയ്യുക.
3. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരുഷന്മാരോടൊപ്പം തന്നെ തുല്യ അവകാശവും അവസരവും സ്ത്രീകൾക്ക് നൽകുക.
4. നിയമനിർമ്മാണ സഭകളിലും സർക്കാർ സർവ്വീസിലും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക.
5. സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യാൻ പോലീസിൽ പ്രത്യേകം സംവിധാനം ഉണ്ടാക്കുക.
6. പെൺവാണിഭ കേസുകളിൽ കുറ്റവാളികൾക്ക് എതിരെ കർശന നടപടി ഉറപ്പാക്കുക.
7. തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
8. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.
9. പെൻഷൻ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
10. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
11. അംഗനവാടി ടീച്ചർമാർക്ക് മാന്യമായ ശമ്പളം നൽകുക.

## സാമൂഹ്യക്ഷേമം

വൈപ്പിൻബ്ലോക്ക് വഴിയാണ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. രണ്ട് ഗ്രാമസേവികമാരുൾപ്പടുന്ന ഒരു വില്ലേജ് എക്സ്ടെൻഷൻ ഓഫീസ് എടവനക്കാട് പഞ്ചായത്തിലുണ്ട്. സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും സംഘടിത – അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി–തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയും വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകൾ നടത്തുന്നവയും എന്നിങ്ങനെ ഇതിനെ മൂന്നായി തിരിക്കാം. ഇതനുപുറമെ പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിത ക്ഷേമ കോർപ്പറേഷൻ, പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ മുതലായവ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളും നിലവിലുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യമായി പഞ്ചായത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ല. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കി ആസൂത്രണം ചെയ്തിട്ടുള്ള D.W.C.R.A. തൊഴിൽ പദ്ധതി, 35 വയസിൽ താഴെയുള്ള യുവതി–യുവാക്കൾക്കായി ആസൂത്രണം ചെയ്തിട്ടുള്ള "ട്രൈസം" തൊഴിൽ പരിശീലനപദ്ധതി, I.R.D.P. ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുള്ള സഹായപദ്ധതികൾ എന്നിവ പഞ്ചായത്തിൽ വളരെ വിരളമായി മാത്രമേ ലഭ്യമായിട്ടുള്ളൂ. വിവിധ പെൻഷൻ സ്കീമുകൾ അനുസരിച്ച് പഞ്ചായത്തിൽ വാർദ്ധക്യകാലപെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, തൊഴിലില്ലായ്മ വേതനം, മത്സ്യത്തൊഴിലാളി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ ലഭിച്ചുവരുന്നുണ്ട്. അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല. വാർദ്ധക്യകാല, വിധവാ പെൻഷനുകൾ പ്രായപൂർത്തിയായ ആൺമക്കൾ ഉള്ളവർക്കു ലഭിക്കുകയില്ല എന്ന വ്യവസ്ഥമാറ്റി സാമ്പത്തികമാനദണ്ഡത്തിൽ പെൻഷൻ ലഭിക്കാൻ നടപടികൾ ഉണ്ടാകണം. പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിന് പഞ്ചായത്തിൽ സംവിധാനമുണ്ടാകണം.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനങ്ങൾ സജീവമാണ്. ഈ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും ക്ഷേമനിധിയിൽ അംഗത്വമുള്ളവരാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കാത്തവരും, പുതുക്കാത്തവരുമുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടുള്ളത് വളരെ കുറവാണ്. തയ്യൽ തൊഴിലാളക്ഷേമ പ്രവർത്തനങ്ങളും നിർജീവമാണ്. വനിതാ ക്ഷേമ കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, മോട്ടോർ തൊഴിലാളി ക്ഷേമനിധി എന്നിവയെക്കുറിച്ച് ഭൂരിഭാഗംപേരും അജ്ഞരാണ്. പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ജനസംഖ്യാനുപാതികമായി അർഹമായ സഹായം പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

പഞ്ചായത്തിലെ വിവിധ സാമൂഹ്യ–സാംസ്കാരിക സംഘടനകൾ കാര്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഈ രംഗത്ത് ആരോഗ്യപരമായ മത്സരം തന്നെ നിലനില്ക്കുന്നുണ്ട്. S.N.D.P. ശാഖകൾ, നായർ കരയോഗം, പട്ടികജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, ക്രിസ്ത്യൻ സമുദായത്തിൽ പ്രവർത്തിക്കുന്ന K.C.Y.M. മുസ്ലിം സമൂഹത്തിന്റെ ഇടയിൽ പ്രവർത്തിക്കുന്ന ഇർശാദുൽ മുസ്ലീമിൻ സഭ, ഇസ്ലാമിക് കൾച്ചറൽ അസോസിയേഷൻ, ബൈത്തുൽ മാൽ, നങ്കാത്തുൽ ഇസ്ലാം ട്രസ്റ്റ്, കുടുംബി സമുദായത്തിൽ പ്രവർത്തിക്കുന്ന കുടുംബി സേവാസംഘം എന്നിവയാണ് പ്രധാന സാമൂഹ്യ സേവന സംഘടനകൾ. വിവാഹം, മരണാനന്തരസഹായം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ഗൃഹനിർമ്മാണം, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാഹായിക്കൽ, തുടങ്ങി വിവിധ മേഖലകളിൽ പ്രസ്താവ്യമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

സമൂഹത്തിന്റെ മൊത്തം ഉന്നമനം ലക്ഷ്യമാക്കി ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനരംഗത്ത് ഇവയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

## പൊതുവിതരണം സംവിധാനം

പഞ്ചായത്തിലെ പൊതുവിതരണ സംവിധാനം ഇപ്പോൾ നിലവിലുള്ള ഏഴ് പൊതു വിതരണ കേന്ദ്രങ്ങളാണ്. ഇവയിലൂടെ അരി, പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പ് തുടങ്ങിയ റേഷൻ സാധനങ്ങൾ മാത്രമാണ് വിതരണം നടത്തുന്നത്. ഇവകൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം നടത്തേണ്ടതുണ്ട്. വില നിയന്ത്രിക്കുന്നതിൽ ഗണ്യമായ സേവനമാണ് പൊതുവിതരണ കേന്ദ്രങ്ങൾ മുഖാന്തിരം നിർവ്വഹിക്കപ്പെടുന്നത്. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോറിന് സാധ്യതകൾ ഉണ്ട്. പഞ്ചായത്തിന്റെ തീരപ്രദേശത്തുള്ളവർ രണ്ട് കിലോമീറ്ററോളം നടന്നുവേണം തങ്ങളുടെ റേഷൻകടയിൽ എത്തുന്നതിന്. തീരപ്രദേശത്ത് രണ്ട് പൊതു വിതരണകേന്ദ്രങ്ങൾകൂടി ആരംഭിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

അവശ വിഭാഗങ്ങളിൽപെട്ട അർഹതയുള്ള ധാരാളം പേർക്ക് വിവിധ മേഖലകളിൽ സഹായം അപേക്ഷിച്ചിട്ടും സഹായം ലഭ്യമാകുന്നില്ല. നിലവിലുള്ള പെൻഷനുകളും മറ്റു വേതനകളും പ്രതിമാസം ലഭിക്കുന്നില്ല.

വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ

ക.ഞ.ഉ.ജ. പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിലുള്ള കാലതാമസം

വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അജ്ഞത.

സാമൂഹ്യ സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് കൂട്ടായ്മയില്ല.

അംഗൻവാടികൾക്ക് സ്ഥലസൗകര്യങ്ങളുടെ അഭാവം

### പ്രശ്നങ്ങൾ

1. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
2. സ്വന്തമായി ഭൂമിയില്ലാത്ത അംഗൻവാടികൾക്ക് സർക്കാർ സഹായത്തോടെ ഭൂമി വാങ്ങണം.
3. കൂടുതൽ അംഗനവാടികൾ ആരംഭിക്കണം.
4. അംഗനവാടി കുട്ടികൾക്ക് പോഷകാഹാരത്തിന് നല്കുന്ന സംഖയവർദ്ധിപ്പിക്കുക.
5. അംഗനവാടി വർക്കറന്മാരെയും ഹെൽപ്പറന്മാരെയും സർക്കാർഡ ജീവനക്കാരായി അംഗീകരിക്കുക.
6. പ്രാഥമിക ആവശ്യങ്ങൾക്ക് അംഗനവാടികളിൽ സൗകര്യമുണ്ടാക്കുക.

### സാധ്യതകൾ

അർഹരായ എല്ലാ അപേക്ഷകർക്കും പെൻഷനുകൾ യഥാസമയം ലഭ്യമാക്കൽ

I.R.D.P. പദ്ധതിയിൽ ഉൾപ്പെട്ട വ്യക്തികൾക്ക് അഭിരുചിക്കനുസരിച്ച് പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കൽ.

പഞ്ചായത്തിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ച് വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാവസരങ്ങളിൽ പ്രസിദ്ധീകരിക്കൽ

സാമൂഹ്യ സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളെ ഏകോപിപ്പിച്ച് മുൻഗണനാ ക്രമത്തിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ

സമഗ്രമായ സാമൂഹ്യ സർവ്വെ

## അംഗൻവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ എടവനക്കാട് പഞ്ചായത്തിലെ 10 വാർഡുകളിലായി 13 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ.സി.സി.എസിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇത് ഈ പഞ്ചായത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ല. പുത്തൻ വിദ്യാഭ്യാസത്തിന്റെ കടന്നുകയറ്റം അംഗൻവാടികളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള അംഗൻവാടികളിൽ പലതിനും സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. പ്രാഥമിക സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. കളിപ്പാട്ടങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവയും ലഭ്യമില്ല.

293

അംഗൻവാടിയിൽ വർക്കർ, ഹെൽപ്പർ എന്നീ രണ്ട് ജീവനക്കാരാണുള്ളത്. രാവിലെ ഒമ്പത് മണിമുതൽ വൈകിട്ട് മൂന്നരവരെയാണ് പ്രവൃത്തി സമയം. ആരോഗ്യമേഖലയിലെ ഗൃഹ സന്ദർശനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും ഇവർ നടത്തേണ്ടതുണ്ട്. ഇവരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്കും പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്.

## സഹകരണ മേഖല

ഭാരതം ബ്രിട്ടീഷ് മേൽക്കോയ്മയിൽ നിന്നും മോചിതമാകുന്നതിനു മുമ്പ് കൊച്ചി സംസ്ഥാനത്തിൽ സഹകരണ മേഖലയ്ക്ക് തുടക്കം കുറിച്ചിരുന്നു. അത് എടവനക്കാട് ഗ്രാമത്തിലാണ്. കൊച്ചി കണയന്നൂർ താലൂക്ക് 1088–ൽ 4–ാം നമ്പർ റെഗുലേഷൻ പ്രകാരം 1089 എടവ നാസം 31–ാം തീയതി (A.D. 1914) എടവനക്കാട് പരസ്പര സഹായിക സമാജം 1–ാം നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. കൊച്ചി മഹാരാജാവിന്റെ തീട്ടൂര പ്രകാരം അന്നത്തെ ദിവാൻ എടക്കുന്നിവാരിയത്ത് ഇക്കണ്ട വാരിയരെ ചീഫ് പ്രൊമോട്ടറായി നിശ്ചയിച്ചു. വൈപ്പിൻ കരയിൽ അതേ കാലഘട്ടത്തിൽ ഇതോടൊപ്പം അഞ്ച് പരസ്പര സഹായികസമാജങ്ങൾ ഉടലെടുത്തവെങ്കിലും 1–ാം നമ്പറായി നിലകൊണ്ട എടവനക്കാട് സമാജം പലവിധ മാറ്റങ്ങൾക്കശേഷം എടവനക്കാട് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1 എന്ന പേരിൽ ഇന്നും പ്രവർത്തിച്ചുപോരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള ഈ സംഘം കേരള സംസ്ഥാനത്തിലും "ക്ലിപ്തം നമ്പർ 1" ആയിത്തന്നെ നിലകൊള്ളുന്നു. ഇതിന് ചാത്തങ്ങാട് ബസാറിൽ ഒരു ശാഖകൂടി പ്രവർത്തിക്കുന്നുണ്ട്.

രജിസ്റ്റർ ചെയ്ത അക്കാലത്ത് ഇതിനുവേണ്ടി പ്രവർത്തിച്ച പ്രധാനികൾ. തുടർന്ന് ഭാരവാഹികളായവരും.

1. ശ്രീ. എടക്കുന്നി വാരിയത്ത് ഇക്കണ്ടവാരിയർ (പ്രസിഡണ്ട്)
2. ശ്രീ. വലിയവീട്ടിൽ കാദർഹാജി അബ്ദുൾ അസീസ് (സെക്രട്ടറി)
3. ശ്രീ. തുണ്ടത്തിൽ കണ്ടൻ അവർകൾ (ഖജാൻജി)
4. ശ്രീ. കണിച്ചാട്ട് കൃഷ്ണൻ കൃഷ്ണമേനോൻ
5. ശ്രീ. ഒറ്റപ്പിള്ളിൽ കേശവൻ നായർ.

ആദ്യത്തെ പൊതുയോഗത്തിൽ 73 പേരാണ് ഹാജരായി ഒപ്പുവെച്ചിട്ടുള്ളത്.

സമാജത്തിന്റെ പഞ്ചായത്ത് യോഗം. മാസത്തിൽ രണ്ടു തവണ കൂടണമെന്നു നിശ്ചയിച്ചിരുന്നു. സെക്രട്ടറിയുടെ ബംഗളാവിലാണ് ഈ സംഘം പ്രവർത്തിച്ചിരുന്നതും യോഗങ്ങൾ കൂടിയിരുന്നതും. പിൽക്കാലത്ത് കോട്ടക്കൽ നാരായണ മേനോനെ, നാലുറുപ്പിക ശമ്പളത്തിൽ, താത്ക്കാലികമായി കണക്കെഴുത്തുകാരനായി നിശ്ചയിച്ചു.

അക്കാലത്തുതന്നെ യോഗത്തിൽവച്ച് ഓഡിറ്റിംഗ് നടത്തിയിരിന്നു. ആദ്യത്തെ ഓഡിറ്ററായി ഒളായി ഇല്ലത്ത് കൃഷ്ണൻ പരമേശ്വരൻ ഇളയതിനെയാണ് നിശ്ചയിച്ചത്.

ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. കെ.കെ. ബേബി കോച്ചേരിയും സെക്രട്ടറി ശ്രീമതി. എ.കെ. തങ്കമ്മയുമാണ്.

ആദ്യകാലങ്ങളിൽ ആൾജാമ്യത്തിൽ വായ്പകൾ കൊടുത്തിരുന്നു. കൂടാതെ വസ്തു ഈടിന്മേലും വായ്പകൾ നല്കിയിരുന്നു. ആദ്യത്തെ ഈടുവായ്പ നൽകിയത്,ചാക്കു കച്ചവടത്തിന് ഇരുപത് രൂപയാണ്. ഈ സംഘത്തിന്റെ ഓഹരിവില അഞ്ചുരൂപയാണ്. സെക്രട്ടറി ഉൾപ്പെടെ പതിമൂന്നു ജീവനക്കാർ ഈ സംഘത്തിൽ പ്രവർത്തിച്ചുപോരുന്നു. ഓഡിറ്റ് പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്നു.

**ഈ ബാങ്കിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങൾ**

കൺസ്യൂമർ സ്റ്റോർ – രണ്ട്

ടെക്സ്റ്റൈൽ സ്റ്റോർ – ഒന്ന്

വളം വില്പനകേന്ദ്രം – ഒന്ന്

ഈ മൂന്നു കേന്ദ്രങ്ങളിലും കമ്മീഷൻ ഏജന്റന്മാരായി അഞ്ചുപേരാണ് സേവനമനുഷ്ഠിക്കുന്നത്. ഡെയ്‌ലി കളക്ഷൻ ഏജന്റുമാരായി മൂന്നപേർ കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട്.

### നൽകുന്ന വായ്പകൾ

1. സാധാരണ
2. മദ്ധ്യകാലം
3. ദീർഘകാലം
4. നെൽകൃഷി
5. കെട്ടുതെങ്ങ്
6. സ്വർണ്ണപ്പണയം
7. ചെമ്മീൻകെട്ട്
8. സ്വയം തൊഴിൽ
9. ഐ.ആർ.ഡി.പി.
10. വിദ്യാഭ്യാസം
11. കിണർ
12. സുരക്ഷിതകക്കൂസ്
13. മേൽക്കൂര ഓടുമേയൽ
14. പ്രത്യേക സാധാരാണ വായ്പ
15. സ്റ്റോർ ക്രെഡിറ്റ്
16. ഓവർ ഡ്രാഫ്റ്റ്
17. വീടുവെയ്ക്കാൻ
18. തയ്യൽ മെഷീൻ
19. പച്ചക്കറി വാങ്ങാൻ
20. തുണിച്ചരയ്ക്ക് വാങ്ങാൻ

ഇവകൂടാതെ എറണാകുളം ജില്ലാബാങ്ക് നൽകുന്ന വായ്പകളും ബാങ്ക് വഴി നല്കുന്നു.

ഒരു ഗ്രാമത്തിന്റ മുഴുവൻ ആവശ്യങ്ങളും നിറവേറ്റാൻ ഈ സഹകരണ സംഘത്തിന് കഴിയുന്നുണ്ടോ എന്നത് സംശയമാണ്. അനേകം കടമ്പകൾ കടന്നുവേണം സഹകരണ സംഘത്തിന് ഓരോവായ്പകളും പ്രാവർത്തികമാക്കാൻ കഴിയുന്നത്. നിയമക്രമങ്ങൾ ലളിതമാക്കണം. (സഹകരണ നിയമങ്ങൾ).

## മത്സ്യത്തൊഴിലാളി പരസ്പര സഹായസംഘം

എടവനക്കാട് ഗ്രാമത്തിൽ രണ്ടാമതായി പ്രവർത്തിച്ചിരുന്ന ഒരു സംഘമാണ് എടവനക്കാട് മത്സ്യത്തൊഴിലാളി പരസ്പരസഹായ സംഘം, ക്ലിപ്തം നമ്പർ 530. ഈ സംഘം പ്രവർത്തനമാന്ദ്യം മൂലം ലിക്വിഡേറ്റ് ചെയ്തു. അതിന്റെ ആസ്തികൾ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിക്ഷിപ്തമായിരിക്കുന്നു.

മത്സ്യ ഉല്പാദക സഹകരണസംഘം വാച്ചാക്കൽ കേന്ദ്രമായി പ്രവർത്തിച്ചു. ഈ സംഘംവഴി തൊഴിലാളികൾക്ക് സർക്കാർ ബോട്ട് നൽകിവരുന്നു. ഈ സംഘവും ലിക്വിഡേഷന് വിധേയമായി.

## കയർ തൊഴിലാളി സഹകരണ സംഘം

പഴങ്ങാട് – വാച്ചാക്കൽ കേന്ദ്രമാക്കി ഒരു കയർ സഹകരണത്തൊഴിലാളി സഹകരണസംഘവും പ്രവർത്തിച്ചിരുന്നു. ഈ സംഘവും പ്രവർത്തന മാന്ദ്യം മൂലം ഇല്ലാതിയിട്ടുള്ളതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ ഋ.61

1961–ൽ E–61 ആയി 10 രൂപ ഓഹരിയോടെ രജിസ്റ്റർ ചെയ്തു. സ്ഥലവും കെട്ടിടവും സ്വന്തമാക്കി പ്രവർത്തിച്ചവരുന്ന ഒരു സഹകരണസംഘമാണ് പട്ടികജാതി–പട്ടികവർഗ്ഗ സഹകരണ സംഘം. ഇതിന്റെ കീഴിൽ ഒരു പ്രിന്റിംഗ് പ്രസ് കൂടി പ്രവർത്തിക്കുന്നുണ്ട്. ബുക്ക് ബൈൻഡിംഗ് പരിശീലനവും നൽകുന്നുണ്ട്.

ശ്രീ. പി.കെ. കുമാരൻ ചീഫ് പ്രമോട്ടറായി പ്രവർത്തിച്ച സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. വി.ബി. അർജുനനും സെക്രട്ടറി ശ്രീ. എൻ.എ. പത്മനാഭനും ആയിരുന്നു. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. എൻ.കെ. സുന്ദരനും സെക്രട്ടറി കുമാരി പി.സി. അജിതകുമാരിയുമാണ്. ഈസംഘം ഓഡിറ്റ് പ്രകാരം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രത്യേക സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ മുഴുവനായി സാധിക്കുന്നില്ല എന്നത് ഒരു സത്യമാണ്. പ്രശ്നം പരിശോധനയ്ക്ക് വിധേയമാകണം.

## ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ

### ക്രഡിറ്റ് സംഘങ്ങൾ

1. എടവനക്കാട് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1
2. പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹക

രണ സംഘം ക്ലിപ്തം നമ്പർ E.61

3. പഴങ്ങാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘം ഉ.എ.(E) 118/92

4. എടവനക്കാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘം ഉ.എ.(E) 119/92

5. കേരള കിസാൻബീഡി സഹകരണ സംഘം ക്ലിപ്തം നമ്പർ E.79

## നോൺ ക്രഡിറ്റ് സംഘങ്ങൾ

1. എടവനക്കാട് ഹൈസ്ക്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ E.370
2. എച്ച്.ഐ.എച്ച്.എസ് സഹകരണ സംഘം ക്ലിപ്തം നമ്പർ E.726
3. എടവനക്കാട് കോംപ്ലക്സ് സ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ E. 565
4. മത്സ്യഫെഡിന്റെ ഒരു പ്രോജക്ട് ഓഫീസ്

## മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന വായ്പകൾ

1. എൻ.സി.ഡി.സി.
2. കക്കൂസ് നിർമ്മാണം
3. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ
4. മത്സ്യക്കച്ചവടം
5. മരണാനന്തര സഹായനിധി
6. വെള്ളം, വല, എഞ്ചിൻ

മത്സ്യത്തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല. വിദേശനാണ്യം നേടിത്തരുന്ന ഈ വർഗ്ഗത്തിന്റെ ക്ഷേമപ്രവർത്തനം ഇന്നും ഒരു മരീചികയാണ്. എടവനക്കാട് കടലോരത്ത് ഇന്നും വൈദ്യുതി എത്തിയിട്ടില്ല എന്നത് അത്ഭുതമായി അവശേഷിക്കുന്നു. പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാക്കണം.

## മറ്റുസംഘങ്ങൾ

എടവനക്കാട് ഗ്രാമം കൂടി പ്രവർത്തനമേഖല ആയിട്ടുള്ള മറ്റു സംഘങ്ങൾ

1. മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘം അയ്യമ്പിള്ളി, ചെറുവൈപ്പ്
2. ഹൗസിംഗ് സഹകരണ സംഘം - മാലിപ്പുറം
3. കാർഷികവികസന ബാങ്ക് - കുഴുപ്പിള്ളി ശാഖ (പാലാരിവട്ടം - ആസ്ഥാനം)

ക്ഷീരോല്പാദക രംഗത്തും കൂട്ടായമ കാണുന്നില്ല. നെൽകൃഷി, തെങ്ങുകൃഷി എന്നിവയ്ക്ക് ഗ്രൂപ്പ് ഫാമിങ് എന്നിവ സംഘടിപ്പിക്കണം. വനിതാ വലനെയ്ത്ത് സഹകരണ സംഘങ്ങൾ ഇല്ല. വിവിധോദ്ദേശ സഹകരണ സംഘങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തും ജനങ്ങളും ഇതിൽ തല്പരരാകണം. ബോധവൽക്കരണം കൂടിയേതീരൂ.

## സ്ഥിതിവിവര കണക്കുകൾ

| നമ്പർ | സംഘത്തിന്റെ പേര് | ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | അംഗങ്ങൾ | സർക്കാർ ഓഹരി |
|---|---|---|---|---|---|---|
| 1. | എടവനക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1 | 5 രൂ | 50 ലക്ഷം | 32,25,280 രൂ. | 139946 | 63,950 രൂ. |
| 2. | എടവനക്കാട് SC/ST സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ E.61 | 10 രൂ | 3 ലക്ഷം | 1,03,705 രൂ | 1627 | 50,000 രൂ |
| 3. | പഴങ്ങാട് മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണസംഘം DF(E) | 118യ92 | 10 രൂ 1 ലക്ഷം | 3,800 രൂ | 380 | 30,000 രൂ |
| 4. | എടവനക്കാട് മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘം DF(E) | 119യ92 | 10 രൂ | 5 ലക്ഷം | 3,600 രൂ 360 | 30,000 രൂ |

ജനകീയ പിൻബലം, അപ്പെക്സ് സംഘങ്ങളുടെ ശക്തമായ സഹായം സേവനത്തുറകളുടെ വൈവിധ്യം, സങ്കുചിതമായ ചേരിതിരിവകളുടെ അഭാവം, എന്നീ കാരണങ്ങളാൽ, ആരംഭകാലത്തുണ്ടായിരുന്ന പ്രവർത്തനങ്ങളേക്കാൾ കൂടുതൽ കൂടുതൽ മെച്ചപ്പെട്ട രീതികൾ അവലംബിച്ചതിന്റെ സർവ്വീസ്സഹകരണ സംഘങ്ങൾ, ഇന്ന് ഗ്രാമത്തിന്റെ സാമ്പത്തീകവും സാമൂഹ്യവുമായ വികസനത്തിന്റെ നെടുംതൂണുകളായി തീർന്നിരിക്കുന്നുഎന്നു കാണാവുന്നതാണ്. ഈ ബാങ്കുകൾക്ക് പഞ്ചായത്തിന്റെ പദ്ധതികൾക്ക് ഏറ്റവും നിർണ്ണായമായ പങ്കുവഹിക്കാനാകുന്നതോടൊപ്പം ഗ്രാമത്തിന്റെതന്നെ മുഖച്ഛായ മാറ്റാനും കഴിയും എന്നു വിശ്വസിക്കുന്നു. അങ്ങിനെതന്നെയാകട്ടെ.

**പ്രശ്നങ്ങൾ**

1. പുതിയ മേഖലകളിലേക്ക് കടന്നുകയറാൻ ഡിപ്പാർട്ടുമെന്റ് തടസ്സങ്ങൾ
2. വാർഷിക പൊതുയോഗങ്ങളിൽ അംഗങ്ങളുടെ സജീവപങ്കാളിത്തമില്ലായ്മ.
3. ക്ഷീരോല്പാദന രംഗത്തുള്ള സാദ്ധ്യതകൾ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.
4. മാനേജുമെന്റിൽ വനിതകളുടെ പ്രാതിനിധ്യക്കുറവ്.
5. ലാഭവിതരണ രീതിയിലുള്ള അപാകത.

**സാധ്യതകൾ**

1. അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുക.
2. ജനറൽ ബോഡി ചടങ്ങാകാതെ സജീവപങ്കാളിത്വം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.
3. വനിതകൾക്ക മാനേജുമെന്റിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുക.
4. നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുക.
5. ജീവനക്കാർക്ക് പ്രത്യേകം പഠനക്ലാസ്സുകൾ.
6. മാനേജുമെന്റുകൾക്ക് പ്രൊഫഷണൽ പരിശീലനം നൽകുക.
7. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക
8. ഗ്രാമത്തിന്റെ വികസനത്തിന് വിവിധങ്ങളായ സംഘങ്ങൾ രൂപീകരിക്കുക.
9. ലേബർ കോൺഗ്രസ് പോലുള്ള നൂതന സംരംഭങ്ങൾ.
10. ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ
11. കൃഷിയിൽ ഗ്രൂപ്പ് ഫാമിങ്ങ് സംഘങ്ങൾ.
12. വലനെയ്ത്തു സഹകരണസംഘം
13. പഞ്ചായത്ത് വികസന സമിതികളുമായി ബന്ധപ്പെട്ടിട്ടുള്ള മാർക്കറ്റിംഗ് സർവ്വീസ് സഹകരണ സംഘങ്ങൾ
14. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരണം.
15. നാളികേര സംഭരണ സംസ്കരണ വിതരണ സംഘങ്ങൾ.
16. കൈത്തറി സഹകരണ സംഘങ്ങൾ.
17. ചകിരി വ്യവസായ സഹകരണസംഘങ്ങൾ
18. പച്ചക്കറി കൃഷി പൂകൃഷി സഹകരണസംഘങ്ങൾ

## വനം

കടൽതീര പ്രദേശമായതിനാൽ വനം ഇല്ല. എന്നാൽ പല പ്രദേശങ്ങളിലും കണ്ടൽ കാടുകൾ ഉണ്ടായിരുന്നു. മത്സ്യങ്ങളുടെയും ചെമ്മീനുകളടെയും ഈറ്റില്ലമായിരുന്ന ഈ കണ്ടൽ കാടുകൾ ഇന്ന് നാമാവശേഷമായികൊണ്ടിരിക്കുകയാണ്. ചെമ്മീൻ കെട്ടുകളുടെ കരകളിലും തോട്ടിറമ്പുകളിലും കണ്ടൽ സാന്നിദ്ധ്യമുണ്ട്. കണ്ടലിന്റെ ഉപകാരത്തെ കുറിച്ച് ആജ്ഞരായ ആളുകൾ കണ്ടൽ വെട്ടിനശിപ്പിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

പരിസ്ഥിതി സന്തുലനവും അന്തരീക്ഷ ഈർപ്പത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന കാവുകൾ നമ്മുടെ പഞ്ചായത്തിൽ നിന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. ഏതാനും ചില തറവാട്ടുവീടുകളിൽ നാമമാത്രമായി കാവുകൾ കണ്ടു

വരുന്നു. വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, താമസ സൗകര്യം വർദ്ധിപ്പിക്കൽ എന്നിവ കാവുകളുടെ നാശത്തിനുകാരണമായി തീർന്നിട്ടുണ്ട്.

## സാമൂഹ്യ വനവല്കരണം

സർക്കാർ മുൻകയ്യെടുത്ത് നടപ്പാക്കിയ സാമൂഹ്യ വനല്കരണ പരിപാടികൾ പലതും നമ്മുടെ പഞ്ചായത്തിലും നടന്നിട്ടുണ്ട്. എന്നാൽ ഉദ്ദേശിച്ച ഫലം ഇതിന് ലഭിച്ചിട്ടില്ല. ഈ പ്രദേശത്ത് യാതൊരു പ്രയോജനവും ലഭിക്കാത്തതും വരൾച്ചയ്ക്കുവരെ കാരണമായിതീരുന്നതുമായ യുക്കാലിപ്റ്റ്സ്, ആക്കേഷ്യ തുടങ്ങിയ മരങ്ങളാണ് ഇതിലൂടെ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളത്. ജനങ്ങളിൽ യാതൊരു താല്പര്യവും സൃഷ്ടിക്കാതെ കേവല പരിപാടികളായി ഇത് തരംതാഴുകയാണ് ചെയ്തത്.

ഈ പ്രദേശത്തിന് അനുയോജ്യമായ ഫലവൃക്ഷങ്ങളാണ് ഇവിടെ നട്ടുപിടിപ്പിക്കേണ്ടത്. മാവ്, പ്ലാവ്, കശുമാവ്, ആഞ്ഞിലി, പൂപ്പരത്തി തുടങ്ങിയ ജനോപകാര പ്രദമായ വൃക്ഷത്തൈകൾ പ്രചരിപ്പിക്കണം. ഓരോ പ്രദേശത്തുകാരുടെയും സഹകരണത്തോടെ ഇവസംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തണം. സന്നദ്ധസംഘങ്ങളുടെ സേവനം ഉറപ്പ് വരുത്തണം. പൊതു സ്ഥലങ്ങളിലും വഴിവക്കിലും സാധ്യമായ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം.

**പ്രശ്നങ്ങൾ**

- കണ്ടൽ വനത്തിന്റെ ആവശ്യകതയെകുറിച്ച് ജനങ്ങൾക്ക് കാര്യമായ അറിവില്ല.
- സാമൂഹ്യ വനവൽക്കരണം പ്രഹസനമായി മാറുന്നു. ഫലവൃക്ഷത്തൈകൾ വിതരണം നടത്തുന്നില്ല.

**സാധ്യതകൾ**

കണ്ടൽ വന സംരക്ഷണത്തിന് ബോധവല്കരണം

കാവുകൾ സംരക്ഷിക്കപ്പെടൽ

സാമൂഹ്യ വനവല്കരണം അർത്ഥവത്താക്കൽ

സന്നദ്ധ പ്രവർത്തകരുടെ സഹകരണം

# വിഭവ സമാഹരണം

എടവനക്കാട് ഗ്രാമ പഞ്ചായത്തിൽ ചെറുതും വലുതും ആയ വ്യവസായ ശാലകൾ ഒന്നും തന്നെ ഇല്ല. കാർഷികരംഗത്തും നമുക്ക് വലിയ പുരോഗതി നേടുവാൻ സാധിച്ചിട്ടില്ല. ഇവിടത്തെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെട്ടതല്ല. 78.6% ജനങ്ങളും ദാരിദ്ര്യ രേഖക്ക് താഴെയാണ്. ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവരും വളരെ കുറവാണ്.

പഞ്ചായത്തിന്റെ തനതായ വരുമാനം കെട്ടിട നികുതിയും പഞ്ചായത്ത് വക പുറമ്പോക്കുകളുടെ ലേലാദായവും അണിയിൽ മാർക്കറ്റും വൃക്ഷങ്ങളും ലേലം ചെയ്തു ലഭിക്കുന്ന

നമ്മുടെ പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 2651.00 രൂപയാമ് വസൂലാക്കിയത്. മുഴുവൻ കച്ചവടക്കാരെയും നികുതി നല്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. വായ്പ എടുക്കേണ്ട ആവശ്യമുള്ളപ്പോഴോ, എന്തെങ്കിലും മറ്റാവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കാണ് നാം നികുതി നൽകുന്നത് എന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കേണ്ടതുണ്ട്. ഇത് മൂലം മാത്രമേ പഞ്ചാ

പഞ്ചായത്തിലെ നിലവിലുള്ള വരുമാനങ്ങളുടെ പട്ടിക
ഇനം തിരിച്ച് ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | 91–92 വർഷത്തെ വരുമാനം | 95–96 വർഷത്തെ വരുമാനം | വ്യത്യാസം | വർദ്ധന ശതമാനം |
|---|---|---|---|---|---|
| 1. | കെട്ടിടനികുതി | 1,23,329.30 | 2,19,449.18 | 96,119.18 | 77.4% |
| 2. | തൊഴിൽ നികുതി | 49,410.00 | 87,727.00 | 40,317.00 | 81.6% |
| 3. | വിനോദ നികുതിയും മറ്റും | 40,247.00 | 35,154.00 | 5,093.00 | 12.65% |
| 4. | മാർക്കറ്റ് വരവ് | 20,633.00 | 36,800.00 | 16,167.00 | 78.36% |
| 5. | D&O ലൈസൻസ് ഫീ | 2,086.00 | 2,651.00 | 565.00 | 27.09% |
| 6. | ഫിഷിങ് റൈറ്റ് | 68,024.95 | 1,10,861.00 | 42,836.05 | 62.97% |
| 7. | ഗ്രാന്റുകൾ | 3,51,032.00 | 4,98,544.00 | 1,47,512.00 | 42.02% |
| 8. | ഡ്യൂട്ടി | 1,17,890.00 | 1,94,978.00 | 77,088.00 | 65.39% |
| 9. | മറ്റുവരവുകൾ | 41,112.03 | 1,38,528.36 | 97,416.33 | 23.7% |

തുകയും വിനോദനികുതിയും ഡി.ആന്റ്.ഒ. ലൈസൻസ് ഫീസും മറ്റു ഗവർമ്മെന്റ് ഗ്രാന്റുകളുമാണ് ഇത് പഞ്ചായത്തിന്റെ ഓഫീസ് ചെലവുകൾക്കും ചെറിയ ക്ഷേമപ്രവർത്തനങ്ങൾക്കും തികയുന്നതല്ല. പഞ്ചായത്തുകൾക്കുള്ള പല ഗ്രാന്റുകളും സർക്കാർ തലത്തിൽ സ്വാധീനമുള്ള പല പഞ്ചായത്തുകളും വാങ്ങിക്കൊണ്ടുപോവുകയാണ് പതിവ്. ഉദാ:– സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ പഞ്ചായത്തുകളുടെ ഓഹരി അനുസരിചച് എല്ലാ പഞ്ചായത്തുകൾക്കും വീതം വെച്ച് അതാത് വർഷങ്ങളിൽ തന്നെ എത്തിക്കുവാനുള്ള സൗകര്യം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

യത്തിന്റെ വരുമാന വർദ്ധന സാദ്ധ്യമാകൂ. വരുമാനമുള്ള എല്ലാ വിഭാഗക്കാരിൽ നിന്നും നികുതി ഈടാക്കാൻ കഴിയണം. നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിന് വാർഡ് പ്രതിനിധികൾ നേതൃത്വം നല്കണം. വാർഡുകളിൽ രൂപീകരിക്കുന്ന വികസന സമിതികളും പഞ്ചായത്ത് ഉദ്യോഗസ്ഥരും താല്പര്യമെടുക്കുകയും വേണം. കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കണം.

## കെട്ടിട നികുതി

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമല്ല.

നികുതി ചുമത്തുമ്പോൾ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം മാത്രമല്ല മാനദണ്ഡമാക്കേണ്ടത്. ആഢംബരത്വവും മാനദണ്ഡമാകണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. എങ്ങിനെയാണ് നികുതി ചുമത്തിയതെന്ന് കെട്ടിട ഉടമയെ ബോദ്ധ്യപ്പെടുത്താൻ ഉദ്യോഗസ്ഥർ തയാറാവുകയും വേണം. വാടക കെട്ടിടങ്ങൾക്ക് നിലവിലുള്ള വാടക കണക്കാക്കിതന്നെ നികുതി ചുമത്തുകയും വാടക കൂടുന്നതിനുസരിച്ച്പുതുക്കി നിശ്ചയിക്കുകയും വേണം. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തമാക്കുകയും നികുതി അടക്കാത്തവരിൽ നിന്നും പിഴ ഈടാക്കാനുള്ള നിയമ നിർമ്മാണം കൊണ്ടു വരികയും വേണം. ഓരോ വാർഡിലും നികുതി പിരിക്കുന്ന സമയവും സ്ഥലവും നേരത്തെ അറിയിപ്പ് പിരിക്കുന്നത് നന്നായിരിക്കും. നിലവിലുള്ള കെട്ടിടങ്ങളുടെ സർവ്വെ നടത്തി കെട്ടിടനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. പല കെട്ടിടങ്ങളും പുതുക്കി പണിതത് പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

തൊഴിൽ നികുതി:- ഈ പഞ്ചായത്തിലെ 5 സ്കൂളുകളിൽ നിന്നും മൂന്ന് ബാങ്കുകളിൽ നിന്നും മറ്റ് സർക്കാർ ഓഫീസുകളിൽ നിന്നും ചെറുകിട കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാത്രമേ ഇപ്പോൾ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. പഞ്ചായത്തതിർത്തിയിൽ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതിനല്കേണ്ടതാണ്. പഞ്ചായത്തതിർത്തിയിലുള്ള വാഹനങ്ങൾ, ചെമ്മീൻ കെട്ടുടമകൾ, ലേലം കൊള്ളുന്നവർ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങി വരുമാനം ലഭിക്കുന്ന മുഴുവൻ തൊഴിൽ മേഖലകൾക്കും നികുതി ഏർപ്പെടുത്തേണ്ടതാണ്.

## വിനോദ നികുതി

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സിനിമാ തിയേറ്ററിൽ നിന്നു മാത്രമേ വിനോദ നികുതി ലഭിക്കുന്നുള്ളു. ഇത് വളരെ തുഛമായ ഒരു സംഖ്യയാണ്. എടവനക്കാട് അണിയൽ മാർക്കറ്റിൽ ഒരു ഓഡിറ്റോറിയവും ഒമ്പതാം വാർഡ് പടിഞ്ഞാറു ഭാഗത്ത് ഒരു സ്റ്റേഡിയവും നിർമ്മിച്ച് അതിൽ നടത്തുന്ന പരിപാടികൾക്കും നികുതി ഏർപ്പെടുത്താവുന്നതാണ്.

## പരസ്യ നികുതി

പഞ്ചായത്ത് അതിർത്തിയിൽ പരസ്യം ചെയ്യുന്ന എല്ലാവരിൽനിന്നും പരസ്യ നികുതി വാങ്ങാവുന്നതാണ്. അതിനുള്ള നടപടിയും ഉണ്ടാകേണ്ടതാണ്.

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴ പുറമ്പോക്കായി ധാരാളം വെള്ളച്ചാലുകളുണ്ട്. അത് കെട്ടിയെടുത്ത് ചെമ്മീൻ വാറ്റുവാനുള്ള സൗകര്യമുണ്ടാക്കിയാൽ പഞ്ചായത്തിന് നല്ലൊരു തുക വരുമാനം ലഭിക്കും. പല ചെമ്മീൻ കെട്ടുകളിലും പഞ്ചായത്തു വക പുറമ്പോക്കുകളുണ്ട്. വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് അവ ഏതെല്ലാമാണെന്ന് കണ്ടെത്തുകയും ലേല തുകയുടെ ഓഹരി ഈടാക്കുകയയും ചെയ്യുന്നത്. വരുമാന വർദ്ധനക്ക് ഉപകരിക്കും. മറ്റുള്ള പുറമ്പോക്കുകളും കണ്ടെത്തി പഞ്ചായത്ത് അധീനതയിലാക്കേണ്ടതാണ്.

പഞ്ചായത്ത് വക റോഡുകൾ ടെലഫോണിനുവേണ്ടിയും വാട്ടർ അതോറിറ്റിക്കുവേണ്ടിയും ഇലക്ട്രിസിറ്റിക്കുവേണ്ടിയും വെട്ടിപൊളിക്കുമ്പോൾ മീറ്റർ കണക്കാക്കി നഷ്ടം വാങ്ങണം. പഞ്ചായത്തതിർത്തിയിൽ കൊടുത്തിട്ടുള്ള ടെലഫോൺ, വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവയുടെ ഉപഭോക്താക്കൾ അടക്കുന്ന ബിൽ തുകയുടെ 25% പഞ്ചായത്തിന് ലഭ്യമാകുന്നതിന് നടപടിയുണ്ടാകണം. പഞ്ചായത്തിലുള്ള നിക്ഷേപകർ അവരുടെ നിക്ഷേപം പഞ്ചായത്ത് അതിർത്തിയിലുള്ള പോസ്റ്റ് ഓഫീസുകൾ മുഖാന്തിരം നടത്തുന്നതിന് പ്രേരണ നല്കണം. ഈ നിക്ഷേപത്തിലൂടെ പഞ്ചായത്തിന്റെ വരുമാന വർദ്ധന ഉണ്ടാക്കാവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. എം.പി. ഫണ്ടോ മറ്റ് തിരിച്ചടക്കേണ്ടതില്ലാത്ത സർക്കാർ ഫണ്ടുകളോ ഉപയോഗപ്പെടുത്തി എടവനക്കാട് അണിയൽ മാർക്കറ്റിൽ ഒരു ഓഡിറ്റേറിയവും ഷോപ്പിംഗ് കോപ്ലക്സും നിർമ്മിക്കുക.
2. പഞ്ചായത്ത് ഓഫീസ് ഗ്രൗണ്ടിൽ മിനി സിവിൽ സ്റ്റേഷനും ഷോപ്പിംഗ്

കോംപ്ലക്സും നിർമ്മിക്കുക.

3. പഞ്ചായത്തതിർത്തിയിൽ വാട്ടർ, വൈദ്യുതി, ടെലഫോൺ എന്നിവയുടെ സബ് ഡിവിഷൻ ഓഫീസുകൾ സ്ഥാപിക്കുക.

4. അണിയിൽ ഭാഗത്ത് ടാക്സി, ടെമ്പോ, ഓട്ടോ സ്റ്റാന്റ് സ്ഥാപിക്കുക

5. പഞ്ചായത്തിലുള്ള മറ്റു രണ്ട് മാർക്കറ്റുകളും വിലക്ക് വാങ്ങി പഞ്ചായത്തിന്റെ കീഴിലാക്കുക.

6. മർച്ചന്റ്സ് യൂണിയനുകളുമായി സഹകരിച്ച് വാർഡുതോറുമുള്ള കണക്കുകൾ ശേഖരിച്ച് കച്ചവടക്കാരിൽ നിന്ന് ലൈസൻസ് ഫീ പിരിക്കുന്നതിനും സംവിധാനം ഉണ്ടാക്കുക.

ഏറ്റവും പ്രധാന വിഭവം മനുഷ്യാദ്ധ്വാനം തന്നെയാണ്. ജാതി മത കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം സംഭവാന നല്കുന്ന മനസ് സൃഷ്ടിക്കപ്പെടേണ്ടതാണ്. പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിലും സംരക്ഷണത്തിലും അതാത് പ്രദേശത്തുകാർക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. അതുപോലെതന്നെ റോഡുകൾക്ക് ആവശ്യമായ സ്ഥലം നല്കുന്നതിലും ബന്ധപ്പെട്ട പ്രദേശത്ത്കാർക്ക് കാര്യമായ പ്രവർത്തനങ്ങൾ നല്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനത്തിലും സാമൂഹ്യസേവന രംഗങ്ങളിലെ ഇതരതുറകളിലും മനുഷ്യ അദ്ധ്വാനം കാര്യമായി ചിലവഴിക്കപ്പെടാൻ കഴിയും. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും യോഗ്യതയുള്ളവരും വിചാരിച്ചാൽ വിദ്യാഭ്യാസ പുരോഗതിയിൽ ഗണ്യമായമാറ്റം വരുത്താൻ കഴിയും. ആരോഗ്യ, ശുചിത്വരംഗങ്ങളിലും സംസ്കാരിക സാമൂഹ്യക്ഷേമ, കായിക രംഗങ്ങളിലും സന്നദ്ധപ്രവർത്തകരുടെയും സംഘടനകളുടെയം സേവനങ്ങൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 800 | 30 | 128 | 444 | 202 | 26 |
| II | 360 | 16 | 106 | 213 | 33 | 8 |
| III | 660 | 14 | 122 | 426 | 112 | – |
| IV | 448 | 21 | 95 | 236 | 117 | – |
| V | 472 | 17 | 158 | 273 | 41 | – |
| VI | 824 | 30 | 236 | 413 | 163 | 12 |
| VII | 362 | 6 | 58 | 260 | 37 | 7 |
| VIII | 295 | 7 | 69 | 185 | 30 | 9 |
| IX | 725 | 21 | 241 | 452 | 26 | 5 |
| X | 685 | - | 28 | 423 | 234 | 8 |

## ചെലവ് സംബന്ധിച്ച വിവരം

| ഇനം | തുക |
|---|---|
| ഭരണം | 439914 |
| പൊതുമരാമത്ത് | 343715 |
| വിദ്യാഭ്യാസം | 24543 |
| ജലവിതരണം, ഓടകൾ പൊതു ജനാരോഗ്യം | 20376 |
| തെരവുവിളക്കുകൾ കത്തിക്കുന്നത് | 96698 |
| മറ്റുള്ളവ | 270872 |
| ആകെ | 11,96 118 |

| | പൊതുകണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച് |
|---|---|---|---|
| വരവ് | 1326692 | | |
| ചെലവ് | 1196118 | | 571720 |

മേൽ കാണിച്ചിരിക്കുന്ന പഞ്ചായത്തിന്റെ ധനസ്ഥിതി കമ്മിയാണ്. ദൈനംദിന പ്രവർത്തനങ്ങൾപോലും മുന്നോട്ടു കൊണ്ടുപോകുന്നതിന് സർക്കിന്റെ ഗ്രാന്റുകളെയാണ് ആശ്രയിക്കുന്നത്.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 2,19449 | 2,19,449 | – |
| തൊഴിൽ നികുതി | 89,727 | 89,727 | – |
| വിനോദ നികുതി | 20,576 | 20,576 | – |
| അഡി. വിനോദനികുതി | 12,402 | 12,402 | – |
| പ്രദർശന നികുതി | 2,176 | 2,176 | – |
| പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ് | 533 | 533 | – |
| ചന്തവരവ് 36,800 | 36,800 | – | |
| ലൈസൻസ് ഫീസ് | 2,651 | 2,651 | – |
| ഫിഷിംഗ് റൈറ്റ് | 1,10,861 | 1,10,861 | – |
| ഡെപ്പോസിറ്റ് 16,630 | 16,630 | – | |
| ആകെ 5,11,805 | 5,11,805 | – | |

★


# എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

## ജനകീയ ആസൂത്രണം


ഒമ്പതാം പദ്ധതി
ജനകീയപദ്ധതി

വികസന സെമിനാർ
22-12-1996 ഞായറാഴ്ച
സ്ഥലം:- കർത്തേടം സർവ്വീസ് ബാങ്ക്
ഓഡിറ്റോറിയം



''ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്.''

# എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്



# സമർപ്പണം

പ്രിയപ്പെട്ട നാട്ടുകാരേ,

അധികാരം ജനങ്ങളിലേക്ക് എന്ന സ്വപ്ന സാക്ഷാത്കാരത്തിന്റെ ഭാഗമായ് 9-ാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായ് നടപ്പിലാക്കുന്നതിനുള്ള പരിശ്രമത്തിലാണല്ലോ നാമെല്ലാം.

ആസൂത്രണ പ്രക്രിയ സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്നുമാണ് ആരംഭിക്കേണ്ടത്. ആയതിനാൽ വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് ഓരോ വാർഡിലേയും പ്രശ്നങ്ങളും സാദ്ധ്യതകളും വിലയിരുത്തി ക്രോഡീകരിച്ച, നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര വികസന റിപ്പോർട്ടാണ് സെമിനാറിലൂടെ ചർച്ച ചെയ്ത് സംപുഷ്ടമാക്കുവാൻ സമർപ്പിക്കുന്നത്.

നമ്മുടെ ഗ്രാമത്തിലെ വികസന രംഗത്തെ വെല്ലുവിളികളെ നേരിടുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനായ് സമർപ്പിക്കുന്ന ഈ വികസന രേഖയുടെ പൂർണ്ണതയ്ക്കായ് നമ്മുടെ മുഴുവൻ ശ്രദ്ധയും ഉണ്ടാകട്ടെ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുമായ് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

ആർ. സി. റോസിലി
കോ-ഓഡിനേറ്റർ

ഡേവിഡ് പിൻഹീറോ
പ്രസിഡന്റ്
എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

# എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൻെറ പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | 1 എളങ്കുന്നപ്പുഴ<br>2. പുതുവൈപ്പ് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | വൈപ്പിൻ |
| ബ്ലോക്കുപഞ്ചായത്തു ഡിവിഷനുകൾ | : | 1. വല്ലാർപാടം<br>2. അപ്പങ്ങാട്<br>3. പുതുവൈപ്പ്<br>4. എളങ്കുന്നപ്പുഴ |
| താലൂക്ക് | : | കൊച്ചി |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | ഞാറക്കൽ |
| ലോക് സഭാ മണ്ഡലം | : | എറണാകുളം |
| വിസ്തീർണ്ണം | : | 11.52 സ്ക്വയർ കി. മീ: |
| അതിരുകൾ | : | വടക്ക്: ഞാറക്കൽ ഗ്രാമപഞ്ചായത്ത്.<br>കിഴക്ക്: കൊച്ചിക്കായൽ.<br>തെക്ക്: ഫോർട്ടുകൊച്ചിൻ (കൊച്ചിൻ കോർപ്പറേഷൻ) |
| പടിഞ്ഞാറ് | : | അറബിക്കടൽ |
| ജനസംഖ്യ | : | 51197 |
| വാർഡുകൾ | : | 15 |
| വനിതാ സംവരണ വാർഡുകൾ | : | 5 |
| പട്ടികജാതി പട്ടികവർഗ്ഗ സംവരണം | : | 1 |
| പ്രസിഡൻറ് | : | ശ്രീ. ഡേവിഡ് പിൻ ഹീറോ. |
| വൈസ് പ്രസിഡൻറ് | : | ശ്രീ. സൈമൺ എ. എസ്. |
| സെക്രട്ടറി | : | ശ്രീ. വി. വി. തങ്കപ്പൻ |

# ആമുഖം

ആസൂത്രിത വികസനത്തിലും തദ്ദേശ ഭരണ കാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളും ബ്ലോക്കു പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും രൂപീകരിച്ചു. 1992 ലെ 73-ാം ഭരണ ഘടന ഭേദഗതിയിലൂടെയാണ് സംസ്ഥാനത്ത് മേല്പറഞ്ഞ ത്രിതല പഞ്ചായത്തു രാജ് സംവിധാനം നിലവിൽ വന്നത്. ഇത് ഗ്രാമങ്ങളുടെ സമഗ്രമായ് വികസനത്തിന് തികച്ചും സമുചിതമാകുന്നു.

പഞ്ചായത്തുകൾക്ക് സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് സാധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും അധികാര ശക്തിയും നൽകുന്നതിനും, ഭരണഘടനയുടെ 11-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതുൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതും നടപ്പാക്കുന്നതും അപ്രകാരമുള്ളവ പഞ്ചായത്തുകളെ ഭാരമേല്പിക്കുന്നതിനും ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ 45-ാം വർഷത്തിൽ നിയമം നിർമ്മിക്കപ്പെട്ടു. പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഈ അധികാരം, ഒമ്പതാം പദ്ധതിയുടെ ഭാഗമായി, പദ്ധതി വിഹിതം ഉപയോഗിച്ചുള്ള വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടെ തയ്യാറാക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടു കൂടി സ്കീമുകൾ തയ്യാറാക്കുന്നതിനാൽ ജനജീവിതത്തോടടുത്ത് നില്ക്കുന്നതും, കൂടുതൽ ഫലപ്രദവുമായ പദ്ധതികൾ തയ്യാറാക്കുവാൻ കഴിയുന്നു. പദ്ധതികളുടെ നടത്തിപ്പിൽ ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ കഴിയുന്നതിനാൽ അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും കൂടാതെ സമ്പത്ത് നീതിപൂർവ്വകമായി വിതരണം ചെയ്യുവാനുള്ള അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. തന്മൂലം ഒരു ന്യൂനപക്ഷത്തിൽ മാത്രം സമ്പത്തു കേന്ദ്രീകരിക്കാതെ ബഹുഭൂരിപക്ഷത്തിന്റെ കൈകളിൽ എത്തുകയും, സാമ്പത്തിക സംതുലിതാവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

# ജനകീയാസൂത്രണം

### പഞ്ചായത്ത് തല പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുക, തദ്ദേശ ഭരണവും ഗ്രാമവികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ചകളും സെമിനാറുകളും പഠനങ്ങളും ഗവേഷണങ്ങളും നടത്തുക എന്ന ലക്ഷ്യങ്ങളോടെ കേരള സർക്കാർ പഞ്ചായത്ത് രാജ് നിയമവും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവയുടെ ഉദ്ദേശ ലക്ഷ്യങ്ങളും അവ നമ്മുടെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ ഉളവാക്കുവാൻ പോകുന്ന മാറ്റങ്ങളും

സംബന്ധിച്ച് പൊതുജനങ്ങളെ മനസ്സിലാക്കേണ്ട പുതിയ സംവിധാനത്തിൻെറ വിജയത്തിന് മാറ്റുകൂട്ടുന്നതിന് അനിവാര്യമായ ഘടകമാണ് പഞ്ചായത്ത് വികസന സമിതി പ്രവർത്തനങ്ങൾ.

ഫലപ്രദമായ ആസൂത്രണ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി എളംങ്കുന്നപ്പുഴ പഞ്ചായത്തിൽ നിന്നും പതിനൊന്നു പേരെ ഡി. ആർ. പി. മാരായി പരിശീലനത്തിനായി ഉപയോഗിച്ചു. അങ്ങനെ നിയോഗിച്ചവർ വാർഡു മെമ്പർമാരായ ആർ. സി. റോസിലിൻ, സി. കെ. മോഹനൻ, ജലജാ രമണൻ, റിട്ടയേർഡ് ഉദ്യോഗസ്ഥന്മാരായ ശ്രീമാന്മാർ പി. ബി. എൽബി, സി. സി. ജോൺ മാസ്റ്റർ, ഇ. സി. കൃഷ്ണൻ മാസ്റ്റർ, കെ. ബി. സുബ്രഹ്മണ്യൻ മാസ്റ്റർ, ബ്ലോക്ക് പഞ്ചായത്തുമെമ്പർ ബി. വി. പുഷ്കരൻ, രാഷ്ട്രീയ പ്രവർത്തകരായ ജോയ് റോച്ച ദിലീപ് കുമാർ കെ. എൽ., ആൻറണി ഡി. ലൂയിസ്, എ. എസ്. ബർണാഡ്, സ്കൂൾ അദ്ധ്യാപകനായ പി. പി. ജോഷി മാസ്റ്റർ എന്നിവർ ആണ്. ഇവരിൽ എട്ടുപേർ മാത്രമാണ് മൂന്നു ദിവസത്തെ പരിശീലനം പൂർത്തിയാക്കിയത്. എറണാകുളത്ത് പാടിവട്ടത്തുള്ള 'മരിയ' പാർക്കിൽ വച്ചു നടത്തിയ ഡി. ആർ. പി. പരിശീലന ക്യാമ്പിൽ (13-9-1996) വച്ച് ഓരോ പഞ്ചായത്തിൻെറയും ഗ്രൂപ്പ് ചർച്ചയിൽ എളങ്കുന്നപ്പുഴ പഞ്ചായത്തിൻെറ ജനകീയാസൂത്രണ സമിതിയുടെ കോ-ഓർഡിനേറ്റർറായി മെമ്പർ ആർ. സി. റോസിലിയെ ഐക്യകണ്ഠേന തെരഞ്ഞെടുക്കുകയും പഞ്ചായത്തുതലത്തിൽ ഏകദിന പരിശീലനം 21-9-1996 ൽ നടത്തുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

മാർഗ്ഗ നിർദ്ദേശക സമിതിയുടെ പ്രഥമ യോഗം 1996 സെപ്തംബർ 21 ന് മാലിപ്പുറം ഐ. ഐ. വി. യു. പി. സ്കൂളിൽ വച്ച് നടത്തി. ടി യോഗത്തിൽ ഓരോ വാർഡിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പി. ആർ. പി. മാരും, പഞ്ചായത്തു ജനപ്രതിനിധികളും, ജില്ലാ പ്രതിനിധി ശ്രീ. കെ. ആർ. സുബാഷ് (കെ. ആർ. പി.), ബ്ലോക്ക് പ്രസിഡൻറും ഡി. ആർ. പി. യുമായ ശ്രീമതി സരസ്വതി നാരായണനും പഞ്ചായത്ത് ജീവനക്കാരും പങ്കെടുത്തു.

ടി പഞ്ചായത്തുതല ഏകദിന പരിശീലനം പഞ്ചായത്ത് പ്രസിഡൻറിൻെറ മഹനീയ അദ്ധ്യക്ഷതയിൽ 09.30 എ. എമ്മിന് ആരംഭം കുറിച്ചു. കോ-ഓർഡിനേറ്റർ സെമിനാറിൽ സന്നിഹിതരായവർ ഏവർക്കും ഹാർദ്ദവമായ സ്വാഗതം ആശംസിച്ചു. ഡി. ആർ. പി. യും വൈപ്പിൻ ബ്ലോക്ക് പ്രസിഡൻറുമായ ശ്രീമതി സരസ്വതി നാരായണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കെ. ആർ. പി. യും ജില്ലാ പ്രതിനിധിയുമായ ശ്രീമാൻ കെ. ആർ. സുബാഷ് 9-ാം പഞ്ചവൽസര പദ്ധതിയുടെ ഉദ്ദേശവും ലക്ഷ്യവും, വിശേഷാൽ ഗ്രാമസഭ എന്തെന്നും എന്തിനെന്നും വിശദമായ ഒരു പ്രഭാഷണത്തിലൂടെ പി. ആർ. പി. മാരെ ബോധവൽക്കരിച്ചു.

വികസനത്തിൻെറ വെല്ലുവിളികൾ, വികേന്ദ്രീയ ആസൂത്രണത്തിൻെറ പ്രസക്തി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ശ്രീമാൻ ആൻറണി ഡി. ലൂയിസ് സരസവും ലളിതവുമായ ഭാഷയിൽ ഒരു ക്ലാസെടുത്തു. തുടർന്ന് ഡി. ആർ. പി. ശ്രീ. സി. സി. ജോൺ മാസ്റ്റർ 'അധികാര വികേന്ദ്രീകരണം ഇന്നലെ ഇന്ന്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. അതിനെത്തുടർന്ന് ഡി. ആർ. പി. ശ്രീമാൻ ദിലീപ് ഈ ക്ലാസ് പൂർത്തികരിച്ചു. ഇടവേളയ്ക്കു ശേഷമുള്ള ക്ലാസ് ഉദ്ഘാടനം ചെയ്തത് എം. എൽ. എ. ഡോ. എം. എ. കുട്ടപ്പൻ ആണ്. പിന്നീട് ഡി. ആർ. പി. യായ ശ്രീമാൻ പി. പി. ജോഷി മാസ്റ്റർ 'ഗ്രാമ സഭയെക്കുറിച്ച് ("വിശേഷാൽ ഗ്രാമസഭ") എങ്ങിനെ ഒരുക്കണം, വാർഡുകളിൽ കൂടേണ്ട ഗ്രാമസഭയുടെ മാതൃകയെക്കുറിച്ച് ഹൃദ്യമായ ഭാഷയിൽ ഒരു ക്ലാസെടുക്കുകയുണ്ടായി. ഗ്രാമസഭയെ നിയന്ത്രിക്കേണ്ട ചുമതല പി. ആർ. പി. മാർക്കാണെന്ന് അദ്ദേഹം പ്രത്യേകം വ്യക്തമാക്കി.

എളങ്കുന്നപ്പുഴ പഞ്ചായത്തിലെ 15 വാർഡുകളിലായി നടത്തപ്പെടുവാനിരിക്കുന്ന വിശേഷാൽ ഗ്രാമസഭയുടെ തീയതികളിൽ പഞ്ചായത്ത് പ്രസിഡൻറ് അതാതു വാർഡുകളിലെ ബന്ധപ്പെട്ടവരെ അറിയിച്ചു. തുടർന്ന് ഡി. ആർ. പി. ശ്രീമതി ജലജാ രമണൻെറ കൃതജ്ഞതയോടെ ഈ ഏകദിന സെമിനാർ സമാപിച്ചു.

309

## വിശേഷാൽ ഗ്രാമസഭകൾ

1996 സെപ്തംബർ 29 മുതൽ ഒക്ടോബർ 13 വരെയുള്ള തീയതികളിൽ ആയിരുന്നു പഞ്ചായത്തിന്റെ ഗ്രാമസഭാ യോഗങ്ങൾ നടന്നത്. ഗ്രാമസഭാ യോഗങ്ങളുടെ വിശദമായ വിവരം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

| വാർഡ് നമ്പർ | സ്ഥലം | തീയതി | ആകെ | പങ്കെടുത്തവരുടെ എണ്ണം | | സമയം | ആകെ | SC/ST | | ഉദ്യ |
|---|---|---|---|---|---|---|---|---|---|---|
| | | | | സ്ത്രീ | പു | | | സ്ത്രീ | പു. | |
| 1. | ജി. യു. പി. എസ്. വൈപ്പിൻ | 2-10-96 | 69 | 42 | 27 | 10.00 | 11 | 7 | 4 | 4 |
| 2. | മല്ലിഗാർജുന മണ്ഡപം മുരിക്കുംപാടം | 2-10-96 | 139 | 69 | 70 | 10.00 | 25 | 18 | 7 | 7 |
| 3. | പി. കെ. എം. വായനശാല തെക്കൻ മാലിപ്പുറം | 6-10-96 | 120 | 34 | 86 | 3 P.M. | 6 | 2 | 4 | 10 |
| 4. | സെൻറ് പീറ്റേഴ്സ് സ്കൂൾ ഓച്ചന്തുരുത്ത് | 6-10-96 | 98 | 20 | 78 | 4 P.M. | - | - | - | 6 |
| 5. | സെൻറ് മേരീസ് സ്കൂൾ ഓച്ചന്തുരുത്ത് | 6-10-96 | 79 | 38 | 41 | 10 A.M. | 4 | 4 | | 7 |
| 6. | ,, ,, | 6-10-69 | 59 | 9 | 50 | 10 A. M. | 3 | 3 | | 10 |
| 7. | ഗവ. യു. പി. സ്കൂൾ പുതുവൈപ്പ് | 13-10-96 | 112 | 46 | 66 | 2 PM | 35 | - | - | 8 |
| 8. | ,, ,, | 13-10-96 | 115 | 40 | 75 | 2 PM | 23 | 20 | 3 | - |
| 9. | വേട്ടുവ കോളിനി ഹോൾ വളപ്പ് | 29-9-96 | 102 | 44 | 58 | 2 PM | 46 | 18 | 28 | 9 |
| 10. | സെൻറ് പീറ്റേഴ്സ് മാലിപ്പുറം സ്കൂൾ | 12-10-96 | 62 | 58 | 54 | 2 PM | 32 | 6 | 26 | - |
| 11. | ഗവ. എൽ. പി. സ്കൂൾ എളങ്കുന്നപ്പുഴ | 13-10-96 | 238 | 53 | 155 | 10 AM | 35 | - | - | - |
| 12. | ആംഗ്ലോ ഇന്ത്യൻ സ്കൂൾ എളങ്കുന്നപ്പുഴ | 12-10-96 | 61 | 16 | 45 | 10 A.M. | 18 | | | 8 |
| 13. | ഗസ്റ്റ് ഹൗസ് മാലിപ്പുറം | 13-10-96 | 69 | 9 | 60 | 10 A.M. | - | - | - | 6 |
| 14. | ന്യൂ എൽ. പി. സ്കൂൾ എളങ്കുന്നപ്പുഴ | 12-10-96 | 147 | 68 | 79 | 10 AM | 7 | - | - | 6 |
| 15. | സെൻറ് ജോസഫ് സ്കൂൾ കർത്തേടം. | 2-10-96 | 92 | 37 | 55 | 2 A.M. | 12 | - | - | 72 |

1861 പേർ മാത്രമാണ് ഗ്രാമ സഭായോഗങ്ങളിൽ പങ്കെടുത്തത്. ഇതിൽ 533 സ്ത്രീകളും 1071 പുരുഷന്മാരും, എസ്. സി. / എസ്. ടി. യുടെ പങ്കാളിത്തം 257 പേരും ആയിരുന്നു. വിവിധ ഗ്രാമസഭാ യോഗങ്ങളിൽ പഞ്ചായത്ത് പ്രസിഡൻറ്, ബ്ലോക്ക് പ്രസിഡൻറ്, പഞ്ചായത്ത് വൈസ് പ്രസിഡൻറ്, ബ്ലോക്ക് മെമ്പർ, വിവിധ വാർഡ് മെമ്പർമാർ, ഡി. ആർ. പി. മാർ, കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു. പന്ത്രണ്ടു വിഷയങ്ങൾ പന്ത്രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പു ലീഡറുടെയും ഗ്രാമസഭകളിലും നടന്നത്. വിശേഷാൽ ഗ്രാമസഭകൾ ജനങ്ങളുടെ നിലവിലുള്ള വികസന സങ്കല്പങ്ങൾ മാറ്റിമറിക്കുകയും വികസന പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടണമെന്നുള്ള പുതിയൊരു അവബോധം ജനങ്ങളിൽ ഉണർത്തുകയും ചെയ്തു.

## ദ്വിതീയ വിവരശേഖരണം

ഗ്രാമസഭാ യോഗങ്ങൾക്കുശേഷം വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൻെർ പ്രാരംഭ നടപടിയായി വിവിധ വികസന സേവന മേഖലകളിലെ ഓഫീസുകളിൽ നിന്നും ദ്വിതീയ വിവര ശേഖരണം (Secondary Data Collection) നടത്തുന്നതിനുവേണ്ടി ഒക്ടോബർ 29-ാം തീയതി പഞ്ചായത്തുതല പരിശീലകർക്ക് പഞ്ചായത്തു കോൺഫ്രൻസ് ഹാളിൽ വച്ച് ഒരു പ്രത്യേക പരിശീലന ക്ലാസ് നടത്തി. മുപ്പത്തൊന്നു പേർ പങ്കെടുത്തു. ഒക്ടോബർ മുപ്പതിന് ആരംഭിച്ച വിവരശേഖരണം നവംബർ പതിനഞ്ചിന് അവസാനിച്ചു.

പഠന പര്യടന സംഘം പഞ്ചായത്തിലെ ഭൂപ്രകൃതി, ഭൂവിനിയോഗം, പരിസ്ഥിതി പ്രശ്നങ്ങൾ, ജലലഭ്യത, സാമൂഹ്യ ആസ്തികൾ എന്നിവയെക്കുറിച്ച് നേരിട്ട് കണ്ടറിയുന്നതിനും രേഖപ്പെടുത്തുന്നതിനും വേണ്ടി പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ ഉൾപ്പെടെയുള്ള മൂന്നു പഠന സംഘങ്ങൾ പഞ്ചായത്തു പ്രദേശങ്ങൾ ചുറ്റി സഞ്ചരിച്ച് വിവര ശേഖരണം നടത്തി.

## രണ്ടാം ഘട്ട പ്രവർത്തനം

രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിൽ പഞ്ചായത്ത് മെമ്പർമാരും ഡി. ആർ. പി. മാരും മറ്റുമായി 38 പേർ പങ്കെടുത്തു. ഒന്നാംഘട്ട പ്രവർത്തനം അവലോകനം ചെയ്യുകയും രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗ രൂപം ഉണ്ടാക്കുകയും ശില്പശാല നിശ്ചയിക്കുകയും ചെയ്തു. എന്നാൽ 6-11-96 ൽ നടത്തുവാൻ നിശ്ചയിച്ച ശില്പശാലയിൽ വേണ്ടതായ ഗ്രൂപ്പ് കൺവീനർമാരും റിപ്പോർട്ടുകളും എത്താതിരുന്നതിനാൽ അടുത്ത 15-11-96 ലേക്ക് മാറ്റുകയും അന്നേ ദിവസം കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് ശില്പശാല നടത്തുകയും ചെയ്തു. അതിൽ അതാതു വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ 12 ഗ്രൂപ്പുകളുടെ ചർച്ച നിയന്ത്രിക്കുകയും അതാതു വാർഡു റിപ്പോർട്ടുകൾ അതാതു ഗ്രൂപ്പുകൾക്കു നൽകി ക്രോഡീകരിച്ച് 12 ചെയർമാന്മാരെയും, കൺവീനർമാരെയും തെരഞ്ഞെടുത്തു പ്രസ്തുത ശില്പശാല സമാപിച്ചു.

## പുനരർപ്പണ ദിനം

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് പുനരർപ്പണ ദിനമായി ആചരിക്കണമെന്നുള്ള സംസ്ഥാന ആസൂത്രണ സമിതിയുടെ നിർദ്ദേശ പ്രകാരം എളങ്കുന്നപ്പുഴ പഞ്ചായത്തിൽ 5-ാം വാർഡിൽ ജനപങ്കാളിത്തത്തോടെ 250 മീറ്റർ നീളം വരുന്ന ഒരു പഞ്ചായത്ത് റോഡ് (വി. പി. റോഡും ഓൾഡ് പഞ്ചായത്ത് റോഡും തമ്മിൽ ബന്ധിപ്പിക്കുന്നത്) ഏഴടി വീതിയിൽ, പുതുതായി ഉണ്ടാക്കുകയുണ്ടായി പ്രസ്തുത റോഡിന് "പ്രിയദർശനി റോഡ്" എന്ന് നാമകരണം ചെയ്തു. കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഒട്ടേറെ റോഡുകൾ ജനപങ്കാളിത്തത്തോടെ പുനർനിർമ്മാണം നടത്തുകയുണ്ടായി.

## വികസന റിപ്പോർട്ട്

ഗ്രാമസഭയിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും ദ്വിതീയ വിവര ശേഖരണവും, പഠന പര്യടന സംഘങ്ങൾ ശേഖരിച്ച വിവരങ്ങളും പഞ്ചായത്തിലെ കാരണവന്മാരിൽ നിന്നുമുള്ള വിവരങ്ങളും സംയോജിപ്പിച്ച് ജനപ്രതിനിധികളും പഞ്ചായത്തുതല ആസൂത്രണ സമിതിയും ചേർന്നാണ് വികസന റിപ്പോർട്ട് പൂർത്തീകരിച്ചത്.

# പഞ്ചായത്തിൻെറ മുൻ ഭരണസാരഥികൾ

1953-62

| | | |
|---|---|---|
| 1. | കെ. ടി. ജോർജ് കാരിക്കശ്ശേരി | പ്രസിഡൻെറ് |
| 2. | എം. കെ. കുമാരൻ മാസ്റ്റർ | (വൈസ് പ്രസിഡൻെറ് |
| 3. | പി. എഫ്. മൈക്കിൾ | (മെമ്പർ) |
| 4. | എ. ചന്ദ്രശേഖര മേനോൻ | |
| 5. | ഡി. കെ. ലക്ഷ്മണൻ | ,, |
| 6. | കെ. എം. ബാവ | ,, |
| 7. | കെ. കെ. മുഹമ്മദ് ഖനി | ,, |
| 8. | പി.എ.. കൃഷ്ണൻ | ,, |
| 9. | എ. കെ. ആൻറണി | ,, |
| 10. | എ. എസ്. പുരുഷോത്തമൻ | ,, |

1963-78

| | | |
|---|---|---|
| 1. | എ. എസ്. പുരുഷോത്തമൻ | (പ്രസിഡൻെറ്) |
| 2. | കെ. ജി. ലക്ഷ്മണൻ | (വൈസ് പ്രസിഡൻെറ്) |
| 3. | കെ. എം. ബാവ | (മെമ്പർ) |
| 4. | ഐ. എൽ. അലക്സാണ്ടർ | ,, |
| 5. | ടി. എ. ഉമ്മർമാസ്റ്റർ | |
| 6. | വി. എ. വറീത് | ,, |
| 7. | ഡോ. എം. കെ. ദാമോദരൻ | ,, |
| 8. | കെ. ജെ. ജോർജ് | ,, |
| 9. | പി. സി. ജോർജ് | ,, |
| 10. | പി. കെ. പ്രഭാകരൻ | ,, |
| 11. | കെ. എൻ. പണിക്കർ | ,, |
| 12. | പി. കെ. രവീന്ദ്രൻ | ,, |
| 13. | കെ. എക്സ്. ജോൺ | ,, |
| 14. | കെ. വി. യശോദ | (നോമിനേറ്റഡ്) |

1979-84

| | | |
|---|---|---|
| 1. | എ. എസ്. പുരുഷോത്തമൻ | (പ്രസിഡൻെറ്) |
| 2. | കെ. ജി. ലക്ഷ്മണൻ | (വൈസ് പ്രസിഡൻെറ്) |
| 3. | ഡേവിഡ് പിൻഹീറോ | (മെമ്പർ) |
| 4. | ഡോ. എം. കെ. ദാമോദരൻ | ,, |
| 5. | എ. എ. മനോഹരൻ | ,, |
| 6. | ജോസഫ് മെൻറസ് | ,, |
| 7. | സരളാ മാധവൻ | ,, |
| 8. | ഒ. കെ. ബാലകൃഷ്ണൻ | ,, |
| 9. | ടി. ടി. സേവ്യർ മാസ്റ്റർ | ,, |

| | | |
|---|---|---|
| 10. | എം. എക്സ്. ജോർജ്ജ് | ,, |
| 11. | വി. സി. തങ്കപ്പൻ | ,, |
| 12. | കെ. കെ. എസ്. മണി | ,, |
| 13. | കെ. ടി. ജോസഫ് | ,, |

1988–95

| | | |
|---|---|---|
| 1. | സി. കെ. മോഹനൻ | (പ്രസിഡൻറ്) |
| 2. | പി. പി. മണി | (വൈസ് പ്രസിഡൻറ്) |
| 3. | ഡേവിഡ് പിൻഹീറോ | (മെമ്പർ) |
| 4. | എ. എ. മനോഹരൻ | ,, |
| 5. | ഡോ. എം. കെ. ദാമോദരൻ | ,, |
| 6. | പി. എ. ആൻറണി ഫഗ്രേദോ | ,, |
| 7. | ഒ. കെ. കുമാരൻ | ,, |
| 8. | ടി. കെ. കുമാരൻ | ,, |
| 9. | ലില്ലി ജോസ് | ,, |
| 10. | എം. പി. സെബാസ്റ്റ്യൻ | ,, |
| 11. | കെ. കെ. മൊയ്തീൻ കുട്ടി | ,, |
| 12. | ബി.വി. പുഷ്ക്കരൻ | ,, |
| 13. | സരോജിനി ദാമോദരൻ | |
| 14. | കെ. എസ്. ആൻറണി | ,, |
| 15. | കെ. ടി. ജോസഫ് | ,, |

# നിലവിലുള്ള ഭരണ സമിതി

| | | |
|---|---|---|
| 1. | ഡേവിഡ് പിൻഹീറോ | (പ്രസിഡൻറ്) |
| 2. | എ. എസ്. സൈമൺ | (വൈസ് പ്രസിഡൻറ്) |
| 3. | കെ. കെ. ഹസ്സൻ | (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ) |
| 4. | ബിയാട്രീസ് ജോസഫ് | (മെമ്പർ) |
| 5. | പി. ആർ. മുരളി | ,, |
| 6. | കമലാക്ഷി ടീച്ചർ | ,, |
| 7. | ജോളി ചെമ്മായത്ത് | ,, |
| 8. | ആർ. സി. റോസിലിൻ | ,, |
| 9. | കെ. എം. ജലജ | ,, |
| 10. | പി. എസ്. സിദ്ധൻ | ,, |
| 11. | ഫിലോമിന സെബാസ്റ്റ്യൻ | ,, |
| 12. | സി. കെ. മോഹനൻ | ,, |
| 13. | കെ. എൽ. ദിലീപ് കുമാർ | (30-4-1996 ൽ രാജിവച്ചു) |
| 14. | കെ. കെ. ഉണ്ണികൃഷ്ണൻ | (മെമ്പർ) |
| 15. | പീറ്റർ ആൻറണി | ,, |
| 16. | കെ. എസ്. രാധാകൃഷ്ണൻ | ,, |

# എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

1341ലെ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ വൈപ്പിൻകരയുടെ തെക്കെ അറ്റത്തു കിടക്കുന്ന ഒരു ഗ്രാമമാണ് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്. പ്രായ പൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തിയത് 1953ൽ ആയിരുന്നു. ഇപ്പോഴത്തെ പഞ്ചായത്ത് രൂപീകൃതമായത് 1-1-1962 ൽ ആണ്.

1913ൽ ആണ് പഞ്ചായത്തുകളുടെ രൂപീകരണം സംബന്ധിച്ചുള്ള ആശയം ഉദയം ചെയ്തത്. കൊച്ചി രാജ്യത്ത് അക്കൊല്ലം വില്ലേജ് പഞ്ചായത്തുകൾ നിലവിൽ വന്നു. 1914ൽ വില്ലേജ് പഞ്ചായത്ത് ആക്ട് അംഗീകരിച്ച് പരീക്ഷണാർത്ഥം താലൂക്കിൽ ഒന്ന് എന്ന കണക്കിൽ 5 പഞ്ചായത്തുകൾ രൂപീകൃതമായി. ഈ പഞ്ചായത്ത് അതിൽ ഒന്നായിരുന്നു. പൗരമുഖ്യന്മാരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന നാലു പേരും സ്ഥലത്തെ വില്ലേജാഫീസറും ചേർന്ന അഞ്ചു പേരായിരുന്നു പഞ്ചായത്തു സഭ. പഞ്ചായത്ത് അംഗമാകണമെങ്കിൽ 50 രൂപയുടെ കരം തീരുവയുള്ളവർക്കും ബിരുദധാരികൾക്കും പെൻഷൻ പറ്റിയ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും മാത്രമേ സാധിച്ചിരുന്നുള്ളൂ. മൂന്നു കൊല്ലങ്ങൾക്കുശേഷം ഗ്രാമക്കോടതികൾ ഉണ്ടാക്കുവാനുള്ള അധികാരം പഞ്ചായത്തിനുകിട്ടി. താഹസിൽദാർ ഈ പഞ്ചായത്തിലേക്ക് നോമിനേറ്റു ചെയ്ത ആദ്യത്തെ പ്രസിഡൻറ് ശ്രീ. കാരിക്കശ്ശേരി ശൗരിയാർ തൊമ്മനായിരുന്നു. ജാതി തിരിച്ചും പ്രാദേശികാടിസ്ഥാനത്തിലും ആയിരുന്നു നോമിനേഷൻ. ആദ്യത്തെ വൈസ് പ്രസിഡൻറ് ശ്രീ. കൈപ്പിള്ളിൽ അച്യുതമേനോനായിരുന്നു. പിന്നീടു പട്ടയദാരന്മാരുടെ വോട്ടു മൂലം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിൽ ശ്രീ. കെ. ജെ. തോമസ് പ്രസിഡൻറും ശ്രീ. എം. കെ. കുമാരൻ മാസ്റ്റർ വൈസ് പ്രസിഡൻറുമായി, കൊടുവേലിപ്പറമ്പിൽ കെ. എ. ജോസഫ് മാസ്റ്ററും കുറെക്കാലം പ്രസിഡൻറായിരുന്നു.

1953-ൽ നിലവിൽ വന്ന പഞ്ചായത്തിൽ ശ്രീ. കെ. ടി. ജോർജ്ജ് പ്രസിഡൻറും ശ്രീ. എ. കെ. ആൻറണി മാസ്റ്റർ വൈസ് പ്രസിഡൻറുമായി. ഈ സമിതിയിൽ 10 പൊതുഅംഗങ്ങളും ഒരു പട്ടികജാതി പട്ടിക വർഗ്ഗ സംവരണ അംഗവും ഉണ്ടായിരുന്നു. ഈ സമിതി 10 വർഷം നിലനിന്നു. 1963 -ൽ തെരഞ്ഞെടുപ്പുണ്ടായി. ഈ സമിതി 16 വർഷം അധികാരത്തിലിരുന്ന ഈ സമിതിയിൽ പഞ്ചായത്ത് ഭരണ സമിതിയാൽ നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതാ പ്രതിനിധിയും ഉണ്ടായിരുന്നു. ശ്രീ. എ. എസ്. ഗുരുഷോത്തമൻ പ്രസിഡനറും ശ്രീ. കെ. ജി. ലക്ഷ്മണൻ വൈസ് പ്രസിഡൻറുമായിരുന്നു. 1979-ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. ശ്രീ. എ. എസ്. പുരുഷോത്തമൻ, ശ്രീ. കെ. ജി. ലക്ഷ്മണൻ എന്നിവർ വീണ്ടും പ്രസിഡൻറും വൈസ് പ്രസിഡൻറുമായ് തെരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിൽ പഞ്ചായത്തിന് പരിമിതമായ വിഭവസാദ്ധ്യതയാണുണ്ടായിരുന്നതെങ്കിലും വികസന രംഗത്ത് ഒരു പരിധി വരെ മുന്നോട്ട് പോകുവാൻ കഴിഞ്ഞു. പുതിയതായ് ജനവാസം തുടങ്ങിയ പുതുവൈപ്പ് മേഖലയിലേക്കുള്ള ബീച്ചുറോഡുകളും തീരദേശ റോഡുകളും അന്നത്തെ എം. എൽ. എ. യായിരുന്ന ശ്രീ. എം. കെ. രാഘവൻ തുടങ്ങിയവരുടെ സഹകരണത്തോടെ ഈ കാലഘട്ടത്തിലാണ് നിർമ്മിച്ചത്. ഈ സമിതി 1984 വരെ നിലനിന്നു. അന്ന് 13 വാർഡുകളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. 1988 ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. അങ്ങനെ വന്ന സമിതിയിൽ 2 വനിതാ മെമ്പർമാർ പഞ്ചായത്തിൽ ആദ്യമായ് തെരഞ്ഞെടുപ്പിലൂടെ കടന്നുവന്നു. ഈ സമിതിയുടെ പ്രസിഡൻറ് ശ്രീ. സി. കെ. മോഹനനും, വൈസ് പ്രസിഡൻറ് ശ്രീ. പി. പി. മണിയുമായിരുന്നു. 1995 സെപ്റ്റംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ മൂന്നിൽ ഒന്ന് എന്ന നിലയിൽ സ്ത്രീകളുടെ പ്രാധിനിധ്യം 5 ആയി ഉയർന്നു. പുതിയ ഭരണ സമിതിയുടെ പ്രസിഡൻറായി ശ്രീ. ഡേവിഡ് പിൻഹീറോയേയും വൈസ് പ്രസിഡൻറായി ശ്രീ. എ. എസ്. സൈമണും തെരഞ്ഞെടുക്കപ്പെട്ടു.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഫിഷറീസ് സ്റ്റേഷൻ 16-7-1979 മുതൽ പഞ്ചായത്തിലെ 7-ാം വാർഡിൽ പ്രവർത്തിച്ചുവരുന്നു. പ്രധാനമായും ഇത് ഒരു ഗവേഷണ സ്ഥാപനമാണ്. ഈ വാർഡിൽത്തന്നെ കടൽതീരത്ത് 5-11-1979 മുതൽ ഒരു ദീപ സ്തംഭം പ്രവർത്തിക്കുന്നുണ്ട്. ദീപ സ്തംഭത്തിന് തൊട്ടുതെക്കുവശത്തായി പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻറർ സ്ഥിതി ചെയ്യുന്നു. വൈപ്പിൻകരയിലെ മദർ സെൻററായ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

മാലിപ്പുറത്ത് പ്രവർത്തിച്ചുവരുന്നു. നാലാം വാർഡിൽ പഞ്ചായത്തിലെ കൃഷിഭവനും സർക്കാർ ഹോമിയോ ഡിസ്പെൻസറിയും അഞ്ചാം വാർഡിൽ മൃഗാശുപത്രിയും പ്രവർത്തിക്കുന്നു. എളങ്കുന്നപ്പുഴ 12-ാം വാർഡിൽ ആയുർവേ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. ഇതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ചികിൽസാ രംഗത്തെ സ്ഥാപനം ഇത് സ്വതന്ത്ര സമര സേനാനിയും പ്രചാമണ്ഡലം പ്രവർത്തകനുമായ ശ്രീ. ഐ. കരുണാകരൻെറ ശ്രമഫലമായാണ് ഉണ്ടായത്. അഞ്ച് പോസ്റ്റാഫീസുകൾ പഞ്ചായത്തിലുണ്ട്. ഒരു ഹയർ സെക്കൻററി സ്കൂളും ഒരു ഹൈസ്കൂളും ആറ് അപ്പർ പ്രൈമറി സ്കൂളും പത്ത് ലോവർ പ്രൈമറി സ്കൂളുകളും ഇരുപത്തി ഏഴ് അംഗൻവാടികളും പഞ്ചായത്തിലുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ബ്രാഞ്ച് സ്കൂൾ മിറ്റത്തും യൂണിയൻ ബാങ്കിൻെറ ഒരു ശാഖ മാലിപ്പുറത്തും ഫെഡറൽ ബാങ്കിൻെറ ഒരു ശാഖ ഓച്ചന്തുരത്തും പ്രവർത്തിച്ചു വരുന്നു. കൂടാതെ 123-ാം നമ്പർ, കർത്തേടം സർവീസ് സഹകരണ ബാങ്ക് മാലിപ്പുറത്തും 72-ാം നമ്പർ ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് പുതുവൈപ്പിലും പ്രവർത്തിക്കുന്നു. ഒരു ഭവന നിർമ്മാണ സഹകരണ സംഘം മാലിപ്പുറത്തും വലിയ നിക്ഷേപമുള്ള മരണാവശ്യ സഹകരണ സംഘം കർത്തേടത്തും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. സെൻറ് ജോസഫ് സേവാ കേന്ദ്രം എന്ന പേരിൽ ഒരു മരണാവശ്യ സ്ഥാപനം സ്കൂൾ മിറ്റത്തു പ്രവർത്തിച്ചുവരുന്നു. പട്ടികജാതി / പട്ടികവർഗ്ഗങ്ങൾക്കും മൽസ്യതൊഴിലാളികൾക്കുമായി അവരുടേതായ പ്രത്യേകം സഹകരണ സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ചരിത്രമുറങ്ങുന്ന ഒരു ഗ്രാമമാണ് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു പ്രദേശമായ മാലിപ്പുറം ഒരു പഴയകാല തുറമുഖമായിരുന്നു. കടൽപ്പുറം എന്നു തന്നെയാണ് മാലിപ്പുറമെന്നതിനർത്ഥം. കൊച്ചി രാജ്യത്ത് വിതരണം ചെയ്യേണ്ട ഉപ്പ് ബോംബെയിൽ നിന്നും ഈ തുറമുഖത്തു കൊണ്ടുവനന്നിരുന്നു. ഉപ്പു ശേഖരിച്ചു വയ്ക്കുന്നതിനു വേണ്ടിയുള്ള വലിയ പാണ്ഡിക ശാലകൾ ഈ അടുത്ത കാലം വരെ നിലവിലുണ്ടായിരുന്നു. കൊച്ചി രാജാവിൻെറ വരുമാനത്തിൽ ഒരു പ്രധാന ഇനമായിരുന്നു ഉപ്പ് നികുതി. മാലിപ്പുറത്തു ഒരു വലിയ കൊടിമരം ഉണ്ടായിരുന്നു. പകൽ സമയങ്ങളിൽ കൊടുകൾ കാണിച്ചും രാത്രിയിൽ വിളക്കു കയറ്റിയും കപ്പലുകൾക്ക് ദിശാബോധം നൽകിയിരുന്നു. മഴക്കാലത്തു കാറ്റും കോളും ഏൽക്കാതെ ഭദ്രമായി കപ്പലുകൾക്കു നങ്കൂരമിട്ടു കിടക്കുന്നതിനു പറ്റിയ രൂപത്തിൽ കടലിന്നടിയിൽ പച്ച നിറത്തിലുള്ള ചളി ഇവിടെ രൂപപ്പെട്ടു കിടന്നിരുന്നു. ഞാറക്കൽ മുതൽ തെക്ക് പുറക്കാടു വരെ അങ്ങിനെ ഒരു മഡ്ഡ് ബാങ്ക് ഉണ്ടായിരുന്നു. എളങ്കുന്നപ്പുഴ ഭാഗം കടലിൽ നിന്നും നോക്കിയാൽ ഒരു ഇളകുന്ന പുഴയായിട്ടെ തോന്നിയിരുന്നുള്ളൂ. അങ്ങിനെയാണ് എളങ്കുന്നപ്പുഴക്കു ആ പേരുകിട്ടിയതെന്ന് കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ എന്ന ഗ്രന്ഥത്തിൽ ശ്രീ. വി. വി. കെ. വാലത്ത് രേഖപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയിൽ വൈദേശിക മേധാവിത്വത്തിനുള്ള ബീജാവാപം നടന്നത് പോർത്തുഗീസുകാരുടെ വരവോടെയാണല്ലോ? കൊച്ചി രാജാവും പോർത്തുഗീസുകാരുമായി സഖ്യമുണ്ടാക്കി. കോഴിക്കോട്ടു സാമൂതിരി 1503 -ൽ കൊച്ചിയെ ആക്രമിച്ചു. ഇടപ്പിള്ളി രാജാവ് സാമൂതിരി പക്ഷത്തായിരുന്നു. പോർത്തുഗീസുകാരുടെ പിൻതുണയുണ്ടായിരുന്നെങ്കിലും കൊച്ചി രാജാവ് തോറ്റു. പരിക്കുപറ്റിയ രാജാവും പരിവാരങ്ങളും പഞ്ചായത്തിൻെറ വടക്കു ഭാഗത്തു കാണുന്ന സുബ്രഹ്മണ്യ ക്ഷേത്രത്തിൽ അഭയം തേടി. ക്ഷേത്രാങ്കണത്തിൽ രക്തം ചിന്തിക്കേണ്ടതില്ലായെന്ന തിരുമാനത്തിൽ സാമൂതിരി കോഴിക്കോട്ടേക്കു മടങ്ങി. തുടർന്നും യുദ്ധങ്ങളുണ്ടായി. പോർത്തുഗീസുകാരും സാമൂതിരിയും ചവിട്ടിക്കുഴച്ച മണ്ണാണ് ഇവിടെയുള്ളത്. ക്രിസ്തുവർഷം 1762 മുതൽ 1882 വരെ മേൽപ്പറഞ്ഞ ക്ഷേത്രത്തിൻെറയും അതിന് അടുത്തുള്ള അഞ്ചര ദേശങ്ങളുടെയും മേൽകോയ്മ തിരുവിതാം കൂറിനായിരുന്നു. 1882-ൽ രാജാധികാരം കൊച്ചി രാജാവിനും ക്ഷേത്ര ദേവസ്വം കാര്യങ്ങൾ തിരുവിതാം കൂറിനുമായി നിശ്ചയിക്കപ്പെട്ടു. 1902-ൽ ക്ഷേത്ര ഭരണം ഊരാളന്മാരിൽ വന്നുചേർന്നു. 1905-ൽ ക്ഷേത്രാധികാരവും കൊച്ചി രാജാവിൻെറ അധീനതയിൽ വന്നുചേർന്നു. മേൽപ്പറഞ്ഞ അഞ്ചര ദേശങ്ങളുടെ കരം പിരിക്കുന്നതിനു കൊച്ചി കോവിലകത്തുനിന്ന് എളങ്കുന്നപ്പുഴയിൽ അധികാരികൾ വന്നിരുന്നു. അവർ പിരിവു നടത്തിയ പ്രദേശത്തിനു ചുങ്കം എന്നു പറയുന്നു. ആ പേരിൽ ഒരു സ്ഥലം ഇപ്പോഴും പഞ്ചായത്തിലുണ്ട്. കൊച്ചി തമ്പുരാക്കന്മാർ എളങ്കുന്നപ്പുഴയിൽ വന്നു താമസിച്ചിരുന്ന കൊട്ടാരം മരങ്ങാട്ടു കൊട്ടാരമെന്ന പേരിൽ അറിയപ്പെട്ടിരുന്നു. കൊച്ചി രാജാവിൻെറ പ്രധാന മന്ത്രിയായി വന്ന ഒരു പാലിയത്തച്ചന് വൈപ്പിൻകര 1922-ൽ അട്ടിപ്പേറായി കിട്ടി. പാല്യത്തച്ചന്മാർ വന്നു താമസിച്ചിരുന്ന കൊട്ടാരം കൊല്ലേഴത്തു കോവിലകമായിരുന്നു. ഈ രണ്ടു കോവിലകങ്ങളും ഇപ്പോൾ നിലവിലില്ല.

ഗോവയിൽ നിന്നും കേരളത്തിലേക്കു കപ്പൽ വഴി പുറപ്പെട്ട ഒരു സംഘം ഗൗഡസാരസ്വത ബ്രാഹ്മണർ പഞ്ചായത്തിലെ അഴീക്കൽ ഭാഗത്തിറങ്ങിയതായി കാണുന്നു. അവർ കൂടെ കൊണ്ടുവന്ന ശ്രീവരാഹ

മൂർത്തിയുടെ ഒരു വിഗ്രഹം ആ ഭാഗത്തു കടൽ തീരത്ത് ഒരു ക്ഷേത്രം നിർമ്മിച്ചു. അതിൽ കുടിയിരുത്തി. ഇതു 1570-ൽ ആയിരുന്നു. അഴീക്കൽ ഭാഗത്ത് ഇപോൾ നിലവിലുള്ള കുടുംബികളുടെ വക ശ്രീമല്ലികാർജ്ജുന ദേവസ്വം ക്ഷേത്രത്തിൻെറ പടിഞ്ഞാറുവശം ഒന്നര കിലോമീറ്റർ പടിഞ്ഞാറു വശമായിരുന്നു സാരസ്വതരുടെ ക്ഷേത്രം. തുടർച്ചയായ കടലാക്രമണത്തെത്തുടർന്ന് ഗൗഡസാരസ്വതബ്രാഹ്മണർ അവരുടെ മൂർത്തിയെ വൈപ്പിൻകരയുടെ വടക്കുഭാഗത്തുള്ള ചെറായി എന്ന സ്ഥലത്തേക്കു മാറ്റി അഴിക്കൽ ശ്രീവരാഹ ദേവസ്വം എന്ന ക്ഷേത്രം നിർമ്മിച്ചു വരാഹമൂർത്തിയെ അവിടെ കുടിയിരുത്തി. മൂർത്തിയോടൊപ്പം വളരെയധികം ഗൗഡസാരസ്വതബ്രാഹ്മണരും ചെറായിലേക്ക് മാറിത്താമസിച്ചു. ഇത് 1867-ൽ ആയിരുന്നു. ഗൗഡ സാരസ്വത ബ്രാഹ്മണർ 1992 ൽ ഇറക്കിയ ഒരു സ്മരണികയിൽ ഈ കാര്യങ്ങൾ രേഖപ്പെട്ടു കിടക്കുന്നു.

അതുപോലെ തന്നെ അഴീക്കൽ ഭാഗത്തുള്ള കുടുംബികളും ഗോവയിൽ നിന്നും വന്നവരാണ്. ഇവർ ആദ്യം കൊടുങ്ങല്ലൂരിൽ ഇറങ്ങി. കേരളത്തിൻെറ പലഭാഗത്തേക്കും അവർ മാറിയ കൂട്ടത്തിൽ ഒരു സംഘം അഴീക്കലിൽ ഇറങ്ങി. അവരും ഒരു ക്ഷേത്രം കടൽ തീരത്തു നിർമ്മിച്ചു. മല്ലികാർജ്ജുനൻ ആണ് അവരുടെ മൂർത്തി. കടലാക്രമണത്താൽ അവരുടെ ക്ഷേത്രവും കിഴക്കോട്ടു നീക്കി. പഴയ ക്ഷേത്രത്തിൽ നിന്നും വിഗ്രഹം തലയിൽ ചുമന്നു കൊണ്ടുവന്നത് ജഗിയാൻ എന്നു പേരായ ഒരാളായിരുന്നു എന്നു പ്രായം ചെന്നവർ പറയുന്നു. ഇപ്പോഴത്തെ മല്ലികാർജ്ജുന ക്ഷേത്രം അങ്ങിനെ ഉണ്ടായതാണ്. ഗൗഡസാരസ്വതരുടെ 25 ഓളം കുടുംബങ്ങൾ മാത്രമേ പഞ്ചായത്തിലുള്ളു. ഏതാണ്ട് 150 പേർ അംഗങ്ങളായും ഉണ്ട്.

ഓച്ചംതുരുത്തിൽ ഇപ്പോൾ കൊച്ചി കായലിൻെറ തീരത്തു നിൽക്കുന്ന ക്രൂസ്മിലാഗ്രിസ് പള്ളിയും ആദ്യം കടൽ തീരത്തായിരുന്നു. കടലാക്രമണ ഭീതിയിൽ തന്നെ കിഴക്കോട്ടു മാറ്റി സ്ഥാപിച്ചതാണ്. ദിവ്യൽഭുത കുരിശ് എന്നാണ് ക്രൂസ്മിലാഗ്രിസ് എന്ന പോർത്തുഗീസ് പദത്തിൻെറ അർത്ഥം. പള്ളി സ്ഥാപിച്ചത് 1851 -ൽ ആണെന്നു കാണുന്നു.

വൈപ്പിൻകര കടൽ വച്ച ഭൂമിയാണെന്നു മുകളിൽ പറഞ്ഞു കഴിഞ്ഞു. 1341 ൽ പെരിയാറിലുണ്ടായ വലിയ വെള്ളപ്പൊക്കത്താൽ കൊടുങ്ങല്ലൂർ അഴി മൂടിപ്പോവുകയും കൊടുങ്ങല്ലൂരിനു തെക്കു മാറി ഒരു കൊച്ചഴിയുണ്ടാവുകയും പുതിയതായി ഒരു കരയും രൂപപ്പെട്ടു. ഇതിനെ അനുസ്മരിക്കുന്നതിന് പുതുവൈപ്പ് ആബ്ദം എന്ന പേരിലൊന്നു നില നിന്നിരുന്നു. പിന്നീട് 1915 മുതൽ 1920 വരെ തുടർച്ചയായി കടലാക്രമണം ഉണ്ടായി. പഞ്ചായത്തിൻെറ തെക്കൻ ഭാഗം കടലെടുത്തുപോയി. വീണ്ടും കടൽ വച്ച ഭൂമികളിലാണ് പഞ്ചായത്തിലെ 7, 8 എന്നീ വാർഡുകളും 10-ാം വാർഡിൻെറ കുടെ ഭാഗങ്ങളും സ്ഥിതി ചെയ്യുന്നത്. അങ്ങിനെ പുതിതായി വച്ച ഭൂമിയിൽ 1951 ലാണ് ആദ്യമായി കുടിയേറ്റമുണ്ടായത്.

## നവോദ്ധാനം

ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യ പാദത്തിൽ ഉണ്ടായ സാമൂഹ്യ മാറ്റത്തിൻെറ അലയടികൾ ഈ പഞ്ചായത്തിലും പ്രത്യേകിച്ചു ഓച്ചന്തുരുത്തു ഭാഗത്തും ഉണ്ടായി. 1917 ൽ സഹോദരൻ അയ്യപ്പൻ ചെറായിയിൽ നടത്തിയ മിശ്ര ഭോജനം അതെ കാലയളവിൽ ഓച്ചന്തുരുത്തിലും ഉണ്ടായി. അതിന് മുൻനിന്നു പ്രവർത്തിച്ചവരിൽ പ്രമുഖനാണ് ശ്രീ. എം. കെ. നാരായണൻ മാസ്റ്റർ അത്തരം ആളുകൾ തന്നെ മുൻകയ്യെടുത്തു പ്രസംഗ പരിശീലനത്തിനായി സ്ഥാപിച്ച ശാലയാണ് ഇപ്പോൾ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ആശാൻ മെമ്മോറിയൽ വായനശാല. ക്ഷേത്രകലയായിരുന്ന കഥകളി ഓച്ചന്തുരുത്തിലെ ഒരു വിഭാഗം ചെറുപ്പക്കാർ പഠിച്ചു. ജാതി രാക്ഷസവധം" എന്ന പേരിലൊരു കഥ എഴുതി ഉണ്ടാക്കി. അരങ്ങേറി. 1921 ൽ ആണ് ഓച്ചന്തുരുത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഓച്ചന്തുരുത്തു സഹകരണ സംഘം രൂപം കൊണ്ടത്. അതും ആദ്യം ഒരു ക്രിസ്തീയ സംരംഭമായിരുന്നു. 1935 ൽ ഓച്ചന്തുരുത്തിൽ 377-ാം നമ്പർ തൊഴിലാളി കോ-ഓപ്പറേറ്റീവ് സ്റ്റോർ സ്ഥാപിച്ചു. ഇ. വി. രാമസ്വാമി നായ്ക്കർ, ഇ. ഗോപാലകൃഷ്ണമേനോൻ എന്നിവർ പങ്കെടുത്ത ഒരു സർവ്വ മതസമ്മേളനവും ഈ സംഘത്തിൻെറ നേതൃത്വത്തിൽ വച്ചു നടക്കുകയുണ്ടായി. മതപരിവർത്തനം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലമായിരുന്നു. ആര്യ സമാജത്തിൻെറ ഒരു ശാഖ ഓച്ചന്തുരുത്തിൽ സ്ഥാപിച്ചു. യുക്തിവാദികളും മറ്റും ചേർന്നു. ബുദ്ധമതം സിക്ക് മതം എന്നിവയൊക്കെ പ്രചരിപ്പിച്ചു. എന്ന ആൾ ശ്രീ. പണ്ഡിറ്റ് കറുപ്പൻ ശ്രീ. കെ. പി. വള്ളോൻ എന്നിവരുടെയും പ്രവർത്തനങ്ങൾ പിന്നോക്ക വിഭാഗങ്ങളെ ഉൽബുദ്ധരാക്കി.

## ദേശീയ പ്രസ്ഥാനം

ദേശീയ പ്രസ്ഥാനത്തിൻെറ അലയടികൾ ഈ പഞ്ചായത്തിലും ഉണ്ടായി. ഐ. കരുണാകരൻ ഐ. ഗോവിന്ദ മേനോൻ, സി. കെ. കുഞ്ഞപ്പൻ, ആർ.കെ. കുട്ടൻ, സി. ടി. സേവ്യർ എന്നിവർ ഈ പ്രസ്ഥാനത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഭവിച്ച പ്രമുഖരാണ്. 1941 ജനുവരി 26 ന് രൂപീകൃതമായ കൊച്ചി രാജ്യ പ്രജാമണ്ഡലത്തിൻെറ പ്രവർത്തനം ഈ പഞ്ചായത്തിലും ആരംഭിച്ചു. "കൃഷി ഭൂമി കർഷകന്" "ശുദ്ധ ജലം എത്തിക്കുക" എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് പ്രവർത്തിച്ചവരിൽ ശ്രീ. ടി. പി. വക്കച്ചൻ,

ഐ. കരുണാകരൻ, എൻ. കെ. കുമാരൻ മാസ്റ്റർ, പി. കെ. പ്രഭാകരൻ, തച്ചപ്പിള്ളി ശ്രീധരമേനോൻ, ഡ്രൈവർ കൃഷ്ണൻ എന്നിവർ മുൻനിരയിലായിരുന്നു.

1942 ആയപ്പോഴേയ്ക്കും കമ്മ്യൂണിസ്റ്റു പാർട്ടി ഈ പഞ്ചായത്തിൽ അഴീക്കൽ ഭാഗത്ത് രൂപം കൊണ്ട് പ്രവർത്തനം തുടങ്ങി.

ഐത്തത്തിനെതിരായി പാല്യം ക്ഷേത്ര വഴിയിൽ സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിൽ ഈ പഞ്ചായത്തിൽ നിന്നും ശ്രീ. എ. ജി. വേലായുധൻ, ഇഷ്ണാദി ദാമോദരൻ, കൊച്ചോൻ അഴീക്കടവിൽ ശങ്കരൻ, പി. എസ്. വേലായുധൻ, ടി. എ. പീറ്റർ, എ. എസ്. പുരുഷോത്തമൻ, എ. എസ്. അറുമുഖൻ, കെ. ആർ. ലോറൻസ്, കെ. കെ. എസ്. മണി എന്നിവർ പങ്കെടുക്കാൻപോയവരിൽ പെടുന്നു. ശ്രീ. എ. ജി. വേലായുധൻ രക്തസാക്ഷിത്വം വഹിക്കുകയുണ്ടായി.

1943 -ൽ ഉണ്ടായ അതിവർഷക്കെടുതിയിലും വെള്ളപ്പൊക്കവും മൂലം ണ്ടായനാശനഷ്ടങ്ങളും തുടർന്ന് പിടിച്ച കോളറ ബാധയും ഈ പ്രദേശത്തെ ജനങ്ങളെ ദുരിതത്തിലാഴ്ത്തിയ സംഭവമാണ്. ഈ സന്ദർഭത്തിൽ കൊച്ചി രാജ്യപ്രചാമണ്ഡല പ്രവർത്തകർ സജീവമായി രംഗത്തിറങ്ങുകയും ജനങ്ങളുടെ ദുരിതങ്ങൾക്ക് ഒരു പരിധിവരെ സഹായം നൽകുകയുണ്ടായി.

രണ്ടാം ലോകമഹായുദ്ധം മൂലമുണ്ടായ ഭക്ഷ്യക്ഷാമവും തുടർന്നുണ്ടായ പട്ടിണിയും കാരണം 1946-ൽ കൊച്ചി രാജാവിന്റെ സവിധത്തിലേക്ക് ഒരു പട്ടിണി ജാഥ നടക്കുകയുണ്ടായി. ആ ജാഥയിൽ ശ്രീ. ടി. എ. പീറ്റർ എം. എ. സുബ്രൻ, എ. എസ്. പുരുഷോത്തമൻ, കെ. കെ. എസ്. മണി, കെ. വി. സത്യവാൻ എന്നിവർ ഈ പഞ്ചായത്തിൽ നിന്നും പങ്കെടുത്തു. ഇക്കണ്ട വാര്യർ കൊച്ചിയിലെ പ്രധാന മന്ത്രിയായിരുന്നപ്പോൾ എളങ്കുന്നപ്പുഴ പഞ്ചായത്തിന് ശുദ്ധജലം എത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തെ തുടർന്നു ഓച്ചന്തുരുത്ത് ഭാഗത്ത് കൊച്ചിയിൽ നിന്നും എൽ. സി. ടി. യിൽ വെള്ളം എത്തിച്ചു കിട്ടി. പഞ്ചായത്തിന്റെ വടക്കൻ ഭാഗത്തേക്കും ഈ സൗകര്യം എത്തിക്കണമെന്ന ആവശ്യത്തെത്തുടർന്ന് വടക്കൻ ഭാഗത്തും ശുദ്ധലം കിട്ടി. വൈപ്പിൻകരയിൽ ആദ്യമായി പൈപ്പുവഴി ശുദ്ധജലം കിട്ടിയ പഞ്ചായത്ത് എളങ്കുന്നപ്പുഴയായിരുന്നു. വിധി വൈപരിത്യമെന്നു പറയട്ടെ ഇന്ന് വൈപ്പിൻകരയിൽ ശുദ്ധജലം കിട്ടാത്ത പഞ്ചായത്തും ഇതുതന്നെ.

വൈപ്പിൻ കരയിൽ നടന്ന മിക്കവാറും എല്ലാ പുതിയ മുന്നേറ്റങ്ങളുടേയും താക്കോൽ സ്ഥാനം ഈ പഞ്ചായത്തിനായിരുന്നു. ഭൂവുടമ സമ്പ്രദായം ഇന്നത്തേതിലും വ്യത്യസ്ഥമായിരുന്നു. ഭൂമി മുഴുവൻ ചുരുക്കം ചിലരുടെ കൈവശമായിരുന്നു. ജന്മിയുടെ അനുവാദത്തോടെ കുടിൽ വച്ചുതാമസിക്കാൻ മാത്രമേ കുടിയാന്മാർക്ക് സാധിച്ചിരുന്നുള്ളു.

1971ൽ കേരള സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ ഈ പഞ്ചായത്തിലും കുടികിടപ്പുകാർക്ക് 3 മുതൽ 10 സെൻറ് വരെ സ്ഥലം ലഭിക്കുകയുണ്ടായി. അതോടെ ഇവരുടെ സാമൂഹ്യമായ നിലമെച്ചപ്പെട്ടു.

മാലിപ്പുറം കടൽ വച്ച 200 ഏക്കറോളം സ്ഥലം മുക്കൻ തോമക്കുട്ടി എന്ന വ്യക്തിക്ക് ഉപ്പ് ഉണ്ടാക്കുവാൻ പതിച്ചു കൊടുത്തു. ഈ വ്യവസായി ഇതിൽ കുറച്ചു സ്ഥലം മൽസ്യം വളർത്തുവാൻ ഉപയോഗിച്ചു.

ഈ പഞ്ചായത്തിൽ ആദ്യമായി ട്രേഡ് യൂണിയൻ പ്രവർത്തനം ആരംഭിച്ചത്. പ്രജാമണ്ഡലം പ്രവർത്തനും എം. എൽ. എ. യുമായിരുന്ന ശ്രീ. എം. ഐ. പോളിന്റെ നേതൃത്വത്തിലായിരുന്നു. മാലിപ്പുറത്തെ ഉപ്പ് കൂട്ടിലെ തൊഴിലാളികളെ സംഘടിപ്പിച്ച് മാലിപ്പുറം സ്വതന്ത്ര ഉപ്പുതൊഴിലാളി യൂണിയൻ ഉണ്ടാക്കി. ഇതോടെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെട്ടു. ഇതേ തുടർന്ന് മാലിപ്പുറം ഉപ്പളത്തിലെ തൊഴിലാളികളെ സംഘടിപ്പിച്ച് മറ്റൊരു യൂണിയൻ രൂപം കൊണ്ടു. ഇതിന്റെ പ്രസിഡൻറ് ശ്രീ. സി. കെ. വാസു മാസ്റ്ററും സെക്രട്ടറി ശ്രീ. എം. എക്സ്. ജോർജുമായിരുന്നു. തുടർന്ന് 1940 ൽ മറ്റു സംഘടനകളും ആരംഭം കൊണ്ടു.

## കാർഷിക രംഗം

1941-42 ൽ കർത്തേടം കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (ഇന്നത്തെ 123-ാം നമ്പർ കർത്തേടം സർവീസ് സഹകരണ ബാങ്ക്) 'ഗ്രോമോർ ഫുഡ് സ്കീം' അനുസരിച്ച് 35 ഏക്കർ നെൽകൃഷി ചെയ്യുവാൻ വേണ്ടി അംഗങ്ങൾക്ക് വിതരണം ചെയ്തു. ഈ ചതുപ്പു സ്ഥലം പതിച്ചു കിട്ടിവാൻ അന്നത്തെ പ്രജാമണ്ലം പ്രവർത്തകനായ ശ്രീ. ഐ. കരുണാകരനും, സൊസൈറ്റി പ്രവർത്തകരായ ശ്രീ. വി. എ. വറീതുമാസ്റ്ററും, ശ്രീ. സി. എൽ. പീറ്റർ മാസ്റ്ററും വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. ചതുപ്പ് സ്ഥലം ആദ്യമായ് പതിച്ചു കിട്ടിയതും കൃഷി ചെയ്യുവാനായ് ആദ്യമായ് അംഗങ്ങൾക്ക് വിതരണം ചെയ്തതും ആദ്യസംഭവമായതിനാൽ ഇത് കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കി. 24-1-1118 ൽ അന്നത്തെ കൊച്ചി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ടി. കെ. നായർ കൃഷി സ്ഥലം സന്ദർശിക്കുകയും കൃഷിക്കാ

രുടെ അദ്ധ്വാനത്തെ അഭിനന്ദിക്കുകയും ഇതിന് നേതൃത്വം നൽകിയ സഹകരണ സംഘത്തെ പ്രശംസിക്കുകയും കൊച്ചി സംസ്ഥാനത്തെ ആദ്യത്തെ സഹകരണാടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനമാണിതെന്ന് സന്ദർശക പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1951 ഓടു കൂടി പുതുവയ്പ് മേഖലയിൽ കുടിയേറ്റം ആരംഭിച്ചുവെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ? ഇന്നത്തെ 7, 8 വാർഡുകളും 10-ാം വാർഡിൻെറ കുറെ ഭാഗത്തും ഇത്തരം കുടിയേറ്റം മൂലം എത്തിച്ചേർന്നവരാണ്. ഇവർക്ക് പട്ടയം നൽകാൻ ബഹുജന സംഘടനകൾ സമ്മർദ്ദങ്ങൾ നടത്തിക്കൊണ്ടിരുന്നു. ശ്രീ. കെ. കെ. എസ്. മണിയുടെ നേതൃത്വത്തിൽ 25 പേർ ചേർന്ന് 30 ഏക്കർ സ്ഥലം മാലിപ്പുറം ഭാഗത്തു കയ്യടക്കി കാർഷിക വികസന സംഘടനയുണ്ടാക്കി. ഇവരെ ഒഴിപ്പിക്കുവാൻ നടത്തിയ ശ്രമം പരാജയപ്പെട്ടു. 1968-ൽ കര ഭൂമിയെങ്കിൽ 50 സെൻറും ചെളി സ്ഥലമാണെങ്കിൽ ഒരു ഏക്കർ എന്ന കണക്കിലും കുടിയേറ്റക്കാർക്ക് പതിച്ചു കൊടുക്കാൻ സർക്കാർ തീരുമാനിച്ചു. അങ്ങിനെ പഞ്ചായത്തിലെ 7.8 എന്നീ വാർഡുകളിൽ മുഴുവനായും 10-ാം വാർഡിൽ ഭാഗികമായും വൈപ്പിൻകരയുടെ ഇതര ഭാഗങ്ങളിൽ നിന്നും സമീപപ്രദേശങ്ങളിൽ നിന്നും കുടിയേറ്റം നടത്തിയവർക്ക് പട്ടയം ലഭിച്ചു. ഇതേത്തുടർന്ന് കാർഷിക വികസന സംഘടനയ്ക്കും പട്ടയം ലഭിച്ചു.

## വിദ്യാഭ്യാസ രംഗം

ആദ്യകാലങ്ങളിൽ നിലത്തെഴുത്തു പഠിപ്പിച്ചാണ് വിദ്യാഭ്യാസം നടത്തിയിരുന്നത്. ഇവരെ ആശാന്മാർ എന്നു വിളിച്ചിരുന്നു. വീടുകളിൽ കുട്ടികളെ വരുത്തി മണലിൽ അക്ഷരങ്ങൾ എഴുതിപ്പിച്ചും പഠിപ്പിച്ചു വന്നിരുന്നു.

ക്രിസ്ത്യൻ സഭയുടേയും മിഷനറിമാരുടേയും സേവനം വിദ്യാഭ്യാസ കാര്യത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. ചെറിയ ചാപ്പലുകളിൽ (കുരിശു പള്ളികൾ) അതാതു പ്രദേശത്തെ കുട്ടികളെ ജാതി വ്യത്യാസമില്ലാതെ വിളിച്ചു വരുത്തി വിദ്യാഭ്യാസം നൽകിയിരുന്നു. പ്രസ്തുത സ്ഥാപനങ്ങളെ സ്കൂൾ എന്നും കുടിപ്പള്ളിക്കൂടമെന്നും വിളിച്ചിരുന്നു. ഇവിടെ പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ഉണ്ടായിരുന്നു. അടിസ്ഥാന വിദ്യാഭ്യാസം തുടങ്ങിയ കാലത്ത് 1868-ൽ എല്ലാ ഇടവകകളിലും സ്ഥലകാല സാഹചര്യങ്ങൾ അനുസരിച്ച് ഒന്നൊ രണ്ടോ സ്കൂളുകൾ അനുവദിക്കുന്നതിനു വികാരിമാരെ ചുമതലപ്പെടുത്തിക്കൊണ്ടു വരാപ്പുഴ മെത്രാപ്പോലീത്തയായ ഡോ. ബർണ്ണഡീൻ ഒരു ഇടയലേഖനം അയക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ മുരുക്കുംപാടത്തു 1871-ൽ കുരിശിങ്കൽ പള്ളിയുടെ കീഴിൽ സെൻറ് മേരീസ് എൽ. പി. സ്കൂൾ സ്ഥാപിച്ചു. പിന്നിട് 1872-ൽ നവമ്പർ 7-ാം തീയതി ഡോ. ലെയനാർഡ് മെത്രാപ്പോലീത്തയും ഒരു ഇടയലേഖനം വഴി പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നതിനുള്ള സൗകര്യം എല്ലാ ഇടവകകളിലും ഉണ്ടാക്കിച്ചു. അതുപ്രകാരം കറുത്തേടം സെൻറ് ജോർജ്ജ് പള്ളിയുടെ കീഴിൽ 1875 ൽ മാലിപ്പുറത്ത് സെൻറ് പീറ്റേഴ്സ് എൽ. പി. സ്കൂൾ സ്ഥാപിതമായി. 1896 ൽ കർത്തേടം ഭാഗത്ത് പെൺകുട്ടികൾക്കുവേണ്ടി സേക്രഡ് ഹാർട്ട് സ്കൂളും സ്ഥാപിതമായി. ഓച്ചന്തുരുത്തിൽ സുകൃത സംരക്ഷണ സഭവക സ്കൂൾ 1907 ൽ സ്ഥാപിച്ചു. 1911-ൽ എളങ്കുന്നപ്പുഴ ഭാഗത്തു പനക്കപ്പാടം സെൻറ് ജോസഫ് സ്കൂളും സ്ഥാപിച്ചതുവഴി പ്രാദേശികമായി ജനങ്ങൾക്ക് പഠിക്കുവാനുള്ള സൗകര്യവും ലഭിച്ചു. 1915 സർക്കാർ ഉടമയിൽ ആദ്യ വിദ്യാലയം എളങ്കുന്നപ്പുഴ ക്ഷേത്രത്തിൻെറ പടിഞ്ഞാറു ഭാഗത്തു സ്ഥാപിച്ചു. ഇവിടെ ഇംഗ്ലീഷ് ഭാഷാ പഠനവും ഏർപ്പെടുത്തി. തുടർന്നു പെൺകുട്ടികൾക്കുള്ള സർക്കാർ വിദ്യാലയം എളങ്കുന്നപ്പുഴയിൽ കിഴക്കേ നടയിൽ സ്ഥാപിച്ചു. ഈ സ്കൂളുകളിൽ പട്ടികജാതി / വർഗ്ഗ വിദ്യാർത്ഥികൾക്ക് ഏറ്റവും പിന്നിലായി പ്രത്യേക ഇരിപ്പടമാണ് കൊടുത്തിരുന്നത്. തുടർന്ന് പ്രസ്തുത സ്കൂൾ അപ്പർ പ്രൈമറിയായി ഉയർത്തുകയും 1949 ൽ ഹൈസ്കൂളാക്കുകയും ചെയ്തു. ഇപ്പോൾ ഈ സ്ഥാപനം ഹയർ സെക്കണ്ടറി സ്കൂളാണ്.

പഞ്ചായത്തിൽ ഇപ്പോൾ അനുഭവപ്പെടുന്നത് കാർഷിക രംഗത്തുള്ള മുരടിപ്പാണ്. വളരെ ചെറിയ ഒരു പ്രദേശത്തു മാത്രമേ നെൽകൃഷിയുള്ളു. അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് കൃഷിപ്പണിയെ മാത്രം ആശ്രയിച്ചു മുന്നോട്ടുപോകാൻ കഴിയാത്തതുകൊണ്ട് അവർ മറ്റു പണികളിൽ ഏർപ്പെട്ടുപോകുന്നതുകൊണ്ടു സമയാസമയങ്ങളിൽ കൃഷിയിറക്കാനും കൊയ്തെടുക്കുവാനും ആളെക്കിട്ടുന്നില്ല. തന്മൂലം കൃഷിക്കാർ ഇടം തിരിഞ്ഞു നിൽക്കുന്നു. വർഷക്കാലത്തു മാത്രമേ നെൽകൃഷിയുണ്ടാവുകയുള്ളൂ. അധികവും നാളികേര കൃഷിയാണ്. കേര വൃക്ഷങ്ങളാകട്ടെ വ്യാപകമായ കാറ്റു വീഴ്ചയും വേരു ചീയലും നിമിത്തം നശിച്ചുകൊണ്ടുമിരിക്കുന്നു. പണ്ടത്തെ വിളവിലും പകുതിപോലും ഇപ്പോൾ കിട്ടുന്നില്ല. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുകയെന്ന പ്രതിവിധി മാത്രമേ തൽക്കാലം ലഭിക്കുന്നുള്ളൂ. ഏതു സമയത്തും ഉപ്പു വെള്ളത്തിൻെറ ശല്യം ഉള്ളതുകൊണ്ട് പച്ചക്കറി കൃഷികളും മഴക്കാലത്തു മാത്രമേ നടക്കുകയുള്ളൂ. പച്ചക്കറി കൃഷിക്കനുയോജ്യമായ ധാരാളം സ്ഥലങ്ങൾ ഉണ്ട്. അതെല്ലാം ചുള്ളിയും ഉപ്പുത്തച്ചെടിയും മറ്റും പിടിച്ചു കിടക്കുന്നു. എല്ലാ ഭൂമികൾക്കും കൈവശക്കാരുണ്ട്. വെട്ടിത്തെളിയിച്ചു കൃഷി ചെയ്യുവാൻ

അവർ തയ്യാല്ല. കൂലിച്ചെലവും അതിൽ നിന്നുമുള്ള വരുമാനവുമായി തട്ടിക്കിഴിക്കുമ്പോൾ നഷ്ടമായിരിക്കും. ഇതുകാരണമാണ് സ്ഥലമെല്ലാം വെറുതെയിട്ടിരിക്കുന്നത്. വേനൽക്കാലത്തും മഴക്കാലത്തും ഇവിടെ മൽസ്യകൃഷി സാദ്ധ്യമാണ്. അതിന്നും അൽപ്പം പ്രയത്നം ആവശ്യമാണ്. അതിനും സ്ഥലമുടമകൾ മുതിരുന്നില്ല. അവരെ അതിലേക്കു പ്രേരിപ്പിക്കുന്നതിനു പുറമെ നിന്നുള്ള ഒരിടപെടൽ ആവശ്യമാണ്.

കേരളത്തിലെ പ്രധാനപ്പെട്ട ആധുനിക യന്ത്രവൽകൃത മൽസ്യബന്ധനവും വ്യവസായവും വികസിച്ചു വന്നിട്ടുള്ള പ്രദേശമാണ് വൈപ്പിൻ മുതൽ ഓച്ചംതുരുത്തു വരെ. ഉദ്ദേശം 700 യന്ത്രികൃത ബോട്ടുകൾ ഈ ഭാഗത്തു സ്ഥിരമായി അടുപ്പിച്ചു അവയിൽ ഭൂരിഭാഗവും വിപണനം നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നൂറുകണക്കിന് കുടുംബങ്ങൾ ജീവിച്ചുപോരുന്നു. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനം നടക്കുന്നത് ഈ മേഖലയിലാണ്.

കൃഷി കൊണ്ടു മാത്രം (നെല്ലായാലും നാളികേരമായാലും) ഉപജീവനം കഴിക്കുന്നവർ കുറവാണ്. എറണാകുളം മുതലായ സ്ഥലങ്ങളിലെ കെട്ടിടം പണിയുമായി ബന്ധപ്പെട്ട് വളരെയധികം പേർ ഈ പഞ്ചായത്തിൽ നിന്നും പോകുന്നുണ്ട്. കെട്ടിടം പണിയും ഒരു സ്ഥിരം പരിപാടിയല്ല. അതൊക്കെ തീരുന്ന മുറയ്ക്ക് പഞ്ചായത്തിൽ കാര്യമായ തൊഴിലില്ലായ്മ അനുഭവപ്പെടും. മെച്ചപ്പെട്ട സാമ്പത്തിക നിലയുള്ളവർ വളരെ കുറവാണ്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും ശരാശരി നിലവാരമേയുള്ളൂ. ഇതിൽ നിന്നും കാര്യമായ മാറ്റങ്ങൾ പഞ്ചായത്തിലുണ്ടാവേണ്ടതുണ്ട്. തൊഴിലെടുക്കുവാൻ സന്നദ്ധതയുള്ളവർ (ധാരാളം സ്ത്രീകളും പഞ്ചായത്തിലുണ്ട്).

## ഭൂപ്രകൃതി

പഞ്ചായത്തിലെ ഭൂമി മുഴുവൻ കടൽ വച്ചതാണ്. തെക്കുപടിഞ്ഞാറു കിടക്കുന്ന 7-ാം വാർഡിൽ ഇപ്പോഴും കരവച്ചുകൊണ്ടിരിക്കുന്നു. വൻ കരയ്ക്കു തന്നെ 655 വർഷത്തെ പഴക്കമെയുള്ളു. തീരസമതലങ്ങളും ചതുപ്പു ഭൂമിയും മാത്രമേ പഞ്ചായത്തിലുള്ളൂ. പടിഞ്ഞാറുവശം കടൽ തെക്കുവശം അഴിമുഖം കിഴക്കുവശം കൊച്ചിക്കായൽ എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്നു. പഞ്ചായത്തിൽ കടലിൽ നിന്നും നേരെ വെള്ളം കയറുന്ന ഒരു പൊഴിയും പഞ്ചായത്തിൻെറ ഏതാണ്ട് നടുഭാഗത്തുകൂടി കടന്ന വടക്ക് മാലിപ്പുറം ബന്ദർ കനാൽ വരെ നീണ്ടുകിടക്കുന്നു. ഈ പൊഴിയിൽ വന്നുവീഴുന്ന ചെറുതോടുകളും ധാരാളമുണ്ട്. ഈ തോടുകളുടെ സമുച്ചയത്തെ ഒരു നീർമറി (Water shed) പ്രദേശമായി പരിഗണിച്ചുവരുന്നു. പഞ്ചായത്തിൻെറ ഏകദേശം മദ്ധ്യഭാഗത്ത് കൂടി വൈപ്പിൻ പള്ളിപ്പുറം റോഡു കടന്നുപോകുന്നു. പടിഞ്ഞാറു വശമുള്ള കടലോര വാർഡുകളിൽ നിന്നും (7, 8, 9, 10, 11 വാർഡുകൾ) ഈ റോഡിലെത്തുവാൻ അഞ്ചു റോഡുകൾ കിഴക്കു പടിഞ്ഞാറായി കിടക്കുന്നു. ഈ അഞ്ചു റോഡുകളും ഇനിയും പൂർത്തീകരിക്കാതെ കിടക്കുന്ന തീരദേശ റോഡിൽ നിന്നുമാണ് ആരംഭിക്കുന്നത്. കടലാക്രമണം തടയുന്നതിനുവേണ്ടി നിർമ്മിച്ചിട്ടുള്ള കടൽ ഭിത്തിക്ക് പടിഞ്ഞാറുവശം ഏഴും എട്ടും വാർഡുകളിലായി ധാരാളം ഭൂമി കടൽ വച്ചിട്ടുണ്ട്. ഇതെല്ലാം കൊച്ചിൻപോർട്ട് ട്രസ്റ്റിൻെറ അധീനതയിലാണ്. സ്ഥലത്ത് നിറയെ മൂളിമരം (ക്യാഷു റിനാ) വച്ചു പിടിപ്പിച്ചിരിക്കുന്നു. ആയിരം ഏക്കറിലും കൂടുതൽ വരും ഈ സ്ഥലം. തെക്കെ അറ്റത്ത് പാഴ്ച്ചെടികളും കണ്ടൽ ചെടികളും വളർന്നു കിടക്കുന്നു. തെക്കെ അറ്റത്തു കടൽ ഭിത്തിക്ക് ഇപ്പോൾ വലിയ പ്രസക്തിയില്ലെങ്കിലും വടക്കുവശത്തുള്ള 10-ാം വാർഡിലും 11-ാം വാർഡിലും കടലാക്രമണ ഭീഷണിയുണ്ട്. കടൽ ഭിത്തി കവിഞ്ഞു വെള്ളം കരയിലേക്കടിക്കുന്നു. തീരദേശ റോഡു കടന്നുപോകേണ്ട ഭാഗം കുറെ വരെ കടലാക്രമണ ഭീഷണിയിലാണ്.

പഞ്ചായത്തിൻെറ തെക്കേ അറ്റത്തുള്ള 2-ാം വാർഡും 7-ാം വാർഡും 3-ാം വാർഡും, 8-ാം വാർഡും 9-ാം വാർഡ് എന്നിവയിൽ വളരെ ഭാഗം ചതുപ്പ് നിലങ്ങളാണ്. നേരത്തെ പറഞ്ഞ പൊഴിയുടെ രണ്ടു വശങ്ങളിലായി ഇതു കിടക്കുന്നു. അൽപ്പം സ്ഥലങ്ങളിൽ മാത്രം ചെമ്മീൻ കൃഷി നടക്കുന്നു. ഇവ തന്നെയാണ് വർഷക്കാലത്തു പച്ചക്കറി കൃഷി നടത്തുന്നത്. എന്നാൽ വളരെ വലിയൊരു ഭാഗം ചുള്ളിക്കാടുകളാലും കണ്ടൽ ഉപ്പുത്ത മുതലായ ചെറുമരങ്ങളാലും ആവരണം ചെയ്യപ്പെട്ടുകിടക്കുന്നു. വി. പി. റോഡിന് ടിഴക്ക് ഭാഗത്ത് മാലിപ്പുറം ബന്ധർ കനാലിന് തെക്ക് ഭാഗത്തു നെൽകൃഷി ഇന്ന് പരിപൂർണ്ണമായും ഇല്ലാതായിരിക്കുന്നു. ചതുപ്പും സമതലവുമായ ഈ ഭാഗത്ത് തെങ്ങ് കൃഷിയും ചുരുക്കം ചെമ്മീൻ കൃഷിയുമുണ്ട്. ബന്ദർ കനാലിന് വടക്ക് ഭാഗത്താണ് കുറഞ്ഞ തോതിൽ നെൽകൃഷിയുള്ളത്. ഈ പൊക്കാളി പാടങ്ങളിൽ ചെമ്മീൻ കൃഷിയും നല്ല നിലയിൽ നടത്തിവരുന്നു. സമതല പ്രദേശങ്ങളിൽ തെങ്ങുകൃഷി ചെയ്തുവരുന്നു. കായലുമായ് ബന്ധപ്പെട്ട് ധാരാളം തോടുകൾ ഈ പഞ്ചായത്തിൽ തലങ്ങും വിലങ്ങുമായ് ഉണ്ട്.

## മണ്ണിൻെറ ഘടന

കടൽ തീരത്തു മണലും അൽപ്പം കിഴക്കോട്ടു മാറി എക്കൽ മണ്ണും, പിന്നീട് പച്ചിലകലർന്ന മണ്ണുള്ള ഒരു ബൽട്ടും പിന്നീടു മുഴുവൻ ചളിയുമാണ് മണ്ണിൻെറ ഘടന. വടക്കൻ വാർഡുകളിൽ മാത്രമേ നെൽകൃഷിയുള്ളു. ഏതാണ്ട് 88 ഹെക്റ്റർ വരും. മഴക്കാലത്തു മാത്രമേ നെൽകൃഷി നടക്കുകയുള്ളു. ചളി സ്ഥ

ലമൊഴിച്ചു ബാക്കി എല്ലായിടത്തും നാളികേരം വളരുന്നു. ഏതാണ്ട് 607 ഹെക്ടർ വരും. ഈ രണ്ടു കൃഷിക്കുമായി ഉപയോഗിക്കുന്ന അത്രയും സ്ഥലത്തു ചുള്ളിക്കാടുകളുമാണ്. മീൻ വളർത്തിനും പച്ചക്കറി കൃഷിക്കും അനുയോജ്യമായ സ്ഥലമാണ്. വൃശ്ചിക വേലിയിലും മഴക്കാലത്തും മിക്കവാറും കടലോര വാർഡുകൾ വെള്ളത്തിൽ മുങ്ങിക്കിടക്കും. ഭൂമി പൊതുവിൽ കീഴോട്ടു ഇരിക്കുകയും ചെയ്യുന്നു. വെള്ളക്കെട്ട് ആ പ്രക്രിയയെ തൊരിതപ്പെടുത്തുകയും ചെയ്യുന്നു.

## ജലവിഭവം

കൃഷിക്ക് പറ്റിയ ജല വിഭവങ്ങൾ ഒന്നും പഞ്ചായത്തിലില്ല. സർവ്വത്ര ജലമാണെങ്കിലും അത് ഉപ്പുകലർന്നതാകയാൽ കൃഷിക്ക് മഴയെ തന്നെ ആശ്രയിക്കണം. ധാരാളം കുളങ്ങളും കിണറുകളും പഞ്ചായത്തിലുണ്ടെങ്കിലും ഇവയിലെ ജലം കൃഷിക്കു ഉപയുക്തമല്ല. പുരയിടങ്ങളിൽപോലും വേനൽക്കാലത്ത് മണ്ണിലൂടെ ഓര് മുകളിലേക്കുവരും. മുകളിൽ വെള്ളം ഒഴിച്ചു കൊടുത്താലും പ്രയോജനമില്ല. ശുദ്ധജലം കിട്ടുന്ന ചില ബൽട്ടുകൾ ഉണ്ടെങ്കിലും കൃഷിക്ക് ഉപയോഗിക്കാൻ പറ്റുന്നത്ര സമൃദ്ധമല്ല ആ ജലം. മഴയെ മാത്രം ആശ്രയിക്കുന്നതുകൊണ്ട് പഞ്ചായത്തിൻെറ സാമ്പത്തിക വളർച്ച മുരടിപ്പുകൂടിക്കൂടിവരികയാണ്.

## ജൈവവിഭവങ്ങൾ

അൽപ്പം നെൽകൃഷിയും നാളികേരവുമാണ് പ്രധാന വിളകൾ. മാവ് കൗങ്ങ് മുതലായവ മിക്കവാറും കിഴക്കൻ വാർഡുകളിലുണ്ട്. പടർപ്പുകൾ ഒന്നും ഇല്ല. ഔഷധ സസ്യങ്ങളും എടുത്തു പറയത്തക്കതായി ഒന്നുമില്ല. കളകളുടെ വിഭാഗത്തിൽ ചുള്ളിക്കാടുകളെപ്പെടുത്താം. അതു ധാരാളമുണ്ട്. പ്രത്യേകമായ പക്ഷിവർഗ്ഗങ്ങൾ ഒന്നും തന്നെയില്ല.

## കാലാവസ്ഥ

വലിയ ചൂടും വലിയ തണുപ്പുമില്ലാത്ത കാലാവസ്ഥ. ജൂൺ ആദ്യം മുതൽ സെപ്റ്റംബർ പകുതി വരെ കാലവർഷവും തുടർന്നു ഒക്ടോബർ മാസം വരെ തുലാവർഷവും കിട്ടുന്നു. ഭേതപ്പെട്ട മഴ, കാലവർഷക്കാലത്തുമാത്രം കാറ്റ് അനുഭവപ്പെടുന്നു. ഈ കാലത്തു കടലാക്രമണം ഉണ്ടാവുന്നു. ജാനുവരി മുതൽ ജൂൺ വരെ വേനൽക്കാലമാണ്. ഋതുഭേതങ്ങൾ മഴക്കാലവും വേനലുമൊഴികെ മറ്റൊന്നും വേർതിരിച്ചറിയാത്തതാണല്ലോ കേരള തീരപ്രദേശം, വേനൽക്കാലത്തു കുളങ്ങളും കിണറുകളും തീരെ വറ്റിപ്പോകാറില്ല.

## മനുഷ്യവിഭവ ശേഷി

മൊത്തം ജനസംഖ്യ ഏതാണ്ട് 51179 വരും.

പുരുഷന്മാർ : 24995
സ്ത്രീകൾ : 26202

## തൊഴിൽ മേഖല

കൃഷിക്കാർ
കർഷകത്തൊഴിലാളികൾ
മൽസ്യബന്ധനം
മൃഗപരിപാലകർ
കുടിൽ വ്യവസായം
കുടിലേതര വ്യവസായം
കെട്ടിടം റോഡു പണി
വാണിജ്യം
വാർത്താ വിനിമയം
മറ്റു സേവനങ്ങൾ

## പരിസ്ഥിതി അവലോകനം

വനങ്ങൾ ഇല്ലാത്തതുകൊണ്ടു നശീകരണവുമില്ല.

വെള്ളക്കെട്ടു ധാരാളമായി അനുഭവപ്പെടുന്നു. വേലിയേറ്റത്തിൽ തീരദേശം മുഴുവനും മുങ്ങാറുണ്ട്. കടൽ അടിച്ചു കയറുമ്പോൾ കടൽ ഭിത്തി ചോർന്നു വെള്ളം കയറും, കാലവർഷക്കാലത്തു കടലാക്രമണ ഭീഷണിയും ഉണ്ട്. വയലുകൾ നികത്തിയെടുക്കുന്നതു പതിവല്ല. മലിനീകരണം പഞ്ചായത്തിൽ വളരെയുണ്ട്. ഭൂരിപക്ഷം വിടുകൾക്ക് നല്ലതരം കക്കൂസുകൾ ഇല്ല. കുറച്ചുപേർക്ക് റിംഗ് താഴ്ത്തിയ കക്കൂസുകൾ ഉണ്ട്. വെള്ളപ്പൊക്കമുള്ള സ്ഥലത്ത് ഇത്തരം കക്കൂസുകൾ പ്രായോഗികമല്ല. തോടുകളിൽ അടുത്തടുത്തു മറപിടിച്ചുള്ള കക്കൂസുകളാണധികവും. ആ തോടുകളിൽ വെള്ളക്കെട്ടുവരുമ്പോൾ മലിനീകരണം രൂക്ഷമാകുന്നു.

പുല്ലിൻേറയോ സസ്യങ്ങളുടെയോ ആവരണമില്ലാത്ത സ്ഥലങ്ങളിൽ മണ്ണൊലിപ്പുണ്ട്.

വരൾച്ച കാര്യമായി അനുഭവപ്പെടാറില്ല. കുടിവെള്ളത്തിനു കുളവും കിണറും ഉപയോഗിക്കുന്നവർ കുറവാണ്. പൈപ്പിലൂടെ വരുന്ന വെള്ളമാണ് കുടിക്കുന്നത്. അതിന് ക്ഷാമം വേനലിലും വർഷക്കാലത്തും ഒരുപോലെ തന്നെ. കൃഷിയ്ക്കു വെള്ളം ലഭ്യമല്ല.

ജാനുവരി മാസം ആരംഭിക്കുന്നതോടെ ഈ പഞ്ചായത്തിൽ കൊതുകിൻെറ ശല്യം രൂക്ഷമാകാറുണ്ട്. ചുള്ളിക്കാടുകളിലെ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ നിന്നും ഉണ്ടാകുന്ന കൊതുകുകളുടെ ശല്യം ലോകശ്രദ്ധ തന്നെ ആകർഷിച്ച ഒരു കാര്യമായിരുന്നു. ചുള്ളിക്കാടുകൾ നശിപ്പിക്കുന്നതോടെ ഈ കൊതുകു ശല്യം ഒഴിഞ്ഞുപോകുന്നതാണ്.

# ശ്രീസുബ്രഹ്മണ്യ ക്ഷേത്രം ഒരല്പം ചരിത്രം

എളങ്കുന്നപ്പുഴ ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ 1996 ഏപ്രിൽ 25 ന് (12-9-1171) നടത്തിയ ധ്വജപ്രതിഷ്ഠയോടനുബന്ധിച്ച് ഇറക്കിയ ലഘുഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു.

എഴുന്നൂറ്റി എൺപതിലധികം വർഷങ്ങൾക്ക് മുമ്പാണത്. എളങ്കുന്നപ്പുഴയിൽ നിന്ന് കഷ്ടിച്ച് ഒരു മൈൽ തെക്കുകിഴക്കായി ഇന്ന് കാണപ്പെടുന്ന ഒരു ചെറിയ ദ്വീപ്. ആ തുരുത്തിൻെറ വടക്കേ പകുതി 'പനമ്പുകാട്' എന്നും, തെക്കേ പകുതി 'വല്ലാർപാട'മെന്നും ഇന്ന് വിളിക്കപ്പെടുന്നു. വടക്കേ ഭാഗം അക്കാലത്ത് അമ, ഈറ്റ മുതലായവ പടർന്നുപിടിച്ച് കാടായി കിടന്നിരുന്നു. അയൽപ്രദേശങ്ങളിൽ നിന്ന് പുലയരും മറ്റും വഞ്ചി വഴി വന്ന് അമയും ഈറ്റയും അറുത്തു, പനമ്പ്, മുറം മുതലായവയുണ്ടാക്കിയിരുന്നു. തന്മൂലം ആ പ്രദേശത്തിന് പനമ്പുകാടെന്ന് പേരായിത്തീർന്നു. ഒരു ദിവസം അമ മുറിച്ചുകൊണ്ടിരിക്കേ ഒരു പുലയിയുടെ അരിവാളിന് മൂർച്ചയില്ലാതായി ചുറ്റും നടന്നു നോക്കുന്നതിനിടയിൽ അമക്കാട്ടിൽ തങ്ങിത്തടഞ്ഞു കിടന്നിരുന്ന ഒരു കരിങ്കല്ലു കണ്ടെത്തി. അതിൻെറ ഒരു ഭാഗത്ത് അരിവാൾ തേച്ചു. പെട്ടെന്ന് കല്ലിൽ നിന്ന് രക്തമൊലിക്കുന്നതുകണ്ട് ആ സ്ത്രീ ഭയപ്പെട്ടു. എന്തോ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ബോധമറ്റുവീണു. അൽപ്പം അകലെ നിന്നിരുന്ന ഭർത്താവ് പരിഭ്രമിച്ചുകൊണ്ട്, അടുത്തെവിടെയോ അമയറുത്തുകൊണ്ടിരുന്ന മകനെ പേരെടുത്തുവിളിച്ചു- "കണ്ടങ്കോരാ!" എന്ന്. എന്നാൽ, ആദ്യം വിളികേട്ടത് ആ കരിങ്കൽ വിഗ്രഹമായിരുന്നു. കൂട്ടത്തിലൊന്നു പറഞ്ഞുകൊള്ളട്ടെ- ഇന്നും "എളങ്കുന്നപ്പുഴ കണ്ടങ്കോരൻ" എന്ന് ഈ ഭഗവാന് ഒരോമനപ്പേരുണ്ട്. പലരും ആ പേരുപയോഗിച്ചുപോരുന്നുമുണ്ട്. അത് ഈ വിളികേൾക്കലിൻെറ സ്മാരകമായിട്ടാണ്.

വർത്തമാനം അതിവേഗത്തിൽ അയൽപ്രദേശങ്ങളിൽ പരന്നു. അൽപ്പസമയത്തിനകം ചുറ്റുപാടുമുള്ള ദേശവാഴികളും, മാടമ്പികളും, പ്രമാണികളുമടക്കം ഒരു വലിയ ജനക്കൂട്ടം അവിടെ എത്തിക്കൂടി. അപ്പോഴേക്കും പുലയ സ്ത്രീക്ക് ആവേശമുണ്ടായി. നാട്ടുകാർ തിരക്കി 'അവിടുന്ന് ആരാണ്? ഇവിടെ വന്നുചേർന്നതെങ്ങിനെ?' ആവേശത്തിൽ നിൽക്കുന്ന സ്ത്രീ പറഞ്ഞു. 'ഞാൻ വാസ്തവത്തിൽ ആ പുലയൻ പറഞ്ഞ ആൾ തന്നെ. 'കണ്ഠൻകുമാരൻ' അതുകൊണ്ടാണ് കണ്ടങ്കോരാ! എന്ന് വിളിച്ചപ്പോൾ വിളികേട്ടത്. ഞാൻ പോന്നിട്ടുള്ളത് 'തിരിച്ചെന്തൂരിൽ നിന്നാണ്. അവിടെ ഈ വിഗ്രഹത്തിൽ എന്നെ പ്രതിഷ്ഠിച്ചിരുന്നത് 'സനൽകുമാര മഹർഷി'യാണ്. ബിംബത്തിന് അൽപ്പം കേടുപാടു കണ്ടതിനാൽ അവർ വേറെ ബിംബം പ്രതിഷ്ഠിച്ച് കലശം നടത്തി. പക്ഷേ, സനൽകുമാരനാൽ ബിംബത്തിൽ സ്ഥാപിക്കപ്പെട്ട ചൈതന്യത്തിൻെറ ഒരംശം മാത്രമേ ആ കർമ്മികൾക്ക് ആകർഷിക്കുവാൻ കഴിഞ്ഞുള്ളൂ. പൂർണമായി ആവാഹിച്ചെടുപ്പാൻ അവർക്കെന്നല്ല ഭൂമിയിൽ കർമ്മികൾക്കാർക്കും സാദ്ധ്യമല്ല. ഈ വിഗ്രഹത്തെ അവർ സമുദ്രത്തിലിട്ടു. ചൈതന്യം അവശേഷിക്കുന്നതിനാൽ അടിത്തട്ടിലേക്ക് താഴ്ന്നില്ല. ഇടയ്ക്കൊന്ന് പറഞ്ഞുകൊള്ളട്ടെ- അവിടെ ക്ഷേത്രത്തിൻെറ കിഴക്കേ മതിൽ കെട്ടിയിരിക്കുന്നത് കടൽവക്കിലുള്ള പാറ തുരന്ന് അസ്ഥിവാരമാക്കിക്കൊണ്ടാണ്. ആ പാറയിൽ കിഴക്കേക്കടൽ- ബംഗാൾ ഉൾക്കടൽ സദാപി അലയടിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ വിഗ്രഹം കടലിലെറിയുക അവർക്ക് വളരെ എളുപ്പമായ ഒരു കാര്യമായിരുന്നു. പുലയി തുടർന്നു: 'വിഗ്രഹത്തിലിരുന്ന ഞാൻ ക്രമേണ കടലിൽക്കൂടി നീങ്ങിത്തുടങ്ങി. തെക്കേ മുനമ്പ്- കന്യാകുമാരി വളഞ്ഞ് ഇ കൊച്ചി അഴിമുഖത്തിൽക്കൂടി ഏറ്റം നോക്കി കിഴക്കോട്ട് കയറിയതാണ്. ഒഴുക്കിൽ ഇതാ ഈ അമക്കാട്ടിലെത്തി തങ്ങിക്കിടക്കുകയാണ്?'

ആശ്ചര്യഭക്തികളിൽ ആമഗ്നരായ നാട്ടുകാർ വിനയപുരസരം ചോദിച്ചു- 'അടിയങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യാം. ഇവിടെ എവിടെയെങ്കിലും ഇരുന്നരുളിക്കൊണ്ട് ഞങ്ങളെ അനുഗ്രഹിപ്പാൻ തിരുവുള്ളമുണ്ടാകുമോ?' കണ്ഠൻകുമാരൻ കൽപ്പിച്ചു: 'വിരോധമില്ല, പക്ഷേ, ഒരു കാര്യം- ഞാനിവിടെ നിന്നുകൊണ്ട് അഞ്ച് അമ്പുകളയയ്ക്കാം. അവ ചെന്ന് പതിക്കുന്ന അഞ്ച് ദേശങ്ങളും, ഈ വിഗ്രഹം വന്നുകിടന്ന അര ദേശമായ പനമ്പുകാടും എനിക്കായിട്ടു വിട്ടുതരണം. എവിടെനിന്നു ശരം വലിച്ചെടുക്കാൻ വിഷമം കാണുന്നുവോ അവിടെ എന്നെ പ്രതിഷ്ഠിക്കുകയും വേണം'. ബന്ധപ്പെട്ടവർ അൽപ നിമിഷങ്ങൾക്കകം കൂടിയാലോചിച്ചു സമ്മതമറിയിച്ചു. പുലയ സ്ത്രീ ഒരു നീണ്ട അമക്കോലെടുത്ത് കാട്ടുവള്ളി കൊണ്ട് ഞാൺ കെട്ടി വേറെ അഞ്ചമക്കോലെടുത്ത് കാട്ടുവള്ളികൊണ്ട് ഞാൺ കെട്ടി വേറെ അഞ്ചമക്കോലുകൾ ഓരോന്നായി തൊടുത്തെയ്തുവിട്ടു. നെടുങ്ങാട്, മഞ്ഞനക്കാട്, പുക്കാട്, എളങ്കുന്നപ്പുഴ, ഓച്ചന്തുരുത്ത് എന്ന അഞ്ച് ദേശങ്ങളിലായി അവ ചെന്നു പതിച്ചു. മുൻ പറഞ്ഞ പനമ്പുകാടുൾപ്പെടെ അഞ്ചരദേശങ്ങളും ഈ ദേവസ്വമുണ്ടായ കാലം മുതൽ ഇന്നേവരെ ഈ ദേവസ്വത്തിൻേറതാണെന്നുള്ള വസ്തുത ഈ സംഭവത്തിനുള്ള തെളിവുകളിലൊന്നാണ്.

എളങ്കുന്നപ്പുഴയിൽ പങ്ങായിൽ നായരുടെ നാലുകെട്ടും പുരയുടെ നടുമുറ്റത്ത് ചെന്നുവീണ അമ്പാണ് ഊരിയെടുക്കാൻ വിഷമമായി കണ്ടത്. അവിടെ ഒരു ചിക്കുപായിൽ നെല്ലുണക്കാനിട്ടിരുന്നതിൻെറ നടുവിലാണ് എന്നുകൂടി പറയപ്പെടുന്നു. അതെങ്ങിനെയായാലും ആ ശരം കുത്തിനിന്നിരുന്ന സ്ഥലത്താണ് ഇപ്പോൾ ബിംബം സ്ഥിതി ചെയ്യുന്നത്. സാധാരണപോലെ ഏതെങ്കിലും ശിൽപ്പിയോ, മറ്റ് മനുഷ്യരോ അല്ല- പ്രത്യുത ഭഗവാൻ തന്നെയാണ് ഈ പ്രതിഷ്ഠയുടേയും ക്ഷേത്രത്തിൻേറയും സ്ഥാനനിർണയം ചെയ്തിട്ടുള്ളതെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

# പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം
3. മൽസ്യബന്ധനം

## അവലംബം

സെറ്റിൽമെൻറ് രജിസ്ടർ

ഗ്രാമസഭാ റിപ്പോർട്ടുകൾ

പഠനപര്യടനം

നാട്ടറിവുകൾ

# കൃഷിയും ജലസേചവും

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം പുരാതന കാലം മുതലേ തെങ്ങുകൃഷിക്കാണ് പ്രാധാന്യമുണ്ടായിരുന്നത്. കൊച്ചി കായലിൽ നിന്നും ആരംഭിക്കുന്ന മാലിപ്പുറം ബന്തർ കനാൽ ഉൾപ്പെടെയുള്ള നിരവധി തോടുകളുമായി ബന്ധപ്പെട്ട് നെൽകൃഷിയിടങ്ങൾ ഉണ്ടായിരുന്നു. ഓച്ചന്തുരുത്തിന്റെ കിഴക്കുവശത്തും, എളങ്കുന്നപ്പുഴ കർത്തേടം മാലിപ്പുറം പടിഞ്ഞാറു വശത്തുമായി 450 ഏക്കറിലധികം സ്ഥലത്ത് കൃഷി ചെയ്തു പോന്നിരുന്നു. പുരയിടങ്ങളിലും പറമ്പുകളിലുമായി പച്ചക്കറി കൃഷിയും, മറ്റു ഫലവൃക്ഷങ്ങളും ധാരാളമായുണ്ടായിരുന്നു.

പുതുവൈപ്പ് പ്രദേശം രൂപം കൊണ്ടതിനുശേഷം, ഈ പ്രദേശത്തിന്റെ മദ്ധ്യത്തിലൂടെ, കൊച്ചി അഴിമുഖത്തുനിന്നും ആരംഭിച്ച് മാലിപ്പുറം ബീച്ച് റോഡുവരെയുള്ള പുതുവൈപ്പ് പൊഴിലിന്റെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്ന വിശാലമായ ചതുപ്പു പ്രദേശങ്ങളിൽ നെൽകൃഷിയും, വിപുലമായ പച്ചക്കറി കൃഷിയും നടത്തിയിരുന്നു. ചതുപ്പു പ്രദേശം തോടും, ചിറകളുമായി രൂപപ്പെടുത്തി തോട്ടിൽ മൽസ്യകൃഷിയും, ചിറകളിൽ നെല്ലും പച്ചക്കറിയുമാണ് നടത്തിയിരുന്നത്. 20 വർഷം മുമ്പുവരെ ഈ സ്ഥിതി തുടർന്നുപോന്നിരുന്നു.

മാലിപ്പുറം പടിഞ്ഞാറുഭാഗത്ത് ചതുപ്പു പ്രദേശത്ത് നെൽകൃഷിക്കുവേണ്ടി 40 വർഷം മുമ്പ് മാലിപ്പുറം ബന്തർ കനാൽ വടക്കോട്ട് ആഴവും വീതിയും കൂട്ടി വികസിപ്പിച്ചെടുത്തു. പുതുവൈപ്പ് പൊഴിലിന്റെ ഇരുവശങ്ങളിലുമുള്ള ചതുപ്പു പ്രദേശം കൃഷിയോഗ്യമാക്കുവാൻ മുരിക്കുംപാടം ബീച്ച് റോഡിലും വളപ്പ് ബീച്ച് റോഡിലും ചെറുകിട ജലസേചന വകുപ്പ് രണ്ട് സ്ളൂയിസുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ റൂറൽ മാൻ പവർ പ്രോജക്ട് (ആർ. എം. പി.) പ്രകാരം ഈ പൊഴി ആഴം വർദ്ധിപ്പിക്കുകയും കമ്പനി പീടിക ആർ. എം. പി. തോടുവഴി കായലുമായും, മാലിപ്പുറം ആർ. എം. പി. തോടുവഴി ബന്തർ കനാലുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

## കനാലുകൾ, തോടുകൾ

| | നീളം | |
|---|---|---|
| 1. പുതുവൈപ്പ് പൊഴിൽ | 6 കി. മീ. | |
| 2. മാലിപ്പുറം ബന്തർ കനാൽ | 3.5 | ,, |
| 3. കമ്പനിപ്പീടിക ആർ. എം. പി. കനാൽ | 1.5 കി. മീ. | |
| 4. മാലിപ്പുറം ആർ. എം. പി. കനാൽ | 1.0 | ,, |
| 5. ചാപ്പ തോട് | 1.0 | ,, |
| 6. വേലൻ തോട് | 1.500 | ,, |
| 7. എളങ്കുന്നപ്പുഴ നടതോട് | 0.500 | ,, |
| 8. കട്ടച്ചാൽ | 0.400 | ,, |
| 9. പൂപ്പാടി തോട് | 0.800 | ,, |
| 10. പുതുവൈപ്പ് വെസ്റ്റ് കോസ്റ്റ് കനാൽ | 1.750 | ,, |
| 11. പുതുവൈപ്പ് പള്ളിത്തോട് | 2.000 | ,, |
| 12. പുളിക്കാപ്പുള്ളിത്തോട് | 0.800 | ,, |

## പൊക്കാളിപ്പാടങ്ങൾ, ചെമ്മീൻ കെട്ടുകൾ

| | | |
|---|---|---|
| 1. ഭൂദാഹം കർഷക സംഘം | 30 ഏക്കർ | |
| 2. എളങ്കുന്നപ്പുഴ കർഷക സംഘം | 35 | ,, |
| 3. സങ്കേതം കൃഷി സമാജം | 35 | ,, |
| 4. നോർത്ത് പുതുവൈപ്പ് സമിതി | 16 | ,, |
| 5. അഖില വൈപ്പിൻ മൽസ്യത്തൊഴിലാളി യൂണിയൻ | 54 | ,, |
| 6. തെക്കെ പല്ലമ്പിള്ളി കൃഷി സമാജം | 39 | ,, |
| 7. കട്ടച്ചാൽ കൃഷി സമാജം | 41 | ,, |
| 8. കുറിച്ചിപ്പാടം കൃഷി സമാജം | 50 | ,, |
| 9. മുട്ടുപുഴ കൃഷിസമാജം | 39 | ,, |
| 10. വടക്കേ പലമ്പിള്ളി കൃഷി സമാജം | 15 | ,, |

മേൽ പ്രസ്താവിച്ചവ കൂടാതെ നിരവധി സ്വകാര്യ തോടുകളും ചെറുതടാകങ്ങളും ചെറുകിട കൃഷിയിടങ്ങളുമുണ്ട്.

മഴയെ ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തിപ്പോന്നിരുന്നത്. മറ്റു ജലസേചന മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്ത് അതിർത്തിയിൽ 2215 കിണറുകളും 815 കുളങ്ങളും 1102 ബോർവെല്ലും നിലവിലുണ്ട്.

കാലക്രമത്തിൽ പഞ്ചായത്തിലെ എല്ലാ മേഖലയിലും കൃഷി ക്ഷയിച്ചു വരികയാണ്. ഉല്പാദനക്ഷമത വളരെ കുറഞ്ഞു. ഉദ്ദേശം 1 ലക്ഷം തെങ്ങുകളാണുള്ളത്. വേരു ചീയൽ, കാറ്റുവീഴ്ച എന്നീ രോഗങ്ങൾ വ്യാപകമായി. വെള്ളക്കെട്ടും വലിയ പ്രശ്നമായിത്തീർന്നു.

പുതുവൈപ്പ് മേഖലയിലും കായൽ തീരങ്ങളിലും തോടുവക്കിലും, വെള്ളക്കെട്ടും മണ്ണൊലിപ്പും മൂലം വളരെ തെങ്ങുകൾ നശിച്ചുപോയി.

നെൽക്കൃഷിയിലും വലിയ കുറവുവന്നിട്ടുണ്ട്. 6 മാസം മാത്രം മൽസ്യകൃഷി നടത്തിയിരുന്ന പൊക്കാളിപ്പാടങ്ങൾ, വർഷം മുഴുവൻ ചെമ്മീൻ കെട്ടുകളാക്കി തീർക്കുന്ന പ്രവണത ശക്തിപ്രാപിച്ചുവരുന്നു. 200 ഏക്കറിൽ താഴെ സ്ഥലത്തുമാത്രമാണ് ഇപ്പോൾ നെൽകൃഷിയുള്ളത്. പുതുവൈപ്പ് പൊഴിലിൻെറ ഇരുവശങ്ങളിലുമുള്ള ചതുപ്പ് പ്രദേശത്ത് ഉണ്ടായിരുന്ന നെൽകൃഷി പൂർണ്ണമായും പച്ചക്കറി കൃഷിയിൽ സിംഹഭാഗവും നിലച്ചു കഴിഞ്ഞു.

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിൽ വലിയ കുറവുവന്നു. പലപ്പോഴും കൃഷി പണിക്ക് ആളെ കിട്ടാത്ത സ്ഥിതിയുമുണ്ട്. നെല്ല് കൊയ്ത് എടുക്കുന്നതിന് സ്ത്രീകളെ ലഭിക്കാതെ വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കർഷക തൊഴിലാളികൾക്ക് നിശ്ചിത കൂലിയേക്കാളും കൂടുതൽ ലഭിക്കുന്നുണ്ടെങ്കിലും മറ്റു മേഖലയെക്കാളും താരതമ്യേന കുറവുള്ള സ്ഥിതിയാണുള്ളത്.

പഞ്ചായത്തിലുള്ള കനാലുകളും തോടുകളും സംരക്ഷിച്ച് നിലനിർത്തുവാൻ കഴിയാതെ പോയതും അവയ്ക്ക് ആഴം കുറഞ്ഞ് ജലനിർഗമനത്തിന് തടസ്സം നേരിട്ടതും പലഭാഗങ്ങളും നികത്തിയതും, സ്വകാര്യ തോടുകൾ നികത്തിയതോ അടച്ചുകെട്ടുകയോ ചെയ്തതുമെല്ലാം പഞ്ചായത്തിലെ പലഭാഗത്തും വെള്ളക്കെട്ട് സൃഷ്ടിച്ചുവെന്നുമാത്രമല്ല കൃഷിയെ വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. പുതുവൈപ്പ് പ്രദേശവും ചതുപ്പുമെല്ലാം സ്ഥിരമായി വെള്ളക്കെട്ട് പ്രദേശങ്ങളായിത്തീർന്നു. (ഈ സ്ഥിതി വിശേഷം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും കൊതുകു പെരുകി പൊതുജനാരോഗ്യത്തിനും മൽസ്യകൃഷിക്കും ദോഷമായിത്തീരുകയും ചെയ്തിട്ടുണ്ട്.)

പുതുവൈപ്പ് പൊഴിലിനു കുറുകെ റോഡുണ്ടാക്കുവാൻ പാലത്തിനു പകരം കുഴൽ കൽവർട്ട് നിർമ്മിച്ചതും, മുരുക്കുംപാടം സ്ളൂയിസ് കം ബ്രിഡ്ജിൻെറ അടിത്തട്ട് ഉയർന്നു നിൽക്കുന്നതും പൊഴിലിൻെറ ആരംഭത്തിൽ ഇപ്പോൾ അനാവശ്യമായിത്തീർന്നിട്ടുള്ള പുലിമുട്ടുകൾ ഒഴുക്കിനെത്തടയുന്നതും ഈ പൊഴിലിൻെറ ആഴം കുറക്കുവാൻ കാരണമായിത്തീർന്നു. കൊച്ചി തുറമുഖം ഡ്രഡ്ജു ചെയ്തെടുക്കുന്ന ചെളി കടലിൽ ദൂരെ കൊണ്ടുപോയിക്കളയാതെ തീരത്തോടു ചേർന്നു നിക്ഷേപിക്കുന്നതുമൂലം ചെളിയും മണ്ണും പൊഴിലിൽ, അടഞ്ഞ് അടിഞ്ഞ് (പ്രത്യേകിച്ചു ആരംഭത്തിൽ) ആഴം കുറഞ്ഞുകൊണ്ടിരിക്കുന്നു. പൊഴിലിൻെറ വശങ്ങൾ ബോധപൂർവ്വം നികത്തുകയും ചെയ്യുന്നുണ്ട്. മാലിപ്പുറം ബന്തർ കനാലിൻെറ ആരംഭത്തിലുള്ള മുട്ടുപുഴ കെട്ടി ഒതുക്കിയത് ആ കനാലിനും ഭീഷണിയായിത്തീർന്നു.

പുതുവൈപ്പ് പൊഴിലിൻെറ വികസനത്തിന് മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ വഴി നടപ്പിലാക്കേണ്ട ഏതാനും പണികൾക്ക് സംസ്ഥാന സർക്കാരിൻെറ ബജറ്റിൽ അംഗീകാരം നൽകിയിട്ടുണ്ട്.

1. പുതുവൈപ്പ് മേഖലയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക.
2. പുതുവൈപ്പ് കനാലിൽ നാവിഗേഷൻ സൗകര്യം ഏർപ്പെടുത്തുക.
3. എളങ്കുന്നപ്പുഴ പഞ്ചായത്തിലെ കൊതുകുശല്യനിവാരണം നടപ്പിലാക്കുക.

പ്രസ്തുത പദ്ധതികൾക്ക് 43 ലക്ഷം രൂപ വീതം ചെലവു പ്രതീക്ഷിക്കുന്നു. ഇവയിൽ ആദ്യത്തെ പണിയുടെ ഭാഗമായി പൊഴിലിലെ കുഴൽ കൽവർട്ടുമാറ്റി സ്ളൂയിസ് കം ബ്രിഡ്ജു പണിയുന്നതിന് എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

1991-92 മുതൽ പഞ്ചായത്തിലെ 1 മുതൽ 10 വരെയുള്ള വാർഡുകളിൽ വൈപ്പിൻ മുതൽ മാലിപ്പുറം ബന്തർ കനാൽ വരെ (പുതുവൈപ്പ് ഉൾപ്പെടെ) വാട്ടർ ഷെഡ് പദ്ധതി നടപ്പിലാക്കി പോരുന്നു. അതുപ്രകാരം 4 ലക്ഷം രൂപയോളം ചെലവഴിച്ച് ആ പ്രദേശത്തുള്ള ചില തോടുകൾ ആഴം കൂട്ടി ജലനിർഗമനം സാദ്ധ്യമാക്കുന്നതിനുള്ള പണികൾ നടക്കുന്നുണ്ട്. എന്നാൽ ഇതു തീരെ അപര്യാപ്തമായതിനാൽ സോയിൽ കൺസർവ്വേഷൻ വകുപ്പ്, പുതുവൈപ്പ് പൊഴിലിൻെറയും അനുബന്ധത്തോടുകളുടെയും വികസനത്തിന് 2 (രണ്ട്) കോടി രൂപയുടെ ഒരു പ്രൊജക്ട് തയ്യാറാക്കി വാട്ടർ ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിൻെറ അനുമതിക്കായി അയച്ചിട്ടുള്ളതാകുന്നു.

## പ്രശ്നങ്ങൾ

1. തോടുകളും കനാലുകളും ആഴം കുറഞ്ഞ് ജലനിർഗമനത്തിന് തടസ്സം നേരിട്ടതും തീരം ഇടിഞ്ഞ് മണ്ണൊലിപ്പ് നേരിടുന്നതും.
2. പുതുവൈപ്പ് പൊഴിലിൽ കുഴൽ കൽവർട്ട് സ്ഥാപിച്ചതും അനാവശ്യമായ പുലിമുട്ടുകളും, ഡ്രഡ്ജിംഗ് മെറ്റീരിയൽ തീരത്തോടടുപ്പിച്ച് നിക്ഷേപിക്കുന്നതും.
3. പുതുവൈപ്പ് ചതുപ്പ് തരിശായിക്കിടക്കുന്നതും

വെള്ളക്കെട്ടും ഓരുജലഭീഷണിയും.

4. കമ്പനിപ്പീടിക ആർ. എം. പി. കനാലിൽ വീതികുറഞ്ഞ പൈപ്പ് കൽവർട്ട് സ്ഥിതി ചെയ്യുന്നത്.
5. തെങ്ങിൻെറയും മറ്റുകൃഷികളുടെയും രോഗം.
6. ഉചിതമായ സമയത്ത് നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമല്ലാത്തത്.
7. ഉല്പാദനക്ഷമത കുറഞ്ഞുവരുന്നത്.
8. കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നത്.
9. ജലസേചന സൗകര്യമില്ലാത്തത്.
10. ആവശ്യാനുസരണം ജൈവവളവും രാസവളവും ലഭ്യമല്ലാത്തത്.
11. മലിന വസ്തുക്കൾ തോടുകളിൽ നിക്ഷേപിക്കുന്നത്.

## സാദ്ധ്യതകൾ

1. ഈ പഞ്ചായത്തിലെ തോടുകളും കനാലും ഇരുവശവും കരിങ്കല്ല് ഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്. ഈ കാര്യത്തിൽ കൃഷി സമാജങ്ങളുടെയും ചെമ്മീൻ കെട്ടുടമകളുടെയും സഹകരണം ആവശ്യമാണ്. കാലാകാലങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ ഇവയുടെ ആഴം കൂട്ടിനില നിർത്തേണ്ടതാകുന്നു.
2. പുതുവൈപ്പ് പൊഴിൽ ആഴം കൂട്ടി അത്യാവശ്യ സ്ഥലങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കേണ്ടതുമാണ്. ഈ തോടിൻെറ ചില ഭാഗങ്ങൾ നികത്തപ്പെട്ടിട്ടുള്ളത് പൂർവ്വ സ്ഥിതിയിലാക്കണം. ഈ കാര്യങ്ങൾക്കായി സംസ്ഥാന സർക്കാരിൻെറ ബജറ്റിൽ അംഗീകരിച്ചിട്ടുള്ള "പുതുവൈപ്പ് പ്രദേശത്ത് ജലസേചനം ഏർപ്പെടുത്തുക" എന്ന പണി അടിയന്തിരമായി നടപ്പിലാക്കണം. ആദ്യഘട്ടമെന്ന നിലയിൽ കുഴൽ കൽവർട്ടിൻെറ സ്ഥാനത്ത് സ്ളൂയിസ് കംബ്രിഡ്ജ് നിർമ്മാണത്തിന് തയ്യാറാക്കിയിട്ടുള്ള 16.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ അടിയന്തരമായി ഭരണാനുമതി നൽകി നടപ്പിലാക്കണം. കൂടാതെ പൊഴിലിൻെറ ആരംഭത്തിലെ പുലിമുട്ടുകൾ (ഉദ്ദേശം 50 മീറ്റർ) നീക്കം ചെയ്യണം. മുരുക്കുംപാടം ബീച്ച് റോഡിലെ പഴയ സ്ലൂയിസ് പൊഴിലിൻെറ ആരംഭത്തിൽ പണിയുകയും വേണം. തന്മൂലം കടൽ വെള്ളകയറ്റം നിയന്ത്രിച്ച് വെള്ളക്കെട്ട് ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. ഡ്രഡ്ജിംഗ് മെറ്റീരിയൽ പുറം കടലിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നത് കൊച്ചിയിൽ പോർട്ട് ട്രസ്റ്റ് ഉറപ്പുവരുത്തണം. കൂടാതെ മാലിപ്പുറം ബന്തർ കനാലിൻെറ ആരംഭം ഇനിയും ഒതുക്കിക്കെട്ടാതെ പ്രസ്തുത കനാലിനെയും സംരക്ഷിച്ചു നിലനിർത്തണം. ബന്തർകനാലും പുതുവൈപ്പ് പൊഴിലും തമ്മിൽ ബന്ധിക്കുകയും വേണം.
3. കമ്പനിപ്പീടിക ആർ. എം. പി. കനാലിൽ വി. പി. റോഡിലുള്ള പൈപ്പു കൽവർട്ടുമാറ്റി, വലിയ ബോക്സു കൽവർട്ടു നിർമ്മിക്കേണ്ടതാണ്. ഇപ്പോൾ ഈ കൽവർട്ടു തകർന്നിട്ടുള്ളതിനാൽ ഈ പണി പി. ഡബ്ല്യു. ഡി. നടപ്പിലാക്കേണ്ടതാകുന്നു.
4. കൂടാതെ തോടുകളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കൽവർട്ടുകളെല്ലാം മുൻഗണനാ ക്രമത്തിൽ നീക്കം ചെയ്ത് വലിയ സ്ലാബുകൽവർട്ടുകളാക്കി തീർക്കണം.
5. തെങ്ങിന് മരുന്നു തളിസമയ ബന്ധിതമായി നടപ്പിലാക്കണം. ഈ കാര്യത്തിൽ ഉടമകൾക്ക് സബ്സിഡി നൽകേണ്ടതാണ്. കൂടാതെ എലി നശീകരണവും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. കേടുവന്നതും ഫലം കുറഞ്ഞതുമായ തെങ്ങുകൾ ഘട്ടം ഘട്ടമായി വെട്ടിമാറ്റുവാൻ സഹായം നൽകി, ഈ പ്രദേശത്തിനു യോജിച്ച തെങ്ങിൻ തൈകൾ (അത്യുൽപാദന ശേഷിയുള്ളവയുൾപ്പെടെ) വിതരണം ചെയ്യേണ്ടതാകുന്നു. തെങ്ങിൻെറ ഇടവിളയായി കൃഷി ചെയ്യുന്നതിന് കവുങ്ങ്, കുരുമുളക്, ജാതി, ഗ്രാമ്പൂ, പ്ലാവ്, വാഴി തൈകൾ വിലകുറച്ചു നൽകി പ്രോൽസാഹിപ്പിക്കേണ്ടതാണ്.
6. പച്ചക്കറി കൃഷിക്ക് വൻ സാധ്യതയുള്ള പഞ്ചായത്താണ്. പുതുവൈപ്പ് ചതുപ്പു പ്രദേശം പഴയതുപോലെ പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. ഭൂ ഉടമകൾക്കും കൈവശക്കാർക്കും ഇതിനു പ്രോൽസാഹനം നൽകണം. പഞ്ചായത്തിലെ എല്ലാ പുരയിടങ്ങളിലും പച്ചക്കറി കൃഷി നിർബന്ധമായും നടപ്പിലാക്കണം. ഇതിനുവേണ്ട അനുയോജ്യമായ വിത്തുകൾ ഉചിതമായ സമയത്ത് സൗജന്യമായി വിതരണം ചെയ്യണം. വിത്തുകൾ കഴിയുന്നതും പ്രാദേശികമായി ഉല്പാദിക്കുകയും വേണം. ഇവയുടെ ജലസേചനത്തിന് ചെറുഭൂഉടമകൾക്ക് പമ്പുസെറ്റുകൾ സബ്സിഡി നിരക്കിൽ നൽകണം. ഇത് ജനകീയ പദ്ധതിയായി വളർത്തിയെടുക്കണം. ഇതുമൂലം പഞ്ചായത്തിൻെറ ആവശ്യം വലിയൊരളവുവരെ നിറവേറ്റാവുന്നതാണ്.
7. സ്വകാര്യ തോടുകൾ വെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ അവബോധം ഉയർത്തിക്കൊണ്ടുവരണം. അതേപോലെ തന്നെ കുളങ്ങളും കിണറുകളും സംരക്ഷിക്കേണ്ടതാകുന്നു. എളങ്കുന്നപ്പുഴ ക്ഷേത്രത്തിനു സമീപമുള്ള വലിയകുളം വികസിപ്പിക്കേണ്ടതാണ്. തോടുകളെ നിലനിർത്തി മാത്രമേ ഭൂഗർഭജല സ്രോതസ്സും നിലനിർത്തുവാൻ സാധിക്കുകയുള്ളൂ.
8. എല്ലാ കൃഷിക്കും സബ്സിഡി നിരക്കിൽ ജൈവവളം, ജീവാണുവളം, കുമ്മായം, രാസവളം എന്നിവ നൽകുകയും കമ്പോസ്റ്റ് വളം നിർമ്മാണത്തിന്

പ്രോൽസാഹനം നൽകുകയും വേണം.

9. പൊക്കാളിപ്പാടങ്ങൾ പൂർണ്ണമായും മൽസ്യകൃഷി യിടങ്ങളാക്കി മാറ്റുന്ന പ്രവണതക്കെതിരെ ബോധ വൽക്കരണം ആവശ്യമാണ്. കൂടാതെ, ഈ പ്രവ ണത കർശനമായി തടയേണ്ടതാകുന്നു. ഈ രംഗ ത്ത് ഗ്രൂപ്പ് ഫാമിംഗ് ശക്തമാക്കണം. പൊക്കാളി പ്പാടത്തിനനുയോജ്യമായ മെതിയന്ത്രം വികസിപ്പി ച്ചെടുക്കണം.

10. പഞ്ചായത്തിൽ പുഷ്പകൃഷി വികസിപ്പിക്കുവാൻ കഴിയുന്നതാണ്. കുറ്റിമുല്ലയും, ആന്തൂറിയവും, ഓർക്കിഡ് മുതലായവയും പരമാവധി വ്യാപകമാ ക്കുവാൻ ശ്രമിക്കേണ്ടതാണ്. ഇപ്പോൾ അന്യമായി ക്കൊണ്ടിരിക്കുന്ന ഔഷധച്ചെടികൾ ഓരോ പുര യിടത്തിലും വെച്ചുപിടിപ്പിക്കുവാൻ കഴിയണം. വേലിപത്തലുകളായി ശീമക്കൊന്നയും വെച്ചുപി ടിപ്പിക്കാവുന്നതാണ്.

11. പഞ്ചായത്തിൽ കൃഷിഭവനുവേണ്ടി ലഭിച്ചിട്ടുള്ള സ്ഥലത്ത് കൃഷിഭവൻ സ്ഥാപിക്കാവുന്നതാണ്.

ഇപ്പോൾ പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടി രിക്കുന്ന ദേശീയ വാട്ടർ ഷെഡ് പദ്ധതിയുടെ കാലാവധി വർദ്ധിപ്പിക്കുകയും 11 മുതൽ 15 വരെ യുള്ള വാർഡുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ പദ്ധതിയിൽ പെടുത്തി നടപ്പിലാക്കുന്നതിനുള്ള 2 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കേണ്ടതുമാണ്.

12. പൂപ്പാടി തോട്, പുളിക്കാപ്പിള്ളി തോട്, വേലൻതോ ട്, ഓച്ചന്തുരുത്ത് ജെട്ടി തോട്, ഇടതോട് എന്നിവ യിൽ സ്ലൂയിസ് കം ബ്രിഡ്ജ് നിർമ്മിച്ച് വേലിയേറ്റം നിയന്ത്രിച്ച് കൃഷി സംരക്ഷിക്കുക.

# മൃഗസംരക്ഷണം

കാലി വളർത്തൽ വ്യവസായ അടിസ്ഥാനത്തില ല്ലെങ്കിലും ഒരു കുടുംബത്തൊഴിലായി സ്വീകരിച്ചിട്ടു ള്ള 600 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 260 വീടുകളിൽ 810 ആടുകളെ വളർത്തുന്നുണ്ട്. 330 വീടുകളിലായി 1175 പശുക്കളേയും, എങ്കിലും പഞ്ചായത്തിലെ പാലിന്റെ ആവശ്യകത മൂന്നിലൊ ന്നേ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ എന്നു കാണാം. 3 സ്വകാര്യ ക്ഷീര വിപണന കേന്ദ്രം പ്രവർത്തി ക്കുന്നുണ്ട്.

പന്നിവളർത്തൽ ഉപതൊഴിലായി സ്വീകരിച്ചിട്ടു ള്ള പത്തു വീട്ടുകാരെങ്കിലും ഉണ്ട്. പന്നികളെ വളർ ത്തി പുറംസ്ഥലത്തേക്ക് വില്പന നടത്താറാണ് പതി വ്. ആഘോഷ അവസരങ്ങളിൽ പന്നിയിറച്ചി പഞ്ചായ ത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വില്പന നടത്താറു ണ്ട്. എങ്കിലും വ്യവസായാടിസ്ഥാനത്തിൽ പന്നി വളർ ത്തൽ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല എന്നു കാണാം.

മിക്കവാറും വീടുകളിൽ മുട്ടക്കോഴി വളർത്തൽ ഉള്ളതായി കാണുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച് പതിനായിരത്തോളം താറാവുകളെ വിവിധ വാർഡുകളിലായി വളർത്തുന്നതായി കാണാം. നല്ലയിനം താറാവുകളെ ബോധപൂർവ്വമായ പരിചരണത്തിൽ വളർത്തുന്നതായി കാണുന്നില്ല.

ഇറച്ചിക്കോഴി വില്പന യൂണിറ്റുകൾ മിക്കവാ റും വാർഡുകളിലുമുണ്ട്. ലാഭകരമല്ലാതെ നിറു ത്തുന്ന യൂണിറ്റുകളും പുതുതായി വരുന്ന യൂണിറ്റുക ളും ഉണ്ട്. ഇറച്ചിക്കോഴി വളർത്തലും സംഘടിതവും ശാസ്ത്രീയവുമല്ലെന്നു കാണുന്നു.

ഇറച്ചിയുടെയും പാലിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് കാലിവളർത്തലും കോഴി ആടുവളർ ത്തലുകളും പര്യാപ്തമല്ല. പാല് പുറത്തുനിന്നും വിവിധ ഏജൻസികൾ മുഖേന വന്നാണ് പഞ്ചായത്തി ലെ ആവശ്യം നിറവേറ്റുന്നത്.

## പ്രശ്നങ്ങൾ

1. ക്ഷീരോല്പാദക സൊസൈറ്റികൾ ഇല്ലാത്തതു കൊണ്ട് കാലിത്തീറ്റയുടെയും മറ്റു സഹായങ്ങളു ടെയും അഭാവം, വിപണന സൗകര്യം ഇല്ലായ്മ.
2. തീറ്റപ്പുൽ അടക്കം എല്ലാം വിലകൊടുത്തു വാങ്ങേണ്ടിവരുന്നതുകൊണ്ട് കാലി വളർത്തൽ ലാഭകരമല്ല.
3. കോഴി, ആട് കുഞ്ഞുങ്ങൾ ലഭിക്കുന്നത് ഗുണമേ ന്മയില്ലാത്തതായതുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണം കിട്ടുന്നില്ല.
4. മൃഗാശുപത്രിയുടെ സേവനം പര്യാപ്തമല്ല.
5. ഓരുജലത്തിൽ വളർത്താൻ പറ്റുന്ന താറാവു ജനുസുകൾ ലഭ്യമല്ല.

## സാധ്യതകൾ

1. ക്ഷീര ഉൽപാദക സൊസൈറ്റി.
2. തീറ്റപ്പുൽ കൃഷി വികസനം.
3. മൽസ്യമേഖലയിൽ നിന്നുള്ള പാഴ് വസ്തുക്കൾ ഉപയോഗിച്ച് കാലി കോഴി തീറ്റ ഉല്പാദന സാധ്യത.
4. ആടുവളർത്തൽ സഹകരണ സംഘം.
5. മൃഗാശുപത്രിയുടെ സമയം പുനർനിർണയം.
6. ശാസ്ത്രീയ താറാവുവളർത്തൽ.
7. മുട്ടകോഴി വളർത്തൽ അയൽ കൂട്ട യൂണിറ്റ്.
8. സഹകരണാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർ ത്തൽ സാധ്യത.
9. നല്ലയിനം പശുക്കളുടെ വിതരണം.

# മൽസ്യബന്ധനം

അറബിക്കടലിനും കൊച്ചി കായലിനും മദ്ധ്യേ കൊച്ചി തുറമുഖത്തിൻെറ വടക്കുഭാഗത്തായി ഒരു മുനമ്പുപോലെ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൻെറ ഭൂമി ശാസ്ത്രപരമായ പ്രത്യേകത മൽസ്യബന്ധനത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേക മൽസ്യബന്ധനത്തിനും മൽസ്യവ്യവസായത്തിനും അനന്തമായ സാധ്യതകൾ സൃഷ്ടിച്ചിട്ടുണ്ട്. ഏഴു കിലോമീറ്റർ കടൽത്തിരവും അത്രയും തന്നെ കായൽത്തീരവും പഞ്ചായത്തിനുണ്ട്. കൂടാതെ കൊച്ചി അഴിമുഖത്തുനിന്നും ആരംഭിക്കുന്ന പുതുവൈപ്പ് പൊഴിയിൽ കായലിൽ നിന്നും ആരംഭിക്കുന്ന മാലിപ്പുറം ബന്തർ കനാൽ ഇവയുമായി ബന്ധപ്പെട്ടുകിടക്കുന്ന നിരവധി തോടുകളും ചെറുതടാകങ്ങളും ഉണ്ട്. അതിലുമുപരിയായി കടലിൽ നിന്നും കായലിൽ നിന്നും ഈ തോടുകളിലൂടെ എത്തുന്ന ചെമ്മീൻ കുഞ്ഞുങ്ങളെക്കയറ്റി ചെമ്മീൻ കൃഷി നടത്തുന്ന അനേകം ചെമ്മീൻ കെട്ടുകളായും പൊക്കാളി കൃഷിപ്പാടങ്ങളാലും അനുഗ്രഹിതമാണ് പഞ്ചായത്ത്. ഇത്തരം മൽസ്യക്കൃഷിയിടങ്ങൾ താഴെ പറയുന്നവയാണ്.

## തോടുകളും കനാലുകളും

| | നീളം |
|---|---|
| 1. പുതുവൈപ്പ് പൊഴിൽ | 6 കി. മീ. |
| 2. മാലിപ്പുറം ബന്തർ കനാൽ | 3.5 ,, |
| 3. കമ്പനി പീടിക ആർ. എം. പി. കനാൽ | 1.5 ,, |
| 4. മാലിപ്പുറം ആർ. എം. പി. കനാൽ | 1.0 ,, |
| 5. ചാപ്പത്തോട് | 1.0 ,, |
| 6. വേനൽതോട് | 1.5 ,, |
| 7. എളങ്കുന്നപ്പുഴ നടതോട് | 0.500 ,, |
| 8. കട്ടച്ചാൽ0.700 ,, | |
| 9. പൂപ്പാടി തോട് | 0.800 ,, |
| 10. പുതുവൈപ്പ് വെസ്റ്റ് 'കോസ്റ്റ് കനാൽ | 1.750 ,, |
| 11. പുതുവൈപ്പ് പള്ളിത്തോട് | 2.000 ,, |
| 12. പുളിക്കാപ്പിള്ളിത്തോട് | 0.800 ,, |

## ചെമ്മീൻ കെട്ടുകൾ – പൊക്കാളിപാടങ്ങൾ

| | ഏക്കർ |
|---|---|
| 1. അഖില വൈപ്പിൻ മൽസ്യത്തൊഴിലാളി യൂണിയൻ | 54 |
| 2. ഭൂദാന കർഷക സംഘം | 30 |
| 3. എളങ്കുന്നപ്പുഴ കർഷക സംഘം | 35 |
| 4. സങ്കേതം കൃഷി സമാജം | 35 |
| 5. നോർത്തു പുതുവൈപ്പ് സമിതി | 16 |
| 6. തെക്കേപ്പെല്ലമ്പിള്ളി കൃഷി സമാജം | 39 |
| 7. കട്ടച്ചാൽ കൃഷി സമാജം | 41 |
| 8. കുറിച്ചിപ്പാടം കൃഷിസമാജം | 50 |
| 9. മുട്ടപ്പുഴ കൃഷി സമാജം | 39 |
| 10. വടക്കെ പല്ലംപിള്ളി കൃഷി സമാജം | 15 |

ഇവ കൂടാതെ ചെറിയ കൃഷിയിടങ്ങളും നിരവധിയുണ്ട്. ഉദ്ദേശം 450 ഏക്കറിൽ കൂടുതൽ സ്ഥലത്തുനിന്നും പ്രതിവർഷം 100 ലക്ഷം രൂപക്കുള്ള മൽസ്യ ഉല്പാദനം നടക്കുന്നതായി കണക്കാക്കാം.

മൽസ്യം ആധുനിക രീതിയിൽ സംസ്ക്കരിച്ചു കയറ്റി അയക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നതിന് മുമ്പ് ചെമ്മീൻ പുഴുങ്ങി ഉണക്കി അതിൻെറ കാമ്പ് (പരിപ്പ്) എടുത്ത് റങ്കൂൺ മുതലായ സ്ഥലങ്ങളിലേക്ക് അയച്ചിരുന്നു. ചെറിയ ചെമ്മീനിനു മാത്രമേ വിപണിയുണ്ടായിരുന്നുള്ളു. മീൻ ഇവിടെ തന്നെ വിറ്റഴിച്ചുമിരുന്നു. ചെമ്മീൻ കെട്ടുകൾ കാലവർഷം ആരംഭിക്കുന്നതോടെ നെൽകൃഷിക്കായി ഉപയോഗിക്കും. വേനൽക്കാലങ്ങളിൽ ചെമ്മീൻ കൃഷിയും നടത്തിയിരുന്നു. ഇവിടത്തെ ഒരു പൂകൃഷിയായ പൊക്കാളിക്ക് വളപ്രയോഗം ഉണ്ടായിരുന്നില്ല. ചെമ്മീൻ കൃഷിക്കു കൊടുക്കുമ്പോൾ കിട്ടുന്ന ചമ്പാദായവും കൃഷിയിലെ നെല്ലും കൊണ്ടു കൃഷികൾ ലാഭകരമായി നടത്താമായിരുന്നു. ഇന്നാ നില മാറിയിരിക്കുന്നു.

മേൽപ്പറഞ്ഞ ജലവിഭാഗങ്ങൾ ഉള്ളതുകൊണ്ട് പഞ്ചായത്തു നിവാസികളിൽ വലിയൊരു വിഭാഗം പരമ്പരാഗതമായി മൽസ്യബന്ധനം ഉപജീവന മാർഗ്ഗമായി ഉപയോഗിച്ചു പോന്നിരുന്നു. കടൽ – കായൽ തീരങ്ങളിൽ ധീവരന്മാരാണ് പരമ്പരാഗതമായി മൽസ്യബന്ധനം നടത്തി പോരുന്നതെങ്കിലും മറ്റുള്ളവരും ഈ തൊഴിൽ ഏർപ്പെട്ടുപോരുന്നു – വിശേഷിച്ചും ആധുനിക മൽസ്യബന്ധന വികസനത്തോടുകൂടി. തെക്കേ പുതുവൈപ്പു മുതൽ എളങ്കുന്നപ്പുഴ വരെയുള്ള കടൽത്തീരം, വൈപ്പിൻ, അഴീക്കൽ, തെക്കന്മാലിപ്പുറം, മാലിപ്പുറം, മൂക്കൻചിറ, കൊടിയന്തറ, എളങ്കുന്നപ്പുഴ, പുക്കാട് എന്നീ പ്രദേശങ്ങളിലായി മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു.

കടലിലെ പരമ്പരാഗത മൽസ്യബന്ധന രീതിക്ക് കാലക്രമത്തിൽ മാറ്റം വന്നു. അതുപോലെ തന്നെ മൽസ്യത്തിന്റെ ലഭ്യതയിലും വലിയ തോതിൽ കുറവുവന്നു. ആദ്യകാലങ്ങളിൽ സ്ത്രീകൾ തലച്ചുമടായി കൊണ്ടുനടന്ന മൽസ്യം വിറ്റിരുന്നെങ്കിൽ ഇപ്പോൾ പുരുഷന്മാരാണ് വിൽപ്പനക്കാർ അധികവും. സൈക്കിളിൽ കൊണ്ടുനടന്നും മൽസ്യം വിറ്റുപോരുന്നു.

ആദ്യകാലത്ത് കൂടുതൽ പേർ വഞ്ചിയിൽ പോയി മൽസ്യം പിടിച്ചു പോന്നിരുന്നു. എന്നാൽ ഇപ്പോൾ രണ്ടുപേർ പോകുന്ന വഞ്ചികളാണ് അധികവും – ഉദ്ദേശം 400 വള്ളങ്ങൾ. അഞ്ചു പേർ പോകുന്ന വഞ്ചികൾ നൂറോളം വരും. ഇവയിൽ ഭൂവിഭാഗവും ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ചവയാണ്. 30 പേർ പണിയെടുക്കുന്ന ഒരു വള്ളം മാത്രമാണുള്ളത്. പഞ്ഞിനൂലുകൾ കൊണ്ടുള്ള വലകളാണ് ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. പിന്നിട് സിൽക്കുനൂലും വളരെ നേർത്ത തങ്കിസ് നൂലുവലകളും ഉപയോഗിക്കുന്നു. അടുത്ത കാലത്തു പ്രചാരത്തിൽ വന്നിട്ടുള്ളത് ഡിസ്കൊ, വൈശാലി വലകളാണ്.

മുമ്പ് സുലഭമായി ലഭിച്ചിരുന്ന ചാള, ഐല എന്നിവ ദുർലഭമായിരിക്കുന്നു. കുറഞ്ഞ തോതിൽ ഇപ്പോൾ ലഭിക്കുന്നത് വേളൂരി, മാന്തൽ, മാലാൻ നെടുമീൻ, കോര എന്നി ഇനങ്ങളാണ്. ചെമ്മീൻ തരങ്ങളുടെ ലഭ്യതയും വളരെ കുറഞ്ഞു.

കായലിലെ പ്രധാന മൽസ്യബന്ധനോപാധി പഴയതുപോലെ ഊന്നിവലകളാണ്. 450 ഓളം ലൈസൻകുള്ള ഊന്നിവലകൾ ഉണ്ട്. കായലിലും കൊച്ചി അഴിമുഖത്തുമായി അനധികൃത ഊന്നിവലകളും ഉണ്ട്. കായലിന്റെ ആഴം കുറഞ്ഞതോടെ ഊന്നിവലകളിൽ ഭൂരിഭാഗവും പ്രയോജനമില്ലാതായി. അഴിമുഖത്തോടു ചേർന്നുള്ള ഊന്നികൾ മാത്രമാണ് അധികമാസവും ഉപയോഗിക്കുന്നത്. മുമ്പു ധാരാളം ഉണ്ടായിരുന്ന ചീനവലകൾ ഇപ്പോൾ വിരലിൽ എണ്ണാവുന്നവയായി കുറഞ്ഞു. തെള്ളിച്ചെമ്മീനും, കൊഴുവ തുടങ്ങിയ മീൻ തരങ്ങളും മുമ്പു കൂടുതലായി കിട്ടിയിരുന്നെങ്കിൽ ഇപ്പോൾ വളരെക്കുറഞ്ഞു. നൈലോൺ തങ്കിശ വല, വീശുവല എന്നിവ ഉപഗോഗിച്ചു മീൻ പിടുത്തം ചില സന്ദർഭങ്ങളിൽ സജീവമായുണ്ട്.

പരമ്പരാഗത മേഖലയിൽ തന്നെയാണ് ഭൂപക്ഷം മൽസ്യത്തൊഴിലാളികളും തൊഴിലെടുക്കുന്നത്. നാലു മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. അഴിക്കൽ, ഓച്ചന്തുരുത്ത്, മാലിപ്പുറം എളങ്കുന്നപ്പുഴ ഗ്രാമസംഘങ്ങൾ. 2670 കുടുംബങ്ങളിൽ നിന്നായി 2764 പേർ ഇവയിൽ അംഗങ്ങളാണ്. ഇവരിൽ 16 കച്ചവടക്കാരും 52 പട്ടികജാതിക്കാരുമുണ്ട്. ഇനിയും കുറെപ്പേർ അംഗങ്ങളായി ചേരേണ്ടവരുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അഴീക്കൽ, എളങ്കുന്നപ്പുഴ മൽസ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘത്തിൽ ഭൂരിപക്ഷം പേരും അംഗങ്ങളാണ്. പ്രാദേശികമായി പ്രവർത്തിക്കുന്ന മറ്റു സംഘങ്ങളുമുണ്ട്. ഇവയെല്ലാം മൽസ്യഫെഡുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഈ സംഘങ്ങളിലുള്ളവരുടെ പ്രവർത്തനം സജീവമായിരുന്നില്ല. പരിമിതമായ തോതിൽ മാത്രമാണ് തൊഴിലാളികൾക്ക് മൽസ്യബന്ധനോപകരണങ്ങൾ (വള്ളം, വല ഔട്ട് ബോർഡ് എഞ്ചിൻ തുടങ്ങിയവ) വാങ്ങുന്നതിന് വായ്പ നൽകിയിട്ടുള്ളത്. ഈ വായ്പകൾ തിരിച്ചടക്കുന്നതിൽ വലിയ വീഴ്ചവരുന്നുമുണ്ട്.

പരമ്പരാഗത മേഖലയിൽ പൊതുവെ പിന്നോട്ടടിയാണുണ്ടായിട്ടുള്ളത്. എന്നാൽ ആധുനിക യന്ത്രീകൃത മൽസ്യബന്ധനവും വ്യവസായവും വളരെയധികം വളർച്ച പ്രാപിച്ച കേന്ദ്രങ്ങളിൽ ഒന്നായിതീർന്നു ഈ പഞ്ചായത്ത്. 1950 കളിൽ ഇന്തോ – നോർവീജിയൻ പ്രോജക്ട് എറണാകുളത്ത് ആരംഭിച്ചതോടെ ആധുനിക മൽസ്യബന്ധന രീതിക്ക് തുടക്കം കുറിച്ചു. ഈ സ്ഥാപനത്തിൽ പരിശീലനം ലഭിച്ച മൽസ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ 25 അടി നീളമുള്ള ബോട്ടുകൾ വിതരണം ചെയ്യപ്പെട്ടു. 1960-കളിൽ മൽസ്യഉല്പാദനം സംഘങ്ങളും മാർക്കറ്റിംഗ് സംഘങ്ങളും രൂപീകൃതമായി. നിർഭാഗ്യവശാൽ പല കാരണങ്ങളാലും ഈ സഹകരണ സംഘങ്ങൾ ഏതാനും വർഷങ്ങൾക്കുള്ളിൽ നിർജീവമായി. തുടർന്നുള്ള വർഷങ്ങളിൽ ആധുനിക മൽസ്യബന്ധന രീതി പുരോഗമിച്ചുവന്നു എങ്കിലും ആ രംഗത്തേക്ക് സജീവമായി കടന്നുവരാനും അതിനനുസരിച്ച് മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരവും ഉയർത്തിക്കൊണ്ടുവരുനാനും കഴിയാതെ പോയി. ഈ മേഖലയിലേക്ക് സ്വകാര്യ വ്യക്തികൾ കടന്നുവന്നു. അതോടൊപ്പം പരമ്പരാഗതമേഖലയും യന്ത്രികൃത മേഖലയും തമ്മിലുള്ള വൈരുദ്ധ്യം മൂർഛിച്ചുവന്നു.

പഞ്ചായത്തു നിവാസികളുടേതായ ബോട്ടുകൾ വളരെക്കുറച്ചു മാത്രമാണുള്ളത്, ഉദ്ദേശം 20 മാത്രം. വൈപ്പിൻകരയിലെ തന്നെ മറ്റു പ്രദേശവാസികളുടെ 50 ഓളം ബോട്ടുകളും ഉണ്ട്. എന്നാൽ 1970 മുതൽ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ നിന്നുള്ളവരുടെ മീൻ പിടുത്ത ബോട്ടുകൾ ഈ പഞ്ചായത്തിൽ വരുവാൻ തുടങ്ങി. ഇന്നു വൈപ്പിൻ മുതൽ ഓച്ചന്തുരുത്തുവരെയുള്ള കായൽ തീരത്ത് കേന്ദ്രീകരിച്ചിരിക്കുന്ന ഗിൽനെറ്റ്, ട്രോൾ നെറ്റ് ബോട്ടുകളിൽ സിംഹഭാഗവും തമിഴ്നാട്ടുകാരുടേതാണ്. കേരളത്തിലെ ഏറ്റവും പ്രധാനമൽസ്യബന്ധന വ്യവസായ മേഖലകളിൽ ഒന്നായി ഈ പഞ്ചായത്തു പ്രദേശം മാറിക്കഴിഞ്ഞു.

30 അടിമുതലൽ 65 അടിവരെയുള്ള ബോട്ടുകൾ കടലിൽപോയി വിവിധ തരത്തിലുള്ള മൽസ്യബന്ധനത്തിൽ ഏർപ്പെടുന്നു. ആണ്ടിൽ ശരാശരി 500 ട്രോൾ നെറ്റുബോട്ടുകളും 200- ഗിൽനെറ്റ് ബോട്ടുകളും ഈ ദ്രശത്തടുപ്പിക്കുന്നു. കൂടാതെ 15 പഴ്സീൻ ബോട്ടുകളും. ഗിൽനെറ്റു, പഴ്സീൻ ബോട്ടുകളുടെ വിപണന കേന്ദ്രം കൊച്ചി ഫിഷറീസ് ഹാർബർ ആണ് ട്രോൾ നെറ്റു ബോട്ടുകളിൽ ഭൂരിഭാഗവും അഴീക്കൽ മുരുക്കുംപാടം പ്രദേശത്തുള്ള സ്വകാര്യ ഫിഷറീസ് ഹാർബറുകളിൽ അടുപ്പിച്ചു വിപണനം നടത്തുന്നു. ഉദ്ദേശം 40 കോടി രൂപയുടെ ചെമ്മീൻ തരങ്ങൾ, കണവ, മൽസ്യ ഇനങ്ങൾ വിപണനം നടത്തുന്നതായി കണക്കാക്കാവുന്നതാണ്. ഇവയെല്ലാം മറ്റു പ്രദേശങ്ങളിലേക്ക് വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നു.

ട്രോൾ നെറ്റ്, ഗിൽനെറ്റ് ബോട്ടുകളിൽ മഹാഭൂരിപക്ഷവും തമിഴ്നാട്ടുകാരുടേതാകയാൽ ഉദ്ദേശം 3000 ത്തോളം തമിഴ്നാട്ടുകാർ ആണ്ടിൽ 10 മാസമെങ്കിലും ഇവിടെ സ്ഥിരമായി താമസിച്ചു തൊഴിലെടുക്കുന്നു. വൈപ്പിൻ മുതൽ ഓച്ചന്തുരുത്തുവരെ 150 ജെട്ടികളിലായി ഈ ബോട്ടുകൾ അടുപ്പിക്കുന്നു. 1979-ൽ കൊച്ചി ഫിഷറീസ് ഹാർബർ സ്ഥാപിതമാകുന്നതുവരെ ഈ ബോട്ടുകളിൽ കൊണ്ടുവരുന്ന ചെമ്മീൻ ഈ ജെട്ടികളോടു ചേർന്നു തുറന്നിരുന്ന ഷെഡുകളിൽ ശേഖരിച്ചു തൊണ്ടു കളഞ്ഞ് (Peeling) സംസ്ക്കരണ ശാലകളിൽ എത്തിക്കുകയാണ് ചെയ്തിരുന്നത്. കൊച്ചി ഫിഷറീസ് ഹാർബർ വന്നതോടെ ഇവിടെ പീലിംഗ് നടത്തുന്നതു ലാഭകരമല്ലാതാവുകയും തുടർന്ന് ആയിരക്കണക്കിന് സ്ത്രീകൾക്ക് തൊഴിൽ നൽകിയിരുന്ന വ്യവസായം പൂർണമായി നിലച്ചുപോവുകയും ചെയ്തു. ഈ സ്ത്രീ തൊഴിലാളികളിൽ ഒരു വിഭാഗം ഇപ്പോൾ അന്ന്യ സ്റ്റേറ്റുകളിലെ ചെമ്മീൻ സംസ്ക്കരണ ശാലകളിൽ വളരെ ബുദ്ധിമുട്ടുനിറഞ്ഞ സാഹചര്യത്തിൽ ജോലി ചെയ്യുന്നു. കായലോരത്ത് ഇപ്പോൾ മുപ്പതോളം ഷെഡുകളിൽ മൽസ്യ ചാപ്പകൾ നടക്കുന്നുണ്ട്. 200 സ്ത്രീ - പുരുഷന്മാർ പണിയെടുക്കുന്ന മൽസ്യചാപ്പകളിൽ ബോട്ടുകളിൽ നിന്നും മൽസ്യം ശേഖരിച്ച് കിറി ഉപ്പുതേച്ച് ഉണക്കി മറ്റു സ്ഥലങ്ങളിൽ കൊണ്ടുപോയി വിൽപ്പന നടത്തുന്നു.

ബോട്ടുകളിൽ നിന്നും മൽസ്യം വാങ്ങി വിൽപ്പന നടത്തിയും ഉണക്കിവിറ്റും ഉപജീവനം നടത്തുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ബോട്ടുകൾ കഴുകുക, കുടിവെള്ളം എത്തിക്കുക, മൽസ്യം കയറ്റിയിറക്ക് നടത്തുക എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും നൂറുകണക്കിനുണ്ട്. ഭക്ഷണശാലകൾ പലചരക്കുകടകൾ ബോട്ടിലെ സ്പെയർ പാർട്ടുകൾ വിൽക്കുന്നകടകൾ, വല, നൂൽവിൽപ്പനശാലകൾ, വർക്ക് ഷോപ്പുകൾ, ബോട്ടു റിപ്പയർ യാർഡുകൾ തുടങ്ങി നൂറുകണക്കിന് അനുബന്ധ സ്ഥാപനങ്ങളും നടന്നുവരുന്നു. ഈ പ്രദേശത്തു പ്രവർത്തിക്കുന്ന 8 ഓയിൽ പമ്പുകൾ വഴി ശരാശരി 1 ലക്ഷം ലിറ്റർ ഡീസൽ പ്രതിദിനം വിറ്റഴിക്കപ്പെടുന്നു. ആറ് ഐസ് ഫാക്ടറികളിലായി 70 ടൺ ഐസ് ഉല്പാദിപ്പിക്കുന്നു.

കയറ്റുമതി നടത്തുന്ന 3 സംസ്ക്കരണ ശാലകൾ (ഫ്രീസിംഗ് പ്ലാൻറ്) ഇവിടെ പ്രവർത്തിച്ചുവരുന്നു - ഐലൻറ് സീ ഫുഡ്സ്, അബാദ് ഫിഷറീസ്, അബാദ് ക്യാപ്പ് ഇവയിൽ അബാദ് 'ക്യാപ്പ്' (CAP) ഏഷ്യയിലെ തന്നെ ഏറ്റവും ആധുനിക സ്ഥാപനങ്ങളിലൊന്നാണ്.

ചുരുക്കത്തിൽ പഞ്ചായത്തിൻെറ സമ്പദ്ഘടനയിൽ യന്ത്രീകൃത മൽസ്യ വ്യവസായത്തിന് പ്രാധാന്യം അദ്വീതയമാണ്. പഞ്ചായത്തിലെ വലിയ വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഈ മേഖല സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഈ മേഖല വികസിച്ചുവന്നതോടെ പരമ്പരാഗത മൽസ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതി ശക്തിപ്പെട്ടുവന്നു. ബോട്ടുകളുടെ അമിത വർദ്ധനവ്, തീരക്കടൽ ട്രോളിംഗ്, രാത്രികാല ട്രോളിംഗ് എന്നിവ കടൽ സമ്പത്തിൻെറ അമിത ചൂഷരത്തിനും വൻതോതിലുള്ള ശോഷണത്തിനും കാരണമായിത്തീർന്നു. വിദേശ ട്രോളിംഗ് കപ്പലുകൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ അനുവാദം കൊടുത്തതോടെ കടൽ വന്ധീകരിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. ഈ സ്ഥിതി വിശേഷം പരമ്പരാഗത - യന്ത്രീകൃത മേഖലയെ ഒരുപോലെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. മൽസ്യത്തിൻെറ ലഭ്യത വളരെക്കുറഞ്ഞു. കൂടുതൽ കൂടുതൽ മൽസ്യഇനങ്ങൾക്ക് വിദേശ മാർക്കറ്റിൽ ആവശ്യം ഉയർന്നതും വിലയിലുള്ള വർദ്ധനവും കാരണം മൽസ്യബന്ധന വ്യവസായം പൂർണ തകർച്ചയിൽ നിന്നും രക്ഷപ്പെട്ടുനിന്നു എന്നു പറയാം. പ്രാദേശികാവശ്യത്തിന് ഈ മൽസ്യത്തിൻെറ വിലയിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നുള്ള പ്രതിഭാസവും പ്രസ്താവ്യമാണ്.

പരമ്പരാഗത മേഖലയിലേക്കാളും വളരെ കുറഞ്ഞ തൊഴിലാളികളാണ് യന്ത്രീകൃത മേഖലയിലുള്ളത്. ആധുനിക മൽസ്യബന്ധന വ്യവസായത്തിലെ വൻ പുരോഗതി ഈ തൊഴിലാളികളുടേയും അനുബന്ധ മേഖലയിലുള്ളവരുടെയും ജീവിതത്തിൽ പ്രതിഫലിക്കുന്നില്ല. ട്രോളിംഗ് നിരോധന കാലത്ത് വഞ്ചിയിലേക്ക് തന്നെ മടങ്ങിപ്പോകുന്നവർ ധാരാളം ഉണ്ട്. വർഷക്കാലത്തും മറ്റു പഞ്ഞമാസങ്ങളിലും മൽസ്യത്തൊഴിലാളികളുടെ ജീവിതം പരമദയനീയമായിത്തന്നെ

അവശേഷിക്കുന്നു. എന്നാൽ കുറച്ചു കച്ചവടക്കാരും ഇടനിലക്കാരും സമ്പന്നരായി തീർന്നിട്ടുമുണ്ട്.

പരമ്പരാഗത – ആധുനിക മൽസ്യബന്ധന മേഖലകളെപോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് ഓരുജല മൽസ്യകൃഷി, പഞ്ചായത്തിലെ നിരവധി തോടുകളും ചെറുതടാകങ്ങളും കണ്ടൽക്കാടുനിറഞ്ഞ ചതുപ്പുപ്രദേശങ്ങളും ഓരുജല മൽസ്യ കൃഷിയുടെ മഹത്തായ ദാനമാണ്. ഉദ്ദേശം 21 കിലോമീറ്റർ നീളംവരും ഈ തോടുകൾ. കടലിൽ നിന്നും കായലിൽ നിന്നും ഈ തോടുകൾ വഴി എത്തുന്ന മൽസ്യകുഞ്ഞുങ്ങളെ (ചെമ്മീൻ) കയറ്റി മൽസ്യകൃഷി നടത്തുന്ന പ്രധാനപ്പെട്ട 9 ചെമ്മീൻ കെട്ടുകളും പഞ്ചായത്തിലുണ്ട്. ഈ കെട്ടുകളുടെ മൊത്തം വ്യാപ്തി 345 ഏക്കറോളം വരും.

ഇവ കൂടാതെ ചെറിയ കൃഷിയിടങ്ങൾ നിരവധി വേറെയുമുണ്ട്. ഇവയിൽ നിന്നെല്ലാം (ഉദ്ദേശം 450 ഏക്കറിൽ കൂടുതൽ) പ്രതിവർഷം 100 ലക്ഷം രൂപയ്ക്കുള്ള മൽസ്യം ഉല്പാദനം നടക്കുന്നതായി കണക്കാക്കാവുന്നതാണ്. ഈ കൃഷിയിടങ്ങളെല്ലാം ചെറുകിട കർഷകരുടേതാകയാൽ ഇവിടെ ഉല്പാദനം യന്ത്രീകൃത മേഖലയിലേതിനേക്കാൾ ആശാസ്യമായ വിധത്തിൽ വിതരണം ചെയ്യപ്പെടുന്നു.

## പ്രശ്നങ്ങൾ

എന്നാൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ഈ പ്രകൃതി ദത്ത സമ്പത്തിനെ നമുക്ക് അർഹിക്കുന്ന ഗൗരവത്തോടെ സംരക്ഷിക്കുവാൻ കഴിയാതെ വന്നിരിക്കുന്നു. ഭൂമിയിന്മേലുള്ള അമിത സമ്മർദ്ദവും മണ്ണൊലിപ്പും കാലാകാലങ്ങളിൽ വെട്ടി ആഴം കൂട്ടാതിരുന്നതും ബോധപൂർവ്വമായ നികത്തലും പാഴ്‌വസ്തുക്കൾ നിക്ഷേപിച്ചു മലിനമാക്കിയതെല്ലാം തോടുകളുടെ നാശത്തിന് ആക്കം വർദ്ധിപ്പിച്ചിരിക്കുന്നു. തന്മൂലം മൽസ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം വളരെക്കുറഞ്ഞു. മാത്രമല്ല തെങ്ങ്, നെല്ല് പച്ചക്കറി കൃഷികളേയും പരിസ്ഥിതി നാശം പൊതുജനാരോഗ്യത്തെയും, ശുദ്ധജലസ്രോതസുകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആറുകിലോ മിറ്റർ നീളമുള്ളതും മാലിപ്പുറം ബന്തർക്കനാലിലെ ആർ. എം. പി. കനാൽ വഴി ബന്ധിപ്പിക്കുന്നതുമായ പുതുവൈപ്പ് പൊഴിലിനു കുറുകെ റോഡുണ്ടാക്കാൻ പാലത്തിനുപകരം പൈപ്പു കൾവർട്ടുകൾ സ്ഥാപിച്ചതും കൊച്ചിത്തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്തിയെടുക്കുന്ന ചെളി കടലിൽ ദൂരെ കൊണ്ടുപോയി കളയാതെ തീരത്തോടു അടുത്തുതന്നെ തള്ളുന്നതും മൂലം മണ്ണും ചെളിയും പൊഴിലിൻെറ ആരംഭത്തിൽ വന്നടിഞ്ഞ് നികർന്നുപോയതും ഇപ്പോൾ അനാവശ്യമായിത്തീർന്നിട്ടുള്ള പുലിമുട്ടുകൾ നീരൊഴുക്കിനു തടസ്സം സൃഷ്ടിക്കുന്നതും പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈ തോടിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

പരമ്പരാഗതവും – ആധുനികവുമായ മൽസ്യബന്ധനവും വ്യവസായവും ഓരുജല മൽസ്യകൃഷിയും പരസ്പര പൂരകമാകുന്നവിധത്തിൽ നിലനിറുത്തിയും വികസിപ്പിച്ചും മാത്രമേ ഈ പഞ്ചായത്തിലെ മൽസ്യത്തൊഴിലാളികളുടെ ജീവിതത്തേയും സമ്പദ്ഘടനയേയും ശക്തിപ്പെടുത്തുവാൻ കഴിയുകയുള്ളൂ. കേന്ദ്ര സംസ്ഥാന സർക്കാരുകളും പൊതുജനപങ്കാളിത്തത്തോടെ പഞ്ചായത്തും ഈ ചുമതലകൾ ഏറ്റെടുക്കേണ്ടതാണ്.

## പരിഹാര മാർഗ്ഗങ്ങൾ

### A സർക്കാരിൻെറ അടിയന്തര ശ്രദ്ധ പതിയേണ്ട കാര്യങ്ങൾ

1. ആഴക്കലിലും തീരക്കടലിലും യഥേഷ്ടം മൽസ്യബന്ധനം നടത്തുവാൻ വിദേശ കപ്പലുകൾക്ക് നൽകിയിട്ടുള്ള അനുവാദം പിൻവലിക്കുക.
2. മൽസ്യങ്ങളുടെ പ്രജനനകാലമായ വർഷകാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുക. തീരക്കടൽ – രാത്രികാല ട്രോളിംഗ് നിരോധിക്കുക. ബോട്ടുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് തടയുക.
3. പുതുവൈപ്പു പൊഴിലിൻെറ ആരംഭത്തിൽ വൈപ്പിനു സമീപമൊ വൈപ്പിൻ എറണാകുളം പാലങ്ങൾ ഓച്ചന്തുരുത്തിലെത്തുന്ന ഭാഗത്തോ ഫിഷറിസ് ഹാർബർ നിർമ്മിക്കുക. ലൈറ്റ് ഹൗസ് കടപ്പുറത്തും ചാപ്പക്കടപ്പുറത്തും ലാൻറിങ് സെൻററുകൾ പണയുക.
4. പുതുവൈപ്പ് പൊഴിലിൻെറ വികസനത്തിന് സംസ്ഥാന ബജറ്റിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ (എളങ്കുന്നപ്പുഴ പഞ്ചായത്തിലെ പുതുവൈപ്പു മേഖലയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക, നാവിഗേഷൻ സൗകര്യം ഏർപ്പെടുത്തുക, കൊതുകു ശല്യ നിവാരണം എന്നിവ) പ്രകാരമുള്ള പണികൾ അടിയന്തരമായി നടപ്പിലാക്കുക. ഇതിൻെറ ഭാഗമായി പുതുവൈപ്പ് പൊഴിലും പൂപ്പാടി തോടിലും പൈപ്പു കൾവർട്ടുമാറ്റി സ്ലൂയിസ്കം ബ്രിഡ്ജിനുള്ള എസ്റ്റിമേറ്റിനു ഭരണാനുമതി നൽകുക.
5. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ പുതുവൈപ്പിൽ പ്രവർത്തിക്കുന്ന ഫിഷറീസ് സ്റ്റേഷൻെറ പ്രവർത്തനം വിപുലപ്പെടുത്തുക.
6. മൽസ്യഫെഡിനു കീഴിലുള്ള മാലിപ്പുറത്തെ ഫിഷ് ഫാം കാര്യക്ഷമമാക്കുക.

B പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പഞ്ചായത്തുവക കനാലുകളും തോടുകളും സ്വകാര്യത്തോടുകളും സംരക്ഷിച്ചു നിലനിറുത്തുക. അവ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുക. ഈ തോടുകളുടെ വശങ്ങൾ കല്ലു കെട്ടിയും കാലാകാലങ്ങളിൽ ആഴം കൂട്ടിയും സംരക്ഷിക്കുക. ഈ കാര്യത്തിൽ പഞ്ചായത്തിന് കൃഷിയിടങ്ങളുടെ ഉടമകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ധനസഹായവും സഹകരണവും ആവശ്യമാണ്.
2. പുതുവൈപ്പ് പൊഴിൽ ചാപ്പത്തോടുമായൊ, മാലിപ്പുറം ബീച്ചു റോഡിന്റെ പാർശ്വത്തിലൂടെ ബന്തർക്കനാലുമാ യോ ബന്ധിപ്പിക്കുക.
3. പുതുവൈപ്പു പൊഴിയിന്റെ ആരംഭത്തിൽ ഇപ്പോൾ അനാവശ്യമായി തീർന്നിട്ടുള്ള പുലിമുട്ടുകൾ നീക്കം ചെയ്യുക.
4. കമ്പനിപ്പിടിക ആർ. എം. പി. തോടിൽ വി. പി. റോഡിലുള്ള പൈപ്പു കൽവർട്ടു മാറ്റി വീതിയേറിയ ബോക്സ് കൾവർട്ട് നിർമ്മിക്കുക.
5. പാഴ് വസ്തുക്കൾ തോട്ടിൽ തള്ളി മലിനമാക്കുന്നതിനെതിരെയും ഫിഷിംഗ് ബോട്ടുകളിൽ നിന്നും പ്ലാസ്റ്റിക് സാധനങ്ങളും മറ്റു അവശിഷ്ടങ്ങളും കായൽ തീരത്തു തള്ളുന്നതിനെതിരേയും നടപടി സ്വീകരിക്കുക.
6. എളങ്കുന്നപ്പുഴ പഞ്ചായത്ത് ഒരു മൽസ്യത്തൊഴിലാളി ഗ്രാമമായി അംഗീകരിച്ച് തീരദേശ അതോറിറ്റിയുടേയും എൻ. സി. ഡി. സി. യുടെയും സാമ്പത്തിക സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ വികസിക്കുക തീരദേശ റോഡുകൾക്കും ബീച്ചു റോഡുകൾക്കും മൽസ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന ഇതര കേന്ദ്രങ്ങളിലെ റോഡുകൾക്കും പാലങ്ങൾക്കും മുൻഗണന നൽകുക. കുടിവെള്ളവും വൈദ്യുതി ക്ഷാമവും പരിഹരിക്കുക.
7. മൽസ്യത്തൊഴിലാളി വികസന ക്ഷേമസംഘങ്ങൾ സജീവമാക്കി മൽസ്യ ബന്ധനോപകരണങ്ങൾ അതുവഴി വിതരണം നടത്തുക. മുൻകാല അനുഭവങ്ങൾ ഉൾക്കൊണ്ട് സഹകരണ സ്ഥാപനങ്ങൾ സജീവമാക്കുവാൻ ബോധവൽക്കരണങ്ങൾ നടത്തുക. എല്ലാ തൊഴിലാളികളേയും അംഗങ്ങളാക്കി അനർഹരെ ഒഴിവാക്കുക.
8. ആധുനിക മൽസ്യമേഖലയിൽ നിന്നും പിൻതള്ളപ്പെട്ട പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ഈ മേഖലയിലേക്കു തിരിച്ചുകൊണ്ടുവരുവാൻ പരിശീലനം നൽകി ബോട്ടുകൾ നൽകുക. സർക്കാർ വക പരിശീലന സ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേക പരിഗണനയും നൽകുക.
9. എല്ലാ മൽസ്യത്തൊഴിലാളികൾക്കും ദേശീയ സമ്പാദ്യ പദ്ധതിപ്രകാരം ഭവന നിർമ്മാണ വായ്പകൾ നൽകേണ്ടതും കൈവശ ഭൂമിയുള്ളവർക്ക് സൗകര്യം ലഭ്യമാക്കേണ്ടതുമാണ്.
10. ചാപ്പക്കടപ്പുറത്തും മറ്റുപുറംപോക്കുകളിലും താമസിക്കുന്ന മൽസ്യത്തൊഴിലാളികളെ അടിയന്തരമായി പുന:രധിവസിപ്പിക്കണം.
11. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പരിശീലനം നൽകി വല നിർമ്മാണ യൂണിറ്റുകളും മൽസ്യവിഭവ നിർമ്മാണ യൂണിറ്റുകളും സ്ഥാപിക്കാവുന്നതാണ്.
12. മൽസ്യകച്ചവടക്കാർക്ക് പാത്രങ്ങളും സൈക്കിളും ചെറുകിട മോട്ടോർ വാഹനങ്ങളും നൽകുക.
13. സമ്പാദ്യശീലം വളർത്തിക്കൊണ്ടുവരേണ്ടതും നിലവിലുള്ള സമ്പാദ്യ ആശ്വാസ പദ്ധതി വിപുലമാക്കേണ്ടതുമാകുന്നു.
14. മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിപുലപ്പെടുത്തുക.
15. പുതുവൈപ്പിലെ ഫിഷറീസ് പി. എച്ച്. സെൻററും മാലിപ്പുറത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും വികസിപ്പിക്കുക. ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള കോസ്റ്റൽ ഹെൽത്ത് പ്രോഗ്രാം വിപുലമാക്കി. തുടർന്നും നിലനിറുത്തേണ്ടതാണ്.
16. മാലിപ്പുറത്തുള്ള മാർക്കറ്റ് വിപുലപ്പെടുത്തുക. പുതുവൈപ്പിലെ കുഴൽ കൾവർട്ടിനു സമീപത്തു മുരിക്കുംപാടത്തും മാർക്കറ്റുകൾ ആരംഭിക്കണം. വഴിവക്കിലുള്ള മൽസ്യക്കച്ചവടം നിരുൽസാഹപ്പെടുത്തേണ്ടതാണ്.
17. മൽസ്യഹാച്ചറികൾ, ഞണ്ടുവളർത്തൽ, അലങ്കാര മൽസ്യവളർത്തൽ ചിപ്പി വളർത്തൽ എന്നിവ പ്രോൽസാഹിപ്പിക്കുവാൻ ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാകേണ്ടതാണ്.
18. പുതുവൈപ്പു പൊഴിലിന്റെ ഇരുഭാഗങ്ങളിലുമുള്ള വിശാലമായ ചതുപ്പു പ്രദേശം മൽസ്യകൃഷിക്ക് ഉപയുക്തമാക്കുവാൻ കൈവശക്കാരെ നിർബന്ധിതരാക്കണം.
19. ചെമ്മീൻ കെട്ടുകളിലും പൊക്കാളി നെൽകൃഷി പാടങ്ങളിലും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുവാൻ ഉടമകളും പഞ്ചായത്തും പരസ്പരം സഹായിക്കേണ്ടതാണ്.
20. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥാനത്ത് മൽസ്യ ഭവൻ സ്ഥാപിക്കേണ്ടതാണ്.
21. ആധുനിക മൽസ്യബന്ധന വ്യവസായം നിലനിർത്തി വികസിപ്പിക്കേണ്ടതാകുന്നു. തമിഴ്നാട്ടിൽ നിന്നുള്ള ഫിഷിംഗ് ബോട്ടുകൾ ഇവിടെ നിലനിർത്തുന്നതിന് പ്രോൽസാഹനവും സംരക്ഷണവും നൽകണം.
22. ഈ വ്യവസായം കേന്ദ്രീകരിച്ചിട്ടുള്ള ഭാഗങ്ങളിൽ

ശുദ്ധജലം ആവശ്യത്തിന് ലഭ്യമാക്കേണ്ടതുമാണ്. ഇവർക്കു താമസിക്കുവാൻ വാടകമുറികളും ലഭ്യമാക്കണം. മുരുക്കും പാടത്തെ കംഫർട്ടു സ്റ്റേഷൻ പ്രവർത്തനയോഗ്യമാക്കണം. യന്ത്രീകൃത മൽസ്യബന്ധന വ്യവസായത്തിന് (പ്രത്യേകിച്ചും തമിഴ്നാട്ടുകാരുടെ സംഭാവന) പഞ്ചയത്തിൻെറ സമ്പദ് ഘടനയിലുള്ള സ്വാധീനം ഗൗരവതോടെ ഉൾക്കൊള്ളേണ്ടതാണ്.

23. മുരുക്കുംപാടത്തുള്ള "വ്യസാസ്റ്റോറി"ലൂടെ പരമ്പരാഗത - യന്ത്രീകൃത മൽസ്യ ബന്ധനോകരണങ്ങൾ വിതരണം ചെയ്യുവാൻ പറ്റുന്നവിധത്തിൽ വിപുലപ്പെടുത്തേണ്ടതാണ്.
24. ജലനിർഗമനത്തിനു തടസ്സമായിട്ടുള്ള പൈപ്പുകൾവർട്ടുമാറ്റി വലിയ ബോക്സ് കൾവർട്ടുകൾ നിർമ്മിക്കേണ്ടതാകുന്നു.
25. മൽസ്യ ചാപ്പകൾക്കുള്ള സാദ്ധ്യത വിപുലമാണ് സ്വകാര്യ മൽസ്യചാപ്പകളെ ശുചിത്വമുള്ള സാഹചര്യത്തിൽ പ്രവർത്തിക്കുവാൻ പ്രോൽസാഹനം നൽകേണ്ടതാണ്.
26. മൽസ്യവ്യവസായ അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തേണ്ടതാണ്.
27. മൽസ്യ അവശിഷ്ടങ്ങൾ ഉപയോഗിച്ചു കാലിത്തീറ്റയും വളവും ഉല്പാദിക്കുവാനുള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
28. എളങ്കുന്നപ്പുഴ ഹയർ സെക്കൻററി സ്കൂളിൽ യന്ത്രീകൃത മൽസ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള കോഴ്സുകൾ ആരംഭിക്കാവുന്നതാണ്.
29. വിപുലമായ കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ ആവശ്യമാണ്.
30. ലാൻറിം സെൻററുകളിൽ വലയും മറ്റും സൂക്ഷിക്കുന്നതിനുള്ള ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.
31. കാർഷിക സർവ്വകലാശാലയുടെ കീഴിൽ, പുതുവയ്പ് സ്റ്റേഷനോട് അനുബന്ധമായി ഒരു ഫിഷറീസ് കോളജ് സ്ഥാപിക്കുക.

# ദ്വിതീയ മേഖല

1. വ്യവസായം
2. ഊർജ്ജം
3. ഗതാഗതം
4. പാർപ്പിടം

## അവലംബം

പഞ്ചായത്ത് റജിസ്ടർ

വൈദ്യുതിബോർഡു രേഖകൾ

ഗ്രാമസഭാ റിപ്പോർട്ടുകൾ

പഠനപര്യടനം

നാട്ടറിവുകൾ

# വ്യവസായം

പ്രധാനമായും മൽസ്യവ്യവസായമാണ് പഞ്ചായത്തിലെ വ്യവസായിക അടിത്തറ. പഞ്ചായത്തിൻെറ തെക്ക് കിഴക്കേ അതിർത്തിയായ കായലോരത്ത് യന്ത്രവൽകൃത ബോട്ടുകളിൽ പിടിച്ചുകൊണ്ടുവരുന്ന മൽസ്യം ലേലം ചെയ്ത് കേരളത്തിൻേറയും അയൽ സംസ്ഥാനങ്ങളിലേയും മൽസ്യമാർക്കറ്റുകളിലേക്ക് കയറ്റി അയക്കുപ്പെടുന്നു. പഞ്ചായത്തിന് അകത്തും പുറത്തുമുള്ള എക്സ്പോർട്ടിങ് കമ്പനികളും ഇവിടെ നിന്നും വൻ തോതിൽ മൽസ്യം വാങ്ങുന്നുണ്ട്. 700 ൽ അധികം ബോട്ടുകൾ ഇവിടെ പ്രവർത്തനത്തിലുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും തമിഴ് നാട്ടിലെ ബോട്ടുകളാണ്. 2,600 ഓളം ബോട്ടു തൊഴിലാളികളും ഹാർബറിനകത്തെ 250 തൊഴിലാളികളും ഈ മേഖലയുമായി നേരിട്ട് ബന്ധപ്പെടുന്നവരാണ്. അനുബന്ധ മേഖലയിൽ മറ്റു ധാരാളം പേർ ഉപജീവനം നടത്തുന്നുണ്ട്.

ഈ മേഖലയിൽ വൻതോതിൽ 30 മൽസ്യചാപ്പകൾ പ്രവർത്തിക്കുന്നു. കുടിൽ വ്യവസായമായി മറ്റനവധി ചാപ്പകൾ വേറെയും ണ്ട്. ഇവിടെ മൽസ്യം ഉപ്പിലിട്ട് ഉണക്കി സംസ്ക്കരിക്കപ്പെടുന്നു. ഇവയുടെ ഗുണമേന്മ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ചെമ്മീൻ സംസ്ക്കരണ കേന്ദ്രങ്ങളായ 8 പീലിങ്ങ് ഷെഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ തൊഴിലാളികൾ ഭൂരിഭാഗവും സ്ത്രീകളാണ്. വളരെ താഴ്ന്ന കൂലിയാണ് ഇവർക്ക് ലഭിച്ചുവരുന്നത്. 200 ഓളം സ്ത്രീ തൊഴിലാളികൾ ഈ മേഖലയിലുണ്ട്.

വിദേശത്തേക്ക് മൽസ്യം ശീതീകരിച്ച് കയറ്റി അയക്കുന്ന മൂന്നു വൻകിട കയറ്റുമതി കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന് അകത്തും പുറത്തുനിന്നുമായി 175 ഓളം തൊഴിലാളികൾ ഈ മേഖലയിലുണ്ട്.

ഇതിൻെറ അനുബന്ധ വ്യവസായമെന്ന രീതിയിൽ ഐസ് ഫാക്ടറി 6 എണ്ണം, ബോട്ട് നിർമ്മാണശാലകൾ 12 എണ്ണവും എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ 11 എണ്ണവും ഐസ് ബോക്സ് എന്നിവ ഉൾപ്പെടെയുള്ള മൽസ്യബന്ധനോപകരണങ്ങൾ നിർമ്മിക്കുന്ന 9 യൂണിറ്റ് പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ മാലിപ്പുറത്ത് മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിച്ചുവരുന്നു. മൂന്ന് പ്രിൻസിംഗ് പ്രസ്സുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ ഒരെണ്ണം വനിതാ വ്യവസായ യൂണിറ്റാണ്. പട്ടികയിൽ ഫാബ്രിക്കേഷൻ എന്ന കോളത്തിൽ ഇരുമ്പുഗേറ്റ് ഗ്രില്ല്, കസേര, ടി. വി. സ്റ്റാൻഡ് തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകളുടെ എണ്ണം കൊടുത്തിരിക്കുന്നു. മറ്റുള്ളവ എന്ന കോളത്തിൽ ചിരട്ട കൊണ്ടുള്ള കൗതുക വസ്തുക്കൾ ബോൾ പേന, സോപ്പ്, പ്ലാസ്റ്റിക്ക് ബാഗ് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളുടേയും. ഒരു പ്ലാസ്റ്റിക് ബാഗ് നിർമ്മാണ യൂണിറ്റിനേയും ഉൾപ്പെടുത്തിയിരിക്കുന്നു. 35 പേർ പണിയെടുക്കുന്ന ഫർണിച്ചർ യൂണിറ്റും നിലവിലവിലുണ്ട്. 4 അറക്കമില്ലുകളും ഈ കൂട്ടത്തിൽപെടും. 150 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്ന കക്കാ വ്യവസായ സൊസൈറ്റിയും പഞ്ചായത്തതിർത്തിയിലുണ്ട്. ഇത് ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണ്.

**A മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ്**

a) ഒലിയോ ബ്രഡ് – എസ്. എസ്. ഐ. യൂണിറ്റാണ്. വലിയ തോതിൽ വിവിധയിനം ബ്രഡുകൾ നിർമ്മിക്കുന്നു. ലാഭകരമായ ഈ യൂണിറ്റിൽ 51 പേർ പണിയെടുക്കുന്നു. ഇതിൽ 40 പേർ സ്ത്രീകളാണ്. മൂന്നു ജില്ലകളിലായി ഉല്പന്നം വിറ്റഴിക്കപ്പെടുന്നു. വികസന സാദ്ധ്യതയുള്ളവയാണ്.

b) ഭാരത് അലുമിനിയം കമ്പനി: 15 പേർ പണിയെടുക്കുന്നു. ഇവിടെ പഴയ അലുമിനിയം ഉല്പന്നങ്ങൾ ഉരുക്കി ഷീറ്റാക്കി മാറ്റുകയും വിവിധ തരത്തിൽ കട്ടിംഗ് നടത്തുകയും ചെയ്യുന്നു. ലാഭകരമാണ് (എസ്. എസ്. ഐ.).

c) Dura Print: വിധിധ തരം കാർട്ടനുകളിൽ പ്രിൻറിംഗ് നടത്തുന്ന എസ്. എസ്. ഐ. യൂണിറ്റാണ് ലാഭകരം.

തെങ്ങുകൾ ധാരാളമുണ്ടെങ്കിലും നാളികേരവും, കയറും വ്യാവസായിക രംഗത്ത് വേണ്ടത്ര ഉപയോഗിക്കുന്നില്ല. ഇവയുടെ ലഭ്യത പ്രയോജനപ്പെടുത്തേണ്ടതാണ്. എന്നാൽ ഗുണ്ടുഐലൻറ് വർക്കഴ്സ് കോർ-ഓപ്പറേറ്റീവ് സൊസൈറ്റി എളങ്കുന്നപ്പുഴ പഞ്ചായത്തിൽ

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 5 സ്ഥാപനങ്ങൾ നിലവിൽ ഉണ്ട്. ഇവയ്ക്ക് വേണ്ടത്ര പ്രോൽസാഹനം നൽകുകയും ചെയ്താൽ നല്ലൊരു തൊഴിൽ മേഖല യാക്കി മാറ്റുവാൻ സാധിക്കും.

വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് മെച്ചപ്പെട്ട ഗതാഗത സൗകര്യമില്ല എന്നതാണ്. വൻകരയുമായി ബന്ധപ്പെടുവാനുള്ള ബുദ്ധിമുട്ട് എല്ലാ വ്യവായങ്ങളേയും പ്രതികൂലയാമയി ബാധിക്കുന്നുണ്ട്.

മൽസ്യബന്ധനവും സംസ്കരണവും കൂടുതൽ ശാസ്ത്രീയമാക്കണം. മൽസ്യചാപ്പകൾ ഉയർത്തുന്ന മലിനീകരണ പ്രശ്നത്തിന് പരിഹകാരം കാണുകയും സംസ്കരിച്ച മൽസ്യത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിന് ശാസ്ത്രീയമായ രീതി അവലംബിക്കുകയും വേണം. പ്രതികൂല കാലാവസ്ഥയിലും മൽസ്യം ഉണക്കുന്നതിന് വൈദ്യുതീകരിച്ച ഉണക്കറകൾ നിർമ്മിക്കേണ്ടതാണ്. ഇത് മൽസ്യം ഉണക്കുന്നതിനുള്ള കാലതാമസം ലഘൂകരിക്കും എന്നു മാത്രമല്ല ഗുണനിലവാരം ഉയർത്തുകയും ചെയ്യും.

ശുദ്ധജലത്തിൻേറയും വൈദ്യുതിയുടേയും ദൗർലഭ്യം ഐസ് ഫാക്ടറികളേയും മൽസ്യ സംസ്ക്കരണ ശാലകളേയും വളരെ ദോഷകരമായി ബാധിക്കുന്നു.

നാളികേരം ധാരാളമായി ഉൽപാദിപ്പിക്കുന്ന മേഖല ആണെങ്കിലും കയർ നാളികേര വ്യവസായങ്ങൾ തീരെ കുറവാണ്. മടലിൽ നിന്നും ചകിരിയും കയറും കയറുല്പന്നങ്ങളും ഉണ്ടാക്കുന്ന വ്യവസായത്തിന് നല്ല സാധ്യതകളുണ്ട്. നാളികേര സംസ്ക്കരണ ശാലയ്ക്കും അനുയോജ്യമായ സാഹചര്യങ്ങൾ നിലനില്ക്കുന്നു. മൽസ്യബന്ധനോപകരണങ്ങളും മറ്റും നിർമ്മിക്കുന്ന യൂണിറ്റുകൾ ആവശ്യമാണ്. മൽസ്യബന്ധനത്തിന് കൂടുതൽ ആധുനികമായ സജ്ജീകരണങ്ങൾ വേണം. തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയാൽ കൂടുതൽ മൽസ്യം പിടിക്കുന്നതിന് ഉപകരിക്കും. മൽസ്യ സംസ്ക്കരണ ശാലകളിലും മറ്റും ഉള്ള മൽസ്യാവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്തി വളം നിർമ്മിക്കുന്നതിനും കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനും ശ്രമിക്കാവുന്നതാണ്. ധാരാളം അഭ്യസ്ഥ വിദ്യരുള്ള ഈ പഞ്ചായത്തിൽ ഒരു ടെക്നോപാർക്ക് ആരംഭിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. ശുദ്ധജല ദൗർലഭ്യം പരിഹരിക്കണം.
2. വൈദ്യുതി ദർലഭ്യം പരിഹരിക്കണം.
3. നഗരവുമായി ബന്ധപ്പെടുന്ന പാലം ആവശ്യമാണ്.
4. മൽസ്യചാപ്പകൾ പ്രോൽസാഹിപ്പിക്കണം. വൈദ്യുതീകരിച്ച ഉണക്കറകൾ വേണം.
5. ബോട്ട് ബിൽഡിങ്, മൽസ്യബന്ധനോപകരണ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകണം.
6. മൽസ്യവളം, മൽസ്യവും പിണ്ണാക്കും ഉപയോഗിച്ചുള്ള കോഴിത്തീറ്റ, ബിസ്ക്കറ്റ് എന്നിവ നിർമ്മിക്കുന്ന ഫാക്ടറി, ചകിരി, കയർ, കയറുല്പന്നങ്ങൾ, നാളികേര ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയെ പ്രോൽസാഹിപ്പിച്ച് പ്രയോജനപ്പെടുത്തണം.
7. ചെറുകിട വ്യവസായത്തിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനും പ്രോസാഹിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും ഉള്ള സജ്ജീകരണം വേണം.

## വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| വൻകിട മൽസ്യ വ്യവസായം | ചെറുകിട മൽസ്യ വ്യവസായം | പീലിംഗ് ഷെഡ് | ബോട്ട് ബിൽഡിംഗ് യാഡ് | എഞ്ചിനിയറിംഗ് | ഫാബ്രിക്കേഷൻ | ഭക്ഷ്യോല്പാദനം കുടിൽ അച്ചാർ | ചെറുകിട ബ്രഡ് | കയർ | തയ്യൽ | നാളികേരം | ക്ഷീരോല്പാദനം | ജനറൽ പ്രിൻറിംഗ് | വനിത | മറ്റുള്ളവ | മൽസ്യ ബന്ധന ഉപകരണ നിർമ്മാണം | ഐസ് ഫാക്ടറി | സോഡാ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 30 | 8 | 12 | 11 | 14 | 5 | 1 | 3 | 11 | 3 | 3 | 4 | 1 | 9 | 9 | 6 | 12 |

# ഊർജ്ജം

കാർഷിക ഭൂപരിഷ്ക്കരണത്തിന് മുമ്പ് വരെ കുടികിടപ്പു ഭൂമിയിലെ അർദ്ധ പട്ടിണിക്കാർ താമസിച്ചിരുന്ന കുടിലുകൾക്കും വീടുകൾക്കും മറ്റ് സമ്പന്ന ഗൃഹങ്ങൾക്കും ആവശ്യമായ ഗാർഹീക ഇന്ധന ലഭ്യത ഉറപ്പുവരുത്താൻ വിശാലമായ തെങ്ങിൻ പുരയിടങ്ങളിൽ നിന്നും ലഭിച്ചിരുന്ന വിറകകുകൾ മതിയാകുമായിരുന്നു.

വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പവും കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയോടൊപ്പമുള്ള ഭൂപരിഷ്ക്കരണവും ധൃതഗതിയിലുള്ള ഭവനനിർമ്മാണത്തിന് ആക്കം കൂട്ടിയെങ്കിലും ആനുപാതികമായി ഗാർഹിക ഇന്ധന ലഭ്യത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞില്ല. പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന തെങ്ങിൽ നിന്നുള്ള വിറകുകൾ ഗണ്യമായി കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ പുരയിടങ്ങളുടെ വിസ്തൃതിയിൽ വന്ന പ്രകടമായ കുറവും തെങ്ങുകൾക്കുണ്ടായ രോഗബാധയുമാണ്. ഇത് മില്ലുകളിൽ നിന്ന് വിറകുകളെ ആശ്രയിക്കേ അവസ്ഥയിലെത്തിച്ചു.

പഞ്ചായത്തിലെ സമ്പന്ന ഭവനങ്ങളിലെ സ്ത്രീകൾ സ്വന്തം പുരയിടത്തിൽ നിന്നു ലഭിക്കുന്ന ഓല, മടൽ ചിരട്ട, പൊതുമ്പ് തുടങ്ങിയവ ഉണക്കി ശേഖരിച്ച് വിൽക്കുന്ന പതിവ് അടുത്ത കാലം വരെ നിലവിലുണ്ടായിരുന്നു. പുതിയ തലമുറയുടെ താല്പര്യക്കുറവ് ഈ സംവിധാനം നിലക്കുവാൻ കാരണമായി.

പശുവളർത്തൽ തൊഴിലാക്കിയിരുന്ന കുടുംബങ്ങളിൽ ചാണകവും ഉമിയും ഉപയോഗിച്ചുള്ള 'വരടി' നിർമ്മാണം നടന്നിരുന്നെങ്കിലും ഇതും നാമമാത്രമായി ചുരുങ്ങിയത് പശു വളർത്തൽ വ്യാപകമായ ഈ കാലഘട്ടത്തിൽ ശ്രദ്ധയർഹിക്കുന്നു.

പരമ്പരാഗതമായ അടുപ്പുകളുടെ വിവിധ മോഡലുകൾ ഉണ്ടെങ്കിലും കൂടുതൽ ദക്ഷതയില്ല. ദക്ഷത കൂടിയ അടപ്പുകളുടെ വ്യാപനം വ്യാപകമാക്കിയിട്ടില്ല. ശാസ്ത്ര സാഹിത്യ പരിഷത്തും സ്വകാര്യ വ്യക്തികളും കൂടി അടുപ്പുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

പാചക വാതകം പഞ്ചായത്തിൽ ആദ്യം ലഭ്യമായിരുന്നത് കൊച്ചിയിൽ നിന്നാണ്. ഇപ്പോൾ പാചക വാതക വിതരണക്കാർ ഈ പഞ്ചായത്തിൽ തന്നെയുണ്ട്. ഏകദേശം 2345 കുടുംബങ്ങൾ ഇപ്പോൾ പാചക വാതകം ഉപയോഗിക്കുന്നു. ഇന്ധന ദൗർലഭ്യം പരിഹരിക്കുന്നതിന് മണ്ണെണ്ണ ഉപയോഗിക്കുന്ന കുടുംബങ്ങളും വലിയ ഒരളവിലുണ്ട്. പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന കോസ്റ്റൽ ഗ്യാസ് ഏജൻസിയാണ് പാചക വാതകം വിതരണം ചെയ്യുന്നത്. പാചക വാതകത്തിന് 4100 പുതിയ അപേക്ഷകരുണ്ടിവിടെ.

ആകെയുള്ള 10773 ഭവനങ്ങളിൽ 8389 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. വ്യാപാരാവശ്യങ്ങൾക്ക് 984 ഉം വ്യവസായിക ആവശ്യങ്ങൾക്ക് 137 ഉം കാർഷികാവശ്യങ്ങൾക്ക് 40 ഉം ഉപഭോക്താക്കളുണ്ട്. പഞ്ചായത്തിനുള്ള വൈദ്യുതി മാലിപ്പുറത്തുള്ള സബ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്നു. മൊത്തം 297 കിലോമീറ്റർ നീളത്തിൽ ഇലക്ട്രിക് ലൈൻ ഉണ്ട് ഇതിൽ 26.743 കി. മീ. 11 കെ. വി. ലെയ്ൻ ആണ്.

വഴിവിളക്കുകൾക്കുവേണ്ടി 259 ട്യൂബുകളും 607 ബൾബുകളും 35 സോഡിയം വേപ്പർ ലാമ്പുകളും നിലവിലുണ്ട്. പ്രതിമാസം 20,000 രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ചിലവാകുന്നു. ബഹുഭൂരിപക്ഷം വീടുകളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും ഓരോ വാർഡിലും ചില ഒറ്റപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് ഇനിയും വൈദ്യുതി എത്തിച്ചേരേണ്ടിയിരിക്കുന്നു. അതാതു പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മക്കുറവും സ്ഥലമുടമകളിൽ നിന്നും കൺസൻറ് വാങ്ങുന്നതിനുള്ള കാലതാമസവുമാണ് മുഖ്യകാരണം. പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുകയും വേണം. പ്രേക്ഷണ വിതരണ സംവിധാനങ്ങളുടെ അടിക്കടിയുള്ള തകരാറും ദൈർഘ്യമുള്ള വിതരണ ലൈനുകളും വൈദ്യുതി നഷ്ടത്തിന് വഴിയൊരുക്കുന്നു.

നിലവിുള്ള വൈദ്യുത പോസ്റ്ററുകളിലെല്ലാം വഴി വിളക്കുകൾ സ്ഥാപിക്കുകയും അവയുടെ സംരക്ഷണം പ്രാദേശിക സമിതികളിലൂടെ ഉറപ്പുവരുത്തുകയും ചെയ്താൽ കൂടുതൽ കാര്യക്ഷമമാകും.

പുതുവൈപ്പിൽ ഗ്രൂപ്പുതല കന്നുകാലി വളർത്തലിലൂടെ ബയോഗ്യാസ് പ്ലാൻറ് ഉപയോഗപ്പെടുത്തിയ അടുപ്പുകൾ നിർമ്മിച്ചും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള ഘർഷണ രഹിത ഫുട് വാൽവുകൾ ഉപയോഗപ്പെടുത്തിയും ട്യൂബുലൈറ്റുകളിൽ ഇലക്ട്രോണിക് ചോക്കുകൾ ഘടിപ്പിച്ചും കൂടാതെ പുറമെ സോളാർ വിളക്കുകളും കോംബാക്ട് ഫ്ളൂറസെൻറ് ലാമ്പുകളും (നിലവിലുള്ള ബൾബുകൾക്കു പകരം) വ്യാപകമാക്കിയും വലിയൊരളവിൽ വൈദ്യുതി ലാഭിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. തുടരെ തുടരെയുള്ള അപ്രഖ്യാപിത പവർകട്ടുകൾ.
2. വോൾട്ടുത പ്രശ്നങ്ങൾ (ഏറ്റക്കുറച്ചിലുകൾ).
3. ജീവനക്കാരുടെ സേവനം തൃപ്തികരമല്ല.
4. വിറക് ആവശ്യത്തിന് കിട്ടുന്നില്ല.

## സാദ്ധ്യതകൾ

1. ദക്ഷത കൂടിയ അടുപ്പുകളുടെ വ്യാപനം.
2. കച്ചിപ്പെട്ടി, ഫ്രഷർകുക്കർ തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങളുടെ പ്രചാരണം.
3. ഊർജ്ജ നഷ്ടം ബോധവൽക്കരണം.
4. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷങ്ങളും ശാഖകളും മുറിച്ചു മാറ്റുന്നതിനുള്ള സന്നദ്ധ പ്രവർത്തനം.
5. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങളുടെ പ്രചരണം.
6. പഞ്ചായത്തുതല സമഗ്ര ഊർജ്ജാസൂത്രണം.
7. വി. പി. റോഡിൽ പഞ്ചായത്ത് ഉടനീളം ഡബിൾ സർക്യൂട്ട് 11 കെ. വി. ലൈൻ സ്ഥാപിക്കൽ.

## മാർക്കറ്റ്

1. എളങ്കുന്നപ്പുഴ പഞ്ചായത്തിലുള്ള 1, 4, 13 ഉം വാർഡിലും നിലവിലുള്ള മാർക്കറ്റുകൾ ഉടനെ ഉപയോഗ്യമാക്കുക.
2. വളപ്പിലുള്ള മാർക്കറ്റ്, പള്ളിയുടെ പടിഞ്ഞാറു ഭാഗത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലം അക്വയർ ചെയ്ത് അവിടേയ്ക്ക് മാറ്റുക.
3. പുതുവൈപ്പ് റോഡിലുള്ള കുഴലുകൾ എടുത്തു മാറ്റി പകരം സ്ലൂയിസ് കം ബ്രിഡ്ജ് പണി ചെയ്തു റീ ക്ലെയിം ചെയ്തു കിട്ടുന്ന സ്ഥലത്തു ഒരു മാർക്കറ്റ് നിർമ്മിക്കണം.

# ഗതാഗതം

കായലുകളും തോടുകളും കൂടിച്ചേർന്നു കിടക്കുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ആദ്യകാലത്ത് ജലഗതാഗതമാണ് നിലനിന്നിരുന്നത്. ആദ്യകാല ജനവാസ കേന്ദ്രങ്ങളും കച്ചവട വ്യവസായ കേന്ദ്രങ്ങളും പരിശോധിച്ചാൽ ഇക്കാര്യം ബോദ്ധ്യപ്പെടുന്നതാണ്. 1960 കളിൽ രണ്ടു ഡസനിലധികം ബോട്ടുകൾ എറണാകുളത്തുനിന്ന് കോട്ടപ്പുറത്തേയ്ക്കുള്ളവ ഈ പ്രദേശത്തെ ബന്ധപ്പെടുത്തി സർവീസ് നടത്തിയിരുന്നു. 1950 കളോടെ മുരിക്കുംപാടം എറണാകുളം ഫെറി സർവ്വീസ് വൈപ്പിൻകരയിൽ ബസ് സർവീസിന്റെ ആവിർഭാവവും ജലമാർഗ്ഗത്തെ അവഗണിക്കുന്നതിന് പ്രേരകമായി. യാത്രാ മാർഗ്ഗത്തിൽ മാത്രമല്ല ചരക്കുഗതാഗതത്തിലും സമൂലമായ മാറ്റം വന്നു. നിത്യോപയോഗ സാധനങ്ങൾ ഏറെയും ഇന്നും ജലമാർഗ്ഗമാണ് ഇവിടെ എത്തുന്നത്. ഉപഭോഗസാധനങ്ങൾ പുറമെ നിന്നും എത്തിക്കേണ്ട ഈ പ്രദേശത്ത് ഗതാഗത മാർഗ്ഗത്തിൽ വന്ന മാറ്റം കൂടുതൽ സാമ്പത്തിക ബാദ്ധ്യതയ്ക്കിടയാക്കി. ജീവിത സാഹചര്യങ്ങളിലും രീതികളിലും സമൂലമായി വന്ന ഇടമാറ്റിമറിക്കൽ ഉൽപ്പാദന രംഗത്ത് മുടക്കേണ്ട മൂലധനത്തിന്റെ സിംഹഭാഗത്തേയും വഴിതിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു.

പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള വൈപ്പിൻ മുനമ്പം റോഡിന്റെ 7 കിലോമീറ്ററോളമുള്ള ഭാഗം എളങ്കുന്നപ്പുഴ പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ പുറംലോകവുമായി ബന്ധപ്പെടാനുള്ള റോഡ് ഗതാഗത സംവിധാനം ഏറെ മെച്ചപ്പെട്ടതാണ്.

വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ഓവുചാലുകളും അപര്യാപ്തതയും, പൂർത്തിയായ ഓവുചാലുകളിൽ നിന്ന് വെള്ളം ഒഴുകിപോകുവാനുള്ള സംവിധാനമില്ലായ്മയും റോഡിന്റെ വീതികുറവും, വർഷക്കാലത്ത് റോഡിനിരുവശത്തുകൂടിയുള്ള കാൽനടയാത്ര സുഗമമല്ലാതാക്കുന്നു. വാട്ടർ അതോറിറ്റി, പി. ആൻറ് ടി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ പണികൾ സംയോജിപ്പിക്കാത്തതുമൂലം റോഡിന് തുടർച്ചയായ അറ്റകുറ്റപണികൾ നടത്തേണ്ടിവരുന്നു.

പഞ്ചായത്തിന്റെ കീഴിലുള്ള 92 കെ. എം. റോഡിൽ 21 കെ. എം. ടാർ ചെയ്യുകയും 3 കെ. എം. റോഡ് മെറ്റൽ ചെയ്യുകയും 60 കെ. എം. ഗ്രാവൽ ചെയ്യുകയും ചെയ്തി6 ട്ടുണ്ട്. കെ. എം. റോഡ് മണ്ണിട്ടതാണ്. ഓരോ വാർഡിലേയും വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തി ട്ടുണ്ട്.

പഞ്ചായത്തിലെ വാർഡുകളിലെ ഗതാഗതം ജനജീവിതത്തിൽ വന്ന മാറ്റത്തിനനുസരിച്ച് വികസിച്ചിട്ടില്ല. ഓരോ വാർഡിലേയും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലും കോളനികളിലും റോഡുവഴി ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്. വാർഡുകളിലെ ഉൾഭാഗങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെല്ലാം വാഹനങ്ങളും എത്തിച്ചേരുന്ന വിധത്തിലുള്ള ഗതാഗത സംവിധാനം ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ എം. എൽ. എ. റോഡുമായി ബന്ധിപിക്കുന്ന ബീച്ച് റോഡ് വീതിയിൽ നിർമ്മിക്കുകയും വൈപ്പിൻ വരെ നീട്ടുകയും വേണം. ദേശീയ ജലപാതയുടെ പണി അടിയന്തരമായി തീർക്കുകയും കായൽ തീരത്തുകൂടി ഒരു പുതിയ റോഡ് നിർമ്മിക്കുകയും വേണം. വൈപ്പിൻ പാലത്തിനായി മൂന്നാം വാർഡിൽ നികത്തിയെടുക്കുന്ന സ്ഥലത്തുനിന്ന് തെക്കോട്ട് മുരിക്കുംപാടം വരെയും വടക്കോട്ട് ഞാറയ്ക്കൽ വരെയും ഒരു പുതിയ റോഡുണ്ടാക്കണം. പഞ്ചായത്തിൽ തെക്കു വടക്കായി കിടക്കുന്ന പൊഴിയുടെ ഇരുകരകളിലും കൂടി റോഡു നിർമ്മിക്കണം. പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി പോകുന്ന വൈപ്പിൻ റോഡിൽ എത്തുന്ന എല്ലാ പഞ്ചായത്തു വഴികളും വീതികൂട്ടുകയും ടാർ ചെയ്യുകയും വേണം.

പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഫ്രീസറണ്ടറുകൾ ലഭ്യമാക്കേണ്ടതാണ്.

ജലഗതാഗതവുമായി അഭേദ്യമായ ബന്ധമുള്ള എളങ്കുന്നപ്പുഴ പഞ്ചായത്ത് ഇന്നും ഭാഗീകമായി അത് തുടരുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും തൊഴിലിനും വിദ്യാഭ്യാസത്തിനുമായി കൊച്ചി എറണാകുളം എന്നീ പ്രദേശങ്ങളെ ആശ്രയിക്കുന്നു. അവിടേയ്ക്ക് എത്താൻ വൈപ്പിൻ ഫോർട്ടുകൊച്ചി എറണാകുളം വൈപ്പിൻ, കിൻകോ, എസ്. ഡബ്ല്യു.ടി.സി.

എന്നീ ഫെറി ബോട്ടുകളെ ആശ്രയിക്കുന്നു. രാവിലേയും വൈകുന്നേരവും ബസ്സുകളിൽ വൈപ്പിനിലെത്താം. തിരിച്ചുവരുവാനും പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതിന് അല്പം ആശ്വാസമാണ് കിൻകോയുടെ ബോട്ടുകൾ. ഓച്ചന്തുരുത്ത് ജെട്ടിയിലും കർത്തേടത്തും എത്തുന്നത് കൂടാതെ സ്വകാര്യ ബോട്ടുകളും കർത്തേടത്തുനിന്ന് എറണാകുളത്തേക്ക് പോകുന്നു. പനമ്പുകാട്ടേയ്ക്കുള്ള ബോട്ട് ഓച്ചന്തുരുത്തിലേയ്ക്കു കൂടി എത്തിച്ചാൽ അത് പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് ഒരു അനുഗ്രഹമായിരിക്കും. വ്യാപാരാവശ്യങ്ങൾക്കുള്ള ഉപഭോഗ സാധനങ്ങൾ എറണാകുളം മാർക്കറ്റിൽ നിന്ന് ഇന്നും ആഴ്ചയിൽ മൂന്നു പ്രാവശ്യം വള്ളങ്ങളിൽ ഇവിടെ കൊണ്ടുവരുന്നു. വൈപ്പിൻകരയിലെ വാഹനഗതാഗതം വിപുലമായെങ്കിലും ഇന്നും ചെലവു കുറഞ്ഞ മാർഗ്ഗം ജലഗതാഗതമാണ്. അത് ഇനിയും വികസിപ്പിക്കുവാൻ സാധിക്കും.

## പ്രശ്നങ്ങൾ

1. ഭൂരിഭാഗം വാർഡുകളിലും വേണ്ടത്ര റോഡുകളില്ല.
2. നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.
3. പഞ്ചായത്ത് റോഡുകൾ പൊതുവെ വീതികുറഞ്ഞവയാണ്.
4. റോഡുകൾക്ക് പൊതുവെ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.
5. ജലഗതാഗത മാർഗ്ഗങ്ങളെ അവഗണിക്കുന്നു.
6. ഫ്രീസറണ്ടർ കിട്ടുന്നതിനുള്ള തടസ്സങ്ങൾ പുതിയ റോഡുകളുടെ രൂപീകരണത്തിന് തടസ്സം സൃഷ്ടിക്കുന്നു.

## സാധ്യതകൾ

1. മുൻഗണനാക്രമത്തിൽ പുതിയ റോഡുകളുണ്ടാക്കുവാനുള്ള പരിപാടി സ്വീകരിക്കുക.
2. ബഹുജന സഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള പദ്ധതി രൂപീകരിക്കണം.
3. റോഡു നിർമ്മാണത്തിന് മോണിട്ടറിങ്ങ് നടത്തുന്നതിനും പൂർത്തിയായ റോഡുകളുടെ സംരക്ഷണത്തിനും പ്രാദേശിക ജനകീയ സമിതികളുടെ രൂപീകരണം.
4. നീർക്കെട്ട് ഒഴിവാക്കുവാൻ ആവശ്യമുള്ളിടത്ത് ബോക്സ് കൽവർട്ടുകൾ സ്ഥാപിക്കുക.
5. ജീവിത സാഹചര്യങ്ങളിൽ വന്ന ആവശ്യകത അനുസരിച്ച് ഗതാഗത സൗകര്യങ്ങളുടെ സംവിധാനം.

വാർഡ്-1

## നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | വിശുദ്ധ ത്രേസ്യ കപ്പേള റോഡ് | ഇല്ല | പകുതി | പാതി | - | 435.M | 2.40M |
| 2. | മില്ലുവഴി | ഇല്ല | ഇല്ല | ഗ്രാവൽ | - | 285.M | 8.M |
| 3. | ഡിവർ ലൈൻ കിഴക്ക് | ഇല്ല | പകുതി | പകുതി | - | 150.M | 3.M |
| 4. | ഡിവർ ലൈൻ ബീച്ച് | ഇല്ല | പകുതി | പകുതി | - | 345.M | 3.M |
| 5. | ചർച്ച് ലൈൻ റോഡ്, പടിഞ്ഞാറ് | ഇല്ല | മെറ്റൽ | - | - | 40.M | 2.40M |
| 6. | ചർച്ച് ലൈൻ കിഴക്ക് | - | ,, | - | - | 45.M | 2.40M |
| 7. | ചാമുണ്ടി ലൈൻ കിഴക്ക് | - | - | ഗ്രാവൽ | - | 85.M | 8.M |
| 8. | ചാമുണ്ടി പടിഞ്ഞാറ് | - | - | ഗ്രാവൽ | - | 100.M | 8.M |
| 9. | ഹെൽത്ത് സെൻറർ പണിക്കരുപടി | - | - | ഗ്രാവൽ | - | 35.M | 8.M |
| 10. | ഈശി സറണ്ടർ റോഡ് | | | | | 35.M | 2.M |

## നിർദ്ദേശിക്കുന്ന റോഡുകൾ

നീളം - കിലോമീറ്റർ
വീതി - മീറ്റർ

| ക്രമ നമ്പർ | റോഡിൻെറ പേര് | | നീളം | വീതി |
|---|---|---|---|---|
| 1. | മില്ലുവഴി പടിഞ്ഞാറുഭാഗം ഷേണായി റോഡ് | 5 | 400M | 5M |
| 2. | സൂര്യപമ്പിനു പടിഞ്ഞാറുവശം തുടങ്ങി കാരിക്കാശ്ശേരി റോഡിൽ അവസാനിക്കുന്നു. | I K. M. | 5 M | |

# 2-ാം വാർഡ് നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | സിവാൾ റോഡ് | | | | ,, | 1500 m | 4 m |
| 2. | കെ. ജി. ലക്ഷ്മണൻ റോഡ് | | | ,, | | 100 m | 2m |
| 3. | തോപ്പിൽ മേരി റോഡ് | | | | ,, | 125 m | 1 1/4 m |
| 4. | മണ്ഡപം റോഡ് | | | | ,, | 150 m | 2 1/4 m |
| 5. | മണ്ഡപം സൗത്ത് | | | | ,, | 100 m | 1 1/2 m |
| 6. | ഗാന്ധി കൃഷ്ണ west -I | | | | ,, | 175 m | 1 1/4 m |
| 7. | ഗാന്ധികൃഷ്ണ West | | | ,, | | 200 m | 1 1/2 m |
| 8. | ഗാന്ധി കൃഷ്ണ West -II | | | ,, | | 100 m | 1 m |
| 9. | ഗാന്ധി കൃഷ്ണ West -III | | | | ,, | 75 m | 1 m |
| 10. | ഗാന്ധി കൃഷ്ണ North -I | | | | ,, | 100 m | 3/4 m |
| 11. | ഗാന്ധി കൃഷ്ണ North -II | | | | ,, | 125 m | 1 m |
| 12. | ഗാന്ധി കൃഷ്ണ North -III | | | | ,, | 200 m | 1 m |
| 13. | മല്ലികാർജ്ജുന West (കെ. ജി. റോഡ്) | | | | ,, | 250 | 2 m |
| 14. | കുഡുംബി സേവാസംഘം റോഡ് | | | | ,, | 125 m | 1 m |
| 15. | തോപ്പിൽ മേരി റോഡ് | | | ,, | | 150 m | 1 m |
| 16. | പമ്പ് West South | | | ,, | | 300 m | 1 1/2 m |
| 17. | പമ്പ് West | | | | ,, | 100 m | 1 m |
| 18. | ഗ്രൗണ്ട് റോസ് | | | ,, | ,, | 150 m | 1 3/4 .300 |
| 19. | മുരിക്കുംപാടം ജെട്ടി West | | | | ,, | 300 m | 3 1/2 m |
| 20. | എസ്. സി/ എസ്. ടി. റോഡ് | | | | ,, | 125 m | 1 m |
| 21. | ചെല്ലിപ്പുറം റോഡ് | | | | ,, | 200 m | 1 m |
| 22. | മുരിക്കുംപാടം ജെട്ടി ഈസ്റ്റ് | ,, | | | | 50 m | 3 1/2 m |
| 23. | ഐസ് പ്ലാന്റ് റോഡ് | | | ,, | | 50 m | 1 1/2 m |
| 24. | കാരിക്കശ്ശേരി റോഡ് | | | ,, | | 100 m | 2 m |
| 25. | മല്ലികാർജ്ജുന സൗത്ത് | | | | ,, | 100 m | 1 m |
| 26. | ഗാന്ധി കൃഷ്ണ ഈസ്റ്റ് റോഡ് | | വാർത്ത | | | 110 m | 2 m |
| 27. | എ. ജി. വേലായുധൻ സ്മാരക റോഡ് | | | ,, | | 125 m | 3 1/2 m |
| 28. | എ. ജി. നോർത്ത് | | | ,, | | 75 m | 1 1/2 m |
| 29. | എ. ജി. സൗത്ത് | | | | ,, | 75 m | 1 1/2 m |
| 30. | വേലപ്പൻ ആശാൻ റോഡ് | | | | ,, | 200 m | 1 m |

# വാർഡ് – 3 നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | കുരിശിങ്കൽ ചർച്ച് റോഡ് | ടാർ | | | | 600 M | 4 M |
| 2. | മുരുക്കുംപാടം ബീച്ച് റോഡ് | ,, | | | | 900 M | 6.8 M |
| 3. | പി. കെ. എം. വായനശാല റോഡ് | | | ഗ്രാവൽ | | 700 M | 4 M |
| 4. | പി. കെ. എം. വായനശാല വെസ്റ്റ് ലിങ്ക് റോഡ് | | | ,, | | 75 M | 3 M |
| 5. | പി. കെ. എം. വായനശാല നോർത്ത് ലിങ്ക് റോഡ് | | ,, | | 75 M | 3 M | |
| 6. | പി. കെ. എം. വായനശാല ഈസ്റ്റ് റോഡ് | | | ,, | | 90 M | 2 1/2 M |
| 7. | തെക്കൻ മാലിപ്പുറം റിവർ സൈഡ് റോഡ് | | | ,, | | 650 M | 4 M |
| 8. | ബീച്ച് റോഡ് 1st നോർത്തു ലിങ്ക് റോഡ് | | | ,, | | 80 M | 2 1/2 M |
| 9. | ബീച്ച് ധറാഡ് 2nd നോർത്തു ലിങ്ക് റോഡ് | | | ,, | | 70 M | 2 1/2 M |
| 10. | ബീച്ച് ധറാഡ് 1st സൗത്ത് റോഡ് | | | ,, | | 100 M | 2 1/2 M |
| 11. | ബീച്ച് റോഡ് 2nd സൗത്ത് റോഡ് | | | ,, | | 100 M | 2 1/2 M |
| 12. | എം. എ. റഹിം റോഡ് | | | ,, | | 180 M | 3 M |
| 13. | റഹിം റോഡ് നോർത്തുലിങ്ക് റോഡ് | | | ,, | | 50 M | 3 M |
| 14. | റഹിം റോഡ് സൗത്ത് ലിങ്ക് റോഡ് | | | ,, | | 70 M | 3 M |
| 15. | ശ്മശാനം ലിങ്ക് റോഡ് | | | ,, | | 50 M | 2 M |
| 16. | കുരിശിങ്കൽ വെസ്റ്റ് ലിങ്ക് റോഡ് | | | ,, | | 50 M | 3 M |
| 17. | കുരിശിങ്കൽ ഈസ്റ്റ് ലിങ്ക് റോഡ് | | | ,, | | 50 M | 3 M |

## വാർഡ് ' 3 പുതിയതായി നിർദ്ദേശിക്കുന്ന റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ റോഡ് | മെറ്റൽ റോഡ് | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | മുരുക്കുംപാടം വെസ്റ്റ് റോഡിൽ നിന്നും ബീച്ച് റോഡിലേക്ക് ലിങ്ക് റോഡ് | | | | മണ്ണ് | 200 M | 3 M |
| 2. | മുരിക്കുംപാടം വെസ്റ്റ് റോഡ് Ist നോർത്തു ലിങ്ക് | | | | ,, | 50 M | 3 M |
| 3. | വെസ്റ്റ് റോഡ് 2nd നോർത്തു ലിങ്ക് റോഡ് | | | | മണ്ണ് | 100 M | 3 M |
| 4. | ബീച്ച് റോഡിൽ നിന്നുള്ള Ist സൗത്ത് റോഡിൽ നിന്ന് വെസ്റ്റിലേയ്ക്കുള്ള റോഡ് | | | | ,, | 100 M | 3 M |
| 5. | തെക്കൻ മാലിപ്പുറം റിവർ സൈഡ് റോഡിൽ നിന്നും തെക്കോട്ടു ശ്മശാനത്തിനു കിഴക്കുഭാഗത്തുള്ള ലിങ്ക് റോഡ് | | | | ,, | 75 M | 3 M |
| 6. | തെക്കൻ മാലിപ്പുറം ബസ്സ് സ്റ്റോപ്പിൽ നിന്നും കിഴക്കോട്ടു തിരിഞ്ഞു വടക്കോട്ടു പോകുന്ന ലിങ്ക് റോഡ് | | | | ,, | 50 M | 3 M |
| 7. | തെക്കൻ മാലിപ്പുറം ബസ്സ് സ്റ്റോപ്പിൽ നിന്ന് വടക്കോട്ടുമാറി കിഴക്കോട്ടുപോകുന്ന ലിങ്ക് റോഡ് | | | | ,, | 50 M | 3 M |
| 8. | ചർച്ച് റോഡിൽ നിന്നും തെക്കോട്ട് സാർത്തോസിൻെറ വീടിനു മുൻവശത്തുകൂടി പോകുന്ന റോഡ് | | | | ,, | 200 M | 4 M |
| 9. | തെക്കൻ മാലിപ്പുറം പഞ്ചായത്ത് കക്കൂസിൻെറ വടക്കുവശത്തു കൂടി പടിഞ്ഞാട്ടുപോകുന്ന റോഡ് | | | | ,, | 200 M | 4 M |

# വാർഡ് – 4 നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | കൈമൾ ചിറ റോഡ് (പടിഞ്ഞാറെ ഭാഗം മുതൽ കിഴക്ക് ജെട്ടി വരെ) | | | 1500 m | | 1500 m | 4 m |
| 2. | സൗത്ത് ജെട്ടി റോഡ് | | | 1250 m | | 1250 m | 3 m |
| 3. | സ്റ്റാച്ചു റോഡ് | | | 800 m | | 800 4 m | |
| 4. | കുരിശിങ്കൽ പള്ളിക്ക് വടക്കുഭാഗത്തുകൂടി പള്ളിപ്പാലം | | | 500 m | 500 m | 4 m | |
| 5. | കമ്പനി പീടിക വെസ്റ്റ് റോഡ് | | | 175 m | 175 m | 3 m | |
| 6. | വി. പി. റോഡിനു പടിഞ്ഞാറുഭാഗം മാർക്കറ്റിന് പടിഞ്ഞാറുഭാഗം | | | 100 m | | 100 m | 3 m |

# നിർദ്ദേശിക്കുന്ന റോഡുകൾ 4–ാം വാർഡ്

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | കൈമൾചിറ ലിങ്ക് റോഡ് | | | | | 75 മീ. | 4 മീ. |
| 2. | പൂപ്പാടി പാലത്തിൽ നിന്നും പടിഞ്ഞാട്ട് മിഡ് ലൈൻ റോഡുമായി ബന്ധിക്കുക. (പൂപ്പാടി മിഡ് ലൈൻ) | | | | | 100 മീ. | 3 മീ. |
| 3. | കൈമൾ ചിറ – പനഞ്ചിച്ചോട് ലിങ്ക് സ്റ്റാച്യു ലൈൻ | | | | | 75 മീ. | 3 മീ. |
| 4. | Statue line വടക്ക് ലിങ്ക് പൈപ്പ് ലൈൻ | | | | | 125 മീ. | 4 മീ. |
| 5. | മുട്ടുങ്കൽ – കൈമൾച്ചിറ | | | | | 200 മീ. | 3 മീ. |
| 6. | വി. പി. റോഡ് – ദേവി മാസ്റ്ററുടെ കിഴക്കുവശം | | | | | 100 മീ. | 2 മീ. |
| 7. | എ. ജി. സ്മാരക സൗത്ത് ജെട്ടി ലൈൻ | | | | | 100 മീ. | 2 മീ. |
| 8. | കുരിശ് – വടക്ക് – തുമ്പ് – പടിഞ്ഞാറ് | | | | | 200 മീ. | 2 മീ. |
| 9. | വായനശാല – സ്റ്റാച്യു ലൈൻ | | | | | 150 മീ. | 2 മീ. |
| 10. | ചർച്ച് റോഡ് വടക്ക് ലിങ്ക് റോഡ് ജെട്ടി ലൈൻ റോഡ് | | | | | 300 മീ. | 3 മീ. |

## വാർഡ് – 5 നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാറിംഗ് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | സ്കൂൾ മുറ്റം ജെട്ടി റോഡ് | 180 M | | 500 M | 800 M | 1.500 K M | 4 M |
| 2. | സ്കൂൾ മുറ്റം സൗത്ത് റോഡ് | | | 600 M | | 600 M | 4 m |
| 3. | കാട്ടാശ്ശേരി സേവ്യർ മെമ്മോറിയൽ റോഡ് | 1.500 KM | | | | 1.500 KM | 4 M |
| 4. | സാൻറക്രൂസ് റോഡ് | | | 600 M | | 600 M | 2.5 M |
| 5. | മിഡ്‌ലൈൻ റോഡ് | | | 25 M | 650 M | 675 M | 3 M |
| 6. | ലിംഗ് റോഡ് സാൻറക്രൂസ് + മിഡ്‌ലൈൻ | | | | 125 M | 125 M | 2.5 M |
| 7. | ഫ്ളോറിയാൻ റോഡ് | | | 100 M | | 100 M | 2 M |
| 8. | ന്യൂ സറണ്ടറി റോഡ് | | | 50 M | | 50 M | 2 M |
| 9. | പങ്ക്യൻ സൈഡ് റോഡ് | | | 50 M | | 50 M | 2.5 M |
| 10. | പ്രിയദർശനി റോഡ് | | | | 300 M | 300 M | 2. M |
| 11. | ന്യൂ റോഡ് | | | 75 M | | 75 M | 3 M |
| 12. | ജോതിസ് റോഡ് | | | 75 M | | 75 M | 2.5 M |

## നിർദ്ദേശിക്കുന്ന വാർഡ് – 5 ലെ റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | കാട്ടാശ്ശേരി മെമ്മോറിയൽ റോഡിൽ നിന്നും ഫോറിയാൻ റോഡ് സ്കൂൾ മുറ്റം ബോട്ട് ജെട്ടി റോഡുമായി ബന്ധിപ്പിക്കുക. | | | 750 M | | 750 M | 3 M |
| 2. | കളരിക്കൽ റോഡും സ്കൂൾ മുറ്റം ബോട്ട് ജെട്ടി റോഡിൻെറ കിഴക്കുഭാഗവുമായി ബന്ധപ്പെടുത്തുക | | | | | 400 M | 2 M |
| 3. | കല്ലൂക്കാരൻ വഴി കാട്ടാശ്ശേരി സേവ്യർ മെമ്മോറിയൽ റോഡുമായി ബന്ധിക്കുക | | | | | 500 M | 3 M |
| 4. | നിലവിലുള്ള ജോതിസ് റോഡ് കല്ലൂക്കാരൻ റോഡും വി. പി. റോഡുമായി ബന്ധിക്കുക | | | | | 300 M | 3 M |
| 5. | സ്കൂൾ മുറ്റം സ്റ്റോപ്പിൽ നിന്നും 9-ാം വാർഡിലെ ഓൾഡ് പഞ്ചായത്ത് റോഡുമായി ബന്ധിക്കുക | | | | | 60 M | 3 M |

# എളങ്കുന്നപ്പുഴ പഞ്ചായത്തിലെ 6-ാം വാർഡിൽ നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | സബ് സ്റ്റേഷൻ റോഡ് | - | - | 20- m | 150 m | 350 m | 4.5 m |
| 2. | സെൻറ് പീറ്റേഴ്സ് റോഡ് | - | - | 480 m | - | 480 m | 4.5 m |
| 3. | ലക്ഷം വീട് കോളനി റോഡ് | - | - | 200 m | - | 200 m | 3 m |
| 4. | അലങ്കാർ റോഡ് | - | - | 200 m | 280 m | 480 m | 2.40 m |
| 5. | ജനതാ റോഡ് | - | - | 65 m | 70 m | 135 m | 2 m |
| 6. | സെൻട്രൽ റോഡ് | - | - | 200 m | 160 m | 360 m | 2 m |
| 7. | ചർച്ച് റോഡ് | - | - | 325 m | 300 m | 325 m | 4.10 m |
| 8. | വളപ്പ് ഈസ്റ്റ് റോഡ് | - | - | - | 140 m | 140 m | 2.40 m |
| 9. | സത്താർ ലെയിൻ | - | - | 75 m | 100 m | 1.75 m | 2.1/2 m |
| 10. | സ്കൂൾ മുറ്റം റോഡ് | 225 m | - | - | - | 225 m | 4 m |
| 11. | പഴയ പഞ്ചായത്ത് റോഡ് | - | 400 m | 685 m | - | 1.75 km | 4.5 m |
| 12. | കൈപ്പിള്ളി റോഡ് | - | - | 200 m | - | 200 m | 4 m |
| 13. | മരക്കാധശ്ശേരി മെമ്മോറിയൽ റോഡ് | - | - | - | 211 m | 211 m | 3 m |
| 14. | കളരിക്കൽ ലെയിൻ | - | - | 140 m | - | 140 m | 3 m |
| 15. | ബോട്ട് ജെട്ടി റോഡ് | - | - | 550 m | - | 550 m | 4 m |
| 16. | പാപ്പി മെമ്മോറിയൽ റോഡ് | - | - | 550 m | - | 550 m | 4 m |

# 7-ാം വാർഡ് നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | മുരുക്കുംപാടം ബീച്ച് റോഡ് | 600 മീ. | - | 300 മീ | - | 900 മീ. | 8 മീ |
| 2. | തീരദേശ റോഡ് | 1 കി. മീ. 750 മീ | - | - | - | 1 കി. 750 മീ. | 8 മീ. |
| 3. | സീഷോർ റോഡ് | - | - | - | 1 കി. 500 മീ. | 1 കി. 500 മീ. | 4 മീ. |
| 4. | സ്മശാനം | - | 1 കി. മീ. | 200 മീ. | - | 1 കി. 200 മീ. | 4 മീ. |
| 5. | യൂണിവേഴ്സിറ്റി റോഡ് | - | - | 750 മീ. | - | 750 മീ. | 6 മീ. |
| 6. | കിസാൻ റോഡ് | - | - | 500 മീ. | - | 500 മീ. | 3 മീ. |
| 7. | ചെളിപ്പുറം റോഡ് | - | - | 500 മീ. | 400 മീ. | 900 മീ. | 3 മീ. |
| 8. | മിനി കോളനി റോഡ് | - | - | 500 മീ. | - | 500 മീ. | 3 മീ. |
| 9. | (സീ ഷോർ സൗത്ത്) റോഡും സ്റ്റാർട്ടിംഗ് ഫ്രം മുരുക്കും പാടം ബീച്ച് റോഡ് വെസ്റ്റ് എൻറ് (ശ്രീരാമൻ ടെമ്പിൾ റോഡ്) | - | - | 500 മീ. | | 500 മീ. | 2 മീ. |
| 10. | യൂണിവേഴ്സിറ്റി കോളനി ലിങ്ക് റോഡ് | - | - | - | 300 മീ. | 300 മീ. | 2.5 മീ. |
| 11. | ആർ. എം. പി. കനാൽ വെസ്റ്റ് റോഡ് | - | - | 200 മീ. | - | 200 മീ. | 2.5 മീ. |
| 12. | ,, ഈസ്റ്റ് ,, | - | - | 300 മീ. | - | 300 മീ. | 2.5 മീ. |
| 13. | ടെമ്പിൾ റോഡ് | - | - | 750 മീ. | - | 750 മീ. | 3 മീ. |
| 14. | കൃഷ്ണൻകുട്ടി മാസ്റ്റർ റോഡ് | - | - | - | 400 മീ. | 400 മീ. | 3 മീ. |
| 15. | സ്മശാനം വെസ്റ്റ് റോഡ് | - | - | 200 മീ. | 300 മീ. | 500 മീ. | 4 മീ. |
| 16. | കമ്പനിപീടിക വെസ്റ്റ് റോഡ് | - | - | - | 500 മീ. | 500 മീ. | 3 മീ. |
| 17. | പള്ളി റോഡ്, സൗത്ത് | - | - | 250 മീ. | - | 250 മീ. | 2.5 മീ. |
| 18. | ന്യൂ കിസാൻ റോഡ് | - | - | 200 മീ. | - | 200 മീ. | 3 മീ. |
| 19. | പീപ്പിൾസ് റോഡ് (കലുങ്ക്) | - | - | 250 മീ. | - | 250 മീ. | 2.5 മീ. |

# 7-ാം വാർഡ് പുതുതായി നിർദ്ദേശിക്കുന്ന റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | യൂണിവേഴ്സിറ്റി വടക്ക് വശത്തുള്ള കലുങ്കിനു സമീപത്തു നിന്ന് കിഴക്കോട്ട് | | | | 200 മീ. | 200 മീ. | |
| 2. | കമ്പനിപടി പടിഞ്ഞാറ് തോടിന് വടക്കുവശം പടിഞ്ഞാറോട്ട് | - | - | - | 400 മീ. | 400 മീ. | |
| 3. | കെ. കെ. കൃഷ്ണൻെറ വീടിനു സമീപത്തു കൂടി തെക്കോട്ട് | - | - | - | 200 മീ. | 2 മീ. | |
| 4. | കിസാൻ റോഡിൽ നിന്ന് കിഴക്കോട്ട് | - | - | - | 300 മീ. | 300 മീ. | |
| 5. | ന്യൂ കിസാൻ റോഡിനോട് തുടർച്ച | - | - | - | 500 മീ. | 500 മീ. | |
| 6. | ടെമ്പിൾ റോഡിൽ നിന്ന് തെക്കോട്ടുള്ള റോഡ് | - | - | - | 200 മീ. | 200 മീ. | |
| 7. | മുരുക്കുംപാടം ബീച്ച് റോഡിൻെറ പടിഞ്ഞാറു ഭാഗത്തു നിന്ന് കൃഷ്ണൻ കുട്ടിമാസ്റ്റർ റോഡിൽ ലിങ്ക് ചെയ്യുന്ന റോഡ് | - | - | - | 400 മീ. | 400 മീ. | |
| 8. | കാനപ്പിള്ളി ഔസോയുടെ വീടിനടുത്തുനിന്ന് പടിഞ്ഞാറോട്ട് | - | - | - | 100 മീ. | 100 മീ. | |
| 9. | റേഷൻ കടയുടെ പടിഞ്ഞാറേട്ട് സീഷോർ വരെ | - | - | - | 400 മീ. | 400 മീ. | |
| 10. | കാദർ ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് | - | - | - | 150 മീ. | 150 മീ. | |
| 11. | സി. വി. പീതാംബരൻെറ വീടിനു സമീപത്തു കൂടിയുള്ള റോഡ് | - | - | - | 200 മീ. | 200 മീ. | |
| 12. | വള്ളോൻ മാസ്റ്ററുടെ മുൻവശത്തുനിന്ന് തീരദേശ റോഡ് - സ്മശാനം ലിങ്ക് റോഡ് | - | - | - | 150 മീ. | 150 മീ. | |
| 13. | ജി. വി. പി. എസിന് പടിഞ്ഞാറുവശത്തു കൂടിയുള്ള റോഡ് | - | - | - | 500 മീ. | 5 മീറ്റർ. | |

## 8-ാം വാർഡ് നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | തീരദേശ റോഡ് | ടാർ | - | - | - | 1150 മീ. | 8 മീ. |
| 2. | സെൻട്രൽ ബീച്ച് റോഡ് | ടാർ | - | - | - | 1500 മീ. | 8 മീ. |
| 3. | റോഡ് പുതുവൈപ്പ് ഗവ. യു. പി. സ്കൂളിനടുത്തുനിന്നും വടക്കോട്ട് | - | - | ഗ്രാവൽ | - | 750 മീ. | 4 മീ. |
| 4. | ബെയ്സിൽ റോഡ് | - | - | ഗ്രാവൽ | - | 500 മീ. | 4 മീ. |
| 5. | സെൻറ് സെബാസ്റ്റ്യൻ ചർച്ചിനു കിഴക്കുവശത്തുകൂടി ബെയ്സിൽ റോഡുമായി ബന്ധിക്കുന്ന റോഡ് | - | - | ഗ്രാവൽ | - | 225 മീ. | 3 മീ. |
| 6. | ഓൾഡ് സ്കൂൾ റോഡ് | - | - | - | മണ്ണ് | 200 മീ. | 2.50 മീ. |
| 7. | Road stanting from near the house of Pattathu Soman | - | - | ഗ്രാവൽ | - | 150 മീ. | 2 മീ. |
| 8. | അങ്ങാടി റോഡ് | - | - | ഗ്രാവൽ | - | 150 മീ. | 2 മീ. |
| 9. | Road standing from Near the house of Moris to West | - | - | ഗ്രാവൽ | - | 150 മീ. | 2 മീ. |
| 10. | സഹൃദയ റോഡ് | - | - | ഗ്രാവൽ 100മീ. | മണ്ണ് 100 മീ. | 200 മീ. | 2 മീ. |
| 11. | ചെളിപ്പുറം റോഡ് | - | - | ഗ്രാവൽ | - | 300 മീ. | 2 മീ. |
| 12. | Road Stanting from Near the house of Sivan | - | - | ഗ്രാവൽ | - | 100 മീ. | 2 മീ. |
| 13. | ഹരിജൻ സെറ്റിൽമെൻറ് റോഡ് | - | - | - | മണ്ണ് | 200 മീ. | 2 മീ. |
| 14. | എൽ. പി. ജി. ഗോഡൗൺ റോഡ് | - | - | ഗ്രാവൽ | - | 100 മീ. | 2.5 മീ. |
| 15. | സുഭാഷ് ബോസ് റോഡ് | - | - | - | മണ്ണ് | 150 മീ. | 2 മീ. |
| 16. | ഭഗത് സിംഗ് റോഡ് | - | - | - | മണ്ണ് | 150 മീ. | 2 മീ. |

## 8-ാം വാർഡ് നിർദ്ദേശിക്കുന്ന പുതിയ റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | ഫിഷർമെൻ റോഡ് (Stanting from the west of Temple) | - | - | - | മണ്ണ് | 600 മീ. | 3 മീ. |
| 2. | Road stanting form Near the house of Chathamassery Alxander to east | - | - | - | മണ്ണ് | 100 മീ. | 2 മീ. |
| 3. | Road stanting from Near the house of Gopi (West of church) to north | - | - | - | മണ്ണ് | 100 മീ. | 2 മീ. |
| 4. | Road stanting from Near the house of തൈപ്പറമ്പിൽ മാർട്ടിൻ to the south (East of church) | - | - | - | മണ്ണ് | 300 മീ. | 4 മീ. |
| 5. | ഗവ. യു. പി. സ്കൂളിനടുത്തുനിന്നും വടക്കോട്ടുപോകുന്ന റോഡ് 750 മീറ്ററിനപ്പുറം ബാക്കി ഏകദേശം 300 മീറ്റ് പുതിയതായി രൂപീകരിക്കേണ്ടതാണ് | - | - | - | മണ്ണ് | 300 മീ. | 4 മീ. |
| 6. | Road stanting from near the house of Ponnatharayil Vasu to North | - | - | ഗ്രാവൽ | - | 100 മീ. | 2 മീ. |

## വാർഡ് – 9 നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | ഓൾഡ് പഞ്ചായത്ത് റോഡ് | - | - | ഗ്രാവൽ | - | 1 കി. മീ. | 5 മീ. |
| 2. | വേട്ടുവ കോളനി റോഡ് | ടാർ ചെയ്തത് | - | ഗ്രാവൽ | - | 500 മീ. | 5 മീ. |
| 3. | കോളനി ലിങ്ക് റോഡുകൾ (3) എണ്ണം | - | - | ഗ്രാവൽ | - | 400 മീ. | 4 മീ. |
| 4. | ലോനൻ കോളനി റോഡ് | - | - | ഗ്രാവൽ | - | 150 മീ. | 2 1/2 മീ. |
| 5. | വേട്ടുവ കോളനി റോഡിന്റെ തെക്കേ അറ്റം പടിഞ്ഞാറ് | - | - | ഗ്രാവൽ | - | 200 മീ. | 2 1/2 മീ. |
| 6. | സാന്താക്രൂസ് വെസ്റ്റ് റോഡ് | - | - | ഗ്രാവൽ | - | 200 മീ. | 2 1/2 മീ. |
| 7. | ഡോക്ടർ സുകുമാരന്റെ വി. പി. പടിഞ്ഞാറു ഭാഗത്തുള്ള വഴി | - | - | ഗ്രാവൽ | - | 250 മീ. | 2 1/2 മീ. |
| 8. | ലൈറ്റ് ഹൗസ് റോഡിൽ നിന്നും വടക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 150 മീ. | 2 1/2 മീ. |

## 9–ാം വാർഡ് പുതിയതായി നിർദ്ദേശിക്കുന്ന റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | മംഗലത്ത് ആൻറണിയുടെ കടയുടെ സമീപ ത്തുനിന്നും തെക്കോട്ടുള്ള റോഡ് | - | - | - | - | 200 മീ. | 2 1/2 മീ. |
| 2. | വി. പി. റോഡിൽ നിന്ന് പടിഞ്ഞാറുഭാഗത്ത് ഓൾഡ് പഞ്ചായത്തുമായി മുട്ടുന്ന വഴി (Near Temble) | - | - | - | - | 150 മീ. | 2 മീ. |
| 3. | വി. പി. റോഡിൽ നിന്നും പടിഞ്ഞാറുഭാഗത്ത് സ്കൂൾമുറ്റം സ്റ്റോപ്പിനു പടിഞ്ഞാറുള്ള വഴി പഞ്ചായത്തു വഴിയുമായി യോജിപ്പിക്കണം | - | - | - | - | 150 മീ. | 2 1/2 മീ. |

# 10-ാം വാർഡ് റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ | | മെറ്റൽ | | ഗ്രാവൽ | | മണ്ണ് | |
|---|---|---|---|---|---|---|---|---|---|
| | | നീളം M | വീതി M | നീളം M | വീതി M | നീളം M | വീതി M | നീളം M | വീതി M |
| 1. | വളപ്പു ബീച്ച് റോഡ് | 1400 | 8 | - | - | - | - | 50 | 8 |
| 2. | തീരദേശ റോഡ് | 1000 | 7 | - | - | - | - | - | - |
| 3. | മാലിപ്പുറം പുലയക്കോളനി റോഡ് | 250 | 4 | 300 | 4 | - | - | - | - |
| 4. | പഴയ പഞ്ചായത്ത് റോഡ് | - | - | - | - | 150 | 5 | - | - |
| 5. | മാലിപ്പുറം ബീച്ച് റോഡ് | - | - | - | - | 1500 | 6 | - | - |
| 6. | എം. ഐ. ഇ. റോഡ് | - | - | - | - | 125 | 4 | - | - |
| 7. | പഴയ പഞ്ചായത്ത് നോർത്ത് ലിങ്ക് റോഡ് | - | - | - | - | 80 | 2.5 | - | - |
| 8. | അജന്ത ഫണ്ട് റോഡ് | - | - | - | - | - | - | 250 | 3 |
| 9. | കാട്ടാശ്ശേരി റോഡ് | - | - | - | - | 50 | 2.5 | - | - |
| 10. | ആർ. എം. പി. വെസ്റ്റ് റോഡ് | - | - | - | - | 200 | 3 | - | - |
| 11. | ആർ. എം. പി. ഈസ്റ്റ് റോഡ് | - | - | - | - | 210 | 3 | - | - |
| 12. | മൂക്കൻചിറ റോഡ് | - | - | - | - | 300 | 3 | - | - |
| 13. | ഇങ്ങൂർ തുരുത്ത് റോഡ് | - | - | - | - | 300 | 3 | - | - |
| 14. | കൊടിയന്തറ റോഡ് | - | - | - | - | 125 | 3 | - | - |
| 15. | ബീച്ചു ലിങ്ക് റോഡ് | - | - | - | - | 100 | 2.5 | - | - |
| 16. | മൂക്കൻചിറ ലിങ്ക് റോഡ് | - | - | - | - | - | - | 100 | 2 1/2 |

# 10-ാം വാർഡ് പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ | | മെറ്റൽ | | ഗ്രാവൽ | | മണ്ണ് | |
|---|---|---|---|---|---|---|---|---|---|
| | | നീളം | വീതി | നീളം | വീതി | നീളം | വീതി | നീളം | വീതി |
| 1. | ചാപ്പ ബിച്ച് റോഡ് (അയ്യങ്കുട്ടി സാമി പാലം മുതൽ തീരദേശ റോഡുവരെ | - | - | - | - | 1500 m | 3 m | - | - |
| 2. | കൊടിയന്തറ റോഡ് | - | - | - | - | 150 | 3 | - | - |
| 3. | ഡിസ്പെൻസറി റോഡ് | - | - | - | - | 100 | 3 | - | - |
| 4. | കാട്ടാശ്ശേരി റോഡ് (നീട്ടൽ) | - | - | - | - | 50 | 3 | - | - |
| 5. | ബീച്ച് ലിങ്ക് റോഡ് | - | - | - | - | 50 | 2.5 | | |
| 6. | പഴയ പഞ്ചായത്ത് റോഡ് (നീട്ടൽ) | - | - | - | - | 75 | 4 | - | |
| 7. | മൈതാനം റോഡ് | - | - | - | - | 75 | 6 | - | - |

## പാലം – കൽവർട്ട്

1. അയ്യങ്കുട്ടി സാമി പാലം
2. മാലിപ്പുറം ആർ. എം. പി. തോട്ടിൽ — 3 മരപ്പാലങ്ങൾ

## കൽവർട്ടുകൾ

1. വളപ്പു ബിച്ചുറോഡിൽ — 3 പൈപ്പു കൽവർട്ട്
2. മാലിപ്പുറം ബീച്ചു റോഡിൽ — 6 കൽവർട്ടുകൾ
3. തീരദേശ റോഡിൽ — 4 പൈപ്പു കൽവർട്ടുകൾ
4. ആർ. എം. പി. വെസ്റ്റ് റോഡിൽ — 2 കൽവർട്ട്
5. ആർ. എം. പി. ഈസ്റ്റ് റോഡിൽ — 3 കൽവർട്ട്
6. മൂക്കൻചിറ റോഡിൽ — 1 കൽവർട്ട്
7. കൊടിയന്തറ റോഡിൽ — 3 കൽവർട്ടുകൾ
8. തീരദേശ കനാലിൽ — 2 കൽവർട്ട്

# 11-ാം വാർഡ് നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | ഫിഷർമെൻ റോഡ് | - | - | ഗ്രാവൽ | - | 380 മീ. | 12 ലിംഗ്സ് |
| 2. | മിനി റോഡ് | - | - | - | മണ്ണ് | 60 മീ. | " |
| 3. | താഞ്ചൽ റോഡ് | - | - | - | " | 300 മീ. | " |
| 4. | റോട്ടറി വില്ലേജ് ലക്ഷം വീട് റോഡ് | - | - | ഗ്രാവൽ | - | 200 മീ. | 3 മീറ്റർ |
| 5. | എളങ്കുന്നപ്പുഴ ബീച്ച് റോഡ് (എ. എസ്. പുരുഷോത്തമൻ സ്മാരക റോഡ്) | 350 മീ. ടാർ | - | 1.35 KM | " | 1.75 കി. 200 മീ. | 8 മീ. |
| 6. | ജനശക്തി റോഡ് | - | - | " | - | 350 മീ. | 12 ലിംഗ്സ് |
| 7. | ലിംഗ് റോഡ് | - | - | " | - | 60 മീ. | 6 ലിംഗ്സ് |
| 8. | പീപ്പിൾസ് റോഡ് | - | - | " | - | 350 മീ. | 15 ലിംഗ്സ് |
| 9. | ഫിഷ് ഫാം റോഡ് | - | - | " | - | 365 മീ. | 3 മീ. |
| 10. | പെരുമാൾപടി ലക്ഷം വീട് റോഡ് | - | - | " | - | 200 മീ. | 5 1/2 മീ. |
| 11. | ചാപ്പ ബീച്ച് റോഡ് - 10-ാം വാർഡിൻെറ വടക്കേ അതിരിൽ നിന്നും ചാപ്പക്കടൽ വരെ | ടാർ | - | " | - | 200 മീ. | 8 മീ. |
| 12. | ബീച്ച് റോഡ് എം. എൽ. എ. റോഡ് | - | - | - | - | - | - |

## 11-ാം വാർഡ് നിർദ്ദേശിക്കുന്ന പുതിയ റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ ചെയ്തത് | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | ജനശക്തി റോഡ് ബന്ദർ കനാലിന് പടിഞ്ഞാറ് ഭാഗത്തേക്ക് നീട്ടി ഫിഷ് ഫാം വരെ | - | - | - | - | 250 മീ. | 12 ലിംഗ്സ് |
| 2. | ചാപ്പുകടപ്പുറം മുതൽ എൻ. എസ്. എളങ്കുന്നപ്പുഴ ബീച്ച് വരെ എം. എൽ. എ. റോഡ് | - | - | - | - | 250 മീ. | 8 മീറ്റർ |
| 3. | ഫിഷ് ഫാം റോഡ് ബന്ദർ കനാലിനു പടിഞ്ഞാറ് ഭാഗത്തേക്ക് ഫിഷ് ഫാം വനരെ | - | - | - | - | 500 മീ. | 6 മീ. 4 മീ. |
| 4. | കണ്ണപ്പശ്ശേരി ദി മു മുതൽ പേരുടെ വാസസ്ഥലത്തേക്കുള്ള വഴി | - | - | - | - | 350 മീ. | 8 ലിംഗ്സ് |
| 5. | പെരുമാൾപടി പള്ളി റോഡ് (വടക്കേത്) | - | - | - | - | 350 മീ. | 8 ലിംഗ്സ് |
| 6. | പെരുമാൾപടി ലക്ഷം വീട് റോഡ് പടിഞ്ഞാറ് ബന്ദർ കനാൽ വരെ | - | - | - | - | 100 മീ. | 12 ലിംഗ്സ് |
| 7. | പെരുമാൾപടി ലക്ഷം വീട് തെക്കുപടിഞ്ഞാറ് നെടുവിരിപ്പിൽ ഫൽഗുനൻെറ വീടുവരെ | - | - | - | - | 250 മീ. | 12 ലിംഗ്സ് |
| 8. | ചാപ്പ ഫിഷ് ക്യൂറിംഗ് യാഡിൻെറ തെക്ക് കിഴക്കോട്ട് ഫാം റോഡുവരെ | - | - | - | - | 350 മീ. | " |
| 9. | ചാപ്പവരുത്തിയേഴത്ത് രവിയുടെ തെക്കേ അരികിലൂടെ കിഴക്കോട്ട് ഫാം തോടുവരെ | - | - | - | - | 350 മീ. | " |
| 10. | ദാനവൻെറ വസതിക്ക് തെക്കേ അരിക് കിഴക്കോട്ട് ഫാം തോടുവരെ | - | - | - | - | 350 മീ. | " |
| 11. | കർമ്മലിലി - പുരുഷോത്തമൻ എൻ. കെ. മുതൽ പേർക്ക് സഞ്ചരിക്കുന്നതിനുള്ള റോഡ് | - | - | - | - | 350 മീ. | " |
| 12. | എളങ്കുന്നപ്പുഴ ബീച്ച് വടക്കുഭാഗം ഗിരിജൻ കോളനി റോഡ് | - | - | - | - | 150 മീ. | 6 ലിംഗ്സ് |
| 13. | ചാപ്പകടപ്പുറം റോഡ് പുറമ്പോക്ക് നിവാസികളുടെ പുനഃരധിവാസ സ്ഥലത്തേക്കുള്ള റോഡ് | | | | | | |

# നിലവിലുള്ള റോഡുകൾ വാർഡ് – 12

| ക്രമ നമ്പർ | റോഡിന്റെ പേര് | സ്വഭാവം | നീളം | വീതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | സിറ്റിസൺ റോഡ് | ഗ്രാവൽ | 250 M | 3.20 M | നീളം വർദ്ധിക്കുവാനുണ്ട് (300 M) |
| 2. | പെന്തക്കോസ്ത റോഡ് | ,, | 150 M | 3.20 M | - |
| 3. | 4 സെൻറ് കോളനി റോഡ് | ,, | 200 M | 3.20 M | അറ്റം വീതി വർദ്ധിപ്പിക്കണം |
| 4. | ടെമ്പിൾ റോഡ് ആൻറ് ജെട്ടി റോഡ് | ടാർ | 1700 M | 6 M | അറ്റം ടാർ ചെയ്യണം (W: 15) |
| 5. | പെരുമ്പിള്ളി റോഡ് | ,, | 300 M | 4 M | - |
| 6. | ഫൂട്ട് ബ്രിഡ്ജ് റോഡ് | ,, | 300 M | 4 M | - |
| 7. | പല്ലമ്പിള്ളി റോഡ് | പകുതി ടാർ | 690 M | 4 M | 490 M നു ശേഷം ടാർ ചെയ്യണം. പുതിയ മീറ്റർ റോഡ് ചേർക്കണം |
| 8. | കാത്തുള്ളി റോഡ് | ഗ്രാവൽ | 200 M | 3.20 M | നീളം വർദ്ധിപ്പിക്കണം (200 Mtr) |
| 9. | നോർത്ത് പൂക്കാട് | ഗ്രാവൽ | 300 M | 3 M | പുതിയതായി 250 മീറ്റർ വർദ്ധിപ്പിക്കണം |
| 10. | പല്ലമ്പിള്ളി ഡീവിയേഷൻ റോഡ് I | ഗ്രാവൽ | 225 M | 3 M | - |
| 11. | പല്ലമ്പിള്ളി ഡീവിയേഷൻ II | ഗ്രാവൽ | 100 M | 2 M | - |
| 12. | നാറാണത്ത് റോഡ് | ഗ്രാവൽ | 450 M | 3.20 M | കൾവർട്ട്, റീട്ടെയിൽ വാൾ, കാന എന്നിവ വേണം |
| 13. | പൂപ്പാടി റോഡ് | ഗ്രാവൽ | 150 M | 2.50 M | - |
| 14. | ഗണപതി മുക്ക് റോഡ് | ഗ്രാവൽ | 100 M | 6 M | 250 M നീളം വർദ്ധിപ്പിക്കണം |

# 13-ാം വാർഡ് നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | ബന്തർ കനാൽ അരികിൽ കൂടെയുള്ള റോഡ് | - | - | - | മണ്ണ് | 300 മീറ്റർ | 3 മീറ്റർ |
| 2. | മാലിപ്പുറം മാർക്കറ്റ് റോഡ് | - | - | ഗ്രാവൽ | - | 115 മീറ്റർ | 3 മീറ്റർ |
| 3. | ഹസ്സൻ മാസ്റ്റർ റോഡ് | ടാർ | - | - | - | 375 മീ. | 4 മീ. |
| 4. | പഴയപള്ളി റോഡ് | - | - | ഗ്രാവൽ | - | 204 മീ. | 1.8 മീ. |
| 5. | മാലിപ്പുറത്ത് ജോഷി കമ്പനിയുടെ തെക്കുഭാഗത്തുകൂടെ പടിഞ്ഞാട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 212 മീ. | 2 മീ. |
| 6. | കെ. എസ്. സി. ബാങ്കിന് എതിർവശത്ത് കിഴക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 186 മീ. | 2.4 മീ. 1.8 |
| 7. | അയ്യംകുട്ടി സ്വാമി പാലം റോഡ് | - | - | ഗ്രാവൽ | - | 260 മീ. | 2.4 മീ. |
| 8. | പെരുമാൾപ്പടി നാഷനൽ ബാങ്കിന്റെ കിഴക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 103 മീ. | 2 മീ. |
| 9. | പെരുമാൾപ്പടിയിൽ അബൂബക്കർ മാസ്റ്ററുടെ വീടിന്റെ തെക്കുവശത്തുകൂടെ പടിഞ്ഞാടുള്ള റോഡ് | - | - | ഗ്രാവൽ | - | 90.5 മീ. | 1.8 മീ. |
| 10. | പെരുമാൾപ്പടി കിഴക്കോട്ടുള്ള റോഡ് (പാലം വരെ) | - | - | ഗ്രാവൽ | - | 142 മീ. | 3.9 മീ. |
| 11. | പെരുമാൾപ്പടി പി. എം. ഉസ്മാന്റെ വീടിന്റെ തെക്കുവശത്തുകൂടെ കിഴക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 73.5 മീ. | 1.2/ മീ. 1.5 |
| 12. | പ്രസ്റ്റീന ജോയിയുടെ തെക്കുവശത്തുകൂടെ കിഴക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 124 മീ. | 3 മീ. |
| 13. | സുജാത തിയേറ്ററിന് എതിർവശത്തുകൂടെ കിഴക്കുഭാഗത്തേക്കുള്ള റോഡ് | - | - | ഗ്രാവൽ | 185 മീ. | 4.8 മീ. 4.1 | |
| 14. | എളങ്കുന്നപ്പുഴ എൻ. കെ. എം. ആശുപത്രിയുടെ തെക്കുവശത്തുകൂടി കിഴക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 176 മീ. | 2 മീ. |
| 15. | എളങ്കുന്നപ്പുഴ ഗവ. എൽ. പി. സ്കൂളിന് കിഴക്കുഭാഗം തെക്കോട്ടുള്ള റോഡ് | - | - | ഗ്രാവൽ | - | 101 മീ. | 2.3 മീ. |
| 16. | ടി. റോഡിൽ നിന്നും പടിഞ്ഞാറു വശത്തേക്കുള്ള റോഡ് | - | - | ഗ്രാവൽ | - | 26 മീ. | 1.6 മീ. |

# 13-ാം വാർഡ് പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ വിവരം | നീളം | വീതി |
|---|---|---|---|
| 1. | മാലിപ്പുറത്ത് വി. പി. റോഡിൽ നിന്നും സി. എക്സ്. പോളിൻെറ തയ്യൽക്കടയുടെ വടക്കുവശത്തുകൂടെ (മണ്ണെണ്ണ ഡീലറുടെ തെക്കുവശത്തുകൂടെ) കിഴക്കോട്ട് തറേപ്പറമ്പ് പാലം വരെയുള്ള റോഡ് | 233 മീ. | 3.6 മീ. |
| 2. | മാലിപ്പുറത്ത് ഫാത്തിമ മെഡിക്കൽസിൻെറ വടക്കുഭാഗത്തുകൂടെ പടിഞ്ഞാറ് ബന്തർ കനാൽ വരെയുള്ള റോഡ് | 146 മീ. | 2.4 മീ. |
| 3. | പെരുമാൾപ്പടി സെൻറ് സെബാസ്റ്റിൻ ചർച്ചിന് എതിർവശം കിഴക്കോട്ടുള്ള റോഡ് | 109 മീ. | 2.4 മീ. |
| 4. | ഹസ്സൻ മാസ്റ്റർ റോഡിൽ നിന്നും (മാർക്കറ്റ് റോഡിന് എതിർവശത്തുനിന്ന്) വടക്കോട്ടു ചെന്ന് കിഴക്ക് പഴയപള്ളി റോഡുവരെ ചെല്ലുന്ന റോഡ് | 210 മീ. | 2.4 മീ. |
| 5. | ഹസ്സൻ മാസ്റ്റർ റോഡിൽ നിന്ന് വറീതുമാസ്റ്ററുടെ വീടിൻെറ പടിഞ്ഞാറുവശത്തുകൂടെ വാരണം വഴി പഴയപള്ളി റോഡിൽ ചേരുന്ന റോഡ് | 200 മീ. | 2.4 മീ. |
| 6. | എൻ. കെ. എം. ആശുപത്രിയുടെ തെക്കുവശത്തുകൂടെ കിഴക്കോട്ടുപോകുന്ന റോഡും സുജാത തിയേറ്ററിന് എതിർവശത്തുകൂടെ കിഴക്കോട്ടുപോകുന്ന റോഡും ബന്ധിപ്പിക്കുന്ന റോഡ് | 80 മീ. | 2 മീ. |
| 7. | മാലിപ്പുറം പാലത്തിന് വടക്കുവശം ഷൈൻ പ്രിൻേറഴ്സിൻെറ വടക്കുവശത്തുകൂടെ പടിഞ്ഞാട്ടുള്ള റോഡ് | 82 മീ. | 2.4 മീ. |
| 8. | എളങ്കുന്നപ്പുഴ ഗവ. എൽ. പി. എസിന് കിഴക്കുഭാഗത്തുള്ള റോഡിൽ നിന്നും പടിഞ്ഞാട്ടുള്ള റോഡ് നീളം വർദ്ധിപ്പിക്കൽ | 69 മീ. | 2.4 മീ. |

# പുതിയതായി നിർദ്ദേശിക്കുന്ന റോഡുകൾ വാർഡ് - 14

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം | വീതി |
|---|---|---|---|
| 1. | ജനതാ റോഡ് - പെരുമാൾപടി (ഈസ്റ്റ്) ലിങ്ക് റോഡ് | 600 M | 4 M |
| 2. | കിഴക്കേ ആറാട്ടുവഴി - ആശാരിപറമ്പ് റോഡ്, ലിങ്ക് റോഡ് | 300 M | 3 M |
| 3. | ജവഹർ - പി. കെ. പ്രഭാകരൻ മെമ്മോറിയൽ റോഡ് ലിങ്ക് റോഡ് | 250 M | 2.5 M |
| 4. | ടി. ടി. സേവ്യർ മാസ്റ്റർ റോഡ് - ജനതാ റോഡ്, ലിങ്ക് റോഡ് | 400 M | 3 M |
| 5. | ബംഗ്ലാവ് Jn. to വേലൻ തോട് വരെ റോഡ് | 300 M | 3 M |
| 6. | ജവഹർ റോഡ് - ആറാട്ടുവഴി ലിങ്ക് റോഡുമായ് ബന്ധിപ്പിക്കുന്ന റോഡ് | 350 M | 2.5 M |

# നിലവിലുള്ള റോഡുകൾ വാർഡ്-14

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | പടിഞ്ഞാറെ ആറാട്ടുവഴി | 1780 M | | 250 M | | 2030 M | 6 M |
| 2. | ടി. ടി. സേവ്യർ മാസ്റ്റർ മെമ്മോറിയൽ റോഡ് | . | | 700 M | | 700 M | 3 M |
| 3. | ജവഹർ റോഡ് | | | | 300 M | 300 M | 2 M |
| 4. | ജനതാ റോഡ് | | | 400 M | | 400 M | 3 M |
| 5. | ജനതാ ചിറാ റോഡ് | | | 200 M | | 200 M | 3 M |
| 6. | പി. കെ. പ്രഭാകരൻ മെമ്മോറിയൽ റോഡ് | | | 300 M | | 300 M | 3 M |
| 7. | ആശാരിപറമ്പ് റോഡ് | | | 1000 M | | 1000 M | 3 M |
| 8. | പെരുമാൾപടി (ഈസ്റ്റ്) | | | 600 M | | 600 M | 4 M |
| 9. | ടെമ്പിൾ റോഡ് | | 1000 M | | | 1000 M | 8 M |
| 10. | ഗോപുരം റോഡ് | | | 150 M | | 150 M | 3 M |
| 11. | ടമ്പിൾ ലിങ്ക് റോഡ് | | | 100 M | | 100 M | 2.5 M |
| 12. | ആറാട്ട് വഴി ലിങ്ക് റോഡ് | | | 275 M | | 275 M | 2.5 M |
| 13. | ഭഗവതി പാടം റോഡ് | | | 300 M | | 300 M | 3 M |
| 14. | ഗ്രൗണ്ട് റോഡ് | | | 250 M | | 250 M | 3 M |

## 15-ാം വാർഡിലെ റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | കിഴക്കെ ആറാട്ടു വഴി | | 967 mm | | | 967 m | 6 m |
| 2. | കർത്തേടം ജെട്ടി റോഡ് | | 500 M M | | 200 mm | 700 mm | 6 m |
| 3. | തെങ്ങശ്ശേരി റോഡ് | | | 400 m | | | 3 m |
| 4. | ഐ. എൽ. അലക്സാണ്ടർ റോഡ് | | | 530 m | 130 m | 660 m | 4 m |
| 5. | പണ്ടാരപ്പറമ്പ് റോഡ് | | | 260 m | 260 m | 4 m | |
| 6. | പണിക്കൻതറ റോഡ് | | | 110 m | | 110 m | 2.5 m |
| 7. | മുണ്ടേങ്ങാട് റോഡ് | | | 244 m | | 244 m | 3 m |
| 8. | എളങ്കുന്നപ്പുഴ ജെട്ടി റോഡ് | 600 M | 100 | | 150 | 850 m | 6 m |
| 9. | ന്യൂ പുക്കാട് റോഡ് | | | 415 m | | 415 | 3 m |
| 10. | പുക്കാട് റോഡ് (കുറിച്ചി പാടം) | | | 460 m | | 460 m | 3 m |
| 11. | മുരിയ ചിറ സൗത്ത് | | | 245 m | 245 m | 3 m | |
| 12. | മുരിയ ചിറ നോറത്ത് | | | 120 m | | 120 m | 3 m |
| 13. | കാട്ടാശേരി റോഡ് | | | 250 m | 250 m | 3 m | |

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | മുട്ടുപുഴ റോഡ് | | | | | 520 m | 4 m |
| 2. | കർത്തേടം പള്ളി വടക്ക് വശത്തുകൂടി പണ്ടാരപറമ്പ് റോഡുവരെ | | | | | 260 m | 4 m |
| 3. | ഗ്രൗണ്ട് സൗത്ത് റോഡ് | | | | | 150 m | 4 m |
| 4. | പള്ളത്തേടം റോഡ് | | | | | 290 m | 4 m |
| 5. | പണ്ടാരപ്പറമ്പ് റോഡ്, കാട്ടാശ്ശേരി റോഡുമായി ബന്ധിപ്പിക്കാം | | | | | 120 m | 4 m |
| 6. | കാട്ടാശ്ശേരി റോഡ് ജെട്ടി റോഡു കർത്തേടമായി ബന്ധിപ്പിക്കാം | | | | | 160 m | 4 m |

# പാർപ്പിടം

ചെറുതും വലുതുമായ 10773 വീടുകളിലായി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും താമസിക്കുന്നു. ഇനിയും വീടുവേണ്ടതായ 2446 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അങ്ങിനെ നോക്കുമ്പോൾ 11219 കുടുംബങ്ങൾ ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

## നിലവിലുള്ള വീടുകളുടെ പട്ടിക

| രണ്ടു നിലയും അതിൽ കൂടുതലും ഉള്ളത് | ഒറ്റനില വാർക്ക | ഓട് | ഓല | ആകെ |
|---|---|---|---|---|
| 84 | 2578 | 7141 | 1660 | 11463 |

4 ലക്ഷം വീടു കോളനികളിലായി 70 വീടുകളുണ്ട്. ഇവയിൽ പലതും ജീർണാവസ്ഥയിലാണെന്നുള്ളതും പല കുടുംബങ്ങളും വിഭജിക്കേണ്ടവയാണെന്നതും പാർപ്പിട പ്രശ്നം രൂക്ഷമാക്കുന്നതായി കാണാം. ഉടനെ പരിഹരിക്കേണ്ടുന്ന ഒരു പ്രശ്നമായി തീർന്നിരിക്കുകയാണ് പാർപ്പിട പ്രശ്നം.

ആധുനിക ഗൃഹ നിർമ്മാണ സാമഗ്രികളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലോ അയൽ പഞ്ചായത്തുകളിലോ നിർമ്മിക്കുന്നില്ലെന്നത് പാർപ്പിട നിർമ്മാണം മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ ചെലവേറുന്നതാക്കുന്നു. അത്യാവശ്യം മരങ്ങൾപോലും വച്ചുപിടിപ്പിക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കാത്തതുകൊണ്ട് ഗൃഹനിർമ്മാണത്തിൽ മരം ഒരു വസ്തുവെ അല്ലാതായി തീർന്നിരിക്കുകയാണ്.

നിർമ്മാണതൊഴിലാളികൾ ഏറെയുണ്ടെങ്കിലും അവരെല്ലാം നഗരങ്ങളിൽ തൊഴിലാളിൽ ഏർപ്പെടുന്നതുകൊണ്ടും, ചെലവു കുറഞ്ഞ രീതികളിൽ പരിശീലനം ലഭിക്കാത്തതുകൊണ്ടും നാട്ടിൽ ഗൃഹനിർമ്മാണത്തിന് ആവശ്യത്തിന് ജോലിക്കാരുടെ കുറവ് അനുഭവപ്പെടുന്നതായി കാണാം.

വൈപ്പിൻ റൂറൽ ഭവന നിർമ്മാണ സഹകരണ സംഘം പാർപ്പിടത്തിന് ധനസഹായം നൽകുന്നതിനായുണ്ട്.

കുടുംബങ്ങൾ വിഭജിക്കുമ്പോൾ സ്വന്തമായി സ്ഥലമില്ലാതാകുന്നവർക്കായി കുറഞ്ഞ വിലയിൽ സ്ഥലം ലഭ്യമാക്കുന്നതിനും കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിനുമുള്ള ശ്രമങ്ങളൊന്നും ഇത്തരം സംഘങ്ങളുടെ പരിപാടിയിലില്ല.

നിർമ്മാണ സാമഗ്രികളുടെ വിതരണത്തിലും നിർമ്മാണ സാങ്കേതിക വിദ്യകളുടെ വ്യാപനത്തിലും നിർമ്മാണ മേൽനോട്ടത്തിലും സംഘം ശ്രദ്ധിക്കുകയാണെങ്കിൽ ഭവനമെന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കയ്യിലുള്ള പണം കൊണ്ട് കഴിയും.

1. പഞ്ചായത്തുകളിൽ 5 സെൻറിൽ താഴേ മാത്രം ഭൂമിയുള്ളവർക്ക് ഭവനം നിർമ്മിക്കുന്നതിന് നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന "റേഷിയോ ഓഫ് ബിൽഡിങ്ങ് ഏരിയ" നിയമം ഒഴിവാക്കി നിയമഭേദഗതി വരുത്തണം.
2. സാധാരണ ഗതിയിൽ പുതുതായി ഈ പഞ്ചായത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉയരം 9 മീറ്ററിൽ കൂടരുതെന്നും. 2 നിലകളിൽ കൂടുതൽ പാടില്ലെന്നും ഉറപ്പുവരുത്തണം.
3. കഴിയുന്നതും പ്രാദേശികമായി ലഭിക്കുന്ന സാധന സാമഗ്രികൾ ഉപയോഗിച്ച് ഭവന നിർമ്മാണം നടത്തുന്നതിന് പ്രേരണ ചെലുത്തണം.
4. ദരിദ്രരായ ഭൂരഹിതർക്ക് പാർക്കുവാൻ പഞ്ചായത്തിൽ നിന്ന് ഭൂമി കണ്ടെത്തി മാതൃകാ സൗഹൃദ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകണം.
5. പുനരധിവാസ ഭവന നിർമ്മാണ പദ്ധതികളെപ്പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആരംഭത്തിൽ കാണുന്ന ശുഷ്കാന്തി പിന്നീട് ആരിലും കാണുന്നില്ല. ഇതുമൂലം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കാതെ അപൂർണ്ണമായിത്തീരുകയും പൊതുമുതൽ യഥാവിധി പ്രയോജനപ്പെടാതെ നഷ്ടപ്പെടുകയും ചെയ്യുന്നു. പുതിയ പദ്ധതി പ്രവർത്തനങ്ങൾ കർശനമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കണം.
6. വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് ഗഡുവുകൾ ലഭിക്കുവാൻ കാലതാമസം അനുഭവപ്പെടുന്നു. അങ്ങിനെ

യുള്ളവർക്ക് ലോണും ഗ്രാൻറും ഗഡുവുകൾ യഥാസമയങ്ങളിൽ അനുവദിക്കുന്നതിൽ ശുഷ്കാന്തിയും ശ്രദ്ധയും ഉണ്ടാകണം.

7. പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നൽകുന്ന പ്രാധാന്യത്തോടെ തന്നെ നിലവിലുള്ള ഭവനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വിപുലീകരിക്കുന്നതിനും ഉദാരവ്യവസ്ഥകളിൽ സർക്കാർ മുഖേനയോ, ദേശസാൽകൃത ബാങ്കുകൾ മുഖേനയോ, ഹൗസിങ് സൊസൈറ്റികൾ മുഖേനയോ ധനസഹായം ലഭ്യമാക്കണം.

8. പൊതുആവശ്യങ്ങൾക്ക് നീക്കിവെക്കപ്പെട്ട ഭൂമിയിലോ, പൊതുആവശ്യങ്ങൾക്ക് അത്യാവശ്യമായ സ്ഥലത്തു നിന്നോ കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവന്നാൽ അങ്ങിനെ ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസ സൗകര്യങ്ങൾ പഞ്ചായത്ത് മുൻകൈ എടുത്ത് ഏർപ്പെടു ത്തണം.

# ത്രിതീയ മേഖല

1. കുടിവെള്ളവും പൊതുജനാരോഗ്യവും
2. വിദ്യാഭ്യാസം
3. സംസ്ക്കാരം
4. പട്ടിക ജാതി – പട്ടികവർഗ്ഗ ക്ഷേമം
5. വനിതാ ക്ഷേമം
6. സാമൂഹ്യ ക്ഷേമം
7. സഹകരണ മേഖല
8. വിഭവ സമാഹരണം

## അവലംബം

ഐ. ആർ. ഡി. പി. സർവ്വേ രജിസ്റ്റർ

സ്കൂൾ സ്ഥിതി വിവരം

അങ്കണവാടികൾ

സ്ഥാപന രജിസ്റ്റർ

സഹകരണ വാർഷിക റിപ്പോർട്ടുകൾ

പഞ്ചായത്ത് രേഖ

സെറ്റിൽമെൻറ് രജിസ്റ്റർ

ഗ്രാമസഭാ റിപ്പോർട്ടുകൾ

നാട്ടറിവുകൾ

# കുടിവെള്ളവും പൊതുജനാരോഗ്യവും

ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ഗ്രാമങ്ങളിലൊന്നായ എളങ്കുന്നപ്പുഴ പഞ്ചായത്തിൽ ശുദ്ധജലക്ഷാമം അതിരൂക്ഷമാണ്. മൂന്നുവശവും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതുകൊണ്ട് കുടിവെള്ളം ലഭിക്കുക എന്നത് വളരെ വിഷമമുള്ള കാര്യമാണ്. ശുദ്ധജലം അകലെ നിന്നും എത്തിച്ച് കുടിക്കുവാൻ ഉപയോഗിക്കുക എന്നതുമാത്രമേ നിവൃത്തിയുള്ളു.

1950 കളിൽ എൽ. സി. ടി. യിൽ കൊണ്ടുവന്ന വെള്ളം മുരിക്കും പാടത്തുനിന്നും പൈപ്പുവഴി പമ്പു ചെയ്തു എത്തിച്ചാണ് ആദ്യമായി ഈ ദ്വീപിൽ ശുദ്ധ ജല വിതരണം ചെയ്തിരുന്നത്.

ക്രമേണ ചൊവ്വരയിൽ നിന്നും എറണാകുളം വഴി കായലിൽ കൂടി പൈപ്പുവെള്ളം 1958 കളിൽ ഈ ദ്വീപിൽ എത്തിക്കുകയുണ്ടായി. അതിനുശേഷം ജനപ്രതിനിധികളുടെ ശ്രമഫലമായി പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും പൈപ്പുവെള്ളം എത്തിക്കുകയും പൊതുടാപ്പുകൾ വഴി ശുദ്ധജല വിതരണം തുടങ്ങുകയും ചെയ്തു. അതിനുശേഷം ചുരുക്കം ചില വ്യക്തികൾക്ക് സ്വന്തമായി പൈപ്പുകണക്ഷൻ അനുവദിക്കുകയും ചെയ്തു.

വീടുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം വർദ്ധിക്കുകയും ഉപയോക്താക്കളുടെ എണ്ണം വളരെ ഇരട്ടിയാവുകയും ചെയ്തെങ്കിലും തുടങ്ങിയ കാലത്തെ അളവിൽ പോലും വെള്ളം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിയാതെ വന്നിരിക്കുന്നു. ഇന്ന് ഈ പഞ്ചായത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത് ശുദ്ധജലം ലഭിക്കുവാൻ വേണ്ടിയാണ്.

ഇപ്പോൾ ഈ പഞ്ചായത്തിൽ 15 വാർഡുകളിലായി ഏതാണ്ട് 408 ഓളം പൊതുടാപ്പുകളാണുള്ളത്. ഇതിൽ 270 ടാപ്പുകളിൽ തീരെ വെള്ളം കിട്ടാറില്ല. ബാക്കി ഉള്ളതിൽ 32 ടാപ്പുകളിൽ ചില സമയങ്ങളിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളു. 106 ടാപ്പുകളിൽ ചാമ്പുപൈപ്പ് ഉപയോഗിച്ചാൽ ചിലപ്പോൾ വെള്ളം ലഭിക്കുന്നു. മേൽ പറഞ്ഞ എല്ലാ ടാപ്പുകളിലും വെള്ളം എല്ലാ സമയത്തും ലഭ്യമാക്കുക എന്നത് വളരെ അത്യാവശ്യമാണ്.

ഇപ്പോൾ നിലവിലുള്ള ടാപ്പുകൾക്കു പുറമെ ചുരുങ്ങിയത് 217 പുതിയ ടാപ്പുകൾ കൂടി ഈ പഞ്ചായത്തിലെ 15 വാർഡുകളിലായി സ്ഥാപിക്കേണ്ടതാണ്. ചില വാർഡുകളിൽ പൈപ്പു ലൈനുകൾ നീട്ടേണ്ടതായിട്ടുണ്ട്. അത് ആത്യന്താപേക്ഷിതമായ ഒന്നാണ്.

ഇവയ്ക്കും പുറമെ താഴെ പറയുന്ന കാര്യങ്ങൾ കൂടി നടപ്പിലായാൽ മാത്രമേ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ആവുകയുള്ളൂ.

1. എളങ്കുന്നപ്പുഴ പഞ്ചായത്തിന് മൊത്തം പ്രയോജനപ്പെടുന്ന ഹഡ്കോ പദ്ധതി ഉടനെ നടപ്പിലാക്കുക.
2. വെടിമറ പദ്ധതി നടപ്പിലാക്കുക.
3. ഫീഡർ ലൈൻ നായരമ്പലം വരെയുള്ളത് മാലിപ്പുറം പമ്പു ഹൗസ് വരെ നീട്ടുക.
4. വൈപ്പിൻകര മുഴുവനും കണക്കിലെടുത്ത് വെള്ളം നേരിട്ടു ദ്വീപിൽ എത്തിച്ച് ട്രീറ്റ് ചെയ്തു കൊടുക്കുന്നതിന് ട്രീറ്റ് മെൻറ് പ്ലാൻറ് വൈപ്പിൻകരയിൽ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കുക.
5. എളങ്കുന്നപ്പുഴ പഞ്ചായത്തിൽ പതിറ്റാണ്ടുകൾ കഴിഞ്ഞ പൈപ്പുകളും ടാപ്പുകളും മാറ്റി പുതിയവ സ്ഥാപിക്കുക.
6. ശുദ്ധജലത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക.
7. നിലവിലുള്ള കിണറുകൾ ശുദ്ധീകരിച്ച് അവ ഉപയോഗയോഗ്യമാക്കുക.
8. എളങ്കുന്നപ്പുഴ ദേവസ്വം കുളത്തിലെ ജലം ശുദ്ധീകരിച്ച് പൈപ്പുവഴി വിതരണം ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുക.

മേൽ പറഞ്ഞ എല്ലാക്കാര്യങ്ങളും കുടിവെള്ളം

സംബന്ധിച്ചവയാണെങ്കിലും അവ ഈ പ്രദേശത്തെ പൊതുജനാരോഗ്യത്തെ കൂടി ബാധിക്കുന്നവ കൂടി ആകയാൽ ഇക്കാര്യത്തിൽ വളരെ പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. കൂടാതെ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

1. എളങ്കുന്നപ്പുഴ പഞ്ചായത്തിൽ കൊതുക് നശീകരണം എന്ന ഹെഡിൽ സംസ്ഥാന ബജറ്റിൽ (ഇറിഗേഷൻ) നിലവിലുള്ള പദ്ധതി നടപ്പിലാക്കുക.
2. പഞ്ചായത്ത് അതൃത്തിയിലുള്ള എല്ലാ തോടുകളും ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുകയും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യുക.
3. ചപ്പുചവറുകൾ തോടുകളിൽ നിക്ഷേപിക്കാതെ കുഴിച്ചു മൂടുകയോ കത്തിച്ചു കളയുകയോ ചെയ്യുവാൻ നിർദ്ദേശിക്കുക.
4. ഫിഷിംഗ് ബോട്ടുകൾ അടുപ്പിക്കുന്ന കായൽ തീരങ്ങളിൽ ഓയിൽ, പ്ലാസ്റ്റിക്ക് വസ്തുക്കൾ തുടങ്ങിയവ നിക്ഷേപിക്കുന്നത് ഒഴിവാക്കുവാൻ വേണ്ട ബോധവൽക്കരണം നടത്തുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.
5. വൈപ്പിൻകരയിലെ റഫറൽ ആശുപത്രിയായ മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ അത്യാഹിത വിഭാഗമുൾപ്പെടെ എല്ലാ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ആരംഭിക്കുക. ഫിസിഷ്യൻ ഗൈനോക്കോളജിസ്റ്റ്, ശിശുരോഗ വിദഗ്ദ്ധൻ, സർജൻ എന്നിവരെ നിയമിക്കുക. വൈപ്പിൻകരയിൽ ആകെ ഏഴ് അലോപ്പതി സ്ഥാപനങ്ങ ഉണ്ടെങ്കിലും ഒരിടത്തും ലാബറട്ടറി സൗകര്യങ്ങൾ ലഭ്യമല്ല. മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം എക്സറേ, ഇ. സി. ജി., ലാബറട്ടറി തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

   സി. എച്ച്. സി. യുടെ ചുറ്റുമതിൽ പൂർത്തിയാക്കുക കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക. സെൻററിൻെറ പ്രവർത്തനത്തിനാവശ്യമായ വെള്ളവും വെളിച്ചവും ലഭ്യമാക്കുക. ഒഴിഞ്ഞു കിടക്കുന്ന ക്വാർട്ടേഴ്സിൽ ബന്ധപ്പെട്ട ഡോക്ടർ താമസിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക. ഒരു പി. പി. യൂണിറ്റു തുടങ്ങുക. വികസന സമിതി പ്രവർത്തന സജ്ജമാക്കുക. കുടുംബക്ഷേമ ഓപ്പറേഷന് വിധേയരാകുന്നവർക്ക് പഞ്ചായത്തിൽ നിന്നും പ്രോൽസാഹനം പണമായി അനുവദിക്കുക. എല്ലാ സബ്സെൻററുകളും പ്രവർത്തന സജ്ജമാക്കുകയും പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകളും വ്യാപകമാക്കുക ചെയ്യുക.
6. പഞ്ചായത്തിൽ ആകെ ഒമ്പതു കുടുംബക്ഷേമ ഉപകേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ നാലു കേന്ദ്രങ്ങൾക്കേ കെട്ടിടമുള്ളു. ബാക്കി അഞ്ചു കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കേണ്ടതാണ്.
7. പുതുവൈപ്പ് പി. എച്ച്. സി. പുതിയ കെട്ടിടത്തിൽ ഉടനെ പ്രവർത്തനം ആരംഭിക്കുക. പി. എച്ച്. സി. ക്ക് കൂടുതൽ സ്ഥലം ലഭ്യമാക്കുക. പഞ്ചായത്തിലുള്ള ആയുർവ്വേദ, ഹോമിയോ ഡിസ്പൻസറികൾക്കും മൃഗാശുപത്രിക്കും സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.
8. കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും ഇ. എസ്. പി. ടൈപ്പ് കക്കൂസ് ലഭ്യമാക്കുക. നിലവിലുള്ള കക്കൂസുകളുടെ എയർ ഹോൾ നൈലോൺ വലയിട്ട് പൊതിഞ്ഞ് കൊതുകു വിമുക്തമാക്കുക. തോടുകളിലേക്കു സ്ഥാപിച്ചിട്ടുള്ള എല്ലാ കക്കൂസുകളും നീക്കം ചെയ്യുക.
9. ചുള്ളിക്കാടുകൾ നശിപ്പിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.
10. കൊതുകു നിവാരണ നടപടികൾ നടപ്പിലാക്കുക.
11. തോടുകളിലും കാനകളിലും കൂടെ കടന്നുപോകുന്ന കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
12. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടും കാനകൾ നിർമ്മിച്ചും വെള്ളക്കെട്ടൊഴിവാക്കുക.
13. പഞ്ചായത്തിൻെറ വടക്കുഭാഗത്ത് ഒരു പൊതുശ്മശാനം സ്ഥാപിക്കുക. പഞ്ചായത്തിൽ താമസിക്കുന്നവരുടെ ജനനവും മരണവും പഞ്ചായത്തിൽത്തന്നെ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കുക. ഇതുമൂലം ജനന മരണ സ്ഥിതി വിവരക്കണക്കുകൾ പഞ്ചായത്തടിസ്ഥാനത്തിൽ കൃത്യമായി ലഭിക്കുന്നതാണ്.

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് അഭിമാനാർഹമായ പുരോഗതി പഞ്ചായത്ത് ഇന്ന് കൈവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ പ്രവർത്തനം തുടങ്ങിയതും എഴുത്ത് ആശാന്മാർ ആയിരുന്നു. അവർ തങ്ങളുടെ വീടുകളിൽ കുട്ടികളെ നിലത്തെഴുത്ത് പഠിപ്പിക്കുകയും പിന്നീട് ഓലകളിൽ എഴുത്താണികൾ കൊണ്ട് എഴുതുവാൻ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. ക്രിസ്ത്യൻ മിഷ്നറി പ്രവർത്തനങ്ങൾ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തി. മിഷ്നറിമാർ കുരിശുപള്ളികളോടനുബന്ധമായി ജാതിമത ചിന്തകൾക്കതീതമായി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ട് ഇതിൻെറ ഭാഗമായി 18-ാം നൂറ്റാണ്ടിൽ അന്നത്തെ വരാപ്പുഴ മെത്രാനായിരുന്ന ഡോ. ബർണ്ണിസിൻെറ ഒരു ഇടയലേഖനത്തിൻെറ അടിസ്ഥാനത്തിൽ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ആദ്യത്തെ പ്രൈമറി സ്കൂളായ സെൻറ് മേരീസ് എൽ. പി. സ്കൂൾ 1871-ൽ മുരിക്കുംപാടത്ത് സ്ഥാപിതമായി. തുടർന്ന് 1875-ൽ മാലിപ്പുറം സെൻറ് പീറ്റേഴ്സ് എൽ. പി. സ്കൂൾ സ്ഥാപിച്ചു. 1896-ൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി കർത്തേടം സേക്രട്ട് ഹാർട്ട് സ്കൂളും സ്ഥാപിതമായി.

അടിസ്ഥാന വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും സാക്ഷരതയുടെ കാര്യത്തിലും പഞ്ചായത്ത് മുന്നിലാണ്. ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നേകാൽ നൂറ്റാണ്ടിലേറെക്കാലത്തെ ചരിത്രം തന്നെ എളങ്കുന്നപ്പുഴ പഞ്ചായത്തിനുണ്ട്. മറ്റിടങ്ങളിലെന്നപോലെ ഈ പ്രദേശത്തും ക്രിസ്ത്യൻ മിഷനറിമാർ ഈ വിദ്യാഭ്യാസ രംഗത്ത് കാര്യമായ മാറ്റങ്ങൾക്ക് പങ്കുവഹിച്ചിട്ടുണ്ട്.

നിലവിൽ ഈ പഞ്ചായത്തിൽ ഒരു ഹൈയർ സെക്കൻററി സ്കൂളും ഒരു ഹൈസ്കൂളും 10 പ്രൈമറി സ്കൂളുകളും 6 യു. പി. സ്കൂളുകളുമാണ് ഉള്ളത്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഓച്ചന്തുരുത്ത് എസ്. എസ്. എസ്. സഭ നടത്തുന്ന ഐ. റ്റി. സി. യും, ഏതാനും ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിച്ചുവരുന്നു. ഹൈയർ സെക്കൻററി ഒഴികെ മറ്റു സ്കൂളുകളിലെ നിലവാരം തൃപ്തികരമല്ല.

## സ്കൂളുകളുടെ നിലവാരം ചേർക്കണം

കൂടാതെ കേരള അഗ്രികൾച്ചറൽ യൂണി വേഴ്സിറ്റിയുടെ.ആഭിമുഖ്യത്തിലുള്ള ഒരു ഫിഷറീസ് സ്റ്റേഷനും 1979 മുതൽ പുതുവൈപ്പിൻ പ്രവർത്തിച്ചുവരുന്നു. ഇവിടെ മൽസ്യസമ്പത്തിനെക്കുറിച്ചുള്ള പഠനങ്ങൾ മൽസ്യകൃഷിയെക്കുറിച്ചുള്ള ആധുനിക വിജ്ഞാനം ജനങ്ങൾക്ക് പകർന്നു കൊടുക്കാൻ എന്നി പരിപാടികൾ നടപ്പിലാക്കിവരുന്നു.

## പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

1. ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും വൈപ്പിൻ കരയിലെ വിദ്യാർത്ഥികൾ വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. കൂടാതെ എളങ്കുന്നപ്പുഴ ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളിൽ ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ ഒരു ബാച്ച് മാത്രമേ ഇപ്പോൾ അനുവദിച്ചിട്ടുള്ള ഹ്യൂമാനിറ്റീസിൻ ഒരു ബാച്ചു കൂടി തുടങ്ങുന്നതോടൊപ്പം സയൻസിൽ ഒരു ബാച്ചു കൂടി ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിൽ പുതിയ വിദ്യാലയങ്ങൾ ഒന്നും തന്നെ അടുത്ത കാലത്തായി ആരംഭിച്ചിട്ടില്ല. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാലയങ്ങൾ എന്നിവ തേടി വിദ്യാർത്ഥികൾ പോകുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ക്കാണാവുന്നതാണ്.
2. പഞ്ചായത്തിൽ ഏതാണ്ട് 27 അംഗൻ വാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിൽ ഭൂരിപക്ഷത്തിനും ആവശ്യമായ കെട്ടിടമോ സ്ഥലമോ കളിക്കാനുള്ള ഉപകരണങ്ങളോ ഇല്ല. ധാരാളം കുട്ടികൾ മറ്റു പ്രദേശങ്ങളിലുള്ള കെ. ജി. ക്ലാസുകളിൽ പോയി പഠിക്കുന്നുണ്ട്.
3. എളങ്കുന്നപ്പുഴ ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂൾ ഗവൺമെൻറ് യു. പി. എസ്. വൈപ്പിൻ എന്നിവയ്ക്ക് കളിസ്ഥലത്തിനാവശ്യമായ സ്ഥലം ലഭ്യമാണെങ്കിലും അവ അനുയോജ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. പല വിദ്യാലയങ്ങളിലും അത്യാവശ്യം ഉണ്ടായിരിക്കേണ്ട പഠനോപകരണങ്ങൾ ലഭ്യമല്ലാ എന്ന ദു:സ്ഥിതിയാണ് ഇപ്പോഴുള്ളത്. വിദ്യാലയങ്ങളിൽ പേരിനെങ്കിലുമുള്ള ലൈബ്രറിയോ ലബോറട്ടറികളോ ഇല്ല. ഈ കാര്യങ്ങൾ നമ്മുടെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ ശോചനീയാവസ്ഥയെ സൂചിപ്പിക്കുന്നു.
4. ഓരോ വിദ്യാർത്ഥിയുടേയും കുടുംബ സാഹചര്യങ്ങൾ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്നുണ്ട്. ഒരു

കുട്ടിയുടെ ആദ്യത്തെ വിദ്യാലയം സ്വന്തം കുടുംബമാണ്. അമ്മ ആദ്യത്തെ അദ്ധ്യാപികയും. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കൾക്ക് വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ട്. ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ടതായ കാര്യങ്ങൾ നേടിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പ്രതിവിധികൾ എന്നിവയെക്കുറിച്ചെല്ലാം ചിന്തിക്കുന്ന രക്ഷകർത്താക്കളുടെ എണ്ണം വളരെ കുറവാണ്. ഈ മനോഭാവം മാറ്റുകയും ഓരോ വിദ്യാർത്ഥികളുടേയും സമഗ്രമായ വികസനത്തിന് ഉതകുന്ന കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഒരു വേദിയായി നമ്മുടെ പി. ടി. എ. കളെ മാറ്റിയെടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

5. പഠന പാഠ്യേതര പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നതിനുള്ള കാര്യമായ ശ്രമങ്ങൾ ഇന്നു നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്നില്ല. ഓരോ ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പഠന പാഠ്യേതര പ്രവർത്തനങ്ങൾ, പെരുമാറ്റ രീതി എന്നിവ വിലയിരുത്തി നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രൂപ്പിന് അംഗീകാരവും പ്രോൽസാഹനവും നൽകേണ്ടതാണ്. ഓരോ ക്ലാസിലും മിടുക്കന്മാരായ കുട്ടികളെ വേണം ഗ്രൂപ്പിൻെറ നേതാവായി തെരഞ്ഞെടുക്കേണ്ടത്. ഇത് കുട്ടികളിൽ കൂട്ടായ്മയും നേതൃത്വപരമായ കഴിവുവളർത്തുവാനും കഴിയും. ഇത്തരം പ്രവർത്തനങ്ങൾ സ്കൂളിൽ അച്ചടക്കം ഉണ്ടാക്കുന്നതിനും സഹായകരമാണ്. അദ്ധ്യാപകന് കുട്ടികളെ വ്യക്തിപരമായി ശ്രദ്ധിക്കുന്നതിനും പഠനം കാര്യക്ഷമമാക്കുന്നതിനും പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ അനുപാതം കുറക്കേണ്ടതാണ്.
6. പ്രൈമറി ക്ലാസുകളിലെ മാധ്യമം മലയാളമാക്കേണ്ടതാണ്.
7. സ്കൂൾ ലൈബ്രറി.

സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം കാര്യമാക്കുകയും മാസത്തിൽ ഒരു പുസ്തകം വീതം എങ്കിലും കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. കുട്ടികളെക്കൊണ്ട് വായിപ്പിച്ച പുസ്തകങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ എഴുതിക്കേണ്ടതാണ്. ലൈബ്രറിയോടനുബന്ധമായി ഒന്നോ, രണ്ടോ പത്രങ്ങൾ വിജ്ഞാനപ്രദമായ മാസികകൾ, ലഘുകഥകൾ എന്നിവ ലഭിക്കാവുന്ന ഒരു വായനശാല ഒരുക്കുകയും ഒഴിവുള്ള പിരീഡുകളിൽ കുട്ടികളെക്കൊണ്ട് വായനശാലയിലിരുത്തി വായിക്കുന്നതിന് പ്രേരിപ്പിക്കേണ്ടതുമാണ്.

8. വിദ്യാഭ്യാസ വകുപ്പ് പ്രവർത്തി പരിചയ പരിശീലനത്തിനായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും ഉപകരണങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഈ പരിപാടി അത്ര ഫലവത്തല്ല. പ്രവർത്തി പരിചയ പരിശീലന പരിപാടി 8-ാം ക്ലാസുമുതൽ ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തൊഴിലിൽ പ്രായോഗിക പരിജ്ഞാനം ലഭിക്കേണ്ടതിന് ഉതകുന്ന പാഠ്യക്രമം രൂപവൽക്കരിക്കയും അതു കർമ്മ പഥത്തിൽ കൊണ്ടുവരേണ്ടതുമാണ്.
9. കൃഷി, മരപ്പണി, കുടനിർമ്മാണം, തയ്യൽ, വലനിർമ്മാണം, മൽസ്യം വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകാവുന്നതാണ് പ്രാദേശികമായി ലഭ്യമാകുന്ന ആളുകളെ ഇത്തരം പരിശീലനത്തിനായി നിയോഗിക്കേണ്ടതാണ്.
10. കായിക പരിശീലനം

കൗമാര പ്രായത്തിലുള്ള കുട്ടികളിൽ ഉൽപാദിക്കപ്പെടുന്ന അധിക ഊർജ്ജം ശരിയ പാതയിലൂടെ തിരിച്ചുവിട്ട് വിദ്യാർത്ഥികളിൽ കുറ്റവാസനകൾ ഉടലെടുക്കുന്നത് തടയുന്നതിനും വിദ്യാലയത്തിൽ അച്ചടക്കം സൃഷ്ടിക്കുന്നതിനും കായിക പരിശീലന പരിപാടികൾ വളരെയധികം സഹായിക്കും. അതിനായി ഓരോ വിദ്യാലയത്തിലും ആസൂത്രിതമായ കായിക പരിശീലന പരിപാടികൾ ആരംഭിക്കേണ്ടതാണ്. ഇത്തരം പരിപാടികൾക്കായി പ്രാദേശികമായ ആളുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എല്ലാ ഹൈസ്കൂളുകളിലും സുശക്തമായ അദ്ധ്യാപകരേയും നിയമിക്കേണ്ടതാണ്.

11. എൻ. സി. സി. / സ്കൗട്ട് / ഗൈഡ്

കുട്ടികളിൽ ദേശസ്നേഹവും അർപ്പണ മനോഭാവവും വളർത്തുന്നതിന്, എൻ. സി. സി. / സ്കൗട്ട് / ഗൈഡ് എന്നിവ എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തേണ്ടതാണ്.

12. ഉന്നത വിദ്യാഭ്യാസം

ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന എളങ്കുന്നപ്പുഴ പഞ്ചായത്തിൽ അടിയന്തരമായി ഒരു ഗവൺമെൻറ് കോളജ് സ്ഥാപിക്കേണ്ടതാണ്.

13. സാക്ഷരതാ പരിപാടി

തുടർ വിദ്യാഭ്യാസ പരിപാടികൾ സജീവമാക്കേണ്ടതിൻെറ ആവശ്യകത ഇന്നുണ്ട്. സാക്ഷരതാ പ്രവർത്തനം ഏതാണ്ട് മന്ദീഭവിച്ച അവസ്ഥയിലാണ്. സാക്ഷരത പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നതിന് ജനവിദ്യാകേന്ദ്രങ്ങളെ സുശക്തമാക്കേണ്ടതാണ്. ഒരു പഞ്ചായത്തിൽ ഒരു ജനവിദ്യാകേന്ദ്രമെങ്കിലും മാതൃകാപരമായി

പ്രവർത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ഗവൺമെൻറ് നൽകേണ്ടതാണ്. ജനവിദ്യാകേന്ദ്രങ്ങൾ നിരക്ഷരരെ കണ്ടുപിടിച്ച് പഠിപ്പിക്കുന്നതോടൊപ്പം കൃഷി കുടിൽ വ്യവസായം സ്വയം തൊഴിൽ പദ്ധതികൾ, വിവിധ തരത്തിലുള്ള പെൻഷനുകൾ, ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിനും കഴിയേണ്ടതാണ്. വിവിധ വകുപ്പുകൾ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ ജനവിദ്യാകേന്ദ്രങ്ങൾ വഴിനടത്തേണ്ടതാണ്.

നവസാക്ഷരർക്കും പരിശീലകർക്കും ഗവൺമെൻറിൽ നിന്നുള്ള വിവിധ ക്ഷേമ പരിപാടികളിൽ അർഹതയ്ക്കു വിധേയമായി മുൻഗണന നൽകേണ്ടതാണ്. ചുരുക്കത്തിൽ ജനവിദ്യാകേന്ദ്രങ്ങൾ ഒരു ഗ്രാമപ്രദേശത്തിലെ ജനങ്ങളുടെ ഉന്നതിക്കുവേണ്ടിയുള്ള ആശാകേന്ദ്രമായി മാറ്റിയെടുക്കേണ്ടതാണ്.

## പൊതു ലൈബ്രറി / വായനശാല

ഈ പഞ്ചായത്തിൽ ഗ്രന്ഥശാല സംഘത്തിൻെറ അംഗീകാരമുള്ള 5 ലൈബ്രറികൾ പ്രവർത്തിക്കുന്നു.

1. ആശാൻ സ്മാരക ഗ്രന്ഥശാല 8 വായനശാല
2. കസ്തൂർബ സ്മാരക ഗ്രന്ഥശാല, വായനശാല
3. മഹാത്മവായനശാല + ഗ്രന്ഥശാല, വായനശാല
4. അജന്ത ലൈബ്രറി ആൻറ് ഗ്രന്ഥശാല
5. അലിയാർ സ്മാരക ഗ്രന്ഥശാല + വായനശാല.

ഇതിനുപുറമെ സംഘത്തിൽ റജിസ്ട്രേഷൻ ഇല്ലാത്ത 5 വായനശാലകളും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള പൊതുലൈബ്രറികൾ സ്ത്രീകളുടെ ഇടയിൽ വായനശീലം വർദ്ധിപ്പിക്കുന്നതിന് വീടുകൾ തോറും പുസ്തകം വിതരണം ചെയ്യേണ്ടതാണ്. ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി പഞ്ചായത്തിലെ ലൈബ്രറി പ്രവർത്തകരുടെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്. പഞ്ചായത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു കേന്ദ്രീകൃത റഫറൻസ് ലൈബ്രറി ആരംഭിക്കേണ്ടതാണ്.

# സംസ്ക്കാരം

സഹോദര പ്രസ്ഥാനത്തിൻെറ അലയടികൾ വൈപ്പിൻകരയുടെ മറ്റേതു പ്രദേശത്തെക്കാളും മുമ്പെ അനുരണനങ്ങൾ ഉണ്ടാക്കിയത് എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ഓച്ചന്തുരുത്തിലായിരുന്നു. പന്തിഭോജനം ശ്രീ. മങ്ങാട്ടുനാരായണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഓച്ചന്തുരുത്തിൽ നടക്കുകയുണ്ടായി. സർവ്വമത സമ്മേളനം ശ്രീ. രാമസ്വാമി നായ്ക്കർ, ഇ. ഗോപാലകൃഷ്ണ മേനോൻ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഓച്ചന്തുരുത്തിൽ നടക്കുകയുണ്ടായി, തൊഴിലാളി പ്രസ്ഥാനങ്ങളുടെ രൂപീകരണവും ദേശീയ സ്വാതന്ത്ര്യസമരത്തിലേയും പാലിയം സത്യാഗ്രഹത്തിലേയും പങ്കാളിത്തങ്ങളും പുമരാഗമനാശയങ്ങളെ ഉൾക്കൊള്ളാനും അതിനുവേണ്ടി പടവാളേന്താനും ഗ്രാമത്തിലെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾ യാതൊരു ലോഭവും കാണിച്ചിട്ടില്ല. ഈ കാലഘട്ടത്തിൽ അഴീക്കൽ മുരിക്കുംപാടം പ്രദേശത്ത് നവാദർശ സമിതിയെന്ന ഒരു സംഘടന ഡോ. കോമത്തു ഗോപാലൻെറ നേതൃത്വത്തിൽ രൂപീകരിച്ചു. പുരോഗമന ചിന്താഗതിക്കാരായ ചെറുപ്പക്കാർ ഈ സമിതിയിൽ സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. എന്നാൽ ഈ സമിതി അധികകാലം നിലനിന്നില്ല. സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിക്കാനും മാതൃകയായി പ്രവർത്തിക്കാനും പോയതലമുറയുടെ സാംസ്കാരിക പാരമ്പര്യം കെല്പേകി.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് മുതൽക്കൂട്ടായി സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അഞ്ചു ലൈബ്രറികൾ പ്രവർത്തിക്കുന്നു എന്നതും ഗ്രാമത്തിൻെറ സാംസ്കാരിക പാരമ്പര്യത്തിനുപകിട്ടേകുന്നു. അലിയാർ മെമ്മോറിയൽ വായനശാല, അജന്താ പബ്ലിക് ലൈബ്രറി, കസ്തൂർബാ വായനശാല, ആശാൻ മെമ്മോറിയൽ വായനശാല, മഹാത്മാ വായനശാല എന്നിവ അതാതു പ്രദേശത്തെ വിജ്ഞാന ദാഹികളെ ഉൾക്കൊള്ളാൻ കെൽപ്പുള്ളവയാണ്. ഇതിൽ ആശാൻ മെമ്മോറിയൽ വായനശാല നവോത്ഥാന കാലത്തുതന്നെ ജന്മമെടുത്തതാണ്.

വിവിധ കലാകായിക രംഗങ്ങളിൽ മികവു തെളിയിച്ച ഒട്ടേറെ കലാപ്രതിഭകൾ ഈ ഗ്രാമത്തിൻെറ സംഭാവനയായുണ്ട്. ശ്രീ. പാപ്പുക്കുട്ടി ഭാഗവതർ ശ്രീ. വക്കൻ ഭാഗവതർ എന്നിവർ ശാസ്ത്രീയസംഗീതത്തിലും ശ്രീ. വൈപ്പിൻ സുരേന്ദ്രൻ നാടക / സിനിമാ സംഗീത സംവിധാന രംഗത്തും പ്രശസ്തരായവരാണ്. മൃദംഗ വാദ്യത്തിൽ ശ്രീ. വൈപ്പിൻ ജോൺ മാസ്റ്ററും മികവുകാട്ടിയിട്ടുണ്ട്. നാടൻ കലാരൂപങ്ങൾ പഞ്ചായത്തിൽ വളരെക്കുറവാണ്. 7-ാം വാർഡിൽ ഉടുക്കുപാട്ടു പരിശീലനത്തിലും ചെണ്ടമേളത്തിലും രണ്ടു സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇവർ കർഷകത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്നവരാണ്.

വിജ്ഞാനത്തിൻെറ കൈത്തിരിയുമായി പതിനെട്ടു വിദ്യാലയങ്ങൾ പൊതുവിദ്യാധാരയിലേക്ക് ജനങ്ങളെ ജാതിമതഭേദമില്ലാതെ നയിക്കുവാൻ സഹായിച്ചു. തുടർന്നു ഉന്നത വിദ്യാഭ്യാസത്തിന് നഗരത്തിലെത്താനുള്ള സൗകര്യങ്ങളും സാംസ്കാരിക വളർച്ചക്ക് വളമേകി.

വിവിധ സമുദായങ്ങൾ സ്ഥാപിച്ചിട്ടുള്ള ദേവാലയങ്ങളും പഞ്ചായത്തിൽ സുലഭമായിട്ടുണ്ട്. ഇവയിലെല്ലാം ചെറുതും വലുതുമായ ആഘോഷങ്ങൾ നടക്കുന്നു. എളങ്കുന്നപ്പുഴയിലെ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ആറാട്ടാണ് പ്രസിദ്ധമായത്. അതോടനുബന്ധിച്ച് കുറത്തിയാട്ടം ഓട്ടൻ തുള്ളൽ കഥകളി എന്നീ ക്ഷേത്ര കലകൾ പ്രദർശിപ്പിക്കപ്പെടുന്നു. ഈ കലകളിൽ പ്രാവീണ്യമുള്ളവർ പഞ്ചായത്തിലില്ല. സർക്കാർ ദേവസ്വം വകയിലുള്ള പഞ്ചായത്തിലെ ഏക ക്ഷേത്രവും ഇതുതന്നെ. പഞ്ചായത്തിലെ 7, 8 വാർഡുകൾ പുതിയതായി കടൽ വച്ച സ്ഥലങ്ങളാണ്. കുടിയേറ്റക്കാലത്ത് ഒരു ഹൈന്ദവദേവാലയം മാത്രം 7-ാം വാർഡിൻെറ വടക്കു ഭാഗത്തു സ്ഥാപിതമായി. ഇതിൽ നിന്നും ധീവരന്മാരും, ഈഴവരും മാറി സ്വന്തം ക്ഷേത്രങ്ങൾ സ്ഥാപിച്ചു. ബാക്കിവന്ന പുലയ സമുദായക്കാർ അവർക്കും ഒരു ക്ഷേത്രം നിർമ്മിച്ചു. അടുത്തുതന്നെ ഒരു ക്രിസ്തീയ ദേവലായവും രൂപം കൊണ്ടു. 7-ാം വാർഡിൻെറ തെക്കെ ഭാഗത്തു ഒരു മുസ്ലീം ദേവാലയവും തൊട്ടടുത്തു ക്രിസ്ത്യാനികളുടെ ഒരു ചാപ്പലും ഹിന്ദുക്കളുടെ ഒരു ക്ഷേത്രവും നിലകൊള്ളുന്നു.

ഗ്രന്ഥശാലാ സംഘവുമായി അഫീലിയേറ്റു ചെയ്തിട്ടുള്ള 5 വായനശാലകൾ കൂടാതെ പഞ്ചായ

ത്തിൽ ധാരാളം റീഡിംഗ് റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. പല വ്യക്തികൾ സ്പോൺസർ ചെയ്ത ഒന്നോ രണ്ടോ ദിനപത്രങ്ങളും വാരികകളും അവിടെ കിട്ടുന്നു.

പഞ്ചായത്തിൽ ധാരാളം കലാസാംസ്കാരിക/കായിക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പേരെടുത്തു പറയാവുന്ന ഒന്നും തന്നെയില്ല. ഒരു വാർഷികാഘോഷത്തോടെ ഒരു കൊല്ലത്തെ പരിപാടികൾ ഒതുക്കുകയാണ് പതിവ്. മിക്കവാറും ഓണക്കാലത്തു നടക്കുന്ന പരിപാടികൾ ആധുനിക രീതിയിലുള്ള പോപ്പുഗാനങ്ങളും ബ്രേക്ക് ഷോയും കുറച്ചു ഓണക്കളികളുമായി കലാശിക്കുന്നു. ഒരു വാർഡിൽ തന്നെ നാലും അഞ്ചും സമിതികൾ ഒരേ സമയത്തു വാർഷികം ആഘോഷിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. സാംസ്കാരിക ഉന്നമനത്തിനായി ഈ കലാകായിക സമിതികൾക്ക് കൂടുതൽ പ്രവർത്തിക്കുവാൻ കഴിയും. സ്പോർട്സ് ക്ലബ്ബുകളാണെങ്കിൽ ക്രിക്കറ്റുകളിയിൽ മാത്രം മുങ്ങിക്കിടക്കുകയാണ്.

പഞ്ചായത്തിൽ 3 സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നു. ആയിരക്കണക്കിനു തമിഴ്നാട്ടുകാർ മീൻ പിടിത്തത്തിനായി ഇവിടെ തമ്പടിച്ചിരിക്കുന്നതുകൊണ്ട് തീയേറ്റർ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

സഹകരണ സംഘങ്ങളുടെ വകയായി രണ്ടു നല്ല ഓഡിറ്റോറിയങ്ങളും ഒരു മരണാനന്തര സഹായസ്ഥാപനത്തിൻെറ വകയായുള്ള ഒരു മിനി ഓഡിറ്റോറിയവും അഴീക്കൽ ശ്രീ. മല്ലികാർജ്ജുന ദേവസ്വം വക വലിയ ഒരു ഓഡിറ്റോറിയവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആദ്യം പറഞ്ഞ രണ്ടു ഓഡിറ്റോറിയങ്ങളിൽ ടി. വി. യുടെ അതിപ്രസരത്തിന് മുമ്പ് രണ്ടു മൂന്നു നാടകങ്ങൾ മാസംപ്രതി നടത്തിയിരുന്നു. ഇപ്പോൾ നാടകങ്ങൾ വിരളമാണ്.

മാലിപ്പുറത്ത് ഒരു മൈതാനമുണ്ട് സ്വതന്ത്ര മൈതാനം. പഞ്ചായത്ത് ഒരു കളർ ടി. വി. അവിടെ സ്ഥാപിച്ചിട്ടുണ്ട്. രാഷ്ട്രീയ സംഘടനകളുടെ മഹാസമ്മേളനങ്ങൾ അവിടെ നടക്കുന്നു. വല്ലപ്പോഴും സർക്കസ് കമ്പനികൾ അവരുടെ കലയും പ്രദർശിപ്പിക്കുന്നു.

സാമുദായിക സംഘടനകളും ധാരാളമായി പ്രവർത്തിക്കുന്നു. അവധയാടനുബന്ധിച്ച് മഹിളാ സംഘടനകളും യുവജന സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. ദേവാലയങ്ങളിലെ ഉൽസ ങ്ങളും മറ്റും ഇവരുടെ നേതൃത്വത്തിൽ നടക്കുന്നു.

## പ്രശ്നങ്ങൾ

1. പ്രവർത്തനങ്ങളുടെ ലക്ഷ്യബോധ്യമില്ലായ്മ.
2. സാമൂഹ്യ പങ്കാളിത്തക്കുറവ്.
3. ഭരണസ്ഥാനങ്ങളിൽ നിന്നും വേണ്ടത്ര പ്രോൽസാഹനം ഇല്ലായ്മ.
4. കൂട്ടുചേരാനും കേന്ദ്രീകൃതമായി പ്രവർത്തിക്കാനുമുള്ള അലംഭാവം.
5. വായനാശീലം അകലുന്നു.
6. ആളുകളുടെ തിരക്കു പിടിച്ച ജീവിതം – സമയക്കുറവ്.

## സാധ്യതകൾ

1. കലാകായിക രംഗത്ത് പ്രോൽസാഹനത്തിന് അയൽക്കൂട്ടങ്ങളുടേയും ഗ്രാമസഭകളുടേയും നേതൃത്വത്തിൽ ഗ്രാമമേളകൾ സംഘടിപ്പിക്കുക.
2. വായനശാലകൾക്കും മറ്റു ക്ലബ്ബുകൾക്കും പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപനം (കോ-ഓർഡിനേഷൻ)
3. വായനാശീലം ഉണ്ടാക്കാൻ പ്രൈമറി തലം മുതൽ പരിശീലന പരിപാടി. സഞ്ചരിക്കുന്ന വായനശാല.
4. വാർഡുകളിൽ വായനാ ക്ലബ്ബുകൾ.
5. കലാകായികാഭ്യാസത്തിന് അയൽകൂട്ടം, കളരികൾ, പഞ്ചായത്തുതല പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
6. വിജ്ഞാന വ്യാപനബോധവൽക്കരണ സമ്മേളനങ്ങൾ.
7. നീന്തൽക്കുളങ്ങൾ രൂപപ്പെടുത്തൽ അതിൻെറ പരിപാലനം.
8. നാടൻകലകളെ പരിപോഷിപ്പിക്കലും പരിശീലിപ്പിക്കലും വിശേഷാവസരങ്ങളിൽ കൂട്ടമായി അവതരിപ്പിക്കലും.
9. മയക്കുമരുന്നിൻെറ മുന്നോടിയായ പാൻപരാഗ് മുതലായ ലഹരിവസ്തുക്കൾക്കെതിരെ ബോധവൽക്കരണം – ബഹിഷ്ക്കരണം.
10. തൊഴിലിൻെറ മഹത്വം ഉയർത്താൻ തൊഴിലുൽസവങ്ങൾ സംഘടിപ്പിക്കാൻ.
11. വൃദ്ധജനങ്ങൾക്ക് പഞ്ചായത്തിൽ ഒത്തുചേരുന്നതിന് വേണ്ട പൊതുവേദികൾ സ്ഥാപിക്കുക. ആ വേദികളിൽ ദൃശ്യമാദ്ധ്യമങ്ങൾ സ്ഥാപിക്കുക.
12. പുതുവൈപ്പിൽ ലൈറ്റ് ഹൗസിനു പടിഞ്ഞാറുവശവും വളപ്പ് കടപ്പുറത്തും ഓച്ചന്തുരുത്തിൽ ചതുപ്പു പ്രദേശത്തും പുതിയ പ്ലോട്ടുകൾ വികസിപ്പിച്ചെടുക്കേണ്ടതാണ്. മുരുക്കുംപാടത്തുള്ള പഞ്ചായത്തുവക മൈതാനവും വികസിപ്പിക്കണം.

# പട്ടികജാതി– പട്ടിക വർഗ്ഗ ക്ഷേമം

കേരളത്തിലെ മറ്റേതൊരു ഗ്രാമത്തിന്റേയും പോലെ ഈ പഞ്ചായത്തിലെ സമൂഹത്തിന്റെയും വികാസത്തിനുവേണ്ടി തങ്ങളുടെ അദ്ധ്വാനം യാതൊരു വിലയുമില്ലാതെ വിൽക്കേണ്ടിവന്നിട്ടുള്ളവരാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം. കൃഷിയിടങ്ങളിലും മറ്റും അവരുടെ വിയർപ്പ് സ്വത്തായി രൂപപ്പെട്ടു. പക്ഷേ സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ അവരെ വേട്ടയാടിക്കൊണ്ടിരുന്നു.

നവോത്ഥാന കാലത്തോടെ സമൂഹത്തിലാകെ വന്ന മാറ്റങ്ങൾക്ക് ഏറെ ഗതിവേഗമുള്ള ഗ്രമമായിരുന്നു എളങ്കുന്നപ്പുഴ പഞ്ചായത്ത്. സഹോദര പ്രസ്ഥാനവും മറ്റു പുരോഗമന പ്രസ്ഥാനങ്ങളും ഈ വിഭാഗത്തെ സ്വാധീനിച്ചു. ജന്മി നാടുവാഴിത്തത്തിനും സാമൂഹ്യ ഉച്ച നീചത്വങ്ങൾക്കും എതിരെ നടന്ന മഹത്തായ ജനകീയ മുന്നേറ്റമായ പാലിയം സത്യാഗ്രഹത്തിൽ മറ്റുള്ളവരോടൊപ്പം ഈ വിഭാഗത്തിലെ ചെറുപ്പക്കാരും പങ്കാളികളായിരുന്നു. മഹാഭൂരിപക്ഷവും കർഷകത്തൊഴിലാളികളായ ഇവർ സംഘടിത വർഗ്ഗമായി ശക്തിപ്രാപിച്ചു. ഈ സംഘടിത ശേഷിയും അവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്തി.

ഈ പഞ്ചായത്തിൽ 5200 പട്ടികജാതിക്കാരും 110 പട്ടിക വർഗ്ഗക്കാരുമുണ്ട് – പട്ടികജാതി കുടുംബങ്ങൾ – 850, പട്ടികവർഗ്ഗ കുടുംബങ്ങൾ – 42, രാജഭരണ കാലത്തുതന്നെ പട്ടികജാതിക്കാരെ പുനരധിവസിപ്പിച്ചുകൊണ്ടുള്ള രണ്ടു കോളനികൾ നിലവിൽ വന്നു. മാലിപ്പുറം പുലയക്കോളനിയും ഓച്ചന്തുരുത്ത് വേട്ടുവ കോളനിയും പഞ്ചായത്തിലെ മറ്റ് അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ താഴെ പറയുന്നവയാണ്.

| | | | | | |
|---|---|---|---|---|---|
| 1. | പള്ളംപിള്ളി കോളനി | നമ്പർ | 450 | വാർഡ് | 12 |
| 2. | പുക്കാട് ഹരിജൻ കോൺസെൻട്രേഷൻ | ,, | 451 | ,, | 15 |
| 3. | പനക്കപ്പാടം ഒ. എൽ. എച്ച്. കോളനി | ,, | 452 | ,, | 14 |
| 4. | ലാൻഡ് ലസ് ലേബറേഴ്സ് കോളനി | ,, | 453 | ,, | 12 |
| 5. | റോട്ടറി ഒ. എൽ. എച്ച്. കോളനി | ,, | 454 | ,, | 11 |
| 6. | പുതുവൈപ്പ് സൗത്ത് ഹരിജൻ സെറ്റിൽമെന്റ് | ,, | 799 | ,, | 7 |
| 7. | ചാപ്പ ഹരിജൻ കോളനി എളങ്കുന്നപ്പുഴ | ,, | 800 | ,, | 11 |
| 8. | ചെള്ളപ്പുറം പട്ടികജാതി സെറ്റിൽമെന്റ് | ,, | 946 | ,, | 7 |
| 9. | പുതുവൈപ്പ് വാർഡ് 8 സെറ്റിൽമെന്റ് | ,, | 944 | ,, | 8 |
| 10. | മുരുക്കുംപാടം പട്ടികജാതി ഹാബിറ്റ്റ്റ് | ,, | 948 | ,, | 2, 3 |
| 11. | ആർ. എം. പി. കനാൽ ഹരിജൻ സെറ്റിൽമെന്റ് കോളനി | ,, | 949 | ,, | 10 |
| 12. | സീഷോർ ഹരിജൻ സെറ്റിൽമെന്റ് കോളനി | ,, | 950 | ,, | 10 |
| 13. | തെക്കൻ മാലിപ്പുറം പട്ടികജാതി ഹാബിറ്റ്റ്റ് | ,, | 951 | ,, | 3 |
| 14. | മിനി കോളനി ഹരിജൻ ഹാബിറ്റ്റ്റ് | ,, | 952 | ,, | 7 |
| 15. | പുതുവൈപ്പ് ഈസ്റ്റേൺ ഹരിജൻ പട്ടിക ജാതി ഹാബിറ്റ്റ്റ് | ,, | 953 | ,, | 7 |
| 16. | ഉണ്ടൻതുരുത്ത് കൊടിയന്തറ പട്ടികജാതി ഹാബിറ്റ്റ്റ് | ,, | 1138 | ,, | 10 |

ഈ 18 കോളനികളും സ്ഥാപിതമായപ്പോൾ 624 കുടുംബങ്ങളാണുണ്ടായിരുന്നത്. ഇപ്പോൾ അത് 800 ആയി വർദ്ധിച്ചിട്ടുണ്ട്. ഇവയിൽ മാലിപ്പുറം, ഓച്ചന്തുരുത്ത് കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ അല്പം മെച്ചപ്പെട്ട നിലയിലാണെങ്കിലും മറ്റു സങ്കേതങ്ങളുടെ സ്ത്രി മോശമാണ്. വൈദ്യുതിയും കുടിവെള്ളവുമെത്തിയിട്ടുണ്ടെങ്കിലും പൊതുവായ കുടിവെള്ള ക്ഷാമം ഈ കോളനികളെയും ബാധിച്ചിട്ടുണ്ട്. റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതല്ല. ഭവന രഹിതരും ഭൂരഹിതരായവരും ധാരാളമുണ്ട്. കൈവശ ഭൂമിക്ക് പട്ടയം കിട്ടാത്ത സ്ഥിതിയുമുണ്ട്. കക്കൂസില്ലാത്തതും വൈദ്യുതീകരിക്കാത്തതുമായ വീടുകളും നിരവധിയാണ്.

ഈ വിഭാഗത്തിന്റെ പൊതുനിലവാരം മറ്റു ദുർബലവിഭാഗങ്ങളിൽ നിന്നും വളരെ മോശമാണെന്ന് പറയുക വയ്യ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവർ കുറവാണ്. മിക്കവാറും എസ്. എസ്. എൽ. സി., പി. ഡി. സി. യോടെ വിദ്യാഭ്യാസം നിലനില്ക്കുന്ന സ്ഥിതിയാണുള്ളത്. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കും നിലവിലുണ്ട്. ഓച്ചന്തുരുത്ത് കോളനിയിൽ ഒരു

കമ്മ്യൂണിറ്റി ഹാളുണ്ട്. മാലിപ്പുറം കോളനിയിൽ ഒരു അംഗീകൃത ഗ്രന്ഥശാല (അജന്ത ലൈബ്രറി പ്രവർത്തിച്ചുവരുന്നു. കൂടാതെ നല്ല നിലയിൽ അജന്ത മരണാനന്തര ഫണ്ട് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. പുതുവൈപ്പ് ഈസ്റ്റേൺ ഹരിജൻ ഹാബിറ്റേറ്റിൽ 1992-93 ൽ ഐ. എച്ച്. ഡി. പി. നടപ്പിലാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ പൊതുരംഗത്തു സജീവമായി മുന്നിട്ടു നിൽക്കുന്നവരിൽ നല്ലൊരു വിഭാഗവും പട്ടികജാതിക്കാരിൽ നിന്നുള്ളവരാണ്. കലാസാംസ്കാരിക കായിക രംഗത്തും ഈ വിഭാഗത്തിൽപ്പെടുന്നവർ മുന്നിലാണ്.

കാർഷിക മേഖലയിലായിരുന്നു ഈ വിഭാഗം പ്രധാനമായും തൊഴിലെടുത്തിരുന്നതെങ്കിലും കാലക്രമത്തിൽ കാർഷിക മേഖല ക്ഷയിച്ചുവരുന്നതിനാലും താരതമ്യേന കുറഞ്ഞ കൂലി ആയതിനാലും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ കുറഞ്ഞുവരികയാണ്. കെട്ടിട നിർമ്മാണ രംഗത്തും മൽസ്യബന്ധനത്തിലും കുറെപേർ പണിയെടുക്കുന്നുണ്ട്. സ്വന്തമായി കാർഷികവൃത്തിയിൽ (വിശേഷിച്ചും പുതുവൈപ്പിൽ) ഏർപ്പെട്ടിട്ടുള്ളവരും കുറവല്ല. വാണിജ്യ വ്യവസായ മേഖലകളിൽ ഉയർന്നുവന്നവർ ആരും തന്നെയില്ലെന്നു പറയാം. സർക്കാർ ജോലികൾ ലഭിച്ചിട്ടുള്ളവരുടെ എണ്ണം കുറവാണ്.

## പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നുണ്ട്.
2. സംവരണ തസ്തികകളിൽ നിയമനത്തിന് താമസം നേരിടുന്നത്.
3. കൈവശ ഭൂമിക്ക് പട്ടയം നൽകാത്ത സ്ഥിതി.
4. ഭൂരിഭാഗം പട്ടികജാതി വിഭാഗം താമസിക്കുന്ന സ്ഥലങ്ങളും വെള്ളക്കെട്ടുള്ളതാണ്.
5. ഭവന രഹിതരുടെ എണ്ണം കൂടുന്നു.
6. അംഗീകൃത കോളനികളിൽ കുടിവെള്ളക്ഷാമം മോശമായ റോഡുകൾ വെള്ളക്കെട്ട്.
7. കോളനികളിൽ കമ്മ്യൂണിറ്റിഹാൾ വായനശാല, ട്യൂഷൻ സെൻററുകൾ, ടെലിവിഷനുകൾ എന്നിവ ഇല്ലായ്മ.
8. വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പുകളുടെയും മറ്റു സഹായങ്ങളുടെയും അപര്യാപ്തത.
9. കലാകായിക രംഗങ്ങളിൽ പ്രോൽസാഹനമില്ലായ്മ.

## സാധ്യതകൾ

1. തളർന്നുവരുന്ന കാർഷിക മേഖല ശക്തിപ്പെടുത്തുക.
2. വ്യവസായ വാണിജ്യ മേഖലകളിൽ ഉയർന്നുവരുവാൻ ബാങ്കുകളിൽ നിന്നും മറ്റു സാമ്പത്തിക ഏജൻസികളിൽ നിന്നും സഹായം ലഭിക്കുക.
3. ഒഴിവു വരുന്ന സർക്കാർ സംവരണ തസ്തികകളിൽ താമസംവിനാ നിയമനം നടത്തുക.
4. ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് ഭവന നിർമ്മാണ ഗ്രാൻറും നൽകുക. ഭവന നിർമ്മാണ ഗ്രാൻറ് തീരെ അപര്യാപ്തമായതിനാൽ (പ്രത്യേകിച്ചും ചതുപ്പു പ്രദേശങ്ങളായതിനാൽ) അവ വർദ്ധിപ്പിക്കുക. കൈവശ ഭൂമിക്ക് പട്ടയം നൽകുക. കൈവശ ഭൂമിയുള്ളവർക്കും ഭവന നിർമ്മാണ ഗ്രാൻറ് നൽകുക.
5. പട്ടികജാതി കോളനികളും, പുരയിടങ്ങളും, വെള്ളക്കെട്ട് ഒഴിവാക്കുവാൻ സഹായം നൽകുക.
6. ആവശ്യത്തിന് സ്ഥലം ലഭ്യമായ കോളനികളിൽ (ഉദാ: മാലിപ്പുറം കോളനി, പുതുവൈപ്പ് ഈസ്റ്റേൺ ഹരിജൻ ഹാബിറ്റ്) കമ്മ്യൂണിറ്റിഹാളുകൾ നിർമ്മിച്ചു നൽകുക. വായന ശാലകളും വിദ്യാഭ്യാസ പ്രോൽസാഹനത്തിന് ട്യൂഷൻ സെൻററുകൾ, ടെലിവിഷൻ എന്നിവ നടപ്പാക്കുക.
7. ആവശ്യത്തിന് കുടിവെള്ളമെത്തിക്കുക, റോഡുകൾ സഞ്ചാരയോഗ്യമാക്കുക (വീതിയേറിയവയിൽ ടാറോ കോൺക്രീറ്റിംഗോ നടത്തുക) എല്ലാ വീടുകളും വൈദ്യുതീകരിക്കുക. കക്കൂസുകൾ നൽകുക.
8. വിദ്യാഭ്യാസ ആനുകൂല്യവും സ്കോളർഷിപ്പ് സംഖ്യയും വർദ്ധിപ്പിക്കുക.
9. കലാകായിക രംഗത്ത് പ്രോൽസാഹനം നൽകുക.
10. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിവരുന്ന വിദ്യാഭ്യാസ ധനസഹായം പട്ടികജാതി / പട്ടികവർഗ വിദ്യാർത്ഥികൾക്കു കൂടി കിട്ടുമാറാക്കുക.
11. കർഷകതൊഴിലാളി ഗ്രൂപ്പുകളുടെ സംഘാടനം.

# വനിതാക്ഷേമം

കേരളത്തിലെ വനിതകളെ സംബന്ധിച്ചിടത്തോളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമൂഹിക പദവികളിൽ ഉയർച്ച ഉണ്ടായിട്ടുണ്ട് എന്നുള്ളത് വസ്തുതയാണെങ്കിലും അവരുടെ തനതായ വളർച്ചയ്ക്കും വികസനത്തിനും പുരുഷന്മാരെ ആശ്രയിക്കേണ്ടിവരുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമായി അവശേഷിക്കുകയാണ്. എളങ്കുന്നപ്പുഴ പഞ്ചായത്തിൽ സ്ത്രീയും പുരുഷനും ജനസംഖ്യാനുപാതത്തിൽ തുല്യരാണെന്ന് മാത്രമല്ല വിദ്യാഭ്യാസത്തിലും സാക്ഷരതയിലും മെച്ചപ്പെട്ട നിലയിലുമാണ്.

നമ്മുടെ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള നില്ലൊരു വിഭാഗം സ്ത്രീകൾ തന്നെ ഉണ്ട്. ഇവർ പല മേഖലകളിലും തങ്ങളുടെ കഴിവ് കാണിക്കുന്നുണ്ടെങ്കിലും അതിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങളിലും സ്ത്രീകൾ പങ്കെടുക്കുന്നുണ്ടെങ്കിലും വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല. എന്നാൽ സാമൂഹിക രംഗത്തേക്ക് ഇറങ്ങി വരുന്ന സ്ത്രീകൾക്ക് വളരെയേറെ പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവരുന്നു.

വൈപ്പിൻ ബ്ലോക്കിലെ ഏറ്റവും വലിയ പഞ്ചായത്താണ് എളങ്കുന്നപ്പുഴ പഞ്ചായത്ത് ജനസംഖ്യയിലും മറ്റു പഞ്ചായത്തുകളെക്കാളും മുന്നിൽ തന്നെയാണ് ആകെ ജനസംഖ്യ 52734 സ്ത്രീകൾ 26971 പുരുഷൻ 25763. ഉദ്യോഗസ്ഥരായ സ്ത്രീകളുടെയെണ്ണം ചെറിയ ശതമാനമെ വരൂ. എന്നാൽ അവരിൽ അദ്ധ്യാപികമാരാണ് ഭൂരിപക്ഷം പേരും കൂലിപണിക്കാരായ കുറഞ്ഞ ശതമാനം സ്ത്രീകളുമുണ്ട്. കൂടാതെ വീട്ടുജോലിക്കുപോകുന്ന സ്ത്രീകളുമുണ്ട്. അതുപോലെ തന്നെ മറ്റു സംസ്ഥാനങ്ങളിൽ പോയി ചെമ്മീൻ കമ്പനികളിൽ ജോലി ചെയ്യുന്നവരും നിരവധിയുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളേക്കാളും മുന്നിട്ടു നില്ക്കുന്നത് പെൺകുട്ടികളാണെങ്കിലും ജനസംഖ്യ 51197 സ്ത്രീകൾ 26202 പുരുഷന്മാർ 24995 പൊതുസ്ഥലങ്ങളിലും എന്തിനേറെ വിദ്യാലയങ്ങളിൽപോലും പെൺകുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് വേണ്ടത്ര സൗകര്യം ഇല്ലാ എന്നുള്ളത് വാസ്തവമാണ്. തന്മൂലം പെൺകുട്ടികൾക്ക് പല അസുഖങ്ങളും ഉണ്ടാകുന്നതായി നമുക്ക് കാണുവാൻ കഴിയും.

## വനിതാക്ഷേമം

1. സ്ത്രീ പുരുഷ ഭേദമില്ലാതെ വേതനം തുല്യമാക്കണം.
2. തൊഴിൽ ശാലകളിൽ സ്ത്രീകൾക്ക് പ്രാദമികാവശ്യങ്ങൾക്കുള്ള സജീകരണങ്ങൾ ഏർപ്പെടുത്തണം.
3. ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മാന്യതയും സംരക്ഷണവും ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
4. വനിതാ പീഠന പ്രശ്നങ്ങൾ പരിഹരിക്കുവാൻ പഞ്ചായത്തുതലത്തിൽ അധികാരത്തോടെ കുടുംബകോടതികൾ സംഘടിപ്പിക്കുക.
5. ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുന്നതിന് മുൻഗണന നൽകി പ്രോൽസാഹിപ്പിക്കുക. സഹായങ്ങൾ നൽകുക.
6. സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിലുള്ള ദൃശ്യമാദ്ധ്യമ പരസ്യങ്ങൾ നിയമം മൂലം നിരോധിക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്യുക.
7. വനിതാ വികസനം എല്ലാ പഞ്ചായത്തുതലത്തിൽ കേന്ദ്രീകരിച്ചു ചെയ്യുക.
8. മഹിളാ സമാജങ്ങൾ ഉണ്ടാക്കുകയും അവർക്ക് ഗ്രാൻറ് നൽകുകയും ചെയ്യുക.
9. വനിതകൾക്ക് നിർഭയം കടന്നുചെല്ലുവാനും പരാതികൾ സമഭാവനയോടെ ബോധിപ്പിക്കുവാനും ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ ഉണ്ടാക്കുക. അതുപോലെ ഒരു വനിതാ സെൽ രൂപീകരിക്കുക.
10. പഞ്ചായത്തതിർത്തിയിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്ന നിയമം പാസ്സാക്കി നടപ്പിലാക്കണം.
11. വനിതകളുടെ യാത്രാക്ലേശം ഒഴിവാക്കുന്നതിന് സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കുമായി ഷട്ടിൽ സർവീസ് ഏർപ്പെടുത്തുക.
12. മഹിളാ സമാജങ്ങൾ പ്രവർത്തന രഹിതമായത് പുനർജിവിപ്പിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ഉണ്ടാക്കുകയും ചെയ്യുക.
13. ഡേ - കെയർ സംവിധാനം ഉണ്ടാക്കുക.
14. സംഘടനകളിൽ നേതൃത്വ സ്ഥാനങ്ങളിലേക്ക് സ്ത്രീകളെ കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തുക.
15. വീട്ടമ്മമാരായ സ്ത്രീകൾക്ക് ഒഴിവ് സമയം വിനിയോഗിച്ച് അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഉപതൊഴിലുകൾക്ക് പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
16. പുറത്തേക്ക് ജോലിക്ക് പോകുന്ന സ്ത്രീകളുടെ യഥാർത്ഥ സ്ഥിതി വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

# സഹകരണ മേഖല

കൊച്ചി സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനം രൂപീകൃതമായത് 1914-ൽ ആണെന്നു കാണുന്നു. അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ ഗ്രാമത്തിലും സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചതായി ക്കാണാം. ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക് 1919-ൽ സ്ഥാപിച്ചതായി ചരിത്ര രേഖകൾകാണിക്കുന്നു. സ്ഥാപകനായ കാട്ടാശ്ശേരിൽ സേവ്യർ ജൂസ്റ്റേ എന്ന സഹകാരിയെ ഇതിനു പ്രേരിപ്പിച്ചത് 1872 ലെ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്ത ലിയനോഡിൻെറ ആഹ്വാനമായിരിക്കണം. 'പള്ളിക്കൂടങ്ങൾ' പള്ളി സ്കൂളുകളായി ഉയർത്താനും ജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സഹകരണ പ്രസ്ഥാനത്തിൽ അണിനിരക്കാനും ആണ് മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തത്.

തുടർന്ന് 1923-ൽ കർത്തേടം സർവീസ് സഹകരണ ബാങ്ക് (സ്ഥാപകൻ ഫാദർ ആൻറണി ചിറക്കപ്പറമ്പിൻ - കർത്തേടം പള്ളിവികാരി) സ്ഥാപിച്ചു.

1938-ൽ കർത്തേടത്തുതന്നെ ഫാദർ ജോർജ് തോട്ടകത്ത് (കർത്തേടം പള്ളി വികാരി) കർത്തേടം മരണാവശ്യ സഹായ സഹകരണ സംഘം രൂപീകരിച്ചു. ഇത്തരത്തിൽ ഒരു സംഘം രജിസ്ട്രർ ചെയ്തു പ്രവർത്തിക്കുന്നത് അക്കാലത്ത് ചിന്തിക്കാൻപോലും കഴിയാത്തതായിരുന്നു. സഹകരണ രംഗത്ത് ഏതേതു മേഖലകളിൽ പ്രവർത്തിക്കാൻ കഴിയുമെന്നതിന് ഉത്തമമാതൃകയാണ് ഇത്തരം പ്രസ്ഥാനങ്ങൾ.

സഹകരണ രംഗത്ത് പുതുമേഖലകൾ തേടുന്നതിന് നമ്മുടെ ഗ്രാമവാസികളെ പ്രേരിപ്പിക്കാൻ പര്യാപ്തമാണ് നമ്മുടെ സഹകരണ ചരിത്രം.

(ആമുഖം വരാപ്പുഴ ചരിത്രത്തിൽ നിന്നും)

### A സർവീസ് സഹകരണ സംഘങ്ങൾ

1. ഓച്ചന്തുരുത്ത് സർവീസ് സഹകരണ സംഘം. നമ്പർ 72.
2. കർത്തേടം സർവീസ് സഹകരണ ബാങ്ക്, മാലിപ്പുറം. നമ്പർ 123.

(മേൽ വിവരിച്ച രണ്ടു സംഘത്തിനും പ്രത്യേകം പ്രത്യേകം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തന പരിധിയുണ്ട്).

### B മറ്റു വായ്പാ സംഘങ്ങൾ

1. കർത്തേടം മരണാവശ്യ സഹകരണ സംഘം. നമ്പർ 385.
2. എളങ്കുന്നപ്പുഴ പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘം, പുതുവയ്പ്.

### C ഭവനനിർമ്മാണ സഹകരണ സംഘം

എളങ്കുന്നപ്പുഴ റൂറൽ ഹൗസിംഗ് സഹകരണ സംഘം.

### D മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

1. അഴീക്കൽ എളങ്കുന്നപ്പുഴ മൽസ്യത്തൊഴിലാള ക്ഷേമസഹകരണ സംഘം, മാലിപ്പുറം.
2. മാലിപ്പുറം മൽസ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, വളപ്പ് - മാലിപ്പുറം.
3. ഓച്ചന്തുരുത്ത് മൽസ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പുതുവയ്പ്.
4. അഴീക്കൽ, മൽസ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം - വൈപ്പിൻ.

### E വ്യവസായ സംഘങ്ങൾ

1. അഴീക്കൽ കക്കാ വ്യവസായ സഹകരണ സംഘം - മുരിക്കുംപാടം.
2. വനിതാ വ്യവസായ സഹകരണ സംഘം, ഓച്ചന്തുരുത്ത്.
3. വൈപ്പിൻകര വനിതാ സഹകരണ സംഘം - ഞാറക്കൽ.
4. വൈപ്പിൻ വനിതാ മൽസ്യസഹകരണ സംഘം - മാലിപ്പുറം.
5. ഹരിജൻ വനിതാ വ്യവസായ സഹകരണ സംഘം -വളപ്പ്.
6. ഗുണ്ടു ഐലൻറ് കയർ ഉല്പാദക സഹകരണ സംഘം - എളങ്കുന്നപ്പുഴ.
7. ടെൻ വുമൻസ് - ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ: 5 INDE 149.

# സാമൂഹ്യ ക്ഷേമം

സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിൽ ഏറ്റവും കൂടുതൽ സേവനങ്ങൾ ഉള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. വിവിധങ്ങളായ ധനസഹായങ്ങളും പെൻഷനുകളും ഏറെ നല്കുന്നവരാണ് നമ്മൾ. പക്ഷേ ഇവ പലപ്പോഴും അപര്യാപ്തമാണെന്നതും, അർഹതയുള്ളവർക്ക് മുഴുവൻ ലഭിക്കുന്നില്ല എന്നുള്ളതും കാലതാമസവും എല്ലാം എല്ലാം അടങ്ങിയിരിക്കുന്നതായി കാണാം.

വാർദ്ധക്യകാല പെൻഷൻ വിധവാ പെൻഷൻ വികലാംഗ അഗതി പെൻഷൻ ഈയിനങ്ങളിലെല്ലാമായി 126 പേർക്കാണ് നമ്മുടെ പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നത്. അർഹതയുള്ളതിൻെറ ചെറിയൊരംശം പേർക്കേ ഈയിനത്തിൽ ധനസഹായം ലഭിക്കുന്നുള്ളൂ എന്നു കാണാം. മാരക രോഗങ്ങൾ ബാധിച്ച 8 പേർക്കുകൂടി ധനസഹായം നൽകുന്നതായി കണക്കുകൾ കാണിക്കുന്നു.

ഇതുകൂടാതെ 327 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട്. അർഹതയുള്ളതിൽ ചെറിയൊരു ഭാഗമേ ആകുന്നുള്ളൂ ഇതെന്നതും ഈ എണ്ണത്തിൽ തന്നെ ഒട്ടേറെ അനർഹരും – മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരും – വാങ്ങുന്നുണ്ട് എന്നറിയുമ്പോൾ നമ്മുടെ ക്ഷേമപദ്ധതികൾ സാമൂഹിക വളർച്ചക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്നും ചിന്തിക്കേണ്ടതാണ്.

സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ട്രൈസം പദ്ധതിയും, കീഴിൽ കൊടുക്കുന്ന പരിശീലന പരിപാടി 10 പേർക്ക് നൽകിയിട്ടുണ്ടെങ്കിലും ആരും തന്നെ സ്വയം തൊഴിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഇവരിൽ 5 പേർ മറ്റു തൊഴിലുകളിലായി ഏർപ്പെട്ടിട്ടുണ്ടെന്നു കാണാം.

ഡി. ഡബ്ല്യൂ. സി. ആർ. എ. പദ്ധതി പ്രകാരം ഒരു വസ്ത്രനിർമ്മാണ യൂണിറ്റ് മാത്രം പ്രവർത്തിക്കുന്നു. അതും പീഡിതമാണെന്നു കാണാം. ഐ. ആർ. ഡി. പി. സർവ്വേ ലിസ്റ്റിൽ 4822 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ചെറിയൊരു ശതമാനത്തിനെ ധനസഹായം ലഭിച്ചിട്ടുള്ളൂ. 267 പേർക്കുമാത്രമാണ് ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടുള്ളത്. ഇങ്ങിനെ നോക്കുമ്പോൾ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് എത്രയോ വർഷം കാത്തിരിക്കേണ്ടിവരും.

## പ്രശ്നങ്ങൾ

1. പദ്ധതികളുടെ വിവരം യഥാസമയം ജനങ്ങൾ അറിയുന്നില്ല.
2. പല പദ്ധതിതുകകളും ആവശ്യത്തിനുമതിയാകുന്നവയല്ല.
3. ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ജനകീയമല്ല.
4. കർഷകതൊഴിലാളി – അഗതി പെൻഷനുകൾ സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തി നൽകുന്നത് മുഴുവൻ അർഹതയുള്ളവരെയും ഉൾക്കൊള്ളാൻ കഴിയുന്നില്ല.
5. വാർദ്ധക്യകാല പെൻഷൻ പര്യാപ്തമല്ല.

## സാധ്യതകൾ

1. പ്രാദേശിക ഭരണകൂടത്തിൻെറ ഫലപ്രദമായ ഇടപെടൽ.
2. ട്രൈസം പദ്ധതികൾ പ്രാദേശിക തൊഴിൽ പരിശീലന പരിപാടിയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നടപ്പിലാക്കുക, വൈദഗ്ദ്ധ്യപോഷണം കൂടി ലക്ഷ്യമാകണം.
3. ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം.
4. എല്ലാ ധനസഹായങ്ങളുടെയും വിവരം പൊതുസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കാനുള്ള സംവിധാനം.
5. വൃദ്ധർക്കായി റിക്രിയേഷൻ സെൻററുകളും വൃദ്ധസദനങ്ങളും സ്ഥാപിക്കൽ.

F ഇതര സഹകരണ സംഘങ്ങൾ

1. മാലിപ്പുറം മൾട്ടി - പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - നമ്പർ: 750.
2. വൈപ്പിൻ ബ്ലോക്ക് മോട്ടോർ ട്രാൻസ്പോർട്ട് ആൻറ് അലൈഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

പഞ്ചായത്തിലെ 1-ാം വാർഡു തുടങ്ങി 9 വരെയുള്ള വാർഡുകളും 6-ാം വാർഡിൻെറ പകുതി ഭാഗവും ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്കിൻെറ പ്രവർത്തന പരിധിയിൽ വരുന്നതാണ്. 6-ാം വാർഡിൻെറ പകുതിഭാഗവും 10 മുതൽ 15 വരെയുള്ള വാർഡുകൾ പൂർണ്ണമായും കർത്തേടം സർവീസ് സഹകരണ ബാങ്കിൻെറ പ്രവർത്തന പരിധിയിൽ വരുന്നതാണ്.

ഓച്ചന്തുരുത്ത് സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ വരുന്ന വലിയൊരു വിഭാഗം കുടുംബങ്ങളെ ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്കിൽ ഉൾക്കൊള്ളിക്കേണ്ടതായിട്ടുണ്ട്. കർത്തേടം സഹകരണ ബാങ്കിൻെറ പ്രവർത്തന പരിധിയിലുള്ള 70 ശതമാനം കുടുംബങ്ങളും സംഘത്തിൽ അംഗത്വം എടുത്തിട്ടുണ്ട്.

9-ാം പദ്ധതി കാലഘട്ടത്തിൽ പഞ്ചായത്തിലെ രണ്ടു സംഘങ്ങളുടേയും പരിധിയിലുള്ള മുഴുവൻ കുടുംബങ്ങളേയും അംഗങ്ങളാക്കുന്നതിനുള്ള സമയ ബന്ധിതമായ പരിപാടി ഈ രംഗത്ത് ആസൂത്രണത്തിൻെറ ഭാഗമായി നടപ്പിലാക്കണം.

ആൾ ജാമ്യം, വസ്തു ഈഡ് എന്നീ ഗണത്തിൽ പെട്ട വായ്പകളാണ് ഈ രണ്ടു സംഘങ്ങളും മുഖ്യമായും ഇപ്പോൾ നൽകുന്നത്. വ്യാപകമായ തൊഴിലില്ലായ്മ, (വിദ്യാഭ്യാസമുള്ളവരുടേയും അല്ലാത്തവരുടെയും ഇടയിൽ) ഉള്ള ഈ പഞ്ചായത്തിൽ കൂടുതൽ തൊഴിൽ ദായകങ്ങളായ പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വായ്പാ നയമാണ് പദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ടത്. പ്രവർത്തനക്ഷമങ്ങളായ പദ്ധതികളുമായി, കൃഷി, ചെറുകിട വ്യവസായങ്ങൾ, കൈത്തൊഴിലുകൾ എന്നീ മേഖലകളിൽ മുന്നോട്ടുവരുന്ന തൊഴിൽ രഹിതർക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ മിതമായ പലിശയ്ക്ക് എളുപ്പമായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഈ രണ്ടു ബാങ്കുകളും വർദ്ധമാനമായ തോതിൽ നടപ്പിലാക്കണം. ഇതിലേക്ക് ആവശ്യമായ ഫണ്ടു മുഴുവൻ പ്രാഥമിക സംഘങ്ങളിൽ സ്വരൂപിക്കാൻ കഴിയാതെ വരുന്നുവെങ്കിൽ, ജില്ലാ സഹകരണ ബാങ്കിൽ നിന്നും പദ്ധതി വായ്പകൾക്കാവശ്യമായ സംഖ്യ ബാങ്കുകളുടെ മുൻകയ്യോടുകൂടി സ്വീകരിക്കേണ്ടതാണ്.

എളങ്കുന്നപ്പുഴ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘത്തിന് പഞ്ചായത്തുമുഴുവൻ പ്രവർത്തന പരിധിയുണ്ടെങ്കിലും പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളെ ഇനിയും സംഘവുമായി ബന്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അടുത്ത അഞ്ചു വർഷത്തിനകം മുഴുവൻ അർഹരായ അംഗങ്ങളേയും സംഘത്തിൽ ചേർക്കുവാൻ പരിപാടിയിട്ടു പ്രവർത്തിക്കേണ്ടതാണ്.

## ഭവനനിർമ്മാണ സഹകരണ സംഘം

രണ്ടു ദശാബ്ദത്തിനുമേൽ ഭവന നിർമ്മാണ രംഗത്ത് വായ്പ നൽകുന്ന വൈപ്പിൻ റൂറൽ ഹൗസിംഗ് സഹകരണ സംഘം ആ രംഗത്ത് ഇതിനകം ശ്രദ്ധേയമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. എന്നാൽ മൽസ്യത്തൊഴിലാളികൾ കർഷകത്തൊഴിലാളികൾ, സമൂഹത്തിലെ ഇതരതാഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾ എന്നിവർക്കുള്ള ഭവന നിർമ്മാണ രംഗങ്ങളിൽ കാര്യമായ വായ്പ സഹായങ്ങൾ എത്തിക്കുന്നതിന് ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. വരും വർഷങ്ങളിൽ, പദ്ധതി പ്രവർത്തനത്തിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്ത് മേൽ സൂചിപ്പിച്ച താഴ്ന്ന വരുമാനക്കാർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾ സംഘം ഏറ്റെടുത്ത് നടത്തേണ്ടതാണ്. മൽസ്യത്തൊഴിലാളി സഹകരണ മേഖലയിൽ പഞ്ചായത്തിൽ നാലു സംഘങ്ങളാണ് ഇപ്പോഴുള്ളത്. ഇതിൽ അഴിക്കൽ, എളങ്കുന്നപ്പുഴ മൽസ്യത്തൊഴിലാളി സഹകരണ സംഘത്തിനു മാത്രമാണ് പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ളത്. ഈ സംഘമടക്കമുള്ള മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളും കൂടുതൽ അംഗങ്ങളെ ചേർത്ത് പ്രവത്തനം വിപുലീകരിക്കേണ്ടതാണ്. അതോടൊപ്പം മൽസ്യാനുബന്ധ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്കും ഈ സംഘങ്ങളിൽ ക്ലാസ് അംഗത്വം നൽകണം. ഇവർക്ക് ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണം. ഏഴ് വ്യവസായ സഹകരണ സംഘങ്ങളാണ് പഞ്ചായത്ത് അതിർത്തിയിലുള്ളത്. എല്ലാ സംഘങ്ങളുടേയും തൊഴിൽ ദായക രംഗത്തുള്ള പ്രവർത്തനം വളരെയേറെ വിപുലീകരിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും വനിതകൾക്കു മാത്രമായുള്ള വനിതാ സഹകരണ സംഘങ്ങൾ ഇക്കാര്യത്തിൽ വളരെ പ്രവർത്തന സാദ്ധ്യതകളാണുള്ളത്. അവ വരും വർഷങ്ങളിൽ ധനസഹായ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൻെറ പദ്ധതി വിഹിതത്തിൽ നിന്നും ലഭിക്കാവുന്ന ഫണ്ടുകളുപയോഗിച്ച് അംഗത്വ ഷെയർ പിരിച്ചും പ്രവർത്തനം വിപുലീകരിക്കുക വഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഗണനീയമായ സേവനം നിർവഹി

ക്കേണ്ടതുണ്ട്.

ഗുണ്ടു ഐലണ്ടിൽ പ്രവർത്തിച്ചിരുന്ന കയറുല് പാദക സഹകരണ സംഘം എളങ്കുന്നപ്പുഴ ആസ്ഥാന മാക്കി അതിൻെറ പ്രവർത്തനങ്ങൾ പുനരാരംഭിക്കു ന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. അത് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന സാഹചര്യം വളർത്തിക്കൊണ്ടുവരുന്നതിന് പരിശ്രമി ക്കേണ്ടതാണ്.

## പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ (ക്രെഡിറ്റ്)

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | രജിസ്റ്റർ ചെയ്ത തീയതി | അംഗങ്ങൾ A | B | ഓഹരി മൂലധനം | നിക്ഷേപം സ്ഥിരം | ഹ്രസ്വകാലം | വായ്പ | ജീവന ക്കാരു ടെ എണ്ണം | ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|---|---|---|
| 1. | ഓച്ചന്തുരുത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1919 | 12842 | 4179 | A 585000<br>B 150000 | 3216701 | 5752644 | 37879345 | 15 | ക്രെഡിറ്റ് |
| 2. | കർത്തേടം കോ-ഓപ്പറേറ്റീവ് ബാങ്ക് | 1099 ME | 9464 | - | 505000 | 3410384 | 5591960 | 43357167 | 15 | ക്രെഡിറ്റ് |
| 3. | കർത്തേടം മരണാവശ്യ സഹകരണ സംഘം | 1938 | 2230 | 5624 | 394100 | 35455912 | 3309420 | 19602459 | 8 | ക്രെഡിറ്റ് |
| 4. | എളങ്കുന്നപ്പുഴ പട്ടിക ജാതി / പട്ടികവർഗ്ഗ സഹകരണ സംഘം | 1971 | 1746 | - | 300000 | 2500 | 148007 | 208573 | 1 | ക്രെഡിറ്റ് |

# വിഭവ സമാഹരണം

നമ്മുടെ ഗ്രാമത്തിലെ ജനസംഖ്യ 51197 ആണ്. പഞ്ചായത്തിൻെറ ഇന്നത്തെ പ്രധാന വരുമാന മാർഗ്ഗം കെട്ടിട നികുതിയിനത്തിൽ നിന്നാണ്. വിനോദ നികുതിയിനത്തിലും തൊഴിൽ നികുതിയിനത്തിലും ലഭിക്കുന്ന തുകയും വരവിനങ്ങളിൽ അടുത്ത സ്ഥാനത്തുനില്ക്കുന്നു. മുൻ വർഷത്തിൽ വസ്തു കൈമാറ്റ നികുതിയിനത്തിൽ പഞ്ചായത്തിൻെറ വിഹിതമായി ലഭിച്ച ആറു ലക്ഷത്തിൽപരം രൂപ വരവിനങ്ങളിൽ ഒന്നാം സ്ഥാനത്തുനില്ക്കുന്നതായി കാണാം.

വരവു ചെലവ് പട്ടിക അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.

പ്രധാന തൊഴിൽ മേഖല മൽസ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട് വലിയ തോതിൽ തൊഴിൽ നികുതിക്കുള്ള പുതിയ മേഖലകൾ കണ്ടെത്താൻ പ്രയാസമാണ്. എങ്കിലും പരിമിതമായി നികുതി നിർദ്ദേശങ്ങൾ ആകാവുന്നതാണ്.

നിലവിലുള്ള നിയമമനുസരിച്ച് പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഓഫീസ് പ്രവർത്തന ചെലവുകളും കഴിച്ചാൽ വികസന ചെലവിനായി ലഭിക്കുന്ന തുക വളരെ പരിമിതമാണെന്നു കാണാം. ഇവ നമ്മുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഇതുകൊണ്ടുതന്നെ പല വികസന പ്രവർത്തനങ്ങൾക്കും ഫണ്ടില്ലാത്ത സ്ഥിതിയാണുള്ളത്.

പലപ്പോഴും വികസന പദ്ധതികൾക്ക് സർക്കാർ ഗ്രാൻറുകളെ മാത്രം ആശ്രയിക്കേണ്ടിവരുന്നു.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക്, കർത്തേടം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കർത്തേടം മരണാവശ്യ സഹായ സഹകരണ സംഘം, ഫെഡറൽ ബാങ്ക് പുതുവൈപ്പ്, ബാങ്ക് ഓഫ് ഇന്ത്യ സ്കൂൾ മുറ്റം, യൂണ്യൻ ബാങ്ക് ഓഫ് ഇന്ത്യ മാലിപ്പുറം ശാഖ എന്നിവയും സ്വകാര്യ സ്ഥാപനങ്ങളായ ദി നാഷണൽ ബാങ്കേഴ്സ് മാലിപ്പുറം, സെൻറ് ജോസഫ് സേവാകേന്ദ്രം സ്കൂൾ മുറ്റം, മാലിപ്പുറം പീപ്പിൾസ് ട്രസ്റ്റ്, വൈപ്പിൻ കുറീസ് മാലിപ്പുറം എന്നിവയാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ കൈവശത്തിലുള്ള സ്ഥലങ്ങളിലും മുരിക്കുമ്പാടത്തുള്ള ഷെഡ് നീക്കം ചെയ്തു അതിലും ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുക. അതിന് സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ലോഡ്ജിങ് എന്നിവയും നിർമ്മിക്കുക.
2. അനധികൃത ചന്തകൾ നീക്കം ചെയ്ത് പുതിയ ചന്തകൾ സ്ഥാപിച്ച് അവ ലേലത്തിന് നൽകുക.
3. ഫിഷിംഗ് ബോട്ടുകൾക്ക് നികുതി ചുമത്തുക.
4. മൽസ്യസംസ്ക്കരണ ശാലകൾ, മിനി ഹാർബറുകൾ മീൻ ചാപ്പകൾ, ഐസ് ഫാക്ടറികൾ, പെട്രോൾ പമ്പുകൾ എന്നിവയ്ക്ക് നിശ്ചിത നിരക്കിൽ നികുതി ഏർപ്പെടുത്തുക.
5. മൽസ്യമേഖലയിൽ നിന്നും കച്ചവടക്കാരിൽ നിന്നും മൽസ്യ വ്യവസായികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.
6. പ്രൊഫഷണൽ ടാക്സുകൾ കൃത്യമായി പിരിച്ചെടുക്കുക.
7. സിനിമാശാലകളിലെ ഇന്നുള്ള വിനോദ നികുതി ചോർച്ച ഫലപ്രദമായ രീതിയിൽ തടയുക.
8. ചെമ്മീൻ കെട്ടുകൾക്ക് നികുതി ചുമത്തുക.
9. പഞ്ചായത്ത് അതൃത്തിയിലെ ധനകാര്യ സ്ഥാപനങ്ങളിലും ഇന്ദിരാ വികാസ് പത്ര എന്നിവയിലും സമാഹരിക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം തുക പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതിക്കായി ചെലവഴിക്കുന്നതിന് അനുവാദം തേടണം.
10. കെട്ടിട നികുതി സ്ലാബുകൾ പ്രത്യേകം നിശ്ചയിച്ച് നിശ്ചിത പരിധിക്കപ്പുറമുള്ളവയ്ക്ക് അധിക നികുതി ചുമത്തുക.

മേൽ പറഞ്ഞ മാർഗങ്ങളിലൂടെ പഞ്ചായത്തിൻെറ വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന്

## പട്ടിക

# വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 481015.80 | 481015.80 | - |
| സർവീസ് ചാർജ് | - | - | - |
| തൊഴിൽ നികുതി | 211434.00 | 211434.00 | - |
| വാഹന നികുതി | 150 | 150.00 | - |
| വിനോദ നികുതി | 295312.16 | 295312.16 | |
| അഡി. വിനോദ നികുതി | 179937.44 | 179937.44 | |
| പ്രദർശന നികുതി | 7840.00 | 7840.00 | |
| പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ് | 1930.00 | 1930.00 | |
| ചന്തവരവ് | 7350.00 | 7350.00 | |
| ലാൻറ് സെസ്സ് | - | - | |
| ലൈസൻസ് ഫീസ് | 9386.00 | 9386.00 | |
| കെട്ടിട നികുതി സർച്ചാർജ് | - | - | |
| വസ്തു കൈമാറ്റ നികുതി 75 % | 357411.00 | 357411.00 | |
| ,, 25% | 254951.00 | 254951.00 | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 817935.00 | 817935.00 | |
| സംഭാവന | 200.00 | 200.00 | |
| ഡെപ്പോസിറ്റ് | 44495.00 | 44495.00 | |
| ലൈബ്രറി സെസ്സ് | 21900.60 | 21900.60 | |
| മറ്റുള്ളവ | 177511.85 | 177511.85 | |
| ആകെ | 2868759.55 | 2868759.55 | |

സഹായകമായ വിധത്തിൽ വിഭവ സമാഹരണം നടത്താവുന്നതാണ്. ഇതോടൊപ്പം ഓരോ പ്രദേശത്തെ വികസന പ്രക്രിയയിൽ വമ്പിച്ച തോതിൽ മനുഷ്യാദ്ധ്വാനവും ആവശ്യമാണ്. ഇതിനായി ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും ദ്രുതഗതിയിൽ നടക്കേണ്ടതുണ്ട്.

വികസനത്തിന്റെ കാര്യത്തിലും കൂട്ടായ്മയുടെ കാര്യത്തിലും ഇന്ന് ജനങ്ങളിൽ നിലനില്ക്കുന്ന മിഥ്യാധാരണകൾക്ക് മാറ്റം വന്നില്ലെങ്കിൽ ജനകീയാസൂത്രണം വിഭാവനം ചെയ്യുന്ന അർത്ഥത്തിൽ പദ്ധതികൾ ജനപങ്കാളിത്തമാർജ്ജിച്ച് പൂർത്തീകരിക്കുവാൻ കഴിയാതെ വരും. വീണ്ടും നമ്മുടെ ഗ്രാമം വികലമായ പദ്ധതി ആസൂത്രണത്തിന്റെ ദുർഗതിയിൽ മുരടിച്ചു പോകുമെന്നത് നിസ്തർക്കമാണ്. അതിനാൽ വിഭവ സമാഹരണത്തിൽ പ്രധാന വിഭവമായ മനുഷ്യശക്തിയെ ബോധപൂർവ്വം വിനിയോഗിക്കാൻ കഴിയണം.

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 899207.00 |
| പൊതുമരാമത്ത് | 1425172.00 |
| വിദ്യാഭ്യാസം | 22316.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 115063.75 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 242475.00 |
| മറ്റുള്ളവ | 440731.75 |
| ആകെ | 3144965.50 |

# ശ്രീസുബ്രഹ്മണ്യ ക്ഷേത്രം ഒരു ചരിത്രം

എളങ്കുന്നപ്പുഴ ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ 1996 ഏപ്രിൽ 25 ന് (12-9-1171) നടത്തിയ ധ്വജപ്രതിഷ്ഠയോടനുബന്ധിച്ച് ഇറക്കിയ ലഘുഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു

എഴുന്നൂറ്റി എൺപതിലധികം വർഷങ്ങൾക്ക് മുമ്പാണത്. എളങ്കുന്നപ്പുഴയിൽ നിന്നു കഷ്ടിച്ച് ഒരു മൈൽ തെക്കുകിഴക്കായി ഇന്നു കാണപ്പെടുന്ന ഒരു ചെറിയ ദ്വീപ്. ആ തുരുത്തിൻെറ വടക്കേ പകുതി 'പനമ്പുകാട്' എന്നും, തെക്കേ പകുതി 'വല്ലാർപാട'മെന്നും ഇന്നു വിളിക്കപ്പെടുന്നു. വടക്കേ ഭാഗം അക്കാലത്ത് അമ, ഈറ്റ മുതലായവ പടർന്നുപിടിച്ച് കാടായി കിടന്നിരുന്നു. അയൽ പ്രദേശങ്ങളിൽ നിന്നു പുലയരും മറ്റും വഞ്ചിവഴി വന്ന് അമയും ഈറ്റയും അറുത്തു, പനമ്പ്, മുറം മുതലായവയുണ്ടാക്കിയിരുന്നു. തന്മൂലം ആ പ്രദേശത്തിന് പനമ്പുകാടെന്നു പേരായിത്തീർന്നു. ഒരു ദിവസം അമ മുറിച്ചുകൊണ്ടിരിക്കെ, ഒരു പുലയിയുടെ അരിവാളിന് മൂർച്ചയില്ലാതായി. ചുറ്റും നടന്നു നോക്കുന്നതിനിടയിൽ അമക്കാട്ടിൽ തങ്ങിത്തടഞ്ഞു കിടന്നിരുന്ന ഒരു കരിങ്കല്ലു കണ്ടെത്തി. അതിൻെറ ഒരു ഭാഗത്ത് അരിവാൾ തേച്ചു. പെട്ടെന്ന് കല്ലിൽ നിന്നും രക്തമൊലിക്കുന്നതുകണ്ട് ആ സ്ത്രീ ഭയപ്പെട്ടു. എന്തോ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ബോധമറ്റു വീണു. അൽപം അകലെ നിന്നിരുന്ന ഭർത്താവ് പരിഭ്രമിച്ചുകൊണ്ട്, അടുത്തെവിടെയോ അമയറുത്തുകൊണ്ടിരുന്ന മകനെ പേരെടുത്തു വിളിച്ചു - "കണ്ടങ്കോരാ!" എന്ന്. എന്നാൽ ആദ്യം വിളികേട്ടത് ആ കരിങ്കൽ വിഗ്രഹമായിരുന്നു. കൂട്ടത്തിലൊന്നു പറഞ്ഞുകൊള്ളട്ടെ - ഇന്നും "എളങ്കുന്നപ്പുഴ കണ്ടങ്കോരൻ" എന്ന് ഈ ഭഗവാന് ഒരോമനപ്പേരുണ്ട്. പലരും ആ പേരുപയോഗിച്ചുപോരുന്നുമുണ്ട്. അത് ഈ വിളികേൾക്കലിൻെറ സ്മാരകമായിട്ടാണ്.

വർത്തമാനം അതിവേഗത്തിൽ അയൽപ്രദേശങ്ങളിൽ പരന്നു. അല്പസമയത്തിനകം ചുറ്റുപാടുമുള്ള ദേശവാഴികളും, മാടമ്പികളും, പ്രമാണികളുമടക്കം ഒരു വലിയ ജനക്കൂട്ടം അവിടെ എത്തിക്കൂടി. അപ്പോഴേക്കും പുലയ സ്ത്രീക്ക് ആവേശമുണ്ടായി. നാട്ടുകാർ തിരക്കി 'അവിടുന്ന് ആരാണ്? ഇവിടെ വന്നുചേർന്നതെങ്ങിനെ?' ആവേശത്തിൽ നിൽക്കുന്ന സ്ത്രീ പറഞ്ഞു. 'ഞാൻ വാസ്തവത്തിൽ ആ പുലയൻ പറഞ്ഞ ആൾ തന്നെ. 'കണ്ഠൻകുമാരൻ' അതു കൊണ്ടാണ് കണ്ടങ്കോരാ! എന്നു വിളിച്ചപ്പോൾ വിളികേട്ടത്. ഞാൻ പോന്നിട്ടുള്ളത് 'തിരിച്ചെന്തൂരിൽ നിന്നാണ്. അവിടെ ഈ വിഗ്രഹത്തിൽ എന്നെ പ്രതിഷ്ഠിച്ചിരുന്നത് 'സനൽകുമാര മഹർഷി'യാണ്. ബിംബത്തിന് അല്പം കേടുപാടു കണ്ടതിനാൽ അവർ വേറെ ബിംബം പ്രതിഷ്ഠിച്ച് കലശം നടത്തി. പക്ഷേ, സനൽകുമാരനാൽ ബിംബത്തിൽ സ്ഥാപിക്കപ്പെട്ട ചൈതന്യത്തിൻെറ ഒരംശം മാത്രമേ ആ കർമ്മികൾക്ക് ആകർഷിക്കുവാൻ കഴിഞ്ഞുള്ളൂ. പൂർണ്ണമായി ആവാഹിച്ചെടുപ്പാൻ അവർക്കെന്നല്ല ഭൂമിയിൽ കർമ്മികൾക്കാർക്കും സാദ്ധ്യമല്ല. ഈ വിഗ്രഹത്തെ അവർ സമുദ്രത്തിലിട്ടു. ചൈതന്യം അവശേഷിക്കുന്നതിനാൽ അടിത്തട്ടിലേക്കു താഴ്ന്നില്ല. ഇടയ്ക്കൊന്ന് പറഞ്ഞുകൊള്ളട്ടെ - അവിടെ ക്ഷേത്രത്തിൻെറ കിഴക്കേ മതിൽകെട്ടിയിരിക്കുന്നത് കടൽ വക്കിലുള്ള പാറ തുരന്ന് അസ്ഥിവാരമാക്കിക്കൊണ്ടാണ്. ആ പാറയിൽ കിഴക്കേക്കടൽ - ബംഗാൾ ഉൾക്കടൽ സദാപി അലയടിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ വിഗ്രഹം കടലിലെറിയുക അവർക്ക് വളരെ എളുപ്പമായ ഒരു കാര്യമായിരുന്നു. പുലയി തുടർന്നു: 'വിഗ്രഹത്തിലിരുന്ന ഞാൻ ക്രമേണ കടലിൽക്കൂടി നീങ്ങിത്തുടങ്ങി. തെക്കേ മുനമ്പ് - കന്യാകുമാരി വളഞ്ഞ് ഈ കൊച്ചി അഴിമുഖത്തിൽക്കൂടി ഏറ്റം നോക്കി കിഴക്കോട്ടു കയറിയതാണ്. ഒഴുക്കിൽ ഇതാ ഈ അമക്കാട്ടിലെത്തി തങ്ങിക്കിടക്കുകയാണ്? '


ആശ്ചര്യഭക്തികളിൽ ആമഗ്നരായ നാട്ടുകാർ വിനയപുരസ്സരം ചോദിച്ചു - "അടിയങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യാം. ഇവിടെ എവിടെയെങ്കിലും ഇരുന്നരുളിക്കൊണ്ടു ഞങ്ങളെ അനുഗ്രഹിപ്പാൻ തിരുവുള്ളമുണ്ടാകുമോ?" കണ്ഠൻകുമാരൻ കൽപ്പിച്ചു: 'വിരോധമില്ല, പക്ഷേ ഒരു കാര്യം - ഞാനിവിടെ നിന്നുകൊണ്ട് അഞ്ച് അമ്പുകളയയ്ക്കാം. അവ ചെന്ന് പതിക്കുന്ന അഞ്ച് ദേശങ്ങളും, ഈ വിഗ്രഹം വന്നു കിടന്ന അര ദേശമായ പനമ്പുകാടും എനിക്കായിട്ടു വിട്ടുതരണം. എവിടെനിന്നു ശരം വലിച്ചെടുക്കാൻ വിഷമം കാണുന്നുവോ അവിടെ എന്നെ പ്രതിഷ്ഠിക്കയും വേണം'. ബന്ധപ്പെട്ടവർ അൽപനിമിഷങ്ങൾക്കകം കൂടിയാലോചിച്ചു സമ്മതമറിയിച്ചു. പുലയസ്ത്രീ ഒരു നീണ്ട അമക്കോലെടുത്ത് കാട്ടുവള്ളികൊണ്ട് ഞാൺ കെട്ടി വേറെ അഞ്ചമക്കോലെടുത്ത് കാട്ടുവള്ളികൊണ്ട് ഞാൺ കെട്ടി വേറെ അഞ്ചമക്കോലുകൾ ഓരോന്നായി തൊടുത്തെയ്തുവിട്ടു. നെടുങ്ങാട്, മഞ്ഞനക്കാട്, പുക്കാട്, എളങ്കുന്നപ്പുഴ, ഓച്ചന്തുരുത്ത് എന്ന

അഞ്ചു ദേശങ്ങളിലായി അവ ചെന്നു പതിച്ചു. മുൻപറഞ്ഞ പനമ്പുകാടുൾപ്പെടെ അഞ്ചരദേശങ്ങളും ഈ ദേവസ്വമുണ്ടായ കാലം മുതൽ ഇന്നേവരെ ഈ ദേവസ്വത്തിൻേറതാണെന്നുള്ള വസ്തുത ഈ സംഭവത്തിനുള്ള തെളിവുകളിലൊന്നാണ്.

എളങ്കുന്നപ്പുഴയിൽ പങ്ങായിൽ നായരുടെ നാലുകെട്ടും പുരയുടെ നടുമുറ്റത്ത് ചെന്നു വീണ അമ്പാണ് ഊരിയെടുക്കാൻ വിഷമമായി കണ്ടത്. അവിടെ ഒരു ചിക്കുപായിൽ നെല്ലുണക്കാനിട്ടിരുന്നതിൻെറ നടുവിലാണ് എന്നുകൂടി പറയപ്പെടുന്നു. അതെങ്ങിനെയായാലും ആ ശരം കുത്തിനിന്നിരുന്ന സ്ഥലത്താണ് ഇപ്പോൾ ബിംബം സ്ഥിതി ചെയ്യുന്നത്. സാധാരണ പോലെ ഏതെങ്കിലും ശിൽപിയോ, മറ്റു മനുഷ്യരോ അല്ല - പ്രത്യുത ഭഗവാൻ തന്നെയാണ് ഈ പ്രതിഷ്ഠയുടേയും ക്ഷേത്രത്തിൻേറയും സ്ഥാനനിർണ്ണയം ചെയ്തിട്ടുള്ളതെന്ന കാര്യം പ്രത്യേകം സമരണീയമാണ്.

പങ്ങായിൽ നായർ അതിസന്തോഷത്തോടുകൂടി വീടും, പുരയിടവുമെല്ലാം ഭഗവാനു വിട്ടുകൊടുത്തിട്ടു, ദേവസ്വത്തിൽ നിന്നും വച്ചുകൊടുത്ത ഒരു പറമ്പിനു പങ്ങായിപറമ്പെന്നു പേർ കൊടുത്തുകൊണ്ട്, അവിടെ ഒരു ഭവനം പണിയിച്ചു, കുടുംബത്തെ അങ്ങോട്ട് മാറ്റുകയാണുണ്ടായത്. ഇതിനും പുറമെ ക്ഷേത്രത്തിൽ നിന്നും 'പ്രതിനന്ദി' എന്ന നിലയിൽ കുറേക്കാലം മുമ്പുവരെ ആ കുടുംബത്തിലേക്ക് ദിവസേന ചോറും കൊടുത്തുവന്നിരുന്നു. കാലാന്തരത്തിൽ പരിഷ്ക്കരണത്തിൻേറയോ, പതിവുപുതുക്കലിൻേറയോ പേരിൽ അതു നിന്നുപോയി. അതെന്തായാലും ഈ പറമ്പിൻെറ പേരും, ചോറിൻെറ കാര്യവും മുൻപറഞ്ഞ വസ്തുതകൾക്ക് മറ്റൊരു തെളിവാണ്.

അധികാരം ജനങ്ങളിലേക്ക്



# അധികാരം ജനങ്ങളിലേക്ക്

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## ജനകീയാസൂത്രണപ്രസ്ഥാനം




## പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്


# വികസന റിപ്പോർട്ട്

വികസന സെമിനാർ
27.11.96 ബുധൻ
ചെറായി ASVD ഹാൾ

പള്ളിപ്പുറം

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്
വാർഡ് തിരിച്ചുള്ള മാപ്പ്





387

*പ്രിയ ജനങ്ങളെ,*

*അധികാരം ജനങ്ങളിലേക്ക് എന്ന മഹത്തായ സങ്കല്പം സാക്ഷാത്കരിക്കുന്നതിനായി 9-ാം പഞ്ചവത്സര പദ്ധതി കേരളത്തിൽ ജനകീയ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പാക്കുന്ന ചരിത്രപരമായ പരിശ്രമത്തിൽ ഗ്രാമസഭകളിലൂടെ ഇതിനകം നാം പങ്കാളികളായി കഴിഞ്ഞല്ലോ.*

*താഴെ തട്ടിൽനിന്നാണ് ഫലപ്രദമായ ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നത്.*

*സമൂഹത്തിന്റെ സ്ഥായിയായ വികസനത്തിന് മുഴുവൻ ജനങ്ങളുടെയും നിതാന്തമായ ജാഗ്രതയും സജീവമായ പങ്കാളിത്തവും അനുപേക്ഷണീയമാണെന്ന് നാം അറിഞ്ഞു കഴിഞ്ഞു.*

*വിശേഷാൽ ഗ്രാമസഭകളിൽ ഒത്ത് ചേർന്ന് നമ്മൾ രൂപം കൊടുത്ത ഈ നാടിന്റെ പ്രശ്നങ്ങളും സാധ്യതകളും ക്രോഡീകരിച്ച വികസന റിപ്പോർട്ടാണ് സെമിനാറിൽ വിശദമായ ചർച്ചക്കായി സമർപ്പിക്കുന്നത്.*

*9-ാം പദ്ധതിയിൽ നമ്മുടെ പ്രദേശത്തെ വികസനരംഗത്തെ വെല്ലുവിളികൾക്ക് പരിഹാരം തേടുന്ന പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനായി സമർപ്പിക്കുന്ന ഈ റിപ്പോർട്ടിന്റെ പൂർണതക്കായി നമ്മുടെ മുഴുവൻ ശ്രദ്ധയും നൽകണണമെന്ന് അഭ്യർഥിക്കുന്നു. കേരളം സമസ്ത മേഖലകളിലും നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുള്ള ഉൾകാഴ്ച മുൻവിധിയായി തന്നെ ഉണ്ടായിരിക്കട്ടെ എന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.*

**പി.എൻ.അലോഷ്യസ് മാസ്റ്റർ**
കൺവീനർ
പള്ളിപ്പുറം ജനകീയാസൂത്രണസമിതി

**കെ.എ.ഭരതൻ മാസ്റ്റർ**
പ്രസിഡന്റ്
പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

388

# പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : പള്ളിപ്പുറം ഗ്രാമപഞ്ചായതത് |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : പള്ളിപ്പുറം, കുഴുപ്പിള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | : വൈപ്പിൻ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : മുനമ്പം, ചെറായി, കുഴുപ്പിള്ളി (13- ാം വാർഡ്) |
| ജില്ല | : എറണാകുളം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : ചെറായി |
| താലൂക്ക് | : കൊച്ചി |
| അസംബ്ലി മണ്ഡലം | : ഞാറക്കൽ |
| ലോക്സഭാ മണ്ഡലം | : എറണാകുളം |
| വിസ്തീർണം | : 16.5 ച.കി.മീ. |
| ജനസംഖ്യ | : 41537 (1991- സെൻസസ്) |
| പുരുഷൻ | : 20459 |
| സ്ത്രീകൾ | : 21078 |
| അതിരുകൾ: | |
| | വടക്ക്: പെരിയാർ |
| | തെക്ക്: കുഴുപ്പിള്ളി പഞ്ചായത്ത് |
| | കിഴക്ക്: കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത |
| | പടിഞ്ഞാറ്: അറബിക്കടൽ |
| | രേഖാംശം: 76° 12 മിനിറ്റ് മുതൽ 76° 12 മിനിറ്റ് വരെ |
| | അക്ഷാംശം: 10° 7 മിനിറ്റ് മുതൽ 10° 10 മിനിറ്റ് വരെ |
| വാർഡുകൾ | : 14 |
| വനിതാസംവരണവാർഡുകൾ | : 5 |
| പട്ടികജാതി/പട്ടികവർഗ സംവരണം | : 1 |
| പ്രസിഡന്റ് | : ശ്രീ കെ.എ.ഭരതൻ മാസ്റ്റർ |
| വൈസ് പ്രസിഡന്റ് | : ശ്രീ പി.എ.ആന്റണി |

# ആസൂത്രണത്തിന്റെ പശ്ചാത്തല പ്രവർത്തനങ്ങൾ

ഫലപ്രദമായ ആസൂത്രിത വികസനപദ്ധതി നടപ്പാക്കുന്നതിനായി വ്യത്യസ്ത ഭൂപ്രദേശങ്ങളടങ്ങിയ കേരളത്തിലെ 25 പഞ്ചായത്തുകളെ തിരഞ്ഞെടുത്തു. അതിലൊന്നായി നമ്മുടെ പഞ്ചായത്തിലും പ്രവർത്തനം ആരംഭിച്ചു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, സെസ് (C.E.S.S), ലാൻഡ് യൂസ് ബോർഡ്, സി.ഡി.എസ്. (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) എന്നീ-സ്ഥാപനങ്ങളുടെ നേതൃത്വത്തിലായിരുന്നു പ്രവർത്തനങ്ങൾ. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ പഞ്ചായത്തിന്റെ വിഭവ ഭൂപടം നിർമിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു.

കീഴ്മാട് പഞ്ചായത്തിൽ നടന്ന 10 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പിൽ പഞ്ചായത്ത് പ്രദേശത്തുള്ള പ്രതിനിധികൾ പങ്കെടുത്തു.

സെസ് ചെയർമാൻ ഡോ. സുബ്രതോ സിൻഹ, ഡോ. തോമസ് ഐസക്, ശ്രീ ടി.ഗംഗാധരൻ, പ്രഫ. എം.കെ.പ്രസാദ് തുടങ്ങിയ പ്രശസ്ത ആസൂത്രണ വിദഗ്ധരുടെ നേതൃത്വത്തിൽ 1991-ൽ ചെറായി സഹോദരഭവനത്തിൽ 3 ദിവസം നീണ്ടുനിന്ന വിഭവഭൂപട പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. തുടർന്നുള്ള ഒരാഴ്ചക്കാലംകൊണ്ട് പഞ്ചായത്തിലെ 14 വാർഡുകളിലും വിജയകരമായി വിഭവ ഭൂപട നിർമാണം പൂർത്തിയാക്കി. ആവശ്യകരമായ ഈ പ്രവർത്തനത്തിൽ സാക്ഷരതാ ഇൻസ്ട്രക്ടർമാരും മറ്റ് സന്നദ്ധ പ്രവർത്തകരുമടക്കം 150- ഓളം പേരുടെ സ്തുത്യർഹമായ സന്നദ്ധ സേവനം ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ വിഭവഭൂപട നിർമാണത്തിനുശേഷം തുടർപരിപാടികൾ യാതൊന്നും ഏതാണ്ട് 5 വർഷത്തോളം നടക്കുകയുണ്ടായില്ല.

1995-ൽ പഞ്ചായത്ത് രാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പുതിയ ഭരണസമിതിയുമായി കേരളത്തിലെ ആസൂത്രണ വിദഗ്ധരായ ഡോ. തോമസ് ഐസക്, ശ്രീ ടി. ഗംഗാധരൻ എന്നിവർ നേരിട്ട് ബന്ധപ്പെടുകയും പഞ്ചായത്തുതല വികസനസമിതി രൂപീകരിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് കേരള ശാസ്ത്രസാഹിത്യപരിഷത്തും സി.എഡ്.എസും ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾക്കായി 1996 ജൂണിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച 3 ദിവസത്തെ ക്യാമ്പിൽ പഞ്ചായത്ത് പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. ഇവർക്ക് വിദ്യാഭ്യാസം, മണ്ണ്-ജലസംരക്ഷണം, ആരോഗ്യസംരക്ഷണം എന്നീ മേഖലകളിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഇതിനിടയിൽ ഞാറക്കൽ എംഎൽഎ രക്ഷാധികാരിയായും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ശ്രീ പി.എൻ.അലോഷ്യസ് മാസ്റ്റർ കൺവീനറായും മുൻ പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീ. കെ.കെ.സത്യവ്രതൻ, ശ്രീ ടി.കെ.അച്ചുതൻ, പഞ്ചായത്ത് പരിധിയിലെ ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, അസംബ്ലി പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, പഞ്ചായത്ത് പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾ മറ്റു സാങ്കേതിക വിദഗ്ധർ എന്നിവരുൾക്കൊള്ളുന്ന 54 അംഗ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് വികസനസമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് വികസനസമിതിയുടെ ഭാഗമായി ശ്രീ. ടി.ആർ.സുകുമാരൻ മാസ്റ്റർ കൺവീനറായി വിദ്യാഭ്യാസസമിതിയും, ശ്രീമതി സുജാത വിത്സൺ കൺവീനറായി മണ്ണ്-ജല-സംരക്ഷണസമിതിയും ശ്രീമതി സുപ്രഭാ പ്രകാശൻ കൺവീനറായി ആരോഗ്യസമിതിയും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

18-7-96 മുതൽ 3 ദിവസം തൃശൂർ ജില്ലയിലെ മാടക്കത്തറ പഞ്ചായത്തിൽ നടന്ന ദ്വിതീയ വിവരശേഖരണ പരിശീലന ക്യാമ്പിൽ പഞ്ചായത്ത് പ്രതിനിധിയായി ഒരാൾ പങ്കെടുത്തു. തുടർന്ന് സെപ്തംബർ 8, 9 തീയതികളിൽ ദ്വിതീയവിവര ശേഖരണ ക്യാമ്പ് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചു. 80 % ത്തോളം വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞു. ഇത്രയും പ്രാരംഭപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൂർത്തീകരിച്ചതിനുശേഷമാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി സംസ്ഥാന തലത്തിൽ നടപ്പാക്കാനുള്ള പ്രവർത്തനം നടന്നത്. ഇതോടനുബന്ധിച്ച് 96 സെപ്തംബറിൽ എറണാകുളം മരിയാ പാർക്കിൽ 3 ദിവസമായി നടന്ന ജില്ലാ റിസോഴ്സ് പേഴ്സൺ (D.R.P) ക്യാമ്പിൽ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള 6 പേരും മറ്റു സന്നദ്ധസംഘടനയെ പ്രതിനിധീകരിച്ച് 4 പേരും പങ്കെടുക്കുകയുണ്ടായി. പഞ്ചായത്ത്തല പരിശീലനം (P.R.P) ചെറായി A.S.V.D ഹാളിൽവച്ച് സെപ്തംബർ 19 ന് നടന്നു. 86 പേർ പരിശീലനം നേടി.

എറണാകുളം ജില്ലയിലെ ഗ്രാമസഭകളുടെ ജില്ലാതല ഉദ്ഘാടനം 1996 സെപ്തംബർ 22-ാം തീയതി നമ്മുടെ പഞ്ചായത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. അന്നേദിവസം തന്നെ പഞ്ചായത്തിലെ 14 വാർഡുകളിലെയും ഗ്രാമസഭകൾ നടത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തതിനാൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രവർത്തകർക്ക് വളരെയേറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നു. അതിനാൽ ചില അപാകതകൾ സംഭവിച്ചതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്.

ചെറായി ശ്രീനാരായണനഗറിൽ ഗ്രാമസഭകളുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.കെ.ഇബ്രാഹിംകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന വമ്പിച്ച പൊതുസമ്മേളനത്തിൽ വച്ച് ബഹുമാനപ്പെട്ട സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.കെ.രാജൻ നിർവഹിച്ചു. ജനകീയാസൂത്രണ പ്രചാരണത്തിന്റെ ഭാഗമായുള്ള ജനാധികാര കലാജാഥയുടെ ജില്ലാ തല ഉദ്ഘാടനം ബഹു. എംഎൽഎ എം.എ.കുട്ടപ്പൻ നിർവഹിച്ചു.

അന്നേ ദിവസം പഞ്ചായത്ത് വാർഡുകളിൽ നടന്ന ഗ്രാമസഭകളിലെ പ്രാതിനിധ്യം 54 മുതൽ 313 വരെ ഉണ്ടായിരുന്നു. അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിരുന്ന ഗ്രാമസഭകൾ വളരെ വിജ

യപ്രദമായി നടത്താൻ കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഗ്രാമസഭകൾ ചേർന്നതിനുശേഷം ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിനായി പ്രസിഡന്റ് ശ്രീ. ഭരതൻ മാസ്റ്റർ, വൈ. പ്രസിഡന്റ് ശ്രീ. പി.എ.ആന്റണി, മുൻ പ്രസിഡന്റുമാരായ ശ്രീ. ടി.കെ.അച്ചുതൻ, ശ്രീ. കെ.കെ.സത്യവൃതൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കെ.എം. അയ്യപ്പൻ മാസ്റ്റർ, ശ്രീ.എം.കെ.ദേവരാജൻ മാസ്റ്റർ, ശ്രീ പി.ബി. സജീവൻ, ശ്രീ. എം.ജെ.ടോമി എന്നിവരടങ്ങിയ സബ് കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയും ജനകീയാസൂത്രണസമിതിയും ഡി.ആർ.പി.മാരും ചേർന്ന് വിശദമായ പരിശോധനക്ക് വിധേയമാക്കുകയും ചെയ്തു.

ഒക്ടോബറിൽ മാലിപ്പുറത്ത് നടന്ന ഡി.ആർ.പി.മാരുടെ രണ്ടാംഘട്ട പരിശീലനത്തിൽ 15 പേർ പഞ്ചായത്ത് മേഖലയിൽനിന്ന് പങ്കെടുത്തു. ചെറായി S.M.H.S-ൽ നടന്ന P.R.P മാരുടെ ശില്പശാലയിൽ 62 പേർ പരിശീലനം നേടി.

സെമിനാറിൽ അവതരിപ്പിക്കേണ്ട വികസനരേഖ എഴുതി തയാറാക്കുന്നതിന് വികസനസമിതി യോഗം ചേർന്ന് ആറംഗ സമിതി രൂപീകരിക്കുകയും റിപ്പോർട്ട് എഴുതി പൂർത്തിയാക്കി ഗ്രാമപഞ്ചായത്ത് സമിതിയിൽ സമർപ്പിക്കുകയും ചെയ്തു.

ബഹു എംഎൽഎ ശ്രീ എം.എ.കുട്ടപ്പൻ
ശ്രീ. കെ.കെ.സത്യവൃതൻ
ശ്രീ. ടി.കെ.അച്യുതൻ
ശ്രീ. കെ.എം.അയ്യപ്പൻ മാസ്റ്റർ
ശ്രീമതി എ.എസ്. അരുണ
ശ്രീമതി തുളസീ സോമൻ
ശ്രീ. പൂയപ്പിള്ളി തങ്കപ്പൻ മാസ്റ്റർ
ശ്രീ. പി.ബി.സജീവൻ
ശ്രീ. ടി.ആർ.സുകുമാരൻ മാസ്റ്റർ
ശ്രീ. കെ.വേണുനാഥൻ
ശ്രീ. എം.കെ.ദേവരാജൻ
ശ്രീ. കെ.യു.വിജയൻ
ശ്രീ. വി. ശ്രീനിവാസൻ
ശ്രീ. കെ.എ.രാഘവൻ മാസ്റ്റർ
ശ്രീ. വി.കെ.സോമൻ
ശ്രീ. മയ്യാറ്റിൻ സത്യൻ
ശ്രീ. വി.കെ.വത്സൻ
ശ്രീ. എം.ജെ.ടോമി
ശ്രീ. കെ.ബി.ബാബു
ശ്രീ. എം.ആർ.വേണു
ശ്രീ. റോബ്സൺ
ശ്രീ. സി.പി.സുഗുണൻ
ശ്രീ. ഏ.പി.അനിൽകുമാർ
ശ്രീ. ടി.എൻ.സന്തോഷ്
ശ്രീ. ടി.പി.ശശിധരൻ
ശ്രീ. ഡി.എൽ.ശ്രീകുമാർ
ശ്രീ. എം.കെ.തിലകൻ
ശ്രീ. ടി.എ.ബാബുരാജ്
ശ്രീ. എ.കെ.കലേശൻ

എന്നിവർ ദ്വിതീയ വിവരശേഖരണം, പഞ്ചായത്ത് തല പരിശീലനം, ശില്പശാല, വികസനരേഖ എഴുതി തയാറാക്കൽ എന്നീ സുപ്രധാന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം നൽകി വിജയിപ്പിച്ചു എന്നത് പ്രത്യേകം സ്മരണീയരാണ്.

## വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ട് : പങ്കാളിത്തം സംബന്ധിച്ച്

| വാർഡ് | ഗ്രാമസഭ ചേർന്ന തീയതി | പങ്കെടുത്തവർ പുരുഷൻ | പങ്കെടുത്തവർ സ്ത്രീ | ആകെ | പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം | SC/ST പങ്കാളിത്തം |
|---|---|---|---|---|---|---|
| 1. | 22-9-1996 | 43 | 8 | 51 | - | 2 |
| 2. | 22-9-1996 | 122 | 31 | 153 | 3 | 10 വനിതാ സംവരണം |
| 3. | 22-9-1996 | 60 | 32 | 92 | 2 | 10 വനിതാ സംവരണം |
| 4. | 22-9-1996 | 41 | 28 | 69 | 1 | 4 |
| 5. | 22-9-1996 | 95 | 62 | 157 | 12 | 25 വനിതാ സംവരണം |
| 6. | 22-9-1996 | 152 | 126 | 278 | 19 | 22 |
| 7. | 22-9-1996 | 104 | 74 | 178 | - | 17 |
| 8. | 22-9-1996 | 51 | 14 | 65 | 1 | 12 പട്ടികജാതി സംവരണം |
| 9. | 22-9-1996 | 98 | 18 | 116 | 35 | 10 |
| 10. | 22-9-1996 | 182 | 57 | 239 | 1 | 5 |
| 11. | 22-9-1996 | 193 | 120 | 313 | 5 | 78 |
| 12. | 22-9-1996 | 54 | 72 | 126 | 7 | 7 വനിതാ സംവരണം |
| 13. | 22-9-1996 | 127 | 33 | 160 | 11 | 98 |
| 14. | 22-9-1996 | 193 | 63 | 256 | 8 | 95 വനിതാ സംവരണം |
| | ആകെ | 1515 | 738 | 2253 | 69 | 402 |

**(ബി) ഒന്നാംഘട്ട പഞ്ചായത്ത് തല പരിശീലനം**

| | |
|---|---|
| പങ്കെടുത്തവരുടെ എണ്ണം | 86 (സ്തീകൾ 7 പുരുഷന്മാർ 79) |
| പരിശീലനം നടന്ന തീയതി | 19-09-96 |
| പങ്കെടുത്ത പഞ്ചായത്ത് സഭാംഗങ്ങളുടെ എണ്ണം | 14 |
| പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം | 14 |
| പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം | 11 |
| പരിശീലനം എത്ര മണിമുതൽ എത്ര മണി വരെ | 9.30 മുതൽ 5 വരെ. |

**(സി) രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലന വിലയിരുത്തൽ**

| | |
|---|---|
| പങ്കെടുത്തവരുടെ എണ്ണം | 62 (സ്ത്രീകൾ 6 പുരുഷന്മാർ 56) |
| പരിശീലനം നടത്തിയ തീയതി | 09-11-96 |
| പങ്കെടുത്ത പഞ്ചായത്ത് മെമ്പർമാരുടെ എണ്ണം | 13 |
| പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടെ എണ്ണം | 6 |
| പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം | 11 |
| പങ്കെടുത്ത സംസ്ഥാന റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം | 2 |
| പഞ്ചായത്ത് തലത്തിൽ പുതുതായി പങ്കെടുത്തവരുടെ എണ്ണം | ഇല്ല |
| പരിശീലനം എത്ര മണി മുതൽ എത്ര മണി വരെ | 10 മുതൽ 5 വരെ. |

**(ഡി) ദ്വിതീയ വിവരശേഖരണം വിവരങ്ങൾ**

നടന്നോ?.... ഇല്ലെങ്കിൽ എന്ന് പൂർത്തിയാകും — നടന്നു

**(ഇ) വികസന സെമിനാർ**

നടക്കുന്ന സ്ഥലവും തീയതിയും : ചെറായി ASVD ഹാൾ, 27-11-1996

**(എഫ്) പഞ്ചായത്തിന്റെ ഗ്രേഡ്** — സ്പെഷ്യൽ ഗ്രേഡ്

# ആമുഖം

എറണാകുളം ജില്ലയുടെ വടക്കുപടിഞ്ഞാറു ഭാഗത്ത് തൃശൂർ ജില്ലയോട് ചേർന്ന് വൈപ്പിൻ ബ്ലോക്കിലെ പള്ളിപ്പുറം – കുഴുപ്പിള്ളി ഗ്രൂപ്പ് പഞ്ചായത്തായിരുന്ന ഈ പഞ്ചായത്ത് 1963 ഡിസംബർ 19–ാം തീയതി ശ്രീ. കെ.കെ.വിശ്വനാഥൻ പ്രസിഡന്റായി പള്ളിപ്പുറം പഞ്ചായത്ത് ഭരണം നിലവിൽവന്നു.

കുഴുപ്പിള്ളി പ്രദേശത്തെ വേർപ്പെടുത്തുകയും വടക്കേക്കര പഞ്ചായത്തിലെ മുനമ്പം ഭാഗം ലയിപ്പിച്ചുകൊണ്ടാണ് പള്ളിപ്പുറം പഞ്ചായത്ത് നിലവിൽ വന്നത്.

പുതിയ ഭൂപരിധികളിൽ പഞ്ചായത്തിൽ മുനമ്പം അഴിമുഖംപോലുള്ള ഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. ചരിത്രാതീതകാലം മുതൽ ഇന്ത്യയുടെ സമുദ്രകവാടമായിരുന്ന മുസരിസ്സ് ഗതകാലപ്രതാപം നശിച്ച് ഒരു ഇടത്തരം മത്സ്യബന്ധന തുറമുഖമായി തീർന്നതാണ് ഇന്നത്തെ മുനമ്പം അഴി.

പെരിയാറിൽനിന്നും വന്നടിയുന്ന എക്കൽമൂലം രൂപംകൊള്ളുന്ന മണൽത്തിട്ടയിൽതട്ടി 120 മത്സ്യതൊഴിലാളി ജീവനും അതിലേറെ മത്സ്യബന്ധന യാനങ്ങളും തകർന്നുപോയിട്ടുണ്ട്. കോടികൾ ചെലവഴിച്ച് കേന്ദ്രഗവൺമെന്റിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച മുനമ്പം ഫിഷിംഗ് ഹാർബർ പ്രോജക്ടിലൂടെ അഴിമുഖത്ത് ഈ അപകടം ഇല്ലാതാക്കാൻ കഴിഞ്ഞതോടൊപ്പം പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു വൻകിട പ്രോജക്ടിന്റെ ഗുണഫലങ്ങൾ അനുഭവിക്കാനും കഴിയുന്നു.

**മുൻപ്രസിഡന്റുമാർ**

1. ശ്രീ ജോർജ് വർഗീസ്
2. ശ്രീ കെ.കെ. സത്യവ്രതൻ
3. ശ്രീ എം.സി. പൗലോസ്
4. ശ്രീ കെ.കെ. വിശ്വനാഥൻ
5. ശ്രീ. ടി.കെ. അച്യുതൻ

**മുൻവൈസ് പ്രസിഡന്റുമാർ**

1. ശ്രീ കെ.കെ.വാസു
2. ശ്രീ ടി.കെ. ശ്രീധരൻ
3. ശ്രീ പി.കെ. ചന്ദ്രശേഖരൻ
4. ശ്രീ എം.കെ. രഘു

392

# നിലവിലുള്ള ഭരണസമിതി

| | | | | |
|---|---|---|---|---|
| ശ്രീ. കെ.എ.ഭരതൻ മാസ്റ്റർ | – | പ്രസിഡന്റ് | | |
| ശ്രീ. പി.എ.ആന്റണി | – | വൈസ്പ്രസിഡന്റ് | | |
| ശ്രീ. കെ.എം.അയ്യപ്പൻമാസ്റ്റർ | – | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | | |
| ശ്രീ. പി.ജെ.ആൻസിലി | – | മെംബർ | വാർഡ് | I |
| കുമാരി കെ.ജി.ആഗ്നസ് | – | മെംബർ | വാർഡ് | II |
| ശ്രീമതി ജാൻസി ആന്റണി | – | " | " | III |
| ശ്രീമതി സുപ്രഭ പ്രകാശൻ | – | " | " | V |
| ശ്രീ. കെ.കെ.ലെനിൻ | – | " | " | VI |
| ശ്രീ. പി. ബി.സജീവൻ | – | " | " | VII |
| ശ്രീ. എം.എൻ.ജയൻ | – | " | " | VIII |
| ശ്രീ. എ.എ.മാത്തപ്പൻ | – | " | " | X |
| ശ്രീമതി. അനിതാ സത്യൻ | – | " | " | XII |
| ശ്രീ. കെ.കെ.രവീന്ദ്രനാഥ് | – | " | " | XIII |
| ശ്രീമതി. സുജാത വിത്സൻ | – | " | " | XIV |

# ചരിത്രപരമായ പശ്ചാത്തലം

1341-ൽ ഉണ്ടായ വലിയ വെള്ളപ്പൊക്കത്തെതുടർന്നാണ് വൈപ്പിൻകര എന്ന ഈ ദ്വീപ് ഉടലെടുക്കുന്നത്.

25 കിലോമീറ്റർ നീളവും ശരാശരി 2 കിലോമീറ്റർ വീതിയുമുള്ള ഈ ദ്വീപിന്റെ വടക്കേ അറ്റത്താണ് പള്ളിപ്പുറം പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാനർഹതയുള്ള പഞ്ചായത്താണ് പള്ളിപ്പുറം എന്നു രേഖപ്പെടുത്തുമ്പോൾ, ഇന്ത്യയുടെ ചരിത്രത്തിൽ അനന്യമായ സ്ഥാനം നേടിയെടുത്തിട്ടുള്ള സ്മാരകങ്ങൾ തലയുയർത്തിനിൽക്കുന്ന ഗ്രാമമാണിതെന്ന സത്യം പ്രഥമസ്ഥാനം നേടുന്നു. ചരിത്രത്തിന്റെ പഴക്കം ചെന്നെങ്കിലും ദൃഢമായി വേരുകൾ ആഴത്തിൽ ഈ ഗ്രാമത്തിൽ ഇന്നുമുണ്ട്. വൈദേശികാക്രമണങ്ങളുടെയും അധിനിവേശങ്ങളുടെയും രുചിയറിഞ്ഞ മണ്ണാണ് ഇവിടെയുള്ളത്. പോർട്ടുഗീസുകാരും ഡച്ചുകാരും ബ്രിട്ടീഷുകാരും ഈ ഗ്രാമത്തിന്റെ ഉത്തരഭാഗം തങ്ങളുടെ ആധിപത്യത്തിലമർത്തിയിരുന്നതിന്റെ പ്രത്യക്ഷമായ തെളിവുകൾ ഇന്നും നിലനിൽക്കുന്നു. 1503-ൽ പോർട്ടുഗീസുകാർ ഇവിടെ നിർമിച്ച, ആറു കോണുകളോടുകൂടിയ മൂന്നുനിലകളിലുള്ള കോട്ട ഇന്ത്യയിലെതന്നെ ഏറ്റവും പുരാതനമായ യൂറോപ്യൻ സ്മാരകമാണ്.

പ്രസ്തുത കോട്ടയുടെ കുറെ തെക്കുഭാഗത്തായി കായൽത്തീരത്ത് പോർട്ടുഗീസുകാർ ഒരു വൈദികവിദ്യാലയം സ്ഥാപിച്ചിരുന്നു. 'വൈപ്പിക്കോട്ട സെമിനാരി' എന്നു ചരിത്രരേഖകളിൽ കാണുന്ന ഈ വൈദിക വിദ്യാലയത്തോടനുബന്ധിച്ച് 1577-ൽ സ്ഥാപിക്കപ്പെട്ട പ്രിന്റിംഗ്പ്രസ് കേരളത്തിലെ ആദ്യത്തെ അച്ചുക്കൂട(Printing press)മാണെന്നും ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. 1661-ൽ ഡച്ചുകാരുടെ ആക്രമണത്തിൽ പോർട്ടുഗീസുകാർ പരാജിതരാകുകയും തുടർന്ന് ജെസ്യൂട്ട് പാതിരികളുടെ അധീനതയിലായിരുന്ന സെമിനാരിയും പ്രസും ചേന്ദമംഗലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെടുകയുമാണുണ്ടായത്. പള്ളിപ്പുറത്തെ വൈദികവിദ്യാലയം 1728-ൽ ഡച്ചുകാർ ഒരു കുഷ്ഠരോഗ നിവാരണാലയമാക്കി മാറ്റി. 1789-ൽ ഡച്ചുകാർ പള്ളിപ്പുറം തിരുവിതാംകൂർ രാജാവിനു വിറ്റു. പക്ഷെ ആതുരാലയവും അതിനടുത്തുള്ള ചില കെട്ടിടങ്ങളും ഒമ്പതേക്കർ സ്ഥലവും വില്പന ഉടമ്പടിയിൽ പെടുത്തിയില്ല. ഡച്ചുകാർ പിന്നീട് ബ്രിട്ടീഷുകാർക്ക് കീഴടങ്ങിയപ്പോൾ പ്രസ്തുത സ്ഥലവും സ്വാഭാവികമായും ബ്രിട്ടീഷ് ആധ്യപത്യത്തിന് കീഴിലായി; 1795 ലാണിത്. അടുത്തകാലംവരെ ഈ സ്ഥലം 'ബ്രിട്ടീഷ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതെന്ന് അറിയാമല്ലോ. പള്ളിപ്പുറം തിരുവിതാംകൂർ രാജാവിനു വിറ്റതോടെ, മുനമ്പംവരെയുള്ള ആ പ്രദേശം പഴയ തിരുവിതാംകൂർ സംസ്ഥാനത്തിലകപ്പെടുകയും ചെയ്തു. തിരു: കൊച്ചി ലയനത്തിനുശേഷവും അടുത്തകാലംവരെ പ്രസ്തുത പ്രദേശം പഴയ തിരുവിതാംകൂറിന്റെ വടക്കേ അറ്റത്തെ താലൂക്കായ വടക്കൻ പറവൂരിലാണ് ഉൾപ്പെട്ടിരുന്നതെന്ന കാര്യവും സ്മരണീയമാണ്. ഡച്ചുകാരുമായുള്ള ഉടമ്പടി വ്യവസ്ഥയനുസരിച്ച് 1921 വരെ ബ്രിട്ടീഷുകാർ ആതുരാലയം നിലനിറുത്തിയിരുന്നു. അതിനുശേഷം ആ കെട്ടിടങ്ങൾ കന്യാമഠവും വിദ്യാലയവും നടത്തുവാൻ വിട്ടുകൊടുക്കുകയാണുണ്ടായത്.

മേൽപറഞ്ഞ സ്മാരകങ്ങളെ ചുറ്റിപ്പറ്റി ഇവിടെ നൂറ്റാണ്ടുകൾ കഴിഞ്ഞുകൂടിയ വിദേശികൾ ഭൗതികവസ്തുക്കൾ മാത്രമല്ല, അവരുടെ സംസ്കാരകവും ഇവിടത്തെ സമൂഹത്തിന് പകർന്നുനൽകിയിട്ടാണ് കടന്നുപോയത്.

ചരിത്രമുറങ്ങുന്ന ഈ സാംസ്കാരിക പശ്ചാത്തലം, സാമൂഹികാ സമത്വങ്ങളെ ഇല്ലായ്മചെയ്യാൻ പാകത്തിൽ ക്രമാനുഗതമായി വളർന്നില്ലെന്ന സത്യമോർക്കേണ്ടതുണ്ട്. വൈദേശികാധിനിവേശത്തോടൊപ്പംതന്നെ സ്ഥാപിതമായ വിദ്യാലയങ്ങൾ ഈ ഗ്രാമത്തിൽ അക്ഷരങ്ങളുടെ നക്ഷത്രത്തിളക്കത്തോടൊപ്പം അറിവിന്റെ പ്രഭാവലയവും പ്രസരിപ്പിച്ചെങ്കിലും അവയ്ക്കൊന്നും വെളിച്ചമാക്കിമാറ്റാൻ കഴിയാത്ത ഇരുട്ടിന്റെ കോട്ടകൾ സമൂഹത്തിലെ നല്ലൊരു വിഭാഗത്തെ അജ്ഞതയുടെ താഴ്‌വരകളിൽ തളച്ചിടുകയാണ് ചെയ്തത്. നൂറ്റാണ്ടുകളായി കേരളത്തിൽ തഴച്ചുവളർന്ന സാമൂഹികാനാചാരങ്ങൾ, ഭൂരിപക്ഷംവരുന്ന മേൽപ്പറഞ്ഞ വിഭാഗത്തെ അടിമകളും അധ:സ്ഥിതരുമാക്കി അകറ്റി നിർത്തിയിരുന്ന അവസ്ഥ ഈ ഗ്രാമത്തിനും അന്യമായിരുന്നില്ല.

19-ാം നൂറ്റാണ്ടിന്റെ ഉത്തരവാദിത്വത്തിലുദയംചെയ്ത് 20-ാം നൂറ്റാണ്ടിന്റെ 3-ാം ദശകാന്ത്യത്തിൽ അസ്തമിച്ച കേരളത്തിലെ സാമൂഹികരംഗത്തെ അക്ഷയ ജ്യോതിസായിരുന്ന, നവോത്ഥാനനായകൻ ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ ഈ ഗ്രാമത്തിലും വന്നെത്തിയതോടെ മേൽപ്പറഞ്ഞ അവസ്ഥയ്ക്ക് മാറ്റം കണ്ടുതുടങ്ങി. അതിന്റെ പ്രത്യക്ഷ പ്രകടനമെന്നോണം ഒരു മഹൽ സംഭവം ഈ നൂറ്റാണ്ടിന്റെ പൂർവാർധത്തിനുമുമ്പ് ഇവിടെ നടന്നു. 1917 മേയ് 29-ന്, ശ്രീനാരായണഗുരുവിന്റെ പ്രമുഖ ശിഷ്യനായ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ ചെറായയിൽ നടന്ന 'മിശ്രഭോജനം' എന്ന വിദ്യയായിരുന്നു ആ സംഭവം. കേരളത്തിന്റെ മൊത്തം ശ്രദ്ധ ആകർഷിക്കുന്നവിധത്തിൽ ആധുനിക കാലത്ത് ഈ ഗ്രാമമുണരുന്നത് ഈ സംഭവത്തോടെയാണ്. കേരളത്തിലെല്ലായിടത്തുമെന്നപോലെ ഇവിടെയും നിലനിന്നിരുന്ന സാമൂഹികാനാചാരങ്ങളുടെ നേർക്കുള്ള കനത്ത ഒരു ആഘാത ചികിത്സയായിരുന്നു. കേരളചരിത്രത്തിൽ മുഖ്യസ്ഥാനം നേടിയെടുത്ത ഈ മഹത്തായ വിപ്ലവം. ഒരു കൊടുങ്കാറ്റിന്റെ വേഗത്തിൽ കേരളമൊട്ടാകെ അതിന്റെ അലയൊലികളാഞ്ഞടിച്ചു. പഴയ വിശ്വാസ പ്രമാണങ്ങളെ ചോദ്യംചെയ്ത്, ഈ ഗ്രാമത്തിൽ ആരംഭിച്ച മാറ്റത്തിന്റെ ശംഖൊലിയായി മാറിയ ഈ വിപ്ലവ പ്രക്രിയ അക്കാലത്ത് ശ്രീ. കെ.അയ്യപ്പൻതന്നെ സ്ഥാപിച്ച് 'സഹോദരസംഘം'വഴി കേരളത്തിലെല്ലായിടത്തും വ്യാപിച്ചപ്പോൾ ഈ പ്രസ്ഥാനത്തിനു വിത്തുപാകിയ ഈ ഗ്രാമം അഭിമാനം കൊള്ളുകയായിരുന്നു.

സഹോദരസംഘത്തിന് അനുബന്ധമായെന്നോണം ഒരു 'സ്ത്രീസമാജ'വും ചെറായി കേന്ദ്രമാക്കി അക്കാലത്ത് പ്രവർത്തിച്ചിരുന്നു. വനിതാസംഘടനകളെപ്പറ്റി കേരളീയർ ചിന്തിച്ചുതുടങ്ങുന്നതിനുമുമ്പുതന്നെ ഇത്തരമൊരു സംഘടന രൂപവത്കരിച്ച് ഈ ഗ്രാമത്തിൽ പ്രവർത്തിച്ചു എന്നത് ചരിത്രപ്രാധാന്യമാർഹിക്കുന്ന കാര്യമാണ്.

1926-ലെ ട്രേഡ് യൂണിയൻ ആക്ട് നിലവിൽവരുന്നതിനു മുമ്പുതന്നെ, 'ആദി വൈപ്പിൻ തൊഴിലാളി സംഘം' എന്ന പേരിൽ സഹോദരൻ അയ്യപ്പൻ നേതൃത്വം നൽകി രൂപംനൽകിയ സംഘടന, കേരളത്തിലെതന്നെ ആദ്യകാല തൊഴിലാളി സംഘടനകളിലൊന്നാണ്. ''വേലക്കാരൻ'' എന്ന പേരിൽ ഒരു പത്രവും

ആഴ്ചയിൽ മൂന്ന് എന്ന നിലയ്ക്ക് ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇറക്കിയിരുന്നു; ചെറായിയിൽനിന്ന്. സംഘത്തിന്റെ വാർഷികത്തിന്, ദക്ഷിണേന്ത്യയിലെ പ്രമുഖ സാമൂഹിക വിപ്ലവകാരിയായ 'പെരിയോർ' ഈ.വി. രാമസ്വാമി നായ്ക്കർ വന്നു പ്രസംഗിച്ചിട്ടുണ്ട്. (ദ്രാവിഡകഴകം സ്ഥാപകൻ)

പോർട്ടുഗീസുകാർ നിർമിക്കുകയും പിന്നീട് ഡച്ചുകാരുടെയും ഒടുവിൽ ബ്രിട്ടീഷുകാരുടെയും കാലത്ത് മാറ്റങ്ങൾ വരുത്തുകയും ചെയ്ത് ഇന്നത്തെ രൂപത്തിലെത്തിയിട്ടുള്ള പ്രസിദ്ധമായ മഞ്ഞുമാതാവിന്റെ പള്ളി, ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള രണ്ട് മുസ്ലിം ദേവാലയങ്ങൾ, ഒരു നൂറ്റാണ്ട് പൂർത്തിയാക്കുന്ന ചെറായി ശ്രീ ഗൗരീശ്വരക്ഷേത്രം, അഴീക്കൽ ശ്രീവരാഹ ക്ഷേത്രം, കോവിലകത്തുംകടവ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തൃക്കടക്കാപ്പിള്ളിക്ഷേത്രം തിരുമനാംകുന്ന് ക്ഷേത്രം പള്ളിപ്പുറം മഞ്ഞുമാതാവിന്റെ പള്ളി തുടങ്ങിയ ആരാധനാലയങ്ങൾ ഈ ഗ്രാമത്തിലെ വിവിധ ജാതി-മത വിഭാഗങ്ങളെ എന്നെന്നും ഏകോപിപ്പിച്ചു നിർത്തുന്ന സ്ഥാപനങ്ങളായി നിലകൊള്ളുന്നു. കൊച്ചുകൊച്ചു ദേവാലയങ്ങൾ ഇനിയും ധാരാളമുണ്ട് ഈ ഗ്രാമത്തിൽ.

മൂന്നു ഹൈസ്കൂളുകളുൾപ്പെടെ 14 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന പള്ളിപ്പുറം പഞ്ചായത്തിന്റെ സാക്ഷരതാനിലവാരവും, വിദ്യാഭ്യാസ നിലവാരവും അഭിമാനാവഹമാണ്. ഗ്രന്ഥശാലാസംഘം ഗ്രാന്റ് ലഭിക്കുന്ന രണ്ടു ഗ്രന്ഥാലയങ്ങൾ കൂടാതെ, ചെറിയ ഗ്രന്ഥാലയങ്ങളും വായനാശാലകളുൾപ്പെടെ പതിനഞ്ചോളം വിജ്ഞാനകേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

കാലംചെയ്ത അഭിവന്ദ്യ ബിഷപ് റവറന്റ് ജേക്കബ് ഈ പഞ്ചായത്ത് നിവാസിയായിരുന്നു. ഇപ്പോൾ വരാപ്പുഴ അതിരൂപതയുടെ മേധാവിയായി സ്ഥാനാരോഹണം ചെയ്യപ്പെട്ടിരിക്കുന്ന ആർച്ചുബിഷപ്പ് മോസ്റ്റ് റവറന്റ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ നമ്മുടെ ഗ്രാമത്തിന് അഭിമാനാവഹമായ പ്രശസ്തിയാണ് നേടിത്തന്നിട്ടുള്ളത്.

എല്ലാ വിഭാഗീയതകൾക്കുമതീതമായി, ആഴത്തിൽ വേരോടിയ സൗഹാർദ്ദതയോടെ കഴിയുവാൻ ഈ ഗ്രാമത്തിലെ ജനങ്ങൾക്കു കഴിയുന്നത്, മേൽപറഞ്ഞിട്ടുള്ള വൈജ്ഞാനിക കേന്ദ്രങ്ങൾ, ചരിത്ര സ്മാരകങ്ങൾ, വിശിഷ്ട വ്യക്തികൾ - തുടങ്ങിയ സ്ഥാപനങ്ങളും വ്യക്തികളും ദീർഘകാലമായി ഇവിടത്തെ ജനസമൂഹത്തിനു പകർന്നുനൽകുകയും നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാംസ്കാരിക സമ്പത്തിന്റെ ശക്തികൊണ്ടാണ്.

ദേശീയ സ്വാതന്ത്ര്യ സമരത്തിലും ജനായത്ത ഭരണക്രമം നടപ്പിൽ വരുത്താനുള്ള പ്രക്ഷോഭ സമരങ്ങളിലും പങ്കെടുത്ത് പ്രശസ്തരായ പല രാജ്യസ്നേഹികൾക്കും കേരളത്തിലും അഖിലേന്ത്യാതലത്തിലും പ്രശസ്തരായ സാഹിത്യകാരന്മാരും ജന്മം കൊടുത്ത ഗ്രാമമാണ് പള്ളിപ്പുറം പഞ്ചായത്ത്. സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും തൊഴിലാളി യൂണിയനുകളും അധ്യാപക - സർവീസ് സംഘടനാ പ്രസ്ഥാനങ്ങളും കർഷക പ്രസ്ഥാനവും മറ്റും സാമൂഹിക മാറ്റങ്ങൾക്കുവേണ്ടി സമരംചെയ്ത പാരമ്പര്യവും ഈ പ്രദേശത്തിന് അവകാശപ്പെട്ടതാണ്. അവകാശ സ്ഥാപനത്തിനും കാർഷിക - വ്യവസായരംഗങ്ങളിൽ മൗലികമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും പുരോഗമന പ്രസ്ഥാനങ്ങൾ നടത്തിയ ധീരമായ സമരങ്ങളുടെ ചരിത്രവും ഈ നാടിനുണ്ട്. 1970ൽ ഈ പഞ്ചായത്തിൽ നടന്ന കുടികിടപ്പുസമരം, ഈ പഞ്ചായത്തിലെ സാമൂഹിക മാറ്റത്തിൽ ഗണനീയമായ സ്ഥാനംനേടി പ്രക്ഷോഭകസമരമായിരുന്നു. വൈപ്പിൻകരയിൽ ഈ പഞ്ചായത്തിൽമാത്രം നടന്ന ഈ സമരത്തിന് ഒന്നിലധികം കാരണങ്ങളാൽ ചരിത്രപ്രാധാന്യവുമുണ്ട്. ഈ ജനകീയസമരം അവിസ്മരണീയമാണ്.

## ഭൂപ്രകൃതി

പൂർണമായും തീരസമതലത്തിലാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം നിലനിൽക്കുന്നത്. തീരത്തെ മണൽത്തിട്ടയും, ചതുപ്പും, നീർവാർച്ച പ്രദേശങ്ങളും ആണ് ഉപവിഭാഗങ്ങൾ. എല്ലാപ്രദേശത്തും മണൽ മണ്ണാണ് സാധാരണ കണ്ടുവരുന്നത്. എന്നാൽ പത്താംവാർഡിന്റെ ചില ഭാഗങ്ങളിൽ എക്കൽമണ്ണ് കാണപ്പെടുന്നു. ചതുപ്പ് പ്രദേശങ്ങളിലാണ് പൊക്കാളി പാടങ്ങൾ ഉള്ളത്. നീർവാർച്ച പ്രദേശങ്ങളിലെ തോടുകൾ തെങ്ങുകൃഷിക്ക് ഉപയുക്തമായ രീതിയിൽ ഭൂമിയെ ഒരുക്കുന്നു. മുൻകാലങ്ങളിൽ ഉയർന്ന പല പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ മുഴുവൻ നിരപ്പാക്കപ്പെട്ട രീതിയിലാണ്.

## ജനപ്രകൃതി

കേരളത്തിന്റെ സവിശേഷമായ വിഭിന്നമതങ്ങളുടെ ഇടകലർന്ന ജീവിതരീതിയാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും മിക്കവാറും തൊഴിൽമേഖലകളെ ഒരുപോലെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. സമസ്ത ജീവിതമേഖലകളിലും സൗഹാർദമാണ് തെളിഞ്ഞുനിൽക്കുന്നത്.

ഹൈന്ദവ സമുദായത്തിൽ ഈഴവരും ധീവരരുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷം. പുലയർ, വേട്ടുവർ എന്നീ പട്ടികജാതി വിഭാഗങ്ങളും ഗൗഡ സാരസ്വത ബ്രാഹ്മണരുടെ സങ്കേതവും നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

ക്രിസ്ത്യൻ സമുദായത്തിൽ ലത്തീൻ കത്തോലിക്കരും, സിറിയൻ കത്തോലിക്കരും, യാക്കോബായ ക്രിസ്ത്യാനികളുമാണ് മുഖ്യം. ചെറിയ ആരാധനാസംഘങ്ങൾ ഈ താപഴിയിലേതായി ചിലതുണ്ട്.

പഞ്ചായത്തിന്റെ രണ്ട് പ്രദേശങ്ങളിലായിട്ടാണ് ഇസ്ലാം മത വിശ്വാസികൾ പ്രധാനമായും താമസിക്കുന്നത്. രണ്ടിടങ്ങളിലും ഇതര മതവിശ്വാസികളുമായി സാഹോദര്യം നിലനിർത്തി ഇടകലർന്ന് ജീവിക്കുന്ന ഇവരും പഞ്ചായത്തിന്റെ മുഖ്യ ജനവിഭാഗമാണ്.

## തൊഴിൽമേഖല

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഇടപെടുന്ന തൊഴിൽമേഖല മത്സ്യബന്ധനവും സംസ്കരണവും വിപണനവുമാണ്. ആഴക്കടലിലും തീരക്കടലിലും കായലിലും തോടുകളിലുമായി മത്സ്യബന്ധനം നടത്തുന്നു. കാർഷികമേഖലയിൽ നെൽകൃഷിയിലും തെങ്ങുകൃഷിയിലും ജനങ്ങൾ ഉപജീവിക്കുന്നു. പരമ്പരാഗത തൊഴിലായ തെങ്ങ് കൃഷിയിലും ജനങ്ങൾ ഉപജീവിക്കുന്നു. പരമ്പരാഗത തൊഴിലായ തെങ്ങ് ചെത്തിലും കൈത്തറിയിലും കയർ നിർമാണത്തിലും ഗണനീയമായ ഒരുവിഭാഗം തൊഴിൽ ചെയ്യുന്നു. സേവനമേഖലകളിൽ തൊഴിൽ കണ്ടെത്തിയവർ തുലോം കുറവാണ്. തൊഴിൽരംഗത്ത് സ്ത്രീകളേക്കാൾ പുരുഷന്മാരുടെ പങ്കാണ് മുന്നിട്ടുനിൽക്കുന്നത്.

## ജലവിഭവങ്ങൾ

പഞ്ചായത്തിന്റെ മൂന്നുവശവും ഉപ്പുവെള്ളമാണ്. പഞ്ചായത്തിന്റെ ഉള്ളിലുള്ള പൊഴിലിലും ഉപ്പുവെള്ളമാണ്. കായലുമായി ബന്ധിപ്പിച്ചിട്ടുള്ള തോടുകൾ നീർവാർച്ച നിയന്ത്രിക്കുന്നവയാണ്. പഞ്ചായത്തിൽ ചിലയിടങ്ങളിൽ ശുദ്ധജലത്തിന്റെ ഉറവുകൾ ഉണ്ട്. മഴയെ ആശ്രയിച്ചിട്ടുള്ള കൃഷി മാത്രമാണ് നടക്കുന്നത്. ജൂൺമാസത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. 74 സെന്റിമീറ്റർ. ജനുവരി മാസത്തിലാണ് കുറഞ്ഞ മഴ 1.5 സെന്റിമീറ്റർ.

| വില്ലേജ് | ഭൂമിയുടെ വിസ്ത്രീർണ്ണം (ഹെക്ടറിൽ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| പള്ളിപ്പുറം | 607H | 158H | 385H | 7H | 1157H |
| കുഴുപ്പിള്ളി | 374H | NIL | 123H | NIL | 497H |
| ആകെ | 981H | 158H | 508H | 7H | 1654 |

395

# പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം
3. മത്സ്യബന്ധനം

**അവലംബം:**

സെറ്റിൽമെന്റ് രജിസ്റ്റർ
വിഭവഭൂപടം
നാട്ടറിവ്
കന്നുകാലി സെൻസസ് (87)
ഗ്രാമസഭാ റിപ്പോർട്ടുകൾ
പഠനപര്യടനം

# കാർഷികമേഖല

കാർഷികമായ കാഴ്ചപ്പാടിലൂടെ നോക്കിയാൽ പള്ളിപ്പുറം പഞ്ചായത്ത് കൃഷിയെ ആശ്രയിച്ചു മുന്നോട്ടുപോകുന്ന പ്രദേശമല്ല. എന്നാൽ ഇവിടെ ആസൂത്രിതമായും അല്ലാതെയും കാർഷികവൃത്തികൾ നടക്കുന്നുണ്ട്. സവിശേഷനെല്ലിനമായ പൊക്കാളിയും ദീർഘകാല വിളയായ തെങ്ങുമാണ് പ്രധാനമായത്. തീര പ്രദേശത്ത ഓര് ജലം കെട്ടിനൽക്കുന്ന ചെളിപ്രദേശങ്ങളിലാണ് പൊക്കാളി കൃഷി നടന്നുവരുന്നത്. തെങ്ങ് മിക്കവാറും സാദ്ധ്യമായ എല്ലായിടത്തും ഉണ്ട്. തീരദേശത്തെ ഉപ്പുകലർന്ന മണൽമണ്ണും നീർത്തടങ്ങളും തീർച്ചയായും വായു സഞ്ചാരമുള്ള മണ്ണാണ്, തെങ്ങുകൃഷിക്ക് ഉത്തമം.

## പൊക്കാളി നെൽകൃഷി

സെറ്റിൽമെന്റ് രേഖകൾ പ്രകാരം 158 ഹെക്ടർ സ്ഥലമാണ് നെൽകൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നതായി കാണുന്നത്. പൊക്കാളികൃഷിയുടെ രീതി അനുസ[illegible]രിക്കൽ വിളവെടുപ്പു നടന്നാൽ, പിന്നീടുള്ള ആറുമ[illegible] അന്താനിലം ചെമ്മീൻ വളർത്തുന്നതിനാണ് ഉപയോഗി[illegible]. കാലക്രമത്തിൽ 158 ഹെക്ടർ നിലത്തിൽ പലയിട[illegible]ളും, മടൽകുഴികളായും പുരയിടങ്ങളായും, തെങ്ങിൻതോപ്പുക[illegible]ായും മാറുകയാണുണ്ടായത്. പുതിയ കണക്കനുസരിച്ച് കേവലം 50 ഹെക്ടർ സ്ഥലം മാത്രമാണ് പൊക്കാളി കൃഷിക്ക് ഉപയോഗിക്കുന്നത്. പൊക്കാളികൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന നിലങ്ങൾ ഉ[illegible]ങ്കിലും അവ പൂർണമായും തരിശിടപ്പെട്ട നിലയിലാണ്.

## തെങ്ങുകൃഷി

ആസൂത്രിതവും ശാസ്ത്രീയവുമായ രീതിയി[illegible] പള്ളിപ്പുറം പഞ്ചായത്തിൽ ഇതുവരെ തെങ്ങുകൃഷി നട[illegible]പ്പാക്കിയിട്ടില്ല. തെങ്ങ് ശുഷ്കാന്തിയോ[illegible]ട വളർത്തിയെ[illegible]ടുക്കപ്പെടേണ്ടതാണ്. എന്നാൽ തെങ്ങ് നടുകമാത്രമാണ് കാര്യമായി ചെയ്യാനു[illegible]തെന്നാണ് ഭൂരിപക്ഷം പേരുടേയും ധാരണ. 1970കളിൽ ഭ[illegible]ഷ്കരണം നടപ്പാക്കിയതിനുശേഷം കുടിയാൻമാർ[illegible]ച്ചതുണ്ടു ഭൂമികളിൽ വ്യാപകമായി തെങ്ങ് നട്ടുപിടിപ്പിക്കുകയുണ്ടായി. 630 ഹെക്ടർ തെങ്ങുകൃഷിയുടെ സ്ഥാന[illegible]ത് 1980കളിൽ 834 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയായി മാറി. പുരയിടങ്ങളിൽ 1970 ൽ നട്ട തെങ്ങുകൾ 1980 കളിൽ ഫലം നൽകാൻ തുടങ്ങുകയും പഞ്ചായത്തിലെ നാളികേര ഉത്പാദനം വളരെ ഉയർന്ന നിലയിലെത്തുകയും ചെയ്തു. 1985 ന് ശേഷം നാളികേര ഉൽപാദനത്തിൽ കാര്യമായ പിന്നോട്ടടി ഉണ്ടായി. തെങ്ങിന്റെ ശരാശരി വിളവ് സംസ്ഥാന തലത്തിലെ ശരാശരിയേക്കാൾ പിന്നോട്ടുപോയി. നിലവിൽ പഞ്ചായത്തിലെ ശരാശരി ഉൽപാദനം തെങ്ങിന് 35 തേങ്ങ എന്ന നിലയിലാണ്. കായലിലേയും കടലിലേയും എറ്റിറക്കത്തോട് ബന്ധിപ്പിച്ച് മുഴുവൻ കരപ്രദേശത്തും ജലസാമീപ്യത്തിന് സഹായിച്ചിരുന്ന തോടുകളിൽ പലതും ഇല്ലാതായത് ഇതിന് പ്രധാന കാരണങ്ങളിലൊന്നാണ്. ദീർഘകാലവിള എന്ന നിലയിൽ മണ്ണിന്റെ പോഷക സമൃദ്ധി നിലനിർത്താൻ ആവശ്യമായ നീക്കങ്ങൾ ഒരു ഭാഗത്തുനിന്നും ഉണ്ടായില്ല. ഭൂരിപക്ഷം വരുന്ന തെങ്ങുകൾ പ്രതിരോധശേഷിയുള്ള നാടൻ ഇനങ്ങളാണെങ്കിലും പിൻകാലത്ത് സങ്കരവർഗം തെങ്ങുകളും നടുകയുണ്ടായി. ഇന്നത്തെ പല തെങ്ങുകളും മഞ്ഞപ്പിത്തം, മണ്ടചീയൽ, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾക്കും, എലി, കൊമ്പൻചെല്ലി, പാറച്ചാത്തൻ എന്നിവയുടെ ശല്യത്താലും നശിക്കുന്നുണ്ട്. ആലുവ വ്യവസായ മേഖലയിൽ നിന്നുള്ള മലിനീകരണം ഈ പ്രദേശത്തെ കൃഷിയെ നശിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട് എന്ന് പരക്കെ കണക്കാക്കുന്നു. രോഗം ബാധിച്ച തെങ്ങുകൾക്കിടയിലും തലയെടുപ്പോടെ പ്രതിരോധശേഷി നിലനിർത്തി നിൽക്കുന്ന ചിലനാടൻ തെങ്ങുകൾ പഞ്ചായത്തു പ്രദേശത്തു കാണാവുന്നതാണ്.

പഴയകാലത്ത് ദീർഘകാലവിളയായ തെങ്ങിനാവശ്യമായ ജലസേചനം നിർവഹിച്ച് ഒഴുകിയിരുന്ന തോടുകളും, കൈതോടുകളും നികന്നുപോയതിനെ സംബന്ധിച്ച് നേരത്തെ സൂചിപ്പിട്ടുണ്ടല്ലോ. ഈ സൗകര്യം ഇല്ലാതായപ്പോൾ പകരം ജലസേചനരീതികൾ അവലംബിക്കാൻ ആളുകൾ പൊതുവേ വിമുഖരായിരുന്നു. കിണറും കുളങ്ങളും ഉള്ളവർപോലും ആ രീതിയിൽ പ്രവർത്തിക്കാൻ തയ്യാറായില്ല. പമ്പ് സെറ്റുകൾ ഉള്ളവരും അതു സ്ഥാപിക്കാൻ സാമ്പത്തിക സൗകര്യമുള്ളവരിൽ ചിലരും മാത്രമാണ് തെങ്ങിന് ജലസേചനം നടത്തുന്നത്.

41 പഞ്ചായത്ത് കിണറുകളാണ് 14 വാർഡുകളിലായി ഉള്ളത്. ഇവയിൽ പലതും ഉപയോഗശൂന്യമായ നിലയിലാണ്. കൃഷിയാവശ്യത്തിന് എന്നതിനേക്കാൾ ശുദ്ധജലത്തിനായിട്ടാണ് ഈ കിണറുകൾ നിർമിച്ചത്.

പഞ്ചായത്തിലുള്ള ചില സ്വകാര്യവ്യക്തികളാണ് തേങ്ങ സംഭരിക്കുന്നതും പല ഉത്പന്നങ്ങളാക്കി വിപണനം നടത്തുന്നതും. ഗാർഹികാവശ്യം കഴിഞ്ഞിട്ടുള്ള നാളികേരമാണ് ഇത്തരത്തിൽ സംഭരിക്കപ്പെടുന്നത്. മൊത്തം ഉത്പാദനത്തിന്റെ 20% വീട്ടാവശ്യത്തിനും ബാക്കി 80% വില്പനയ്ക്കും ലഭിക്കുന്നു. കമ്പോള നിലവാരം അനുസരിച്ചുള്ള അന്നത്തെവില കർഷകർക്ക് ലഭിക്കുന്നു. എന്നാൽ കഴിഞ്ഞ പത്തുവർഷത്തിനിടയിൽ മറ്റ് വിളകൾക്കും സാധനങ്ങൾക്കും ഉണ്ടായിട്ടുള്ള വിലവർദ്ധനവുമായി താരതമ്യം ചെയ്താൽ തേങ്ങയുടെ വിലയിൽ നാമമാത്രമായ വർദ്ധനവേ ഉണ്ടായിട്ടുള്ളു. അതാതു കാലത്തെ ഇറക്കുമതി നയത്തിന് ബലിയാടാംവേണ്ട ഗതികേട് നാളികേരകർഷകർക്ക് ഉണ്ടാകുന്നു.

സഹകരണ സംഘങ്ങൾ കെട്ടു തെങ്ങ് വായ്പയുടെ അടിസ്ഥാനത്തിലുള്ള നാളികേര സംഭരണം മാത്രമേ നടത്തുന്നുള്ളു. കർഷകന് ഗുണകരമായ ഒരു സംഭരണ രീതി സഹകരണാടിസ്ഥാനത്തിൽ ഏറെ സാധ്യതകളുള്ള ഈ പഞ്ചായത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ല.

V.T.K (വലിയമ്മ തമ്പുരാൻ കോവിലകം) എസ്റ്റേറ്റ്, പാലിയം വക, പണ്ടാരംവക എന്നിങ്ങനെ മൂന്നുതരം ഉടമസ്ഥതയിലായിരുന്നു പഞ്ചായത്ത് പ്രദേശം. അഞ്ഞൂറിലധികം പാട്ടകുടിയാൻമാരും അവർക്കു താഴെ കുടികിടപ്പുകാരും ഉണ്ടായിരുന്നു. ഭൂരിഷ്കരണ നിയമങ്ങളുടെ ഫലമായി ഇന്ന് പഞ്ചായത്ത് അതിർത്തിയിൽ 7871 ഭൂവുടമകൾ ഉണ്ട്.

ചെറുതുണ്ട് ഭൂമികളുടെ ഉടമകളായി 7800 പേരും രണ്ട്

ഏക്കറിൽ താഴെ ഭൂ ഉടമകളായി 66 പേരും 2.5 ഏക്കറിന് ഉടമകളായി 2 പേരും 5 ഏക്കറിനുമേൽ ഉടമകളായി 3 പേരും ഉടമകളായി ഉണ്ട്.

തെങ്ങ്കൃഷി ചെറുതുണ്ട് ഭൂമികളാലാണ് ഏറെയും നടന്നു വരുന്നത്. അതിനാൽ തന്നെ സംഘടിതമായ കൃഷി പ്രവർത്തനങ്ങൾ അസാദ്ധ്യമാകുന്നു. തെങ്ങുകൃഷിയിലും പൊക്കാളികൃഷിയിലുമായി പഞ്ചായത്തിലെ കർഷകതൊഴിലാളികളുടെ സംഖ്യ കേവലം 168 മാത്രമാണ് (1991 സെൻസസ് പ്രകാരം)

## കൂലിവ്യവസ്ഥകൾ

| പഞ്ചായത്തിലെ കാർഷിക കൂലിനിരക്ക് | | |
|---|---|---|
| | ഇനം | തുക |
| 1 | തടംവെട്ട്, കൂമ്പൽ വെപ്പ്, കൂമ്പൽഉട | 65.0 |
| 2 | പറമ്പിലെ തോടുവെട്ട് | 75.00 |
| 3 | കുളംവെട്ട് | 80.00 |
| 4 | നിലത്തിലെ ചിറവെട്ട്-തോടുവലി | 73.00 |
| 5 | നിലം കിള-പുരുഷൻ<br>സ്ത്രീ | 78.00<br>46.00 |
| 6 | കൊത്തുവിത-പുരുഷൻ<br>സത്രീ | 65.00<br>40.00 |
| 7 | ഞാറ്റുപണി-പുരുഷൻ<br>സ്ത്രീ | 65.00<br>37.00 |
| 8 | കൊയ്ത് പതമ്പ് 6+1 | |
| 9 | തെങ്ങുകയറ്റം 100 തെങ്ങിന് | 150.00+14 തേങ്ങ |

## വളം ഉപഭോഗം:

പൊക്കാളി യാതൊരു വിധ രാസവളവും കീടനാശിനിയും ആവശ്യമില്ലാത്ത നെല്ലിനമാണ്. തെങ്ങിന് നാമമാത്രമായ രീതിയിൽ രാസവള പ്രയോഗം ചില കർഷകർ നടത്തുന്നുണ്ട്. പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് മാത്രമാണ് വളം വില്പന നടത്തുന്നത്. കൃഷി ഭവനിൽ നിന്നും നടപ്പുവർഷം 31,680 രൂപയുടെ രാസവളക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## മറ്റുവിളകൾ:-

തെങ്ങിന് ഇടവിളയായിട്ടാണ് മറ്റ് വിളകൾ ഉള്ളത്. പ്രധാനമായും കവുങ്ങ്, മാവ്, പ്ലാവ്, വാഴ, പച്ചക്കറികൾ തുടങ്ങിയയാണ് കൃഷി ചെയ്യുന്നത്. ഈ വിളകളുടെ ഉത്പാദനക്ഷമത കുറവാണെങ്കിലും മിക്കവാറും പുരയിടങ്ങളിലും ഇവ സാധാരണയായി കൃഷി ചെയ്യുന്നു. ഇടവിളയുടെ മേനി പുരയിടത്തിലെ വൃക്ഷ സാന്ദ്രതയെ ആശ്രയിച്ചിരിക്കുന്നു. ആവശ്യമായ വിപണന സൗകര്യങ്ങൾ ലഭിക്കാത്തതുമൂലമാണ് ഇടവിളകൃഷി വ്യാപകമാകാത്തത്.

പച്ചക്കറി കഴിഞ്ഞ കാലങ്ങളിൽ വീട്ടുപറമ്പുകളിൽ പച്ചക്കറി കൃഷി വ്യാപകമായി ഉണ്ടായിരുന്നു. ഇപ്പോൾ പലരും ഇതിനോട് വിമുഖരാണ്. പഞ്ചായത്തിൽ ഉപയോഗിക്കുന്ന പച്ചക്കറിയുടെ ഒരു ശതമാനം പോലും ഇവിടെ ഉത്പാദിപ്പിക്കുന്നില്ല. നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചുള്ള കൃഷി പ്രചരിപ്പിച്ചാൽ കൂടുതൽ രോഗങ്ങളും ആക്രമിക്കില്ല. അതു പ്രോത്സാഹിപ്പിച്ചാൽ ജനങ്ങൾക്ക് പച്ചക്കറി കൃഷിയിൽ താത്പര്യമുണ്ടാകും.

ഇടവിളകളുടെ കാര്യത്തിൽ കൃഷിഭവന്റെ സവിശേഷ ഇടപെടലും അനിവാര്യമാണ്.

## ഭൂവിനിയോഗം-പട്ടിക.

| | ഇനം | ഭൂവിനിയോഗം | ഉൽപാദനക്ഷമത |
|---|---|---|---|
| 1 | നെല്ല് | 50 ഹെക്ടർ | 1500 കി.ഗ്രാം/ഹെക്ടർ |
| 2 | പയർ | 4 ഹെക്ടർ | 3000കി.ഗ്രാം/ഹെക്ടർ |
| 3 | പച്ചക്കറികൾ | 8 ഹെക്ടർ | കണക്കാക്കിയിട്ടില്ല |
| 4 | തെങ്ങ് | 834 ഹെക്ടർ | 6200 നമ്പർ/ഹെക്ടർ |
| 5 | വാഴ | 12 ഹെക്ടർ | 6000 കി.ഗ്രാം/ഹെക്ടർ |
| 6 | മരച്ചീനി | 2 ഹെക്ടർ | 20 എം.ടി/ഹെക്ടർ |
| 7 | കുരുമുളക് | 2 ഹെക്ടർ | 800 കി.ഗ്രാം/ഹെക്ടർ |
| 8 | പ്ലാവ് | 6 ഹെക്ടർ | 1230 കി.ഗ്രാം/ഹെക്ടർ |
| 9 | കശുമാവ് | 1 ഹെക്ടർ | 1000 കി.ഗ്രാം/ഹെക്ടർ |
| 10 | മാവ് | 9 ഹെക്ടർ | 3075 കി.ഗ്രാം/ഹെക്ടർ |
| 11 | കവുങ്ങ് | 57 ഹെക്ടർ | 239925 നമ്പർ/ഹെക്ടർ |

## പ്രശ്നങ്ങൾ:-

1. നെൽകൃഷി ചെയ്യാവുന്ന നിലങ്ങൾ തരിശിടുകയോ വർഷക്കെട്ടാക്കുകയോ ചെയ്തിരിക്കുന്നു.
2. സമയാസമയങ്ങളിൽ തോടുകളും കുളങ്ങളും വെട്ടിക്കയറ്റാതരിക്കുന്നു.
3. കൃഷി വികസനത്തിനാവശ്യമായ ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അപര്യാപ്തത.
4. തെങ്ങുകളുടെ രോഗം
5. ബണ്ടു നിർമാണം കൃത്യമായി നടക്കാത്തത്.
6. തെങ്ങുകയറ്റ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവർ ആവശ്യത്തിനില്ലാത്തത്.
7. ആവശ്യത്തിന്റെ 15% പോലും സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും സർക്കാരിൽ നിന്നും ലഭിക്കുന്നില്ല.
8. പച്ചക്കറി കൃഷിക്കായി ദീർഘകാല വായ്പ ലഭിക്കുന്നില്ല.
10. തെങ്ങിന്റെ മണ്ട ശുചീകരണത്തിനും മരുന്നു തളിക്കും ആളെ കിട്ടുന്നില്ല.
11. നല്ല നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
12. ഉത്പാദനക്ഷമതയിലെ കുറവ്.
13. ജൈവ വളങ്ങളുടെ ദൗർലഭ്യം
14. കൊപ്രയ്ക്ക് താങ്ങുവില ഇല്ല
15. കവുങ്ങ് കൃഷിയുടെ സാധ്യതകൾ ഉപയോഗിക്കപ്പെടുന്നില്ല.

## രോഗങ്ങൾ:-

പൊക്കാളി കൃഷി രോഗ വിമുക്തമാണ്.

തെങ്ങിന് മഞ്ഞപ്പിത്തം, കാറ്റുവീഴ്ച, കൂമ്പുചീയൽ, മണ്ടയടപ്പ് തുടങ്ങിയ രോഗങ്ങൽ കാണുന്നു. എലി, കൊമ്പൻചെല്ലി, പാറച്ചാത്തൻ തുടങ്ങിയവയുടെ ശല്യവും ഉണ്ട്. പച്ചക്കറിക്ക് ഫംഗസ് രോഗങ്ങളും പുഴക്കേടും ഉണ്ടാകുന്നു.

## സാധ്യതകൾ:-

1. നിലമുടമകളേയും തൊഴിലാളികളേയും ബോധവൽക്കരിച്ച് തരിശുഭൂമി കൃഷിയോഗ്യമാക്കാം.
2. തോടുകളും കുളങ്ങളും കൃത്യമായി വെട്ടിക്കയറ്റാൻ ഉടമകളെ പ്രേരിപ്പിക്കാനും ശ്രമദാനം സംഘടിപ്പിക്കാനും കഴിയും.
3. നിലവിലുള്ള തോടുകളിൽ പഴയകാലങ്ങളിലേതുപോലെ ബണ്ടുകൾ നിർമിച്ചാൽ പച്ചക്കറി കൃഷി വ്യാപകമാക്കാം.
4. നെൽപാടങ്ങൾ മുഴുവൻ കാലവും മത്സ്യകൃഷി നടത്തുന്ന രീതി നിരുത്സാഹപ്പെടുത്തിയാൽ പൊക്കാളി കൃഷി വ്യാപകമാക്കാൻ കഴിയും.
5. പുതിയ നേഴ്സറികൾ ആരംഭിക്കുക.
6. നല്ലയിനം നാടൻ വിത്തുകൾ ലഭ്യമാക്കാൻ വിത്തുബാങ്കുകൾ തുറക്കാം.
7. രാസവളം, കീടനാശിനി എന്നിവ ഉപയോഗിക്കാതെ വിഷരഹിതമായി ഉൽപാദിപ്പിക്കുന്ന നമ്മുടെ പ്രദേശത്തെ പൊക്കാളി അരിയും നാളികേരവും സവിശേഷമായ വിപണന സാദ്ധ്യത ഉള്ളതാണ്. കൂടുതൽ വില ഇവയ്ക്ക് ലഭിച്ചാൽ തൊഴിലാളികൾക്ക് കൂടുതൽ കൂലിയും ഉടമക്ക് ലാഭവും ഉണ്ടാകും. കൂടുതൽ പേർ കാർഷിക തൊഴിലാളികളായി മാറുകയും ചെയ്യും.
8. തീറ്റപ്പുൽ കൃഷി തോടുകളുടെ കരയിൽ നടത്താവുന്നതാണ്.
9. മത്സ്യകൃഷി, തീറ്റപ്പുൽകൃഷി, പച്ചക്കറി കൃഷി, പച്ചിലവളം കൃഷി എന്നിവയുടെ വികസനത്തിന് നീർത്തട വികസന പദ്ധതി നടപ്പിലാക്കാവുന്നതാണ്.
10. ഇല്ലാതായിപ്പോയ പയർ, കൂവ, റാഗി മുതലായ ഇടവിളകൾ കൃഷി ചെയ്യാൻ കഴിഞ്ഞാൽ ജൈവവൈവിധ്യം നിലനിർത്താൻ കഴിയും.
11. കയർ വ്യവസായത്തിലെ അവശിഷ്ടമായ ചകിരച്ചോറും മത്സ്യവശിഷ്ടങ്ങളും ഉപയോഗിച്ച് ജൈവവളം വ്യാപകമായി നിർമിക്കാൻ കഴിയും.
12. പരിശീലനം നൽകിയാൽ തെങ്ങിന്റെ മണ്ടശുചിയാക്കുന്നതിനും മരുന്ന തളിക്കുന്നതിനും യുവാക്കളെ ലഭിക്കും.
13. വിളവുതീരെ കുറഞ്ഞ മൂത്ത തെങ്ങുതടി ചെലവുകുറഞ്ഞതും മേനിയുള്ളതുമായ നിർമാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

## വായ്പാ സൗകര്യങ്ങൾ:-

1. പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് മാത്രമാണ് നാമമാത്രമായ രീതിയിലെങ്കിലും കാർഷിക വായ്പ നൽകുന്നത്.
2. പൊതുമേഖലാ ബാങ്കുകൾ ഈ രംഗത്തെ അർഹരായവരെ കണ്ടെത്തി വായ്പാ അനുപാതമനുസരിച്ച് കാർഷിക വായ്പ നൽകുന്നില്ല.
3. കാർഷിക വികസന ബാങ്കുകളുടേയും മറ്റ് ഏജൻസികളുടേയും വായ്പകൾ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

## കാർഷിക വികസന പ്രവർത്തനങ്ങൾ:-

1. കൃഷിഭവന്റെ പ്രവർത്തനങ്ങൾ കാർഷിക രംഗത്ത് കാര്യമായ ഗുണഫലവും ഉണ്ടായിട്ടില്ല.
2. ഉൽപാദന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ശാസ്ത്രീയവും ആസൂത്രിതവുമാക്കേണ്ടതിന്റെ പ്രസക്തി കർഷകരെ ബോധ്യപ്പെടുത്തണം.
3. പുരയിടകൃഷി മാത്രം നിലനിൽക്കുന്ന ഈ പഞ്ചായത്തിൽ അത്തരം കാഴ്ചപ്പാടോടെ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നില്ല.
4. കൊടുത്തുകൊണ്ടിരിക്കുന്ന സഹായധനം അർഹരായവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സംവിധാനങ്ങളില്ല.


## കാർഷിക സംരംഭങ്ങൾ:-

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏക കാർഷിക സംഘടന കേരകർഷക സമിതിയാണ്. രജിസ്ട്രേഷനോടെ ചിട്ടയായ പ്രവർത്തനങ്ങൾ നടത്തുന്ന ഈ സംഘടന കൃഷിഭവന്റെ വിവിധ പദ്ധതികൾ കർഷകർക്കിടയിൽ എത്തിക്കാൻ ശ്രമിക്കാറുണ്ട്.

പഞ്ചായത്തിന്റെ തെക്ക് ഭാഗത്തുള്ള പൊക്കാളി കൃഷി മേഖലയിൽ ശക്തമായ കാർഷിക സംഘടന ഇല്ലാത്തത് കൃഷി ചിലവ് വർദ്ധിപ്പിക്കുന്നുണ്ട്. ആസൂത്രിത ശ്രമങ്ങൾ പൊക്കാളി കൃഷിയുടെ സംരക്ഷണത്തിന് അനിവാര്യമാണ്.

പുരയിട കൃഷിയിലെ വിള സാന്ദ്രത കുറഞ്ഞുവരികയാണ്. വൃത്തി ബോധത്തെ സംബന്ധിച്ച് യാന്ത്രികമായ ധാരണകൾമൂലം പച്ചക്കറികൃഷിയടക്കമുള്ളവ കാര്യമായി നടത്താൻ തയ്യാറാകുന്നില്ല. എല്ലാ പുരയിടങ്ങളിലും കണ്ടിരുന്ന കൂവ, കൂർക്ക, കാച്ചിൽ, അടുതാപ്പ് (ഇറച്ചിക്കാച്ചിൽ) ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന എന്നിവയുടെ സമ്മിശ്ര കൃഷി പുനർസൃഷ്ടിച്ചാൽ പാരിസ്ഥിതിക സന്തുലനം പച്ചക്കറി കൃഷിക്ക് അനുഗുണമാക്കുവാൻ കഴിയും.

ജീവിക്കുന്ന വേലികൾക്ക് പകരം മരിച്ച മതിലുകൾ ധാരളമായി സ്ഥാപിക്കപ്പെടുന്നതുമൂലം പച്ചിലവളങ്ങളുടെ ലഭ്യത ഇല്ലാതാവുന്നു. മതിലുകൾ സ്ഥാപിക്കാനും വീട്ടുമുറ്റം പുല്ലു പോലും കിളിർക്കാത്ത രീതിയിൽ സിമന്റിടുവാനുള്ള താത്പര്യമാണ് പുതിയ വൃത്തിബോധം സൃഷ്ടിക്കുന്നത്.



# മൃഗസംരക്ഷണം

1987 ലെ കന്നുകാലി സെൻസസാണ് ഈ രംഗത്ത് അടിസ്ഥാന വിവരമായി ലഭ്യമായിട്ടുള്ളത്. കൂടാതെ ക്ഷീരസഹകരണസംഘങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ റിപ്പോർട്ടുകളും ഉണ്ട്. മൃഗാശുപത്രി ഉണ്ടെങ്കിലും കാര്യമായ സേവനം ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.

ഗാർഹികാവശ്യത്തിന് പാൽ ലഭിക്കുന്നതിനുവേണ്ടി മാത്രമാണ് ആദ്യകാലങ്ങളിൽ കാലിവളർത്തൽ നടത്തിയിരുന്നത്. ഒരു തൊഴിൽ എന്ന കാഴ്ചപ്പാട് ഈ രംഗത്ത് ഉണ്ടായിരുന്നില്ല. 1978 –ൽ പഞ്ചായത്തിൽ ക്ഷീരോൽപാദക സഹകരണസംഘം രൂപപ്പെട്ടതോടുകൂടി കാലിവളർത്തൽ തൊഴിൽ എന്ന നിലയിൽ വ്യാപകമായി. സങ്കരയിനം പശുക്കൾ ധാരാളം പാൽ നൽകുകയും പാൽസംഘങ്ങളും ആ തൊഴിൽ മേഖലയും കൂടുതൽ ശക്തമാവുകയും ചെയ്തു. സാധാരണക്കാരായ ആളുകൾ കൂടുതലായും ആടുകളെയാണ് വളർത്തിയിരുന്നത്. ഇന്നും ആടുവളർത്തൽ നടക്കുന്നുണ്ട്.

ആയിരത്തിൽ അധികം പശുക്കളും അറുന്നൂറിൽ അധികം ആടുകളും പത്തിൽതാഴെ എരുമകളുമാണ് പഞ്ചായത്ത് അതിർത്തിയിൽ ഉള്ളത്. സങ്കരയിനം കാളകളിലൂടെ വംശവർധനവ് നടത്തിയത് പാൽ ഉത്പാദനത്തിൽ ആദ്യകാലത്ത് ഗുണകരമായിരുന്നു. പാലിന്റെ ഉൽപാദനം ക്രമേണ കുറയുകയും ഉത്പാദനച്ചെലവ് വർധിക്കുകയും ചെയ്തു. നാടൻ ഇനങ്ങൾ അത്യപൂർവ്വമായി അവശേഷിക്കുന്നു.

ഇറച്ചി ലക്ഷ്യമാക്കികൊണ്ട് പഞ്ചായത്ത് അതിർത്തിയിൽ കാലിവളർത്തൽ നടക്കുന്നില്ല. ആടു വളർത്തൽ വഴിയുള്ള പാൽ ഉത്പാദനം കുടുംബാവശ്യത്തിനു മാത്രമേ തികയുകയുള്ളൂ.

## ക്ഷീരോൽപാദസംഘങ്ങൾ:

ക്ഷീരസംഭരണവും വിപണനവും നടത്തുന്ന ഒരു സഹകരണ സംഘവും മൂന്ന് സ്വകാര്യ സംഘങ്ങളും പഞ്ചായത്ത് അതിർത്തിയിൽ നിലകൊള്ളുന്നു. കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നവയാണിവ.

പള്ളിപ്പുറം ക്ഷീരോത്പാദക സഹകരണസംഘം പ്രതിദിനം 1400 ലിറ്റർ സംഭരിക്കുകയും 1380 ലിറ്റർ വിപണനം ചെയ്യുകയും ചെയ്യുന്നു. ഏറ്റവും ഗുണമേന്മയുള്ള പാലിന്റെ ശരിയായ സംഭരണസൗകര്യങ്ങളും വീടുകൾതോറുമുള്ള വിപണനവും ഈ സംഘം കൃത്യമായി നടത്തുന്നു. ഒരു ലക്ഷം രൂപയാണ് സംഘത്തിന്റെ ഓഹരിമൂലധനം. ടി. സംഘം 9.70 രൂപയാണ് ലിറ്ററിന് വില നൽകുന്നത്. സംഘത്തിലെ പശുക്കളുടെ പ്രതിശീർഷ ഉത്പാദനം 1.4 ലിറ്ററാണ്. അംഗങ്ങൾ മുഴുവൻ പാലും സംഘത്തിൽ അളക്കാതെ പുറത്തും വിൽപന നടത്തുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി നിരക്കിൽ വില്പനയും വായ്പയും ഇൻഷുറൻസ് ആനുകൂല്യവും ഈ സംഘത്തിൽ നിന്നും നൽകുന്നു.

കൃത്യം വിവരങ്ങൾ ലഭിച്ചിട്ടില്ലെങ്കിലും പഞ്ചായത്ത് അതിർത്തിയിലെ മൂന്ന് സ്വകാര്യ ഡയറികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. ശരിയായ സംഭരണ വിപണന സംവിധാനങ്ങൾ നിലനിൽക്കുന്നുണ്ട്. മൂന്ന് സംഘവുംകൂടി 1000 ലിറ്റർ പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. പാൽ ഉൽപ്പന്നങ്ങൾ സ്വകാര്യ ഡയറികൾ മാത്രമേ നിർമ്മിക്കുന്നുള്ളൂ.

എട്ട് ഇറച്ചിക്കോഴി ഫാമുകൾ പഞ്ചായത്തിൽ ഉണ്ട്. കാര്യമായ ലാഭം കിട്ടാത്തതുകൊണ്ട് അടച്ചുപൂട്ടിയവയും ഇതിൽ ഉൾപ്പെടുന്നു. മിക്കവാറും എല്ലാ വീടുകളിലും മുട്ടക്കോഴി വളർത്തൽ ഉണ്ട്. നാടൻ കോഴികളാണ് ഈ ഇനത്തിലുള്ളത്. വ്യാവസായികാടിസ്ഥാനത്തിലല്ലാതെയുള്ള മുയൽ വളർത്തൽ നടക്കുന്നു. വളർത്തുമൃഗങ്ങളുടെ ഗണത്തിൽ പട്ടിയും പൂച്ചയും പെടും.

**1987 ലെ സെൻസസ് പട്ടിക**


| | |
|---|---|
| കാള നാടൻ | 20 എണ്ണം |
| കാള സങ്കരം | 62 " |
| പശു നാടൻ | 871 " |
| എരുമ | 16 " |
| പോത്ത് | 5 " |
| ആട് | 887 " |
| പട്ടി | 931 " |

## പ്രശ്നങ്ങൾ:

1. കന്നുകാലികൾക്കുള്ള തീറ്റപ്പുൽ ലഭിക്കുന്നില്ല.
2. കാലിത്തീറ്റയുടെ വിലവർധനവ്.
3. ചികിത്സാസൗകര്യങ്ങളുടെ കുറവും ഭാരിച്ചചിലവും.
4. കന്നുകാലി വളർത്തലിന് മതിയായ വായ്പ ലഭിക്കുന്നില്ല.
5. കന്നുകാലി വളർത്താൻ ഫാം നടത്തുവാൻ സ്ഥലം ലഭിക്കുന്നില്ല.
6. കോഴി, മുയൽ എന്നിവയ്ക്കുള്ള വിപണന സാദ്ധ്യതയെക്കുറിച്ചുള്ള അറിവില്ലായ്മ.
7. മുട്ടക്കോഴി വളർത്താൻ ശാസ്ത്രീയമായ അറിവില്ലായ്മ.
8. മൃഗാശുപത്രിയുടെ സേവനം തൃപ്തികരമല്ല.
9. കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതരത്തിലുള്ള പദ്ധതികൾ ഉണ്ടാവുന്നില്ല.
10. മാംസത്തിന് ആവശ്യമായ കന്നുകാലികൾ ഇല്ല.
11. അറവുശാലകളുടേയും സംസ്ക്കരണ കേന്ദ്രത്തിന്റെയും അഭാവം.
12. നല്ലയിനം കന്നുകാലികളും കോഴികളും ലഭ്യമല്ല.
13. മുട്ട സംഭരണവും വിപണനവും വിപുലമായിട്ടില്ല.

## സാധ്യതകൾ:-

1. പഞ്ചായത്തിലെ തോടരികുകളിൽ തീറ്റപ്പുൽ കൃഷി നടത്തി പുല്ലിന്റെ ദൗർലഭ്യം കുറക്കാം.
2. ബ്ലോക്കടിസ്ഥാനത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
3. ബ്ലോക്ക് അടിസ്ഥാനത്തിൽ പാലും മാംസവും സംഭരണവും വിപണനവും നടത്തുക.
4. പഞ്ചായത്തിലെ വ്യത്യസ്ത മേഖലകളിൽ പരിശോധനാ ക്ലിനിക്കുകൾ സ്ഥാപിക്കുകയും മൃഗാശുപത്രിയിലെ ഡോക്ടറുടെ സേവനവും മരുന്നുകളും അവിടെ ലഭ്യമാക്കുകയും ചെയ്താൽ ചികിത്സാബിദ്ധിമുട്ടുകളും ഭാരിച്ച ചെലവും ഒഴിവാക്കി മൃഗ പരിപാലനം ലാഭകരമാക്കാൻ കഴിയും.
5. മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി, താറാവ്, മുയൽ, ആട്, പന്നി, കന്നുകാലി എന്നിവയെ വളർത്തുന്നതിന് ആവശ്യമായ വായ്പാ സൗകര്യം ലഭ്യമാക്കിയാൽ ധാരാളം പേർ ഈ രംഗത്ത് കടന്നുവരും.
6. കുറഞ്ഞസ്ഥലം മാത്രം ആവശ്യമുള്ള ആട് ഫാമുകൾ സ്ഥാപിക്കാൻ കഴിയും.
7. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതിയനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ I.H.D.P കോളനിവാസികളെ ഉൾപ്പെടുത്തുന്നതോടൊപ്പം പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗങ്ങളിലുള്ളവരേയും ഉൾപ്പെടുത്തിയാൽ മൃഗപരിപാലനം കൂടുതൽ ഗുണകരമായി വ്യാപിപ്പിക്കാൻ കഴിയും.
8. വായ്പാ നടപടിക്രമങ്ങൾ ലളിതമാക്കുക.
9. മൾട്ടിഫാമുകൾ സംഘടിപ്പിക്കുകയും ഉപേക്ഷിക്കപ്പെടുന്ന ഭക്ഷണാവശിഷ്ടങ്ങൾ തീറ്റക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
10. വളർത്തുന്നതിനാവശ്യമായ നല്ലയിനം പക്ഷിമൃഗാദികളെ ലഭ്യമാക്കുകയും നായ്ക്കളുടെ വർദ്ധനവ് തടയുകയും ചെയ്യുക.
11. ആവശ്യമായ ക്രമീകരണത്തോടെ അറവുശാലകൾ സ്ഥാപിക്കുക.
12. മുട്ടസംഭരണവും വിപണനവു  സംഘടിപ്പിക്കും.
13. തോല്, എല്ല്, കൊമ്പ് ഇവ ഉപ  യാഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം.
14. ജൈവവളവും ഇന്ധനവും വ്യംപകമായി ഉപയോഗിക്കാം.



# മത്സ്യമേഖല

മത്സ്യബന്ധനം പഞ്ചായത്തിലെ മുഖ്യമായ തൊഴിൽ മേഖലയാണ്. വ്യത്യസ്ത രീതികളിലുള്ള മത്സ്യബന്ധനവും അനുബന്ധ മേഖലകളുടെ ശൃംഖലയും ഇവിടുത്തെ ജനജീവിതത്തിന്റെ ചാലക ശക്തിയായി വർത്തിക്കുന്നു.

ആഴക്കടൽ മത്സ്യബന്ധനം- പരമ്പരാഗതവും യന്ത്രവൽകൃതവും, പൊഴിൽ കേന്ദ്രീകരിച്ചുള്ള കായലുകൾ കേന്ദ്രീകരിച്ചുള്ള മത്സ്യബന്ധനം എന്നിവയാണ് ഇന്നത്തെ പ്രവർത്തിമേഖലകൾ. യന്ത്രവൽകൃത ബോട്ടുകൾ, യന്ത്രവൽകൃത വള്ളങ്ങൾ, പരമ്പരാഗത വള്ളങ്ങൾ, വീശുവല, ചൂണ്ട, ഊന്നിവല, ചീനവല എന്നിവയാണ് ഉപയോഗിച്ചുള്ള നിലവിലുള്ള മത്സ്യബന്ധന രീതികൾ. കെട്ടുകളിലേയും പൊക്കാളിപാടങ്ങളിലേയും ചെമ്മീൻ-മത്സ്യ കൃഷികൾ സവിശേഷ മേഖലയായി നിലനിൽക്കുന്നു.

## ആഴക്കടൽ മത്സ്യബന്ധനം

പഴയ കാലത്ത് തൊഴിലാളികളുടെ മേൽ തൊഴിലുടമകളുടെ പരോക്ഷമായ അടിമത്തം ഈ മേഖലയിൽ നിലനിന്നിരുന്നു. ഇടവം 15 നാണ് അന്ന് മത്സ്യതൊഴിലാളികളുടെ ഉടമാവകാശം ഉറപ്പിച്ചിരുന്നത്. മുൻകൂറായി വാങ്ങുന്ന പണമാണ് ഒരാൾ ആരുടെ വഞ്ചിയിൽ പോകണം എന്ന് നിശ്ചയിച്ചിരുന്നത്. അക്കാലത്ത് 'നാലാളും' വഞ്ചി എന്നറിയപ്പെടുന്ന വഞ്ചികളിലാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. വളരെ ചെറിയ വലകളാണ് അക്കാലത്ത് ഉപയോഗിച്ചിരുന്നത്. പിന്നീട് ക്രമമായി വലയുടെ വീതിയും നീളവും ഗുണനിലവാരവും വർദ്ധിച്ചു. അന്ന് ലഭിച്ചിരുന്ന ഉൽപന്നങ്ങളിൽ മത്സ്യം അഭ്യന്തരമായി തന്നെ ഉപയോഗിച്ചിരുന്നു. ചെമ്മീൻ ഉൽപന്നങ്ങൾ പുഴുങ്ങി പരിപ്പാക്കി ബർമ്മയിലേക്കാണ് കയറ്റുമതി ചെയ്തിരുന്നത്. മത്സ്യവിപണനം തലച്ചുമടായും കൊച്ചു വഞ്ചികളിൽ കായലുകളിലൂടെ സഞ്ചരിച്ചുമാണ് നടന്നിരുന്നത്.

## യന്ത്രവൽക്കരണം

ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ സംസ്ഥാനത്ത് യന്ത്രവൽക്കരണം നടപ്പാക്കി തുടങ്ങിയതോടൊപ്പം നമ്മുടെ പഞ്ചായത്തിലും അതിന് തുടക്കം കുറിച്ചു. 1958-ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രഫ. ജോസഫ് മുണ്ടശേരി 5 യന്ത്രവൽകൃത ഫിഷിംഗ് ബോട്ടുകൾ പ്രവൃത്തി തുടങ്ങുന്നതിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. ഇന്നത്തെ ബോട്ടുകളുടെ വലുപ്പവും ശേഷിയും കണക്കിലെടുത്താൽ അന്നത്തെ ബോട്ടുകൾ വളരെ ചെറിയവയായിരുന്നു. വിദേശവിപണികളിൽ നമ്മുടെ സമുദ്രോൽപ്പന്നങ്ങൾക്ക് സാദ്ധ്യതകൾ ഉണ്ടായതോടെ കൂടുതൽ വലുപ്പവും ശേഷിയും ആധുനിക സൗകര്യങ്ങളുമുള്ള ബോട്ടുകൾ മുനമ്പം കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാൻ തുടങ്ങി. ദിവസവും എന്നത് മാറി ആഴ്ചക്കാലം മത്സ്യബന്ധനം നടത്തി തിരിച്ചുവരുന്നതിനാവശ്യമായ ക്രമീകരണങ്ങളുള്ള ബോട്ടുകളാണ് ഇന്നുള്ളത്. കേരളത്തിലെ പ്രശസ്തമായ ഹാർബറുകളിലൊന്നായി മാറിയിരിക്കയാണ് മുനമ്പം. വൻ മുതൽ മുടക്ക് ആവശ്യമായ ഒരു മേഖലയെന്ന നിലയിലേക്കാണ് ആഴക്കടൽ മത്സ്യബന്ധനം വളർന്നുകൊണ്ടിരിക്കുന്നത്. 20 നും 30 നും ഇടയ്ക്കുള്ള ലക്ഷങ്ങൾ ചില വഴിച്ചാണ് ഇന്നുള്ള പല ബോട്ടുകളും നിർമ്മിച്ചിട്ടുള്ളത്.

ആഴക്കടൽ മത്സ്യബന്ധനം വിപുലമായതോടെ അനുബന്ധ മേഖലകൾ വളരെ പെട്ടെന്ന് ഇവിടെ വികസിക്കുകയുണ്ടായി. മത്സ്യവിപണനവും സംസ്കരണവും, സ്പെയർ പാർട്ട്സ് വ്യവസായം, വർക്ക്ഷോപ്പുകൾ, ഐസ് പ്ലാന്റുകൾ, ബോട്ട് നിർമാണ യാർഡുകൾ, വലക്കച്ചവടം എന്നീ മേഖലകൾ ഏറെപ്പേർക്ക് തൊഴിലും സാമ്പത്തികാഭിവൃദ്ധിയും നേടിക്കൊടുത്തു.

## മുനമ്പം ഫിഷിംഗ് ഹാർബർ

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലുള്ള മുനമ്പത്തേയും, തൃശൂർ ജില്ലയിൽപ്പെട്ട എറിയാട് ഗ്രാമപഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലുള്ള അഴീക്കോടിനെയും വേർതിരിച്ചുകൊണ്ട് പെരിയാറിന്റെ വടക്കേകൈവഴി അറബിക്കടലിൽ ചേരുന്ന സ്ഥലമാണ് മുനമ്പം അഴിമുഖം.

മുനമ്പം മേഖലയിൽ മത്സ്യവ്യവസായം തഴച്ചു വളർന്നെങ്കിലും അഴിമുഖത്തുള്ള മണൽത്തിട്ട ഒരു ഭീഷണിയായി നിലനിന്നു. മണൽത്തിട്ടയിൽത്തട്ടി നിരവധി ബോട്ടുകളും വഞ്ചികളും തകർന്നു. 120 ഓളം മത്സ്യതൊഴിലാളികൾ കടലിൽ മുങ്ങിമരിച്ചിട്ടുണ്ട്. മുനമ്പം അഴിയിലെ മണൽത്തിട്ട നീക്കം ചെയ്ത് സഞ്ചാരയോഗ്യമാക്കുവാനായി സ്മരണീയമായ പല സമരങ്ങളും നടന്നിട്ടുണ്ട്.

ഈ മണൽത്തിട്ടയുടേയും അഴിയുടേയും ചരിത്രത്തിൽ അവിസ്മരണീയമായ പേരാണ് ശ്രീ. പി.ആർ.പത്മനാഭന്റേത്. മീശാൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. 1975 ആഗസ്റ്റ് 30-ാം തീയതി മണൽത്തിട്ടയിൽത്തട്ടി ബോട്ട് തകർന്ന് മരണവുമായി മുഖാമുഖം കണ്ട തമിഴ്നാട്ടുകാരായ മത്സ്യതൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള അപകടകരമായ ശ്രമത്തിലാണ് അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെട്ടത്. വീരോചിതമായ ഈ പ്രവർത്തനത്തിന്റെ അംഗീകാരമായി ഇന്ത്യയുടെ രാഷ്ട്രപതി മരണാനന്തര ബഹുമതിയായ 'സർവോത്തം ജീവൻരക്ഷാപഥക്' നൽകി ആദരിക്കുകയുണ്ടായി.

മുനമ്പം ഫിഷിംഗ് മേഖലയുടെ വളർച്ചയുടെ സവിശേഷഘട്ടത്തിലാണ് 'ഫിഷിംഗ് ഹാർബർ' നിർമിക്കാൻ തീരുമാനമുണ്ടായത്. 1975-ൽ മൈനർപോർട്ടായി പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിലും വ്യവസായസൗകര്യങ്ങൾ കുറവായിരുന്നു. 1989മാർച്ച് മാസത്തിൽ ഫിഷിംഗ് ഹാർബർ പ്രൊജക്ടിന്റെ ഉദ്ഘാടനം ബഹു: സംസ്ഥാന മുഖ്യമന്ത്രി ഇ.കെ.നായനാർ നിർവഹിച്ചു. അതേവർഷം തന്നെ സ്ഥലമെടുപ്പ് പ്രവർത്തനവും തുടങ്ങി.

1992 ജൂൺ മാസത്തിൽ ഹാർബറിന്റെ നിർമാണം ആരംഭിച്ചു. 408 മീറ്റർ നീളത്തിലുള്ള വാർപ്പും 3000 ച.മീറ്റർ വിസ്തീർണ്ണവുമുള്ള രണ്ട് ലേലഹാളും അനുബന്ധസൗകര്യങ്ങളുമുള്ള ഫിഷിംഗ് ഹാർബറിന്റെ നിർമാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഒഴുക്കിന്റെ ശക്തിക്രമീകരിച്ച് അഴിമുഖത്തെ മണൽത്തിട്ട ഇല്ലാതാക്കാനായി മുനമ്പത്തും അഴീക്കോടും യഥാക്രമം 360 മീ., 620 മീ. എന്നിങ്ങനെ ഒലിമുട്ടകൾ

(Break Waters) നിർമിച്ചു കഴിഞ്ഞു.

ഈ പദ്ധതിയുടെ 1989–ലെ മതിപ്പു ചിലവ് 710 ലക്ഷം ക. യായിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 1167.20 ലക്ഷം ക.യാണ്. 1997 മാർച്ച് മാസത്തിൽ നിർമാണം പൂർത്തിയാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിൽ ഈ ഹാർബറിന്റെ സംഭാവനകൾ വർധിച്ച തോതിൽ വരും കാലങ്ങളിൽ ലഭ്യമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. വളരെ പ്രതീക്ഷയോടെയാണ് ഹാർബർ നിർമാണ പ്രവർത്തനങ്ങളെ ജനങ്ങൾ കാണുന്നത്. ഹാർബറിന്റെ പ്രധാന പ്രവേശന കവാടത്തിന് 'മീശാൻഗേറ്റ്' എന്ന് നാമകരണം ചെയ്ത് അദ്ദേഹത്തിന്റെ വീരസ്മരണ നിത്യമാക്കണമെന്ന് മുനമ്പം പ്രദേശത്തുള്ളവർ ആവശ്യപ്പെടുന്നുണ്ട്.

## പരമ്പരാഗത മത്സ്യബന്ധനം

ഏറെ കഷ്ടതകൾ അനുഭവിച്ചിരുന്ന ഈ മേഖലയിലെ തൊഴിലാളികളിൽ ഒരു വിഭാഗം യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധനത്തിന്റെ വളർച്ചയോടുകൂടി ആ രംഗത്തെ അനുബന്ധ മേഖലകളിലടക്കം ജീവിതത്തിന്റെ സമൃദ്ധി കണ്ടെത്തി. എന്നാൽ പഞ്ചായത്തിലെ വലിയൊരു വിഭാഗം പരമ്പരാഗത വള്ളങ്ങളിലും വഞ്ചികളിലും തന്നെ ഉപജീവനം തേടുകയായിരുന്നു. 1980 കളുടെ ആദ്യ വർഷങ്ങളിലാണ് മത്സ്യതൊഴിലാളികളുടെ അത്യദ്ധ്വാനത്തിന് കുറവ് വരുത്താൻ സഹായിച്ച OUT BOARD എൻജിനുകൾ വള്ളങ്ങളിൽ ഘടിപ്പിച്ചുള്ള മത്സ്യബന്ധനം ആരംഭിച്ചത്. രണ്ടും നാലും പേർ വീതം ആയാസകരമായി വഞ്ചികളിൽപോയി കടൽ തിരകളോടു മല്ലടിച്ച് പങ്കായം തുഴഞ്ഞ് മത്സ്യബന്ധനം നടത്തിയിരുന്ന സ്ഥാനത്ത് ഇരുപത്തിയഞ്ചും അധിലതികവും പേർ ഒരു യന്ത്രവൽകൃത വള്ളത്തിൽതന്നെ മത്സ്യബന്ധനത്തിലേർപ്പെടുന്ന അവസ്ഥയിലേക്ക് ഈ മേഖല വളർന്നു. ആദ്യകാലത്ത് ഇത്തരം മത്സ്യബന്ധനം ലാഭകരമായിരുന്നെങ്കിലും പിന്നീട് പെഴ്സീൻ ബോട്ടുകളുടെയും, ട്രോൾനെറ്റ് ബോട്ടുകളുടെയും പ്രവർത്തനം മത്സ്യലഭ്യത കുറയ്ക്കാനിടയാക്കി. മൺസൂൺകാല ട്രോളിംഗ് നിരോധിച്ചതോടെ പരമ്പരാഗത വള്ളങ്ങളുടെ മത്സ്യലഭ്യത വർധിക്കുന്നുണ്ട്.

## കായൽ മത്സ്യബന്ധനം

ചീനവല, വഞ്ചികളിൽ നീട്ടുവല, ലൂപ്പുവല, വട്ടവല തുടങ്ങിയ വലകളും പാച്ചുവഞ്ചി, ചൂണ്ട എന്നിവയും ഉപയോഗിച്ചാണ് കഴിഞ്ഞ കാലങ്ങളിൽ പ്രധാനമായും കായൽ മത്സ്യബന്ധനം നടത്തിയിരുന്നത്. ഇന്ന് നൈലോൾ വലകളും (പ്ലാസ്റ്റിക്) 'വൈശാലി' വലകളുമാണ് ഈ രംഗത്ത് വ്യാപകമായി ഉപയോഗിക്കുന്നത്. വടക്കുഭാഗത്തുള്ള അഴിയിലും കിഴക്ക് ഭാഗത്തുള്ള കായലിലുമാണ് പ്രധാനമായും ഇങ്ങനെ മത്സ്യബന്ധനം നടത്തുന്നത്. ഈ രംഗത്ത് ലഭിക്കുന്ന മത്സ്യം പ്രാദേശികമായാണ് വിപണനം ചെയ്യപ്പെടുന്നത്.

## പൊഴിൽ മത്സ്യബന്ധനം

പഞ്ചായത്തിലെ പ്രധാന കരയ്ക്കും കടപ്പുറത്തിനും ഇടയിലുള്ള പൊഴിൽ ധാരാളം പേരുടെ ജീവനോപാധിയാണ്. ചീനവലകൾ, വീശുവലകൾ എന്നിവയാണ് പൊഴിലിൽ പ്രധാനമായും മത്സ്യബന്ധനത്തിനുപയോഗിക്കുന്നത്. പൊഴിലിൽനിന്നും കടലിൽ നിന്നും വിവിധതര കക്കവാരി വിറ്റ് ഉപജീവനം നടത്തുന്നവരും കുറവല്ല.

സ്വകാര്യ വ്യക്തികൾ പലഭാഗങ്ങളിലും ചെമ്മീൻ കെട്ടുകൾ നിർമ്മിച്ച് ഒഴുക്ക് തടസപ്പെടുത്തിയതും പൊഴിലേക്കുള്ള പ്രവേശനം കവാടത്തിലും കൈവഴികളായ തോടുകളിലും അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മണ്ണും ഇവിടത്തെ മത്സ്യലഭ്യത കുറയ്ക്കുന്നുണ്ടെങ്കിലും ചെമ്മീനും മീനും ഇവിടെ ധാരാളമായി ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ 9–ാം വാർഡിൽ 200 മീറ്ററോളം തോട് കക്കൂസുകൾ നീക്കം ചെയ്തു. മണ്ണും ചെളിയും മറ്റു മാലിന്യങ്ങളും ഇരുകരകളിലും വെട്ടിക്കയറ്റിയും തോട് ശുചിയാക്കി ജലത്തിന്റെ സ്വഭാവവും ഒഴുക്കും ശാസ്ത്രീയമായി നിയന്ത്രിച്ച് ക്രമീകരിച്ചും മത്സ്യകൃഷി ആദായകരമായി നടത്തുകയും ഇരുതിട്ടകളിലും മുള്ളുകളില്ലാത്ത പൈനാപ്പിൾ ചെടികൾ വച്ചുപിടിപ്പിച്ചും നല്ലനിലയിൽ വിളവ് ഉണ്ടാക്കുകയും ചെയ്തു. ഈ മാതൃകയിൽ പഞ്ചായത്ത് പ്രദേശത്തെ ജലഗതാഗതമില്ലാത്ത മുഴുവൻ തോടുകളെയും ഉൾപ്പെടുത്തി ഒരു പദ്ധതി സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി വിജയിപ്പിക്കാൻ കഴിഞ്ഞാൽ പരിസര ശുചീകരണ രംഗത്തും അതുവഴി ആരോഗ്യ മേഖലയിലും ഗുണകരമായ മാറ്റം ഉണ്ടാക്കാൻ കഴിയുന്നതോടൊപ്പം സ്ഥിരമായ ഒരു വരുമാനമാർഗംകൂടി തുറന്നുകിട്ടുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

മത്സ്യവ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്ക് ആധുനിക ശാസ്ത്ര സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കുകയും ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടതും ഫിഷിംഗ് ബോട്ട് തൊഴിലാളികൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുക്കൾ പരിശീലനംവഴി നല്കുകയും ചെയ്യുന്ന ഒരു ഫിഷിംഗ് ഇൻഫർമേഷൻ സെന്റർ പള്ളിപ്പുറത്ത് ബോട്ട് ഉടമകളുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത് മാത്രമാണ് ഈ രംഗത്തുള്ള പഞ്ചായത്ത് പ്രദേശത്തെ ഏക പരിശീലനകേന്ദ്രം. കേരളത്തിലെ എണ്ണപ്പെട്ട മത്സ്യബന്ധന മേഖലയിൽ മുൻനിരയിൽ നിൽക്കുന്ന മുനമ്പത്ത് ആധുനികമായ ഒരു സാങ്കേതിക പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ അടിയന്തിര പരിഗണന നൽകേണ്ടതാണ്.

## പ്രശ്നങ്ങളും പ്രതിസന്ധികളും

### ആഴക്കടൽ:

1. കുറഞ്ഞുവരുന്ന മത്സ്യലഭ്യത
2. മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുവരുന്ന വർദ്ധിച്ച ചിലവ്.
3. വിദേശ ട്രോളറുകളുടെ പ്രവർത്തനവും അനുബന്ധ പ്രതിസന്ധികളും.
4. സബ്സിഡികൾ ലഭിക്കായ്ക.
5. മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷാ ഏർപ്പാടുകൾ കർശനമാക്കുക.
6. ഉൽപാദിപ്പിക്കുന്ന ചെമ്മീനിന്റെ സംസ്കരണം മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി, പഞ്ചായത്തിന് പുറത്തു നടക്കുന്നതിനാൽ പീലിംഗ് മേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടമായി.

### പരമ്പരാഗത വള്ളങ്ങൾ

1. അശാസ്ത്രീയമായ യന്ത്രവത്കൃത മത്സ്യബന്ധനം.
2. ചെറിയ കണ്ണികളുള്ള വലകളുടെ ഉപയോഗം.
3. വർദ്ധിച്ചുവരുന്ന ഇന്ധനച്ചെലവ്
4. വള്ളവും, വലയും വാങ്ങുന്നതിന് മതിയായ വായ്പ ലഭിക്കായ്ക.

### മറ്റുമേഖലകൾ

1. പൊഴിലിൽ വന്നു ചേർന്നിട്ടുള്ള നീരൊഴുക്ക് തടസങ്ങൾ
2. പൊഴിലിൽ സ്വകാര്യ വ്യക്തികൾ സ്ഥാപിച്ചിട്ടുള്ള ബണ്ടുകൾ.
3. കായലിൽ നിയന്ത്രണമില്ലാതെ ചീനവല, ഊന്നിവല എന്നിവയുടെ സ്ഥാപിക്കൽ.
4. തോടുകളും കെട്ടുകളും ശാസ്ത്രീയമായി ഉപയോഗിക്കു

ന്നില്ല.


5. ചെമ്മീൻ കെട്ടുകളിലെ "നഞ്ചുകലക്കൽ" അപകടകരമായ വിധത്തിൽ വർദ്ധിക്കുന്നു.
6. മത്സ്യതൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ അടുക്കും ചിട്ടയുമില്ലാത്ത സമീപനം.

## സാധ്യതകൾ

1. സമുദ്രോല്പന്ന കയറ്റുമതിയിൽ MPEDA ചുമത്തുന്ന 1% സെസിൽ നിന്നും ഒരു ഭാഗം ഉപയോഗപ്പെടുത്തി ബോട്ടുകളുടെ ഡീസൽ ചെലവിന് സബ്സിഡി നൽകാൻ കഴിയും.
2. ഫ്രീസർ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഏറ്റവും സുലഭമായി ലഭിക്കുന്ന മത്സ്യം ഏറ്റവും വില ലഭിക്കുന്ന സമയത്ത് വിറ്റഴിക്കാൻ കഴിയും.
3. അശാസ്ത്രീയവും ക്രമരഹിതവുമായ മത്സ്യബന്ധനം നിർത്തലാക്കിയാൽ മത്സ്യലഭ്യത വർദ്ധിപ്പിക്കാം.
4. മത്സ്യാവശിഷ്ടങ്ങൾ കൊണ്ടുള്ള വ്യവസായ സാദ്ധ്യത.
5. വലയും അനുബന്ധ ഉപകരണങ്ങളും നിർമിക്കുന്ന ഫാക്ടറി സ്ഥാപിക്കൽ.
6. മത്സ്യബന്ധനോപകരണങ്ങൾക്ക് വായ്പകൾ ലഭ്യമാക്കിയാൽ കൂടുതൽ തൊഴിലവസരവും കൂടുതൽ മത്സ്യവും ലഭിക്കും.
7. പൊഴിലിൽ നീരൊഴുക്കിന് തടസമായിട്ടുള്ള കല്ലും, മണ്ണും, ചെളിയും സ്വകാര്യ കെട്ടുകളും നീക്കം ചെയ്താൽ അവിടത്തെ മത്സ്യോല്പാദനം പതിന്മടങ്ങ് വർദ്ധിക്കും.
8. തോടുകളും ജലസംഭരണികളും ശരിയായി പരിപാലിച്ചാൽ മത്സ്യകൃഷിക്കും ഞണ്ടുവളർത്തലിനും സസ്യവിളകൾക്കും സാദ്ധ്യതയുണ്ട്.
9. തരിശ് നിലത്ത് മത്സ്യകൃഷിക്കുശേഷം പൊക്കാളി കൃഷിയും ചെയ്താൽ കാർഷികോല്പാദന സാദ്ധ്യതയും തൊഴിൽ സാദ്ധ്യതയും വർദ്ധിക്കും.
10. പാരമ്പര്യമായി മുരിങ്ങ ഇറച്ചിയും, കല്ലുമ്മക്കായും ശേഖരിക്കുന്നവരെ യോജിപ്പിച്ച് ആ രംഗം കൂടുതൽ ശാസ്ത്രീയമാക്കി ലഭ്യത വർധിപ്പിക്കാം.
11. മത്സ്യോൽപ്പന്നങ്ങളുമായി ബന്ധിപ്പിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
12. ഫിഷിംഗ് ബോട്ട് നിർമാണം, ഡീസൽ എഞ്ചിൻ മെക്കാനിസം ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രയോഗം ഇവയിൽ ശാസ്ത്രീയ പരിശീലനം നൽകി മത്സ്യബന്ധനം ആദായകരമാക്കുകയും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക.
13. ഇടനിലക്കാരെ ഒഴിവാക്കി സഹകരണാടിസ്ഥാനത്തിൽ സംഭരണവും വിപണനവും ഉറപ്പാക്കുക.
14. ഉപയോഗ ശൂന്യമായി കിടക്കുന്ന ജലാശയങ്ങളിലും കൃത്രിമ ജലാശയങ്ങളിലും ആദായകരമായ അലങ്കാര മത്സ്യകൃഷിക്ക് സാദ്ധ്യത.
15. ചെമ്മീൻ കുഞ്ഞുങ്ങളുടേയും മറ്റു മത്സ്യക്കുഞ്ഞുങ്ങളുടേയും സംഭരണവും ശാസ്ത്രീയമായ പ്രജനനവും വിതരണവും വൻ തോതിൽ സംഘടിപ്പിക്കേണ്ടതാണ്.
16. മത്സ്യ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ പ്രായോഗികമായ ശാസ്ത്രീയ സമീപനം അനുവർത്തിക്കുക.

### മത്സ്യലഭ്യത

| | |
|---|---|
| കണവ | 25% |
| ചെമ്മീൻ | 20% |
| മത്സ്യം | 30% |
| മറ്റിനം | 25% |



# ദ്വിതീയമേഖല

1. വ്യവസായം
2. ഊർജ്ജം
3. ഗതാഗതം
4. പാർപ്പിടം

**അവലംബം:**

പഞ്ചായത്ത് രജിസ്റ്ററുകൾ
വൈദ്യുതി ബോർഡ് രേഖകൾ
സെൻസസ് 91
ഗ്രാമസഭാറിപ്പോർട്ടുകൾ
പഠനപര്യടനം
നാട്ടറിവുകൾ

# വ്യവസായം

വൻകിട മുതൽ മുടക്കോടെയുള്ള ആഴക്കടൽ മത്സ്യബന്ധനം അതുമായി ബന്ധപ്പെട്ട ഐസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള അനുബന്ധ വ്യവസായങ്ങളും പരമ്പരാഗതരീതിയിലുള്ള കയർ, കൈത്തറി വ്യവസായങ്ങളും ചില മേഖലകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ചെറുകിട ആധുനിക വ്യവസായങ്ങളുമാണ് പഞ്ചായത്തിന്റെ പൊതുവായുള്ള വ്യാവസായികാന്തരീക്ഷം.

### വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| വർക്ക് ഷോപ്പ് | : | 38 |
| ഐസ് പ്ലാന്റ് | : | 30 |
| ഫ്ളവർമിൽ | : | 18 |
| ഫർണീച്ചർ | : | 11 |
| ഇലക്ട്രോണിക്സ് | : | 1 |

### വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| *വിഭാഗം* | *എണ്ണം* |
|---|---|
| മത്സ്യബന്ധനം (അനുബന്ധവ്യവസായ മേഖല) | 2000 |
| കൈത്തറി | 318 |
| കയർ | 310 |
| ചെറുകിട ആധുനിക വ്യവസായങ്ങൾ | 300 |
| കരകൗശലം | 20 |
| മറ്റു വ്യവസായങ്ങൾ | 300 |
| ആകെ | 3248 |

## മത്സ്യവ്യവസായ മേഖല

ഏതാണ്ട് 10000 പേർ പ്രത്യക്ഷമായും അത്രയും തന്നെ പരോക്ഷമായും തൊഴിൽ ചെയ്യുന്ന പഞ്ചായത്തിലെ ഏറ്റവും സുപ്രധാനമായ തൊഴിൽ മേഖലയാണ് മത്സ്യമേഖല. മത്സ്യബന്ധനം വിപണനം-സംസ്ക്കരണം- ഉപഭോഗം എന്നിങ്ങനെ നേരിട്ടും അല്ലാതെയും പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നത് ഈ മേഖലയാണ്. ഇനിയും വേണ്ടവിധത്തിൽ, സാധ്യതകൾ മുഴുവൻ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. മത്സ്യാധിഷ്ടിതമായ അടിസ്ഥാന വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ആഴക്കടൽ മത്സ്യബന്ധനത്തിലൂടെയും കായൽ മത്സ്യബന്ധനത്തിലൂടെയും മത്സ്യകൃഷിയിലൂടെയും ലഭിക്കുന്ന ഉൽപ്പന്നങ്ങൾ വ്യാവസായികവും തൊഴിൽപരവുമായി കാഴ്ചപ്പാടോടെ ഇനിയും കൈകാര്യം ചെയ്തിട്ടില്ല. മത്സ്യബന്ധനവും വിപണനവും മാത്രമാണ് ഈ മേഖലയിൽ നടക്കുന്നത്. വിവിധ ഘട്ടങ്ങളിൽ ആധുനിക ശാസ്ത്ര സാങ്കേതിക ജ്ഞാനമുപയോഗിച്ച് കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കാവുന്ന തരത്തിൽ പ്രാദേശികമായി മറ്റുൽപ്പന്നങ്ങളാക്കി മാറ്റുന്ന വ്യവസായങ്ങളാണ് ഇനി ഇവിടെ ഉണ്ടാകേണ്ടത്.

### മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വ്യവസായ മേഖല

ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള ബോട്ട് നിർമാണം കാര്യക്ഷമമായി നടന്നുവന്നിരുന്നെങ്കിലും സമീപകാലത്ത് പൂർണമായും ഇല്ലാതായിരിക്കുന്നു. വിദേശ ട്രോളറുകളുടെ ഇടപെടൽ മൂലം ആഴക്കടൽ മത്സ്യബന്ധന മേഖലതന്നെ സമ്പൂർണ്ണ നാശത്തിലേക്ക് പതിക്കുമോ എന്ന ആശങ്ക നിലനിൽക്കുകയാണ്. ഈ വ്യവസായ മേഖലയിൽ പരിചയസമ്പന്നരായ പലരും ബോട്ടുകൾ കൈ ഒഴിയുന്നതായി കാണുന്നു. ബോട്ട് നിർമാണത്തിലെ ഉപേക്ഷയും, നിലവിലുള്ള ബോട്ടുകളും കൈ ഒഴിയലും ഈ മേഖലയിലെ മരവിപ്പിന്റെ നിദർശനമായി കാണാവുന്നതാണ്. 600 ഓളം ബോട്ടുകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മത്സ്യക്കയറ്റിറക്ക്, സംസ്കരണം, വിപണനം, ഐസ് പ്ലാന്റുകൾ, വർക്ക് ഷോപ്പുകൾ, ബോട്ട് യാഡുകൾ, ഡീസൽ പമ്പുകൾ, സ്പെയർ പാർട്ട്സ് വിപണനം എന്നിവയാണ് പ്രധാന അനുബന്ധമേഖലകൾ. ഈ വ്യവസായങ്ങളെല്ലാം തന്നെ സ്വകാര്യമേഖലയിലാണ്.

പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന വള്ളങ്ങൾ, ചീനവല, ഊന്നിവല, കോരുവല, വീശുവല തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം രീതികൾ അവലംബിച്ചുകൊണ്ട് മത്സ്യബന്ധനം നടത്തുന്നവരും അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം വിപണനത്തിന്റെ കാര്യത്തിലുള്ള പ്രതിസന്ധിയാണ്.

## കയർ വ്യവസായം

പരമ്പരാഗത വ്യവസായങ്ങളിൽ ഏറെ പഴക്കമുള്ള വ്യവസായമാണ് കയർ വ്യവസായം ഈ നൂറ്റാണ്ടിന്റെ പകുതിവരെ ഈ രംഗം വ്യക്തികളാണ് കൈയ്യടക്കിവച്ചിരുന്നത്. ഇത് വലിയ തോതിൽ തൊഴിലാളികളെ ചൂഷണം ചെയ്യാൻ ഇടയാക്കിയിരുന്നു. ഇതിനൊരു മാറ്റം വന്നത് ഈ രംഗത്ത് സഹകരണസംഘങ്ങൾ പ്രവർത്തിക്കാൻ തുടങ്ങിയതോടുകൂടിയാണ്. നിരവധി അവകാശസമരങ്ങളുടെ വേദിയായിരുന്ന കയർ മേഖലയിൽ ഇന്ന് മുഖ്യമായി രണ്ടു സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. രണ്ട് സംഘങ്ങളിലുമായി 310 പേർ ജോലി ചെയ്തു വരുന്നു. ഇതുകൂടാതെ വ്യക്തികൾ കയർപിരി നടത്തുന്നുമുണ്ട്. സഹകരണസംഘങ്ങൾ പ്രവർത്തനമാരംഭിച്ചെങ്കിലും ഇന്നും മിനിമംകൂലി നടപ്പിലാക്കാൻ കഴിയാത്ത മേഖലയാണിത്. മറ്റു മേഖലയിൽ കിട്ടുന്നതിന്റെ പകുതികൂലിപോലും കിട്ടുന്നില്ല എന്നതുകൊണ്ട് തന്നെ പുതുതായി ഈ രംഗത്ത് ഒരാളും കടന്നുവരുന്നില്ല. ഇതിനൊരു പരിഹാരം എന്നനിലയിൽ ചില പരിഷ്കാരങ്ങൾ പരിഹാരം എന്ന നിലയിൽ ചില പരിഷ്കാരങ്ങൾ ഈ രംഗത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. ഓരോ സംഘത്തിലും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ ഭാഗമായി 100 യന്ത്രറാട്ടുകൾ വീതം അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഭാരവാഹികൾ തുടങ്ങിക്കഴിഞ്ഞു. എന്നാൽ ഇതനുസരിച്ച് ഉൽപാദനം വർധിക്കുമ്പോൾ കയർ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാവാതിരിക്കണമെങ്കിൽ കയർ ഉൽപ്പന്നങ്ങൾകൂടി ഇവിടെ തന്നെ നിർമിക്കുകയും പുതിയ വിപണനതന്ത്രങ്ങൾ ആവിഷ്കരിക്കുകയും വേണം.

## കൈത്തറി

അൻപതുകളുടെ തുടക്കം വരെ പഞ്ചായത്തിൽ നിലനിന്ന കൈത്തറി വ്യവസായമേഖലയിൽ സ്വന്തം ഉൽപ്പന്നങ്ങൾ അവരവർതന്നെ നേരിട്ട് കച്ചവടം നടത്തുന്ന രീതിയായിരുന്നു. എന്നാൽ 1949-ൽ കൈത്തറി സഹകരണസംഘം പ്രവർത്തനം ആരംഭിച്ചതോടുകൂടി ഈ വ്യവസായം മെച്ചപ്പെടുകയും കൂടുതൽ പേർക്ക് തൊഴിൽ നൽകാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇന്ന് ഈ മേഖലയിൽ 2 സഹകരണം സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നൂലിന്റെ വിലയിലുണ്ടായ വർധനവ് ഈ മേഖലയെ പ്രതിസന്ധിയിലാക്കി. മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥയുടെ പോരായ്മമൂലം തൊഴിലാളികൾ ഈ രംഗം വിടുന്ന കാഴ്ചയാണിപ്പോൾ കാണാൻ സാധിക്കുന്നത്. ഇപ്പോഴുള്ള പ്രധാനപ്രശ്നം നെയ്ത്തു തൊഴിലാളികളെ കിട്ടാനില്ല എന്നതാണ്. ബ്ലോക്ക് വഴിയുള്ള പരിശീലനം നിറുത്തിയത് ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി.

# പ്രശ്നങ്ങൾ

## മത്സ്യവ്യവസായ മേഖല

1. മത്സ്യാധിഷ്ടിതമായ വ്യവസായങ്ങൾ ഒന്നും തന്നെയില്ല.
2. വിദേശ ട്രോളറുകളുടെ കടന്നുകയറ്റവുമായി ബന്ധപ്പെട്ട് കുറഞ്ഞുവരുന്ന മത്സ്യലഭ്യതയും ക്രമാതീതമായി വർധിച്ചുവരുന്ന നടത്തിപ്പ് ചെലവും.
3. മതിയായ സബ്സിഡികളും വായ്പകളും ലഭിക്കായ്ക.

## കയർമേഖല

1. മിനിമം കൂലി നടപ്പിലാക്കാൻ കഴിയാത്തത്.
2. കേവലമായ കയർ ഉൽപ്പാദനം മാത്രം, കയറുൽപ്പന്നങ്ങൾ നിർമിക്കുന്നില്ല.
3. പുതിയ വിപണന മേഖലയുടെ അഭാവം.

## കൈത്തറി

1. പുതിയതായി ആരും ഈ രംഗത്ത് കടന്നുവരുന്നില്ല.
2. പരിശീലന പദ്ധതികളുടെ അഭാവം.
3. ജനങ്ങൾക്ക് കൈത്തറി വസ്ത്രങ്ങളോടുള്ള വിമുഖത
4. പുതിയ സാങ്കേതിക വിദ്യകളുടെ അഭാവം.
5. നിയന്ത്രിതവിലയ്ക്ക് നൂൽ ലഭിക്കാത്ത അവസ്ഥ.
6. ഉല്പന്നങ്ങളുടെ ഗുണമേന്മയുടെ അഭാവം.

# സാധ്യതകൾ

## മത്സ്യവ്യവസായം

1. യന്ത്രസംവിധാനമുപയോഗിച്ച് മത്സ്യം ശീതീകരിക്കുകയോ ഉണക്കുകയോ ചെയ്ത് ലാഭകരമായ സ്ഥലങ്ങളിൽ വിപണനം ചെയ്യുന്നതിന് സഹകരണമേഖലയിൽ സംവിധാനം ഉണ്ടാക്കണം.

2. അടിയന്തിരമായി വല നിർമാണ ഫാക്ടറി രണ്ടെണ്ണമെങ്കിലും സ്ഥാപിക്കുക.

3. സ്വകാര്യമേഖലയെ ഒഴിവാക്കി മത്സ്യം കേടകൂടാതെ സൂക്ഷിക്കൽ ഫ്രീസർ സൗകര്യങ്ങളും വിപണനത്തിന് മത്സ്യ സ്റ്റോറുകളും സ്ഥാപിക്കുക.

4. സഹകരണ മേഖലയിൽ ഐസ് പ്ലാന്റുകൾ സ്ഥാപിക്കുക.

5. മത്സ്യാവശിഷ്ടങ്ങൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾക്കായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

6. ഊർജം ആവശ്യത്തിന് ലഭ്യമാക്കാൻ ക്രമീകരണങ്ങൾ ഉണ്ടാക്കുക.

## കയർ

1. യന്ത്രവൽക്കരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം എന്നിവ നടപ്പാക്കുന്ന സഹകരണ യൂണിറ്റുകൾ ഏകോപിപ്പിച്ച് കയർഫെഡിന്റെ സഹകരണത്തോടെ വിദേശ വിപണികൾ അടക്കം കണ്ടെത്താനുള്ള ശ്രമം നടത്തുക.

2. കയറ്റുമതി ലൈസൻസും പഞ്ചായത്ത് അതിർത്തിയിലെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കുക.

## കൈത്തറി

1. ഗുണനിലവാരം ഉയർത്താനുള്ള സാങ്കേതിക വിദ്യ തേടുക - നല്ല ഡിസൈനുകൾ ഉൾപ്പെടെ.

2. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തി കൈത്തറി വസ്ത്രങ്ങൾക്ക് അനുകൂലമായ ബോധവൽക്കരണം നടത്തുകയും പ്രാദേശികമായ വിപണന സാധ്യതകൾ കണ്ടെത്തുകയും ചെയ്യുക.

3. യഥാനുസരണം സബ്സിഡി അനുവദിക്കുക.

4. നിയന്ത്രിത വിലക്ക് നൂൽ ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

## കരകൗശലം

ചിരട്ടയും മറ്റു വിലപിടിപ്പില്ലാത്ത വസ്ത്രങ്ങളും കൊണ്ടുള്ള കരകൗശലനിർമാണത്തിന് ഖാദി ബോർഡിന്റേയും ചെറുകിട വ്യവസായ കോർപറേഷന്റെയും ധനസഹായത്തോടെ നൂറ് പേർക്കെങ്കിലും തൊഴിൽ ലഭിക്കാവുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.

## കൊപ്ര

1. സഹകരണ മേഖലയിൽ കൊപ്ര സംഭരണ യൂണിറ്റുകൾ തുടങ്ങുക.

2. ഈ മേഖലയിൽ തന്നെ കൊപ്ര വെളിച്ചെണ്ണയാക്കാൻ മില്ലുകൾ സ്ഥാപിക്കുക.

3. കൊപ്രക്ക് താങ്ങുവില നിശ്ചയിക്കുക.

## ആധുനിക ചെറുകിട വ്യവസായങ്ങൾ

1. ഫിഷിംഗ് ബോട്ടിനാവശ്യമായ ലെഡ്, ഫ്ളോട്ട് മുതലായവ നിർമിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റ് തുടങ്ങുക.

2. പരമ്പരാഗത തൊഴിൽ വൈദഗ്ധ്യം നേടിയ ഇരുമ്പുപണിക്കാർ ധാരാളമുള്ള 9-ാം വാർഡിൽ ഇവരെ യോജിപ്പിച്ച് കാർഷികോപകരണങ്ങളുടേയും ലോക്ക്, പൂട്ട്, ഫർണിച്ചർ എന്നിവയുടേയും നിർമാണ യൂണിറ്റുകൾ സ്ഥാപിക്കുക.

3. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമിക്കുന്ന വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക.

4. അലൂമിനിയം പാത്രങ്ങളുണ്ടാക്കുന്ന ഒരു യൂണിറ്റ് സഹകരണമേഖലയിൽ ആരംഭിക്കുക.

## കുടിൽ വ്യവസായങ്ങളും വനിതാസംരംഭക വ്യവസായങ്ങളും

1. തൊഴിൽ മേഖലയിൽ വനിതകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കടച്ചിൽ യൂണിറ്റുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക.

2. ഓരോ വാർഡിലും വൈവിധ്യമുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുന്ന വനിതാ സംരംഭക യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

3. പഞ്ചായത്തിനകത്തുതന്നെ വനിതാ സംരംഭക വ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ ഓരോ വാർഡിലേയും വനിതാ സംരംഭകർ ഉൽപ്പന്നങ്ങൾ കൈമാറ്റം ചെയ്ത് വീടുകൾതോറും വിൽക്കുക.

ഉൽപ്പന്നങ്ങൾ: സോപ്പ്, പൽപ്പൊടി, അച്ചാറുകൾ, ചിപ്സ്, മെഴുകുതിരി, സ്നാനചൂർണങ്ങൾ, ഉണക്കച്ചെമ്മീൻ, മത്സ്യം മുതലായവ. വിപണനരംഗത്തുള്ള ഇതിന്റെ ജനകീയത ഉറപ്പുവരുത്തുക.

4. ഹോളോ ബ്രിക്സ്, നിർമാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

5. ചെരുപ്പ് നിർമാണ യൂണിറ്റുകൾ (മറ്റു കമ്പനികൾക്ക് കരാർ അടിസ്ഥാനത്തിൽ ഉള്ളവ അടക്കം) സ്ഥാപിക്കുക.

6. സാമൂഹ്യ ക്ഷേമപദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് കോഴി, താറാവു വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ, തേനീച്ച വളർത്തൽ എന്നിവ വനിതാ സംരംഭകർ വഴി നടപ്പാക്കുക.

7. ക്ഷീരവ്യവസായരംഗത്ത് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

8. ബീഡി തെറുപ്പ് ഒരു തൊഴിൽ മേഖലയാക്കി വളർത്തിയെടുക്കുക.

9. നാടിന്റെ സാംസ്കാരികത്തനിമയെ പൂർണമായി നശിപ്പിക്കുന്ന പഞ്ചനക്ഷത്ര ടൂറിസത്തെ തള്ളിക്കളഞ്ഞ് തദ്ദേശ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറായി ബീച്ചിൽ സൗകര്യങ്ങളേർപ്പെടുത്തുക. മത്സ്യ മേഖലയ്ക്കു കോട്ടം വരാതെ പെഡൽ സൈക്കിളിംഗ് പോലെയുള്ള സംവിധാനങ്ങൾ ചെറായി പൊയിലിൽ ആരംഭിക്കുക.

നമ്മുടെ വ്യാവസായികരംഗം പ്രധാനമായും വികസിക്കേണ്ടത് മത്സ്യമേഖലയെ കേന്ദ്രീകരിച്ചുകൊണ്ടാകണം. എങ്കിലും മറ്റു മേഖലകൾക്കുള്ള പ്രാധാന്യം ഒട്ടും കുറച്ചു കാണാനാവില്ല. ഉൽപ്പന്നങ്ങൾക്കെല്ലാം പ്രാദേശികമായ വിപണന സാധ്യത പരമാവധി ഉപയോഗിക്കാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഉൽപ്പന്നങ്ങളുടെ വിപണനത്തിന്റെ കാര്യത്തിൽ നാം കുറേക്കൂടി ദീർഘവീക്ഷണം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. പ്രാദേശികമായ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിലുള്ള ദേശാഭിമാനപരമായ അവബോധം നാം ബോധപൂർവം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അതു മാത്രമായിരിക്കും നമ്മുടെ നല്ല നാളേകളുടെ പ്രതീക്ഷ.

# ഊർജ്ജം

ആധുനിക ജീവിതത്തിന്റെ ഊർജ്ജാവശ്യങ്ങൾ ലഭ്യമായ ഊർജ്ജസ്രോതസുകൾ കൊണ്ട് പരിഹരിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് സമകാലിക ജീവിതത്തിൽ നിർവഹിക്കാനുള്ളത്. പാരമ്പര്യ ഊർജ്ജ സ്രോതസുകളിൽ പലതും ദുർലഭമാവുകയും ഉള്ളവതന്നെ പുതിയ ആവശ്യങ്ങളോട് പൊരുത്തപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ ആസൂത്രണത്തിന്റെ പ്രസക്തി കൂടുതൽ വ്യക്തമാവുന്നു.

ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഭൂമി സ്വന്തമായി ഇല്ലാതിരുന്ന കാലം മുതൽ അടുത്തകാലംവരെ തെങ്ങ് ഉൽപ്പന്നങ്ങളാണ് പാചകാവശ്യത്തിനുള്ള ഊർജ്ജ ഉറവിടമായിരുന്നത്. പൊതിമടൽ, ചിരട്ട, പൊരിക്ക, പോർക്കൊടി, കോഞ്ഞാട്ട, കൊതുമ്പ്, ഓല, മടൽ പൊറ്റ എന്നിവ ഇന്നും ഉപയോഗിക്കപ്പെടുന്നു. പക്ഷേ, ഈ പേരുകളിൽ പലതും പരിചയമില്ലാത്തവരും അവയുടെ ഉപയോഗം സാമൂഹിക അന്തസിന് കുറവാണെന്നു കരുതുന്നവരുമായ ഒരു തലമുറയാണ് വളർന്നുവരുന്നത്. വർധിച്ച ചെറുകുടുംബങ്ങൾക്ക് അനുപാതികമായി ഈ ഉൽപ്പന്നങ്ങളുടെ ലഭ്യത വർധിച്ചില്ല. പുത്തൻ അടുക്കളകൾക്ക് ഇവയിൽ പലതും പഥ്യമല്ലാതാവുകയും ചെയ്തു. ഇന്ന് സമ്പന്നരായവർ മാത്രമല്ല ഇടത്തരക്കാരും അടങ്ങിയ 400 പേർക്ക് പഞ്ചായത്തിൽ ഗ്യാസ് കണക്ഷൻ അംഗീകൃത ഏജൻസി വഴി ലഭ്യമായിട്ടുണ്ട്. ഇവരിൽ പലരും നിയന്ത്രിതമായ അളവിൽ പാചകവാതകം ഉപയോഗിക്കുകയും കഴിയാവുന്നത്ര പറമ്പിൽ ലഭ്യമാവുന്ന തെങ്ങുൽപ്പന്നങ്ങളും ചുള്ളികളും ഉപയോഗിക്കുകയും ചെയ്യുന്നു. ചാണകത്തിന്റെ ഉപയോഗം നേരത്തെ ഉണ്ടായിരുന്നെങ്കിലും അടുത്ത കാലത്തൊന്നും അത് ഇന്ധനമായി ഉപയോഗിക്കാറില്ല. പെർമിറ്റുവഴിയും അല്ലാതെയുമായി 4,42,432 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നതായി റേഷനിംഗ് രേഖകളിൽ കാണുന്നു. പാചകാവശ്യത്തിനും വെളിച്ചത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നു.

തെങ്ങ് ഉൽപന്നങ്ങൾ ലഭിക്കാത്ത പഞ്ചായത്തിലെ ജനങ്ങൾ പണം കൊടുത്തുവാങ്ങുന്ന വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ആവശ്യത്തിന് പറമ്പിൽനിന്ന് തെങ്ങ് ഉൽപ്പന്നങ്ങളും ചവറും ലഭിക്കാത്തവരും വിറക് പണം കൊടുത്തു വാങ്ങുന്നവരാണ്. വെള്ളം ചൂടാക്കൽ പോലുള്ള കാര്യങ്ങൾക്ക് ഭൂരിപക്ഷം പേരും ചപ്പുചവറുകൾ ഉപയോഗിക്കുന്നു. 40 km അകലെ നിന്നാണ് വിറക് കൊണ്ടുവരാറുള്ളത്. ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽപോലും വിറക് കച്ചവടം നടത്തി ഉപജീവനം കണ്ടെത്തുന്നവർ പഞ്ചായത്തിൽ ഉണ്ട്.

കാലി വളർത്തലിൽ ഏർപ്പെടുന്ന 5 പേർ മാത്രമാണ് 'ഗോബർഗ്യാസ്' പാചകത്തിനായി ഉപയോഗിക്കുന്നത്. 3 പേർ ഉൽപാദനം നടത്തുന്നില്ല. ഇടത്തരം വരുമാനക്കാരാണിവർ.

ദക്ഷതകൂടിയ പരിഷത്ത് അടുപ്പുകൾ 1000 എണ്ണത്തോളം പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ പേർ ഇക്കാര്യത്തിൽ താല്പര്യമുള്ളവരായി കാണുന്നു. ഇതിനെക്കുറിച്ച് പ്രാഥമികമായ അറിവുപോലും ഇല്ലാത്തവരും പഞ്ചായത്തിലുണ്ട്. ആവശ്യമായ പ്രചാരണ പ്രവർത്തനവും നിലവിലുള്ള അടുപ്പുകൾക്ക് നിർമാണാനന്തരസേവനം ലഭ്യമാക്കുകയും ചെയ്താൽ ഇത്തരം അടുപ്പുകൾ വ്യാപകമാക്കാൻ കഴിയും.

## വൈദ്യുതി

മന്നം, മാലിപ്പുറം ഫീഡറുകളാണ് പഞ്ചായത്തിൽ വൈദ്യുതി ആവശ്യങ്ങൾ നിർവഹിക്കുന്നത്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് മന്നം ഫീഡർ ലൈനിൽനിന്നും തെക്കുഭാഗത്ത് മാലിപ്പുറം ഫീഡറിൽ നിന്നും വൈദ്യുതി ലഭിക്കുന്നു. 42 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പട്ടിക്കജാതി പട്ടികവർഗ കോളനികളും വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. 5051 വീടുകൾ വൈദ്യുതീകരിക്കപ്പെട്ടതായി പഞ്ചായത്തിൽ ഉണ്ട്. 102 കണക്ഷനുകൾ കാർഷികാവശ്യത്തിനായി നൽകിയിട്ടുണ്ട്. 30 ഐസ് പ്ലാന്റുകൾ നിലനിൽക്കുന്ന പഞ്ചായ

ത്തിൽ ട്രാൻസ്ഫോമറുകൽ ആവശ്യത്തിന് ഇല്ലായെന്നത് ഒരു വസ്തുതയാണ്.

41.64 കി.മീ. 11 Kv ലൈൻ പഞ്ചായത്തിൽ ഉണ്ട്. ഈ ലൈനിൽ 16 കി.മീ. മന്നം ഫീഡർ ലൈനിൽനിന്നുള്ളതാണ്. സ്ട്രീറ്റ് ലൈറ്റ് കണക്ഷനിൽ 180 ട്യൂബുകളും 670 ബൾബുകളും 5 സോഡിയം വേപ്പർ ലാംമ്പും ഉണ്ട്. മിക്കവാറും ലൈനുകൾ അവസാനിക്കുന്ന മേഖലകളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. നിർമാണത്തിലിരിക്കുന്ന ഐസ് ഫാക്ടറികളേയും മറ്റ് കെട്ടിടങ്ങളേയും കണക്കിലെടുത്താൽ പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ ആവശ്യത്തിന് തികയുന്നവയല്ലായെന്ന് വ്യക്തമാവുന്നു. ഇലക്ട്രിസിറ്റി ബില്ലിനത്തിൽ 1,64,813 രൂപയാണ് പഞ്ചായത്ത് അടയ്ക്കുന്നത്. വഴിവിളക്കുകൾ കത്തുന്നില്ലെങ്കിലും കറന്റ് ചാർജിനളവില്ല. വൈദ്യുതി രംഗത്തെ പല പ്രവർത്തനങ്ങളിലും കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ

ഈ ഇനത്തിൽപ്പെട്ടവയെ സംബന്ധിച്ച് 90% പേരും അജ്ഞരാണ്. അറിയാവുന്നവരാവട്ടെ കൃത്യമായ വിവരങ്ങളുടെ അഭാവത്തിൽ ഊഹാപോഹങ്ങളിലൂടെ നിഗമനങ്ങളിലെത്തുന്നു. അടുത്തകാലത്ത് മുനമ്പം അഴിമുഖത്ത് പുലിമുട്ടിൽ സ്ഥാപിച്ച സൗരോർജ്ജ വിളക്കല്ലാതെ ഈ പട്ടികയിലുള്ള ഉപകരണങ്ങൾ ഒന്നും പഞ്ചായത്തിലില്ല. സൗരോർജ്ജ സംവിധാനങ്ങൾ വളരെയേറെ ചിലവേറിയതാണ് എന്ന് പറയുന്നവർക്ക് ആയിനത്തിൽ ലഭിക്കുന്ന കൂടിയ നിരക്കിലുള്ള സബ്സിഡികളെക്കുറിച്ച് മനസിലാക്കികൊടുക്കാൻ സംവിധാനങ്ങളില്ല. ആദ്യത്തെ മുതൽ മുടക്കിനെക്കുറിച്ചു പിന്നീടുള്ള ഊർജ്ജോപയോഗത്തെക്കുറിച്ചും കണക്കുകളുടെ അടിസ്ഥാനത്തിൽ ഊർജ്ജോപയോഗത്തെക്കുറിച്ചും പ്രചാരണം സംഘടിപ്പിച്ചാൽ സൗരോർജ്ജ സംവിധാനങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിയും.

സൗരോർജ്ജ സംവിധാനങ്ങൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും അത്തരം സംവിധാനങ്ങൾ ഉപയോഗിക്കുന്ന വീടുകൾക്ക് 'കരമൊഴിവും' വ്യവസായ-കച്ചവട സ്ഥാപനങ്ങൾക്ക് 'കരമിളവും' നടപ്പാക്കിയാൽ ഈ സംവിധാനത്തിന്റെ സാധ്യതകൾ ജനങ്ങൾ ഉപയോഗിക്കാൻ സാധ്യതയുണ്ട്.

വർദ്ധിച്ച വോൾട്ടിൽ പ്രവർത്തിക്കുന്നതും ഉപയോഗിക്കുന്നതുമായ ബൾബുകളും ട്യൂബുകളും ചോക്കുകളും തന്നെയാണ് വൈദ്യുതീകരിക്കപ്പെട്ട എല്ലാ വീടുകളിലും ഉള്ളത്. കോമ്പാക്ട് ഫ്ളൂറസന്റ് ലാബുകളും ഇലക്ട്രോണിക് ചോക്കുകളും ഭൂരിപക്ഷത്തിന്റേയും പരിചയസീമകളിലുള്ള കാര്യമല്ല.

അടിക്കടിയുള്ള പവർകട്ടും ലോഡ് ഷെഡിംഗും ആരംഭിച്ചതിനുശേഷം സമ്പന്നഗൃഹങ്ങളിൽ INVERTOR ഉപയോഗിച്ച് വൈദ്യുതി സംഭരിച്ചുപയോഗിക്കുന്നത് വ്യാപകമാണ്. ചുറ്റുപാടുകൾ ഇരുട്ടിൽ മുങ്ങുമ്പോൾ ഇത്തരം ഗൃഹങ്ങളിൽ മാത്രം പ്രകാശം എന്നത് ലോഡ് ഷെഡിംഗ് സമയത്തെ സ്ഥിരം കാഴ്ചയാണ്.

## പ്രശ്നങ്ങൾ

1. ലൈനുകളുടെ അവസാനഭാഗത്ത് വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നു. അപ്രഖ്യാപിത പവർകട്ടുകൾ.
2. ഇൻവെർട്ടറുകൾ- വ്യാപകമായി സമ്പന്നന്മാർ ഉപയോഗിക്കുന്നു.
3. ആവശ്യമില്ലാത്തപ്പോഴും ബൾബുകൾ കത്തിക്കുന്നു.
4. വിറകിന്റെ അമിതവില വിലവർധന, ലഭ്യതക്കുറവ്.
5. കടൽതീരപ്രദേശത്തു നാശത്തെ ചെറുത്തു നിൽക്കാൻ അനുയോജ്യമായ ഇലക്ട്രിക് സാധനങ്ങൾ ഉപയോഗിക്കുന്നില്ല.

## സാധ്യതകൾ

1. നിർമ്മാണാനന്തരസേവനം നൽകികൊണ്ട് ദക്ഷതയുള്ള അടുപ്പുകൾ പ്രചരിപ്പിക്കുക.
2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
3. പഞ്ചായത്തിന്റെ വ്യാവസായികാന്തരീക്ഷം കണക്കിലെടുത്ത് ഒരു വൈദ്യുതി സബ് സ്റ്റേഷൻ സ്ഥാപിക്കുക.
4. വൈദ്യുതലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റുന്നതിന് സന്നദ്ധസേവനം ലഭ്യമാക്കുക.
5. ഊർജ്ജലാഭമുള്ള വൈദ്യുതി ദീപങ്ങൾ പ്രചരിപ്പിക്കുക.
6. സൗരോർജ്ജസംവിധാനം സ്ഥാപിക്കുന്ന വീടുകൾക്ക് 'കരമൊഴിവും' വ്യവസായ-കച്ചവട സ്ഥാപനങ്ങൾക്ക് 'കരമിളവും' നൽകുക.
7. സൗരോർജ്ജ സംവിധാനം സ്ഥാപിക്കുവാൻ കുറഞ്ഞപലിശയിൽ ദീർഘകാലവായ്പകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുക.
8. മേൽപറഞ്ഞ പദ്ധതികൾക്ക് സമഗ്രആസൂത്രണപദ്ധതി സമയബന്ധിതമായി നടപ്പിലാക്കുക.
9. ഗുണമേന്മയുള്ള നിർമാണ സാധനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമത ഉറപ്പുവരുത്താം.
10. ഊർജ്ജ ഉപഭോഗത്തെപറ്റി സമഗ്രമായ ബോധവൽക്കരണം ആകാം.

# ഗതാഗതം

നമ്മുടെ പഞ്ചായത്ത് തിരുവിതാംകൂർ കൊച്ചി എന്നീ നാട്ടു രാജ്യങ്ങളുടെയും ബ്രിട്ടീഷ് അധീനപ്രദേശത്തിന്റെയും ഭാഗമായിരുന്നു. സ്വാതന്ത്ര്യസമ്പാദനവും തിരുകൊച്ചി സംയോജനവും തുടർന്നുവന്ന ഐക്യകേരളരൂപീകരണവും പഞ്ചായത്തിന്റെ 7 കി.മീറ്റർ നീളത്തിലുള്ള പ്രദേശത്തെ പരസ്പരബന്ധിതമാക്കി. വ്യത്യസ്തമായ അധികാരങ്ങൾ പ്രയോഗിക്കപ്പെട്ട പഞ്ചായത്തുകൾ നമ്മുടേതുപോലെ വേറെയുണ്ടാകില്ല. പഞ്ചായത്തിനകത്ത് പണ്ട്കാലത്ത് നിലനിന്നിരുന്ന 'ചുങ്കപ്പുരകൾ' (ചൗക്ക) പഴയകാല ഗതാഗതത്തിന്റെ ചിത്രം വ്യക്തമാക്കുന്നുണ്ട്.

മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ട നമ്മുടെ പഞ്ചായത്തിൽ രണ്ടു ഭാഗത്തുമുള്ള കായലുകളും അതിനോട് ബന്ധിപ്പിച്ച തോടുകളും ചരക്കിറക്കിനും ഗതാഗതത്തിനുമായി ഉപയോഗിച്ചിരുന്നു. താരതമ്യേന ചിലവുകുറഞ്ഞ ഗതാഗത മാർഗം എന്നനിലയിലും മിക്കവാറും വ്യവസായ കേന്ദ്രങ്ങൾ കായൽതീരത്തായിരുന്നതിനാലും ജലഗതാഗതം പ്രധാനമായിരുന്നു. പഞ്ചായത്തിൽ വൈപ്പിൻ-മുനമ്പം റോഡ് സ്ഥാപിതമായതും പറവൂർകരയുമായി ബന്ധിപ്പിച്ച് പാലം നിർമിച്ചതും (1960) നമ്മുടെ പഞ്ചായത്തിലെ കരഗതാഗതത്തിന്റെ വളർച്ച ത്വരിതഗതിയിലാക്കി. ഏഴ് കിലോമീറ്റർ നീളത്തിൽ പഞ്ചായത്തിലൂടെ കടന്നു പോകുന്ന റോഡ് ഇന്ന് പഞ്ചായത്തിന്റെ ജീവനാഡിയാണ്.

പഞ്ചായത്തിൽ ആകെ 66.377 കിലോമീറ്റർ റോഡുകളുണ്ട്. 14.499 കി. മീറ്റർ കച്ചറോഡും, 35.335 കി. മീറ്റർ പക്കാ റോഡും 1.270 കി. മീറ്റർ മെറ്റൽ റോഡും 15.273 കി.മീറ്റർ ടാർ റോഡും ഇതിൽ ഉൾപ്പെടുന്നു. വിശദവിവരങ്ങൾക്കും വാർഡ് തിരിച്ചുള്ള കണക്കുകൾക്കും ചാർട്ട് കാണുക.

## പള്ളിപ്പുറം പഞ്ചായത്തിലെ റോഡുകൾ

| വാർഡ് | കച്ച | പക്ക | മെറ്റൽ | ടാർ | ആകെ |
|---|---|---|---|---|---|
| 1 | 120 | 460 | -- | 560 | 1140 |
| 2 | -- | 2.235 | 500 | 280 | 3015 |
| 3 | 550 | 230 | -- | 640 | 1420 |
| 4 | 400 | 3135 | -- | 1118 | 4653 |
| 5 | 700 | 2150 | -- | 1100 | 3953 |
| 6 | 1420 | 2570 | -- | 500 | 4490 |
| 7 | 1003 | 3230 | 70 | 2150 | 6453 |
| 8 | 200 | 3550 | -- | 1450 | 5200 |
| 9 | 1130 | 5125 | -- | 650 | 6905 |
| 10 | 1240 | 2695 | -- | 1250 | 5185 |
| 11 | 2650 | 2820 | 500 | 2500 | 8470 |
| 12 | 610 | 1700 | -- | 1200 | 3510 |
| 13 | 2836 | 1620 | -- | 1425 | 5881 |
| 14 | 1640 | 3815 | 200 | 450 | 6105 |
| ആകെ | 14.499 | 35.335 | 1.270 | 15.273 | 66.377 |

പഞ്ചായത്തിൽ ആകെ ഇത്രയധികം റോഡുകൾ ഉണ്ടെങ്കിലും ചില വാർഡുകളിൽ ഇനിയും റോഡുകൾ ഉണ്ടാകേണ്ടതുണ്ട്. ടാർ ചെയ്യാത്ത റോഡുകളിൽ പലതും ടാർ ചെയ്യേണ്ടതാണ് അത്യാവശ്യമാണ്. അതിനുള്ള സാമ്പത്തിക പിന്തുണയാണ് വൈഷമ്യമേറിയത്. മനയത്ത് കാട് റോഡിൽനിന്നു തുടങ്ങി കരുത്തലത്തോടിൽ അവസാനിക്കുന്ന അഞ്ചലോട്ടു റോഡും കോൺവെന്റിൽ തുടങ്ങി മുനമ്പം അങ്ങാടിയിൽ അവസാനിക്കുന്ന റോഡും പൂർണമായും ഇല്ലാതായിരിക്കുന്നു.

പഞ്ചായത്തിലെ തോടുകളിലൂടെ നടത്തിയിരുന്ന ഗതാഗതം വാർഡുകളുടെ ഉൾപ്രദേശങ്ങളിൽ ചരക്കുകൾ എത്തിക്കുവാൻ ഏറെ സൗകര്യപ്രദമായിരുന്നു. പല തോടുകളുടേയും പ്രവേശന മാർഗങ്ങൾ വീതികുറച്ച് കെട്ടിയെടുത്തിരിക്കുന്നതിനാലും ദീർഘവീക്ഷണമില്ലാതെ തോടുകൾക്ക് കുറുകെ പാലങ്ങൾ നിർമിച്ചിരിക്കുന്നതിനാലും ചരക്ക് കടത്ത് തടസ്സപ്പെടുന്നു.

എറണാകുളത്തുനിന്നും പറവൂരിൽനിന്നും ശേഖരിച്ചിരുന്ന നിത്യോപയോഗസാധനങ്ങൾ പഞ്ചായത്തിൽ എത്തിക്കുവാൻ ചന്തവഞ്ചികളും ലൈൻ ബോട്ടുകളും കുറച്ചുനാളുകൾക്ക് മുമ്പ് വരെ ഉണ്ടായിരുന്നു. ചന്തവഞ്ചികൾ പറവൂരിൽനിന്നും കായൽമാർഗം എത്തുന്നുണ്ടെങ്കിലും എറണാകുളത്തുനിന്നുള്ള ജലഗതാഗതം പൂർണ്ണമായും നിലച്ചിരിക്കുകയാണ്.

8 കടത്തുകൾ പഞ്ചായത്തിന് പുറത്തേക്കുള്ള ഗതാഗതത്തെ നിയന്ത്രിക്കുന്നു. ഈ കടത്തുകൾ കോട്ടപ്പുറം-കൊല്ലം ദേശീയജലപാതയിലാണ്. മുനമ്പം-അഴീക്കോട്, പള്ളിപ്പുറം-മാല്യങ്കര എന്നിവയാണ് ബോട്ട് സർവീസ് നടത്തുന്ന കടത്തുകൾ. ബാക്കിയുള്ള 6 കടത്തുകളിൽ അഞ്ചെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇവയെല്ലാം വഞ്ചിക്കടത്തുകളാണ്. മുനമ്പം-വടക്കേമാല്യങ്കര കടത്ത്കടവ് സ്വകാര്യവ്യക്തി സ്വന്തമാക്കിയിരിക്കുകയാണ്. ഈ കടത്ത് അഞ്ചു വർഷമായി പ്രവർത്തിക്കുന്നില്ല.

പള്ളിപ്പുറം-മാല്യങ്കര ഫെറിയാണ് സാധാരണ പ്രശ്നബാധിതമായി തീരാറുള്ളത്. ലേലം കൊള്ളാൻ ആളില്ലാതിരിക്കുകയും ലേലം കൊള്ളുന്നവർ തന്നെ കൂലികൂട്ടണമെന്ന് ആവശ്യപ്പെടുകയും ജനങ്ങൾ ഇതംഗീകരിക്കാതിരിക്കുന്നതിന്റേയും ഫലമായി ഈ സർവീസ് സ്തംഭിക്കാറുണ്ട്. നീതിയുക്തമായ ഒരു സ്ഥിരം സംവിധാനം ഇവിടെ ഉണ്ടാകേണ്ടതുണ്ട്.

മുനമ്പത്തെ മത്സ്യബന്ധന മേഖലയുടെ വളർച്ചകൂടി കണക്കിലെടുത്ത് മുനമ്പം-അഴീക്കോട് ജങ്കാർ സർവീസ് ഏറെ അടിയന്തിരപ്രാധാന്യമുള്ള കാര്യമാണ്. മുനമ്പം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെടുത്തി അതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതാണ്. ഈ കടത്ത് P.W.D.യുടെ അധീനതയിലാണ്.

മറ്റ് വഞ്ചിക്കടത്തുകൾക്ക് ശരിയായ കടവ് ഇല്ലായെന്നത് പ്രശ്നമാണ്. ഈ കടത്തുകൾ കാര്യക്ഷമമായി നടത്താനുള്ള പദ്ധതികളും ആവിഷ്കരിക്കപ്പെടേണ്ടതാണ്.

വൈപ്പിൻ, മുനമ്പം റോഡിന് സമാന്തരമായി ഏറെ പഴക്കമുള്ള ഒരു പാത കിഴക്കുഭാഗത്തുള്ള കായൽക്കരയിൽ നിലനിൽക്കുന്നുണ്ട്. മുൻകാലങ്ങളിലെ പ്രധാനസഞ്ചാരപാതയാണിത്. ക്ഷേത്രങ്ങളും ചന്തകളും കോവിലകങ്ങളും ഈ വഴിയുടെ അരികിൽ കാണാം. ഈ വഴിയുടെ പല ഭാഗങ്ങളും ടാർ

ചെയ്യപ്പെട്ടിട്ടുണ്ട്. പഴയ നാട്ടുവഴിയുടെ രൂപം നിലനിർത്തുന്ന ഭാഗങ്ങളും ഉണ്ട്. ഈ വഴിയിൽ ഉണ്ടായിരുന്ന പഴയ പാലങ്ങൾ വളരെ പൊക്കത്തിലുള്ളതും തോടുവഴിയുള്ള ഗതാഗതസാധ്യതക്ക് ഭംഗം വരാത്തവിധത്തിലുമായിരുന്നു. പുതുതായി നിർമിച്ച പാലങ്ങൾ അത്തരം ദീർഘവീക്ഷണം ഉള്ളവയല്ല.

കടപ്പുറം റോഡ് MLA റോഡുകളുടെ പട്ടികയിൽപ്പെടുത്തി ടാർ ചെയ്തിരിക്കുന്നു. ഏകദേശം 500 മീറ്റർ കൂടി വടക്കേ അറ്റത്ത് ടാർ ചെയ്യാനുണ്ട്.

വൈപ്പിൻ മുനമ്പം റോഡിൽ മാത്രമാണ് കാര്യമായ ബസ് സർവീസും മറ്റു വാഹനസർവീസുകളും നടത്തപ്പെടുന്നത്. ഈ റോഡിന്റെ വശങ്ങളിൽ നടപ്പാതകൾ സുരക്ഷിതമായി നിർമിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം റോഡുകളിലെ വെള്ളക്കെട്ടും വൃത്തിഹീനതയും പരിഹരിക്കുവാൻ റോഡുകൾക്കരികിൽ ഉറപ്പുള്ള കാനകൾ നിർമിക്കേണ്ടിയിരിക്കുന്നു. വൈപ്പിൻ, മുനമ്പം റോഡ് അവസാനിക്കുന്ന മുനമ്പത്ത് സ്ഥലസൗകര്യമുണ്ടെങ്കിലും ആവശ്യമായ വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ബസ് സ്റ്റാൻഡിനായി അക്വയർ ചെയ്ത സ്ഥലം എത്രയും വേഗത്തിൽ അതിനായി വിനിയോഗിക്കേണ്ടതുണ്ട്.

ചെറായി ജംഗ്ഷനിലും കച്ചേരിപ്പടിയിലും ഓട്ടോറിക്ഷാ സ്റ്റാൻഡില്ലാത്തത് പ്രധാനപ്രശ്നമാണ്. നിലവിലുള്ള റോഡരികുകളും മറ്റിടങ്ങളും ഇതിനായി ഉപയോഗിക്കുന്നതിനാൽ ചെറായി ജംഗ്ഷനിൽ ഗുരുതരമായ ഗതാഗതപ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വാഹനത്തിരക്കുമൂലം ധാരാളം ഗതാഗത പ്രശ്നങ്ങൾകൊണ്ട് ചെറായി ജംഗ്ഷൻ ബുദ്ധിമുട്ടുകയാണ്.

## പ്രശ്നങ്ങൾ

1. പല വാർഡുകളുടേയും ഉൾപ്രദേശങ്ങളിൽ ചരക്കുകൾ എത്തിക്കുവാൻ കഴിയുന്നതരത്തിൽ തോടുകളും റോഡുകളുമില്ല.

2. ടാർ ചെയ്യാത്ത റോഡുകൾ മഴക്കാലത്തും പിന്നീടുള്ള സമയത്തും ഗതാഗതയോഗ്യമല്ലാതാവുന്നു.

3. റോഡുകൾക്ക് ഓടകളില്ല, ചില റോഡുകളിൽ ഓടപണിയുന്നതിനുള്ള വീതിയുമില്ല.

4. വൈപ്പിൻ, മുനമ്പം റോഡിൽ ചെറായി കരുത്തലതോട് പാലം ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു.

5. ബസ് സ്റ്റോപ്പുകളിൽ കയറിനിൽക്കാൻ ഷെൽട്ടറുകളില്ല.

6. വൈപ്പിൻ-മുനമ്പം റോഡിനും ഉൾപ്രദേശങ്ങളിലേക്കുള്ള റോഡുകൾക്കും വേണ്ടത്ര വീതിയില്ല.

7. അറ്റകുറ്റപണികൾ റോഡുകളിലും കാനകളിലും കൃത്യമായി നടത്തുന്നില്ല.

8. കടത്തുവഞ്ചികൾക്ക് ജെട്ടി സൗകര്യമില്ല.

9. വഞ്ചിക്കടത്തുകളുടെ നടത്തിപ്പിൽ ചുറ്റുമുള്ള ആളുകളുടെ സഹകരണം ഉറപ്പാക്കുന്നില്ല.

10. കോട്ടപ്പുറം-കൊല്ലം ദേശീയ ജലപാതയും ഉൾതോടുകളും ഗതാഗതത്തിന് ദീർഘവീക്ഷണത്തോടെ ഉപയോഗിക്കപ്പെടുന്നില്ല.

11. വർദ്ധിച്ച വാഹനസാന്ദ്രതയും റോഡുകൾക്ക് താങ്ങാൻ കഴിയാത്ത ജനത്തിരക്കും.

12. ആവശ്യമുള്ള പലയിടങ്ങളിലും കലുങ്കുകൾ ഇല്ല.

13. റോഡുനിർമ്മാണത്തിലെ ആവർത്തനചെലവ്

14. റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ശ്രദ്ധിക്കുന്നില്ല.

## സാധ്യതകൾ

1. റോഡുകളുടേയും കാനകളുടേയും നിർമ്മാണത്തിന് സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കാം.

2. വ്യവസായ ശാലകളുടെ സഹകരണത്തോടെ റോഡുകൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുക.

3. വിവിധ സർക്കാർ പദ്ധതികളിൽ റോഡുകൾ നിർമിക്കുക.

4. വൈപ്പിൻ, മുനമ്പം റോഡിലെ ഗതാഗതത്തിരക്ക് കുറക്കുവാൻ സമാന്തരമായ M.L.A റോഡിൽ സർവീസുകൾ തുടങ്ങുക.

5. റിപ്പബ്ലിക് റോഡിൽനിന്നും കൊമരന്തി ലൈനുമായി ബന്ധിപ്പിച്ച് കൊമരന്തിപാലവും രാമവർമ്മപാലവും നിർമ്മിച്ചാൽ വൈപ്പിൻ-പറവൂർ റോഡ്, അയ്യമ്പിള്ളി മനപ്പിള്ളി റോഡുമായി ബന്ധിപ്പിച്ച് ബൈപ്പാസ് റോഡ് നിർമ്മിച്ചാൽ ചെറായി ജംഗ്ഷനിലെ തിരക്ക് നിയന്ത്രിക്കാം.

6. പള്ളിപ്പുറം- മാല്യങ്കരപ്പാലം നിർമിച്ചാൽ മത്സ്യമേഖലയിലെ ചരക്ക് ഗതാഗതം പൂർണ്ണമായും ഈ വഴിക്കാക്കാം.

7. ദേശീയ ജലപാതയുടെ സാധ്യത കണക്കിലെടുത്ത് സ്പീഡ് ബോട്ട് സർവീസുകൾ എറണാകുളത്തേക്ക് ആരംഭിക്കുക.

8. സർക്കുലർ ഫെറി സർവീസ് ആരംഭിക്കുക.

9. ബഹുജനപങ്കാളിത്തത്തോടെ ബോട്ട് ജെട്ടികൾ പണിയുക.

10. കടപ്പുറത്തുനിന്ന് ചെറായി ജംഗ്ഷൻ വഴി കൂടുതൽ ബസ് സർവീസ് തുടങ്ങുക.


11. രവീന്ദ്രപ്പാലം പുതുക്കിപ്പണിയുക

12. വൈപ്പിൻ-മുനമ്പം റോഡിലുള്ള പഞ്ചായത്ത് അതിർത്തിയിലെ പാലങ്ങളുടെ വീതികൂട്ടുക.

13. വൻവ്യവസായശാലകളുടെ സഹായം തേടുക.

14. ജനപങ്കാളിത്തത്തോടെ കലുങ്കുകൾ നിർമിക്കാം.

15. മരപ്പാലങ്ങൾക്കു പകരം കോൺക്രീറ്റുപാലങ്ങൾ നിർമിക്കാം.



411

# പാർപ്പിടം

മനുഷ്യന്റെ പ്രാഥമികമായ ആവശ്യങ്ങളാണല്ലോ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ. ആധുനിക കാലത്ത് ഇവ മൂന്നും ഉപയോഗിക്കപ്പെടുന്നത് ജീവിതാവശ്യങ്ങൾ എന്ന നിലയില്ല. സ്ഥാനത്തും അസ്ഥാനത്തും അമിത പരിഷ്കാരങ്ങൾ നടത്തി ദുർവ്യയം ചെയ്യുന്ന കാഴ്ചയാണ് എവിടെയും. ആഹാരകാര്യങ്ങളിലെ ധാരാളിത്തവും കൃത്രിമത്വവും മനുഷ്യന്റെ ആരോഗ്യം തകർത്തു. വസ്ത്രത്തിന്റെ കാര്യത്തിലെ ധൂർത്തും അലങ്കാര ഭ്രമവും അവനെ സ്വന്തം സത്തയിൽ നിന്നും അടർത്തി മാറ്റി. പാർപ്പിടത്തിന്റെ കാര്യത്തിൽ അവൻ ദുരഹങ്കാരത്തിന്റെയും മിഥ്യാഭിമാനബോധത്തിന്റെ ഇരുണ്ടപാതയിലെത്തിയിരിക്കയാണ്. ഇതെല്ലാം ആദ്യഘട്ടത്തിൽ സാമ്പത്തികമായി മുൻനിന്നവർക്കിടയിലാണ് പ്രത്യക്ഷപ്പെട്ടതെങ്കിലും ഈ ഭ്രമം പടിപടിയായി താഴേക്കിടയിലുള്ളവരിലേക്കും പടർന്ന് പിടിച്ചിരിക്കയാണ്. കുടിലിൽ കിടക്കുന്നവന്റെ പാർപ്പിട സങ്കല്പം പോലും ആഭാടം നിറഞ്ഞ ഒരു കോൺക്രീറ്റ് മന്ദിരത്തിന്റെ രൂപത്തിലാണ്. ഇതിന് സമാന്തരമായിത്തന്നെ തലചായ്ക്കാൻ കൂരയില്ലാത്ത കോടിക്കണക്കായ ജനത നമ്മുടെ രാജ്യത്ത് ഒരു ഭയാർത്ഥി പ്രവാഹമായി മാറിക്കൊണ്ടിരിക്കുന്ന സത്യവും നാം ഓർക്കേണ്ടതാണ്.

കേരളീയ ഗ്രാമീണ ജീവിത സങ്കല്പങ്ങളിൽ ഒരു വീട് എന്നാൽ ഒരുവന്റെ സ്വത്വാഭിമാനം തന്നെയാണ്. വീട് നിർമിക്കാനുള്ള സാമ്പത്തികമായ കഴിവില്ലായ്മയും സ്വന്തമായി സ്ഥലമില്ലായ്മയും പ്രധാനപ്രശ്നമായി നിലനിൽക്കുന്നു. പഴയ കാലത്തെ കൂട്ടുകുടുംബ സമ്പ്രദായത്തിൽനിന്നും അണു കുടുംബരീതി സാർവത്രികമായതോടെ പാർപ്പിട രംഗത്തെ പ്രശ്നം രൂക്ഷമായിരിക്കയാണ്. അവനവന്റെ വീട് നിർമ്മാണ പ്രക്രിയയിൽ ഓരോരുത്തനുമുള്ള പങ്കും കുറഞ്ഞുവരുന്നു. വീട് നിർമ്മിക്കാൻ മറ്റൊരാളെ ഏൽപ്പിക്കുന്ന പ്രവണത വ്യാപകമായതോടെ മറ്റൊരാളെ ഏൽപ്പിക്കുന്ന പ്രവണത വ്യാപകമായതോടെ വീട് നിർമ്മാണവും വൻവ്യവസായങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കയാണ്.

പള്ളിപ്പുറം പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം 11769 ആണ്. പഞ്ചായത്ത് മെമ്പർമാർ നേരിട്ട് നടത്തിയ സർവ്വേ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പുതുതായി വീട് വെക്കേണ്ടവരുടേയും പുതുക്കിപ്പണിയേണ്ടവരുടേയും എണ്ണം 3233 ആണെന്ന് കണ്ടെത്തുകയുണ്ടായി. 800 ഓളം പേർ സ്വന്തമായി സ്ഥലം പോലും ഇല്ലാത്തവരാണ്. ബാക്കിയുള്ളവർക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീട് വയ്ക്കാനുള്ള സാമ്പത്തിക സാഹചര്യം ഇല്ല. (പട്ടിക കാണുക)

## പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വീടുകളുടേയും കെട്ടിടങ്ങളുടേയും സ്ഥിതിവിവരം

| വാർഡ് | രണ്ടുനില | വാർക്ക | ഓട് | കുടിൽ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1. | 33 | 240 | 215 | 58 | 16 | 562 |
| 2. | 11 | 239 | 322 | 164 | 28 | 764 |
| 3. | 17 | 374 | 309 | 208 | 24 | 932 |
| 4 | 19 | 291 | 424 | 85 | 64 | 883 |
| 5 | 26 | 209 | 276 | 258 | 73 | 842 |
| 6 | 5 | 331 | 317 | 488 | 56 | 1197 |
| 7 | 6 | 209 | 508 | 372 | 27 | 1122 |
| 8 | 19 | 120 | 294 | 83 | --- | 516 |
| 9 | 19 | 140 | 293 | 111 | 15 | 578 |
| 10 | 21 | 229 | 386 | 312 | 27 | 975 |
| 11 | 7 | 378 | 533 | 246 | 18 | 1182 |
| 12 | 6 | 127 | 176 | 139 | 20 | 468 |
| 13 | 1 | 186 | 209 | 377 | 24 | 797 |
| 14 | 7 | 247 | 324 | 332 | 41 | 951 |
| ആകെ | 197 | 3320 | 4586 | 3233 | 433 | 11769 |

പരിമിതമായ സൗകര്യങ്ങൾ നിലനിൽക്കുന്ന ലക്ഷം വീട് കോളനികൾ പത്തും, ഒരു മത്സ്യതൊഴിലാളി കോളനിയും പഞ്ചായത്തിൽ ഉണ്ട്. ലക്ഷം വീടുകളിൽ, പലതും ഉടൻ പുതുക്കി പണിയേണ്ട സ്ഥിതിവിശേഷത്തിലാണ്. മത്സ്യതൊഴിലാളി കോളനിയിലെ പല വീടുകളും പുതുക്കിപണിതു കഴിഞ്ഞു എങ്കിലും അപകട നിലയിൽ നിലനിൽക്കുന്നവ ഇപ്പോഴുമുണ്ട്.

പഞ്ചായത്തിലെ പാർപ്പിട നിർമ്മാണ രംഗവും കേരളത്തിലെ പുതിയ കോൺക്രീറ്റ് സംസ്കാരത്തിന്റെ ഭാഗമാണ്. പുതിയതായി നിർമ്മിക്കപ്പെടുന്ന മിക്കവാറും വീടുകൾ പാശ്ചാത്യമാതൃകയിലുള്ള കോൺക്രീറ്റ് വീടുകളാണ്. പാരമ്പര്യത്തിനും പരിസ്ഥിതിക്കും യോജിക്കാത്ത ഇത്തരം വീടുകൾ നിർമ്മിക്കാൻ തന്നെയാണ് പഞ്ചായത്ത് നിവാസികളിൽ ഭൂരിപക്ഷവും ആഗ്രഹിക്കുന്നത്. ധാരാളം കമ്പിയും സിമന്റും മെറ്റലും ഉപയോഗിച്ചാലേ കെട്ടിടത്തിന് ഉറപ്പുണ്ടാകൂ എന്ന ആധുനികമായ ഒരന്ധവിശ്വാസം വ്യാപകമായിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ഒരു ശതമാനം പോലും ഓടിട്ടതല്ല എന്ന കണക്ക് കോൺക്രീറ്റ് ഭ്രമത്തിന്റെ ആഴം വ്യക്തമാക്കുന്നുണ്ട്.

പരമ്പരാഗത വീട് നിർമ്മാണത്തിന് മരം ഒരു അവിഭാജ്യ ഘടകമാണല്ലോ. മരത്തിന്റെ ഭീകരമായ വില വർദ്ധനവും മരപ്പണി നടത്തുന്ന വിദഗ്ധരുടെ ദൗർലഭ്യവും നിർമ്മാണപ്രക്രിയക്കെടുക്കുന്ന കാലതാമസവും കോൺക്രീറ്റ് ഭ്രമത്തിലേക്ക് തിരിയുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ട്.

ചെലവ് കുറഞ്ഞതും പാരമ്പര്യത്തിനും പരിസ്ഥിതിക്കും ഇണങ്ങുന്നതുമായ വീടുകൾ നിർമിക്കുന്നതിനെ സംബന്ധിച്ച് വ്യാപകമായ പ്രചാരണവും പ്രോത്സാഹനവും ആവശ്യമാണ്. അതോടൊപ്പം ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിനാവശ്യമായ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കേണ്ടതും ആവശ്യമാണ്.

ഹൗസിംഗ് സൊസൈറ്റികളിൽ നിന്നും മറ്റും വൻതുകലോണെടുത്ത് ആർഭാട വീടുകൾ പണിയുന്നത് നിരുത്സാഹപ്പെടുത്തണം.

കെട്ടിട നിർമ്മാണത്തിനുള്ള ഇഷ്ടിക, ചെങ്കല്ല്, കരിങ്കല്ല്, ചരൽ, മെറ്റൽ, കമ്പികൾ എന്നിവ വളരെ ദൂരെ നിന്നും എത്തിക്കേണ്ടതായിട്ടാണിരിക്കുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിക്കാൻ ഇത് കാരണമാകുന്നു. സിമന്റ് ഇഷ്ടികകളും ഹോളോ ബ്രിക്സും നിർമ്മിക്കുന്ന രണ്ട് ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. ഇവ മിക്കവാറും ചുറ്റുമതിൽ നിർമ്മിക്കാനാണ് ഉപയോഗിക്കുന്നത്. പരിസ്ഥിതി സന്തുലിതാവസ്ഥയുൾപ്പെടെയുള്ള വ്യത്യസ്ത മുഖങ്ങളിലുള്ള ഉപകാരം ലഭിക്കുന്ന ജൈവ വേലികൾ നിലനിർത്തേണ്ട അവബോധം ജനങ്ങളിൽ സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ തൊഴിൽ വിഭാഗങ്ങളിൽ ഗണനീയമായ സ്ഥാനം കെട്ടിടനിർമ്മാണ തൊഴിലാളികൾക്കുണ്ട്. ധാരാളം യുവാക്കളും സ്ത്രീകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. മിക്കവാറും പ്രായോഗിക പരിശീലനം മാത്രം ലഭിച്ചവരാണ് ഈ രംഗത്തെ വിദഗ്ധ തൊഴിലാളികൾ. ഒരു തൊഴിലാളിയുടെ ശരാശരി കൂലി 120 രൂപയും മേയ്ക്കാട്ട് പണിക്ക് സ്ത്രീക്കും പുരുഷനും 100 രൂപയാണ് കൂലി.

പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം പ്രവർത്തിക്കുന്നു. പ്രവർത്തനപരിധി വിപുലമാണെങ്കിലും ഈ പരിധികളിൽ വ്യാപകമായി സംഘത്തിന്റെ സേവനം വിനിയോഗിക്കപ്പെടുന്നില്ല.

മത്സ്യതൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് നൽകുന്ന 35000 രൂപയിൽ സിംഹഭാഗവും ഇടനിലക്കാർ വിഹിതം വാങ്ങി ഒന്നിനും തികയാത്ത രീതിയിലാണ് ഗുണഭോക്താവിന് ലഭിക്കുന്നത്. ഈ തുക തിരിച്ചടക്കേണ്ടതില്ലാത്തിനാൽ കർശനമായ സ്ക്രീനിംഗ് നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യണം.

## പ്രശ്നങ്ങൾ

1. ഭൂമിക്കും കെട്ടിടനിർമ്മാണ സാമഗ്രികൾക്കും വർദ്ധിച്ച വില.
2. വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത.
3. ഭൂരഹിതർക്ക് ഭൂമി വാങ്ങാൻ ആവശ്യമായ തോതിൽ വായ്പാ സൗകര്യമില്ല.
4. കോളനികളിലെ പശ്ചാത്തലസൗകര്യങ്ങളായ കുളം, കിണർ, കക്കൂസ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്താറില്ല.
5. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ വിദഗ്ദ്ധ തൊഴിലാളികളും അതിനാവശ്യമായ പ്രചാരണപ്രവർത്തനങ്ങളും ഇല്ല.
6. ഹൗസിംഗ് സൊസൈറ്റിയിലെ വർദ്ധിച്ച പലിശയും നിബന്ധനകളും
7. മതിൽ നിർമ്മാണം മൂലമുള്ള ജൈവ സന്തുലിതാവസ്ഥയിലുള്ള പ്രശ്നങ്ങൾ.
8. ശാസ്ത്രീയം എന്ന ധാരണയിലുള്ള അശാസ്ത്രീയ ബോധവും ആധുനിക അന്ധവിശ്വാസങ്ങളും
9. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ ലംഘനം.

## സാധ്യതകൾ

1. ഹൗസിംഗ് സൊസൈറ്റികളിൽ പലിശയും നടപടി ക്രമങ്ങളും ലഘൂകരിക്കുക.
2. ചെലവ് കുറഞ്ഞ വീടുകൾക്ക് താരതമ്യേന പലിശയിളവും തിരിച്ചടക്കാൻ കൂടിയ കാലയളവും നൽകുക.
3. കെട്ടിട നിർമ്മാണ സാമഗ്രികൾ സഹകരണ സംഘങ്ങളിലൂടെ വിൽപ്പന നടത്തുക.
4. ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾക്ക് വിശ്വാസ്യതയുള്ള പ്രചാരണം നൽകുക–പരിശീലന ക്യാമ്പുകൾ നടത്തുക.
5. ലൈസൻസിംഗ് ലളിതമാക്കുക.
6. ഫിഷറീസ് വകുപ്പ് അടക്കമുള്ളവ നൽകുന്ന കെട്ടിട നിർമ്മാണ വായ്പകൾ ഭൂരഹിതർക്കും നിർദ്ധനർക്കും ലഭ്യമാക്കുക.
7. ദുർവ്യയം ചെയ്യുന്ന വീട് നിർമ്മാണത്തിന് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വർദ്ധിച്ച നികുതി ഏർപ്പെടുത്തുക.
8. പൊതുസ്ഥാപനങ്ങൾ നിർമ്മിക്കുമ്പോൾ പാരമ്പര്യ വാസ്തുശില്പരീതി പ്രയോഗിച്ച് ജനങ്ങളുടെ മതിപ്പ് നേടിയാൽ ആവശ്യമായ പ്രചാരണം ലഭിക്കും.
9. കുറഞ്ഞ പലിശ നിരക്കിൽ സഹകരണസംഘങ്ങൾ വീടുകൾ പുതുക്കി പണിയാനും അറ്റകുറ്റപ്പണികൾ നടത്താനും വായ്പ നൽകുക.
10. പഞ്ചായത്തിൽ മുഴുവൻ റീസർവ്വേ നടത്തി പുറമ്പോക്ക് ഭൂമി കർശനമായി തരംതിരിച്ച് ഭൂരഹിതർക്ക് നൽകുക.
11. ജൈവവേലി ജീവിതാന്തരീക്ഷത്തിന് അനുപേക്ഷണീയമാണെന്ന് ജനങ്ങളെ ബോധിപ്പിക്കുക.
12. നിർമ്മാണ രംഗത്തെ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ ചട്ടങ്ങൾ ഉണ്ടാക്കുക.
13. പാരമ്പര്യ മാതൃകയിലുള്ള മുഴുവൻ പൊതുകെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സഹായം ലഭ്യമാക്കുക.

# ത്രിതീയമേഖല

1. ആരോഗ്യം
2. കുടിവെള്ളം
3. വിദ്യാഭ്യാസം
4. സംസ്കാരം
5. പട്ടികജാതി-പട്ടികവർഗക്ഷേമം
6. സ്ത്രീപദവി
7. സാമൂഹ്യക്ഷേമം
8. സഹകരണമേഖല
9. വിഭവസമാഹരണം
10. വനം

**അവലംബം**

സെൻസസ് 91
ഐ.ആർ.ഡി.പി. സർവേ രജിസ്റ്റർ
സ്കൂൾ കണക്കുകൾ
അങ്കണവാടി കണക്കുകൾ
സ്ഥാപനരജിസ്റ്റർ
സഹകരണവാർഷിക റിപ്പോർട്ടുകൾ
പഞ്ചായത്ത് ബഡ്ജറ്റ്
സെറ്റിൽമെന്റ് രജിസ്റ്റർ
ഗ്രാമസഭാ റിപ്പോർട്ടുകൾ
നാട്ടറിവുകൾ

# ആരോഗ്യവും-കുടിവെള്ളവും

പഞ്ചായത്തിലെ ജനനമരണനിരക്കുകളും രോഗാവസ്ഥയും പരിശോധിപ്പാൻ ആരോഗ്യരംഗത്ത് മെച്ചപ്പെട്ട നില കാത്തുസൂക്ഷിക്കാൻ പഞ്ചായത്തിന് കഴിയുന്നു എന്ന് മനസ്സിലാക്കാം. വർദ്ധിച്ച ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ ആരോഗ്യപരിപാലനം ഒരു വെല്ലുവിളിയാ വേണ്ടതാണ്. കേരളത്തിലെ ആരോഗ്യരംഗം നേടിയ അടിസ്ഥാന വികസനമാണ് നമ്മുടെ പഞ്ചായത്തിന്റെ ഇന്നത്തെ ആരോഗ്യനില സൃഷ്ടിച്ചത്.

8.1 ആണ് പഞ്ചായത്തിലെ പൊതുമരണനിരക്ക്, ജനനനിരക്ക് 11.34 ആണ്. ശിശുമരണവും മാതൃമരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്.

### റിപ്പോർട്ടു വർഷത്തിൽ

1. വയസ്സിന് താഴെയുള്ള കുട്ടികൾ – 581
1 മുതൽ 2 വരെ – 541
2 മുതൽ 3 വരെ – 480
3 മുതൽ 6 വരെ – 353

എന്നിങ്ങനെയാണ് കുട്ടികളുടെ പ്രായഘടന വൃദ്ധജനസംഖ്യയുടെ അനുപാതം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 1.31% ആണ് പഞ്ചായത്തിലെ വൈകല്യനിരക്ക്.

മലേറിയ ബാധിച്ച ആറ് (6) കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എലിപ്പനി –72, ചിക്കൻപോക്സ് – 65, അഞ്ചാംപനി – 72, വയറിളക്കം – 84 എന്നിങ്ങനെ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. വയറിളക്കം പൂർണ്ണമായും വർഷക്കാലത്താണ് കണ്ടുവരുന്നത്. എലിപ്പനി കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതും വർഷക്കാലത്താണ്.

## കുട്ടികളുടെ പോഷണനിലവാരം

ആരോഗ്യവകുപ്പിൽനിന്നും സാമൂഹ്യക്ഷേമവകുപ്പിൽനിന്നും അങ്കണവാടി റിപ്പോർട്ടുകളിൽനിന്നും ശിശുമരണം പഞ്ചായത്തിൽ നടക്കുന്നില്ലെന്നാണ് മനസ്സിലാവുന്നത്. മെച്ചപ്പെട്ട പോഷണ നിലവാരമാണ് ശിശുമരണനിരക്ക് ഇല്ലാതാക്കിയത് എന്ന് വ്യക്തമാണ്.

## സ്ഥാപനങ്ങളും ജീവനക്കാരും

ജനസംഖ്യാനുപാതികമായി 2 സർക്കാർ ആശുപത്രികൾ പഞ്ചായത്തിൽ ഉണ്ടാവേണ്ടതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഒരു സർക്കാരാശുപത്രി മാത്രമേ അലോപ്പതി ചികിത്സാ രംഗത്തുള്ളു. ഒരു ഗവ.ആയുർവേദ ആശുപത്രിയും രണ്ട് സബ്സെന്ററുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ജനസംഖ്യാനുപാതികമായി 7 സബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ബാക്കിയുള്ള 5 സെന്ററുകൾ അങ്കണവാടികളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുവാൻ P.H സെന്റർ പഞ്ചായത്തിൽ ഇല്ല.

സ്വകാര്യ ആശുപത്രികൾ – 2
ക്ലിനിക്ക് – 3 (I.E.N.T, I children, General)
ഹോമിയോക്ലിനിക്ക് – 4
ആയുർവേദ ഡിസ്പെൻസറി – 14
അലോപ്പതി മെഡിക്കൽഷോപ്പ് – 7

എന്നിങ്ങനെ സ്വകാര്യമേഖലയിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

| ആശുപത്രി | ഡോക്ടർ | നഴ്സിംഗ് | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| ഗവ.ആശുപത്രി | 2 | 10 | 14 | 26 |
| ഗവ.ആയുർവേദാശുപത്രി | 1 | – | 7 | 8 |
| സബ്സെന്റർ | – | 11 | – | 11 |

നടപ്പുവർഷം 55000 രൂപയുടെ മരുന്നാണ്. ഗവ.ആയുർവേദാശുപത്രിയിൽനിന്നും നൽകിയത്. ഈ തുക തീർത്തും അപര്യാപ്തമാണെന്നും ഇപ്പോൾ നിലവിലുള്ള 1,25,000/– എന്നത് O.P രോഗികളുടെ അടിസ്ഥാനത്തിൽ വരുംകൊല്ലങ്ങളിൽ തികയില്ലാ എന്നതുകൊണ്ട് വർഷാനുവർഷം 25% വർധിപ്പിക്കണം എന്ന് നിർദ്ദേശമുണ്ട്.

പഴയകാലത്ത് ഓരോ വീട്ടുമുറ്റവും ഔഷധസസ്യങ്ങളാൽ സമ്പുഷ്ടമായിരുന്നു. അപകടകാരികളല്ലാത്ത മിക്കവാറും എല്ലാ രോഗങ്ങൾക്കും ഇവ പ്രയോഗിക്കാനുള്ള നാട്ടറിവും സുലഭമായിരുന്നു. ആധുനികവൽക്കരണത്തിലൂടെ മനുഷ്യന്റെ ആരോഗ്യ–ഭക്ഷണശീലങ്ങൾ മാറുകയും നിത്യവും ഏതെങ്കിലും തരത്തിൽ മരുന്ന് കഴിക്കേണ്ട അവസ്ഥയിലുമായി. ജനനം പോലും ഇന്ന് ഏറെ ചിലവുള്ള സംഗതിയാണ്. നാടൻശീലങ്ങളും മികച്ച അധ്വാനവുമുണ്ടായിരുന്ന പഴയകാലത്തെ സ്ത്രീകൾക്കു പ്രസവം ഒരു മരുന്ന് കഴിക്കേണ്ട രോഗമായിരുന്നില്ല. വയറ്റാട്ടിമാർ കൈകാര്യം ചെയ്ത പ്രസവങ്ങളായിരുന്നു നാട്ടിലെല്ലായിടത്തും. നാടൻ ചികിൽസാ വൈദഗ്ധ്യം കൈവിട്ടുപോയതിനൊപ്പം ഔഷധവൈവിധ്യങ്ങൾ നമ്മുടെ വീട്ടുപറമ്പുകളിൽനിന്നും അപ്രത്യക്ഷമായി. പുതിയ രോഗങ്ങൾക്കായി തയ്യാറാക്കി വച്ചിരിക്കുന്ന പേടകമായി മനുഷ്യന്റെ ശരീരം മാറി. ഇത് പൊതുവേ കേരളീയന്റെ പുരോ–ഗമനമാണ്. പള്ളിപ്പുറം പഞ്ചായത്തിലെ ജനങ്ങളും ഇടവഴിയിൽതന്നെയാണ് വളർന്നത്.

പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറി പഞ്ചായത്തിലെ പ്രധാന ആരോഗ്യകേന്ദ്രമാണ്. ആയുർവേദ വൈദ്യന്മാർ 5 പേർ ആ രംഗത്ത് ചികിത്സ നടത്തുന്നു. ഹോമിയോ – ആയുർവേദ – പ്രകൃതി ചികിത്സാരീതികളിൽ ആളുകൾക്ക് താല്പര്യം വർധിക്കുന്നുണ്ട്. ആരോഗ്യസേവനരംഗത്ത് പരിഗണനാർഹമായ സന്നദ്ധസംഘടനകൾ നിലവിലില്ല. ഈ രംഗത്ത് പ്രവർത്തനതല്പരരായവരെ കണ്ടെത്താൻ വ്യാപകമായ ശ്രമം ആവശ്യമാണ്.

## വിസർജ്യ നിർമ്മാർജ്ജനം

പഞ്ചായത്തിലെ പ്രധാന ആരോഗ്യപ്രശ്നം തോടുകളിൽ സ്ഥാപിച്ചിട്ടുള്ളതും തോടുകളിലേക്ക് തുറക്കുന്നതുമായ കക്കൂസുകളാണ്. പുഴകളിലും തോടുകളിലും സ്ഥാപിച്ചിട്ടുള്ള കക്കൂസുകളിൽ പലതും പൊതുകക്കൂസുകളായി ജനങ്ങൾ ഉപയോഗിക്കുന്നു. 2000 കക്കൂസുകളെങ്കിലും ഇങ്ങിനെ ജലമലിനീകരണം നിർവഹിക്കുന്നുണ്ട്. സാമൂഹ്യക്ഷേമവകുപ്പിന്റെ അടിയ

ന്തിര സഹായത്തോടെ ഇവ നീക്കം ചെയ്തില്ലെങ്കിൽ സമീപഭാവിയിൽ ആരോഗ്യരംഗത്ത് ഭീതിദമായ തിരിച്ചടികൾ ഏറ്റുവാങ്ങേണ്ടതായിവരും. നിലവിലുള്ള പല കക്കൂസുകളും ശാസ്ത്രീയമായി ഉപയോഗിക്കുന്നവയെല്ലാം മിക്കവാറും കക്കൂസ് ടാങ്കുകൾ കൊതുകുവളർത്തൽ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഇത് പുതിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ തോടുകളിലെ കക്കൂസുകൾ നീക്കം ചെയ്യണമെങ്കിൽ 50% പേർക്കും മുഴുവൻ സാമ്പത്തിക സഹായവും ബാക്കിയുള്ളവർക്ക് ഭാഗികമായി സാമ്പത്തികസഹായവും ചെയ്യണം. പലവാർഡുകളിൽ പൊതുകക്കൂസുകൾ അടിയന്തിരമായി നിർമിക്കണം.

## കുടിവെള്ളം

മൂന്നുവശവും ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലം ലഭിച്ചിരുന്ന നിരവധി സ്രോതസ്സുകൾ നിലനിന്നിരുന്നു. പഞ്ചായത്ത് കിണറുകളും സ്വകാര്യ കിണറുകളും സ്വകാര്യ കുളങ്ങളും ഈ പ്രദേശത്തിന്റെ ശുദ്ധജലാവശ്യം നിർവഹിച്ചിരുന്നു. കുടിക്കാനും മറ്റാവശ്യങ്ങൾക്കും മാനുഷികമായ വിവേചനബുദ്ധിയോടെയാണ് നമ്മുടെ നാട്ടിൽ ജനസമ്പത്ത് വിനിയോഗിച്ചിരുന്നത്.

1980 ന് ശേഷമാണ് ശുദ്ധജലവിതരണ പദ്ധതിയുടെ ഗുണഫലങ്ങളെന്ന നിലയിൽ പഞ്ചായത്തിൽ ശുദ്ധജലടാപ്പുകൾ സ്ഥാപിച്ചത്. നിലവിൽ പഞ്ചായത്തിൽ 275 പൊതുടാപ്പുകൾ ഉണ്ട്. ഇന്ന് പഞ്ചായത്ത് നിവാസികളിൽ 99% പേരും ശുദ്ധജലത്തിനായി പൊതുടാപ്പുകളെയാണ് ആശ്രയിക്കുന്നത്. പാരമ്പര്യസ്രോതസ്സുകളായി നിലനിന്നിരുന്ന പൊതുഉടമസ്ഥതയിലുള്ള എല്ലാ കിണറുകളും കുളങ്ങളും ഉപയോഗശൂന്യമായ നിലയിലാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള കുളങ്ങളും കിണറുകളും ഇന്ന് സാധാരണയായി ശുദ്ധജലത്തിനായി ആശ്രയിക്കാറില്ല. പ്രധാനകേന്ദ്രങ്ങളിലെ ചില കിണറുകൾ കുപ്പത്തൊട്ടികളാക്കി മാറ്റുന്ന തരത്തിലേക്ക് ജനങ്ങളുടെ സാമൂഹ്യബോധ നിലവാരം എത്തിയിരിക്കുന്നു. നിലവിലുള്ള പൊതുകിണറുകൾ ഏതെല്ലാം വാർഡുകളിൽ എങ്ങിനെയെല്ലാം എന്നറിയുവാൻ ചാർട്ട് കാണുക.

**പഞ്ചായത്ത് കിണറുകൾ**

| വാർഡ് | കിണറുകൾ എണ്ണം | വാർഡ് | കിണറുകൾ എണ്ണം |
|---|---|---|---|
| 1 | 1 | 8 | 2 |
| 2 | 2 | 9 | 2 |
| 3 | 1 | 10 | 4 |
| 4 | 3 | 11 | 3 |
| 5 | 6 | 12 | 1 |
| 6 | 6 | – | – |
| 7 | 3 | 14 | 4 |

പള്ളിപ്പുറം പഞ്ചായത്തിലെ 14 വാർഡുകളിലായി 275 പൊതുടാപ്പുകളാണുള്ളത്. ടാപ്പുകളും ജനങ്ങളും തമ്മിലുള്ള അനുപാതം 1:158 ആണ്. ശുദ്ധജലാവശ്യങ്ങൾ നിർവഹിക്കുന്നതിൽ ടാപ്പുകളുടെ എണ്ണം തീർത്തും അപര്യാപ്തമാണ്. ഈ അവസ്ഥയിലും ശുദ്ധജലവിതരണം ഒന്നിടവിട്ട ദിവസങ്ങളിലാക്കി ചുരുക്കിയിരിക്കുകയാണ്. ശുദ്ധജലം സംബന്ധിച്ച വിഷയത്തിൽ പഞ്ചായത്ത് നിവാസികൾ ദുരിതം അനുഭവിക്കുകയാണ്.

പെരിയാറ്റിലെ ജലം ആലുവയിലെ ശുദ്ധീകരണ പ്ലാന്റിൽ ശുദ്ധീകരിച്ചാണ് വൈപ്പിൻകരയിൽ വിതരണം ചെയ്യുന്നത്. ഇത് വലിയ പ്രദേശത്തെ ശുദ്ധജലാവശ്യം നിർവഹിക്കാൻ കഴിവുള്ളതല്ല. തദ്ദേശീയമായ ജലസ്രോതസുകൾ ഉപയോഗിച്ചുള്ള ശുദ്ധീകരണശാലകൾ സ്ഥാപിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കപ്പെടാത്തത് പഞ്ചായത്തിന് വലിയ ദോഷം ചെയ്യുന്നു.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും ഒരേ രീതിയിൽ ശുദ്ധജലക്ഷാമത്തിന്റെ പിടിയിലാണ്. വിഭവഭൂപട നിർമാണത്തിൽ കണ്ടെത്തിയ ഭൂമിക്കടിയിലെ ശുദ്ധജലബെൽട്ട് പൂർണ്ണമായും ഉപയോഗിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1. കിണറുകളും കുളങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങൾക്ക് ബോധ്യമില്ല.
2. പലയിടങ്ങളിലും കിണറ്റിലും കുളത്തിലും ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.
3. ഒന്നിടവിട്ട ദിവസങ്ങളിൽ മിക്കവാറും രാത്രിസമയത്ത് മാത്രമാണ് പൈപ്പിലൂടെ കുടിവെള്ളം ലഭിക്കുന്നത്.
4. ടാപ്പുകളും ഭൂമിക്കടിയിലെ പൈപ്പും തകരാറിലായി ധാരാളം ജലം നഷ്ടപ്പെടുന്നു.
5. ഗ്രൗണ്ട് ലെവൽ ടാങ്കുകൾ വീടുകളിൽ ഉപയോഗിക്കുന്നതുമൂലം ആവശ്യമുള്ളത്ര ജലം പല ടാപ്പിലും ലഭിക്കുന്നില്ല.
6. ശുദ്ധജലത്തിന്റെ വില മനസിലാക്കാതെ ജലസേചനത്തിനും പ്രാഥമികാവശ്യങ്ങൾക്കും വാഹനം കഴുകുന്നതിനും പലരും ശുദ്ധജലം ഉപയോഗിക്കുന്നു.
7. ആവശ്യമുണ്ടത്ര ടാപ്പുകൾ അനുവദിക്കുന്നില്ല.
8. പൈപ്പുവെള്ളം ശുദ്ധമല്ല.
9. 1-ാം വാർഡിൽ പ്രവർത്തിക്കുന്ന 17 ഐസ് പ്ലാന്റുകൾ ഓരു കയറ്റത്തിനും ശുദ്ധജല ബെൽട്ടിന്റെ നാശത്തിനും കാരണമാകും.
10. കാനകളുടെ ശരിയായ ശുചീകരണം നടക്കുന്നില്ല.
11. മുനമ്പം ഗവ.ആശുപത്രിയിൽ പേവാർഡുകളും ഓഫീസ് കെട്ടിടവും നിർമിക്കുക.
12. മുനമ്പം ഗവ.ആശുപത്രിയിൽ ശസ്ത്രക്രിയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

## സാധ്യതകൾ

1. പൊതുകിണറുകളും കുളങ്ങളും അയൽക്കൂട്ടങ്ങളുടെ മേൽനോട്ടത്തിൽ ശുദ്ധീകരിച്ച് സൂക്ഷിക്കാം.
2. പൊതുടാപ്പുകൾ ശരിയായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
3. ആറുമാസം കൂടുമ്പോൾ പൈപ്പുവെള്ളം വിതരണം കൃത്യമായ ഗുണപരിശോധനയ്ക്ക് വിധേയമാക്കണം.
4. ഓരു കയറ്റം തടയാൻ തീരങ്ങളിലെ പമ്പിംഗ് കർശനമായി നിയന്ത്രിതമാക്കണം.
5. പുതിയ ടാപ്പുകൾ സ്ഥാപിക്കുക.
6. ജലവിനിയോഗത്തെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
7. കാനകൾ വൃത്തിയാക്കുവാൻ ബഹുജനപങ്കാളിത്തം.

# വിദ്യാഭ്യാസം

മിശ്രഭോജന പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ ഈ പഞ്ചായത്ത് സാമൂഹ്യ - രാഷ്ട്രീയ സാംസ്കാരികരംഗത്ത് ദ്വീപിന്റെ ഇതര ഭാഗങ്ങളെയപേക്ഷിച്ച് ദീർഘകാലത്തെ പാരമ്പര്യമുണ്ട്. 1917ൽ ആരംഭിച്ച സഹോദരസംഘവും ശ്രീനാരായണഗുരു, കുമാരനാശാൻ, ചട്ടമ്പിസ്വാമികൾ എന്നിവരുടെ ആദ്യകാല സമ്പർക്കങ്ങളുംമൂലം സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഗണനീയമായ വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ട്. അയിത്തത്തിനെതിരായും സഞ്ചാര സ്വാതന്ത്ര്യം എല്ലാ വിഭാഗം ജനങ്ങൾക്കും നേടിയെടുക്കുന്നതിനും വേണ്ടിയും നടന്ന പാലിയം സത്യാഗ്രഹം ഉൾപ്പെടെയുള്ള സമരപ്രസ്ഥാനങ്ങളിൽ സജീവമായ പങ്കാളിത്തം വഹിക്കുവാൻ അന്നത്തെ തലമുറയിൽപ്പെട്ട പലർക്കും കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യരംഗത്തുണ്ടായ അത്തരം വളർച്ചകൾ വിദ്യാഭ്യാസരംഗത്തും, ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും ഉണ്ടായി എന്നുള്ളത് എടുത്തു പറയത്തക്കതാണ്. 1913ൽ സ്വകാര്യമെന്നപോലെ ആരംഭിച്ച പ്രസ്ഥാനമാണ് പിന്നീട് ചെറായി പബ്ലിക്ക് ലൈബ്രറിയായി വളർന്നത്.

നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൊടുക്കുന്നതിനുവേണ്ടി ചെറായി വലിയവീട്ടികുന്നിൽ ഒരു ഇൻഡസ്ട്രിയൽ സ്കൂൾ ഉണ്ടായിരുന്നു. അവിടെ നെയ്ത്, മരപ്പണി എന്നിവ കുട്ടികളെ പരിശീലിപ്പിച്ചിരുന്നു. പ്രശസ്ത ചിത്രകാരനായ ആർട്ടിസ്റ്റ് രാമൻ ഈ വിദ്യാലയത്തിലെ വിദ്യാർഥിയായിരുന്നു.

പണ്ടേതന്നെ സമുദായ സൗഹാർദ്ദത്തിന്റെ ഉദാത്തമാതൃക വിദ്യാഭ്യാസരംഗത്ത് പ്രകടമാക്കിയതിന്റെ തെളിവാണ് ഈ പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് വളരെ എളിയ തോതിൽ ആരംഭിച്ച പ്രാഥമിക വിദ്യാലയമാണ്, ഇന്ന് നൂറോളം വർഷം പിന്നിട്ട ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളായി തീർന്നത്. ഇതുതന്നെയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കൊച്ചി, തിരുവിതാംകൂർ, ബ്രിട്ടീഷ് എന്നീ മൂന്നു പ്രദേശങ്ങൾ കൂട്ടിചേർന്നതാണ് ഇന്നത്തെ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്. ഇതിൽ കൊച്ചി രാജ്യത്തിൽപ്പെട്ട പ്രദേശത്തെ സ്കൂളുകൾ രാജഭരണകാലത്തുതന്നെ സ്ഥാപിക്കപ്പെട്ടവയാണ്. തിരുവിതാംകൂർ രാജ്യത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ സ്കൂളുകൾ താരതമ്യേന കുറവായിരുന്നു. ചെറായി പ്രദേശത്ത് നെടിയാറ കണ്ണുപിള്ള ആശാന്റെ ഒരു കളരി ഉണ്ടായിരുന്നു. ബ്രിട്ടീഷ് പ്രദേശത്ത് സ്കൂളുകൾതന്നെ ഉണ്ടായിരുന്നില്ല. കൊച്ചി രാജ്യമായി നിലനിന്നിരുന്ന കാലത്ത് ഈ പഞ്ചായത്തിലുണ്ടായിരുന്ന ഏക ഹൈസ്കൂളാണ് 1907 ൽ അന്നത്തെ കൊച്ചി രാജാവായിരുന്ന രാമവർമ്മ തറക്കല്ലിട്ട ചെറായി രാമവർമ്മ ഹൈസ്കൂൾ. തുടർന്നു തിരുകൊച്ചി സംയോജന (1949 ജൂലൈ 14) ത്തിനു ശേഷം ചെറായി വിജ്ഞാനവർദ്ധിനി സഭയുടെ മാനേജ്മെന്റിൽ ആരംഭിച്ച ഹൈസ്കൂളാണ് വി.വി.സഭ ഹൈസ്കൂൾ (1952). തുടർന്ന് ഈ വിദ്യാലയം കേരളത്തിലെ പ്രസിദ്ധ സാമൂഹ്യ പരിഷ്ക്കർത്താവായ സഹോദരൻ അയ്യപ്പന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ നാമകരണം ചെയ്യപ്പെടുകയും ഇന്നത്തെ സഹോദരൻ മെമ്മോറിയൽ ഹൈസ്കൂളായി തീരുകയും ചെയ്തു.

കേരളപ്പിറവി (1956 നവം.1) ക്കുശേഷമാണ് പഴയ തിരുവിതാംകൂർ പ്രദേശമായ പള്ളിപ്പുറത്ത് നിലനിന്നിരുന്ന സെന്റ് മേരീസ് യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്.

ഔപചാരിക വിദ്യാലയങ്ങൾക്കു പുറമേ നാല് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ,4 ട്യൂട്ടോറിയൽ, ഒരു കംപ്യൂട്ടർ പഠന കേന്ദ്രം, രണ്ട് ബൈൻഡിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലുണ്ട്.

കോളജ് വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ വിദ്യാർഥികൾ, മാല്യങ്കര, പറവൂർ, ആലുവ, കൊച്ചി, എറണാകുളം, ഞാറക്കൽ എന്നീ പ്രദേശങ്ങളിലുള്ള കോളജുകളേയും കളമശേരിയിലെ പോളിടെക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ടുകളേയും ആശ്രയിക്കുന്നു. ചെറായി സെന്റ് റോസ് പള്ളിയുടെ കെട്ടിടത്തിൽ സമീപകാലത്ത് കളമശേരി വനിതാ പോളി ടെക്നിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ്റ്റൻഷൻ അനക്സ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു. ഇതുകൂടാതെ 500 ഓളം വിദ്യാർഥികൾ സമീപസ്ഥമായ പഞ്ചായത്തുകളിലും പറവൂർ നഗരസഭാ അതിർത്തിക്കുള്ളിലുള്ള വിദ്യാലയങ്ങളിലും പഠിക്കുന്നുണ്ട്.

കഴിഞ്ഞ പത്തുവർഷത്തെ കണക്കെടുത്താൽ ഈ പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും വിദ്യാർഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ്, അടുത്ത പഞ്ചായത്തുകളിലേയും നഗരസഭയിലേയും മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം ഇംഗ്ലീഷ് മീഡിയ ഭ്രമം ഇവയൊക്കെ ഇതിനു കാരണങ്ങളാണെന്നും കാണാം. ഏറ്റവും കുറഞ്ഞിരിക്കുന്നത് താരതമ്യേന സർക്കാർ വിദ്യാലയങ്ങളിലാണ്. ഹൈസ്കൂൾ സ്വകാര്യമേഖലയിൽ മാത്രമേയുള്ളൂ. അതിൽ പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗത്തു സ്ഥിതിചെയ്യുന്ന എസ്.എം.ഹൈസ്കൂളിൽ ഓരോ വർഷവും വിദ്യാർഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായും തന്മൂലം അധ്യാപകരുടെ എണ്ണത്തിലും കുറവു വരുന്നതായും കാണാം. പഞ്ചായത്തിന്റെ വടക്കേ അറ്റത്തുനിന്ന വിദ്യാർഥികൾ തെക്കേ അറ്റത്തെ വിദ്യാലയത്തിലേക്കും അല്ലെങ്കിൽ പഞ്ചായത്തിന് പുറത്ത് ഉള്ള വിദ്യാലയങ്ങളിലേക്കും തെക്കേ അറ്റത്തുനിന്ന് വിദ്യാർഥികൾ വടക്കേ ഭാഗത്തുള്ള ഹൈസ്കൂളിലേയ്ക്കും പോകുന്നതായി കാണുന്നു. ഇത് വിദ്യാർഥികളുടെ യാത്രാസൗകര്യം പ്രശ്നമാക്കി തീർക്കുന്നു. ഇതുപോലെതന്നെ കടപ്പുറം ഭാഗത്തെ വിദ്യാർഥികൾക്ക് ഇന്നത്തെ രീതിയിൽ വിദ്യാലയത്തിൽ എത്തിച്ചേരുക ബുദ്ധിമുട്ടുളവാക്കുന്നുണ്ട്.

ഏഴര കിലോമീറ്ററിനുള്ളിൽ 14 വിദ്യാലയങ്ങൾ മൊത്തത്തിലുണ്ട്. ഇവയിൽ യു.പി വിഭാഗത്തോടുകൂടിയുള്ള ഇവയിൽ 3 ഹൈസ്കൂളുകളും 2 യു.പി സ്കൂളുകളും ഉൾപ്പെടുന്നു. മിക്കവാറും പഞ്ചായത്തിന്റെ മധ്യഭാഗത്തായി കിടക്കുന്ന

വൈപ്പിൻ – മുനമ്പം റോഡിന്റെ ഇരുഭാഗങ്ങളിലുമായി രണ്ടെ ണ്ണമൊഴിച്ച് എല്ലാ വിദ്യാലയങ്ങളും സ്ഥിതിചെയ്യുന്നു. ഏക ദേശം തുല്യ അകലത്തിലാണ് ഇവ സ്ഥിതി ചെയ്യുന്നത്.

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെ ന്നാണ്. മൊത്തം 220 പേരിൽ 191 പേരും അധ്യാപികമാരാണ്. ഇവരിൽ നല്ലൊരു ഭാഗത്തിനും വേണ്ടത്ര ഇൻ സർവീസ് ട്രെയ്നിങ്ങ് ലഭ്യമായിട്ടില്ല എന്നാണ് കാണുന്നത്. മിക്ക സ്കൂളു കൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ജലലഭ്യതക്ക് വേണ്ടത്ര കിണറോ, കുടിവെള്ളമോ ലഭിക്കാൻ വാട്ടർ കണക് ഷനോ മിക്കവാറും സ്കൂളുകൾക്കുമില്ല. മിക്കവയ്ക്കും വേണ്ടത്ര സ്റ്റാഫ് മുറി, കക്കൂസ്, പാചകപ്പുര എന്നിവയില്ല. കളിസ്ഥലം, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവയും മിക്ക സ്കൂളുക ളിലും ലഭ്യമല്ല.

പഞ്ചായത്തിൽ 27 അങ്കണവാടികളുണ്ട്. അങ്കണവാടികൾ എല്ലാംതന്നെ വളരെ ശോചനീയാവസ്ഥയിലാണ് പ്രവർത്തി ച്ചുപോരുന്നത്. സ്വന്തം സ്ഥലവും കെട്ടിടവും ഇല്ലായ്മ, വൈദ്യുതി ഇല്ലായ്മ, ഉള്ളകെട്ടിടങ്ങളുടെ ജീർണാവസ്ഥ അനാ രോഗ്യകരമായ പരിസരം, കുടിവെള്ളക്ഷാമം, വൈദ്യുതിയി ല്ലായ്മ പഠനോപകരണങ്ങളുടെയും കളിപ്പാട്ടങ്ങളുടെയും കളി സ്ഥലങ്ങളുടെയും അപര്യാപ്ത – ഇവ നേരിടുന്നുണ്ട്. ജന ങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ അങ്കണവാടികൾതന്നെ ഇല്ലാത്ത അവസ്ഥയുമുണ്ട്.

ഈ പഞ്ചായത്തിലെ എൽ.പി.സ്കൂളുകളിലെ പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളും വളരെയേറെ പോരായ്മകൾ ഉണ്ടെന്ന് തൽസംബന്ധമായ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഈ സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ ശോചനീയ മാണ്. കടപ്പുറം ഉൾപ്പെടുന്ന ഭാഗങ്ങളിൽ പുതിയ സ്കൂളു കൾക്കുള്ള ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. കൂടാതെ കോമ്പൗണ്ട് ഇല്ലാത്ത ഒരു എൽ.പി സ്കൂളും ഈ പഞ്ചായത്തി ലുണ്ട്.

യു.പി.സ്കൂളുകളുടെയും ഭൗതീക സാഹചര്യങ്ങൾ തൃപ്തി കരമല്ല. വേണ്ടത്ര ക്ലാസു മുറികളുടെ അഭാവം, പഠനസൗകര്യ ങ്ങളുടെ അപര്യാപ്തത യഥാസമയം അധ്യാപക നിയമനം നട ക്കാത്ത അവസ്ഥ (പ്രത്യേകിച്ച് സർക്കാർ സ്കൂളുകളിൽ) കളി സ്ഥലങ്ങൾ ഇല്ലായ്മ, ആധുനിക അധ്യാപന സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കാത്തതുകൊണ്ടു പാഠ്യവിഷയങ്ങളിലെ ദുർഗ്ര ഹത ഇവ അനുഭവപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂളുകളാണുള്ളത്. ഇവയിൽ S.S.L.C റിസൾട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധി ക്കുകയാണെങ്കിൽ കഴിഞ്ഞ 5 വർഷത്തെ റിസൽട്ട് കാണിക്കു ന്നത് സ്റ്റേറ്റ് ശരാശരിയേക്കാൾ കൂടുതലാണെങ്കിലും വർഷം തോറും വിജയശതമാനം കീഴോട്ടു പോകുന്നതായാണ്. (S.S.L.C റിസൽട്ട് പട്ടിക താഴെ കൊടുക്കുന്നു.) പൊതുനിലവാരം വേണ്ട ത്രയായിട്ടില്ല എന്നത് മാത്രമല്ല മറ്റു ക്ലാസുകളിലെയും നില വാരം ഉയർന്നിട്ടില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ലായ്മ, ഉള്ളവ ഫലപ്രദ മായി ഉപയോഗിക്കായ്മ, ലബോറട്ടറി, ലൈബ്രറി എന്നിവ യുടെ സ്ഥലപരിമിതി, വിദ്യാർഥികളിൽ വായനാശീലവും പ്രവർത്തിപരിചയവും വളർത്തി എടുക്കുന്നതിൽ വേണ്ടത്ര നിഷ്കർഷയില്ലായ്മ, ക്ലാസുമുറികളുടെ സ്ഥലസൗകര്യക്കുറവ്, ഫർണിച്ചറുകൾ ആവശ്യത്തിനില്ലാത്ത അവസ്ഥ, കളിസ്ഥല ങ്ങളുടെ അലഭ്യത, എന്നിവ ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ആധുനിക അധ്യയന ടെക്നിക്കുകൾ ഉപയോഗിക്കുന്നതിൽ അധ്യാപകർക്ക് വേണ്ടത്ര പരിശീലനം കിട്ടായ്മ, ഇൻ സർവീസ് കോഴ്സുകളുടെ നടത്തിപ്പിൽ വരുന്ന കാലതാമസം, സാങ്കേ തിക വിഷയങ്ങളും പ്രാദേശികാവശ്യങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തായ്മ, ഇവയെല്ലാം ഈ രംഗത്തെ നിലവാരത്ത കർച്ചയ്ക്ക് കാരണങ്ങളായി തീർന്നിരിക്കുന്നു.

ഏതാനും ടൈപ്പ്റൈറ്റിംഗ്, ഇൻസ്റ്റിറ്റ്യൂട്ടുകളും ബെൻഡിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു കമ്പ്യൂട്ടർ സെന്ററും സ്വകാര്യമേഖല യിൽ ഉണ്ടെന്നതൊഴിച്ചാൽ കാര്യമായൊരു സ്ഥാപനവും ഈരം ഗത്തു പ്രവർത്തിക്കുന്നില്ല. ഉള്ളവ ഇന്നത്തെ ആധുനികാവശ്യ ങ്ങൾക്ക് പര്യപ്തമല്ലതാനും.

സ്കൗട്ട് പ്രസ്ഥാനം കാര്യമായി പ്രവർത്തിക്കുന്നത് ചെറായി രാമവർമ യൂണിയൻ ഹൈസ്കൂളിൽ മാത്രമാണ്. രാഷ്ട്രപതി യിൽനിന്നും 11 ആൺകുട്ടികൾക്ക് രാജപുരസ്ക്കാരം ലഭിച്ചി ട്ടുണ്ട്. ഇത് അഭിമാനർഹമാണ്.

എസ്എം.ഹൈസ്കൂളിൽ മാത്രമെ എൻ.സി.സി പ്രവർത്തി ക്കുന്നുള്ളൂ. ഈരംഗത്ത് ഗതകാലങ്ങളിൽ അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്തും ഇപ്പോൾ മാന്ദ്യത കാണുന്നുണ്ട്.

കായിക – കലാരംഗങ്ങളിലും ഹൈസ്കൂകളിലെയും യുപി സ്കൂളുകളിലേയും വിദ്യാർഥികൾ ചില നേട്ടങ്ങൾ ജില്ലാതലം വരെയും ഉണ്ടാക്കിയിട്ടുണ്ട്. വളരെ അപൂർവ്വമായി സ്റ്റേറ്റ് ലെവ ലിലുള്ള മത്സരങ്ങളിലും പങ്കെടുത്തു സമ്മാനിതരായിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് ദേശീയതലത്തിൽ എത്താൻ സാധിച്ചി ട്ടില്ല. പക്ഷേ, മുൻകാലങ്ങളിൽ കായികരംഗത്ത് ദേശീയ താര ങ്ങളെ സൃഷ്ടിക്കുവാൻ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നകാര്യം വിസ്മരിക്കാവുന്നതല്ല.

പ്രൈമറി തലത്തിൽ ചില പ്രവർത്തനങ്ങൾ ഈ രംഗത്തു ണ്ടെങ്കിലും അവ വേണ്ടത്രയായിട്ടില്ല.

## അധ്യാപക-രക്ഷാകർതൃസംഘടന

പഞ്ചായത്തു പ്രദേശത്തുള്ള എല്ലാ സ്കൂളുകളിലും അധ്യാ പക – രക്ഷാകർതൃസംഘടനകൾ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തിന്റെ കൃത്യമായ വിലയിരുത്തൽ നടത്തി പ്രവർത്തി ക്കുവാൻ സന്നദ്ധമായിട്ടുള്ളവ വിരളമാണ്. ഹൈസ്കൂളിൽ S.S.L.C ഫലം മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങളിൽ PTA യുടെ പ്രവർത്തനം വിലപ്പെട്ടതാണെന്നുള്ള അവബോധം രക്ഷാ കർത്താക്കളിൽ സജീവമായി വരുന്നത് ശുഭോർക്കമാണ്. എങ്കിലും പ്രവർത്തി പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയാ ത്തത് ഈ രംഗത്തെ പൊതുദൗർബല്യമാണ്. മാതൃസംഗമ ങ്ങൾ എല്ലാ സ്കൂളിലും നടക്കാറുണ്ടെങ്കിലും തുടർപ്രവർത്തനം നടക്കാറില്ല. തുടർപ്രവർത്തനത്തിന്റെ സാധ്യതയും പ്രസക്തിയും വിലയിരുത്തപ്പെട്ടിട്ടില്ല.

ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ PTA യുടെ സേവനം അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. ഉച്ചക്കഞ്ഞി വിതര ണത്തിന് ഇവിടങ്ങളിൽ PTA യുടെ സഹായമുണ്ട്. വർധിച്ചുവ രുന്ന 'ഇംഗ്ലീഷ് മീഡിയം' ഭ്രമം തടയുന്ന തരത്തിൽ പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം ആകർഷകവും വിപുലവുമാക്കാൻ രക്ഷാകർതൃസംഘടനകളുടെ ഇടപെടൽ അനിവാര്യമാണ്. സ്കൂൾ നിലനില്ക്കുന്ന പ്രദേശത്തെ ഗ്രാമസഭ, അയൽക്കൂട്ടം, വ്യാപാരസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയെ സഹകരിച്ച് പഠനസാധ്യത വർധിപ്പിക്കുവാൻ കഴിയുന്നത് രക്ഷാ കർതൃസംഘടനകൾക്ക് മാത്രമാണ്. പ്രൈമറി സ്കൂളുകളുടെ കാര്യത്തിൽ ഈ അടിസ്ഥാനത്തിലുള്ള ചിന്തയും പ്രവൃത്തിയും രൂപപ്പെടുത്താൻ സംഘടിത പ്രവർത്തനത്തിന് വിദ്യാഭ്യാസപ ദ്ധതിയിൽ സ്ഥാനം വേണം.

കെ.ഇ.ആർ (കേരളാ എജ്യൂക്കേഷണൽ റൂൾസ്) പ്രകാരം ഒരു മാതൃകാ സ്കൂളിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗക

ര്യങ്ങൾ എന്തെല്ലാം എന്നും നിലവിലുള്ള സ്കൂളുകളിൽ ഇവയിൽ ഏതെല്ലാം ഉണ്ട് എന്നും വിശദമായി വിലയിരുത്തുന്നത് നന്നായിരിക്കും. സ്കൂളുകൾ അനുവദിക്കുന്ന സമയത്ത് ഔദ്യോഗികതലങ്ങളിൽ അക്കാദമികമല്ലാത്ത പരിഗണനകൾ ഉണ്ടായിരുന്നോ എന്ന് ഇതുവഴി നമുക്ക് വ്യക്തമാവും.

മൂന്നു ഹൈസ്കൂളുകളിലും സജീവമായി രക്ഷാകർതൃ സംഘടനകൾ പ്രവർത്തിക്കുന്നു.

ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽ പി.ടി.എ ദീർഘകാലമായി ഉണ്ട്. എങ്കിലും ഫലപ്രദമായ അക്കാദമിക് ഇടപെടലുകൾ ഇല്ല. കഴിഞ്ഞ നാലഞ്ചു വർഷമായി അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുവാൻ സഹകരിക്കുന്നു. സ്കൂളിനുമുന്നിൽ ബസ്ബേ പണിതത് രക്ഷാകർതൃസമിതിയാണ്. 120 വിദ്യാർഥികൾക്ക് 1994ൽ സൗജന്യ യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. പൂർവവിദ്യാർഥി സംഘടന പുനഃസംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ചെറായി സഹോദരൻ മെമ്മോറിയൽ 1968 മുതൽ P.T.A പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഹൈസ്കൂൾ അക്കാദമിക് ഇടപെടലുകൾ നടത്തുവാൻ അധ്യാപക രക്ഷാകർതൃസമിതി ഇപ്പോൾ തയാറുണ്ട്. S.S.L.C വിദ്യാർഥികളുടെ ഗൃഹസന്ദർശനം ഇവിടുത്തെ പ്രധാനസംഗതികളിലൊന്നാണ്. ഗൃഹസന്ദർശനത്തിലൂടെ കുട്ടികൾക്ക് പഠനത്തിന് കൃത്യമായ ഒരു ടൈംടേബിൾ ഉണ്ടാക്കുവാൻ സഹായിക്കുന്നു. ടി.വി പരിപാടികൾ പോലുള്ള പരിപാടികൾപോലും ഉപേക്ഷിച്ച് പഠനത്തിന് മനസ്സുന്നുവാൻ വിദ്യാർഥികൾക്ക് ഇതുമൂലം കഴിയുന്നുണ്ട്. ഓണപ്പരീക്ഷയ്ക്കും ക്രിസ്തുമസ് പരീക്ഷയ്ക്കും നല്ലമാർക്കു നേടുന്നവർക്ക് സമ്മാനം കൊടുത്തും പ്രോത്സാഹിപ്പിക്കുന്നു. തന്റെ പഠനത്തിന്മേൽ സാമൂഹ്യമായ ഒരു ശ്രദ്ധയുണ്ടെന്ന ബോധം ബഹുദൂരം മുന്നിലേക്ക് പോകുവാൻ വിദ്യാർഥികൾക്ക് തീർച്ചയായും സാധ്യമാവും.

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലും രക്ഷാകർതൃസംഘടനയുടെ സജീവതയുണ്ട്. കുറച്ചു കൊല്ലങ്ങൾക്കു മുമ്പുവരെ അക്കാദമിക് കാര്യങ്ങളിൽ രക്ഷാകർതൃസമിതിയുടെ ഇടപെടൽ ഉണ്ടായിരുന്നു. PTA ഇടപെടലുകൾ അക്കാദമീയമായില്ലാതെ വന്നത് SSLC റിസൽട്ടിനെ ബാധിച്ചതായി കാണാം. അടിസ്ഥാനസൗകര്യങ്ങൾക്കായി സ്കൂളിനെ രക്ഷാകർതൃസമിതി സഹായിക്കുന്നു. കൂടാതെ സ്കൂൾ അങ്കണത്തിലും വീട്ടുമുറ്റത്തും പച്ചക്കറികൃഷി നടത്തുന്ന പദ്ധതിയെ സഹായിക്കുന്നതിനുമുള്ള ദീർഘവീക്ഷണം ഇവിടുത്തെ സമിതി കാണിച്ചു എന്നത് വിദ്യാഭ്യാസ സമഗ്രതയുടെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടണം. 95-96 ൽ കൃഷിത്തോട്ട നിർമാണത്തിന് ജില്ലാ അടിസ്ഥാനത്തിൽ നടന്ന വിലയിരുത്തലിൽ സ്ഥാപനത്തിന്നു വിദ്യാർഥിക്കും അധ്യാപകനും ഉള്ള ഒന്നാം സമ്മാനം ഈ സ്കൂളിലാണ് ലഭിച്ചത് എന്നത് അഭിമാനാർഹമാണ്.

എല്ലാ സ്കൂളുകളിലേയും കലാസാഹിത്യ പ്രവർത്തനങ്ങൾക്കുള്ള സഹായം നൽകുന്നത് രക്ഷാകർതൃസമിതിയാണ്. കലാപരിശീലനത്തിനും സമിതിയുടെ ശ്രദ്ധയുണ്ടെങ്കിൽ പഞ്ചായത്തിലെ സ്കൂളുകൾക്ക് ആ രംഗത്തും മുന്നണിയിലേക്ക് വരുവാൻ കഴിയും. പൊതുവേ പരിശോധിച്ചാൽ സംസ്ഥാന ശരാശരിയേക്കാൾ പിന്നോക്കം പോകുന്ന അക്കാദമിക് അവസ്ഥയിൽ ഉത്തരവാദിത്വത്തോടെയുള്ള ഇടപെടൽ നടത്താൻ കൃത്യതയോടെ കഴിയുന്നത് അധ്യാപക രക്ഷാകർതൃ സമിതികൾക്ക് മാത്രമാണ്. ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയുക അധ്യാപക രക്ഷാകർതൃ സംഘടനകൾക്കാണ്. ഈ വഴിയ്ക്കുള്ള ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനം നടത്തുവാൻ അധ്യാപകരക്ഷാകർതൃ സംഘടനകളെ സജ്ജമാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. എസ്.എസ്.എൽ.സി വിജയശതമാനം കുറഞ്ഞു വരുന്നു.
2. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
3. ഡിവിഷൻ കുറയാനുള്ള സാധ്യത മിക്ക സ്കൂളുകളിലും നിലനിൽക്കുന്നു.
4. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു പോകുന്ന വിദ്യാർഥികളുടെ എണ്ണം കൂടിവരുകയാണ്.
5. സ്കൂൾ വിദ്യാർഥികളിലെ നിരക്ഷരതയ്ക്ക് ഇപ്പോഴും വേണ്ടത്ര കുറവില്ല.
6. പഞ്ചായത്തിന്റെ വടക്കേ അറ്റത്തുനിന്നും തെക്കേ അറ്റത്തേക്കും പഞ്ചായത്തിനു വെളിയിലേക്കും തെക്കുനിന്ന് വടക്കോട്ട് ചില പ്രത്യേക പരിഗണനവെച്ച് വിദ്യാർഥികൾ പോകുന്നത് അവരുടെ യാത്ര പ്രശ്നം സൃഷ്ടിക്കുന്നു.
7. ശിശുവിദ്യാഭ്യാസത്തിനു സൗകര്യമില്ല.
8. നിലവിലുള്ള അങ്കണവാടികളുടെ കെട്ടിടങ്ങൾ അപര്യാപ്തമാണ്.
9. അങ്കണവാടികളുടെ ആവശ്യത്തിന് പഠനോപകരണങ്ങളില്ല.
10. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിത പരിപാടികളൊന്നും നടപ്പാക്കുന്നില്ല.
11. കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ പഞ്ചായത്തിലില്ല.
12. സ്കൂളുകൾക്കൊന്നിനും എന്നു വേണ്ട പഞ്ചായത്തിൽപോലും കളിസ്ഥലമില്ല.
13. പഞ്ചായത്തിനകത്തു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യത്തിനില്ല.
14. പഞ്ചായത്തിൽ ഹയർ – സെക്കണ്ടറി /പി.ഡി.സി വിദ്യാഭ്യാസ സൗകര്യമില്ല.
15. അധ്യാപികമാരുടെ എണ്ണം അധ്യാപകരുടേതിനേക്കാൾ വളരെ കൂടുതലായതിനാൽ പല സ്കൂളുകളിലേയും പഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.
16. സ്കൂൾ കോമ്പൗണ്ടുകൾ വേണ്ടത്രയില്ല. തോട്ടം വെച്ചുപിടിപ്പിക്കാനും കൃഷി ചെയ്യുന്നതിനും വേണ്ടത്ര സ്ഥലസൗകര്യമില്ല.
17. ലൈബ്രറികളുടെ നില ശോചനീയം-പുസ്തകവിതരണം കാര്യക്ഷമമായി നടക്കുന്നില്ല.
18. ഫണ്ടുകളുടെ അപര്യാപ്തത.
19. ലാബുകളുടെ സൗകര്യങ്ങൾ പരിമിതം.
20. ഭൂരിപക്ഷം സ്കൂളുകൾക്കും വേണ്ടത്ര അടിസ്ഥാന സൗകര്യം ഇല്ല.
21. യു.പി, എൽ.പി ഹെഡ്മാസ്റ്റർമാർക്ക് ക്ലാസ് ചാർജ് അവരുടെ ജോലി ഭാരം വർധിപ്പിക്കുന്നു.
22. പാഠപുസ്തകങ്ങൾ യഥാസമയം കിട്ടാത്ത അവസ്ഥ.

## സാധ്യതകൾ

1. അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് പഠനനിലവാരം മെച്ചപ്പെടുത്തുക.
2. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് ശക്തമാക്കുക.
3. അധ്യാപകർക്കായി പഠന ശിബിരം, വർക്ഷോപ്പ്, ഇൻ സർവീസ് കോഴ്സുകൾ ഇവ സബ്-ജില്ലാ പഞ്ചായത്ത് തലത്തിൽ നടത്തുക.
4. ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങൾ തയാറാക്കാൻ കുട്ടികളെ ശീലിപ്പിക്കുക.
6. പഠനപര്യടനങ്ങൾ സംഘടിപ്പിക്കുക.
7. കലാ-സാഹിത്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | വാട്ടർ ടാപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | സെന്റ് ജോസഫ്സ് എൽ.പി | 50 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | ഗവ.എൽ.പി.എസ്. പള്ളിപോർട്ട് | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3 | സെന്റ് മേരീസ് എച്ച്.എസ് " | 3.10 " | ഉണ്ട് | ഉണ്ട് | ഉണ്ട് | -- | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 4 | എൽ.എഫ്. കോൺവെന്റ് " | -- | ഉണ്ട് | ഉണ്ട് | ഇല്ല | -- | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | സെന്റ് റോക്കീസ് എൽ.പി.എസ് " | 28.75 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | എസ്.എസ്.അരയ യു.പി.എസ് " | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 7 | എസ്.എം.എൽ.പി.എസ്. ചെറായി | -- | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 8 | എസ്.എം ഹൈസ്കൂൾ " | 2.97 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | -- | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 9 | സെന്റ് ജോർജ് എൽ.പി.എസ് " | 50 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 10 | ഗവ. എൽ.പി.എസ്. ചക്കരക്കടവ് " | 50 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 11 | ആർ.വി.യു.എൽ.പി.എസ്. ചെറായി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | -- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | വി.വി.സഭ എൽ.പി.എസ് " | 4.11 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 13 | ഗവ. എൽ.പി.ജി.എസ്. " | 57 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 14 | ആർ.വി.യു.എച്ച്. ചെറായി | 2.50 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | -- | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | എസ്/എസ്ടി കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | യോഗ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | B.Ed | T.T.C |
| 1 | സെന്റ് ജോസഫ എൽ.പി | | 126 | 105 | 231 | 1 | 2 | 3 | | 7 | 7 | - | T.T.C |
| 2 | ഗവ.എൽ.പി.എസ്. | | 74 | 57 | 131 | 5 | 2 | 7 | | 5 | 5 | | - |
| 3 | സെന്റ് മേരീസ് എച്ച്.എസ് | | 958 | 869 | 1827 | 14 | 21 | 35 | 6 | 49 | 55 | | |
| 4 | എൽ.എഫ്.സി | | 222 | 311 | 533 | | | | | 17 | 17 | | |
| 5 | സെന്റ് റോക്കീസ് എൽ.പി | | 98 | 85 | 183 | 5 | 3 | 8 | | 4 | 4 | | |
| 6 | എസ്.എസ്.അരയ യു.പി | | 280 | 239 | 519 | 6 | 8 | 14 | 5 | 14 | 19 | | |
| 7 | എസ്.എം.എൽ.പി.എസ് | | 109 | 95 | 204 | 9 | 6 | 15 | 1 | 5 | 6 | | |
| 8 | എസ്.എം.എച്ച്.എസ് | | 407 | 397 | 804 | 48 | 43 | 91 | 5 | 27 | 32 | | |
| 9 | സെന്റ് ജോർജസ് എൽ.പി | | 188 | 185 | 373 | 23 | 17 | 40 | | 9 | 9 | | |
| 10 | ഗവ.എൽ.പി.എസ് | | 60 | 47 | 107 | 5 | 3 | 8 | | 4 | 4 | | |
| 11 | ആർ.വി.യു.എൽ.പി.എസ് | | 121 | 125 | 246 | 23 | 18 | 41 | 2 | 7 | 9 | | |
| 12 | വി.വി.എസ്.എൽ.പി.എസ് | | 137 | 96 | 233 | 23 | 19 | 42 | 2 | 5 | 7 | | |
| 13 | ഗവ.എൽ.പി.ജി.എസ് | | 57 | 52 | 109 | 12 | 16 | 28 | 1 | 4 | 5 | | |
| 14 | ആർ.വി.യു.എച്ച്.എസ് | | 720 | 443 | 1163 | 139 | 103 | 242 | 7 | 34 | 41 | | |

## എസ്.എസ്.എൽ.സി വിജയശതമാനം

| | | സ്കൂളിന്റെ പേര് | | |
|---|---|---|---|---|
| ക്രമനമ്പർ | വർഷം | St.Mary's HS | SM HS | RVU HS |
| 1 | 91-92 | 76 | 60 | 63 |
| 2 | 92-93 | 74 | 60 | 58 |
| 3 | 93-94 | 62 | 56 | 52.6 |
| 4 | 94-95 | 68 | 58 | 50 |
| 5 | 95-96 | 55 | 45 | 38 |

# സംസ്കാരം

ഒരു സമൂഹത്തിന്റെ സാംസ്കാരികതലങ്ങളുടെ വേരുകൾ തേടിച്ചെല്ലുമ്പോൾ ആ സമൂഹത്തിലെ വിഭിന്നങ്ങളെങ്കിലും ദൃഢമായ ആചാരങ്ങളിലും വിശ്വാസങ്ങളിലുമായിരിക്കും നാം ചെന്നെത്തുക. സംസ്കാരത്തിന്റെ പ്രാഥമികഘട്ടം ഇവിടെ ആരംഭിക്കുന്നു എന്നു ചുരുക്കം. ഈ പ്രാഥമികതലം രൂപപ്പെടുത്തിയെടുക്കുന്നതിൽ അതാതു പ്രദേശങ്ങളിലെ ആരാധനാലയങ്ങൾക്കാണ് മുന്തിയ പങ്കുള്ളത്. വിശ്രമമില്ലാതെ അധ്വാനിക്കാൻ വിധിക്കപ്പെട്ട കീഴാളർ അസുലഭങ്ങളായി വീണുകിട്ടിയിട്ടുള്ള വിശ്രമനിമിഷങ്ങളിൽ, പ്രയത്നഭാരം കുറക്കാൻ ബോധപൂർവ്വമോ അബോധപൂർവ്വമോ രൂപപ്പെടുത്തിയിട്ടുള്ല കലാസൃഷ്ടികൾക്കും സംസ്കാരത്തിന്റെ പ്രാഥമികതലങ്ങളിലേക്ക് സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇതു ചരിത്രസത്യമത്രേ.

പള്ളിപ്പുറം പഞ്ചായത്തിലെ പ്രധാനപ്പെട്ട ആരാധനാലയങ്ങളെക്കുറിച്ച് നേരത്തെ പ്രസ്താവിച്ചിട്ടുണ്ട്. മതപരമായ ആചാരനുഷ്ഠാനങ്ങളുടെ പരിമിതി ഇവയ്ക്കുണ്ടെങ്കിലും അതാതവസരങ്ങളിൽ അവ നടത്തുന്ന ഉത്സവാഘോഷ പരിപാടികൾ സാമൂഹികരംഗത്ത് സകല വിഭാഗീയതകൾക്കുമപ്പുറം സാംസ്കാരികമായി സ്വാധീനം ചെലുത്തുക മാത്രമല്ല വലിയ സംഭാവനകൾ നൽകുന്നുമുണ്ട്.

പള്ളിപ്പുറം മഞ്ഞുമാതാവിന്റെ പള്ളിയിൽ പെരുനാളും ശ്രീനാരായണഗുരു പ്രതിഷ്ഠ നടത്തിയ ചെറായി ശ്രീ ഗൗരീശ്വര ക്ഷേത്രത്തിലെ ഉത്സവവും ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ആഘോഷപരിപാടികളാണെന്നു മാത്രമല്ല, ദേശീയോത്സവങ്ങളുടെ പ്രതീതിയിൽ നടത്തപ്പെടുന്ന ഈ ആഘോഷങ്ങൾ, ഈ ഗ്രാമവാസികൾ ഒന്നടങ്കം അതേപടി ഉൾക്കൊള്ളുകയും യാതൊരു അതിർവരമ്പിന്റെയും വേരുകൂറുകളില്ലാതെ അവയിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. നമ്മുടെ അഖണ്ഡതയ്ക്കും മതേതരത്വത്തിനും ഈടുറ്റ സംഭാവനയല്ലേ ഇതു കൊണ്ടു സിദ്ധിക്കുന്നത്? മാത്രമോ? ഉത്സവങ്ങളോടനുബന്ധിച്ച് ദിവസങ്ങളോളം നടത്തപ്പെടുന്ന കലാപരിപാടികളും മറ്റും ഈ സമൂഹത്തിന്റെ സാംസ്കാരികനിലവാരം ഉയർത്തുന്നതിൽ നൂറ്റാണ്ടിനപ്പുറം മുതൽ നമുക്ക് ഉതകിക്കൊണ്ടിരിക്കുകയാണല്ലേ?

കാശി മഠത്തിലെ പ്രഥമ ഗുരുവര്യർ ശ്രീമദ് യാദവേന്ദ്ര തീർത്ഥസ്വാമിജി 1565–ൽ വൈപ്പിനിലെ അഴീക്കൽ സ്ഥാപിച്ച ശ്രീവഹാരക്ഷേത്രം കടലാക്രമണത്തെത്തുടർന്ന് 1869 ൽ ചെറായിയിലേക്ക് മാറ്റി സ്ഥാപിച്ച അഴീക്കൽ ശ്രീ വരാഹ ദേവസ്വ ക്ഷേത്രം നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ്. സപ്താവരണങ്ങളുള്ള കേരളത്തിലെ ഏക ക്ഷേത്രമാണിത്. പാലിയത്ത് അച്ചന്റെ പേരിലാണ് 1869 മുതൽ ഉഷപൂജ നടത്തുന്നത്. വർഷത്തിൽ രണ്ടു പ്രാവശ്യം നടക്കാറുള്ള ഉത്സവങ്ങൾ, പ്രത്യേകിച്ച് കേരളത്തിൽ മറ്റൊരു ആരാധനാലയങ്ങളിലും ഇല്ലാത്ത വിധത്തിൽ രഥം റെയിലിൽ ഓടിക്കുന്ന രഥോത്സവാഘോഷം പ്രത്യേകിച്ച് എടുത്തു പറയേണ്ടതാണ്. ജാതി മതാദിചിന്തകൾക്കപ്പുറത്ത്, ഇതെല്ലാം ആസ്വദിക്കാൻ ഈ ഗ്രാമത്തിലെ സഹോദരങ്ങൾ ഒന്നിക്കുന്നു എന്നുള്ളതാണ് നമ്മുടെ സാംസ്കാരികരംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്ന സവിശേഷത. ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, കോവിലങ്ങൾക്ഷേത്രം, നെടിയറക്ഷേത്രം, തിരുമനാംകുന്ന്ക്ഷേത്രം തുടങ്ങിയ ആരാധനാലയങ്ങളിലെ ഉത്സവങ്ങളും പരിപാടികളും മുൻപു സൂചിപ്പിച്ചിട്ടുള്ള നിരവധി കൊച്ചു ദേവാലയങ്ങളിലെ പരിപാടികളും നമുക്ക് നമുക്ക് സാംസ്കാരികമായി നേട്ടങ്ങളുണ്ടാക്കിത്തന്നിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ നാമധേയം കേരളത്തിൽ എല്ലായിടത്തും കേരളത്തിനു പുറത്തും എത്തിച്ചിട്ടുള്ള ധന്യരായവ്യക്തികൾക്കു ജന്മം കൊടുക്കാനും ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. സാമൂഹിക വിപ്ലവകാരികൾ, നിസ്വാർത്ഥ സാമൂഹിക സേവകൾ, പണ്ഡിതന്മാർ, കവികൾ, പത്രപ്രവർത്തകർ തുടങ്ങിയവരുടെ ഒരുനിരതന്നെ അക്കൂട്ടത്തിൽപെടുന്നു.

കേരള ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന സഹോദരൻ അയ്യപ്പൻ ജനിക്കുകയും അരനൂറ്റാണ്ടുകാലം നീണ്ടുനിന്ന തന്റെ സാമൂഹികസേവനത്തിന്റെ തുടക്കം കുറിക്കുകയും ചെയ്ത നാടാണിത്. മഹാപണ്ഡിതനും സാഹിത്യചരിത്രകാരനും വിമർശകനും അധ്യാപകനുമായിരുന്ന എ.ഡി.ഹരിശർമ്മ, അദ്ദേഹത്തിന്റെ കനിഷ്ട സഹോദരനും അഖിലേന്ത്യാ പ്രശസ്തനുമായിരുന്ന ഗ്രന്ഥകാരൻ പണ്ഡിതൻ എ.സി.ശർമ്മ, സാമൂഹികപ്രവർത്തകനും കവിയുമായിരുന്ന അഞ്ചൽശ്ശേരി കറുപ്പനാശാൻ, ചെറുകഥാകൃത്ത് ദാസ് ചെറായി, കവിയും ഗായകനുമായ ചെറായി.ജി, പുരോഗമനഗാനങ്ങൾ രചിച്ചിട്ടുള്ള പാനായിക്കുളം കുമാരൻ, കഥാകൃത്തും കവിയുമായിരുന്ന ശങ്കരൻ കരിപ്പായി. മലയാള ചലച്ചിത്രവേദിയിൽ 3 ദശകങ്ങളോളമായി നിറഞ്ഞു നിൽക്കുന്ന അതുല്യനടൻ ശങ്കരാടി, നടനും സംവിധായകനുമായ രാജൻ ശങ്കരാടി, ചലച്ചിത്രരംഗത്ത് നിരവധി അവാർഡു വാങ്ങിയ എഡിറ്റർ സുരേഷ്ബാബു, അഖിലേന്ത്യാ പ്രശസ്തയും അംഗവൈകല്യം ബാധിച്ചിട്ടും അതിനെ അസാധരണമായ മനക്കരുത്തു കൊണ്ടു നേരിട്ടും അതിജീവിച്ച് രോഗികൾക്ക് ദേവതയായി സേവനമനുഷ്ഠിച്ചിട്ടുള്ള പുതുശ്ശേരി ഡോ. മേരി വർഗ്ഗീസ്, ഗ്രന്ഥകാരനായ എൻ.ആർ.പ്രഭാകരൻ, ദേശീയതലത്തിൽ അംഗീകാരം നേടിയിട്ടുള്ള കുട്ടികളുടെ സാഹിത്യകാരനും അധ്യാപകനുമായ സിപ്പി പള്ളിപ്പുറം, പ്രശസ്ത പത്രപ്രവർത്തകനായ ടി.വി.ആർ.ഷേണായ് തുടങ്ങി ഈ പഞ്ചായത്തിന്റെ സന്താനങ്ങളായ നിരവധിപേർ ഈ ഗ്രാമത്തിന്റെ അഭിമാനഭാജനങ്ങളായുണ്ട് എടുത്തു കാട്ടാൻ.

കഥകളി, ചവിട്ടുനാടകം, വില്ലടിച്ചാൺപാട്ട് മുതലായ പൂർവ്വ കലകൾക്കും നാടകം തുടങ്ങിയ ആധുനിക കലകൾക്കും വളരുവാൻ വളക്കൂറുറുള്ള മണ്ണ് സ്വന്തമായുള്ള ഗ്രാമമാണ് പള്ളിപ്പുറം പഞ്ചായത്ത്.

അപ്പുവാശാന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്ന ചെറായി കഥകളി യോഗത്തെപ്പറ്റി എടുത്തു പറയേണ്ടതുണ്ട്. ചെണ്ട വിദഗ്ധൻ മാധവൻ, ചുട്ടി വിദഗ്ധൻ വേലാണ്ടി, കിട്ടുകുത്തി മുതലായവർ ചേർന്നാണ് ഈ കഥകളി ട്രൂപ്പ് നടത്തിയിരുന്നത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കഥകളി നടത്തുക മാത്രമല്ല, കഥകളി പഠിപ്പിക്കുന്ന പരിശീലനകേന്ദ്രം നടത്തുകയും ചെയ്തിരുന്നു ഇവർ. നിത്യവൃത്തിക്കുവേണ്ടി കൂലിവേല ചെയ്തിരുന്നവരാണ് ഇതിലെ കലാകാരന്മാർ എന്നറിയു

മ്പോഴാണ്, കലാരംഗത്തോടുള്ള അവരുടെ അർപ്പണബോധത്തിന്റെ ആഴവും ഔന്നത്യവും ബോധ്യമാവൂ.

പള്ളിപ്പുറം പ്രദേശത്തെ കേന്ദ്രമാക്കി ചില ചവിട്ടുനാടക ട്രൂപ്പുകൾ ചവിട്ടു നാടകങ്ങൾ നടത്തിയിരുന്നു. വളരെ പണച്ചെലവുള്ള ഈ കലാസൃഷ്ടിക്കും, എല്ലാ നഷ്ടവും സഹിച്ച് നിസ്വാർത്ഥമായി അവതരിപ്പിക്കുകയും ആവുന്നത്ര മുന്നോട്ടു കൊണ്ടു പോവുകയും ചെയ്തിട്ടുള്ള അനുഗ്രഹീത കലാകാരന്മാർ ഈ ഗ്രാമത്തിലുണ്ടായിരുന്നു. ചവിട്ടുനാടകം ഇപ്പോൾ ഇവിടെ അവതരിപ്പിക്കപ്പെടുന്നില്ലെങ്കിലും അവയിൽ പങ്കെടുത്തിട്ടുള്ള ചില കലാകാരന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

കഥകളി – ചവിട്ടുനാടകം എന്ന ഈ രണ്ടു കലാപരിപാടികളും ഒരിക്കൽ അരങ്ങേറിയിരുന്ന കലാകാരന്മാർ ഇവിടെയുണ്ടായിരുന്നു എന്ന ചരിത്രസ്മരണയായി അതു മാറുമ്പോഴും നമ്മുടെ സാംസ്കാരി വളർച്ചയിൽ അവ നൽകിയിട്ടുള്ള സംഭാവനയെ കൃതജ്ഞതയോടെ രേഖപ്പെടുത്തേണ്ടതുണ്ട്.

കായികരംഗത്ത് നന്നായി വിളങ്ങിയിരുന്ന ധാരാളം പ്രതിഭകൾ നമുക്കുണ്ടായിരുന്നു. ചെറായി വലിയവീട്ടുകുന്ന് മൈതാനിയിൽ ഫ്രൻസ് ക്ലബ് കഴിഞ്ഞ ഇരുപതുവർഷങ്ങളോളം ഫുട്ബോൾ മത്സരം നടത്തിയിരുന്നു. അതേപോലെ ചെറായി വോളിബോൾ ക്ലബ് വോളിബോൾ രംഗത്ത് നിരവധി പ്രതിഭകളെ സംഭാവനചെയ്ത കായികസംഘടനയാണ് പക്ഷെ ഇന്ന് ഈ ക്ലബുകളുടെ പ്രവർത്തനം ഏതാണ്ട് നിലച്ചിരിക്കുന്നു. ഇത്തരം കളികൾക്ക് മൈതാനമില്ല എന്നതാണ് പ്രധാന പ്രശ്നം. പഞ്ചായത്ത് പ്രദേശത്ത് ഒരു കളിസ്ഥലമില്ലാത്തതിനാൽ കായിക പ്രതിഭകൾക്ക് വളരാൻ സാധിക്കുന്നില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

സംസ്കാരത്തിന്റെ ഊടുവയലിലേക്കുള്ള വിലപ്പെട്ട നിക്ഷേപം നൽകുന്ന വൈജ്ഞാനികകേന്ദ്രങ്ങളാണല്ലോ വായനശാലകളും ഗ്രന്ഥാലയങ്ങളും. നമ്മുടെ ഗ്രാമത്തിലും എളിയ നിലയിലും വലിയ നിലകളിലും അവയുടെ പ്രവർത്തനമുണ്ട്.

ഒരുകാലത്ത് കൊച്ചി സംസ്ഥാനത്ത് രണ്ടാം സ്ഥാനമുണ്ടായിരുന്ന ചെറായി പബ്ലിക് ലൈബ്രറിയാണ് ഇക്കൂട്ടത്തിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ആരംഭം കുറിച്ച ഈ സാംസ്കാരികകേന്ദ്രം എട്ടിലേറെ ദശകങ്ങൾ പിന്നിട്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ, ജീവിതരംഗങ്ങളിൽ പിന്നീട് പ്രമുഖരായ പലരും ഈ ഗ്രന്ഥാലയത്തെ ആശ്രയിച്ചിട്ടുള്ളവരാണ്. നിരവധി വൈജ്ഞാനിക ഗ്രന്ഥങ്ങളും പ്രാചീനഗ്രന്ഥങ്ങളും അപൂർവ്വരേഖകളുൾക്കൊള്ളുന്ന പഴയ മാസികകളും മറ്റും സവിശേഷ ശ്രദ്ധയോടെ സൂക്ഷിച്ചു വച്ചിട്ടുള്ള ഈ ഗ്രന്ഥാലയത്തിന്, അർഹിക്കുന്ന കെട്ടിടസൗകര്യമില്ലെന്ന ദുഃഖസത്യമുണ്ട്. അതു പരിഹരിക്കപ്പെട്ടാൽ ഈ പഞ്ചായത്തിനും ഈ ദ്വീപിനും മാത്രമല്ല അയൽപ്രദേശങ്ങൾക്കും അവിടങ്ങളിലുള്ള ഗ്രന്ഥാലയങ്ങൾക്കും മാതൃകയായി പ്രവർത്തിക്കാൻ ഈ വിജ്ഞാനകേന്ദ്രത്തിനു കഴിയും. ഗ്രന്ഥശാലാസംഘം ഗ്രാന്റ് സിദ്ധിക്കുന്നുണ്ടെങ്കിലും വളർച്ചയുടെ പടവുകളെ പോഷിപ്പിക്കുന്നതിൽ അത് എത്രയോ അപര്യാപ്തം.

ഗ്രന്ഥശാലാ സംഘം ഗ്രാന്റ് ലഭിക്കുന്ന മറ്റൊരു ഗ്രന്ഥശാലയാണ് പള്ളിപ്പുറം ജനതാ ലൈബ്രറി. ഉശിരോടെ പ്രവർത്തിക്കുന്ന ഒരു സംഘം ആളുകളുടെ നിരന്തര പ്രയത്നം ഈ ഗ്രന്ഥാലയത്തിന്റെ വളർച്ചയെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നു. ഗ്രന്ഥാലയത്തോടനുബന്ധിച്ച് മറ്റു സാംസ്കാരിക പരിപാടികളും നടത്തി, ഗ്രാമത്തിൽ അറിവിന്റെ അതിലൂടെ സംസ്കാരത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് സമൂഹത്തെ കൈപിടിച്ചു കയറ്റാനുള്ള ശ്രമവും അവർ നടത്തുന്നുണ്ട്.

മറ്റു ധനസഹായം ലഭ്യമല്ലാഞ്ഞിട്ടും പ്രവർത്തിക്കുന്ന ചെറിയ ഗ്രന്ഥാലയങ്ങളും വായനാശാലകളും താഴെ പറയുന്നവയാണ്.

ഗ്രാമക്ഷേത്രസമിതി വായനശാല (w.1), മഞ്ഞുമാതാപള്ളിയോടനുബന്ധിച്ചും മുസ്ലീം പള്ളിയോടനുബന്ധിച്ചുമുള്ള ഗ്രന്ഥശാലയും റായനശാലയും (w.4), അക്ഷരവായനശാല (w.5), ജനകീയ വായനശാല (w.6), സഹോദരൻ അയ്യപ്പൻ സ്മാരകത്തിലെ ഗ്രന്ഥാലയം, ഉപാസന വായനശാല, എ.കെ.ജി സ്റ്റഡി സെന്റർ (w.7), ബീച്ച് വായനശാല (w.11), അഴീക്കോടൻ സ്മാരക വായനശാല (w.12), ഗ്രാമീണവായനശാല (w.13), അക്ഷരവായനശാല (w.14), കെ.സി.വൈ.എം വായനശാല (w.2).

കലാ–സാംസ്കാരിക സാമൂഹിക സംഘടനകൾ താഴെ പറയുന്നവയാണ്.

'കളിയരങ്ങ് മുനമ്പം' സഹൃദയ സാംസ്കാരികവേദി, ഗ്രാമക്ഷേമസമിതി (w.1), സാമൂഹ്യക്ഷേമാസംഘം (w.7), സാമൂഹ്യസേവാസംഘം (w.9), ഭാരത് കലാമന്ദിർ (w.10), സാമൂഹ്യസേവാസംഘം (w.11), ഫ്രണ്ട്സ് കൾച്ചറൽ സൊസൈറ്റി, വിനയ ആർട്സ് ക്ലബ്, മൈതാനം ആർട്സ് & സ്പോർട്സ് ക്ലബ്, ബാലസംഘം (w.12), പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്. (w.13), നിള സാംസ്കാരികകേന്ദ്രം (w.6), പുരോഗമന കലാസാഹിത്യസംഘം പഞ്ചായത്ത് യൂണിറ്റ്, സി.എസ്.ബി.സി, സംസ്കാര, സൂര്യ (w.7), വനിതാ സമാജം (w.10), കോസ്റ്റൽ ആർട്സ് ബ്യൂറോ, വനിതാസംഘം (w.11). അമ്പതുകളുടെ ആദ്യം ആരംഭിക്കുകയും രണ്ടു ദശകങ്ങളോളം സജീവമായി പ്രവർത്തിച്ച് ഒരു തലമുറയുടെ സാംസ്കാരിക പ്രവർത്തനങ്ങളെ മുഴുവൻ സ്വാധീനിച്ച 'ചെറായി പയനിയേഴ്സ് ആർട്സ് ക്ലബ്' (CPAC) ഇവിടെ ഒരു സജീവ സാംസ്കാരിക സാന്നിധ്യമായിരുന്നു. മുനമ്പത്തെ 'ചിന്താ തിയേറ്റേഴ്സ്' നാടകാവതരണത്തിൽ പ്രമുഖസ്ഥാനം നേടിയ കലാസംഘടനയായിരുന്നു. നാലുവർഷക്കാലത്തോളം പ്രവർത്തനം നടത്തിയ സാംസ്കാര ഫിലിം സൊസൈറ്റി, സാംസ്കാര ഫൈൻ ആർട്സ് സൊസൈറ്റികൾ, ഫെയ്സസ്, സിംഫണി എന്നിവയെപ്പറ്റിയും രേഖപ്പെടുത്തേണ്ടതുണ്ട്. ഓണക്കളി, തിരുവാതിര, നൃത്തനാടകം തുടങ്ങിയ കലകളും ഉടുക്കുംപാട്ട്, വള്ളംകളി തുടങ്ങിയ നാടൻ കലാരൂപങ്ങളും അവതരിപ്പിക്കുന്ന സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്.

മഹാകവി കുമാരനാശാന്റെ പത്രാധിപത്യത്തിൽ 'പ്രതിഭ' എന്നൊരു മാസിക 1919 ൽ ചെറായി വിജ്ഞാനവർദ്ധിനി സഭ പ്രസിദ്ധീകരിച്ചിരുന്നു. സഹോദരൻ അയ്യപ്പന്റെ പത്രാധിപത്യത്തിൽ ആഴ്ചയിൽ മൂന്ന് എന്ന കണക്കിൽ ചെറായിയിൽനിന്നും ഇറക്കിയിരുന്ന 'വേലക്കാരൻ' എന്ന പത്രത്തെപ്പറ്റി ഇതിനുമുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ.

പിൽക്കാലത്ത് 'സുഭാഷിണി' എന്നൊരു മാസികയും അടുത്തകാലത്തായി 'ഉപരോധം', 'സാംസ്കാരികവാർത്തകൾ'. 'കളിയരങ്ങ് മാസിക' എന്നീ മാസികകളും 'ഓടക്കുഴൽ', 'ബ്യൂഗിൾ', 'ചക്രവാളം', 'സായാഹ്നകൈരളി' എന്നീ സായാഹ്നപത്രങ്ങളും ഇവിടെനിന്നും പ്രസിദ്ധീകരിച്ചിരുന്നു. 'കൈരളി' എറണാകുളത്തേക്ക് അതിന്റെ പ്രസിദ്ധീകരണസ്ഥലം മാറ്റിയെങ്കിലും ആസ്ഥാനം ചെറായിയിൽത്തന്നെയാണ്.

സ്വപ്ന, സ്റ്റാർ, വിക്ടറി എന്നീ മൂന്നു സിനിമാശാലകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ചെറായി കായലിൽ വർഷങ്ങളായി നടന്നുവരുന്ന കറുപ്പൻ മെമ്മോറിയൽ വള്ളംകളി ഈ നാടിന്റെ മറ്റൊരു ഉത്സവമായി ജനങ്ങൾ ആഘോഷിക്കുകയാണ്. ഈ വള്ളംകളിയുടെ നിലവാരവും പ്രശസ്തിയും ദേശീയ ശ്രദ്ധയാകർഷിക്കുന്ന കാലം വിദൂരമല്ല എന്നത് പ്രസ്താവ്യയോഗ്യമാണ്.

ശതാബ്ദി ആഘോഷിച്ച ചെറായി വിജ്ഞാനവർദ്ധിനി സഭ

നമ്മുടെ വിദ്യാഭ്യാസ സാംസ്കാരികരംഗങ്ങളിൽ നൽകിയ സംഭാവന ചെറുതല്ല. സാമൂഹിക സേവനതൽപരങ്ങളായ, ചെറുതെങ്കിലും സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾ ക്ഷേത്രങ്ങളോടനുബന്ധിച്ചും അല്ലാതെയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അന്ത്യോപചാരസഹായങ്ങൾക്കും വിദ്യാഭ്യാസ പ്രോത്സാഹനത്തിനും മറ്റുമായി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള സാമൂഹ്യസേവാസംഘങ്ങൾ ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി ഒരു ഓഡിറ്റോറിയമുള്ള 11-ാം വാർഡിലെ സാമൂഹ്യസേവാസംഘത്തെപ്പറ്റി പ്രത്യേകിച്ച് എടുത്തു പറയേണ്ടതുണ്ട്.

മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി, കേരളകൗമുദി, മംഗളം തുടങ്ങിയ പത്രങ്ങൾ 2900 കോപ്പികൾ വീതം ഓരോ ദിവസവും ഇവിടെ വിതരണം നടത്തുന്നുണ്ട്. മലയാള മനോരമ, മാതൃഭൂമി, കലാകൗമുദി, കേരളശബ്ദം തുടങ്ങിയ വാരികകളും വനിതാ, ഗൃഹലക്ഷ്മി, ചിത്രഭൂമി, ഭാഷാപോഷിണി, ബാലരമ, ബാലഭൂമി, പൂമ്പാറ്റ, ബാലമംഗളം തുടങ്ങിയ മാസികകളും 2075 പ്രതികൾവീതം വിറ്റഴിക്കപ്പെടുന്നു. ശാസ്ത്രകേരളം, യുറീക്ക, ശാസ്ത്രഗതി എന്നീ ശാസ്ത്രമാസികകൾക്കും നല്ല പ്രചാരമുണ്ട്.

സ്വാഭാവികമായും കുറവുകൾ ചൂണ്ടിക്കാണിക്കാൻ ഒട്ടേറെയുണ്ടെങ്കിലും സാംസ്കാരിക നിലവാരത്തിൽ മുൻനിരയിൽ സ്ഥാനം നേടാനുള്ള അർഹത ഈ പഞ്ചായത്തിനുണ്ടെന്ന കാര്യം നിസ്തർക്കമാണ്.

## പ്രശ്നങ്ങൾ

1. പുസ്തകങ്ങളുടെ കുറവ്, ഗ്രാന്റ് തുക കുറവ് - ഇവ ലൈബ്രറി പ്രവർത്തനത്തിൽ തടസ്സം വരുത്തുന്നു.

2. പഞ്ചായത്ത് ഗ്രാന്റ് തുക സമയത്തിന് ലഭ്യമാകാതിരിക്കൽ, തുകയുടെ കുറവ് ലൈബ്രറി പ്രവർത്തനത്തിൽ വരുത്തുന്ന മന്ദത.

3. നാടൻ കലാരൂപങ്ങൾക്ക് (പട്ടികജാതി പട്ടികവർഗക്കാർക്ക്) സർക്കാർ നൽകുന്ന ധനസഹായം അർഹരായവർക്കു ലഭിക്കണം.

4. ചവിട്ടുനാടകം, ഓണക്കളി തുടങ്ങിയ പഴയ കലകൾ പ്രോത്സാഹനത്തിന്റെ അഭാവംകൊണ്ടും സാമ്പത്തിക സഹായമില്ലാത്തതിനാലും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

5. ദൂരദർശനിൽ വരുന്ന വൈകൃതങ്ങൾ യുവതലമുറയിൽ ദുസ്സ്വാധീനമുണ്ടാക്കുന്നു.

6. നാടൻ കലകൾ മൊത്തത്തിൽ നാമാവശേഷമായിത്തീർന്നുകൊണ്ടിരിക്കുന്നു.

7. പഞ്ചായത്തിൽ കായികതാരങ്ങളെ വളർത്താനുതകുന്ന കളിസ്ഥലമില്ല.

## സാധ്യതകൾ

1. സാംസ്കാരിക സംഘടനകളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിക്കണം. പ്രവർത്തനം ഏകോപിപ്പിക്കാനും ശക്തമാക്കാനും ഇത് ഉപകരിക്കും.

2. കലാപ്രതിഭകളെ വളർത്താൻ സൗജന്യ പരിശീലനം നൽകുന്ന ചില സമിതികൾ പഞ്ചായത്തിലുണ്ട്. അവർക്ക് ധനസഹായം നൽകണം.

3. വനിതാ സംഘടനകളുടെ സഹായത്താൽ വീടുകളിൽ പുസ്തകങ്ങളെത്തിക്കണം.


4. കുട്ടികൾക്ക് 'വായനോത്സവപരിപാടികൾ' സംഘടിപ്പിക്കണം.

5. സ്ത്രീകൾക്ക് പ്രത്യേക വായനശാല.

6. കുട്ടികളുടെ പഠനസമയം കണക്കിലെടുത്ത് ദൂരദർശൻ പരിപാടികൾ ക്രമീകരിക്കാൻ നടപടികളുണ്ടാവണം. പാഠ്യപദ്ധതികൾ പരിപാടികളിൽ ഉൾപ്പെടുത്തണം.

7. ദൂരദർശൻ പരിപാടികൾ സ്വീകരിക്കേണ്ടതും തിരസ്കരിക്കേണ്ടതും സംബന്ധിച്ച് രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണം നടത്താവുന്നതാണ്.

8. കായികരംഗത്ത് പ്രതിഭകളെ വളർത്താൻ ശക്തമായ പ്രവർത്തനം നടത്തണം.



# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ 3516 പട്ടികജാതിയിൽപ്പെട്ടവരും പട്ടികവർഗ്ഗത്തിൽപ്പെട്ട 58 പേരും അധിവസിച്ചു വരുന്നു. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 8.5 ശതമാനം വരുന്നു. പഞ്ചായത്തിൽ 5 പട്ടികജാതി – പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്. കൂടാതെ ഈ വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന 6 പട്ടികജാതി പോക്കറ്റുകളും ഉണ്ട്. കോളനികളിലും പോക്കറ്റുകളിലും മറ്റിടങ്ങളിലുംകൂടി മൊത്തം 700 ഓളം കുടുംബങ്ങൾ താമസിക്കുന്നു.

പട്ടികജാതി – പട്ടികവർഗ്ഗ കോളനികളുടെ രൂപീകരണം അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായകരമാണെന്ന ഒരു ഗുണവശമുണ്ടെങ്കിലും ഇതര ജനവിഭാഗങ്ങളുമായി സാമൂഹ്യമായും സാംസ്കാരികമായും ഇഴുകിചേരുന്നതിന് തടസ്സമാകുന്ന നിലയിലാണ് കോളനി ജീവിതത്തിന്റെ സാമൂഹ്യാന്തരീക്ഷം നിലനില്ക്കുന്നത് എന്നത് ഒരു ദോഷകരമായ വശമായി കാണേണ്ടതാണ്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ തൃപ്തികരമായ വിധത്തിൽ ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെട്ട ജനങ്ങളുടെ പൊതു അവസ്ഥ മറ്റുള്ള ജനവിഭാഗങ്ങളുടേതിൽനിന്നും ഗണ്യമായി താഴെയാണെന്ന് പറയാനാവില്ല.

ശ്രീനാരായണൻ , അയ്യങ്കാളി, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ എന്നിവരുടെ നേതൃത്വത്തിൽ രൂപംകൊണ്ട കേരളത്തിന്റെ സാമൂഹ്യ – നവോത്ഥാന പ്രസ്ഥാനങ്ങളുടെ അലയടി ഈ വിഭാഗം ജനങ്ങളിൽ ഗണ്യമായ ഉണർവ്വുണ്ടാകുന്നതിന് സഹായകമായിട്ടുണ്ട്. വിശിഷ്യാ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ 'മിശ്രഭോജനം' നടന്നത് ഈ മണ്ണിലാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി വിദ്യാഭ്യാസം നേടുന്നതിന് മറ്റ് അവശ സമുദായങ്ങളിൽപ്പെട്ടവരെപോലെ ഈ വിഭാഗം ജനങ്ങളും വ്യാപകമായി ശ്രദ്ധിക്കുകയുണ്ടായിട്ടുണ്ട്. അവരിൽ ഒരാൾക്കു കേരള പൊതുവിദ്യാഭ്യാസ ഡയറക്ടർ പദവി വരെ ഉയരുന്നതിന് സാധിച്ചിട്ടുണ്ട്.

എന്നാൽ വിദ്യാഭ്യാസ മേഖലയിലെ കൊഴിഞ്ഞുപോക്ക് ഇവരുടെ ഇടയിലും മറ്റുള്ളവരിൽ എന്നപോലെ തുടർന്നു കൊണ്ടിരിക്കുന്നു. സാമ്പത്തിക പരാധീനത ഈ പ്രവണതയ്ക്ക് ഒരു കാരണമാണ്. അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മയും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുള്ള വിമുഖതയ്ക്ക് മറ്റൊരു കാരണമാവാം. ഇതിനെതിരെ വ്യാപകമായ ഒരു സാമൂഹ്യ ബോധവൽക്കരണം ആവശ്യമാണ്.

പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെട്ട 297 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്രരേഖയ്ക്ക് താഴെയാണെന്നു കാണുന്നു. മേല്പറഞ്ഞവരിൽ 247 പേർക്ക് IRDP ധനസഹായം ലഭ്യമാക്കിയിട്ടും അവരിൽ ഒരാൾപോലും ദാരിദ്രരേഖയ്ക്ക് മുകളിൽ കടന്നിട്ടില്ല. മാത്രമല്ല കൂടുതൽ കടക്കെണിയിൽ ചെന്നുചാടുകകൂടി ചെയ്തതായിട്ടാണ് കാണുന്നത്.

കേരളത്തിന്റെ മറ്റ് പ്രദേശങ്ങളിലെപ്പോലെ പഴയ കാലഘട്ടത്തിൽ സാമൂഹ്യമായ ഉച്ചനീചത്വങ്ങളേയും ക്രൂരമായ പീഡനങ്ങളെയും അടിച്ചമർത്തലുകളെയും അതിജീവിച്ചുവന്ന ഈ ജനവിഭാഗം ഭൂപരിഷ്കരണ കാലഘട്ടത്തിൽ തീവ്രമായ സമര പോരാട്ടങ്ങളിൽ മുഖ്യപങ്കാളിത്തം വഹിക്കുകയും നിരവധി അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഉപജീവനത്തിനായി പ്രധാനമായും കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന ഈ വിഭാഗം ജനങ്ങൾ ഈ രംഗത്തെ തകർച്ചയുടെ ഫലമായി കടുത്ത തൊഴിൽ ദാരിദ്ര്യം നേരിടുകയാണ്. പരമ്പരാഗത മത്സ്യബന്ധനമാർഗ്ഗവും മറ്റൊരു ഉപജീവനോപാധിയായിരുന്നു. എന്നാൽ കടുത്ത തൊഴിലില്ലായ്മ അനുഭവിക്കുമ്പോഴും പുതിയ തലമുറകൃഷിയും മത്സ്യബന്ധന മേഖലകളും ഉപേക്ഷിച്ച് ചെറിയതും സ്ഥിരമല്ലാത്തതുമായ മറ്റുപല കൈത്തൊഴിലുകളിലേക്കും മറ്റും തിരിയുകയോ സ്ഥിരമായ ഒരു തൊഴിൽ മേഖല കണ്ടെത്താതിരിക്കുകയോ ചെയ്യുന്ന കാഴ്ചയാണ് അനുഭവത്തിൽ. ചെറിയൊരു ശതമാനം പേർക്കേ വേണ്ടത്ര വിദ്യാഭ്യാസം നേടാനും സ്ഥിരം ജോലിയോ സർക്കാർ ജോലിയോ കരസ്ഥമാക്കി ഭേദപ്പെട്ട ജീവിത നിലവാരം കൈവരിക്കാനും കഴിഞ്ഞിട്ടുള്ളൂ.

കലാ-സാംസ്കാരിക രംഗങ്ങളിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തം ശ്രദ്ധേയമായി കാണുന്നുണ്ട്. സർഗാത്മകരംഗത്തെ ഈ പങ്കാളിത്തം നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. വാണിജ്യമേഖലയിൽ ഇവരുടെ സാന്നിദ്ധ്യം വളരെ അപൂർവമായേ കാണുന്നുള്ളൂ.

നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ ഇവർക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഫലപ്രദമായി ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകരമായി ഭവിക്കുന്നതായി കാണുന്നില്ല. IRDP ഉപഭോക്താക്കൾ അവർക്ക് ലഭിച്ച സാമ്പത്തിക സഹായം ലോൺ അനുവദിച്ച കാര്യത്തിൽ ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ടാണ് ഈ സ്കീമിലെ സഹായം അവരുടെ പുരോഗതിക്ക് ഉതകാതെ പോയത്. ഇത്തരം സ്കീമുകൾ വഴി സാമ്പത്തിക ഉന്നമനം ഉണ്ടാകണമെങ്കിൽ അനുവദിക്കുന്ന സഹായം മതിയായ അളവിലുള്ളതായിരിക്കുകയും അത് നിർദ്ദിഷ്ട ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നു എന്നു ഉറപ്പു വരുത്തുകയും ചെയ്യണം.

ജാതിപരമായ ഉച്ചനീചത്വവും അവഗണനയും യാതൊരു മേഖലയിലും പഞ്ചായത്തിൽ ആരും അനുഭവിക്കുന്നില്ല. ബഹുജന പ്രസ്ഥാനങ്ങളിലും തൊഴിലാളി സംഘടനകളിലും നേതൃത്വപരമായി പ്രവർത്തിക്കുന്ന നിരവധിപേർ ഇവർക്കിടയിലുണ്ട്. എന്നാൽ പുതിയ തലമുറയെ പൊതുപ്രവർത്തനരംഗത്ത് കൊണ്ടുവരുന്നതിന് ഇതര ജനവിഭാഗങ്ങളിലെ:നപോലെ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

ഇവരുടെ ഇടയിൽ ഏറ്റവും താഴെക്കിടയിൽ ഉള്ളവർ അധിവസിക്കുന്നത് കോളനികളിലായതുകൊണ്ട് അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക ഉന്നമനത്തിനുതകുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളടങ്ങിയ പുതിയ സ്കീമുകൾ ഇവിടെ നടപ്പാക്കണം. അടു

ക്കളത്തോട്ടം, കോഴിവളർത്തൽ എന്നിവ വ്യാപകമാകുന്നത് ഉചിതമായിരിക്കും. സാമ്പത്തിക സൗകര്യം വർധിക്കുന്ന മുറക്ക് വിദ്യാഭ്യാസത്തിൽ ഊന്നൽ വരികയും അതുവഴി പൊതുഉന്നമനം സാധിക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

## പ്രശ്നങ്ങൾ

1. ഭവന രാഹിത്യമാണ് പട്ടികജാതി-പട്ടികവർഗങ്ങളുടെ ഇടയിലെ മുഖ്യപ്രശ്നം.

2. കൃഷി മേഖലയിലെ മുരടിപ്പ് ഈ വിഭാഗത്തിൽ തൊഴിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

3. അഭ്യസ്തവിദ്യരുടെയിടയിലെ തൊഴിലില്ലായ്മ പട്ടികജാതി – പട്ടികവർഗ്ഗങ്ങളിലെ ഉദ്യോഗാർഥികളേയും ബാധിച്ചിട്ടുണ്ട്.

4. വിദ്യാഭ്യാസത്തിലെ കൊഴിഞ്ഞുപോക്ക്.

5. കോളനികളിലെ അടിസ്ഥാന സൗകര്യക്കുറവ്.

6. ബോധവൽക്കരണത്തിന്റെ അഭാവം.

## സാധ്യതകൾ

1. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് വീട് വയ്ക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും സൗജന്യമായി നല്കുക. ഇത് 50,000/– രൂപയായി ഉയർത്തുക. ദാരിദ്രരേഖയ്ക്കു മുകളിലുള്ളവർക്ക് ഗ്രാന്റായും ലോണായും തുക അനുവദിക്കുക.

2. കൃഷി മേഖലയിലെ മുരടിപ്പ് അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൃഷിവകുപ്പിൽനിന്നും ആസൂത്രണം ചെയ്തു നടപ്പാക്കുക.

3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ അടിസ്ഥാനപ്പെടുത്തി ചെറുകിട വ്യവസായങ്ങൾ വളർത്തികൊണ്ടുവരുന്നതിന് വ്യവസായവകുപ്പും ബാങ്കുകളും വഴി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.

4. വിദ്യാഭ്യാസത്തിലെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കുന്നതിന് രക്ഷിതാക്കൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണവും അധ്യാപകരുടെ പക്ഷത്തുനിന്ന് വിദ്യാർഥികൾക്ക് വേണ്ടത്ര പ്രോത്സാഹനവും നല്കേണ്ടതുണ്ട്.

5. സന്നദ്ധ പ്രവർത്തനങ്ങളെ പരമാവധി ഉപയോഗിച്ച് സർക്കാർ ധനസഹായത്തോടെ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം.

6. പ്രത്യേക സഹായധനത്താൽ പ്രയോജനപ്പെടുത്തി സാംസ്കാരിക സംരഭങ്ങൾ ആരംഭിക്കും.

7. തൊഴിൽ പരിശീലനത്തിനു പ്രത്യേക പരിഗണന കൊടുത്തു നിയോഗിക്കുക.

8. വ്യാപകവും ഫലപ്രദവുമായ ബോധവൽക്കരണം നടത്താൻ ശ്രമിക്കണം.

# വനിതാക്ഷേമം

മേലേത്തട്ടിലെ ആസൂത്രണത്തിന്റെ ഭാഗമായി നാമമാത്രമായിട്ടാണെങ്കിലും വനിതാക്ഷേമം കണക്കിലെടുക്കപ്പെടാറുണ്ടായിരുന്നു. എന്നാൽ താഴെത്തട്ടുകളിൽ ഈ പരിഗണനകൾ നിർവഹിക്കപ്പെടാറില്ല. സ്ത്രീകളുടെ ഉന്നമനത്തിന് അവർക്ക് പുരുഷന്മാരുടെ ഔദാര്യത്തിന് കാത്തിരിക്കേണ്ടിവരുന്നത് സമകാലിക ചിത്രമാണ്. ഉന്നത വിദ്യാഭ്യാസവും അധികാരത്തിലെ പങ്കും ലഭിച്ച സ്ത്രീകൾ ആഴത്തിലുള്ള ഒരു താത്പര്യം ഈ രംഗത്ത് പ്രകടിപ്പിക്കാറില്ല. അസംഘടിത മേഖലയിൽ പലവിധ ചൂഷണങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കായി പലവിധ പദ്ധതികളും ഉണ്ട്. എങ്കിലും കൃത്യമായ ഒരു സ്വാശ്രയത്തിലേക്ക് അവരെ നയിക്കാൻ ഇത് പര്യാപ്തമാവാറില്ല.

പള്ളിപ്പുറം പഞ്ചായത്തിലെ പുരുഷന്മാരുടെ എണ്ണവുമായി ഏകദേശം തുല്യമാണ് ഇവിടുത്തെ സ്ത്രീകളുടെ എണ്ണം. എന്നാൽ വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം എന്നീ മേഖലകളിൽ കാണാറുള്ള സ്ത്രീകളുടെ പിന്നോക്കാവസ്ഥ ഈ പഞ്ചായത്തിലും ദൃശ്യമാണ്.

വിദ്യാഭ്യാസ–ആരോഗ്യകാര്യങ്ങളിൽ സൗകര്യങ്ങൾ സ്ത്രീകൾക്ക് നിഷേധിക്കപ്പെടാറില്ല. എങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ പലർക്കും ഉന്നതവിദ്യാഭ്യാസം ഒരു തുടർവിദ്യാഭ്യാസം എന്ന നിലയിൽ ലഭിക്കാനുള്ള അവസരം നഷ്ടപ്പെടാറുണ്ട്. അത്തരം വിഭാഗങ്ങൾക്കിടയിൽ പുരുഷന്മാരും കൂടി ഈ പ്രശ്നം നേരിടേണ്ടി വരാറുള്ളതിനാൽ ഒരു വനിതാ പ്രശ്നം എന്ന നിലയ്ക്ക് കാണേണ്ടതില്ല. രോഗാവസ്ഥയുടെ കാര്യത്തിൽ സ്ത്രീകൾക്ക് മാത്രമായി നമ്മുടെ പഞ്ചായത്തു പ്രദേശത്ത് സവിശേഷ അവസ്ഥയില്ല.

വിവിധ തുറകളിൽ സ്ത്രീകൾ തൊഴിലെടുക്കുന്നു എങ്കിലും വൈദഗ്ധ്യം ആവശ്യമുള്ളതും കൂടുതൽ കൂലി ലഭിക്കുന്നതുമായ പണികൾ സ്ത്രീകൾക്കു ലഭിക്കുന്നില്ല. കൂലിയിലെ വിവേചനം അവർ അനുഭവിക്കുന്നുമുണ്ട്. ('കാർഷിക മേഖല' യിലെ കൂലിനിരക്ക് പട്ടിക പരിശോധിക്കുക). കയർ, കൈത്തറി മേഖലകളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ആ മേഖലയുടെ തകർച്ചയിൽ ദുരിതമനുഭവിക്കുന്നവരാണ്. പീലിംഗ് ഷെഡ്ഡുകളിൽ സ്ത്രീകൾ മാത്രം ചെയ്യുന്ന തൊഴിലുകൾ നിലനിൽക്കുന്നു. ചെമ്മീൻ തൊണ്ടുകളഞ്ഞ് കയറ്റുമതിക്ക് കഴിയുന്ന തരത്തിലാക്കുന്ന സ്ത്രീകൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നു. രാത്രിയിലും തൊഴിൽ ചെയ്യേണ്ടി വരുന്ന വിഭാഗമാണിത്. സാമ്പത്തികമായി ഇവർ കഠിന ചൂഷണത്തിന് വിധേയരാകുന്നു. മിനിമം കൂലിയൊന്നും ഇവിടെ ബാധകമാവുന്നില്ല. കൃഷിയിലും മറ്റ് പരമ്പരാഗതസ്വഭാവമുള്ള തൊഴിലുകളിലും ഏർപ്പെട്ടിരുന്ന സ്ത്രീകളിൽ വളരെ അധികം പേർ കൂടുതൽ കൂലി ലഭിക്കുന്ന കെട്ടിട നിർമാണരംഗത്തേക്ക് മാറിക്കഴിഞ്ഞു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന കുടുംബങ്ങളിൽ കടപ്പുറം നിവാസികളായ സ്ത്രീകൾ കക്കവാരൽ നടത്തുന്നുണ്ട്. കടലിൽനിന്ന് നേരിട്ടു ശേഖരിക്കുന്ന കക്കയും ഇത്തലും സ്വകാര്യവ്യക്തികൾക്ക് അളന്നു കൊടുത്താണ് ഇവർ ജീവിക്കുന്നത്. ഇടത്തട്ടുകാരൻ കക്കയുടെ സാധ്യതകൾ മുതലെടുക്കുമ്പോൾ ഇവർക്ക് തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കായലരികിലെ കല്ലുകളിലും കുറ്റികളിലും പറ്റിപിടിച്ചുവളരുന്ന

'മുരിങ്ങഇറച്ചി' ശേഖരിച്ചുവിൽക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ വിവരണാതീതമാണ്. മറ്റ് ചെറുകിട ഇടത്തരം വ്യവസായങ്ങളിലും ആധുനിക കൈതൊഴിലുകളിലും ഏർപ്പെടുന്ന സ്ത്രീകൾ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും സാമ്പത്തിക അടിത്തറയും സാമൂഹ്യമായ മുന്നേറ്റവും നടത്താൻ കഴിയുന്ന സാഹചര്യങ്ങളല്ല ഇവിടങ്ങളിലുള്ളത്. കയറ്റുമതിക്കായി ചിരട്ടകൊണ്ട് ഉൽപ്പന്നമുണ്ടാക്കുന്ന ഒരു സ്ഥാപനം ധാരാളം സ്ത്രീകൾക്കു തൊഴിൽ നൽകുന്നു. പൊതുവേ ഈ മേഖലയിലെ സ്ത്രീകളുടെ സേവന–വേതന വ്യവസ്ഥകൾ തൃപ്തികരമല്ല. സ്ത്രീകളുടെയും പുരുഷന്മാരുടെയും തൊഴിൽ വിഭജനം സംബന്ധിച്ച വിവരങ്ങൾക്ക് **പട്ടിക–1** കാണുക.

പഞ്ചായത്ത് നിവാസികളിൽ ഇടത്തരക്കാരും ദരിദ്രവിഭാഗക്കാരുമായ സ്ത്രീകൾ വീടുപണികൾക്കു പുറമെ പലതരം കാണാതൊഴിലുകളിൽ ഏർപ്പെടുന്നു. പുരയിടകൃഷി, ആടു വളർത്തലും പശുവളർത്തലും, വീടുകളിൽ തന്നെ നടക്കുന്ന തയ്യൽ, ചെറിയ തോതിലുള്ള തേങ്ങവെട്ട് തുടങ്ങിയവയാണ് ഈ വിധത്തിലുള്ള തൊഴിലുകൾ.

സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങളും പഞ്ചായത്ത് പ്രദേശത്തുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം മറ്റ് ജീവിതചെലവുകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുന്നവരാണിവർ. ഇവരിൽ പലർക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല. ലഭിക്കുന്ന പെൻഷൻ ജീവിത ചെലവിന്റെ കണിക പോലും ആവുന്നില്ല. 172 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നു.

27 അങ്കണവാടികൾ പഞ്ചായത്തിൽ ഉണ്ട്. പലതിനും സ്വന്തമായി കെട്ടിടമില്ല. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും അംഗൻവാടികളിൽനിന്നും ശേഖരിച്ച കണക്കുകൾ സാമൂഹ്യക്ഷേമ പട്ടികകളിൽ കൊടുത്തിട്ടുണ്ട്. DWCRA യൂണിറ്റുകളുടെ പ്രവർത്തനവും മേൽവിവരിച്ചിട്ടുണ്ട്. ഇനിയും വനിതാ വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്. ശരിയായ പരിശീലനം നേടി തൊഴിൽ ചെയ്യാൻ സ്ത്രീകളെ സഹായിക്കേണ്ടത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

പല സംഘടനകളിലും സ്ത്രീകളുടെ പ്രാതിനിധ്യം നേതൃത്വ സമിതികളിലെ അംഗത്വത്തോടെ അവസാനിക്കുകയാണ്. നേതൃത്വപാടവത്തോടെ ഈ സംഘടനകളുടെ പ്രവർത്തനത്തിൽ ഇടപെട്ട് സമൂഹമധ്യത്തിൽ അനുകരണീയ മാതൃകകളായ സ്ത്രീകൾ ഉണ്ടാവുന്നില്ല. പൊതുരംഗത്തെ പ്രവർത്തനങ്ങളിൽ സുവ്യക്തമായ വനിതാ ക്ഷേമ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്നവർ ദുർലഭമാണ്. അടുക്കും ചിട്ടയോടും കൂടിയ മഹിളാ സമാജം പ്രവർത്തനങ്ങൾ സ്ഥിരമായി നടക്കാത്തത് പൊതുപ്രവർത്തനത്തിൽ പങ്കെടുക്കുവാൻ സ്ത്രീകൾക്കുള്ള അവസരങ്ങൾ നിഷേധിക്കുകയാണ്. തെരഞ്ഞെടുപ്പുകളിൽ വനിതാ സംവരണ തത്വം പാലിച്ച് തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും ആ പ്രവർത്തനം നടത്തുവാൻ സ്വന്തം വീടുകളിലെ പുരുഷന്മാരുടെ സഹായം തേടുകയാണ് പതിവ്. ചിലർ മുഴുവൻ പ്രവർത്തനവും ഭർത്താക്കന്മാർക്ക് നൽകി വീട്ടമ്മമാരായി അടങ്ങി ഒതുങ്ങുന്നു. ചുറ്റുപാടുമുള്ള ജീവിതപ്രശ്നങ്ങളുടെ നേർക്ക് വനിതകളെ ഉണർത്തുന്ന സ്ത്രീ നേതൃത്വം ഉണ്ടാവേണ്ടിയിരിക്കുന്നു. സ്ത്രീധനം സംബന്ധിച്ച് വാർത്താ പ്രധാന്യം നേടാത്ത കാര്യങ്ങൾ പല വീടുകളിലും നടക്കുന്നുണ്ട്. വാഹനയാത്രകളിലും തിരക്കുള്ള സ്ഥലങ്ങളിലും സ്ത്രീകൾ ഉപദ്രവത്തിന് വിധേയരാകുന്നു. നഗരങ്ങളിലേതു പോലെ അശ്ലീല പോസ്റ്ററുകളും മറ്റും പലപ്പോഴും നമ്മുടെ പ്രദേശത്തും കാണാറുണ്ട്. ഇത്തരം പ്രവണതകൾക്കെതിരായ പ്രവർത്തനത്തിലൂടെ സ്ത്രീകൾക്ക് മാത്രമായ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ പ്രധാന സ്ഥലങ്ങളിൽ അടിയന്തരമായി നിർമിക്കേണ്ടിയിരിക്കുന്നു.

6–ാം വാർഡിലെ നവധാരാ മഹിളാ സമാജം കരുത്തുറ്റ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനയാണ്. സാമൂഹ്യവനവൽക്കരണത്തിനും അങ്കണവാടിയുടെ ദൈനംദിന പ്രവർത്തനത്തിനും ഇവരുടെ പ്രവർത്തനം ഗുണഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴില്ലില്ലായ്മ
2. തൊഴിൽ മേഖലയിൽ പലതരം വിവേചനങ്ങൾ
3. അസംഘടിത മേഖലയിൽ വ്യാപകമായ ചൂഷണം
4. കൂടുതൽ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന സ്ത്രീകൾ ഏർപ്പെടുന്ന തൊഴിലുകളെ അടിസ്ഥാനമാക്കി പ്രാദേശിക പദ്ധതികൾ ഇല്ല.
5. പൊതുരംഗത്തുനിന്നും പിന്മാറാനുള്ള പ്രവണത കൂടുന്നു.
6. സ്ത്രീധന പ്രശ്നങ്ങൾ– സ്ത്രീ പീഡനം
7. സ്ത്രീകളെ വ്യാപകമായി സ്വാധീനിക്കാൻ പൈങ്കിളി നോവലുകൾ, ടിവി പരിപാടികൾ, പരസ്യം എന്നിവയ്ക്കു കഴിയുന്നു.
8. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ സ്ത്രീകൾക്കായി നിർമിക്കപ്പെടുന്നില്ല.
9. വാഹനങ്ങളിലും പൊതുസ്ഥലങ്ങളിലും സ്തീകൾക്കു നേരെ ഉപദ്രവം വർധിക്കുന്നു.
10. സ്ത്രീകളുടെ ഉന്നമനത്തിനായി പുരുഷന്റെ കാരുണ്യം കാത്തിരിക്കുന്ന അവസ്ഥ.

## സാധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങൾ നവീകരിച്ച് സ്ത്രീ പങ്കാളിത്ത മുൻഗണന ഉറപ്പാക്കാം.
2. പുരയിട കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട സർവീസ് സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വം.
3. 14 വാർഡുകളിലും വനിതാ വ്യവസായ സഹകരണസംഘങ്ങൾ
4. 50 % സബ്സിഡിയും ദീർഘകാല തിരിച്ചടവ് സമ്പ്രദായമുള്ള വായ്പകൾ തൊഴിൽ കണ്ടെത്താൻ വനിതകളെ സഹായിക്കും.
5. സ്ത്രീധനത്തിനും അനാചാരത്തിനും എതിരെ ബോധവത്കരണം
6. അങ്കണവാടികളുടെ പ്രവർത്തനം അയൽക്കൂട്ടങ്ങളിലെ സ്ത്രീകളുടെ മേൽനോട്ടത്തിലാക്കുക.
7. പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും സ്ത്രീകളെ ശല്യം ചെയ്യുന്നവരെ കർശനമായി നേരിടുക.
8. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
9. സ്ത്രീകൾ നാഥകളായ കുടുംബങ്ങൾക്ക് പ്രത്യേകസഹായം ചെയ്യുക.
10. സ്ത്രീ–പുരുഷ സമത്വത്തിനായി ബോധവൽക്കരണ പരിപാടികൾ.
11. പൊതുവിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും നൽകുക വഴി തൊഴിലിന് പ്രാപ്തരാക്കുക.

### സ്ത്രീ-പുരുഷ തൊഴിൽ അനുപാതം 91 സെൻസസ്
(പട്ടിക-1)

| | | സ്ത്രീ | പുരുഷൻ |
|---|---|---|---|
| 1 | TOTAL MAIN WORKERS | 800 | 2507 |
| 2 | കർഷകർ | 21 | 81 |
| 3 | കർഷകതൊഴിലാളികൾ | 76 | 197 |
| 4 | മൃഗപരിപാലനം മത്സ്യബന്ധനം തുടങ്ങിയവ | 30 | 706 |
| 5 | ഖനനം | 0 | 2 |
| 6 | നിർമ്മാണം, സംസ്ക്കരണം, കുടിൽവ്യവസായം | 26 | 16 |
| 7 | കെട്ടിട നിർമ്മാണം | 13 | 162 |
| 8 | വാണിജ്യം, വ്യവസായം | 68 | 399 |
| 9 | ഗതാഗതം, വാർത്താവിനിമയം | 8 | 332 |
| 10 | മറ്റു സേവനങ്ങൾ | 326 | 295 |
| 11 | MARGINAL WORKERS | 237 | 227 |
| 12 | NON-WORKERS | 4859 | 2816 |

# സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യയുടെ ഗ്രാമജനതയ്ക്കു വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയുണ്ടായി. ഇന്ത്യയുടെ പല മേഖലയിലും നാമമാത്രമായാണെങ്കിലും അതിന്റെ ഗുണഫലങ്ങൾ ദൃശ്യമാവുകയുണ്ടായി. എന്നാൽ നടപ്പാക്കപ്പെട്ട മിക്കവാറും പദ്ധതികളിൽ പ്രാദേശിക വൈജാത്യത്തെ കണക്കിലെടുക്കാതെയുള്ള സ്കീമുകളാണ് നടപ്പാക്കിയത്. അതിനാൽതന്നെ ഗുണഭോക്താക്കളുടെ എണ്ണം അംഗുലീപരിമിതമായി മാറി. വ്യത്യസ്ത ജീവിതനിലവാരമുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം ഏറെ വ്യത്യസ്തമാണ്. ഉൽപ്പന്നങ്ങളുടെ വില, അടിസ്ഥാനവ്യവസായം, സേവനതുറകൾ എന്നിവയിൽ ഏറ്റവും കൂടുതൽ വിലസൂചിക കേരളത്തിൽ രേഖപ്പെടുത്തപ്പെടുന്നു. ഈയൊരു വസ്തുത സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള വായ്പാതുകകളും പെൻഷൻ തുകകളും നിശ്ചയിക്കുമ്പോൾ ഇതുവരെയായി പരിഗണിച്ചിട്ടില്ല.

പള്ളിപ്പുറം പഞ്ചായത്തിൽ 2737 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. പഞ്ചായത്ത് നിവാസികളിൽ ഭൂരിപക്ഷംപേരും താഴ്ന്ന ഇടത്തരം വരുമാനക്കാരാണ്. എല്ലാ ജാതീയ മേഖലകളിലും കൈതൊഴിൽ മേഖലകളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പഞ്ചായത്ത് അതിർത്തിയിൽ കണ്ടെത്താൻ കഴിയും. പട്ടികജാതി പട്ടികവർഗ്ഗങ്ങൾ, കയർതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, കൂലിപ്പണിക്കാർ എന്നീ വിഭാഗങ്ങൾക്കിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ധാരാളം ഉണ്ട്.

6-ാം വാർഡിലെ അംഗണവാഡി കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 7-ാം വാർഡിലും വനിതാ സമാജം പ്രവർത്തിക്കുന്നു.

I.R.D.P സർവേ പ്രകാരം പഞ്ചായത്തിൽ 3118 പേർ അർഹരായിട്ടുണ്ട്. അർഹതയില്ലാത്തവർ ചിലർ ഈ ലിസ്റ്റർ കയറിപ്പറ്റയതോടൊപ്പം യഥാർത്ഥത്തിൽ അർഹതയുള്ള പലരും ഈ ലിസ്റ്റിൽ ഇല്ലാതെ പോവുകയും ചെയ്തു. കഴിഞ്ഞ 2 പദ്ധതിക്കാലത്ത് 799 IRDP ലോണുകൾ വിതരണം ചെയ്യപ്പെടുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗത്തിൽ അർഹരായ 297 പേരിൽ 247 പേർക്ക് ധനസഹായം ലഭ്യമാക്കുകയുണ്ടായി.

## IRDP ലോണുകൾ അവലോകനം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2737 പേരും മുകളിലുള്ള 381 പേരും അടങ്ങിയ 3118 അർഹരായവരെയാണ് കണ്ടെത്തിയത്. കഴിഞ്ഞ 2 പദ്ധതികളിൽ 799 ലോണുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും സുസ്ഥിരമായ സാമ്പത്തിക അടിത്തറയോടെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്താൻ ഇവരിൽ പലർക്കും കഴിഞ്ഞിട്ടില്ല. ദയനീയമായ സാമ്പത്തിക തകർച്ച വായ്പ ലഭിച്ചവരിൽ പലരും നേരിടേണ്ടിവന്നിട്ടുണ്ട്. ലോൺ ചിലവഴിച്ച മേഖലയിൽ ഗുണഭോക്താക്കളിൽ പലർക്കും പ്രായോഗിക പരിജ്ഞാനം ഇല്ലായിരുന്നു എന്നത് പ്രധാനപ്പെട്ട വീഴ്ചകളിലൊന്നാണ്. പകുതിയിലധികം ലോണുകളും ജീവനോപായം കണ്ടെത്തുന്നതിനേക്കാൾ ജീവിതാവശ്യങ്ങൾക്കാണ് ചിലവഴിച്ചിട്ടുള്ളത്. വായ്പ കൊടുത്തതിനുശേഷം നിലനിറുത്തുന്നതിനാവശ്യമായ വിദഗ്ധസേവനവും, സാമൂഹ്യമായ ഉത്തരവാദിത്വബോധവും ഗുണഭോക്താക്കളിൽ ഉണ്ടാകേണ്ടതുണ്ട്.

## ഐ.ആർ.ഡി.പി. സർവ്വേ വിവരങ്ങൾ

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി/ എസ്.ടി. കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്.സി/ എസ്.ടി | സഹായം ലഭിച്ചതിൽ രേഖയ്ക്കു മുകളിലുള്ളവർ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 113 | 3 | 37 | 3 | 21 | 92 |
| 2 | 237 | 5 | 52 | 5 | 29 | 208 |
| 3 | 195 | 17 | 46 | 15 | 24 | 171 |
| 4 | 161 | 10 | 56 | 10 | 27 | 134 |
| 5 | 222 | 25 | 55 | 21 | 15 | 207 |
| 6 | 417 | 17 | 57 | 16 | 18 | 399 |
| 7 | 410 | 21 | 65 | 19 | 12 | 398 |
| 8 | 163 | 11 | 46 | 11 | 19 | 144 |
| 9 | 174 | 10 | 48 | 10 | 28 | 146 |
| 10 | 217 | 19 | 65 | 16 | 32 | 185 |
| 11 | 285 | 63 | 85 | 38 | 52 | 233 |
| 12 | 132 | 15 | 54 | 15 | 21 | 111 |
| 13 | 210 | 41 | 76 | 32 | 48 | 162 |
| 14 | 182 | 40 | 57 | 36 | 35 | 147 |

### ട്രൈസം പരിശീലനം

70 പേർക്കാണ് പഞ്ചായത്തിൽ ട്രൈസം പരിശീലനം ലഭിച്ചത്. വ്യത്യസ്ത മേഖലകളിലായി പരിശീലനം നേടിയ ഇവരിൽ 15 പേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞു. വിരലിലെണ്ണാവുന്ന ചിലർ ഇതര തൊഴിലുകളിൽ ഏർപ്പെടുന്നു. തൊഴിൽ ലഭിക്കാതെയിരിക്കുന്നവരാണ് ബാക്കിയുള്ളവർ.

### പെൻഷനുകൾ

| | |
|---|---|
| വിധവാ പെൻഷൻ | 172 |
| വാർദ്ധക്യ പെൻഷൻ | 104 |

മറ്റു പെൻഷനുകളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല

പെൻഷൻ സഹായധനം ലഭിക്കുന്നവരിൽ അനർഹരായി ആരും ഇല്ല. എന്നാൽ അർഹതയുള്ള ധാരാളം പേർക്ക് ഇതുവരെ പെൻഷൻ ലഭിച്ചിട്ടില്ല. ഇത്തരം സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും സർക്കാർ സംവിധാനങ്ങളുമായുള്ള പരിചയമില്ലായ്മയും പ്രധാന പ്രശ്നമാണ്. ചെറിയ സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച പെൻഷൻ നൽകാതിരുന്ന കേസുകളും ഉണ്ട്.

### D.W.C.R.A.

ഈ പദ്ധതിപ്രകാരം പഞ്ചായത്തിന്റെ 11–ാം വാർഡിൽ ഒരു തൊഴിൽ സംരംഭം ആരംഭിക്കുകയുണ്ടായി. കൂൺകൃഷിക്കായി രൂപീകരിച്ച സംരംഭത്തിൽ 7 പേർക്ക് തൊഴിൽ ലഭിക്കുന്നു. കൂൺകൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ നല്ല സാധ്യതകൾ ഉണ്ട്. ശരിയായ മാർക്കറ്റ് ലഭ്യമാക്കിയാൽ വ്യാപകമായി തൊഴിലവസരങ്ങൾ നൽകാൻ പര്യാപ്തമായതാണിത്. പലഹാര നിർമാണവും ഈ യൂണിറ്റ്വഴി നടക്കുന്നുണ്ട്.

### കക്കൂസുകൾ

കക്കൂസുകൾ ആവശ്യമുള്ള ഏകദേശം 4000 വീടുകൾ പഞ്ചായത്തിൽ ഉണ്ട്. 2 പദ്ധതിക്കാലത്തായി 116 കക്കൂസുകൾ അനുവദിച്ചതിൽ എല്ലാംതന്നെ നിർമ്മാണം പൂർത്തിയായി. അടിയന്തിരമായ ആരോഗ്യപ്രശ്നം എന്നനിലയിൽ സമയബന്ധിതമായി കക്കൂസ് നിർമ്മാണം പൂർത്തിയാക്കണം. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ ഒന്നുതന്നെ ഇല്ല. കഴിഞ്ഞകാലങ്ങളിൽ പഞ്ചായത്തിൽ പലയിടത്തും ഇത്തരം സമാജങ്ങൾ നിലനിന്നിരുന്നു. പിന്നീട് പ്രവർത്തകരിൽ പലരും വിമുഖരായതോടെ ഈ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. ഇവയെ പുനരുദ്ധരിക്കുവാനും അംഗൻവാടികളുടെ ദൈനംദിന പ്രവർത്തികളുമായി ബന്ധിപ്പിക്കുവാനും അടിയന്തിരമായ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ പതിനാലു വാർഡുകളിലും അംഗണവാടികൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വന്തം സ്ഥലമോ കെട്ടിടമോ ഇതുവരെ ഉള്ളവ വളരെ വിരളമാണ്. കളിസ്ഥലം, കളിപ്പാട്ടങ്ങൾ എന്നിവ കാര്യമായ രീതിയിൽ ലഭിക്കുന്നില്ല. അയൽക്കൂട്ടങ്ങളുടെയും ഗ്രാമസഭകളുടെയും സഹകരണത്തോടെ ഇതിനെ തരണംചെയ്യാൻ കഴിയണം. പ്രതിരോധ കുത്തിവയ്പുകളുടെ കാര്യത്തിലും ശിശുപോഷണത്തിന്റെ കാര്യക്ഷമമായ ഇടപെടൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. 27 അംഗൻവാടികളിലായി 27 വീതം ടീച്ചർമാരും ഹെൽപ്പർമാരും നിയമിതരായിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമാർജന പദ്ധതികളുടെ സാധ്യതകൾ അത്ത[illegible] വിഭാഗങ്ങൾക്കിടയിൽ എത്തുന്നില്ല.
2. IRDP ലിസ്റ്റിൽ അനർഹർ ഉണ്ട്. അർഹതയുള്ള പലരു[illegible]

## പഞ്ചായത്തിലെ സഹകരണസംഘങ്ങൾ

| നമ്പർ | സംഘത്തിന്റെ പേര് | രജിസ്റ്റർ ചെയ്ത വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ/ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ നഷ്ടമോ | ക്രെഡിറ്റ് /നോൺ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|---|
| 1 | പള്ളിപ്പുറം സർവീസ് സഹകരണ സംഘം. നമ്പർ- 760 | 6-7-1924 | | 28 | 2 കോടി | | ലാഭം | ക്രെഡിറ്റ് |
| 2 | ചെറായി കൈത്തറി നെയ്ത്ത് സഹകരണസംഘം.നമ്പർ-648 | 22-10-1122 | 435 | 2 | 6 ലക്ഷം | | | നോൺ ക്രെഡിറ്റ് |
| 3 | പള്ളിപ്പുറം കയർ ഇൻഡസ്ട്രിയൽ സഹകരണസംഘം. നമ്പർ- 715 | 8-1-1948 | 991 | 225 | 10 ലക്ഷം | | നഷ്ടം | ” |
| 4 | ചെറായി കയർ വ്യവസായ സഹകരണസംഘം. നമ്പർ- ഇ. 58 | 7-11-1977 | 481 | 85 | 575470 | | നഷ്ടം | ” |
| 5 | പള്ളിപ്പുറം കുഴുപ്പള്ളി കൈത്തറി നെയ്ത്ത് (ഉ.വി) സഹകരണസംഘം. നമ്പർ- എച്ച്. 128 | 4-12-1956 | 314 | 2 | 1 ലക്ഷം | | നഷ്ടം | ” |
| 6 | പള്ളിപ്പുറം ക്ഷീരോൽപ്പാദക സഹകരണസംഘം. നമ്പർ-ഇ. 36(17) | 22-7-1978 | 714 | 29 | 1 ലക്ഷം | | ലാഭം | ” |
| 7 | പള്ളിപ്പുറം പട്ടികജാതി-പട്ടികവർഗ സർവീസ് സഹകരണ സംഘം. നമ്പർ-685 | 18-6-1979 | 979 | 2 | 624950 | | നഷ്ടം | ക്രെഡിറ്റ് |
| 8 | ഭവനനിർമാണ സഹകരണ സംഘം. നമ്പർ-ഇ. 711 | 28-3-1980 | 263 | 2 | 1510000 | | ലാഭം | ക്രെഡിറ്റ് |
| 9 | മുനമ്പം മത്സ്യവ്യവസായ സഹകരണസംഘം. നമ്പർ-374 | | 704 | 1 | 25,000 | | ലാഭം | ക്രെഡിറ്റ് |
| 10 | ചെറായി-മുനമ്പം മത്സ്യത്തൊഴിലാളി വികസനക്ഷേമ സംഘം. നമ്പർ- എഫ്.(ഇ)6/87/സി.ഇസഡ് | 21-1-1988 | 1773 | 1 | | | | |
| 11 | ചെറായി മത്സ്യതൊഴിലാളി വികസനക്ഷേമ സംഘം | നിലവിലില്ല | | 1 | | | | |
| 12 | പള്ളിപ്പുറം മത്സ്യതൊഴിലാളി വികസനക്ഷേമസംഘം | | | 1 | | | | |
| 13 | മുനമ്പം മത്സ്യതൊഴിലാളി വികസന ക്ഷേമസംഘം | | | | | | | |
| 14 | പള്ളിപ്പുറം-ചെറായി കായലോര മത്സ്യതൊഴിലാളി ക്ഷേമസംഘം | | | | | | | |
| 15 | കക്കാ വ്യവസായ സഹകരണ സംഘം | | | | | | | |

വിച്ച അവസ്ഥയിലാണ്. ക്ഷീരവ്യവസായസംഘം ശുഷ്കാന്തിയോടെയുള്ള പ്രവർത്തനം നടക്കുന്നതിനാൽ ലാഭത്തിലും ജനോപകാരപ്രദമായും പ്രവർത്തിക്കുന്നു.

പൊതുവേ പരിശോധിച്ചാൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ സങ്കുചിതമായ രാഷ്ട്രീയ പരിഗണനകൾക്കതീതമായി പ്രവർത്തിക്കുകയാണ്. കാര്യക്ഷമമായ മാനേജ്മെന്റും ബഹുജന പങ്കാളിത്തവും ഈ സംഘങ്ങളുടെ മുതൽക്കൂട്ടാണ്. ഉപഭോക്തൃ സഹകരണസംഘങ്ങൾ പഞ്ചായത്തതിർത്തിയിൽ

നിലനിൽക്കുന്നില്ല എന്നത് ഒരു വലിയ അപര്യാപ്തതയാണ്.

## പ്രശ്നങ്ങൾ

1. കാര്യക്ഷമതയുള്ള മാനേജ്മെന്റിന്റെ അപര്യാപ്തത പല സംഘങ്ങളേയും തകർച്ചയിലേക്കു നയിക്കുന്നു. തകരാൻ ഇട യാക്കുന്നു.

2. നാമമാത്രമായ പങ്കാളിത്തം നിലനിർത്തിക്കൊണ്ട് ഉൽപ്പ നങ്ങൾ സംഘത്തിന് പുറത്ത് കൂടിയ വിലയ്ക്ക് വിൽക്കുന്ന താഴ്ന്ന സാമൂഹ്യബോധം നിലനിൽക്കുന്നു.

3. പുത്തൻ അഭിരുചികൾക്കിണങ്ങിയ ഉൽപ്പന്നങ്ങൾ നിർമി ക്കാൻ കഴിയാത്ത അവസ്ഥ.

## സാധ്യതകൾ

1. വാർഡുകൾതോറും കൺസ്യൂമകർ സഹകരണ സംഘ ങ്ങൾ സ്ഥാപിക്കുക.

2. വനിതാ വ്യവസായസംരഭത്തിന് 14 വാർഡുകളിൽ വനിതാ സഹകരണസംഘം സ്ഥാപിക്കുക.

3. വർഷം തോറുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാന ത്തിൽ മാനേജ്മെന്റ് പരിശീലനം നൽകുക.

4. സംഘങ്ങളിൽനിന്നും കാലതാമസം കൂടാതെ തൊഴിലാ ളികൾക്ക് പ്രതിഫലം നൽകുക.

5. ഉൽപ്പാദനക്ഷമത ഉയർത്തുവാൻ അത്തരം സംഘങ്ങ ളിൽ തൊഴിലാളികൾക്ക് പരിശീലനവും നവീകരണവും നടപ്പാ ക്കുക.

6. മാർക്കറ്റിംഗ് സംഘങ്ങൾ സ്ഥാപിക്കുക.

7. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.

8. ജനറൽ ബോഡികൾ വിഷയക്രമത്തിൽ ആഴത്തിലുള്ള ചർച്ചകൾ നടക്കുന്ന പരിപാടികളാക്കുക.

9. പ്രാദേശിക സാമ്പത്തിക തൊഴിൽ സ്വഭാവത്തിനനുസരി ച്ചുള്ള സ്കീമുകൾ ആവിഷ്കരിക്കുക.

10. ഭവനനിർമാണ സംഘങ്ങളിൽ പലിശയും വ്യവസ്ഥകളും ലഘൂകരിക്കുക.

# വിഭവ സമാഹരണം

വികസനത്തിന്റെ മുന്നുപാധിയിൽ സുപ്രധാനമായതാണ് സാമ്പത്തികം. അതുകൊണ്ടുതന്നെ വിഭവസമാഹരണം ഏതെല്ലാം രീതിയിലാകാം എന്നതിൽ വ്യക്തത ഉണ്ടാകണം. വികസനത്തിനാവശ്യമായ സാമ്പത്തിക പിന്തുണ ലഭ്യമാക്കാൻ താഴെപറയുന്ന മാർഗങ്ങളാണ് ഗ്രാമപഞ്ചായത്തിന് അവലം ബമായിട്ടുള്ളത്.

1. അൺടൈഡ് ഫണ്ട്-ഉപാധിരഹിത നിധി.
2. ജെ.ആർ.വൈ. വിഹിതം
3. 9-ാം പഞ്ചവത്സര പദ്ധതിയുടെ 35-40 ശതമാനം തുക.
4. സംസ്ഥാന നികുതി വിഹിതം
5. ഗ്രാന്റുകൾ.

**സ്വന്തം വരുമാനമാർഗങ്ങൾ**

1. തൊഴിൽ നികുതി
2. കെട്ടിട നികുതി
3. വിനോദ നികുതി
4. നികുതിയേതര വരുമാനം-വസ്തുക്കളിൽ നിന്നുള്ള ആദാ യവും ഫീസുകളും.

**ചെലവിനങ്ങൾ**

1. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്
2. പൊതുമരാമത്ത്
3. മറ്റു വികസന ചെലവുകൾ-വാട്ടർ ചാർജ്, കറന്റ് ചാർജ്.
4. കടം തിരിച്ചടവ്.

**പഞ്ചായത്ത് പ്രദേശത്തെ ധനകാര്യ സ്ഥാപനങ്ങൾ**

1. സഹകരണമേഖല

പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 760

**2. ബാങ്കുകൾ**

1. യൂക്കോ ബാങ്ക്
2. ബാങ്ക് ഓഫ് ഇന്ത്യ
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
4. ലോർഡ് കൃഷ്ണാ ബാങ്ക്
5. കാത്തലിക് സിറിയൻ ബാങ്ക്

**3. വായ്പാ സഹകരണ സംഘങ്ങൾ**

ഭവനനിർമ്മാണ സഹകരണസംഘം

**4. ബാങ്കേതരം**

a. ഔപചാരികം: പട്ടികജാതി പട്ടികവർഗ സഹകരണ സംഘം

b. അനൗപചാരിക സംഘങ്ങളും സാമൂഹ്യ സേവാ സംഘ ങ്ങളും

c. സ്വകാര്യ ഫൈനാൻസിംഗ് ഏജൻസികളും ചിട്ടിക്കമ്പനി കളും.

### നികുതിയേതര വരുമാനം

വരവ് സംബന്ധിച്ച വിവരങ്ങൾ (ചാർട്ട് 1-23 കാണുക)

| വർഷം | ആകെ വരവ് | ആകെ ചെലവ് |
|---|---|---|
| 91-92 | 1392756.59 | 1200110.25 |
| 92-93 | 1805542.10 | 1671875.30 |
| 93-94 | 2023105.81 | 2045093.75 |
| 94-95 | 2786527.90 | 2557065.75 |
| 95-96 | 3083692.07 | 3027609.90 |

431

## ട്രൈസം പരിശീലനത്തിന്റെ വിവരങ്ങൾ

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1, 5 | ടൈലറിംഗ്, എംബ്രോയ്ഡറി | 3 | NIL | 3 | NIL |
| 1.6 | റോഡിയോ-ടിവി മെക്കാനിസം, കൈത്തറി | 2 | NIL | 2 | NIL |
| 4 | സ്റ്റീൽ അലമാര നിർമ്മാണം | 1 | 1 | NIL | NIL |
| 5 | ഇലക്ട്രീഷ്യൻ | 2 | NIL | 2 | NIL |
| 5 | മറൈൻ എഞ്ചിനീയറിംഗ് | 1 | 1 | NIL | NIL |
| 5 | ഹാന്റിക്രാഫ്റ്റ് | 1 | 1 | NIL | NIL |
| 5, 7 | തുണിനെയ്ത്ത്, ഹാന്റിക്രാഫ്റ്റ് | 3 | 1 | 2 | NIL |
| 5, 6, 7 | റേഡിയോ-ടിവി മെക്കാനിസം, കൈത്തറി നെയ്ത്ത്, ബുക്ക് ബൈയന്റിങ്ങ് | 3 | 3 | NIL | NIL |
| 6 | ടൈലറിങ്ങ്, കൈത്തറി നെയ്ത്ത് | 5 | 2 | 3 | NIL |
| 7 | കൈത്തറി നെയ്ത്ത് | 1 | 1 | NIL | NIL |
| 8 | നെയ്ത്ത്, കമ്പോസിങ്ങ്, കംപ്യൂട്ടർ, ടിവി മെക്കാനിസം | 5 | NIL | 5 | NIL |
| 9 | ബൈന്റിങ്ങ്, വാച്ച് റിപ്പയർ, നെയ്ത്ത്, ഷീറ്റ് മെറ്റൽ, ഹാന്റിക്രാഫ്റ്റ്, ടൈലറിങ്ങ്, കംപ്യൂട്ടർ | 9 | 1 | 8 | NIL |
| 10 | ടിവി-റേഡിയോ മെക്കാനിസം, തയ്യൽ, ഹാന്റിക്രാഫ്റ്റ് | 3 | NIL | 3 | NIL |
| 11 | ഹീറ്റർ, ടൈലറിങ്ങ്, വാച്ച് റിപ്പയറിങ്ങ്, റേഡിയോ, നെയ്ത്ത്, ഹാന്റിക്രാഫ്റ്റ്, കമ്പോസിങ്ങ് | 17 | 3 | 14 | NIL |
| 13 | കാർപെന്റർ, ഫിറ്റർ, വയർമാൻ, പ്ലംബർ, ബ്ലാക്സ്മിത്ത്, നെയ്ത്ത്, ഹാന്റിക്രാഫ്റ്റ്, കംപ്യൂട്ടർ | 11 | 2 | 9 | NIL |
| 14 | ഷീറ്റ്മെറ്റൽ വർക്സ്, നെയ്ത്ത്, ഹാന്റിക്രാഫ്റ്റ് | 3 | NIL | 3 | NIL |

പിന്തള്ളപ്പെടുന്നു.

3. ജനകീയമേൽനോട്ടം ഇല്ലായ്മമൂലം ഡിപ്പാർട്ടുമെന്റൽ പരിപാടി എന്നനിലയിൽ അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും വ്യാപകമാണ്.

4. പദ്ധതികൾക്ക് ആവശ്യമായ പ്രചാരണം ഇല്ല.

5. യഥാസമയം ആനുകൂല്യങ്ങൾ കിട്ടുന്നില്ല.

6. വായ്പാതുകകളും ധനസഹായവും ആവശ്യമുള്ളതു വിതരണം ചെയ്യുന്നില്ല.

## സാധ്യതകൾ

1. IRDP ആനുകൂല്യം അർഹരായവർക്ക് സമയബന്ധിതമായി നൽകി പൂർത്തിയാക്കുക.

2. DWCRA യൂണിറ്റുകൾ 14 വാർഡിലും സ്ഥാപിക്കുക.

3. ട്രൈസം പരിപാടിയുടെ സാധ്യത ഗ്രാമസഭകളിലൂടെ ജനങ്ങളെ മനസ്സിലാക്കുക.

4. പരിശീലനം കഴിഞ്ഞവർക്ക് തദ്ദേശീയ കാലാവസ്ഥയിലുള്ള തൊഴിലിൽ ഏർപ്പെടുവാൻ സഹായം നൽകുക.

5. സഹായത്തിന് അർഹരായവരെ കണ്ടെത്താൻ ഗ്രാമസഭകൾ അയൽക്കൂട്ടം എന്നിവയിലൂടെ നടത്തുക.

6. മഹിളാ സമാജങ്ങൾ, അംഗണവാടികൾ എന്നിവയെ പരസ്പരം പൂരകമാക്കി പ്രവർത്തിപ്പിക്കുക.

7. സഹകരണ മേഖലയുടെ സഹായത്തോടെ വനിതാ സ്വയം തൊഴിൽ ധനകാര്യ ഏജൻസികൾ ആരംഭിക്കുക.

# സഹകരണമേഖല

മലയാളിയുടെ സ്വാതന്ത്ര്യബോധത്തിന്റെ ചടുലമായ ആവേശങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നിരവധി സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രാഷ്ട്രീയ സംഘടനകൾക്ക് രൂപം നൽകുകയുണ്ടായി.

സാമൂഹ്യമായ സമത്വത്തിനുവേണ്ടി രൂപപ്പെട്ട സംഘടനകൾ അക്കാലത്ത് ജാതിയടിസ്ഥാനത്തിലായിരുന്നു. സാമൂഹ്യ മാറ്റത്തിന് സാമ്പത്തികരംഗത്തെ സ്വാശ്രയത്തിനുള്ള സ്ഥാനം മനസിലാക്കിയ ദീർഘവീക്ഷണമുള്ള ആളുകൾ ആണ് കേരളത്തിൽ സഹകരണസംഘങ്ങൾക്ക് തുടക്കമിട്ടത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളീയ ജീവിതത്തെ സമഗ്രമായി കീഴ്മേൽ മറിച്ച പ്രസ്ഥാനങ്ങളിൽ പ്രഥമ ഗണനീയമായിരുന്നില്ലോ ശ്രീനാരായണ പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ അനുബന്ധമായി 1924ൽ പള്ളിപ്പുറം പഞ്ചായത്തിൽ മുനമ്പം ഈഴവ പരസ്പരസഹായസംഘം സ്ഥാപിക്കപ്പെട്ടു. അന്നത്തെ നിയമമനുസരിച്ച് ജാതിയടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ രൂപീകരിക്കാൻ കഴിയുമായിരുന്നു. 1963ലെ സഹകരണ നിയമമനുസരിച്ച് ഈ സംഘം 760-ാം നമ്പർ പള്ളിപ്പുറം സർവീസ് സഹകരണസംഘമായി മാറി. പിന്നീട് ഈ സംഘം പഞ്ചായത്തിലെ സാമ്പത്തിക ജീവിതത്തിന്റെ അവിഭാജ്യഘടകമായിത്തീർന്നു.

ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന ഏക സഹകരമ സംഘമാണ് 760- ാം നമ്പർ പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക്. രണ്ടുകോടി രൂപയുടെ ഓഹരി മൂലധനമാണ് ഈ സംഘത്തിനുള്ളത്. പഞ്ചായത്തിലെ മൂന്ന് ക്രെഡിറ്റ് സഹകരണസംഘങ്ങളിൽ വിപുലമായ ജനകീയ സാമ്പത്തിക അടിത്തറ ഈ സംഘത്തിന് മാത്രമാണുള്ളത്. ശരിയായ മാനേജ്മെന്റും കഴിവുറ്റ ജീവനക്കാരും ഈ സംഘത്തിന്റെ വിജയത്തിന് പ്രധാന കാരണമാണ്. പഞ്ചായത്തിന്റെ തെക്കേ അറ്റത്തും വടക്കേ അറ്റത്തും മുഴുവൻ സമയം പ്രവർത്തിക്കുന്ന രണ്ട് ശാഖകൾ ഈ സഹകരണസംഘത്തിനുണ്ട്.

കയർ മേഖലയിലും കൈത്തറി മേഖലയിലും രണ്ട് വീതവും മധ്യമേഖലയിൽ അഞ്ചും സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കക്കാ വ്യവസായരംഗത്തും സഹകരണസംഘമുണ്ട്. പട്ടികജാതി സഹകരണസംഘവും ഭവന നിർമ്മാണ സഹകരണസംഘവുമാണ് ക്രെഡിറ്റ് സംഘങ്ങളായുള്ളത്. ഭവനനിർമാണ സഹകരണ സംഘം മാത്രമാണ് ഇയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്. ക്ഷീരോല്പാദക സഹകരണസംഘവും ലാഭത്തോടെ പ്രവർത്തിക്കുന്നു (പട്ടിക കാണുക).

## കയർ സഹകരണസംഘങ്ങൾ

പള്ളിപ്പുറം കയർ ഇൻഡസ്ട്രിയൽ സഹകരണ സംഘവും ചെറായി കയർ വ്യവസായ സഹകരണസംഘവുമാണ് ഈ മേഖലയിൽ ഉള്ളത്. 991 ഉം 481 ഉം വീതം അംഗങ്ങളാണ് യഥാക്രമം ഈ സംഘങ്ങളിൽ ഉള്ളത്. പത്തുലക്ഷം രൂപ വീതമാണ് ഇവയുടെ ഓഹരി മൂലധനം. രണ്ടു സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## ഭവനനിർമാണ സഹകരണസംഘം

1980-ൽ ആണ് ഭവനനിർമ്മാണ സംഘം സ്ഥാപിതമായത്. 263 അംഗങ്ങളും 624950 രൂപയുടെ ഓഹരി മൂലധനവും ഈ സംഘത്തിനുണ്ട്.

## കൈത്തറി സഹകരണസംഘങ്ങൾ

രണ്ട് കൈത്തറി സഹകരണസംഘങ്ങൾ നിലവിലുണ്ട്. ചെറായി നെയ്ത്ത് സംഘത്തിൽ 435 അംഗങ്ങളും പള്ളിപ്പുറം-കുഴിപ്പിള്ളി സംഘത്തിൽ 314 അംഗങ്ങളും ഉണ്ട്. ചെറായി സംഘത്തിന്റെ മൂലധനം ആറ് ലക്ഷം രൂപയാണ്. പള്ളിപ്പുറം സംഘത്തിന്റെ മൂലധനം 575470 ആണ്. രണ്ട് സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## മത്സ്യവ്യവസായ-തൊഴിലാളി സംഘങ്ങൾ

374-ാം നമ്പർ മുനമ്പം മത്സ്യവ്യവസായ സഹകരണസംഘം, ചെറായി- മുനമ്പം മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണസംഘം ചെറായി മത്സ്യതൊഴിലാളി വികസന ക്ഷേമ സംഘം, മുനമ്പം മത്സ്യവ്യവസായ സഹകരണസംഘം, ചെറായി-പള്ളിപ്പുറം കായലോര മത്സ്യതൊഴിലാളി വികസന സംഘങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ നിലനിൽക്കുന്നു. 374-ാം നമ്പർ സഹകരണസംഘം ഒഴിച്ചുള്ളവ മത്സ്യഫെഡിൽ രജിസ്റ്റർ ചെയ്തവയാണ്. ഇവയിലൂടെ മത്സ്യമേഖലയിലെ സർക്കാർ വകുപ്പുകളുടെ ക്ഷേമ പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ട്.

പള്ളിപ്പുറം പട്ടികജാതി-പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം 1979 ലാണ് സ്ഥാപിതമായത്. 979 അംഗങ്ങളും 1 ലക്ഷം രൂപയുടെ ഓഹരി മൂലധനവുമാണ് ഈ സംഘത്തിനുള്ളത്. ക്രെഡിറ്റ് സൗകര്യങ്ങളുള്ള ഈ സംഘം നഷ്ടത്തിൽ പ്രവർത്തിക്കുന്നു.


## തകർന്ന സംഘങ്ങൾ


പപ്പട വ്യവസായ സഹകരണസംഘം, സോപ്പ് നിർമ്മാണ സഹകരണസംഘം, കക്കാ വ്യവസായ സഹകരണസംഘം, വൈപ്പിൻ- പറവൂർ മോട്ടോർ തൊഴിലാളി സഹകരണസംഘം, തൊണ്ടുവ്യവസായ സഹകരണസംഘം എന്നിവ തകർച്ച നേരിട്ട് പ്രവർത്തിക്കാതായവയാണ്. പപ്പട വ്യവസായ സഹകരണ സംഘം പൊതുയോഗം ചേർന്ന് പ്രവർത്തനം നിർത്തിവയ്ക്കാൻ തീരുമാനിച്ച സംഘമാണ്. 1978ൽ ഖാദിഗ്രാമ വ്യവസായത്തിന്റെ കീഴിൽ 57 അംഗങ്ങളും 10000 രൂപ പ്രവർത്തമൂലധനവുമായി പ്രവർത്തനം തുടങ്ങിയ ഈ സംഘത്തിന്റെ തകർച്ച പഠനവിധേയമാക്കിയാൽ തൊഴിൽ സഹകരണസംഘങ്ങൾ തകരാനുള്ള കാരണങ്ങളുടെ പൊതു ചിത്രം ലഭിക്കും. സോപ്പു നിർമ്മാണ ഫാക്ടറി ഉൽപ്പന്നങ്ങൾ വിപണനം നടക്കാത്തതിന്റെ പേരിലാണ് അടച്ചുപൂട്ടപ്പെട്ടത്. ഇപ്പോൾ ഈ സംഘത്തിൽ ഖാദി ഗ്രാമവ്യവസായത്തിന്റെ സഹായത്തോടെ നൂൽനൂൽപ്പ് നടക്കുന്നു. കക്കാ വ്യവസായ സഹകരണസംഘം, താൽക്കാലിക ലാഭം പ്രതീക്ഷിക്കുന്നത സഹകാരികൾ കക്ക സ്വകാര്യ വ്യക്തികൾക്ക് നൽകുന്നതിനാൽ പ്രവർത്തനം മര

## പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഗ്രാഫ്

| വർഷം | Rs. 1000ന് 2 c.m എന്ന തോത് | |
|---|---|---|
| | വരവ് | ചെലവ് |
| 91-92 | 1400 | 1200 |
| 92-93 | 1800 | 1700 |
| 91-94 | 2000 | 2000 |
| 94-95 | 2800 | 2600 |
| 95-96 | 3100 | 3000 |

[തോത് Rs.1000ന് 2cm]



| 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995–96) Ref. C.B | | |
|---|---|---|
| ഇനം | 94–95 | 95–96 |
| കെട്ടിട നികുതി | 461250.95 | 505958.85 |
| സർവ്വീസ് ചാർജ് | -- | -- |
| തൊഴിൽ നികുതി | 236475.00 | 273340.00 |
| വാഹന നികുതി | 2100.00 | 2010.00 |
| വിനോദ നികുതി | 130820.62 | 131274.43 |
| അഡി. വിനോദ നികുതി | 78837.13 | 79338.04 |
| പ്രദർശനനികുതി | 6492.00 | 6388.00 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1623.00 | 1597.00 |
| ചന്ത വരവ് | 8921.00 | 9750.00 |
| ലാന്റ് സെസ്സ് | -- | -- |
| ലൈസൻസ് ഫീസ് | 9575.00 | 10173.00 |
| കെട്ടിട നികുതി സർചാർജ്ജ് | -- | -- |
| വസ്തു കൈമാറ്റ നികുതി 75% | 306028.00 | 302646 |
| വസ്തു കൈമാറ്റ നികുതി 25% | -- | 150806.00 |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 838.45 | 1164.75 |
| സംഭാവന | 1250.00 | 1500.00 |
| ഡെപ്പോസിറ്റ് | 629595.75 | 233200.00 |
| മറ്റുള്ളവ | 75192.00 | 211169.00 |
| ആകെ | 2786527.90 | 3083692.07 |

| 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C.B (1995- 96) | | |
|---|---|---|
| ഇനം | തുക | |
| | 94–95 | 95–96 |
| ഭരണം | 774645.25 | 872387.90 |
| പൊതുമരാമത്ത് | 522547.00 | 265330.00 |
| വിദ്യാഭ്യാസം | 16111.00 | 17730.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 444131.00 | 416281.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 156924.00 | 164813.00 |
| മറ്റുള്ളവ | 642707.50 | 1291068.00 |
| ആകെ | 2557065.75 | 3027609.90 |

## സർക്കാരിൽനിന്നു ലഭിക്കുന്ന ധനസഹായത്തിന്റെ വിഹിതം

1.16 ഗ്രാന്റ് വിവരങ്ങൾ

| | | 95–96 |
|---|---|---|
| 1. | അൺടൈഡ് ഫണ്ട് | 251800.00 |
| 2. | ജെ.ആർ.വൈ. | 286260.00 |
| 3. | എസ്.സി.പി | |
| 4. | അടിസ്ഥാന നികുതി 25% | 32421.00 |
| | അടിസ്ഥാന നികുതി 75% | |
| 5. | വി.ടി.സി | 160561.00 |
| 6. | വി.ആർ.എം. | 17987.00 |
| 7. | മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ചത് | 56005.00 |

പഞ്ചായത്തിന് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് കിട്ടുന്നില്ല.
ഭരണച്ചെലവ് (95–96) 872387.00 29%
ആകെ ജീവനക്കാർ 21
എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വർധിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതസൂചിക അനുസരിച്ച് ആനുകൂല്യങ്ങളിൽ ഉണ്ടാകുന്ന വർധനവാണ് മുഖ്യകാരണം.
പൊതുമരാമത്ത് ചെലവ് (95–96) 265330.00

### പൊതുമരാമത്ത് പണികൾ നടത്തുന്നവിധം

*ഫണ്ട് ഇനം*

1. അൺടൈഡ് – പഞ്ചായത്ത് നേരിട്ട് നടത്തുന്നു
2. ജെ.ആർ.വൈ – നോമിനി
3. പഞ്ചായത്ത് ഫണ്ട് – കോൺട്രാക്ട്

ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നതോടെ സന്നദ്ധസേവകരുടെ സഹകരണം ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

## മറ്റ് വികസന ചെലവുകളിൽ മുഖ്യ ഇനങ്ങൾ

1. ശുദ്ധജലവിതരണം–ജലലഭ്യത ഒന്നിടവിട്ട ദിവസങ്ങളിൽ
2. പാർപ്പിടം–2000 ത്തോളം പേർ ഇന്ന് ചെറ്റക്കുടിലിൽ താമസിക്കുന്നു.
3. കക്കൂസ്–അനാരോഗ്യകരമായ തോട്ടുകക്കൂസുകൾ നീക്കം ചെയ്യേണ്ടതുണ്ട്. സ്വന്തം കക്കൂസ് ഇല്ലാത്ത നിരവധി വീടുകളുണ്ട്.
4. വൈദ്യുതി–തെരുവു വിളക്കുകൾ, നൽകുന്ന വൈദ്യുതി ചാർജിന് ആനുപാതികമായി കത്തുന്നില്ല.

## കടംതിരിച്ചടവ്

ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടി എടുത്ത ഒരുലക്ഷം രൂപയിൽ അടച്ചുതീർക്കേണ്ട തുക.

ധനകാര്യ കമ്മീഷന് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ മേഖലകളിൽ എന്തെല്ലാം ചെയ്യാമെന്ന് പഞ്ചായത്ത് ഭരണസമിതിയുടെ അഭിപ്രായങ്ങൾ അറിയിച്ചതിൽ മുഖ്യമായവ.

1. ലൈസൻസ് ഫീസ് വർധിപ്പിക്കുക
2. ഫിഷിംഗ് ബോട്ടുകളുടെ സമഗ്രമായ രജിസ്ട്രേഷൻ
3. കച്ചവടസ്ഥാപനങ്ങളുടെ സമഗ്രമായ രജിസ്ട്രേഷൻ
4. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണവും നിർമ്മാണ സാമഗ്രികളുടെ സ്വഭാവവും കണക്കിലെടുത്ത് കെട്ടിട നികുതി നിർണ്ണയിക്കുക.

## മറ്റു നിർദേശങ്ങൾ

5. ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തിയാക്കുക.

6. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തി- വണ്ടിപ്പേട്ട.

7. പഞ്ചായത്ത് പ്രദേശത്തെ വാഹന ഉടമകളിൽനിന്ന് നികുതി ഈടാക്കൽ.

8. മത്സ്യകൃഷി വർദ്ധനവിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ.

വ്യവസായ കാർഷിക വായ്പകൾ മുഖ്യമായും സഹകരണ ബാങ്കുകളേയും ഇതര ബാങ്കുകളേയും ആശ്രയിച്ചാണ് പോകുന്നത്. പ്രാദേശികമായി പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ സാധാരണക്കാർക്ക് സാമ്പത്തിക മേഖലയിൽ അവലംബമാണ്. എന്നാൽ ഈ മേഖലയിൽ പലിശ നിരക്കു നിയന്ത്രണവിധേയമല്ല.

ഗൾഫ് വരുമാനത്തിന്റെ സ്വാധീനം ഈ പഞ്ചായത്ത് പ്രദേശത്ത് അനുഭവത്തിലുണ്ട്. ഈ വിഭാഗത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും നിർമ്മാണപ്രവർത്തനങ്ങൾക്കായി ചിലവഴിക്കപ്പെടുന്നു. കാർഷിക മേഖലയേക്കാൾ ഇത്തരക്കാർ വ്യവസായ മേഖലയിലാണ് കൂടുതൽ മുതൽമുടക്കുന്നത്. ഇതും സ്വകാര്യ സംരംഭങ്ങളിലാണ്. മുടക്കുമുതലിന് ആവശ്യമായ ഉറപ്പുനൽകി വിവിധ മേഖലകളിൽ ഗൾഫ് പണം നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയും.

വിഭവസമാഹരണത്തിന്റെ ഭാഗമായി സമസ്ത മേഖലകളിലേയും വികസന പ്രവർത്തനങ്ങൾക്കായി അദ്ധ്വാനത്തിന്റെ രൂപത്തിലും സംഭാവനയായും മുതൽക്കൂട്ടാൻ കഴിയും. റോഡ് നിർമ്മാണം, ശുദ്ധജലവിതരണം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവയിൽ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വിഭവ സമാഹരണം നടത്താൻ കഴിയും. കഴിഞ്ഞ കേരള പിറവിദിനം സർക്കാർ നിർദ്ദേശമനുസരിച്ച് പുനരർപ്പണദിനമായി ആചരിച്ച സന്ദർഭത്തിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനപങ്കാളിത്തവും ഈ രീതിയിൽ വിഭവസമാഹരണവും നടത്തുവാൻ കഴിഞ്ഞു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ തനതായ വരുമാന സാധ്യതകൾ പ്രയോജനപ്പെടുത്താത്ത അവസ്ഥ.

2. നിലവിലുള്ള സംവിധാനങ്ങളിൽ അനുയോജ്യമായവ നിലനിർത്താനും പുതിയവ നിർമ്മിക്കുവാനും നീക്കിവെക്കേണ്ട വിഹിതത്തിലെ വ്യത്യാസം.

3. ഇടനിലക്കാരുടെ ലാഭമോഹം.

4. ആവശ്യമായ വായ്പകൾ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ വരുത്തുന്ന തടസങ്ങളും കാലതാമസവും.

5. നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം നേടിയെടുക്കുവാൻ കഴിയുന്നില്ല.

6. ആവശ്യങ്ങൾ പരിഗണിച്ച് ഓരോ പ്രദേശത്തും നടത്തേണ്ട വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ഉണ്ടാകുന്ന തടസങ്ങൾ.

7. പൊതുഫണ്ടുകളുടെയും സംഭാവനകളുടെയും ദുർവിനിയോഗം.

8. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യക്തത ഇല്ലായ്മ.

## സാധ്യതകൾ

1. നികുതി പിരിവ് ഊർജ്ജിതവും സമഗ്രവുമാക്കുക.

2. നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ഊർജ്ജസ്വലമായ പ്രവർത്തനം.

3. കാലാനുസൃതമായി നികുതികളിൽ വരുത്താവുന്ന വർദ്ധനവുകൾ.

4. ഭരണച്ചെലവ് കുറക്കുന്നതിനുള്ള ശാസ്ത്രീയവും ബോധപൂർവ്വവുമായ പ്രവർത്തനങ്ങൾ.

5. പുതിയ സേവനമേഖലകൾ നിർദേശിച്ച് ഉണ്ടാക്കാവുന്ന വരുമാനവർദ്ധനവ്.

6. സന്നദ്ധ പ്രവർത്തനങ്ങൾ.

7. ധനകാര്യസ്ഥാപനവുമായി ധാരണയിലെത്തി അനുയോജ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കാം.

8. പഞ്ചായത്തിലെ വരവ് ചെലവ് കാര്യങ്ങളിൽ ജനങ്ങൾക്ക് കണക്കു പരിശോധിക്കാനുള്ള അവസരംകൊടുത്ത് അവരുടെ സഹകരണം നേടുക.

9. രജിസ്റ്റർ ചെയ്ത വികസന സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനവും 100 വീടുകൾക്ക് 2 പേർ എന്ന തോതിൽ തെരഞ്ഞെടുത്ത പ്രതിനിധികളുടെ പ്രവർത്തനവും വികസന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താം.

10. ഉൽപ്പാദന സേവന മേഖലയുടെ വികസനം ലക്ഷ്യമാക്കി ആസൂത്രിതവും ശാസ്ത്രീയവുമായ സമീപനം വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയും.

# വനം

തീരപ്രദേശമായതിനാൽ നമ്മുടെ പഞ്ചായത്തിൽ വനം ഇല്ല. എന്നാൽ മത്സ്യങ്ങൾക്കും ചെമ്മീനുകൾക്കും ഈറ്റില്ലമാകുന്ന കണ്ടൽകാടുകൾ നമ്മുടെ പഞ്ചായത്തിൽ പല പ്രദേശങ്ങളിലും ഉണ്ട്. തണ്ണീർ തടങ്ങളിൽ ശുദ്ധജലവും ലവണജലവും ഭൂമിക്കടിയിൽ സന്ധിക്കുന്നിടത്താണ് കണ്ടൽ വനങ്ങൾ കാണാറുള്ളത്. നമ്മുടെ പഞ്ചായത്തിലെ പൊഴിലിന്റെ ഇരു കരകളിലും കണ്ടൽ ചെടികളുടെ സാന്നിധ്യം ഉണ്ട്. ചെമ്മീൻ കെട്ടുകളും, ചീനവലകളും മറ്റു മത്സ്യബന്ധന രീതികളും നിലനിൽക്കുന്ന ഈ പൊഴിൽ ആയിരത്തോളം പേരുടെ ഉപജീവന മാർഗ്ഗമാണ്. ഇവിടത്തെ കണ്ടൽചെടി സാന്നിധ്യം മത്സ്യങ്ങളുടെ പ്രജനനത്തിന് അനുഗുണമായതിനാലാണ് ഇത്രയധികം പേർക്ക് ഉപജീവനം പൊഴിലിൽനിന്ന് നേടാൻ കഴിയുന്നത്. പുതിയ ചെമ്മീൻ കെട്ടുകളുടെ നിർമ്മാണം കണ്ടലിനെ നശിപ്പിക്കുന്നുണ്ട്. പൊഴിലിന്റെ ആകെ പരിസ്ഥിതി സന്തുലനം നഷ്ടപ്പെടുത്തുന്ന രീതിയിൽ സ്വകാര്യ ചെമ്മീൻ കെട്ടുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. 2-ാം വാർഡിൽ 'കാവലാംകുഴി' പ്രദേശത്ത് തോടുകളിൽ ധാരാളമായി കണ്ടൽ ചെടികൾ വളരുന്നു. പൊഴിലിന്റെ തുടക്കത്തിൽ നിലനിൽക്കുന്ന തുരുത്ത് പൂർണ്ണമായും ഒരു കണ്ടൽകാടാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി ഈ കണ്ടൽവനം നഷ്ടപ്പെടാതിരിക്കാൻ അടിയന്തിര ശ്രദ്ധ ആവശ്യമാണ്.

## കാവുകൾ

പരിസ്ഥിതി സന്തുലനവും അന്തരീക്ഷ ഈർപ്പത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന 'കാവു'കൾ നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. വർദ്ധിച്ച ജനസാന്ദ്രത ഇതിന് പ്രധാന കാരണമാണ്. കാവുകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള അറിവില്ലായ്മ പരിഹരിക്കപ്പെടേണ്ടതാണ്.

## സാമൂഹ്യവനവൽക്കണം

സർക്കാർ വകുപ്പുകൾ വഴിയുള്ള സാമൂഹ്യ വനവൽക്കരണ പരിപാടികൾ പലതും നടന്നുവരാറുണ്ട്. യാതൊരു അവബോധവും സൃഷ്ടിക്കാതെ കേവല പരിപാടികളായി ഇവ അവസാനിക്കുന്നു. ഫലവൃക്ഷങ്ങൾ അതത് അയൽക്കൂട്ടങ്ങളുടെ മേൽക്കയ്യിൽ നട്ടുപിടിപ്പിക്കേണ്ടിയിരിക്കുന്നു. വനവൽക്കരണത്തിന് നടീൽ വസ്തുക്കൾ സന്നദ്ധസംഘടനകൾ സൗജന്യമായി ഉണ്ടാക്കിത്തരുവാൻ സാഹചര്യമുണ്ട്. പൊതുസ്ഥലങ്ങളിൽ നടുന്ന വൃക്ഷങ്ങളുടെ സംരക്ഷണത്തിനുമാത്രം ആയിനത്തിലുള്ള പണം ചിലവിടണം.

## പ്രശ്നങ്ങൾ

1. ചെമ്മീൻ കെട്ടുകൾക്കുവേണ്ടി കണ്ടൽ വനങ്ങൾ നശിപ്പിക്കുന്നു.
2. കണ്ടൽ വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്ക് കാര്യമായ അറിവില്ല.
3. സ്വകാര്യ ഭൂമികളിലെ കണ്ടൽവനങ്ങൾ നശിപ്പിക്കാതിരിക്കാൻ ഇടപെടലുകൾക്ക് സംവിധാനങ്ങളില്ല.
4. സാമൂഹ്യ വനവൽക്കരണത്തിന് ഫലവൃക്ഷങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

## സാധ്യതകൾ

1. കണ്ടൽ പ്രദേശങ്ങൾ സംരക്ഷിക്കാൻ ബോധവൽക്കരണം.
2. സർവേയും സംരക്ഷണ പ്രവർത്തനങ്ങളും
3. നിലവിലുള്ള നിയമങ്ങൾ ഉപയോഗിക്കൽ
4. പൊഴിലിലെ സ്വകാര്യക്കെട്ടുകൾ നീക്കം ചെയ്യൽ
5. സർപ്പക്കാവുകൾക്ക് സംരക്ഷണ പരിപാടികൾ
6. സ്ഥലസൗകര്യമുള്ളിടങ്ങളിൽ കാവിന്റെ ചുറ്റുപാടുകൾ മരങ്ങൾ വച്ചുപിടിപ്പിച്ച് സൃഷ്ടിക്കാം.

സുഹൃത്തേ,

വികസന രേഖയുടെ ചർച്ചയിലൂടെ നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും സമഗ്രതയിൽ നമ്മൾ മനസ്സിലാക്കി. ൯–ാം പദ്ധതിയിൽ നമ്മുടെ പ്രദേശം കൈവരിക്കേണ്ട വളർച്ചയെ സംബന്ധിച്ച പദ്ധതികൾ പടിപടിയായി പൂർണമായും രൂപപ്പെടും. ഇനിയാണ് ഏറ്റവും മുഖ്യമായ കർമ്മകാണ്ഡം ആരംഭിക്കുന്നത്.

സമൂഹത്തിലെ അവസാന മനുഷ്യനും വികസന പ്രക്രിയയിൽ പങ്കെടുക്കാൻ അവസരമൊരുക്കാൻ നമ്മൾ ബാധ്യസ്ഥരാണെന്നോർക്കുക. പുതിയ കാഴ്ചപ്പാടോടെ വിശാലഹൃദയത്തോടെ ഈ പ്രവർത്തനം ജനകീയ പ്രസ്ഥാനമാക്കാൻ ഇനിയുള്ള സമയങ്ങളിൽ നമുക്ക് ഒന്നായി ശ്രമിക്കാം.

# NOTES

439

PRINTED AT RASHTRA DEEPIKA PRESS, KOCHI -25

# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

അധികാരം ജനങ്ങളിലേക്ക്



## വികസന സെമിനാർ

1996 നവംബർ 16 ശനിയാഴ്ച

പള്ളത്താംകുളങ്ങര എൽ. പി. സ്കൂൾ

കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത്

441

# കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത്


അധികാരം ജനങ്ങളിലേക്ക്

# വികസന സെമിനാർ

OFFICE OF THE KUZHUPILLY GRAMA PANCHAYAT
Ayyampilly P.O.

## കുഴുപ്പിള്ളി
## ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട്

# MAP OF KUZHUPPILLY PANCHAYAT




442

## പ്രിയപ്പെട്ട ഗ്രാമവാസികളെ!

കുഴുപ്പിള്ളി പഞ്ചായത്തിൻേറയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമാകാൻ പോകുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു് പ്രതീക്ഷകളോടെ നാം തുടക്കം കുറിച്ചിരിക്കുകയാണ്. കേരളത്തിലാകെ നടക്കുന്ന പരിപാടിയുടെ ഭാഗമായി പഞ്ചായത്തു് തല പരിശീലനങ്ങളും മറ്റനുബന്ധ സംഘാടന പ്രവർത്തനങ്ങളും പൂർത്തിയായി. കക്ഷി രാഷ്ട്രീയ ചേരിതിരിവുകൾക്കതീതമായി സമസ്ത ജനവിഭാഗങ്ങളുടേയും കൂട്ടായ്മ ഉറപ്പു വരുത്തുന്നതിനു് നമുക്കു് കഴിഞ്ഞിട്ടുണ്ട് എന്നുള്ള കൃതാർത്ഥതയുണ്ട്. ജനകീയാസൂത്രണ പരിപാടിയുടെ വിവിധ ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിന് നാമോരോരുത്തരും മുന്നിട്ടിറങ്ങേണ്ടതുണ്ട്.

ഒമ്പതാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾക്കു് അനുവദിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ചുള്ള വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടെ തയ്യാറാക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളുടേയും ആവശ്യങ്ങളുടേയും അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കുന്നതിനാൽ ജനജീവിതത്തോടടുത്തു നിൽക്കുന്നതും കൂടുതൽ ഫലപ്രദവുമായ പദ്ധതികൾ തയ്യാറാക്കുവാൻ കഴിയും. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പാകുന്നതോടെ വികസനപ്രവർത്തനങ്ങൾ ക്രിയാത്മകവും, സുതാര്യവുമാകും.

വാർഡുതലത്തിൽ നടന്ന ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, ദ്വിതീയവിവരം, പഞ്ചായത്തിനെ നാലുമേഖലകളായി തിരിച്ചു് നടത്തിയ പഠന പര്യടനത്തിലൂടെ ശേഖരിച്ച വിവരങ്ങൾ, പ്രായമായവരിൽ നിന്നുള്ള അറിവു്, എന്നിവയാണ് ഈ റിപ്പോർട്ടു് തയ്യാറാക്കുന്നതിനാധാരമാക്കിയിട്ടുള്ളതു്. പഞ്ചായത്തിൻെറ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുമാത്രമല്ല നമ്മുടെ പഞ്ചായത്തിനെക്കുറിച്ചു് ഏകദേശ ധാരണയുണ്ടാക്കുന്നതിനും ഇതു് ഉപകരിക്കുന്നതാണ്.

ജീവിതാനുഭവമുള്ള കാരണവൻമാർ, പഴയകാല സാമൂഹ്യ പ്രവർത്തകർ, മുൻ പഞ്ചായത്തു് ഭരണ സമിതി അംഗങ്ങൾ, അദ്ധ്യാപകർ, ഉദ്യോഗസ്ഥർ മറ്റനവധിയാളുകൾ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഈ പുസ്തകം പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുന്നു.

**ടി. ജി. വിജയൻ**
കൺവീനർ
ജനകീയാസൂത്രണ സമിതി
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തു്

**കുഞ്ഞമ്മ ഫ്രാൻസീസ്**
പ്രസിഡൻറു്
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തു്

## ആദ്യ ഭരണ സമിതി

പി. എ. പൗലോസ് (പ്രസിഡൻറ്)
പി. കെ. ഏറൻ (വൈസ് പ്രസിഡൻറ്)
സി. എൽ. രാമചന്ദ്രപ്രഭു
കെ. എസ്. രാമൻ
എം. കെ. എബ്രഹാം
കെ. ആർ. കൊച്ചിറ്റാമൻ
റീത്ത എഫ്രേം മഴുവഞ്ചേരി
ഇ. ഐ. ശ്രീധരൻ

## രണ്ടാമത്തെ ഭരണ സമിതി

കെ. ആർ. കൃഷ്ണപൈ (പ്രസിഡൻറ്)
എം. ആർ. രാജൻ (വൈസ് പ്രസിഡൻറ്)
കെ. കെ. ഗോപി
പി. എ. പേങ്ങൻ
എം. സി. അഗസ്റ്റിൻ
പി. കെ. രവീന്ദ്രൻ
പി. എ. പൗലോസ്
എ. ജി. വനജ

## മൂന്നാമത്തെ ഭരണ സമിതി

എം. കെ. ചെറിയാൻ ( പ്രസിഡൻറ്)
കെ. എസ്. ഷാജി (വൈസ്. പ്രസിഡൻറ്)
എൻ. വി. സുധാകരൻ
ശാന്ത ലക്ഷ്മണൻ
ഇ. എൻ. ദിവാകരൻ
പി. കെ. ഏറൻ
വി. പി. സിസിലി
എം. എസ്. മൈക്കിൾ

## നിലവിലുള്ള ഭരണ സമിതി

കുഞ്ഞമ്മ ഫ്രാൻസീസ് (പ്രസിഡൻറ്)
എം. ആർ. രാജൻ (വൈസ് പ്രസിഡൻറ്)
കെ. കെ. മോഹനൻ (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
ശ്രീലതാ ഷേണായി
ടി. ആർ. ഗോപാലകൃഷ്ണൻ
സജിനി സുരേഷ്
കെ. ഐ. കോരത്
ടി. ജി. വിജയൻ

# ആമുഖം

## ജനകീയാസൂത്രണത്തിൻെറ പ്രസക്തി

സാമ്പത്തിക ശാസ്ത്രത്തിൻെറ അടിസ്ഥാന പ്രശ്നം തന്നെ നമ്മുടെ വിഭവപരിമിതിയുടെ പശ്ചാത്തലത്തിൽ അനന്തമായ ആഗ്രഹങ്ങളിൽ നിന്നു് ഏറ്റവും ഉചിതമായവ തിരഞ്ഞെടുക്കലാണ്.

വികസ്വരരാജ്യമായ ഇന്ത്യ ഒരു സാമ്പത്തികനയ ഉപകരണമായി തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നീണ്ട കാലത്തെ കൊളോണിയൽ മേധാവിത്വം സൃഷ്ടിച്ച ഒട്ടേറേ ഭൂതകാല വൈകല്യങ്ങളേയും ചങ്ങലകളേയും നമുക്ക് ഇല്ലാതാക്കേണ്ടതായിട്ടുണ്ട്.

സ്വാതന്ത്ര്യ സമരകാലത്താണ് ഇന്ത്യയിൽ ആസൂത്രണമെന്ന സങ്കൽപം ചർച്ചാവിഷയമായതെങ്കിലും സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ആസൂത്രണം കേന്ദ്രീകൃത സ്വഭാവത്തിലൂന്നതും പ്രാദേശികാസൂത്രണത്തിനോ, പ്രാദേശിക മുൻകൈയ്യുകൾക്കോ വേണ്ടത്ര പരിഗണന നൽകാത്തതുമായിരുന്നു. തൻമൂലം പുത്തൻ വികസന തന്ത്രങ്ങൾ വിദേശ അടവുശിഷ്ട മേഖലയിലും, വിഭവ സമാഹരണ രംഗത്തും രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയും രാജ്യത്തിൻെറ പരിമിതമായ സാമ്പത്തിക നേട്ടം നീതിപൂർവ്വകമായി ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിൽ പരാജയപ്പെടുകയും ചെയ്തതിൻെറ ഫലമായി പട്ടിണി, രോഗം, നിരക്ഷരത എന്നിങ്ങനെ ദാരിദ്ര്യത്തിൻെറ നാനാ സൂചികകൾ നാടിൻെറ മുഖമുദ്രയായിത്തീരുകയും ചെയ്തു.

മുകളിൽ വിവരിച്ച ദൗർബ്ബല്യങ്ങളെല്ലാമുണ്ടായിരുന്നിട്ടും കേരളത്തിൻെറ വികസനത്തിൽ മറ്റേത് സംസ്ഥാനത്തേയുംകാൾ ഉയർന്ന സാമ്പത്തിക നീതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ജീവിത ഗുണമേന്മയെ പ്രതിഫലിപ്പിക്കുന്ന ഏതു് സൂചിക എടുത്ത് പരിശോധിച്ചാലും കേരളവും ബാക്കി ഇന്ത്യയും തമ്മിൽ പ്രകടമായ അന്തരം കാണുവാൻ കഴിയും.

| | ഇന്ത്യ | കേരളം | വർഷം |
|---|---|---|---|
| സാക്ഷരതാ നിരക്കു് | 36% | 90% | 1991 |
| ശിശുമരണനിരക്ക് | 140 | 120 | 1961 |
| ശിശുമരണ നിരക്ക് | 104 | 29 | 1984 |
| ജീവിത ദൈർഘ്യം | 57 | 68 | 1986 |
| റോഡ്(കി/100 ച : കി.മി.) | 46 | 268 | |
| വൈദ്യുതീകരിക്കപ്പെട്ട ഭവനങ്ങൾ | 19% | 27% | |
| ജനനനിരക്ക് | 32 | 22 | 1986 |

താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൻെറ പശ്ചാത്തലത്തിലും വളരെ ഉയർന്ന ജീവിത ഗുണമേന്മ ഉറപ്പുവരുത്തുന്ന ഈ വികസന പ്രതിഭാസത്തെയാണ് 'കേരളീയ വികസന മാതൃക' എന്ന് പലരും വിശേഷിപ്പിക്കുന്നത്.

ഈ പ്രതിഭാസം രൂപം നൽകിയതിന് സങ്കീർണ്ണമായ ചരിത്ര - രാഷ്ട്രീയ ഘടകങ്ങളുണ്ട്. സ്വാതന്ത്ര്യത്തിനു മുൻപ് കേരളത്തിൽ പ്രബലമായിരുന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഇവയെ പിന്തുടർന്നു് വളർന്നുവന്ന കർഷക-കർഷക തൊഴിലാളി ബഹുജന പ്രസ്ഥാനങ്ങൾ തുടങ്ങിയവയെല്ലാം ജനക്ഷേമകരമായ പുതിയ നയങ്ങൾക്കുവേണ്ടിയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടിയും നടത്തിയ സമ്മർദ്ദങ്ങളുടെ ചരിത്രമുണ്ട്.

ഈ സമ്മർദ്ദശക്തികളാണ് സർക്കാരിൻെറ ക്ഷേമനയങ്ങൾക്കു പിന്നിലെ ചാലക ശക്തികൾ. സമ്പത്തിൻേറയും(ഭൂപരിഷ്കരണം)വരുമാനത്തിൻേറയും(കൂലിക്കായുളള വിലപേശൽ) കൂടുതൽ നീതിപൂർവ്വകമായ വിതരണം ഈ ഉയർന്ന ജീവിത ഗുണമേന്മയുടെ പിന്നിലുണ്ട്. അതുപോലെതന്നെ കേരളം നേരിടുന്ന വികസന പ്രതിസന്ധി പ്രധാനപ്പെട്ട ഒരു വസ്തുത കൂടി വെളിപ്പെടുത്തുന്നുണ്ട്. ദ്രുതഗതിയിലുളള സാമ്പത്തിക വളർച്ചയുടെ അഭാവത്തിൽ മുൻകാല വികസന നേട്ടങ്ങൾ നിലനിറുത്തുക അസാദ്ധ്യമാണ്. കേരളത്തിൻെറ വികസനാനുഭവത്തിൻെറ പൈതൃകം നിലനിർത്തിക്കൊണ്ട് പരിമിതമായ വിഭവങ്ങളെ ഏറ്റവും കാര്യക്ഷമമായ രീതിയിൽ ബോധപൂർവ്വം തീരുമാനിക്കുന്ന ഒരു വികസന മാതൃകയാണ് നമുക്കാവശ്യം. ഇതിനുവേണ്ടിയുളള ഒരസാധാരണ ചുവടുവെയ്പാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

പദ്ധതികളുടെ ആവിഷ്കരണത്തിലും നിർവ്വഹണത്തിലും ജനങ്ങൾ നേരിട്ടിടപെടുന്നതിനാൽ അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും അവസാനിക്കുകയും സമ്പത്ത് നീതിപൂർവ്വകമായി വിതരണം ചെയ്യുവാനുളള അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. തന്മൂലം സമ്പത്ത് ഒരു ചെറുന്യൂനപക്ഷത്തിൽ കേന്ദ്രീകരിക്കാതെ ബഹുഭൂരിപക്ഷത്തിൻെറ കൈകളിലേക്ക് എത്തിച്ചേരുകയും സാമ്പത്തിക സംതുലനാവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

നമ്മുടെ ദേശീയ പ്രസ്ഥാനത്തോടൊപ്പം തന്നെ ചർച്ചചെയ്യപ്പെട്ടു തുടങ്ങിയ പ്രാദേശിക ഭരണകൂടങ്ങളുടെ രൂപീകരണത്തിൻെറ ഒരു ഘട്ടം പൂർത്തിയായത് ശ്രീ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ രൂപം നല്കിയ 64-ാം ഭരണ ഘടനാ ഭേദഗതിയോടു കൂടിയാണ്. തുടർന്ന് 73-74 ഭരണഘടനാ ഭേദഗതിയോടെ പഞ്ചായത്തി രാജ് നിലവിൽ വരികയും പുതിയ സംസ്ഥാന സർക്കാർ കേരളത്തിൻെറ വികസന പ്രതിസന്ധിക്ക് പരിഹാരമായി അധികാര വികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ പ്രയോഗത്തിൽ വരുത്തുകയും ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നല്കിയതിലൂടെ ഇന്ത്യക്കു് മാതൃകയാവുകയും ചെയ്തു.

446

# ജനകീയാസൂത്രണം

## പഞ്ചായത്ത് തല പ്രവർത്തനങ്ങൾ

**കേ**രളത്തിൻെറ 9-ാം പദ്ധതി രൂപീകരണം ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനുള്ള ഗവർമെൻറിൻേറയും ആസൂത്രണ ബോർഡിൻേറയും തീരുമാനപ്രകാരം പഞ്ചായത്ത് തല ആസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചു.

16.9.96-ന് കൂടിയ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി 96 സെപ്റ്റംബർ 20 വെള്ളിയാഴ്ച കുഴുപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വെച്ച് സന്നദ്ധ സേവകർക്കുവേണ്ടി നടത്തിയ പരിശീലനക്യാമ്പിൽ 56 പേർ പങ്കെടുത്തു. ജനകീയാസൂത്രണത്തിൻെറ ജില്ലാ റിസോഴ്സ് പേഴ്സൺമാരായി പങ്കെടുത്ത ടി. ജി. വിജയൻ, ടി. ആർ. ഗോപാലകൃഷ്ണൻ (പഞ്ചാ: മെമ്പർമാർ) കെ. ആർ. സുഭാഷ് (ജില്ലാ പഞ്ചായത്ത് മെമ്പർ) സി. പി. സുഗുണൻ, സുശീലാ ഗോപാലൻ,കൃഷ്ണൻകുട്ടി മാസ്റ്റർ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ളാസ്സ് എടുത്തു.

പഞ്ചായത്ത് മെമ്പർമാരേയും ജില്ലാ പരിശീലകരേയും ഉൾപ്പെടുത്തി പഞ്ചായത്ത് ആസൂത്രണ സമിതി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസിനെ ചെയർമാനായും, പഞ്ചായത്ത് മെമ്പർ ടി. ജി. വിജയനെ കൺവീനറായും, സി. കെ. ബാബുവിനെ ജോയിൻറ് കൺവീനറായും തെരഞ്ഞെടുത്തു.

ജനകീയാസൂത്രണ പരിപാടികൾ വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വിവിധ രാഷ്ട്രീയ ബഹുജന സംഘടനാ പ്രതിനിധികളേയും മുൻ പഞ്ചായത്തു് അംഗങ്ങളേയും മറ്റ് പ്രമുഖവ്യക്തികളേയും പങ്കെടുപ്പിച്ചുകൊണ്ട് 24.9.96-ന് പഞ്ചായത്തു് കോൺഫ്രൻസ് ഹാളിൽ വെച്ച് ഉന്നത തല മാർഗ്ഗ നിർദ്ദേശക സമിതി രൂപീകരിച്ചു.

ശ്രീമതി സരസ്വതി നാരായണൻ (ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ്) ശ്രീമതി തുളസി സോമൻ (ജില്ലാ പഞ്ചായത്ത് മെമ്പർ) ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസ് (ഗ്രാമ. പഞ്ചായത്തു് പ്രസിഡൻറ്) എന്നിവരെ രക്ഷാധികാരികളായും മുൻ പഞ്ചായത്തു് പ്രസിഡൻറ് ശ്രീ എം. കെ. ചെറിയാൻ (ചെയർമാൻ) മുൻ പഞ്ചായത്തു് പ്രസിഡൻറുമാരായ ശ്രീ പൗലോസ് പുതുവ, ശ്രീ കൃഷ്ണപൈ എന്നിവരെ വൈ:ചെയർമാൻമാരായും പഞ്ചായത്തു് മെമ്പർ ടി.ജി. വിജയനെ കൺവീനറായും തെരഞ്ഞെടുത്തു.

മാർഗ്ഗ നിർദ്ദേശക സമിതിയുടെ പ്രഥമ യോഗം 96 സെപ്റ്റംബർ 27-ന് പഞ്ചായത്തു് കോൺഫ്രൻസ് ഹാളിൽ ചേർന്നു് ഗ്രാമസഭാ യോഗങ്ങൾ വിജയിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

ഒക്ടോബർ 4-ന് ഗ്രാമസഭായോഗങ്ങളുടെ പ്രചരണാർത്ഥം ജനാധികാര കലാജാഥ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ പര്യടനം നടത്തി കലാപരിപാടികൾ അവതരിപ്പിച്ചു. ഗ്രാമസഭകൾക്കു മുന്നോടിയായി വാർഡ്തലത്തിലുള്ള രാഷ്ട്രീയ - സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെ യോഗങ്ങൾ ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ സഹായിച്ചു. ഒക്ടോബർ 1-ന് ജില്ലാപരിശീലകരുടെ യോഗം പഞ്ചായത്ത് ഹാളിൽ ചേരുകയും ഗ്രാമസഭായോഗങ്ങളിൽ പൊതു അവതരണം നടത്തുന്നതിനുള്ള ചുമതലകൾ വിഭജിച്ചു നൽകുകയും ചെയ്തു.

### വിശേഷാൽ ഗ്രാമസഭകൾ

96 ഒക്ടോബർ 2 മുതൽ ഒക്ടോബർ 13 വരെ തീയതികൾക്കിടയിലായിരുന്നു പഞ്ചായത്തിൻെറ ഗ്രാമസഭാ യോഗങ്ങൾ നടന്നത്. ഗ്രാമസഭായോഗങ്ങളുടെ വിശദമായ വിവരം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

| W | സ്ഥലം | തീയതി | സമയം | ആകെ | പങ്കെടുത്തവർ | % | M | F./M |
|---|---|---|---|---|---|---|---|---|
| I | ധന്യ അംഗൻവാടി | 02-10-96 | 1.30 | 1254 | 167 | 13.31 | 113 | 54 |
| II | സെൻറ് ഗ്രീഗറീസ് യു. പി. സ്ക്കൂൾ | 06-10-96 | 1.30 | 1207 | 200 | 16.57 | 110 | 90 |
| III | അനുപമ അംഗൻവാടി | 13-10-96 | 1.30 | 1147 | 244 | 21.27 | 115 | 129 |
| IV | സെ:ജോൺസ് എൽ. പി. സ്ക്കൂൾ | 12-10-96 | 1.30 | 934 | 93 | 9.95 | 60 | 33 |
| V | മുളഞ്ചേരിപ്പറമ്പ് | 11-10-96 | 1.30 | 957 | 147 | 15.36 | 79 | 68 |
| VI | സെൻറ് ഗ്രിഗറീസ് യു. പി. സ്ക്കൂൾ | 12-10-96 | 1.30 | 881 | 91 | 10.32 | 51 | 40 |
| VII | ചെറുവൈപ്പ് വാഴക്കാലപറമ്പ് | 06-10-96 | 1.30 | 1168 | 202 | 17.29 | 160 | 42 |
| VIII | ചെറുവൈപ്പ് ബോട്ടുജെട്ടി | 12-10-96 | 1.30 | 1050 | 123 | 11.71 | 80 | 43 |

ആകെയുള്ള 8598 വോട്ടർമാരിൽ 1267 പേർ മാത്രമാണ് (14.73%) ഗ്രാമസഭായോഗങ്ങളിൽ പങ്കെടുത്തത്. ഇതിൽ 499 പേർ സ്ത്രീകളായിരുന്നു (39.38%).

വിവിധ ഗ്രാമസഭായോഗങ്ങളിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി തുളസി സോമൻ, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി സുശീലാ ഗോപാലൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസ്, വൈ. പ്രസിഡൻറ് ശ്രീ എം. ആർ. രാജൻ, എം. കെ. ദേവരാജൻ (കെ. ആർ. പി.) തുടങ്ങിയവർ പങ്കെടുത്തു. 12 വിഷയങ്ങൾ 6 വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചർച്ചയാണ് ഭൂരിഭാഗം ഗ്രാമസഭകളിലും നടന്നത്. മൂന്നാം വാർഡിൽ 8 വിഷയ ഗ്രൂപ്പുകളുണ്ടായിരുന്നു. വിശേഷാൽ ഗ്രാമസഭകൾ ജനങ്ങളുടെ നിലവിലുള്ള വികസന സങ്കൽപ്പങ്ങൾ മാറ്റിമറിക്കുകയും വികസന പ്രവർത്തനങ്ങളിൽ നേരിട്ടിടപെടണമെന്നുള്ള പുതിയൊരവബോധമുണർത്തുകയും ചെയ്തു.

## ദ്വിതീയ വിവര ശേഖരണം

ഗ്രാമസഭായോഗങ്ങൾക്കു ശേഷം വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ മുന്നോടിയായി വിവിധ വികസന സേവന മേഖലകളിലെ ഓഫീസുകളിൽ നിന്നും ദ്വിതീയ വിവര ശേഖരണം (Secondary data collection) നടത്തുന്നതിനു വേണ്ടി ഒക്ടോബർ 13-ന് പഞ്ചായത്ത്തല പരിശീലകർക്ക് പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽവെച്ച് ഒരു പ്രത്യേക പരിശീലന ക്ളാസ്സ് നടത്തി. 28 പേർ പങ്കെടുത്തു.

പി. ബി. സജീവൻ, കെ. വേണുനാഥൻ, ബാബുരാജ്, വി. കെ.സോമൻ, സി. പി. സുഗുണൻ എന്നിവർ ക്ളാസ്സെടുത്തു. ഒക്ടോബർ 14-ന് ആരംഭിച്ച ഡാറ്റാ കളക്ഷൻ 5 ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഒക്ടോബർ 30-ന് അവസാനിച്ചു.

പഠനപര്യടന സംഘം പഞ്ചായത്തിലെ ഭൂപ്രകൃതി (സസ്യാവരണം) ഭൂവിനിയോഗം, പരിസ്ഥിതി പ്രശ്നങ്ങൾ, ജലലഭ്യത, സാമൂഹ്യ ആസ്തികൾ എന്നിവയെക്കുറിച്ച് നേരിട്ട് കണ്ടറിയുന്നതിനും രേഖപ്പെടുത്തുന്നതിനും വേണ്ടി പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസ് ഉൾപ്പെടെയുള്ള 4 പഠന സംഘങ്ങൾ പഞ്ചായത്ത് പ്രദേശങ്ങൾ ചുറ്റി സഞ്ചരിച്ച് വിവര ശേഖരണം നടത്തി.

## രണ്ടാം ഘട്ട പ്രവർത്തനം

രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിൽ പഞ്ചായത്ത്മെമ്പർമാരും DRP മാരും പങ്കെടുത്തു. ഒക്ടോബർ 28ന് രാവിലെ പഞ്ചായത്ത് കോൺഫ്ര ൻസ് ഹാളിൽ കൂടിയ DRP മാരുടെ യോഗം ഒന്നാംഘട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖയുണ്ടാക്കുകയും ചെയ്തു.

ഒക്ടോബർ 29-ന് വിവിധ വാർഡുകളിൽ നിന്നുള്ള ഗ്രൂപ്പ് കൺവീനർമാരും പി. ആർ. പി. മാരും ഗ്രാമസഭാ റിപ്പോർട്ടുകൾ പഞ്ചായത്ത് ഹാളിൽവെച്ച് ക്രോഡീകരിച്ചു.

## പുനരർപ്പണ ദിനം

കേരളപ്പിറവി ദിനമായ നവംബർ1 പുനരർപ്പണ ദിനമായി ആചരിക്കണമെന്നുള്ള സംസ്ഥാന ആസൂത്രണ സമിതിയുടെ നിർദ്ദേശ പ്രകാരം രണ്ടാം വാർഡിൽ മാർക്കറ്റ് റോഡിനു വേണ്ടിയുള്ള 300 മീറ്റർ വഴി വികസനവും, മൂന്നും, ആറും വാർഡുകളിൽ രാമവർമ്മ കനാലും വെംബ്ളായിത്തോടും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടത്തോടിൻെറ നീർവാർച്ചാ സൗകര്യം മെച്ചപ്പെടുത്തലും, അയ്യമ്പിള്ളി ആശുപത്രി വളപ്പ് ശുചീകരണവും തദ്ദേശവാസികളുടെ സന്നദ്ധപ്രവർത്തനത്തിലൂടെ തുടങ്ങിവെച്ചു. കൂടാതെ പഞ്ചായത്തിൻേറയും കൃഷിഭവൻേറയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തു വളപ്പിൽ ഒരു പച്ചക്കറി കൃഷിത്തോട്ടവും അന്നേ ദിവസം ഉത്ഘാടനം ചെയ്തു.

## വികസന സെമിനാർ - സ്വാഗത സംഘം

വികസന സെമിനാർ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 96 നവംബർ 2-ാം തീയതി അയ്യമ്പിള്ളി എസ്. എൻ. ഡി. പി. ഹാളിൽ വെച്ച് 101 പേരടങ്ങുന്ന വിപുലമായ സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സരസ്വതി നാരായണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസ്, ജില്ലാ പഞ്ചായത്തു് മെമ്പർ ശ്രീമതി തുളസി സോമൻ എന്നിവർ രക്ഷാധികാരികളായുള്ള മാർഗ്ഗനിർദ്ദേശക സമിതിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്വാഗത സംഘത്തിൽ മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ എം. കെ. ചെറിയാൻ(ചെയർമാൻ) പഞ്ചായത്ത് മെമ്പർ ശ്രീ ടി. ജി. വിജയൻ (കൺവീനർ) ശ്രീ സി. കെ. ബാബു (ജോ:കൺവീനർ) പഞ്ചായത്തു് വൈ:പ്രസിഡൻറ് ശ്രീ എം. ആർ. രാജൻ (കൺവീനർ-സാമ്പത്തികം) ശ്രീ കെ. പി. രാഘവൻ (ജോ:കൺവീനർ) ശ്രീ എം. കെ. ചന്ദ്രൻ മാസ്റ്റർ (കൺവീനർ-പബ്ളിസിറ്റി-പ്രോഗാം) ശ്രീ കെ. എ. ശിവൻ (ജോ: കൺവീനർ) ശ്രീ എം. പി. രാധാകൃഷ് ണൻ (കൺവീനർ-ഭക്ഷണം) കുമാരി കെ. എ. മണി (ജോ: കൺവീനർ) എന്നിവർ സ്വാഗതസംഘ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ സ്വാഗതസംഘ പ്രർത്തനങ്ങളുമായി സഹകരിക്കുന്നു.

## വികസന റിപ്പോർട്ട് തയ്യാറാക്കിയ രീതി

ക്രോഡീകരിച്ച ഗ്രാമസഭാ റിപ്പോർട്ടുകളും ദ്വിതീയ വിവര ശേഖരണവും, പഠന പര്യടന സംഘങ്ങൾ ശേഖരിച്ച വിവരങ്ങളും പഞ്ചായത്തിലെ കാരണവൻമാരിൽനിന്നും ശേഖരിച്ച വിവരങ്ങളും സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തുതല ആസൂത്രണ സമിതിയാണ് വികസന റിപ്പോർട്ട് തയ്യാറാക്കിയത്.

## പഞ്ചായത്തിനെ സംബന്ധിച്ച പൊതു വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് : | കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് |
| റവന്യൂ വില്ലേജ് : | കുഴുപ്പിള്ളി |
| ബ്ളോക്ക് പഞ്ചായത്തു് ഡിവിഷൻ : | കുഴുപ്പിള്ളി |
| ബ്ളോക്ക് പഞ്ചായത്തു് : | വൈപ്പിൻ |
| താലൂക്കു് : | കൊച്ചി |
| ജില്ല : | എറണാകുളം |
| അസംബ്ളി മണ്ഡലം : | ഞാറക്കൽ |
| ജില്ലാ പഞ്ചായത്തു് ഡിവിഷൻ : | ചെറായി |
| വിസ്തീർണ്ണം : | 5.76 ച: കി: മീ. |
| ജനസംഖ്യ : | 12140 |
| വാർഡുകളുടെ എണ്ണം : | എട്ട് |
| വനിതാ സംവരണ വാർഡുകളുടെ എണ്ണം : | മൂന്ന് |
| പട്ടികജാതി/പട്ടികവർഗ്ഗ സംവരണം : | ഒന്നു് |
| പ്രസിഡൻറിൻെറ പേരു് : | ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസ് |
| വൈ: പ്രസിഡൻറ് : | ശ്രീ എം. ആർ. രാജൻ |

# കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത്

## ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

വൈപ്പിൻകരയുടെ മദ്ധ്യസ്ഥാനത്തിന് അല്പം വടക്കുവശത്തായി സ്ഥിതി ചെയ്യുന്ന ചെറിയ പഞ്ചായത്താണ് കുഴുപ്പിള്ളി. വടക്ക് രാമവർമ്മ കനാലും തെക്കു മുസ്ലീം പള്ളിയുടെ തൊട്ടടുത്തുള്ള ഠാണാവ്ത്തോടും കിഴക്കു കൊച്ചിക്കായലും പടിഞ്ഞാറ് അറബിക്കടലും അതിർത്തികളായിട്ടുള്ള ഈ പഞ്ചായത്തിന് 5.76 ച: കി: മീ. വിസ്ത്തീർണ്ണമുണ്ട്.

മനപ്പിള്ളി, അയ്യമ്പിള്ളി, ചെറുവൈയ്പ്, തുണ്ടിപ്പുറം എന്നീ നാലുഭാഗങ്ങളായി അറിയപ്പെടുന്ന കുഴുപ്പിള്ളി പഞ്ചായത്തു ഭരണ സൗകര്യത്തിനായി 8 വാർഡുകളായി തിരിച്ചിരിക്കുന്നു.

കൊച്ചി രാജ്യത്തു് പഞ്ചായത്തുകളുടെ രൂപീകരണം സംബന്ധിച്ച ആശയം 1913-ലാണ് ഉദയം ചെയ്യുന്നതു. അങ്ങനെ കൊല്ലവർഷം 1805 (1913) ധനുമാസത്തിൽ കൊച്ചിയിൽ വില്ലേജ് പഞ്ചായത്തുകൾ രൂപീകൃതമായി. പരീക്ഷണമെന്ന നിലയിൽ ഒരു താലൂക്കിൽ ഒരു പഞ്ചായത്ത് എന്ന കണക്കിൽ 5 പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. കാലചക്രം തിരിഞ്ഞതനുസരിച്ച് മെച്ചപ്പെട്ട ഭരണ പരിഷ്ക്കാരങ്ങൾക്ക് വഴി തെളിയിച്ചു. തൽഫലമായി അനേകം പുതിയ വില്ലേജുകൾ രൂപം കൊണ്ടു.

കുഴുപ്പിള്ളി വില്ലേജിൻെറ ഉദയത്തിനു മുമ്പ് പ്രവൃത്തികച്ചേരി പള്ളിപ്പുറമായിരുന്നു. കുഴുപ്പിള്ളി വില്ലേജിൻെറ ആവിർഭാവത്തോടുകൂടി ചെറായി ആസ്ഥാനമാക്കി പള്ളിപ്പുറം - കുഴുപ്പിള്ളി ഗ്രൂപ്പ് പഞ്ചായത്ത് നിലവിൽ വന്നു.

ഭരണാധികാരികളുടെ ഇടയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ കഴിവുണ്ടായിരുന്ന കുഴുപ്പിള്ളിയിലെ അന്നത്തെ പ്രബലരുടേയും ഉദ്യോഗസ്ഥരുടേയും പരിശ്രമഫലമായി സബ്ബ് രജിസ്ട്രാർ ഓഫീസ്, വില്ലേജ് ഓഫീസ്, പോസ്ററാഫീസ്, അഞ്ചലാഫീസ്, സർക്കാർ ആശുപത്രി മുതലായ പൊതുസ്ഥാപനങ്ങൾ വളരെക്കാലങ്ങൾക്കുമുമ്പുതന്നെ സ്ഥാപിക്കുവാൻ കഴിഞ്ഞു.

വൈപ്പിൻകരയിൽ ഞാറക്കൽ, കുഴുപ്പിള്ളി എന്നീ വില്ലേജുകൾക്കു മാത്രമേ ഇത്രയധികം സർക്കാർ സ്ഥാപനങ്ങൾ നേടിയെടുക്കുവാൻ സാധിച്ചുള്ളൂ.

ശ്രീ എം. സി. പൗലോസ് പള്ളിപ്പുറം കുഴുപ്പിള്ളി ഗ്രൂപ്പ് പഞ്ചായത്തിൻെറ പ്രസിഡൻറായിരുന്നപ്പോൾ കുഴുപ്പിള്ളിക്ക് തനതായി ഒരു പഞ്ചായത്തു വേണമെന്നുള്ള ആശയത്തിന് ആക്കം കൂടി. ശ്രീ എം. സി. കൊച്ചുവറീത്, B. A., L. T. യുടെ നേതൃത്വത്തിൽ രൂപീകൃതമായ കമ്മിററിയുടെ നേതൃത്വത്തിൽ കുഴുപ്പിള്ളിയെ, പള്ളിപ്പുറത്തു നിന്ന്. G. O.; R. T. 7862/59/1.1.62 പ്രകാരം വേർപെടുത്തുവാൻ സാധിച്ചു. അങ്ങനെ 1962 ജനുവരി 1 ാം തീയതി കുഴുപ്പിള്ളി പഞ്ചായത്ത് നിലവിൽ വന്നു.

ഈ കൊച്ചു പഞ്ചായത്തിന് തിളക്കമാർന്ന ചരിത്രമേ രേഖപ്പെടുത്തുവാനുള്ളൂ. മുമ്പ് സൂചിപ്പിച്ചപോലെ ഒരു വില്ലേജിന് ഒരു പഞ്ചായത്ത് എന്നാണല്ലോ വിവക്ഷ. വില്ലേജിൻെറ പുരോഗതി പഞ്ചായത്തിനും, പഞ്ചായത്തിൻെറ പുരോഗതി വില്ലേജിനുമായിരുന്നു. കൊച്ചിയിൽ വില്ലേജ് കോടതി നിയമം പ്രാബല്യത്തിൽ വരുന്നത് 1942-43 ലാണ്. 1946-47 ൽ, 47 വില്ലേജ് കോടതികൾ ഉണ്ടായിരുന്നതിൽ ഒന്ന് കുഴുപ്പിള്ളി വില്ലേജ് കോടതിയായിരുന്നു. വില്ലേജ് കോടതിയിലെ ജഡ്ജിമാരെ നോമിനേററ് ചെയ്യുന്നത് സർക്കാരായിരുന്നു.

കുഴുപ്പിള്ളി കോടതിയിലെ ജഡ്ജിമാർ സർവ്വശ്രീ എം. കെ. അബ്രാഹം, കെ. എ. അച്ചുതൻ മാസ്ററർ, വത്തേരിപ്പറമ്പിൽ ഹരിനായ്കൻ മുതലായവരായിരുന്നു. കേസുകൾ വാദിക്കുന്നതിന് ലൈസൻസ് നേടിയ നാടൻ വക്കീലൻമാരുടെ സേവനങ്ങൾ കോടതിയുടെ പാവനതയെ നിലനിർത്തുവാൻ സഹായിച്ചു. സർവ്വശ്രീ അയ്യമ്പിള്ളി തോട്ടുങ്ങപ്പറമ്പിൽ കൃഷ്ണൻ വക്കീൽ, കേയുപറമ്പിൽ വേലായുധൻ, പ്രസിദ്ധ വാഗ്മിയായിരുന്ന നാരായണനാശാൻ മുതലായവർ പഴയകാലത്തെ വില്ലേജ് കോടതിയിലെ പ്രഗൽഭൻമാരായ വക്കീലൻമാരായിരുന്നു.

1962-ൽ പള്ളിപ്പുറം പഞ്ചായത്തിൽ നിന്നും വേർപെടുത്തിയ കുഴുപ്പിള്ളി പഞ്ചായത്ത് പള്ളത്താംകുളങ്ങര ക്ഷേത്രത്തിന് പടിഞ്ഞാറുവശത്തുള്ള വാടക കെട്ടിടത്തിൽ (കോനേരി ബിൽഡിങ്സ്) പ്രവർത്തനമാരംഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട കമ്മിററിയുടെ അഭാവത്തിൽ പഞ്ചായത്ത് ഇൻസ്പെക്ടറുടെ കീഴിലായിരുന്ന ഭരണം. 1963 ഒക്ടോബർ അവസാനത്തിൽ നടന്ന പൊതു പഞ്ചായത്ത് തിരഞ്ഞെടുപ്പിലാണ് കുഴുപ്പിള്ളി പഞ്ചായത്ത് ആദ്യമായി ഭാഗഭാക്കായത്. അന്ന് 7 വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് നടപടിക്രമങ്ങളുടെ താമസംമൂലം പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതിന് രണ്ടു മാസക്കാലം കാത്ത് നിൽക്കേണ്ടതായിവന്നു.

കുഴുപ്പിള്ളി പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറായി ശ്രീ പൗലോസ് പുതുവയെ പ്രതിനിധികൾ തെരഞ്ഞെടുത്തു. നീണ്ട 16 വർഷം പ്രസിഡൻറ് പദവിയലങ്കരിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. ഊർജ്ജസ്വലനും ക്രാന്തദർശിയും വാഗ്മിയുമായിരുന്ന പൗലോസ് പുതുവ പാവങ്ങളുടെ പടത്തലവൻ എന്ന അപരനാമധേയത്താലാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിൻെറ കാലഘട്ടത്തിൽ വികസന പ്രവർത്തനങ്ങൾ തഴച്ചുവളർന്നു എന്ന് പറയുന്നതിൽ അതിശയോക്തി ഇല്ല.

സാമ്പത്തികമായി വളരെ പിന്നിലായിരുന്ന പഞ്ചായത്തിൻെറ പുരോഗതിക്ക് സർക്കാരിൽ സമ്മർദ്ദം ചെലുത്തിയുംലഭിക്കാവുന്ന ഗ്രാൻറുകൾ നേടിയെടുത്തും വികസനപ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു.

ആദ്യമായി വാടകക്കെട്ടിടത്തിൽ നിന്ന് പഞ്ചായത്താഫീസിനെ സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിലേക്ക് മാററി സ്ഥാപിച്ചു. ബീച്ചു റോഡിലേക്കുളള ആദ്യപടിയെന്ന നിലയിൽ പളളത്താംകുളങ്ങരഅമ്പലവെളിറോഡിൻെറ പടിഞ്ഞാറെ അററത്തുളള കലുങ്കു മുതൽ31 സമാജത്തിൻെറ ചിറവരെയുളള കടപ്പുറം റോഡ് ക്രാഷ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നിർമ്മിച്ചു. ചെറു വൈയ്പ്പ് ബോട്ടു ജെട്ടിയിലേക്കുളള പടിക്കച്ചിറ ഭാഗം വീതിക്കുട്ടി സൈഡ്‌വാൾ കെട്ടിച്ചതും ചോയ്സ് കമ്പിനിയുടെ സമീപത്തുളള ഏണിപ്പടി കലുങ്കും ചെറുവൈപ്പിലെ ഏണിപ്പടിപ്പാലവും ഉടച്ച് ഇന്നത്തെ നിലയിലാക്കിയതും ശ്രീ പൗലോസിൻെറ കാലഘട്ടത്തിലാണ്.

കുഴുപ്പിളളി വില്ലേജിലെ ചെമ്മീൻ കെട്ടുകളിലുളള പഞ്ചായത്തുതോടിൻെറചമ്പാദായ വർദ്ധനവ് നിയമയുദ്ധത്തിനുശേഷം കൈവരിച്ചതും, മനപ്പിളളി റോഡ് പി. ഡബ്ളിയു.ഡി. ക്ക് വിട്ടുകൊടുത്ത് ടാർചെയ്യിച്ചതും വിസ്മരിക്കത്തക്കതല്ല.

വാർഡുകളിലെ ഉപറോഡുകളുടെ വികാസം ഈ കാലയളവിൽ ത്വരിതമായി പുഷ്ടിപ്പെട്ടു. ചെറുവൈയ്പ്പ് തെക്കു വടക്കു കിടക്കുന്ന മെയിൻ റോഡും, ചെറുവൈയ്പ്പ് സെമിത്തേരി റോഡും പ്രത്യേക പരാമർശമർഹിക്കുന്നു.സർവ്വോപരി വൈപ്പിൻ ബ്ളോക്കാഫീസ് കുഴുപ്പിളളിയിൽ സ്ഥാപിക്കുന്നതിനും ആതുര ശുശ്രൂഷാ രംഗത്ത് അയ്യമ്പിളളി ആശുപത്രിയുടെ വികസനത്തിന് സമ്പന്നരെ സ്വാധീനിച്ച് വാർഡുകൾ നിർമ്മിക്കുന്നതിനും ശ്രീ പൗലോസ് പുതുവ ചെയ്തിട്ടുളള സേവനങ്ങൾ എക്കാലത്തും സ്മരിക്കപ്പെടും.

പഞ്ചായത്തിൻെറ രണ്ടാമത്തെ ഭരണസമിതി ശ്രീ കൃഷ്ണപൈ പ്രസിഡൻറും ശ്രീ എം. ആർ. രാജൻ മാസ്റ്റർ വൈ: പ്രസിഡൻറുമായി എട്ടു പേരടങ്ങുന്ന ഭരണ സമിതി നിലവിൽ വന്നു.

കുടിവെളളത്തിനായുളള പൊതുടാപ്പുകൾ വ്യാപകമായതും റോഡുകളുടെ വികസനം ത്വരിതഗതിയിലായതും ഇക്കാലയളവിലാണ്. സാധാരണക്കാർ താമസിക്കുന്ന 100 വീടുകൾക്കു് 2 പോയൻറ് ഫ്രീ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയതും, ബീച്ച് റോഡിൻെറ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാക്കിയതും ബാലവാടി കെട്ടിടത്തിനു വേണ്ടി 2 സെൻറ് ഭൂമി വിട്ടുകൊടുത്തതുമെല്ലാം ഈ ഭരണസമിതിയുടെ പ്രധാന വികസന നേട്ടങ്ങളാണ്.

1988 ഫെബ്രുവരി മുതൽ 1995 സെപ്തംബർ വരെയുളള കാലയളവിൽ ശ്രീ എം. കെ. ചെറിയാൻ മാസ്റ്ററുടെ നേതൃത്വത്തിൽ മൂന്നാമത്തെ ഭരണസമിതി നടത്തിയ വികസന പ്രവർത്തനങ്ങളും പഞ്ചായത്തിൻെറ പുരോഗതിയുടെ പ്രധാന ദിശാ. സൂചകങ്ങളാണ്. ശ്രീ കെ. എസ്. ഷാജി വൈ: പ്രസിഡൻറായിരുന്നു.

പഞ്ചായത്ത് മിനി മാർക്കറ്റ് , സാംസ്കാരിക നിലയം എന്നിവയുടെ നിർമ്മാണത്തിനു പുറമേ അയ്യമ്പിളളി ഗവ: ആശുപത്രി മോർച്ചറി, ആശുപത്രി അടുക്കളപ്പുര, സെപ്റ്റിക് ടാങ്ക് എന്നിവയുടെ പുനർ നിർമ്മാണവും നടന്നു. പഞ്ചായത്തിലെ ഏഴ് വാർഡുകളിൽ ടി. വി. സെറ്റ് സ്ഥാപിക്കുവാൻ കഴിഞ്ഞു. പഞ്ചായത്തിലെ പരമപ്രധാന പാലങ്ങളായ തൊളളായിരം പാലം, അരങ്ങിൽപ്പാലം, മോസ്ക് ലൈനിലെ പാലം എന്നിവയുടെ നിർമ്മാണവും ഇക്കാലയളവിൽ നടന്നു.

കഴിഞ്ഞ മൂന്നു ഭരണ സമിതികളും അവരവരുടെ കഴിവിൻെറ പരമാവധി സേവനങ്ങൾ പഞ്ചായത്തിൻെറ വികസനത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. എല്ലാ വികസന പ്രവർത്തനങ്ങളും അക്കമിട്ടു നിരത്തുവാൻ കഴിയില്ലെങ്കിലും ഓരോ ഭരണസമിതി അംഗങ്ങളുടേയും സേവനതൽപ്പരതയിൽ നിന്നുളള ഗണ്യമായ സംഭാവനകളുടെ ആകത്തുകയാണ് ഒട്ടേറേ പരാധീനതകൾക്കിടയിൽ പോലും കുഴുപ്പിളളി പഞ്ചായത്തിൽ വെളിച്ചം വിതറുന്നത്.

അധികാര വികേന്ദ്രീകരണത്തിനു് തുടക്കം കുറിച്ചുകൊണ്ടുളള പഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൻെറ ഫലമായി ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസ് പ്രസിഡൻറും, ശ്രീ എം. ആർ. രാജൻ മാസ്റ്റർ വൈ:പ്രസിഡൻറുമായുളള ഭരണസമിതിയാണ് നിലവിലുളളതു്.

ഭരണ രംഗങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാനുളള ഭരണഘടനാനുസൃതമായ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ വനിതകൾക്കു് 30% സീറ്റുകൾ സംവരണം ചെയ്യുകയും ചരിത്രത്തിലാദ്യമായി 3 വനിതകൾ പഞ്ചായത്തു് ഭരണസമിതിയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

## പൊതുരംഗം

രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക രംഗങ്ങളിൽ കുഴുപ്പിളളിയുടെ സംഭാവനകൾ വിലപ്പെട്ടതാണ്. ഈ രംഗങ്ങളിൽ ഉന്നതനിലവാരം പുലർത്തിയ മഹത്‌വ്യക്തികളെ ഈ പ്രദേശം വാർത്തെടുത്തിട്ടുണ്ടു്. ഇവരിൽ പ്രഥമഗണനീയൻ മുൻ കെ. പി. സി. സി. മെമ്പറും ആന്ധ്രാ ഗവർണ്ണറുമായിരുന്ന ശ്രീ കെ. സി. എബ്രഹാം മാസ്റ്ററാണ്. എം. എൽ. എ., കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗം എന്നീ പദവികളിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു.

കുഴുപ്പിളളി പഞ്ചായത്തു് നൽകിയ മറ്റൊരു മഹത്‌വ്യക്തിയായിരുന്നു മുൻ എം. എൽ. എ. ശ്രീ ടി. എം. സന്ദലാൻ മാസ്റ്റർ. കുഴുപ്പിളളി പഞ്ചാ

യത്തിൽ സ്ഥിരതാമസമാക്കി അന്തരിച്ച മുൻ എം. എൽ. എ. ശ്രീ കെ. എ. അച്ചുതൻ മാസ്റ്ററേയും അനുസ്മരിക്കുന്നു.

പള്ളിപ്പുറം - കുഴുപ്പിള്ളി ഗ്രൂപ്പ് പഞ്ചായത്തിൻെറ പ്രസിഡൻറായിരുന്ന ശ്രീ എം. സി. പൗലോസ് മാസ്റ്റർ, കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറ് ശ്രീ പൗലോസ് പുതുവ, മുൻ പ്രസിഡൻറുമാരായ ശ്രീ കെ. ആർ. കൃഷ്ണപൈ, ശ്രീ എം. കെ. ചെറിയാൻ ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീമതി കുഞ്ഞമ്മ ഫ്രാൻസീസ് എന്നിവരും പഞ്ചായത്തിൻെറ അഭിമാനാർഹരായ വ്യക്തികളാണ്.

കുഴുപ്പിള്ളി സർവ്വീസ് സഹകരണ സംഘത്തിൻെറ പ്രഥമ പ്രസിഡൻറ് ശ്രീ എം. സി. കൊച്ചുവറീത് മാസ്റ്ററും, ഇപ്പോഴത്തെ പ്രസിഡൻറും എറണാകുളം ജില്ലാ ബാങ്ക് പ്രസിഡൻറുമായ ശ്രീ എം. എം. മോനായി എന്നിവരും പഞ്ചായത്തിലെ തിളക്കമാർന്ന വ്യക്തികളിൽപ്പെടുന്നു.

ജില്ലാ പഞ്ചായത്തു് മെമ്പർ ശ്രീമതി തുളസി സോമൻ,ബ്ളോക്കു് പഞ്ചായത്തു് മെമ്പർ ശ്രീമതി സുശീലാ ഗോപാലൻ എന്നിവർ ഭരണ രംഗങ്ങളിലേക്കു് പദമൂന്നിനില്ക്കുന്ന വനിതാ പ്രതിനിധികളാണ്.

## ഭൂപ്രകൃതി

അവലംബം: റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പഠന പര്യടനം

1. തീരസമതലം
2. പൊക്കാളിപ്പാടങ്ങൾ

ഇവയിലോരോന്നിൻേറയും വിസ്തൃതി താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തീരസമതലം (പുരയിടം) | - 592 ഏക്കർ | - 32.20% |
| പൊക്കാളിപ്പാടങ്ങൾ | - 918 ഏക്കർ | - 60.79% |

### തീര സമതലം

വിസ്തൃതിയിൽ പകുതിയിൽ കുറവുള്ള ഭൂവിഭാഗമാണിത്. സമുദ്രനിരപ്പിൽനിന്നും 0.5 -1 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. മണൽത്തിട്ടയെ കീറി മുറിച്ചുകൊണ്ടുള്ള തോടുകൾ ഈ ഭൂവിഭാഗത്തിൻെറ പ്രത്യേകതയാണ്. ശരീരത്തിലെ രക്തക്കുഴലുകൾ എന്നപോലെ പറമ്പുകളിലെ (മണൽത്തിട്ട) ഉപ്പുവെള്ളം വാർന്നുപോകുന്നതിനും നീർക്കെട്ട് ഒഴിവാക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും ഈ കൈത്തോടുകൾ പ്രയോജനപ്പെടുന്നു.

പഞ്ചായത്തിലെ വടക്കേ അതിരായ രാമവർമ്മകനാലും ഏകദേശം മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന വെബ്ളായിതോടും പുത്തൻപാടശേഖരത്തിന് മദ്ധ്യഭാഗത്തുവെച്ച് അഭിമുഖമായി കൂടിച്ചേരുന്നു. ഈ പ്രദേശത്ത് ഉപരിതലത്തിൽ മണൽ മണ്ണും അടിയിൽ കോസ്റ്റൽ അലൂമിനിയം മണ്ണുമാണ് കണ്ടുവരുന്നത്. ലവണാംശം കൂടുതലു ള്ള ഈ മണ്ണ് തെങ്ങ് കൃഷിക്ക് അനുയോജ്യമാണ്.

പള്ളത്താംകുളങ്ങര ഭഗവതി ക്ഷേത്രത്തിന് സമീപമുള്ള ചില പുരയിടങ്ങളിൽ സർപ്പക്കാവുകൾ കണ്ടുവരുന്നു.

### പൊക്കാളിപ്പാടം

പഞ്ചായത്തിനെ രണ്ടായി വിഭജിച്ചുകൊണ്ട് തെക്കുവടക്കായി പോകുന്നവൈപ്പിൻ മുനമ്പം റോഡിൻെറ കിഴക്കും പടിഞ്ഞാറുമായി കിടക്കുന്ന പൊക്കാളിപാട ശേഖരങ്ങൾ പഞ്ചായത്തിൻെറ മൊത്തം വിസ്ത്രിതിയുടെ 60% വരും. വേലിയേററവും വേലിയിറക്കവും സ്ഥിരമായി അനുഭവപ്പെടുന്ന പൊക്കാളിപ്പാടത്ത് 6 മാസം നെൽക്കൃഷിയും 6 മാസം ചെമ്മീൻ കൃഷിയുമാണുള്ളത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതയാൽ ഈ പ്രദേശം ചെമ്മീൻ കൃഷിക്ക് വളരെ അനുയോജ്യമാണ്.

## ജനപ്രകൃതി

മതേതര രാഷ്ട്രമെന്ന ബഹുമതിക്കർഹമായ ഭാരതത്തിൻെറ പാരമ്പര്യത്തിന് അനുസൃതമായ വിധം ഹിന്ദു-മുസ്ളീം-ക്രൈസ്തവ വിഭാഗങ്ങൾ തികഞ്ഞ ധാരണയോടും സൗഹൃദത്തോടും വർത്തിക്കുന്ന പ്രദേശമാണ് കുഴുപ്പിള്ളി പഞ്ചായത്ത്. ഈ മൂന്നു വിഭാഗങ്ങളിലും പെട്ടവർ ഉൾക്കൊ ള്ളുന്നതാണ് കുഴുപ്പിള്ളി പഞ്ചായത്തിലെ ആകമാന ജന സംഖ്യ. ജനങ്ങളെക്കുറിച്ചുള്ള പഠനമാണല്ലോ ഒരു പ്രദേശത്തിൻെറ പഠനം പൂർണ്ണമാക്കുന്നത്.

കുഴുപ്പിള്ളി പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. കേരളത്തിലെ ഹിന്ദുക്കളിലെ മിക്കവാറും ഉപവിഭാഗങ്ങൾ ഇവിടെയുണ്ട്. ജാതിമതഭേദമന്യേ എല്ലാവരും തമ്മിൽ തികഞ്ഞ ധാരണയോടും സൗഹൃദത്തോടുംകൂടിയാണ് ഇവിടെ കഴിയുന്നത്.

കുഴുപ്പിള്ളി പഞ്ചായത്തിൽ ഹിന്ദുക്കളിൽ ജനസംഖ്യയിൽകൂടുതൽ വരുന്നത് ഈഴവരാണ്. വിദ്യാഭ്യാസരംഗത്തേക്കുള്ള ഈഴവരുടെ സംഭാവനയാണ് ചെറുവൈപ്പിലെ വിജ്ഞാനദായിനി സഭാ എൽ. പി. സ്ക്കൂൾ. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സ്ക്കൂൾ ചെറുവൈയ്പ്പു കരയുടെ വിദ്യാഭ്യാസ പുരോഗതിയിൽ കാര്യമായ പങ്കു വഹിക്കുന്നു. ചെമ്പൂഴി ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം ചെറുവൈപ്പു കരയിലെ ഈഴവരുടെ ആരാധനാലയമാണ്. ഈ ക്ഷേത്രം ചെറായി ശ്രീ ഗൗരീശ്വര ക്ഷേത്രത്തിനുമുമ്പുതന്നെ സ്ഥാപിതമായതാണ്. കുഴുപ്പിള്ളിയിലെ ഈഴവരിൽ വലിയൊരു ഭാഗവും ചെറായി വിജ്ഞാനദായിനി സഭയിലെ അംഗങ്ങളാണ്.

കുഴുപ്പിള്ളി പഞ്ചായത്തിലെ അംഗ സംഖ്യയിൽ അവഗണിക്കാനാവാത്ത ഒരു വിഭാഗമാണ് നായർ സമുദായം. വൈപ്പിൻ മുനമ്പം റോഡിൻെറ കിഴക്കു വശത്തായി മനോഹരമായ 'വെള്ള മണൽ'

വെളിയുടെ മദ്ധ്യത്തിലാണ് പള്ളത്താംകുളങ്ങര ഭഗവതി ക്ഷേത്രം. ഈ ക്ഷേത്രത്തിലെ താലപ്പൊലി ദൃശ്യങ്ങൾ തൃശൂർപ്പൂരത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലാണ്. കുഴുപ്പിള്ളി പഞ്ചായത്തിൻെറ പൊതു ഉത്സവമാണ് ഇവിടത്തെ താലപ്പൊലി എന്നു പറഞ്ഞാൽ തെററില്ല. ആകർഷകമായ ഇവിടത്തെ താലപ്പൊലിയിൽ വൈപ്പിൻകരയിലെ പരിസര പ്രദേശങ്ങളിലെ ജനങ്ങളും പങ്കുകൊള്ളുന്നു.

വിദ്യാഭ്യാസ രംഗത്തേക്കുള്ള നായർ സമുദായത്തിൻെറ സംഭാവനയാണ് പള്ളത്താംകുളങ്ങര ഭഗവതി ദേവസ്വം എൽ. പി. സ്ക്കൂൾ.

അയ്യമ്പിള്ളി ശിവക്ഷേത്രവും അതിൻെറ കീഴിൽ തന്നെയുള്ള കുഴുപ്പിള്ളി ശിവക്ഷേത്രവും കൊച്ചി ദേവസ്വം ബോർഡിൻെറ കീഴിലുള്ള ആരാധനാലയങ്ങളാണ്.

കൊല്ലവർഷം 1070-ാം മാണ്ടിൽ പ്രതിഷ്ഠാ കർമ്മം നടത്തപ്പെട്ട ശ്രീ ബാലകൃഷ്ണ സ്വാമി ക്ഷേത്രം കുഴുപ്പിള്ളിയിലെ ഗൗഡസാരസ്വത ബ്രാഹ്മണരുടെ സ്വന്തമായ ആരാധനാലയമാണ്. ക്ഷേത്രത്തോടനുബന്ധിച്ച് ബാലകൃഷ്ണ കലാമന്ദിർ, ഷോപ്പിംഗ് കോംപ്ളക്സ് എന്നിവയും പണിതുയർത്തിയിട്ടുണ്ട്.

കുഴുപ്പിള്ളിയിലെ ജനസംഖ്യയിൽ ഗണ്യമായ ഒരു വിഭാഗമാണ് പുലയ സമുദായം. ഇവിടത്തെ കാർഷിക മേഖലയുടെ വികസനത്തിന് വളരെയധികം സംഭാവനകൾ അദ്ധ്വാനശീലരായ ഇവർ നൽകിയിട്ടുണ്ട്. ചെറുവൈപ്പിലുള്ള ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രം ചെറുവൈപ്പിലെ പുലയരുടെ സ്വന്തമായ ആരാധനാലയമാണ്.

കുഴുപ്പിള്ളിയുടെ വളർച്ചക്കും വികസനത്തിനും കാര്യമായ സംഭാവനകൾ നൽകിയിട്ടുള്ള മറെറാരു വിഭാഗമാണ് കുടുംബി സമുദായം.

പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ താമസിച്ച് മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള ധീവരന്മാരും, വേട്ടുവർ, വിശ്വകർമ്മജർ മുതലായ സമുദായങ്ങളുടെ സേവനങ്ങളും പ്രശംസനീയമാണ്.

കുഴുപ്പിള്ളി പഞ്ചായത്തിലെ പ്രബലരായ ഒരു ജനവിഭാഗമാണ് ക്രിസ്ത്യൻ സമുദായം. സുറിയാനി കത്തോലിക്കർ, ലാററിൻ കത്തോലിക്കർ ഓർത്തഡോക്സ് സഭക്കാർ എന്നീ മൂന്നു ക്രിസ്തീയ സഭാ വിഭാഗങ്ങളും പഞ്ചായത്തിലുണ്ട്. കുഴുപ്പിള്ളി പഞ്ചായത്തിലെ വളർച്ചക്കും വികസനത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഒരു ജന സമൂഹമാണ് സുറിയാനി കത്തോലിക്കർ. കുഴുപ്പിള്ളി സെൻറ് അഗസ്ററിൻസ് ദേവാലയമാണ് സുറിയാനി കത്തോലിക്കരുടെ സേവനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. സെൻറ് അഗസ്ററിൻസ് ഗേൾസ് ഹൈസ്ക്കൂൾ, സെൻറ് ഗ്രിഗറീസ് യു. പി. സ്ക്കൂൾ, സെൻറ് അഗസ്ററിൻസ് ലൗഫോഴ്സ് നേഴ്സറി സ്ക്കൂൾ, സെൻറ് വിൻസൻറ് ഡി പോൾ ഹോസ്പിററൽ, എസ്. ഡി. കോൺവെൻറ് എന്നിവ പ്രസ്തുത ദേവാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്.

മേൽ സൂചിപ്പിച്ച വിദ്യാലയങ്ങൾ അച്ചടക്കത്തിലും അദ്ധ്യാപനത്തിലും ഉയർന്ന മാനദണ്ഡം പുലർത്തുന്നവയാണ്. കുഴുപ്പിള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഈ വിദ്യാലയങ്ങൾ നൽകിയിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്.

ആതുര ശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന സ്വകാര്യ ആശുപത്രിയാണ് സെൻറ് വിൻസെൻറ് ഡി പോൾ ആശുപത്രി. മിക്കവാറും എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളും വിദഗ്ദ്ധ ഡോക്ടർമാരുമുള്ള ഈ സ്ഥാപനം വൈപ്പിൻ കരയിലേയും പരിസര പ്രദേശങ്ങളിലേയും ഏററവും മികച്ച ആശുപത്രിയാണ്.

പഞ്ചായത്തിൻെറ തെക്ക് കിഴക്ക് ഭാഗത്തുള്ള ചെറുവൈപ്പിലാണ് ലാററിൻ കത്തോലിക്കർ താമസിക്കുന്നത്. പള്ളിപ്പുറം മഞ്ഞുമാത പള്ളി ഇടവകക്കാരായി ചെറുവൈപ്പിൽ താമസമാക്കിയവരാണിവർ. കാലക്രമേണ പരിശുദ്ധ അമലോത്ഭവ മാതാവിൻെറ നാമധേയത്തിൽ ഒരു പള്ളി സ്ഥാപിക്കുകയും അത് അവരുടെ ആദ്ധ്യാത്മിക കേന്ദ്രമായി വളർത്തിയെടുക്കുകയും ചെയ്തു.

യാക്കോബായ സഭ, ഓർത്തഡോക്സ് സഭ എന്നീ രണ്ടു വിഭാഗങ്ങളായാണ് പ്രാചീന ഓർത്തഡോക്സ് സഭ കുഴുപ്പിള്ളിയിൽ നിലകൊള്ളുന്നത്. ഇവർക്കും ഇവിടെ മൂന്നു ദേവാലയങ്ങളുണ്ട്. സെൻറ് ജോൺസ് പള്ളി, മനപ്പിള്ളിയിലെ വിശുദ്ധ കുര്യാക്കോസ് സഹദായുടെ നാമധേയത്തിലുള്ള ചാപ്പൽ, വിശുദ്ധ ബത്‌ലേഹം ചാപ്പൽ എന്നിവയാണവ. കുഴുപ്പിള്ളിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഇതര ജനവിഭാഗങ്ങളുമായി സഹവർത്തിക്കുവാൻ ഇവർക്കു കഴിയുന്നു.

കുഴുപ്പിള്ളി പഞ്ചായത്തിൻെറ ജനസംഖ്യയിൽ കുറച്ചു് മുസ്ലീങ്ങളുമുണ്ട്. മററു ജനവിഭാഗങ്ങളുമായി സൗഹാർദത്തോടെയാണ് ഇവർ കഴിയുന്നത്. കുഴുപ്പിള്ളി പഞ്ചായത്തിൻെറ അതിർത്തിയുടെ തൊട്ടു തെക്കു വശത്തുള്ള എടവനക്കാട് ജുമാ അത്തു് പള്ളിയാണ് ഇവരുടെ ആരാധനാലയം.

## തൊഴിൽ മേഖല

തൊഴിലാളികളുടെ മേഖലാ വിതരണമെടുത്താൽ കാർഷിക മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യമില്ല. വളരെക്കുറച്ച് ആളുകളേ കാർഷിക മേഖലയെ തൊഴിലിന്നായി ആശ്രയിക്കുന്നുള്ളു. അതിൽത്തന്നെ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്. മത്സ്യ ബന്ധന മേഖലക്കാണ് പ്രാമുഖ്യം. എല്ലാ ജനവിഭാഗങ്ങളിലും പെട്ടവർ

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെടുന്നു. കുടിൽ വ്യവസായം നാമമാത്രമാണ്. സേവനമേഖലയിൽ 9 ശതമാനവും വാണിജ്യ മേഖലയിൽ 13 ശതമാനം പേരും മററു മേഖലകളിൽ 10 ശത മാനം പേരും പണിയെടുക്കുന്നു.

മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കൂടുതലാണ്.

കാർഷിക മേഖലയിലും മത്സ്യ സംസ്കരണ മേഖലയിലുമുളള സ്ത്രീ പങ്കാളിത്തം അവഗണിക്കാവുന്നതല്ല. വ്യവസായ മേഖലയെടുത്താൽ ഭൂരിപക്ഷം ആളുകളും പഞ്ചായത്തിന് പുറത്തുളള വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരോ ചെറുകിട സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരോ ആണ്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുമുണ്ട്.

## ജലവിഭവങ്ങൾ

ഭൂമിയുടെ പ്രത്യേകതയും കടലിൻെറ സാമീപ്യവും കൊണ്ട് ഓരു ജലമാണ് ഭൂരിഭാഗം പ്രദേശത്തും. മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. മഴയുടെ ഭൂരിഭാഗവും കാലവർഷത്തിലാണ്. ജൂൺ ജൂലൈ മാസത്തിലാണ് ഏററവും കൂടുതൽ മഴ ലഭിക്കുന്നത്. ഏതാനും ദിവസങ്ങളിലായാണ് ഏററവും കൂടുതൽ മഴ ലഭിക്കുന്നത് എന്നതിനാൽ വർഷക്കാലത്തു നീർക്കെട്ടിന് കാരണമാകുന്നു. മഴക്കാലത്തു പോലും ജലക്ഷാമം അനുഭവപ്പെടുന്നു എങ്കിലും, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ശുദ്ധജലം കിട്ടുന്ന കിണറുകളും കുളങ്ങളുമുണ്ട്. പൈപ്പ് വെളളത്തിൻെറ ഉപയോഗം വ്യാപകമായതോടുകൂടി പൊതുകിണറുകളും കുളങ്ങളും മാത്രമല്ല വ്യക്തികളുടെ അധീനതയിൽ ഉളളവകൂടി ഉപയോഗയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. എന്നാൽ പച്ചക്കറി കൃഷിക്കും ഗാർഹിക ആവശ്യത്തിനും അത്തരം സ്രോതസ്സുകളുടെ സംരക്ഷണം അടിയന്തിര ശ്രദ്ധ അർഹിക്കുന്നതാണ്.

# പ്രാഥമിക മേഖല

# കൃഷിയും ജലസേചനവും

**അവലംബം : പഠന പര്യടനം സെറ്റിൽമെൻറ് രജിസ്റ്ററുകൾ, കൃഷിഭവൻ രേഖകൾ**

കാർഷിക മേഖലയായിരുന്ന കുഴുപ്പിള്ളിയിൽ ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടെ ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. കൊച്ചിരാജകുടുംബത്തിൻേറയും പാലിയം കുടുംബത്തിൻേറയുമായിരുന്ന ഈ പ്രദേശങ്ങൾ ഭൂരിഭാഗവും ചതുപ്പുനിലങ്ങളും കണ്ടൽക്കാടുകളും ചുള്ളിയുമായിരുന്നു.

ചരിത്രമറിയാവുന്നവർ പറയുന്നതനുസരിച്ച് എൺപതു ശതമാനമുണ്ടായിരുന്ന കായലും പാടങ്ങളും കൂടിച്ചേർന്ന ഭാഗങ്ങളിൽ 20% സ്ഥലത്തു മാത്രമേ കൃഷിചെയ്തിരുന്നുള്ളു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിലുണ്ടായ കടലാക്രമണത്തിലും പ്രകൃതിക്ഷോഭത്തിലും വിസ്തൃതമായിരുന്ന കടപ്പുറവും കടപ്പുറത്തോടുചേർന്നു് കിടന്നിരുന്ന ഒരുഭാഗം നിലവും കടലെടുത്തു് ഇല്ലാതായിട്ടുണ്ട്. 1920-കളോടുകൂടിയാണ് മുഴുവൻ സ്ഥലത്തും കൃഷിചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതു്. 1970-കളോടെ ഇതു് പൂർത്തിയായി. രാമവർമ്മകനാലും വെംബ്ളായിത്തോടും വികസിപ്പിച്ചതും നെൽകൃഷി വികസനത്തെ സഹായിച്ചിട്ടുണ്ട്.

ഓരു വെള്ളം (ഉപ്പു വെള്ളം) കയറുന്ന പ്രദേശമായിരുന്നതിനാൽ മഴയെ ആശ്രയിച്ചുള്ള നെൽകൃഷിയാണ് നടന്നുവരുന്നതു്. മഴ മാറി വേനലാകുന്നതോടെ പാടശേഖരങ്ങൾ ചെമ്മീൻ മാറ്റു കേന്ദ്രങ്ങളാകുന്നു.

ഭൂരിഭാഗം കായലും നിലങ്ങളുമായിരുന്ന ഈ പ്രദേശത്തിൻെറ ഒറ്റപ്പെട്ട തുരുത്തുകൾ പോലെയുള്ള സ്ഥലങ്ങളിലായിരുന്നു ജനവാസമുണ്ടായിരുന്നതു്. കാലക്രമേണ കായലുകളിലെ ചെളിയും കടപ്പുറം കൈതാരം എന്നിവിടങ്ങളിൽ നിന്നുള്ള മണ്ണു ഉപയോഗിച്ച് നിരത്തിയെടുത്തതാണ് ഇന്ന് തെങ്ങുകൃഷിചെയ്യുന്ന പ്രദേശങ്ങളിൽ ഭൂരിഭാഗവും.

അറുപതുകളോടെ ചെമ്മീൻ വിദേശനാണ്യം നേടിത്തരുന്ന വിഭവമായതോടുകൂടി കർഷകർക്ക് നെൽകൃഷിയിൽ താൽപര്യം കുറഞ്ഞുതുടങ്ങിയതായി കാണാം. ആധുനിക വിദ്യാഭ്യാസം നേടിയതോടെ കർഷക തൊഴിലാളികളുടെ പിൻമുറക്കാർ കാർഷിക വൃത്തിയിൽനിന്ന് മാറിത്തുടങ്ങിയതും കൃഷിയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി.

വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ഓരുവെള്ളം വാർന്നുപോകുന്നതിനുമുള്ള തെങ്ങിൻതോപ്പുകൾക്കിടയിലുള്ള തോടുകൾ നികത്തുന്നത് തെങ്ങുകളുടെ ഉല്പാദനക്ഷമതയെ ബാധിച്ചിട്ടുണ്ട്. വർഷകാലമാകുന്നതോടെ വെള്ളം കെട്ടിനിന്ന് പകർച്ച വ്യാധികളുണ്ടാകുന്നതിനും റോഡുകളും നടവഴികളും നശിച്ചുപോകുന്നതിനും ഇതു് കാരണമാകുന്നു.

വിസ്തൃതമായിക്കിടക്കുന്ന പുത്തൻ പാടശേഖരത്തിൽ ആദ്യകാലത്ത് വേലിയേറ്റ വേലിയിറക്കത്തെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നതു്. പിന്നീട് ചക്രം ചവുട്ടി വെള്ളം വറ്റിച്ചുള്ള കൃഷിയും ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പമ്പും 1972-73 കാലത്തോടുകൂടി ഇന്നത്തെ രീതിയിലുള്ള ഇലക്ട്രിക് പമ്പുകളും വ്യാപകമായി. രാമവർമ്മ കനാലും വെബ്ളായിത്തോടും അടച്ചുകെട്ടിയാണ് മോട്ടോർ പ്രവർത്തിപ്പിക്കുന്നതു്. ഇത്തരം നടപടികളിലേക്ക് നീങ്ങുന്നതിനു മുമ്പ് അനുഭവസമ്പത്തും പരിചയവുമുള്ള കർഷകത്തൊഴിലാളികളോടോ മത്സ്യത്തൊഴിലാളികളോടോ അഭിപ്രായങ്ങൾ ചോദിക്കുകയോ അവരുടെ ജീവിതത്തെ ഇതു് ഏതു് തരത്തിൽ ബാധിക്കുമെന്ന് പഠനം നടത്തുകയോ ചെയ്യുകയുണ്ടായിട്ടില്ല. പല തട്ടുകളായി പാടശേഖരത്തെ ഒന്നാക്കി മാറ്റിക്കൊണ്ട് വെള്ളം വറ്റിക്കുന്ന പ്രവൃത്തി ചില ബ്ളോക്കുകളിൽ നെൽകൃഷിക്ക് ദോഷകരമായി ഭവിക്കുന്നുണ്ട്.

നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചിറകളിൽ മുൻകാലത്ത് പഞ്ഞപ്പുല്ല് (റാഗി) പയർ, ഉഴുന്ന്, വെണ്ട, ചോളം എന്നിവ കൃഷിചെയ്തിരുന്നതാണ്. കൂടാതെ പുരയിടങ്ങളിലും വ്യാപകമായി കൊണ്ടൽകൃഷി (പടവലം, മത്തൻ, പീച്ചിൽ, വെള്ളരി, പാവൽ, പയർ) ചെയ്തിരുന്നതാണ്. കൃഷിയോടുള്ള താല്പര്യം കുറഞ്ഞതോടുകൂടി ഇത്തരം ഉല്പന്നങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

കുഴുപ്പിള്ളിയിലെ ഇന്നത്തെ കാർഷിക വ്യവസ്ഥയുടെ പ്രധാന സവിശേഷത ചെറുകിട ഭൂ-ഉടമസ്ഥരുടെ മുൻതൂക്കവും കൃഷി ഭൂമിയുടെ തുണ്ടവൽക്കരണവുമാണ്. പഞ്ചായത്തിലെ 80% ഭൂ-ഉടമസ്ഥർക്കും പത്ത് സെൻറിൽ താഴെ മാത്രമേ ഭൂമിയുള്ളു. രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള നാമമാത്ര കർഷകരേ പഞ്ചായത്തിലുള്ളു. മുഖ്യ വിളകളായ നെല്ലിൻേറയും തെങ്ങിൻേറയും ഉല്പാദനത്തേയും ഉൽപാദന ക്ഷമതയേയും ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. കുഴുപ്പിള്ളിയിലെ തെങ്ങുകളിലെ ശരാശരി ഉല്പാദനക്ഷമത 12 നാളികേരമാണ്. (സംസ്ഥാന ശരാശരി- 38). ചെറിയ പുരയിടങ്ങളിലെ ഉല്പാദന ക്ഷമത വലിയ പുരയിടങ്ങളേക്കാൾ കൂടുതലായി കാണുന്നു. നെല്ലിൻെറ കാര്യത്തിൽ ഈ വ്യത്യാസം കാണുന്നില്ല.

ഭൂരിഭാഗം കർഷകരുടേയും കാർഷിക വരുമാനം വളരെ കുറവാണ്. കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ലാത്തതുകൊണ്ടുതന്നെ കൃഷിക്കാരിൽ ഭൂരിഭാഗം പേരും ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല.

കർഷകതൊഴിലാളികളെ കിട്ടാനുളള ബുദ്ധിമുട്ടും കാർഷിക രംഗത്തെ പ്രശ്നമാണ്. വിദ്യാഭ്യാസം ലഭിച്ച യുവതലമുറ കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങി. സ്ത്രീകൾ പാടത്തെ പണിയേക്കാൾ കെട്ടിട നിർമ്മാണം കച്ചവട സ്ഥാപനങ്ങളിലെ തൊഴിൽ (സെയിൽസ് ഗേൾ) ചെമ്മീൻ കമ്പനികളിലെ പീലിംഗ് തുടങ്ങിയ തൊഴിലുകളിലേക്ക് തിരിഞ്ഞിരിക്കുന്നു. സാമൂഹ്യ മാന്യതയാണ് അവരെ ഈ മേഖല കളിലേക്ക് ആകർഷിച്ചതു്. നെൽപ്പാടങ്ങളിലെ കൊയ്ത്തിനു് ആളെ കിട്ടാത്തതിന് പ്രധാന കാരണം കിട്ടുന്ന ''പതമ്പ്'' (കൊയ്തു മെതിച്ച നെല്ലിൻെറ 1/7 ഭാഗം) അദ്ധ്വാനഭാരത്തിനു് ആനുപാതികമല്ലാത്തതാണ്.

അശാസ്ത്രീയമായ കൃഷി രീതിയാണ് തെങ്ങിനെ ഉല്പാദന ക്ഷമത കുറയുവാനുളള കാരണങ്ങളിലൊന്ന്. ഈ ആരോഗ്യമുളള തെങ്ങിൻെറ ഓലകൾ തമ്മിൽ മുട്ടാത്ത രീതിയിലാണ് തെങ്ങുകൾ നട്ടിരുന്നതു്. ഒരു കുല യിൽ നിന്നും ഒരു 'ചോതന' (നൂറ്റി ഇരുപത്) തേങ്ങ വരെ കിട്ടിയിരുന്നു. ഇടയകലം കുറഞ്ഞതോടുകൂടി ഇടവിള കൃഷിയും ഇല്ലാതായി. ഇടയകലത്തിൽ മാത്രമല്ല, തോടുകൾ നികത്തുന്നതും തെങ്ങിൻെറ ഉല്പാദന ക്ഷമത കുറയുവാൻ കാരണമായിട്ടുണ്ട്. കൂടാതെ കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിത്തിനങ്ങൾ പ്രദേശത്തിൻെറ ഭൂപ്രകൃതിക്കു് ആനുസരിച്ചുളളതല്ലന്നു് കർഷകർക്കിടയിൽ അഭിപ്രായമുണ്ട്. എന്നാൽ നാടൻ ഇനങ്ങളിൽ നിന്നുതന്നെ മെച്ചപ്പെട്ട വിത്തുകൾ തിരഞ്ഞെടുക്കുന്നതിനുളള ശാസ്ത്രീയമായ ഒരു രീതിയും പ്രാദേശികമായി നിലവിലില്ല.

നെൽകൃഷിയുടെ കാര്യത്തിൽ പൊക്കാളി വിത്തിനമാണ് വ്യാപകമെങ്കിലും കുറവ, വൈറ്റില-2 എന്നി ഇനങ്ങളും ഉപയോഗിച്ചു വരുന്നു.

പഞ്ചായത്തിൽ ആകെ ഒരു രാസവള വില്പനകേന്ദ്രമാണ് ഉളളത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കുവാനുളള സംവിധാനങ്ങൾ ഒന്നുതന്നെ ഉണ്ടായിട്ടില്ല. ധാരാളമായി കിട്ടിയിരുന്ന കാലത്ത് ചാളയും വിലക്കുറവായിരുന്ന കാലത്തു് കപ്പലണ്ടി പ്പിണ്ണാക്കും തെങ്ങുകൾക്കു് വളമായി ഉപയോഗിച്ചിരുന്നു. കൂടാതെ വർഷക്കാലത്തെ മലവെളളം നെല്ലിനും തെങ്ങിനും ഒരുപോലെ ഗുണം ചെയ്തിരുന്നു. മഴക്കാലം കഴിഞ്ഞ് വേനലാകുന്നതോടെ തെങ്ങിൻ തോപ്പുകൾക്കിടയിലെ തോടുവെട്ടുന്ന തോടുകൂടി മലവെളളത്തിൽ കൂടിവന്നിരുന്ന എക്കൽ തെങ്ങുകൾക്കു് നല്ലൊരു വളമായിരുന്നു. മലവെളളത്തിൻെറ സാന്ദ്രതകുറഞ്ഞതും തോടു് വെട്ടിക്കാത്തതും തെങ്ങിന് കിട്ടിയിരുന്ന പരിചരണം കുറയുവാനിടയാക്കിയിട്ടുണ്ട്.

മഴയെ ആശ്രയിച്ചാണ് നെൽപാടങ്ങൾ കൃഷിചെയ്യുന്നതു്. പല ദിവസങ്ങളിലായി കൃഷിചെയ്യുന്നതു് കൃഷിക്കു് ദോഷകരമായി തീരുന്നുണ്ട്. പുത്തൻ പാടശേഖരത്തിലാണെങ്കിൽ ഒരേസമയത്താണ് മുഴുവൻ പാടത്തിലേയും ഓരുവെളളം വറ്റിക്കുന്നതെങ്കിലും പല ദിവസങ്ങളിലായാണ് കൃഷിപ്പണികൾ ആരംഭിക്കുന്നതു്. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ നെൽച്ചെടിക്കു് വ്യത്യസ്ഥ അളവിൽ ജലസേചനം ആവശ്യമാണ്. എന്നാൽ പലദിവസങ്ങളിലായി വിതച്ച് വ്യത്യസ്ഥതയോടെ വളർന്നുവരുന്ന നെൽച്ചെടികൾക്കു് ഒരേ അളവിലാണ് ജലസേചനം നടക്കുന്നതു്. വിളവു് കുറയുന്നതിനു് ഇതു് കാരണമാകുന്നു.

നെൽകൃഷിക്കു് യാതൊരുവിധ വളവും കീടനാശിനിയും ഉപയോഗിക്കുന്നില്ല എന്നത് പ്രത്യേകം പഠനാർഹമാണ്. പ്രാദേശികമായി നിലനിൽക്കുന്ന നെൽവിത്തിനത്തിനു പകരം മറ്റു വിത്തിനങ്ങളും പ്രചരിച്ചുവരുന്നുണ്ട്. വളപ്രയോഗം വേണ്ടാത്തതും കീടബാധയേൽക്കാത്തതും പ്രദേശത്തോടിണങ്ങിയതുമായ പൊക്കാളി നെൽ വിത്തിനത്തിനു് പകരം വെയ്ക്കുന്നത് കൃഷിയെ ഏതുതരത്തിലാണ് ബാധിക്കുവാൻ പോകുന്നതെന്നു് കാലം തെളിയിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയുണ്ടെങ്കിലും ഈ രംഗത്തു് യന്ത്രോപകരണങ്ങളുടെ ഉപയോഗം ഇനിയും ഉണ്ടായിട്ടില്ല. നെൽപ്പാടത്തു് വെളളം വറ്റിക്കുവാൻ ഉപയോഗിക്കുന്ന പമ്പുസെറ്റാണ് ആകെയുളള യന്ത്രോപകരണം. ഈ പ്രദേശത്തിനനുയോജിച്ച കൊയ്ത്തു് -മെതി യന്ത്രങ്ങൾ രൂപകൽപ്പന ചെയ്തെടുക്കേണ്ടതിൻെറ അടിയന്തിരാവശ്യം ഉയർന്നുകൊണ്ടിരിക്കയാണ്.

ഗ്രാമ സഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്തു് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നതാണ്.

## പ്രശ്നങ്ങൾ

1. പാടങ്ങളുടെ വരമ്പുകളിൽ പഞ്ഞപ്പുല്ലു്, പയർ, വെണ്ട, ഉഴുന്നു് എന്നിവ കൃഷിചെയ്തിരുന്നതാണ്. ഏതാനും വർഷങ്ങളായി ചെയ്യുന്നില്ല.

2. നല്ല വിളവുണ്ടായിരുന്ന ചില പാടശേഖരങ്ങളിൽ ഇപ്പോൾ കൃഷിചെയ്യുന്നില്ല.

3. പലതട്ടുകളായികിടക്കുന്ന പുത്തൻ പാടശേഖരം ഒറ്റ ബ്ളോക്കാക്കി വെളളം വറ്റിക്കുന്നതിനാൽ ജലസേചനം ഫലപ്രദമാകുന്നില്ല.

4. പാടശേഖരങ്ങളിലെ തൊഴിലുകൾക്കു് തൊഴിലാളികൾ കുറഞ്ഞുവരുന്നു.

5. വിളവു് കൊയ്തെടുക്കുന്നതിന് തൊഴിലാളികളെ കിട്ടുന്നില്ല.

6. ബണ്ട് കെട്ടി വെള്ളം വറ്റിക്കുന്നതു് മത്സ്യബന്ധനത്തിനു് ദോഷകരമായി തീരുന്നു.

7. ചെമ്മീൻ കെട്ടുകളിൽ വ്യാപകമായി വിഷം കലക്കുന്നതിനാൽ മത്സ്യം നശിച്ചു പോകുന്നതിനും തുടർന്നു നടക്കുന്ന നെൽ കൃഷിക്കു് ദോഷകരമായി തീരുകയും ചെയ്യുന്നു.

8. തെങ്ങിനു് കാലാകാലങ്ങളിൽ ചെയ്യേണ്ട പരിചരണം ചെയ്യുന്നില്ല.

9. വ്യാപകമായി തെങ്ങിനു് രോഗം പടർന്നു പിടിക്കുന്നു. ചെയ്യുന്ന മരുന്നുകൾ ഫലപ്രദമാകുന്നില്ല.

10. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം.

11. വായ്പാ സൗകര്യം കുറവാണ്.

12. കൊപ്രാ വിപണനത്തിനു് പ്രാദേശിക സൗകര്യമില്ലാത്തതിനാൽ ശരിയായ വിലകിട്ടുന്നില്ല.

13. കൃഷിഭവന്റെ പ്രവർത്തനം അപര്യാപ്തമാണ്.

## സാദ്ധ്യതകൾ

1. നിലവിലുള്ള ജലസേചന സംവിധാനത്തിനു് മാറ്റം വരുത്തുക.

2. തരിശുഭൂമി കൃഷിയോഗ്യമാക്കുകയും അനുയോജ്യമായ സ്ഥലങ്ങളിൽ ഇടവിളകൃഷി ചെയ്യുകയും വേണം.

3. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

4. തെങ്ങുൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള കരകൗശല സംരംഭങ്ങളും, നാളികേര സംസ്കരണ യൂണിറ്റും ആരംഭിക്കുക.

# മൃഗസംരക്ഷണം

കേരളത്തിലെ ഭൂപരിഷ്ക്കരണ കാലഘട്ടമായ 1970-72-നു മുൻപ് പഞ്ചായത്തിലെ സമ്പന്ന ഭവനങ്ങളിൽ മാത്രമായി പശു വളർത്തൽ പരിമിതപ്പെട്ടിരുന്നു. ഇടത്തരം വീടുകളിൽ ആടു വളർത്തലിനായിരുന്നു പ്രാധാന്യം. പാലിൻേറയും വീടുകളിൽ തന്നെ സംസ്കരിച്ചെടുത്ത വെണ്ണ, നെയ്യ്, തൈര്, മോര് എന്നിവയുടേയും നാടൻ വിപണന വിതരണ ശൃംഖല വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു.

മേച്ചിൽ സ്ഥലങ്ങളുടെ ബാഹുല്യവും കാര്യക്ഷമമായി നടത്തിയിരുന്ന നെൽകൃഷിയിൽ നിന്നുള്ള വൈക്കോലും കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിരുന്ന വൈക്കോലും പശു വളർത്തലിന് സഹായകരമായിരുന്നു. തേങ്ങാപിണ്ണാക്ക്, കപ്പലണ്ടിപ്പിണ്ണാക്ക് എന്നിവയുടെ ലഭ്യതയും വിലക്കുറവും, വിസ്തൃതമായുണ്ടായിരുന്ന പറമ്പുകളിലെ (പുരയിടം) തീറ്റപ്പുല്ലും പശു, ആടു വളർത്തൽ ആദായകരമാക്കുവാൻ സഹായിച്ചു. ചന്തകളിൽ നിന്നും കെട്ടുകളായി കൊണ്ടു വന്ന് വിറ്റിരുന്ന പ്ളാവിലയും, പാടശേഖരങ്ങളിലെ ചിറവക്കുകളിൽ വളർന്നിരുന്ന കറുകപ്പുല്ലും ആടുകളുടെ പ്രധാന തീറ്റയിനങ്ങളാ യിരുന്നു.

പശുക്കളേയും ആടുകളേയും 'കാപ്പട' വളർത്തുന്നതിനു കൊടുക്കുന്ന പതിവും ഇക്കാലത്തുണ്ടായിരുന്നു. ഇതനുസരിച്ച് ഉടമകളിൽ നിന്നും വളർത്തുവാൻ എടുക്കുന്ന പശുവും ആടും പ്രസവിച്ചാൽ കുഞ്ഞുങ്ങളിൽ ഒരെണ്ണം വളർത്തുകാരന് സ്വന്തമായി എടുക്കാമായിരുന്നു.

ഭൂപരിഷ്ക്കരണത്തിനു ശേഷം വർദ്ധിച്ചു വന്ന പാർപ്പിട പ്രശ്നം മേച്ചിൽ സ്ഥലങ്ങളും മൈതാനങ്ങളും അപഹരിച്ചെടുത്തതും കൃഷിയുടെ കാര്യക്ഷമതയില്ലായ്മയും കൃഷി ഭൂമികളുടെ തുണ്ടവൽക്കരണവും നെല്ലുല്പാദനത്തിലെന്ന പോലെ വൈക്കോൽ ഉൽപ്പാദനത്തിലും മാന്ദ്യമുണ്ടാക്കി. ലഭിക്കുന്ന വൈക്കോൽ പരമ്പരാഗതമായി (വൈക്കോൽ തുറു) സംരക്ഷിക്കുന്ന രീതിയും തുടർന്നു വരികയാണ്.

കായലുകളും ഇടത്തോടുകളും വിസ്തൃതമായ പാടശേഖരങ്ങളുമുള്ള കുഴുപ്പിള്ളിയിൽ താറാവു കൃഷി പാവപ്പെട്ട വീടുകളിൽ ഒരു വരുമാന മാർഗ്ഗമായിരുന്നു. നാടൻ മുട്ടക്കോഴികളിൽ സമീപ കാലങ്ങളിൽ വ്യാപകമായ രോഗം (കോഴി വസന്ത) പടർന്നു പിടിച്ചത് നാടൻ കോഴി വളർത്തലിന് ഭീഷണിയായിത്തീർന്നു. നിലവിലുള്ള സങ്കരയിനം കോഴികൾ പ്രദേശത്തെ കാലാവസ്ഥയ്ക്ക് ചേർന്നതല്ല.

ഐ. ആർ. ഡി. പി. പശു വളർത്തൽ വ്യാപകമായതോടെ പാലിൻെറ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായെങ്കിലും പാൽ വിപണന സംസ്കരണ മേഖല വികസിപ്പിച്ചെടുക്കുവാനുള്ള സംഘടിത ശ്രമമൊന്നും ഇവിടെയുണ്ടായിട്ടില്ല. ഇവിടത്തെ ക്ഷീരകർഷകർ തൊട്ടടുത്ത പള്ളിപ്പുറം പഞ്ചായത്തിലെ ക്ഷീര വ്യവസായ സംഘത്തെയാണ് ഇപ്പോഴും ആശ്രയിക്കുന്നത്.

കാലിത്തീറ്റയും കോഴിത്തീറ്റയും സ്വകാര്യ മേഖലയിൽ വില്പന നടത്തുന്ന രണ്ടു കടകൾക്കുണ്ടായിരുന്നതിൽ ഒരെണ്ണം മാത്രമാണ് ഇപ്പോൾ വില്പന നടത്തുന്നത്. തീറ്റപ്പുല്ലിൻെറ ദൗർലഭ്യവും കാലിത്തീറ്റയുടെ അമിത വിലവർദ്ധനയും പാൽ വിതരണ സംവിധാനത്തിൻെറ അപര്യാപ്തതയും ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുന്നു.

പശുക്കളിൽ ദഹന സംബന്ധമായ രോഗങ്ങളും , പരാദരോഗങ്ങളുമാണ് കൂടുതലായി കണ്ടുവരുന്നത്. പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങളും, വന്ധ്യതയും പശുക്കളിലാണ് കൂടുതലുള്ളത്. അകിട് വീക്കവും ധാതു ലവണങ്ങളുടെ അഭാവവും ഈ പ്രദേശങ്ങളിലെ പശുക്കളിൽ അധികരിച്ചു കാണുന്നു. ആടുകളിൽ ദഹന സംബന്ധമായ രോഗവും, ത്വക്ക് രോഗവും, പരാദ രോഗങ്ങളും വന്ധ്യതയും താരതമ്യേന കുറവായി കാണുന്നു.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റ സഹായവിലയ്ക്ക് ലഭിക്കുന്നില്ല.
2. ക്ഷീര വിപണനത്തിനും, ശേഖരണത്തിനും സൗകര്യമില്ല.
3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം നിലവിലില്ല.
4. കോഴിത്തീറ്റ സഹായവിലക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്തുവാൻ കഴിയുന്നില്ല.
5. പാലുല്പന്നങ്ങൾക്ക് വിപണന സൗകര്യമില്ല.
6. പശുക്കളുടെ വർദ്ധനവിനനുസരിച്ചുള്ള മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായികൊണ്ടിരിക്കുന്നു.
7. നിലവിലുള്ള സങ്കരയിനം കോഴികൾ പ്രദേശത്തെ കാലാവസ്ഥയ്ക്ക് ചേർന്നതല്ല.
8. വ്യാപകമായ രോഗബാധ നാടൻ മുട്ടക്കോഴി വളർത്തലിനോടുള്ള ആഭിമുഖ്യം കുറക്കുന്നു.
9. സങ്കരയിനം താറാവുകൾ ലഭിക്കുന്നതിനുള്ള സംവിധാനത്തിൻെറ അപര്യാപ്തത.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു മൃഗാശുപത്രി
2. ക്ഷീരസഹകരണസംഘവും കാലിത്തീറ്റ വിപണന കേന്ദ്രവും സ്ഥാപിക്കൽ.
3. തീറ്റപ്പുൽ കൃഷിയുടെ വ്യാപനം.
4. പാലുല്പന്നങ്ങളുടെ നിർമ്മാണവും വിതരണവും.
5. കോഴിവളർത്തലിന് കുടുംബ യൂണിറ്റുകൾ
6. ആടുവളർത്തൽ യൂണിറ്റുകൾ

459

# മത്സ്യബന്ധനം

പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനത്തിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണിത്. ജനസംഖ്യയിൽ പകുതിയിലധികം പേരും ഈ മേഖലയിൽ ജോലിചെയുന്നു.

കുഴുപ്പിള്ളി പഞ്ചായത്തിൽ 2 കി. മീറ്റർ കടലോരവും കിഴക്കുഭാഗത്തു് അത്രതന്നെ കൊച്ചികായലും ഉണ്ട്. ഇടത്തോടുകളുടെ ശൃംഖലയും ഒരുപ്പൂ കൃഷിചെയ്യുന്ന 918 ഏക്കർ പൊക്കാളി പാടശേഖരങ്ങളും ചേർന്നതാണ് പഞ്ചായത്തിലെ മത്സ്യബന്ധന മേഖല.

രണ്ട് വിധത്തിലുള്ള മത്സ്യബന്ധന രീതികളാണ് നിലവിലുള്ളത്. കായലുകളിലും കടലിലും ഇടത്തോടുകളിലും നടത്തുന്ന പരമ്പരാഗത മത്സ്യബന്ധനവും വൃശ്ചികം 1 മുതൽ മീനം 30 വരെയുള്ള 5 മാസക്കാലയളവിൽ പൊക്കാളി പാടശേഖരങ്ങളിൽ നടത്തുന്ന ചെമ്മീൻകൃഷിയും.

പരമ്പരാഗതമായി മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നതു് വീശുവല , ഒഴുക്കുവല, കോരുവല, ചീനവല എന്നിവയാണ്.

അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു സമ്പ്രദായമാണ് ''പായിക്കൽ'' (രണ്ടു വഞ്ചികൾ ചരിച്ച് ചങ്ങല ഉപയോഗിച്ചു് ചെമ്മീൻ പിടിക്കുന്ന രീതി).

കടലിലെ മത്സ്യബന്ധനത്തിന് യമഹ എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിക്കുന്നു. യന്ത്രവൽകൃത ബോട്ടുകളിൽ പണിയെടുക്കുന്ന അപൂർവ്വം മത്സ്യത്തൊഴിലാളികളും പഞ്ചായത്തിലുണ്ട്.

പരമ്പരാഗത മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന ചെമ്മീൻ ഇടത്തട്ടുകാർ മുഖേന സംസ്ക്കരണ കേന്ദ്രങ്ങളിൽ എത്തുന്നു. മറ്റ് മത്സ്യങ്ങൾ പൊതുമാർക്കറ്റിലൂടെ വിറ്റഴിക്കപ്പെടുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന ജീവിത നിലവാരത്തിൽ ഗുണപരമായ മാറ്റം വന്നിട്ടില്ല.

പൊക്കാളി പാടശേഖരങ്ങളിൽ വ്യവസായികാടിസ്ഥാനത്തിലുള്ള ചെമ്മീൻകൃഷി സമ്പ്രദായം ശാസ്ത്രീയമായ രീതിയിലല്ല നടക്കുന്നതു്. മുൻ വർഷങ്ങളെ അപേക്ഷിച്ചു് ഉല്പാദനം കുറഞ്ഞു വരുന്നു. കടലിൽ നിന്നും കായലിലൂടെ വേലിയേറ്റത്തോടൊപ്പം വരുന്ന ചെമ്മീൻ കുഞ്ഞുങ്ങളെയാണ് വിത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. സാഹചര്യങ്ങളിൽ വന്നിട്ടുള്ള പ്രതിബന്ധങ്ങൾ മത്സ്യകുഞ്ഞുങ്ങളുടെ കൃത്യമായ ലഭ്യത ഉറപ്പു വരുത്തു ന്നില്ല. മത്സ്യക്കുഞ്ഞുങ്ങൾക്കു് ശാസ്ത്രീയമായ ആഹാരരീതി നടപ്പിലാക്കാത്തതിനാൽ ചെമ്മീൻ ശരിയായ വളർച്ച പ്രാപിക്കുന്നില്ല. നിലവിലുള്ള വിളവെടുപ്പ് രീതി ശാസ്ത്രീയമല്ല. ചെമ്മീൻ കെട്ടിന്റെ കാലാവധി അവസാനിക്കുന്ന ദിവസങ്ങളിൽ ഉടമ പരമ്പരാഗതമായ രീതിയിൽ പിടിച്ചതിനുശേഷം അവശേഷിക്കുന്ന മത്സ്യങ്ങളെ തൊഴിലാളികൾക്ക് ''കെട്ട് കലക്കി'' പിടിക്കാമായിരുന്നു. ചാകര കൊയ്ത്തു പോലെ നടന്നിരുന്ന ഈ പ്രക്രിയയിൽ സാമാന്യം നല്ല വരുമാനവും തൊഴിലാളികൾക്ക് കിട്ടുമായിരുന്നു. കാലാവധിക്കു മുൻപ് കൈയ്യേറി മത്സ്യം പിടിക്കുന്നു എന്നുള്ള ന്യായവാദത്തിൽ ആരംഭിച്ച വിഷം കലക്കൽ താരതമ്യേന കയ്യേറ്റം കുറഞ്ഞ ഇക്കാലത്ത് വ്യാപകമായി നടക്കുന്നു. എക്കാലക്സ്, ഡി. ഡി. ടി., മണ്ണെണ്ണ എന്നിവ നിശ് ചിത അളവിൽ കെട്ടിൽ കലക്കുമ്പോൾ അർദ്ധപ്രാണനാകുന്ന മത്സ്യങ്ങൾ ഒന്നടങ്കം ഒഴുക്കിനൊപ്പം തൂമ്പിൽ കെട്ടിയ വലയിൽ ചെന്നു ചേരും. മത്സ്യത്തിന്റെ വംശനാശത്തിന് ഇത് കാരണമാ കുന്നു. വിഷാംശം നിലനിൽക്കുന്നതിനാൽ മത്സ്യ പ്രജനനത്തേയും നെൽകൃഷിയേയും ഇത് ദോഷകരമായി ബാധിക്കുന്നു.

കടലിൽ നടക്കുന്ന അനിയന്ത്രിതമായ ട്രോളിംഗ് മൂലം പരമ്പരാഗത മത്സ്യതൊഴിലാളികളുടെ മത്സ്യ ലഭ്യതയ്ക്ക് കുറവ് വന്നിട്ടുണ്ട്. മത്സ്യത്തിന്റെ പ്രജനന കാലമായ ജൂൺ ജൂലൈ മാസങ്ങളിൽ തീരത്തോടടു ത്തുപോലും നടക്കുന്ന ട്രോളിംഗ് വംശനാശത്തിനു തന്നെ കാരണമാക്കിയിട്ടുണ്ട്. പുത്തൻ പാടശേഖരത്തിലെ നെൽകൃഷിക്കു വേണ്ടി പ്രധാന തോടുകൾ അടച്ചുകെട്ടി വെള്ളം വറ്റിക്കുന്നതിനാൽ മത്സ്യത്തിന്റെ ലഭ്യതയും വിസ്തൃതമായ ഈ പ്രദേശത്തെ ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്ന തൊഴിലാളികളുടെ തൊഴിലവസരം കുറക്കുന്നതിനും കാരണമാക്കി.

ഇതൊക്കെയാണെങ്കിലും ചെമ്മീൻ വ്യവസായം ഇവിടെ പിടിച്ചുനില്ക്കുന്നത് അന്താരാഷ്ട്ര മാർക്കറ്റിൽ ചെമ്മീനിന്റെ വിലയിൽ വന്നിട്ടുള്ള വർദ്ധനവാണ്.

സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ADAK പോലുള്ള ഏജൻസികൾ മുഖേന ശാസ്ത്രീയമായ കൃഷി രീതികൾ വ്യാപകമാക്കിയാൽ ഈ രംഗത്ത് വൻനേട്ടമുണ്ടാക്കാൻ കഴിയും.

ചെമ്മീൻ കൃഷി പോലെ ഞണ്ട് വളർത്തൽ വ്യാപിപ്പിക്കുവാനും ശ്രമങ്ങൾ നടത്തേണ്ടതാണ്. പഞ്ചായത്തിൽ 5 ഞണ്ട് വളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. മത്സ്യ വിപണനത്തിനു വേണ്ടി പഞ്ചായത്തു് അധീനതയിലുള്ള മിനി മാർക്കറ്റ് കൂടാതെ അയ്യമ്പിള്ളി ആശുപത്രിപടി, ചെറുവൈപ്പ് എന്നിവിടങ്ങളിലും മത്സ്യ വിപണനം നടക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 19 പീലിംഗ് ഷെഡ്ഡുകൾ പ്രവർത്തിക്കുന്നു. ഏകദേശം ആയിരത്തോളം സ്ത്രീ തൊഴിലാളികളും നൂറോളം പുരുഷൻമാരും ഈ

മേഖലയിൽ പണിയെടുക്കുന്നു. മത്സ്യ സംസ്ക്കരണ മേഖലയിലെ വൻകിട കമ്പിനിയായ ചോയ്സ് ഗ്രൂപ്പിൻെറ ഒരു കളക്ഷൻ ഡിപ്പോ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

15 മുതൽ 25 വരെ അംഗങ്ങളുളള ഒരു മത്സ്യ തൊഴിലാളി ഗ്രൂപ്പിനു് വളളം, വല, എഞ്ചിൻ മുതലായ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനു് പരമാവധി 4 ലക്ഷം രൂപയും 5 പേരട ങ്ങുന്ന ഗ്രൂപ്പിനു് 1.50 ലക്ഷം രൂപയും 2 പേരടങ്ങുന്ന ഗ്രൂപ്പിനു് ചെറുവഞ്ചിയും വലയും വാങ്ങുവാൻ 15,000 രൂപയും വായ്പ ലഭിക്കുന്നു. മൂന്നു വർ ഷത്തെ കാലാവധിക്കുളളിൽ വായ്പ തിരിച്ച ടക്കുന്ന ഗ്രൂപ്പുകൾക്കു് 25% വായ്പാ സബ്സിഡി നൽകുന്നു . പലിശ നിരക്കു് 14.25%.

ഭവനരഹിതരായ മത്സ്യ തൊഴിലാളികൾക്കു് വീട് നിർമ്മിക്കുന്നതിനു് 21,500 രൂപയും (9000 സബ്സിഡി) കക്കൂസ് നിർമ്മിക്കുന്നതിനു് 2000 രൂപയും (750 രൂപ സബ്സിഡി) 9.5 % പലിശ നിരക്കിൽ 10 വർഷത്തെ കാലാവധിയിൽ നൽകി വരുന്നു. കൂടാതെ വീടു് റിപ്പയർ, തഴപ്പായ നിർമ്മാണം, ഓട്ടോറിക്ഷ, മിനിലോറി, കോൾഡ് സ്റ്റോറേജ് വായ്പകളും മത്സ്യഫെഡു് നൽകി വരുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മത്സ്യ ഉല്പാദനം കുറഞ്ഞുവരുന്നു.
2. പ്രദേശത്തിൻെറ പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ചുളള ശാസ്ത്രീയ മത്സ്യ ഉത്പാദന രീതികൾ നിലവിലില്ല.
3. തോടടച്ചു് കെട്ടുന്നതു് ദോഷം ചെയ്യുന്നു.
4. വിഷംകലക്കൽ മത്സ്യ സമ്പത്തിൻെറ നാശത്തിനും തൊഴിലാളികളുടെ ആരോഗ്യത്തിനും ദോഷകരമായിത്തീരുന്നു.
5. പീലിംഗ് ഷെഡ്ഡിൽ ശാസ്ത്രീയ രീതികൾ ഒന്നും പ്രയോഗത്തിൽ വരുത്തുന്നില്ല.
6. ചെമ്മീൻ കമ്പനികളിലെ അവശിഷ്ടങ്ങൾ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു.
7. പീലിംഗ് രംഗത്തു് പണിയെടുക്കുന്ന തൊഴിലാളികൾക്കു് ക്ഷേമ പദ്ധതികളില്ല.
8. പീലിംഗ് രംഗത്തു് കൂലി ഏകീകരണം ഇല്ല.
9. ലഭ്യതയുടെ ആനുപാതികമായി തൊഴിലാളികളെ പീലിംഗിനു കിട്ടുന്നില്ല.
10. വിദേശ-സ്വദേശ ട്രോളറുകളുടെ അനിയന്ത്രിതമായ മത്സ്യബന്ധനം.

## സാദ്ധ്യതകൾ

1. അക്വാഹാച്ചറി സ്ഥാപിക്കണം.
2. ചെമ്മീൻ കെട്ടുകളിൽ ശാസ്ത്രീയ കൃഷി രീതിയുടെ വ്യാപനം.
3. ചെമ്മീൻ അവശിഷ്ട വള നിർമ്മാണം.
4. ഫലപ്രദവും ചെലവു് കുറഞ്ഞതുമായ മലിനീകരണ നിയന്ത്രണ സംവിധാനം.

# ദ്വിതീയ മേഖല

# വ്യവസായം

ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ വൻ വ്യവസായ സംരഭങ്ങൾ പ്രായേണ കുറവാണ്. ചെറുകിട വ്യവസായങ്ങളായ കയർ, മത്സ്യ സംസ്കരണം ചെറുകിട കച്ചവട സ്ഥാപനങ്ങൾ, ഓട്ടോ മൊബൈൽ വർക്കുഷോപ്പുകൾ, ഫ്ളവർമില്ലുകൾ, ഫർണീച്ചർ നിർമാണം എന്നിവയാണുളളത്. ഇവയുടെ പട്ടിക താഴെ കൊടുക്കുന്നു.

| | |
|---|---|
| ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് | 6 |
| കടച്ചിൽ യൂണിററ് | 2 |
| ഫ്ളവർ മില്ല് | 7 |
| ഫർണീച്ചർ നിർമാണം | 2 |
| ഐസ് പ്ളാൻറ് | 1 |
| പീലിംഗ് ഷെഡ്സ് | 19 |
| വ്യവസായ സഹകരണസംഘം | 3 |
| വ്യപാര സ്ഥാപനങ്ങൾ | 176 |

ഈ മേഖലകളിൽ ഒട്ടാകെയായി 1250 തൊഴിലാളികൾ പണിയെടുക്കുന്നു. ഓട്ടോമൊബൈൽ റിപ്പയറിംഗ് രംഗത്ത് സാധ്യതകൾ ഉണ്ടെങ്കിലും വിദഗ്ദ്ധ തൊഴിൽ പരിശീലനത്തിൻെറ അപര്യാപ്തതയും പരിശീലനം സിദ്ധിച്ചവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുളള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമല്ലാത്തതു കാരണം വേണ്ടത്ര പുരോഗതി കൈവരിക്കാനാവുന്നില്ല.

ഫ്ളവർമില്ലുകളിൽ 2 യൂണിററൊഴികെ മററുളളതെല്ലാം ഉപഭോക്താക്കൾ കൊണ്ടുവരുന്ന ധാന്യങ്ങളെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്നു. ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ സംസ്ക്കരിച്ച് വിപണനം നടത്തുവാനുളള ശ്രമങ്ങൾ നടത്തുന്നില്ല. വ്യാപാര സ്ഥാപനങ്ങളിലൂടെ (സഹകരണ സ്റേറാറുകൾ ഉൾപ്പെടെ) സമീപ പ്രദേശങ്ങളിൽ നിന്നും സംസ്ക്കരിച്ചെത്തിക്കുന്ന ഉൽപന്നങ്ങൾ ധാരാളമായി വിററഴിക്കപ്പെടുന്നുണ്ട്.

വികസിച്ചുവരുന്ന മുനമ്പം ഫിഷിംഗ് ഹാർബറിനടുത്തു കിടക്കുന്ന പഞ്ചായത്തെന്നുളള നിലയിൽ ഐസ് പ്ളാൻറിനുളള സാദ്ധ്യതകൾ ഇനിയുമുണ്ട്. പഞ്ചായത്തിലെ കൈത്തറി തൊഴിലാളികൾ പളളിപ്പുറം പഞ്ചായത്തിലെ സഹകരണ സംഘത്തെയാണ് ആശ്രയിക്കുന്നത്. ഖാദി ഗ്രമ വ്യവസായ ബോർഡിൻെറ കീഴിൽ ചെറുവൈപ്പിൽ പ്രവർത്തിച്ചിരുന്ന പ്രിയദർശിനി ഖാദി ഇൻഡസ്ട്രിയൽ സഹകരണസംഘം കെടുകാര്യസ്ഥതയിൽ തകർന്നു കിടക്കുകയാണ്.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ചുരുങ്ങിയ കാലത്തിനിടക്ക് വളർച്ച പ്രാപിച്ച മേഖലയാണ്.

ഗ്രാമ സഭാ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ കറിപൗഡർ, ചിപ്സ്, നോട്ടുബുക്ക്, പേപ്പർ കവർ, ചെമ്മീൻ സംസ്കരണം, അച്ചാർ, പഴച്ചാറുകൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പ്, ഫർണീച്ചർ, പാൽ ഉൽപ്പന്ന ങ്ങൾ, യന്ത്രവൽകൃത കയറുൽപന്നം പച്ചത്തൊണ്ടിൽ നിന്നുളള ചകിരി ഉൽപാദനം കുട നിർമ്മാണം പ്ളാസ്ററിക് ഉൽപന്ന നിർമ്മാണം മെഴുകുതിരി, തീപ്പെട്ടി, ചിരട്ട ഉപയോഗിച്ചുളള കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ഏർപ്പെടുന്നതിന് കഴിവും സന്നദ്ധതയുമുളള വേണ്ടത്രയാളുകൾ ഇവിടെയുണ്ടെന്നു കാണാം. മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾക്കെല്ലാം പ്രാദേശികമായി മാർക്കററ് കണ്ടെത്തുന്നതിനും പ്രയാസമുണ്ടാവില്ല.

സാങ്കേതികമായ അറിവിൻെറ അപര്യാപ്തതയും സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സഹായം കിട്ടുന്നതിനും അനുബന്ധ സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുളള വൈതരണികൾ ചെറുകിട-കുടിൽ വ്യവസായങ്ങളുടെ വളർച്ചക്കു് തടസമാകുന്നു.

## പ്രശ്നങ്ങൾ

1. സ്ഥല സൗകര്യം ഇല്ല.

2. സാങ്കേതിക സഹായത്തിൻെറ അപര്യാപ്തത.

3. കറണ്ട് , വെളളം, വൈദ്യുതി തുടങ്ങിയ പാശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുളള തടസ്സം.

4. സാമ്പത്തിക സഹായം ലഭിക്കുന്നതിനുളള വൈതരണികൾ.

5 വനിതകൾക്കു് തെഴിലവസരം കുറവ്.

## സാദ്ധ്യതകൾ

1. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. വ്യവസായ സംരംഭകർക്കു് പരിശീലനം.

3. 'ചെമ്മീത്തല' ഉപയോഗപ്പെടുത്തിയുളള ജൈവ വള നിർമ്മാണം.

4. വ്യവസായ വികസനത്തിന് മാസ്റ്റർ പ്ളാൻ.

5. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ.

# ഊർജ്ജം

കാർഷിക ഭൂപരിഷ്കരണത്തിനു് മുൻപ് വരെ കുടികിടപ്പുഭൂമികളിലെ അർദ്ധ പട്ടിണിക്കാർ താമസിച്ചിരുന്ന കുടിലുകൾക്കും വീടുകൾക്കും മറ്റു സമ്പന്ന ഗൃഹങ്ങൾക്കും ആവശ്യമായ ഗാർഹിക ഇന്ധന ലഭ്യത ഉറപ്പുവരുത്തുവാൻ വിശാലമായ തെങ്ങിൻ പുരയിടങ്ങളിൽ നിന്നും ലഭിച്ചിരുന്ന വിറകുകൾ മതിയാകുമായിരുന്നു.

വർദ്ധിച്ചുവന്ന ജനപ്പെരുപ്പവും കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയോടൊപ്പമുള്ള ഭൂപരിഷ്കരണവും ധൃതഗതിയിലുള്ള ഭവനനിർമ്മാണത്തിന് ആക്കംകൂട്ടിയെങ്കിലും ആനുപാതികമായി ഗാർഹിക ഇന്ധന ലഭ്യത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞില്ല. പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന തെങ്ങിൽ നിന്നുള്ള വിറകുകൾ ഗണ്യമായി കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ പുരയിടങ്ങളുടെ വിസ്തൃതിയിൽ വന്ന പ്രകടമായ കുറവും തെങ്ങുകൾക്കുണ്ടായ രോഗബാധയുമാണ്.

പഞ്ചായത്തിലെ സമ്പന്ന ഭവനങ്ങളിലെ സ്ത്രീകൾ, സ്വന്തം പുരയിടത്തിൽനിന്നും ലഭിക്കുന്ന ഓല, മടൽ, ചിരട്ട, പൊതുമ്പ് തുടങ്ങിയവ ഉണക്കി ശേഖരിച്ച് വിൽക്കുന്ന പതിവ് അടുത്ത കാലംവരെ നിലവിലുണ്ടായിരുന്നു. പുതിയ തലമുറയുടെ താല്പര്യക്കുറവു് ഈ സംവിധാനം നിലക്കുവാൻ കാരണമാക്കി.

പശു വളർത്തൽ തൊഴിലാക്കിയിരുന്ന കുടുംബങ്ങളിൽ ചാണകവും ഉമിയും ഉപയോഗിച്ചുള്ള 'വരടി' നിർമ്മാണം നടന്നിരുന്നെങ്കിലും ഇതും നാമമാത്രമായി ചുരുങ്ങിയതു് പശുവളർത്തൽ വ്യാപകമായ ഈ കാലഘട്ടത്തിൽ ശ്രദ്ധയർഹിക്കുന്നു.

പരമ്പരാഗതമായ അടുപ്പുകളുടെ വിവിധ മോഡലുകളുണ്ടെങ്കിലും കൂടുതൽ ദക്ഷതയില്ല. ദക്ഷതകൂടിയ അടുപ്പുകളുടെ വ്യാപനം വ്യാപകമാക്കിയിട്ടില്ല. ശാസ്ത്രസാഹിത്യ പരിഷത്തു് 113 അടുപ്പുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

പാചകവാതകം പഞ്ചായത്തിൽ ലഭ്യമാകാൻ തുടങ്ങിയതു് 1986-ലാണ്. 600 കുടുംബങ്ങൾ ഇപ്പോൾ പാചക വാതകം ഉപയോഗിക്കുന്നു. ഇന്ധന ദൗർലഭ്യം പരിഹരിക്കുന്നതിനു് മണ്ണെണ്ണ ഉപയോഗിക്കുന്ന കുടുംബങ്ങളും വലിയൊരളവിലുണ്ട്. പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന' വൈപ്പിൻ ഗ്യാസ് ഏജൻസിയാണ് കുഴുപ്പിള്ളിക്കും സമീപ പഞ്ചായത്തുകൾക്കും പാചകവാതകം വിതരണം ചെയ്യുന്നതു്.

ആകെയുള്ള 3253 ഭവനങ്ങളിൽ 2100 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. വ്യാപാരാവശ്യങ്ങൾക്കു് 520-ഉം വ്യാവസായികാവശ്യത്തിനു് 25-ഉം കാർഷികാവശ്യങ്ങൾക്കു് 63-ഉം ഉപഭോക്താക്കളുണ്ട്. പഞ്ചായത്തിനുള്ള വൈദ്യുതി ഞാറക്കൽ സബ് സ്റ്റേഷനിൽനിന്നും ലഭിക്കുന്നു.

വഴിവിളക്കുകൾക്കുവേണ്ടി 60 ട്യൂബുകളും 283 ബൾബുകളും നിലവിലുണ്ട്. പ്രതിമാസം 4843 രൂപ ഈ ഇനത്തിൽ പഞ്ചായത്തിനു് ചെലവാകുന്നു. ബഹുഭൂരിപക്ഷം കുടുംബങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും ഓരോ വാർഡിലും ചില 'ഒറ്റപ്പെട്ട' സ്ഥലങ്ങളിലേക്കു് ഇനിയും വൈദ്യുതി എത്തേണ്ടിയിരിക്കുന്നു. അതാത് പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മക്കുറവും സ്ഥലമുടമകളിൽനിന്നും 'കൺസൻറ്' വാങ്ങുന്നതിനുള്ള കാലതാമസവുമാണ് മുഖ്യ കാരണം.

പഞ്ചായത്തിലെ ഒന്നും, രണ്ടും വാർഡുകളിലും ഏഴാം വാർഡിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി L.T. ട്രാൻസ്ഫോർമറുകൾ 12 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം പലതിൻേറയും പ്രവർത്തനക്ഷമത കുറഞ്ഞിരിക്കുന്നു. പ്രേഷണ വിതരണസംവിധാനങ്ങളുടെ അടിക്കടിയുള്ള തകരാറും, ദൈർഘ്യമുള്ള വിതരണ ലൈനുകളും വൈദ്യുതി നഷ്ടത്തിനു് വഴിയൊരുക്കുന്നു.

നിലവിലുള്ള വൈദ്യുത പോസ്റ്റുകളിലെല്ലാം വഴിവിളക്കുകൾ സ്ഥാപിക്കുകയും അവയുടെ സംരക്ഷണം പ്രാദേശിക സമിതികളിലൂടെ ഉറപ്പു വരുത്തുകയും ചെയ്താൽ കൂടുതൽ കാര്യക്ഷമമാകും.

ഗ്രൂപ്പു് തല കന്നുകാലിവളർത്തലിലൂടെ ബയോഗ്യാസ് അടുപ്പുകളും,വിളക്കുകളും വെള്ളം പമ്പുചെയ്യുന്നതിനുള്ള ഘർഷണരഹിത ഫുട് വാൽവുകൾ ഉപയോഗപ്പെടുത്തൽ, ട്യൂബുലൈറ്റുകളിൽ ഇലക്ട്രോണിക്കു് ചോക്കുകൾ ഘടിപ്പിക്കൽ എന്നിവയ്ക്കുപുറമേ സോളാർ വിളക്കുകളും കോമ്പാക്റ്റ് ഫ്ളൂറസൻറ് ലാമ്പുകളും (നിലവിലുള്ള ബൾബുകൾക്കു പകരം) വ്യാപാകമാക്കുന്നതിലൂടെ വലിയൊരളവിൽ വൈദ്യുതി ലാഭമുണ്ടാക്കാൻ കഴിയുകയും ചെയ്യും.

## പ്രശ്നങ്ങൾ

1. വോൾട്ടത കുറഞ്ഞ തുടരെതുടരെയുള്ള അപ്രഖ്യാപിത പവർകട്ടുകൾ
2. വോൾട്ടതാ പ്രശ്നങ്ങൾ (ഏറ്റക്കുറച്ചിലുകൾ)
3. വിറക് ആവശ്യത്തിന് കിട്ടുന്നില്ല.
4. ജീവനക്കാരുടെ സേവനം തൃപ്തികരമല്ല.

## സാദ്ധ്യതകൾ

1. ദക്ഷതകൂടിയ പരിഷത് അടപ്പുകളുടെ വ്യാപനം
2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷതകൂടിയ ഉപകരണങ്ങളുടെ പ്രചരണം.
3. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റുന്നതിനുള്ള സന്നദ്ധ പ്രവർത്തനം
4. ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങളുടെ പ്രചരണം
5. കാറ്റ്, സൗരോർജ്ജം എന്നിവ മുഖേന പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കൽ
6. പഞ്ചായത്തു തല ' സമഗ്ര ഊർജ്ജാസൂത്രണം'.

## ഗതാഗതം

കായലുകളും തോടുകളും കൂടിചേർന്നു കിടക്കുന്ന ഈ പ്രദേശത്ത് ജലഗതാഗതമാണ് നിലനിന്നിരുന്നതു്. ആദ്യകാല ജനവാസകേന്ദ്ര ങ്ങളും കച്ചവട-വ്യവസായ കേന്ദ്രങ്ങളും പരിശോധി ച്ചാൽ ഇക്കാര്യം ബോധ്യപ്പെടുന്നതാണ്. 1960-ക ളിൽ രണ്ടു ഡസനിലധികം ബോട്ടുകൾ കുഴുപ്പി ള്ളിയെ ബന്ധപ്പെടുത്തി സർവ്വീസ് നടത്തിയി രുന്നു. 1950-കളോടെയുള്ള ബസു്സർവ്വീ സിൻെറ ആവിർഭാവം ജലമാർഗ്ഗത്തെ അവഗണിക്കുന്ന തിന് പ്രേരകമായി. യാത്രാമാർഗ്ഗ ത്തിൽ മാത്രമല്ല ചരക്കുഗതാഗതത്തിലും സമൂലമായ മാറ്റം വന്നു. ഉപഭോഗസാധനങ്ങൾ പുറമേനിന്നും എത്തി ക്കേണ്ട ഈ പ്രദേശത്തു ഈ വർദ്ധന മറ്റൊരു ഭാരം കൂടി കയറ്റിവെക്കാനിടയാക്കി. ജീവിത സാഹചര്യ ങ്ങളിലും രീതികളിലും സമൂല മായി വന്ന ഈ മാറ്റി തീർക്കൽ ഉൽപാദന രംഗത്തു് മുടക്കേണ്ട മൂലധന ത്തിൻെറ സിംഹഭാഗത്തേയും വഴിതിരിച്ചു വിട്ടു കൊണ്ടിരിക്കുന്നു.

പൊതുമരാമത്തു വകുപ്പിൻെറ കീഴിലുള്ള വൈപ്പിൻ-മുനമ്പം റോഡിൻെറ രണ്ട് കിലോ മീറ്ററോളമുള്ള ഭാഗം കുഴുപ്പിള്ളി പഞ്ചായത്തിൽ കൂടിയാണ് കടന്നു പോകുന്നതു്. അതുകൊണ്ടു തന്നെ പുറം ലോകവുമായി ബന്ധപ്പെടുവാനുള്ള റോഡ് ഗതാഗത സംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്.

വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ഓവുചാലുക ളുടെ അപര്യാപ്തതയും, പൂർത്തിയായ ഓവുചാലു കളിൽ നിന്നും വെള്ളം ഒഴുകി പോകുവാനുള്ള സംവിധാനമില്ലായ്മയും റോഡിൻെറ വീതികു റവും, വർഷക്കാലത്തു് റോഡിനിരുവശത്തുകൂടി യുള്ള കാൽനടയാത്ര സുഗമമല്ല.

വാട്ടർ അതോറിറ്റി, പി. ആൻറ്. ടി. തുടങ്ങിയ ഡിപ്പാർട്ടുമെൻറുകളുടെ പണികൾ സംയോജി പ്പിക്കാത്തതുമൂലം റോഡിന് തുടർച്ചയായ അറ്റ കുറ്റപണികൾ നടത്തേണ്ടിവരുന്നു.

പഞ്ചായത്തിൻെറ കീഴിലുള്ള 15.477 K. M. റോഡിൽ 5. 411 K. M. ടാർചെയ്യുകയും 0.720 K. M. റോഡ്മെറ്റൽചെയ്യുകയും, 7.389 K. M. ഗ്രാവൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1.957K. M. റോഡ് മണ്ണിട്ടതാണ്. ഓരോ വാർഡിലേയും റോഡുകളുടെ വിശദ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ വാർഡുകളിലെ ഗതാഗതം ജനജീവിതത്തിൽ വന്ന മാറ്റത്തിനനുസരിച്ച് വികസിച്ചിട്ടില്ല. ഓരോ വാർഡിലേയും ജനസാന്ദ്ര തയുള്ള പ്രദേശങ്ങളിലും കോളനികളിലും റോഡ്, വഴി ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്. വാർഡുകളിലെ ഉൾഭാഗങ്ങളിൽ ജനങ്ങൾ തിങ്ങി പ്പാർക്കുന്ന പ്രദേശങ്ങളിലെല്ലാം വാഹനങ്ങൾ എത്തിച്ചേരുന്ന വിധത്തിലുള്ള ഗതാഗത സംവി ധാനം ഉണ്ടായിട്ടില്ല.

കുഴുപ്പിള്ളി പഞ്ചായത്തിൽ ഗതാഗത സൗക ര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത് 5-ാം വാർഡാണ്. മെയിൻ റോഡുമായി യാതൊരു ബന്ധ വുമില്ലാതെ ഒറ്റപ്പെട്ടു കിടക്കുന്നതിനാൽ ഈ വാർ ഡിലെ മറ്റു് വികസന പ്രവർത്തനങ്ങളും മുരടിച്ചു നിൽക്കുന്നു. കുറ്റിക്കാട് ലൈൻ റോഡിൻെറ നിർ മ്മാണത്തിലൂടെ മാത്രമേ ഈ വാർഡിൻെറ വിക സനം സാധിക്കുകയുള്ളൂ.

പഞ്ചായത്തിൻെറ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിലുള്ള വാർഡുകളെ തമ്മിൽതമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് രണ്ടു സമാന്തര റോഡുകളും അതിനാവശ്യമായ പാലങ്ങളും സംവിധാനം ചെയ് താൽ വാഹന ഗതാഗത മേഖല പഞ്ചായത്തിൽ മെച്ചപ്പെടുത്താനാകും.

ഗതിമുട്ടി നിൽക്കുന്ന തീരദേശറോഡിൻെറ നിർമ്മാണം പൂർത്തീകരിച്ച് കടപ്പുറം ഭാഗത്തേ ക്കുള്ള പള്ളത്താംകുളങ്ങര ബീച്ച് റോഡിൻെറ പണി പൂർത്തീകരിക്കുകയും പുതിയ ബീച്ച് റോഡി ന് രൂപരേഖ തയ്യാറാക്കുകയും വേണം.

പഞ്ചായത്തിലെ റോഡുകളുടെ വികസന ത്തിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഫ്രീ സറണ്ടറുകൾ ലഭ്യമാക്കേണ്ട താണ്.

ജല ഗതാഗതവുമായി അഭേദ്യമായ ബന്ധം കുഴുപ്പിള്ളി പഞ്ചായത്തിന് ഒരു ദശാബ്ദം മുമ്പ് വരെയുണ്ടായിരുന്നു. വൈപ്പിൻ കരയിൽ വാഹന ഗതാഗതം വിപുലമാകുന്നതിനു മുമ്പു വരെ ഗതാ ഗതത്തിന് ജലമാർഗ്ഗമാണ് ഉപയോഗിച്ചിരുന്നത്. വാണിജ്യപരമായ ആവശ്യങ്ങൾക്ക് കെട്ടുവള്ള ങ്ങളും ഉപയോഗിച്ചിരുന്നു. റോഡ് ഗതാഗത സൗക ര്യങ്ങൾ വിപുലപ്പെട്ടതോടെ ജലഗതാഗത മാർഗ്ഗ ങ്ങൾ അപ്രത്യക്ഷമായി. രണ്ടു ബോട്ടു ജെട്ടികൾ ഉണ്ടായിരുന്നത് നാമാവശേഷമായി കൊണ്ടിരി ക്കുന്നു.

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 1

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | പളത്താംക്കുളങ്ങര ബീച്ചു് റോഡു് | 1.518 | 0.480 | | | 1.918 | 6 |
| 2. | ജനകീയ റോഡു് | | | 0.400 | | 0.400 | 2.5 |
| 3. | ബാലകൃഷ്ണ ടെമ്പിൾ റോഡു് | 0.343 | 0.167 | | | 0.510 | 4 |
| 4. | ജനശക്തി റോഡു് | | | 0.110 | | 0.110 | 3 |
| 5. | നെഹറു മെമ്മോ റിയൽ റോഡു് | | | | 0.500 | 0.500 | 3 |

നീളം- കിലോമീറ്റർ

വീതി- മീറ്റർ

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 2

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1. | സന്ദലാൻ മാസ്റ്റർ റോഡു് | 0.430 | | | | 0.430 | 3 |
| 2. | സന്ദാലൻ മാസ്റ്റർ റോഡിൽ നിന്നും വടക്കോട്ട് പോകുന്ന വഴി | | | 0.120 | | 0.120 | 2.5 |
| 3. | നടേശൻെറ വീടിനു സമീപമുള്ള റോഡു് | | | 0.180 | | 0.180 | 2 |
| 4. | തുണ്ടിയിൽ നാരായ ണന് സമീപമുള്ള റോഡു് | | | | 0.056 | 0.056 | 1.60 |
| 5. | ജനഹിത റോഡു് | | | 0.585 | | 0.585 | 3 |
| 6. | ജനഹിത റോഡിൽനിന്നും ബാലൻ അയ്യമ്പിള്ളിയുടെ വീടിനടുത്തുനിന്നു വടക്കോട്ടു പോകുന്ന റോഡു് | | | | 0.100 | 0.100 | 3 |

നീളം- കിലോമീറ്റർ

വീതി- മീറ്റർ

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 3

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | ശിവക്ഷേത്രത്തിനു പടിഞ്ഞാറു വശത്തുള്ള റോഡു് | 0.340 | | | | 0.340 | 3 |
| 2. | വർക്കേഴ്സ് റോഡു് | | | 0.300 | | 0.300 | 3 |
| 3. | സഹകരണ റോഡു് | | | 0.220 | | 0.220 | 3 |
| 4. | അംബേദ്കർ കോളനി റോഡു് | 0.280 | | 0.130 | | 0.410 | 4 |

നീളം- കിലോമീറ്റർ

വീതി- മീറ്റർ

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 4

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | കെ. സി. എബ്രഹാം റോഡു് | | | 0.264 | | 0.264 | 3 |
| 2. | സെൻറ് ജോൺസ് ലൈൻ | 0.520 | | | | 0.520 | 3 |
| 3. | മനപ്പിള്ളി ന്യൂ റോഡു് | | | 0.135 | | 0.135 | 3 |
| 4. | ഓർത്ത് ഡോക്സ് ചർച്ചു് റോഡു് | | | 0.090 | | 0.090 | 3 |
| 6. | ശിവദാസൻെറ വീടിനു സമീപമുള്ള റോഡു് | | | 0.045 | | 0.045 | 3 |
| 6. | OLHSഹൗസു് സൈറ്റ് റോഡു് | | | 0.150 | | 0.150 | 2 |
| 7. | എം. കെ. എബ്രഹാം റോഡു് | 0.135 | | | | 0.135 | 3 |
| 8. | മനപ്പിള്ളി റോഡിൽ നിന്നും വടക്കോട്ടു പോകുന്ന റോഡു് | | | 0.063 | | 0.063 | 1 |
| 9. | കുഞ്ഞമ്മ എബ്രഹാം റോഡു് | | 0.240 | | 0.110 | 0.350 | 3 |
| 10. | മനപ്പള്ളി LPS ലൈൻ | | | | 0.350 | 0.350 | 2.5 |
| 11. | സെൻറ് ജോൺസു് റോഡിൽ നിന്നും ശിവക്ഷേത്രത്തി ലേക്കുള്ള വഴി | | | | 0.063 | 0.063 | 2.7 |

നീളം- കിലോമീറ്റർ

വീതി- മീറ്റർ

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 5

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | കുറ്റിക്കാട്ടു് ലൈൻ | | | 0.180 | | 0.180 | 3 |
| 2. | മുളഞ്ചേരി ലൈൻ | | | | 0.110 | 0.110 | 3 |
| 3. | തറവട്ടം റോഡു് | | | 0.650 | | 0.650 | 3 |
| 4. | വെബ്ളായ് ലൈൻ | | | 0.200 | | 0.200 | 3.5 |

നീളം- കിലോമീറ്റർ
വീതി- മീറ്റർ

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 6

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | കുഞ്ഞുവരയുടെ വീടിനു വടക്കുവശമുള്ള റോഡു് | | | | 0.060 | 0.060 | 1 |
| 2. | സെൻറ് അഗസ്റ്റിൻസ് ചർച്ച് റോഡു് | 0.385 | | | | 0.385 | 3 |
| 3. | മില്ലു വഴി റോഡു് | | | 0.100 | | 0.100 | 2 |
| 4. | തൈക്കാടം പള്ളി ലൈൻ | | | 0.295 | | 0.295 | 2.5 |
| 5. | അരങ്ങിൽ ലൈൻ | | | | 0.100 | 0.100 | 3 |
| 6. | സഹൃദയ ലൈൻ | | | | 0.108 | 0.108 | 2.5 |

നീളം- കിലോമീറ്റർ
വീതി- മീറ്റർ

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 7

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | മോസ്ക് റോഡു് | | | 0.687 | | 0.687 | 4 |
| 2. | പള്ളത്താംകുളങ്ങര ക്ഷേത്രത്തിനു് വടക്കുവശം കിഴക്കോട്ടു പോകുന്ന റോഡു് | | | 0.150 | | 0.150 | 3 |
| 3. | സുബ്രഹ്മണ്യ സ്വാമി ടെമ്പിൾ റോഡു് | | | 0.105 | | 0.105 | 3 |
| 4. | ഫിഷറീസ് റോഡു് | | | 0.400 | | 0.400 | 3 |
| 5. | പ്രിയദർശിനി റോഡു് | | | 0.700 | | 0.700 | 3 |
| 6. | നാലുസെൻറ്- കോളനി റോഡു് | | | | 0.100 | 0.100 | 2 |

നീളം- കിലോമീറ്റർ
വീതി- മീറ്റർ

46

## കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തു് - വാർഡു് - 8

| ക്രമ നമ്പർ | റോഡിൻെറ പേരു് | ടാർ ചെയ്തത് | മെറ്റൽ | ഗ്രാവൽ | മണ്ണ് | നീളം | വീതി |
|---|---|---|---|---|---|---|---|
| 1 | ചെറുവൈപ്പു് ബോട്ടു് ജെട്ടി റോഡു് | 0.960 | | | | 0.960 | 5 |
| 2. | V.D. S. L. P. S-റോഡു് | 0.500 | | 0.058 | | 0.558 | 5 |
| 3. | സിമിത്തേരി റോഡു് | | | 0.500 | | 0.500 | 4 |
| 4. | ലക്ഷം വീടു് കോളനി റോഡു് | | | 0.070 | | 0.070 | 2 |
| 5. | V.D. S. L. P. S- ഈസ്റോറൺ റോഡു് | | | 0.315 | | 0.315 | 3 |
| 6. | ഹരിജൻ സെറ്റിൽമെൻറ് കോളനി റോഡു് | | | | 0.200 | 0.200 | 2.5 |
| 7. | കോളനിയിലേക്കുള്ള റോഡു് | | | | 0.100 | 0.100 | 1.250 |

നീളം- കിലോമീറ്റർ

വീതി- മീറ്റർ

## ഗതാഗതം

### പ്രശ്നങ്ങൾ

1. ഭൂരിഭാഗം വാർഡുകളിലും വേണ്ടത്ര റോഡുകളില്ല.

2. നിവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.

3. പഞ്ചായത്തു് റോഡുകൾക്കു് പൊതുവെ വീതി കുറവാണ്.

4. റോഡുകൾക്കു് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.

5. ജലഗതാഗതമാർഗ്ഗങ്ങളെ അവഗണിക്കുന്നു.

6. ഫ്രീ സറണ്ടർ കിട്ടുന്നതിനുള്ള തടസ്സങ്ങൾ പുതിയ റോഡുകളുടെ രൂപീകരണത്തിനു് തടസ്സം സൃഷ്ടിക്കുന്നു

## സാദ്ധ്യതകൾ

1. മുൻഗണനാ ക്രമത്തിൻ പുതിയ റോഡുകളുണ്ടാക്കുവാനുള്ള പരിപാടി.

2. ബഹുജന സഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള പദ്ധതി രൂപീകരണം.

3. റോഡു് നിർമ്മാണത്തിന് മോണിട്ടറിംഗ് നടത്തുന്നതിന് പൂർത്തിയായ റോഡുകളുടെ സംരക്ഷണത്തിനും പ്രാദേശിക ജനകീയ സമിതികളുടെ രൂപീകരണം.

4. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ളിടത്തു് കൾവർട്ടുകൾ സ്ഥാപിക്കുക.

5. പലകപ്പാലങ്ങൾ കോൺക്രീറ്റ് പാലങ്ങളാക്കൽ.

6. ജീവിത സാഹചര്യങ്ങളിൽ വന്ന ആവശ്യകത അനുസരിച്ച് ഗതാഗത സൗകര്യങ്ങളുടെ സംവിധാനം.

# പാർപ്പിടം

**ജീ**വിതത്തിൻെറ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. ഒരു പ്രദേശത്തിൻെറ പാർപ്പിട സൗകര്യങ്ങളെ വിലയിരുത്തി ആദേശത്തെ ജനങ്ങളുടെ ജീവിതനിലവാരം മനസ്സിലാക്കാൻ കഴിയും. ഒരു പ്രദേശം സാമ്പത്തികമായി മുന്നോക്കമാണോ പിന്നോക്കമാണോ എന്നതിൻെറ സൂചകമായി ആ പ്രദേശത്തെ പാർപ്പിട സൗകര്യം വിലയിരുത്താവുന്നതാണ്. സാമ്പത്തികമായി ഏറെ മുന്നിൽ നിൽക്കുന്നതും ഏറെ പിന്നിൽ നിൽക്കുന്നതുമായ ജനവിഭാഗങ്ങൾക്കൊപ്പം ഇടത്തരം സാമ്പത്തിക സ്ഥിതിയുള്ളവരും അടങ്ങുന്നതാണ് ഇവിടത്തെ ജനവിഭാഗം. മത്സ്യതൊഴിലാളികളും കർഷകതൊഴിലാളികളും ഭൂരിപക്ഷമുള്ള വൈപ്പിൻകരയുടെ ഭാഗമായ ഈ പഞ്ചായത്തിൽ ഈ വിഭാഗങ്ങളോടൊപ്പം ഉയർന്ന വരുമാനമുള്ള സ്വകാര്യ മേഖലയിലെ തൊഴിലാളികളും, സർക്കാർ തൊഴിലാളികളും, ഗൾഫ് പണക്കാരും ഈ മേഖലയിലുണ്ട്. ഇതോടൊപ്പം അന്യം നിന്നു പോയിട്ടില്ലാത്ത വൻകിട തറവാട്ടുകാരുടെ താവഴികളും ഈ പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ട്.

ഏറെ മെച്ചമല്ലെങ്കിൽ പോലും സാമാന്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നതിൽ കക്കൂസുകളുടെ കാര്യം പരിഗണിക്കാതെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. പഞ്ചായത്തിലെ 80% വീടുകൾക്കും കാര്യക്ഷമമായ കക്കൂസ് സൗകര്യം ഇല്ല എന്നത് ആരോഗ്യ പ്രശ്നത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. സാമാന്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതാണ് ഭൂരിപക്ഷം ഭവനങ്ങൾ. എന്നാൽ ലക്ഷംവീടു് കോളനികൾ, കടപ്പുറം പ്രദേശം എന്നീ മേഖലകളിലുള്ളവരുടെ വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏറെ അപര്യാപ്തമാണ്. ഓലകൊണ്ടും ഷീറ്റു കൊണ്ടും മേഞ്ഞ നിലത്തുമുട്ടുന്ന മേൽക്കൂരകളും പനമ്പും ഓലയും കുത്തിച്ചാരി മറച്ച ഭിത്തികളും ഉള്ള ഏറെ താഴെ നിലവാരത്തിലുള്ള വീടുകൾ ഈ പ്രദേശങ്ങളിൽ സുലഭമാണ്. സാമ്പത്തിക സ്ഥിതി ഏറെ മെച്ചമായിട്ടുള്ളവർ വൈപ്പിൻ -മുനമ്പം റോഡിൻേറയും മറ്റ് വീതിയുള്ള റോഡുകളുടേയും സമീപത്തേക്ക് ചേക്കേറിയിരിക്കയാണ്. ഇവരുടെ വീടുകൾ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യത്തിലധികം ഉള്ളതാണ് എന്നുപറഞ്ഞാൽ അതിശയോക്തിയാവില്ല. മേൽ സൂചിപ്പിച്ച പഴയ വൻകിട തറവാട്ടുകാരുടെ ഓർമ്മ പേറുന്ന പഴയ തരത്തിലുള്ള നാലുകെട്ട് എട്ടുകെട്ട് മാതൃകയിലുള്ള കൂറ്റൻ ഭവനങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ മുന്നിൽ നിൽക്കുന്നവയാണ്.

വീട് നിർമ്മാണം സ്വന്തം സാമ്പത്തികസ്ഥിതിയും ആഡംബരവും പ്രദർശിപ്പിക്കാനുള്ള ഉപാധിയായി കാണുന്ന പ്രവണത മറ്റു് പ്രദേശങ്ങളിലെപ്പോലെ ഇവിടെയുമുണ്ട്. ''ചെറിയ കുടുംബം സന്തുഷ്ട കുടുംബം'' എന്ന കുടുംബാസൂത്രണത്തിൻെറ അടിസ്ഥാന മുദ്രാവാക്യം കുട്ടികളുടെ എണ്ണം കുറക്കുന്നതിൽ മാത്രമേ പ്രതിഫലിക്കുന്നുള്ളു. കുടുംബത്തിൽ അംഗങ്ങളുടെ എണ്ണം കുറയുന്നതിനനുസരിച്ച് വീടുകളുടെ വലിപ്പം കുറച്ച് വീട് നിർമ്മാണ ചെലവ് കുറക്കുക എന്ന തത്വം ആരും തന്നെ അംഗീകരിക്കുന്നില്ല. ''വർഷങ്ങളോളം ഗൾഫിൽ പണിയെടുത്ത് നേടുന്ന സമ്പത്ത് മുഴുവനായും ചെലവാക്കി ഒരു കൂറ്റൻ ബംഗ്ളാവ് പണിയുക'' എന്ന അശാസ്ത്രീയ പ്രവണത ഗൾഫ് തൊഴിലാളികളിൽനിന്നും മറ്റു് വിഭാഗങ്ങളിലേക്കും പകർച്ചവ്യാധിപോലെ പടർന്നു പിടിച്ചിരിക്കയാണ്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ കാണിക്കുന്ന ഈ ''അപകടകരമായ പ്രവണത'' സാമ്പത്തികമായി ഭദ്രത ഇല്ലാത്തവരും പകർത്താൻ ശ്രമിക്കുകയാണ്. വീട് ആഡംബരത്തിൻെറ പ്രതീകമാണ് എന്ന അശാസ്ത്രീയമായ അംഗീകാരം ഈ പ്രദേശത്തു ള്ളവരിൽ വരുത്തിവെയ്ക്കുന്ന സാമ്പത്തിക കഷ്ടപാടുകൾ ഏറെയാണ്. ''വീട് ആഢംബരത്തിനല്ല, ആവശ്യത്തിനാണ്'' എന്ന അടിസ്ഥാന തത്വം ഏറെ പ്രധാനമായി അംഗീകരിച്ച് നടപ്പിലാക്കേണ്ട ഒന്നാണ്. ആഡംബരത്തിനുവേണ്ടി അനാവശ്യമായ ചെലവുകളോടെ വീടു പണിയുമ്പോൾ അത് നിർമ്മാണ വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിക്കാൻ കാരണമാകുന്നു. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് സാധാരണക്കാരൻെറ 'പാർക്കാൻ ഒരു വീട്' എന്ന സ്വപ്നത്തെ അപകട ത്തിലാക്കുന്നു.

ചെലവ് കുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കാൻ ഏറെ മാർഗ്ഗങ്ങളുണ്ടെങ്കിലും അത്തരമൊരു പ്രവണത ഇവിടെ പേരിനു പോലുമില്ല. വീടുകൾ മാത്രമല്ല ഓഫീസുകൾ, പീടികകൾ, ഹോട്ടലുകൾ എന്നിവയെല്ലാം തന്നെ ചെലവു കുറഞ്ഞ മാതൃകയിൽ നിർമ്മിക്കാവുന്നതാണ്. ചെല വു കുറഞ്ഞ നിർമ്മാണ രീതി പ്രചരിപ്പിക്കാൻ പഞ്ചായത്ത് സന്നദ്ധസംഘടനാതലത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്. കടപ്പുറം, കോളനികൾ എന്നീ മേഖലകളിൽ ചെലവു കുറഞ്ഞതും കാര്യക്ഷമവുമായ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചാൽ അത് ഈ പ്രദേശത്തുള്ളവർക്ക് ഏറെ ആശ്വാസമായിരിക്കും.

കാര്യക്ഷമമായ ആസൂത്രണത്തിലൂടെ ഈ പ്രദേശത്തെ പാർപ്പിട സൗകര്യം ഏറെ മെച്ചപ്പെടുത്താവുന്നതാണ്. ആസൂത്രണത്തോടൊപ്പം മേൽ പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ബോധവൽക്കരണവും ആവശ്യമെങ്കിൽ നടപ്പിലാക്കേണ്ടതാണ്.

# സേവനങ്ങളും
# ക്ഷേമ പ്രവർത്തനങ്ങളും

## പാർപ്പിടം

| നമ്പർ | ഇനം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | ഒന്നിൽ കൂടുതൽ നിലകളുളളവ | 78 | 2.3% |
| 2. | കോൺക്രീറ്റ് മേൽക്കൂര | 627 | 19.2% |
| 3. | ഓടു് മേഞ്ഞവ | 2052 | 63% |
| 4. | ഓല മേഞ്ഞവ | 500 | 15% |
| | ആകെ | 3253 | |

നിലവിലുളള കണക്കുകൾ അനുസരിച്ചു്

മൊത്തം വീടുകൾ- 3253

കഴിഞ്ഞ നാലു വർഷത്തിനുളളിൽ നിർമ്മിച്ച വീടുകൾ -228

കഴിഞ്ഞ നാലു വർഷത്തിനുളളിൽ നിർമ്മിച്ചവയിൽ 50%വും കോൺക്രീറ്റു് വീടുകൾ

സർക്കാർ ധനസഹായം വീടു് നിർമ്മാണത്തിന് ഏറെ അപര്യാപ്തം.

ഈ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 12,140, വീടുകളുടെ എണ്ണം 3253-ഉം ആണ്. ജനസംഖ്യയും വീടുകളുടെ എണ്ണവും തമ്മിലുളള അനുപാതം നോക്കിയാൽ 3.7 പേർക്കു് ഒരു വീടു് എന്ന നിലയിൽ വീടുകളുടെ എണ്ണം തൃപ്തികരമാണ്. എന്നാൽ ആകെയുളള വീടുകളിൽ

| | | |
|---|---|---|
| ഒന്നാം വാർഡിൽ | - | 30 |
| രണ്ടാം വാർഡിൽ | - | 75 |
| മൂന്നാം വാർഡിൽ | - | 75 |
| നാലാം വാർഡിൽ | - | 25 |
| അഞ്ചാം വാർഡിൽ | - | 60 |
| ആറാം വാർഡിൽ | - | 25 |
| ഏഴാം വാർഡിൽ | - | 31 |
| എട്ടാം വാർഡിൽ | - | 60 |

എന്നീ ക്രമത്തിൽ വീടുകൾ ജീർണ്ണാവസ്ഥയിലാണ്. ഇവയുടെ ആകെ എണ്ണം-381. ഇത് ആകെ വീടുകളുടെ 11.7% വരും.

കഴിഞ്ഞ നാലുവർഷത്തിനുളളിൽ 228 വീടുകൾക്കാണ് നമ്പർ കൊടുത്തിട്ടുളളത്. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ 50% കൂടുതൽ കോൺഗ്രീറ്റ് കെട്ടിടങ്ങളാണ്.

ജീർണ്ണാവസ്ഥയിൽ നിൽക്കുന്ന വീടുകളിൽ ഏറെയും കടപ്പുറം, ലക്ഷംവീടു് കോളനി മേഖലയിലാണ്. ഇത്തരം വീടുകൾ ഏതാണ്ട് മുഴുവനും തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതാണ്. ഭവന ദൗർലഭ്യം രൂക്ഷമായിട്ടുളളതും ഈ മേഖലകളിലാണ്.

ഭവന നിർമ്മാണത്തിനു് സഹായം ചെയ്യുന്ന ഹൗസിംഗ് സൊസൈറ്റികൾ ഈ പഞ്ചായത്തിൽ ഒന്നും തന്നെയില്ല. എന്നാൽ വിവിധ ബാങ്കുകളിൽ നിന്നും ലഭിക്കുന്ന ലോണുകൾ പ്രത്യേകിച്ചു് സൊസൈറ്റി ബാങ്ക് ഭവനനിർമ്മാണത്തിന് ഏറെ സഹായങ്ങൾ ചെയ്യുന്നുണ്ട്. I. R. D. P.മുതലായ സർക്കാർ സഹായങ്ങൾ മത്സ്യതൊഴിലാളികൾക്കു് ലഭിക്കുന്ന പ്രത്യേക ഭവനനിർമ്മാണസഹായ ങ്ങൾ മുതലായവയും ഭവനനിർമ്മാണത്തിന് സഹായം ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന ലോണുകൾ പൂർണ്ണമായും അതിന്റെ ലക്ഷ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്നതു് കാര്യക്ഷമമായി അന്വേഷിക്കേണ്ടതും ലോണുകൾ അതിന്റെ ലക്ഷ്യത്തിനായി ഉപയോഗിക്കുന്നു എന്നു് ഉറപ്പാക്കേണ്ടതുമാണ്. ഇത്രമാത്രം ജനസംഖ്യയുളള ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കേണ്ടത് ഏറെ അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ ആറാം വാർഡിൽ ഒഴികെ മറ്റെല്ലാ വാർഡിലും ലക്ഷം വീടുകോളനികൾ ഉണ്ട്. 7-ാം വാർഡും 3-ാം വാർഡും I. H. D. P കോളനികൾ ആയി അംഗീകരിച്ചിരിക്കുകയാണ്. ലക്ഷം വീട് കോളനികളിൽ നല്ലൊരുശതമാനം വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കോളനികളിൽ നല്ലൊരു ശതമാനം വീടുകളും ഓലമേഞ്ഞ്, ഓല-പനമ്പ് എന്നിവകൊണ്ട് മറച്ചവയാണ്. ഇതിൽ പല വീടുകളുടേയും നിലം സിമന്റ് ചെയ്യാത്തതാണ്. കോളനികളിലുളള കൽചുമർ കെട്ടിയിട്ടുളള വീടുകളിൽ നല്ലൊരു ശതമാനവും സിമന്റു തേച്ചിട്ടില്ലാത്തവയാണ്. സിമന്റ് തേയ്ക്കാത്ത ഇത്തരം വീടുകൾ ഇവിടത്തെ കാലാവസ്ഥ (ഉപ്പ് കാറ്റ്) ഏൽക്കുന്നതുകൊണ്ട് പെട്ടെന്ന് ജീർണ്ണിക്കുന്നതായി കാണുന്നു.

ഭവന ദൗർലഭ്യത്തിന്റെ രൂക്ഷത ഈ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. ഭവന ദൗർലഭ്യത്തിന്റെ കാരണത്താൽ ആരുംതന്നെ കടത്തിണ്ണയിലോ മറ്റും കിടക്കേണ്ട അവസ്ഥയില്ല. എന്നാൽ കാൽ സ്വാധീനമില്ലാത്ത പുരുഷൻ, അയ്യമ്പിളളി സർക്കാർ ആശുപത്രി അന്തേവാസി ജോർജ്ജ് - എന്നിവർക്ക് വീടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വീടുകളുടെ നിർമ്മാണ രീതി സാധാരണ തരത്തിലുളളതാണ്. കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മാണ ചെലവ് ഏറെയുളള രീതി തന്നെയാണ് ഉപയോഗിക്കുന്നത്. ചെലവു കുറഞ്ഞ വീടു നിർമ്മാണ രീതി ചുരുക്കം ചിലർ ഉപയോഗിക്കുന്നുണ്ടെങ്കിലും അതു് മറ്റുളളവർ അനുകരിക്കുന്നതായി കാണുന്നില്ല. ചെലവ് കുറഞ്ഞ ഭവനനിർമ്മാണരീതിക്ക് ആവശ്യമായ പ്രചരണം നടത്തേണ്ടത് അത്യാവശ്യമാണ്. സർക്കാർ ലോണുകൾ, സൊസൈറ്റിയിൽ നിന്നുളള ഭവനനിർമ്മാണ സഹായങ്ങൾ എന്നിവ നൽകുമ്പോൾ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാനുളള നിർദ്ദേശങ്ങൾ നിയമപരമായി മുന്നോട്ടുവയ്ക്കേണ്ടതാണ്. കടപ്പുറം,

കോളനി എന്നീ മേഖലയിലേക്ക് കുറേക്കൂടി കാര്യക്ഷമമായതും ചെലവു കുറഞ്ഞതുമായ നിർമ്മാണ രീതി കണ്ടെത്തണം.

കെട്ടിടനിർമ്മാണസാമഗ്രികൾ എല്ലാം തന്നെ പുറമെ നിന്നും കൊണ്ടുവരേണ്ട അവസ്ഥയിലാണ്. ഒന്നും തന്നെ ഈ പഞ്ചായത്തു് അതിർത്തിയിൽ ലഭ്യമല്ല. എന്നാൽ കോൺക്രീറ്റ് കട്ടകൾ, കോൺക്രീറ്റ് ജനൽ മുതലായവ നിർമ്മിക്കുന്ന ചെറിയ യൂണിറ്റുകൾ ഒന്നുരണ്ടെണ്ണം തുടങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ആവശ്യത്തിനു് ഒരു തരത്തിലും തികയുന്നവയല്ല. കെട്ടിടനിർമ്മാണസാമഗ്രികളിൽ എന്തെങ്കിലും പഞ്ചായത്തു തലത്തിൽ ഉൽപാദിപ്പിക്കാൻ കഴിയുമോ എന്ന് ആലോചിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില സാധാരണക്കാരന് താങ്ങാൻ കഴിയാത്തതാണ്. വരുമാനം കുറഞ്ഞവരെയും കോളനി നിവാസികളേയും സഹായിക്കാൻ നിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലക്കു് നൽകാൻ കഴിയുന്ന സൊസൈറ്റികൾ രൂപീകരിക്കാൻ കഴിയുമോ എന്ന കാര്യം ചർച്ച ചെയ്യേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾ ആവശ്യത്തിനു് ലഭ്യമാണ്. എന്നാൽ തൊഴിലാളികൾ എല്ലാം തന്നെ വേണ്ടത്ര തൊഴിൽ വൈദഗ്ദ്ധ്യം ലഭിച്ചവരല്ല. നിർമ്മാണ തൊഴിലാളികളിൽ പുരുഷൻമാർക്കു് 125/- രൂപയും സ്ത്രീ തൊഴിലാളികൾക്കു് 80/- രൂപയുമാണ് കൂലി.

## പ്രശ്നങ്ങൾ

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം.

നിർമ്മാണ തൊഴിലാളികളുടെ വൈദഗദ്ധ്യമില്ലായ്മ.

കോളനികളിൽ പശ്ചാത്തല സൗകര്യമില്ലായ്മ.

ചെലവ് കുറഞ്ഞ വീടുകളുടെ പ്രചരണമില്ലായ്മ.

ചെലവു് കുറഞ്ഞ വീടുനിർമ്മിക്കുന്ന തൊഴിലാളികളുടെ ദൗർലഭ്യം.

ഹൗസിംഗ് സൊസൈറ്റി പഞ്ചായത്തിൽ ഇല്ല.

നിർമ്മാണ വസ്തുക്കൾ എല്ലാം തന്നെ പുറമെ നിന്ന് കൊണ്ടുവരണം എന്ന അവസ്ഥ.

## സാദ്ധ്യതകൾ

ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കാനുള്ള പരിപാടി.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ ഏതെങ്കിലുമെല്ലാം പഞ്ചായത്തിൽ സ്വരൂപിക്കാനുള്ള പദ്ധതി.

ചെലവു കുറഞ്ഞ വീടുനിർമ്മാണം പ്രചരിപ്പിക്കാനുള്ള പരിപാടി.

നിർമ്മാണ തൊഴിലാളികൾക്കു് പരിശീലനം കൊടുക്കാനുള്ള പരിപാടി.

ഭൂരഹിതർക്കും വരുമാനം കുറഞ്ഞവർക്കും പ്രത്യേക ഭവന നിർമ്മാണ പദ്ധതി.

ജീർണ്ണാവസ്ഥയിലുള്ള വീടുകൾ നവീകരിക്കുന്നതിനുള്ള പരിപാടി.

വിദഗ്ദ്ധ തൊഴിലാളികളെ സപ്ളൈ ചെയ്യുന്നതിനുള്ള സൊസൈറ്റി രൂപീകരണം.

ഭവനനിർമ്മാണത്തിനുള്ള സർക്കാർ സഹായം വർദ്ധിപ്പിച്ചു് കിട്ടുന്നത് സംബന്ധിച്ച് കോളനികൾക്കു് പ്രത്യേകമായി കാര്യക്ഷമമായതും ചെലവു് കുറഞ്ഞതുമായ ഭവനനിർമ്മാണ പദ്ധതി രൂപീകരിക്കുന്ന പരിപാടി.

# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധജലവിതരണ പദ്ധതി നിലവിൽ വരുന്നതിനു മുമ്പുവരെ പൊതുകിണറുകളെയും സ്വകാര്യ കിണറുകളെയും കുളങ്ങളെയും ശുദ്ധജലത്തിനുവേണ്ടി വ്യാപകമായി ആശ്രയിച്ചിരുന്നു.1982 കാലഘട്ടത്തിൽ ശുദ്ധജല വിതരണം മെച്ചപ്പെടുത്തിയതോടെ പരമ്പരാഗത ജലസ്രോതസ്സുകളുടെ ഉപയോഗം കുറയുകയും പൊതു ശുദ്ധജലടാപ്പുകളെ ആശ്രയിച്ചുള്ള ജീവിതവ്യസ്ഥ ഉടലെടുക്കുകയും ചെയ്തു. ഇതോടെ പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകളായ കിണറുകളും കുളങ്ങളും അവഗണിക്കപ്പെടുകയും കാലക്രമത്തിൽ ഉപയോശൂന്യമായിത്തീരുകയും ചെയ്തു.

കുടിക്കുവാനും, നനക്കുവാനും, മററ് ഗാർഹികാവശ്യങ്ങൾക്കും വാട്ടർ അതോറിട്ടിയുടെ ശുദ്ധജല സംവിധാനത്തെയാണ് ഇപ്പോൾ ജനങ്ങൾ ആശ്രയിക്കുന്നത്. ശുദ്ധജലവിതരണത്തിന്റെ ഇപ്പോഴുള്ള അപര്യാപ്തത ഗ്രാമീണജീവിതം ദുഷ്കരമാക്കിത്തീർക്കുന്ന സ്ഥിതിയിലേക്കെത്തി നിൽക്കുന്നു.

ആലുവ പെരിയാറ്റിൽ നിന്നും പമ്പുചെയ്യുന്ന ശുദ്ധജലമാണ് കുഴുപ്പിള്ളി പഞ്ചായത്തുൾപ്പെടെ വൈപ്പിൻകരയിലെ ഞാറക്കൽ പഞ്ചായത്ത് ഭാഗങ്ങൾവരെ വിതരണം ചെയ്യുന്നത്. ആലുവ മുതൽ പറവൂർ ഭാഗം വരെയുള്ള പഞ്ചായത്തുകൾക്ക് വിതരണം ചെയ്ത ശേഷം ശേഷിക്കുന്ന ജലമാണ് കുഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുന്ന വൈപ്പിൻ ദ്വീപിന് ലഭിക്കുന്നത്.

കുഴുപ്പിള്ളി പഞ്ചായത്തിൽകൂടി ഒരു സമാന്തര ഫീഡർ ലൈൻ പോകുന്നുണ്ടെങ്കിലും ഇതിൽ നിന്നും പഞ്ചായത്തിൽ ജലവിതരണമില്ല. പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം 120 ഉം ആകെയുള്ള കുടുംബങ്ങളുടെ എണ്ണം 3253 ഉം ആണ്. കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായ രീതിയിലല്ല ഓരോ വാർഡിലും ടാപ്പുകൾ സ്ഥാപിച്ചി ട്ടുള്ളത്. വേനൽക്കാലത്ത് ആവശ്യത്തിന്റെ പകുതി ജലം പോലും വിതരണം ചെയ്യുവാൻ വാട്ടർ അതോറിട്ടി സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകൾക്കു കഴിയുന്നില്ല. കേടായ ടാപ്പുകളും പൈപ്പ് ലൈനുകളും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ധാരാളം ജലം ക്ഷാമ സമയത്തുപോലും പഴായിപ്പോകുന്നു.

| | |
|---|---|
| പഞ്ചായത്തിലെ മൊത്തം പൊതുകിണറുകൾ | 12 |
| പൊതുകുളം | 1 |
| സ്വകാര്യകുളങ്ങളുടെയും കിണറുകളുടെയും എണ്ണം | ലഭ്യമല്ല |

**ആരോഗ്യം:**

അലോപ്പതി ചികിത്സാരംഗത്തെ വളർച്ച ത്വരിതപ്പെടുന്നതിനു മുൻപ് ആയുർവ്വേദ ചികിത്സാ വിധികളെയാണ് ആരോഗ്യ പരിപാലനത്തിനുവേണ്ടി ജനങ്ങൾ ആശ്രയിച്ചിരുന്നത്. നാട്ടുവൈദ്യന്മാരുടെ സേവനം ഇക്കാലത്ത് തൃപ്തികരമായിരുന്നു. പ്രസവശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചിരുന്ന നാടൻ വയറ്റാട്ടികളുടെ സേവനങ്ങളും സ്മരിക്കപ്പെടേണ്ടതാണ്.

അലോപ്പതി ചികിത്സാരംഗത്തെ വളച്ചയോടൊപ്പമുണ്ടായ ജനപ്പെരുപ്പവും ജീവിതസാഹചര്യങ്ങളിൽ വന്ന മാറ്റങ്ങളും ആരോഗ്യ രംഗത്ത് പുതിയ വെല്ലുവിളികൾ സൃഷ്ടിച്ചു. അതിനനുസൃതമായി ആരോഗ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടു വരുന്നതിൽ കാലതാമസമുണ്ടായി.

അയ്യമ്പിള്ളി ഗവൺമെന്റ് ആശുപത്രി, കടപ്പുറം ഹെൽത്ത് സബ്സെന്റർ, ചെറുവൈപ്പ് ഹെൽത്ത് സബ്സെന്റർ എന്നിവയാണ് പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സംവിധാനം. കൂടാതെ കുഴുപ്പിള്ളി സെ: വിൻസെന്റ് ഡി പോൾ ആശുപത്രി കുഴുപ്പിള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ ഹോമിയോ ക്ലിനിക്ക് ഉൾപ്പെടെ മൂന്നു ഹോമിയോ ക്ലിനിക്കുകളും പഞ്ചായത്തിലെ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ കേന്ദ്രമായ അയ്യമ്പിള്ളി ഗവൺമെന്റ് ആശുപത്രി കുഴുപ്പിള്ളി പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും ജനങ്ങളുടെ ആരോഗ്യ സേവനത്തിനുവേണ്ടി നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. എങ്കിലും ഒട്ടേറെ ബാലാരിഷ്ടതകൾ ഈ ആതുരാലയത്തിന് പിന്നിടേണ്ടതുണ്ട്. പണിപൂർത്തിയായ ഓപ്പറേഷൻ തിയേറ്റർ ആവശ്യമായ ഉപകരണങ്ങളോടെ മതിയായ ജീവനക്കാരെ നിയമിച്ച് പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിലുണ്ടായിരുന്ന ഗൈനക്കോളജിസ്ററിന്റെ സേവനം വർഷങ്ങളായി ലഭിക്കുന്നില്ല. ഗൈനക്കോളജിസ്ററിനെ സ്ഥിരമായി നിയമിക്കുവാനുള്ള സംവിധാനം ആവശ്യമാണ്. ഒരു ശിശുരോഗവിദഗ്ധന്റെ സേവനവും ഇവിടെ പ്രധാന്യമർഹിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഹെൽത്ത്സബ്സെന്ററുകൾ മുഖേന മാതൃശിശുസംരക്ഷണം, പകർച്ചവ്യാധികളുടെ നിയന്ത്രണം, പ്രതിരോധകുത്തിവെയ്പ്, കുടുംബക്ഷേമ പ്രവർത്തനം, ആരോഗ്യബോധവൽക്കരണം, ഗർഭിണികൾക്കുള്ള പരിശോധന എന്നിവ നടത്തുന്നുണ്ട്.

അയ്യമ്പിള്ളി ഗവണ്മെന്റ് ആശുപത്രിയിലെ 1993-94 മുതൽ 95-96വരെയുള്ള രോഗികളുടെ വിവരങ്ങളിൽ സമീപ പഞ്ചായത്തുകളിലെ രോഗികളും ഉൾപ്പെടും. പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| വർഷം | I.P. | O.P. | രോഗങ്ങൾ സംബന്ധിച്ച വിവരം | | | |
|---|---|---|---|---|---|---|
| | | | വാതരോഗം എല്ലാവിഭാഗം | പകർച്ച വ്യാധി | മറ്റു രോഗങ്ങൾ | ആകെ |
| 93-94 | 1652 | 36143 | 3945 | 512 | 33338 | 37795 |
| 94-95 | 1769 | 29450 | 35 | 308 | 30876 | 31219 |
| 95-96 | 1652 | 36143 | – | 2613 | 35182 | 37795 |

### പഞ്ചായത്തിലെ ജനന മരണ നിരക്ക്

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1993-94 | 139 | 44 | 1 |
| 1994-95 | 127 | 74 | – |
| 1995-96 | 161 | 51 | – |

70 ശതമാനം വീടുകളിലേയും കക്കൂസുകൾ സമീപത്തുള്ള തോടുകളിലേക്ക് തുറക്കുന്നത് പരിസരമലിനീകരണ ഭീഷണിയുയർത്തുന്നു. നീർവാർച്ച കൂടുതലുള്ള പ്രദേശങ്ങളായതിനാൽ അനുയോജ്യമായ രീതിയിലുള്ള പുതിയതരം കക്കൂസുകൾ സംവിധാനം ചെയ്ത് സ്ഥാപിക്കേണ്ടിയിരിക്കുന്നു.

വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെട്ടിരുന്ന ഇടത്തോടുകൾ കാലക്രമത്തിൽ അടച്ചുകെട്ടുകയും നികത്തുകയും ചെയ്തതിന്റെ ഫലമായി വെള്ളക്കെട്ട് വർഷക്കാലങ്ങളിൽ രൂക്ഷമാണ്. മലിനജല നിർമ്മാർജനത്തിന് യാതൊരു സംവിധാനവും നിലവിലില്ല. ചെമ്മീൻ സംസ്കരണ കേന്ദ്രങ്ങളിൽ നിന്നുള്ള

475

മലിനജലം അലസമായി തോടുകളിലേക്ക് ഒഴുക്കിവിടുന്നതുമൂലം പഞ്ചായത്തിന്റെ വിവിധഭാഗങ്ങൾ വേനൽക്കാലത്ത് ദുർഗന്ധപൂരിതമാകുന്നു.

സെന്റ് വിൻസെന്റ് ഡി പോൾ ആശുപത്രികളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലവും അവശിഷ്ടങ്ങൾ തീയിടുമ്പോഴുണ്ടാകുന്ന പുകയും പരിസരവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പരിസര ശുചിത്വ ത്തിന്റെ അഭാവത്തിൽ ഏതു പകർച്ച വ്യാധിയും പടർന്നുപിടിക്കുവാനുള്ള സാധ്യത പഞ്ചായത്തിൽ ഏറിവരുന്നു.

**പ്രശ്നങ്ങൾ**

1. ഹെൽത്ത് സബ് സെന്ററുകളിൽ ഡോക്ടർമാരുടെ സഹായം ലഭിക്കുന്നില്ല.
2. ജനസംഖ്യാനുപാതികമായി സബ്സെന്ററുകൾ അനുവദിച്ചിട്ടില്ല.
3. സ്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമല്ല.
4. പൊതുടാപ്പുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നില്ല.
5. കൊതുകുശല്യം വ്യാപകമാകുന്നു.
6. പൈപ്പുവെള്ളം ഒന്നിടവിട്ട ദിവസങ്ങളിലേ ലഭിക്കുന്നുള്ളു.
7. പഞ്ചായത്തിലെ 80% വീടുകളിലും കാര്യക്ഷമമായ സാനിറ്ററേഷൻ സംവിധാനം ഇല്ല.
8. ആയുർവേദ ആശുപത്രി ഇല്ല.
9. സർക്കാർ ആശുപത്രിയിൽ ആവശ്യമായ സ്ററാഫില്ല.

**സാധ്യതകൾ**

1. നിലവിലുള്ള പൊതുകുളങ്ങളും കിണറുകളും ഉപയോഗയോഗ്യമാക്കുക.
2. പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമ മാക്കുക.
3. കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുവാനുള്ള സംവിധാനമുണ്ടാക്കുക.
4. പഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
5. ജലമലിനീകരണം തടയുവാൻ പ്രായോഗിക പരിപാടികൾ തയ്യാറാക്കുക.
6. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.
7. ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോഗങ്ങളെ ക്കുറിച്ചും ബോധവൽക്കരണം നടത്തുക.
8. ഔഷധ സസ്യങ്ങൾ നട്ടുവളർത്തുക.

# വിദ്യാഭ്യാസം

കുഴുപ്പിള്ളിയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ കടപ്പുറത്ത് പ്രവർത്തിച്ചിരുന്ന രണ്ട് ഡിവിഷനുകളുള്ള ഒരു പ്രാഥമിക വിദ്യാലയവും അതോടനുബന്ധിച്ചുള്ള പ്രദേശവും കടൽ ക്ഷോഭത്തിൽപ്പെട്ടു നശിച്ചുപോയതായി പറയപ്പെടുന്നു.

പഞ്ചായത്തിൽ നിലവിലുള്ള സ്ക്കൂളുകളും അവസ്ഥാപിച്ച വർഷവും താഴെകൊടുക്കുന്നു.

| വിദ്യാലയത്തിന്റെ പേര് | സ്ഥാപിച്ച വർഷം | മാനേജ്മെന്റ് |
|---|---|---|
| സെന്റ് ഗ്രിഗറീസ് എൽ.പി.എസ് കുഴുപ്പിള്ളി | 1894 | സെന്റ് അഗസ്റ്റിൻസ് ചർച്ച് |
| വി.ഡി.എസ്. എൽ.പി.എസ്. ചെറുവൈപ്പ് | 1928 | വിജ്ഞാനദായിനി സഭ |
| സെന്റ് ജോൺസ് എൽ.പി.എസ് മനപ്പിള്ളി | 1930 | സ്റ്റാഫ് |
| സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹൈസ്ക്കൂൾ കുഴുപ്പിള്ളി | 1947 | സെന്റ് അഗസ്റ്റിൻസ് ചർച്ച് |
| പി.ബി.ഡി. എൽ.പി.എസ് പള്ളത്താം കുളങ്ങര | 1966 | പള്ളത്താം കുളങ്ങര ഭഗവതീ ദേവസം. |

പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്ക്കൂൾ ഒരു യു.പി. സ്ക്കൂൾ മൂന്ന് എൽ.പി. സ്ക്കുളുകളുൾപ്പെടെ അഞ്ച് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. എൽ.പി. വിഭാഗത്തിൽ ആകെ 891 വിദ്യാർത്ഥികൾ പഠിക്കുന്നതിൽ 442 പേർ പെൺകുട്ടികളാണ്. യു.പി. വിഭാഗത്തിൽ ആകെയുള്ള 805 പേരിൽ 537 പേരും ഗേൾസ്ഹൈസ്ക്കൂളിലെ 498 പേരും ഉൾപ്പെടെ 1477 പെൺകുട്ടികൾ വിദ്യാലയങ്ങളിൽ പഠിക്കുന്നു.

ഹൈസ്ക്കൂളിൽ സമീപ പഞ്ചായത്തുകളിലെ വിദ്യാർത്ഥിനികളും പഠിക്കുന്നുണ്ട്. കഴിഞ്ഞ മുപ്പത് വർഷത്തിനിടയിൽ വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. 5 വർഷത്തെ വിദ്യാർത്ഥികളുടെ കണക്കുകൾ പരിശോധിച്ചാൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായികാണാം. ജനന നിരക്കിലുള്ള കുറവും. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള പ്രയാണവും ഇതിനു കാരണമാകുന്നു.

4 അദ്ധ്യാപകരും 72 അദ്ധ്യാപികമാരുമുൾപ്പെടെ 76 പേർ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്നു. അദ്ധ്യാപകരും അദ്ധ്യാപികമാരും തമ്മിൽ ആനുപാതത്തിലുള്ള ഗണ്യമായ അന്തരം സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങളെ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു.

പഞ്ചായത്തിൽ രണ്ട് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ പ്രവർത്തനമാരംഭിച്ചവയാണിവ. ഇതിൽ ദേവി അക്കാദമിയുടെ പ്രവർത്തനം നിലച്ച മട്ടിലാണെങ്കിലും പഠനം തുടരുന്നുണ്ട്. ബോധനമാധ്യമം മലയാളമായിരിക്കണമെന്ന് നിഷ്കർഷിക്കുകയും, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരുത്സാഹപ്പെടുത്തുകയും വേണം. വൈപ്പിൻ കരയിൽ ഒരു കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും ഏറിവരുന്നു.

വിദ്യാലയങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെട്ടതാണെങ്കിലും അദ്ധ്യാപനത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അദ്ധ്യാപക രക്ഷകർതൃ സമിതികളുടെ പ്രവർത്തനങ്ങൾക്ക് പിന്തുടർച്ചയില്ല.

വിദ്യാലയ സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | വിസ്തീ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബ് | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| സെ. അഗസ്റ്റിൻസ് G.H.S. | 1.5 എ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | .5 എ | ഉണ്ട് |
| St. G.U.P.S. | 1.5 എ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | .5 എ | ഉണ്ട് |
| St. John L.P.S. | 42 സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| P.B.D. LPS | 1എ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 50 സെ | ഉണ്ട് |
| V.DS LPS | 55 സെ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 30 സെ | ഇല്ല |

സെന്റ് ആഗസ്റ്റിൻസ് ഗേൾസ് ഹൈസ്കൂൾ
എസ്.എസ്.എൽസി. വിജയ ശതമാനം

| | |
|---|---|
| 91-92 | 99% |
| 92-93 | 100% |
| 93-94 | 94% |
| 94-95 | 97% |
| 95-96 | 96% |

സെന്റ് അഗസ്റ്റിൻസ് ഗേൾസ്ഹൈസ്ക്കൂൾ 91-92 മുതൽ 95-96 കാലയളവിൽ കബഡി അത്‌ലറ്റിക്സ്, വോളിബോൾ മത്സരങ്ങളിൽ ജില്ലാ സംസ്ഥാനതലങ്ങളിൽ വിജയികളായി. ജില്ലാതലത്തിൽ ഗ്രാമീണമേഖലയിലെഏറ്റവും മികച്ച ഹൈസ്ക്കൂളിനുള്ള പ്രഥമ അവാർഡും ഈ സ്ക്കൂളിന് ലഭിച്ചു.

എൽ.പി; യു.പി. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കലാകായിക രംഗത്തുള്ള മുന്നേറ്റം ആശാവഹമല്ല, കഴിഞ്ഞ 5 വർഷത്തിനിടയിൽ സെ:ജോൺസ് എൽ.പി. സ്ക്കൂളിൽ നിന്നും 32 പേരും സെ:ഗ്രിഗോറിയസ് യു.പി. സ്ക്കൂളിൽ നിന്നും 18 കുട്ടികളും സെ:അഗസ്റ്റിൻസ് ഗേൾസ് ഹൈസ്ക്കൂളിൽ നിന്നും 15 കുട്ടികളും പഠനം നിറുത്തുകയുണ്ടായി.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുപുറമെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ 12 അംഗനവാടികളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഭൗതീക സാഹചര്യങ്ങൾ അനുഗുണമല്ല.

1954-ൽ സ്വകാര്യമേഖലയിൽ സ്ഥാപിതമായ ജയപ്രകാശ് ഹിന്ദിവിദ്യാലയം ഭാഷാ പഠന രംഗത്ത് അമൂല്യമായ സംഭാവന നല്കിവരുന്നു. ഐറിൻ കോളേജ് എന്ന ട്യൂഷൻ സെന്ററും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. മുഖ്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അമൃത ചിത്ര ശില്പ കലാവിദ്യാലയമാണ്. ഇവിടെ പ്രിന്റിംഗ് ടെക്നോളജിയും പഠിപ്പിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും രണ്ട് തയ്യൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

കടപ്പുറം പ്രദേശത്തുള്ള വിദ്യാർത്ഥികളുടെ ക്ലേശം പരിഹരിക്കുന്നതിനുവേണ്ടി ഒരു പ്രൈമറി വിദ്യാലയവും അംഗനവാടിയും അവശ്യം സ്ഥാപിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. പല സ്ക്കൂളികളുടേയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.
2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയുവാനുള്ള സാദ്ധ്യത മിക്ക വിദ്യാലയങ്ങളിലും നിലനിൽക്കുന്നു.
3. ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക്

കുട്ടികൾ ആകർഷിക്കപ്പെടുന്നു.

4. സ്ക്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.

5. ശിശു വിദ്യാഭ്യാസത്തിനുവേണ്ടി വേണ്ടത്ര സൗകര്യമില്ല.

6. അംഗൻവാടി കെട്ടിടങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.

7. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിക പരിപാടികളൊന്നും നടപ്പാക്കുന്നില്ല.

8. സ്ക്കൂൾ വാർഷികങ്ങൾ വിപുലമായ രീതിയിൽ നടത്തപ്പെടുന്നില്ല.

9. കലാ അഭ്യാസനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

10. അദ്ധ്യാപകരിൽ കൂടുതൽ വനിതകളാണെന്നത് പല വിദ്യാലയങ്ങളുടേയും പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.

**ബാദ്ധ്യതകൾ**

1. അയൽവക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടി.

2. പഞ്ചായത്തുതലത്തിൽ സ്ക്കൂൾ കോംപ്ലക്സ് സ്ഥാപിക്കുക,

3. പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

4. തൊഴിൽ വിദ്യാഭ്യാസത്തിനു മുൻഗണന.

5. കുട്ടികളുടെ അഭിരുചി വളർത്തുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ.

## സംസ്ക്കാരം

**കു**ഴുപ്പിള്ളി പഞ്ചായത്ത് നിവാസികളുടെ കലാസ്വാദന കഴിവിന് ചരിത്രത്തോളം തന്നെ പഴക്കമുണ്ട് നിശബ്ദചലചിത്രങ്ങളുടെ കാലഘട്ടത്തിൽ കുഴുപ്പിള്ളിയുടെ വടക്കേ അറ്റത്ത് അയ്യംമ്പിള്ളിയിൽ ഇപ്പോഴത്തെ JMS ഷെഡ്ഡ് പ്രവർത്തിക്കുന്ന സ്ഥാനത്തുണ്ടായിരുന്ന പോൾതിയേറ്ററും അതിനുശേഷം പള്ളത്താം കുളങ്ങരയിൽ വന്ന എൽ.വി. തിയേറ്ററും ചരിത്രത്തിൽ നിന്നും മാഞ്ഞുപോയ കലാസ്വാദന കേന്ദ്രങ്ങളായിരുന്നു ശബ്ദചിത്രങ്ങളുടെ പരിവർത്തനദിശയിൽ ഏതാനും ശബ്ദചിത്രങ്ങളും പേൾതിയേറ്ററിൽ പ്രദർശിപ്പിച്ചിരുന്നു.

1953 ൽ ശ്രീ. ടി.വി. അനന്തൻ വക്കീലിന്റെ നേതൃത്വത്തിൽ പള്ളത്താംകുളങ്ങരയിൽസ്ഥാപിച്ച ശ്യാമപ്രസാദ് മുക്കർജി സ്മാരക ഗ്രന്ഥശാല കുഴുപ്പിള്ളിയുടെ സാംസ്ക്കാരിക ചരിത്രത്തിൽ വെള്ളിനക്ഷത്രമായി പ്രശോഭിക്കുന്നു. കലാസാഹിത്യ ശില്പശാലകൾ സെമിനാറുകൾ, കൈയ്യെഴുത്ത് മാസികാ പ്രചാരണം, ബാലലോകം ക്ലബ്ബുകളുടെ പ്രവർത്തനം എന്നിവയിലൂടെ പഞ്ചായത്തിലെ സാംസ്ക്കാരികോന്നമനത്തിന് ഈ ഗ്രന്ഥശാല വഹിച്ച പങ്ക് സ്തുത്യർഹമാണ്.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ യുവാക്കളുടെ ഒത്തുചേരലിലൂടെ വളർച്ച പ്രാപിച്ച 14 ആർട്ടസ് ക്ലബ്ബുകളുടെ പ്രവർത്തനം നിശ്ചലമായതും യുവതലമുറ ഇലട്രോണിക്സ് മാധ്യമങ്ങൾക്കടിമയായതും തനതായ സാംസ്കാരിക പ്രവർത്തനങ്ങളുടെ വളർച്ചയും വികാസവും മുരടിപ്പിക്കുന്നതിനു കാരണമായി.

പ്രൊഫഷണൽ നാടകരംഗത്തേക്ക് വളർന്ന അന്തരിച്ച ശ്രീ. ബാലൻ അയ്യമ്പിള്ളിയുടെയും ചന്ദ്രൻ മാസ്റ്ററുടേയും നേതൃത്വത്തിൽ രൂപംകൊടുത്ത 'റിബൽസ് അയ്യമ്പിള്ളി'യെന്ന നാടകസമിതി കലാസാംസ്ക്കാരിക രംഗത്തേക്കുള്ള ആശാവഹമായ ചുവടുവെയ്പ്പായിരുന്നെങ്കിലും ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ പ്രവർത്തനം നിലച്ചുപോയി. നേതാജി മെമ്മോറിയൽ വായനശാല, സീഗോഡ് വായനശാല സിതാര വായനശാല എന്നീ വായനശാലകളും പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു.

പഞ്ചായത്തിലെ പ്രധാന ഉത്സവങ്ങളിൽ ഏറ്റവും സവിശേഷതയുള്ളത് പള്ളത്താം കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ ഉത്സവമാണ്. ഉദ്ദേശം 700 വർഷത്തിലേറെ പഴക്കമുള്ള ഈ ക്ഷേത്രത്തിലെ താലപ്പൊലി മഹോത്സവത്തോടനുബന്ധിച്ചു നടക്കുന്ന ചൂട്ടുപടയണി, വേല, ആൾതൂക്കം എന്നിവ ജില്ലയിലെതന്നെ അപൂർവ്വം ആചാരാനുഷ്ഠാനങ്ങളിൽപ്പെടുന്നു. മകരമാസത്തിലെ പൂയം നാളിൽ നടക്കുന്ന കാവടി ഘോഷയാത്രയും ശ്രദ്ധേയമാണ്. ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടമിരോഹിണി നാളിൽ നടക്കുന്ന ചടങ്ങുകളോടെ ഗൗഡ സാരസ്വത ബ്രാഹ്മണരുടെ ഉത്സവം ആരംഭിക്കുന്നു.

മറ്റുപ്രധാനപ്പെട്ട ക്ഷേത്രങ്ങൾ അയ്യമ്പിള്ളി ശിവക്ഷേത്രം, ചെറുവൈയ്പ് ധർമ്മശാസ്താ ക്ഷേത്രം, കുഴുപ്പിള്ളി ശിവക്ഷേത്രം എന്നിവയാണ്. ഉത്സവത്തോടുബന്ധിച്ചുള്ള കലാപരിപാടികളിൽ ക്ലാസ്സിക്കൽ കലകളും ക്ഷേത്രകലകളായ, ഓട്ടൻ തുള്ളൽ, കുറത്തിയാട്ടം, എന്നിവയും അവതരിപ്പിക്കുന്നു. പഴമ്പിള്ളി ശ്രീ ഭഗവതിക്ഷേത്രം തറവട്ടത്തുള്ള രുധിരമാലാ ഭഗവതിക്ഷേത്രം, ചെറുവൈയ്പ് സുബ്രഹ്മണ്യ സ്വാമിക്ഷേത്രം എന്നിവിടങ്ങളിലും ഉത്സവാഘോഷങ്ങൾ നടത്തിവരുന്നു.

പ്രധാനക്ഷേത്രോത്സവങ്ങളിലെല്ലാം നാനാ ജാതിമതസ്ഥർ ഒത്തൊരുമയോടെ പങ്കെടുക്കുന്നു.

ജാക്കോബായ വിഭാഗക്കാരുടെ സെന്റ് ജോൺസ് പള്ളി അതിപുരാതനമായ ദേവാലയമാണ് പുരാതന വാസ്തു ശില്പ രീതിയിലാണ് ഇതിന്റെ നിർമ്മാണം ജനുവരി

മാസത്തിൽ പെരുന്നാളോഘോഷം നടക്കുന്നു. കുഴുപ്പിള്ളി സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിലേയും ചെറുവൈപ്പ് അമലോത്ഭവ മാതാ ദേവാലയത്തിലെയും പെരുന്നാളോഘോഷങ്ങൾ ഉത്സവപ്രതീതി സൃഷ്ടിക്കുന്നു.

ഉടുക്കുപാട്ട്, കൈകൊട്ടിക്കളി, ഭീമൻകഥ (കഥകളിയുടെ അനുബന്ധരൂപം) എന്നിവയാണ് പഞ്ചായത്തിലെ നാടൻ കലകൾ. ഇതിൽ 'ഭീമൻ കഥ' എന്ന കലാരൂപം നിലച്ചുപോയി.

പത്രമാസികകളുടെ ആദ്യപ്രചാരകേന്ദ്രം എസ്.പി. മുഖർജി വായനശാലയാണ്. കേരളത്തിന്റെ സാംസ്കാരിക മുന്നേറ്റത്തോടെ പലവീടുകളിലും പത്രമാധ്യമങ്ങൾ എത്തിത്തുടങ്ങി. 600 പത്രങ്ങൾ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. 400 ടെലിവിഷനുകളും 96 കേബിൾ ടി.വി. കണക്ഷനുകളുള്ള കുടുംബങ്ങളുമുണ്ട് പഞ്ചായത്തിൽ ഒരു സിനിമാ തിയേറ്റർ പ്രവർത്തിക്കുന്നു. വനിതകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് എസ്. പി. മുഖർജി സ്മാരക ഗ്രന്ഥശാലയുടെ നേതൃത്വത്തൽ ഗ്രാമീണ പുസ്തകവിതരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പദ്ധതി മുടങ്ങിക്കിടക്കുകയാണിപ്പോൾ. പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയും വായനശാലയും സാംസ്ക്കാരിക രംഗത്ത് മികച്ച സംഭാവനയാണ് നൽക്കുന്നത്. എസ്.പി. മുഖർജി വായനശാലയുടേയും ഗ്രന്ഥശാലയുടേയും പ്രവർത്തനങ്ങളും വലപ്പെട്ടതാണ്.

ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെ വിതരണം ചെയ്യുന്ന 'വിഭവങ്ങൾ' നമ്മുടെ സാംസ്ക്കാരികത്തനിമയെ പുറകോട്ടടിപ്പിക്കുകയും പുതിയ തലമുറയെ പ്രവർത്യുന്മുഖ പാതയിൽനിന്നും പിന്തിരിപ്പിക്കുകയും ചെയ്യുന്നു. ഇന്ന് ഒരു കുടുംബത്തിന്റെ ഒരു ദിവസം ആരംഭിക്കുന്നതു തന്നെ ടി.വി. പ്രോഗ്രാമുകളെ അടിസ്ഥാനപ്പെടുത്തിയാണെന്ന ഘട്ടത്തിലെത്തിനില്ക്കുന്നു. ശാസ്ത്രത്തിന്റെ നേട്ടമായ ടെലിവിഷൻ പരിപാടികൾ നാടിന്റെ സാമൂഹ്യ സാംസ്കാരിക ബന്ധപ്പെടുത്തി ചിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

കായിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ (ജിംനാസ്റ്റിക്, യോഗകായിക പരിശീലനത്തിനും വിനോദത്തിനും വേണ്ടിയുള്ള കളിസ്ഥലങ്ങൾ തുടങ്ങിയവക്കുവേണ്ടിയുള്ള ശ്രമങ്ങൾ അടിയന്തിര പ്രധാന്യമർഹിക്കുന്നു.

**പ്രശ്നങ്ങൾ**

1. വായനാശീലം കുട്ടികളിൽ വളർത്തിയെടുക്കുന്നതിൽ രക്ഷകർത്താക്കളുടെ അശ്രദ്ധ.
2. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരം.
3. തനത് നാടൻകലകളുടെ നാശം
4. കായിക വിനോദങ്ങൾക്ക് സൗകര്യമില്ല.

**സാധ്യതകൾ**

1. പഞ്ചായത്തിലെ രണ്ട് ഗ്രന്ഥശാലകളുടേയും പ്രവർത്തനങ്ങളുടെ നവീകരണം
2. പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പെരുന്നാളുകളിലും ജാതി മതഭേദമന്യേ ബഹുജന പ്രോത്സാഹനം.
3. കായിക വിനോദങ്ങൾക്ക് കളിസ്ഥലം കണ്ടെത്തൽ
4. ഗ്രാമീണ പുസ്തക വിതരണ പദ്ധതി പ്രോത്സാഹിപ്പിക്കുക.
5. മതസൗഹാർദ്ദം വളർത്തുന്ന പരിപാടികൾക്ക് സർവ്വ ജനങ്ങളുടേയും പിൻതുണ നേടിയെടുക്കുക.
6. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണം.

ഗ്രന്ഥശാലകൾ

| പേര് | സ്ഥാപന വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | ആനുകാലികങ്ങൾ | ദിനംപ്രതി വിതരണം |
|---|---|---|---|---|---|---|
| എസ്.പി. മുഖർജി സ്മാരക ഗ്രന്ഥശാല & വായനശാല അയ്യമ്പിള്ളി | 1953 | 343 | 8800 | എ | ദിനപ്പത്രം 3<br>വാരിക 11<br>മാസിക 12 | 60 |
| കുഴുപ്പിള്ളി പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം | 1993 | 265 | 950 | – | ദിനപത്രം 8<br>വാരിക 8<br>മാസിക – | 20 |

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യം 1965 ആണ്. മൊത്തം ജനസംഖ്യയുടെ 16 ശതമാനമാണിത്. നവോത്ഥാന ഭൂപരിഷ്ക്കരണ പ്രസ്ഥാനങ്ങളിലൂടെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കടന്നുവന്ന ഒരു ജനവിഭാഗമാണിത്. ഇവരിൽ ഭൂതകാലത്തിന്റെ ചങ്ങലക്കെട്ടുകൾ മുഴുവൻ ഇല്ലാതായി എന്ന് തീർത്തു പരയാറായട്ടില്ല അതുകൊണ്ടു തന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു ജന വിഭാഗമാണിത്. വിദ്യാഭ്യസം നേടി തൊഴിൽ ലഭിച്ചവരാണ് ഈ വിഭാഗത്തിൽസാമാന്യ നല്ല ജീവിത നിലവാരം പുലർത്തുന്നത്.

രണ്ട് IHDP കോളനികളിലുൾപ്പെടെ എല്ലാ സങ്കേതങ്ങളിലും കുടിവെള്ളവും വൈദ്യുതിയും എത്തിയിട്ടുണ്ടെങ്കിലും അടിസ്ഥാന ജീവിത സൗകര്യങ്ങൾ തൃപ്തികരമല്ല. പൊതുവിദ്യാഭ്യാസം നേടുന്നതിൽ ഇതര ജനവിഭാഗങ്ങൾക്കൊപ്പം ഈ സമൂഹവും എത്തിച്ചേർന്നിട്ടുണ്ട്. രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരികരംഗങ്ങളിൽ നേതൃസ്ഥാനങ്ങളിലെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

കാർഷിക രംഗത്തെ അഭിവൃദ്ധിക്ക് കഠിനാദ്ധ്വാനത്തിലൂടെ മികച്ച സംഭാവനകൾ നല്കിയിട്ടുള്ള ഈ ജനവിഭാഗം കാർഷികമേഖല നേരിടുന്ന തകർച്ചയിലൂടെ തൊഴിൽ പ്രതിസന്ധിനേരിടുന്നു. തൊഴിൽദിനങ്ങളുടെ കുറവും സാമൂഹ്യമാന്യതയും പുതിയ തലമുറയെ കാർഷിക വൃത്തിയിൽ നിന്നും അകന്നു പോകുവാൻ പ്രേരിപ്പിക്കുന്നു. കെട്ടിടനിർമ്മാണം മത്സ്യബന്ധനം തുടങ്ങിയ പുതിയ തൊഴിൽ മേഖലകളിലേക്കാണ് പുതുതലമുറ ആകർഷിക്കപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗക്കാരുടെ ഉന്നമനത്തിനുവേണ്ടി നടപ്പാക്കുന്ന പലപദ്ധതികളും ഫലപ്രദമാകുന്നില്ല. മറ്റ് പിന്നോക്ക ജനവിഭാഗങ്ങൾക്ക് വീടുപണിയുന്നതിന് 35000 രൂപധനസഹായമുള്ളപ്പോൾ കേവലം 15800 രൂപവരെയാണ് ഈ വിഭാഗങ്ങൾക്കുള്ളത്. വിവിധ ഏജൻസികളിലൂടെയുള്ള വികസന പദ്ധതികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു. ട്രൈസം പദ്ധതി പ്രകാരമുള്ള തൊഴിൽ പരിശീലനങ്ങൾ ഒന്നും തന്നെ പ്രയോജനപ്പെടുന്നില്ല. ക്ഷേമ പ്രവർത്തനങ്ങൾ കുറ്റമറ്റതല്ല.

യുവതി യുവാക്കൾക്ക് ട്രൈസം പദ്ധതി പ്രകാരമുള്ള ബുക്ക് ബൈന്റിംഗ്, വീവിംഗ്, കമ്പോസിംഗ്, ഇലക്ട്രീഷ്യൻ പ്ലംബിംഗ്, എന്നീ മേഖലകളിൽ പരിശീലനം കൊടുക്കുന്നുണ്ട്. ഭവന നിർമ്മാണിത്തനുള്ള വായ്പ കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം കിണർ നിർമ്മിക്കുന്നതിനുള്ള ധനസഹായം വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം കർഷകത്തൊഴിലാളി പെൻഷൻ എന്നിവയാണ് നടപ്പ് ക്ഷേമ പദ്ധതികൾ.

### പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത.
2. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സം.
3. ട്രൈസം പദ്ധതിപ്രകാരമുള്ള പരിശീലനത്തിന്റെ സമഗ്രതയില്ലായ്മ.
4. ആനുകൂല്യങ്ങൾ ഇടത്തട്ടുകാരിലൂടെ ചോർന്നുപോകുന്ന അവസ്ഥ.
5. കാർഷികത്തൊഴിലിന്റെ സാമൂഹ്യ മാന്യതയില്ലായ്മ.

### സാധ്യതകൾ

1. പദ്ധതി വിഹിതം ജനസംഖ്യാനുപാതികമായി നീക്കിവെക്കണം.
2. പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള പ്രത്യേക പദ്ധതികൾ.
3. സമഗ്രമായ ക്ഷേമ പ്രവർത്തനങ്ങൾ.
4. ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവൽകരണം.
5. അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം.

# വനിത

**ജനസംഖ്യ -വനിതകൾ: 6319. പുരുഷന്മാർ 5821**

**കു**ഴുപ്പിള്ളി പഞ്ചായത്തിലെ ജനസംഖ്യയിൽ 6319 വനിതകളാണുള്ളത്. ഇത് മൊത്തം ജനസംഖ്യയുടെ 54% വരും. ഈ പഞ്ചായത്തിലെ വനിതകളുടെ സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസ,തൊഴിൽ രംഗം പ്രശ്നങ്ങൾ ഇല്ല എന്നു തോന്നുമെങ്കിലും സസൂക്ഷ്മം നിരീക്ഷിച്ചാൽ ഇപ്പറഞ്ഞരംഗങ്ങളിലെല്ലാം വനിതകളുടെ നില ഏറെ മെച്ചമല്ല എന്നു കണാവുന്നതാണ്. പഴയകാലത്ത് മത്സ്യ, കാർഷിക, കയർ, കൈത്തറി മേഖലകളിലെ തൊഴിലിൽ ഏർപ്പെട്ട് കുടുംബം നയിച്ചിരുന്ന സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനു തുല്യമായിരുന്നുവെങ്കിൽ ഇന്ന് സ്ത്രീകൾ ഇത്തരം തൊഴിൽ രംഗത്തുനിന്നും പുറന്തള്ളപ്പെടുകയും തന്മൂലം സ്ത്രീകൾ പുലർത്തുന്ന വീടുകളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്തിരിക്കയാണ്. കുഴുപ്പിള്ളിപഞ്ചായത്തിലെ പൂർവ്വകാലചരിത്രത്തിലും പുതിയ കാലഘട്ടത്തിലും സാമൂഹ്യ,രാഷ്ട്രീയ രംഗത്ത് എടുത്തുപറ യാവുന്ന സ്ത്രീകൾ ആരും തന്നെയില്ല. വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ നില മെച്ചമാണെങ്കിലും വിദ്യാഭ്യാസം നേടുന്ന സ്ത്രീകൾ കുടുംബ ജീവിതത്തിൽ ഒതുങ്ങി ജീവിക്കുന്നതല്ലാതെ നേടിയ വിദ്യാഭ്യാസം കൊണ്ട് സാമൂഹ്യ പദവിയിലേക്ക് ഉയരാൻ ശ്രമിക്കുന്നില്ല. പുതിയതലമുറയിലെ സ്ത്രീകളിൽ ആരും തന്നെ പരമ്പരാഗത തൊഴിൽ മേഖലയിലേക്ക് കടന്നുവരുന്നില്ല. രണ്ടു വായന ശാലകൾ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ടെ ങ്കിലുംഅത് ഉപയോഗിക്കുന്ന വനിതകളുടെ എണ്ണം മെച്ചമല്ല. ഒട്ടുവളരെ രാഷ്ട്രീയ, സന്നദ്ധ സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിലൊക്കെയുള്ള വനിതകളുടെ പ്രാതിനിധ്യം തുലോം കുറവാണ്. രാഷ്ട്രീയ, സന്നദ്ധ സംഘടനകളിലേക്ക് വനിതകളെ കൊണ്ടുവരാനുള്ള തീവ്രശ്രമം പുരുഷന്മാരുടെ ഭാഗത്തുനിന്നും ഇല്ല എന്നുള്ളതും എടുത്തു പറയേണ്ട സംഗതിയാണ്. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ കാര്യങ്ങൾ സ്ത്രീകൾക്കു ചെയ്യാൻ കഴിയുമെങ്കിലും ഗൃഹഭരണത്തിന്റെ ഭാരിച്ച ചുമതല മൂലം ഇക്കാര്യത്തിൽ സ്ത്രീകൾക്ക് വേണ്ടത്ര ശ്രദ്ധപതിപ്പിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലെ ശുദ്ധജലക്ഷാമവും സ്ത്രീകളുടെ ജീവിതഭാരവും തമ്മിൽ ഏറെ ബന്ധമുണ്ട്. വനിതാസംഘടനകൾക്ക് പ്രവർത്തിക്കാനുള്ള അന്തരീക്ഷം ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും വനിതകൾ അതു ശ്രദ്ധിക്കുന്നില്ല. ആരും തന്നെ നേതൃത്വ തലത്തിലേക്ക് ഉയർന്നുവരുന്നില്ല. ടെലിവിഷന്റെ വ്യാപനം വനിതകളുടെയും അതിലൂടെ കുടുംബത്തിന്റെയും ചെറുതായൊന്നുമല്ല ബാധിച്ചിരിക്കുന്നത്. സ്ത്രീപീഡനം ഈ പഞ്ചായത്തിൽ ഇല്ല എന്നു പറയാമെങ്കിലും മാറിവരുന്ന ചുറ്റുപാടിൽ നമ്മുടെ പഞ്ചായത്തിനെയും ഇതിന്റെ ദോഷം ബാധിക്കാനുള്ള സാധ്യതയുണ്ട് എന്നറിഞ്ഞ് കലേകൂട്ടി പ്രവർത്തിക്കേണ്ടതാണ്.

കാലത്തിനനുസരിച്ചുള്ള മാറ്റം വിദ്യാഭ്യാസ രംഗത്ത് വനിതകളുടെ കാര്യത്തിൽ ഈ പഞ്ചായത്തിലും പ്രതിഫലിക്കുന്നുണ്ട്. മുൻകാലങ്ങളിൽ വനിതകൾ വിദ്യാഭ്യാസ രംഗത്ത് ഏറെ പിൻനിരയിലായിരുന്നുവെങ്കിൽ ഇന്ന് പുരുഷന്മാക്ക് ഒപ്പവും ചിലപ്പോൾ അതിലേറെയും മുന്നോക്കമായ അവസ്ഥയിൽ സ്ത്രീകൾ എത്തിയിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയം പോലുള്ള വിദ്യാഭ്യാസ രംഗത്തും പുതിയ തലമുറയിലെ പെൺകുട്ടികൾ ആൺകുട്ടികൾക്കൊപ്പം ഉണ്ട്. ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ മാത്രമേയുള്ളു. അത് ക്രിസ്തീയ സഭ നടത്തുന്ന പെൺകുട്ടികൾക്കു മാത്രമായ ഹൈസ്കൂളാണ് എന്ന് എടുത്തു പറയേണ്ട കാര്യമാണ്. ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം പെൺകുട്ടികളും ഈ സ്ത്രീ പള്ളിക്കൂടത്തിലാണ് പഠനം നടത്തുന്നത്. ഇതു കൂടാതെ ഹൈസ്കൂൾ പ ഠനത്തിനായി പെൺകുട്ടികൾ

തൊട്ടടുത്ത പഞ്ചായത്തിലെ ഹൈസ്കൂളുകളിലും പോകുന്നു. ഈ പെൺപള്ളിക്കൂടത്തിലെ എസ്.എസ്.എൽ.സി. വിജയശതമാനം ഏറെ ഉയർന്നതും 95% ത്തിൽ അപ്പുറവും ചിലപ്പോൾ 100% വും എത്തുന്നു. എസ്.എസ്.എൽ.സി കഴിയുന്ന പെൺകുട്ടികൾ നല്ലൊരു ശതമാനം ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ ഒട്ടുവളരെ പെൺകുട്ടികൾ ഈ പഞ്ചായത്തിൽ ഉണ്ട്. നേഴ്സിങ്, ടീച്ചിംഗ്, സഹകരണബാങ്കിങ് മേഖല തുടങ്ങിയ തൊഴിൽ രംഗങ്ങളാണ് പുതിയ തലമുറയിലെ പെൺകുട്ടികളെ കൂടുതലായി ആകർഷിക്കുന്നത്. എന്നാൽ നേഴ്സിങ്ങിൽ താഴെ തട്ടിലുള്ള മേഖലയിലും ടീച്ചിങ്ങിൽ സ്കൂൾ തലത്തിലും ബാങ്കിംഗ് മേഖലയിൽ സഹകരണബാങ്കിലെ ക്ലറിക്കൽ തസ്തികയിൽ ഇവരുടെ കഴിവുകൾ ഒതുങ്ങുന്നു. നേഴ്സിംഗ് രംഗത്ത് ഉന്നതമേഖലകൾ കൈയടക്കാൻ പറ്റിയ ബി.എസ്.സി നഴ്സിംഗ്, ടീച്ചിങ് മേഖലയിൽ കോളേജ് തലം, ബാങ്കിംങ് മേഖലയിൽ ഓഫീസർ തസ്തി കകൾ എന്നിവയിലേക്ക് സ്ത്രീകൾ കടന്നു വരുന്നില്ല. പഠനരംഗത്ത് കഴിവുകൾ തെളിയിക്കുന്ന പെൺകുട്ടികൾ ഉണ്ടെ ങ്കിലും മേൽപറഞ്ഞ ഉന്നതതലത്തിലേക്ക് പെൺകുട്ടികൾ അവരുടെ കഴിവുകൾ വികസിപ്പിക്കുന്നില്ല. ഡോക്ടർ, എൻജിനീ യറിങ്, നിയമം, ക്രമസമാധാനം തുടങ്ങിയ മേഖലയിലേക്ക് നാമമാത്രമായി പെൺകുട്ടികൾ കടന്നുവരുന്നുണ്ടെങ്കിലും പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് ഏറെ ശുഷ്കമാണ്. വൈപ്പിൻകരയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല എന്നത് പെൺകുട്ടികളുടെ കഴിവുകളുടെ വികാസത്തിന് ഏറെ നാളായി നിലനിൽക്കുന്ന പ്രതിബന്ധമാണ്. പെൺകുട്ടികൾ അവരുടെ വിദ്യാഭ്യാസ പരമായ കഴിവുകൾ അവരുടെ വിവാഹ ത്തോടെ അവസാനിപ്പിക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്.

ആരോഗ്യരംഗത്ത് പുരുഷ വനിത അന്തരം ഏറെ വലുതല്ല. പോഷകാഹാരക്കുറവ്, പകർച്ചവ്യാധികൾ എന്നിവ സ്ത്രീകളെ മാത്രമായി കൂടുതലായി ബാധിക്കുന്നതായി കാണുന്നില്ല. എന്നാൽ കടപ്പുറം, കോളനികൾ എന്നീ മേഖലകളിൽ സ്ത്രീകളുടെ ആരോഗ്യാവസ്ഥ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു മോശമാണ്. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ മെച്ചമായ വിദ്യാഭ്യാസം മെച്ചമായ ആരോഗ്യം കാത്തുസൂക്ഷിക്കാൻ സഹായിക്കുന്നുണ്ട്. എന്നാൽ ആരോഗ്യരംഗത്തെ ആഴത്തിൽ പരിശോധിച്ചാൽ രോഗാതുരത സ്ത്രീകളിൽ ഏറെയുണ്ട്. ഒരു സ്ഥായിയായ ആരോഗ്യനില തുടർന്നു പോകുന്നുണ്ടെങ്കിലും ആരോഗ്യനില മെച്ചപ്പെടുത്താൻ സഹായിക്കുന്ന ആരോഗ്യപ്രവർത്തനങ്ങൾ ഏറെയൊന്നും പഞ്ചായത്തിലില്ല. അംഗൻവാടികൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കും നാമമാത്രമായ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട് എന്നതൊഴിച്ചാൽ സർക്കാരിന്റേയോ സന്നദ്ധ സംഘടനകളുടെ ഭാഗത്തുനിന്നോ വനിതകളുടെ ആരോഗ്യസംരക്ഷണത്തിനായി ഒന്നും തന്നെ ചെയ്യുന്നില്ല. കടപ്പുറം, ലക്ഷംവീട് കോളനികൾ എന്നീ മേഖലകളിൽ പ്രത്യേക വനിതാ ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. എന്നാൽ അതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല.

ഈ പഞ്ചായത്തിലെ സാധാരണക്കാരുടെ ആശാകേന്ദ്രമാണ് അയ്യമ്പിള്ളി സർക്കാർ ആശുപത്രി.എന്നാൽ ഈ ആശുപത്രിയിൽ പ്രസവസംബന്ധമായതും മററുമായ ചികിത്സക്കുവേണ്ടി ഒരു ഗൈനക്കോളജിസ്ററ് ഇല്ല. വർഷങ്ങളായുള്ള ഈ പ്രശ്നം ഇതു വരെ പരിഹാരമായിട്ടില്ല. ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം സ്ത്രീകളും ഈ പഞ്ചായത്തിലും അകലെ സ്ഥലങ്ങളിലുമുള്ള സ്വകാര്യ ആശുപത്രികളെയാണ് ഇത്തരം ചികിത്സകൾക്കായി സമീപിക്കുന്നത്.

സ്ത്രീകളുടെയും കുട്ടികളുടെയും സംബന്ധമായ ആരോഗ്യബോധവത്കരണം നടത്താൻ പറ്റിയ രാഷ്ട്രീയ സന്നദ്ധ വനിതാ സംഘടനകൾ ഏറെ ഉണ്ടെങ്കിലും ഇത്തരം ബോധവത്കരണ പ്രവർത്തനങ്ങൾ നാമമാത്രമായി പോലും പഞ്ചായത്തിൽ നടക്കുന്നില്ല. വനിതകൾ ശ്രമിച്ചാൽ വനിതകൾക്കായുള്ള ആരോഗ്യ രംഗത്തെ ഒട്ടുവളരെ പ്രവർത്തനങ്ങൾ നടത്താനുള്ള വനിതാ സംഘടനകളെ രൂപീ കരിക്കാൻ സാധിക്കും. സ്ത്രീകളെ മാത്രം കൂടുതലായി ബാധിക്കുന്ന രോഗങ്ങളെക്കു റിച്ചറിയാനും പൊതുവിലുള്ള സ്ത്രീകളുടെ ആരോഗ്യനില കണ്ടെത്താനും പറ്റിയ ആരോഗ്യ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ നാമമാത്രമായി പോലും പഞ്ചായത്തതൃത്തിയിൽ നടക്കുന്നില്ല.

ഈ പഞ്ചായത്തിൽ തൊഴിൽ രംഗത്തെ വനിതകളുടെ നില ഏറെ മെച്ചമല്ല. തൊഴിൽ രംഗത്തുള്ള വനിതകൾ ഭൂരിപക്ഷവും പരമ്പരാഗത തൊഴിൽ മേഖലകളായ മത്സ്യം, കൃഷി, കയർ എന്നീ മേഖലകളിലാണ്. മുൻകാലങ്ങളിൽ ഈ മേഖലകളിൽ പുരുഷന്മാർക്കൊപ്പം വനിതകൾ ഉണ്ടായി രുന്നു. അന്നുകാലത്ത് കുടുംബ വരുമാനത്തിന്റെ നല്ലൊരു ഭാഗം സ്ത്രീ തൊഴിലാളികളുടെ സംഭാവനയായിരുന്നു. ഇന്ന് ഇത്തരം പരമ്പരാഗത മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദാഭ്യാസം നേടിവരുന്ന പുതിയ തലമുറ പരമ്പരാഗത തൊഴിൽ രംഗത്തേക്ക് നാമമാത്രമായിപ്പോലും കടന്നു വരുന്നില്ല. വിദ്യാഭ്യാസം നേടിയ വനിതകൾ നേഴ്സിങ്, ടീച്ചിങ്, സഹകരണമേഖല തുടങ്ങിയ തൊഴിൽ മേഖലകളിലേക്കാണ് ആകർഷിക്കപ്പെടുന്നത്.പന്ത്രണ്ട് അംഗൻവാടികളും രണ്ട് ബാലവാടികളും ഈ പഞ്ചായത്തിൽ ഉണ്ട്. ഇവിടെയുള്ള ടീച്ചർമാരും സഹായിയും വനിതകൾ തന്നെയാണ്. ഈ പഞ്ചായത്ത് അതിർത്തിയിലുള്ള രണ്ടു വായനശാലകളിലും ലൈബ്രേറിയ തസ്തികയിൽ സ്ത്രീകളാണ് നിയമിക്കപ്പെട്ടിരിക്കുന്നത്.

പരമ്പരാഗത തൊഴിൽരംഗത്ത് സ്ത്രീ തൊഴിലാളികളുടെ കൂലി പുരുഷന്മാരേക്കാൾ കുറവാണ്. കെട്ടിടനിർമ്മാണം മുതലായ തൊഴിൽരംഗത്ത് സ്ത്രീകൾക്ക് ആവശ്യമായ വൈദഗ്ദ്യം നൽകപ്പെടുന്നില്ല. മത്സ്യരംഗത്ത് ചെമ്മീൻ പീലിങ് മത്സ്യക്കച്ചവടം തുടങ്ങിയ മേഖലകളിലാണ് സ്ത്രീ തൊഴിലാളികൾ ഉള്ളത്. പീലിങ് മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ തൊഴിലിൽ ഒരു തരത്തിലുള്ള സ്ഥിരതയും ഇല്ല. മാത്രമല്ല. പീലിങ് മേഖലയിൽ സ്ത്രീകളുടെ ആരോഗ്യം സംബന്ധമായ കാര്യം അവഗണിക്കപ്പെടുകയാണ്.

കയർ, കൈത്തറി തുടങ്ങിയ സ്ത്രീകൾക്കു മുൻഗണനയുള്ള പരമ്പരാഗത മേഖലകൾ ഈ പഞ്ചായത്തിൽ അന്യം നിന്നു കൊണ്ടിരിക്കുകയാണ്. പടക്ക നിർമ്മാണവുമായി ബന്ധപ്പെട്ട വിരലിലെണ്ണാവുന്ന വനിതകൾ ഉണ്ട്. പരമ്പാരഗത തൊഴിൽ മേഖലകൾ സംരക്ഷിക്കാനും ഈ മേഖലയിലേക്ക് കൂടുതൽ വനിതകളെ ആകർഷിക്കാനും വേണ്ട ഒരുക്കങ്ങൾ നടത്തേണ്ടതാണ്.

ഗൃഹ ഭരണത്തിൽ വീട്ടുവേലകൾ പൂർണ്ണമായും സ്ത്രീകളുടെ ചുമലിൽ തന്നെയാണ്. വീട്ടുവേലയിൽ സത്രീകളെ പുരഷന്മാർ സഹായിക്കുന്ന പ്രവണത ഇവിടെ ഏറെ കുറവുതന്നെയാണ്.

പുരുഷന്മാരേക്കാൾ കൂടുതലാണ് ഈ പഞ്ചായത്തിൽ വനിതകളുടെ എണ്ണം. വിദ്യാഭ്യാസകാര്യത്തിലും വനിതകൾ പുരുഷന്മാർക്കൊപ്പം നിൽക്കുന്നു. എന്നാൽ ഇവയ്ക്ക് ആനുപാതികമായരീതിയിൽ വനിതകൾ സാമൂഹ്യ-രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരുന്നില്ല. പഞ്ചായത്തിൽ വിവിധ സമുദായ്ങ്ങളുടെ 5 വനിതാസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംഘടനകളിലെ വനിതകൾ അതതു സംഘടനകളിലെ ചുരുങ്ങിയ പ്രവൃത്തികളിൽ ഒരുങ്ങിനിൽക്കുകയാണ്. പുതിയ പഞ്ചായത്തീരാജ് നിയമം അനുസരിച്ച്

രൂപീകരിക്കപ്പെട്ട ജില്ലാ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ 5 വനിതാ പ്രതിനിധികൾ ഉണ്ട്. ഇതിൽ ഗ്രാമപഞ്ചായത്തിൽ 3 പ്രതിനിധികളും ജില്ലാ, ബ്ലോക്ക് തലത്തിൽ ഓരോ പ്രതിനിധികളും ആണുള്ളത്.

പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ സംഘടനകൾക്ക് വനിതാ യൂണിറ്റുകൾ ഉണ്ട്. ഇവയിലൂടെ വനിതകൾ പൊതുരംഗത്ത് നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ അയ്യമ്പിള്ളി യൂണിറ്റിൽ വനിതാ പ്രവർത്തകർ ഉണ്ട്.

മഹിളാ സമാജങ്ങൾ, മറ്റ് സംഘടനകളിലെ വനിതാ യൂണിറ്റുകൾ എന്നിവയിൽ വനിതകളുടെ പ്രവർത്തനം എടുത്തു പറയാവുന്ന രീതിയിലല്ല. വനിതകൾ നല്ലൊരു ശതമാനവും ഗൃഹഭരണകാര്യങ്ങളിൽ ഒതുങ്ങി നിൽക്കുന്നതിനാൽ സാമൂഹ്യ പ്രവർത്തനത്തിലേക്ക് വനിതകൾ കടന്നുവരുന്നില്ല. വിദ്യാഭ്യാസം നേടിയ വനിതകൾ പോലും സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവരുന്നില്ല. സാമൂഹ്യ പ്രവർത്തനരംഗത്തേക്ക് കടന്നു വരാനുള്ള വൈമുഖ്യം സ്ത്രീകളിൽ നിന്ന് ഇപ്പോഴും മാറിയിട്ടില്ല. ടെലിവിഷന്റെ വ്യാപനം വനിതകളെ സാംസ്കാരികമായി പിന്നോട്ടാണോ മുന്നോട്ടാണോ നയിക്കുന്നത് എന്ന് പഠനം നടത്തേണ്ടതാണ്.

സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിനായി ഗ്രാമീണ പുസ്തകപ്രചാരണം നടന്നുവരുന്നുണ്ട് സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനും സ്ത്രീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ത്രീകൾ തന്നെ സ്വയം രംഗത്ത് വരുന്ന സമ്പ്രദായം പരിമിതമാണ്.

**പ്രശ്നങ്ങൾ**

സാമൂഹ്യ - സാംസ്കാരിക രംഗത്തേക്ക് സ്ത്രീകൾ ഉത്സാഹ പൂർവ്വം കടന്നുവരുന്നില്ലാ. സ്ത്രീ സംഘടനകൾ പോലും പുരുഷന്മാരുടെ നിയന്ത്രണത്തിലും നിർദ്ദേശത്തിലുമാണ് പ്രവർത്തിക്കുന്നത്.

രാഷ്ട്രീയ-സന്നദ്ധസംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും കുറവ്.

സ്ത്രീകളുടെ തൊഴിലില്ലായ്മ.

തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനം.

സ്ത്രീകൾക്ക് കുറഞ്ഞകൂലി

തൊഴിലിൽ വേണ്ടത്ര പരിശീലനം ലഭിക്കായ്മ.

സ്ത്രീകൾക്ക് കുടംബജോലിയുടെ ഭാരം

ടെലിവിഷൻ വ്യാപനം വനിതകളുടെ ജീവിതത്തിലേക്ക് വരുത്തിയിരിക്കുന്ന കടന്നുകയറ്റം

പൊതുസ്ഥലങ്ങളിലും - തൊഴിൽ ചെയ്യുന്ന മേഖലകളിലും പ്രഥമിക സൗകര്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യമില്ലായ്മ.

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ സ്ത്രീകൾക്ക് ചെലുത്താവുന്ന പ്രവർത്തനങ്ങൾ

വിദ്യാലയങ്ങളിലെ പി.റ്റി.എ. കളിൽ സ്ത്രീകളുടെ പ്രാതിനിധ്യം

ഭരണ കേന്ദ്രങ്ങളിലെ സ്ത്രീകൾക്ക് ആവശ്യമായ പരിശീലനം

സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ഗർഭിണികൾക്ക് ആവശ്യമായ പരിചരണമില്ലായ്മ

ഗർഭിണികൾ അമിതമായി മരുന്നുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്

**സാധ്യതകൾ**

സ്ത്രീകൾ അധികമായി കടന്നുവരുന്ന പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണം.

തൊഴിൽ രംഗത്ത് സത്രീകൾക്ക് ആവശ്യമായ പരിശീലനം നല്കുന്ന പദ്ധതി.

സർവ്വീസ് സഹകരണ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യം.

സ്ത്രീസംഘടനകളെ പ്രോത്സാഹിപ്പിക്കൽ.

തൊഴിൽ രംഗത്ത് കൂലിഉൾപ്പെടെയുള്ള കാര്യങ്ങളിൽ സമത്വം.

സ്ത്രീധനം നല്കാൻ കഴിയാത്തതുമൂലം വിവാഹിതരാകാൻ കഴിയത്ത വനിതകളെ

വിവാഹ ജീവിതത്തിലേക്ക് നയിക്കൻ സഹായിക്കുന് പദ്ധതി.

സ്ത്രീകളുടെ കുടുംബജോലി ഭാരം കുറക്കുന്നതിന് ജോലിവിഭജനം

സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന

അങ്കൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ.

സ്ത്രീകളായുള്ള അധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടി.

കോളനികളിൽ മഹിളാസമാജങ്ങൾ (അങ്കൻനാടികളെ കേന്ദ്രീകരിച്ച്) രൂപീകരിച്ച് വനിതകളുടെ ആരോഗ്യ പരിപാലനം.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വനിതാ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ.

പഞ്ചായത്തിലെ ആശുപത്രികളിൽ വനിതകളുടെ ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേക സെൽ

ഉന്നത തൊഴിൽ മേഖലയിലേക്ക് വനിതകളെ ആകർഷിപ്പിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനം.

സ്ത്രീപുരുഷ സമത്വബോധം വളർത്താനുപകരിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

# സാമൂഹ്യക്ഷേമം

**കു**ഴുപ്പിള്ളി പഞ്ചായത്തിലെ ജനസമൂഹത്തിൽ എല്ലാവിഭാഗങ്ങളിലും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾ ഏറിയും കുറഞ്ഞും കാണപ്പെടുന്നു. ഐ. ആർ.ഡി.പി. പദ്ധതിപ്രകാരം നടന്ന കണക്കെടുപ്പനുസരിച്ച് 784 കുടുംബങ്ങളെയാണ് അർഹതയുള്ളവരായി കണ്ടെത്തിയിട്ടുള്ളത് എന്നാൽ അർഹതയുള്ളവരുടെ പട്ടിക ഇനിയും ഉൾപ്പെടുത്തേണ്ടിയിരിക്കന്നു. ആകെ. 129 കുടുംബങ്ങൾക്ക് ആനുകൂല്യം കിട്ടിയിട്ടുണ്ട് ഈ അനുപാതം വച്ചു നോക്കിയാൽ സർവ്വേ പ്രകാരം കണ്ടെത്തിയ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കണമെങ്കിൽ ഇനിയും 6 പദ്ധതികൾ വരെ കാത്തിരിക്കേണ്ടിവരും.

ഐ.ആർ.ഡി.പി. യിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തൊഴിൽ പരിശീലന പദ്ധതികളും വായ്പകളും സമഗ്രമായ പഠനത്തിനു വിധേയമാക്കി കാര്യക്ഷമമായി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

ഐ.ആർ.ഡി.പി. വായ്പകൾ പ്രത്യുൽപാദനപരമല്ലാത്ത മേഖലകളിൽ ഉപയോഗിക്കുകയും ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്നു. വിവിധ തൊഴിൽ പരിശീലന പദ്ധതികളിൽ 17 പേർ പരിശീലനം നേടിയെങ്കിലും ഓരാൾ മാത്രമേ സ്വയം തൊഴിൽ സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ളൂ. 'ട്രൈസം' തൊഴിൽ പരിശീലന പദ്ധതി ആനുകൂല്യം കൈപ്പറ്റുന്നതിനുവേണ്ടി മാത്രമാണോ ഉപയോഗപ്പെടുത്തന്നതെന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിൽ പരിശീലനം കഴിഞ്ഞവരെ അതാത് തൊഴിൽ മേഖലകളിലേക്ക് ആവശ്യമായ പരിരക്ഷകളോടെ തിരിച്ചുവിടുകയും തുടർച്ചയായ പരിശോധനാ സംവിധാനങ്ങളും മറ്റ് സഹായങ്ങളും ലഭ്യമാക്കുകയും വേണം. എങ്കിൽ മാത്രമേ ഇത്തരം തൊഴിൽ സംരംഭങ്ങൾ പ്രത്യുൽപാദനപരമാക്കുകയുള്ളു. നേടിയ തൊഴിൽ വൈദഗ്ധ്യം പ്രയോജനപ്പെടുത്താത്തവരെ കണ്ടെത്തി തൊഴിൽ മേഖലകളിലേക്ക് തിരിച്ചുകൊണ്ടുവരണം.

D.W.C.R.A.പദ്ധതിപ്രകാരം നാല് വനിതകൾ ചേർന്ന് 94–95–ൽ രജിസ്റ്റർ ചെയ്ത ഡയറി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബ്ലോക്ക് തല മഹിളാ സമാജത്തിന്റെ കീഴിൽ അച്ചാറുകൾ, പഴസംസ്കരണം എന്നിവയുടെ ഒരു യൂണിറ്റ് ബ്ലോക്കിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വനിതകളാണ് ഇവിടെ പ്രവർത്തിക്കുന്നത്.

സർവ്വേപ്രകാരം 41 ഗ്രാമീണ കൈത്തൊഴിലുകാരെ കണ്ടെത്തിയെങ്കിലും കേവലം 3 പേർക്ക് മാത്രമാണ് പ്രോൽസാഹനം ലഭിച്ചിട്ടുള്ളത്.

വിവിധ പെൻഷൻ പദ്ധതികളിലൂടെ ധനസഹായം കിട്ടുന്നവരുടെ പട്ടികതാഴെക്കൊടുക്കുന്നു.

| ധനസഹായത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| വിധവപെൻഷൻ | 27 |
| വികലാംഗപെൻഷൻ | 21 |
| വാർദ്ധക്യകാലപെൻഷൻ | 15 |

ഗ്രാമ സഭകളിൽ നിന്നും വന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വളരെയധികം പേർക്ക് വിവിധ ക്ഷേമ പദ്ധതികളിലൂടെയുള്ള സഹായധനം കിട്ടേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 12 അംഗൻ വാടികളും, 2 ബാലവാടികളും പ്രവർത്തിക്കുന്നു. ഇവക്ക് പ്രാഥമിക സൗകര്യങ്ങളൊന്നുമില്ല. വാർഡുകളിലെ സമഗ്ര കുടുംബക്ഷേമ കേന്ദ്രങ്ങളായി അംഗനവാടികളുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. അംഗനവാടികളുടെ പ്രവർത്തനങ്ങളെ സഹായിക്കുവാൻ ക്ഷേമസമിതികളുടെ രൂപീകരണത്തിനു കഴിയും.

ട്രൈസം തൊഴിൽ പരിശീലന പദ്ധതിപ്രകാരം വിവിധ വാർഡുകളിൽ നിന്നും പരിശീലനം നേടിയവരുടെ എണ്ണം (95–96).

| വാർഡ് | പരിശീലനത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | ബുക്ക് ബൈൻറിംഗ് | 1 |
| 2. | വീവിംഗ്, ബിക്ക്ബൈന്റിംഗ് | 3 |
| 3 | കംപോസിങ്ങ്, നെയ്ത്ത് | 3 |
| 4 | ഇലക്ട്രീഷ്യൻ, ബുക്ക്ബൈന്റിംഗ് പ്ലംബിങ്ങ് | 6 |
| 5 | – | – |
| 6 | – | – |
| 7 | കംപോസിങ്ങ്, നെയ്ത്ത | 4 |
| 8 | – | – |

**പ്രശ്നങ്ങൾ**

1. ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ വളരെ കുറച്ചുകുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ.
2. IRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരിഭാഗം പേർക്കും ആനുകൂല്യം കിട്ടുന്നില്ല.
3. അഴിമതി
4. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടിയവർ തൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുന്നില്ല.
5. കൈത്തൊഴിലുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിയില്ല.
6. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം.

**സാദ്ധ്യതകൾ**

1. സമഗ്രവും ശാസ്ത്രീയവുമായി IRDP ലിസ്റ്റ് സയ്യാറാക്കി മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നതിനുള്ള പരിപാടി.

2. ലിസ്റ്റിൽപ്പെട്ടവരെ വിലയിരുത്തുന്നതിനുള്ള ജനകീയ മോണിട്ടറിംഗ് സമിതി.

3. വനിതകൾക്കുവേണ്ടി 20 പുതിയ യൂണിറ്റുകൾ സ്ഥാപിക്കൽ.

# സഹകരണം

കേരളത്തിലെ സഹകരണപ്രസ്ഥാന ചരിത്രത്തിൽ വൈപ്പിൻകരക്ക് പ്രഥമസ്ഥാനം നൽകുന്നു. തൊട്ടടുത്ത എടവനക്കാട് പഞ്ചായത്തിൽ രൂപീകരിച്ച ഒന്നാം നമ്പർ സഹകരണ സംഘത്തിന്റെ രൂപീകരണം കുഴുപ്പിള്ളി പഞ്ചായത്തിലും സഹകരണ പ്രസ്ഥാനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി. പഞ്ചായത്തിൽ നിയമാനുസരണം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച E 138-ാം നമ്പർ കുഴുപ്പിള്ളി സർവ്വീസ് സഹകരണ സംഘം 1963 ആഗസ്റ്റ് മാസത്തോടെ പ്രവർത്തനം ആരംഭിച്ചു.

പ്രസ്തുത സംഘം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ്തന്നെ മറ്റ് സഹകരണസ്ഥാപനങ്ങൾ അറിഞ്ഞും അറിയാതെയും പ്രവർത്തിച്ചിരുന്നു. പക്ഷെ, ഗുണപരമായ മാറ്റങ്ങൾക്ക് വഴങ്ങാതെ ഈ സ്ഥാപനങ്ങൾ സ്വയം പ്രവർത്തനങ്ങൾ നിറുത്തിവെച്ചു. ഇതിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പും ചരിത്രപരമായ കടമയുമായിരുന്നു E 138-ാം നമ്പർ സംഘത്തിന്റെ രൂപീകരണം

1970 - 75 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ സഹകരണ സ്ഥാപനങ്ങൾ ഉദയം ചെയ്യുന്നത്. ചെറായി പ്രദേശത്തെ സഹോദരപ്രസ്ഥാനത്തിന്റെ അലയടികൾ കുഴുപ്പിള്ളിയിലുമുണ്ടായി. അന്നത്തെ സംഘം പ്രവർത്തനം ഡിപ്പാർട്ടുമെന്റിന്റെ കർശന നിർദ്ദേശം അനുസരിച്ചായിരുന്നു.

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

1. E138 കുഴുപ്പിള്ളി സഹകരണ ബാങ്ക്
2. E691, കുഴുപ്പിള്ളി ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം
3. E582, കുഴുപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം
4. DF (E) 93/92 കുഴുപ്പിള്ള് മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘം
5. F (E) 7/87 അയ്യമ്പിള്ളി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘം
6. കുഴുപ്പിള്ളി മത്സ്യത്തൊഴിലാളി വികസ ക്ഷേമസംഘം
7. വൈപ്പിൻ ബ്ലോക്ക് ഇന്റസ്ട്രിയൽ സഹകരണ സംഘം. LTD. S. IND (E) 117.
8. പ്രിയദർശിനി ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രിയിൽ സഹകരണ സംഘം

### ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ രണ്ട് ക്രെഡിറ്റ് സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. E 138 കുഴുപ്പിള്ളി സർവ്വീസ് സഹകരണ സംഘവും E 691 കുഴുപ്പിള്ളി ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘവും.

ഈ രണ്ട് സംഘങ്ങളിലും പൊതുവായുള്ള പ്രവർത്തനം വായ്പകൾ വിതരണം ചെയ്യലാണ്.

### വ്യവസായ സഹകരണ സംഘങ്ങൾ

12-3-78-ൽ പ്രവർത്തനമാരംഭിച്ച E582 കുഴുപ്പിള്ളി കയർ വ്യവസായ സഹകരണ സംഘവും, 96-ൽ പ്രവർത്തനമാരംഭിച്ച SIND E 117 വൈപ്പിൻ ബ്ലോക്ക ഇന്റസ്ട്രിയൽ സഹകരണ സംഘവും മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

സർക്കാരിന്റേയും ജില്ലാസഹകരണ ബാങ്കിന്റേയും തണലിൽ സ്വന്തം കെട്ടിടത്തിൽ രണ്ട് ജിവനക്കാരും 249 അംഗങ്ങളുമായുകയർ സംഘം പ്രവർത്തിക്കുന്നു. തൊണ്ട് മൂടുന്നതിന് സംഘത്തിന് സ്വന്തമായി സ്ഥലമുണ്ട് 7 യാഡുകൾ ഉള്ളതിൽ ഒരെണ്ണം വൈദ്യുതീകരിച്ചതാണ്.

കുഴുപ്പിള്ളി സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇന്റസ്ട്രിയൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം പ്രിന്റിംഗ് ജോലികൾ ഏറ്റെടുത്ത് നടത്തലാണ്. സംഘത്തിൽ രണ്ട് ജീവനക്കാരുണ്ട്.

### മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

മൂന്ന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതിൽ രണ്ടെണ്ണം ശൈശവാവസ്ഥയിലാണ്.

490

വിവരണ പട്ടിക

| സംഘത്തിന്റെ നമ്പർ | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ/ തൊഴിലാളികൾ | ഓഹരി മൂലധനം | ലാഭം |
|---|---|---|---|---|---|
| 1. E 138 | 1963 | 8153 | 10 | 14 Lakhs | loss. |
| 2. E 691 | 1979 | 1038 | 1 | 1.10 " | " |
| 3. E 982 | 1978 | 249 | 2 + 55 | 60880 | " |
| 4. F E / 7/ 87 EZ | 1987 | 210 | - | 42100 | " |
| 5. DF (E) 93 / 92 | 1992 | 383 | - | 33830 | " |

**തകർന്നുപോയ സംഘങ്ങളുടെ ചരിത്രം**

പഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രയിദർശിനി ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രിയൽ സഹകരണ സംഘത്തിന് സ്വന്തമായി കെട്ടിടവും സ്ഥലവുമുണ്ട്. ഏതാനും വർഷത്തെ പ്രവർത്തനത്തിനുശേഷം ഭരണ സമിതിയുടെ കെടുകാര്യസ്ഥതയെ തുടർന്ന് പ്രസ്തുത സംഘം നിശ്ചലമായി. കെട്ടിടവും വിലപിടിപ്പുള്ള തറികൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ഇപ്പോൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു.

E 138 കുഴുപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്

സംഘത്തിന്റെ പ്രഥമ അംഗമാണ് പതിയാംപറമ്പിൽ ശ്രീ. അയ്യപ്പൻകുഞ്ഞി നാരായണൻ.

1963-ൽ 210 അംഗങ്ങളുമായി ഒരു കൊച്ചു പീടികമുറിയിൽ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിലെ ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അന്നത്തെ പരിമിതമായ അറിവും സമ്പത്തും ഉപയോഗിച്ചുകൊണ്ട് ഒരു സഹകരണസ്റ്റോർ ആരംഭിച്ചുവെങ്കിലും കാലക്രമേണ നിലച്ചുപോയി. 1976 ആയപ്പോഴേക്കും സഹകരണപ്രസ്ഥാനം ജനകീയമായിക്കഴിഞ്ഞിരുന്നു. ആവർഷം മുതലാണ് നിക്ഷേപ സമാഹരണ പരിപാടിയുമായി സർക്കാരും സഹകരണ ബാങ്കും രംഗത്ത് വരുന്നത്. തുടർന്ന് വളർച്ചയുടെ പടവുകൾ കീഴടക്കിക്കൊണ്ട് ഈ സംഘം മുന്നോട്ട് പ്രയാണമാരംഭിച്ചു.

ഇന്ന് 8153 ആംഗങ്ങളും 14 ലക്ഷം രൂപ ഓഹരിമൂലധനവും 3.25 കോടി രൂപ നിക്ഷേപവുമായി ഈ പഞ്ചായത്തിലെ സാധാരണ ജനങ്ങളുടെ സാമ്പത്തിക നെടുംതൂണായി സംഘം തലയുയർത്തി നിൽക്കുന്നു.

എന്നിരുന്നാലും തൊഴിൽമേഖല വികസിപ്പിക്കുന്നതിൽ സംഘം ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ വിശകലനത്തന് വിധേയമാക്കേണ്ടതാണ്. അതോടൊപ്പംതന്നെ സംഘത്തിൽനിന്ന് എടുക്കുന്ന വായ്പകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്നുള്ളതും പഠന വിധേയമാക്കേണ്ടതാണ്.

ഡിപ്പാർട്ടുമെന്റിന്റെ അനുവാദത്തോടെ വേണം ഇപ്പോഴും ജനകീയ പദ്ധതികൾ പോലും ഏറ്റെടുത്ത് നടപ്പാക്കാനെന്നുള്ളത് സംഘത്തിന്റെ പരിമിതിയാണ്.

പ്രത്യേകതകൾ

രണ്ട് സഹകരണ സ്റ്റോറുകൾ
ഒരു ടെക്സറ്റയിൽ സ്റ്റാൾ
കർഷകരുടെ നാളികേരം ശേഖരിക്കുന്നു.
ഹോമിയോ ചികിത്സാ പദ്ധതി
മരണാനന്തര സഹായ പദ്ധതി
ഭവന പുനർനിർമ്മാണ പദ്ധതി തുടങ്ങിയ ഒട്ടേറെ പദ്ധതികൾ ജില്ലക്ക് മാതൃകയായി പ്രവർത്തിക്കുന്നു.

**പ്രശ്നങ്ങൾ**

1. അംഗങ്ങൾ വാർഷിക പൊതുയോഗങ്ങളിൽ അജണ്ട തീരുന്നതുവരെ പങ്കെടുക്കുന്നില്ല.
2. പുതിയ മേഖലകളിലേക്ക് കടന്നുകയറുവാനുള്ള ധൈര്യമില്ലായ്മ
3. ഡിപ്പാർട്ടുമെന്റിന്റെ അമിതമായ കടന്നുകയറ്റം
4. സഹകരണ മാനേജ്മെന്റിനെക്കുറിച്ചുള്ള അറിവില്ലായ്മ.
5. വായ്പകളുടെ സ്വഭാവത്തിനനുസരിച്ച് പലിശ ക്രമീകരിക്കുന്നില്ല.
6. അഴിമതി സ്വജനപക്ഷപാതം
7. സേവന മേഖലകളിൽ സഹ:ബാങ്കുകളുടെ പങ്കാളിത്തക്കുറവ്
8. പ്രാദേശികമായി ലഭിക്കുന്ന തൊണ്ടിന് ഗുണനിലവാരമില്ല
9. വേതനം കുറവായതിനാൽ തൊഴിൽ സംഘത്തിൽ നിന്നും തൊഴിലാളികൾ അകന്നുപോകുന്നു.
10. ഭവന നിർമ്മാണം കൈത്തറി നെയ്ത്ത് എന്നീ മേഖലകളിൽ സഹകരണ സംഘങ്ങളുടെ അഭാവം.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിൽ പുതിയ ഉപഭോക്തൃ വിപണന സംഘങ്ങൾ രൂപീകരിക്കുക.
2. ക്ഷീര സഹകരണസംഘം രൂപീകരിക്കുക
3. വനിതാ സഹകരണ സംഘത്തിന്റെ ആവശ്യകത
4. ബാങ്കുകളുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുക.
5. സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുക.
6. വാർഷിക ജനറൽ ബോഡിയിൽ സംഘത്തിലെ മുഴുവൻ അംഗങ്ങളും ക്രിയാത്മകമായി പങ്കെടുക്കുക.

492

# വിഭവ സമാഹരണം

വിഭവസ്രോതസ്സുകളുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കുഴുപ്പിള്ളി. കൃഷി, മത്സ്യമേഖല, കെട്ടിടനിർമ്മാണം, കച്ചവടം, ചെറുകിട വ്യവസായം, സേവനമേഖലകളിലും വിദേശത്തും പണിയെടുക്കുന്നവരുടെ വരുമാനം എന്നിവയാണ് പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ വരുമാനം.

പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൻെറയും ചെലവിൻെറയും പട്ടികകൾ (95-96) താഴെ കൊടുക്കുന്നു.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം<br>1 | ധനാഭ്യർത്ഥന<br>2 | പിരിച്ചത്<br>3 | ബാക്കി<br>4 |
|---|---|---|---|
| കെട്ടിട നികുതി | 164377.50 | 164377.50 | Nil |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 85451.00 | 85451.00 | Nil |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | 45592.78 | 45592.78 | Nil |
| അഡി. വിനോദ നികുതി | 27400.20 | 27400.20 | Nil |
| പ്രദർശന നികുതി | 2178.00 | 2178.00 | Nil |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ്ജ് | 544.50 | 544.50 | Nil |
| ചന്ത വരവ് | 5300.00 | 5300.00 | Nil |
| ലാൻറ് സെസ്സ് | - | - | - |
| ലൈസൻസ് ഫീസ് | 4868.00 | 4868.00 | Nil |
| കെട്ടിട നികുതി സർചാർജ്ജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 29763.00 | 29763.00 | Nil |
| വസ്തു കൈമാറ്റ നികുതി 25% | 100000.00 | 100000.00 | Nil |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 200112.02 | 200112.02 | Nil |
| സംഭാവന | - | - | - |
| ഡെപ്പോസിറ്റ് | 16410.00 | 16410.00 | Nil |
| മറ്റുള്ളവ | - | - | - |
| ആകെ | 681997.00 | 681997.00 | Nil |

## ചെലവ് സംബന്ധിച്ച വിവരം

| ഇനം | തുക |
|---|---|
| ഭരണം | 458563.00 |
| പൊതുമരാമത്ത് | 368866.00 |
| വിദ്യാഭ്യാസം | 12558.00 |
| ഓടകൾ, പൊതുജനാരോഗ്യം | 1004.00 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് | 63481.00 |
| മറ്റുള്ളവ | 119718.50 |
| ശുദ്ധജല വിതരണം | 99000.00 |
| ആകെ | 1123190.50 |

## പഞ്ചായത്തിൻെറ തനത് വരുമാനം

| ഇനം | തുക |
|---|---|
| ചന്ത | 10600.00 |
| ഫലവൃക്ഷങ്ങൾ | 12981.25 |
| മറ്റുളളവ (തോടുകളിലെ ചമ്പാദായം) | 121538.00 |
| കെട്ടിട നികുതി | 164377.50 |
| തൊഴിൽ നികുതി | 85451.00 |
| വിനോദ നികുതി | 45592.78 |
| അഡീഷണൽ വിനോദനികുതി | 27400.20 |
| പ്രദർശന നികുതി | 2178.00 |
| പ്രദർശന നികുതിയിൻമേൽ സർചാർജ്ജ് | 544.50 |
| ലൈസൻസ് ഫീസു് | 4868.00 |
| ആകെ | 475531.23 |

മേൽ കാണിച്ചിരിക്കുന്ന പട്ടിക പ്രകാരം പഞ്ചായത്തിൻെറ ധനസ്ഥിതി കമ്മിയാണ്. ദൈനം ദിന പ്രവർത്തനങ്ങൾ പോലും മുന്നോട്ടു കൊണ്ടു പോകുന്നത് സർക്കാരിൻെറ ഗ്രാൻറുകളെ ആശ്രയിച്ചാണ്. പഞ്ചായത്തിൻെറ തനത് വരുമാനം 475531 രൂപ 23 പൈസയും, ഭരണ ചെലവുൾപ്പെടെയുളള നിത്യ നിതാന ചെലവുകൾ 1123190 രൂപ 50 പൈസയുമാണ്.

കെട്ടിട നികുതി നിർണ്ണയിക്കുന്നതിലെ മാനദണ്ഡത്തിൽ കടന്നുകൂടിയിട്ടുളള അപാകത കൾ പരിഹരിച്ചു് കുറ്റമറ്റതാക്കേണ്ടതാണ്.

## കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ

| വാർഡു് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയിലുളളവ | കോൺക്രീറ്റ് | ഓടു് | ഓല |
|---|---|---|---|---|---|
| 1 | 543 | 21 | 204 | 278 | 61 |
| 2. | 463 | 3 | 29 | 334 | 97 |
| 3. | 440 | 4 | 64 | 294 | 78 |
| 4. | 411 | 18 | 102 | 239 | 70 |
| 5. | 342 | 4 | 46 | 229 | 63 |
| 6. | 393 | 26 | 122 | 203 | 42 |
| 7. | 419 | 3 | 42 | 301 | 73 |
| 8. | 379 | 3 | 51 | 282 | 43 |
| ആകെ | 3390 | 82 | 660 | 2160 | 527 |

പൊതുമരാമത്തു് പണികൾക്കുവേണ്ടി 368866 രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് ധനസഹായമായി 12558 രൂപയും 95-96-ൽ ചെലവഴിച്ചു

പുറമ്പോക്കു ഭൂമികളുടേയും തോടുകളു ടേയും കൃത്യമായ സ്ഥല നിർണ്ണയം നടത്തി പഞ്ചാ യത്തിൻെറ മേൽനോട്ടത്തിൽ ഉൽപാദന പ്രവർത്ത നങ്ങൾക്കു് പ്രയോജനപ്പെടുത്തുവാനുളള പദ്ധ തികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

കുഴുപ്പിളളി സർവ്വീസു് സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്ക് കുഴുപ്പിളളി ശാഖ, ധനലക്ഷ്മി ബാങ്ക് എന്നിവയാണ് പഞ്ചായ ത്തിലെ ധനകാര്യ സ്ഥാപനങ്ങൾ. സർവ്വീസ് സഹ കരണ ബാങ്കിനെ ആശ്രയിച്ചുളള സാമ്പത്തിക ഇടപാടുകളിൽ ഭൂരിഭാഗവും സാധാരണ ജന ങ്ങളാണ്.

കുഴുപ്പിളളി E.138 സഹകരണ ബാങ്കിൻെറ ഓഹരി മൂലധനം 1398382 രൂപയും നിക്ഷേപം 3,966625924 രൂപയുമാണ്.

വായ്പയായി കൊടുത്തിരിക്കുന്ന 30904026 രൂപയിൽ ഗണ്യമായ തുക വ്യവസായ ത്തിനാണ്. എന്നാൽ വ്യവസായമേഖല

194

വിപുലപ്പെടുന്നതും, പുതിയ സംരംഭങ്ങളുടെ തുടക്കവും അനുഭവപ്പെടുന്നില്ല. ഇത് പഠന വിധേയമാക്കേണ്ടതാണ്.

പാഴായിപോകുന്ന അദ്ധ്വാനശേഷി ഉൽപാദന മേഖലകളിലേക്ക് ക്രിയാത്മകമായി തിരിച്ചു വിടുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകളും വ്യവസായ വായ്പകൾ ദുരുപയോഗം ചെയ്യാതിരിക്കുവാനുള്ള 'മേൽനോട്ട സംവിധാനവും' ഉൽപാദനമേഖലയുടെ വളർച്ചയ്ക്കും സാമ്പത്തിക വളർച്ചക്കും അനുഗുണമാകും. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതും പഞ്ചായത്തിൻെറ പൊതു ധനസ്ഥിതി മെച്ചപ്പെടുത്തും.

95-96-ലെ കണക്കനുസരിച്ച് 350.57 ലക്ഷം രൂപയാണ് ജില്ലാ സഹകരണ ബാങ്കിൻെറ കുഴുപ്പിള്ളി ശാഖയിലെ നിക്ഷേപം. 424.48 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

കുഴുപ്പിള്ളിയിലെ ഏക കമേഴ്സ്യൽ ബാങ്കായ ധനലക്ഷ്മി ബാങ്കിലെ നിക്ഷേപം (95-96) 156.08 ലക്ഷവും വിതരണം ചെയ്ത വായ്പ 74.37 ലക്ഷവുമാണ്. കമേഴ്സ്യൽ ബാങ്കുകൾ കടം കൊടുക്കുന്ന അഖിലേന്ത്യാ ശരാശരി, നിക്ഷേപത്തിൻെറ 70-80 ശതമാനത്തിനിടയ്ക്കാണ്. കേരളത്തിൽ (30-40 ശതമാനം) അതിനാനുപാതികമായ രീതിയിലല്ലെങ്കിലും തൊഴിൽ വായ്പകളിൽ 10-20 ശതമാനം വർദ്ധനവുണ്ടാക്കിയാൽ തൊഴിൽമേഖലയുടെ വളർച്ച ത്വരിതപ്പെടും.

അനുദിനം പാഴായ് പോകുന്ന മനുഷ്യ വിഭവശേഷി അവ ഉപയോഗപ്പെടുത്തി ഉൽപാദന മേഖലകൾ വളർത്തിക്കൊണ്ടു വരുവാനും, ഗ്രാമത്തിൻേറയും ഗ്രാമീണരുടേയും സാമ്പത്തിക പുനരുജ്ജീവനത്തിനു വേണ്ടിയുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിന് മുൻഗണന നൽകുകയും വേണം.

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്



Cover design Sivan, General layout and printing Lotus Press, N. Paravur, Phone : 442308